കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

രണ്ടാം സമ്മേളനം

2021 ജൂലൈ 26, തിങ്കൾ

സ്പീക്കർ

ശ്രീ. എം. ബി. രാജേഷ്

ഡെപ്യൂട്ടി സ്പീക്കർ

ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ

ചീഫ് എഡിറ്റർ

ശ്രീമതി വി. ചെറുപുഷ്പം

എഡിറ്റിംഗ് ബ്രാഞ്ച്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

72/2022

മന്ത്രിസഭാംഗങ്ങൾ

മുഖ്യമന്ത്രി	:	ശ്രീ. പിണറായി വിജയൻ
കായികം വഖഫ് ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി	:	ശ്രീ. വി. അബ്ദുറഹിമാൻ
തുറമുഖം മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി	:	ശ്രീ. അഹമ്മദ് ദേവർകോവിൽ
ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി	:	ശ്രീ. ജി. ആർ. അനിൽ
ഗതാഗത വകുപ്പുമന്ത്രി	:	ശ്രീ. ആന്റണി രാജു
ധനകാര്യ വകുപ്പുമന്ത്രി	:	ശ്രീ. കെ. എൻ. ബാലഗോപാൽ
ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി	:	ഡോ. ആർ. ബിന്ദു
മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പുമന്ത്രി	:	ശ്രീമതി ജെ. ചിഞ്ചുറാണി
തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി	:	ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
വൈദ്യുതി വകുപ്പുമന്ത്രി	:	ശ്രീ. കെ. കൃഷ്ണൻകുട്ടി
പൊതുമരാമത്ത് വിനോദസഞ്ചാരം വകുപ്പുമന്ത്രി	:	ശ്രീ. പി. എ. മുഹമ്മദ് റിയാസ്
കൃഷി വകുപ്പുമന്ത്രി	:	ശ്രീ. പി. പ്രസാദ്
പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി	:	ശ്രീ. കെ. രാധാകൃഷ്ണൻ
റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി	:	ശ്രീ. കെ. രാജൻ
നിയമം, വ്യവസായം കയർ വകുപ്പുമന്ത്രി	:	ശ്രീ. പി. രാജീവ്
ജലവിഭവ വകുപ്പുമന്ത്രി	:	ശ്രീ. റോഷി അഗസ്റ്റിൻ
മത്സ്യബന്ധനം,സാസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി	:	ശ്രീ. സജി ചെറിയാൻ
വനം വന്യജീവി വകുപ്പുമന്ത്രി	:	ശ്രീ. എ. കെ. ശശീന്ദ്രൻ
പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി	:	ശ്രീ. വി. ശിവൻകുട്ടി
സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി	:	ശ്രീ. വി. എൻ. വാസവൻ
ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി	:	ശ്രീമതി വീണാ ജോർജ്ജ്

ഉള്ളടക്കം

പേജ്

I ചോദ്യോത്തരങ്ങൾ

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ 29

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ 29
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ 71

II അനുമോദനം

മീരാബായ് ചാനുവിന് അനുമോദനം 390

III അടിയന്തരപ്രമേയം

കുഴൽപ്പണ കേസ്

– ശ്രീ. റോജി എം. ജോൺ
(അവതരണാനുമതി നിഷേധിച്ചു) 390

IV ശ്രദ്ധ ക്ഷണിക്കൽ

1. ഭൂപതിവ് ചട്ടം ഭേദഗതി ചെയ്യൽ

– ശ്രീ. എം. എം. മണി 408

2. കോവിഡ് വാക്സിനേഷൻ

– ശ്രീ. സനീഷ്കുമാർ ജോസഫ് 411

V സബ്മിഷൻ

1. ആശ്രിത നിയമനം

– ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ 416

2. കോടതി സമുച്ചയ നിർമ്മാണം

– ശ്രീ. സി. ആർ. മഹേഷ് 418

3. അപ്രോച്ച് റോഡ് പുനർനിർമ്മാണം

– ശ്രീ. തോമസ് കെ. തോമസ് 419

4. ചെക്ക് ഡാം-കം-ബ്രിഡ്ജ് നിർമ്മാണം

– ശ്രീ. എ. സി. മൊയ്തീൻ 420

പേജ്

5. എക്കൽമണ്ണ് നീക്കം ചെയ്യൽ
– ശ്രീ. പി. നന്ദകുമാർ 421

6. ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് ഏറ്റെടുക്കൽ
– ശ്രീ. എ. പ്രഭാകരൻ 422

7. ലിംഗമാറ്റ ശസ്ത്രക്രിയ
– ശ്രീമതി ശാന്തകുമാരി കെ. 424

8. ബേക്കൽ എയർസ്ട്രിപ് പ്രോജക്ട്
– ശ്രീ. സി. എച്ച്. കുഞ്ഞമ്പു 429

9. ബൈപ്പാസ് നിർമ്മാണം
– ശ്രീ. മഞ്ഞളാംകുഴി അലി 431

10. മുൻഗണനാ റേഷൻകാർഡ്
– ശ്രീ. പി. എസ്. സുപാൽ 433

VI റിപ്പോർട്ട് സമർപ്പണം

I-XII, XIV എന്നീ നമ്പർ സബ്ജക്ട് കമ്മിറ്റികളുടെ 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2020-2021 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 434

VII പ്രത്യേക പരാമർശം

ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭ്യമാക്കാത്തത് സംബന്ധിച്ച്
– പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ) 438

VIII ധനകാര്യം

2021-22 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും 439

ധനാഭ്യർത്ഥന നമ്പർ XII - പോലീസ് 440

ധനാഭ്യർത്ഥന നമ്പർ XIII - ജയിലുകൾ 445

ധനാഭ്യാർത്ഥന നമ്പർ XIV - സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും 449

ധനാഭ്യർത്ഥന നമ്പർ XXIII - വാർത്താ വിതരണവും പ്രചരണവും 453

കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

രണ്ടാം സമ്മേളനം

2021 ജൂലൈ 26 തിങ്കൾ

വാല്യം 185] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 3

നിയമസഭ 2021 ജൂലൈ മാസം 26-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോകോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ..... ഓർഡർ.....

നക്ഷത്രചിഹ്നമിട്ട 61-ാം നമ്പർ ചോദ്യവുമായി നക്ഷത്രചിഹ്നമിട്ട 79-ാം നമ്പർ ചോദ്യം ക്ലബ് ചെയ്യുന്നതിന് ശ്രീ. കെ. ആൻസലൻ നോട്ടീസ് നൽകിയിട്ടുണ്ട്. സമാനമായ ചോദ്യങ്ങളായതുകൊണ്ട് ക്ലബ്ബിംഗ് അനുവദിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിക്ക് നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 61, 79 എന്നിവ ചേർത്ത് മറുപടി പറയാവുന്നതാണ്.

റോഡുകളുടെ സമയബന്ധിതമായ പുനരുദ്ധാരണം

1 (*61) ഡോ. കെ. ടി. ജലീൽ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീമതി ദെലീമ:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അമിത മഴയിൽ വിവിധ റോഡുകൾക്ക് കേടുപാടു പറ്റിയത് പരിഹരിക്കാനും തകർന്ന റോഡുകളുടെ സമയബന്ധിതമായ പുനരുദ്ധാരണത്തിനും സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ;

(ബി) റോഡിന്റെ കേടുപാടുകൾ സംബന്ധിച്ച വിവരം അറിയിക്കാൻ വാട്സ്ആപ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; അത്തരത്തിൽ ലഭിക്കുന്ന പരാതികൾ പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) റോഡുകളുടെ അറ്റകുറ്റപ്പണിക്കായി ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ടോ;

(ഡി) ഓടകളുടെ അഭാവവും അവയുടെ അശാസ്ത്രീയ നിർമ്മാണവും കുടിവെള്ള വിതരണം, ടെലിഫോൺ കേബിൾ സ്ഥാപിക്കൽ തുടങ്ങിയ വിവിധ സേവന വകുപ്പുകളുടെ ആസൂത്രണവും ഏകോപനവുമില്ലാത്ത പ്രവൃത്തികളും റോഡുകളെ തകരാറിലാക്കുന്നതിനാൽ ഈ പ്രശ്നം പരിഹരിക്കാൻ നടപടിയുണ്ടാകുമോയെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ,

(എ) സംസ്ഥാനത്ത് അമിത മഴയിൽ വിവിധ റോഡുകളുടെ ഉപരിതലത്തിനും സംരക്ഷണ ഭിത്തികൾക്കും ഓടകൾക്കും കടൽക്ഷോഭത്തെത്തുടർന്ന് കടൽഭിത്തിക്കും നാശനഷ്ടം സംഭവിച്ചിരുന്നു. വിവിധ റോഡുകൾക്ക് സംഭവിച്ച കേടുപാടുകൾ പരിഹരിക്കുന്നതിനും തകർന്ന റോഡുകളുടെ സമയബന്ധിതമായ പുനരുദ്ധാരണത്തിനുമായി അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിരത്തു വിഭാഗത്തിൽ നിന്നും ഡിഫക്ട് ലയബിലിറ്റി പീരീഡ് (ഡി.എൽ.പി.) കഴിഞ്ഞ് കൈമാറിക്കിട്ടുന്ന റോഡുകളിൽ റണ്ണിംഗ് കോൺട്രാക്ട് വഴി അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പൊതുമരാമത്ത് വകുപ്പിൽ പ്രവൃത്തികൾ സംബന്ധിച്ച പരാതികൾ ജനങ്ങൾക്ക് അനായാസം അറിയിക്കാൻ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വകുപ്പിന് കീഴിൽ റോഡിന്റെ കേടുപാടുകൾ സംബന്ധിച്ച പരാതി അറിയിക്കാൻ നിലവിലുള്ള സംവിധാനം വിപുലീകരിച്ച് PWD 4 U Mobile Application 7-6-2021 മുതൽ ട്രയൽ റൺ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ആപ്പിൽ ലഭിക്കുന്ന പരാതികൾ വകുപ്പിന്റെ പബ്ലിക് ഇൻഫർമേഷൻ സെൽ (PI Cell)-ൽനിന്നും നേരിട്ട് നിരത്തുവിഭാഗത്തിലെ സബ് ഡിവിഷൻ ഓഫീസുകളിലേയ്ക്കും നിരത്തുപരിപാലന വിഭാഗത്തിലെ ഡിവിഷൻ ഓഫീസുകളിലേയ്ക്കും അയയ്ക്കുകയും നിരത്തുവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ പരാതി പരിഹരിച്ച് റിപ്പോർട്ട് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ നിരത്തുപരിപാലന വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ പരാതിക്കാരന് PWD 4 U Mobile Application വഴി മറുപടി നൽകുകയും പരാതി പരിഹരിച്ചതായി പരാതിക്കാരനെ അറിയിക്കുകയും ചെയ്യുന്നു. PWD 4 U Mobile Application വഴി ലഭിക്കുന്ന പരാതികൾ പരിഹരിക്കുന്നത് നിരത്തുവിഭാഗമാണ്.

(സി) റോഡുകളുടെ അറ്റകുറ്റപ്പണിക്കായി ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ നിരത്തു പരിപാലന വിഭാഗം രൂപീകരിച്ചിട്ടുണ്ട്.

(ഡി) മഴവെള്ളം ഒഴുകിപ്പോകുന്നതിനാവശ്യമായ ഓടകളുടെയും കലുങ്കുകളുടെയും അഭാവം റോഡുകളുടെ തകർച്ചയ്ക്ക് കാരണമാകുന്നുണ്ട്. സ്ഥല ലഭ്യത, ഫണ്ട് ലഭ്യത എന്നിവയനുസരിച്ച് റോഡുകളിൽ ആവശ്യമായ ഓടകളും കലുങ്കുകളും വിവിധ പദ്ധതികളിലുൾപ്പെടുത്തി നിർമ്മിച്ചുവരുന്നു. നിലവിൽ റോഡ് കുഴിക്കുന്നതിനുള്ള അനുമതികളെല്ലാംതന്നെ Right of Way (RoW) പോർട്ടൽ മുഖേനയാണ് നൽകി വരുന്നത്. ഇത് വിപുലീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ പോർട്ടലിൽ നിരത്തു വിഭാഗത്തിന് കീഴിൽ ഭരണാനുമതി ലഭിച്ചിട്ടുള്ളതും ക്രമീകരിക്കേണ്ടതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ പ്രസിദ്ധപ്പെടുത്തുകവഴി മറ്റ് വകുപ്പുകൾക്ക് ആവശ്യമായ മുന്നൊരുക്കം നടത്തുന്നതിനും റോഡ് കുഴിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി ക്രമീകരിക്കുന്നതിനും സാധിക്കുന്നതാണ്. ഇത്തരത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനം സാധ്യമാക്കി നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് മുൻപുതന്നെ മറ്റ് വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് പൂർത്തിയാക്കുകവഴി നിർമ്മാണം പൂർത്തീകരിച്ച റോഡുകൾ തുടർന്ന് മറ്റ് ഏജൻസികൾ കുഴിക്കുന്നത് ഒഴിവാക്കാൻ സാധിക്കുന്നതാണ്.

2 (*79) ശ്രീ. പി. പി. സുമോദ്:
ശ്രീ. കെ. ആൻസലൻ :
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള പ്രവൃത്തികൾ സംബന്ധിച്ച പരാതികൾക്കായി പ്രത്യേക മൊബൈൽ ആപ്ലിക്കേഷന് രൂപം നൽകിട്ടുണ്ടോ;

(ബി) പി.ഡബ്ല്യു.ഡി. ഫോർ യു ആപ്പ് പൂർണ്ണതോതിൽ പ്രവർത്തന സജ്ജമായിട്ടുണ്ടോ; ഇതുവരെ ലഭിച്ച പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) പി.ഡബ്ല്യു.ഡി. ഫോർ യു ആപ്പിലേയ്ക്ക് വരുന്ന പരാതികൾക്ക് പരിഹാരം കാണുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ,

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ച് പരിപാലിച്ചുവരുന്ന റോഡ് ആസ്തികളിന്മേൽ പൊതുജനങ്ങൾക്കുള്ള പരാതികൾ വകുപ്പിന് സമർപ്പിക്കുന്നതിനായി പി.ഡബ്ല്യു.ഡി. ഫോർ യു എന്ന മൊബൈൽ ആപ്പ് റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റത്തിന്റെ ഭാഗമായി നടപ്പാക്കിയിട്ടുണ്ട്.

(ബി) പി.ഡബ്ല്യു.ഡി. ഫോർ യു ആപ്പ് പൊതുമരാമത്ത് വകുപ്പിന്റെ റോഡ് ആസ്തികളിന്മേലുള്ള പരാതി സ്വീകരിക്കുന്നതിനും അവ പരിഹരിക്കുന്നതിനും വേണ്ടിയാണ് തയ്യാറാക്കിയിരിക്കുന്നത്. ഇതിനായി വകുപ്പിന്റെ അധീനതയിലുള്ള എല്ലാ റോഡുകളുടെയും മാപ്പ് ഡിജിറ്റൈസ് ചെയ്ത് ഉൾക്കൊള്ളിക്കേണ്ടതുണ്ട്. ഇപ്പോൾ 4000 കിലോ മീറ്റർ സംസ്ഥാന പാതകളുടെ ഡിജിറ്റൈസേഷൻ പൂർത്തീകരിച്ച് ആപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബാക്കി റോഡുകളുടെ ഡിജിറ്റൈസേഷൻ നടന്നു വരുന്നു. വകുപ്പിന്റെ മുഴുവൻ റോഡുകളും ഡിജിറ്റൈസ് ചെയ്ത് ഉൾക്കൊള്ളിക്കുന്ന മുറയ്ക്ക് ആപ്പ് പൂർണ്ണമായും പ്രവർത്തന സജ്ജമാകുന്നതാണ്. ആപ്പ് വഴി ലഭിക്കുന്ന പരാതികൾ വകുപ്പിന്റെ പരാതി പരിഹാര സെൽവഴി ബന്ധപ്പെട്ട റോഡുവിഭാഗം ഉദ്യോഗസ്ഥർക്ക് കൈമാറി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പി.ഡബ്ല്യു.ഡി. ഫോർ യു ആപ്പ് വഴി പൊതുമരാമത്ത് വകുപ്പിന്റെ ഡിജിറ്റൈസ് ചെയ്ത ഒരു റോഡിന്റെ പരാതി സമർപ്പിക്കുമ്പോൾത്തന്നെ ആ റോഡിന്റെ ചുമതലയുള്ള അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർക്ക് പ്രസ്തുത പരാതി ഇ-മെയിൽ, എസ്.എം.എസ്. എന്നിവ മുഖേന സിസ്റ്റം നൽകുന്നതാണ്. കൂടാതെ ആപ്പ് വഴി സമർപ്പിക്കപ്പെടുന്ന പരാതികൾ റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റത്തിന്റെ ഭാഗമായ ഓൺലൈൻ പോർട്ടലിൽ ലോഗിൻ ചെയ്തതിനുശേഷവും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കാണാൻ സാധിക്കും. ഇതിനുപുറമേ പരാതിയുടെ ഒരു കോപ്പി പൊതുമരാമത്ത് വകുപ്പിന്റെ പരാതി പരിഹാര സെല്ലിലേയ്ക്കും അയച്ചുകൊടുക്കും. ഓരോ പരാതിയും പരാതി പരിഹാര സെല്ലിൽ പരിശോധിച്ച് അവ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡുകളുടെതാണെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കൈമാറുകയും പരാതിയുടെ നിലവിലെ സ്ഥിതി സിസ്റ്റത്തിൽ അപ്ഡേറ്റ് ചെയ്യുകയും ചെയ്യും. കൂടാതെ പരാതിയുടെ ഒരു കോപ്പി റോഡ് മെയിന്റനൻസ് വിഭാഗത്തിലെ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് മോണിറ്റർ ചെയ്യുന്നതിനും പരാതിയുടെ നിജസ്ഥിതി പരാതിക്കാരന് അറിയുന്നതിനായി അപ്ഡേറ്റ് ചെയ്യുന്നതിനും കൈമാറും. പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളുടെ പരാതികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ചശേഷം അവ പരിഹരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. ഇതിനുവേണ്ടി കൈക്കൊള്ളുന്ന നടപടികൾ അതിന്റെ ഓരോ ഘട്ടത്തിലും, പരാതിക്കാരന് അറിയുന്നതിനുവേണ്ടി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പരാതിയുടെ നിലവിലെ സ്ഥിതി അപ്ഡേറ്റ് ചെയ്യും. പൊതുമരാമത്ത് വകുപ്പിന്റേതല്ലാത്ത റോഡുകളെപ്പറ്റിയുള്ള പരാതി പരാതിക്കാരന് ബന്ധപ്പെട്ട എൽ.എസ്.ജി.ഡി. ഓഫീസിൽ സമർപ്പിക്കുന്നതിനായി തിരികെ നൽകും.

ഡോ. കെ. ടി. ജലീൽ: സർ, സംസ്ഥാന സർക്കാരിന്റെ കീഴിലല്ലാത്ത റോഡുകളാണ് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (NHAI)-യുടെ നിയന്ത്രണത്തിലുള്ള നാഷണൽ ഹൈവേ റോഡുകൾ. വ്യാപകമായ മഴയെത്തുടർന്ന് ഈ റോഡുകൾക്ക് കേടുപാടുകൾ സംഭവിച്ച് ഗതാഗതത്തിന് ബുദ്ധിമുട്ട് അനുഭവിക്കുന്ന സ്ഥിതിയാണ്. ആയതിനാൽ ഇവയുടെ മെയിന്റനൻസിന് സംസ്ഥാന സർക്കാർ NHAI-യുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് സഭയെ അറിയിക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇത് പ്രധാനപ്പെട്ട വിഷയമാണ്. 1781.50 കിലോ മീറ്റർ ദൂരമുള്ള പതിനൊന്ന് ദേശീയപാതകളാണ് സംസ്ഥാനത്ത് നിലവിലുള്ളത്. ഇതിൽ 1233.50 കിലോ മീറ്റർ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ അധീനതയിലാണ്. അതായത് സംസ്ഥാനത്തുള്ള നാഷണൽ ഹൈവേയുടെ മുപ്പത് ശതമാനത്തിൽ മാത്രമാണ് പൊതുമരാമത്ത് വകുപ്പിന് നിയന്ത്രണമുള്ളത്. NHAI-യുടെ റോഡുകൾ അവരുടെ പൂർണ്ണ നിയന്ത്രണത്തിലാണ്. അത് അവർക്ക് നൽകിയിട്ടുള്ളതാണ്. NH 66 (തലപ്പാടി-കാരോട്) - 669.43 കി.മീ., NH 544 (വാളയാർ-ഇടപ്പള്ളി) - 168.14 കി.മീ., NH 85 (ബോഡിമെട്ട്-കുണ്ടന്നൂർ) - 167.59 കി.മീ., NH 744 (കൊല്ലം-കഴുതുരുത്തി) - 81.28 കി.മീ., NH 966 (കോഴിക്കോട്-പാലക്കാട്)-125.30 കി.മീ., NH 766 (കോഴിക്കോട്-മുത്തങ്ങ) - 117.60 കി.മീ., NH 183 (കൊല്ലം-തേനി) - 216.30 കി.മീ., NH 966(B) (വെല്ലിംഗ്ടൺ-കുണ്ടന്നൂർ) - 5.92 കി.മീ., NH 966(A) (വല്ലാർപാടം-കളമശ്ശേരി) - 17.20 കി.മീ., NH 183(A) (ഭരണിക്കാവ്-വണ്ടിപ്പെരിയാർ) - 116.80 കി.മീ., NH 185 (അടിമാലി-കുമളി) - 96 കി.മീ എന്നിവയാണ് പതിനൊന്ന് പ്രധാനപ്പെട്ട ദേശീയപാതകൾ. ഇവയുടെ മെയിന്റനൻസ് വളരെ ശ്രദ്ധയമായ പ്രശ്നമായി മാറിയിരിക്കുകയാണ്. അതിന് NHAI-യുടെ അനുമതി ലഭിക്കേണ്ട സ്ഥിതിയാണ്. നേരത്തേയുള്ളതിൽനിന്നും വ്യത്യസ്തമായി ഇത് കൈമാറിയതിന്റെ ഭാഗമായുള്ള പ്രശ്നവുമുണ്ട്. കോഴിക്കോട്-മലപ്പുറം ജില്ലയുടെ അതിർത്തിയായ രാമനാട്ടുകര-വെങ്ങളം ബൈപ്പാസ് NHAI-യുടേതാണ്. 2018-ലെ ഈ പ്രോജക്ട് കൺസഷണറുടെ പ്രശ്നങ്ങൾ കാരണം പൂർത്തീകരിച്ചിട്ടില്ല. അവിടെ ധാരാളം കുണ്ടുംകുഴികളും രൂപപ്പെടുകയും അപകടങ്ങളുണ്ടാകുകയും ചെയ്യുന്നു. നിരവധി പ്രാവശ്യം ആവശ്യപ്പെട്ടിട്ടും മെയിന്റനൻസ് ചെയ്യാത്ത സ്ഥിതിയാണുള്ളത്. ഇതുസംബന്ധിച്ച് രണ്ട് പ്രാവശ്യം പ്രത്യേക യോഗം വിളിക്കുകയും വകുപ്പുമന്ത്രി എന്നുള്ള നിലയിൽ അവിടെ സന്ദർശിക്കുകയും മെയിന്റനൻസ് വർക്ക് നിർബന്ധിച്ച് ചെയ്യിക്കേണ്ട സ്ഥിതിയിലേയ്ക്കെത്തുകയും ചെയ്തു. അവിടെ ഇപ്പോഴും പ്രശ്നങ്ങൾ നിലനിൽക്കുകയാണ്. ആലപ്പുഴ ജില്ലയിലെ ഹരിപ്പാട്-കായംകുളം റോഡിലെ മാധവ ജംഗ്ഷൻ മുതൽ കായംകുളം വരെയുള്ള

പ്രശ്നവും സ്ഥലം എം.എൽ.എ. ഉൾപ്പെടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച് NHAI-യുമായി തുടർച്ചയായി ഇടപെടൽ നടത്തിയതിന്റെ ഫലമായി മെയിന്റനൻസിന് ഇപ്പോൾ ടെണ്ടർ ആയിട്ടുണ്ട്. നാഷണൽ ഹൈവേയുമായി ബന്ധപ്പെട്ട വിഷയത്തിൽ ഡൽഹി ആസ്ഥാനത്തുള്ള ഉന്നത ഉദ്യോഗസ്ഥരെയും സംസ്ഥാന തലത്തിലുള്ള റീജിയണൽ ഓഫീസർമാരെയും രണ്ടുതവണ ബന്ധപ്പെട്ടിരുന്നു. ബഹുമാനപ്പെട്ട കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയെ കത്ത് മുഖാന്തരം ഈ വിഷയം അറിയിച്ചിട്ടുമുണ്ട്.

ഡോ. കെ. ടി. ജലീൽ: സർ, നമ്മുടെ സംസ്ഥാനത്ത് കോടിക്കണക്കിന് രൂപ ചെലവാക്കി നിരവധി റോഡുകൾ റബ്ബറൈസ് ചെയ്യുന്നുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തിയായി ആറ് മാസം തികയുന്നതിനുമുൻപ് വാട്ടർ അതോറിറ്റിയുടെ പൈപ്പുകളും കെ.എസ്.ഇ.ബി.-യുടെ കേബിളുകളും സ്ഥാപിക്കാനായി ഈ റോഡുകൾ വെട്ടിപ്പൊളിക്കുകയാണ്. പിന്നീട് ഇവ അറ്റകുറ്റപ്പണികൾ നടത്തി പൂർവ്വസ്ഥിതിയിലാക്കുമ്പോൾ നേരത്തെയുള്ള ക്വാളിറ്റി മെയിന്റെയിൻ ചെയ്യുന്നില്ലെന്ന് മാത്രമല്ല മെയിന്റനൻസ് നടത്തുന്നതിന് വളരെയേറെ കാലതാമസം നേരിടുകയും ചെയ്യുന്നു. വാട്ടർ അതോറിറ്റിയുമായും കെ.എസ്.ഇ.ബി.-യുമായും ബന്ധപ്പെട്ട് ഏകോപനമുണ്ടാക്കാൻ പി.ഡബ്ല്യു.ഡി.-ക്ക് കഴിയാതെ പോകുന്ന ഒരു സ്ഥിതി വർഷങ്ങളായുണ്ട്. ഇതിന് പരിഹാരമുണ്ടാക്കുന്നതിന് സംസ്ഥാന സർക്കാർ മുൻകയ്യെടുക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, സംസ്ഥാനത്തെ ജനങ്ങൾ ഈ വിഷയം ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. അത് പരിഹരിക്കുന്നതിന് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ നിരവധി ഇടപെടലുകൾ നടത്തിയിട്ടുണ്ട്. അത് പരിഹരിക്കപ്പെടേണ്ട പ്രശ്നം തന്നെയാണ്. നല്ല നിലയിൽ ടാർ ചെയ്ത റോഡുകൾ ജനങ്ങളുടെ ആവശ്യങ്ങൾക്കുവേണ്ടി കേരള വാട്ടർ അതോറിറ്റിയോ കെ.എസ്.ഇ.ബി.-യോ കുത്തിപ്പൊളിക്കുകയും പിന്നീട് എത്ര പാച്ച് അപ് ചെയ്താലും പരിഹരിക്കാൻ കഴിയാതെ റോഡ് തകരാറിലാകുകയും ചെയ്യുന്ന സ്ഥിതിവിശേഷം വളരെ ഗൗരവമേറിയതാണ്. ചില വിദേശരാജ്യങ്ങളിലുള്ളതുപോലെ ടെക്നോളജിയുടെ സഹായത്താൽ ഇക്കാര്യത്തിൽ പരിഹാരം കാണാൻ സാധിക്കും. അതിന് നിലവിലുള്ള Right of Way (RoW) പോർട്ടൽ വിപുലീകരിക്കേണ്ടതുണ്ട്. ഞാൻ ഈ വകുപ്പിന്റെ മന്ത്രിയായി ചുമതലയെടുത്ത് രണ്ടാം ദിവസംതന്നെ ഈ വിഷയവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും പോർട്ടൽ സംവിധാനം വിപുലീകരിക്കുന്നത് സംബന്ധിച്ച് പരിശോധിക്കുകയും അതിൽ വലിയ രീതിയിലുള്ള മാറ്റങ്ങൾക്ക് സാധ്യതയുണ്ടെന്ന് മനസ്സിലാക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ ഇത് മറ്റു വകുപ്പുകളുമായി ബന്ധപ്പെട്ട വിഷയമായതിനാൽ അവയുടെ ഏകോപനം അനിവാര്യമാണ്. കഴിഞ്ഞ സർക്കാർ ഇതുമായി ബന്ധപ്പെട്ട് ചില

കാര്യങ്ങൾ ചെയ്തിരുന്നു. മറ്റ് വകുപ്പുകളുടെ ഏകോപനം അനിവാര്യമാണെന്നുള്ളതു കൊണ്ടുതന്നെ ഈ വിഷയം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ചീഫ് സെക്രട്ടറി യുടെയും ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. കുറച്ച് ദിവസങ്ങൾക്കുമുൻപ് റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയുടെ ഭാഗമായി ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ റോഡുകളുടെ ഉദ്ഘാടന പ്രസംഗത്തിൽ ഇത്തരത്തിലുള്ള പോർട്ടൽ സംവിധാനത്തിലൂടെ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് മുന്നോട്ടു പോകാനുള്ള നിലപാട് കൈക്കൊള്ളുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിട്ടുണ്ട്. അത് നല്ല നിലയിൽ മുന്നോട്ടുപോയാൽ തീർച്ചയായും നമുക്ക് മാതൃകാപരമായി ഈ പ്രശ്നത്തിന് പരിഹാരം കാണാൻ സാധിക്കും. അതിന് ഏക മാർഗ്ഗം ടെക്നോളജിയാണ്.

ശ്രീ. പി. മമ്മിക്കുട്ടി: സർ, കേരളത്തിലെ പൊതുവായ റോഡുകളിലെല്ലാം അറ്റകുറ്റപ്പണികൾ നടത്തുന്ന രീതിയിൽ, അന്താരാഷ്ട്ര നിലവാരത്തിൽ വികസനം നടന്നിട്ടുണ്ട്. പുതിയ റോഡുകളുടെ വികസനത്തിനാവശ്യമായ പദ്ധതികളും തയ്യാറാക്കിയിട്ടുണ്ട്. റോഡുകളുടെ വീതി കൂട്ടുന്നതിന് സോഷ്യൽ ഫോറസ്ട്രിയുടെ മരങ്ങൾ മുറിച്ചുമാറ്റാൻ കാലതാമസം വരുന്നതിനാൽ ഉദ്ദേശിച്ച രീതിയിൽ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ കഴിയുന്നില്ല. പാലക്കാട് ജില്ലയിലെ മുണ്ടൂർ മുതൽ ഷൊർണൂർ വരെയുള്ള റോഡ് ഇതിന് ഉദാഹരണമാണ്. അതിനാൽ സോഷ്യൽ ഫോറസ്ട്രിയുമായി ബന്ധപ്പെട്ട് എത്രയും പെട്ടെന്ന് മരം മുറിച്ചു മാറ്റുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, തീർച്ചയായും. അത് മറ്റൊരു വകുപ്പുമായി ബന്ധപ്പെട്ട പ്രശ്നമാണ്. അത് പരിഹരിക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട വകുപ്പുമന്ത്രിയുമായി നിലവിൽ സംസാരിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ സമയബന്ധിതമായി പരിഹരിച്ചുപോകേണ്ടത് അനിവാര്യമാണ്. ആ നിലയിൽത്തന്നെ അത് പരിഹരി ക്കുന്നതാണ്.

ശ്രീമതി ദെലീമ: സർ, സംസ്ഥാനത്ത് പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി 2019-20-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ടൂറിസം സർക്യൂട്ട് പദ്ധതിയിൽ 20 കോടി രൂപ അരൂർ നിയോജകമണ്ഡലത്തിൽ അനുവദി ച്ചിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തി ഇപ്പോഴും ആരംഭഘട്ടത്തിലാണ്. പല റോഡുകളും പൊളിച്ചിട്ടിരിക്കുന്നതിന്റെ ഭാഗമായി ജനജീവിതം ദുരിതപൂർണ്ണമാകുന്നുണ്ട്. അത് അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിലേയ്ക്കുള്ള കണക്ടിവിറ്റി പ്രശ്നം കാരണം നമ്മുടെ സംസ്ഥാനത്തേയ്ക്ക് ടൂറിസ്റ്റുകൾ വരുന്നതിന് ചില പ്രയാസങ്ങൾ നേരിടുന്നുണ്ട്. നിലവിലെ സാഹചര്യം മാറിക്കഴിഞ്ഞാൽ ഇക്കാര്യം പരിശോധിക്കുന്നതാണ്.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, സംസ്ഥാന വികസനത്തിന് ഏറ്റവും മുതൽക്കൂട്ടാകുന്നതാണ് ദേശീയപാത വികസനം. പ്രധാന ദേശീയപാത 66-ൽ തലപ്പാടി മുതൽ കഴക്കൂട്ടം വരെയുള്ള 555 കിലോ മീറ്റർ ദൈർഘ്യത്തിൽ വികസന പ്രവർത്തനങ്ങൾ ഏത് തരത്തിലാണ് പുരോഗമിക്കുന്നതെന്ന് അറിയിക്കാമോ; അതോടൊപ്പം, സാമ്പത്തിക ശേഷിയില്ലാത്ത കരാറുകാർ വലിയ പ്രവൃത്തികൾ ഏറ്റെടുക്കുകയും പൂർത്തീകരണ കാലാവധി നീട്ടി വാങ്ങുകയും ചെയ്യുന്നതു കാരണം പ്രവൃത്തി അനിശ്ചിതമായി നീണ്ടുപോകുന്നു. പ്രവൃത്തി ഏറ്റെടുത്ത് മതിയായ സാമ്പത്തിക ശേഷിയില്ലാത്തവർക്ക് സബ്കോൺട്രാക്ട് നൽകി കൃത്യസമയത്ത് പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഈ പ്രവണതകൾ തടയുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നത്?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇത് രണ്ട് വിഷയമായെടുക്കാം. നേരത്തേ പറഞ്ഞ മറുപടിയിൽ ദേശീയപാതയുമായി ബന്ധപ്പെട്ട വിഷയം ഉൾപ്പെട്ടതുകൊണ്ട് ഞാനത് വിശദീകരിക്കുന്നില്ല. സമയബന്ധിതമായി കാര്യങ്ങൾ നടത്തുന്നതിനുള്ള എല്ലാ ശ്രമങ്ങളും വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകും. രണ്ടാമത്തെ വിഷയം, കരാറുകാരും മറ്റ് വിഭാഗവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ്. അവരുടെ പ്രത്യേക യോഗം വിളിച്ചിട്ടുണ്ട്. അനുഭവപൂർവ്വം പരിഹരിക്കേണ്ട വിഷയങ്ങൾ ആ നിലയിൽത്തന്നെ ഇടപെട്ട് ചെയ്യുന്നതാണ്.

ശ്രീ. പി. പി. സുമോദ്: സർ, ജനങ്ങൾ ഏറെ പ്രതീക്ഷയോടെയാണ് പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങളെ നോക്കിക്കാണുന്നത്. PWD 4 U Application പോലെയുള്ള നൂതന സംവിധാനങ്ങൾ ഗുണകരമായി മാറുന്നുണ്ട്. കൂടാതെ വിഷയങ്ങളിൽ ഇടപെട്ട് പരിഹരിക്കുന്നതിൽ ബഹുമാനപ്പെട്ട മന്ത്രിയും അദ്ദേഹത്തിന്റെ വകുപ്പും പ്രത്യേകമായി ശ്രദ്ധിക്കുന്നുമുണ്ട്. പതിനാല് ജില്ലകളിലായി അമ്പത് നിയോജകമണ്ഡലങ്ങളിൽ നേരിട്ടെത്തി പദ്ധതി പ്രവൃത്തികൾ കാണാനും പ്രശ്നങ്ങൾ പരിഹരിക്കാനും ശ്രമം നടത്തുന്നുണ്ട്. അതിലൊന്നാണ് കുതിരാൻ തുരങ്കപാത. ദേശീയപാത അതോറിറ്റിയുടെ ഭാഗമാണെങ്കിലും പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കാനാവശ്യമായ ഇടപെടലാണ് സംസ്ഥാന സർക്കാർ തുടർച്ചയായി നടത്തുന്നത്. ഒരു ടീം വർക്കാണ് അവിടെ നടക്കുന്നത്. ലക്ഷ്യമിടുന്നതുപോലെ ആഗസ്റ്റ് മാസത്തിൽ കുതിരാനിലെ ഒരു തുരങ്കം തുറക്കാനാകുമോ; നിർമ്മാണം പൂർത്തിയാക്കാൻ എന്തൊക്കെ ഇടപെടലുകളാണ് ഈ സർക്കാർ നടത്തിയിട്ടുള്ളത്; രണ്ടാമത്തെ തുരങ്കത്തിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിനും സംസ്ഥാന സർക്കാർ ആവശ്യമായ ഇടപെടലുകൾ നടത്തുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, രണ്ട് ജില്ലകളിലൂടെ കടന്നുപോകുന്ന വടക്കാഞ്ചേരി-മണ്ണുത്തി ദേശീയപാതയിലെ കുതിരാൻ തുരങ്കം കുറെക്കാലമായി കൺസഷണറുടെ അനാസ്ഥ കാരണം സാമൂഹിക പ്രശ്നമായി മാറിയിട്ടുണ്ട്. ഇക്കാര്യം പരിഹരിക്കപ്പെടേണ്ട പ്രശ്നമാണ്. എൻ.എച്ച്.എ.ഐ.-യുടെ അധീനതയിലുള്ള പ്രവൃത്തിയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒരു ടണലെങ്കിലും തുറന്നു കൊടുക്കണമെന്ന കാഴ്ചപ്പാടോടുകൂടി സർക്കാർ ഇടപെട്ടതിന്റെ ഭാഗമായി ആ ജില്ലയിലെ മന്ത്രിമാർ ഒരു ടീമായി പ്രവർത്തനങ്ങൾ ഏറ്റെടുത്തു. അവിടത്തെ ജനപ്രതിനിധികൾ എല്ലാവരും ഒരുമിച്ചു നിന്നുകൊണ്ട് അതിന്റെ പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള ശ്രമമാണ് നടത്തിയിട്ടുള്ളത്. വകുപ്പുമന്ത്രിയെന്ന നിലയിൽ ഞാനും സ്ഥലം എം.എൽ.എ. കൂടിയായ ബഹുമാനപ്പെട്ട റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി ശ്രീ. കെ. രാജനും നിരവധി തവണ തുരങ്കം സന്ദർശിക്കുകയും അതുമായി ബന്ധപ്പെട്ട് യോഗങ്ങൾ നടത്തുകയും ചെയ്തു. ഓരോ ദിവസവും വർക്കിന്റെ പുരോഗതി പരിശോധിച്ചുവരുന്ന സ്ഥിതിയാണുള്ളത്. നാളെയും യോഗമുണ്ട്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും യോഗം നടത്തി. അതിനുശേഷം തുടർച്ചയായി അവലോകന യോഗങ്ങൾ നടത്തിവരികയാണ്. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിലെ തീരുമാനത്തിന്റെ ഭാഗമായി ഈ നാട് ആഗ്രഹിച്ച കുതിരാൻ തുരങ്കം ആഗസ്റ്റ് ഒന്നിന് അല്ലെങ്കിൽ ആഗസ്റ്റ് മാസത്തിൽ തന്നെ തുറക്കാൻ സാധ്യമാകുമെന്നാണ് കരുതുന്നത്. അതിന്റെ പരിപൂർണ്ണമായ സേഫ്റ്റിമെഷേഴ്സും മറ്റുള്ള എല്ലാകാര്യങ്ങളും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് സമർപ്പിച്ചുകഴിഞ്ഞാൽ നമുക്ക് തുറക്കാവുന്നതാണ്.

ശ്രീ. കെ. ആൻസലൻ: സർ, പൊതുമരാമത്ത് വകുപ്പിന്റെ കഴിഞ്ഞ രണ്ട് മാസക്കാലത്തെ പ്രവർത്തനങ്ങൾ കേരളീയ സമൂഹം കയ്യേറ്റുവാങ്ങുകയാണ്. അതുമാത്രമല്ല ചടുലമായിട്ടാണ് മന്ത്രിയെന്ന നിലയിൽ ശ്രീ. പി. എ. മുഹമ്മദ് റിയാസ് ചെറിയ പ്രശ്നങ്ങളിൽപ്പോലും ഇടപെടുന്നത്. പ്രശ്നങ്ങളിൽ കൂടുതൽ ജനകീയമായി ഇടപെടുന്നതിനുവേണ്ടിയാണ് പുതിയ സാങ്കേതിക വൈദഗ്ധ്യം ഉപയോഗപ്പെടുത്താൻ തീരുമാനിച്ചത്. 2016-17 ബഡ്ജറ്റിൽ എന്റെ നിയോജകമണ്ഡലമായ നെയ്യാറ്റിൻകരയിൽ നെയ്യാർ നദിക്ക് കുറുകെ രണ്ട് പാലങ്ങൾ നിർമ്മിക്കുന്നതിനായി അനുവദിക്കുകയുണ്ടായി. ഇതിനായി ഫണ്ടും അനുവദിച്ചു. പക്ഷേ ഭൂമി ഏറ്റെടുക്കുന്നതിലുണ്ടായ കാലതാമസം വലിയ തോതിലുള്ള പ്രശ്നങ്ങളുണ്ടാക്കുകയാണ്. ഇതുമൂലം വലിയ സാമ്പത്തിക ബാദ്ധ്യതയാണ് ഗവൺമെന്റിനുണ്ടാകുന്നത്. 2016-17-ൽ അനുവദിക്കുന്ന വർക്ക് 2020-ലോ 2022-ലോ ആരംഭിക്കുമ്പോൾ ആദ്യത്തെ എസ്റ്റിമേറ്റ് റേറ്റ് തികയാതെ കൂടുതൽ തുക അനുവദിക്കേണ്ടിവരും. റവന്യൂ, ലാൻഡ് അക്വിസിഷൻ വകുപ്പുകൾക്ക് കൃത്യമായി ഇക്കാര്യങ്ങൾ നിർവ്വഹിക്കാൻ കഴിയാതെ പോകുന്നതാണ്

പലപ്പോഴും നിർമ്മാണ പ്രവർത്തനങ്ങൾക്ക് വലിയ പ്രശ്നമുണ്ടാക്കുന്നത്. ഇക്കാര്യത്തിൽ റവന്യൂ വകുപ്പിന്റെ സഹായത്തോടുകൂടി പ്രത്യേക ചുമതലയുള്ള ഉദ്യോഗസ്ഥരെ നിയോഗിച്ചുകൊണ്ട് ജില്ലാടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കൽ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ പദ്ധതിയെക്കുറിച്ച് ആലോചിക്കുന്നുണ്ടോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ഒരു മണ്ഡലത്തിലെ വിഷയമാണെങ്കിലും പല മണ്ഡലങ്ങളിലും സമാനമായ പ്രശ്നങ്ങളുണ്ട്. ഇത്തരം വിഷയങ്ങൾ എം.എൽ.എ.-മാർക്ക് ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യുന്ന ഒരു സംവിധാനം ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. ഒൻപത് ജില്ലകളിൽ എം.എൽ.എ.-മാർ പങ്കെടുത്തുകൊണ്ട് അതിന്റെ ജില്ലാതല യോഗങ്ങൾ ചേരുകയും പി.ഡബ്ല്യു.ഡി. തന്നെ ശ്രദ്ധിക്കേണ്ട വിഷയങ്ങളും മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും ശ്രദ്ധയിൽപ്പെടുത്തിയിട്ടുമുണ്ട്. ആലപ്പുഴ, തൃശ്ശൂർ, പാലക്കാട്, പത്തനംതിട്ട, കോട്ടയം ഉൾപ്പെടെയുള്ള അഞ്ച് ജില്ലകളിലാണ് ഇനി യോഗം ചേരാനുള്ളത്. ഇത് ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് വകുപ്പുതല ആലോചന നടത്തി വിഷയം പരിഹരിക്കേണ്ടതുണ്ട്. തിരുവനന്തപുരം ജില്ലയിൽ ചേർന്ന യോഗത്തിൽ ഈ പ്രത്യേക വിഷയം ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ ഇതിന് മുൻകയ്യെടുക്കുന്നതാണ്. ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരുമായി സംസാരിച്ച് ഉടൻതന്നെ അത് എങ്ങനെ പരിഹരിക്കാമെന്നുള്ള കാര്യങ്ങൾ ആലോചിക്കുന്നതാണ്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, വളരെ ഫലപ്രദമായ ഇടപെടലിലൂടെ കേരളത്തിലെ പൊതുമരാമത്ത് വകുപ്പുമന്ത്രിയെന്നുള്ള നിലയിൽ ശ്രീ. പി. എ. മുഹമ്മദ് റിയാസ് കേരളത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തീകരിക്കുവാൻ നടത്തുന്ന പ്രവർത്തനങ്ങളെ ശ്ലാഘിക്കുകയാണ്. എന്റെ ചോദ്യം, ആലപ്പുഴ നഗരത്തിന്റെ ഹൃദയഭാഗത്ത് ജനത്തിരക്കേറിയ പ്രശസ്തമായ ജില്ലാ കോടതി പാലം പുതുതായി നിർമ്മിക്കുന്നതിന് നടപടി ആരംഭിച്ചതാണ്. പക്ഷേ രണ്ട് വർഷമായിട്ടും അതിന്റെ പ്രവർത്തനങ്ങൾ വേഗതയിൽ നീങ്ങുന്നില്ലെന്ന ഒരവസ്ഥയുണ്ട്. അതോടൊപ്പംതന്നെ ആലപ്പുഴ ജില്ലയിലെ ടൂറിസവുമായി ബന്ധപ്പെട്ട പ്രധാന മേഖലയായ പുന്നമട പ്രദേശത്തെയും നെഹ്റു ട്രോഫി കിഴക്കേക്കരയെയും തമ്മിൽ ബന്ധിപ്പിക്കുന്നതിനുവേണ്ടി ഒരു പാലം എന്നുള്ളത് ആലപ്പുഴക്കാരുടെ ചിരകാല സ്വപ്നമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ അത് നിർമ്മിക്കുന്നതിന് നടപടികളും സ്വീകരിച്ചിരുന്നു. പക്ഷേ കാര്യങ്ങൾ വേഗതയിൽ പോകുന്നില്ല. ഈ രണ്ട് കാര്യങ്ങളിൽ അടിയന്തര ഇടപെടലുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അതിന്റെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇത് ആലപ്പുഴ നഗരത്തിലെ മാത്രമല്ല, ആലപ്പുഴയും തൊട്ടടുത്ത ജില്ലയുമായി ബന്ധപ്പെട്ട വിഷയമാണ്. ആലപ്പുഴ ജില്ലാ കോടതി പാലം നിർമ്മാണ പദ്ധതി കിഫ്ബിയിൽ ഉൾപ്പെടുത്തിയതാണ്. 120.52 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നുണ്ട്. ഭൂമി ഏറ്റെടുക്കൽ പ്രവൃത്തി അന്തിമഘട്ടത്തിലാണ്. അത് പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാവുന്നതാണ്. പുന്നമട-നെഹ്റുട്രോഫി പാലത്തിന്റെ സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നുണ്ട്. പാലം നിർമ്മാണവുമായി ബന്ധപ്പെട്ട വിദഗ്ധ സമിതി റിപ്പോർട്ടും അംഗീകരിച്ചിട്ടുണ്ട്. ഏറ്റെടുക്കേണ്ട കെട്ടിടങ്ങളുടെ വാല്യുവേഷൻ പൂർത്തിയാകുകയും സ്ഥലത്തിന്റെ വാല്യുവേഷൻ പുരോഗമിക്കുകയുമാണ്. സ്ഥലം ഏറ്റെടുക്കൽ പൂർത്തിയാകുന്നതിനനുസരിച്ച് പ്രവൃത്തി ആരംഭിക്കാനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുകയാണ്.

ശ്രീ. കെ. വി. സുമേഷ്: സർ, സംസ്ഥാനത്ത് നവീനമായ ആശയങ്ങളോടുകൂടി മുന്നോട്ടുപോകുന്ന മന്ത്രിയെയും വകുപ്പിനെയും അഭിനന്ദിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് വർഷങ്ങളായി റോഡരികിൽ ഒരുപാട് വാഹനങ്ങൾ നിർത്തിയിട്ടിരിക്കുന്നത് കാണാൻ സാധിക്കുന്നുണ്ട്. എന്റെ നിയോജകമണ്ഡലമായ അഴീക്കോടിൽ വളപട്ടണം സ്കൂളിന്റെ ഇരുഭാഗത്തും ഇരുപത്തഞ്ചും മുപ്പതും വർഷങ്ങളായി നിർത്തിയിട്ടിരിക്കുന്ന വാഹനങ്ങളുണ്ട്. സ്കൂൾ കുട്ടികൾ നടന്നുപോകുമ്പോൾ ചില സമയങ്ങളിൽ അപകടങ്ങൾപോലും സംഭവിച്ചിട്ടുണ്ട്. ഈ പ്രശ്നം പരിഹരിക്കാനാവശ്യമായ പദ്ധതി തയ്യാറാക്കുന്നുവെന്നൊരു വാർത്ത പത്രത്തിൽ കണ്ടിരുന്നു. ഇത്തരത്തിൽ റോഡരികിൽ വർഷങ്ങളായി നിർത്തിയിട്ടിരിക്കുന്ന വാഹനങ്ങളും മറ്റും നീക്കം ചെയ്യുന്നതിനാവശ്യമായ പദ്ധതി ആലോചിക്കുന്നുണ്ടോ; അതുസംബന്ധിച്ച വിശദാംശങ്ങൾ എന്തൊക്കെയാണ്?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇത് പരിഹരിക്കപ്പെടേണ്ട ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. ഒന്നോ രണ്ടോ വർഷമല്ല, പത്തും പതിനഞ്ചും വർഷമായി, പോലീസ് കേസ്സുകളുടെ ഭാഗമായി റോഡിന്റെ വശങ്ങളിലോ പോലീസ് സ്റ്റേഷൻ പരിസരത്തോ വാഹനങ്ങൾ നിർത്തിയിട്ടിരിക്കുന്ന ഒരു സ്ഥിതിയാണുള്ളത്. ഇത് മറ്റു പല സാമൂഹിക പ്രശ്നങ്ങൾക്കും കാരണമാകുന്നുണ്ട്. കോഴിക്കോട് ജില്ലയിൽ ഇതുമായി ബന്ധപ്പെട്ടുവന്ന ഒരു പരാതിയുടെ ഭാഗമായി പരിശോധിച്ചപ്പോൾ ദേശീയപാതയിൽ നല്ലളം ഭാഗത്ത് ബസ്സ് അടക്കം 42 വാഹനങ്ങൾ നിർത്തിയിട്ടിരിക്കുന്നത് അനാശാസ്യ പ്രവർത്തനങ്ങളുൾപ്പെടെയുള്ളവയുടെ കേന്ദ്രങ്ങളായി മാറുന്നതിന് കാരണമാകുന്നുവെന്നുള്ള വിവരമാണ് ലഭിച്ചത്. ജില്ലാ കളക്ടറും ഞങ്ങളും പ്രസ്തുത സ്ഥലം സന്ദർശിച്ച ഘട്ടത്തിൽ പ്രശ്നം ഗുരുതരമാണെന്ന് മനസ്സിലാകുകയും കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം അത് അവിടെ നിന്നും മാറ്റുകയും

ചെയ്യ. ഇതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുമായും പോലീസ് മേധാവിയുമായും സംസാരിച്ചിരുന്നു. ഈ വിഷയം ഗൗരവമാണെന്നുള്ളതുകൊണ്ടുതന്നെ ഡി.ജി.പി. എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും ഇതുമായി ബന്ധപ്പെട്ട് ഉത്തരവ് നൽകിയിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ ഇത്തരത്തിലുള്ള വാഹനങ്ങൾ മാറ്റുന്നുണ്ട്. എന്നാൽ മറ്റു പല ജില്ലകളിലും ഇത് എവിടേയ്ക്ക് മാറ്റുമെന്നുള്ളത് സംബന്ധിച്ച് പ്രശ്നം നിലനിൽക്കുന്നുണ്ട്. നിലവിൽ കേസ്സുകളിലുൾപ്പെട്ട വാഹനങ്ങളാണിവ. അതിനാൽ ഈ പ്രശ്നം അടിയന്തരമായി പരിഹരിക്കുന്നതിന് കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം ആലോചിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള വാഹനങ്ങൾ മാറ്റിയാലുള്ള മറ്റൊരു ഗുണം ആ സ്ഥലം നമുക്ക് ഉപയോഗിക്കാമെന്നതാണ്. കോഴിക്കോട് ജില്ലയിൽ ഇത്തരത്തിൽ ലഭിച്ച സ്ഥലത്ത് ഒരു കംഫർട്ട് സ്റ്റേഷൻ ആലോചിക്കുന്നുണ്ട്, അതിന്റെ സർവ്വേ നടക്കുന്നുണ്ട്. ഇതുമാറ്റുന്നത് സംബന്ധിച്ച് ഇപ്പോൾ തുടങ്ങിവച്ച നിലപാടുമായി മുന്നോട്ട് പോയാൽ അത് സമൂഹത്തിനാകെ വലിയ ഗുണമുണ്ടാക്കും.

ശ്രീ. അനൂപ് ജേക്കബ്: സർ, വാറന്റി പീരീഡിനുമുൻപ് റോഡുകൾ റീ-ടാർ ചെയ്യാനുള്ള നടപടിയുണ്ടാകണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. ഇവിടെ പലപ്പോഴും വാറന്റി പീരീഡ് കഴിഞ്ഞിട്ടും അറ്റകുറ്റപ്പണികൾക്ക് തുക അനുവദിക്കാത്ത ഒരുപാട് സാഹചര്യങ്ങളുണ്ട്. അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ റോഡുകൾ മഴയത്ത് പൊളിയുന്നതിനുള്ള കാരണം അതുതന്നെയാണ്. റോഡിന്റെ അറ്റകുറ്റപ്പണികൾക്കുള്ള തുക സമയബന്ധിതമായി അനുവദിക്കാനുള്ള നടപടി യുണ്ടാകണം. എന്റെ നിയോജകമണ്ഡലമായ പിറവത്തുനിന്നും എറണാകുളത്തേയ്ക്കുള്ള പ്രധാന റോഡാണ് നടക്കാവ് റോഡ്. ഈ വിഷയം അങ്ങ് വിളിച്ചുചേർത്ത യോഗത്തിലും ഞാൻ പറഞ്ഞതാണ്. പ്രസ്തുത റോഡിന്റെ ചില ഭാഗങ്ങൾ ഇപ്പോഴും റീ-ടാർ ചെയ്യാനുണ്ട്; അതിന്റെ തുക അനുവദിച്ചിട്ടില്ല. ഉദ്യോഗസ്ഥരോട് ചോദിക്കുമ്പോൾ ടോപ്പ് പ്രയോരിറ്റിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് പറയും, ഗവൺമെന്റിൽനിന്നും അനുവദിച്ചു കിട്ടിയിട്ടുമില്ല. ഈ റോഡ് റീ-ടാർ ചെയ്തിട്ട് ഏതാണ്ട് പത്ത് വർഷമാകുകയാണ്. അതുകൊണ്ട് ഇത്തരം കാര്യങ്ങളിൽ ഗവൺമെന്റിന്റെ ഭാഗത്തു നിന്നും അടിയന്തര ഇടപെടലുണ്ടാകണം.

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇത് പരിഗണിക്കുന്നതാണ്. നിലവിൽ ഡിഫക്ട് ലയബിലിറ്റി പീരീഡ് കഴിഞ്ഞ റോഡുകൾ റണ്ണിംഗ് കോൺട്രാക്ട് വഴിയാണ് ചെയ്യുകൊണ്ടിരിക്കുന്നത്. ചില കരാറുകാർ ഇതുമായി ബന്ധപ്പെട്ട് സ്വീകരിക്കുന്ന നിലപാടിൽ പരിശോധിക്കപ്പെടേണ്ട പ്രശ്നങ്ങളുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും കർക്കശ നിലപാടുണ്ടാകേണ്ടതുണ്ട്. ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് ഇത് പ്രത്യേകമായി ശ്രദ്ധിക്കണമെന്ന് അറിയി ച്ചിട്ടുണ്ട്. ബാക്കി കാര്യങ്ങൾ പരിശോധിച്ച് വേണ്ടത് ചെയ്യാവുന്നതാണ്.

ശ്രീ. മാത്യു ടി. തോമസ്: സർ, മഹാപ്രളയംമൂലം തകർന്ന റോഡുകൾ, പി.ഡബ്ല്യു.ഡി. ബഡ്ജറ്റ് വർക്ക്, കിഫ്ബി, റീബിൽഡ് കേരള, മുഖ്യമന്ത്രിയുടെ പദ്ധതി, എം.എൽ.എ.-മാരുടെ ആസ്തിവികസന ഫണ്ട് എന്നിങ്ങനെ നിരവധി പദ്ധതികളിലൂടെ ധാരാളം റോഡുകൾ ഒരു കാലത്തുമുണ്ടായിട്ടില്ലാത്ത രൂപത്തിൽ ഈ അടുത്ത സമയത്ത് പുനരുദ്ധാരണത്തിനായി ഏറ്റെടുത്തിട്ടുണ്ട്. മഹാപ്രളയം ഏറ്റവും രൂക്ഷമായി അനുഭവപ്പെട്ട ഒരു മേഖലയാണ് അപ്പർ കുട്ടനാട് മേഖല. പ്രളയ ബാധിത പ്രദേശങ്ങളിൽ അനുവദിക്കപ്പെട്ട റോഡുകൾ ഏറ്റെടുക്കാൻ കരാറുകാർ തയ്യാറാകാത്തതുമൂലം പല പ്രവൃത്തികളും തുടങ്ങാൻ കഴിയാത്ത ഒരവസ്ഥ നിലനിൽക്കുന്നു. പ്രളയ ബാധിത പ്രദേശങ്ങളിലെ റോഡിന്റെ നിരപ്പ് ഉയർത്തുന്നതിനാവശ്യമായ മണ്ണിന്റെ വിലനിരക്ക് തീരെ താഴ്ന്നുനിൽക്കുന്നതാണ് ഇതിനു കാരണം. അപ്പർ കുട്ടനാട് മേഖലയിൽ ഇത്തരത്തിൽ മുടങ്ങിക്കിടക്കുന്ന പണികളുടെ വിശദാംശങ്ങൾ ശേഖരിക്കാനും അത് തുടങ്ങാൻ കഴിയാത്ത സാഹചര്യം പരിശോധിക്കാനും വേണ്ടിവന്നാൽ മണ്ണിന്റെ നിരക്ക് യുക്തിസഹമായി പരിഷ്കരിക്കാനും ധനകാര്യ വകുപ്പുമന്ത്രിയും തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമടക്കം ചേർന്ന് നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇത് മറ്റു വകുപ്പുകളുമായി ബന്ധപ്പെട്ട വിഷയമായതിനാൽ മറ്റ് വകുപ്പുമന്ത്രിമാരോടുകൂടി ആലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, കിഫ്ബി ഏറ്റെടുക്കുന്ന റോഡുകളുടെ വർക്കുകളിൽ കാലതാമസം വരുന്നതുകൊണ്ട് മെയിന്റനൻസ് നടത്താൻ സാധിക്കാത്ത അവസ്ഥയുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ നെല്ലാട്-മനക്കക്കടവ് റോഡിലെ കിഴക്കമ്പലം-പട്ടിമറ്റം സ്ട്രെച്ചിൽ അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലം ഒട്ടനവധി അപകടങ്ങളാണ് സംഭവിക്കുന്നത്. ഇക്കാര്യത്തിൽ അടിയന്തരമായ ഒരു ഇടപെടൽ മന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടാകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, കിഫ്ബിയുമായി ബന്ധപ്പെട്ട ചില വിഷയങ്ങൾ ജനപ്രതിനിധികൾ നേരത്തെ ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് ഒരു പ്രത്യേക യോഗം വിളിച്ചു ചേർക്കുന്നുണ്ട്. അതിൽ ഈ വിഷയങ്ങളൊക്കെ ചർച്ച ചെയ്യാവുന്നതാണ്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, അങ്കമാലി-കുണ്ടന്നൂർ ബൈപ്പാസിന്റെ നിർദ്ദേശം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ആ റോഡിന്റെ അലൈൻമെന്റ് തീരുമാനിക്കുമ്പോൾ ജനസാന്ദ്രത കുറഞ്ഞ പ്രദേശങ്ങളിലൂടെ കടന്നുപോകത്തക്കവിധത്തിൽ സ്ഥലം ഏറ്റെടുക്കുന്നതിനെക്കുറിച്ച് ജനപ്രതിനിധികളുമായി ബഹുമാനപ്പെട്ട മന്ത്രി ചർച്ച നടത്തുമോ; കൊച്ചി-മധുര ഹൈവേയുടെ തൃപ്പൂണിത്തുറ ബൈപ്പാസ് ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ഈ രണ്ട് വിഷയങ്ങളും നേരത്തെ അവിടത്തെ ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചിരുന്നു. അത് ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. എറണാകുളം ജില്ലയിലെ എം.എൽ.എ.-മാരുടെ യോഗത്തിലും സമാന വിഷയം ഉന്നയിച്ചിരുന്നു. എറണാകുളം പട്ടണത്തിലെ വിഷയങ്ങൾ ചർച്ച ചെയ്യാൻ ചേർന്ന യോഗത്തിലും ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി ഈ രണ്ട് വിഷയങ്ങളുടെയും നിലവിലെ സ്ഥിതി അറിയിക്കുന്നതാണ്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, മലയോര ഹൈവേയുടെ പ്രവർത്തനം വളരെ വേഗത്തിൽ പുരോഗമിക്കുകയാണ്. എന്നാൽ ചില പ്രദേശങ്ങളിൽ വനഭൂമിയുമായി ബന്ധപ്പെട്ട വിഷയങ്ങളുള്ളതുകൊണ്ട് പ്രവൃത്തികൾ വേഗത്തിലാക്കാൻ കഴിയാത്ത അവസ്ഥയുണ്ട്. അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം. കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ വളരെ കുറച്ചുമാത്രം വനഭൂമി ആവശ്യമായിവരുന്ന സ്ഥലത്തെ റോഡ് നിർമ്മാണത്തിന് 10 ലക്ഷത്തോളം രൂപ അനുവദിക്കണമെന്ന് പി.ഡബ്ല്യു.ഡി. കിഫ്ബിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. കിഫ്ബിയിൽനിന്ന് അനുകൂല തീരുമാനമുണ്ടാകുന്നതിനും പ്രശ്നം പരിഹരിക്കപ്പെടുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, നേരത്തെ പറഞ്ഞ ചോദ്യത്തിന്റെ ഉത്തരവുമായി ക്ലബ്ബ്ചെയ്ത് പറയുകയാണ്. കിഫ്ബിയുമായി വിളിച്ചുചേർക്കുന്ന യോഗത്തിൽ ഈ വിഷയം പ്രത്യേകം ശ്രദ്ധയിൽപ്പെടുത്തും.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, കിഫ്ബി ഫണ്ടുപയോഗിച്ച് നവീകരിക്കുന്ന റോഡുകൾക്ക് കുറഞ്ഞത് പത്ത് മീറ്റർ വീതിയുണ്ടായിരിക്കണമെന്നതാണ് വ്യവസ്ഥ. അതിൽ മൂന്നര മീറ്റർ ക്യാര്യേജ് വേയും ഒന്നര മീറ്റർ ഷോൾഡറും ഉൾപ്പെടുന്നുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ 2017-18-ൽ കിഫ്ബിയിൽനിന്നും തത്വത്തിൽ ഭരണാനുമതി ലഭിച്ച പത്ത് കോടി രൂപയുടെ തോട്ടശ്ശേരിയറ ഇല്ലത്തുമാട് റോഡിന്റെ പ്രവൃത്തി ആരംഭിക്കാൻ നാളിതുവരെ കഴിഞ്ഞിട്ടില്ല. നിർദ്ദിഷ്ട റോഡിൽ 400 മീറ്റർ സ്ഥലത്ത് കിഫ്ബി അനുശാസിക്കുന്ന 10 മീറ്റർ വീതിയില്ലാത്തതിനാൽ പ്രവൃത്തി ആരംഭിക്കാൻ നാളിതുവരെ കഴിഞ്ഞിട്ടില്ല. കോഴിക്കോട് വിമാനത്താവളവുമായി ബന്ധിപ്പിക്കുന്ന വളരെ പ്രധാനപ്പെട്ട റോഡാണിത്. ജനവാസ കേന്ദ്രങ്ങളിൽക്കൂടിയാണ് ഈ റോഡ് കടന്നു പോകുന്നത്. അതുകൊണ്ട് 400 മീറ്റർ ദൂരം എക്സംപ്റ്റ് ചെയ്തുകൊണ്ട് ഈ റോഡിന്റെ നവീകരണ പ്രവൃത്തി ആരംഭിക്കാനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, പൊതുവേ റോഡ് നിർമ്മാണം പെട്ടെന്ന് പൂർത്തിയാക്കണമെന്നാണ് ഞാനുൾപ്പെടെയുള്ള ജനപ്രതിനിധികൾ ആഗ്രഹിക്കുന്നത്. പക്ഷേ ദീർഘവീക്ഷണത്തോടുകൂടി കൂടുതൽകാലം റോഡുകൾ ഉപയോഗിക്കാൻ സാദ്ധ്യമാകുന്ന രീതിയിലേയ്ക്ക് മാറ്റുകയെന്നുള്ള കാഴ്ചപ്പാടോടുകൂടി പോകുമ്പോൾ അതിന്റേതായ ചില വിഷയങ്ങൾ കടന്നുവരാറുണ്ട്. കിഫ്ബിയുമായി വിളിച്ചു ചേർക്കുന്ന യോഗത്തിൽ ഈ വിഷയമുൾപ്പെടെ ചർച്ച ചെയ്യാവുന്നതാണ്.

ശ്രീമതി സി. കെ. ആശ: സർ, പി.ഡബ്ല്യു.ഡി. റോഡുകളുടെ ഡിജിറ്റലൈസേഷനെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പി.ഡബ്ല്യു.ഡി. റോഡുകളിലെ വ്യാപകമായ കയ്യേറ്റം റോഡിന്റെ വീതികൂട്ടൽ ഉൾപ്പെടെയുള്ള സന്ദർഭങ്ങളിൽ ഒട്ടേറെ അസൗകര്യങ്ങൾ ഉണ്ടാക്കുന്നുണ്ട്. പല റോഡുകളുടേയും യഥാർത്ഥ വിസ്തീർണ്ണം പി.ഡബ്ല്യു.ഡി.-യിലോ ആർക്കൈവ്സ് ഡിപ്പാർട്ടുമെന്റിലോപോലും അന്വേഷിച്ചിട്ട് ലഭിക്കാത്ത സാഹചര്യവുമുണ്ട്. റോഡിന് വീതികൂട്ടുമ്പോൾ പലപ്പോഴും കയ്യേറിയ ഭൂമിക്കുകൂടി നഷ്ടപരിഹാരത്തുക നൽകി സർക്കാർ ഖജനാവിന് നഷ്ടംവരുത്തുന്ന സാഹചര്യമാണ് നിലവിലുള്ളത്. അതുകൊണ്ട് പി.ഡബ്ല്യു.ഡി. റോഡുകളുടെ യഥാർത്ഥ വിസ്തൃതി തിട്ടപ്പെടുത്തുന്നതിന് അടിയന്തരമായി റോഡുകളുടെ റീസർവ്വേ പൂർത്തീകരിച്ചുകൊണ്ട് ഡിജിറ്റലൈസ് ചെയ്യാൻ സർക്കാർ മുൻകയ്യെടുക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇതൊരു പ്രധാന വിഷയമാണ്. ഇത് പല എം.എൽ.എ.-മാരും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഒന്ന് ഡിജിറ്റലൈസേഷനും മറ്റൊന്ന് കയ്യേറ്റവുമാണ്. സ്റ്റേറ്റ് ഹൈവേയുടെ 4000 കിലോമീറ്റർ ഡിജിറ്റലൈസേഷൻ നടന്നുകഴിഞ്ഞു. ബാക്കിയുള്ളത് ആറ് മാസത്തിനകമോ അല്ലെങ്കിൽ 2022 ആരംഭിക്കുമ്പോഴോ പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. രണ്ടാമത്തെ പ്രശ്നം കയ്യേറ്റമാണ്. പ്രധാനമായും പരസ്യ കമ്പനികളാണ് പി.ഡബ്ല്യു.ഡി.-യുടെ സ്ഥലം അവരുടെ അനുമതിയില്ലാതെ കയ്യേറുന്നത്. ചർച്ചയ്ക്കശേഷം തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ഇതിൽ കർക്കശ നിലപാടെടുത്തത് സ്വാഗതാർഹമാണ്. ഇപ്പോൾ ഭൂമി അളക്കാൻ നിശ്ചയിക്കുകയും അതിനുള്ള പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയുമാണ്. അത് പൂർത്തീകരിച്ചാൽ യോജിച്ചൊരു നിലപാട് കൈക്കൊണ്ട് മുന്നോട്ടു പോകാവുന്നതാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, ബസ് വെയ്റ്റിംഗ് ഷെഡ്ഡുകൾ നിർമ്മിക്കാൻ എം.എൽ.എ. ഫണ്ട് നീക്കിവയ്ക്കാറുണ്ട്. എന്നാൽ അതിന് പലപ്പോഴും പൊതുമരാമത്ത് വകുപ്പിൽനിന്ന് അനുമതി ലഭിക്കാറില്ല. എൻ.എച്ച്.എ.ഐ.-യുടെ കാര്യമാണെങ്കിൽ അനുമതി ലഭിക്കുന്ന പ്രശ്നമില്ല. എന്നാൽ വ്യക്തികൾക്കും സന്നദ്ധ സംഘടനകൾക്കുമൊക്കെ

റോഡ് സൈഡിൽ അനധികൃതമായി ഷെഡ്ഡുകൾ നിർമ്മിക്കുന്നതിന് യാതൊരു തടസ്സവുമില്ല, ആരുടെയും അനുമതിയും ആവശ്യമില്ല. അത്തരത്തിലുള്ള അനധികൃത ഷെഡ്ഡുകൾ പൊളിച്ചുമാറ്റാനും എം.എൽ.എ.-മാർ നിർദ്ദേശിക്കുന്ന ബസ് വെയ്റ്റിംഗ് ഷെഡ്ഡുകൾ ഉൾപ്പെടെയുള്ള പ്രവൃത്തികൾക്ക് എത്രയും പെട്ടെന്ന് അനുമതി ലഭ്യമാക്കാനും നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

ശ്രീ. കെ. പി. മോഹനൻ: സർ, ഓടകളുടെ അഭാവത്തെക്കുറിച്ചും അവയുടെ അശാസ്ത്രീയ നിർമ്മാണത്തെക്കുറിച്ചും പറഞ്ഞു. പല സ്ഥലങ്ങളിലും അനാവശ്യമായി റോഡിന്റെ ഇരുവശങ്ങളിലുമായി ഓടകൾ നിർമ്മിക്കുകയാണ്. കയറ്റവും ഇറക്കവുമുള്ള റോഡുകളിൽ ഓടയുടെ ആവശ്യമില്ല. അവിടെ ഇരുവശവും കോൺക്രീറ്റ് ചെയ്താൽ ഒരുപാട് വർഷക്കാലം റോഡ് നിലനിൽക്കുമെന്ന് മാത്രമല്ല, ഗുണകരമായ കാര്യവുമാണ്. അപ്രകാരമായാൽ റോഡ് പൂർണ്ണതയിലെത്തുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് അശാസ്ത്രീയവും അനാവശ്യവുമായി ഓടകൾ നിർമ്മിക്കുന്നതിനുപകരം റോഡുകളുടെ ഇരുവശവും കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തിയെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഡ്രെയിനേജ് പ്രധാന പ്രശ്നമാണ്. പ്രോപ്പർ ഡ്രെയിനേജ് സിസ്റ്റം ഇല്ലാത്തതിനാലാണ് സംസ്ഥാനത്തെ റോഡുകൾ പെട്ടെന്ന് തകരാറിലാകുന്നത്. അത് പരിഹരിക്കപ്പെടേണ്ട പ്രശ്നമാണ്. പക്ഷേ, കേരളത്തിന്റെ ചില വിഷയങ്ങൾകൂടി ഇതിനോടൊപ്പം പരിശോധിക്കേണ്ടതുണ്ട്. റോഡിന്റെ ഉയരം കൃത്യമായി ഒരു മീറ്ററിന് മുകളിൽ ആയിരിക്കണമെന്ന് ഇന്ത്യൻ റോഡ് കോൺഗ്രസ് (ഐ.ആർ.സി.) നിർദ്ദേശിച്ചിട്ടുണ്ട്. കേരളത്തിൽ അത് നടപ്പാക്കാൻ പ്രയാസമാണ്. തമിഴ്നാട്, യു.പി. എന്നീ സംസ്ഥാനങ്ങൾപോലെ കേരളത്തിൽ അത് നടപ്പിലാക്കാൻ കഴിയണമെന്നില്ല. അതുപോലെ ഒരു വിഷയമാണ് ഡ്രെയിനേജ്. ഡ്രെയിനേജിന് ഒരു പ്രോപ്പർ സിസ്റ്റം വന്നാൽ നമ്മുടെ റോഡുകളുടെ പല പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ സാധിക്കും. കേരളത്തിലെ റോഡുകളിൽ ഫലപ്രദമായ എത്ര ഡ്രെയിനേജ് സിസ്റ്റമുണ്ടെന്ന് പരിശോധിച്ചപ്പോൾ അത് വലിയൊരു അളവോളം കുറവാണെന്നാണ് കണ്ടെത്തിയത്. അത് പരിഹരിച്ചുപോകേണ്ട വിഷയംതന്നെയാണ്.

മി. സ്പീക്കർ: ഒരുപാട് അംഗങ്ങൾ ഉപചോദ്യങ്ങൾ ആവശ്യപ്പെട്ടിരുന്നെങ്കിലും എല്ലാവർക്കും അവസരം കൊടുക്കാനായിട്ടില്ല.

നക്ഷത്രചിഹ്നമിട്ട 62-ാം നമ്പർ ചോദ്യവുമായി നക്ഷത്രചിഹ്നമിട്ട 70-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യുന്നതിന് ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, നക്ഷത്ര ചിഹ്നമിട്ട 71-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യുന്നതിന് ശ്രീ. പി. ടി. തോമസ്,

നക്ഷത്രചിഹ്നമിട്ട 72-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യുന്നതിന് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), നക്ഷത്രചിഹ്നമിട്ട 90-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യുന്നതിന് ശ്രീ. പി. സി. വിഷ്ണുനാഥ് എന്നീ അംഗങ്ങൾ നോട്ടീസ് നൽകിയിട്ടുണ്ട്. ഇവയെല്ലാം സമാനമായതുകൊണ്ട് ക്ലബ്ബിംഗ് അനുവദിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിക്ക് നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 62, 70, 71, 72, 90 എന്നിവ ചേർത്ത് മറുപടി പറയാവുന്നതാണ്.

പട്ടയ ഭൂമിയിലെ മരംമുറി

3 (*62) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയ ഭൂമിയിൽ കർഷകർ നട്ടുവളർത്തിയതും സ്വാഭാവികമായി വളർന്നു വന്നതുമായ മരങ്ങൾ മുറിക്കുന്നതു സംബന്ധിച്ച് റവന്യൂ ഉദ്യോഗസ്ഥരും വനം വകുപ്പും സ്വീകരിച്ച നിലപാടുകളെ മറികടന്നുകൊണ്ട് ഉത്തരവിറക്കാൻ മുൻ റവന്യൂ വകുപ്പുമന്ത്രി സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നോ;

(ബി) എങ്കിൽ 2005-ലെ വനേതര ഭൂമിയിലെ മരം മുറിക്കുന്നതുമായി ബന്ധപ്പെട്ട നിയമത്തിന്റെ ആറാം വകുപ്പു പ്രകാരം പട്ടയ ഭൂമിയിൽ കർഷകർ നട്ടുവളർത്തിയതോ സ്വാഭാവികമായി വളർന്നുവന്നതോ ആയ ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിക്കാമെന്ന് പ്രസ്തുത നിർദ്ദേശത്തിൽ പ്രതിപാദിച്ചിരുന്നോ;

(സി) ഉണ്ടെങ്കിൽ ഈ നിർദ്ദേശം നിയമ വകുപ്പിന്റെ ഉപദേശം തേടിയതിനു ശേഷമാണോ ഉൾപ്പെടുത്തിയത് എന്ന് വിശദമാക്കാമോ;

(ഡി) പട്ടയ ഭൂമിയിൽ കർഷകർ നട്ടുവളർത്തിയതോ സ്വാഭാവികമായി വളർന്നുവന്നതോ ആയ ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിക്കുന്നതിന് തടസ്സം നിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ മുൻ റവന്യൂ വകുപ്പുമന്ത്രി നിർദ്ദേശിച്ചിരുന്നോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ,

(എ) വനം വകുപ്പും റവന്യൂ വകുപ്പുദ്യോഗസ്ഥരും സ്വീകരിച്ച നിലപാടുകളെ മറികടന്നുകൊണ്ട് നിർദ്ദേശങ്ങളൊന്നും നൽകിയിട്ടില്ല.

(ബി) അതെ. 1964-ലെ ഭൂപതിവ് ചട്ടപ്രകാരം പട്ടയം കൊടുത്ത ഭൂമിയെ സംബന്ധിച്ച് അത്തരമൊരു നിർദ്ദേശം നൽകിയിരുന്നു.

(സി) The Kerala Promotion of Tree Growth in Non-Forest Areas Act, 2005-ലെ വ്യവസ്ഥകളാണ് ഉത്തരവിൽ പരാമർശിച്ചിട്ടുള്ളത്. ഇപ്രകാരം ഒരു നിയമത്തിലെ വ്യവസ്ഥപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നിയമോപദേശത്തിന്റെ ആവശ്യമില്ല.

(ഡി) അതെ. പട്ടയം ലഭിച്ച ഭൂമിയിൽ കർഷകർ സ്വന്തം അദ്ധ്വാനത്താൽ നട്ടുവളർത്തിയും പരിപാലിച്ചും വന്ന മരങ്ങൾ മുറിക്കുന്നതിന് അവർക്ക് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ധാരാളം കർഷക സംഘടനകളും രാഷ്ട്രീയ പാർട്ടികളും ജനപ്രതിനിധികളും നൽകിയ നിവേദനങ്ങളിലും അവരുമായി നടത്തിയിട്ടുള്ള ചർച്ചകളിലും ഉയർന്നുവന്ന പ്രധാന പരാതികളിൽ ഒന്നായിരുന്നു സർക്കാർ തീരുമാനമുണ്ടെങ്കിൽപ്പോലും അവയുടെ അന്തഃസത്തയ്ക്ക് വിരുദ്ധമായി കർഷകരെ ബുദ്ധിമുട്ടിക്കുന്നതരത്തിൽ സമീപനം സ്വീകരിക്കുന്ന ഉദ്യോഗസ്ഥരെപ്പറ്റിയുള്ളതു്. ആയതിനാലാണ് മരത്തിന്റെ വില അടച്ച് റിസർവ് ചെയ്തിട്ടുള്ളതും പട്ടയഭൂമിയിൽ കർഷകർ നട്ടുവളർത്തിയിട്ടുള്ളതും സ്വാഭാവികമായി വളർന്നു വന്നതോ ആയ ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിക്കുന്നതിന് തടസ്സം നിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ മുൻ റവന്യൂ വകുപ്പുമന്ത്രി നിർദ്ദേശിച്ചിരുന്നത്.

4 (*70) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയ ഭൂമിയിൽ കർഷകർ നട്ടുവളർത്തിയതോ സ്വാഭാവികമായി വളർന്നുവന്നതോ ആയ ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിക്കുന്നതിന് 24-10-2020-ന് റവന്യൂ വകുപ്പ് ഉത്തരവിറക്കിയിരുന്നോ;

(ബി) 3-9-2019-ന് റവന്യൂ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ പ്രസ്തുത വിഷയം ചർച്ച ചെയ്തപ്പോൾ നിലവിലെ ഭൂപതിവ് ചട്ടപ്രകാരം പട്ടയ ഭൂമിയിലെ ചന്ദനം, തേക്ക്, ഈട്ടി, കരിമരം എന്നിവ മുറിക്കാൻ സാധിക്കില്ലെന്നും ഇത് സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണെന്നും വനം വകുപ്പ് നിലപാട് എടുത്തിരുന്നോ;

(സി) എങ്കിൽ പ്രസ്തുത നിലപാടിന് വിരുദ്ധമായി പട്ടയ ഭൂമിയിലെ ചന്ദനം ഒഴികെയുള്ള എല്ലാ മരങ്ങളും മുറിക്കാമെന്ന് റവന്യൂ വകുപ്പ് ഉത്തരവിറക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ;

(ഡി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് കോടികളുടെ മരംമുറി നടന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ,

(എ) 1964-ലെ കേരള ഭൂപതിവ് ചട്ടപ്രകാരം പതിച്ചുകൊടുത്ത ഭൂമിയിൽ കർഷകർ നട്ടുവളർത്തിയതും കിളിർത്തു വരുന്നതുമായ ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിക്കാൻ അനുമതി നൽകി ഉത്തരവിറക്കിയിരുന്നു.

(ബി&സി) 1960-ലെ The Kerala Assignment Act (30 of 1960)-ന് കീഴിലുള്ള വിവിധ ചട്ടങ്ങൾ പ്രകാരം പട്ടയങ്ങൾ നൽകിയതിനുശേഷം ടി പട്ടയ സ്ഥലങ്ങളിൽ നട്ടുപിടിപ്പിച്ചവയും സ്വമേധയാ കിളിർത്തു വന്നതുമായ എല്ലാ മരങ്ങളുടേയും അവകാശം പട്ടാദാർക്ക് നൽകുന്നതിനായി സർക്കാർ തീരുമാനിക്കുന്നപക്ഷം, ഇപ്രകാരം ഒരു വിശദീകരണ എസ്.ആർ.ഒ. റവന്യൂ വകുപ്പ് പുറപ്പെടുവിച്ച് പ്രശ്നം പരിഹരിക്കാവുന്നതാണെന്നാണ് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ശിപാർശ ചെയ്തിരുന്നത്. എന്നാൽ 2005-ലെ The Kerala Promotion of Tree Growth in Non-Forest Areas Act-ലെ 6-ാം വകുപ്പിലുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ 1964-ലെ ചട്ടപ്രകാരം പതിച്ചുകൊടുത്ത ഭൂമിയിൽ കർഷകർ നട്ടുവളർത്തുന്നതും കിളിർത്തു വരുന്നതുമായ ചന്ദനമൊഴികെയുള്ള വൃക്ഷങ്ങൾ അവർക്ക് മുറിക്കാൻ അനുമതി നൽകാമെന്നുള്ളതുകൊണ്ടാണ് 24-10-2020-ൽ ഉത്തരവ് പുറപ്പെടുവിച്ചത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എ.ഡി.ജി.പി.-യുടെ നേതൃത്വത്തിൽ ഒരു പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് അന്വേഷണം നടത്തിവരുന്നുണ്ട്.

5 (*71) ശ്രീ. പി. ടി. തോമസ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയ ഭൂമിയിൽ കർഷകർ നട്ടുവളർത്തിയതോ സ്വാഭാവികമായി വളർന്നുവന്നതോ ആയ ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിക്കുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവ് ഇറക്കുന്നതിനുമുൻപ് നിയമ വകുപ്പിന്റെയും അഡീഷണൽ എ.ജി.-യുടെയും അഭിപ്രായം സ്വരൂപിച്ച് ശിപാർശയുൾപ്പെടുത്തി സമർപ്പിക്കാൻ 21-10-2019-ന് അന്നത്തെ റവന്യൂ വകുപ്പുമന്ത്രി നിർദ്ദേശിച്ചിരുന്നോ;

(ബി) ഇപ്രകാരം മരങ്ങൾ മുറിക്കുന്നതിനുള്ള ഉത്തരവിറക്കുന്നതിന് നിയമ വകുപ്പിന്റെയും അഡീഷണൽ എ.ജി.-യുടെയും അഭിപ്രായം 24-10-2020-ൽ റവന്യൂ വകുപ്പിന് ലഭ്യമായിരുന്നോ;

(സി) ഇല്ലെങ്കിൽ നിയമ വകുപ്പിന്റെയോ അഡീഷണൽ എ.ജി.-യുടെയോ ഉപദേശം ലഭിക്കുന്നതിനുമുൻപ് പ്രസ്തുത ഉത്തരവിറക്കാനുണ്ടായ സാഹചര്യം വെളിപ്പെടുത്താമോ;

(ഡി) 21-10-2019-ന് അന്നത്തെ റവന്യൂ വകുപ്പുമന്ത്രി നിർദ്ദേശിച്ചിരുന്ന നിയമോപദേശം ലഭ്യമാകുന്നതിനുമുൻപ് അദ്ദേഹംതന്നെ പട്ടയ ഭൂമിയിൽ കർഷകർ നട്ടുവളർത്തിയതോ സ്വാഭാവികമായി വളർന്നുവന്നതോ ആയ ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിക്കുന്നതിന് ഉത്തരവിറക്കാൻ ഇടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ,

(എ) 1960-ലെ ഭൂമി പതിവ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം പുറപ്പെടുവിച്ച 1993-ലെ വനഭൂമി പതിച്ചുനൽകൽ ചട്ടങ്ങളുൾപ്പെടെയുള്ള എല്ലാ ചട്ടങ്ങൾക്കും ബാധകമാകത്തക്ക രീതിയിൽ കർഷകർ വച്ചുപിടിപ്പിക്കുന്നതും വളർത്തിക്കൊണ്ടു വരുന്നതുമായ എല്ലാ മരങ്ങളും മുറിക്കുന്നതിന് അനുമതി നൽകുന്നത് നിയമപരമായി നിലനിൽക്കുന്നതാണോ എന്നത് സംബന്ധിച്ച് നിയമ വകുപ്പിന്റെയും അഡീഷണൽ അഡ്വക്കേറ്റ് ജനറലിന്റെയും അഭിപ്രായംകൂടി സ്വരൂപിച്ച് അതനുസരിച്ച് ശിപാർശ യുൾപ്പെടുത്തി സമർപ്പിക്കാനാണ് മുൻ റവന്യൂ വകുപ്പുമന്ത്രി നിർദ്ദേശിച്ചിരുന്നത്.

(ബി-ഡി) ഇല്ല. 2005-ലെ The Kerala Promotion of Tree Growth in Non-Forest Areas Act-ലെ 6-ാം വകുപ്പിലുള്ള വ്യവസ്ഥകളുടെ അടിസ്ഥാന ത്തിലാണ് 24-10-2020-ൽ ഉത്തരവ് പുറപ്പെടുവിച്ചത്. നിയമത്തിൽ വ്യക്തമായ വ്യവസ്ഥയുള്ളതിനാലാണ് ഇക്കാര്യത്തിൽ കൂടുതൽ നിയമോപദേശം ആരായാതി രുന്നത്.

6 (*72) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സജീവ് ജോസഫ്:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയ ഭൂമിയിൽ കർഷകർ നട്ടുവളർത്തിയതും സ്വാഭാവികമായി വളർന്നുവന്നതുമായ മരങ്ങൾ മുറിക്കുന്നത് സംബന്ധിച്ച് വ്യക്തത വരുത്താൻ 11-3-2020-ൽ റവന്യൂ വകുപ്പ് ഉത്തരവിറക്കിയിരുന്നോ;

(ബി) പ്രസ്തുത ഉത്തരവുപ്രകാരം പട്ടയഭൂമിയിലെ ചന്ദനം ഒഴികെയുള്ള എല്ലാ മരങ്ങളും മുറിക്കാമെന്ന നിലപാട് സർക്കാർ സ്വീകരിച്ചിരുന്നോ;

(സി) വൺ എർത്ത് വൺ ലൈഫ് എന്ന സംഘടന നൽകിയ കേസിൽ പ്രസ്തുത ഉത്തരവ് കേരള ഹൈക്കോടതി സ്റ്റേ ചെയ്തിരുന്നോ;

(ഡി) 24-10-2020-ന് റവന്യൂ വകുപ്പ് ഉത്തരവിറക്കുന്നതിനുമുൻപ് മേൽപ്പറഞ്ഞ കാരണങ്ങൾ ചൂണ്ടിക്കാട്ടി ഏതെങ്കിലും ഉദ്യോഗസ്ഥർ ഈ ഉത്തരവ് സംബന്ധിച്ച ഫയലിൽ വിയോജന കുറിപ്പ് രേഖപ്പെടുത്തിയിരുന്നോ; വിശദാംശങ്ങൾ നൽകാമോ;

(ഇ) പ്രസ്തുത നിലപാടെടുത്ത ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ സ്ഥലംമാറ്റം അടക്കമുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ,

(എ) 11-3-2020-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നില്ല. 11-3-2020-ൽ സർക്കുലറാണ് പുറപ്പെടുവിച്ചിട്ടുള്ളത്.

(ബി) ഇല്ല. പ്രസ്തുത സർക്കുലർ പ്രകാരം കർഷകർ നട്ടുവളർത്തിയതും പട്ടയഭൂമിയിൽ നിലനിർത്തിയതുമായ എല്ലാ വൃക്ഷങ്ങളുടെയും ഉടമസ്ഥാവകാശം പട്ടാദാർക്കാണെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്.

(സി) വൺ എർത്ത് വൺ ലൈഫ് എന്ന സംഘടന ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C) 13678/2020 നമ്പർ കേസിലെ 8-7-2020-ലെ വിധിയിൽ 11-3-2020-ലെ യു3/187/2019/റവന്യൂ നമ്പർ സർക്കുലർ സ്റ്റേ ചെയ്തിട്ടുണ്ട്.

(ഡി) 24-10-2020-ലെ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുമുൻപായി പ്രസ്തുത ഉത്തരവ് സംബന്ധിച്ച് ആരും വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിരുന്നില്ല. പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നിർദ്ദേശത്തിന് മുൻപുള്ള കുറിപ്പിൽ 11-3-2020-ലെ സർക്കുലറിനെ സംബന്ധിച്ച് മാത്രമാണ് പരാമർശിച്ചിരുന്നത്.

(ഇ) നിലപാടെടുത്തതിന്റെ പേരിൽ ഒരുദ്യോഗസ്ഥനെതിരെയും ഏതെങ്കിലും നടപടി സ്വീകരിച്ചിട്ടില്ല. റവന്യൂ വകുപ്പിൽ 3 വർഷം സർവ്വീസ് പൂർത്തിയാക്കിയ സൂപ്പർവൈസറി കേഡറിലുള്ള എല്ലാ ഉദ്യോഗസ്ഥരെയും സ്ഥലം മാറ്റുന്നതിന് നടപടി സ്വീകരിച്ചിരുന്നു. അതിന്റെ ഭാഗമായി ഈ ഫയൽ കൈകാര്യം ചെയ്തിരുന്ന ചില ഉദ്യോഗസ്ഥരെയും സ്ഥലം മാറ്റിയിട്ടുണ്ട്.

7 (*90) ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ 3-9-2019-ന് ചേർന്ന യോഗത്തിൽ പട്ടയം ലഭിച്ചശേഷം കർഷകർ നട്ടുവളർത്തിയ മരങ്ങൾ മുറിക്കുന്നതിന് 1964-ലെ ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്താൻ തീരുമാനിച്ചിരുന്നോ;

(ബി) ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്താതെ കർഷകർ നട്ടു വളർത്തിയതോ സ്വാഭാവികമായി വളർന്നു വന്നതോ ആയ ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിക്കുന്നതിന് 24-10-2020-ൽ റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഉത്തരവിറക്കാനുണ്ടായ സാഹചര്യം വെളിപ്പെടുത്താമോ;

(സി) പ്രസ്തുത ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ളതുപോലെ 2005-ലെ വനേതര ഭൂമിയിലെ മരം മുറിക്കുന്നതുമായി ബന്ധപ്പെട്ട നിയമത്തിന്റെ ആറാം വകുപ്പ് പ്രകാരം പട്ടയ ഭൂമിയിൽ കർഷകർ നട്ടുവളർത്തിയതോ സ്വാഭാവികമായി വളർന്നു വന്നതോ ആയ ചന്ദനം ഒഴികെയുള്ള എല്ലാ മരങ്ങളും മുറിക്കാൻ സാധിക്കുമോ എന്ന് വ്യക്തമാക്കാമോ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത ഉത്തരവ് ഇറക്കുന്നതിനുമുൻപ് നിയമ വകുപ്പിന്റെയോ എ.ജി.-യുടെയോ അഭിപ്രായം തേടിയിരുന്നോ എന്നറിയിക്കാമോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, (എ) അതെ.

(ബി) 2005-ലെ വനേതരഭൂമിയിലെ മരം മുറിക്കുന്നതുമായി ബന്ധപ്പെട്ട നിയമത്തിലെ 6-ാം വകുപ്പുപ്രകാരം 1964-ലെ ഭൂപതിവ് ചട്ടപ്രകാരം പതിച്ചു കൊടുത്ത ഭൂമിയിൽ കർഷകർ നട്ടുവളർത്തിയതോ സ്വാഭാവികമായി കിളിർത്തു വരുന്നതോ ആയ മരങ്ങൾ മുറിക്കാൻ അനുവാദം നൽകാവുന്നതാണ് എന്നതി നാലാണ് 24-10-2020-ലെ ഉത്തരവ് പുറപ്പെടുവിച്ചത്. പട്ടയ ഭൂമിയിൽ സ്വാഭാവി കമായി കിളിർത്തുവരുന്നതും നട്ടുവളർത്തിയതുമായ വൃക്ഷങ്ങൾ സർക്കാരിൽ നിക്ഷിപ്തമാക്കിയിട്ടില്ല.

.....(ബഹളം).....

(സി) " The Kerala Promotion of Tree Growth in Non-Forest Areas Act, 2005-ലെ സെക്ഷൻ 6 - Right of the owners to cut and remove trees - (1) Not-withstanding anything contained in any other law for the time being in force, every owner of non-forest land shall have the right to cut and transport any tree, other than sandalwood tree, standing on his land:

Provided that the provision under this sub-section shall not apply to trees, if any, reserved by the Government at the time of assignment of such land or trees standing on any land notified under section 5 of the Kerala Preservation of Trees Act, 1986 (36 of Act 1986):" ഇതുപ്രകാരം സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കിയിട്ടുള്ള മരങ്ങൾ മുറിക്കാൻ പട്ടാദാറിന് അനുമതി നൽകിയിട്ടില്ല.

(ഡി) 24-10-2020-ലെ ഉത്തരവ് പുറപ്പെടുവിച്ചത് 2005-ലെ വനേതര ഭൂമിയിലെ മരം മുറിക്കുന്നതുമായി ബന്ധപ്പെട്ട നിയമത്തിലെ 6-ാം വകുപ്പിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ്. നിയമവ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ഉത്തരവ് പുറപ്പെടുവിച്ചതിനാലാണ് നിയമോപദേശം ആരായാതിരുന്നത്.

മി. സ്പീക്കർ: അഞ്ച് ചോദ്യങ്ങൾ ക്ലബ്ബ് ചെയ്യാൻ നോട്ടീസ് നൽകിയിരുന്നു. അപ്രകാരം അനുവദിച്ച അഞ്ച് ചോദ്യങ്ങൾക്കുംകൂടിയാണ് 6 മിനിട്ടും 53 സെക്കന്റുമെടുത്ത് മന്ത്രി മറുപടി പറഞ്ഞത്. ക്ലബ്ബ് ചെയ്യാൻ നോട്ടീസ് തരുന്ന അംഗങ്ങൾതന്നെ മറുപടി പറയുമ്പോൾ അസഹിഷ്ണുത പ്രകടിപ്പിക്കരുത്. അങ്ങനെയാണെങ്കിൽ ക്ലബ്ബിംഗ് അനുവദിക്കേണ്ടെന്ന് തീരുമാനിക്കേണ്ടിവരും. ചോദ്യത്തിന്റെ ഗൗരവവും സമാനസ്വഭാവവും കണക്കിലെടുത്താണ് ക്ലബ്ബിംഗ് അനുവദിക്കുന്നത്. മറുപടി ക്ഷമയോടെ കേൾക്കണം.

ശ്രീ. ടി. ജെ. വിനോദ്: സർ, സംസ്ഥാനത്തെ ഞെട്ടിച്ച ഏകദേശം 200 കോടി രൂപയുടെ മരംകൊള്ളയിൽ കൃത്യമായ ഒരു നിലപാട് സ്വീകരിക്കാൻ സംസ്ഥാന സർക്കാരിന് സാധിക്കാത്തത് വലിയ സംശയങ്ങൾ ഉയർത്തുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സി.ബി.ഐ. അന്വേഷണത്തെ എതിർത്ത് സർക്കാർ സമർപ്പിച്ച സത്യവാങ്മൂലത്തിൽ 16 കോടി രൂപയുടെ മരങ്ങൾ മുറിച്ചുകടത്തിയെന്നും ഇതിൽ 10 കോടി രൂപയുടെ മരങ്ങൾ പിടിച്ചെടുത്തെന്നും പറയുന്നുണ്ട്. മുറിച്ചെടുത്ത മരങ്ങളുടെ യഥാർത്ഥ വിലയുടെ എത്രയോ കുറവാണ് സർക്കാർ വിലയെന്ന് എല്ലാവർക്കുമറിയാം. എന്നിട്ടുപോലും 6 കോടി രൂപയുടെ നഷ്ടം സർക്കാർ കോടതിയിൽ സമ്മതിച്ചിട്ടുണ്ട്. ഈ നഷ്ടം സർക്കാർ തിരിച്ചുപിടിക്കുന്നത് എങ്ങനെയായിരിക്കുമെന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. കെ. രാജൻ: സർ, അതിൽ യാതൊരു അവ്യക്തതയും നിലനിൽക്കുന്നില്ല. അനധികൃത മരംമുറി നടത്തിയ ഒരാളെയും സംരക്ഷിക്കേണ്ട പ്രശ്നം സർക്കാരിനില്ല. ഇതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിതന്നെ സമഗ്രമായ അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ കൃത്യവും വ്യക്തവുമായ പരിശോധന നടത്തിക്കൊണ്ടിരിക്കുകയാണ്. കളക്ടർമാരിൽനിന്ന് ആദ്യഘട്ട റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. വനം വകുപ്പ് അക്കാര്യത്തിൽ റിപ്പോർട്ട് തയ്യാറാക്കിയിരുന്നു. 1964-ലെ ഭൂപതിവ് ചട്ടവുമായി ബന്ധപ്പെട്ട് ട്രീ രജിസ്റ്റർ ഉൾപ്പെടെ പരിശോധിച്ച് പട്ടയം ലഭിക്കുന്നതിന് മുമ്പും പട്ടയം നൽകുമ്പോൾ വെസ്റ്റ് ചെയ്തതുമായ മരങ്ങൾ ഉൾപ്പെടെ അതിലുണ്ടോ എന്ന് പരിശോധിച്ച് തിട്ടപ്പെടുത്തി, ഒരു രൂപപോലും സർക്കാരിന് നഷ്ടപ്പെടാത്തരത്തിൽ കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കും. അക്കാര്യത്തിൽ യാതൊരു തർക്കവുമില്ല.

ശ്രീ. ടി. ജെ. വിനോദ്: സർ, റവന്യൂ വകുപ്പിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറും അണ്ടർ സെക്രട്ടറിയുമായ വ്യക്തിയുടെ ഗ്രഡ് സർവ്വീസ് എൻടി റദ്ദാക്കിയിരുന്നോ; ഉണ്ടെങ്കിൽ ഏത് ചട്ടപ്രകാരമാണ് റദ്ദാക്കിയത്?

ശ്രീ. കെ. രാജൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ സഭയിൽ വ്യക്തമാക്കിയിട്ടുള്ള കാര്യമാണത്. (.....ബഹളം.....)

മി. സ്പീക്കർ: അവിടെ ഇരിക്കൂ. മന്ത്രി മറുപടി പറയുകയാണ്. നിങ്ങൾ പരസ്പരം സംസാരിച്ച് തടസ്സപ്പെടുത്തരുത്. അങ്ങ് മറുപടി പറഞ്ഞുകൊള്ളൂ.

ശ്രീ. കെ. രാജൻ: സർ, അണ്ടർ സെക്രട്ടറിക്ക് ഗ്രഡ് സർവ്വീസ് എൻടി നൽകിയത് സർക്കാരല്ല, അഡീഷണൽ ചീഫ് സെക്രട്ടറിയാണ്. അത് തിരിച്ചെടുത്തതും അദ്ദേഹമാണ്. 20-7-2021-ലാണ് അതു സംബന്ധിച്ച പരാതി ലഭിച്ചത്. പരാതി ലഭ്യമായി മണിക്കൂറുകൾ കഴിയുന്നതിനുമുമ്പ് ചീഫ് സെക്രട്ടറിയോട് അന്വേഷിക്കാൻ ആവശ്യപ്പെട്ടിരുന്നു. ചീഫ് സെക്രട്ടറി അത് പരിശോധിച്ച്, റിപ്പോർട്ട് നൽകുന്നപക്ഷം ആവശ്യമായ നടപടികളെക്കുറിച്ച് ആലോചിക്കും. ഗ്രഡ് സർവ്വീസ് എൻടി നൽകുന്ന കാര്യത്തിലോ പിൻവലിക്കുന്ന കാര്യത്തിലോ സർക്കാരിന്റെ ഒരു ഇടപെടലുമുണ്ടായിട്ടില്ല.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഒരു കാര്യം ബഹുമാനപ്പെട്ട സ്പീക്കറുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. മുൻകാലങ്ങളിൽ ഫ്ലോറിൽ എടുക്കുന്ന നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളിൽ, ക്ലബ് ചെയ്ത ചോദ്യങ്ങളിലെ ആദ്യത്തെ ചോദ്യകർത്താവിന് റിട്ടൺ മറുപടി കൊടുക്കാറുണ്ടായിരുന്നു, അങ്ങനെയായിരുന്നു കീഴ്വഴക്കം. Paperless Assembly ആക്കുന്നതിന്റെ ഭാഗമായി ഇപ്പോഴത് ചെയ്യുന്നില്ല. എന്നാൽ മോണിറ്ററിലും അത് അപ്ലോഡ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഉത്തരങ്ങൾ മോണിറ്ററിൽ വരുന്നുണ്ട്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ചോദിച്ചതിനുശേഷമേ അപ്ലോഡ് ചെയ്യുന്നുള്ളൂ. മുമ്പ് ഫ്ലോറിൽ വരുന്ന ചോദ്യങ്ങളുടെ ഉത്തരങ്ങൾ നേരത്തെ അറിയാൻ കഴിയുമായിരുന്നു. അപ്പോൾ ഉപചോദ്യം ചോദിക്കാനുള്ള സൗകര്യം എല്ലാ അംഗങ്ങൾക്കുമുണ്ടായിരുന്നു. പക്ഷേ ഇപ്പോൾ അതില്ല. കുറച്ച് ചോദ്യങ്ങളെങ്കിലും നേരത്തെ അപ്ലോഡ് ചെയ്യണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

മി. സ്പീക്കർ: അത് പരിശോധിക്കാം.

ശ്രീ. എ. പി. അനിൽ കുമാർ: സർ, പട്ടയഭൂമിയിൽ കർഷകർ നട്ടുവളർത്തിയതും സ്വമേധയാ വളർന്നുവന്നതുമായ മരങ്ങൾ മുറിക്കുന്നത് സംബന്ധിച്ച് വ്യക്തത വരുത്താൻ 11-3-2020-ന് അന്നത്തെ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ഒരു ഉത്തരവ് ഇറക്കുകയുണ്ടായി. ചന്ദനം ഒഴികെയുള്ള എല്ലാ മരങ്ങളും മുറിക്കാമെന്നാണ് അതിൽ പറഞ്ഞിരുന്നത്. ആ ഉത്തരവ് റദ്ദ് ചെയ്യണമെന്നാവശ്യപ്പെട്ട് 'വൺ എർത്ത് വൺ ലൈഫ്' എന്ന സംഘടന ഹൈക്കോടതിയിൽ കേസ് നൽകുകയും അനുകൂലവിധി നേടുകയും ചെയ്തു. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് നിലനിൽക്കുമ്പോഴാണ് 24-10-2020-ന് റവന്യൂ വകുപ്പ് വീണ്ടും ഇതേ ഉത്തരവ് കോടതിവിധിക്കെതിരായി പുറപ്പെടുവിച്ചതെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. രാജൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതിൽ വസ്തുതാപരമായ ഒരു വ്യത്യാസമുണ്ട്. 11-3-2020-ൽ പുറപ്പെടുവിച്ചത് ഉത്തരവല്ല, സർക്കുലറാണ്. അതാണ് 8-7-2020-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തത്. അതിനു ശേഷം അതേ സർക്കുലർതന്നെ 26-8-2020-ന് ഹൈക്കോടതി മോഡിഫൈ ചെയ്യുകയും ചെയ്തിട്ടുണ്ട്. കർഷകരുടേതാണ് യഥാർത്ഥ പ്രശ്നം. ഈ വിഷയത്തിൽ നമുക്കാർക്കും തർക്കമില്ല. പ്രസ്തുത സർക്കുലർ റദ്ദ് ചെയ്യപ്പെട്ട സാഹചര്യത്തിലാണ് 2005-ലെ നിയമത്തിന്റെ ചുവടുപിടിച്ചുകൊണ്ട് 24-10-2020-ൽ 261/2020 നമ്പർ ഉത്തരവ് സർക്കാർ പുറത്തിറക്കിയത്. അത് സർക്കുലറല്ല, ഉത്തരവാണ്.

ശ്രീ. ടി. സിദ്ദിഖ്: സർ, മരം മുറി കേസിലെ പ്രധാന പ്രതികൾ മുൻ റവന്യൂ വകുപ്പുമന്ത്രിയേയോ വനം വകുപ്പുമന്ത്രിയേയോ ഇപ്പോഴുള്ള മന്ത്രിമാരെയോ ആരെയെങ്കിലും നേരിൽ കണ്ടിരുന്നോ; ഇതിൽ പ്രതികളാകേണ്ടിയിരിക്കുന്ന പ്രധാനപ്പെട്ട ഉദ്യോഗസ്ഥരാരെങ്കിലും സമാനമായ രീതിയിൽ ഏതെങ്കിലും മന്ത്രിമാരുമായി സംസാരിച്ചിരുന്നോ; നേരിൽ കണ്ടിരുന്നോ?

ശ്രീ. കെ. രാജൻ: സർ, ചോദ്യം വ്യക്തമല്ല. മുൻ മന്ത്രിമാരെ ഇവരാരും നേരിട്ട് കണ്ടിട്ടില്ലെന്നുള്ളതാണ് എന്റെ വിശ്വാസം. എന്നെ ആരും ഇതുവരെ കണ്ടിട്ടില്ല. മറ്റുദ്യോഗസ്ഥരെ ആരെയെങ്കിലും കണ്ടതായി നിലവിൽ വിവരമില്ല. മുൻ മന്ത്രിമാരെയും കണ്ടിട്ടില്ല എന്ന് അവർ വളരെ വിശ്വസ്തതയോടുകൂടി ഈ സഭയിൽ മറുപടി പറയുകയും ചെയ്തിട്ടുണ്ട്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, റവന്യൂ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ തേക്ക്, ഈട്ടി ഉൾപ്പെടെയുള്ള മരങ്ങൾ മുറിക്കാൻ സാദ്ധ്യതയുണ്ടെന്നുകണ്ട് അത് തടയാൻ അപ്പോൾത്തന്നെ നിർദ്ദേശം നൽകിയിരുന്നുവെന്ന വനം വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രന്റെ പ്രസ്താവന, മരം മുറി ഉത്തരവ് അഴിമതി നടത്താൻ വേണ്ടിയായിരുന്നുവെന്ന വ്യക്തമായ സന്ദേശമാണ് നൽകുന്നത്. റവന്യൂ വകുപ്പിനെ മാത്രം പ്രതിക്കൂട്ടിലാക്കി, വനം വകുപ്പിന് ഈ പാപഭാരത്തിൽനിന്ന് ഒഴിയാൻ സാധിക്കുമോ?

ശ്രീ. കെ. രാജൻ: സർ, ഇത് സത്യത്തിൽ എന്നോട് ചോദിക്കേണ്ട ചോദ്യമല്ലെങ്കിലും ബഹുമാനപ്പെട്ട അംഗത്തിനോട് പറയാനുള്ളത്: സർക്കാർ അങ്ങോട്ടു മിങ്ങോട്ടും പഴിചാരുന്ന ഒരു പ്രശ്നവുമില്ല. നാല് കാര്യങ്ങൾ മാത്രമെ ഉത്തരവിൽ പറഞ്ഞിട്ടുള്ളൂ. ഒന്ന്, 1964-ലെ ഭൂപതിവ് ചട്ടപ്രകാരം പതിച്ചുകൊടുത്ത ഭൂമിയിലെ വൃക്ഷങ്ങളാകണം. രണ്ട്, പട്ടയം ലഭിച്ചശേഷം കർഷകർ നട്ടുവളർത്തിയതോ കിളിർത്തുവന്നതോ ആയ മരങ്ങളാകണം. മൂന്ന്, പതിച്ചുകൊടുക്കുന്ന സമയത്ത് മരവിലയടച്ച് കർഷകന് റിസർവ് ചെയ്ത മരങ്ങളാകണം. മാത്രമല്ല ചന്ദന മൊഴികെയുള്ള മരങ്ങൾ മാത്രമെ മുറിക്കാൻ പാടുള്ളൂ എന്നുമുണ്ട്. ഈ വിഷയം മാത്രമേ സർക്കാർ ഉത്തരവിലൂടെ പറഞ്ഞിട്ടുള്ളൂ. ഇക്കാര്യത്തിൽ വനം, റവന്യൂ വകുപ്പുകൾ തമ്മിൽ യാതൊരു അഭിപ്രായ വ്യത്യാസത്തിന്റെയും പ്രശ്നമുദിക്കുന്നില്ല.

ശ്രീ. അൻവർ സാദത്ത്: സർ, ഈ സർക്കാരിന്റെ പ്രധാനപ്പെട്ട ഒരു മുഖമുദ്ര എന്തെന്നാൽ നടപടിയിലേയ്ക്ക് വരാതെ പഞ്ച് ഡയലോഗ് പറയുകയെന്നതാണ്. പഞ്ച് ഡയലോഗ് ഒഴിവാക്കിക്കൊണ്ട് നടപടിയിലേയ്ക്ക് വരാനുള്ള സാഹചര്യമൊരുക്കുകയാണ് മന്ത്രിമാരും സർക്കാരും ചെയ്യേണ്ടത്. 24-10-2020-ൽ വിവാദ ഉത്തരവിറക്കിയപ്പോൾ തഹസിൽദാർമാർ മുതൽ കളക്ടർമാർ വരെയുള്ളവർ ആശങ്ക പ്രകടിപ്പിച്ചിരുന്നോ; ഉണ്ടെങ്കിൽ എന്തായിരുന്നു അവരുടെ ആശങ്ക; നിരവധി കളക്ടർമാരടക്കം ആശങ്ക അറിയിച്ചിട്ടും വിവാദ ഉത്തരവ് റദ്ദാക്കാൻ കാലതാമസം വരുത്തിയത് എന്തുകൊണ്ടായിരുന്നു? ഇനിയും പഞ്ച് ഡയലോഗടിക്കാതെ യഥാർത്ഥ മറുപടി പറഞ്ഞ് നടപടിയിലേയ്ക്ക് വരാൻ തയ്യാറാകുമോ?

ശ്രീ. കെ. രാജൻ: സർ, ബഹുമാനപ്പെട്ട അംഗത്തിനറിയാം, പഞ്ച് ഡയലോഗടിക്കുക മാത്രമല്ലല്ലോ നമ്മുടെ ശീലം. "മലയപ്പുലയനാ മാടത്തിൻ മുറ്റത്ത് മഴവന്ന നാളൊരു വാഴ നട്ടു" എന്ന് ചങ്ങമ്പുഴ കൃഷ്ണപിള്ള എഴുതിവച്ചതുപോലൊരു വികാരമാണ് മലയോര കർഷകർ പട്ടയം കിട്ടിയ സ്വന്തം ഭൂമിയെക്കുറിച്ച് ദീർഘകാലമായി പറഞ്ഞുകൊണ്ടിരിക്കുന്നത്. മരിച്ചാൽ കുഴിച്ചിടാൻ ആറടി മണ്ണ് അവന് കിട്ടുന്നതുപോലെ സ്വന്തമായി ഭൂമി കിട്ടുകയാണ്. ആ ഭൂമിയിൽ അവർ

നട്ടുവളർത്തിയതും കിളിർത്തുവന്നതുമായ മരങ്ങൾ മുറിക്കാൻ ഒരു വഴിയുമില്ലാത്ത സമയത്ത്, പഞ്ച് ഡയലോഗല്ല പഞ്ച് നടപടിയാണ് കേരള സർക്കാർ സ്വീകരിച്ചത്. മലയോര കർഷകരെ സംരക്ഷിക്കാൻ വേണ്ടിയുള്ള നടപടിയെടുക്കുകയാണ് ചെയ്തത്. വയനാട് ജില്ലാ കളക്ടർ മാത്രമാണ് ഇക്കാര്യത്തിൽ ആശങ്ക അറിയിച്ചിട്ടുള്ളത്. അതിനുമുമ്പുതന്നെ, ബഹുമാനപ്പെട്ട മുൻ റവന്യൂ വകുപ്പുമന്ത്രി ഇക്കാര്യം വേണ്ടതുപോലെ പരിശോധിക്കാനും നിലവിലുള്ള ഉത്തരവ് റദ്ദ് ചെയ്യാനും ആവശ്യപ്പെട്ട് നിയമ വകുപ്പിന് കത്ത് നൽകിയിരുന്നു. ഈ ഉത്തരവിൽ മറ്റൊരാശങ്കയും വേറൊരു രീതിയിലും രേഖപ്പെടുത്തിയതായി ഫയലുകളിൽ കാണാനില്ല, അങ്ങനെ അറിയുകയുമില്ല.

ശ്രീ. എം. വിൻസെന്റ്: സർ, പട്ടയം നൽകിയ ഭൂമിയിൽ നിൽക്കുന്ന രാജകീയ മരങ്ങളായ ചന്ദനം, തേക്ക്, ഈട്ടി, എബണി തുടങ്ങിയ വൃക്ഷങ്ങളുടെ രജിസ്റ്റർ റവന്യൂ വകുപ്പ് സൂക്ഷിക്കുന്നുണ്ടോ; 24-10-2020-ലെ ഉത്തരവുപ്രകാരം ഇത്തരത്തിലുള്ള എത്ര മരങ്ങളാണ് മുറിച്ചുമാറ്റിയതെന്ന് സർക്കാരിന്റെ കയ്യിൽ കണക്കുണ്ടോ? സർക്കാർ പഞ്ച് നടപടികൾ സ്വീകരിക്കുന്നുവെന്നു പറഞ്ഞു: സഭയിൽ ചോദിച്ച ചോദ്യങ്ങൾക്കെല്ലാം അന്വേഷണം നടന്നുവരുന്നു, നടപടിയെടുത്തുവരുന്നു എന്നനിലയിലുള്ള മറുപടിയാണ് വന്നുകൊണ്ടിരിക്കുന്നത്. ഇത്രയും പ്രമാദമായ വനം കൊള്ളയിലെ ഒരു പ്രതിയെപ്പോലും ഇതുവരെയും അറസ്റ്റ് ചെയ്യാൻ സാധിക്കാത്തത് പഞ്ച് നടപടികളുടെ പ്രത്യേകതയാണോ?

ശ്രീ. കെ. രാജൻ: സർ, ബഹുമാനപ്പെട്ട അംഗം പ്രത്യേകമായ ഒരു ചോദ്യം ചോദിച്ചിട്ടില്ല. എങ്കിലും അങ്ങ് പറഞ്ഞതിന്റെ സ്പിരിറ്റ് ഞങ്ങൾ ഉൾക്കൊള്ളുകയാണ്. 1964-ലെ ചട്ടപ്രകാരം പതിച്ചുനൽകിയ ഭൂമിയിൽ നട്ടുവളർത്തിയതും കിളിർത്തുവന്നതും പട്ടയം ലഭ്യമാകുന്ന സമയത്ത് പണമടച്ച് റിസർവ് ചെയ്തതുമായ മരങ്ങൾ മുറിക്കാൻ അനുവാദം കൊടുത്തയിടത്ത് അല്ലാതെ എന്തെങ്കിലും നടന്നിട്ടുണ്ടോ എന്ന് പരിശോധിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ച സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ അന്വേഷണം നടക്കുകയാണ്. റവന്യൂ, വനം വകുപ്പുകളിലെ ഉദ്യോഗസ്ഥർ ലഭ്യമായ മുഴുവൻ കണക്കുകളും അന്വേഷണ കമ്മീഷന് നൽകിയിട്ടുണ്ട്. എല്ലാ വില്ലേജ് ഓഫീസുകളിലും ട്രീ രജിസ്റ്റർ രണ്ട് ടേബിളായി സൂക്ഷിക്കുന്നുണ്ട്. അതായത് 1964-ൽ പട്ടയം ലഭ്യമാകുന്ന സമയത്ത് സർക്കാരിലേയ്ക്ക് വെസ്റ്റുചെയ്ത ഷെഡ്യൂൾ മരങ്ങളുടെയും പണമടച്ച് പട്ടയ ഫോറത്തിൽ പറയുന്ന 10 (3) (എ)-യിലും (ബി)-യിലും ഉൾപ്പെടുന്ന 72 മരങ്ങളുടെയും ലിസ്റ്റ് സൂക്ഷിക്കുന്നുണ്ട്. ഈ രണ്ട് ലിസ്റ്റുകളിൽ ഷെഡ്യൂൾ ചെയ്യപ്പെട്ട മരങ്ങളുടെ ലിസ്റ്റുമായി ബന്ധപ്പെട്ട് ഏതെങ്കിലും സാമ്യം മുറിക്കപ്പെട്ട മരങ്ങൾക്കുണ്ടോയെന്നതുൾപ്പെടെ പരിശോധിക്കുകയാണ്.

ബഹുമാനപ്പെട്ട സഭയുടെ മുമ്പിൽ അല്ലാതെ ഒരു റിപ്പോർട്ട് നൽകാൻ എനിക്ക് സാധിക്കില്ല എന്നതുകൊണ്ടാണ് പരിശോധിച്ചുവരികയാണെന്ന് പറഞ്ഞത്. പരിശോധിക്കുമെന്നു മാത്രമല്ല, പട്ടയം ലഭ്യമായ സമയത്ത് രജിസ്റ്റർ ചെയ്ത, വെസ്റ്റുചെയ്ത ഏതെങ്കിലും മരങ്ങൾ മുറിച്ചിട്ടുണ്ടെങ്കിൽ, കുറ്റക്കാർ കൃത്യമായ ശിക്ഷയ്ക്ക് വിധേയമാകുന്ന വിധത്തിലുള്ള നടപടികൾ സർക്കാർ കൈക്കൊള്ളുന്നതാണ്.

ശ്രീ. പി. ടി. തോമസ്: സർ, മരം മുറിക്കുന്നത് നിയമപരമാണോയെന്ന് 21-10-2019-ൽ എ.ജി.-യോടും നിയമ വകുപ്പിനോടും ഉപദേശം ആരായുകയും ഒരു വർഷവും മൂന്നു ദിവസവും കഴിഞ്ഞപ്പോൾ യാതൊരു പരിഗണനയുമില്ലാതെ നഗ്നമായി കോടിക്കണക്കിന് രൂപയുടെ മരം കടത്തിക്കൊണ്ടുപോകുകയും ചെയ്ത ഈ നടപടി സംബന്ധിച്ച് നടത്തുന്നുവെന്ന് പറയുന്ന അന്വേഷണം പ്രതികളെ രക്ഷിക്കാനാണെന്ന് സ്ഥലം സന്ദർശിച്ച ഞങ്ങൾക്ക് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. സർക്കാരിന് ആത്മാർത്ഥത യുണ്ടെങ്കിൽ ഹൈക്കോടതിയുടെ മേൽനോട്ടത്തിൽ അന്വേഷണം നടത്താൻ തയ്യാറുണ്ടോ?

ശ്രീ. കെ. രാജൻ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച കാര്യം വസ്തുതകൾക്ക് വിരുദ്ധമാണ്. അങ്ങ് പറഞ്ഞതുപോലെ 21-10-2019-ലെ പ്രസ്തുത ഫയലിലെ ഖണ്ഡിക 35 പ്രകാരം അന്നത്തെ റവന്യൂ വകുപ്പുമന്ത്രി നിയമ വകുപ്പിനോടും അഡീഷണൽ അഡ്വക്കേറ്റ് ജനറലിനോടും ചോദിച്ച വിശദീകരണം ഈ ഉത്തരവ് പുറത്തിറക്കുന്നതിനെ സംബന്ധിച്ചേയല്ല. 1993-ലെ വനഭൂമി പതിച്ചു നൽകൽ ഉൾപ്പെടെയുള്ള എല്ലാ ചട്ടങ്ങൾക്കും ബാധകമാക്കുന്ന രീതിയിൽ കർഷകർ വച്ചു പിടിപ്പിക്കുന്നതും വളർത്തിക്കൊണ്ടുവരുന്നതുമായ എല്ലാ മരങ്ങളും മുറിക്കുന്നതിന് അനുമതി നൽകുന്നത് നിയമപരമായി നിലനിൽക്കുന്നതാണോ എന്നത് സംബന്ധിച്ച് നിയമ വകുപ്പിന്റെയും അഡീഷണൽ അഡ്വക്കേറ്റ് ജനറലിന്റെയും അഭിപ്രായം സ്വരൂപിച്ച് നൽകണമെന്നാണ് നിർദ്ദേശിച്ചത്. 1960-ലെ നിയമത്തിന്റെ അടിസ്ഥാനത്തിൽ 1964-ലെ ചട്ടം, 1993-ലെ ചട്ടം, 1995-ലെ ചട്ടം എന്നിങ്ങനെ 10 ചട്ടങ്ങളിലൂടെ നമുക്ക് ഭൂമി വിതരണം ചെയ്യാനുള്ള അനുവാദമുണ്ട്. അതിലൊന്നുമാത്രമാണ് 1964-ലെ ചട്ടം. അതിന്റെ അടിസ്ഥാനത്തിലാണ് 261/2020 എന്ന ഉത്തരവിലൂടെ മരം മുറിക്കാൻ അനുവാദം കൊടുത്തത്. 1993-ലെ ചട്ടം ഉൾപ്പെടെയുള്ള ബാക്കി ചട്ടങ്ങൾക്കും ബാധകമാകത്തക്ക രീതിയിൽ മരങ്ങൾ മുറിക്കുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച നിയമോപദേശം മാത്രമാണ് ബഹുമാനപ്പെട്ട മുൻ റവന്യൂ വകുപ്പുമന്ത്രി ചോദിച്ചത്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

മലബാർ മേഖലയിലെ തുറമുഖ വികസനം

8 (*63) ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ) സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിലെ തുറമുഖങ്ങളുടെ വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ?

മലബാർ മേഖലയിലെ അഴീക്കൽ, ബേപ്പൂർ, പൊന്നാനി തുറമുഖങ്ങൾ വികസിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി അഴീക്കൽ, ബേപ്പൂർ തുറമുഖങ്ങളിൽ കപ്പൽ സർവ്വീസ് നടത്തുന്നതിനാവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനെത്തുടർന്ന് കൊച്ചിയിൽ നിന്നും അഴീക്കൽ, ബേപ്പൂർ തുറമുഖങ്ങളെ ബന്ധിപ്പിച്ച് കണ്ടെയ്നർ സർവ്വീസ് ആരംഭിക്കാൻ കഴിഞ്ഞു. മലബാർ മേഖലയുടെ ഒരു ട്രേഡിംഗ് ഹബ്ബായി അഴീക്കൽ തുറമുഖത്തെ വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി അഴിമുഖത്തുനിന്നും മാറി കടലിൽ ഏതാണ്ട് മൂവായിരം കോടി രൂപ ചെലവ് വരുന്ന പുതിയ തുറമുഖമാണ് വിഭാവന ചെയ്യുന്നത്. ഇതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായി രൂപീകരിച്ച Malabar International Port & SEZ Limited എന്ന കമ്പനി നടപടികൾ സ്വീകരിച്ചുവരുന്നു. തുറമുഖ വികസനത്തിനായുള്ള ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (TEFR) അംഗീകരിച്ചു. വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കുന്നതിനായി M/s HOWE Engineering Projects India Private Limited എന്ന കമ്പനി നടപടി സ്വീകരിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട ജിയോ ടെക്നിക്കൽ ഇൻവെസ്റ്റിഗേഷൻ പഠനങ്ങളും ഉൾനാടൻ ബിസിനസ്സ് വികസനത്തിന് (hinterland business development) വേണ്ടിയുള്ള നടപടികളുമായി തുറമുഖ കമ്പനി മുന്നോട്ടുപോവുകയുമാണ്. തുറമുഖത്തോടനുബന്ധിച്ചുള്ള വ്യവസായ വികസനത്തിനായി ഒരു SEZ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലും പരിഗണനയിലുണ്ട്. നിലവിലുള്ള തുറമുഖത്തിന്റെ ആഴം 5 മീറ്ററാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ബേപ്പൂർ തുറമുഖത്തിന്റെ ആഴം വർദ്ധിപ്പിക്കുന്നതിനായി ക്യാപിറ്റൽ ഡ്രഡ്ജിംഗ്

നടത്തുന്നതിനുള്ള DPR തയ്യാറാക്കി അംഗീകാരത്തിന് ധനകാര്യ പ്ലാനിംഗ് വകുപ്പുകളുടെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. ബേപ്പൂർ തുറമുഖത്തെ തിരക്ക് കുറയ്ക്കുന്നതിനായി ഒരു പുതിയ വാർഫ് സ്ഥാപിക്കുന്നതിന് ചെന്നൈ ഐ.ഐ.റ്റി.-യുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്. ബേപ്പൂരിന്റെ സമഗ്ര വികസനത്തിനായി മാസ്റ്റർ പ്ലാൻ സംബന്ധിച്ച RFP, DPR എന്നിവ തയ്യാറാക്കുന്നതിനുള്ള ഇ-ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. പൊന്നാനി തുറമുഖ വികസനത്തിനായി മലബാർ പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചുവെങ്കിലും സ്വകാര്യ കമ്പനിയുടെ ഭാഗത്തുനിന്നും തുടർ നടപടികളുണ്ടായിട്ടില്ല. ഈ വിഷയം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) മേഖലയിലെ തുറമുഖങ്ങളിലേയ്ക്ക് കൊച്ചിയിൽനിന്നും തീരദേശ ചരക്ക് കപ്പൽ സർവ്വീസ് ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഉണ്ട്. കൊച്ചി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള കണ്ടെയ്നർ സർവ്വീസ് 03-07-2021-ന് ആരംഭിച്ചു. ഇതുവരെ മൂന്ന് സർവ്വീസുകൾ നടന്നിട്ടുണ്ട്. ഈ സർവ്വീസിനെ കൊല്ലം തുറമുഖത്തേയ്ക്കും നീട്ടുവാൻ വേണ്ടിയുള്ള ചർച്ചകൾ പുരോഗമിക്കുന്നു.

റവന്യൂ സെക്രട്ടേറിയറ്റ്

9 (*64) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ, ഭവന നിർമ്മാണ വകുപ്പുകളുടെ പ്രവർത്തന മികവും നിലവാരവും കൂടുതൽ മെച്ചപ്പെടുത്തുന്നതിന് നടപടികൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് റവന്യൂ, സർവ്വേ, ദുരന്ത നിവാരണ, ഭവനനിർമ്മാണ വകുപ്പുകളുടെ പ്രവർത്തനം കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിനായി റവന്യൂ സെക്രട്ടേറിയറ്റ് സംവിധാനം ആവിഷ്കരിച്ചിട്ടുണ്ട്. റവന്യൂ, ഭവനനിർമ്മാണ വകുപ്പുമന്ത്രിയുടെ കീഴിലുള്ള വകുപ്പുകളുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുന്നതിനാണ് റവന്യൂ സെക്രട്ടേറിയറ്റ് സംവിധാനം ആവിഷ്കരിച്ചത്.

(ബി) റവന്യൂ, ഭവനനിർമ്മാണ വകുപ്പുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിനായി റവന്യൂ സെക്രട്ടേറിയറ്റ് സംവിധാനം ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി അദ്ധ്യക്ഷനും റവന്യൂ, സർവ്വേ, ഭവനനിർമ്മാണം, ദുരന്ത നിവാരണ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥർ, ഐ.എൽ.ഡി.എം., സംസ്ഥാന നിർമ്മിതി കേന്ദ്രം ഡയറക്ടർമാർ, ലാൻഡ് ബോർഡ് സെക്രട്ടറി എന്നിവർ ഉൾപ്പെടെ അംഗങ്ങളുമായാണ് റവന്യൂ സെക്രട്ടേറിയറ്റ് സംവിധാനം ആവിഷ്കരിച്ചിട്ടുള്ളത്. റവന്യൂ-ഭവനനിർമ്മാണ വകുപ്പുകളിലെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുകയാണ് റവന്യൂ സെക്രട്ടേറിയറ്റിന്റെ ലക്ഷ്യം. എല്ലാ ബുധനാഴ്ചയും സെക്രട്ടേറിയറ്റിൽ യോഗം ചേരും. യോഗങ്ങൾ പരമാവധി നേരിട്ടും അങ്ങനെ നടത്തുന്നതിന് തടസ്സങ്ങളുള്ളപ്പോൾ ഓൺലൈനായും നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്.

(സി) എങ്കിൽ റവന്യൂ സെക്രട്ടേറിയറ്റിന്റെ ഘടനയും പ്രവർത്തനവും വിശദമാക്കാമോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി അദ്ധ്യക്ഷനും റവന്യൂ, സർവ്വേ, ഭവന നിർമ്മാണം, ദുരന്ത നിവാരണ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, ഐ.എൽ.ഡി.എം. ഡയറക്ടർമാർ, ലാൻഡ് ബോർഡ് സെക്രട്ടറി എന്നിവരെ ഉൾപ്പെടുത്തിയാണ് റവന്യൂ സെക്രട്ടേറിയറ്റ് രൂപീകരിച്ചിട്ടുള്ളത്. റവന്യൂ-ഭവനനിർമ്മാണ വകുപ്പുകളുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്ന വിഷയങ്ങളുമായി ബന്ധപ്പെട്ട് എല്ലാ ബുധനാഴ്ചയും റവന്യൂ സെക്രട്ടേറിയറ്റ് യോഗം ചേരുന്നതാണ്. അതത് ദിവസങ്ങളിലെ പരിഗണനാ വിഷയങ്ങൾ മുൻകൂട്ടി അറിയിച്ച് നടത്തുന്ന യോഗങ്ങളിൽ മുൻയോഗ തീരുമാനങ്ങളിൽ സ്വീകരിച്ച നടപടി പരിശോധിക്കുന്നതും തീരുമാനങ്ങൾ നടപ്പാക്കുന്നതിന് കൃത്യമായ സമയപരിധി നിശ്ചയിച്ച് അതുപ്രകാരം നടപടികൾ സ്വീകരിക്കുന്നതുമാണ്.

(ഡി) സംസ്ഥാനത്ത് റവന്യൂ വകുപ്പിന്റെ ചരിത്രത്തിൽ ഇത്തരം ഒരു പരിഷ്കരണം ഉണ്ടായിട്ടുണ്ടോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് മുൻകാല സർക്കാരുകൾ പല പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടുള്ളതാണ്. എന്നാൽ 'റവന്യൂ സെക്രട്ടേറിയറ്റ്' എന്ന നാമധേയത്തിൽ റവന്യൂ-ഭവനനിർമ്മാണ വകുപ്പുകൾക്ക് കീഴിൽ മുൻപ് സ്ഥിരം സംവിധാനമുണ്ടായിരുന്നില്ല.

(ഇ) റവന്യൂ സെക്രട്ടേറിയറ്റ് എന്നത് ഒരു സ്ഥിരം സംവിധാനമായി ക്രമീകരിച്ച് മുന്നോട്ട് പോകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഈ സർക്കാരിന്റെ കാലയളവിൽ റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിയുടെ കീഴിലുള്ള വകുപ്പുകളുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിഗണിക്കുന്നതിനുള്ള സംവിധാനമായാണ് എല്ലാ ആഴ്ചയും യോഗം ചേരുന്ന തരത്തിൽ റവന്യൂ സെക്രട്ടേറിയറ്റ് വിഭാവന ചെയ്യപ്പെട്ടിട്ടുള്ളത്.

വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനം

10 (*65) ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. ഒ. ആർ. കേളു:
ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡാനന്തരം വിനോദസഞ്ചാര മേഖലയെ പൂർവ്വസ്ഥിതിയിലാക്കുന്നതിന് ടൂറിസം സർക്യൂട്ടുകൾ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

സംസ്ഥാനത്ത് കോവിഡാനന്തരം വിനോദസഞ്ചാര മേഖലയെ പൂർവ്വസ്ഥിതിയിലാക്കുന്നതിന് ടൂറിസം സർക്യൂട്ടുകൾ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനത്തിന് മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനത്തിന് താഴെ പറയുന്ന 13 മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്.

1. ഡെവലപ്മെന്റ് പ്ലാൻ ഫോർ കോവളം - പൂവാർ ടൂറിസം കോറിഡോർ
2. ഡെവലപ്മെന്റ് പ്ലാൻ ഫോർ കുമരകം
3. ഗോൾഡൻവാലി (പൊൻമുടി)
4. നിലമ്പൂർ മാസ്റ്റർപ്ലാൻ
5. അഷ്ടമുടി മാസ്റ്റർപ്ലാൻ
6. ഡെവലപ്മെന്റ് പ്ലാൻ ഫോർ തേക്കടി
7. ഫോർട്ട് കൊച്ചി മാസ്റ്റർപ്ലാൻ
8. കക്കയം-പെരുവണ്ണാമൂഴി മാസ്റ്റർപ്ലാൻ
9. കാലടി-മലയാറ്റൂർ-അതിരപ്പിള്ളി മാസ്റ്റർപ്ലാൻ

10. നിള മാസ്റ്റർപ്ലാൻ

11. മൂന്നാർ സ്പെഷ്യൽ ടൂറിസം സോൺ

12. നോർത്ത് മലബാർ റീജിയൺ

13. തലശ്ശേരി മാസ്റ്റർപ്ലാൻ

(സി) വിനോദസഞ്ചാര കേന്ദ്രങ്ങൾ മാലിന്യ മുക്തമാക്കുന്നതിനും വിനോദ സഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും വൃത്തിയുള്ള ടോയ്ലെറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും പദ്ധതികൾ ഉണ്ടോയെന്ന് വ്യക്തമാക്കുമോ?

വിനോദസഞ്ചാര കേന്ദ്രങ്ങളുടെ സുസ്ഥിരവും പരിസ്ഥിതി സൗഹാർദ്ദവുമായ വികസനം "ഗ്രീൻ കാർപെറ്റ് പദ്ധതി"യിലൂടെ നടപ്പാക്കാൻ സർക്കാർ ലക്ഷ്യമിടുന്നു. "ഗ്രീൻ കാർപെറ്റ് പദ്ധതി"യിലൂടെ നിർമ്മാണ പ്രവൃത്തികൾ, മാലിന്യ നിർമ്മാർജ്ജനം, ശുദ്ധമായ കുടിവെള്ള വിതരണം എന്നിവ നടപ്പാക്കിവരുന്നു. ടൂറിസം മേഖലയിലെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി വിനോദ സഞ്ചാരികൾക്ക് ബോധവത്കരണവും വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പരിധിയിൽവരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പ് മുഖേന നിർദ്ദേശവും നൽകിയിട്ടുണ്ട്. കൂടാതെ പ്രത്യേക പരിശീലനം ലഭിച്ച ടൂറിസം പോലീസിനെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. കടലോരങ്ങൾ, കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയ അപകടങ്ങളോ, ജീവഹാനിയോ സംഭവിക്കാൻ സാധ്യതയുള്ള വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ പ്രത്യേക പരിശീലനം നേടിയ ലൈഫ്ഗാർഡുകളെ വിന്യസിച്ചിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളെ സുരക്ഷിതമാക്കുന്നതിനായി നിരീക്ഷണ ക്യാമറ സംവിധാനം നടപ്പാക്കി വരുന്നു. ദിവസേന ആയിരത്തിലധികം ടൂറിസ്റ്റുകൾ എത്തിച്ചേരുന്ന കേന്ദ്രങ്ങളിൽ ലോക നിലവാരമുള്ള ടോയ്ലെറ്റുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് 17.76 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

വില്ലേജ് ഓഫീസുകളിലെ ഓൺലൈൻ സേവനങ്ങൾ

11 (*66) ശ്രീമതി യു. പ്രതിഭ:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകളിൽനിന്നും സേവനം ലഭ്യമാക്കുന്നതിനുള്ള കാലതാമസവും അഴിമതിയും ഇല്ലാതാക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

സുതാര്യത ഉറപ്പാക്കിക്കൊണ്ട് റവന്യൂ ഓഫീസുകളെ അഴിമതി മുക്തമാക്കുന്നതിനും ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതിനും കാലതാമസം ഇല്ലാതാക്കുന്നതിനും ചുവടെ ചേർത്തിരിക്കുന്ന പദ്ധതികളാണ് റവന്യൂ വകുപ്പിൽ നിലവിൽ നടപ്പാക്കിവരുന്നത്.

1. ഇ-ഡിസ്ട്രിക്ട്

വില്ലേജ് ഓഫീസുകളിൽനിന്നും പൊതുജനങ്ങൾക്ക് ആവശ്യമായ വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പാക്കിവരുന്ന പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട്.

2. ആർ.ആർ. ഓൺലൈൻ

റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ്‌ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജ് തലം വരെ ബന്ധിപ്പിക്കുന്ന പദ്ധതിയാണ് ആർ.ആർ. ഓൺലൈൻ.

3. സംയോജിത ഓൺലൈൻ പോക്കുവരവ് (Online Mutation)

ഭൂസംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാക്കുന്ന പദ്ധതിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ്.

4. റവന്യൂ ഇ-പേമെന്റ്

സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പാക്കിയിട്ടുള്ള വില്ലേജുകളിൽ അടയ്ക്കാവുന്ന എല്ലാ പേമെന്റുകളും ഓൺലൈൻ വഴിയും വില്ലേജ് ഓഫീസുകളിൽ നേരിട്ടും ഒടുക്കുന്നതിനുള്ള ഇ-പേമെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

5. ഇ-ഓഫീസ്

ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് മുതൽ വില്ലേജ് ഓഫീസ് വരെ നടപ്പാക്കിവരുന്ന ഒരു കടലാസ് രഹിത ഇലക്ട്രോണിക് ഫയൽ സിസ്റ്റമാണ് ഇ-ഓഫീസ്.

6. റിലീഫ് (സമഗ്ര ദുരിത മാനേജ്മെന്റ് സംവിധാനം)

പ്രളയബാധിതരായ ജനങ്ങൾക്ക് അടിയന്തര ധനസഹായം ലഭ്യമാക്കുന്നതിനുള്ള Relief Web Portal-ഉം നാശനഷ്ടങ്ങളുടെ വിവര ശേഖരണത്തിനായുള്ള മൊബൈൽ ആപ്ലിക്കേഷനും സംയോജിപ്പിച്ച് വിജയകരമായി നടപ്പാക്കിവരുന്ന പദ്ധതിയാണ് സമഗ്ര ദുരിത മാനേജ്മെന്റ് സംവിധാനം.

7. റവന്യൂ മിത്രം

റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുണ്ടാകുന്ന എല്ലാത്തരം പരാതികളും വകുപ്പുമന്ത്രിക്ക് നൽകുന്നത് ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുക എന്ന ഉദ്ദേശ്യത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ് റവന്യൂ മിത്രം.

8. കേരള ബിൽഡിംഗ് ടാക്സ് മാനേജ്മെന്റ് സിസ്റ്റം

റവന്യൂ വകുപ്പിലെ കെട്ടിടനികുതി, ആഡംബര നികുതി എന്നിവ ഓൺലൈനായി സ്വീകരിക്കുന്ന വെബ് ആപ്ലിക്കേഷനാണ് കേരള ബിൽഡിംഗ് ടാക്സ് മാനേജ്മെന്റ് സിസ്റ്റം.

(ബി) ഈ വർഷം ഒക്ടോബർ രണ്ടിനകം വില്ലേജ് ഓഫീസുകളിലെ മുഴുവൻ സേവനവും ഓൺലൈനായി ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

ഈ വർഷം ഒക്ടോബർ രണ്ടിനകം വില്ലേജ് ഓഫീസുകളിലെ മുഴുവൻ സേവനവും ഓൺലൈനായി ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി, റവന്യൂ വകുപ്പ് മുഖേന പ്രദാനം ചെയ്യുന്ന വിവിധ സേവനങ്ങളുടെ ഏകജാലക സംവിധാനമായ റവന്യൂ പോർട്ടൽ, റവന്യൂ ഓഫീസുകളിലെ ഫയൽനീക്കം ഘട്ടംഘട്ടമായി ഡിജിറ്റൽ രീതിയിലേയ്ക്ക് മാറ്റുന്ന ഇ-ഓഫീസ് സംവിധാനം, റവന്യൂ പോർട്ടലിൽ ഉൾപ്പെടുത്തി വിവരാവകാശ അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനുമുള്ള മൊഡ്യൂൾ, കേരളാ ബിൽഡിംഗ് ടാക്സ് മാനേജ്മെന്റ് ഓൺലൈനായി നടപ്പാക്കൽ, റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുണ്ടാകുന്ന എല്ലാത്തരം പരാതികളും റവന്യൂ വകുപ്പുമന്ത്രിയെ അറിയിക്കുന്നതിനും ആയതുവഴി പരിഹാരം ഉണ്ടാകുന്നതിനും പ്രവർത്തിച്ചുവരുന്ന MITRAM (Ministers Interactive Transparent Redressal and Assistance Mission) സംവിധാനം, വില്ലേജ് റിക്കാർഡുകളുടെ ഡിജിറ്റൈസേഷൻ- സംസ്ഥാനത്തെ എല്ലാ വില്ലേജുകളിലേയും ഭൂരേഖ രജിസ്റ്ററുകൾ ഡിജിറ്റൈസ് ചെയ്യുക, സോഷ്യൽ

സെക്യൂരിറ്റി പെൻഷൻ ഓട്ടോമേറ്റ് ചെയ്യൽ, ഇ-പേമെന്റ് മൊബൈൽ ആപ്പ് നിർമ്മാണം, തണ്ടപ്പേർ രജിസ്റ്റർ, ലൊക്കേഷൻ മാപ്പ്, FMB എന്നിവയുടെ പകർപ്പുകൾ ഓൺലൈനായി ലഭ്യമാക്കുക എന്നീ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) റവന്യൂ ഓഫീസുകളിൽ നിന്നും ലഭിക്കേണ്ട വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യവുമായി ലഭ്യമാക്കുന്നതിനുള്ള ഇ-ഡിസ്ട്രിക്ട് പദ്ധതിയെക്കുറിച്ച് അറിയിക്കാമോ; ഇതിനായി വേഗതയേറിയ ഇന്റർനെറ്റ് സൗകര്യം എല്ലാ റവന്യൂ ഓഫീസുകളിലും ലഭ്യമാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ?

വില്ലേജ് ഓഫീസുകളിൽനിന്നും പൊതുജനങ്ങൾക്കാവശ്യമായ വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പാക്കിവരുന്ന പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട്. ഇതുവഴി പൊതുജനങ്ങൾക്ക് വില്ലേജ് ഓഫീസുകളിൽ വരാതെതന്നെ സർട്ടിഫിക്കറ്റുകൾ ലഭ്യമാകുന്നു. ആയതിനാൽ വില്ലേജ് ഓഫീസുകളിലെ തിരക്ക് കുറയ്ക്കുന്നതിന് പ്രസ്തുത പദ്ധതി സഹായകമാണ്. കേന്ദ്ര സർക്കാരിന്റെ നാഷണൽ ഇ-ഗവേണൻസ് (NeGP) പദ്ധതിയുടെ ഭാഗമായാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി നടപ്പിലാക്കുന്നത്. NeGP മാർഗ്ഗരേഖപ്രകാരം കോമൺ സർവ്വീസ് സെന്ററുകൾ ഈ പദ്ധതിയുടെ അവശ്യഘടകമാണ്. കേരളത്തിൽ അക്ഷയ സെന്ററുകളെയാണ് കോമൺ സർവീസ് സെന്ററുകളായി തെരഞ്ഞെടുത്തിട്ടുള്ളത്. പൊതുജന സൗകര്യാർത്ഥം വില്ലേജ്/താലൂക്ക് ഓഫീസുകൾക്കൊപ്പം അക്ഷയ കേന്ദ്രങ്ങൾ വഴിയും വിവിധയിനം സർട്ടിഫിക്കറ്റുകൾ ഓൺലൈനായി നൽകി വരുന്നു. റവന്യൂ വകുപ്പിന്റെ പൗരാവകാശ രേഖയിൽ നിഷ്കർഷിച്ചിരിക്കുന്നതും സർക്കാരിന്റെ സേവനാവകാശ നിയമം അനുശാസിക്കുന്നതുമായ സമയപരിധി പാലിച്ചാണ് സർട്ടിഫിക്കറ്റുകൾ നൽകിവരുന്നത്. ഇത്തരം പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് ഇ-ഗവേണൻസ് സൊസൈറ്റികളും രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളിലും ഐ.ടി. മിഷന്റെ സഹകരണത്തോടുകൂടി BSNL-ന്റെ അതിവേഗ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. നിലവിൽ 1336 വില്ലേജ് ഓഫീസുകളിൽ BSNL-ന്റെ അതിവേഗ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതി

12 (*67) ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ വേഗത്തിലും ആധുനിക രീതിയിലും ഉത്തരവാദിത്വത്തോടെയും സുതാര്യമായും നൽകുകയെന്ന ലക്ഷ്യത്തോടെയുള്ള സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ?

സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ സ്മാർട്ട് ഓഫീസുകളാക്കി മാറ്റി അവയിൽനിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായത്തോടു കൂടി വില്ലേജ് ആഫീസിൽ നിന്നുള്ള സേവനങ്ങൾ ഏതു സമയത്തും എവിടെവച്ചും ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളുമാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളിലൊരുക്കുന്നത്. സ്മാർട്ട് വില്ലേജ് ഓഫീസുകളിൽനിന്നും ലഭിക്കുന്ന സേവനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഇ-ഡിസ്ട്രിക്ട്

   വില്ലേജ് ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് ആവശ്യമായ വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പാക്കിവരുന്ന പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട്.

2. ആർ.ആർ. ഓൺലൈൻ

   റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ്‌ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജുതലം വരെ ബന്ധിപ്പിക്കുന്ന പദ്ധതിയാണ് ആർ.ആർ. ഓൺലൈൻ.

3. സംയോജിത ഓൺലൈൻ പോക്കുവരവ് (Online Mutation)

   ഭൂസംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാക്കുന്ന പദ്ധതിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ്.

4. ഇ-പേമെന്റ്

   സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പാക്കിയിട്ടുള്ള വില്ലേജുകളിൽ അടയ്ക്കാവുന്ന എല്ലാ പേമെന്റുകളും ഓൺലൈൻ വഴിയും വില്ലേജ് ഓഫീസുകളിൽ നേരിട്ടും ഒടുക്കുന്നതിനുള്ള ഇ-പേമെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

5. ഇ-പോസ്

ഡിജിറ്റൽ പണമിടപാട് പ്രോത്സാഹിപ്പിക്കുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി റവന്യൂ വകുപ്പിലെ എല്ലാ വില്ലേജ് ഓഫീസുകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിച്ച് വിവിധ തരത്തിലുള്ള നികുതികൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇ-പോസ് വഴി സ്വീകരിക്കുന്ന തുക ഉടനടിതന്നെ സർക്കാർ ഖജനാവിലേയ്ക്കെത്തുന്നു എന്നതാണ് ഈ പദ്ധതിയുടെ ഏറ്റവും വലിയ നേട്ടം.

(ബി) സ്മാർട്ട് വില്ലേജ് ഓഫീസുകളിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്നും ഇതുവരെ എത്ര ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റിയെന്നും അറിയിക്കാമോ?

ആധുനിക സൗകര്യങ്ങളോടു കൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജ് ആഫീസിൽ നിന്നുള്ള സേവനങ്ങൾ ഏതു സമയത്തും എവിടെ വച്ചും ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളുമാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളിൽ ഒരുക്കുന്നത്. സ്മാർട്ട് വില്ലേജ് ഓഫീസുകളിൽ നിന്നും ലഭിക്കുന്ന സേവനങ്ങളുടെ വിശദാംശങ്ങൾ 'എ' പിരിവിൽ വിശദീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഇതുവരെ പ്ലാൻ സ്കീം പ്രകാരം 260, റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം 255 എന്നിങ്ങനെ ആകെ 515 വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി പുനർനിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ പ്ലാൻ സ്കീം മുഖേന 25 ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച് സ്മാർട്ട് വില്ലേജ് ഓഫീസുകളായി പ്രവർത്തിച്ചുവരുന്നു. സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(സി) മികച്ച അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുന്നതോടൊപ്പം ഓഫീസ് സംവിധാനത്തിന്റെ ആധുനീകരണത്തിനും ഓഫീസുകളിൽ വിവിധ സേവനങ്ങൾക്കായി എത്തുന്നവർക്ക് വേണ്ട സൗകര്യങ്ങൾ ഒരുക്കുന്നതിനും നടത്തുന്ന പ്രവർത്തനം വിശദമാക്കാമോ?

സ്മാർട്ട് വില്ലേജ് ഓഫീസുകൾക്കായി സ്ഥല ലഭ്യതയനുസരിച്ച് ആധുനിക രീതിയിലുള്ള കെട്ടിടങ്ങളാണ് നിർമ്മിച്ചുവരുന്നത്. ഇവയിൽ പൊതുജനങ്ങൾക്കായി ഹെൽപ്പ് ഡെസ്ക്/ഫ്രണ്ട് ഓഫീസ്, സന്ദർശകർക്കുള്ള റൂം, വില്ലേജ് ഓഫീസറുടെ റൂം, മറ്റ് ഉദ്യോഗസ്ഥർക്കുള്ള ഓഫീസ് റൂം, ഡൈനിംഗ് റൂം, റിക്കാർഡ് റൂം, ടോയ്ലെറ്റുകൾ എന്നിവയും ഫർണിച്ചർ, സേവനങ്ങൾ ഓൺലൈനായി നൽകുന്നതിനുള്ള

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സൗകര്യങ്ങൾ എന്നിവയും ഉൾപ്പെടുന്നു. പൊതുജനങ്ങളുടെ സൗകര്യത്തിനായി ഇരിപ്പിട സൗകര്യങ്ങളോടുകൂടിയ സന്ദർശക മുറിയും കുടിവെള്ള സൗകര്യവും ടോയ്‌ലെറ്റുകളും ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ ഓഫീസുകളും ഭിന്നശേഷി സൗഹൃദ മായാണ് നിർമ്മിച്ചുവരുന്നത്.

സ്മാർട്ട് വില്ലേജ് ഓഫീസുകൾ

13 (*68) ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. വി. ശശി:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വില്ലേജ് ഓഫീസുകളുടെ പ്രവർത്തനങ്ങളും സേവനങ്ങളും കാലാനുസൃതമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് വില്ലേജ് ഓഫീസുകളുടെ പ്രവർത്തനങ്ങളും സേവനങ്ങളും കാലാനുസൃതമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിൻപ്രകാരമാണ് സ്മാർട്ട് വില്ലേജ് ഓഫീസ് എന്ന പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ സ്മാർട്ട് ഓഫീസുകളാക്കി മാറ്റി അവയിൽനിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീ ക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടു കൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

(ബി) സർക്കാരിന്റെ ആദ്യ നൂറുദിന കർമ്മ പരിപാടിയിൽ വില്ലേജ് ഓഫീസുകളുടെ നവീകരണം ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സർക്കാരിന്റെ ആദ്യ നൂറുദിന കർമ്മ പരിപാടിയിൽ വില്ലേജ് ഓഫീസുകളുടെ നവീകരണം ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ 20 സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ ഉദ്ഘാടനം നടത്തുവാൻ നിശ്ചയിച്ചിട്ടുണ്ട്.

(സി) കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി സ്മാർട്ട് വില്ലേജ് ഓഫീസുകൾ നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി 2020-21 സാമ്പത്തിക വർഷം സംസ്ഥാനമൊട്ടാകെ 255 സ്മാർട്ട് വില്ലേജ് ഓഫീസുകൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി വില്ലേജ് ഓഫീസുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

(ഡി) ആദ്യ നൂറുദിന കർമ്മ പരിപാടിയിൽ എത്ര സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ കെട്ടിട നിർമ്മാണമാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ആദ്യ 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി 20 സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ ഉദ്ഘാടനം നടത്തുവാനാണ് നിശ്ചയിച്ചിട്ടുള്ളത്. ടി വില്ലേജ് ഓഫീസുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ഇ) വില്ലേജ് ഓഫീസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഇലക്ട്രിക് വാഹനങ്ങൾ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

റവന്യൂ-ദേവസ്വം ഭൂമി കൈവശക്കാർക്ക് പട്ടയം

14 (*69) ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പതിറ്റാണ്ടുകളായി കൈവശംവച്ചുവരുന്നതും തലമുറകളായി അനുഭവിച്ചുവരുന്നതുമായ റവന്യൂ-ദേവസ്വം ഭൂമിക്ക് പട്ടയം ലഭിക്കാത്തതുനിമിത്തം ഭൂമി കൈവശക്കാരായ സാധാരണക്കാർ അനുഭവിക്കുന്ന ദുരിതം പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

&

(ബി) മക്കളുടെ വിദ്യാഭ്യാസം, രോഗചികിത്സ തുടങ്ങിയ ആവശ്യങ്ങൾക്ക് വായ്പ ലഭ്യമാകുന്നതുപോലും അസാധ്യമാകുന്നതു നിമിത്തം കോവിഡ് കാലത്ത് പ്രസ്തുത ഭൂമി കൈവശക്കാർ അനുഭവിക്കുന്ന ദുരിതം പരിഹരിക്കുന്നതിന് സമയബന്ധിതമായും മുൻഗണനയോടെയും പരിശോധനകൾ ത്വരിതപ്പെടുത്തി പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) 1-4-1964-ന് മുൻപ് മുതൽ ജന്മി-കുടിയാൻ ബന്ധത്തിൽ പാട്ട വ്യവസ്ഥയിൽ ഭൂമി കൈവശംവച്ച് അനുഭവിക്കുന്ന കുടിയാന്മാർ, കുടികിടപ്പുകാർ, കാരായ്മക്കാർ എന്നിവർക്ക് കൈവശം വച്ചിരിക്കുന്ന ഭൂമിയിന്മേൽ ജന്മാവകാശം ലഭിക്കാൻ അർഹതയുണ്ട്. നിയമാനുസൃതമായ ഈ അർഹത പരിശോധിച്ച് ഉത്തരവ് പാസ്സാക്കി ക്രയ സർട്ടിഫിക്കറ്റ് അനുവദിക്കുന്നത് ലാൻഡ് ട്രൈബ്യൂണലുകളാണ്. കേരളത്തിൽ 17 ലാൻഡ് ട്രൈബ്യൂണലുകളാണുള്ളത്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ ഇത്തരം കേസുകൾ എണ്ണത്തിൽ കുറവാണ്. ഇവ തീർപ്പാക്കാൻ ടി ജില്ലകളിലെ താലൂക്ക് തഹസിൽദാർമാർക്ക് ചുമതല നൽകിയിട്ടുണ്ട്. ഗവൺമെന്റിൽനിന്നും ആനുവിറ്റി കൈപ്പറ്റുന്ന ദേവസ്വങ്ങൾ, മറ്റു മതധർമ്മ സ്ഥാപനങ്ങൾ എന്നിവർ ജന്മികളായിവരുന്ന ഭൂമികളിന്മേലുള്ള കുടിയായ്മ, കുടികിടപ്പ് എന്നിവ പരിശോധിച്ച് ഉത്തരവ് പാസ്സാക്കി ക്രയ സർട്ടിഫിക്കറ്റ് അനുവദിക്കേണ്ടത് ദേവസ്വം ലാൻഡ് ട്രൈബ്യൂണലുകളാണ്. എല്ലാ ജില്ലകളിലെയും ഡെപ്യൂട്ടി കളക്ടർ (എൽ.ആർ.) ആണ് ദേവസ്വം ലാൻഡ് ട്രൈബ്യൂണലുകൾ. സംസ്ഥാനത്ത് ഇപ്പോൾ 16 ദേവസ്വം ലാൻഡ് ട്രൈബ്യൂണലുകളാണുള്ളത്. (കണ്ണൂർ ജില്ലയിൽ 3 ദേവസ്വം ലാൻഡ് ട്രൈബ്യൂണലുകളുണ്ട്.) ലാൻഡ് ട്രൈബ്യൂണലുകളിൽ തീരുമാനമെടുക്കാതെ കെട്ടിക്കിടക്കുന്ന കേസുകൾ അടിയന്തരമായി തീർപ്പാക്കാൻ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. 13-7-2021-ന് മുഴുവൻ ലാൻഡ് ട്രൈബ്യൂണലുകളെയും പങ്കെടുപ്പിച്ചുകൊണ്ട് റവന്യൂ വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ ഒരു ഓൺലൈൻ യോഗം ചേർന്നിരുന്നു. മേഖലാടിസ്ഥാനത്തിൽ ലാൻഡ് ട്രൈബ്യൂണലുകൾക്ക് ട്രെയിനിംഗ് നൽകാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം, പാലക്കാട് ജില്ലകളിലെ ട്രൈബ്യൂണലുകൾക്കുള്ള ട്രെയിനിംഗ് 16-7-2021-ന് പാലക്കാട് വച്ച് നടന്നു. മറ്റു മേഖലകളിലും ഇത്തരം ട്രെയിനിംഗ് പ്രോഗ്രാമുകൾ ഉടൻ നടത്തും. നിയമപ്രകാരം നടപടികൾ ലഘൂകരിക്കാനും രണ്ടു തവണ നോട്ടീസ് നൽകിയശേഷവും ഹാജരാകാത്ത നമ്പിമാരെ ex-parte ആയി ഉത്തരവ് പുറപ്പെടുവിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. ലാൻഡ് ട്രൈബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന ഒരു ലക്ഷത്തിലധികം കേസുകൾ സമയബന്ധിതമായി തീർപ്പാക്കി അതുപോലെ കുടുംബങ്ങൾക്ക് പർച്ചേസ് സർട്ടിഫിക്കറ്റ് നൽകുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. സംസ്ഥാനത്ത് പതിറ്റാണ്ടുകളായി കൈവശംവച്ചുവരുന്നതും തലമുറകളായി അനുഭവിച്ചു വരുന്നതുമായ റവന്യൂ ഭൂമിക്ക് പട്ടയം ലഭ്യമാക്കുന്നതിന് 1960-ലെ കേരള ഗവൺമെന്റ് ഭൂമി പതിവ് നിയമത്തിന് കീഴിലുള്ള വിവിധ ചട്ടങ്ങൾ പ്രകാരം അർഹരായ കൈവശക്കാർക്ക് നിയമാനുസൃതം ഭൂമി പതിച്ചു നൽകുന്നുണ്ട്. വർഷങ്ങളായി ഭൂമി കൈവശം വച്ചുവരുന്നവർക്ക് ഭൂമി പതിച്ചു നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിവരുന്നു.

സാക്ഷരതാ മിഷന്റെ സാമൂഹ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾ

15 (*73) ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാക്ഷരത മിഷൻ സാക്ഷരത പ്രവർത്തനങ്ങളോടൊപ്പം നടത്തുന്ന സാമൂഹ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉണ്ട്. സംസ്ഥാനത്ത് ഉയർന്ന ജനാധിപത്യവൽക്കരണവും അവകാശബോധവും പൗരത്വ ബോധവും വളർത്തുന്നതിൽ സാക്ഷരതാ മിഷൻ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. ഭരണഘടനാ സാക്ഷരതാ പരിപാടി, 'ഇന്ത്യ എന്ന റിപ്പബ്ലിക്', ജനകീയ വിദ്യാഭ്യാസ പരിപാടി, 'നവോത്ഥാനത്തിലെ സ്ത്രീ മുന്നേറ്റങ്ങൾ' തുടങ്ങിയ ക്യാമ്പയിനുകളിലൂടെ ജനാധിപത്യബോധം ജനങ്ങളിലെത്തിക്കുന്നതിൽ വലിയ പങ്കുവഹിച്ചു. സാക്ഷരതാ മിഷന്റെ എല്ലാ ക്യാമ്പയിൻ പ്രവർത്തനങ്ങളും ജനകീയ കമ്മിറ്റികൾ രൂപീകരിച്ചു കൊണ്ടാണ് നടപ്പാക്കിവരുന്നത്. ഇത്തരം പ്രവർത്തനങ്ങൾ കേരളത്തിന്റെ ജനാധിപത്യവൽക്കരണ പ്രക്രിയ ത്വരിതപ്പെടുത്തുന്നു. പൊതുജനങ്ങൾക്കിടയിൽ ഭരണഘടന സംബന്ധിച്ച് അവബോധം സൃഷ്ടിക്കുകയെന്ന ഉദ്ദേശ്യലക്ഷ്യത്തോടെ കേരള നിയമസഭയും സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയും സംയുക്തമായി ഭരണഘടനാ സാക്ഷരത ജനകീയ വിദ്യാഭ്യാസ പരിപാടി നടപ്പാക്കിവരുന്നു. നവോത്ഥാനത്തിലെ സ്ത്രീ മുന്നേറ്റങ്ങൾ എന്ന ക്യാമ്പയിൻ ഏറ്റെടുത്ത് 14 ജില്ലകളിലുമായി പ്രത്യേക പരിപാടി നടപ്പാക്കുകയുണ്ടായി. നവോത്ഥാനത്തിലെ സ്ത്രീ മുന്നേറ്റങ്ങൾ എന്ന കൈപ്പുസ്തകവും ഇതിന്റെ ഭാഗമായി തയ്യാറാക്കി. രണ്ട് ഘട്ടങ്ങളിലായി സംഘടിപ്പിച്ച ഈ പരിപാടി വിജയകരമായി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ മൂന്നാംഘട്ടം പരിപാടികൾ ആസൂത്രണം ചെയ്യുവരുന്നു.

(ബി) ലിംഗസമത്വ ബോധന പരിപാടികളുടെ ഭാഗമായി സാക്ഷരതാ മിഷൻ സ്ത്രീധന നിരോധന ക്യാമ്പയിന് തുടക്കം കുറിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

&

(സി) സാക്ഷരതാ മിഷൻ, സ്ത്രീധനം എന്ന സാമൂഹ്യ വിപത്തിനെതിരെ ജാഗ്രത സൃഷ്ടിക്കുക, കേരളത്തെ സ്ത്രീധന മുക്ത സംസ്ഥാനമാക്കുക എന്ന ലക്ഷ്യത്തോടെ സ്ത്രീധന മുക്ത കേരളം ക്യാമ്പയിൻ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

ലിംഗസമത്വ ബോധന പരിപാടികളുടെ ഭാഗമായി സാക്ഷരതാ മിഷൻ സ്ത്രീധന നിരോധന ക്യാമ്പയിന് തുടക്കം കുറിച്ചിട്ടുണ്ട്. സാക്ഷരതാ മിഷൻ നടത്തി വരുന്ന സാമൂഹ്യ സാക്ഷരതാ പരിപാടികളിൽ ഒന്നാണ് ലിംഗസമത്വ ബോധന പരിപാടി. ഈ പരിപാടിയുടെ ഭാഗമായി നവോത്ഥാനത്തിലെ സ്ത്രീ മുന്നേറ്റങ്ങൾ എന്ന പ്രദർശനം, പ്രഭാഷണ പരമ്പര തുടങ്ങിയവ സംസ്ഥാന വ്യാപകമായി സംഘടിപ്പിച്ചിരുന്നു. ഇതു സംബന്ധിക്കുന്ന ഒരു കൈപ്പുസ്തകവും തയ്യാറാക്കി വിതരണം ചെയ്തിരുന്നു. പരിസ്ഥിതി സാക്ഷരത, ഭരണഘടനാ സാക്ഷരത, ആരോഗ്യ സാക്ഷരത, ജലസാക്ഷരത തുടങ്ങിയ സാമൂഹ്യ സാക്ഷരതാ പരിപാടികൾ പോലെ ഇതും ജനകീയ പരിപാടിയായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് നടത്തിവന്നത്. ഇപ്പോൾ കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ സമൂഹത്തിലെ ജനകീയ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുകയാണ്. എന്നാൽ, സ്ത്രീധന പീഡനവുമായി ബന്ധപ്പെട്ട അനിഷ്ട സംഭവങ്ങൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ ലിംഗസമത്വ ബോധന പരിപാടി നിലവിലെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ടുതന്നെ കൂടുതൽ വ്യാപകമായി സംഘടിപ്പിക്കേണ്ടതുണ്ട് എന്ന ലക്ഷ്യത്തോടെയാണ് സ്ത്രീധന നിരോധന ക്യാമ്പയിന് സാക്ഷരതാ മിഷൻ തുടക്കം കുറിച്ചത്. ഇതിന്റെ ഭാഗമായി ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി 2021 ജൂലൈ 4-ന് ഈ ക്യാമ്പയിനിന്റെ ഉദ്ഘാടനം ഔദ്യോഗികമായി നിർവ്വഹിക്കുകയുണ്ടായി. 2021 ജൂലൈ 5 മുതൽ 8 വരെ വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് സ്ത്രീധനത്തിന്റെ നിയമപരം, ചരിത്രപരം, സാമൂഹ്യതലം എന്നീ മൂന്നു മേഖലയുമായി ബന്ധപ്പെട്ട് സാമൂഹ്യ മാധ്യമങ്ങളിലൂടെ ഓൺലൈൻ പ്രഭാഷണങ്ങൾ സംഘടിപ്പിച്ചു. തുടർന്ന് സാക്ഷരതാ മിഷന്റെ സംസ്ഥാനത്തെ മുഴുവൻ സാക്ഷരത-തുല്യതാ പഠിതാക്കളെയും അവരുടെ കുടുംബങ്ങളെയും സാക്ഷരതാ പ്രവർത്തകരെയും ഇതിൽ നേരിട്ട് പങ്കാളികളാക്കിക്കൊണ്ട് ജൂലൈ 8-ന് സ്ത്രീധന വിരുദ്ധ പ്രതിജ്ഞ എടുക്കുകയുണ്ടായി. വിവിധ ആശയങ്ങൾ പ്രചരിപ്പിച്ച് സമൂഹത്തെ ബോധവൽക്കരിക്കുന്ന പോസ്റ്റർ പ്രദർശനങ്ങൾ നടത്താനാണ് സാക്ഷരതാ മിഷൻ ഈ ബോധവൽക്കരണ പരിപാടിയിലൂടെ ലക്ഷ്യംവയ്ക്കുന്നത്.

നൂറുദിന കർമ്മ പരിപാടിയിൽ റവന്യൂ വകുപ്പിന്റെ പദ്ധതികൾ

16 (*74) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വാഴൂർ സോമൻ:
ശ്രീമതി സി. കെ. ആശ:
ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പ്രഖ്യാപിച്ച ആദ്യ നൂറുദിന കർമ്മ പരിപാടിയിൽ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. 12000 പട്ടയങ്ങളുടെ വിതരണം
2. ഭൂനികുതി ഒടുക്കുന്നതിനുള്ള മൊബൈൽ ആപ്ലിക്കേഷൻ
3. തണ്ടപ്പേർ, അടിസ്ഥാന ഭൂനികുതി രജിസ്റ്റർ എന്നിവയുടെ ഡിജിറ്റൈസേഷന്റെ പൂർത്തീകരണം
4. റവന്യൂ പോർട്ടലിനു കീഴിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ നല്കുന്നതിനുള്ള മൊഡ്യൂൾ
5. പൊതുജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ ഭൂനികുതി ഒടുക്കുന്നതിനുവേണ്ടിയുള്ള നവീകരിച്ച ഇ-പേമെന്റ് പോർട്ടൽ
6. സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ ഉദ്ഘാടനം - 20 എണ്ണം
7. സ്കെച്ച്, തണ്ടപ്പേർ അക്കൗണ്ട്, ലൊക്കേഷൻ സ്കെച്ച് എന്നിവ ഓൺലൈനായി നല്കുന്നതിനുള്ള മൊഡ്യൂൾ
8. നൂറ് വില്ലേജുകളിൽ ഡിജിറ്റൽ റീസർവ്വേ
9. ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷ സ്വീകരിക്കുന്നതിനും തുടർ നടപടി സ്വീകരിക്കുന്നതിനുമായുള്ള ഓൺലൈൻ മൊഡ്യൂൾ
10. 8 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയാക്കി സെക്ഷൻ 13 പ്രസിദ്ധീകരിക്കുന്നതിനും 5 വില്ലേജുകളുടെ ഫീൽഡ് ജോലി പൂർത്തിയാക്കി സർവ്വേ അതിരടയാള നിയമം സെക്ഷൻ 9(2) പ്രസിദ്ധീകരിക്കുന്നതിനുമുള്ള നടപടി.
11. മുൻ കാലങ്ങളിൽ ഡിജിറ്റലായി സർവ്വേ മാപ്പുകൾ തയ്യാറാക്കിയിട്ടുള്ള 87 വില്ലേജുകളും റീസർവ്വേ പൂർത്തിയാക്കുന്നതിന് ലക്ഷ്യമിടുന്ന 8 വില്ലേജുകളും ചേർത്ത് 95 വില്ലേജുകളുടെ മാപ്പ് ഓൺലൈൻ ആപ്ലിക്കേഷനായ e-Maps സോഫ്റ്റ്വെയറിൽ ലഭ്യമാക്കുന്നതിനുള്ള നടപടി.
12. Continuously Operating Reference Stations (CORS) 28 എണ്ണം സംസ്ഥാനത്ത് സ്ഥാപിക്കുന്നതിന് സർവ്വേ ഓഫ് ഇന്ത്യ മുഖേന ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടി
13. Survey of Villages and Mapping with Improvised Technology in Village Areas (SVAMITVA) സംസ്ഥാനത്ത് ആരംഭിക്കുന്നതിനുള്ള നടപടി

(ബി) പ്രസ്തുത പദ്ധതികളുടെ ആദ്യഘട്ട പ്രവർത്തന പുരോഗതി വെളിപ്പെടുത്താമോ?

12000 പട്ടയങ്ങളുടെ വിതരണം 6-9-2021-നം ഭൂനികുതി ഒടുക്കുന്നതിനുള്ള മൊബൈൽ ആപ്ലിക്കേഷൻ, തണ്ടപ്പേർ, അടിസ്ഥാന ഭൂനികുതി രജിസ്റ്റർ എന്നിവയുടെ ഡിജിറ്റൈസേഷൻ പൂർത്തീകരണം, ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷ സ്വീകരിക്കുന്നതിനുള്ള ഓൺലൈൻ മൊഡ്യൂൾ, സ്കെച്ച്, തണ്ടപ്പേർ അക്കൗണ്ട്, ലൊക്കേഷൻ സ്കെച്ച് എന്നിവ ഓൺലൈനായി നല്കുന്നതിനുള്ള മൊഡ്യൂൾ എന്നിവ 2-9-2021-നം പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ Plan Work Module പരിശോധിക്കുന്നതിന് LRD Portal-ൽ access, ഇ-ഓഫീസ് ഗ്യാപ് അനാലിസിസ് നടത്തുന്നതിന് റവന്യൂ പോർട്ടൽ, 20 സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ നിർമ്മാണം എന്നിവ ഉടനെ പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയം ആവിഷ്കരിച്ചിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ SVAMITVA ആരംഭിച്ചിട്ടുള്ള വടക്കൻ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിന്റെ ഭൂപ്രകൃതി വ്യത്യസ്തമായതിനാലും വലിയ കെട്ടിടങ്ങളും മരങ്ങളും തിങ്ങി നിറഞ്ഞതുമായ സാഹചര്യത്തിലും സംസ്ഥാനത്തിന് Drone survey അനുയോജ്യമാണോ എന്ന് പരിശോധിക്കുന്നതിന് 12-7-2021-ൽ വർക്കല വില്ലേജിൽ ഒരു സാമ്പിൾ സർവ്വേ നടത്തിയിട്ടുണ്ട്.

(സി) നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി അർഹരായവർക്ക് പട്ടയം നൽകാനുള്ള നടപടികൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. നൂറുദിന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 12000 പട്ടയങ്ങൾ വിതരണം ചെയ്യാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. അവയിൽ വിവിധ എൽ.എ. പട്ടയങ്ങൾ, മറ്റു പട്ടയങ്ങൾ, ക്രയ സർട്ടിഫിക്കറ്റുകൾ, ദേവസ്വം മിച്ച ഭൂമി/മറ്റു മിച്ചഭൂമി പട്ടയങ്ങൾ എന്നിവ ഉൾപ്പെടുന്നു. ഇതിനകം 11,381 പട്ടയങ്ങൾ വിതരണത്തിന് തയ്യാറായി വരുന്നു. അവ തിരുവനന്തപുരം 50, കൊല്ലം 35, പത്തനംതിട്ട 73, ആലപ്പുഴ 70, കോട്ടയം 71, ഇടുക്കി 2319, എറണാകുളം 720, തൃശ്ശൂർ 2203, പാലക്കാട് 1034, മലപ്പുറം 1176, കോഴിക്കോട് 1555, വയനാട് 400, കണ്ണൂർ 1267, കാസർഗോഡ് 408 എന്നിങ്ങനെയാണ്.

(ഡി) നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി റവന്യൂ വകുപ്പിന്റെ പോർട്ടലിൽ കൂടുതൽ സേവനങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. റവന്യൂ വകുപ്പിന്റെ പോർട്ടലിൽ കൂടുതൽ സേവനങ്ങൾ ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി തണ്ടപ്പേർ, അടിസ്ഥാന ഭൂനികുതി രജിസ്റ്ററുകളുടെ ഡിജിറ്റൈസേഷൻ തുടങ്ങിയ നടപടികൾ നടന്നുവരുന്നു. കെട്ടിട നികുതി ഓൺലൈനായി

ഒടുക്കുന്നതിനുള്ള സംവിധാനംകൂടി ഉൾപ്പെടുത്തി ഭൂനികുതി ഒടുക്കുന്നതിന്റെ ഇ-പേമെന്റ് പോർട്ടൽ/മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചുവരുന്നു. ഭൂമി തരംമാറ്റൽ, സ്കെച്ച്, തണ്ടപ്പേർ, ലൊക്കേഷൻ സ്കെച്ച് തുടങ്ങിയവയുടെ ഓൺലൈൻ ഷെഡ്യൂളും വികസന ഘട്ടത്തിലാണ്. വില്ലേജ് ഓഫീസുകൾക്കായുള്ള വെബ്സൈറ്റിന്റെ വികസനം, റവന്യൂ പോർട്ടലിനുകീഴിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ നല്കുന്നതിനുള്ള മൊഡ്യൂൾ, ഡിജിറ്റൽ റീസർവ്വേ പൂർത്തിയായ വില്ലേജുകളുടെ മാപ്പ് ReLIS സോഫ്റ്റ്വെയറുമായി സംയോജിപ്പിക്കുന്നതിനുള്ള നടപടികൾ എന്നിവ പൂർത്തിയായി വരുന്നു.

റീബിൽഡ് കേരളയിലെ പൊതുമരാമത്ത് പ്രവൃത്തികൾ

17 (*75) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. പി. വി. അൻവർ:
ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പരിപാടിയിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നടത്തിവരുന്ന പ്രധാന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

&

(ബി) മേൽ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

(എ&ബി) റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിപ്രകാരം പൊതുമരാമത്ത് നിരത്തു വിഭാഗത്തിന് കീഴിൽവരുന്ന പ്രവൃത്തി തിരുവനന്തപുരം എയർപോർട്ട് - ശംഖുംമുഖം റോഡ് പുനരുദ്ധാരണമാണ്. ഈ പ്രവൃത്തിയുടെ ഒന്നാംഘട്ടമായ ഡയഫ്രം വാൾ നിർമ്മാണത്തിന് 639 ലക്ഷം രൂപയുടെയും രണ്ടാംഘട്ടമായ റോഡിനുള്ള 166 ലക്ഷം രൂപയുടെയും (മൊത്തം 805 ലക്ഷം രൂപ) പുതുക്കിയ ഭരണാനുമതി ആർ.കെ.ഐ. മുഖാന്തരം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി നിർവ്വഹണത്തിനായി M/s ULCCS എന്ന ഏജൻസിയെ ചുമതലപ്പെടുത്തുകയും പ്രസ്തുത കമ്പനി പണി ആരംഭിക്കുകയും 4 മീറ്ററോളം ദൂരത്തിൽ കോൺക്രീറ്റ് ഡയഫ്രം വാൾ നിർമ്മിക്കുകയും ചെയ്തു. ഇതുകൂടാതെ ഏകദേശം 200 മീറ്റർ ദൈർഘ്യത്തിൽ സ്റ്റീൽ ഷീറ്റ് പൈലുകൾ സ്ഥാപിക്കുകയും ഡയഫ്രം വാൾ നിർമ്മാണ പ്രവൃത്തിക്കായി ഗൈഡ് വാൾ നിർമ്മിക്കുകയും ഏകദേശം 5500 ക്യൂബിക് മീറ്റർ മണ്ണ് ഇറക്കുകയും ചെയ്തു.

എന്നാൽ യാസ്, ടൗട്ടെ എന്നീ ചുഴലിക്കാറ്റുകളുടെ ഫലമായി ഏകദേശം 4000 ക്യൂബിക് മീറ്റർ മണ്ണ് കടലെടുക്കുകയും നിർമ്മാണം പൂർത്തിയാക്കിയ ഗൈഡ് വാൾ ഏകദേശം 100 മീറ്ററോളം നീളത്തിൽ തകർന്നുവീഴുകയും ചെയ്തു. കടൽക്ഷോഭം, വേലിയേറ്റം എന്നിവ കാരണം പ്രവൃത്തികൾ നിർത്തിവയ്ക്കേണ്ടതായിവന്നു. കടൽ ഉൾവലിയുന്ന മുറയ്ക്ക് ആഗസ്റ്റ് ആദ്യവാരം പ്രവൃത്തികൾ പുനരാരംഭിക്കാൻ ലക്ഷ്യമിടുന്നു. സമീപമുള്ള വീടുകൾ സംരക്ഷിക്കുന്നതിനായി ഷീറ്റ് പൈലിംഗ് നടത്തിയിട്ടുണ്ട്. പാലം വിഭാഗത്തിനു കീഴിൽ നടത്തിവരുന്ന പ്രധാന പ്രവൃത്തികൾ താഴെപ്പറയുന്നു.

1. ആലപ്പുഴ ജില്ലയിലെ ശാർങ്ങക്കാവ് പാലത്തിന്റെ പുനർനിർമ്മാണത്തിനായി 12.5 കോടി രൂപയുടെ ഭരണാനുമതി ആസൂത്രണ സാമ്പത്തികകാര്യ (RKI) വകുപ്പ് നൽകിയിട്ടുണ്ട്. പ്രസ്തുത പാലത്തിന് സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്.

2. പത്തനംതിട്ട ജില്ലയിലെ ഐരാവൺ പാലത്തിന്റെ നിർമ്മാണത്തിനായി തദ്ദേശസ്വയംഭരണ വകുപ്പ് 12.25 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പാലത്തിന്റെ ഡിസൈൻ പ്രവർത്തനങ്ങളുടെ പ്രാരംഭ നടപടിയായി മണ്ണ് പരിശോധനയും സൈറ്റ് ഇൻവെസ്റ്റിഗേഷനും ആരംഭിച്ചിട്ടുണ്ട്.

3. എറണാകുളം ജില്ലയിലെ ബ്രഹ്മപുരത്ത് പുതിയ ടു ലെയ്ൻ പാലത്തിന്റെ നിർമ്മാണത്തിനായി 30 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഈ പാലത്തിന്റെ ഭരണാനുമതിക്കായുള്ള (2210 ലക്ഷം രൂപ) പ്രൊപ്പോസൽ ആസൂത്രണ സാമ്പത്തിക കാര്യ (RKI) വകുപ്പ് പരിശോധിച്ചുവരുന്നു. പൊതുമരാമത്ത് കെ.എസ്.ടി.പി. വിഭാഗത്തിനുകീഴിൽ പ്രളയത്തിൽ തകർന്ന റോഡുകളാണ് പുനർ നിർമ്മിക്കുന്നത്. 362 കി.മീ. വരുന്ന 12 റോഡുകൾ ലോകബാങ്ക് ധന സഹായത്തോടുകൂടിയും 415 കി.മീ. വരുന്ന 18 റോഡുകൾ ജർമ്മൻ ബാങ്ക് ധനസഹായത്തോടു കൂടിയുമാണ് പുനർനിർമ്മിക്കുന്നത്. 30 റോഡുകളിൽ 22 റോഡുകളുടെ പ്രവൃത്തികൾക്കായി എഗ്രിമെന്റുവച്ച് പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(സി) പ്രസ്തുത പ്രവൃത്തികളിൽ പ്രകൃതിദുരന്തങ്ങളെ അതിജീവിക്കുന്ന തരത്തിലുള്ള നിർമ്മാണമാണോ ആസൂത്രണം ചെയ്തിരിക്കുന്നതെന്നും അതിനായി ഉപയോഗിക്കുന്ന സാങ്കേതിക വിദ്യകളേതൊക്കെയാണെന്നും അറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെ.എസ്.ടി.പി. മുഖേന ഏറ്റെടുത്ത് പുനർ നിർമ്മിക്കുന്ന റോഡുകൾ പ്രളയ അതിജീവനക്ഷമത കൈവരിക്കുന്നതിനാവശ്യമായ സാങ്കേതിക വിദ്യകൾ ഉൾപ്പെടുത്തിയാണ് വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നത്. പ്രവൃത്തികളിൽ ചുവടെ വിവരിക്കുന്ന സാങ്കേതിക വിദ്യകൾ ഉപയോഗിച്ചു വരുന്നു.

(i) Soil Nailing

(ii) Geo cells & Cellular confinement System

(iii) Cold Recycling

(iv) Permeable Pavement Construction

(v) Segmental block reinforced earthen walls using geogrids

(vi) Hydroseeding

(vii) Cement treated sub base/CTB

(viii) Pavement Quality Concrete

2018-ലെ കടൽക്ഷോഭവും പ്രളയവും നിമിത്തം ശംഖുംമുഖം മുതൽ ഡൊമസ്റ്റിക് എയർപോർട്ട് വരെയുള്ള ബീച്ച് റോഡും സംരക്ഷണ ഭിത്തിയും 275 മീറ്ററോളം തകരാറിലായതിനാൽ പ്രസ്തുതഭാഗത്ത് സാധാരണ രീതിയിലുള്ള സംരക്ഷണ ഭിത്തിയും റോഡ് നിർമ്മാണവും ഉചിതമല്ലാത്തതുകൊണ്ട് ശാസ്ത്രീയരീതിയിൽ പുനരുദ്ധാരണം നടത്തുന്നതിനായി സെൻട്രൽ റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (സി.ആർ.ആർ.ഐ)-ന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തീരസംരക്ഷണത്തിന് അനുയോജ്യമായ ഡയഫ്രം വാൾ നിർമ്മാണം ടി പ്രവൃത്തിയിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്നു. പ്രകൃതി ദുരന്തങ്ങളെ അതിജീവിക്കാൻ പ്രാപ്തമാകുംവിധവും സുഗമമായ ജലപ്രവാഹം ഉറപ്പാകും വിധവുമാണ് പാലങ്ങളുടെ അലൈൻമെന്റ് ക്രമീകരിക്കുകയും ഡിസൈൻ തയ്യാറാക്കുകയും ചെയ്യുന്നത്.

ഓൺലൈൻ ക്ലാസ്സുകൾ

18 (*76) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇന്റർനെറ്റ് സംവിധാനത്തിന് പ്രശ്നമുള്ള സ്ഥലങ്ങളിൽ ഓൺലൈൻ ക്ലാസ്സുകൾ ഡൗൺലോഡ് ചെയ്ത് കാണാൻ വിദ്യാർത്ഥികൾക്ക് സൗകര്യമൊരുക്കുമോ?

സംസ്ഥാന വിദ്യാഭ്യാസ മേഖലയിൽ കോവിഡ് 19 ലോക്ഡൗൺ പ്രതിസന്ധികൾ പരിഹരിക്കുന്നതിന് 2020 ജൂൺ ഒന്ന് മുതൽ ലഭ്യമായ സാങ്കേതിക സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ഡിജിറ്റൽ ക്ലാസുകൾ ആരംഭിച്ചിരുന്നു. വീട്ടിൽ ടി.വി., സ്മാർട്ട്ഫോൺ, ഇന്റർനെറ്റ് തുടങ്ങിയ സൗകര്യങ്ങളില്ലാത്ത കുട്ടികളുമായി അതത് ക്ലാസ് ടീച്ചർ ആശയവിനിമയം നടത്തി പ്രഥമാദ്ധ്യാപകരുമായി ആലോചിച്ച് ബദൽ സംവിധാനം ഏർപ്പെടുത്താൻ കഴിഞ്ഞവർഷം മുതൽ തീരുമാനിച്ചിരുന്നു. ഈ വർഷവും ഡിജിറ്റൽ ക്ലാസുകൾക്ക് അത്തരം ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. ഓൺലൈൻ ക്ലാസുകൾ എല്ലാ കുട്ടികൾക്കും ലഭ്യമാക്കുന്നതിന് സാധ്യമായ എല്ലാ പ്രവർത്തനങ്ങളും ക്രമീകരിച്ചിട്ടുണ്ട്. ഡിജിറ്റൽ ക്ലാസുകൾ ഓരോ ദിവസവും വ്യത്യസ്ത ക്ലാസുകളിൽ പരമാവധി അരമണിക്കൂർ മുതൽ രണ്ട് മണിക്കൂർ വരെയാണ് സംപ്രേഷണം ചെയ്യുന്നത്. ഓരോ പ്രദേശത്തിന്റെയും കുട്ടിയുടെയും സാഹചര്യമനുസരിച്ച് അടുത്ത് താമസിക്കുന്ന സഹപാഠി, അയൽ വീടുകൾ, ഗ്രന്ഥശാലകൾ/ അക്ഷയ കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളുടെയോ ടി.വി./ഇന്റർനെറ്റ് സേവനങ്ങളോ, വിദൂരതയിലുള്ള സ്ഥലങ്ങളിൽ എസ്.എസ്.കെ. കോ-ഓർഡിനേറ്റർമാർ, എസ്.പി.സി., എൻ.എസ്.എസ് വോളന്റിയർമാർ, ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തുടങ്ങിയവരുടെ നേതൃത്വത്തിൽ ലാപ്ടോപ്പും പ്രൊജക്ടറും ഉപയോഗിച്ചോ, അവിടെ ഇന്റർനെറ്റ് സൗകര്യം ഇല്ലെങ്കിലും നേരത്തെ ഡൗൺലോഡ് ചെയ്ത ഉള്ളടക്കം പ്രദർശിപ്പിച്ചോ തൊട്ടടുത്ത സ്കൂളിൽ സൗകര്യം ഏർപ്പെടുത്തിയോ നടത്തിവരുന്നു. ഇങ്ങനെ ക്ലാസ്സുകൾ ക്രമീകരിക്കുമ്പോൾ ഒരു കുട്ടിക്ക് ഒന്നോ രണ്ടോ ദിവസംകൊണ്ട് ആ ആഴ്ചയിലെ എല്ലാ ക്ലാസ്സുകളും ഒരുമിച്ച് ലഭിക്കത്തക്ക വിധത്തിൽ സ്കൂളുകളിലെ ഐ.ടി. സംവിധാനങ്ങൾ ഉപയോഗിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഡിജിറ്റൽ ഡിവൈസുകൾ വീടുകളിൽ ലഭ്യമല്ലാതിരുന്ന കുട്ടികൾക്കായി അയൽപക്ക പഠനകേന്ദ്രങ്ങൾ, ഊര് വിദ്യാകേന്ദ്രങ്ങൾ മുതലായ സംവിധാനങ്ങൾ ഒരുക്കിയിരുന്നു. ഇത്തരം കുട്ടികൾക്കായി വായനശാലകൾ, അങ്കണവാടികൾ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള സൗകര്യപ്രദമായ സ്ഥലങ്ങൾ തുടങ്ങിയ കേന്ദ്രങ്ങളിലാണ് പ്രധാനമായും സൗകര്യങ്ങൾ ഒരുക്കിയത്. വിക്ടേഴ്സ് ചാനൽവഴി സംപ്രേഷണം ചെയ്യുന്ന ക്ലാസ്സുകൾ കാണാൻ സാധിക്കാത്ത കുട്ടികൾക്ക് അയൽപക്ക പഠന കേന്ദ്രങ്ങളിൽ വീഡിയോ ക്ലാസ്സുകൾ ഡൗൺലോഡ് ചെയ്ത് കാണുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.

(ബി) സാങ്കേതിക സംവിധാനങ്ങൾ ലഭ്യമല്ലാത്ത കുട്ടികളെ സ്കൂൾ അധികാരികൾ കണ്ടെത്തിയിട്ടുണ്ടോ എന്നറിയിക്കാമോ?

ഉണ്ട്. സംസ്ഥാനത്തെ ആദിവാസി മേഖലയിലെ എല്ലാ കുട്ടികൾക്കും ഓൺലൈൻ പഠനം ഉറപ്പുവരുത്തുന്നതിനായി ഉപകരണങ്ങളും കണക്ടിവിറ്റിയും ഒരുക്കുന്നതിനുള്ള സംവിധാനം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ

കൂടിയ യോഗത്തിൽ തീരുമാനിക്കുകയും അത് നടപ്പാക്കിക്കൊണ്ടിരിക്കുകയുമാണ്. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 2021-22 അദ്ധ്യയന വർഷത്തിൽ ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരികയാണ്. ഓൺലൈൻ ക്ലാസ്സുകളിൽ പങ്കെടുക്കുന്നതിന് സൗകര്യമില്ലാത്ത കുട്ടികളെ കണ്ടെത്തുന്നതിനായി സംസ്ഥാനതല ക്യാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ അധികൃതരുടെയും പി.റ്റി.എ. യുടെയും നേതൃത്വത്തിൽ സ്കൂൾതല കണക്കെടുപ്പ് നടന്നുവരുന്നു. സംസ്ഥാനതലത്തിൽ കണക്കുകൾ ക്രോഡീകരിച്ച് ലഭ്യമാക്കുന്നതോടെ ഡിജിറ്റൽ ഉപകരണങ്ങൾ ഇല്ലാത്ത കുട്ടികളെ സംബന്ധിച്ചുള്ള കൃത്യമായ കണക്ക് ലഭ്യമാകുന്നതാണ്.

(സി) ക്ലാസ്സുകളിൽ സൈബർ നിയമങ്ങൾ പാലിച്ചിട്ടുണ്ടെന്നും ക്ലാസ്സുകൾ കുട്ടികൾ കണ്ടെന്നും ഉറപ്പുവരുത്താനും വിലയിരുത്താനും സൗകര്യമുണ്ടോ എന്നറിയിക്കാമോ?

സൈബർ നിയമങ്ങൾ പാലിക്കുന്നത് സംബന്ധിച്ച് കേരളാ ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) പ്രത്യേക സൈബർ സേഫ്റ്റി പ്രോട്ടോകോൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്കൂളുകളിൽ പ്രവർത്തിക്കുന്ന ഒന്നര ലക്ഷത്തിലധികം ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ് അംഗങ്ങൾ മുഖേന സ്കൂൾ കുട്ടികൾക്കും രക്ഷാകർത്താക്കൾക്കും പ്രത്യേക സൈബർ അവബോധ ക്ലാസ്സുകളും നൽകിയിട്ടുണ്ട്. ഡിജിറ്റൽ ക്ലാസ്സുകളുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും പുറത്തിറക്കിയ മാർഗ്ഗരേഖയിൽ ഇതുസംബന്ധിച്ച നിർദ്ദേശം നൽകിയിട്ടുണ്ട്. ക്ലാസ്സ് അദ്ധ്യാപകരുടെയും പ്രഥമാദ്ധ്യാപകരുടേയും നേതൃത്വത്തിൽ മോണിറ്ററിംഗ് നടപടികളും സ്വീകരിച്ചുവരുന്നു.

(ഡി) സമൂഹമാധ്യമ ഗ്രൂപ്പുകൾവഴി രക്ഷിതാക്കളുമായുള്ള ആശയ വിനിമയം ഉറപ്പുവരുത്തുമോ?

കോവിഡ്-19 ലോക്ഡൗൺമൂലം സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാൻ കഴിയാതിരുന്ന സാഹചര്യത്തിൽ 2020 ജൂൺ ഒന്നു മുതൽ ഡിജിറ്റൽ ക്ലാസ്സുകളും ഈ വർഷം മുതൽ ഡിജിറ്റലിനൊപ്പം ഓൺലൈൻ ക്ലാസ്സുകളും ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പതിനയ്യായിരത്തോളം പൊതുവിദ്യാലയങ്ങളിലെ ബഹുഭൂരിപക്ഷം അദ്ധ്യാപകരും തങ്ങളുടെ സ്കൂളിലെ കുട്ടികളുടെ രക്ഷിതാക്കളുമായി സമൂഹമാധ്യമ ഗ്രൂപ്പുകളിലൂടെയും ലഭ്യമായ മറ്റ് ഓൺലൈൻ സംവിധാനങ്ങളിലൂടെയും ആശയ വിനിമയം ഉറപ്പുവരുത്തിയുള്ള പ്രവർത്തനങ്ങൾ നിലവിൽ നടത്തിക്കൊണ്ടിരിക്കുകയാണ്.

റീസർവ്വേയുടെ പൂർത്തീകരണം

19 (*77) ശ്രീ. എ. പ്രഭാകരൻ:
ശ്രീ. എം. എം. മണി:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) ഭൂരേഖകളുടെ കൃത്യതയ്ക്കും തർക്കങ്ങൾ ഒഴിവാക്കുന്നതിനും റീസർവ്വേ അടിയന്തരമായി പൂർത്തിയാക്കേണ്ടതിന്റെ അനിവാര്യത കണക്കിലെടുത്ത് ഡിജിറ്റൽ സർവ്വേ സമയബന്ധിതമായി പൂർത്തിയാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

ഭൂരേഖകളുടെ കൃത്യതയ്ക്കും തർക്കങ്ങൾ ഒഴിവാക്കുന്നതിനും പരാതികൾ നീതിയുക്തമായി പരിഹരിക്കുന്നതിനും റീസർവ്വേ പൂർത്തിയാക്കേണ്ടതുണ്ട്. നിലവിൽ 909 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയായെങ്കിലും 87 വില്ലേജുകൾ മാത്രമാണ് ആധുനിക സർവ്വേ ഉപകരണങ്ങളുടെ സഹായത്താൽ സർവ്വേ ചെയ്ത് ഡിജിറ്റൽ റിക്കാർഡുകൾ തയ്യാറാക്കിയിട്ടുള്ളത്. നിലവിൽ 29 വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വേ ജോലികൾ പുരോഗതിയിലാണ്. കാലഘട്ടത്തിനനുസൃതമായ രീതിയിൽ ഓൺലൈൻ മുഖേന ജനങ്ങൾക്ക് സേവനം നൽകുന്നതിന് സംസ്ഥാനത്തെ എല്ലാ വില്ലേജുകളുടെയും സർവ്വേ മാപ്പുകൾ ഡിജിറ്റൽ ഫോർമാറ്റിൽ തയ്യാറാക്കേണ്ടതുണ്ട്. ഇതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

(ബി) റീസർവ്വേ തുടങ്ങിയിട്ട് എത്ര വർഷമായെന്നും എത്ര വില്ലേജുകളിൽ ഇത് പൂർത്തിയായിട്ടുണ്ടെന്നും അറിയിക്കുമോ; ഡിജിറ്റൽ സർവ്വേ ഇതുവരെ എത്ര വില്ലേജുകളിൽ പൂർത്തിയായിട്ടുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട പരാതി പരിഹരിക്കാൻ ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ?

സംസ്ഥാനത്ത് 1966-ൽ റീസർവ്വേ ആരംഭിച്ചു. നാളിതുവരെ 909 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്. റീസർവ്വേ പൂർത്തിയാക്കിയ വില്ലേജുകളിൽ 87 വില്ലേജുകൾ മാത്രമാണ് ആധുനിക സർവ്വേ ഉപകരണങ്ങളുടെ സഹായത്താൽ സർവ്വേ ചെയ്ത് ഡിജിറ്റൽ റിക്കാർഡുകൾ തയ്യാറാക്കിയിട്ടുള്ളത്. റീസർവ്വേയുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് എല്ലാ താലൂക്ക് ഓഫീസുകളിലും ലാൻഡ് റിക്കാർഡ്സ് മെയിന്റനൻസ് വിഭാഗം പ്രവർത്തിച്ചുവരുന്നു. റീസർവ്വേ പരാതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിലേയ്ക്കായി കൂടുതൽ സർവ്വേ വിഭാഗം ജീവനക്കാരെ റീസർവ്വേ എസ്റ്റാബ്ലിഷ്മെന്റിൽനിന്നും ലാൻഡ് റെക്കോർഡ്സ് മെയിന്റനൻസ് (എൽ.ആർ.എം.) വിഭാഗത്തിന് നൽകിവരുന്നുണ്ട്.

(സി) ഡിജിറ്റൽ സർവ്വേ സ്വകാര്യവത്കരണത്തിലേക്ക് നയിക്കാനിടയുണ്ടെന്ന ജീവനക്കാരുടെ ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് 1966-ൽ ആരംഭിച്ച റീസർവ്വേ ജോലികൾ 55 വർഷം കഴിഞ്ഞിട്ടും 55% മാത്രമാണ് പൂർത്തിയായിട്ടുള്ളത്. ഇപ്രകാരം നിലവിലെ ജീവനക്കാരെ മാത്രം നിയോഗിച്ച് സംസ്ഥാനത്തിന്റെ റീസർവ്വേ പൂർത്തിയാക്കുന്നതിന് അത്രയേറെ സമയം കൂടി ഇനിയും ആവശ്യമായിവരും. ജീവനക്കാരുടെയും ആധുനിക സർവ്വേ ഉപകരണങ്ങളുടെയും അപര്യാപ്തതയാണ് റീസർവ്വേ ജോലികൾ മന്ദഗതിയിലാകാൻ പ്രധാന കാരണം. ഇതിന് പരിഹാരമായി ആധുനിക സർവ്വേ സാങ്കേതികവിദ്യയായ Continuously Operating Reference Stations (CORS) നെറ്റ്വർക്ക് സ്ഥാപിച്ച് Real Time Kinematic (RTK) ഉപകരണത്തിന്റെ സഹായത്താൽ സർവ്വേ നടപടികൾ വേഗത്തിലാക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതിലേയ്ക്കായി ടി സാങ്കേതികവിദ്യയിൽ കൂടുതൽ പരിജ്ഞാനമുള്ള സർവ്വേ ഓഫ് ഇന്ത്യ മുഖേന സംസ്ഥാനത്ത് CORS നെറ്റ്വർക്ക് സ്ഥാപിക്കുന്നതിനുള്ള ധാരണാപത്രം ഒപ്പുവച്ചിട്ടുള്ളതും തുടർ നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. CORS നെറ്റ്വർക്ക് സ്ഥാപിച്ചതിനുശേഷം വകുപ്പിലെ ജീവനക്കാരുടെ മേൽനോട്ടത്തിൽ ലൈസൻസ്ഡ് സർവ്വേയർമാരെ കൂടി റീസർവ്വേ ജോലികൾക്ക് നിയോഗിക്കുന്നതിനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഭിന്നശേഷിക്കാർക്കുള്ള സംവരണം

20 (*78) ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഭിന്നശേഷി വിഭാഗക്കാർക്ക് സംവരണം നൽകണമെന്ന കേരള സർക്കാർ ഉത്തരവ് അടിയന്തരമായി നടപ്പാക്കിയില്ലെങ്കിൽ പ്രത്യാഘാതം നേരിടേണ്ടി വരുമെന്ന് പ്രസ്തുത സ്ഥാപനങ്ങൾക്ക് സുപ്രീംകോടതി താക്കീത് നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഇങ്ങനെ ഒരു പരാമർശം ഉത്തരവിലില്ല.

(ബി) എയ്ഡഡ് സ്ഥാപനങ്ങളിലെ നിയമനങ്ങളിലും ഭരണകാര്യങ്ങളിലും സംസ്ഥാന സർക്കാരിന് ഇടപെടാൻ അവകാശമില്ലെന്ന ഹർജിക്കാരുടെ വാദം സുപ്രീംകോടതി തള്ളിക്കളഞ്ഞിട്ടുണ്ടോ ;

&

(സി) സർക്കാർ ശമ്പളം നൽകുന്ന സാഹചര്യത്തിൽ സർക്കാർ നയം അംഗീകരിക്കാൻ എയ്ഡഡ് മാനേജ്മെന്റുകൾക്ക് ഉത്തരവാദിത്വമുണ്ടെന്ന് കോടതി വ്യക്തമാക്കിയിട്ടുണ്ടോ?

(ബി&സി) സുപ്രീംകോടതി പുറപ്പെടുവിച്ച ഉത്തരവിൽ ചോദ്യത്തിൽ പരാമർശിക്കുന്ന വിഷയം ഉൾപ്പെട്ടതായി കാണുന്നില്ല.

(ഡി) സർക്കാർ നയങ്ങൾ നടപ്പാക്കാത്ത സ്ഥാപനങ്ങൾക്ക് പണം നൽകുന്നത് നിർത്തലാക്കണമെന്ന് ജസ്റ്റീസ് സഞ്ജയ് കിഷൻ കൗൾ അദ്ധ്യക്ഷനായ ബഞ്ച് നിർദ്ദേശിച്ചിട്ടുണ്ടോ?

സുപ്രീംകോടതി പുറപ്പെടുവിച്ച ഉത്തരവിൽ ചോദ്യത്തിൽ പരാമർശിക്കുന്ന വിഷയം ഉൾപ്പെട്ടിട്ടില്ല. എന്നാൽ സർക്കാർ/സ്വകാര്യ സ്ഥാപനങ്ങൾ എന്ന വ്യത്യാസം കൂടാതെ സർക്കാർ ധനസഹായം പറ്റുന്ന സ്ഥാപനങ്ങൾക്കെല്ലാം 2016-ലെ ഭിന്നശേഷി അവകാശ നിയമം ബാധകമാണെന്ന് നിരീക്ഷിച്ചിട്ടുണ്ട്.

(ഇ) ഇതുസംബന്ധിച്ച് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

18-11-2018-ലെ സ.ഉ(പി)നമ്പർ 18/2018/സാ.നി.വ. നമ്പർ ഉത്തരവ് പ്രകാരം പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ കോളേജുകളിലെയും എയ്ഡഡ് സ്കൂളുകളിലെയും നിയമനങ്ങളിൽ ഭിന്നശേഷിക്കാർക്ക് നിയമാനുസൃതമായ സംവരണം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിനനുസൃതമായി കെ.ഇ.ആക്ട് വകുപ്പ് 11-ലും കെ.ഇ.ആർ. അദ്ധ്യായം XIV എ റൂൾ 1-ലും ഭേദഗതി വരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചുവരികയാണ്.

വിനോദസഞ്ചാര മേഖലയുടെ പുനരുജ്ജീവനം

21 (*80) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. എ. രാജ:
ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പതിനഞ്ച് ലക്ഷത്തിലധികം പേർ ഉപജീവനത്തിനായി ആശ്രയിച്ചുകൊണ്ടിരുന്ന വിനോദസഞ്ചാര മേഖലയുടെ അടച്ചുപൂട്ടൽ സമ്പദ്വ്യവസ്ഥയിൽ ഏല്പിച്ച ആഘാതം കണക്കിലെടുത്ത് സുരക്ഷ ഉറപ്പാക്കിക്കൊണ്ട് വിനോദസഞ്ചാരം ആരംഭിക്കാൻ അനുമതി നൽകിയിട്ടുണ്ടോ?

സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയിൽ പ്രവർത്തിക്കുന്ന, സഞ്ചാരികൾക്ക് താമസ സൗകര്യം ഒരുക്കുന്ന ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവയ്ക്ക് ചില നിബന്ധനകൾക്ക് വിധേയമായി പ്രവർത്തനാനുമതി നൽകിയിട്ടുണ്ട്.

(ബി) വിനോദസഞ്ചാര മേഖലയുടെ പുനരുജ്ജീവനത്തിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

വിനോദസഞ്ചാര മേഖലയുടെ പുനരുജ്ജീവനത്തിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(സി) കോവിഡ് കാരണം വരുമാന രഹിതരായ വിനോദസഞ്ചാര മേഖലയിൽ തൊഴിലെടുക്കുന്നവർക്കും സംരംഭകർക്കും സാമ്പത്തിക പിന്തുണ പദ്ധതികൾ നടപ്പാക്കിയിരുന്നോ; വിശദാശം ലഭ്യമാക്കാമോ?

കോവിഡ് കാരണം വരുമാനരഹിതരായ വിനോദസഞ്ചാര മേഖലയിൽ തൊഴിലെടുക്കുന്നവർക്കും സംരംഭകർക്കും സാമ്പത്തിക പിന്തുണ നൽകുന്ന പദ്ധതികൾ നടപ്പാക്കിയിരുന്നു. ചീഫ് മിനിസ്റ്റേഴ്സ് ലോൺ അസിസ്റ്റൻസ്/സപ്പോർട്ട് സ്കീം, ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സപ്പോർട്ട് സ്കീം, ടൂറിസം എപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം, ടൂറിസം ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം, ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം എന്നീ ധനസഹായ പദ്ധതികളാണ് സർക്കാർ നടപ്പിലാക്കിയിട്ടുള്ളത്.

പൊതുമരാമത്ത് വകുപ്പിന്റെ ഭൂമിയിലെ കയ്യേറ്റം

22 (*81) ശ്രീ. എ. കെ .എം. അഷ്റഫ്:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) വികസനത്തിന് തടസ്സമാകുംവിധം പൊതുമരാമത്ത് വകുപ്പിന്റെ ഭൂമിയിൽ വ്യാപകമായ കയ്യേറ്റം നടന്നതായി കണ്ടെത്തിയിട്ടുണ്ടോ?

ചിലയിടങ്ങളിൽ കയ്യേറ്റം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ഇപ്രകാരം കയ്യേറ്റം നടത്തിയവർ ആരെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ?

എല്ലാ ജില്ലയിലേയും എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ കയ്യേറ്റങ്ങളുടെ വിശദമായ വിവരങ്ങൾ ശേഖരിക്കുന്നുണ്ട്.

(സി) കയ്യേറ്റം ഒഴിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

സർവ്വേ വകുപ്പിന്റെ സഹായത്തോടെ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള സ്ഥലങ്ങൾ അളന്ന് തിട്ടപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇപ്രകാരം കണ്ടെത്തുന്ന കയ്യേറ്റങ്ങൾ നോട്ടീസ് നൽകി ഒഴിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നു. ഇതുകൂടാതെ ജില്ലാ ഭരണകൂടങ്ങളുടെ സഹായത്തോടെ പോലീസ്, റവന്യൂ വകുപ്പുകളുമായി ചേർന്ന് ഒഴിപ്പിക്കൽ ഡ്രൈവുകൾ നടത്താറുണ്ട്. ഇപ്രകാരം കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് സ്ഥലം തിരിച്ചുപിടിക്കാൻ ശക്തമായ നിയമ നടപടികളാണ് സ്വീകരിക്കുന്നത്.

ക്ഷേമനിധി ബോർഡുകളുടെ പുനരുദ്ധാരണം

23 (*82) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. എം. എം. മണി:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) കോവിഡിനെ മറയാക്കിക്കൊണ്ട് തൊഴിൽ സമയം ദീർഘിപ്പിക്കാനും തൊഴിൽ കോഡുകൾവഴി തൊഴിലാളികളുടെ അവകാശങ്ങൾ കവരാനും കേന്ദ്ര സർക്കാർ നിലപാട് സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമൂലം തൊഴിലാളികളിൽ മഹാമാരിയുടെ ആഘാതം തീവ്രമാക്കിയ കാര്യം പരിശോധനാ വിധേയമാക്കിയിരുന്നോ?

കോവിഡിനെ മറയാക്കിക്കൊണ്ട് തൊഴിൽ സമയം ദീർഘിപ്പിക്കാനും തൊഴിൽ കോഡുകൾവഴി തൊഴിലാളികളുടെ അവകാശങ്ങൾ കവരാനും കേന്ദ്ര സർക്കാർ നിലപാട് സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വരുമാനം നിലച്ച തൊഴിലാളികളുടെ അതിജീവനത്തിനായി സംസ്ഥാനത്ത് വിവിധ ക്ഷേമനിധി ബോർഡുകൾവഴി നടത്തിയ ഇടപെടലുകൾ അറിയിക്കാമോ; ധനകമ്മിയുള്ള ക്ഷേമനിധി ബോർഡുകൾക്ക് സർക്കാർ പ്രത്യേക സാമ്പത്തിക സഹായം നൽകിയിരുന്നോ?

കോവിഡ് മഹാമാരിയും തുടർന്നുള്ള ലോക്ഡൗണും കാരണം വരുമാനം നിലച്ച തൊഴിലാളികളുടെ അതിജീവനത്തിനായി സർക്കാരും തൊഴിലാളി ക്ഷേമനിധി ബോർഡുകളും നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സാമ്പത്തിക ഭദ്രത കുറഞ്ഞ ക്ഷേമനിധി ബോർഡുകൾക്ക് സർക്കാർ 1000 രൂപ മുതൽ 3000 രൂപ വരെ

അനുവദിച്ചു നൽകിയിട്ടുണ്ട്. തനത് ഫണ്ടിൽനിന്നും ധനസഹായം അനുവദിക്കുന്ന 5 ക്ഷേമനിധി ബോർഡുകൾ 1000 രൂപ മുതൽ 5000 രൂപവരെ ധനസഹായവും പരമാവധി 10,000 രൂപവരെ വായ്പയും അനുവദിച്ചിരുന്നു. കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ തൊഴിൽ വകുപ്പിന്റെ പരിധിയിലുള്ള ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായിട്ടുള്ള എല്ലാ തൊഴിലാളികൾക്കും ഒന്നാം ഘട്ടത്തിൽ ധനസഹായം നൽകുന്നതിനായി 357,38,97,840 രൂപയും രണ്ടാം ഘട്ടം കോവിഡ് സഹായ വിതരണത്തിനായി 210,32,98,000 രൂപയും സർക്കാർ അനുവദിച്ചു നൽകിയിട്ടുണ്ട്.

(സി) ക്ഷേമനിധി ബോർഡുകളുടെ ശാക്തീകരണത്തിന് അവലംബിക്കാൻ ഉദ്ദേശിക്കുന്ന മാർഗ്ഗങ്ങൾ അറിയിക്കാമോ?

ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി മന്ത്രിതലത്തിൽ ബോർഡുകളുടെ അവലോകന യോഗങ്ങൾ പ്രത്യേകമായി ചേർന്ന് പ്രവർത്തനം വിലയിരുത്തുകയും തുടർന്ന് ബോർഡുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുമുണ്ട്. സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന ക്ഷേമനിധി ബോർഡുകളിലെ അംശദായം വർദ്ധിപ്പിച്ചിട്ടുണ്ട്. ബോർഡുകളുടെ പ്രവർത്തനം സുഗമമാക്കുന്നതിനായി കമ്പ്യൂട്ടറൈസേഷനും ഓൺലൈൻ ഫണ്ട് ട്രാൻസ്ഫർ അടക്കമുള്ള നടപടികളും സ്വീകരിച്ചുവരുന്നു. അതോടൊപ്പം തന്നെ ബോർഡുകൾ നൽകുന്ന ആനുകൂല്യങ്ങൾ കാലോചിതമായി വർദ്ധിപ്പിച്ച് കൂടുതൽ തൊഴിലാളികളെ ബോർഡുകളിലേയ്ക്ക് ആകർഷിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പിനു കീഴിൽ വരുന്ന 16 ക്ഷേമനിധി ബോർഡുകളിലും രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടെ വിവരങ്ങൾ മുഴുവനും അവരുടെ ആധാർ നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ എന്നിവ കൂട്ടിച്ചേർത്ത് ഡിജിറ്റൈസ് ചെയ്യുന്ന പദ്ധതിയായ അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫേസ് സിസ്റ്റത്തിന്റെ (AIIS) വിപുലീകരണം സംബന്ധിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ക്ഷേമനിധി ബോർഡുകളുടെ ശാക്തീകരണത്തിന്റെ ഭാഗമായി 16 ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിച്ച് ആകെ ക്ഷേമനിധി ബോർഡുകളുടെ എണ്ണം 11 ആയി കുറയ്ക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ക്ഷേമനിധി ബോർഡുകളുടെ പുനരുദ്ധാരണത്തിൽ സംയോജനം ഉൾപ്പെടെയുള്ള മാർഗ്ഗങ്ങൾ പരിശോധിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ?

സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിച്ച് ശാക്തീകരിക്കുന്നതുൾപ്പെടെയുള്ള നടപടികൾ സർക്കാർ പരിശോധിച്ചുവരുന്നു.

അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് സാമൂഹ്യ സുരക്ഷ പെൻഷൻ

24 (*83) ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷേമനിധികളിൽനിന്ന് പെൻഷൻ ലഭിക്കുന്നവർക്ക് സാമൂഹ്യ സുരക്ഷ പെൻഷൻ കിട്ടുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

&

(ബി) അറുപത് വയസ്സുവരെ പണമടച്ച തൊഴിലാളികൾക്ക് ക്ഷേമനിധികളിൽ നിന്നും തുച്ഛമായ പെൻഷനാണ് ലഭിക്കുന്നതെന്നതിനാൽ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് സാമൂഹ്യസുരക്ഷ പെൻഷൻ ലഭിക്കാതിരിക്കുന്ന പ്രശ്നം അടിയന്തരമായി പരിഹരിക്കുമോ എന്ന് വിശദമാക്കാമോ?

(എ&ബി) ഉണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സാമൂഹ്യസുരക്ഷാ പെൻഷനും ക്ഷേമനിധി ബോർഡ് പെൻഷനുകളും ഗണ്യമായി വർദ്ധിപ്പിച്ചിട്ടുണ്ട്. 6-2-2017 മുതൽ ഒരു വ്യക്തിക്ക് സാമൂഹ്യസുരക്ഷാ പെൻഷനോ ക്ഷേമനിധി ബോർഡ് പെൻഷനോ ഏതെങ്കിലും ഒരു പെൻഷനു മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളൂ. 6-2-2017-ന് മുൻപ് സാമൂഹ്യ സുരക്ഷാ പെൻഷനും ക്ഷേമനിധി ബോർഡ് പെൻഷനും വാങ്ങിവരുന്നവർക്ക് ക്ഷേമനിധി ബോർഡ് പെൻഷൻ സാധാരണ നിരക്കിലും ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ 600 രൂപ നിരക്കിലും ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്. തനത് ഫണ്ടുപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡിലെ ഗുണഭോക്താക്കൾക്ക് മറ്റൊരു സാമൂഹ്യ സുരക്ഷാ പെൻഷൻ 600 രൂപ നിരക്കിൽ ലഭിക്കുന്നതാണ്. 6-7-2018-ന് മുമ്പ് സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കപ്പെട്ടവർക്ക് ലഭിച്ചുവന്നിരുന്ന ഉയർന്ന നിരക്കിലുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ തുടർന്നും ലഭിക്കുന്നതാണ്. ഇപ്രകാരം അർഹത യുള്ളവർക്കെല്ലാം തന്നെ ക്ഷേമനിധി ബോർഡ് പെൻഷനോടൊപ്പം സാമൂഹ്യ സുരക്ഷാ പെൻഷനും ലഭിക്കുന്നുണ്ട്. സംസ്ഥാനത്തെ 16 ക്ഷേമനിധി ബോർഡുകൾക്ക് പെൻഷൻ നൽകുന്നതിന് പണം ലഭ്യമാക്കുന്നത് സർക്കാരാണ്.

(സി) അസംഘടിത മേഖലയിലെ പ്രസ്തുത തൊഴിലാളികൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷനിലെ കേന്ദ്ര വിഹിതം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാ ഗാന്ധി ദേശീയ വിധവാ പെൻഷൻ, ഇന്ദിരാ ഗാന്ധി ദേശീയ വികലാംഗ പെൻഷൻ എന്നീ മൂന്നിനം സാമൂഹ്യസുരക്ഷാ പെൻഷനുകൾ ലഭിക്കുന്ന ബി.പി.എൽ. വിഭാഗത്തിലുള്ള 688329 ഗുണഭോക്താക്കൾക്ക് മാത്രമാണ് കേന്ദ്ര വിഹിതം ലഭിക്കുന്നത്. കേന്ദ്ര വിഹിതം കാലാനുസൃതമായി വർദ്ധിപ്പിക്കാറില്ല. കേന്ദ്ര വിഹിതംകൂടി ഉൾപ്പെടുത്തി സംസ്ഥാനത്ത് 1600 രൂപ സാമൂഹ്യസുരക്ഷാ പെൻഷനായി വിതരണം ചെയ്യുന്നു. പുതിയതായി പെൻഷൻ അനുവദിക്കുന്നവർക്ക് ഈ വിഹിതം കേന്ദ്രത്തിൽനിന്നും ലഭിക്കാറില്ല. വിവിധ സാമൂഹ്യസുരക്ഷാ പെൻഷനുകൾക്കായുള്ള കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതം അനുബന്ധമായി ചേർക്കുന്നു*.

ഓട്ടോറിക്ഷ ഡ്രൈവർമാർക്കുള്ള സഹായ പദ്ധതി

25 (*84) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പെട്രോൾ വില വർദ്ധനവുമൂലം പ്രയാസം അനുഭവിക്കുന്ന ഓട്ടോറിക്ഷ ഡ്രൈവർമാരെ സഹായിക്കുന്നതിനായി എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ?

ഇന്ധന വിലയിലുണ്ടാകുന്ന വർദ്ധനവ് സംസ്ഥാനത്തെ ഗതാഗത രംഗത്ത് വലിയ പ്രതിസന്ധി സൃഷ്ടിക്കാൻ ഇടയായിട്ടുണ്ട്. ഇന്ധന വില വർദ്ധനവിന്റെ ഏറ്റവും വലിയ ഇരയായിതീർന്നിട്ടുള്ള വിഭാഗത്തിലാണ് ഓട്ടോറിക്ഷ തൊഴിലാളികൾ വരുന്നത്. കോവിഡിനോടനുബന്ധിച്ച് ഏർപ്പെടുത്തിയ അനിവാര്യമായ ലോക്ഡൗൺ ടി തൊഴിലാളികൾക്ക് വലിയ പ്രയാസം വരുത്തിയിട്ടുണ്ട്. കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിട്ട കേരളത്തിലെ മോട്ടോർ തൊഴിലാളികൾക്ക് സമാശ്വാസമെന്ന നിലയിൽ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും 2020-ൽ ഒട്ടേറെ ധനസഹായങ്ങൾ അനുവദിച്ചു നൽകിയിരുന്നു. ആദ്യ ഘട്ടത്തിൽ ഓട്ടോറിക്ഷാ തൊഴിലാളികൾക്ക് 2000 രൂപ വീതവും രണ്ടാംഘട്ട ധനസഹായമെന്ന നിലയിൽ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1000 രൂപ വീതവും മൂന്നാം ഘട്ട ധനസഹായമെന്ന നിലയിൽ 1000 രൂപ വീതവും ബോർഡിന്റെ അടിയന്തര ധനസഹായമായി അനുവദിച്ച് നൽകിയിരുന്നു. ഇത്തരത്തിൽ ഓട്ടോറിക്ഷാ തൊഴിലാളികൾ ഉൾപ്പെടെ, മോട്ടോർ തൊഴിലാളികളെ മുഴുവനായി പരിഗണിക്കുമ്പോൾ ഈ കാലയളവിൽ ആനുകൂല്യവും പെൻഷനും ഇനത്തിൽ 40,37,42,886 രൂപയും കോവിഡ് ധനസഹായമായി മൂന്ന് ഘട്ടങ്ങളിലായി 51,56,27,500 രൂപയും ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിച്ചു നൽകിയിരുന്നു. കൂടാതെ, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതി/ കേരള ആട്ടോറിക്ഷ തൊഴിലാളി ക്ഷേമനിധി പദ്ധതി/കേരള ആട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി എന്നീ പദ്ധതികളിൽ അംഗങ്ങളായ ഉടമ/ തൊഴിലാളികൾക്ക്, 2020 ഏപ്രിൽ മുതൽ 2021 സെപ്റ്റംബർ വരെയുള്ള കാലയളവിലെ ഉടമ/തൊഴിലാളി അംശദായം (ഏകദേശം 300 കോടി രൂപ) സർക്കാർ ഉത്തരവിൻ പ്രകാരം കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ഒഴിവാക്കി നൽകിയിട്ടുണ്ട്. കൂടാതെ താല്പര്യമുള്ള ഓട്ടോറിക്ഷാ ഡ്രൈവർമാർക്ക് കുറഞ്ഞ വിലയിൽ ഇ.എം.സി. ഇലക്ട്രിക് ഓട്ടോറിക്ഷ നൽകുന്നതിന് കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന് കീഴിലുള്ള എനർജി എഫിഷ്യൻസി സർവ്വീസസ് ലിമിറ്റഡ് സബ്സിഡിയറിയായ കൺവർജൻസ് എനർജി സർവ്വീസസ് ലിമിറ്റഡുമായി ചേർന്ന് നടപ്പാക്കുന്നതിനുള്ള പദ്ധതി വിഭാവന ചെയ്യുവരുന്നു.

(ബി) പെട്രോൾ, ഡീസൽ ഓട്ടോകൾക്ക് പകരം വൈദ്യുതി ഉപയോഗിച്ച് ഓടുന്ന വാഹനങ്ങൾ വാങ്ങുന്നതിനായി എന്തെല്ലാം സഹായങ്ങളാണ് അനുവദിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

താല്പര്യമുള്ള ഓട്ടോറിക്ഷ ഡ്രൈവർമാർക്ക് കുറഞ്ഞ വിലയിൽ ഇ.എം.സി. ഇലക്ട്രിക് ഓട്ടോറിക്ഷ നൽകുന്നതിന് കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന് കീഴിലുള്ള എനർജി എഫിഷ്യൻസി സർവ്വീസസ് ലിമിറ്റഡ് സബ്സിഡിയറിയായ കൺവർജൻസ് എനർജി സർവ്വീസസ് ലിമിറ്റഡുമായി ചേർന്ന് നടപ്പാക്കുന്നതിനുള്ള പദ്ധതി വിഭാവന ചെയ്യുവരുന്നു. വൈദ്യുതി ഉപയോഗിച്ച് ഓടിക്കുന്ന ഓട്ടോറിക്ഷകൾക്ക് അവയുടെ രജിസ്ട്രേഷൻ തീയതി മുതൽ ആദ്യത്തെ അഞ്ചുവർഷത്തെ നികുതി 22-4-2020-ലെ GO(P)21/2021/TRANS പ്രകാരം ഒഴിവാക്കി നൽകിയിട്ടുണ്ട്. കൂടാതെ ഇത്തരം വാഹനങ്ങളെ പെർമിറ്റെടുക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. 10-3-2019-ലെ GO(MS) 24/2019/Trans നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അംഗീകരിച്ചിട്ടുള്ള ഇലക്ട്രിക് വാഹനനയം അനുസരിച്ച് ഇലക്ട്രിക് ഓട്ടോറിക്ഷയ്ക്ക് അവയുടെ വിലയുടെ 25% അഥവാ 30000 രൂപ സബ്സിഡിയായി നൽകിവരുന്നു.

തൊഴിൽ അഭിരുചികൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

26 (*85) ശ്രീ. വാഴൂർ സോമൻ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീമതി സി. കെ. ആശ:
ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി മറുപടി നൽകുമോ:

(എ) പൊതുസമൂഹത്തിൽ ശരിയായ തൊഴിൽ സംസ്കാരം വളർത്തിയെടുക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം ഇടപെടൽ നടത്താനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

പൊതുസമൂഹത്തിൽ ശരിയായ തൊഴിൽ സംസ്കാരം വളർത്തിയെടുക്കുന്നതിന് ഈ സർക്കാർ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന വിവിധങ്ങളായ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ മൃദു നൈപുണ്യ പരിശീലനം നൽകിക്കൊണ്ട് സ്വകാര്യ മേഖലയിലെ തൊഴിലിന് പ്രാപ്തരാക്കുന്നതിനായി എംപ്ലോയബിലിറ്റി സെന്ററുകളും കരിയർ സംബന്ധമായ എല്ലാ പ്രശ്നങ്ങൾക്കും ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിന് കരിയർ ഡെവലപ്മെന്റ് സെന്ററുകളും മോഡൽ കരിയർ സെന്ററുകളും ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. കൂടാതെ, ടി സെന്ററുകൾ മുഖേന ജോബ്ഫെയർ/ പ്ലേസ്മെന്റ് ഡ്രൈവ്, മേഖലാടിസ്ഥാനത്തിൽ നിയുക്തി മെഗാ ജോബ് ഫെയർ എന്നിവയും സംഘടിപ്പിച്ചു വരുന്നു. ഇതോടൊപ്പം ഉയർന്ന തോതിലുള്ള തൊഴിലില്ലായ്മയും യോഗ്യതയ്ക്കനുസരിച്ചുള്ള തൊഴിലിന്റെ ദൗർലഭ്യവും കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ അഞ്ച് സ്വയം തൊഴിൽ പദ്ധതികളും നടപ്പാക്കിവരുന്നു. കൂടാതെ, തൊഴിൽരഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന്റെ മഹത്വത്തെപ്പറ്റിയും വകുപ്പ് മുഖാന്തരം നടപ്പാക്കുന്ന വിവിധ സ്വയം തൊഴിൽ പദ്ധതികളെപ്പറ്റിയും ബോധവാന്മാരാക്കുന്നതിന് പതിനാല് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പ്രവർത്തിക്കുന്ന സ്വയംതൊഴിൽ വിഭാഗത്തിന്റെ നേതൃത്വത്തിൽ സ്വയം തൊഴിൽ ശിൽപ്പശാല സംഘടിപ്പിക്കാനും ഉദ്ദേശിക്കുന്നുണ്ട്.

(ബി) വിദ്യാർത്ഥികൾക്ക് തൊഴിലിന്റെ മഹത്വം മനസ്സിലാക്കിക്കൊടുക്കുന്നതിനായി കർമ്മചാരി പദ്ധതി പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) വിദ്യാർത്ഥികൾക്ക് തൊഴിലിന്റെ മഹത്വം മനസിലാക്കുന്ന രീതിയിൽ പഠനത്തോടൊപ്പം തന്നെ സാധ്യതാ തൊഴിൽ മേഖലകളുമായി പരിചയം ഉണ്ടാകാനുതകുന്ന സാഹചര്യം സൃഷ്ടിക്കുമോ; വ്യക്തമാക്കുമോ;

&

(ഡി) ഭാവിയിലെ തൊഴിൽ സാഹചര്യങ്ങൾ മുന്നിൽക്കണ്ട് വിദ്യാർത്ഥികളുടെ തൊഴിൽ അഭിരുചികൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി-ഡി) വിദ്യാർത്ഥികൾക്ക് തൊഴിലിന്റെ മഹത്വം മനസ്സിലാക്കി കൊടുക്കുന്നതിനും പഠനത്തോടൊപ്പം തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നതിനുമായി തൊഴിൽ വകുപ്പ് 'കർമ്മചാരി പദ്ധതി' നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. 9, 11 എന്നീ ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് ഒരു അദ്ധ്യയന വർഷത്തിലെ 25 ശനിയാഴ്ചകളിൽ 2 മണിക്കൂർ വീതം (ആകെ 50 മണിക്കൂർ) പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, വാണിജ്യ സ്ഥാപനങ്ങൾ എന്നീ തൊഴിൽ മേഖലകളിൽ തൊഴിലവസരങ്ങൾ നൽകുകയും അവർക്ക് വേതനം ലഭ്യമാക്കുകയും ചെയ്യുന്നു. ഇതിലൂടെ തൊഴിലെടുത്ത് സമ്പാദിക്കുക എന്ന ആശയം വിദ്യാർത്ഥികളിൽ ഉണ്ടാകുന്നു. കൂടാതെ, വിദ്യാർത്ഥികളുടെ തൊഴിൽ അഭിരുചി പ്രോത്സാഹിപ്പിക്കുന്നതിന് കരിയർ ഡെവലപ്മെന്റ് സെന്റർ പദ്ധതി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് മുഖേന നടപ്പിലാക്കിവരുന്നുമുണ്ട്.

അതിഥി തൊഴിലാളികളുടെ ക്ഷേമം

27 (*86) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അതിഥി തൊഴിലാളികളുടെ ക്ഷേമവും നിയന്ത്രണവും സാധ്യമാക്കുന്ന തരത്തിൽ ഡാറ്റാ ബേസ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്തെ അതിഥി തൊഴിലാളികളുടെ ക്ഷേമവും നിയന്ത്രണവും സാധ്യമാകുന്ന തരത്തിൽ "അതിഥി ആപ്പ്" എന്ന മൊബൈൽ ആപ്ലിക്കേഷൻ നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നുണ്ട്. കേരളത്തിൽ വന്ന് ജോലി ചെയ്യാൻ ആഗ്രഹിക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്കാവശ്യമായ സൗകര്യങ്ങൾ നൽകുന്നതിനായാണ് ഈ മൊബൈൽ ആപ്ലിക്കേഷൻ ഡെവലപ് ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളത്. 2020-ലെ കോവിഡ്-19 മഹാമാരിയെ തുടർന്ന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിച്ച ലോക്ഡൗണിനുശേഷം ഭൂരിഭാഗം തൊഴിലാളികളും സ്വദേശത്തേയ്ക്ക് മടങ്ങിയിരുന്നു. എന്നാൽ ലോക്ഡൗൺ ഇളവുകൾ പ്രഖ്യാപിച്ച അവസരത്തിൽ

കേരളത്തിലെത്തിയ ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരം തൊഴിൽ വകുപ്പ് ശേഖരിച്ചിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ട് തൊഴിൽ വകുപ്പ് നടപ്പാക്കിവരുന്ന ആവാസ് പദ്ധതിയിൽ 509451 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആവാസ് പദ്ധതിയിൽ അംഗമാകുന്ന ഓരോരുത്തർക്കും 25,000 രൂപയുടെ സൗജന്യ ഇൻപേഷ്യന്റ് ചികിത്സ സംസ്ഥാനത്തെ ചിസ് പ്ലസ് പദ്ധതിയിൽ എംപാനൽ ചെയ്ത എല്ലാ സർക്കാർ ആശുപത്രികളിൽ നിന്നും ലഭ്യമാകുന്നു. ആരോഗ്യ ഇൻഷ്വറൻസിനൊപ്പം അംഗങ്ങൾക്ക് 2,00,000 രൂപയുടെ അപകട മരണ ഇൻഷ്വറൻസും പദ്ധതിയിൽ ഉറപ്പുവരുത്തുന്നുണ്ട്. ചികിത്സാ പരിധിയിൽ പ്രസവ സംബന്ധമായ ചികിത്സ ഉൾപ്പെടുത്തിയിട്ടുണ്ട്. അപകടംമൂലമുണ്ടാകുന്ന അംഗവൈകല്യത്തിന് 1,00,000 രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷയും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) അതിഥി തൊഴിലാളികളുടെ ഡാറ്റാ ബേസ് തയ്യാറാക്കുന്നതിലൂടെ ഇത് റേഷൻ കാർഡ് മാനേജ്മെന്റ് സിസ്റ്റവുമായി ബന്ധപ്പെടുത്താൻ കഴിയുമോ; വ്യക്തമാക്കാമോ?

അതിഥിത്തൊഴിലാളികളുടെ ഡാറ്റാ ബേസ് റേഷൻകാർഡ് മാനേജ്മെന്റ് സിസ്റ്റവുമായി ബന്ധിപ്പിക്കാൻ നിലവിൽ സാധിക്കുന്നതല്ല. എന്നാൽ "One Nation One Ration Card" പദ്ധതിയുടെ ഭാഗമായി Integrated Management of Public Distribution System (IMPDS) പദ്ധതി പ്രകാരം ആസ്സാം, പശ്ചിമബംഗാൾ, ഛത്തീസ്ഗഢ് എന്നിവ ഒഴികെയുള്ള സംസ്ഥാനങ്ങളിലെ NFSA (എ.എ.വൈ, മുൻഗണനാ) കാർഡുടമകൾക്ക് മേൽപ്പറഞ്ഞവ ഒഴികെയുള്ള എല്ലാ സംസ്ഥാനങ്ങളിലെയും ഇ-പോസ് സ്ഥാപിച്ചിട്ടുള്ള ഏത് റേഷൻ കടയിൽ നിന്നും ആധാർ ആതന്റിക്കേഷൻ മുഖേന NFSA പ്രകാരമുള്ള റേഷൻ വിഹിതം കൈപ്പറ്റാവുന്നതാണ്.

(സി) അതിഥി തൊഴിലാളികളുടെ ക്ഷേമവും നിയന്ത്രണവും സാധ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് പരിഗണനയിലുള്ളതെന്ന് അറിയിക്കാമോ?

കേരളത്തിൽ വന്ന് തൊഴിലെടുക്കുന്ന അതിഥി തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനായി കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി നിലവിൽ കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന് കീഴിൽ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ ഇതര സംസ്ഥാന തൊഴിലാളികൾക്കായി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ ആവാസ്, പാർപ്പിട പദ്ധതികളായ അപ്നാഘർ, ആലയ് പദ്ധതികളും നിലവിലുണ്ട്.

(ഡി) അതിഥി തൊഴിലാളികൾക്ക് പറഞ്ഞ് ഉറപ്പിക്കുന്ന വേതനം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

1948-ലെ മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെട്ട എല്ലാ തൊഴിൽ മേഖലകളിലും ജോലി ചെയ്യുന്ന അതിഥി തൊഴിലാളികൾ ഉൾപ്പെടെയുള്ള എല്ലാ തൊഴിലാളികൾക്കും സർക്കാർ വിജ്ഞാപനം ചെയ്ത മിനിമം വേതനം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താറുണ്ട്. ഇക്കാര്യം തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ഇൻസ്പെക്ടർമാർ ഉറപ്പുവരുത്തുന്നുണ്ട്. മിനിമം വേതനം നൽകാത്ത തൊഴിലുടമകൾക്കെതിരെ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

ഡിജിറ്റൽ-ഓൺലൈൻ ക്ലാസുകൾ

28 (*87) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. പി. ടി. തോമസ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി മറുപടി നൽകുമോ:

(എ) സ്മാർട്ട് ഫോണുകൾ ഇല്ലാത്തതിനാൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ ഡിജിറ്റൽ, ഓൺലൈൻ ക്ലാസ്സുകൾ നഷ്ടപ്പെടുന്ന വിദ്യാർത്ഥികളുടെ എണ്ണം ഇതര വിഭാഗങ്ങളേക്കാൾ കൂടുതലാണെന്ന് എസ്.സി.ഇ.ആർ.ടി.-യുടെ പഠനത്തിൽ കണ്ടെത്തിയിട്ടുണ്ടോ?

കോവിഡ്-19 കാലഘട്ടത്തിൽ കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികളുടെ അക്കാദമികവും മനോ-സാമൂഹികവുമായ അവസ്ഥയെക്കുറിച്ച് എസ്.സി.ഇ.ആർ.ടി.-യും തിരുവനന്തപുരം സർക്കാർ വനിതാ കോളേജിലെ സൈക്കോളജിക്കൽ റിസോഴ്സ് സെന്ററും സംയുക്തമായി ഒരു ഗവേഷണ പഠനം നടത്തുകയുണ്ടായി. പ്രസ്തുത പഠനത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികളുടെ ഉപകരണ ലഭ്യതയും അവർ ക്ലാസ്സുകളിൽ പങ്കെടുക്കുന്നതിന്റെ തോതും ഇതര വിഭാഗങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ നേരിയ തോതിൽ കുറവാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ബി) ഇപ്രകാരമുള്ള ഡിജിറ്റൽ വിഭജനംമൂലം എത്ര ശതമാനം വിദ്യാർത്ഥികളാണ് വിദ്യാഭ്യാസ രംഗത്തുനിന്ന് അകറ്റി നിർത്തപ്പെടുന്നതെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി വിഭാഗത്തിലെ കുട്ടികളിൽ ആകെ ക്ലാസ്സുകളുടെ 90 ശതമാനത്തിലധികം വിക്ടേഴ്സ് ക്ലാസ്സുകൾ കണ്ടവർ 35.5%; 50%-90 % വരെ കണ്ടവർ 40.4%; 25%-50% വരെ ക്ലാസ്സുകൾ കാണാൻ കഴിഞ്ഞവർ 17.5 ശതമാനവുമാണ്.

ഇത് പട്ടികവർഗ്ഗ വിഭാഗത്തിൽ യഥാക്രമം 26.31%, 52.6%, 10.5% എന്നിങ്ങനെയാണ്. പാഠഭാഗങ്ങൾ മനസ്സിലാക്കാനുള്ള ബുദ്ധിമുട്ടും ഇന്റർനെറ്റ് റീചാർജ് ചെയ്യാനുള്ള ബുദ്ധിമുട്ടും കാരണം ക്ലാസ്സുകളിൽ പങ്കെടുക്കാത്തവർ ആകെ വിദ്യാർത്ഥികളുടെ 12.3 ശതമാനമാണ്. ഇത് പട്ടികജാതി വിഭാഗത്തിൽ 22.89 ശതമാനമാണ്.

(സി) ഈ അവസ്ഥ ഭാവിതലമുറയെ ദോഷകരമായി ബാധിക്കുന്നതാകയാൽ സാമൂഹ്യനീതി ഉറപ്പാക്കി പ്രസ്തുത പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്. ആദിവാസി മേഖലയിലുൾപ്പെടെ സംസ്ഥാനത്തെ എല്ലാ വിഭാഗം കുട്ടികൾക്കും ഡിജിറ്റൽ വിദ്യാഭ്യാസത്തിനും ഓൺലൈൻ ക്ലാസ്സുകൾക്കും സംവിധാനങ്ങൾ ഒരുക്കിക്കൊണ്ടാണ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നത്. ഇതിനായി ഉപകരണങ്ങളുടെയും ഇന്റർനെറ്റ് കണക്ടിവിറ്റിയുടെയും ലഭ്യത ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.

(ഡി) ഇന്റർനെറ്റ് സംവിധാനങ്ങളുടെയും മറ്റ് പശ്ചാത്തല സൗകര്യങ്ങളുടെയും അഭാവത്തിൽ പഠനം നഷ്ടമാകുന്ന മലയോര പ്രദേശങ്ങളിലെയും പട്ടികവർഗ്ഗ മേഖലകളിലെയും വിദ്യാർത്ഥികൾക്ക് പഠന സൗകര്യങ്ങൾ ഉറപ്പാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ എല്ലാ വിഭാഗം കുട്ടികൾക്കും ഡിജിറ്റൽ പഠനവും ഓൺലൈൻ പഠനവും ഉറപ്പുവരുത്തുന്നതിന് മുന്തിയ പരിഗണന നൽകിയുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. പിന്നാക്ക പ്രദേശങ്ങളിലും ആദിവാസി മേഖലയിലെ കുട്ടികൾക്കും ഡിജിറ്റൽ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിന് ഉപകരണങ്ങളും കണക്ടിവിറ്റിയും ഒരുക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ ഡിജിറ്റൽ ഉപകരണങ്ങളില്ലാത്ത പട്ടികവർഗ്ഗ വിഭാഗം കുട്ടികൾക്ക് കേരളാ ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) വഴി സ്കൂളുകൾക്ക് വിതരണംചെയ്ത കമ്പ്യൂട്ടറുകൾ തിരിച്ചെടുത്ത് ആവശ്യാനുസരണം വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ലാപ്ടോപ്പുകൾ ശേഖരിച്ച് ഘട്ടംഘട്ടമായി കുട്ടികൾക്ക് സ്കൂളുകൾ മുഖേന വിതരണം ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ രംഗത്തെ പ്രവർത്തന മികവ്

29 (*88) ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. വി. കെ. പ്രശാന്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ രംഗത്തെ പ്രവർത്തന മികവ് സൂചികയിൽ (പെർഫോമൻസ് ഗ്രേഡിംഗ് ഇൻഡെക്സ്) മുൻകാലങ്ങളിലെപോലെ 2019-20 വർഷത്തിലും സംസ്ഥാനത്തിന് ഒന്നാം സ്ഥാനം ലഭിച്ചിരുന്നോ എന്നറിയിക്കാമോ?

മുൻവർഷങ്ങളിലെപോലെ ഭാരത സർക്കാരിന്റെ വിദ്യാഭ്യാസ മന്ത്രാലയം 2019-20 വർഷത്തെ പ്രവർത്തന മികവ് സൂചിക (പി.ജി.ഐ. ഇൻഡക്സ്) പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേരളം അതിൽ 901-950 സ്കോർ നേടിയവർക്കായുള്ള ശ്രേണിയിലാണ്. ഈ ശ്രേണിയാണ് ഒന്നാം സ്ഥാനത്തുള്ള ശ്രേണി. മുൻവർഷങ്ങളിലും ഒന്നാം സ്ഥാനത്തുള്ള ശ്രേണിയിൽ തന്നെയായിരുന്നു കേരളം.

(ബി) പ്രധാനമായും എന്തെല്ലാം ഘടകങ്ങൾ വിലയിരുത്തിക്കൊണ്ടാണ് പ്രസ്തുത സൂചിക തയ്യാറാക്കുന്നതെന്ന് വ്യക്തമാക്കുമോ?

പ്രധാനമായും ചുവടെ പറയുന്ന പ്രധാന ഘടകങ്ങൾ വിലയിരുത്തിയാണ് പെർഫോർമൻസ് ഗ്രേഡിംഗ് ഇൻഡെക്സ് തയ്യാറാക്കുന്നത്. കുട്ടികൾക്ക് വിദ്യാഭ്യാസത്തിന്റെ പ്രാപ്യത, പൊതു വിദ്യാഭ്യാസ മേഖലയിലെ ഭരണ നിർവ്വഹണം, വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ, ഫലപ്രാപ്തി, തുല്യത (ഇക്വിറ്റി), സമഗ്രശിക്ഷാ പദ്ധതി പ്രവർത്തനങ്ങളുടെ ഗുണനിലവാരം.

(സി) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ മേഖലയിൽ അടിസ്ഥാന സൗകര്യവും അദ്ധ്യയന നിലവാരവും വർദ്ധിപ്പിക്കാൻ കഴിഞ്ഞ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ?

ഉണ്ട്.

അടിസ്ഥാന സൗകര്യ വികസനം:

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി 141 സ്കൂളുകൾക്ക് 5 കോടി രൂപ വീതവും 386 സ്കൂളുകൾക്ക് 3 കോടി രൂപ

വീതവും 446 സ്കൂളുകൾക്ക് 1 കോടി രൂപ വീതവും എയ്ഡഡ് വിദ്യാലയങ്ങൾക്ക് ചാലഞ്ച് ഫണ്ടും 59 വിദ്യാലയങ്ങൾക്ക് നബാർഡ് സ്കീമിൽ 104 കോടി രൂപയും പ്ലാൻ ഫണ്ടിലൂടെ 1100-ഓളം വിദ്യാലയങ്ങളിൽ ഭൗതിക സൗകര്യ വികസനത്തിനും നടപടി സ്വീകരിച്ചു. കൂടാതെ SSK, തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ട്, ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്, പൂർവ്വ വിദ്യാർത്ഥി ഫണ്ട് തുടങ്ങിയവ ഭൗതിക സൗകര്യ വികസനത്തിനായി പ്രയോജനപ്പെടുത്തി. 5 കോടി രൂപയുടെ കിഫ്ബി ഫണ്ടിലുൾപ്പെട്ട 108 സ്കൂൾ കെട്ടിടങ്ങളും 3 കോടി രൂപയുടെ കിഫ്ബി ഫണ്ടിലുൾപ്പെട്ട 77 സ്കൂൾ കെട്ടിടങ്ങളും നിർമ്മാണം പൂർത്തിയാക്കി. ശേഷിക്കുന്ന സ്കൂളുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്.

സാങ്കേതികവിദ്യ

ആധുനിക സാങ്കേതികവിദ്യയുടെ പിന്തുണ ഉറപ്പാക്കാൻ സെക്കണ്ടറി, ഹയർ സെക്കണ്ടറി എന്നിവയുടെ എല്ലാ ക്ലാസ് മുറിയും സാങ്കേതിക വിദ്യാ സൗഹൃദമാക്കി. മുഴുവൻ പ്രൈമറി വിദ്യാലയങ്ങളിലും കമ്പ്യൂട്ടർ ലാബ് സ്ഥാപിച്ചു. 4752 സ്കൂളുകളിൽ ഐ.ടി. അടിസ്ഥാന സൗകര്യം, 14,000 സ്കൂളുകളിൽ ബ്രോഡ്ബാന്റ് ഇന്റർനെറ്റ്, 45,000 ക്ലാസ്സ് മുറികൾ ഹൈടെക്കായി മാറി, പ്രൈമറി സ്കൂളുകളിൽ പ്രൈമറി ഹൈടെക് ലാബ് പദ്ധതി നടപ്പാക്കി. 1 മുതൽ 12 വരെയുള്ള ക്ലാസുകൾക്കായി 119,054 ലാപ്ടോപ്പ്, 69943 പ്രൊജക്ടർ, 4578 ഡി.എസ്.എൽ.ആർ. ക്യാമറ, 4545 ടി.വി., 4611 മൾട്ടി ഫങ്ഷൻ പ്രിന്റർ, 23098 സ്ക്രീൻ, 4720 വെബ്ക്യാം, 100472 യു.എസ്.ബി. സ്പീക്കർ, 43250 മൗണ്ടിംഗ് കിറ്റ് തുടങ്ങിയ ഐ.ടി. ഉപകരണങ്ങൾ വിന്യസിച്ചു. സാങ്കേതികവിദ്യയിൽ അദ്ധ്യാപകർക്കും കുട്ടികൾക്കുമുണ്ടായ മുൻപരിചയം ലോക്ഡൗൺ കാലത്ത് വലിയ തോതിൽ പ്രയോജനപ്പെടുത്താൻ കഴിഞ്ഞു. സാങ്കേതികവിദ്യ ഫലപ്രദമായി ക്ലാസ്സ് മുറികളിൽ പ്രയോജനപ്പെടുത്താൻ സമഗ്ര പോർട്ടൽ തയ്യാറാക്കി. മഹാമാരി കാലത്ത് ഡിജിറ്റൽ ക്ലാസ്സുകളെ കുട്ടികൾ എങ്ങനെ അഭിമുഖീകരിക്കുമെന്ന് ലോകം ചിന്തിച്ചു കൊണ്ടിരിക്കുമ്പോൾ കേരളത്തിന്റേതായ അനന്യമാതൃക വികസിപ്പിച്ചു. കുട്ടികളെ കർമ്മോത്സുകരാക്കാനും പഠന പാതയിൽ നിലനിർത്താനും 2020 ജൂൺ 1-ന് തന്നെ ഫസ്റ്റ് ബെൽ ഡിജിറ്റൽ ക്ലാസുകൾ വിക്ടേഴ്സ് ചാനലിലൂടെ ആരംഭിച്ചു. ഡിജിറ്റൽ സൗകര്യമില്ലാത്ത കുട്ടികൾക്ക് സൗകര്യമുണ്ടാക്കിക്കൊടുക്കണമെന്ന സർക്കാരിന്റെ അഭ്യർത്ഥന കേരളീയ സമൂഹം നെഞ്ചിലേറ്റി നടപ്പാക്കി. കോടിക്കണക്കിന് രൂപ മൂല്യമുള്ള പതിനായിരത്തിലേറെ ഡിജിറ്റൽ ഉപകരണങ്ങൾ സാമൂഹികമായി സ്വരൂപിച്ച് മുഴുവൻ കുട്ടികൾക്കും ഡിജിറ്റൽ

ക്ലാസ്സുകൾ വീക്ഷിക്കാനുള്ള സൗകര്യമൊരുക്കി. ഭിന്നശേഷിയുള്ള കുട്ടികൾക്ക് യൂട്യൂബിലൂടെ വൈറ്റ് ബോർഡ് ക്ലാസ്സുകൾ ഒരുക്കി. കന്നട, തമിഴ് മാധ്യമം കുട്ടികൾക്കും ക്ലാസ്സുകൾ ഒരുക്കി. വൊക്കേഷണൽ വിഷയങ്ങൾക്കും ഡിജിറ്റൽ ക്ലാസ്സുകൾ ഉറപ്പാക്കി.

അക്കാദമികം

സ്കൂളിന്റെ സമഗ്ര വികസനത്തെ കണ്ടുകൊണ്ട് അക്കാദമിക് മാസ്റ്റർപ്ലാൻ തയ്യാറാക്കി. ഗുണത ഉറപ്പാക്കാൻ വൈവിധ്യമാർന്ന അക്കാദമിക് പ്രവർത്തനങ്ങൾ നടത്തി. ഭാഷാ വികാസത്തിനായി പഠന പിന്തുണ ആവശ്യമുള്ള കുട്ടികൾക്കായി മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, സുരീലി ഹിന്ദി തുടങ്ങിയ പ്രവർത്തനങ്ങളും ഗണിതശാസ്ത്രം, സാമൂഹ്യ ശാസ്ത്രം, ശാസ്ത്രം, കല, കായികം തുടങ്ങി എല്ലാ മേഖലകളിലും സർവ്വതല സ്പർശിയായ പ്രവർത്തനങ്ങളും നടത്തി. വിവിധ ഏജൻസികൾ നടത്തുന്ന പഠന പിന്തുണ പ്രവർത്തനങ്ങൾക്കായി 'ശ്രദ്ധ' എന്ന പൊതു പ്ലാറ്റ്ഫോം രൂപപ്പെടുത്തി. കാലഘട്ടം ഉയർത്തുന്ന വെല്ലുവിളികളെ ഫലപ്രദമായി ചെറുക്കുന്നതിനുള്ള അറിവും കഴിവും മനോഭാവവും വികസിപ്പിക്കുന്നതോടൊപ്പം അതത് ക്ലാസ്സുകളിൽ കുട്ടികൾ ആർജ്ജിക്കേണ്ട പാഠ്യപദ്ധതി ഉദ്ദേശ്യങ്ങൾ നേടുക എന്നത് ലക്ഷ്യമായി നിശ്ചയിച്ചു. അതിന്റെ ഭാഗമായി ശാസ്ത്ര മേഖലയിൽ ജനകീയ ഗണിതോത്സവം, ശാസ്ത്രപഥം എന്നീ പദ്ധതികൾ, സെക്കണ്ടറി തലത്തിലെ ഇംഗ്ലീഷ് ഭാഷാ പഠനം മെച്ചപ്പെടുന്നത് ലക്ഷ്യമിട്ട് ഗവേഷണാടിസ്ഥാനത്തിൽ 'റെലീഷ് ഇംഗ്ലീഷ് എന്ന പദ്ധതി', ഇംഗ്ലീഷ് ഭാഷാ പഠനത്തിന്റെ കാര്യത്തിൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ ഇ കൃബ് (E3) പദ്ധതി എന്നിവ നടപ്പാക്കി. ഹയർ സെക്കണ്ടറി വിഭാഗം അദ്ധ്യാപകർക്കായി 10 ദിവസം നീണ്ടുനിന്ന റെസിഡൻഷ്യൽ അദ്ധ്യാപക പരിവർത്തന പദ്ധതി നടപ്പാക്കി. കുട്ടികളിലെ വ്യത്യസ്തങ്ങളായ പ്രതിഭകളെ കണ്ടെത്താനും അവ പരിപോഷിപ്പിക്കാനുംവേണ്ടി 'ടാലന്റ് ലാബ്', വിദ്യാലയങ്ങളിൽ കുട്ടികളുടെ സർഗ്ഗശേഷി വർദ്ധിപ്പിക്കാൻ 'സർഗ്ഗവിദ്യാലയ' പദ്ധതി, ദൃശ്യ പരിമിതിയുള്ള കുട്ടികൾക്കായി ഓഡിയോ പാഠങ്ങൾ, കുട്ടികളെ അക്കാദമികമായി സഹായിക്കാനും അവർക്കുണ്ടാകുന്ന വ്യക്തിപരമായ പ്രശ്നങ്ങളടക്കം മനസ്സിലാക്കി പരിഹരിക്കാനും സഹായകമായ 'മെന്ററിംഗ് പദ്ധതി' എന്നിവ ആവിഷ്കരിക്കുകയും അതിനായി 'സഹിതം' ഡിജിറ്റൽ പോർട്ടൽ വികസിപ്പിക്കുകയും ചെയ്തു. ഭിന്നശേഷിയുള്ള കുട്ടികൾക്കായി പ്രത്യേക കരിക്കുലം, കൈപ്പുസ്തകം എന്നിവ വികസിപ്പിക്കുകയും അദ്ധ്യാപകർക്ക് പരിശീലനം നൽകുകയും ചെയ്തു. സമൂഹത്തിലെ പ്രതിഭകളെ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിനായി ഏറെ ശ്രദ്ധിക്കപ്പെട്ട 'വിദ്യാലയം പ്രതിഭകളിലേക്ക്' എന്ന

പ്രവർത്തനം വിപുലമായി നടത്തി. രക്ഷാകർതൃ ബോധവൽക്കരണത്തിനായി എസ്.സി.ഇ.ആർ.ടി 'നന്മ പൂക്കുന്ന നാളേയ്ക്ക് ' എന്ന പുസ്തകം തയ്യാറാക്കി പരിശീലനം നൽകി. വിദ്യാഭ്യാസ രംഗത്തുണ്ടായ മുന്നേറ്റം വിദ്യാലയങ്ങളിൽ മാത്രമല്ല സമൂഹത്തിലാകെ പ്രസരിച്ചിട്ടുണ്ട്. വിദ്യാലയങ്ങളുടെ എല്ലാവിധ മെച്ചപ്പെടുത്തൽ പ്രവർത്തനങ്ങളിലും സമൂഹപിന്തുണയും പങ്കാളിത്തവും ഉറപ്പാക്കി. ഭരണനിർവ്വഹണം മെച്ചപ്പെടുത്താനായി ഡി.പി.ഐ., ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി ഡയറക്ടറേറ്റുകൾ എന്നിവ ഏകോപിപ്പിച്ച് എല്ലാ ഡയറക്ടറേറ്റുകളേയും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരിധിയിൽ കൊണ്ടുവന്നു. എയ്ഡഡ് മേഖലയിലെ അദ്ധ്യാപക, അദ്ധ്യാപകേതര ജീവനക്കാരുടെ നിയമനാംഗീകാരവും തസ്തിക നിർണ്ണയവും കൂടുതൽ സുതാര്യമാക്കി. ഇതിനായി 'സമന്വയ' പോർട്ടൽ വികസിപ്പിച്ചു. കഴിഞ്ഞ സർക്കാർ നിർത്തിവച്ചിരുന്ന ഹയർസെക്കണ്ടറി പ്രിൻസിപ്പൽ നിയമനം സമയബന്ധിതമായി നടപ്പാക്കി. മാനദണ്ഡം പാലിച്ച് ഓൺലൈൻ സ്ഥലം മാറ്റം സ്കൂൾ വർഷാരംഭത്തിന് മുമ്പുതന്നെ പൂർത്തീകരിക്കുന്ന അവസ്ഥ സംജാതമാക്കാനും കഴിഞ്ഞു.

നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ പൊതുവിദ്യാലയങ്ങളെ ജനകീയ പങ്കാളിത്തത്തോടെ സംരക്ഷിച്ച് ഏറ്റവും മികച്ച വിദ്യാലയങ്ങളായി മാറ്റിയെടുക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന കാഴ്ച്ചപ്പാടിനെ ജനകീയമാക്കി. പൊതുവിദ്യാലയങ്ങളിലുണ്ടായ ഉണർവ്വും അതുണ്ടാക്കിയ അന്തരീക്ഷവും അൺഎയ്ഡഡ് വിദ്യാലയങ്ങളിൽനിന്നും മറ്റ് സ്വകാര്യ വിദ്യാലയങ്ങളിൽ നിന്നും കുട്ടികളെ മാറ്റി പൊതുവിദ്യാലയങ്ങളിൽ ചേർക്കാൻ രക്ഷിതാക്കൾക്ക് പ്രേരകമായി. 2017-18 മുതൽ 2020 -21 വരെ നാല് അക്കാദമിക വർഷങ്ങളിലായി 6.8 ലക്ഷം കുട്ടികൾ അധികമായി പൊതു വിദ്യാലയങ്ങളിലെത്തി. അക്കാദമിക രംഗത്തെ മുന്നേറ്റത്തിന്റെ അംഗീകാരമാണ് നീതി ആയോഗ് നടത്തിയ ഗുണനിലവാര പഠനത്തിൽ (SEQI) നമുക്ക് ലഭിച്ച ഒന്നാം സ്ഥാനം. ഇന്ത്യയിലെ പ്രഥമ സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനമായി കേരളം മാറി. ഇതിന്റെ പ്രഖ്യാപനം 2020 ഒക്ടോബർ 12-ന് നടന്നു. സർക്കാർ യു.പി. സ്കൂളുകളിൽ 2685 കലാ-കായിക പ്രവൃത്തി പരിചയ അദ്ധ്യാപകരെ സമഗ്രശിക്ഷാ കേരളം വഴി നിയമിച്ചു. ഭിന്നശേഷിയുള്ള കുട്ടികളുടെ സേവനത്തിനായി 2160 റിസോഴ്സ് അദ്ധ്യാപകരെ (സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സ്) നിയമിച്ചു. ഉച്ചഭക്ഷണം പാകം ചെയ്യാൻ എല്ലാ വിദ്യാലയങ്ങൾക്കും എൽ.പി.ജി. സൗകര്യം ഒരുക്കുകയും പാചകത്തൊഴിലിയും പാചക ചെലവിനുള്ള തുകയും വർദ്ധിപ്പിക്കുകയും ചെയ്തു. ഉച്ചഭക്ഷണ ഗുണമേന്മ ഉറപ്പാക്കാൻ ഭക്ഷ്യ വസ്തുക്കളുടെയും കുടിവെള്ളത്തിന്റെയും ലബോറട്ടറി പരിശോധന ഉറപ്പാക്കി. 1 മുതൽ 8 വരെ ക്ലാസ്സുകളിൽ എല്ലാ കുട്ടികൾക്കും

എ.പി.എൽ./ബി.പി.എൽ. ഭേദമെന്യേ സൗജന്യ യൂണിഫോം നൽകി. പാഠപുസ്തക വിതരണം സമയബന്ധിതമാക്കി. ആഗോള താപനം, കാലാവസ്ഥാ വ്യതിയാനം എന്നിവയുടെ പശ്ചാത്തലത്തിൽ ജൈവവൈവിധ്യ സംരക്ഷണം, കൃഷി, പരിസ്ഥിതി എന്നിവയെല്ലാം ഉദ്ഗ്രഥിച്ചുകൊണ്ട് 'ക്യാമ്പസ് ഒരു പാഠപുസ്തകം' എന്ന സങ്കൽപ്പം യാഥാർത്ഥ്യമാക്കി. എല്ലാ വിദ്യാലയങ്ങളിലും ജൈവവൈവിധ്യ ഉദ്യാനം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിൽ സമഗ്ര മാറ്റം, എല്ലാ വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളുകളിലും എൻ.എസ്.കൃ.എഫ്. (നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിം വർക്ക്) എന്നിവയും നടപ്പിലാക്കി.

(ഡി) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസരംഗത്തെ കൂടുതൽ ശാക്തീകരിക്കാൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കോവിഡ്-19 ഉയർത്തിയ വിദ്യാഭ്യാസപരവും അക്കാദമികവുമായ പ്രശ്നങ്ങളെ അഭിമുഖീകരിക്കാനാവശ്യമായ സവിശേഷ ഇടപെടൽ ആവശ്യമായി വരും. അതോടൊപ്പം 2020-21 വർഷത്തെ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ ഡിജിറ്റൽ ക്ലാസ്സുകൾ കൂടുതൽ കാര്യക്ഷമവും ആകർഷകവുമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി ക്ലാസ്സുകൾ ആകർഷകമാക്കുന്നതിനുള്ള വ്യത്യസ്ത ആശയങ്ങൾ ഡിജിറ്റൽ ക്ലാസ്സുകളിൽ ഉൾച്ചേർക്കുന്നതിനുള്ള മാർഗ്ഗരേഖ തയ്യാറാക്കുന്നുണ്ട്. സാങ്കേതികവിദ്യയുടെ നൂതന സാദ്ധ്യതകൾകൂടി പ്രയോജനപ്പെടുത്തി ക്ലാസ്സുകൾ കൂടുതൽ ആകർഷകമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ ഏജൻസികൾ നടത്തുന്നുണ്ട്. ഓൺലൈൻ ക്ലാസ്സുകൾ യാഥാർത്ഥ്യമാക്കാനുള്ള സ്കൂളുകളുടെ ഭൗതിക സൗകര്യ വികസനത്തിനായുള്ള പ്രവർത്തനങ്ങൾ നടപ്പാക്കും. കൂടാതെ സ്കൂൾ വിദ്യാഭ്യാസ രംഗത്ത് ഡിജിറ്റലൈസേഷന്റെ സാദ്ധ്യത പ്രയോജനപ്പെടുത്തൽ, സ്കൂൾ ലാബുകൾ അഭിവൃദ്ധിപ്പെടുത്തൽ, വിദ്യാഭ്യാസ ഗുണത ഉയർത്തുന്നതിന്റെ ഭാഗമായി ഐ.ടി. അധിഷ്ഠിത അധ്യയനത്തിൽ ഊന്നിക്കൊണ്ടുള്ള അദ്ധ്യാപക പരിശീലനങ്ങൾ, പഠന പിന്തുണ വേണ്ട കുട്ടികൾക്കും മേഖലകൾക്കും വേണ്ടിയുള്ള പ്രത്യേക പ്രവർത്തനങ്ങൾ, അദ്ധ്യയനത്തിൽ മികവ് കാട്ടുന്ന കുട്ടികൾക്കുള്ള പ്രത്യേക പരിപാടികൾ, കലാ-കായിക വികസനത്തിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയ പദ്ധതികളുമുണ്ട്. സ്കൂളുകൾ തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാൻ കോവിഡ് 19-ന്റെ കൂടി പശ്ചാത്തലത്തിൽ സമഗ്രമായി പരിഷ്കരിക്കും. ജൈവവൈവിധ്യ ഉദ്യാന പ്രവർത്തനങ്ങൾ വിപുലപ്പെടുത്തും. മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ സ്കൂളുകളിൽ ഫലപ്രദമായി നടപ്പാക്കാനാവശ്യമായ പദ്ധതി ആവിഷ്കരിക്കും. ലിംഗനീതി, ലിംഗതുല്യത തുടങ്ങിയവ ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കും. പാഠപുസ്തകങ്ങൾ ജൻഡർ ഓഡിറ്റിംഗിന് വിധേയമാക്കും. തുടങ്ങിവച്ച ഭരണപരമായ ഏകോപന പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകും. അതോടൊപ്പം ഖാദർ കമ്മിറ്റി റിപ്പോർട്ട് പരിശോധിച്ച് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ തുടങ്ങും.

ചരക്ക് കപ്പൽ സർവ്വീസ്

30 (*89) ശ്രീ. കെ. വി. സുമേഷ്:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. എം. നൗഷാദ്:
ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചരക്കുകടത്തിന്റെ ഇരുപത് ശതമാനമെങ്കിലും കപ്പൽ മാർഗ്ഗം വഴിയാക്കിയാൽ ദേശീയ പാതയിലെ വാഹനത്തിരക്കും അപകടവും ഗണ്യമായി കുറയ്ക്കാനാകുമെന്നതിനാൽ അതിനായി പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ?

ഉണ്ട്. സംസ്ഥാനത്തിന്റെ ചരക്കുകടത്തിന്റെ 20 ശതമാനമെങ്കിലും കപ്പൽ മാർഗ്ഗമാക്കിയാൽ ദേശീയപാതയിലെ വാഹനത്തിരക്കും അപകടവും ഗണ്യമായി കുറയ്ക്കാനാകുമെന്നതിനാൽ ആയതിനേറ്റവും അനുയോജ്യമായ ബദൽ സംവിധാനമെന്ന നിലയിൽ സർക്കാർ തീരദേശ കപ്പൽ ഗതാഗത പദ്ധതി 2013 നവംബറിൽ ആരംഭിച്ചിരുന്നു. ഇടയ്ക്കുവച്ച് ഈ പദ്ധതി തടസ്സപ്പെട്ടു. നിലവിൽ കൊച്ചി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള തീരദേശ കപ്പൽ ചരക്കുഗതാഗതം പുനരാരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 3-7-2021 മുതൽ സർവ്വീസുകൾ നടത്തിവരുന്നു.

(ബി) പുതുതായി ആരംഭിച്ച അഴീക്കൽ-കൊച്ചി ചരക്ക് കപ്പൽ സർവ്വീസ് കൊല്ലത്തേയ്ക്ക് നീട്ടാൻ ഉദ്ദേശിക്കുന്നുണ്ടോ; കപ്പൽ വഴിയുള്ള ചരക്കുകടത്തിന് നൽകിവരുന്ന ഇൻസെന്റീവിന്റെ വിശദാംശം അറിയിക്കാമോ?

കൊച്ചി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള തീരദേശ കപ്പൽ ചരക്കുഗതാഗതം കൊല്ലത്തേയ്ക്കും നീട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കപ്പൽ മാർഗ്ഗമുള്ള ചരക്കുകടത്ത് കേരളത്തിൽ അത്രകണ്ട് വികസിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഈ മേഖലയെ പ്രോൽസാഹിപ്പിക്കുന്നതിനായി കപ്പൽ ഉടമകൾക്ക് അവർ കൈകാര്യം ചെയ്യുന്ന കണ്ടെയ്നറുകളുടെ എണ്ണം കണക്കാക്കി ഇൻസെന്റീവ് നൽകിവരുന്നു. ടി സ്കീം കൂടുതൽ ആകർഷകമാക്കുന്നതിലേയ്ക്കായി നാറ്റ്പാക് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ റോഡിലൂടെയുള്ള ചരക്കു കൂലിയുടെ 50% ഇൻസെന്റീവ് നിശ്ചയിച്ച് 4-6-2020-ലെ സ.ഉ.(സാധാ) നമ്പർ 308/2020/ മതുവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) വിനോദസഞ്ചാരം, യാത്രക്കാരുടെ സഞ്ചാരം എന്നീ മേഖലകളിൽക്കൂടി തീരക്കടൽ ഗതാഗതത്തിന്റെ സാദ്ധ്യത വിനിയോഗിക്കുന്നതിന് അതിവേഗ സഞ്ചാരോപാധിയായ കറ്റമരൻ ഉൾപ്പെടെയുള്ളവ ഏർപ്പെടുത്തുമോ?

കോവളം-കന്യാകുമാരി സീ റൂട്ടിൽ ഒരു High Speed Ferry Service ആരംഭിക്കുന്നതിനായി സാദ്ധ്യതാ പഠനം നടത്തുന്നതിനായി M/s NATPAC-നെ ചുമതലപ്പെടുത്തി. M/s NATPAC സമർപ്പിച്ച റിപ്പോർട്ടിന്മേലുള്ള Technical and Financial Feasibility പഠനം നടന്നുവരികയാണ്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ വിവിധ പ്രവൃത്തികൾ

1(611) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ടുൾപ്പടെ ഉപയോഗപ്പെടുത്തി അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം നടപ്പാക്കി വരുന്ന വിവിധ പ്രവൃത്തികൾ ഏതൊക്കെയെന്നും ഇവയ്ക്കായി അനുവദിച്ച തുകയും വ്യക്തമാക്കാമോ; ഓരോ പദ്ധതിയുടെയും നിർവ്വഹണ ഏജൻസി, പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ എന്നിവ വിശദമാക്കാമോ?

കിഫ്ബി ഫണ്ടുപയോഗിച്ച് നിലവിൽ പദ്ധതികളൊന്നുമില്ല. അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം നടപ്പാക്കി വരുന്ന വിവിധ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) ഇനിയും നിർമ്മാണം ആരംഭിക്കാത്തതോ തടസ്സപ്പെട്ടതോ ആയ ഏതെങ്കിലും പ്രവൃത്തി നിലവിലുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

കുണ്ടറ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

2 (612) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിലെ റോഡ്സ് വിഭാഗത്തിന്റെ കീഴിൽ നിലവിൽ ഏതൊക്കെ പ്രവൃത്തികളാണ് നടന്നുകൊണ്ടിരിക്കുന്നത്; ഇതിൽ ഭരണാനുമതി ലഭിച്ചിട്ടും ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ, ടെണ്ടർ ചെയ്തിട്ടുള്ള പ്രവൃത്തികൾ, എഗ്രിമെന്റ് ചെയ്തിട്ടുള്ള പ്രവൃത്തികൾ എന്നിങ്ങനെ തരംതിരിച്ച് നൽകാമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കണ്ടറ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് റോഡ്സ് വിഭാഗത്തിന്റെ കീഴിൽ ഭരണാനുമതി ലഭിച്ച് നടന്നുകൊണ്ടിരിക്കുന്ന 10 പ്രവൃത്തികളാണുള്ളത്. ഇതിൽ ഒരു പ്രവൃത്തി റീ-ടെണ്ടർ ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് റോഡ്സ് വിഭാഗത്തിന്റെ കീഴിൽ കണ്ണനല്ലൂർ ടൗൺ വികസനവുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടിയാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളത്; ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ?

കണ്ണനല്ലൂർ ജംഗ്ഷൻ ഡിസൈൻ ചീഫ് എഞ്ചിനീയർ അംഗീകരിച്ചത് പ്രകാരം അലൈൻമെന്റ് സ്റ്റോണുകൾ ഫീൽഡിൽ സ്ഥാപിക്കുകയും റവന്യൂ സർവ്വേ വിഭാഗം സ്ഥലമെടുപ്പ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്, കൂടാതെ സോഷ്യൽ ഇംപാക്ട് പഠനം നടത്തിയിട്ടുമുണ്ട്. പ്രവൃത്തിയുടെ ഫയൽ കെ.ആർ.എഫ്.ബി.-ക്ക് കൈമാറ്റം ചെയ്തിട്ടുണ്ട്. പ്രസ്തുത ഡിസൈൻ പ്രകാരം പദ്ധതിക്കായി ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ ഭാഗങ്ങൾ കല്ലിട്ട് രേഖപ്പെടുത്തിയതിനുശേഷമാണ് പദ്ധതി കേരള റോഡ് ഫണ്ട് ബോർഡിന് കൈമാറിയത്. ഇപ്പോൾ സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുകയാണ്. ആയതിലേയ്ക്ക് കൊല്ലം ജില്ലാ കളക്ടറുടെ 10-6-2021-ലെ നടപടിക്രമം പ്രകാരം 81.29 ആർ. സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്കായി പ്രാരംഭ വിജ്ഞാപനം RFCTLAR ACT 2013 വകുപ്പ് 11(1) പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിനായി കിഫ്ബി, LA വിഭാഗത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) കണ്ടറ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിലെ ബിൽഡിംഗ്സ് വിഭാഗത്തിന്റെ കീഴിൽ നിലവിൽ ഏതൊക്കെ പ്രവൃത്തികളാണ് നടന്നുകൊണ്ടിരിക്കുന്നത്; ഇതിൽ ഭരണാനുമതി ലഭിച്ചിട്ടും തുടങ്ങിയിട്ടില്ലാത്ത പ്രവൃത്തികൾ, ടെണ്ടർ ചെയ്തിട്ടുള്ള പ്രവൃത്തികൾ, എഗ്രിമെന്റ് ചെയ്തിട്ടുള്ള പ്രവൃത്തികൾ എന്നിങ്ങനെ തരംതിരിച്ച് നൽകാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

ചാവക്കാട് കോടതിക്ക് പുതിയ കെട്ടിടം

3(613) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാവക്കാട് കോടതിക്ക് പുതിയതായി സമുച്ചയം നിർമ്മിക്കുന്ന പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

&

(ബി) 36.5 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ നടത്തിയ തുടർനടപടികൾ വ്യക്തമാക്കാമോ?

(എ&ബി) ചാവക്കാട് കോടതി സമുച്ചയം നിർമ്മിക്കുന്നതിനുള്ള 3660 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കുവേണ്ടി Registrar, Subordinate Judiciary, High Court of Kerala, എറണാകുളത്തിന് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ട്.

ചാത്തന്നൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

4(614) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം കൊല്ലം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിർവ്വഹണ ചുമതലയിൽ ചാത്തന്നൂർ മിനി സിവിൽ സ്റ്റേഷനിൽ വിവിധ ഫണ്ടുകളുപയോഗിച്ച് നിലവിൽ എന്തെല്ലാം നിർമ്മാണ പ്രവൃത്തികളാണ് നടന്നുവരുന്നതെന്ന് വ്യക്തമാക്കാമോ?

ചാത്തന്നൂർ മിനി സിവിൽ സ്റ്റേഷനിൽ LAC-ADS 2018-19-ൽ ഉൾപ്പെടുത്തി കെട്ടിടത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ മാത്രമാണ് നടന്നുകൊണ്ടിരിക്കുന്നത്.

(ബി) ചാത്തന്നൂർ മിനി സിവിൽ സ്റ്റേഷന്റെ രണ്ടാം നില നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ;

&

(സി) ചാത്തന്നൂർ മിനി സിവിൽ സ്റ്റേഷന്റെ രണ്ടാം നില നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; എങ്കിൽ അവ എന്തെല്ലാമെന്നും ആയത് പരിഹരിക്കുന്നതിന് ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

(ബി&സി) ചാത്തന്നൂർ മിനി സിവിൽ സ്റ്റേഷനിൽ രണ്ടാമത്തെ നിലയുടെ നിർമ്മാണത്തിനായി 2019-20 വർഷം ബഡ്ജറ്റിൽ 2 കോടി രൂപ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ നിലവിലുള്ള അടിസ്ഥാനത്തിന് ഗ്രൗണ്ട് പ്ലോറും ഒന്നാം നിലയും മാത്രം താങ്ങാനുള്ള ശേഷിയേ ഉണ്ടായിരുന്നുള്ളൂ. ആയതിനാൽ കോൺക്രീറ്റ് സ്ട്രക്ചറിലുള്ള നിർമ്മാണം സാദ്ധ്യമല്ലാത്തതിനാൽ Light weight construction materials ആയ steel truss work, Aluzine coated Trafford sheet roofing, ACP Panels, Gypsum Wall, Aerated Cement Concrete block, Aluminium glazing work എന്നിവ ഉപയോഗിച്ചുകൊണ്ടുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പ് ദേവികുളം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

5 (615) ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ 2016-21 കാലയളവിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

&

(ബി) പദ്ധതികൾക്ക് അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

(എ&ബി) 2016-21 കാലയളവിൽ പൊതുമരാമത്ത് (പാലങ്ങൾ) വകുപ്പ് മുഖേന നടപ്പാക്കിയ 'Budget Work 2018-19-Construction of Periyavara Bridge in Northern outlet Road' പൂർത്തീകരിച്ചിട്ടുണ്ട്. അനുവദിച്ച തുക-4 കോടി രൂപ. കെ.എസ്.റ്റി.പി. നടപ്പാക്കിവരുന്ന പദ്ധതിയാണ് ചെമ്മണ്ണാർ ഗ്യാപ് റോഡ്. കെ.എസ്.റ്റി.പി. രണ്ടാംഘട്ട പദ്ധതിക്കായി അനുവദിച്ച 2005 കോടി രൂപയിൽ ചെമ്മണ്ണാർ റോഡ് ഉൾപ്പെടുത്തി 146.67 കോടി രൂപയ്ക്ക് കരാർ ഒപ്പുവച്ച് നിലവിൽ 16% പണികൾ പൂർത്തീകരിച്ച്, പദ്ധതി പുരോഗമിച്ചുവരുന്നു.

കിഫ്ബി മുഖേന നടപ്പാക്കിയ പദ്ധതികൾ

ഉടുമ്പൻചോല-രാജക്കാട്- ആനച്ചാൽ-രണ്ടാം മൈൽ-ചിത്തിരപുരം റോഡിന് കിഫ്ബി 145.67 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി. ഇപ്പോൾ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. മൂന്നാർ ഫ്ലൈഓവർ ബൈപാസ് റോഡ് നിർമ്മാണ പ്രവൃത്തിക്കായി 2017-18 വർഷത്തെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം നടത്തുന്നതിനായി 35 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. നിലവിലെ അലൈൻമെന്റിന് മാറ്റം ആവശ്യമായി വന്നതിനാൽ അതിനനുസൃതമായി പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കി വരികയാണ്. നിരത്ത്, കെട്ടിടം, ദേശീയപാത വിഭാഗങ്ങളിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) ഭരണ - സാങ്കേതിക അനുമതികൾ ലഭിച്ച പ്രവൃത്തികളിൽ ഇനിയും ആരംഭിക്കാനുള്ള പദ്ധതികൾ ഏതൊക്കെയാണെന്നും അവയ്ക്കുള്ള കാലതാമസം എന്താണെന്നും വിശദമാക്കാമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിരത്ത് വിഭാഗത്തിനുകീഴിൽ ഇനിയും ആരംഭിക്കാനുള്ളത് "കല്ലാർ ലക്ഷ്മി റോഡ് മഞ്ഞപ്പടി വഴി km 0/000 മുതൽ km 4/000 വരെ" എന്ന പദ്ധതിയാണ്. ഈ പ്രവൃത്തിക്ക് കരാറായെങ്കിലും ഇതുവരെയും തുടങ്ങാത്തതിനാൽ കരാർ റദ്ദാക്കി പുനർ ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. കെട്ടിട വിഭാഗത്തിനുകീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

പ്രവൃത്തികളുടെ ഗുണനിലവാരം

6(616) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി സംസ്ഥാനത്തെ 3 ജില്ലകളിൽ (തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്) റീജിയണൽ ലബോറട്ടറികളും ബാക്കി 11 ജില്ലകളിൽ ജില്ലാ ലബോറട്ടറികളും നിലവിലുണ്ട്. പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ക്വാളിറ്റി കൺട്രോൾ മാന്വലിലെ വ്യവസ്ഥകൾ കർശനമായി പാലിക്കണമെന്നും വകുപ്പിന്റെ കീഴിലുള്ള എല്ലാ പ്രവൃത്തികളും യഥാസമയം ജില്ലാ ലാബുകളെ അറിയിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. മൂന്ന് ഘട്ടങ്ങളിലായാണ് ഗുണനിലവാര പരിശോധന നടത്തുന്നത്. ആദ്യഘട്ടത്തിൽ പ്രവൃത്തി ഏറ്റെടുക്കുന്ന കരാറുകാരൻതന്നെ പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന നടത്തി ഗുണമേന്മ ഉറപ്പുവരുത്തേണ്ടതാണ്. രണ്ടാംഘട്ട ഗുണനിലവാര പരിശോധനകളാണ് വകുപ്പിന്റെ കീഴിലുള്ള ക്വാളിറ്റി കൺട്രോൾ വിഭാഗം നടത്തുന്നത്. പണി നടക്കുന്ന സ്ഥലത്ത് പോയി സാമ്പിൾ ശേഖരിച്ച് ഫീൽഡിൽവച്ച് നടത്താവുന്ന പരിശോധനകൾ ഫീൽഡിൽവച്ചും ലാബ് ടെസ്റ്റ് ആവശ്യമായി വരുന്നവ ലാബിൽ കൊണ്ടുവന്നും പരിശോധിക്കുന്നു. ക്വാളിറ്റി കൺട്രോൾ മാന്വലിലെ വ്യവസ്ഥകളനുസരിച്ച് തൃപ്തികരമായ റിസൾട്ട് ലഭ്യമാകാത്തവ വകുപ്പിലെ തന്നെ വിജിലൻസ് വിഭാഗത്തെയും എക്സിക്യൂഷൻ വിഭാഗത്തെയും യഥാസമയം അറിയിക്കുന്നു. പണി പൂർത്തിയായതിനുശേഷമാണ് മൂന്നാംഘട്ട പരിശോധനകൾ നടത്തുന്നത്. പണി പൂർത്തിയായ പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ലാബുകളിലേയ്ക്ക് Non Destructive Test (NDT) നടത്തുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനും സൈറ്റിൽ വച്ചുതന്നെ എല്ലാ ലബോറട്ടറി പരിശോധനകളും നടത്തുന്നതിനുമാവശ്യമായ ഉപകരണങ്ങൾ സജ്ജീകരിച്ചിട്ടുള്ള മൊബൈൽ ലാബ് 3 റീജിയണൽ ലാബുകളിലേയ്ക്ക് വാങ്ങുന്നതിനുമായി നടപടി സ്വീകരിച്ചുവരുന്നു.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെട്ടിട നിർമ്മാണത്തിലുള്ള കാലതാമസം

7(617) ഡോ. സൂജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പി.ഡബ്ല്യു.ഡി. കെട്ടിട വിഭാഗം നിർമ്മാണം നടത്തുന്ന കെട്ടിടങ്ങളുടെ ഡിസൈൻ, സോയിൽ ടെസ്റ്റ് തുടങ്ങിയ കാര്യങ്ങളിലുണ്ടാകുന്ന വലിയ കാലതാമസം ഇല്ലാതാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ഡിസൈൻ വകുപ്പിൽ പുതുതായി നിയമിതരായ ഉദ്യോഗസ്ഥർക്ക് ഡിസൈൻ സോഫ്റ്റ്വെയറിൽ ആവശ്യമായ പരിശീലനം നൽകി വരികയാണ്. കൂടാതെ നിലവിലുള്ള ഒഴിവുകളിലേയ്ക്കുള്ള നിയമനങ്ങളും നടന്നുവരികയാണ്. ആവശ്യമായ ഉദ്യോഗസ്ഥരെ ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിടങ്ങളുടെ ഡിസൈൻ കാലതാമസം വരുത്താതെ പൂർത്തീകരിക്കാനാകും. ഇൻവെസ്റ്റിഗേഷന് ആവശ്യമായ ഫണ്ട് അനുവദിച്ച് നൽകിയിട്ടുണ്ട്. അതിനാൽ ഇൻവെസ്റ്റിഗേഷൻ നടത്താനുള്ള കാലതാമസവും ഒഴിവാക്കാനാകും.

ഗുരുവായൂർ നിയോജകമണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികൾ

8(618) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ഭരണാനുമതി ലഭിക്കുന്ന പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനും ടെണ്ടർ ക്ഷണിക്കുന്നതിനും കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ കാലതാമസംവന്ന പ്രവൃത്തികളുടെ വിവരങ്ങൾ വ്യക്തമാക്കാമോ;

&

(സി) സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് സാധിക്കാതെ വന്നതിനാൽ പുതുക്കിയ ഭരണാനുമതി നൽകേണ്ടി വന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

(എ-സി) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിന്റെ കീഴിൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ നിന്നും (13.126 KM) 13.5 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ച് 2018-19 സി.ആർ.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി തമ്പുരാൻപടി-മല്ലാട്-ചേറായ്- കൊടുമ്പസാർ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ചുവരുന്നു. എം.എൽ.എ.-യുടെ 2018-19 ആസ്തി വികസന

ഫണ്ടിൽ നിന്നും 35 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച ദേശീയപാത 66-ലെ ഒറ്റത്തെങ്ങിൽ നാശനഷ്ടം സംഭവിച്ച ഓടയുടെ പുനർനിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിക്കുന്ന പ്രവൃത്തികൾക്ക് ഉടൻതന്നെ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടി പൂർത്തിയാക്കി പദ്ധതി നടപ്പാക്കിവരുന്നു. കിഫ്ബി വിഭാഗത്തിനുകീഴിൽ കനോലി കനാലിന് കുറുകെയുള്ള ചിങ്ങനാട്ടുകടവ് പാലത്തിന് 40 കോടി രൂപയ്ക്ക് ഭരണാനുമതി അനുവദിച്ചിട്ടുണ്ട്. 30.77 കോടി രൂപയുടെ സാമ്പത്തികാനുമതിയും അനുവദിച്ചിട്ടുണ്ട്. അലൈൻമെന്റ് മോഡിഫൈ ചെയ്യുന്നതിനായി നടത്തേണ്ട ടോട്ടൽ സ്റ്റേഷൻ സർവ്വേയുടെ വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു. സാമ്പത്തികാനുമതിക്കും ഡീറ്റെയിൽഡ് അപ്രൈസൽ റിപ്പോർട്ടിനും അനുസൃതമായ TS എസ്റ്റിമേറ്റ് ലഭിക്കുന്നമുറയ്ക്ക് സാങ്കേതികാനുമതി നൽകുന്ന നടപടി സ്വീകരിച്ചു വരുന്നു. ടി പ്രവൃത്തിക്ക് 12-2-2021-ൽ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. നിരത്ത് വിഭാഗത്തിനുകീഴിൽ പലതവണ ടെണ്ടർ ക്ഷണിച്ചിട്ടും കരാറുകാർ ടെണ്ടറിൽ പങ്കെടുക്കാത്ത സാഹചര്യമുണ്ടായിട്ടുണ്ട്. നിരത്ത്-കെട്ടിട വിഭാഗങ്ങൾക്കുകീഴിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

ആലപ്പുഴ നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

9(619) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ പുരോഗമിക്കുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

&

(ബി) പ്രസ്തുത പ്രവൃത്തികളുടെ വിവരം പൊതുമരാമത്ത് കെട്ടിടം, റോഡ്, പാലങ്ങൾ എന്നിങ്ങനെ തരംതിരിച്ച് ലഭ്യമാക്കാമോ?

(എ&ബി) കെ.ആർ.എഫ്.ബി. ഫണ്ടിംഗ് ഏജൻസിയായി നിലകൊണ്ട് ആലപ്പുഴ നിയോജകമണ്ഡലത്തിൽ പുരോഗമിക്കുന്ന പ്രവൃത്തികൾ ആലപ്പുഴ നഗരപാതാ വികസന പദ്ധതിയുടെ ഒന്നാം ഘട്ടം, മുപ്പാലം ബ്രിഡ്ജ് എന്നിവയാണ്. പാലം വിഭാഗത്തിനുകീഴിൽ വാഴക്കുടം പാലത്തിന്റെ ബീമുകളുടെയും സ്ലാബുകളുടെയും പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു. ശവക്കോട്ട പാലത്തിന്റെ ബീം കോൺക്രീറ്റ് പൂർത്തിയായി. സ്ലാബിന്റെ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. നിരത്ത്, കെട്ടിടം, കിഫ്ബി വിഭാഗങ്ങൾക്കുകീഴിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശബരിമല പിൽഗ്രിം സെന്റർ

10(620) ശ്രീ. പ്രമോദ് നാരായൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയ്യപ്പഭക്തർക്ക് അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനായി കഴിഞ്ഞ സർക്കാർ പ്രഖ്യാപിച്ച ശബരിമല പിൽഗ്രിം സെന്റർ പ്രോജക്ടിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ?

അയ്യപ്പഭക്തർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി കഴിഞ്ഞ സർക്കാർ പ്രഖ്യാപിച്ച ശബരിമല പിൽഗ്രിം സെന്റർ പ്രോജക്ട് ആരംഭിക്കുകയും 632 Foundation Pile-കളിൽ 310 Foundation Pile-കൾ പൂർത്തീകരിക്കുകയും പ്രവൃത്തി നിന്നുപോയിട്ടുള്ള അവസ്ഥയിലുമാണ്.

(ബി) റിവൈസ്ഡ് എസ്റ്റിമേറ്റ്/റീ ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതുണ്ടെങ്കിൽ ആയതിന് കാലതാമസം നേരിടുന്നതിന് കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

മേൽ പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ അംഗീകാരത്തിനായുള്ള നടപടികൾ പുരോഗമിക്കുന്നു. അതിനുശേഷം ബാക്കിയുള്ള പണികൾക്കായുള്ള റീ-ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) സമയബന്ധിതമായി പദ്ധതി പൂർത്തിയാക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദീകരിക്കാമോ?

റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ അംഗീകാരത്തിനുശേഷം ടെണ്ടർ നടപടികൾ ക്രമാനുസരിച്ച് പദ്ധതി പൂർത്തീകരിക്കുന്നതാണ്.

എൻവയോൺമെന്റൽ എഞ്ചിനീയറിംഗ് യൂണിറ്റ്

11(621) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് വകുപ്പിൽ എൻവയോൺമെന്റൽ എഞ്ചിനീയറിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ടോ; പ്രസ്തുത വിഭാഗത്തിന്റെ സേവനം ഏതൊക്കെ മേഖലകളിൽ പ്രയോജനപ്പെടുത്തുന്നുവെന്ന് വെളിപ്പെടുത്തുമോ?

പൊതുമരാമത്ത് വകുപ്പിൽ ഡിസൈൻ ചീഫ് എഞ്ചിനീയറുടെ കീഴിൽ ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറും രണ്ട് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുമുള്ള എൻവയോൺമെന്റൽ എഞ്ചിനീയറിംഗ് യൂണിറ്റ് (EEU) പ്രവർത്തിക്കുന്നുണ്ട്. പതിനഞ്ച് കോടി രൂപയിൽ കൂടുതൽ എസ്റ്റിമേറ്റ് വരുന്ന പ്രവൃത്തികളുടെ (റോഡ്,

പാലങ്ങൾ, കെട്ടിടങ്ങൾ) പദ്ധതി പ്രദേശങ്ങളുടെ പരിസ്ഥിതി അവലോകന പഠന റിപ്പോർട്ട് തയ്യാറാക്കുന്നത് പ്രസ്തുത യൂണിറ്റാണ്. പരിസ്ഥിതി ലോല പ്രദേശങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കും ആവശ്യാനുസരണം പാരിസ്ഥിതിക പഠനം നടത്തി, പാരിസ്ഥിതിക ആഘാതം കുറയ്ക്കാൻ വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

കോട്ടയം ബസ് ഡിപ്പോയിലെ പുതിയ ബ്ലോക്കിന്റെയും യാർഡിന്റെയും നിർമ്മാണം

12 (622) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്ന കോട്ടയം കെ.എസ്. ആർ.ടി.സി. ബസ് ഡിപ്പോയിലെ പുതിയ ബ്ലോക്കിന്റെയും യാർഡിന്റെയും നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ?

ടെണ്ടർ നടപടികൾ പൂർത്തിയാക്കി Technical Sanction നൽകുന്നതിനുള്ള അനുവാദം Project Management Consultant ആയ M/s. Hindustan Prefab Limited-ന് നല്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി എന്ന് പൂർത്തിയാകുമെന്നറിയിക്കാമോ?

പ്രസ്തുത പദ്ധതി 2021 നവംബറിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

പൊതുമരാമത്ത് പ്രവർത്തനങ്ങൾക്കായി കർമ്മപദ്ധതി

13 (623) ശ്രീ. പി. ടി. തോമസ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാത്തത് വികസന പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സർക്കാർ ഇക്കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്ത് വകുപ്പിനുകീഴിൽ ക്രമീകരിക്കുന്ന പ്രവൃത്തികൾ കരാർ വ്യവസ്ഥ പ്രകാരമുള്ള നിശ്ചിത കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. എന്നാൽ കോവിഡ് വ്യാപനം, പ്രതികൂലമായ കാലാവസ്ഥ, പോസ്റ്റുകൾ, കേബിളുകൾ, പൈപ്പുകൾ തുടങ്ങിയവ മാറ്റി സ്ഥാപിക്കുന്നതിനുള്ള

കാലതാമസം എന്നിവ പ്രവൃത്തികളുടെ പുരോഗതിയെ പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരാറുകാരുടെ വീഴ്ചമൂലം പ്രവൃത്തികളിൽ കാലതാമസമുണ്ടാകുന്നപക്ഷം കരാറുകാർക്കെതിരെ SBD നിബന്ധനകൾ, PWD Manual എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നു.

(ബി) എസ്റ്റിമേറ്റുകൾ സമർപ്പിച്ചതിനുശേഷം ഭരണാനുമതി ലഭിക്കാൻ കാലതാമസം നേരിടുന്നതും പൂർണ്ണമായും ഭരണാനുമതി ലഭിക്കാത്തതും വകുപ്പിന്റെ പ്രവർത്തനത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(സി) ഭരണാനുമതി തേടി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന സാഹചര്യത്തിൽ റേറ്റ് റിവിഷനുണ്ടാകുന്നത് പദ്ധതി നിർവ്വഹണത്തിൽ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ടോ;

&

(ഡി) എങ്കിൽ മേൽപ്പറഞ്ഞ പോരായ്മകൾ അടിയന്തരമായി പരിഹരിച്ചു കൊണ്ട് പ്രോജക്ടുകൾ യഥാസമയം പൂർത്തീകരിക്കാൻ പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കുമോ എന്ന് വ്യക്തമാക്കുമോ?

(ബി-ഡി) ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതനുസരിച്ച് മുൻഗണനാക്രമത്തിൽ ഭരണാനുമതി ലഭ്യമാക്കുന്നതിനാൽ വകുപ്പിന്റെ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കാറില്ല. ഭരണാനുമതി ലഭ്യമായശേഷം റേറ്റ് റിവിഷനുണ്ടാകുന്ന സാഹചര്യത്തിൽ പദ്ധതിക്ക് സാങ്കേതികാനുമതി നൽകുന്നതിനുമുൻപ് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കേണ്ടുന്ന സാഹചര്യമുണ്ടാകുന്നതിനാൽ പദ്ധതി നിർവ്വഹണത്തിൽ ചിലപ്പോഴെല്ലാം കാലതാമസമുണ്ടാകുന്നുണ്ട്. ബിറ്റുമിൻ നിരക്കിലുണ്ടാകുന്ന വ്യതിയാനം, പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ തുടങ്ങിയവ മുൻകൂട്ടി മനസ്സിലാക്കാനാകാത്ത കാരണങ്ങളാൽ ഭരണാനുമതി തുകയിൽനിന്നും വ്യതിയാനമുണ്ടാകുന്ന അവസരങ്ങളിൽ പുതുക്കിയ ഭരണാനുമതി ലഭ്യമാക്കി പ്രവൃത്തികൾ നടപ്പാക്കിവരുന്നു.

കായംകുളം നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

14(624) <u>ശ്രീമതി യു പ്രതിഭ</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗം മുഖേന 2016-നുശേഷം നാളിതുവരെ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ സാങ്കേതികാനുമതി, കരാർ ഏറ്റെടുത്ത തീയതി എന്നിവയും നിലവിലുള്ള പ്രവൃത്തികളുടെ പുരോഗതിയും വിശദമാക്കാമോ?

കായംകുളം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗം മുഖേന 2016-നുശേഷം നാളിതുവരെ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ സാങ്കേതികാനുമതി, കരാർ ഏറ്റെടുത്ത തീയതി എന്നിവയും നിലവിലുള്ള പ്രവൃത്തികളുടെ പുരോഗതിയും അനുബന്ധമായി ചേർക്കുന്നു*.

കൊല്ലം നിയോജകമണ്ഡലത്തിലെ ദേശീയപാത വികസനം

15(625) ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം നിയോജകമണ്ഡലപരിധിയിൽ പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗം മുഖേന നടപ്പാക്കുന്നതും 2019-20 മുതൽ 2020-21 വരെ ഭരണാനുമതി ലഭിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ ഏതെല്ലാമാണ്; അവയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന വിവരം ലഭ്യമാക്കുമോ?

കൊല്ലം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ കീഴിൽ 2019-20 മുതൽ 2020-21 വരെ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

ആലത്തൂർ നിയോജകമണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

16(626) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ആലത്തൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

&

(ബി) ഇതിൽ ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

(എ&ബി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ആലത്തൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗം മുഖേന കുഴൽമന്ദം ഐ.ടി.ഐ.-യുടെ ഓഡിറ്റോറിയം നിർമ്മാണം (28 ലക്ഷം രൂപ), ആലത്തൂർ സ്റ്റേറ്റ് ടാക്സ് ഓഫീസിന്റെ അറ്റകുറ്റപ്പണികൾ (10.5 ലക്ഷം രൂപ), കുഴൽമന്ദം സബ്ട്രഷറിയുടെ അറ്റകുറ്റപ്പണികൾ (6.62 ലക്ഷം രൂപ), ആലത്തൂർ പൊതുമരാമത്ത് വകുപ്പ് റെസ്റ്റ്ഹൗസിലെ മുറികൾ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വി.ഐ.പി. & PWD റൂമുകളായി നവീകരിക്കൽ (10 ലക്ഷം രൂപ), ആലത്തൂർ താലൂക്ക് സപ്ലൈ ഓഫീസിന്റെ നവീകരണം (8.73 ലക്ഷം രൂപ), ആലത്തൂർ പ്രീമെട്രിക് ഹോസ്റ്റലിന്റെ അറ്റകുറ്റപ്പണികൾ (10.5 ലക്ഷം രൂപ) എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു. ദേശീയപാത വിഭാഗത്തിനുകീഴിൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽനിന്നും 2016-17 സാമ്പത്തിക വർഷത്തെ CRF സ്കീമിൽ ഉൾപ്പെടുത്തി 10 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച കഴൽമന്ദം - കൊടുവായൂർ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിച്ചു.

പാലങ്ങൾ വിഭാഗത്തിനുകീഴിൽ:

1. ചുള്ളിമട പാലം നിർമ്മാണം - 9.78 കോടി രൂപ. സബ് സ്ട്രക്ചർ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

2. പനയിഞ്ചിറ പാലം - 25 ലക്ഷം രൂപ. അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചിട്ടുണ്ട്.

3. കൂളിയാട്ടുകടവ് പാലം - 15 ലക്ഷം രൂപ. അറ്റകുറ്റപ്പണികൾ പുരോഗമിച്ചുവരുന്നു.

4. വിവിധ പാലങ്ങളുടെ അറ്റകുറ്റപ്പണികൾ - 14 ലക്ഷം രൂപ. പ്രവൃത്തികൾ പൂർത്തിയായി.

5. പുന്നപ്പാടം (മമ്പാട്) കോസ്-വേ - 660 ലക്ഷം രൂപയ്ക്ക് സാങ്കേതിക കാനുമതി ലഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടി പുരോഗമിച്ചുവരുന്നു.

കിഫ്ബി വിഭാഗത്തിനുകീഴിൽ കണ്ണാടി-പന്നിക്കോട് റോഡിന് 10 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതിയും 24.09 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് നിലവിലെ റോഡിന്റെ അതിർത്തി നിർണ്ണയിക്കുന്നതിനുള്ള നടപടിയും സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടിയും പുരോഗമിക്കുന്നു. പറക്കുന്നം പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണത്തിന് 15 കോടി രൂപയ്ക്കും കൊല്ലംകോട് -വടക്കാഞ്ചേരി മലയോര ഹൈവേ പദ്ധതിക്ക് 3500 കോടി രൂപയ്ക്കും തത്വത്തിൽ ഭരണാനുമതി ലഭിച്ചു. സാമ്പത്തികാനുമതി ലഭിക്കുന്നതിനായി കിഫ്ബിയിൽ DPR സമർപ്പിച്ചിട്ടുണ്ട്. തുടർന്ന് കിഫ്ബിയിൽനിന്നും ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ടിന് മറുപടി ലഭ്യമാക്കുന്നതിനായുള്ള നടപടികൾ പുരോഗമിക്കുന്നു. നിരത്ത് വിഭാഗങ്ങൾക്ക് കീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെട്ടിട നിർമ്മാണത്തിന് പുതിയ സാങ്കേതികവിദ്യകൾ

17(627) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ കെട്ടിട നിർമ്മാണത്തിന് ഏതൊക്കെ പുതിയ സാങ്കേതികവിദ്യകളാണ് ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്ത് വകുപ്പ്, കെട്ടിട നിർമ്മാണ മേഖലകളിൽ കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ടും നിലവിൽ അംഗീകാരത്തിലുള്ള ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സിൽ ഉൾപ്പെട്ട പുതിയ കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഉപയോഗരീതികൾ ഉൾപ്പെടുത്തിയുമാണ് നിർമ്മാണം നടത്തുന്നത്. " പുതിയ കാലം പുതിയ നിർമ്മാണം" എന്ന നയത്തിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പിലെ ജീവനക്കാർക്ക് ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നിർമ്മാണ രീതികളിലുള്ള പരിശീലനം നൽകി വരുന്നതുവഴി പ്രവൃത്തികളുടെ മേൽനോട്ടം മുമ്പത്തേക്കാൾ കാര്യക്ഷമതയോടെ നടപ്പാക്കാൻ സാധിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് എടുക്കുന്നതുമുതൽ ബിൽ തയ്യാറാക്കുന്നതു വരെയുള്ള എല്ലാ പ്രവൃത്തികളും സുതാര്യമാക്കുന്നതിലേയ്ക്കായി പ്രൈസ് സോഫ്റ്റ്വെയറിന്റെ പുതിയ അപ്ഡേഷൻ നിലവിൽ വന്നിട്ടുണ്ട്.

(ബി) അതിവേഗം കെട്ടിട നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കുന്ന ഏതൊക്കെ സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

കെട്ടിട നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കുന്നതിനായി പരമ്പരാഗത രീതികളിൽനിന്നും മാറ്റി പരമാവധി യന്ത്രവത്കൃത പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. റെഡിമിക്സ് കോൺക്രീറ്റും അതിനാവശ്യമായ യന്ത്രവത്കൃത പ്രവർത്തനങ്ങളും ഉപയോഗിച്ചുവരുന്നു.

(സി) പ്രീ-എഞ്ചിനീയറിംഗ് സാങ്കേതികവിദ്യ മുഖേന കെട്ടിട നിർമ്മാണം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

&

(ഡി) പ്രീ-എഞ്ചിനീയറിംഗ് സാങ്കേതികവിദ്യ ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതുവഴി നിർമ്മാണത്തിന്റെ വേഗതയും ഗുണമേന്മയും മെച്ചപ്പെടുത്താൻ സാധിക്കുമോ എന്ന് വ്യക്തമാക്കാമോ?

(ബി&ഡി) പ്രീ-എഞ്ചിനീയറിംഗ് സാങ്കേതികവിദ്യ മുഖേനയുള്ള കെട്ടിട നിർമ്മാണം പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിലാണ്. കെട്ടിടങ്ങളുടെ ഉപയോഗം പരിഗണിച്ച് അനുയോജ്യമായ നിർമ്മാണങ്ങൾക്ക് പ്രീ-എഞ്ചിനീയറിംഗ് സാങ്കേതികവിദ്യ

ഉപയോഗിക്കാവുന്നതാണ്. വേഗതയും ഗുണമേന്മയും മെച്ചപ്പെടുത്താൻ സാധിക്കുന്ന ഇത്തരം നിർമ്മിതികൾ സ്റ്റീൽ സ്ട്രക്ചറൽ സ്റ്റീൽ ഉപയോഗിച്ചാണ് നിർമ്മിക്കുന്നത്. ഇതിന്റെ നിർമ്മിതിക്കാവശ്യമായ സാമഗ്രികൾ ഫാക്ടറിയിൽ നിർമ്മിക്കുന്നതിനാൽ മെച്ചപ്പെട്ട ഗുണനിലവാരം ഉറപ്പുവരുത്താൻ സാധിക്കുന്നതാണ്.

(ഇ) പൊതുമരാമത്ത് വകുപ്പിൽ നൂതന സാങ്കേതികവിദ്യകൾ പ്രാവർത്തിക മാക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ?

പുതിയ സാങ്കേതികവിദ്യ നടപ്പാക്കുന്നതിന്റെ ഭാഗമായി കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കീഴിലുള്ള Innovative Design unit എന്ന വിഭാഗം 2021 ജൂലൈയിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(എഫ്) പുതിയ സാങ്കേതികവിദ്യകൾ പരിശീലിപ്പിക്കുന്നതിന് നിലവിലുള്ള പരിശീലന പരിപാടികൾ വ്യക്തമാക്കാമോ?

പൊതുമരാമത്ത് വകുപ്പ് എഞ്ചിനീയർമാർക്കുവേണ്ടി നൂതന സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള പരിശീലനങ്ങൾ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തുന്നുണ്ട്. ഐ.ഐ.ടി. പാലക്കാടുമായി ചേർന്ന് ട്രെയിനിംഗ് കരിക്കുലം തയ്യാറാക്കിവരുന്നു. ഐ.ഐ.ടി. മദ്രാസുമായി ചേർന്ന് നൂതന സാങ്കേതിക വിദ്യകളെക്കുറിച്ച് വെബിനാറുകൾ പൊതുമരാമത്ത് വകുപ്പ് എഞ്ചിനീയർമാർക്കായി ലഭ്യമാക്കാറുണ്ട്.

റോഡ് മെയിന്റനൻസ്

18(628) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേ ഉൾപ്പെടെ പൊതുമരാമത്ത് വകുപ്പിൻകീഴിലെ റോഡുകളിലെ കുണ്ടുംകുഴിയും നികത്താനും യഥാസമയം അറ്റകുറ്റപ്പണി ഉറപ്പാക്കാനും ഇവ സമയ ബന്ധിതമായി നടത്താതെ കൃത്യവിലോപം കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ ഉറപ്പുവരുത്താനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

നാഷണൽ ഹൈവേ ഉൾപ്പെടെ പൊതുമരാമത്ത് വകുപ്പിനുകീഴിലെ റോഡുകളിലെ കുണ്ടുംകുഴിയും നികത്താനും യഥാസമയം അറ്റകുറ്റപ്പണി ഉറപ്പാക്കാനും ഇവ സമയ ബന്ധിതമായി തീർപ്പാക്കാനും നിരത്ത്, നാഷണൽ ഹൈവേ വിഭാഗങ്ങളിൽ നിന്നും എല്ലാ നടപടിക്രമങ്ങളും സ്വീകരിച്ചുവരുന്നു. പൊതുമരാമത്ത് റോഡുകളിലെ ഡി.എൽ.പി. കാലയളവിനുള്ളിലെ അറ്റകുറ്റപ്പണികൾ കരാറുകാരന്റെ ഉത്തരവാദിത്വത്തിൽ തന്നെ ചെയ്യിക്കുന്നു. നിരത്തു വിഭാഗത്തിൽനിന്നും ഡി.എൽ.പി. കഴിഞ്ഞ്

കൈമാറിക്കിട്ടുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ റണ്ണിംഗ് കോൺട്രാക്ട് വഴി ചെയ്യുന്നതിനാണ് നിരത്തുപരിപാലന വിഭാഗത്തെ ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ നിരത്ത് വിഭാഗമാണ് റോഡിന്റെ അറ്റകുറ്റപ്പണികൾ നടത്തിവരുന്നത്. ഔട്ട്പുട്ട് ആൻഡ് പെർഫോർമൻസ് ബെയ്സ്ഡ് റോഡ് കോൺട്രാക്ട് (OPBRC) എന്ന ആധുനിക കരാർ ആശയപ്രകാരം സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട റോഡുകളുടെ പരിപാലന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിച്ചുവരുന്നു. OPBRC-യിൽ ഒരു കരാർ പ്രകാരം 7 വർഷക്കാലമാണ് നിരത്തുകൾ പരിപാലിക്കാൻ സാധിക്കുക. പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടത്താതെ കൃത്യവിലോപം കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ ഉചിതമായ രീതിയിൽ അന്വേഷണം നടത്തി കുറ്റക്കാരെന്ന് കണ്ടെത്തുന്നവർക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരവും സർവ്വീസിൽനിന്നും വിരമിച്ചവർക്കെതിരെ കേരള സർവ്വീസ് ചട്ടങ്ങൾ പ്രകാരവും നടപടി സ്വീകരിച്ചു വരുന്നു. റോഡ് നിർമ്മാണത്തിലെ അപാകതകൾ സംബന്ധിച്ച് പരാതികൾ ലഭിക്കുന്നപക്ഷം അവ പരിശോധിച്ച് വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ ബ്യൂറോ, ധനകാര്യപരിശോധനാ വിഭാഗം, പൊതുമരാമത്ത് വിജിലൻസ് വിഭാഗം തുടങ്ങിയ വിവിധ ഏജൻസികൾ റിപ്പോർട്ടുകൾ സമർപ്പിക്കാറുണ്ട്. പ്രസ്തുത റിപ്പോർട്ടുകൾ പരിശോധിച്ച് ഉത്തരവാദികളായ ജീവനക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുകയും അപാകതകൾ അടിയന്തരമായി പരിഹരിക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും ചെയ്യുന്നു.

(ബി) ഇവ സംബന്ധിച്ച് എത്ര പരാതികൾ ഈ സർക്കാരിന്റെ കാലയളവിൽ വകുപ്പിന് ലഭ്യമായി; എത്ര കേസ്സുകളിൽ നടപടി സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ?

ഈ സർക്കാരിന്റെ കാലയളവിൽ ഉദ്യോഗസ്ഥരെ സംബന്ധിച്ച പരാതികളൊന്നുംതന്നെ പൊതുമരാമത്ത് വകുപ്പിൽ ലഭിച്ചിട്ടില്ല.

പൊതുമരാമത്ത് വകുപ്പിന്റെ സ്ഥലങ്ങളിലെ കയ്യേറ്റം

19 (629) ശ്രീ. എൻ. ഷംസുദ്ദീൻ:
ഡോ. എം. കെ. മുനീർ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികസന പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുംവിധം പൊതുമരാമത്ത് വകുപ്പിന്റെ സ്ഥലങ്ങൾ കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ടോ?

ചെറിയ തോതിലുള്ള കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ എത്ര കയ്യേറ്റങ്ങൾ നടന്നുവെന്നാണ് പരിശോധനയിൽ കണ്ടെത്തിയത്;

&

(സി) പ്രസ്തുത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

(ബി&സി) എല്ലാ ജില്ലയിലെയും എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ കയ്യേറ്റങ്ങളുടെ വിശദമായ വിവരങ്ങൾ ശേഖരിക്കുന്നുണ്ട്. സർവ്വേ വകുപ്പിന്റെ സഹായത്തോടെ കയ്യേറ്റങ്ങൾ തിട്ടപ്പെടുത്തി നോട്ടീസ് നൽകുകയും അതാത് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ പൊതുമരാമത്ത്, റവന്യൂ, പോലീസ് എന്നീ വകുപ്പുകൾ സംയുക്തമായി കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

അഴീക്കോട് നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

20(630) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നിലവിൽ നടന്നുവരുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ;

(ബി) ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച പ്രവൃത്തികളിൽ ഇനിയും ആരംഭിക്കാനുള്ളവയും അവയുടെ കാലതാമസത്തിനുള്ള കാരണവും എന്താണെന്ന് അറിയിക്കാമോ;

&

(സി) നിലവിൽ നടന്നുവരുന്ന പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

(എ-ഡി) പൊതുമരാമത്ത് നിരത്തു വിഭാഗത്തിനുകീഴിൽ 2019-20 ബഡ്ജറ്റ് പ്രവൃത്തിയിൽ ഉൾപ്പെടുത്തിയ പൂതപ്പാറ-വായിപ്പറമ്പ റോഡ് കി.മീ 0/000 മുതൽ 3/300 വരെയുള്ള ഭാഗം പ്രവൃത്തിയാരംഭിച്ച് 25 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. എം.എൽ.എ. ആസ്തി വികസന സ്കീമിൽ ഉൾപ്പെടുത്തി വളപ്പട്ടണം ഹൈവേ ജംഗ്ഷൻ മുതൽ മന്ന വരെ 99 ലക്ഷം രൂപയുടെ പ്രവൃത്തി ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാർ ഒപ്പുവച്ചിട്ടുണ്ട്. 2017-18 ലെ ബഡ്ജറ്റ് പ്രവൃത്തിയിൽ ഉൾപ്പെടുത്തി പൂതപ്പാറ-നീർക്കടവ് റോഡ് കി.മീ. 0/000 മുതൽ 2/400 വരെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി യെങ്കിലും കരാറുകാരൻ പ്രവൃത്തി ഉപേക്ഷിച്ച് പോയിരുന്നതിനാൽ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടിക സ്വീകരിച്ചുവരുന്നു.

പയ്യാമ്പലം ബീച്ച്-മീനക്കുന്ന് റോഡിന്റെ ഇരുവശങ്ങളിലും ഇന്റർലോക്ക് ചെയ്യുന്ന പ്രവൃത്തി ടെണ്ടർ നടപടികൾ പൂർത്തിയാക്കി ആരംഭിക്കാനിരിക്കുകയാണ്. കെ.ആർ.എഫ്.ബി.-യുടെ കീഴിൽ കണ്ണൂർ നഗരപാത വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്ന അഴീക്കോട് നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട റോഡുകൾ കോറിഡോർ 01-ൽ എൻ.എച്ച് 66-മന്ന ജംഗ്ഷൻ - പുതിയ എൻ.എച്ച് ബൈപ്പാസ് റോഡ് (0+600 മുതൽ 4+200 വരെ), പൊടുക്കുണ്ട് - കൊറ്റാളി റോഡ് (1.43 കി.മീ), കുഞ്ഞിപ്പള്ളി - പുല്ലോപ്പി റോഡ് (1.69 കി.മീ) എന്നിവയാണ്. ടി റോഡുകളുടെ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തിയുടെ ഭാഗമായി 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയുണ്ടായി. സബ്ഡിവിഷൻ സർവ്വേ ജോലികൾ പുരോഗമിച്ചുവരുന്നു. ചേലാട് - പള്ളിക്കുന്ന് - കുഞ്ഞിപ്പള്ളി റോഡ് (4.7 കി.മീ), മിനി ബൈപ്പാസ് റോഡിന്റെ 0+000 മുതൽ 5+300 വരെ, കക്കാട് - മുണ്ടയാട് റോഡ് എന്നീ പ്രവൃത്തികളിൽ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികൾക്ക് പ്രദേശവാസികളുടെ എതിർപ്പ് കാരണം അതിർത്തി കല്ലുകൾ സ്ഥാപിക്കാത്തതിനാൽ തുടർപ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. സബ് ഡിവിഷൻ സർവ്വേ ജോലികൾ നടന്നുവരുന്നു. റോഡുകളുടെ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തിയുടെ ഭാഗമായി 11 (1) നോട്ടിഫിക്കേഷൻ ഒക്ടോബർ 31-നകം പൂർത്തീകരിക്കാൻ സാധിക്കും. കിഫ്ബി വിഭാഗത്തിനുകീഴിൽ കല്ലുരിക്കടവ് പാലം പ്രവൃത്തിക്ക് 25 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി ലഭിച്ച് ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിട്ടുണ്ട്. കിഫ്ബിയുടെ സാമ്പത്തികാനുമതിക്കുവേണ്ടിയുള്ള വിശദമായ പദ്ധതി രേഖ തയ്യാറാക്കിവരുന്നു. കെട്ടിട വിഭാഗത്തിനുകീഴിലെ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പദ്ധതികൾ

21(631) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ 2016-21 കാലയളവിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ പുതുതായി നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണ്; വിശദവിവരം നൽകാമോ?

ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന് കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽനിന്നും 2018-19 സാമ്പത്തിക വർഷത്തിൽ സി.ആർ.എഫ്. സ്കീമിൽ ഉൾപ്പെടുത്തി 11.6 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച വാണിയംകുളം - വല്ലപ്പുഴ (11.6 കി.മീ.) റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിച്ചു. മേൽപ്രവൃത്തി ഷൊർണ്ണൂർ-പട്ടാമ്പി നിയോജകമണ്ഡലത്തിലൂടെയാണ് കടന്നുപോകുന്നത്. നിരത്ത്, കെട്ടിട വിഭാഗങ്ങൾക്കു കീഴിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ റോഡ് പുനരുദ്ധാരണ പദ്ധതികൾ

22(632) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ടുൾപ്പെടെ പൊതുമരാമത്ത് വകുപ്പ് നടപ്പാക്കുന്ന വിവിധ റോഡ് പുനരുദ്ധാരണ പ്രവൃത്തികളുടെ പേരും തുകയും അവയുടെ നിലവിലെ അവസ്ഥയും ഇനം തിരിച്ച് വ്യക്തമാക്കാമോ?

അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ടുൾപ്പടെ പൊതുമരാമത്ത് വകുപ്പ് നടപ്പാക്കുന്ന വിവിധ റോഡ് പുനരുദ്ധാരണ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*. കൂടാതെ കൈതവന-പഴയനടക്കാവ് റോഡ് പ്രവൃത്തിക്കായി 20.20 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും ലഭ്യമായിട്ടുള്ളതും നിലവിൽ 90% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതുമാകുന്നു.

(ബി) ഏതെങ്കിലും റോഡ് പദ്ധതി അംഗീകാരം ലഭിക്കുന്നതിനായി കിഫ്ബിയിൽ നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

അംഗീകാരത്തിനായി കിഫ്ബിയിൽ നൽകിയിട്ടുള്ള നിരത്ത് പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു :

അമ്പലപ്പുഴ-ആലപ്പുഴ കണക്ടിവിറ്റി റോഡ് 10-7-2017-ലെ G.O.(Rt) No.942/2017/PWD പ്രകാരം 20 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതും ടി ഉത്തരവ് 12-2-2021-ലെ G.O.(Rt)No.188/2021/PWD പ്രകാരം പുതുക്കി നൽകിയിട്ടുള്ളതുമാണ്. പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. കിഫ്ബിയിൽ നൽകിയിരുന്നു. എന്നാൽ കിഫ്ബി മാനദണ്ഡപ്രകാരമുള്ള ഏറ്റവും കുറഞ്ഞ ROW ആയ 10 മീറ്റർ ലഭ്യമാക്കാത്തതിനാൽ ഡി.പി.ആർ. പുന:സമർപ്പിക്കാൻ കിഫ്ബി കെ.ആർ. എഫ്.ബി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

ഗ്രാമീണ റോഡ് ഏറ്റെടുക്കൽ

23(633) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ 5 കിലോമീറ്ററിലധികം ദൈർഘ്യമുള്ളതും ഒ.ഡി.ആർ. സ്റ്റാറ്റസിലുള്ളതുമായ ഗ്രാമീണ റോഡുകൾ പി.ഡബ്ല്യു.ഡി. ഏറ്റെടുക്കാൻ നടപടിയുണ്ടാകുമോ;

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

&

(ബി) തദ്ദേശസ്വയംഭരണ വകുപ്പിന് ഫണ്ടില്ലാത്തതിനാൽ പരിഷ്കരിക്കാൻ കഴിയാത്ത ഇത്തരം റോഡുകൾ ഒറ്റത്തവണ റീ-ടാർ ചെയ്യാൻ ഫണ്ട് അനുവദിക്കുമോ?

(എ&ബി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകളിൽ പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾ ഏറ്റെടുക്കേണ്ടതില്ലെന്ന സർക്കാർ നിർദ്ദേശം നിലവിലുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നത് സംബന്ധിച്ച കാര്യം പരിശോധിക്കുന്നതാണ്.

റീടാറിംഗ്

24(634) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടുങ്ങൽചോല-പിലാക്കൽ-പുഴങ്കാവ് റോഡിന്റെ 4.5 കി.മീ. മുതൽ 7.9 കി.മീ. വരെ റീ-ടാറിംഗ് ചെയ്യുന്നതിന് എസ്.എൽ.ടി.എഫ്.-ൽ ഉൾപ്പെടുത്തി 45 ലക്ഷം രൂപ അനുവദിച്ചിരുന്നോ; ഈ പ്രവൃത്തി തുടങ്ങാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

&

(ബി) ഗതാഗതം സുഗമമാക്കാൻവേണ്ടി പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ&ബി) പ്രസ്തുത റോഡ് 4.5 കി.മീ. മുതൽ 7.9 കി.മീ. വരെ റീ-ടാറിംഗ് ചെയ്യുന്നതിന് എസ്.എൽ.ടി.എഫ്.-ൽ ഉൾപ്പെടുത്തി 45 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 3 തവണ ടെണ്ടർ ചെയ്തിരുന്നെങ്കിലും കോൺട്രാക്ടർമാർ ആരുംതന്നെ പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറായിട്ടില്ല. നാലാം തവണ ടെണ്ടറിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

റാന്നി നിയോജകമണ്ഡലത്തിലെ സർക്കാർ കെട്ടിടങ്ങൾ

25(635) ശ്രീ. പ്രമോദ് നാരായൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിൽ ഏതൊക്കെ സർക്കാർ സ്ഥാപനങ്ങളാണ് വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നത്; വാടകയുക സഹിതം പട്ടികയായി ലഭ്യമാക്കാമോ?

റാന്നി നിയോജകമണ്ഡലത്തിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകളും ആയതിന്റെ വാടക തുകയും പട്ടികയായി ചുവടെ ചേർത്തിരിക്കുന്നു.

ക്രമ നമ്പർ	ഓഫീസ്	മാസവാടക
1	ജില്ലാ ടൈബൽ ഡെവലപ്മെന്റ് ഓഫീസ്, റാന്നി	5,942
2	ടൈബൽ എക്സ്റ്റൻഷൻ ഓഫീസ്, റാന്നി	9,348
3	ടൗൺ എംപ്ലോയ്മെന്റ് ഓഫീസ്, റാന്നി	5,125
4	സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, റാന്നി	10,000
5	എക്സൈസ് സർക്കിൾ ഓഫീസ്, റാന്നി	5,675
6	എക്സൈസ് റേഞ്ച് ഓഫീസ്, റാന്നി	12,027
7	സബ് രജിസ്ട്രാർ ഓഫീസ്, പെരുനാട്, റാന്നി	20,000
8	പി.ഡബ്ല്യു.ഡി. റോഡ് സെക്ഷൻ, ളാഹ	വാടക നിശ്ചയിച്ചിട്ടില്ല.

(ബി) പ്രസ്തുത സ്ഥാപനങ്ങൾ വാടക കെട്ടിടങ്ങളിൽ നിന്ന് സർക്കാർ കെട്ടിടങ്ങളിലേയ്ക്ക് മാറ്റി പ്രവർത്തിപ്പിക്കാൻ വേണ്ട പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

റാന്നി മിനി സിവിൽ സ്റ്റേഷൻ ബ്ലോക്ക് നം.1-ൽ രണ്ട് നിലകളിലായി കെട്ടിട നിർമ്മാണം പുരോഗമിക്കുന്നു. 3, 4 നിലകളിലേയ്ക്കുള്ള കെട്ടിട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്. റാന്നി, പെരുനാട് മിനി സിവിൽ സ്റ്റേഷന്റെ രണ്ടാംഘട്ട നിർമ്മാണത്തിനായി എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്.

(സി) പി.ഡബ്ല്യു.ഡി. (ബിൽഡിംഗ്സ്) വിഭാഗം മുഖേന റാന്നിയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ വിശദാംശം ഭരണാനുമതിയുടെ പകർപ്പ് സഹിതം ലഭ്യമാക്കാമോ?

പി.ഡബ്ല്യു.ഡി. ബിൽഡിംഗ്സ് വിഭാഗം റാന്നിയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ ഭരണാനുമതിയുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു*. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. Construction of building for Government L.P School, Ayroor.
2. Construction of proposed new building for Government LPG School, Ranny.
3. Construction of Government ITI building, Ranny-Phase I.
4. Construction of Mini Civil Station Block I, Phase II.
5. Construction of proposed new building for Government LPG School, Puthusserimala, Ranni.
6. Construction of new building for District Ayurveda Hospital, Ayroor.
7. Construction of new office building for Ayroor Grama Panchayath.

അസറ്റ് ഡെവലപ്മെന്റ് ഫണ്ട് മുഖേനയുള്ള വെയിറ്റിംഗ് ഷെഡ്ഡുകളുടെ നിർമ്മാണം

26(636) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ അസറ്റ് ഡെവലപ്മെന്റ് ഫണ്ട് മുഖേന നടപ്പാക്കുന്ന വെയിറ്റിംഗ് ഷെഡ്ഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പ്രതീക്ഷ, റിക്ക് എന്നീ പൊതുമരാമത്ത് വകുപ്പ് സ്ഥാപനങ്ങളെ ഏൽപ്പിച്ചുവെങ്കിലും ഇപ്പോഴും പദ്ധതി യാഥാർത്ഥ്യമാകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള റിക്ക് പ്രസ്തുത പദ്ധതി ഇപ്പോൾ നടപ്പാക്കുന്നുണ്ടോ എന്നറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതി റിക്ക് ആർക്കാണ് കൈമാറിയിരിക്കുന്നത് എന്നറിയിക്കാമോ;

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

&

(ഡി) പ്രസ്തുത വെയിറ്റിംഗ് ഷെഡ്ഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും പ്രവർത്തനങ്ങളുടെ മേൽനോട്ടം ആർക്കാണെന്നും അറിയിക്കാമോ?

(എ-ഡി) 11-7-2019-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 35/2019/പൊ.മ.വ പ്രകാരം പ്രതീക്ഷ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ പ്രവർത്തനം അവസാനിപ്പിക്കുന്നതിന് മുന്നോടിയായി ആസ്തികളും ബാധ്യതകളും ഏറ്റെടുക്കുന്നതിനുള്ള തീരുമാനം സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. അസറ്റ് ഡെവലപ്മെന്റ് ഫണ്ട് മുഖേന നടപ്പാക്കുന്ന വെയിറ്റിംഗ് ഷെഡ്ഡുകളുടെ നിർമ്മാണ ചുമതല നിലവിൽ ഒരു സ്ഥാപനങ്ങൾക്കും നൽകിയിട്ടില്ല.

പി.ഡബ്ല്യു.ഡി. സബ് ഡിവിഷൻ

27(637) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷങ്ങൾക്ക് മുൻപ് രൂപീകൃതമായ കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട്, മഞ്ചേശ്വരം എന്നീ താലൂക്കുകളിൽ പി.ഡബ്ല്യു.ഡി. സബ് ഡിവിഷനുകൾ (റോഡ്സ്, ബിൽഡിംഗ്സ് ഉൾപ്പെടെ) അനുവദിക്കാൻ വൈകുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

&

(ബി) ഇവിടെ സബ് ഡിവിഷൻ ഓഫീസുകൾ എന്ന് അനുവദിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട്, മഞ്ചേശ്വരം എന്നീ താലൂക്കുകളിൽ പൊതുമരാമത്ത് വകുപ്പിന്റെ വിവിധ കാര്യാലയങ്ങൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ വെള്ളരിക്കുണ്ട് താലൂക്കിൽ കെട്ടിട വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, വൈദ്യുത വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം എന്നിവയും മഞ്ചേശ്വരം താലൂക്കിൽ കെട്ടിട വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവും രൂപീകരിക്കുന്നതിനുള്ള ശിപാർശ ലഭിച്ചിട്ടുണ്ട്. നിരത്ത് വിഭാഗത്തിന് പുതിയ കാര്യാലയങ്ങൾ രൂപീകരിക്കുന്നതിനുള്ള ശിപാർശ ലഭിച്ചിട്ടില്ല. പാലങ്ങൾ വിഭാഗത്തിന് സബ് ഡിവിഷൻ കാര്യാലയം രൂപീകരിക്കേണ്ടതില്ലെന്നും ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പുതിയ കാര്യാലയങ്ങൾ രൂപീകരിക്കുമ്പോൾ പുതുതായി തസ്തികകളും സൃഷ്ടിക്കേണ്ടതായി വരും. ശിപാർശ പരിശോധിച്ചതിൽ ചില അവ്യക്തതകൾ കാണുന്നതിനാൽ വ്യക്തമായ റിപ്പോർട്ട് ലഭ്യമാക്കാൻ ഭരണ വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വ്യക്തമായ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മഞ്ചേശ്വരം, വെള്ളരിക്കുണ്ട് താലൂക്കുകളിൽ പൊതുമരാമത്ത് കാര്യാലയങ്ങൾ രൂപീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

28(638) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2016-2021) പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നീ വിഭാഗങ്ങളുടെ വികസന പ്രവർത്തനങ്ങൾ ഏതെല്ലാം; വിശദമാക്കാമോ?

പാലങ്ങൾ വിഭാഗത്തിനു കീഴിൽ പാലക്കാട് പൊന്നാനി റോഡിൽ കി.മീ. 34/200-ൽ കണിയാമ്പുറം സമാന്തര പാലം നിർമ്മാണമെന്ന പ്രവൃത്തിക്കായി 430 ലക്ഷം രൂപ അനുവദിക്കുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു. പാലക്കാട് പൊന്നാനി റോഡിൽ കി.മീ. 32/200-ൽ ഈസ്റ്റ് ഒറ്റപ്പാലം സമാന്തരപാലം നിർമ്മാണമെന്ന പ്രവൃത്തിക്കായി 418 ലക്ഷം രൂപ അനുവദിച്ചു. സാങ്കേതികാനുമതി നൽകുന്നതിനുള്ള സത്വര നടപടി സ്വീകരിച്ചുവരുന്നു. ഞാവലിൻ കടവ് പാലം നിർമ്മാണത്തിനായി 2 അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായി ആകെ 8.87 ലക്ഷം രൂപ അനുവദിക്കുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു. ദേശീയപാത വിഭാഗത്തിന് കീഴിൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ നിന്നും 2016-17 സാമ്പത്തിക വർഷത്തെ CRF സ്കീമിൽ ഉൾപ്പെടുത്തി 15 കോടി രൂപ ഭരണാനുമതി ലഭിച്ച കോങ്ങാട് - മംഗലംകുന്ന് (15 കി.മീ) റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിച്ചു. റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധയിയിലുൾപ്പെടുത്തി പാലക്കാട് പെരിന്തൽമണ്ണ സംസ്ഥാന പാത 39-ന്റെ മണ്ണൂർ ജംഗ്ഷൻ മുതൽ ളുത ജംഗ്ഷൻ വരെയുള്ള 37.38 കി.മീ. റോഡിന്റെ (കി.മീ. 12+800 മുതൽ 49+600 വരെ) പുനർനിർമ്മാണം കെ.എസ്.ടി.പി.-യുടെ മേൽനോട്ടത്തിൽ നടന്നുവരുന്നു. പ്രസ്തുത റോഡ് മലമ്പുഴ, കോങ്ങാട്, ഷൊർണ്ണൂർ, ഒറ്റപ്പാലം എന്നീ നിയോജക മണ്ഡലങ്ങളിലൂടെയാണ് കടന്നുപോകുന്നത്. ഈ പദ്ധതിക്ക് 323 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 27-07-2021-ൽ ആരംഭിച്ച പ്രസ്തുത പ്രവൃത്തിയിൽ റോഡിനിരുവശത്തുമുള്ള ഡ്രെയിനേജിന്റെ നിർമ്മാണ പ്രവൃത്തികൾ നടന്നു വരുന്നുണ്ട്. കിഫ്ബി വിഭാഗത്തിനുകീഴിൽ ഒറ്റപ്പാലം-ചെർപ്പുളശ്ശേരി റോഡിന് 54.32 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ അലൈൻമെന്റ് നിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ശ്രീകൃഷ്ണപുരം മുറിയങ്കണ്ണി റോഡിന് 45.53 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഒന്നാംഘട്ടമായ കിലോമീറ്റർ 0/000 മുതൽ 7/700 വരെ 28.24 കോടി രൂപയുടെ ഭാഗികമായ സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടി അന്തിമഘട്ടത്തിലാണ്. നിരത്ത്, കെട്ടിട വിഭാഗത്തിലെ പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വടകര നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

29(639) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പൊതുമരാമത്ത് വകുപ്പിലെ വിവിധ വിഭാഗങ്ങൾക്ക് കീഴിൽ വടകര നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ ഓരോ വിഭാഗവും വടകരയിൽ പദ്ധതികൾക്കായി ചെലവാക്കിയ ആകെ തുക എത്ര വീതമാണെന്ന് വ്യക്തമാക്കുമോ;

&

(സി) പൊതുമരാമത്ത് വകുപ്പിന് കീഴിൽ നടപ്പാക്കുന്നതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയശേഷം നടപ്പാക്കാനാകാത്ത പദ്ധതികളുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

(എ-സി) നിരത്ത്, കെട്ടിട വിഭാഗങ്ങൾക്കുകീഴിലെ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*. ദേശീയപാത വിഭാഗത്തിനുകീഴിൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ നിന്നും CRF Scheme-ൽ ഉൾപ്പെടുത്തി 20 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ച മേക്കുന്ന്-കുഞ്ഞിപ്പള്ളി-പുന്നൂർക്കര-ഓർക്കാട്ടേരി-വികലശ്ശേരി- ചൂരോട് റോഡ് (16 Km) പുനരുദ്ധരിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ EPC mode-ൽ നിന്നും 6.77 കോടി രൂപയ്ക്ക് അനുമതി (ഭരണാനുമതി, സാങ്കേതികാനുമതി, സാമ്പത്തികാനുമതി) ലഭിച്ച ദേശീയപാത 66-ൽ കി.മീ. 186/00 മുതൽ കി.മീ. 194/610 വരെയുള്ള ഭാഗത്തിന്റെ ഉപരിതലം പുതുക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ബഡ്ജറ്റിൽ തുകവകയിരുത്തിയശേഷം നടപ്പാക്കാത്ത പദ്ധതികളൊന്നും തന്നെയില്ല. കിഫ്ബി വിഭാഗത്തിനുകീഴിൽ മുട്ടുങ്കൽ-നാദാപുരം-പക്രന്തലം റോഡിന് 41.50 കോടി രൂപയുടെയും വടകര-വില്ല്യാപ്പിള്ളി-ചേലക്കാട് റോഡ് പ്രവൃത്തിക്കായി 58.29 കോടി രൂപയുടെയും സാമ്പത്തികാനുമതി അനുവദിച്ചിരുന്നു. നിരത്ത് വിഭാഗത്തിനുകീഴിൽ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 29 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോഴിക്കോട് ജില്ലയിലെ പ്രവൃത്തികൾ ഏറ്റെടുക്കുന്ന കരാറുകാർ

30(640) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പ്രവൃത്തികളുടെ കരാറുകൾ വളരെ കുറഞ്ഞ നിരക്കിൽ ഏറ്റെടുക്കുന്ന മറ്റ് ജില്ലകളിൽ നിന്നുള്ള കരാറുകാർ പ്രവൃത്തികളിൽ കാലതാമസം വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം കരാറുകാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

വകുപ്പിലെ പ്രവൃത്തികളുടെ കരാറുകൾ ഏറ്റെടുക്കുന്ന കരാറുകാർക്കെതിരെ രേഖാമൂലം ലഭിക്കുന്ന പരാതികൾ പരിശോധിച്ച് കുറ്റക്കാരെന്ന് കാണുന്ന കരാറുകാർക്കെതിരെ നടപടിയെടുക്കാനായി രജിസ്റ്ററിംഗ് അതോറിറ്റിക്ക് നിർദ്ദേശം നൽകാറുണ്ട്.

(സി) നിർമ്മാണരംഗത്ത് മുൻപരിചയമില്ലാത്ത ഇത്തരം കരാറുകാരുടെ കാര്യത്തിൽ സൂക്ഷ്മ പരിശോധനയ്ക്കും നടപടിക്കും വകുപ്പ് തയ്യാറാകുമോ; വിശദമാക്കാമോ?

ഇത്തരം നിർമ്മാണങ്ങളിൽ കരാറുകാരുടെ ഭാഗത്തുനിന്നുള്ള വീഴ്ച പരിശോധിച്ച് പൊതുമരാമത്ത് വകുപ്പ് മാന്വൽ, സ്റ്റാൻഡേർഡ് ബിഡ്ഡിംഗ് ഡോക്യുമെന്റ് എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം തുടർനടപടി സ്വീകരിക്കുന്നതാണ്.

വൈപ്പിൻ നിയോജകമണ്ഡലത്തിലെ റോഡ് നിർമ്മാണം

31 (641) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ തുക അനുവദിച്ചിട്ടുള്ള റോഡ് നിർമ്മാണ പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

&

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

(എ&ബി) വൈപ്പിൻ നിയോജകമണ്ഡലത്തിൽ തുക അനുവദിച്ചിട്ടുള്ള പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ കീഴിലെ റോഡ് നിർമ്മാണ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*. കെ.ആർ.എഫ്.ബി. മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു :

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വൈപ്പിൻ പള്ളിപ്പുറം സമാന്തര റോഡ്

വൈപ്പിൻ പള്ളിപ്പുറം സമാന്തര റോഡിന് 75 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി 1-11-2016-ലെ G.O(Rt) No 1502/2016/ PWD എന്ന ഉത്തരവ് പ്രകാരം നൽകിയിട്ടുള്ളതാണ്. മേൽ പ്രവൃത്തിയുടെ DPR, ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ഉൾപ്പെടെ കിഫ്ബിയുടെ സാമ്പത്തികാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. DPR പ്രകാരം Ch 0/000 മുതൽ 21/160 വരെയുള്ള 21.16 കി.മീ. ദൂരം നിർദ്ദിഷ്ട തീരദേശ ഹൈവേയുടെ ഭാഗമാണ്. ആയതിനാൽ ഈ ഭാഗത്ത് തീരദേശ ഹൈവേയുടെ നിലവാരത്തിൽ 14 മീറ്റർ വീതിക്ക് നിർമ്മിക്കേണ്ടതുണ്ട്.

വല്ലാർപാടം - പനമ്പുകാട് കായലോര റിംഗ് റോഡ്

വൈപ്പിൻ നിയോജകമണ്ഡലത്തിലെ പ്രസ്തുത റോഡിന് 2017-18 ബഡ്ജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി 20 കോടി രൂപയുടെ ഭരണാനുമതി നൽകി. എന്നാൽ 2014-ൽ ഇതേ റോഡിന്റെ നിർമ്മാണത്തിന് ജലവിഭവ വകുപ്പിനും സാമ്പത്തികാനുമതി ലഭിക്കുകയുണ്ടായി. ജൂൺ 2020-ന് സ്ഥലം എം.എൽ.എ. വിളിച്ച യോഗത്തിൽ ജലവിഭവ വകുപ്പിനെക്കൊണ്ട് ഇൻവെസ്റ്റിഗേഷൻ നടപടി സ്വീകരിക്കാനും ഡി.പി.ആർ. മുതലുള്ള പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് ചെയ്യാനും ധാരണയായി. ജലവിഭവ വകുപ്പ് ഇതുവരെ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് കൈമാറിയിട്ടില്ല. ഇൻവെസ്റ്റിഗേഷൻ പൂർത്തിയാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) തുക അനുവദിച്ചിട്ടുള്ള നിർമ്മാണ പ്രവൃത്തികളുടെ ഭരണാനുമതിയുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

ഭരണാനുമതി പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ഡി) ഭരണാനുമതിക്കായി സമർപ്പിക്കപ്പെട്ടിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

പുതുതായി ഭരണാനുമതിക്കായി പ്രവൃത്തികളൊന്നും ഇതുവരെ സമർപ്പിച്ചിട്ടില്ല.

നെല്ലിയാമ്പതി റോഡ് പുനർനിർമ്മാണം

32 (642) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പ്രളയത്തിൽ തകർന്ന നെല്ലിയാമ്പതി റോഡിന്റെ പുനർ നിർമ്മാണത്തിനായി റീ-ബിൽഡ് കേരളയിൽ ഉൾപ്പെടുത്തിയ പ്രവൃത്തി സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

&

(ബി) പ്രസ്തുത റോഡിന്റെ പ്രവൃത്തി എന്ന് തുടങ്ങാൻ കഴിയുമെന്ന് അറിയിക്കുമോ; വിശദമാക്കുമോ?

(എ&ബി) നെന്മാറ - നെല്ലിയാമ്പതി റോഡ് നിർമ്മാണം KfW ജർമ്മൻ ബാങ്ക് ധനസഹായത്തോടെയാണ് നടപ്പാക്കുന്നത്. പ്രസ്തുത റോഡിനുള്ള 105.48 കോടി രൂപയുടെ ഭരണാനുമതി ആസൂത്രണവും സാമ്പത്തികകാര്യവും (RKI) വകുപ്പ് നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് ഫോറസ്റ്റ് ക്ലിയറൻസ് ലഭിക്കുന്ന മുറയ്ക്ക് തുടങ്ങുന്നതാണ്.

പുതുക്കാട് നിയോജകമണ്ഡലത്തിലെ റോഡുകളുടെ നിർമ്മാണം

33(643) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മാണം നടത്തുന്നതിന് അനുമതി ലഭിച്ച കോടാലി-വെള്ളിക്കുളങ്ങര റോഡ്, പുതുക്കാട്-മുപ്ലിയം-കോടാലി റോഡ്, പള്ളിക്കുന്ന്-ചിമ്മിനി ഡാം റോഡ്, മലയോര ഹൈവേ എന്നിവയുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത റോഡുകളുടെ നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;

&

(സി) എങ്കിൽ തടസ്സങ്ങൾ നീക്കുന്നതിനും വനം വകുപ്പിന്റെ അനുമതി ഉൾപ്പെടെയുള്ളവ ലഭ്യമാക്കി നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

(ബി&സി) വിലങ്ങന്നൂർ-വെള്ളിക്കുളങ്ങര റോഡിന്റെ നിർമ്മാണം ആരംഭിക്കുന്നതിനു മുമ്പ് ഫോറസ്റ്റ് ഉദ്യോഗസ്ഥരുമായി സംയുക്ത പരിശോധന നടത്തി അലൈൻമെന്റ് പുനഃക്രമീകരണത്തിൽ തീരുമാനമെടുക്കേണ്ടതുണ്ട്. വെള്ളിക്കുളങ്ങര – വെറ്റിലപ്പാറ റോഡ് പ്രവൃത്തിയിൽ 0.96 ഹെക്ടർ വനഭൂമി വനം വകുപ്പിൽനിന്നും ലഭിക്കേണ്ട തായിട്ടുണ്ട്. അതിനുവേണ്ടി വനം വകുപ്പ് ആവശ്യപ്പെട്ട അധിക

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിവരങ്ങൾ നൽകുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത റോഡ് പ്രവൃത്തിയുടെ ഇരുവശവും ഭൂമി ഏറ്റെടുക്കേണ്ടതുമൂലം പുനർനിർമ്മിക്കേണ്ടി വരുന്ന കെട്ടിടങ്ങളുടെയും മതിലിന്റെയും വാല്യുവേഷൻ എസ്റ്റിമേറ്റ് കിഫ്ബിയിൽ നൽകിയിട്ടുണ്ട്. വനം വകുപ്പുമായി ബന്ധപ്പെട്ട തടസ്സങ്ങൾ പരിഹരിക്കാൻ വേണ്ട നടപടി സ്വീകരിച്ചു വരുന്നു.

ഇരിക്കൂർ നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളുടെ നവീകരണം

34(644) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ഏതെങ്കിലും പൊതുമരാമത്ത് റോഡുകൾ നബാർഡിന്റെ ഫണ്ടിലുൾപ്പെടുത്തി നവീകരിക്കാൻ അനുമതി നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ?

അനുമതി നൽകിയിട്ടില്ല.

(ബി) താവുകുന്ന്-പോത്തുകുണ്ട്-നടുവിൽ റോഡ്, പുലിക്കുരുമ്പ- പുറഞ്ഞാൺ റോഡ് എന്നിവ ഈ ഫണ്ടിലുൾപ്പെടുത്തി നവീകരിക്കാൻ നടപടി സ്വീകരിക്കുമോ?

കരുവാഞ്ചാൽ-വായാട്ടുപറമ്പ-പോത്തുകുണ്ട്-നടുവിൽ റോഡ് കി.മീ.3/600 മുതൽ 7/200 വരെ (ഹിൽ റോഡ്) ബി.എം. & ബി.സി. ചെയ്ത് അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി നബാർഡ് ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് പരിഗണിക്കാവുന്നതാണ്.

(സി) നബാർഡിന്റെ ഫണ്ടുപയോഗിച്ച് മറ്റേതെങ്കിലും പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ?

അനുമതി നൽകിയിട്ടില്ല.

(ഡി) എങ്കിൽ പ്രസ്തുത പദ്ധതികളുടെ വിശദാംശം വ്യക്തമാക്കാമോ?

ബാധകമല്ല.

പട്ടിക്കാട് -ആക്കപറമ്പ് റോഡ് നവീകരണം

35(645) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേരി നിയോജകമണ്ഡലത്തിൽ സംസ്ഥാന പാതയായ മുള്ള്യാകുർശ്ശി-പാണ്ടിക്കാട് റോഡിൽ പട്ടിക്കാട് മുതൽ ആക്കപറമ്പ് വരെ ഗതാഗതം ദുസ്സഹമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; പ്രസ്തുത ഭാഗങ്ങൾ വീതി കൂട്ടി ബി.എം. & ബി.സി. ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുള്ള്യാകുർശ്ശി-പാണ്ടിക്കാട് റോഡിന് കി.മീ. 0/000-4/500 വരെ ബി.എം. & ബി.സി. ചെയ്ത് ഉപരിതലം പുതുക്കുന്ന പ്രവൃത്തിക്ക് 2021-22 ബഡ്ജറ്റിൽ 100 രൂപ ടോക്കൺ പ്രൊവിഷൻ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

പൂതപ്പാറ-നീർക്കടവ് റോഡ്

36(646) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ അഴീക്കോട് നിയോജകമണ്ഡലത്തിൽ 2017-18-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പൂതപ്പാറ-നീർക്കടവ് റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിന് 183 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചെങ്കിലും പ്രവൃത്തി നാളിതുവരെ ആരംഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

2017-18-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പൂതപ്പാറ-നീർക്കടവ് റോഡ് പ്രവൃത്തിക്ക് വേണ്ട ടെണ്ടർ നടപടികൾ പൂർത്തിയായിരുന്നെങ്കിലും ഏറ്റെടുത്ത കരാറുകാരൻ പ്രവൃത്തി ആരംഭിക്കാത്തതിനെത്തുടർന്ന് ടി കരാറുകാരനെ പ്രവൃത്തിയിൽ നിന്നും റിസ്ക് & കോസ്റ്റിൽ ഉൾപ്പെടുത്തി ഒഴിവാക്കുകയുണ്ടായി. പ്രസ്തുത പ്രവൃത്തിക്ക് 183.50 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകുകയും സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയുമാണ്.

തങ്കളം-കാക്കനാട് നാലുവരിപ്പാത

37(647) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ മനയ്ക്കകടവിൽ നിന്നാരംഭിച്ച് കോതമംഗലം നിയോജകമണ്ഡലത്തിലെ തങ്കളം ജംഗ്ഷനിൽ എത്തിച്ചേരുന്ന നിർദ്ദിഷ്ട തങ്കളം-കാക്കനാട് നാലുവരിപ്പാതയുടെ സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തിയാക്കി നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

27.324 കി.മീ. ദൈർഘ്യമുള്ള തങ്കളം-കാക്കനാട് നാലുവരിപ്പാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് Ch 26/057 മുതൽ Ch 27/324 വരെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. Ch 24/600 മുതൽ Ch 26/057 വരെയുള്ള ഭാഗത്തിന്റെ ഭൂമി ഏറ്റെടുക്കൽ നടപടിയുടെ ഭാഗമായി തഹസിൽദാർക്ക് 20 കോടി രൂപ പൊന്നുംവില കൈമാറിയിട്ടുണ്ട്. Ch 20/000 മുതൽ Ch 27/324 വരെയുള്ള ഭാഗത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി കിഫ്ബിയിൽ DPR സമർപ്പിച്ചിട്ടുള്ളതാണ്. ബാക്കി ഭാഗത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടത്തി DPR സമർപ്പിക്കാനുണ്ട്.

മാരിയിൽ കലുങ്ക് പാലം അപ്രോച്ച് റോഡിന്റെ നിർമ്മാണം

38(648) ശ്രീ. പി. ജെ. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ നിയോജകമണ്ഡലത്തിലെ മാരിയിൽ കലുങ്ക് പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണം മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത അപ്രോച്ച് റോഡിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിന്റെ ഭാഗമായുള്ള ഡ്രാഫ്റ്റ് ഡിക്ലറേഷനുള്ള തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഡ്രാഫ്റ്റ് ഡിക്ലറേഷനുള്ള തുക അനുവദിച്ചിട്ടുണ്ട്.

തേവർകാട് -ചാലേച്ചിറ - വെള്ളാമിത്ര - ലൂർദ് മാതാ ചർച്ച് റോഡിന്റെ പരിഷ്കരണം

39(649) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ ജനങ്ങൾക്ക് വളരെയേറെ ഉപകാരപ്രദമായ തേവർകാട്-ചാലേച്ചിറ-വെള്ളാമിത്ര-ലൂർദ് മാതാ ചർച്ച് റോഡ് പരിഷ്കരിക്കുന്നതിലെ കാലതാമസത്തിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ?

തേവർകാട്-ചാലേച്ചിറ-വെള്ളാമിത്ര-ലൂർദ് മാതാ ചർച്ച് റോഡ് പരിഷ്കരിക്കുന്നതിനായി 2008-ലെ തണ്ണീർത്തട നിയമപ്രകാരം സംസ്ഥാനതല നിരീക്ഷണ സമിതിയുടെ അനുമതി ആവശ്യമാണ്. ടി അനുമതി ലഭ്യമായിട്ടില്ല. ആയതിനാലാണ് പ്രസ്തുത റോഡ് പരിഷ്കരിക്കുന്നതിന് കാലതാമസം നേരിടുന്നത്.

(ബി) 2008-ലെ തണ്ണീർത്തട നിയമം വരുന്നതിനുമുൻപേ ഉപയോഗത്തിലുള്ള ഈ റോഡ് തണ്ണീർത്തട നിയമത്തിന്റെ പരിധിയിൽ വരുന്നതെങ്ങനെയാണെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത റോഡ് നിലവിലുള്ളതിനേക്കാൾ കൂടുതൽ വീതിയിലാണ് നവീകരിക്കുന്നത്. ആയതിന് പാടശേഖരങ്ങളിലെ കൂടുതൽ സ്ഥലം ഏറ്റെടുക്കേണ്ടത് ആവശ്യമാണ്. ആയതിനാലാണ് ടി റോഡിന്റെ നവീകരണം 2008-ലെ തണ്ണീർത്തട നിയമത്തിന്റെ പരിധിയിൽ വരുന്നത്.

(സി) പ്രസ്തുത റോഡിന്റെ പ്രാധാന്യം കണക്കിലെടുത്ത്, കാലതാമസം കൂടാതെ നവീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ അടിയന്തരമായി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനതല നിരീക്ഷണ സമിതിയുടെ അനുമതി ലഭിച്ചാലുടൻ ആയത് പരിശോധിച്ച് പ്രസ്തുത റോഡിന്റെ നവീകരണം പൂർത്തിയാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

ചാലക്കുടി നഗരസഭ ജംഗ്ഷനിലെ അടിപ്പാത

40(650) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയിൽ ചാലക്കുടി നഗരസഭ ജംഗ്ഷന് സമീപത്തായി ആരംഭിച്ച അടിപ്പാതയുടെ നിർമ്മാണ പ്രവർത്തനത്തിലെ പുരോഗതിയില്ലായ്മയും കാലതാമസവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അടിപ്പാതയുടെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിനായി സത്വര നടപടി സ്വീകരിക്കുമോ?

റോഡ് വികസനത്തിന്റെ ഭാഗമായി change of scope-ൽ ഉൾപ്പെടുത്തിയാണ് ചാലക്കുടി അണ്ടർപാസ് നിർമ്മിക്കുന്നത്. അണ്ടർപാസിന്റെ നിർമ്മാണ പുരോഗതി നിരന്തരമായി നിരീക്ഷിക്കുന്നുണ്ട്. കൺസഷണർക്ക് പദ്ധതി ത്വരിതപ്പെടുത്തുന്നതിനായി കൂടുതൽ യന്ത്ര സാമഗ്രികളും നിർമ്മാണസാധനങ്ങളും തൊഴിലാളികളെയും ഉപയോഗിക്കാൻ വേണ്ടുന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

എറവ്-വാടാനപ്പള്ളി റോഡ് നവീകരണം

41(651) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ-വാടാനപ്പള്ളി റോഡിൽ എറവ് മുതൽ വാടാനപ്പള്ളി വരെയുള്ള ഭാഗം നവീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തുക എത്രയാണ്?

തൃശ്ശൂർ-വാടാനപ്പള്ളി റോഡിൽ എറവ് മുതൽ വാടാനപ്പള്ളി വരെയുള്ള ഭാഗം നവീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തുക 250 ലക്ഷം രൂപ ആണ്.

(ബി) പ്രസ്തുത പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ബി.എം. പാച്ച് വർക്ക് പൂർത്തീകരിച്ചു. ബി.സി. വർക്കും അതിനോടനുബന്ധിച്ചുള്ള സീബ്രാ ലൈൻ, ബോർഡ് സ്ഥാപിക്കൽ എന്നീ പ്രവൃത്തികളും ബാക്കിയുണ്ട്.

(സി) ഈ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

മഴക്കാലം മാറിയാൽ പ്രവൃത്തി പൂർത്തീകരിക്കാനാകും.

ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ് നവീകരണം

42(652) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയെയും ചങ്ങനാശ്ശേരിയെയും തമ്മിൽ ബന്ധിപ്പിക്കുന്ന എ.സി. റോഡിന്റെ നവീകരണം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിനെ സെമി എലിവേറ്റഡ് ഹൈവേയാക്കി ഉയർത്തുന്നതരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. എം.സി. റോഡിനെയും എൻ.എച്ച്.-നെയും ബന്ധിപ്പിക്കുന്ന എം.സി. റോഡിന്റെ ഇരുവശത്തും ഫുട്പാത്ത് ഉൾപ്പെടുന്ന റോഡിൽ ഒരു വശത്ത് യൂട്ടിലിറ്റി ഡക്ടോടുകൂടി ഓടയും മറുവശത്ത് ഓടയും ഉൾപ്പെടുന്നു. 3 പുതിയ വലിയ പാലങ്ങൾ (കിടങ്ങറ, നെടുമുടി, പള്ളാത്തുരുത്തി) നിലവിലുള്ള പാലങ്ങളോട് അനുബന്ധമായും 13 ചെറു പാലങ്ങളുടെയും (കോണ്ടൂർ, പാറയ്ക്കൽ, കിടങ്ങറ ഈസ്റ്റ്, കിടങ്ങറ ബസാർ, മാമ്പുഴക്കരി, രാമങ്കരി, പള്ളിക്കുട്ടുമ്മ, മങ്കൊമ്പ്, മാധവശ്ശേരി, പാറശ്ശേരി, പൊങ്ങ, പണ്ടാരക്കുളം, കളർകോട്) 67 കലുങ്കുകളുടെയും പുനർനിർമ്മാണം, 5 ഫ്ലൈഓവറുകൾ, 9 കോസ് വേ, ജംഗ്ഷൻ നവീകരണം, ട്രാഫിക് സുരക്ഷാ ക്രമീകരണങ്ങൾ, മുട്ടാർ പാലത്തിന്റെ പുനർനിർമ്മാണം എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

(ബി) പ്രസ്തുത റോഡിന്റെ പരിഷ്കരണമുണ്ടാക്കുന്ന ഗുണങ്ങൾ ജനങ്ങളെ ബോധ്യപ്പെടുത്തി നവീകരണം എത്രയും വേഗം പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

&

(സി) മേപ്പടി റോഡിന്റെ നവീകരണം സംബന്ധിച്ച് ഒട്ടനവധി വ്യാജ പ്രചരണങ്ങൾ നടക്കുന്ന സാഹചര്യത്തിൽ ജനങ്ങളെ വിശ്വാസത്തിലെടുത്ത് ദ്രുതഗതിയിൽ നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(ബി&സി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട വ്യാജപ്രചരണങ്ങൾ അവസാനിപ്പിച്ച് പ്രവൃത്തി നടപ്പാക്കുന്നതിനായി സ്ഥലം എം.എൽ.എ.-മാർ, പഞ്ചായത്ത് പ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരുടെ നേതൃത്വത്തിൽ യോഗം ചേർന്ന് റോഡ് നവീകരണത്തിലൂടെയുണ്ടാകുന്ന ഗുണങ്ങൾ ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കരുവന്തല-ചക്കംകണ്ടം റോഡ്

43(653) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിലെ കരുവന്തല-ചക്കംകണ്ടം റോഡിന്റെ നിർമ്മാണ പ്രവൃത്തിക്കുള്ള കരാർ വച്ച തീയതി ഏതാണ്?

6-3-2019

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് അറിയിക്കാമോ?

3,49,40,998 രൂപ.

(സി) പ്രസ്തുത റോഡിന്റെ നിർമ്മാണം ആരംഭിച്ചതെന്നാണെന്നും പ്രവൃത്തിയുടെ ഇതുവരെയുള്ള പുരോഗതി എന്താണെന്നും അറിയിക്കാമോ?

15-6-2019-ന് പ്രവൃത്തി ചെയ്യുന്നിനായി കരാറുകാരന് റോഡ് കൈമാറി. 2021 ഫെബ്രുവരി മാസത്തിൽ 130 മീറ്റർ കാന നിർമ്മാണം, ഒരു കലുങ്ക് നിർമ്മാണം എന്നിവ പൂർത്തിയാക്കി. GSB, WMM ഉപയോഗിച്ച് റോഡ് ഉയർത്തുന്ന പ്രവൃത്തിയും 4.5 കി.മീ. ബി.എം. പ്രവൃത്തിയും 2021 മേയ് മാസത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. 3.9 കി.മീ. ബി.എം. പ്രവൃത്തിയും 8.400 ബി.സി. പ്രവൃത്തിയും റോഡ് സുരക്ഷാ പ്രവൃത്തികളും പൂർത്തീകരിക്കാനുണ്ട്.

(ഡി) കരാർ പ്രകാരം എന്നാണ് നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കേണ്ടതെന്ന് വ്യക്തമാക്കാമോ?

കരാർ പ്രകാരം 14-3-2020-ന് പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലാവധി 31-2-2021 വരെ പുതുക്കി നല്കിയിരുന്നു. തുടർന്നും 31-12-2021 വരെ പൂർത്തീകരണ കാലാവധി പുതുക്കി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ആലുവ-മൂന്നാർ റോഡ് പുനർനിർമ്മാണം

44(654) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം-പെരുമ്പൻകുത്ത് റോഡ് (പഴയ ആലുവ-മൂന്നാർ രാജപാത) പുനഃനിർമ്മിച്ച് സഞ്ചാരയോഗ്യമാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കോതമംഗലം-പെരുമ്പൻകുത്ത് റോഡിൽ ചെയിനേജ് 11/300 മുതൽ 19/000 വരെയുള്ള ഭാഗത്തെ 86% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ആലുവയിൽ നിന്നുമാരംഭിച്ച് കോതമംഗലം, തട്ടേക്കാട്, കുട്ടമ്പുഴ, പൂയംകുട്ടി, തോൾനട, കുഞ്ചിയാറ്, കരിന്തിരി, പെരുമ്പൻകുത്ത്, മാങ്കുളം, 50-ാം മൈൽ വഴി മൂന്നാറിലെത്തുന്ന പ്രസ്തുത റോഡ് 1924-ലെ വെള്ളപ്പൊക്കംമൂലം (കൊല്ലവർഷം 1099-ലെ വെള്ളപ്പൊക്കം) കരിന്തിരിമല ഇടിഞ്ഞ് സഞ്ചാരയോഗ്യമല്ലാതായിത്തീർന്ന ശേഷം പുനർനിർമ്മിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(സി) മൂന്നാർ വിനോദസഞ്ചാര മേഖലയിലേയ്ക്ക് 20 കി.മീ. ദൂരത്തിലധികം കുറവ് വരുന്നതും കയറ്റിറക്കങ്ങൾ ഇല്ലാത്തതും ടൂറിസം വികസനത്തിന് വലിയ സാധ്യത തുറന്നുതരുന്നതുമായ പ്രസ്തുത റോഡ് പുന:നിർമ്മിച്ച് സഞ്ചാരയോഗ്യമാക്കിയാൽ കോതമംഗലത്തെ പാർശ്വവൽക്കരിക്കപ്പെട്ട കുട്ടമ്പുഴ, പൂയംകുട്ടി, കല്ലേലിമേട്, ഉരുളൻതണ്ണി, പിണവൂർകുടി തുടങ്ങിയ പ്രദേശങ്ങളുടെ സമഗ്ര വികസനത്തിനുത കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി&സി) 1924-ലെ വെള്ളപ്പൊക്കംമൂലം കരിന്തിരിമല ഇടിഞ്ഞ് ഈ പാത സഞ്ചാര യോഗ്യമല്ലാതായതിനുശേഷം പുനർനിർമ്മിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോതമംഗലത്തുനിന്നും പെരുമ്പൻകുത്ത് വരെ 40 കി.മീ. റോഡ് പൊതുമരാമത്ത് വകുപ്പിന്റേതാണ്. ഇതിൽ പൂയംകുട്ടി (കി.മീ. 28/000) ഭാഗത്ത് വനം വകുപ്പ് റോഡ് ബ്ലോക്ക് ചെയ്തിരിക്കുന്നതിനാൽ അതുവഴി റോഡ് വികസനത്തിന് അനുവാദം ലഭിച്ചിട്ടില്ല. പൂയംകുട്ടി മുതൽ പെരുമ്പൻകുത്ത് വരെ വനത്തിലൂടെയുള്ള റോഡ് കയറ്റിറക്കങ്ങൾ ഇല്ലാതെ മൂന്നാറിലേയ്ക്ക് യാത്ര ചെയ്യാനാകുന്നതും ദൂരക്കുറവുള്ളതുമാണ്. ബ്രിട്ടീഷുകാരുടെ കാലത്ത് നിർമ്മിച്ച ഈ രാജപാതയിൽ പെരുമ്പൻകുത്തിനും പൂയംകുട്ടിക്കും ഇടയിൽ മല ഇടിഞ്ഞതോടെയാണ് വനം വകുപ്പ് റോഡ് അടച്ചത്.

(ഡി) കേരളത്തിന്റെ സമഗ്ര ടൂറിസം വികസനത്തോടൊപ്പം മൂന്നാറിലേയ്ക്കുള്ള സമാന്തര പാതയായുംകൂടി ഉപയോഗിക്കാൻ കഴിയുന്ന പ്രസ്തുത റോഡ് പുന:നിർമ്മിച്ച് സഞ്ചാരയോഗ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഈ റോഡ് തുറക്കണമെന്ന് കാണിച്ച് നിരവധി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. ടി റോഡ് വികസനം സംബന്ധിച്ച ഒരു ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കുന്ന കാര്യം വകുപ്പുതലത്തിൽ പരിശോധിച്ചുവരുന്നു.

നെന്മാറ നിയോജകമണ്ഡലത്തിലെ റോഡ് നിർമ്മാണം

45(655) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ ഏതെല്ലാം റോഡുകളാണ് ബി.എം.& ബി.സി.-യായി നിർമ്മാണം നടത്താനുള്ളതെന്ന് വിശദമാക്കുമോ;

&

(ബി) പ്രസ്തുത റോഡ് പ്രവൃത്തികൾ അടിയന്തരമായി തുടങ്ങാനാവശ്യമായ നടപടി സ്വീകരിക്കുമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പ്രവൃത്തികൾ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

എരത്തിമാവ്-മാവൂർ-മെഡിക്കൽ കോളേജ് റോഡ് പരിഷ്കരണ പ്രവൃത്തി

46(656) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തിയ എരത്തിമാവ്-മാവൂർ-മെഡിക്കൽ കോളേജ് റോഡ് പരിഷ്കരണ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

&

(ബി) പ്രസ്തുത പദ്ധതി എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) എരത്തിമാവ് - മാവൂർ - മെഡിക്കൽ കോളേജ് റോഡ് നിലവിൽ RKI പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് (കെ.എസ്.റ്റി.പി.) ലോകബാങ്ക് ധനസഹായത്തോടെ നടപ്പാക്കുന്ന RKI പദ്ധതികളുടെ സേവിംഗ്സ് തുക വിനിയോഗിച്ച് പ്രസ്തുത റോഡിന്റെ പ്രവൃത്തി നടപ്പാക്കാൻ കഴിയുമോയെന്ന് പരിശോധിച്ചുവരികയാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചമ്പക്കുളം പാലത്തിന്റെ അപ്രോച്ച് റോഡ്

47 (657) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചമ്പക്കുളം ഫൊറോന ദേവാലയത്തോട് ചേർന്ന് നിർമ്മിച്ചിട്ടുള്ള ചമ്പക്കുളം പാലത്തിന്റെ അപ്രോച്ച് റോഡ് തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ അത് പുതുക്കി നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളുണ്ടാകുമെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത പ്രവൃത്തി കരാറുകാരന്റെ ഡിഫക്ട് ലയബിലിറ്റി പിരീഡിനുളളിലായതിനാൽ അടിയന്തരമായി പരിഹരിക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കുട്ടനാട്ടിലെ പാലങ്ങളും കലുങ്കുകളും നിർമ്മിക്കുമ്പോൾ അപ്രോച്ച് റോഡ് കരിങ്കല്ല് കെട്ടി നിർമ്മിക്കുന്നതുമൂലം പിന്നീട് ഇടിഞ്ഞുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കുട്ടനാട്ടിലെ നിർമ്മാണം പൂർത്തിയായ പാലങ്ങളുടെ അപ്രോച്ച് റോഡ് സെറ്റിൽമെന്റുണ്ടാകുന്നത് അവിടത്തെ മണ്ണിന്റെ പ്രത്യേക ഘടനമൂലമാണ്. ആദ്യ വർഷങ്ങളിൽ സെറ്റിൽമെന്റ് കൂടുന്നതായും പിന്നീട് കുറയുന്നതായും കണ്ടുവരുന്നു. അപ്രോച്ച് റോഡിന്റെ കേടുപാടുകൾ പരിഹരിച്ച് ഗതാഗതയോഗ്യമാക്കാറുണ്ട്.

(ഡി) കുട്ടനാടിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകത പരിഗണിച്ച് അവിടെ നിർമ്മിക്കുന്ന എല്ലാ കലുങ്കുകളുടെയും പാലങ്ങളുടെയും അപ്രോച്ച് റോഡ് കോൺക്രീറ്റിൽ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കുട്ടനാട്ടിൽ നിലവിൽ നിർമ്മിക്കുന്ന പാലങ്ങളെല്ലാംതന്നെ ഭൂപ്രകൃതി അനുസരിച്ച് ശാസ്ത്രീയമായ രീതിയിൽ കോൺക്രീറ്റ് ലാൻഡ് സ്പാൻ നൽകിയാണ് രൂപകൽപ്പന ചെയ്യുവരുന്നത്.

കോഴിക്കോട് - പാലക്കാട് ദേശീയപാതയിലെ റംപിൾ സ്ട്രിപ്പ്

48(658) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് - പാലക്കാട് ദേശീയ പാതയിൽ മലപ്പുറം മുതൽ ജില്ലാ അതിർത്തിയായ പതിനൊന്നാം മൈൽ വരെ റോഡിൽ അപകടകരമാംവിധം റംപിൾ സ്ട്രിപ്പ് സ്ഥാപിച്ചതുമൂലം യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാകുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അശാസ്ത്രീയമായ റംപിൾ സ്ട്രിപ്പുമൂലം ആംബുലൻസടക്കം അപകടത്തിൽപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കോഴിക്കോട്-പാലക്കാട് ദേശീയ പാതയിൽ മറ്റൊരു സ്ഥലത്തുമില്ലാത്ത രൂപത്തിൽ മലപ്പുറം മുതൽ രാമനാട്ടുകാര വരെ മാത്രം റംപിൾ സ്ട്രിപ്പ് സ്ഥാപിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ;

&

(ഡി) റംപിൾ സ്ട്രിപ്പ് പലയിടത്തും ഹമ്പായി മാറിയതിനാൽ ജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനും റംപിൾ സ്ട്രിപ്പ് എടുത്തുകളയുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

(സി&ഡി) 12-5-2020-ലെ കേന്ദ്ര സർക്കാർ വിജ്ഞാപനം S.O.1507(E) പ്രകാരം ദേശീയപാത 966-നെ ഭാരത്മാല പരിയോജനയിൽ ഉൾപ്പെടുത്തി 4/6 വരി പാതയായി വികസിപ്പിക്കുന്നതിന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മലപ്പുറം ജില്ലയിലെ രാമനാട്ടുകര മുതൽ ജില്ലാ അതിർത്തിവരെ വാഹനങ്ങളുടെ അമിത വേഗതമൂലം അപകടങ്ങളുണ്ടാകുന്ന സ്ഥലത്തെ ബ്ലാക്ക് സ്പോട്ടുകളായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. ഈ ബ്ലാക്ക് സ്പോട്ടുകളിൽ വാഹനത്തിന്റെ വേഗത കുറച്ച് അപകടങ്ങൾ ഒഴിവാക്കുന്നതിനായിട്ടാണ് റംപിൾ സ്ട്രിപ്പ് (തെർമോ പ്ലാസ്റ്റിക് റോഡ് മാർക്കിംഗ് ഉപയോഗിച്ച്) ആ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ളത്. ഇതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

കൊടുവള്ളി ബൈപ്പാസ് നിർമ്മാണ പദ്ധതി

49(659) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി ബൈപ്പാസ് നിർമ്മാണ പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ;

&

(ബി) പ്രസ്തുത പദ്ധതിയുടെ സൂക്ഷ്മപരിശോധനാ പഠനം പൂർത്തിയാക്കിയിട്ടുണ്ടോ?

(എ&ബി) 2016-17 കേന്ദ്ര വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ദേശീയപാത-766-മലാപ്പറമ്പ് മുതൽ പുതുപ്പാടി വരെ പേവ്ഡ് ഷോൾഡറോടുകൂടിയ രണ്ടുവരിപ്പാതയാക്കുന്ന പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുവേണ്ട പ്രവൃത്തി പുരോഗമിക്കുന്നു. പ്രസ്തുത പ്രവൃത്തിയിൽ താമരശ്ശേരി, കൊടുവള്ളി ബൈപ്പാസുകളും ഉൾപ്പെടുന്നു. 25-2-2021-ൽ നടന്ന MoRTH-ന്റെ വീഡിയോ കോൺഫറൻസിൽ പ്രസ്തുത പ്രവൃത്തിയുടെ സാധ്യതാപഠനം നടത്തിയതിനുശേഷമുള്ള അലൈൻമെന്റ് ഓപ്ഷൻസ് അംഗീകാരത്തിനായി സമർപ്പിച്ചു. ഈ പ്രവൃത്തിക്കുവേണ്ടി ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ വിശദാംശങ്ങൾ പൊതുജനങ്ങളും ജനപ്രതിനിധികളുമായിട്ടുള്ള ചർച്ചയ്ക്കുശേഷം കേന്ദ്രത്തിൽ സമർപ്പിച്ച് അലൈൻമെന്റിന് അംഗീകാരം ലഭ്യമാകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പെരുമ്പടപ്പ് ബണ്ട് റോഡ് നിർമ്മാണം

50(660) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി നിയോജകമണ്ഡലത്തിലെ പെരുമ്പടപ്പ് പഞ്ചായത്തിനെയും ചെറവല്ലൂരിനെയും ബന്ധിപ്പിക്കുന്ന കായൽ പ്രദേശത്തുകൂടി പോകുന്ന ബണ്ട് റോഡിനായി 2019-20-ലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നെങ്കിലും ഇതുവരെ മണ്ണ് പരിശോധനയും ഡിസൈൻ പ്ലാനും പൂർത്തീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) എങ്കിൽ പ്രസ്തുത ബണ്ട് റോഡിന്റെ പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി കൈക്കൊള്ളുമോ?

(എ&ബി) ഉണ്ട്. പെരുമ്പടപ്പ് ചെറവല്ലൂർ ബണ്ട് റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇൻവെസ്റ്റിഗേഷനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വിശദ പരിശോധനയ്ക്കായി കോഴിക്കോട് പി.ഡബ്ല്യു.ഡി. റീജിയണൽ ഇൻവെസ്റ്റിഗേഷൻ & ക്വാളിറ്റി കൺട്രോൾ ലാബോറട്ടറിക്ക് കൈമാറിയതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിൽ നിന്ന് പ്രിലിമിനറി ഡിസൈൻ ലഭിച്ചിട്ടുണ്ട്. ഭരണാനുമതി നൽകിയിട്ടുള്ള പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഫൈനൽ ഡിസൈൻ ലഭ്യമാകേണ്ടതായുണ്ട്. ആയത് ലഭ്യമാകുന്നമുറയ്ക്ക് ഈ വിഷയത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കാൻ കഴിയും.

നെന്മാറ നിയോജകമണ്ഡലത്തിലെ ബൈപ്പാസ് റോഡുകളുടെ നിർമ്മാണം

51 (661) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ ഏതെല്ലാം ബൈപ്പാസ് റോഡുകളുടെ നിർമ്മാണത്തിനാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

നെന്മാറ നിയോജകമണ്ഡലത്തിലെ നെന്മാറ ബൈപ്പാസ്, കൊടുവായൂർ ബൈപ്പാസ് എന്നിവയ്ക്ക് 27-9-2016-ലെ സ.ഉ.(സാധാ) നമ്പർ 1324/2016/ പൊ.മ.വ. പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുകയും റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 14-7-2009-ലെ സ.ഉ.(സാധാ) നമ്പർ 1045/2009/ പൊ.മ.വ. പ്രകാരം നെന്മാറ നിയോജകമണ്ഡലത്തിലെ കൊല്ലങ്കോട് ബൈപ്പാസിന് 13 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു.

(ബി) പ്രസ്തുത ബൈപ്പാസ് റോഡുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

&

(സി) ഈ പ്രവൃത്തികൾ എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

(ബി&സി) 1. നെന്മാറ ബൈപ്പാസ്:

നെന്മാറ ബൈപ്പാസ് നിർമ്മാണത്തിനായി ആർ.ബി.ഡി.സി.കെ. വിശദമായ പദ്ധതിരേഖ തയ്യാറാക്കി 26-2-2018-ൽ കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചെങ്കിലും നെന്മാറ വഴി കടന്നുപോകുന്ന ഇൻപ്രിൻസിപ്പൽ ദേശീയപാതയായി പ്രഖ്യാപിച്ചിട്ടുള്ള വടക്കാഞ്ചേരി-പൊള്ളാച്ചി റോഡിന്റെ ഡി.പി.ആർ. നടപടികൾ എൻ.എച്ച്.എ.ഐ. നടത്തിവരുന്നതുകൊണ്ട് നെന്മാറ ബൈപ്പാസ് പദ്ധതി കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തേണ്ടതില്ലെന്ന് കിഫ്ബിയിൽനിന്നും അറിയിച്ചതിനാൽ ആർ.ബി.ഡി.സി.കെ.-യ്ക്ക് നെന്മാറ ബൈപ്പാസ് പദ്ധതിയുമായി മുന്നോട്ട് പോകാൻ കഴിഞ്ഞിട്ടില്ല. കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ 24-3-2017-ലെ കത്ത് പ്രകാരം വടക്കാഞ്ചേരി- പൊള്ളാച്ചി റോഡിന്റെ കേരളത്തിൽ വരുന്ന 40 കി.മീ. ഭാഗം ഇൻപ്രിൻസിപ്പൽ ദേശീയപാതയായി പ്രഖ്യാപിക്കുകയും പ്രസ്തുത പ്രവൃത്തിയുടെ സാധ്യതാപഠനവും പദ്ധതി രൂപരേഖയും തയ്യാറാക്കുന്നതിന്

M/s.KITCO Ltd.-ന് കേന്ദ്ര ഗതാഗത ഹൈവേ മന്ത്രാലയം അനുമതി നൽകുകയും ചെയ്തിരുന്നു. എന്നാൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ 19-11-2019-ലെ കത്ത് പ്രകാരം ഇൻപ്രിൻസിപ്പൽ ദേശീയപാതയായി പ്രഖ്യാപിച്ചിട്ടുള്ള റോഡുകളിൽ തുടർനടപടികളൊന്നും തന്നെ ഇപ്പോൾ ഏറ്റെടുക്കേണ്ടതില്ലെന്ന് അറിയിച്ചിരുന്നു. ഇൻപ്രിൻസിപ്പൽ ദേശീയപാതയായി പ്രഖ്യാപിച്ചിട്ടുള്ള വടക്കാഞ്ചേരി - പൊള്ളാച്ചി റോഡ് ദേശീയപാത അതോറിറ്റി മുഖേന വികസിപ്പിക്കുകയാണെങ്കിൽ പ്രസ്തുത റോഡിന്റെ അലൈൻമെന്റ് സംബന്ധിച്ച് അന്തിമ തീരുമാനമാകുന്ന മുറയ്ക്കോ അല്ലെങ്കിൽ ഇക്കാര്യത്തിൽ വ്യക്തത വരുന്ന മുറയ്ക്കോ മാത്രമേ നെന്മാറ ബൈപ്പാസ് നിർമ്മാണം സംബന്ധിച്ച വിഷയത്തിൽ തുടർനടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

2. <u>കൊല്ലങ്കോട് ബൈപ്പാസ്</u>:

കൊല്ലങ്കോട് ബൈപ്പാസിന് സ്ഥലമേറ്റെടുക്കുന്നതിനായി ഫണ്ട് അനുവദിക്കുന്നതിന് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരവെ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ 24-3-2017-ലെ കത്ത് പ്രകാരം കൊല്ലങ്കോട് വഴി കടന്നുപോകുന്ന വടക്കാഞ്ചേരി - പൊള്ളാച്ചി റോഡിന്റെ കേരളത്തിൽ വരുന്ന 40 കി.മീ. ഭാഗം ഇൻപ്രിൻസിപ്പൽ ദേശീയപാതയായി പ്രഖ്യാപിക്കുകയും പ്രസ്തുത പ്രവൃത്തിയുടെ സാധ്യതാപഠനവും പദ്ധതി രൂപരേഖയും തയ്യാറാക്കുന്നതിന് M/s. KITCO Ltd.-ന് കേന്ദ്ര ഗതാഗത ഹൈവേ മന്ത്രാലയം അനുമതി നൽകുകയും ചെയ്തിരുന്നു. ഈ സാഹചര്യത്തിൽ കൊല്ലങ്കോട് ബൈപ്പാസ് കേന്ദ്ര ഫണ്ടുപയോഗിച്ച് വികസിപ്പിക്കുന്നതാകും സംസ്ഥാന സർക്കാരിന് സാമ്പത്തികമായി മെച്ചമെന്നതിനാൽ വടക്കാഞ്ചേരി-പൊള്ളാച്ചി റോഡിന്റെ ഫീസിബിലിറ്റി സ്റ്റഡി പൂർത്തിയാകുന്നതുവരെ കൊല്ലങ്കോട് ബൈപ്പാസിന് ഫണ്ട് അനുവദിച്ച് ഭരണാനുമതിക്കുള്ള നിരത്തുവിഭാഗം ചീഫ് എഞ്ചിനീയറുടെ പ്രൊപ്പോസലിൽ തുടർനടപടി സ്വീകരിക്കുന്നത് തൽക്കാലത്തേയ്ക്ക് മാറ്റിവയ്ക്കാൻ തീരുമാനിച്ചിരുന്നു. എന്നാൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ 19-11-2019-ലെ കത്ത് പ്രകാരം ഇൻപ്രിൻസിപ്പൽ ദേശീയപാതയായി പ്രഖ്യാപിച്ചിട്ടുള്ള റോഡുകളിൽ ഇപ്പോൾ തുടർനടപടികളൊന്നുംതന്നെ ഏറ്റെടുക്കേണ്ടതില്ലെന്ന് അറിയിച്ചിരുന്നു. തുടർന്ന് കൊല്ലങ്കോട് ബൈപ്പാസിന്റെ സ്ഥലമെടുപ്പിനും നിർമ്മാണത്തിനുമുള്ള ഭരണാനുമതിക്കായി പുതുക്കിയ നിരക്ക് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി പുതിയ ബഡ്ജറ്റ് പ്രൊപ്പോസലിനൊപ്പം

സമർപ്പിക്കാൻ നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നു. ഇൻപ്രിൻസിപ്പൽ ദേശീയപാതയായി പ്രഖ്യാപിച്ചിട്ടുള്ള വടക്കാഞ്ചേരി - പൊള്ളാച്ചി റോഡ് ദേശീയപാത അതോറിറ്റി മുഖേന വികസിപ്പിക്കുകയാണെങ്കിൽ പ്രസ്തുത റോഡിന്റെ അലൈൻമെന്റ് സംബന്ധിച്ച് അന്തിമ തീരുമാനമാകുന്ന മുറയ്ക്കോ അല്ലെങ്കിൽ ഇക്കാര്യത്തിൽ വ്യക്തതവരുന്ന മുറയ്ക്കോ മാത്രമേ കൊല്ലങ്കോട് ബൈപ്പാസ് നിർമ്മാണം സംബന്ധിച്ച വിഷയത്തിൽ തുടർനടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

3. <u>കൊടുവായൂർ ബൈപ്പാസ്</u>:

കൊടുവായൂർ ബൈപ്പാസ് നിർമ്മാണത്തിനായി ആർ.ബി.ഡി.സി.കെ. വിശദമായ പദ്ധതിരേഖ തയ്യാറാക്കി കിഫ്ബിയിൽ അംഗീകാരത്തിനായി സമർപ്പിക്കുകയും കിഫ്ബിയുടെ വിദഗ്ധ പരിശോധനകൾക്കുശേഷം 38.20 കോടി രൂപയുടെ അംഗീകാരം ലഭിച്ചിട്ടുള്ളതുമാണ്. തുടർന്ന് ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതിനായി ആർ.ബി.ഡി.സി.കെ. 15-1-2019-ൽ ജില്ലാ കളക്ടർക്ക് അർത്ഥനാപത്രം സമർപ്പിച്ച് ഏറ്റെടുക്കേണ്ടതായിട്ടുള്ള ഭൂമിയുടെ അതിർത്തി കല്ലുകൾ സ്ഥാപിക്കുകയും 29-1-2020-ൽ റവന്യൂ അധികാരികളുമായി സംയുക്ത പരിശോധന നടത്തുകയും ചെയ്തു. ഭൂമിയേറ്റെടുക്കൽ നടപടിയുടെ ഭാഗമായ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുകയും ഇതിന്റെ ഭാഗമായ പൊതുയോഗത്തിൽ ഭൂവുടമകളുടെ പരാതികൾക്ക് മറുപടി നൽകിയിട്ടുള്ളതുമാണ്. നിലവിൽ സാമൂഹ്യ പ്രത്യാഘാത പഠനത്തിന്മേലുള്ള എക്സ്പെർട്ട് കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുത്ത് ആർ.ബി.ഡി.സി.കെ.-യ്ക്ക് കൈമാറിയാലുടൻതന്നെ ബൈപ്പാസിന്റെ നിർമ്മാണത്തിനായുള്ള ടെണ്ടർ നടപടികൾ കൈക്കൊള്ളുന്നതാണ്.

വൈപ്പിൻ-മുനമ്പം റോഡ് വികസനം

52(662) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഗതാഗത പദ്ധതിയിൽ ഉൾപ്പെടുത്തി വൈപ്പിൻ-മുനമ്പം റോഡിന്റെ വികസനത്തിനായി തുക അനുവദിച്ചിട്ടുണ്ടോ;

&

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി റോഡ് സുരക്ഷാ പദ്ധതിയായ ചലഞ്ച് ഫണ്ടിൽ തുക അനുവദിച്ചിട്ടുണ്ട്. 21-1-2021-ൽ റീ ടെണ്ടർ ചെയ്ത് കരാർ ഒപ്പു വയ്ക്കുന്നതിനുള്ള നടപടികൾ കെ.എസ്.റ്റി.പി. മുഖേന പുരോഗമിച്ചുവരുന്നു. പ്രധാനമായും റോഡിലെ അപകടനിരക്ക് കുറയ്ക്കാനായി വിവിധതരത്തിലെ റോഡ് സുരക്ഷാ പ്രവൃത്തികൾ (റോഡ് മാർക്കിംഗ് സംവിധാനം, ട്രാഫിക് സിഗ്നലിംഗ് സംവിധാനം, സർവെയലൻസ് ക്യാമറ സ്ഥാപിക്കൽ മുതലായവ), ബസ് ഷെൽട്ടർ നിർമ്മാണം, ഓട നിർമ്മാണം തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

(സി) ഇതുസംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

13-2-2013-ലെ സ.ഉ. (കൈ) നമ്പർ 16/2013/പൊ.മ.വ. പ്രകാരമുള്ള ഭരണാനുമതിയുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

(ഡി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നത് സംബന്ധിച്ച് കെ.എസ്.റ്റി.പി.-യും വകുപ്പും സംയുക്ത തീരുമാനങ്ങളെടുത്തിട്ടുണ്ടോ;

&

(ഇ) ഇല്ലെങ്കിൽ പദ്ധതിയുടെ പ്രയോജനം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായും കാര്യക്ഷമമായ നടത്തിപ്പിനായും സംയുക്ത സ്ഥലപരിശോധന നടത്താൻ നടപടി സ്വീകരിക്കുമോ?

(ഡി&ഇ) ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ നിർദ്ദേശിച്ച പ്രസ്തുത പ്രവൃത്തി കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ ശിപാർശ പ്രകാരമാണ് കെ.എസ്.റ്റി.പി. ഏറ്റെടുത്തിട്ടുള്ളത്.

വയനാട്-മുണ്ടേരി-നിലമ്പൂർ റോഡ്

53(663) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) വയനാട് ജില്ലയിൽനിന്നും മലപ്പുറം ജില്ലയിലെ നിലമ്പൂരിൽ എത്തിച്ചേരണമെങ്കിൽ നിലവിലുള്ള റോഡുകൾ (കോഴിക്കോട്-താമരശ്ശേരി, തമിഴ്നാട്-നാടുകാണി) വഴി എത്ര കിലോമീറ്റർ ദൂരം യഥാക്രമം സഞ്ചരിക്കണമെന്ന് അറിയിക്കാമോ?

1. താമരശ്ശേരി ചുരം വഴി കൽപ്പറ്റയിൽനിന്ന് നിലമ്പൂരിലേയ്ക്ക് 97 കി.മീ. യാത്ര ചെയ്യണം.

2. നാടുകാണി ചുരം വഴി കൽപ്പറ്റയിൽനിന്ന് നിലമ്പൂരിലേയ്ക്ക് 91 കി.മീ. യാത്ര ചെയ്യണം.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) വയനാട്ടിലെ ചൂരൽമല, മലപ്പുറത്തെ മുണ്ടേരി എന്നീ പ്രദേശങ്ങളിലെ പൊതുമരാമത്ത് റോഡുകളുടെ മീൻ സീ ലെവൽ (എം.എസ്.എൽ.) എത്രയാണെന്ന് വിശദമാക്കാമോ?

ചൂരൽമല - 864 മീ., മുണ്ടേരി - 77 മീ.

(സി) നിർദ്ദിഷ്ട മലയോര ഹൈവേയുടെ ഭാഗമായി ചൂരൽമലയിൽ നിന്നും മുണ്ടേരിയിലേയ്ക്കുള്ള കണക്ടിവിറ്റിക്ക് തയ്യാറാക്കിയ ശ്രപരേഖയും ദൂരമടക്കമുള്ള വിശദാംശങ്ങളും ലഭ്യമാക്കാമോ?

മലപ്പുറം ജില്ലയിലെ മുണ്ടേരി സീഡ് ഫാം ഗേറ്റിൽ നിന്ന് തുടങ്ങി വയനാട് ജില്ലയിലെ അരണപ്പുഴ വരെയാണ് നിർദ്ദിഷ്ട പാതയുടെ ശ്രപരേഖയുള്ളത്. 17.20 കി.മീ. ദൂരമുള്ള പാതയിൽ 3 കി.മീ. മുണ്ടേരി ഫാമിലൂടെയും ബാക്കി 14.20 കി.മീ. വനത്തിലൂടെയുമാണ്. കൃഷി വകുപ്പ് 4.05 ഹെക്ടറും വനം വകുപ്പ് 18.90 ഹെക്ടർ സ്ഥലവുമാണ് വിട്ടുതരേണ്ടത്. മൊത്തം പാതയുടെ വീതി 18.00 മീറ്ററും ക്യാരേജ് വേ (ടാറിംഗിന്റെ) വീതി 7.00 മീറ്ററുമാണ്. 25 ഹെയർ പിൻ വളവുകളും പുതിയ മൂന്ന് പാലങ്ങളും ആവശ്യമായിവരും.

(ഡി) ഈ ശ്രപരേഖ തയ്യാറാക്കിയത് ആരാണെന്നും എങ്ങനെയാണെന്നും എന്നാണെന്നും വനം വകുപ്പിന്റെ സഹകരണത്തോടെയാണോ എന്നും വ്യക്തമാക്കാമോ?

ഈ ശ്രപരേഖ തയ്യാറാക്കിയത് എറണാകുളം ആസ്ഥാനമായി പ്രവർത്തിക്കുന്ന M/s. ജി. എസ്. ഇൻഫ്രാസ്ട്രക്ചർ എന്ന സ്ഥാപനമാണ്. വനം വകുപ്പിന്റെ അനുമതിയോടുകൂടിയാണ് വനത്തിനകത്ത് സർവ്വേ ചെയ്തത്.

മഞ്ചേരി നിയോജകമണ്ഡലത്തിൽ തുടിയൻമല-കോടശ്ശേരി റോഡ് പ്രവൃത്തി

54(664) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജകമണ്ഡലത്തിൽ തുടിയൻമല-കോടശ്ശേരി റോഡ് പ്രവൃത്തി ദ്രുതഗതിയിൽ നടക്കുന്നതിനിടെ കോൺടാക്ടർ മരണപ്പെട്ട് പ്രവൃത്തി നിലച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. മഞ്ചേരി നിയോജകമണ്ഡലത്തിലെ Budget Work 2019-20 Improvements and Providing BM & BC Works to Thudiyanmala- Kudassery Road Km 0/000 to 2/900 എന്ന പ്രവൃത്തി ഏറ്റെടുത്ത കരാറുകാരനായ അബ്ദുൽ നസീർ പി. പി. എന്നയാൾ 13-2-2021-ന് മരണപ്പെട്ടതിനാൽ പ്രവൃത്തി നിലച്ചിട്ടുണ്ട്.

(ബി) എങ്കിൽ പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

&

(സി) ഇല്ലെങ്കിൽ പ്രവൃത്തി എന്ന് പുനരാരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

(ബി&സി) പൂർത്തിയായ പ്രവൃത്തികളുടെ അളവുകൾ രേഖപ്പെടുത്തി പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം നൽകുന്ന മുറയ്ക്ക് ബാലൻസ് വർക്ക് ടെണ്ടർ ചെയ്ത് പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ആകാശപാതയുടെ നിർമ്മാണം

55(665) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം നഗരത്തിൽ നിർമ്മാണം നിലച്ചിരിക്കുന്ന ആകാശപാത പുനർനിർമ്മിക്കാനുള്ള തടസ്സങ്ങൾ എന്താണ്?

കോട്ടയം ശീമാട്ടി ജംഗ്ഷനിലെ കാൽനടയാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുവേണ്ടി ആവിഷ്കരിച്ച പദ്ധതിയാണ് "സ്കൈവാക്". സ്റ്റെയർകേസ്/ലിഫ്റ്റ് മുതലായവ നിർമ്മിക്കാൻ ഭൂമി വിട്ടുനൽകുന്നതിന് തയ്യാറാണെന്ന കോട്ടയം നഗരസഭയുടെ തീരുമാനം കോട്ടയം ജില്ലാ കളക്ടർ കേരള റോഡ് സുരക്ഷാ അതോറിറ്റിയെ അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതി വിജയകരമായി പൂർത്തിയാക്കുന്നതിനായി വിവിധ ഭൂവുടമസ്ഥരായ കോട്ടയം YMCA, CSI, പോസ്റ്റൽ വകുപ്പ് മുതലായവരിൽനിന്ന് ഭൂമി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിലാണ് പ്രസ്തുത പദ്ധതി പൂർത്തിയാക്കാൻ കഴിയാത്തത്.

(ബി) എത്ര മാസത്തിനുള്ളിൽ പ്രസ്തുത ആകാശപാതയുടെ നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

സ്റ്റെയർകേസ്/ലിഫ്റ്റ് എന്നിവയ്ക്ക് സ്ഥലം ലഭിക്കാത്തതിനാലും പ്രസ്തുത നിർമ്മാണത്തെ സംബന്ധിച്ച് വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ ബ്യൂറോയുടെ അന്വേഷണം നടത്താൻ ഉത്തരവായിട്ടുള്ളതിനാലും തുടർ നിർമ്മാണ പ്രവർത്തനം എപ്പോൾ പൂർത്തിയാക്കാൻ സാധിക്കുമെന്ന് പറയാൻ കഴിയില്ല.

ആലത്തൂർ നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ

56(666) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ ഫണ്ട് അനുവദിച്ചിട്ടും നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത എത്ര പി.ഡബ്ല്യു.ഡി. റോഡുകളുണ്ടെന്ന് അറിയിക്കാമോ;

&

(ബി) ഓരോ റോഡിനും അനുവദിച്ചിരിക്കുന്ന തുക എത്രയെന്ന് വെളിപ്പെടുത്തുമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

കന്താൾ മിശ്രിത നിർമ്മാണം

57(667) ശ്രീ. പി. ടി. തോമസ്: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഴക്കാലത്ത് രൂപപ്പെടുന്ന കുഴികൾ അടയ്ക്കുന്നതിനായി കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ചെടുത്ത കന്താൾ മിശ്രിതം ഫലപ്രദമാണോ എന്ന് വിലയിരുത്തിയിട്ടുണ്ടോ; ഇതിന്റെ തുടർ നിർമ്മാണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

മഴക്കാലത്ത് രൂപപ്പെടുന്ന കുഴികൾ അടയ്ക്കുന്നതിനായി കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ചെടുത്ത കന്താൾ മിശ്രിതം ഫലപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ട്. തുടർന്ന് നിർമ്മാണത്തിന് വേണ്ടിയുള്ള സാങ്കേതിക പരിശീലനം Regional Investigation & Quality Control Lab (RIQCL)-ലെ ഉദ്യോഗസ്ഥർക്കും മറ്റ് വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കും നൽകിവരുന്നു. കൂടാതെ വികേന്ദ്രീകൃതമായ നിർമ്മാണത്തിനുള്ള പഠനങ്ങളും നടന്നുകൊണ്ടിരിക്കുന്നു.

മലയോര ഹൈവേ

58(668) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം നിയോജകമണ്ഡലത്തിലെ മലയോര ഹൈവേയുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

നാദാപുരം നിയോജകമണ്ഡലത്തിലെ മലയോര ഹൈവേയുടെ പ്രവർത്തന പുരോഗതി ചുവടെ ചേർക്കുന്നു.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മലയോര ഹൈവേ പുല്ലുവായ് തൊട്ടിൽ പാലം (0/000 മുതൽ 28/000 വരെ) എന്ന പ്രവൃത്തിക്ക് 26-8-2018-ൽ 88.13 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. 13-2-2021-ൽ 49.22 കോടി രൂപയുടെ ഭാഗിക സാങ്കേതികാനുമതിയും നൽകിയിട്ടുള്ളതാണ്. ആയത് 15-4-2021-ൽ കിഫ്ബിയിൽ സമർപ്പിക്കുകയും ഡി.പി.ആർ. പ്രകാരമുള്ള മാറ്റങ്ങൾ വരുത്തുന്നതിനായി കിഫ്ബി നിർദ്ദേശിക്കുകയും ചെയ്തു. അതിൻപ്രകാരം സാങ്കേതികാനുമതിക്കായുള്ള പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

നാദാപുരം നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

59(669) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കിഫ്ബി വഴി പ്രഖ്യാപിച്ച റോഡുകൾ, പാലങ്ങൾ തുടങ്ങിയവയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

നാദാപുരം നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കിഫ്ബി വഴി പ്രഖ്യാപിച്ച റോഡ് പ്രവൃത്തികളുടെ പ്രവർത്തനപുരോഗതി സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) മൂന്നാംകൈ-കരിങ്ങാട് റോഡ് കിഫ്ബി വഴി ചെയ്യാൻ സാധിക്കാത്ത സാഹചര്യത്തിൽ പി.എം.ജി.എസ്.വൈ. സ്കീമിൽ ഉൾപ്പെടുത്തി നിർമ്മാണം പുനരാരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്ക പാത

60(670)ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്-വയനാട് ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന നിർദ്ദിഷ്ട ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാത പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

കെ.ആർ.സി.എൽ. ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. ആയത് ലഭ്യമാകുമ്പോൾ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പദ്ധതിയുടെ രൂപരേഖ സംബന്ധിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

നിർദ്ദിഷ്ട തുരങ്കപാതയ്ക്ക് കോഴിക്കോട് ജില്ലയിൽ 3.15 കി. മീറ്ററും വയനാട് ജില്ലയിൽ 5/580 കി. മീറ്ററും ഉൾപ്പെടെ ആകെ 8.73 കി.മീ ദൂരമാണുള്ളത്. ഇതിൽ സ്വകാര്യ സ്ഥലം 2500 മീറ്ററും വനപ്രദേശം 6235 മീറ്ററും ഉൾപ്പെടുന്നു. ആകെ 12 മീറ്റർ വീതിയിൽ രണ്ട് വരി പാതയ്ക്കാണ് ഡി.പി.ആർ. തയ്യാറാക്കിയിട്ടുള്ളത്. ഡി.പി.ആർ. പ്രകാരം പ്രസ്തുത പദ്ധതി ചെലവ് 1806 കോടി രൂപയാണ് കണക്കാക്കിയിട്ടുള്ളത്.

(സി) പദ്ധതിയുടെ പാരിസ്ഥിതികാഘാത പഠന റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ ലഭ്യമായിട്ടില്ല.

(ഡി) പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഡി.പി.ആർ. അംഗീകാരം, മിനിസ്ട്രി ഓഫ് എൻവയോൺമെന്റ്, ഫോറസ്റ്റ് ആൻഡ് ക്ലൈമറ്റ് ചേഞ്ചിൽനിന്നും ക്ലിയറൻസുകൾ എന്നിവ ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കാൻ സാധിക്കുന്നതാണ്.

ആലപ്പുഴ ബൈപ്പാസുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ

61(671) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നാഷണൽ ഹൈവേ ബൈപ്പാസ് റോഡിന്റെ ഫ്ലൈ-ഓവർ അവസാനിക്കുന്നിടങ്ങളിൽ സർവ്വീസ് റോഡിനോട് ചേർന്നുള്ള കാനകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) കുതിരപ്പന്തിയിൽ സർവ്വീസ് റോഡിനോടനുബന്ധിച്ചുള്ള കാനയുടെ മുൻഭാഗം തുറന്നുകിടക്കുന്നതുമൂലമുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി സ്ലാബിടുന്നതിന് നടപടി സ്വീകരിക്കുമോ?

നടപടി സ്വീകരിക്കുന്നതാണ്.

(സി) ഇത്തരം കാനകളിൽ നീരൊഴുക്കില്ലാതെ, വെള്ളം കെട്ടിനിൽക്കുന്നതും കൊതുക് ശല്യമുണ്ടാകുന്നതും ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

നിലവിൽ കാനയിൽ വെള്ളം കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പ്രസ്തുത സർവ്വീസ് റോഡ് റെയിൽ ട്രാക്കിന് സമീപം വന്ന് യു ടേൺ പോകുന്ന സ്ഥലത്തുനിന്ന് 300 മീറ്റർ വടക്കുഭാഗത്തേയ്ക്ക് പുതിയ റോഡ് നിർമ്മിച്ചാൽ തെക്ക് കിഴക്ക് ജില്ലകളിൽനിന്നും ആലപ്പുഴ-ബീച്ച്-റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിലേയ്ക്കും തീരദേശ റോഡിലേയ്ക്കും വേഗമെത്താൻ കഴിയുമെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ;

(ഇ) പ്രസ്തുത സർവ്വീസ് റോഡിൽനിന്ന് മുന്നൂറുമീറ്റർ പുതിയ റോഡ് നിർമ്മിച്ച് റെയിൽവേ സ്റ്റേഷന്റെ സൗത്ത് ഗേറ്റിലേയ്ക്കോ വെറ്റക്കാരൻ - വട്ടയാൽ റോഡിലേയ്ക്കോ ബന്ധിപ്പിച്ചാൽ ചുരുങ്ങിയ ചെലവിലും സമയത്തിലും വലിയൊരു ഗതാഗതമാർഗ്ഗം തുറന്നുവരുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(എഫ്) ഇതുസംബന്ധിച്ച് പരിശോധന നടത്തി അടിയന്തര നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ?

(ഡി-എഫ്) ആലപ്പുഴ ബൈപ്പാസിനോടനുബന്ധിച്ച ആറുവരി പാതയുടെ നിർമ്മാണം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (NHAI)-യാണ് നടപ്പാക്കുന്നത്. പ്രസ്തുത പാതയുടെ നിർമ്മാണത്തിൽ ഈ നിർദ്ദേശങ്ങൾകൂടി പരിഗണിക്കുന്നതിനായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (NHAI)യെ അറിയിക്കുന്നതാണ്.

കുറ്റ്യാടി നിയോജകമണ്ഡലത്തിലെ ആയഞ്ചേരി കടമേരി റോഡിലെ വെള്ളക്കെട്ട്

62(672) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ ആയഞ്ചേരി കടമേരി റോഡിൽ വെള്ളക്കെട്ട് കാരണം പ്രയാസം നേരിടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത റോഡിൽ വെള്ളക്കെട്ട് ഒഴിവാക്കി ഗതാഗതയോഗ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

വെള്ളക്കെട്ട് ഒഴിവാക്കി പ്രസ്തുത ഭാഗങ്ങൾ ഗതാഗതയോഗ്യമാക്കുന്നതിനായി 'ഓവുചാൽ നിർമ്മാണം - ആയഞ്ചേരി - കമ്പനിപ്പീടിക - കടമേരി - തണ്ണീർപ്പന്തൽ റോഡ് കി.മീ. 0/750 - 1/000', 'ഓവുചാലും കൈവരി നിർമ്മാണവും - ആയഞ്ചേരി - കമ്പനിപ്പീടിക - കടമേരി - തണ്ണീർപ്പന്തൽ റോഡ് കി.മീ. 0/000 - 0/300', 'ഓവുചാൽ നിർമ്മാണം - ആയഞ്ചേരി - കമ്പനിപ്പീടിക - കടമേരി - തണ്ണീർപ്പന്തൽ റോഡ് കി.മീ. 0/400 - 0/720' എന്നീ പ്രവൃത്തികൾക്കായുള്ള 15 ലക്ഷം രൂപയുടെ 3 എസ്റ്റിമേറ്റുകൾ തയ്യാറാക്കി ഭരണാനുമതിക്കായി പരിഗണിക്കുന്നുണ്ട്.

(സി) വെള്ളക്കെട്ട് ഒഴിവാക്കുന്ന വിധത്തിൽ, റോഡ് നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി പ്രത്യേക നിർദ്ദേശങ്ങൾ നിലവിലുണ്ടോയെന്നറിയിക്കാമോ?

പ്രത്യേക നിർദ്ദേശങ്ങളില്ല.

(ഡി) നിലവിലെ റോഡ് ലെവലും വിഭാവനം ചെയ്യുന്ന റോഡ് ലെവലും ആസ്പദമാക്കിയാണോ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതെന്ന് വ്യക്തമാക്കാമോ?

നിലവിലെ റോഡ് ലെവലും വിഭാവനം ചെയ്യുന്ന റോഡ് ലെവലും ആസ്പദമാക്കിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്.

(ഇ) ഡ്രെയിനേജ്, കൾവെർട്ട് എന്നിവ ആവശ്യമായ സ്ഥലങ്ങളിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പ്രത്യേക നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ?

പ്രത്യേക നിർദ്ദേശങ്ങളില്ല.

മാനന്തവാടി നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ

63(673) ശ്രീ ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-നുശേഷം മാനന്തവാടി നിയോജകമണ്ഡലത്തിൽ ആകെ എത്ര കിലോമീറ്റർ റോഡാണ് പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ബി.എം.&ബി.സി. നിലവാരത്തിലേയ്ക്കുയർത്തിയത്?

78.71 കി.മി.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ ആകെ എത്ര കിലോമീറ്റർ റോഡാണ് പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ളത്?

290.16 കി.മി.

(സി) പാടേ തകർന്ന് ഗതാഗതയോഗ്യമല്ലാത്ത ഏതെങ്കിലും പൊതുമരാമത്ത് വകുപ്പ് റോഡുകൾ നിയോജകമണ്ഡലത്തിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഇല്ല.

താനൂർ ഭാഗത്ത് അപ്രോച്ച് റോഡ് നിർമ്മാണം

64 (674) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടിയെയും താനൂർ നിയോജകമണ്ഡലത്തിലെ താനൂരിനെയും ബന്ധിപ്പിക്കുന്ന കെട്ടുങ്ങൽ പാലത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ട് വർഷങ്ങളായെങ്കിലും താനൂർ ഭാഗത്ത് അപ്രോച്ച് റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത അപ്രോച്ച് റോഡിന്റെ നിർമ്മാണ പുരോഗതി വിശദീകരിക്കുമോ;

&

(സി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(ബി&സി) തീരദേശ ഹൈവേയിൽ ഉൾപ്പെടുത്തി പുരോഗമിച്ചുവരുന്ന 150 മീറ്റർ വരുന്ന പ്രസ്തുത അപ്രോച്ച് റോഡിന്റെ എംബാങ്ക്മെന്റ് പ്രവൃത്തികൾ 70 ശതമാനവും റീറ്റെയിനിംഗ് വാൾ 90 ശതമാനവും പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കളൻതോട് - കുളിമാട് റോഡ് നവീകരണം

65(675) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന ഭരണാനുമതി ലഭ്യമാക്കിയ കളൻതോട് - കുളിമാട് റോഡിന്റെ പ്രവൃത്തി കരാറുകാരൻ ഉപേക്ഷിച്ചു പോയതിനാൽ മുടങ്ങിക്കിടക്കുകയാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി പുനരാരംഭിക്കുന്നതിന് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തി പുനരാരംഭിക്കാൻ പുതുക്കിയ എസ്റ്റിമേറ്റിൽ കിഫ്ബിയുടെ അപ്രൈസൽ വിഭാഗം ചില നിർദ്ദേശങ്ങൾ നൽകുകയും അതനുസരിച്ച് എസ്റ്റിമേറ്റിൽ മാറ്റംവരുത്തി നൽകിയ ഡി.പി.ആർ. കിഫ്ബിയുടെ പരിശോധനയിലാണ്.

(സി) പ്രവൃത്തി പുനരാരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ?

പ്രവൃത്തി പുനരാരംഭിക്കുന്നതിന് വീതി കുറഞ്ഞ സ്ഥലങ്ങളിൽ ഭൂമി ലഭ്യമാക്കേണ്ടതുണ്ട്. കൂടാതെ യൂട്ടിലിറ്റി ഷിഫ്റ്റിംഗ് നടപടികൾ പൂർത്തീകരിക്കേണ്ടതും മരങ്ങൾ മുറിച്ചു മാറ്റേണ്ടതുമുണ്ട്.

(ഡി) റോഡ് പാതിവഴിയിൽ ഉപേക്ഷിച്ചുപോയതിനാൽ പൊതുജനങ്ങൾക്കുള്ള പ്രയാസം പരിഗണിച്ച് പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

കിഫ്ബിയിൽനിന്നും പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിച്ച് പ്രവൃത്തി നടപ്പാക്കുന്നതാണ്.

തിരുരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി - നാടുകാണി പാത

66(676) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി - നാടുകാണി പാത നവീകരണ പ്രവൃത്തിയുടെ പരപ്പനങ്ങാടി മുതൽ കക്കാട് വരെയുള്ള ഭാഗത്തിന്റെ നിർമ്മാണം സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ;

&

(ബി) പ്രസ്തുത പ്രവൃത്തിയിൽ നിയോജകമണ്ഡലത്തിൽ ഏതെല്ലാം ഭാഗത്ത് ഡ്രെയിനേജ് നിർമ്മിക്കുന്നുണ്ടെന്ന് വിശദീകരിക്കുമോ?

(എ&ബി) നാടുകാണി-പരപ്പനങ്ങാടി പദ്ധതിയിൽ ഒറിജിനൽ എസ്റ്റിമേറ്റിൽ തിരുരങ്ങാടി നിയോജകമണ്ഡലത്തിൽ കക്കാട് മുതൽ പരപ്പനങ്ങാടി (Ch 90/000 to 104/700) വരെയുള്ള ഭാഗം 7.00 മീറ്റർ വീതിയിലോ നിലവിലുള്ള 7.00 മീറ്ററിലും കൂടുതൽ വീതിയിലോ ബി.സി. ഓവർലേ പ്രവൃത്തികളും ഔട്ട്ലെറ്റും 12 മീറ്റർ വീതിയും ലഭ്യമാകുന്ന ഭാഗങ്ങളിൽ ഡ്രെയിനേജ് നിർമ്മാണവുമാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. എന്നാൽ പൊതുമരാമത്ത് ഭൂമി ലഭ്യമായ 12 മീറ്റർ വീതിയുള്ള ഭാഗങ്ങളിൽ നിലവിലെ റോഡ് 9.00 മീറ്റർ വീതി കൂട്ടി ഡി.ബി.എം.-ഉം ബി.സി. ഓവർ ലേ പ്രവൃത്തിയുമാണ് ചെയ്തിട്ടുള്ളത്. ഇതിൽ കക്കാട് മുതൽ എം.കെ.എച്ച്. ഹോസ്പിറ്റൽ വരെ നിലവിലുള്ള വീതിയിൽ ബി.സി. ഓവർ ലേ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. മമ്പുറം ബൈപാസ് (Ch 0/00 - Ch 1/000) വരെയും, തുക്കുളം സ്കൂൾ മുതൽ തുക്കുളം അമ്പലപ്പടി വരെ നിലവിലുള്ള വീതിയിൽ ബി.സി. ഓവർലേ പ്രവൃത്തിയും തുക്കുളം അമ്പലപ്പടി മുതൽ പരപ്പനങ്ങാടി ഫ്ലൈ

ഓവർ വരെ ഭൂമി ലഭ്യമായ സ്ഥലങ്ങളിൽ 9.00 മീറ്ററിൽ വീതി കൂട്ടി ഡി.ബി.എം.-ഉം ബി.സി.-യും ഫൈ്ല ഓവർ മുതൽ ചിറമംഗലം വരെ നാറ്റ്പാക് ഡിസൈൻ പ്രകാരം 9.00 മീറ്റർ വീതിയിൽ ഡി.ബി.എം.-ഉം ബി.സി. പ്രവൃത്തികളിൽ 12 മീറ്റർ വീതി ലഭ്യമല്ലാത്ത 400 മീറ്റർ ഒഴികെയുള്ള ഭാഗങ്ങളിൽ ഉപരിതല പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. എം.കെ.എച്ച്. ഹോസ്പിറ്റൽ മുതൽ തൃക്കളം സ്കൂൾ വരെയുള്ള ഭാഗങ്ങളിൽ ബി.സി. ഓവർ ലേ പ്രവൃത്തി നടത്തി വരവേ നിലവിലെ റോഡ് 12 മീറ്റർ വീതിയാക്കി മാത്രമേ ഉപരിതലം പുതുക്കാവൂ എന്നാവശ്യപ്പെട്ട് സമര സമിതി പ്രവൃത്തി തടയുകയും ഇതിനെ തുടർന്ന് പ്രവൃത്തി നിർത്തിവയ്ക്കുകയുമുണ്ടായി. നിലവിൽ റീസർവേ നടന്ന ഭാഗങ്ങളിലെ കയ്യേറ്റം സംബന്ധിച്ച സ്കെച്ച് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. നിലവിൽ അംഗീകാരം ലഭിച്ച പുതുക്കിയ എസ്റ്റിമേറ്റ് തുകയായ 280.30 കോടി രൂപ പ്രകാരമുള്ള പ്രവൃത്തികളിൽ തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ എം.കെ.എച്ച്. ഹോസ്പിറ്റൽ മുതൽ തൃക്കളം സ്കൂൾ വരെ 3.54 കി.മീ. നീളത്തിലുള്ള ബി.സി. ഓവർലേ മാത്രമാണ് പൂർത്തീകരിക്കാനുള്ളത്. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള ഡ്രെയിനേജ് നിർമ്മാണം 95% പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള ഭാഗങ്ങളിൽ ഡ്രെയിനേജും അനുബന്ധ നിർമ്മാണ പ്രവൃത്തികളും പൂർത്തിയാക്കണമെങ്കിൽ 450 കോടി രൂപയ്ക്കുള്ളിലുള്ള പുതുക്കിയ എസ്റ്റിമേറ്റ് അംഗീകരിക്കേണ്ടതുണ്ട്. നിലവിലെ പുതുക്കിയ എസ്റ്റിമേറ്റ് 280.30 കോടി രൂപയ്ക്ക് നിജപ്പെടുത്തിയതിനാലും 12 മീറ്റർ വീതി ലഭിക്കാത്ത ഭാഗങ്ങളിൽ സ്വകാര്യ വ്യക്തികളുടെ ഭൂമി ഏറ്റെടുക്കേണ്ടതിനാലും ഡ്രെയിനേജും മറ്റ് അനുബന്ധ പ്രവൃത്തികളും നടപ്പാക്കുന്നതിന് അനുവദിച്ച ഫണ്ട് അപര്യാപ്തമാണ്. പാലത്തിങ്ങൽ പാലവും അതിനോടനുബന്ധിച്ച അപ്രോച്ച് റോഡുകളും ഡ്രെയിനേജുകളും നാടുകാണി - പരപ്പനങ്ങാടി ഡി.എഫ്.ഐ.പി. പ്രോജക്ടിന്റെ ഭാഗമാണെങ്കിലും ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ചിട്ടുള്ളത് പൊതുമരാമത്ത് പാലം വിഭാഗമാണ്. പരപ്പനങ്ങാടി മുതൽ ചിറമംഗലം വരെയുള്ള ഭാഗങ്ങളിൽ അഞ്ചപ്പുരയിൽ 12 മീറ്റർ വീതി ലഭ്യമല്ലാത്ത 100 മീറ്ററോളം നീളം ഒഴികെയുള്ള ഭാഗങ്ങളിൽ ഏകദേശം 2.5 കി.മീ. നീളത്തിൽ ഇരുഭാഗത്തും ഡ്രെയിനേജ് നിർമ്മിച്ചിട്ടുണ്ട്. അമ്പലപ്പടി മുതൽ പരപ്പനങ്ങാടി ഫൈ്ല ഓവർ വരെയുള്ള ഭാഗത്തെ ഡ്രെയിനേജ് നിർമ്മാണം 80% (5.50 കി.മീ.നീളത്തിൽ) പൂർത്തീകരിച്ചിട്ടുണ്ട്. ആയതിൽ പാലത്തിങ്ങൽ ഭാഗത്ത് ഏകദേശം 150 മീറ്റർ നീളത്തിൽ പ്രവൃത്തി നടപ്പാക്കേണ്ടതുണ്ട്. ഈ ഭാഗത്ത് അതിർത്തി സംബന്ധിച്ച തർക്കം നിലനിൽക്കുന്നുണ്ട്. അമ്പലപ്പടി മുതൽ എം.കെ.എച്ച്. ഹോസ്പിറ്റൽ വരെയുള്ള ഭാഗങ്ങളിൽ ഔട്ട്ലെറ്റ് ലഭ്യമായ സ്ഥലത്ത് എം.കെ.എച്ച്. ഹോസ്പിറ്റൽ മുതൽ ഓറിയന്റൽ ഹൈസ്കൂൾ വരെ ഏകദേശം 100 മീറ്റർ മാത്രമേ ഡ്രെയിനേജ് നിർമ്മാണം

നടന്നുവരുന്നുള്ളൂ. ഓറിയന്റൽ സ്കൂൾ മുതൽ അമ്പലപ്പടി വരെയുള്ള ഡ്രെയിനേജ് നിർമ്മാണം നടക്കണമെങ്കിൽ 12 മീറ്റർ വീതി ലഭ്യമാക്കേണ്ടതുണ്ട്. ആയതിന് സ്വകാര്യ വ്യക്തികളുടെ സ്ഥലമേറ്റെടുക്കേണ്ടതുണ്ട്. ഇതിനായുള്ള നടപടി സ്വീകരിച്ചു വരുന്നു. നിലവിൽ അംഗീകാരം ലഭിച്ച പുതുക്കിയ എസ്റ്റിമേറ്റ് തുകയായ 280.30 കോടി രൂപയുടെ പ്രവൃത്തികളിൽ എം.കെ.എച്ച്. ഹോസ്പിറ്റൽ മുതൽ തിരൂരങ്ങാടി ഹൈസ്കൂൾ വരെയുള്ള ഭാഗത്തുള്ള (100.മി. നീളത്തിൽ) ഡ്രെയിനേജ് നിർമ്മാണത്തിനുള്ള തുക മാത്രമേ അംഗീകാരം ലഭിച്ച നിലവിലെ പുതുക്കിയ എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടുള്ളൂ. ഇതുസംബന്ധിച്ച് ചേർന്ന മീറ്റിംഗിൽ തിരൂരങ്ങാടി ഭാഗത്തെ ഡ്രെയിനേജ് നിർമ്മാണം ത്വരിതപ്പെടുത്തണമെന്ന ആവശ്യത്തിന്റെ അടിസ്ഥാനത്തിലാണ് എം.കെ.എച്ച്. ഹോസ്പിറ്റൽ മുതൽ ഓറിയന്റൽ ഹൈസ്കൂൾ വരെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുള്ളത്. ഈ ഭാഗത്ത് വീതിയുള്ള സ്ഥലങ്ങളിൽ പ്രവൃത്തികൾ പുരോഗമിക്കുന്നു.

നാടുകാണി-പരപ്പനങ്ങാടി പാതയിലെ പ്രവൃത്തി

67(677) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊരാളുങ്കൽ സഹകരണ സംഘം പ്രവൃത്തി ഏറ്റെടുത്ത നാടുകാണി-പരപ്പനങ്ങാടി പാതയിൽ മഞ്ചേരി നിയോജകമണ്ഡലത്തിലെ തുക്കലങ്ങോട് പഞ്ചായത്തിലെ ചീനിക്കൽ മുതൽ മഞ്ചേരി ജസീല ജംഗ്ഷൻ വരെ പ്രവൃത്തി നിലച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കുമോ; ഗതാഗതം ദുസ്സഹമായ ഈ പാത വീതി കൂട്ടി ഗതാഗതയോഗ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്;

&

(ബി) നടപടികൾ പൂർത്തീകരിച്ച് പ്രസ്തുത പാത എന്ന് നവീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ&ബി)നാടുകാണി - പരപ്പനങ്ങാടി പാതയിൽ മഞ്ചേരി നിയോജക മണ്ഡലത്തിലെ ജസീല ജംഗ്ഷൻ മുതൽ ചീനിക്കൽ വരെ ഡി.എഫ്.ഐ.പി. പദ്ധതിയിൽ വിഭാവനം ചെയ്ത രൂപത്തിൽ പൂർണ്ണമായും പ്രവൃത്തി നിർവ്വഹിക്കാൻ സാധിച്ചിട്ടില്ല. സി.ടി.ഇ.-യുടെ നിർദ്ദേശപ്രകാരം ഡി.എൽ.പി.-യിൽ ഉൾപ്പെട്ട റോഡ് ഉപരിതലവുമായ എല്ലാ പ്രവൃത്തികളും ഒഴിവാക്കിയതിനാലും റിവൈസ്ഡ് എസ്റ്റിമേറ്റ് തുക 280.30 കോടിരൂപയിലേയ്ക്ക് ചുരുക്കേണ്ടി വന്നതിനാലുമാണ് റോഡ് പ്രവൃത്തി പൂർണ്ണമായും നിർവ്വഹിക്കാൻ സാധിക്കാത്തത്.

റോഡരികിൽ പാർക്ക് ചെയ്തിരിക്കുന്ന പഴക്കമുള്ള വാഹനങ്ങൾ

68(678) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാഷണൽ ഹൈവേ ഉൾപ്പെടെ വിവിധ റോഡുകളുടെ അരികിൽ പാർക്ക് ചെയ്തിട്ടുള്ള തൊണ്ടി ഉരുപ്പടികൾ ഉൾപ്പെടെയുള്ള പഴക്കമുള്ള വാഹനങ്ങൾ പൊതുജനങ്ങൾക്ക് യാത്രാക്ലേശവും അവയിൽ നിന്ന് ഇഴജന്തുക്കൾ ഉൾപ്പെടെയുള്ളവയുടെ ഭീഷണിയുമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

&

(ബി) ഇവ റോഡുകളുടെ വശങ്ങളിൽ നിന്നും ഒഴിവാക്കി റോഡുകളിൽ യാത്രാസൗകര്യവും ഇഴജന്തുക്കളുടെ ഭീഷണിയും അകറ്റാൻ സമയബന്ധിതമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിന്റെ അധീനതയിലുള്ള റോഡുകളിൽ പൊതുജനങ്ങൾക്ക് അപകടകരമാംവിധത്തിൽ വിവിധ തരത്തിലുള്ള ഉപയോഗ ശൂന്യമായതും ഗതാഗതയോഗ്യവുമല്ലാത്ത വാഹനങ്ങൾ അനധികൃതമായി പാർക്ക് ചെയ്തിരിക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി ആയത് നീക്കം ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്ന് എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശപ്രകാരം പോലീസ് വകുപ്പിന്റെ സഹകരണത്തോടുകൂടി ഇത്തരം വാഹനങ്ങൾ നീക്കം ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ പോലീസ് സ്റ്റേഷൻ പരിസരങ്ങളുടെ സമീപം പൊതുനിരത്തിൽ സൂക്ഷിച്ചിരിക്കുന്ന തൊണ്ടി വാഹനങ്ങൾ എത്രയും പെട്ടെന്ന് നീക്കം ചെയ്യണമെന്ന ഡി.ജി.പി.-യുടെ സർക്കുലർ നിർദ്ദേശവും നിലവിലുണ്ട്. പൊതുമരാമത്ത് ദേശീപാത വകുപ്പിന്റെ കീഴിൽ വരുന്ന റോഡരികിൽ കാലാകാലങ്ങളായി പാർക്ക് ചെയ്തിട്ടുള്ള വാഹനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് മോട്ടോർ വാഹന വകുപ്പിനെയും പോലീസ് ഡിപ്പാർട്ടുമെന്റിനെയും അറിയിക്കുകയും നീക്കം ചെയ്യുന്നതിനുവേണ്ട നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

കോഴിക്കോട് ദേശീയപാത വിഭാഗത്തിനുകീഴിലുള്ള ദേശീയപാത 66-ൽ നല്ലളം കെ.എസ്.ഇ.ബി. സബ്സ്റ്റേഷൻ, ഞെളിയൻ പറമ്പ് എന്നീ സ്ഥലങ്ങളിൽ അനധികൃതമായി നിർത്തിയിട്ട 6 ബസ്സുകൾ നീക്കം ചെയ്യുന്നതിന് ഉടമസ്ഥരുടെ വിവരം ലഭ്യമായിട്ടുണ്ട്. ആയത് നീക്കം ചെയ്യുന്നതിന് ആർ.ടി.ഒ.-ക്ക് കത്ത് നൽകിയിട്ടുണ്ട്. കൊല്ലം ദേശീയപാത വിഭാഗത്തിനുകീഴിലുള്ള ദേശീയപാത 66-ൽ

കൃഷ്ണപുരം മുതൽ കടമ്പാട്ടുകോണം വരെയും കാട്ടിൽകടവ്-പുതിയകാവ്-ചക്കുവളളി വരെയുമുള്ള റോഡിന്റെ വശങ്ങളിൽ പാർക്ക് ചെയ്തിട്ടുള്ള തൊണ്ടി വാഹനങ്ങൾ ഉൾപ്പടെയുള്ളവ നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി ഓച്ചിറ, കരുനാഗപ്പളളി, ചവറ, ശൂരനാട്, ശക്തികുളങ്ങര, കൊട്ടിയം, ചാത്തന്നൂർ, പാരിപ്പളളി എന്നിവിടങ്ങളിലെ സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്ക് കത്ത് നൽകിയിട്ടുണ്ട്. കൊല്ലം-തേനി ദേശീയപാതയിൽ ദേശീയപാത 183-ൽ വേളാവൂർ മുതൽ കോട്ടയം ഐഡ ജംഗ്ഷൻ വരെയുള്ള ഭാഗത്ത് ചില സ്ഥലങ്ങളിൽ വാഹനങ്ങളും മെഷിനറികളും അനധികൃതമായി പാർക്ക് ചെയ്തിട്ടുണ്ട്. ആയത് നീക്കം ചെയ്യാനായി നോട്ടീസ് നൽകിയിട്ടുണ്ട്.

ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് ശാസ്ത്രീയ പഠനം

69(679) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേശീയപാതകളിലെയും പ്രധാന റോഡുകളിലെയും പ്രധാന ജംഗ്ഷനുകളിലെയും ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് ശാസ്ത്രീയ പഠനം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയാണ് പഠനം നടത്തുന്നത്; എത്ര രൂപയാണ് ഇതിനായി ചെലവഴിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

നിരത്ത് വിഭാഗത്തിന് കീഴിലെ പ്രധാന റോഡുകളിലെയും പ്രധാന ജംഗ്ഷനുകളിലെയും ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി ശാസ്ത്രീയ പഠനം നടത്താൻ പ്രത്യേകമായി ഒരു ഏജൻസിയെ ഏർപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് ഡിസൈൻ വിഭാഗം മുഖേനയും നാറ്റ്പാക് എന്ന ഏജൻസി മുഖേനയും ആവശ്യമായ ഘട്ടങ്ങളിൽ ഇതുസംബന്ധിച്ച പഠനങ്ങൾ നടത്തിവരുന്നു.

സംസ്ഥാനത്തെ പി.ഡബ്ല്യു.ഡി. റോഡുകൾ

70(680) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പി.ഡബ്ല്യു.ഡി. റോഡുകൾ പലതും കുഴികൾ രൂപപ്പെട്ട് വാഹനയാത്രക്കാർക്ക് ഭീഷണിയാകുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

നിരത്ത് വിഭാഗത്തിനുകീഴിലെ റോഡുകളെല്ലാംതന്നെ ഗതാഗതയോഗ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ തുടർച്ചയായുള്ള മഴ, പൈപ്പ്ലൈൻ, കേബിൾ മുതലായവ സ്ഥാപിക്കുന്നതിനുള്ള റോഡ് കുഴിക്കൽ

തുടങ്ങിയ കാരണങ്ങളാൽ ചില ഭാഗങ്ങളിൽ റോഡുകൾക്ക് തകരാറുകൾ സംഭവിക്കുകയും വാഹനയാത്രക്കാർക്ക് ഭീഷണിയാകുകയും ചെയ്യുന്ന സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റോഡിലെ കുണ്ടുംകുഴിയും ശ്രദ്ധയിൽപ്പെടുന്ന അവസരത്തിൽ ആയവ സമയബന്ധിതമായി അറ്റകുറ്റപ്പണി ചെയ്ത് ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) വിവിധ വകുപ്പുകൾ പൊതുമരാമത്ത് വകുപ്പ് റോഡുകൾ കുഴിച്ച് പൈപ്പുകളും കേബിളുകളും സ്ഥാപിക്കുന്നതുമൂലം റോഡുകൾ തകർന്നുണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് സർക്കാർ എന്തെങ്കിലും മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ടോ;

&

(സി) എങ്കിൽ ഇതുസംബന്ധിച്ചുള്ള വിശദവിവരം നൽകുമോ?

(ബി&സി) വിവിധ വകുപ്പുകൾ പൊതുമരാമത്ത് റോഡുകൾ കുഴിച്ച് പൈപ്പുകളും കേബിളുകളും സ്ഥാപിക്കുന്നത് സംബന്ധിച്ച് 5-1-2018-ലെ സ.ഉ.(സാധാ)നമ്പർ 30/2018/ പൊ.മ.വ., 24-8-2018-ലെ സ.ഉ.(സാധാ) നമ്പർ 1321/2018/പൊ.മ.വ. എന്നിവ പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നിലവിലുണ്ട്. കൂടാതെ 30-7-2020-ലെ സ.ഉ.(കൈ) നമ്പർ 59/2020/പൊ.മ.വ. പ്രകാരം റോഡ് കുഴിക്കുന്നതിനുള്ള അപേക്ഷകൾക്കെല്ലാം തന്നെ Right of Way of Portal മുഖേനയാണ് അനുമതി നൽകുന്നത്. ഈ പോർട്ടലിൽ നിരത്ത് വിഭാഗത്തിന് കീഴിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള പ്രവൃത്തികളെല്ലാംതന്നെ പ്രസിദ്ധപ്പെടുത്തുന്നുണ്ട്. ആയതിനാൽ വിവിധ വകുപ്പുകൾക്ക് തങ്ങളുടെ പദ്ധതികൾ മുൻകൂട്ടി ആസൂത്രണം ചെയ്യുന്നതിന് സാധിക്കുന്നതാണ്. ഇതുവഴി പുതുതായി നിർമ്മിച്ച റോഡുകൾ കുഴിക്കേണ്ടിവരുന്ന സാഹചര്യം പരമാവധി ഒഴിവാക്കാൻ സാധിക്കുന്നതാണ്.

പാറശ്ശാല നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ

71(681) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളുടെ പേരും ദൈർഘ്യവും തരംതിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കഴിഞ്ഞ സർക്കാർ കാലയളവിൽ നവീകരണത്തിനായി അനുമതി ലഭിച്ച നിയോജകമണ്ഡലത്തിലെ റോഡുകളുടെ പേരുവിവരവും തുകയും പദ്ധതിയുടെ നിലവിലെ സ്ഥിതിയും ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) നിയോജകമണ്ഡലത്തിൽ കിഫ്ബി വഴി അനുമതി ലഭിച്ച റോഡുകൾ, തുക, അവയുടെ നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

വാമനപുരം നിയോജകമണ്ഡലത്തിലെ പി.ഡബ്ല്യു.ഡി. റോഡുകൾ

72(682) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ എത്ര കിലോമീറ്റർ പി.ഡബ്ല്യു.ഡി. റോഡുണ്ടെന്ന് അറിയിക്കാമോ?

വാമനപുരം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ 262.605 കി.മീ., പി.ഡബ്ല്യു.ഡി. റോഡുണ്ട്.

(ബി) അതിൽ എത്ര കിലോമീറ്റർ ദൂരം ആധുനികരീതിയിൽ നവീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

121.73 കിലോമീറ്ററോളം ആധുനികരീതിയിൽ നവീകരിച്ചിട്ടുണ്ട്.

(സി) നവീകരിക്കുന്നതിന് ഭരണാനുമതി ലഭിച്ചവയിൽ പൂർത്തീകരിക്കാനുള്ളവ ഏതൊക്കെയെന്നും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ഒരു പദ്ധതിയിലുമുൾപ്പെടാത്തതും നവീകരിക്കേണ്ടതുമായ റോഡുകളേതൊക്കെയെന്നും അവ നവീകരിക്കുന്നതിനാവശ്യമായ തുക എത്രയെന്നും വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റിംഗ് ബണ്ട് റോഡ് നിർമ്മാണം

73(683) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ മുളവുകാട് ഗ്രാമപഞ്ചായത്ത് നിവാസികളുടെ യാത്രാക്ലേശത്തിനും കായലിൽ നിന്ന് ഉപ്പുവെള്ളം ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് കയറുന്നതിനും പരിഹാരമായി നിർദ്ദേശിക്കപ്പെട്ട റിംഗ് ബണ്ട് റോഡ് യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

&

(ബി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

(എ&ബി) വല്ലാർപാടം ഔട്ടർ ബണ്ട് നിർമ്മാണത്തിനായി 13-2-2012-ലെ G.O(Rt) No.443/2012/LSGD നമ്പർ ഉത്തരവുപ്രകാരം 17.14 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 5.04 കോടി രൂപയുടെ പ്രവൃത്തി മൈനർ ഇറിഗേഷൻ വിഭാഗത്തിന്റെ കീഴിൽ വരുന്നവയാണ്. ഇവ പൂർത്തീകരിച്ചിട്ടുള്ളതാണ്. ബണ്ട് റോഡ് നിർമ്മാണത്തിന്റെ ബാക്കി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് മണ്ണ് പര്യവേക്ഷണം നടത്തി ഫൗണ്ടേഷൻ രൂപകൽപ്പന ചെയ്തശേഷം മാത്രമേ തയ്യാറാക്കി അനുമതിക്കായി സമർപ്പിക്കാവൂവെന്ന് ചീഫ് ടെക്നിക്കൽ എക്സാമിനർ നിർദ്ദേശിച്ചിരുന്നു. അതിൻപ്രകാരം ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്ക് GIDA-യുടെ ഫണ്ട് ലഭിക്കാൻ കാലതാമസമുണ്ടാകുമെന്നതിനാൽ 24.20 ലക്ഷം രൂപ എറണാകുളം മേജർ ഇറിഗേഷന്റെ മേൽനോട്ടത്തിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്ക് ഭരണാനുമതി 10-02-2021-ൽ നൽകുകയുണ്ടായി. ടി പ്രവൃത്തി നിലവിൽ പുരോഗമിച്ചുവരുന്നു.

കണ്ണാടി - പന്നിക്കോട് റോഡ് പ്രവൃത്തി

74(684) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന പ്രഖ്യാപിച്ച കണ്ണാടി-പന്നിക്കോട് റോഡ് പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

ആലത്തൂർ നിയോജകമണ്ഡലത്തിലെ കണ്ണാടി-പന്നിക്കോട് റോഡിന് കിഫ്ബിയിലുൾപ്പെടുത്തി 10 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. കിഫ്ബിയിൽ നിന്നും 24.09 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. കിഫ്ബി TRC സ്ഥലമെടുപ്പ് സംബന്ധിച്ച രൂപരേഖ ലഭ്യമാക്കുകയും ആയത് സർവ്വേ നമ്പറുകൾ തിരിച്ചറിയുന്നതിലേയ്ക്കായി റവന്യൂ വകുപ്പിനെ സമീപിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് നിലവിലെ റോഡിന്റെ അതിർത്തി നിർണ്ണയിക്കുന്നതിനുള്ള നടപടികളും സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികളും പുരോഗമിക്കുന്നു.

മുക്കിലപീടിക റോഡിന്റെ രണ്ടാം റീച്ച്

75(685) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ പി.എച്ച്. സെന്റർ മുക്കിലപീടിക റോഡിന്റെ രണ്ടാം റീച്ചിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനായി പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

ഭരണാനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ബി) കോട്ടക്കൽ നിയോജകമണ്ഡലത്തിൽനിന്ന് 2021 വർഷത്തിൽ ഭരണാനുമതിക്കുവേണ്ടി എത്ര പ്രൊപ്പോസലുകൾ തയ്യാറാക്കിയിട്ടുണ്ട്; അവ ഏതെല്ലാം; പ്രസ്തുത പ്രൊപ്പോസലുകൾ സി.ഇ. അംഗീകരിച്ചിട്ടുണ്ടോ?

കോട്ടക്കൽ നിയോജകമണ്ഡലത്തിൽനിന്ന് 2021-ൽ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിൽ ഭരണാനുമതിക്കുവേണ്ടി തയ്യാറാക്കിയ പ്രൊപ്പോസലുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*. പൊതുമരാമത്ത് പാലങ്ങൾ വിഭാഗത്തിൽ കോട്ടക്കൽ ആര്യവൈദ്യശാലയ്ക്കടുത്ത് കാക്കത്തോട് പാലത്തിന്റെ പുനർനിർമ്മാണം എന്ന പ്രവൃത്തിയുടെ പ്രൊപ്പോസൽ അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിരുന്നതും ടോക്കൺ പ്രൊവിഷനുമുള്ള പ്രവൃത്തികൾ പ്രത്യേകമായി പരിഗണിക്കേണ്ടതാണെന്ന കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. പൊതുമരാമത്ത് കെട്ടിട വിഭാഗത്തിൽനിന്നുള്ള പ്രൊപ്പോസലുകൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു, അവ ലഭ്യമാകുന്നമുറയ്ക്ക് നൽകുന്നതാണ്.

(സി) 2021 വർഷത്തിൽ പൊതുമരാമത്ത് സി.ഇ. എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; സർക്കാർ ഭരണാനുമതി നൽകിയത് എത്ര പ്രവൃത്തികൾക്കാണ്; അവ ഏതെല്ലാമെന്ന് വിശദമാക്കുമോ?

കോട്ടക്കൽ നിയോജകമണ്ഡലത്തിന്റെ പരിധിയിൽ 2021 വർഷത്തിൽ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിനുകീഴിൽ ചീഫ് എഞ്ചിനീയറിൽനിന്നും സർക്കാരിൽനിന്നും ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* കേരളത്തിലെ മറ്റ് നിയോജകമണ്ഡലങ്ങളിൽ നിന്നുള്ള നിരത്ത് വിഭാഗത്തിനുകീഴിലെ പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങളും പൊതുമരാമത്ത് പാലങ്ങൾ/കെട്ടിടം വിഭാഗങ്ങളിൽനിന്നുള്ള വിവരങ്ങളും ശേഖരിച്ചു നൽകുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നെടുമുടി - കരുവാറ്റ റോഡ് നിർമ്മാണം

76(686) ശ്രീ. രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിലെ നെടുമുടി-കരുവാറ്റ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദീകരിക്കാമോ?

പി.ഡബ്ല്യു.ഡി. ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട നെടുമുടി-കരുവാറ്റ റോഡിന്റെ പ്രവൃത്തി 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്.

(ബി) നിർദ്ദിഷ്ട റോഡിന്റെ ഭാഗമായി എത്ര പാലങ്ങൾ നിർമ്മിക്കുന്നതിനാണ് നിലവിൽ നിശ്ചയിച്ചിട്ടുള്ളതെന്നും പ്രസ്തുത പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നതിന്റെ കാരണം എന്തെന്നും വിശദീകരിക്കാമോ;

&

(സി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്നും നെടുമുടി-കരുവാറ്റ റോഡിന്റെയും അതിനോടനുബന്ധിച്ചുള്ള പാലങ്ങളുടെയും നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

(ബി&സി) നിർദ്ദിഷ്ട റോഡിന്റെ ഭാഗമായി പടഹാരം പാലം, കോരംകുഴിപ്പാലം മുതലക്കുറിച്ചിക്കൽപ്പാലം എന്നീ മൂന്ന് പാലങ്ങൾ നിർമ്മിക്കേണ്ടതുണ്ട്. ഇതിൽ തകഴി, നെടുമുടി പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് നിർമ്മിക്കുന്ന പടഹാരം പാലത്തിന്റെ നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പ്രസ്തുത പാലത്തിന്റെ നിർമ്മാണം ഏകദേശം പകുതിയോളം പൂർത്തിയായിട്ടുണ്ട്. ഇതോടനുബന്ധിച്ച് നിർമ്മിക്കേണ്ട കോരംകുഴി പാലത്തിന് ബഡ്ജറ്റ് വിഹിതം നീക്കിവച്ചിട്ടില്ലാത്തതിനാൽ ഇതുവരെ ഭരണാനുമതി നൽകിയിട്ടില്ല. മൂന്നാമതായി നിർമ്മിക്കേണ്ട ഹരിപ്പാട് നിയോജകമണ്ഡലത്തിലെ മുതലകുറിച്ചിക്കൽ പാലത്തിന്റെ നിർമ്മാണം കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി അവസാനിപ്പിച്ചു. ബാലൻസ് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പുതുക്കി, സാങ്കേതികാനുമതി നൽകി വീണ്ടും ടെണ്ടർ ചെയ്ത് പ്രവൃത്തി നടപ്പാക്കുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതാണ്.

റാന്നി നിയോജകമണ്ഡലത്തിലെ റോഡ് നിർമ്മാണ പ്രവൃത്തികൾ

77(687) ശ്രീ. പ്രമോദ് നാരായൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിൽ 2016 ജൂൺ 30 മുതൽ 2021 ജൂൺ 30 വരെ ഭരണാനുമതി ലഭിച്ച റോഡുകളുടെ വിശദാംശങ്ങൾ ഉത്തരവിന്റെ പകർപ്പ് സഹിതം ലഭ്യമാക്കാമോ?

റാന്നി നിയോജകമണ്ഡലത്തിൽ 2016 ജൂൺ 30 മുതൽ 2021 ജൂൺ 30 വരെ, പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ കീഴിൽ ഭരണാനുമതി ലഭിച്ച റോഡുകളുടെ വിശാദംശങ്ങളും കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട റോഡുകളുടെ വിശാദംശങ്ങളും ഉത്തരവുകളുടെ പകർപ്പുകളും അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടും പൂർത്തിയാക്കാൻ സാധിക്കാത്ത റോഡുകളുടെ പട്ടിക കാലതാമസകാരണം സഹിതം ലഭ്യമാക്കാമോ ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കെ.എസ്.റ്റി.പി. വഴി നടപ്പാക്കിവരുന്ന റോഡുകളുടെ വിവരങ്ങളും നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

കെ.എസ്.റ്റി.പി. രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി കോന്നി-പ്ലാച്ചേരി, പ്ലാച്ചേരി-പൊൻകുന്നം എന്നീ പദ്ധതികളാണ് നടപ്പാക്കിവരുന്നത്. 1-11-2019-ൽ ആരംഭിച്ച കോന്നി-പ്ലാചേരി റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തിയുടെ പൂർത്തീകരണ തീയതി 31-10-2021 ആണ്. ഈ പ്രവൃത്തി നിലവിൽ 58% പൂർത്തീകരിച്ചു. 24-9-2019-ൽ ആരംഭിച്ച പ്ലാച്ചേരി-പൊൻകുന്നം റോഡിന്റെ പ്രവൃത്തി പൂർത്തിയാക്കേണ്ടത് 22-12-2021-ലാണ്. ഈ പ്രവൃത്തി നിലവിൽ 88% പൂർത്തീകരിച്ചിട്ടുണ്ട്.

വല്ലാർപാടം റിംഗ് ബണ്ട് റോഡ്

78(688) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-2018 ബഡ്ജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി 20 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്ന വൈപ്പിൻ നിയോജകമണ്ഡലത്തിലെ വല്ലാർപാടം റിംഗ് ബണ്ട് റോഡിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വല്ലാർപാടം ഔട്ടർ ബണ്ട് നിർമ്മാണത്തിനായി 13-2-2012-ലെ G.O(Rt) No.443/2012/LSGD നമ്പർ ഉത്തരവുപ്രകാരം 17.14 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽനിന്നും 5.04 കോടി രൂപയുടെ പ്രവൃത്തികൾ മൈനർ ഇറിഗേഷൻ വിഭാഗത്തിന്റെ കീഴിൽ വരുന്നവയാണ്. ഇവ പൂർത്തീകരിച്ചിട്ടുള്ളതാണ്. ബണ്ട് റോഡ് നിർമ്മാണത്തിന്റെ ബാക്കി പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, മണ്ണ് പര്യവേക്ഷണം നടത്തി ഫൗണ്ടേഷൻ രൂപകൽപ്പന ചെയ്തശേഷം മാത്രമേ അനുമതിക്കായി സമർപ്പിക്കാവൂവെന്ന് ചീഫ് ടെക്നിക്കൽ എക്സാമിനർ നിർദ്ദേശിച്ചിരുന്നു. അതിൻപ്രകാരം ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്ക് GIDA-യുടെ ഫണ്ട് ലഭിക്കാൻ കാലതാമസമുണ്ടാകുമെന്നതിനാൽ 24.20 ലക്ഷം രൂപ എറണാകുളം മേജർ ഇറിഗേഷന്റെ മേൽനോട്ടത്തിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്ക് 10-02-2021-ൽ ഭരണാനുമതി നൽകുകയുണ്ടായി. ടി പ്രവൃത്തി നിലവിൽ പുരോഗമിക്കുന്നു.

(ബി) സമുദ്രനിരപ്പ് ഉയരുന്നതിനാലും വേലിയേറ്റത്താലും ബുദ്ധിമുട്ടുന്ന പ്രദേശവാസികളുടെ യാത്രാക്ലേശം കണക്കിലെടുത്ത് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി പോർട്ട് ട്രസ്റ്റ്, ഇറിഗേഷൻ, മുളവുകാട് പഞ്ചായത്ത് ഉൾപ്പെടെയുള്ള വകുപ്പുകളുടെ കൈവശമുള്ള സ്ഥലം വിട്ടുകിട്ടുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

&

(സി) സ്ഥലം വിട്ടുകിട്ടുന്നതിനായി നൽകിയിട്ടുള്ള കത്തുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

(ബി&സി) വല്ലാർപാടം ദ്വീപിൽ കായലിനോട് ചേർന്ന ഭാഗം പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിനും കായലിൽനിന്നും നീക്കം ചെയ്യുന്ന ചെളി/എക്കൽ എന്നിവ നിക്ഷേപിക്കുന്നതിലൂടെ ലഭിക്കുന്ന സ്ഥലത്ത് ബണ്ട് റോഡ് നിർമ്മിക്കുന്ന തിനുമാണ് പ്രസ്തുത പദ്ധതിയിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്.

പുതിയങ്ങാടി -ഉള്ള്യേരി -കുറ്റ്യാടി റോഡ് വീതി കൂട്ടൽ

79(689) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പുതിയങ്ങാടി-ഉള്ള്യേരി-കുറ്റ്യാടി റോഡ് വീതി കൂട്ടി പരിഷ്കരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

&

(ബി) ഇതിലേയ്ക്ക് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

(എ&ബി) പുതിയങ്ങാടി-പുറക്കാട്ടിരി-അണ്ടിക്കോട്-അത്തോളി-ഉള്ള്യേരി റോഡ് (0/000 മുതൽ 17/192 വരെ) എന്ന പ്രവൃത്തിക്കായി കിഫ്ബിയിൽനിന്നും 82.36 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ട്. പ്രവൃത്തിക്കുവേണ്ടി 1401.75 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിനായി 23.45 കോടി രൂപ ഇതിൽനിന്നും നീക്കിവച്ചിട്ടുണ്ട്. ഉള്ള്യേരി മുതൽ കുറ്റ്യാടി വരെയുള്ള (17/600 മുതൽ 43/160) റോഡിന് ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

ഇടിമുഴിക്കൽ ആഗ്രശാല റോഡ് റീച്ച് നവീകരണം

80(690) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ഇടിമുഴിക്കൽ ആഗ്രശാല റോഡ് റീച്ച് ബി.എം.&ബി.സി. ചെയ്ത് നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്കാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ;

&

(സി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

(എ-സി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ആയത് സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

എക്സൈസ് കടവിലെ പാലം നിർമ്മാണം

81(691) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിലെ എക്സൈസ് കടവിലെ പാലം നിർമ്മാണം സംബന്ധിച്ച നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് നിലവിലുള്ള ഫയലുകളുടെ വിശദാംശം വെളിപ്പെടുത്താമോ;

&

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത പാലത്തിന് എന്നത്തേയ്ക്ക് ഭരണാനുമതി നൽകാൻ സാധിക്കുമെന്നറിയിക്കാമോ?

(എ-സി) പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനായുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാക്കി റിപ്പോർട്ട് ഡിസൈൻ വിംഗിലേയ്ക്ക് സമർപ്പിക്കുകയും തുടർന്ന് ടെന്റേറ്റീവ് ജനറൽ ഡിസൈൻ ഡ്രോയിംഗ് (BD/54/2013/Design/HW) ലഭിക്കുകയും ചെയ്തു. 2021-22-ലെ ബഡ്ജറ്റിൽ 100 രൂപ ടോക്കൺ പ്രൊവിഷനോടുകൂടി 5000 ലക്ഷം രൂപ അടങ്കലിൽ പ്രസ്തുത പ്രവൃത്തി ഉൾപ്പെട്ടതിനാൽ ഭരണാനുമതിക്കായി വീണ്ടും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നിലവിലുള്ള അലൈൻമെന്റ് പ്ലാനനുസരിച്ച് ടി പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി ഇരു വശങ്ങളിൽനിന്നും ഏകദേശം 133 ആർ. സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഇതിൽ ഏകദേശം 600 മീറ്ററോളം സ്ഥലം തണ്ണീർത്തടത്തിൽ ഉൾപ്പെട്ടതിനാൽ കൃഷി വകുപ്പിൽനിന്നും നിലപരിവർത്തനാനുമതി ലഭ്യമായാൽ മാത്രമേ അപ്രോച്ച് റോഡിനായി സ്ഥലമേറ്റെടുക്കാൻ സാധിക്കുകയുള്ളൂ.

ഹരിപ്പാട് കോരംകുഴി പാലം

82(692) ശ്രീ. രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിൽ നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള കോരംകുഴി പാലത്തിന്റെ ഭരണാനുമതി വൈകുന്നതിന്റെ കാരണം എന്തെന്ന് വിശദീകരിക്കാമോ;

&

(ബി) പ്രസ്തുത വർക്കിന് അടിയന്തരമായി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ&ബി) കോരംകുഴി പാലം നിർമ്മാണം സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിൽ വന്നെങ്കിലും ബഡ്ജറ്റ് വിഹിതം വകയിരുത്തിയിട്ടില്ലാത്തതിനാൽ ഭരണാനുമതി നൽകാൻ കഴിഞ്ഞില്ല. ബഡ്ജറ്റ് വിഹിതം ഉറപ്പാക്കി ഭരണാനുമതി പ്രൊപ്പോസൽ സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

തലശ്ശേരി നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന അനുവദിച്ച പാലങ്ങൾ

83(693) ശ്രീ. എ. എൻ. ഷംസീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന അനുവദിച്ച കുണ്ടുചിറ പാലം, പുളിഞ്ഞോളിക്കടവ് പാലം എന്നീ പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തികൾക്ക് ഇതുവരെ എന്തെല്ലാം നടപടിക്രമങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

&

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരണത്തിന് ഇനി എന്തൊക്കെ നടപടി ക്രമങ്ങളാണുള്ളതെന്നും ആയത് ദ്രുതഗതിയിൽ പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ?

(എ&ബി) തലശ്ശേരി നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന അനുവദിച്ച കുണ്ടു ചിറപാലം, പുളിഞ്ഞോളിക്കടവ് പാലം എന്നീ പ്രവൃത്തികളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു :

കുണ്ടുചിറപാലം പ്രവൃത്തിക്ക് 30-6-2016-ലെ G.O(Rt)No.1496/2016/PWD പ്രകാരം 10 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകി. 19-9-2017-ലെ ഉത്തരവ് നമ്പർ APR-1/174/2017/KIIFB പ്രകാരം 10.17 കോടി രൂപയ്ക്ക് കിഫ്ബിയുടെ ഭരണാനുമതിയും നൽകി. ഇൻലാൻഡ് നാവിഗേഷൻ റ്റ്റായതിനാൽ അലൈൻമെന്റിൽ വ്യത്യാസം വരുന്നതുകൊണ്ട് അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചു. ആയതുപ്രകാരം ഡിസൈൻ പുതുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പുതുക്കിയ ഡിസൈൻ പൂർത്തിയാകുന്ന മുറയ്ക്ക് കിഫ്ബിയുടെ പുതുക്കിയ അനുമതി ലഭ്യമാക്കി ടെക്നിക്കൽ കമ്മിറ്റിയിൽ സമർപ്പിച്ച്, സാങ്കേതികാനുമതി ലഭ്യമായശേഷം ടെണ്ടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. പുളിഞ്ഞോളിക്കടവ് പാലം പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചു. ഇൻലാൻഡ് നാവിഗേഷൻ റ്റ്റായതിനാൽ അലൈൻമെന്റിൽ വ്യത്യാസം വരുന്നതുകൊണ്ട് റീഡിസൈൻ ചെയ്യേണ്ടതുണ്ട്. അതനുസരിച്ചുള്ള ഡിസൈൻ പുതുക്കിയശേഷം കിഫ്ബിയുടെ സാമ്പത്തികാനുമതിക്കായി വിശദമായ പദ്ധതിരേഖ സമർപ്പിക്കേണ്ടതുണ്ട്. പദ്ധതിയുടെ പുതുക്കിയ ഭരണാനുമതി ലഭിക്കുന്നമുറയ്ക്ക് സാമ്പത്തികാനുമതി നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാൻ കഴിയും.

ചിറമംഗലം റെയിൽവേ മേൽപ്പാലം

84(694) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുരങ്ങാടി നിയോജകമണ്ഡലത്തിലെ ചിറമംഗലം റെയിൽവേ മേൽപ്പാലത്തിന്റെ പ്രവൃത്തിക്കാവശ്യമായ ഭരണാനുമതി ലഭ്യമാക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

27-4-2018-ലെ സ.ഉ.(സാധാ)നമ്പർ 780/2018/പൊ.മ.വ. പ്രകാരം ചിറമംഗലം റെയിൽവേ ലെവൽ ക്രോസിംഗ് നമ്പർ 173-ൽ പകരം മേൽപ്പാലം നിർമ്മിക്കുന്നതിന് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കെ.ആർ.ഡി.സി.എൽ. തയ്യാറാക്കിയ മേൽപ്പാലത്തിന്റെ ജനറൽ അലൈൻമെന്റ് ഡ്രോയിംഗിന് 31-12-2019-ന് ദക്ഷിണ റെയിൽവേ അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് തിരൂർ തഹസിൽദാരുടെ ഓഫീസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഏറ്റെടുക്കാനുള്ള ഭൂമിയിൽ അതിർത്തി കല്ലുകൾ സ്ഥാപിച്ചശേഷം 7-1-2021-ന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമായ തുകയ്ക്ക് ഭരണാനുമതി നൽകി; സാമൂഹികാഘാത പഠനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

മൂന്നാറിൽ ഫ്ലൈഓവർ നിർമ്മാണം

85(695) ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട മൂന്നാറിൽ ഫ്ലൈഓവർ പണിയുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

&

(ബി) പ്രസ്തുത പദ്ധതിക്ക് അനുവദിച്ച തുകയും പദ്ധതിയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

(എ&ബി) ഉണ്ട്. പ്രസ്തുത പ്രവൃത്തിക്ക് 35 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 25-9-2019-ൽ കിഫ്ബിയിൽ പദ്ധതിയുടെ ഡി.പി.ആർ. സാമ്പത്തികാനുമതിക്കായി സമർപ്പിച്ചിരുന്നു. എന്നാൽ നിലവിലെ അലൈൻമെന്റിന് മാറ്റം ആവശ്യമായി വന്നതിനാൽ പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കിവരുന്നു. ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് തുടർ നടപടികൾക്കായി കിഫ്ബിയിൽ സമർപ്പിക്കാൻ കഴിയും.

കൃഷ്ണപുരം മാന്ത്രിക്കുന്നേൽ റെയിൽവേ മേൽപ്പാലം

86(696) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം നിയോജകമണ്ഡലത്തിൽ കിഫ്ബിയുടെ തുക വിനിയോഗിച്ച് നിർമ്മാണം നടത്തുന്നതിനുവേണ്ടി ഭരണാനുമതി ലഭിച്ച കൃഷ്ണപുരം മാന്ത്രിക്കുന്നേൽ റെയിൽവേ മേൽപ്പാലം പദ്ധതിയുടെ നിലവിലുള്ള പുരോഗതി വിശദമാക്കാമോ?

ആലപ്പുഴ ജില്ലയിലെ കായംകുളം നിയമസഭാ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട കൃഷ്ണപുരം വില്ലേജിൽ മാന്ത്രിക്കുന്നേൽ റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിന് കിഫ്ബി പദ്ധതിയിൽ 60 കോടി രൂപയുടെ തത്വത്തിലുള്ള അനുമതി നൽകുകയും റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ

ലിമിറ്റഡിനെ (ആർ.ബി.ഡി.സി.കെ.) എസ്.പി.വി.-യായി നിയമിക്കുകയും ചെയ്തു. ആർ.ബി.ഡി.സി.കെ. തയ്യാറാക്കിയ ഡി.പി.ആർ.-ന് കിഫ്ബിയിൽനിന്നും 31.21 കോടി രൂപയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. കൃഷ്ണപുരം വില്ലേജിലെ വിവിധ സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട ടി റെയിൽവേ മേൽപ്പാലം പദ്ധതിക്കായി 1.084 ഹെക്ടർ (2.678 ഏക്കർ) സ്ഥലം ഏറ്റെടുക്കുന്നതിന് സ്പെഷ്യൽ തഹസിൽദാർ എൽ.എ. കായംകുളത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സ്ഥലമേറ്റെടുക്കുന്നതിനായി ഇപ്പോൾ സാമൂഹികാഘാത പഠനം പൂർത്തിയാക്കി 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥലമേറ്റെടുപ്പിന്റെ പ്രാരംഭചെലവുകൾക്കായി കിഫ്ബിയിൽ നിന്ന് 23,42,795 രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതിയുടെ GAD റെയിൽവേയുടെ അംഗീകാരത്തിനുവേണ്ടി സമർപ്പിച്ചിരിക്കുകയാണ്. റെയിൽവേയുടെ അംഗീകാരം ലഭിച്ച് സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കുന്നമുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയും.

മാക്കേകടവ് - നേരേകടവ് പാലത്തിന്റെ നിർമ്മാണം

87(697) ശ്രീമതി സി. കെ. ആശ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിർമ്മാണമാരംഭിച്ച മാക്കേകടവ് - നേരേകടവ് പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ഭൂമിയേറ്റെടുക്കൽ പ്രക്രിയ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

മാക്കേകടവ്-നേരേകടവ് പാലത്തിന്റെ സ്ഥലമേറ്റെടുക്കുന്നതിനുള്ള നഷ്ട പരിഹാര തുക മുഴുവനായി 2021 മാർച്ചിൽ റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾക്കുള്ള റീഹാബിലിറ്റേഷൻ പാക്കേജ് റവന്യൂ വകുപ്പിൽ അംഗീകരിക്കുന്നതിനുള്ള കാലതാമസംമൂലമാണ് സ്ഥലമേറ്റെടുക്കൽ വൈകുന്നത്.

(ബി) പാതിവഴിയിൽ പ്രവർത്തനം നിലച്ച പ്രസ്തുത പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കാൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദമാക്കുമോ?

റവന്യൂ വകുപ്പിൽനിന്നും ഭൂമി പൊതുമരാമത്ത് വകുപ്പിന് കൈമാറി കിട്ടിയാലുടൻതന്നെ പാലം പ്രവൃത്തി പുനരാരംഭിക്കാൻ കഴിയും.

കരുവാറ്റക്കടവ് പാലത്തിന്റെ നിർമ്മാണം

88(698) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി, കൊടുവള്ളി നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന കരുവാറ്റക്കടവ് പാലത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത പാലം നിർമ്മാണത്തിന്റെ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ?

കരുവാറ്റക്കടവ് പാലം നിർമ്മാണത്തിന് 2009-ൽ സ്റ്റിമുലസ് പാക്കേജിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകി. പാലം നിർമ്മിക്കുന്നതിനാവശ്യമായ സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള സ്ഥലം 2013-ലാണ് free surrender ആയി സർക്കാരിലേയ്ക്ക് വിട്ടുനൽകിയത്. ഈ കാലയളവിനുള്ളിൽ ഭരണാനുമതി കാലഹരണപ്പെടുകയുണ്ടായി. സ്ഥലം ലഭ്യമായതിനുശേഷം ഇൻവെസ്റ്റിഗേഷൻ നടത്തി രൂപകൽപ്പന ചെയ്തതിനുശേഷം പ്രസ്തുത പ്രവൃത്തിക്കായി ലഭിച്ച നൂറുരൂപ ടോക്കൺ പ്രൊവിഷനിൽ ഉൾപ്പെടുന്ന 350 ലക്ഷം രൂപയുടെ പ്രൊപ്പോസൽ 13-07-2021-ന് നടന്ന അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ കമ്മിറ്റി പരിശോധിക്കുകയും ധനവകുപ്പിന്റെ പരിഗണനയ്ക്ക് അയയ്ക്കാൻ നിർദേശിക്കുകയും ചെയ്തിട്ടുണ്ട്. അതിൻപ്രകാരം തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

മുനമ്പത്തുകടവ് പാലം നിർമ്മാണം

89(699) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന്, ബേപ്പൂർ നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന പുല്ലിപ്പുഴയ്ക്ക് കുറുകെയുള്ള മുനമ്പത്തുകടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

പ്രവൃത്തി സ്ഥലം സന്ദർശിച്ച് മണ്ണ് പര്യവേക്ഷണ എസ്റ്റിമേറ്റ് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ തയ്യാറാക്കിവരുന്നു.

(ബി) പ്രസ്തുത പാലം നിർമ്മാണത്തിനായി ഡി.പി.ആർ. തയ്യാറാക്കി ആവശ്യമായ ഭരണാനുമതി വാങ്ങുന്നതിന് വകുപ്പ് തലത്തിൽ നിർദ്ദേശം നൽകാമോ?

മണ്ണ് പര്യവേക്ഷണം പൂർത്തീകരിച്ച് പ്രവൃത്തിക്കുള്ള സ്ഥലം ലഭ്യമായതിനുശേഷം ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

കോരംകുഴി പാലത്തിന്റെ നിർമ്മാണം

90(700) ശ്രീ. രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിൽ നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള കോരംകുഴി പാലത്തിന് ഭരണാനുമതി വൈകുന്നതിന്റെ കാരണം വിശദീകരിക്കാമോ;

&

(ബി) പ്രസ്തുത പ്രവൃത്തിക്ക് അടിയന്തരമായി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ&ബി) കോരംകുഴി പാലം നിർമ്മാണം സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിൽ വന്നെങ്കിലും ബഡ്ജറ്റ് വിഹിതം വകയിരുത്തിയിട്ടില്ലാത്തതിനാൽ ഭരണാനുമതി നൽകാൻ കഴിഞ്ഞിട്ടില്ല. ബഡ്ജറ്റ് വിഹിതം ഉറപ്പുവരുത്തി പുതിയ പ്രൊപ്പോസൽ സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

പുതുതായി നിർമ്മിച്ച പാലങ്ങൾ

91(701) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ പുതുതായി എത്ര പാലങ്ങൾ നിർമ്മിച്ച് ഗതാഗതത്തിനായി തുറന്നുകൊടുത്തിട്ടുണ്ടെന്നും ഇതിനായി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള വിവരങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ?

സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിനുകീഴിൽ ദേശീയപാത വിഭാഗം, പാലങ്ങൾ വിഭാഗം, ആർ.ബി.ഡി.സി.കെ. എന്നിവയുടെ കീഴിൽ കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ പുതുതായി നിർമ്മിച്ച പാലങ്ങളുടെ ജില്ലതിരിച്ചുള്ള വിവരവും ഇതിനായി ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

മാവേലിക്കരയിൽ പുതിയ പാലങ്ങൾ

92(702) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിലെ ചത്തിയറ, കൽകുളത്താൻ, ദൈവപ്പുരയ്ക്കൽ എന്നീ പാലങ്ങൾ നിർമ്മിക്കാൻ ബഡ്ജറ്റിൽ തുക വകയിരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പാലങ്ങളുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് പാലങ്ങൾ വിഭാഗം സർക്കാരിന് സമർപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(ബി&സി) പ്രസ്തുത പാലങ്ങളുടെ ഭരണാനുമതിക്കുള്ള പ്രൊപ്പോസലുകൾ 13-7-2021-ന് നടന്ന അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ കമ്മിറ്റി പരിഗണിക്കുകയും ഭരണാനുമതി നൽകാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മുതിയം പാലം നിർമ്മാണം

93(703) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ മുതിയം ബീച്ചിലെ മുതിയം പാലം നിർമ്മാണത്തിന്റെ പുരോഗതി വ്യക്തമാക്കാമോ?

10-7-2017-ലെ സ.ഉ(സാധാ)നമ്പർ 942/2017/പൊ.മ.വ. പ്രകാരം തത്വത്തിൽ ഭരണാനുമതി നൽകിയ തീരദേശ ഹൈവേയിൽ ഉൾപ്പെട്ട മുതിയം പാലത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടില്ല.

(ബി) മുതിയം പാലം നിർമ്മാണവുമായി ബന്ധപ്പെട്ട ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

(സി) പ്രസ്തുത പാലം നിർമ്മാണത്തിന് സർക്കാർ കണ്ടെത്തുന്ന സാമ്പത്തിക സ്രോതസ്സ് എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഈ പ്രവൃത്തി കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭ്യമാക്കി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

ബിയ്യം കായലിന് കുറുകെയുള്ള കുണ്ടുകടവ് പാലം

94(704) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി നിയോജകമണ്ഡലത്തിൽ ഗുരുവായൂർ-ആൽത്തറ- പൊന്നാനി റോഡിൽ ബിയ്യം കായലിന് കുറുകെയുള്ള കുണ്ടുകടവ് പാലം അപകടത്തിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബ്രിഡ്ജ് കണ്ടീഷൻ ഇൻഡക്സ് പ്രകാരം പ്രസ്തുത പാലത്തിന്റെ പുനർനിർമ്മാണം അത്യാവശ്യമാണെന്ന റിപ്പോർട്ടിൻമേൽ പുനർ നിർമ്മാണത്തിന് അടിയന്തര നടപടി കൈക്കൊള്ളുമോ?

നടപടി സ്വീകരിച്ചുവരുന്നു.

വെങ്ങര റെയിൽവേ മേൽപ്പാലം

95 (705) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബിയുടെ ധനകാര്യ അനുമതി ലഭിച്ച് 2-11-2020-ന് ടെണ്ടർ ഉടമ്പടി ഒപ്പുവച്ച വെങ്ങര റെയിൽവേ മേൽപ്പാലം നിർമ്മാണം, റെയിൽവേയുടെ മുകളിലുള്ള സ്പാൻ ഡിസൈൻ ചെയ്ത് എട്ട് മാസം കഴിഞ്ഞിട്ടും റെയിൽവേയുടെ അംഗീകാരം ലഭിക്കുന്നതിനോ നിർമ്മാണം തുടങ്ങാനോ കഴിയാത്തതിനാൽ, പ്രസ്തുത അംഗീകാരം എത്രയുംവേഗം ലഭ്യമാക്കി പ്രവൃത്തി തുടങ്ങാൻ നടപടി സ്വീകരിക്കുമോ?

ഈ പ്രവൃത്തിയുടെ റെയിൽവേ ലൈനിനുമുകളിൽ വരുന്ന ഭാഗത്തിന്റെ അലൈൻമെന്റ് കെ.ആർ.എഫ്.ബി. അംഗീകരിച്ച് റെയിൽവേയ്ക്ക് തിരിച്ചു നൽകിയിട്ടുണ്ട്. ഈ അംഗീകരിച്ച അലൈൻമെന്റ് പ്രകാരം പ്രവൃത്തി തുടങ്ങാനാവശ്യമായ പൂർണ്ണ ഡിസൈൻ ഡ്രോയിംഗ് സമർപ്പിക്കാൻ പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമായ ഉടൻതന്നെ പ്രവൃത്തി തുടങ്ങുന്നതാണ്.

കുണ്ടറ -പള്ളിമുക്ക് മേൽപ്പാലം

96(706) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുണ്ടറ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിലെ റോഡ്സ് ആൻഡ് ബ്രിഡ്ജസ് വിഭാഗത്തിന്റെ കീഴിൽവരുന്ന കുണ്ടറ-പള്ളിമുക്ക് മേൽപ്പാലവുമായി ബന്ധപ്പെട്ട പദ്ധതിയുടെ നിലവിലെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കാമോ?

ദേശീയപാത 744-ൽ ഗതാഗതക്കുരുക്കുള്ള കോയിക്കൽ ജംഗ്ഷൻ മുതൽ കരിക്കോട് ജംഗ്ഷൻവരെ 3 കീലോമീറ്റർ നാലുവരിപ്പാതയാക്കുന്നതിനും കുണ്ടറ-പള്ളിമുക്ക് ജംഗ്ഷനിൽ ഫ്ലൈഓവറും റെയിൽവേ മേൽപ്പാലവും നിർമ്മിക്കുന്നതിനും കിഫ്ബിയിലുൾപ്പെടുത്തി 447.15 കോടി രൂപയുടെ ഭരണാനുമതി 27-5-2020-ലെ സ.ഉ. (സാധാ) നമ്പർ 480/2020/പൊ.മ.വ. പ്രകാരം നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണ ഏജൻസി കെ.ആർ.എഫ്.ബി. ആണ്. പള്ളിമുക്ക് മേൽപ്പാലം നിർമ്മാണത്തിനുള്ള സർവ്വേ പ്രവൃത്തികൾ നടന്നുവരുന്നു. മേൽപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗം പരിശോധിച്ചുവരുന്നു.

പരപ്പനങ്ങാടി ചെട്ടിപ്പടി റെയിൽവേ മേൽപ്പാലം

97(707) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരപ്പനങ്ങാടി ചെട്ടിപ്പടി റെയിൽവേ മേൽപ്പാലത്തിന്റെ ഉദ്ഘാടനം കഴിഞ്ഞിട്ടും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) പ്രസ്തുത മേൽപ്പാലത്തിന്റെ നിർമ്മാണം ആരംഭിച്ച് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

(എ&ബി) ഉണ്ട്. ചേളാരി-ചെട്ടിപ്പടി റെയിൽവേ മേൽപ്പാലം (പരപ്പനങ്ങാടി ചെട്ടിപ്പടി ആർ.ഒ.ബി.) കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്നതിനായി 27-9-2016-ലെ G.O. (Rt) No. 1324/2016/PWD ഉത്തരവ് പ്രകാരം 10 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി. ആയി നിയമിക്കുകയും ചെയ്തു. പ്രസ്തുത പദ്ധതി ടെണ്ടർ ചെയ്ത് കരാർ ആയിട്ടുണ്ട്. 12 മാസമാണ് നിർമ്മാണ കാലാവധി. ഡിസൈൻ തയ്യാറാക്കുന്നതിന്റെ ഭാഗമായുള്ള സർവ്വേ നടപടികളും മണ്ണ് പരിശോധനയും പൂർത്തിയാക്കി ഡ്രോയിംഗ്സ് പരിശോധനയ്ക്കായി Madras IIT-ക്ക് സമർപ്പിച്ചിട്ടുണ്ട്. പദ്ധതിക്കുവേണ്ടിയുള്ള സ്ഥലമെടുപ്പിലെ അവസാനത്തെ ഭൂമി 16-6-2021-ന് മാത്രമാണ് കൈമാറിക്കിട്ടിയത്. തുടർന്ന് കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിന് ടെണ്ടർ വിളിച്ച് വർക്ക് ഓർഡർ നൽകിയെങ്കിലും കരാറുകാരൻ തുക ഡെപ്പോസിറ്റ് ചെയ്യാൻ തയ്യാറായിട്ടില്ല. ആയതിനാൽ വീണ്ടും ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മേൽപ്പാലത്തിന്റെ അലൈൻമെന്റ് "Silver line" പദ്ധതിയിൽ ഉൾപ്പെട്ടതായതിനാൽ അലൈൻമെന്റിൽ ചെറുമാറ്റം ആവശ്യമാണെന്ന് KRDCL അറിയിച്ചിട്ടുണ്ട്. പദ്ധതി ആരംഭിച്ചതിനാൽ അലൈൻമെന്റിൽ മാറ്റം വരുത്തുന്നത് ബുദ്ധിമുട്ടായിരിക്കുമെന്ന് ആർ.ബി.ഡി.സി.കെ. KRDCL-നെ അറിയിച്ചിട്ടുണ്ട്.

പരപ്പുഴ പാലം പുനർനിർമ്മാണം

98(708) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിലെ അമല-പാവറട്ടി റോഡിലെ പരപ്പുഴ പാലം പുനർനിർമ്മിക്കുന്നതിനുള്ള അടങ്കൽ തുക എത്രയാണ്?

387 ലക്ഷം രൂപ

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച വിശദാംശം നൽകാമോ?

പൈൽ കാസ്റ്റിംഗ് വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്. പിയർ ഫൌണ്ടേഷൻ നിർമ്മാണം പുരോഗമിക്കുന്നു.

(സി) പരപ്പുഴ പാലത്തിന്റെ സർവ്വീസ് റോഡ് പൊളിച്ചുമാറ്റിയതെന്നാണ്?

2021 ജൂൺ 5.

(ഡി) സർവ്വീസ് റോഡ് പൊളിച്ചുമാറ്റാനുണ്ടായ സാഹചര്യം അറിയിക്കാമോ?

ടൗട്ടെ ചുഴലിക്കാറ്റ് കാരണമുണ്ടായ ന്യൂനമർദ്ദംമൂലം ശക്തമായ മഴയുണ്ടായതിനാൽ പുഴയിലൂടെ വെള്ളത്തിന്റെ ഒഴുക്ക് ക്രമാതീതമായി ഉയർന്ന സാഹചര്യത്തിൽ എളവള്ളി പഞ്ചായത്തിലെ നിവാസികൾ വെള്ളക്കെട്ട് ഭീഷണി നേരിടുന്ന പശ്ചാത്തലത്തിൽ പരപ്പുഴയ്ക്കുകുറുകെ സ്ഥാപിച്ച താൽക്കാലിക ബണ്ട് പൊളിച്ച് നീക്കംചെയ്യുന്നതിനായി ജില്ലാകളക്ടറുടെ നിർദ്ദേശപ്രകാരം ചേർന്ന യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് താൽക്കാലിക ബണ്ട് നീക്കം ചെയ്തത്.

(ഇ) സർവ്വീസ് റോഡ് പൊളിച്ചുമാറ്റിയതിനാലുണ്ടാകുന്ന യാത്രാക്ലേശം പരിഹരിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള താൽക്കാലിക സംവിധാനങ്ങളും നടപടികളും എന്തൊക്കെയാണ്?

യാത്രാക്ലേശം ഒഴിവാക്കാനായി രണ്ട് സംവിധാനങ്ങൾ ഏർപ്പാടാക്കാൻ ശ്രമം നടക്കുന്നു.

(i) പൊതുമരാമത്ത് ഡിസൈൻ വിംഗുമായി ബന്ധപ്പെട്ട് താൽക്കാലിക സ്റ്റീൽ പാലത്തിന്റെ രൂപ രേഖ തയ്യാറാക്കുന്ന നടപടി പുരോഗമിക്കുന്നു.

(ii) പിയർ ഫൌണ്ടേഷനുകൾ നിർമ്മിച്ച് അവ തമ്മിൽ ബന്ധിപ്പിച്ച് ഒരു സ്റ്റീൽ നടപ്പാത നിർമ്മിക്കുന്നതിനും തീരുമാനമായിട്ടുണ്ട്.

(എഫ്) പ്രസ്തുത പാലത്തിന്റെ നിർമ്മാണം എന്ന് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

പ്രവൃത്തിയുടെ പൂർത്തീകരണ തീയതി സെപ്റ്റംബർ 2021 ആണെങ്കിലും പ്രതികൂല സാഹചര്യങ്ങൾമൂലമുണ്ടായ കാലതാമസം കണക്കിലെടുത്ത് 2022 മാർച്ച് 31-നുള്ളിൽ പൂർത്തീകരിക്കാനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

കാക്കനാട് റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം

99(709) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം നിയോജകമണ്ഡലത്തിൽ കായംകുളം തിരുവല്ല റോഡിൽ കാക്കനാട് റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലെ പുരോഗതി എന്തൊക്കെയെന്ന് വിശദമാക്കാമോ?

ആലപ്പുഴ ജില്ലയിലെ കായംകുളം നിയമസഭാ നിയോജകമണ്ഡലത്തിൽപ്പെട്ട കാക്കനാട് റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണപ്രവൃത്തിയുടെ നിർവ്വഹണ ഏജൻസിയായി 27-4-2018-ലെ സ.ഉ.(സാധാ) നമ്പർ 780/2018/പൊ.മ.വ. പ്രകാരം കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നു. ടി ROB-യുടെ GAD 9-10-2019-ന് റെയിൽവേ അംഗീകരിക്കുകയുണ്ടായി. സർവ്വീസ് റോഡുകളുൾപ്പെടെയുള്ള ROB-യുടെ നിർമ്മാണത്തിനായി 29.74 ആർ സ്ഥലം ഏറ്റെടുക്കുന്നതിനായി ഭൂമിയുടെ അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി 30-10-2020-ന് ആരംഭിച്ചിട്ടുണ്ട്. സമീപവാസികളിൽനിന്നുമുണ്ടായ ചില എതിർപ്പുകൾമൂലവും കോവിഡ്-19-നെത്തുടർന്നുള്ള ലോക്ഡൗൺ കാരണവും അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ട്.

പെരുമ്പ പുതിയ പാലം നിർമ്മാണം

100(710) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ രണ്ടാം വർഷമായ 2018-19-ൽ ദേശീയപാതകളെ നഗരങ്ങളുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനം എന്ന ഹെഡ്ഡിലുൾപ്പെടുത്തി പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പെരുമ്പ പുതിയ പാലം നിർമ്മാണം എന്ന പ്രവൃത്തിക്ക് തുക നീക്കിവച്ചിരുന്നോ എന്നറിയിക്കാമോ?

പ്രസ്തുത ഹെഡ്ഡിലുൾപ്പെടുത്തി പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പെരുമ്പ പുതിയ പാലം ഉൾപ്പെടെയുള്ള പ്രവൃത്തികൾക്ക് 1243 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

(ബി) എങ്കിൽ ആയതിന്റെ തുടർനടപടി ഏതുവരെയായെന്ന് വിശദമാക്കാമോ;

&

(സി) നടപടികൾ പൂർത്തീകരിച്ച് പ്രസ്തുത പ്രവൃത്തിക്ക് എപ്പോൾ ഭരണാനുമതി നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(ബി&സി) പെരുമ്പ പുതിയ പാലത്തിനായുള്ള 80 കോടി രൂപയുടെ എസ്റ്റിമേറ്റ് കിഫ്ബിയിലുൾപ്പെടുത്തി ഭരണാനുമതിക്കായി പരിഗണിച്ചെങ്കിലും കിഫ്ബി പ്രോജക്ടുകളുടെ ടാർഗറ്റ് അധികരിച്ചതിനാൽ ഭരണാനുമതി നൽകാൻ കഴിഞ്ഞില്ല. പദ്ധതി ബഡ്ജറ്റിലുൾപ്പെടുത്തുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കാവുന്നതാണ്.

അകലാപ്പുഴ, നടേരിക്കടവ് പാലങ്ങളുടെ പ്രവൃത്തി

101(711) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഫണ്ട് അനുവദിക്കപ്പെട്ട അകലാപ്പുഴ, നടേരിക്കടവ് പാലങ്ങളുടെ പ്രവൃത്തിയുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന വിശദാംശം ലഭ്യമാക്കാമോ?

1. അകലാപ്പുഴ പാലം നിർമ്മാണം

   പ്രസ്തുത പാലത്തിന് 30 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് സാമൂഹ്യാഘാത പഠനം ഉൾപ്പടെയുള്ള നടപടികൾ പുരോഗമിക്കുന്നു. ഏറ്റെടുക്കേണ്ട ഭൂമിയിൽ അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതിനായുള്ള നടപടികളും പുരോഗമിക്കുകയാണ്.

2. നടേരിക്കടവ് പാലം നിർമ്മാണം

   പ്രസ്തുത പാലത്തിന് 23.03 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും ലഭിച്ചിട്ടുണ്ട്. 167 സെന്റ് സ്ഥലം പ്രസ്തുത പദ്ധതിക്കായി ഏറ്റെടുക്കുന്നതിനുവേണ്ടി ഇതിൽനിന്നും 37.14 ലക്ഷം രൂപ നീക്കിവച്ചിട്ടുള്ളതാണ്. ഏറ്റെടുക്കേണ്ട സ്ഥലങ്ങളുടെ വിശദവിവരം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) അകലാപ്പുഴ പാലത്തിന്റെ സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട് എന്തെങ്കിലും കേസ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ; ഇക്കാര്യത്തിൽ വകുപ്പ് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

അകലാപ്പുഴ പാലത്തിന്റെ തുറയൂർ ഭാഗത്തുള്ള അപ്രോച്ച് റോഡിന്റെ അലൈൻമെന്റുമായി ബന്ധപ്പെട്ട് WP(C)2898/2021 നമ്പരായി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. കേസുമായി ബന്ധപ്പെട്ട എതിർ സത്യവാങ്മൂലം സമർപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നടേരിക്കടവ് പാലത്തിന്റെ ഭൂമി ഏറ്റെടുക്കലിനായി വകുപ്പ് സ്വീകരിച്ച പ്രാരംഭ നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

നടേരിക്കടവ് പാലത്തിന്റെ ഭൂമി ഏറ്റെടുക്കലിനായി ഏറ്റെടുക്കേണ്ട സ്ഥലങ്ങളുടെ വിശദവിവരങ്ങളുൾപ്പെടുന്ന അപേക്ഷ സർക്കാർ പരിശോധിച്ചു വരുന്നു.

മുതലക്കുറിച്ചിക്കൽ പാലത്തിന്റെ നിർമ്മാണം

102(712) ശ്രീ. രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിലെ മുതലക്കുറിച്ചിക്കൽ പാലത്തിന്റെ നിർമ്മാണം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പാലത്തിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്നും ഇനി ഏതെല്ലാം പ്രവൃത്തികളാണ് നിർവ്വഹിക്കാനുള്ളതെന്നും വ്യക്തമാക്കാമോ;

&

(സി) ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് എന്ത് തടസ്സമാണുള്ളതെന്നും അത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നും അറിയിക്കാമോ?

(എ-സി) പ്രസ്തുത പ്രവൃത്തിയുടെ കരാർ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്തു. ബാലൻസ് വർക്ക് ടെണ്ടർ ചെയ്തപ്പോൾ ആദ്യ ടെണ്ടറിൽ ആരും പങ്കെടുത്തില്ല. റീ ടെണ്ടർ ചെയ്തപ്പോൾ M/s. Metric Infrastructure Private Limited, മൂവാറ്റുപുഴ എന്ന സ്ഥാപനം മാത്രമാണ് ടെണ്ടർ സമർപ്പിച്ചത്. അവർ എസ്റ്റിമേറ്റ് തുകയിൽനിന്നും 88.10 ശതമാനം ഉയർന്ന തുകയുടെ ടെണ്ടറാണ് സമർപ്പിച്ചത്. പരിശോധനകൾക്കുശേഷം M/s. Metric Infrastructure Private Limited, മൂവാറ്റുപുഴ സമർപ്പിച്ച ടെണ്ടർ റദ്ദ് ചെയ്യാനും സൈറ്റിലെ നിലവിലുള്ള സ്ഥിതിയനുസരിച്ച് എസ്റ്റിമേറ്റ് പുതുക്കിയതിനുശേഷം ടെണ്ടർ ചെയ്യാനും നിർദ്ദേശം നൽകിയതനുസരിച്ച് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്. ആകെയുള്ള 9 സ്പാനുകളിൽ 7 സ്പാനുകളുടെ പ്രവൃത്തി പൂർത്തീകരിച്ചു. പാലത്തിന്റെ മദ്ധ്യ ഭാഗത്തായുള്ള 55 മീറ്റർ നീളമുള്ള സ്പാനും 23.90 മീറ്റർ നീളമുള്ള ഒരു പ്രീ-സ്ട്രെസ്ഡ് വോയിഡഡ് സ്ലാബും ഇരുവശങ്ങളിലെ അപ്രോച്ച് റോഡും ഇനി പൂർത്തീകരിക്കാനുണ്ട്.

കാഞ്ഞിരപ്പള്ളി - എരുമേലി റോഡിലെ പാലം നവീകരണം

103 (713) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി - എരുമേലി റോഡിലെ ഇരുപത്തിയാറാം മൈൽ ജംഗ്ഷനിലുള്ള പാലം അപകടാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എഴുപത് വർഷം പഴക്കമുള്ളതും ശബരി പാതയിലുൾപ്പെടുന്നതുമായ പ്രസ്തുത പാലം പുതുക്കിപ്പണിയുന്നതിന് ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

പ്രസ്തുത പാലം പുതുക്കിപ്പണിയുന്നതിനുള്ള 246.80 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

ഉദ്യോഗസ്ഥർക്കെതിരെ നടപടി ശിപാർശ

104(714) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികളിലെ ക്രമക്കേടുകൾ ധനകാര്യ പരിശോധനാ വിഭാഗം പരിശോധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി ശിപാർശ ചെയ്ത് സമർപ്പിക്കുന്ന റിപ്പോർട്ടുകളിൽ വകുപ്പ് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ടിൽ ക്രമക്കേടുകൾക്ക് ഉത്തരവാദികളെന്ന് കണ്ടെത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരമുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കാറുണ്ട്. കൂടാതെ കുറ്റക്കാരായി കണ്ടെത്തുന്ന കരാറുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

(ബി) കൊല്ലം ജില്ലയിലെ പൊതുമരാമത്ത് പ്രവൃത്തികളിലെ ക്രമക്കേടുകൾ സംബന്ധിച്ച് ധനകാര്യ പരിശോധനാ വിഭാഗം നൽകിയ റിപ്പോർട്ടുകളിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച് കൂടുതൽ അന്വേഷണത്തിന് വിജിലൻസിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. കൊല്ലം ജില്ലയിലെ പൊതുമരാമത്ത് പ്രവൃത്തികളിലെ ക്രമക്കേടുകൾ സംബന്ധിച്ച് ധനകാര്യ പരിശോധനാവിഭാഗത്തിന്റെ ശിപാർശകളിന്മേൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യാൻ ഭരണ വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം

നൽകിയിട്ടുണ്ട്. ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ ശിപാർശയിൽ പരാമർശിക്കുന്ന ആരോപണവിധേയരായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി പരിശോധിച്ചുവരുന്നു. ധനകാര്യ പരിശോധനാവിഭാഗം ശിപാർശ ചെയ്തത് നുസരിച്ച് വിശദമായ അന്വേഷണത്തിനായി വിജിലൻസ് വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) കൊല്ലം ജില്ലയിൽ ധനകാര്യ പരിശോധനാവിഭാഗം കണ്ടെത്തിയതിന് സമാനസ്വഭാവമുള്ള ക്രമക്കേടുകൾ തൃശ്ശൂർ റോഡ്സ് ഡിവിഷൻ കാര്യാലയത്തിലും അനുബന്ധ ഓഫീസുകളിലും കണ്ടെത്തിയതിനെത്തുടർന്ന് സ്വീകരിച്ച വകുപ്പുതല നടപടികൾ (4-5-2020-ലെ സ.ഉ. (സാധാ.) നമ്പർ 425/2020/ പൊ.മ.വ.) ഇവിടെ സ്വീകരിക്കാൻ സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

ഓരോ കേസിലും ശിപാർശയുടെ അടിസ്ഥാനത്തിലും ഉദ്യോഗസ്ഥരുടെ വിശദീകരണം പരിശോധിച്ചും കുറ്റത്തിന്റെ ഗൗരവമനുസരിച്ചും ചട്ടപ്രകാരമുള്ള നടപടികളാണ് സ്വീകരിക്കുന്നത്.

ഭാരത്മാല പദ്ധതി

105(715) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരത് മാല പദ്ധതിയുടെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം റോഡുകൾ നിർമ്മിക്കുന്നുണ്ടെങ്കിൽ സംസ്ഥാനത്ത് ഇതുവരെ അപ്രകാരം എത്ര റോഡുകൾ നിർമ്മിച്ചിട്ടുണ്ടെന്നും അവയുടെ പേരുകളും ചെലവഴിച്ച തുകയും സഹിതം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് പുതിയതായി ഭാരത്മാല പദ്ധതിയിലുൾപ്പെടുത്തി റോഡുകൾ നിർമ്മിക്കാൻ ധാരണയായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

&

(ഡി) എങ്കിൽ ഏതെല്ലാം റോഡുകൾ എത്ര കിലോമീറ്ററിലാണ് നിർമ്മിക്കുന്നതെന്നും ഓരോ റോഡിനും ചെലവഴിക്കുന്ന തുക എത്രയാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

(എ-ഡി) സംസ്ഥാനത്ത് ഭാരത്മാല പദ്ധതി പ്രകാരം നിർമ്മിക്കുന്ന റോഡുകളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) റോഡുകളുടെ നിർമ്മാണം എപ്പോൾ തുടങ്ങുമെന്നും ഭാരത്മാല റോഡുകളുടെ പ്രത്യേകതകൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

രാജ്യത്തെ ഗതാഗതത്തിന്റെയും ചരക്ക് നീക്കത്തിന്റെയും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായുള്ള പദ്ധതിയാണ് ഭാരത്മാല പരിയോജന. അടിസ്ഥാന സൗകര്യങ്ങളിലെ കുറവ് നികത്തുന്നതിനായി പ്രസ്തുത പദ്ധതിയിൽ താഴെപ്പറയുന്ന വിഭാഗങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു :

1. Economic Corridors
2. Inter Corridors and Feeder Routes
3. National Corridor Efficiency Improvement
4. Border and International connectivity roads
5. Coastal and Port connectivity roads
6. Green-field express ways.

നിർമ്മാണം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധത്തിലെ സ്റ്റാറ്റസിൽ നൽകിയിട്ടുണ്ട്*.

മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ അനുമതി ലഭിച്ച പ്രവൃത്തികൾ

106 (716) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച റോഡുകൾ, കെട്ടിടങ്ങൾ, പാലങ്ങൾ തുടങ്ങിയ പ്രവൃത്തികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇതിൽ സാങ്കേതികാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയാണ്; ഏതൊക്കെ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു; ഓരോന്നിന്റേയും നിർവ്വഹണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(സി) ഏതൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

&

(ഡി) ഭരണാനുമതിക്കായി സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുള്ള/ സർക്കാരിന്റെ പരിഗണനയിലുള്ള നിയോജകമണ്ഡലത്തിലെ മുഴുവൻ പ്രവൃത്തികളുടെയും വിശദ വിവരങ്ങൾ ലഭ്യമാക്കുമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ-ഡി) മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ കെ.എസ്.റ്റി.പി. നടപ്പാക്കുന്ന പദ്ധതിയാണ് കുമ്പള-ബദിയടുക്ക-മുള്ളേരിയ റോഡ്. പ്രസ്തുത റോഡ് 21-10-2020-ന് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് 14-12-2020-ന് 168 കോടി രൂപയ്ക്ക് എഞ്ചിനീയറിംഗ് പ്രൊക്യൂർമെന്റ് കൺസ്ട്രക്ഷൻ (EPC) മാതൃകയിൽ കരാർ ഒപ്പുവച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗത്തിനുകീഴിൽ മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു :

1. കുബാനൂർ പാലം നിർമ്മാണം (കിഫ്ബി)
2. ബക്കിലപടവ് പാലം (കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജ്)
3. മുന്നിപ്പാടി പാലം (കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജ്)

പ്രസ്തുത പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടില്ല. താഴെപ്പറയുന്ന പ്രവൃത്തികളുടെ ഡിസൈൻ തയ്യാറാക്കിവരുന്നു :

1. ഉപ്പള പുഴയ്ക്ക് കുറുകെയുള്ള പാടത്തൂർ പാലം
2. പുത്തൂർ - ബാലപ്പുണി റോഡിൽ കുടുംബച്ചാൽ പാലം
3. പാവൂർ - ബാലപ്പുണി റോഡിൽ കുണ്ടാപ്പു പാലം
4. പെരള - കാമകുലു റോഡിൽ പൂവനടക്ക പാലം
5. തോടയാർ പാലം

പൊതുമരാമത്ത് വകുപ്പ് കെട്ടിടം, നിരത്ത്, ദേശീയപാത, കിഫ്ബി വിഭാഗങ്ങളുടെ കീഴിൽവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

ഭാരത്മാല പദ്ധതി

107 (717) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരത്മാല പദ്ധതിയിലുൾപ്പെട്ട കോഴിക്കോട്-മലപ്പുറം-പാലക്കാട് ഇന്റർഫീഡർ കോറിഡോർ (ഐ.സി.ആർ.-34) ഗ്രീൻ ഫീൽഡ് പാതക്കായി സ്ഥലമെടുപ്പിന് നീക്കങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

പ്രസ്തുത പ്രവൃത്തിയുടെ സ്ഥലമേറ്റെടുപ്പ് നടപടികൾക്കായി കോഴിക്കോട്, മലപ്പുറം, പാലക്കാട് ജില്ലകളിൽ കോമ്പിറ്റന്റ് അതോറിറ്റി ഓഫ് ലാൻഡ് അക്വിസിഷൻ (CALA) ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. 3(a) നോട്ടിഫിക്കേഷൻ 17/06/2021-ൽ ഗവൺമെന്റ് ഓഫ് ഇന്ത്യ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പാതയ്ക്കായി മുംബൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന ടി.പി.എഫ്. എഞ്ചിനീയറിംഗ് എന്ന കൺസൾട്ടൻസി തയ്യാറാക്കിയ മൂന്ന് ഓപ്ഷനുകളുടെയും വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമാക്കുമോ?

വിശദമായ പ്രോജക്ട് റിപ്പോർട്ടിന് കേന്ദ്ര സർക്കാരിന്റെ അന്തിമ അനുമതി ലഭ്യമായിട്ടില്ല.

(സി) ഈ പാതയ്ക്കായി ദേശീയപാത അതോറിറ്റിയുടെ ലാൻഡ് അക്വിസിഷൻ കമ്മിറ്റിയുടെ 20-6-2020-ലെ തീരുമാനപ്രകാരം അംഗീകരിച്ച സ്ഥലമേറ്റെടുപ്പിനാവശ്യമായ തുകയും ദേശീയപാത അതോറിറ്റി ആവശ്യപ്പെട്ട തുകയും തമ്മിൽ വൈരുദ്ധ്യമുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഭൂമി ഏറ്റെടുക്കലിനാവശ്യമായ തുക സംബന്ധിച്ച അന്തിമ വിവരം 3G, 3H നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്ന ഘട്ടത്തിലേ ലഭ്യമാകൂ.

(ഡി) ഈ പാതയുടെ അംഗീകാര നടപടികളുടെ ഭാഗമായി കോഴിക്കോട്, പാലക്കാട് ജില്ലകളിലെ ജനപ്രതിനിധികളോട് ചർച്ച ചെയ്തതും മലപ്പുറം ജില്ലയിലെ ജനപ്രതിനിധികളോട് ചർച്ച ചെയ്യാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വിവരം ശേഖരിച്ചുവരുന്നു.

(ഇ) ലാൻഡ് അക്വിസിഷൻ കോസ്റ്റ് കുറച്ച് കാണിച്ചതടക്കം ഇരുപത്തിനാലിലധികം ക്രമക്കേടുകൾ നടത്തിയ റിപ്പോർട്ടാണ് ദേശീയപാത അതോറിറ്റി സമർപ്പിച്ചിട്ടുള്ളതെന്നും പ്രസ്തുത റിപ്പോർട്ട് അംഗീകരിച്ചാണ് സംസ്ഥാന സർക്കാർ തുക അനുവദിച്ചിട്ടുള്ളതെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(എഫ്) നിർദ്ദിഷ്ട പാത സംബന്ധിച്ച അപാകതകൾ തിരുത്തുന്നതിനും മലപ്പുറം ജില്ലയിലെ ജനപ്രതിനിധികളുടെ മുമ്പിൽ പ്രോജക്ട് അവതരിപ്പിക്കുന്നതിനും കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ ആവശ്യമായ ഇടപെടലുകൾ നടത്തുമോ?

(ഇ&എഫ്) വിവിധ തലങ്ങളിലെ സൂക്ഷ്മപരിശോധനയ്ക്കുശേഷമാണ് ദേശീയപാത അതോറിറ്റി അലൈൻമെന്റ് അംഗീകാരത്തിനായി സമർപ്പിക്കുന്നത്. 23-10-2020-ന് MORTH/NHAI-യുടെ ലാൻഡ് അക്വിസിഷൻ കമ്മിറ്റി അലൈൻമെന്റ് അംഗീകരിച്ചതായി ദേശീപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

സൂര്യകാലടി റഗുലേറ്റർ -കം -ബ്രിഡ്ജ് പദ്ധതി

108(718) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് കോട്ടയം നിയോജക മണ്ഡലത്തിൽ സൂര്യകാലടി മനയ്ക്കസമീപം നിർമ്മിക്കുന്ന റഗുലേറ്റർ-കം-ബ്രിഡ്ജ് പൂർത്തീകരിക്കാത്തത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ;

&

(ബി) പ്രസ്തുത നിർമ്മാണം നീളാനുണ്ടായ കാരണങ്ങൾ വിശദീകരിക്കാമോ?

(എ&ബി) കോട്ടയം നിയോജകമണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് പണി നടന്നുകൊണ്ടിരിക്കുന്നത് റഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതികളായ ആറുമാനൂർ, ചവിട്ടുവേലിക്കടവ് എന്നീ പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികളാണ്. ടി പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികളുടെ നടത്തിപ്പിലേയ്ക്ക് നോഡൽ ഏജൻസിയായി ജില്ലാ നിർമ്മിതി കേന്ദ്രം പത്തനംതിട്ടയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. 19-11-2015-ലെ സർക്കാർ ഉത്തരവ് 6032/2015/ആർ.ഡി. പ്രകാരം കേരളത്തിൽ വിവിധ ജില്ലകളിലായി റിവർ മാനേജ്മെന്റ് ഫണ്ടിലുൾപ്പെടുത്തി കോട്ടയം ജില്ലയിലെ ടി പാലങ്ങളുൾപ്പെടെയുള്ള പാലങ്ങൾ നിർമ്മിക്കുന്നതിന് 32 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചു. 03-12-2015-ലെ ഡി.എൻ.കെ./ 2015-16 പ്രകാരം സാങ്കേതികാനുമതി ലഭിക്കുകയും EPC കോൺടാക്ട് വ്യവസ്ഥകളുൾപ്പെടുത്തി ഇ-ടെണ്ടർ വിളിച്ചതിൻ പ്രകാരം SERMS Infrastructure Private Limited, തിരുവനന്തപുരവുമായി 4-2-2016-ൽ 28.58 കോടി രൂപയ്ക്ക് കരാറിലേർപ്പെടുകയും ചെയ്തു. ടി പദ്ധതിക്കു വേണ്ട ടെക്നിക്കൽ സപ്പോർട്ടിനുവേണ്ടി Integral Solutions, Kochi-യെയാണ് നിയമിച്ചത്. പ്രീ-സ്ട്രെസ്ഡ് സെഗ്മെന്റൽ സ്ലാബ് പ്രത്യേക യാർഡുകളിൽ നിർമ്മിക്കുകയും സൈറ്റിൽ പൂർത്തീകരിച്ചിട്ടുള്ള തൂണുകളിൽ സ്ഥാപിക്കുന്ന രീതിയിലാണ് ടി നിർമ്മാണങ്ങളുടെ നിർമ്മാണം രൂപകൽപ്പന ചെയ്തിരിക്കുന്നത്. 8-2-2016-ൽ കൂടിയ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ യോഗത്തിൽ 9 പാലങ്ങളിൽ നിർമ്മാണം ആരംഭിച്ചിട്ടുള്ള 5 പാലങ്ങളുടെ പണി പൂർത്തീകരിക്കണമെന്നും പണി ആരംഭിച്ചിട്ടില്ലാത്ത 4 പാലങ്ങളുടെ പ്രവൃത്തികൾ ഇനിയൊരറിയിപ്പുണ്ടാകുന്നതുവരെ ആരംഭിക്കേണ്ടതില്ലെന്നും തീരുമാനിച്ചു. ടി തീരുമാനത്തിനെതിരെ SERMS Infrastructure Private Limited ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ WP(C) 3178/2018 ഫയൽ ചെയ്യുകയും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 30-1-2018-ലെ ഉത്തരവ് പ്രകാരം രണ്ട് മാസത്തിനകം നിരക്ക് വർദ്ധനവ്, സപ്ലിമെന്ററി എഗ്രിമെന്റ്, റീ-ഡിസൈൻ എന്നിവയിൽ ഉചിതമായ തീരുമാനം

SERMS-ന് നൽകണമെന്ന് ഉത്തരവാകുകയുണ്ടായി. എന്നാൽ SERMS Infrastructure Private Limited 29-10-2018, 5-11-2018 എന്നീ തീയതികളിൽ ടെർമിനേഷൻ നോട്ടീസ് നൽകുകയും ആയതിന് മറുപടിയായി നിർമ്മാണം തുടങ്ങിയ 5 പാലങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കണമെന്ന് 7-11-2018-ൽ ജില്ലാ നിർമ്മിതി കേന്ദ്രം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ടി കമ്പനി പ്രവൃത്തി പുനരാരംഭിക്കാതെ ആർബിട്രേഷൻ നടപടിയിലേയ്ക്ക് പോകുകയും ടി കേസിൽ 7-10-2020-ൽ 3,72,81,524 (മൂന്ന് കോടി എഴുപത്തിരണ്ട് ലക്ഷത്തി എൺപത്തിയൊന്നായിരത്തി അഞ്ഞൂറ്റി ഇരുപത്തിനാല് രൂപ മാത്രം) രൂപയും അവാർഡ് തീയതി മുതൽ പണം കൊടുക്കുന്നതുവരെ ആയതിന് 9 ശതമാനം പലിശയും SERMS Infrastructure Private Limited-ന് നൽകുന്നതിന് വിധിക്കുകയും ആയതിനെതിരെ ബഹുമാനപ്പെട്ട പത്തനംതിട്ട സബ് കോടതി മുമ്പാകെ പ്രോജക്ട് മാനേജർ, നിർമ്മിതി കേന്ദ്രം ഒന്നാം അപ്പലേറ്റായും ജില്ലാ കളക്ടർ രണ്ടാം അപ്പലേറ്റായും കേസ് ഫയൽ ചെയ്തിട്ടുള്ളതുമാണ്. 22-10-2020-ൽ ബഹുമാനപ്പെട്ട റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാന ഉന്നതതല സമിതിയുടെ യോഗതീരുമാനപ്രകാരം ടി 5 പാലങ്ങളുടെ ഡിസൈൻ സ്ലാബ് ചെയ്തത് സംബന്ധിച്ച സാങ്കേതിക പഠനം നടത്തുന്നതിന് കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരത്തെ ചുമതലപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ നിർമ്മിതി കേന്ദ്രവും ഇന്റഗ്രൽ സൊല്യൂഷനും നൽകിയ ഡോക്യുമെന്റ്സ് പര്യാപ്തമല്ലെന്നുകാണിച്ച് കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം അറിയിച്ചതിനെത്തുടർന്ന് ആയത് ലഭ്യമാക്കുന്നതിന് പത്തനംതിട്ട ജില്ലാ കളക്ടറുടെ കാര്യാലയത്തിൽനിന്നും നിർദ്ദേശം നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

(സി) മേപ്പടി നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

കോളേജ് ഓഫ് എഞ്ചിനീയറിംഗ് തിരുവനന്തപുരം സാങ്കേതിക പഠനം പൂർത്തീകരിക്കുന്നമുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

സോഷ്യൽ ഓഡിറ്റിംഗ് സംവിധാനം

109(719) ശ്രീ. സനീഷ്കുമാർ ജോസഫ്:

ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ അഴിമതി കുറയ്ക്കുന്നതിനായി നടപ്പാക്കിയ സോഷ്യൽ ഓഡിറ്റിംഗ് സംവിധാനം ഫലപ്രദമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) നിർമ്മാണ പ്രവൃത്തികളുടെ മേൽനോട്ടത്തിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും ക്രമക്കേടുകൾ തടയുന്നതിനും ഇടപെടേണ്ട സോഷ്യൽ ഓഡിറ്റ് സമിതികളുടെ യോഗങ്ങൾ ഫലപ്രദമായി ചേരുന്നില്ലെന്ന വിഷയത്തിലെ നിജസ്ഥിതി വെളിപ്പെടുത്തുമോ;

&

(സി) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി കാര്യക്ഷമമായി പ്രവർത്തിക്കുന്ന രീതിയിലേയ്ക്ക് സോഷ്യൽ ഓഡിറ്റ് സമിതികൾ പുനഃക്രമീകരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ-സി) പൊതുമരാമത്ത് വകുപ്പിനുകീഴിൽ വരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കി അതുവഴി ക്രമക്കേടുകൾ ഇല്ലാതാക്കുന്നതിനുംവേണ്ടി 5-1-2018-ലെ സ.ഉ.(കൈ) നമ്പർ 01/2018/പൊ.മ.വ. പ്രകാരം പൊതുമരാമത്ത് ജില്ലാ സാമൂഹ്യ ഓഡിറ്റ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ഇത് പൂർണ്ണതോതിൽ ഫലപ്രദമായി നടപ്പാക്കാൻ സാധിച്ചിട്ടില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ സമിതികൾ പുനഃക്രമീകരിച്ച് കാര്യക്ഷമമാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

മേപ്പാടി - മുണ്ടേരി മലയോര ഹൈവേ

110(720) <u>ശ്രീ. പി. വി. അൻവർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട മലയോര ഹൈവേയുടെ ഭാഗമായി വയനാട്-മലപ്പുറം ജില്ലകളെ ബന്ധിപ്പിക്കാൻ സാധിക്കുന്ന മേപ്പാടി - മുണ്ടേരി കണക്ടിവിറ്റിക്ക് വനം വകുപ്പിന്റെ അനുമതി വൈകുന്ന സാഹചര്യത്തിൽ ഇത്രയും ഭാഗം എലിവേറ്റഡ് ഹൈവേയായി നിർമ്മിക്കണമെന്ന് അഭ്യർത്ഥിച്ച് എം.എൽ.എ. നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

വനമേഖലയിൽക്കൂടി കടന്നുപോകുന്നിടങ്ങളിൽ വനം വകുപ്പിന്റെ അനുമതി ആവശ്യമായിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി വനം വകുപ്പുമായി ചേർന്ന് 6-7-2021-ന് പൊതുമരാമത്ത് വകുപ്പും നാറ്റ്പാക്കും ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുകയുണ്ടായി. തുടർന്ന് വനം വകുപ്പ് നൽകിയ നിർദ്ദേശങ്ങൾ പരിശോധിച്ചു വരുന്നു. ടി ഭാഗത്ത് എലിവേറ്റഡ് ഹൈവേ നിർമ്മിക്കാനുള്ള എം.എൽ.എ.-യുടെ നിവേദനവും വനം വകുപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) മലയോര ഹൈവേയ്ക്കായി സംസ്ഥാനത്ത് വനം വകുപ്പ് വിട്ടുനൽകുന്ന ഭൂമിക്കുപകരമായി വനം വകുപ്പിന് നൽകേണ്ട ഭൂമി എവിടെയൊക്കെയാണ് സർക്കാർ കണ്ടെത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

വിവിധ പദ്ധതികളുടെ കോമ്പൻസേറ്ററി ഭൂമിയായി ചമ്മാടൻകാവിലെ 22 ഹെക്ടർ ഭൂമി വനം വകുപ്പിന് നൽകാൻ കണ്ടെത്തിയിട്ടുണ്ട്.

(സി) മലയോര ഹൈവേയ്ക്കായി ആകെ കിഫ്ബി വഴി നീക്കിവച്ച തുക എത്രയെന്നും ഇതുവരെ സംസ്ഥാനത്ത് ആകെ ടെണ്ടർ ചെയ്തത് എത്ര തുകയ്ക്കാണെന്നും വിശദമാക്കാമോ?

മലയോര ഹൈവേ പദ്ധതിക്കായി 3500 കോടി രൂപയുടെ സാമ്പത്തികാനുമതിയാണ് കിഫ്ബി വഴി ലഭ്യമാക്കിയിട്ടുള്ളത്. ഇതിൽ 1067.44 കോടി രൂപയുടെ പ്രവൃത്തി ടെണ്ടർ ചെയ്ത് ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്.

ദേശീയപാത വികസനം

111(721) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം മുതൽ ചേർത്തല വരെയുള്ള ദേശീയപാത വികസനം ഏതുഘട്ടത്തിലാണ്; വിശദമാക്കുമോ?

ചേർത്തല കഴക്കൂട്ടം NH-66 അഞ്ച് പാക്കേജുകളായാണ് ഭാരത്മാലാ പദ്ധതിയുടെ കീഴിൽ നടപ്പാക്കുന്നത്. പ്രസ്തുത പാതയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായിവരുന്നു. പാക്കേജ് III, IV (ആലപ്പുഴ- കോട്ടുകുളങ്ങര മുതൽ കൊല്ലം ബൈപ്പാസ് വരെ, കൊല്ലം ബൈപ്പാസ് മുതൽ കടമ്പാട്ടുകോണം വരെ) പ്രവൃത്തികൾക്ക് ടെണ്ടർ സ്വീകരിച്ചിട്ടുണ്ട്.

(ബി) ദേശീയപാത വികസനത്തിന്റെ ഭാഗമായി നിർമ്മിക്കുന്ന ആറ്റിങ്ങൽ ബൈപ്പാസ് പദ്ധതിക്കായുള്ള സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

പ്രസ്തുത പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടിയുടെ ഭാഗമായ 3D നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു. 3G പ്രകാരമുള്ള നഷ്ടപരിഹാര വിതരണം പുരോഗമിക്കുന്നു.

കൊച്ചി-ധനുഷ്കോടി ദേശീയപാതയുടെ വികസനം

112(722) ശ്രീ. ആന്റണി ജോൺ:
ശ്രീ. എ. രാജ:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി-ധനുഷ്കോടി ദേശീയപാതയുടെ വികസനവുമായി ബന്ധപ്പെട്ട് നിലവിൽ നടന്നുവരുന്ന പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ?

കൊച്ചി-ധനുഷ്കോടി ദേശീയപാതയുടെ വികസനവുമായി ബന്ധപ്പെട്ട് നടന്നുവരുന്ന "Rehabilitation & upgradation of NH 85 from Km. 119/017 to Km. 161/300 (Bodimettu to Munnar) to two lane with paved shoulder on EPC Mode" എന്ന പ്രവൃത്തി നിലവിൽ 79 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഗ്യാപ്പ് റോഡിൽ പാതയുടെ വീതി കൂട്ടുന്നതിന്റെ മറവിൽ അനധികൃതമായി വൻതോതിൽ പാറ പൊട്ടിച്ച് കടത്തിയതായി കളക്ടർ നിയോഗിച്ച പ്രത്യേക അന്വേഷണ സംഘം കണ്ടെത്തിയെന്ന പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത അന്വേഷണസംഘത്തിൽ ആരെയെല്ലാമാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

അന്വേഷണസംഘത്തിൽ ദേവികുളം സബ് കളക്ടറുടെ നേതൃത്വത്തിൽ ദേവികുളം, ഉടുമ്പൻചോല താലൂക്കുകളിലെ തഹസിൽദാർമാർ, ടി താലൂക്ക് സർവ്വേയർമാർ, ഇടുക്കി ജില്ലാ ജിയോളജിസ്റ്റ് എന്നിവരെയാണ് ഉൾപ്പെടുത്തിയിരുന്നത്.

(ഡി) ഇതുസംബന്ധിച്ച് ജില്ലാ കളക്ടർ സർക്കാരിന് എന്തെങ്കിലും വിവരം കൈമാറിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉണ്ട്. 16-10-2020-ൽ ഇടുക്കി ജില്ലാ കളക്ടർ റവന്യൂ വകുപ്പിന് നൽകിയ റിപ്പോർട്ടിൽ, ബോഡിമെട്ട്-മൂന്നാർ റീച്ചിന്റെ നവീകരണ ജോലികളുടെ ഭാഗമായി റോഡിന്റെ മുൻനിശ്ചയിച്ചിട്ടുള്ള അലൈൻമെന്റിനുളളിൽ നിന്നാണോ പാറഖനനം നടത്തിയിട്ടുള്ളതെന്ന് പരിശോധന നടത്തി ബോദ്ധ്യപ്പെടേണ്ടതാണെന്നും മുൻ നിശ്ചയിച്ചിരുന്ന അലൈൻമെന്റിൽനിന്നും വ്യതിചലിച്ച് സർക്കാർ പാറ പുറമ്പോക്കിൽ നിന്നും അനിയന്ത്രിതമായും അശാസ്ത്രീയമായും പാറഖനനം നടത്തിയിട്ടുള്ളതായി പ്രഥമദൃഷ്ട്യാ ബോധ്യപ്പെടുന്നതിനാൽ, പ്രസ്തുത ജോലി ഏറ്റെടുത്ത് നടത്തി

വന്നിരുന്ന കരാറുകാരൻ അനിയന്ത്രിതവും അനുവദനീയവുമല്ലാത്ത വിധത്തിൽ പാറഖനനം നടത്തിയിട്ടുണ്ടോയെന്നും മറ്റ് നിർമ്മാണ ജോലികൾക്കായി ആയത് വിനിയോഗിച്ചിട്ടുണ്ടോയെന്നും അനധികൃതമായി കടത്തിക്കൊണ്ടുപോയിട്ടുണ്ടോയെന്നും അന്വേഷണം നടത്തി ബോദ്ധ്യപ്പെടേണ്ടതും സർക്കാർ താല്പര്യത്തിന് വിരുദ്ധമായി അനധികൃതമായും അവിഹിതമായും പ്രവർത്തിച്ചതായി ബോദ്ധ്യപ്പെട്ടാൽ സർക്കാരിന് നഷ്ടം വരുത്തിയതിനും കരാർ ലംഘിച്ചതിനും ടിയാൾക്കെതിരായി നിയമ നടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഉത്തരവാദിത്വരഹിതമായി കരാർ ജോലി നിർവ്വഹിച്ച കരാറുകാരനിൽനിന്നും പിഴ ഈടാക്കിയും ദുരിതബാധിതർക്ക് പരമാവധി നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുള്ള പ്രത്യേക പദ്ധതി നടപ്പാക്കിയും അനുയോജ്യമായ നടപടികൾ സ്വീകരിക്കുന്നത് ഉചിതമാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഇ) നിർദ്ദിഷ്ട ദേശീയപാതയുടെ നിർമ്മാണ പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിന് നിർദ്ദേശം നൽകുമോ?

നിർമ്മാണ പ്രവൃത്തികൾ ത്വരിതഗതിയിൽ പൂർത്തീകരിക്കുന്നതിന് കോൺടാക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

മലയോര ഹൈവേയുടെ നിർമ്മാണ പുരോഗതി

113(723) ശ്രീ. സജീവ് ജോസഫ്:

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):

ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേയുടെ നിർമ്മാണപുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

1251 കിലോമീറ്റർ വരുന്ന മലയോര ഹൈവേയുടെ 255 കിലോമീറ്റർ ഇതിനോടകം കരാർ നൽകി നിർമ്മാണം പുരോഗമിക്കുന്നു. ഇതിൽ 69 കിലോമീറ്റർ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) മലയോര ഹൈവേയുടെ നിർമ്മാണത്തിനായി വനഭൂമി ഏറ്റെടുക്കേണ്ടതായ സാഹചര്യമുണ്ടോ; എങ്കിൽ ഏതൊക്കെ ജില്ലകളിലാണ് ഇപ്രകാരം ഏറ്റെടുക്കേണ്ടി വരുന്നതെന്ന് വ്യക്തമാക്കുമോ?

കാസർഗോഡ്, വയനാട്, കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ, എറണാകുളം, ഇടുക്കി, കോട്ടയം ജില്ലകളിലാണ് മലയോര ഹൈവേയ്ക്കായി വനഭൂമി ഏറ്റെടുക്കേണ്ടതായിട്ടുള്ളത്.

മലയോര ഹൈവേയുടെ നിർമ്മാണ പുരോഗതി

114(724) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട മലയോര ഹൈവേയുടെ നിർമ്മാണപുരോഗതി വ്യക്തമാക്കാമോ?

1251 കിലോമീറ്റർ വരുന്ന മലയോര ഹൈവേയുടെ 255 കിലോമീറ്റർ ഇതിനോടകം കരാർ നൽകി നിർമ്മാണം പുരോഗമിക്കുന്നു. ഇതിൽ 69 കിലോമീറ്റർ പൂർണ്ണമായി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പേരാമ്പ്ര നിയോജകമണ്ഡലത്തിൽ എത്ര കിലോമീറ്റർ ദൂരത്തിലാണ് മലയോര ഹൈവേ കടന്നുപോകുന്നതെന്ന് വ്യക്തമാക്കുമോ?

മലയോര ഹൈവേയുടെ 14.975 കിലോമീറ്ററാണ് പേരാമ്പ്ര നിയോജക മണ്ഡലത്തിലൂടെ കടന്നുപോകുന്നത്.

(സി) ഇതിന്റെ പ്രവൃത്തിയുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

തൊട്ടിൽപ്പാലം മുതൽ തലയാട് വരെയുള്ള മലയോര ഹൈവേയുടെ 36 കിലോമീറ്ററിൽ 6.2 കിലോമീറ്റർ റോഡിന്റെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ച് 14.25 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. സാമ്പത്തികാനുമതി ലഭിച്ചതും സ്ഥല ലഭ്യതയുള്ളതുമായ രീച്ചിൽ ഭാഗിക സാങ്കേതികാനുമതി നൽകുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. പ്രസ്തുത പ്രവൃത്തിയിൽ വനമേഖലയിലൂടെ കടന്നുപോകുന്ന ഭാഗം വനംവകുപ്പ്, നാറ്റ്പാക് എന്നിവരുമായി ചേർന്ന് 6-7-2021-ന് ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി വനം വകുപ്പ് നിർദ്ദേശിച്ച പുതിയ അലൈൻമെന്റ് പ്രകാരം മാറ്റം വരുത്തുന്നതിനുള്ള സാധ്യതകൾ നാറ്റ്പാക് പരിശോധിച്ചുവരുന്നു.

പാലിയേക്കരയിലെ ടോൾ പ്ലാസ

115(725) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതുക്കാട് നിയോജകമണ്ഡലത്തിലെ പാലിയേക്കര ടോൾ പ്ലാസയിൽ തദ്ദേശീയരായ യാത്രക്കാർക്ക് അനുവദിച്ചിട്ടുള്ള സൗജന്യ യാത്രാപാസ്സ് പുതുക്കുന്നതിനായി ഓരോ മൂന്ന് മാസത്തിലും വാഹനങ്ങളുടെ ആർ.സി. ബുക്കിന്റെ പകർപ്പും ആറ് മാസത്തിലൊരിക്കൽ റസിഡന്റ്സ് സർട്ടിഫിക്കറ്റിന്റെ പകർപ്പും നൽകണമെന്ന ടോൾപ്ലാസ അധികാരികളുടെ നിബന്ധന കോവിഡ് മഹാമാരി വ്യാപന സാധ്യത കണക്കിലെടുത്ത് വർഷത്തിലൊരിക്കലാക്കി പുതുക്കി നിശ്ചയിക്കുന്നതിനും ആയത് ഓൺലൈനായി സ്വീകരിക്കുന്നതിനും ആവശ്യമായ നിർദ്ദേശം നൽകുന്നതിന് ഇടപെടൽ നടത്തുമോയെന്ന് അറിയിക്കുമോ?

നിലവിൽ റസിഡന്റ്സ് സർട്ടിഫിക്കറ്റിന്റെ കാലാവധി ആറുമാസമായതിനാലാണ് സൗജന്യ പാസ് ആറ് മാസത്തേയ്ക്കാക്കിയിട്ടുള്ളത്. ഇളവ് ആവശ്യമായ എല്ലാ രേഖകളും ടോൾ പ്ലാസാ നടത്തിപ്പുകാർ പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൊടുങ്ങല്ലൂരിനും എൻ.എച്ച്.എ.ഐ.-ക്കും പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നതിനായി കൊടുക്കേണ്ടതാണ്. അതിനാൽ ഓൺലൈൻ വഴി അപേക്ഷ സ്വീകരിക്കുന്നത് പ്രായോഗികമല്ല.

റിംഗ് റോഡ് തൽസമയ ഫോൺ ഇൻ പരിപാടി

116(726) ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. എം. നൗഷാദ്:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിനെ കൂടുതൽ ജനകീയമാക്കുന്നതിനും പൊതുജനങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നേരിട്ട് അറിയിക്കുന്നതിനും റിംഗ് റോഡ് എന്ന പേരിൽ ആരംഭിച്ച തൽസമയ ഫോൺ ഇൻ പരിപാടിയുടെ വിശദാംശം ലഭ്യമാക്കാമോ?

പൊതുമരാമത്ത് വകുപ്പിനെ കൂടുതൽ ജനകീയമാക്കുന്നതിനും പൊതുജനങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നേരിട്ട് പൊതുമരാമത്ത് വകുപ്പുമന്ത്രിയെ അറിയിക്കുന്നതിനും വേണ്ടിയാണ് 'റിംഗ് റോഡ്' എന്ന പേരിൽ തത്സമയ ഫോൺ ഇൻ പരിപാടി ആരംഭിച്ചത്. ജൂൺ മാസത്തിൽ ആഴ്ചയിൽ ഒരു ദിവസം എന്നരീതിയിൽ പൊതുമരാമത്ത് വകുപ്പുമന്ത്രി ജനങ്ങളുടെ അഭിപ്രായങ്ങൾ കേൾക്കുകയും പരാതി പരിഹരിക്കുകയുമാണ് ചെയ്തത്. 1800 425 7771 എന്ന ടോൾ ഫ്രീ നമ്പരിൽനിന്നും ജനങ്ങൾക്ക് വിളിക്കാൻ സൗകര്യമൊരുക്കുന്നതാണ് പദ്ധതി. പൊതുമരാമത്ത് വകുപ്പുമന്ത്രി ജനങ്ങളുടെ പരാതി കേൾക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥനോട് തത്സമയം വിളിച്ച് പരാതി പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുകയാണ് റിംഗ് റോഡിലൂടെ ചെയ്യുന്നത്. ഉടൻ പരിഹരിക്കാൻ കഴിയുന്ന പരാതികൾ പരിഹരിക്കുകയും ചെയ്യുന്നു.

(ബി) റിംഗ് റോഡ് പരിപാടിയുടെ ഭാഗമായി വകുപ്പുമന്ത്രി നടത്തിയ ഇടപെടലുകളും അതുമൂലമുണ്ടായിട്ടുള്ള നേട്ടങ്ങളും വിവരിക്കാമോ?

" റിംഗ് റോഡ്" ഫോൺ ഇൻ പരിപാടിയുടെ ഭാഗമായി പൊതുമരാമത്ത് വകുപ്പുമന്ത്രി സ്വീകരിച്ച പരാതികൾ വകുപ്പിന്റെ പൊതുപദ്ധതികളായി മാറുന്നുണ്ട്. ഒരാളുടെ പരാതി എന്നതിലുപരി ഒരു ജനതയെ ബാധിക്കുന്ന പരാതിയെന്ന

തരത്തിലാണ് ഇവയെ സമീപിക്കുന്നത്. ഇതുവരെ 126 പരാതികൾ റിംഗ് റോഡിൽ സ്വീകരിക്കുകയും 36 പരാതികൾ ഉടനടി പരിഹരിക്കുകയും ചെയ്തു. 90 പരാതികളിൽ താൽക്കാലിക പരിഹാരം കാണുകയും ശാശ്വത പരിഹാരത്തിനായി നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. റോഡരികിൽ വർഷങ്ങളായി വാഹനങ്ങൾ കൂട്ടിയിട്ടിരിക്കുന്നുവെന്ന റിംഗ് റോഡിലെ പരാതിയിൽനിന്നാണ് ഇത്തരം വാഹനങ്ങൾ നീക്കം ചെയ്യാനുള്ള തീരുമാനത്തിലെത്തിയത്. റോഡിലെ അറ്റകുറ്റപ്പണി, മുടങ്ങിക്കിടക്കുന്ന ഡ്രെയിനേജുകളുടെ നിർമ്മാണം എന്നിവ പൂർത്തീകരിക്കാൻ റിംഗ് റോഡിലൂടെ സാധിച്ചിട്ടുണ്ട്.

(സി) വകുപ്പുതലത്തിൽ നടത്തിയ വിലയിരുത്തലിൽ തൽസമയ ഫോൺ ഇൻ പരിപാടി ഫലപ്രദമാണെന്ന അഭിപ്രായമാണോ ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വകുപ്പുതലത്തിൽ നടത്തിയ വിലയിരുത്തലിൽ തത്സമയ ഫോൺ ഇൻ പരിപാടി ഫലപ്രദമാണെന്ന അഭിപ്രായമാണുണ്ടായിട്ടുള്ളത്. പ്രവൃത്തി ദിവസങ്ങളിലും ജനങ്ങൾക്ക് പരാതി അറിയിക്കാൻ ഈ ടോൾഫ്രീ സംവിധാനം സജ്ജമാക്കിയിട്ടുണ്ട്.

(ഡി) എങ്കിൽ കൂടുതൽ ആകർഷകമായും കാര്യക്ഷമമായും റിംഗ് റോഡ് തൽസമയ ഫോൺ ഇൻ പരിപാടി തുടർന്നും നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

റിംഗ് റോഡ് പരിപാടി കൂടുതൽ ജനങ്ങൾക്ക് ഉപയുക്തമാക്കുന്ന തരത്തിൽ തുടർന്നും സംഘടിപ്പിക്കും.

കുന്നംകുളം ജംഗ്ഷൻ വികസനം

117 (727) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിലുൾപ്പെട്ട കുന്നംകുളം ജംഗ്ഷൻ വികസനവും റിംഗ് റോഡ് പദ്ധതിയുടെ നടപടികളും നിലവിൽ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

&

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ നടപ്പിലാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) കുന്നംകുളം മുനിസിപ്പാലിറ്റി റോഡ് ഡെവലപ്മെന്റ് പ്രോജക്ടിന് (ജംഗ്ഷൻ ഇംപ്രൂവ്മെന്റ്) 50 കോടി രൂപയും കുന്നംകുളം മുനിസിപ്പാലിറ്റി റിംഗ് റോഡ് ഡെവലപ്മെന്റ് പദ്ധതിക്ക് 25 കോടി രൂപയും അനുവദിച്ചുകൊണ്ട് തത്വത്തിൽ

ഭരണാനുമതി നൽകിയിട്ടുണ്ട്. കുന്നംകുളം മുനിസിപ്പാലിറ്റി റോഡ് ഡെവലപ്മെന്റ് പ്രോജക്ടിന് കിഫ്ബിയിൽനിന്നും 89.83 കോടി രൂപയ്ക്കും റിംഗ് റോഡ് ഡെവലപ്മെന്റ് പദ്ധതിക്ക് 62.96 കോടി രൂപയ്ക്കും സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. ഈ 2 പ്രവൃത്തികളുടെയും അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ലഭ്യമായാൽ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ ആരംഭിക്കാവുന്നതാണ്.

മഴുവഞ്ചേരി-ചൂണ്ടൽ നാലുവരിപ്പാത

118(728) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ-കുറ്റിപ്പുറം പാതയിൽ മഴുവഞ്ചേരി മുതൽ ചൂണ്ടൽ വരെ നാലുവരിയാക്കി വികസിപ്പിക്കുന്നതിന് 2017-18-ലെ ബഡ്ജറ്റിൽ 50 കോടി രൂപ വകയിരുത്തി അനുവദിച്ച കിഫ്ബി പദ്ധതിയുടെ നിലവിലെ സ്ഥിതിയെന്താണെന്ന് അറിയിക്കാമോ?

കിഫ്ബി പദ്ധതിയായ തൃശ്ശൂർ-കുറ്റിപ്പുറം നാലുവരിപ്പാത പദ്ധതിക്ക് (മഴുവഞ്ചേരി-ചൂണ്ടൽ) 10-7-2017-ലെ G.O. (Rt) No. 942/2017/PWD പ്രകാരം 50 കോടി രൂപ അനുവദിച്ചുകൊണ്ട് തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. സാമ്പത്തികാനുമതിക്കായി വിശദമായ പ്രോജക്ട് റിപ്പോർട്ടും ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ടിന്റെ മറുപടിയും കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിക്കായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി കേരള റോഡ് ഫണ്ട് ബോർഡ് മുഖേന സമർപ്പിച്ച ഡി.പി.ആർ.-ൽ കിഫ്ബി കണ്ടെത്തിയ ന്യൂനതയെന്തെന്ന് അറിയിക്കാമോ?

നിലവിൽ സമർപ്പിച്ച DPR 22 മീറ്റർ RoW (Right of Way) അടിസ്ഥാനമാക്കിയായിരുന്നു തയ്യാറാക്കിയത്. കിഫ്ബി മാനദണ്ഡപ്രകാരം RoW 23 മീറ്ററാക്കി DPR പുനഃസമർപ്പിക്കുന്നതിനും ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ടിൽ നിർദ്ദേശിച്ചിരിക്കുന്ന അധിക വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും അഡീഷണൽ ഇൻവെസ്റ്റിഗേഷൻ നടത്തേണ്ടതുണ്ട്.

(സി) ന്യൂനതകൾ പരിഹരിച്ച് കിഫ്ബിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

&

(ഡി) 2017-18 വർഷം അനുവദിച്ച പ്രവൃത്തിക്ക് കിഫ്ബിയുടെ അന്തിമ അംഗീകാരം നേടിയെടുക്കാൻ കഴിയാത്തതെന്തുകൊണ്ടാണെന്ന് അറിയിക്കാമോ?

(സി&ഡി) അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കുവേണ്ടി ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാർ ഒപ്പുവച്ചിട്ടുള്ളതാണ്. എന്നാൽ 4.65 കിലോമീറ്റർ ദൈർഘ്യമുള്ള മേൽ പ്രവൃത്തി റീബിൽഡ് കേരള പദ്ധതിയായ തൃശ്ശൂർ-കുറ്റിപ്പുറം 33 കിലോമീറ്റർ പദ്ധതിയിലുൾപ്പെട്ടിട്ടുള്ളതിനാൽ അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നിർത്തിവയ്ക്കണമെന്ന് KSTP നിർദ്ദേശിച്ചിട്ടുണ്ട്. അതിനാൽ പ്രസ്തുത പ്രവൃത്തിയുടെ DPR പുനഃസമർപ്പിക്കുന്നതിനുള്ള തുടർനടപടികൾ നിർത്തിവച്ചിരിക്കുകയാണ്.

കാസർഗോഡ് നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ റോഡുകൾ

119 (729) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ റോഡുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

&

(ബി) പ്രസ്തുത റോഡുകളുടെ നിർമ്മാണത്തിനുള്ള ഭരണാനുമതി/ സാങ്കേതികാനുമതി തുക എത്രയാണെന്നും ഭരണാനുമതി നൽകിയതെപ്പോഴാണെന്നും ടെണ്ടർ ചെയ്തിട്ടുണ്ടെങ്കിൽ അതുസംബന്ധമായ വിശദാംശങ്ങളും നൽകാമോ?

(എ&ബി) കാസർഗോഡ് നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ 6 റോഡുകളാണുള്ളത്. ഇതിൽ രണ്ട് മലയോര ഹൈവേ പദ്ധതികളും ഉൾപ്പെടുന്നു. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) കിഫ്ബിയിലുൾപ്പെടുത്തിയ കല്ലടക്ക-ചെർക്കള, ബദിയഡുക്ക-ഏത്തടുക്ക-സൂളപ്പദവ് റോഡുകൾ എപ്പോഴാണ് ടെണ്ടർ ചെയ്തതെന്നും പ്രവൃത്തി തുടങ്ങിയതെപ്പോഴാണെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത രണ്ട് റോഡുകൾക്കും അനുവദിച്ച തുക എത്രയാണെന്നും എത്ര തുകയുടെ പ്രവൃത്തി ഇതിനകം പൂർത്തീകരിച്ചെന്നും കരാറുകാർക്ക് എത്ര തുക നൽകിക്കഴിഞ്ഞുവെന്നും വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത രണ്ട് റോഡുകളുടെയും നിർമ്മാണ കാലാവധി എത്രയാണെന്നും കാലതാമസമുണ്ടായിട്ടുണ്ടെങ്കിൽ കാരണമെന്താണെന്നും വ്യക്തമാക്കാമോ;

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എഫ്) പ്രസ്തുത റോഡുകളിൽ ബാക്കിയുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്നും പ്രവൃത്തികൾ തുടരുന്നതിന് തടസ്സങ്ങളുണ്ടെങ്കിൽ എന്തൊക്കെ യാണെന്നും വ്യക്തമാക്കാമോ;

&

(ജി) വൈദ്യുതി പോസ്റ്റുകൾ മാറ്റിസ്ഥാപിക്കുക, ജലവിതരണ പൈപ്പുകൾ മാറ്റിസ്ഥാപിക്കുക, സ്ഥലത്തിന്റെ ലഭ്യതക്കുറവ് തുടങ്ങിയ പ്രശ്നങ്ങളുണ്ടോയെന്ന് വ്യക്തമാക്കുമോ?

(സി-ജി) വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

കോഴിക്കോട് ജില്ലയിലെ ഹിൽ ഹൈവേയുടെ നിർമ്മാണ പുരോഗതി

120 (730) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഹിൽ ഹൈവേയുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

കക്കാടാംപൊയിൽ-കോടഞ്ചേരി, തലയാട്-കോടഞ്ചേരി, തലയാട്-തൊട്ടിൽപ്പാലം, തൊട്ടിൽപ്പാലം-പുല്ലുവായ് എന്നീ 4 റീച്ചുകളിലായി 120.71 കിലോമീറ്ററാണ് കോഴിക്കോട് ജില്ലയിൽ മലയോര ഹൈവേയുടെ ഭാഗമായിട്ടുള്ളത്. ആകെ 88.11 കി.മീ. റീച്ചുകൾക്ക് ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചതിൽ 80.10 കിലോമീറ്റർ റീച്ചുകൾക്ക് സാമ്പത്തികാനുമതി ലഭിച്ചു. അതിൽ 35.35 കിലോമീറ്റർ ദൂരമുള്ള ഒരു റീച്ചിലാണ് നിർമ്മാണ പ്രവൃത്തി പുരോഗമിക്കുന്നത്. വനമേഖലയിൽക്കൂടി കടന്നുപോകുന്നിടങ്ങളിൽ വനം വകുപ്പിന്റെ അനുമതി ആവശ്യമായിട്ടുണ്ട്. നിർദ്ദിഷ്ട അലൈൻമെന്റ് പെരിയാർ റിസർവ് വനഭൂമിയുടെ ഭാഗമായതിനാൽ പുതിയ അലൈൻമെന്റ് കണ്ടെത്താൻ വനംവകുപ്പ് നിർദ്ദേശിച്ചു. തുടർന്ന് കെ.ആർ.എഫ്.ബി. ഉദ്യോഗസ്ഥരും വനം വകുപ്പും നാറ്റ്പാക്കുമായി ചേർന്ന് 6-7-2021-ൽ ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുകയും ശേഷം വനം വകുപ്പ് നിർദ്ദേശിച്ച പുതിയ അലൈൻമെന്റ് പ്രകാരം മാറ്റം വരുത്തുന്നതിനുള്ള സാധ്യതകൾ നാറ്റ്പാക്ക് പരിശോധിച്ചുവരുന്നു.

(ബി) ബാലുശ്ശേരി നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന 28-ാം മൈൽ മുതൽ പടിക്കൽ വയൽ വരെയുള്ള റീച്ചിന്റെ ഭരണാനുമതി കിഫ്ബിയിൽനിന്നും ലഭിച്ചിട്ടുണ്ടോ?

ടി റീച്ചിന്റെ DPR കിഫ്ബിയിൽ സമർപ്പിച്ച് 14.25 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ട്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത റീച്ചിന്റെ പ്രവൃത്തി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ?

ടി റീച്ചിന് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

തൃപ്പൂണിത്തുറ ബൈപ്പാസ് നിർമ്മാണം

121(731) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവാംകുളം മുതൽ പേട്ട വരെയുള്ള ഗതാഗതക്കുരുക്കിന് പരിഹാരമായി 1989-ൽ പ്രഖ്യാപിച്ച തൃപ്പൂണിത്തുറ ബൈപ്പാസിന്റെ നിർമ്മാണ പ്രവൃത്തികൾ നിലച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഭൂമി ഏറ്റെടുക്കൽ നോട്ടിഫിക്കേഷന്റെ ഭാഗമായി മറ്റക്കുഴി ഭാഗത്ത് സർവ്വേക്കല്ലുകൾ സ്ഥാപിച്ചതിനുശേഷം ബൈപ്പാസിനായുള്ള പ്രവൃത്തികൾ നിലച്ചതിന്റെ കാരണം വ്യക്തമാക്കാമോ;

&

(സി) കുണ്ടന്നൂർ മുതൽ മറ്റക്കുഴി വരെ 8.23 കിലോമീറ്റർ നീളമുള്ള പ്രസ്തുത ബൈപ്പാസ് യാഥാർത്ഥ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

(ബി&സി) മധുര-കൊച്ചി ദേശീയപാതയിൽ തിരുവാംകുളം മറ്റക്കുഴിയിൽ നിന്നാരംഭിച്ച് തൃപ്പൂണിത്തുറ മിനി ബൈപ്പാസ് ജംഗ്ഷനിൽ അവസാനിക്കുന്ന തൃപ്പൂണിത്തുറ ബൈപ്പാസ് നിർമ്മാണത്തിന് രണ്ട് ഘട്ടമായി ആകെ 34.0584 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കേണ്ടിയിരുന്നത്. ഇതിൽ ഒന്നാം ഘട്ടത്തിൽ ഭാഗികമായി 4.4312 ഹെക്ടർ സ്ഥലം ഏറ്റെടുത്ത് അതിർത്തിക്കല്ലുകൾ സ്ഥാപിച്ചു കഴിഞ്ഞു. ഒന്നാം ഘട്ടത്തിലെ ബാക്കി സ്ഥലം ഏറ്റെടുക്കുന്നതിനായി ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച 214.2 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ അനുമതിക്കായി സമർപ്പിച്ചിരുന്നു. എന്നാൽ മറുപടി ലഭ്യമായിട്ടില്ല. നിലവിൽ കേന്ദ്രസർക്കാരിന്റെ 12-5-2020 തീയതിയിലെ ഗസറ്റ് നോട്ടിഫിക്കേഷൻ SO 1506(E)&1507(E) പ്രകാരം NH 85 കൊച്ചി-മധുര റോഡ് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കൈമാറിയിട്ടുണ്ട്. നിർദ്ദിഷ്ട തൃപ്പൂണിത്തുറ ബൈപ്പാസ് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ തയ്യാറാക്കുന്ന അലൈൻമെന്റിന്റെ ഭാഗമാക്കുന്നതിനുവേണ്ടി ബൈപ്പാസുമായി ബന്ധപ്പെട്ട രേഖകൾ കൈമാറിയിട്ടുണ്ട്.

മണ്ണുത്തി മുതൽ അങ്കമാലി വരെയുള്ള ദേശീയപാതയിലെ നിർമ്മാണ പ്രവർത്തനങ്ങൾ

122(732) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയിൽ മണ്ണുത്തി മുതൽ അങ്കമാലി വരെയുള്ള ഭാഗങ്ങളിൽ നാലുവരിപ്പാത നിർമ്മാണത്തിന്റെ ഭാഗമായി കരാറിലുൾപ്പെട്ടിട്ടുള്ള നിർമ്മാണങ്ങൾ പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) സർവ്വീസ് റോഡുകൾ, ബസ്സ് ബേകൾ, ബസ്സ് ഷെൽട്ടറുകൾ, ഡ്രെയിനേജ് സൗകര്യങ്ങൾ, ചാലക്കുടി കോടതി ജംഗ്ഷനിലെ അണ്ടർ പാസ്സേജ് തുടങ്ങിയ പ്രവൃത്തികൾ പൂർത്തിയാക്കാത്തതുമൂലം യാത്രക്കാർക്കുണ്ടാകുന്ന അസൗകര്യങ്ങൾ പരിഹരിക്കുന്നതിനും നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചുവരുന്നു.

(സി) പുതുക്കാട് ജംഗ്ഷനിലെ നിർദ്ദിഷ്ട അണ്ടർ പാസ്സേജ് നിർമ്മാണത്തിന് അക്വിസിഷൻ നടപടികൾ പൂർത്തീകരിച്ചിട്ടും നിർമ്മാണം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

സ്ഥലം ഏറ്റെടുക്കുന്നതിനുള്ള കാലതാമസം കാരണം പുതുക്കാട് അണ്ടർ പാസ് നേരത്തെ ഏറ്റെടുത്ത പ്രവൃത്തികളിലുൾപ്പെടുത്തിയിരുന്നില്ല. ഇത് change of scope proposal ആയി ഉൾപ്പെടുത്തിയതാണ്. തൃശ്ശൂർ-അങ്കമാലി റോഡ് ആറുവരി പ്പാതയാക്കുന്ന പ്രവൃത്തി നടക്കുമ്പോൾ ടി അണ്ടർ പാസ് പ്രവൃത്തിയും ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

പാലിയേക്കരയിൽ തദ്ദേശീയരായ യാത്രക്കാർക്ക് അനുവദിച്ചിട്ടുള്ള സൗജന്യ യാത്രാപാസ്സ്

123(733) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേശീയപാതയിലെ പുതുക്കാട് നിയോജകമണ്ഡലത്തിൽപ്പെട്ട പാലിയേക്കര ടോൾ പ്ലാസയിൽ തദ്ദേശീയരായ യാത്രക്കാർക്ക് അനുവദിച്ചിട്ടുള്ള സൗജന്യ യാത്രാ പാസ്സ് പുതുക്കുന്നതിനായി മൂന്നുമാസം കൂടുമ്പോൾ വാഹനങ്ങളുടെ ആർ.സി. ബുക്കിന്റെയും ആറ് മാസം കൂടുമ്പോൾ റസിഡന്റ്സ് സർട്ടിഫിക്കറ്റിന്റെയും കോപ്പികൾ

നൽകണമെന്ന നിലവിലെ നിബന്ധന കോവിഡ് വ്യാപന സാധ്യത കണക്കിലെടുത്ത് സൗജന്യ യാത്രാപാസ്സ് വർഷത്തലൊരിക്കലാക്കി പുതുക്കി നിശ്ചയിക്കുന്നതിനും ആയത് ഓൺലൈനായി സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകുന്നതിന് സർക്കാർ ഇടപെടൽ നടത്തുമോ?

നിലവിൽ റസിഡന്റ്സ് സർട്ടിഫിക്കറ്റിന്റെ കാലാവധി ആറുമാസമായതിനാലാണ് സൗജന്യ പാസ് ആറ് മാസത്തേയ്ക്കാക്കിയിട്ടുള്ളത്. ഇളവ് ആവശ്യമായ എല്ലാ രേഖകളും ടോൾ പ്ലാസാ നടത്തിപ്പുകാർ പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൊടുങ്ങല്ലൂരിനും എൻ.എച്ച്.എ.ഐ.-ക്കും പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നതിനായി കൊടുക്കേണ്ടതാണ്. അതിനാൽ ഓൺലൈൻ വഴി അപേക്ഷ സ്വീകരിക്കുന്നത് പ്രായോഗികമല്ല.

ചങ്ങനാശ്ശേരി - പടിഞ്ഞാറൻ ബൈപ്പാസ് നിർമ്മാണം

124(734) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി-പടിഞ്ഞാറൻ ബൈപ്പാസ് നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

പദ്ധതിക്കായി ഏറ്റെടുക്കേണ്ടിയിരുന്ന സ്ഥലം പാടശേഖരത്തിലൂടെ കടന്നുപോകുന്നതിനാൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽവരുന്ന പ്രദേശത്തെ ടി ഇനത്തിൽനിന്നും ഒഴിവാക്കി കിട്ടുന്നതിനുവേണ്ടി അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർക്ക് പദ്ധതി രേഖ സമർപ്പിരുന്നു. എന്നാൽ ഇതുവരെ ഈ പദ്ധതിക്ക് വെറ്റ് ലാൻഡ് എക്സംഷൻ ലഭിച്ചിട്ടില്ലാത്തതിനാൽ ഈ പദ്ധതിയിന്മേൽ തുടർനടപടി സ്വീകരിച്ചിട്ടില്ല.

ടൂറിസം മേഖലയുടെ വികസനത്തിനായുള്ള പ്രവർത്തനങ്ങൾ

125(735) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജി.ഡി.പി.-യുടെ ഇരുപത്തിമൂന്ന് ശതമാനത്തോളം സംഭാവന ചെയ്യുന്ന ടൂറിസം മേഖലയുടെ വികസനത്തിനായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ടൂറിസം മേഖലയുടെ വികസനത്തിനായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. വിനോദസഞ്ചാര മേഖല വളരെ പ്രതിസന്ധികളിലൂടെ കടന്നുപോകുന്ന ഈ അവസരത്തിലും സർക്കാർ വിവിധ പുനരുജ്ജീവന പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. പ്രൊമോഷൻ ക്യാമ്പയിനുകളാണ് അവയിൽ ഏറ്റവും പ്രധാനം. കോവിഡുമൂലം സ്തംഭനാവസ്ഥയിലായ ടൂറിസം മേഖലയുടെ പുനരുജ്ജീവനത്തിനായി പോസ്റ്റ് കോവിഡ് ക്യാമ്പയിൻ എന്നപേരിൽ പ്രിന്റ്, ടി.വി., ഒ.ടി.ടി., ഓൺലൈൻ, സോഷ്യൽ മീഡിയ എന്നിവ ഉപയോഗിച്ചുകൊണ്ട് വകുപ്പ് വിവിധങ്ങളായ പ്രചരണ പരിപാടികൾ നടപ്പാക്കിക്കഴിഞ്ഞു. വിദേശ സഞ്ചാരികളുടെ കുറവ് നികത്താനായി കൂടുതൽ ആഭ്യന്തര ടൂറിസ്റ്റുകളെ സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്നതിന് " ചേഞ്ച് ഓഫ് എയർ" എന്ന തീമിനെ ആസ്പദമാക്കിയുള്ള ക്യാമ്പയിൻ നടപ്പാക്കിവരുന്നു.

(ബി) ടൂറിസം മേഖലയിലെ നിക്ഷേപകരായി സംസ്ഥാനത്ത് എത്ര പേർ/കൂട്ടായ്മകൾ/മറ്റുള്ളവർ ഉണ്ടെന്നും അവരുടെ പ്രശ്നങ്ങൾ എന്തെല്ലാമെന്നും ആയത് കേൾക്കാനും പരിഹരിക്കാനും എന്തു നടപടി സ്വീകരിച്ചുവരുന്നുവെന്നും വ്യക്തമാക്കുമോ?

ടൂറിസം വകുപ്പ് ക്ലാസിഫൈഡ് ആയതും അല്ലാത്തതുമായ ഹോട്ടലുകളും റിസോർട്ടുകളും ഹോം സ്റ്റേകളും ആയുർവേദ സെന്ററുകളും ഹൗസ് ബോട്ടുകളും സർവ്വീസ്ഡ് വില്ലകളും ഉൾപ്പെടെ സംസ്ഥാനത്ത് നിലവിൽ ഏഴായിരത്തോളം അക്കോമഡേഷൻ യൂണിറ്റുകളുണ്ട്. ഇതുകൂടാതെ അമ്യൂസ്മെന്റ് പാർക്കുകൾ, റസ്റ്റോറന്റുകൾ, ടൂർ ഓപ്പറേറ്റർമാർ, അഡ്വഞ്ചർ ടൂറിസം രംഗത്തുള്ളവർ എന്നിങ്ങനെ വളരെയധികം നിക്ഷേപകർ ഇന്ന് സംസ്ഥാനത്ത് ടൂറിസം രംഗത്ത് പ്രവർത്തിച്ചുവരുന്നുണ്ട്. ഇവരുടെ പ്രശ്നങ്ങൾ കേൾക്കാനും ആയതിന്റെ പരിഹാരത്തിനും ടൂറിസം മേഖലയിലെ സംരംഭകരുടെ ഒരു യോഗം 2021 മെയ് മാസം 27-ാം തീയതി വിളിച്ചുചേർക്കുകയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും തുടർകർമ്മ പദ്ധതികൾക്കായി ശേഖരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) കോവിഡ് മഹാമാരിമൂലം പ്രസ്തുത മേഖലയിൽ എന്തെല്ലാം പ്രശ്നങ്ങളുണ്ടായെന്നും എത്ര പേർക്ക് തൊഴിൽ നഷ്ടമായെന്നും വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

2020-ൽ സംസ്ഥാനത്ത് ബാധിച്ച കോവിഡ് മഹാമാരി സംസ്ഥാനത്തെ ടൂറിസം മേഖലയിൽ ഗുരുതരമായ ആഘാതമാണ് സൃഷ്ടിച്ചത്. 2019-ലെ സ്ഥിതിവിവരകണക്കുകളുമായി താരതമ്യം ചെയുമ്പോൾ 2020 കലണ്ടർ വർഷം വിദേശ വിനോദസഞ്ചാരികളുടെ വരവിൽ 71.36 ശതമാനം കുറവുണ്ടായിട്ടുണ്ട്. ആഭ്യന്തര

വിനോദസഞ്ചാരികളുടെ വരവിലും 72.86 ശതമാനം ഇടിവുണ്ടായി. വിദേശനാണ്യ വരുമാനം 2019 കലണ്ടർ വർഷം 10,271.06 കോടി രൂപയായിരുന്നത് 2020-ൽ 2,799.85 കോടി രൂപയായി കുറഞ്ഞു. (7,471.21 കോടി രൂപയുടെ കുറവ്). ആകെ വരുമാനം 2019 കലണ്ടർ വർഷം 45,019.69 കോടി രൂപയായിരുന്നത് 2020 കലണ്ടർ വർഷത്തിൽ 11,335.96 കോടി രൂപയായി കുറഞ്ഞു. (33,681.73 കോടി രൂപയുടെ കുറവ്) ടൂറിസം വരുമാനത്തിൽ 2020 കലണ്ടർ വർഷം 2019 വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 33,681.73 കോടി രൂപയുടെ (74.82 ശതമാനം) ഇടിവാണുണ്ടായത്. തൊഴിൽ നഷ്ടം സംബന്ധിച്ച വിവരശേഖരണം പ്രത്യേകമായി തയ്യാറാക്കിയിട്ടില്ല. എന്നിരുന്നാലും ടൂറിസം വരുമാനത്തിലെ ഗണ്യമായ കുറവ് തൊഴിൽ മേഖലയെയും സാരമായി ബാധിച്ചിട്ടുണ്ട്.

ടൂറിസം സഹകരണ സംഘങ്ങൾ

126(736) <u>ശ്രീമതി ദെലീമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയുടെ വികസനത്തിന് വലിയ സംഭാവന നൽകാൻ കഴിയുന്ന ടൂറിസം സഹകരണ സംഘങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിലും ടൂറിസം പദ്ധതികളിൽ ഇവർക്ക് വേണ്ടത്ര പ്രാതിനിധ്യം ലഭിക്കാറില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജനങ്ങളുടെ കൂട്ടുത്തരവാദിത്വത്തിലും സർക്കാർ നിയന്ത്രണത്തിലും നിയമത്തിനും വിധേയമായി പ്രവർത്തിക്കുന്ന ഇത്തരം സംഘങ്ങളെ പ്രയോജനപ്പെടുത്തി പ്രാദേശിക ടൂറിസം വികസനം ത്വരിതപ്പെടുത്തുന്നതിന് കഴിയുമോയെന്ന് അറിയിക്കാമോ?

ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(സി) കെ.റ്റി.ഡി.സി., ഡി.റ്റി.പി.സി. എന്നിവയുടെ പദ്ധതികളിൽ ഇവർക്കും പങ്കാളിത്തം നൽകുന്നതിനും ടൂറിസം സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ഡി.റ്റി.പി.സി.-യുടെ സ്ഥാപനങ്ങൾ വ്യവസ്ഥകൾ ലഘൂകരിച്ച് സുതാര്യമായ നിലയിൽ കരാറടിസ്ഥാനത്തിൽ നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

നിലവിലുള്ള ചട്ടങ്ങൾ പാലിച്ചുകൊണ്ട് സഹകരണ സ്ഥാപനങ്ങളെയും ടൂറിസം സംരംഭങ്ങളിൽ ഭാഗമാക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

മുതലപ്പൊഴി ടൂറിസം പദ്ധതി

127(737) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലയളവിലെ സർക്കാരിന്റെ കാലത്ത് മുതലപ്പൊഴി ടൂറിസം പദ്ധതിക്കായി ഭൂമി കണ്ടെത്തുകയും ബഡ്ജറ്റിൽ തുക അനുവദിക്കുകയും ചെയ്തിരുന്നോ?

2011-2016 കാലയളവിലെ സർക്കാരിന്റെ കാലത്ത് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ കീഴിലുള്ള പെരുമാതുറ കടൽത്തീരത്ത് ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനായി 22-12-2015-ലെ സ.ഉ.(ആർ.ടി.) നമ്പർ 623/15/ടൂറിസം ഉത്തരവ് പ്രകാരം മൂന്ന് കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.

(ബി) 2016-2021-ലെ സർക്കാർ ഈ ഭൂമി അദാനി പോർട്ട്സിന് കൈമാറിയിരുന്നോ; പദ്ധതിക്കായി പകരം ഭൂമി അനുവദിച്ചിട്ടുണ്ടോ?

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ കീഴിലുള്ള ഈ ഭൂമി വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് അദാനി പോർട്ട്സിന് കൈമാറിയതിനെത്തുടർന്ന് പദ്ധതിക്കായി പകരം ഭൂമി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് അനുവദിച്ചിട്ടുണ്ട്.

(സി) എങ്കിൽ ഉദ്ഘാടനകർമ്മം നടത്തിയ പ്രസ്തുത പദ്ധതി നാളിതുവരെ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

പദ്ധതിക്ക് ഭരണാനുമതി പുതുക്കി നൽകി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

കായൽ ടൂറിസം

128 (738) ശ്രീ. തോമസ് കെ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായൽ ടൂറിസത്തിന്റെ അനന്ത സാധ്യതകൾ മനസ്സിലാക്കി ഈ രംഗത്ത് വലിയ വളർച്ച കൈവരിക്കാൻ കഴിയത്തക്ക നിലയിൽ സംസ്ഥാനത്ത് എന്തെല്ലാം പുതിയ പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ?

കായൽ ടൂറിസം പ്രോത്സാഹിപ്പിക്കാനായി കോട്ടയം ജില്ലയിൽ വലിയമടവാട്ടർ ഫ്രണ്ട് പദ്ധതിക്കും ചീപ്പുങ്കൽ കുമരകം ഡെസ്റ്റിനേഷൻ ഡെവലപ്മെന്റ് പദ്ധതിക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതികൂടി ലഭിക്കുന്നമുറയ്ക്ക്

ഇവയുടെ നിർമ്മാണം ആരംഭിക്കാനാകും. വേമ്പനാട് കായലിലെ മാലിന്യ നീക്കത്തിനായി ഉത്തരവാദിത്ത ടൂറിസം മുഖേന 'ക്ലീൻ വേമ്പനാട് ഇനിഷ്യേറ്റീവ്' പദ്ധതി നടപ്പാക്കിവരുന്നു. കൂടാതെ ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന നടപ്പാക്കുന്ന ഗ്രാമീണ വിനോദസഞ്ചാര പാക്കേജുകൾ കുമരകം കൂടാതെ മറ്റുമേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നുമുണ്ട്. ഇതിനു പുറമെ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ മുഖേന ശാസ്ത്രീയ മാലിന്യ സംസ്കരണ പദ്ധതി നടത്തിവരുന്നു. കായൽ ടൂറിസവുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ ഹൗസ് ബോട്ട് ടെർമിനലുകളും നൈറ്റ് ഹാൾട്ട് സെന്ററുകളും കായലോരങ്ങളിലെ നടപ്പാതകളും നിർമ്മിച്ചിട്ടുണ്ട്. വേമ്പനാട് കായലും പരിസര പ്രദേശങ്ങളും അതീവ പരിസ്ഥിതി പ്രാധാന്യമുള്ള മേഖലയായതിനാൽ പുതിയ പദ്ധതികൾക്കായി തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ പാലിച്ച് ഭൂമി കണ്ടെത്തുക എന്നത് വെല്ലുവിളി സൃഷ്ടിക്കുന്നുണ്ട്. എങ്കിലും കായൽ ടൂറിസത്തിന്റെ വിപുല സാധ്യത കണക്കിലെടുത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ആവശ്യമായ ഭൂമി കണ്ടെത്തി വിനോദസഞ്ചാര വികസനത്തിന് അനുയോജ്യമായതും പരിസ്ഥിതിക്കിണങ്ങുന്നതുമായ കൂടുതൽ പദ്ധതികൾ നടപ്പാക്കുന്നതിനാണ് ശ്രമിക്കുന്നത്.

(ബി) കുട്ടനാടൻ കായൽ ടൂറിസം പരിപോഷിപ്പിക്കുന്നതിന് എന്തെല്ലാം പുതിയ പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ?

കുട്ടനാടൻ കായൽ ടൂറിസം പരിപോഷിപ്പിക്കാനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെകൂടി സഹകരണത്തോടെ ഭൂമി കണ്ടെത്തി കുട്ടനാടിന്റെ പരിസ്ഥിതിക്കിണങ്ങുന്ന പുത്തൻ പദ്ധതികൾ ആവിഷ്കരിക്കാനാണ് ശ്രമം. ഒപ്പം ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ വിനോദ സഞ്ചാരികൾക്ക് കുട്ടനാട്ടിലെ ഗ്രാമീണ ജീവിതം അനുഭവിച്ചറിയാൻ കഴിയുംവിധം പാക്കേജുകൾ തയ്യാറാക്കിയും ഹോംസ്റ്റേ പോലുള്ള സംരംഭങ്ങൾ പുതുതായി ആരംഭിക്കാൻ തദ്ദേശവാസികളെ സജ്ജരാക്കിയും പ്രദേശത്തിന്റെ വിനോദസഞ്ചാര സാധ്യത പ്രയോജനപ്പെടുത്താനാകും. ഇതോടൊപ്പം കാവാലം പഞ്ചായത്തിനെ People's Participation for Participatory Planning and Empowerment through Responsible Tourism (PEPPER) പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ പ്രവർത്തനങ്ങളും പുരോഗതിയിലാണ്.

മങ്കട നിയോജകമണ്ഡലത്തിലെ വിനോദസഞ്ചാര മേഖലയുടെ വികസനം

129(739) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

മങ്കട നിയോജകമണ്ഡലത്തിൽ അങ്ങാടിപ്പുറം തിരുമാന്ധാംകുന്ന് ക്ഷേത്രത്തിൽ, മാമാങ്കം-ചാവേർത്തറ ഹെറിറ്റേജ് ടൂറിസം പ്രോജക്ട് അറ്റ് തിരുമാന്ധാംകുന്ന് ടെമ്പിൾ, അങ്ങാടിപ്പുറം പദ്ധതിക്ക്, 1,50,00,000 (ഒരു കോടി അൻപത് ലക്ഷം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ പ്രവൃത്തി പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ വിനോദസഞ്ചാര വികസനത്തിന് സാധ്യതകളുണ്ടെന്ന് കണ്ടെത്തിയിട്ടുള്ള ഏതെല്ലാം പ്രദേശങ്ങളാണ് നിലവിലുള്ളത്; തീർത്ഥാടന ടൂറിസം വികസനവുമായി ബന്ധപ്പെട്ട് ഈ നിയോജകമണ്ഡലത്തിൽ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

മങ്കട നിയോജകമണ്ഡലത്തിൽ മാമാങ്കത്തിന്റെയും ചാവേറുകളുടെയും ചരിത്രവുമായി ബന്ധപ്പെട്ട സ്ഥലങ്ങളുൾപ്പെട്ടിട്ടുണ്ട്. ഇവയുടെ പൈതൃക ടൂറിസം സാധ്യത പരിശോധിച്ചശേഷം നടപടി സ്വീകരിക്കാവുന്നതാണ്. കൂടാതെ മഴക്കാലത്തുമാത്രം രൂപംകൊള്ളുന്ന പാലൂർക്കോട്ട വെള്ളച്ചാട്ടം, കുരങ്ങൻചോല എന്നീ സ്ഥലങ്ങളുടെ ടൂറിസം സാധ്യത വിലയിരുത്തിയശേഷം തുടർനടപടി സ്വീകരിക്കാവുന്നതാണ്. തീർത്ഥാടന ടൂറിസവുമായി ബന്ധപ്പെട്ട് ഈ നിയോജകമണ്ഡലത്തിൽ നിലവിൽ പദ്ധതികളൊന്നുംതന്നെ ആവിഷ്കരിച്ചിട്ടില്ല.

വിനോദസഞ്ചാര കേന്ദ്രങ്ങളിലെ സമ്പൂർണ്ണ വാക്സിനേഷൻ

130(740) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സമ്പൂർണ്ണ വാക്സിനേഷൻ നടപ്പാക്കുമെന്ന പ്രഖ്യാപനം എങ്ങനെ പ്രാവർത്തികമാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ആരോഗ്യ വകുപ്പുമായി ചേർന്ന് ടൂറിസം മേഖലയിൽ (ഹോട്ടൽ, റിസോർട്ട്) മുൻനിരയിൽ പ്രവർത്തിക്കുന്ന 18 വയസ്സിനും 45 വയസ്സിനുമിടയിലുള്ള 20,000 ജീവനക്കാർക്ക് വാക്സിനേഷൻ നൽകിക്കഴിഞ്ഞു. ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന ടൂറിസ്റ്റ് ഗൈഡുകൾ, ടൂറിസ്റ്റ് ടാക്സി ഡ്രൈവർമാർ, ടൂർ ഓപ്പറേറ്റേർമാർ, ഹോം സ്റ്റേകൾ, സർവ്വീസ്ഡ് വില്ലകൾ, ഗൃഹസ്ഥലി യൂണിറ്റുകൾ, ഹൗസ്ബോട്ടുകൾ, മോട്ടോർ ബോട്ടുകൾ എന്നിവയിലെ 18 വയസിനുമുകളിലുള്ള ജീവനക്കാർക്ക് വാക്സിൻ നൽകാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) കോഴിക്കോട് ജില്ലയിൽ ഇങ്ങനെ വാക്സിനേഷൻ നടത്താനുദ്ദേശിക്കുന്ന വിനോദസഞ്ചാര കേന്ദ്രങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

കോഴിക്കോട് ജില്ലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് വാക്സിനേഷൻ നടപടികൾ പുരോഗമിക്കുന്നുണ്ട്.

(സി) തിരുവമ്പാടി നിയോജകമണ്ഡലത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളും പ്രദേശങ്ങളും സമ്പൂർണ്ണ വാക്സിനേഷൻ പട്ടികയിലുൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

വടകരയിലെ ടൂറിസം പദ്ധതികൾ

131(741) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ വടകര നിയോജകമണ്ഡലത്തിൽ ടൂറിസം വകുപ്പിനുകീഴിൽ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമാണ്; ഇതിനായി ചെലവാക്കിയ ആകെ തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

ഗ്രീൻ കാർപ്പെറ്റ് പദ്ധതി, വടകര സാന്റ്ബാങ്ക് - 99,36,546, വാഗ്ഭടാനന്ദ പാർക്ക്, കരക്കാട്, വടകര-3,34,00,000 എന്നീ പദ്ധതികളാണ് കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ വടകര നിയോജകമണ്ഡലത്തിൽ ടൂറിസം വകുപ്പിനു കീഴിൽ നടപ്പാക്കിയത്. കൂടാതെ ഇന്റഗ്രേറ്റഡ് ടൂറിസം സർക്യൂട്ട് സാന്റ്ബാങ്ക് പദ്ധതിക്കായി 2,26,98,818 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) വടകര നിയോജകമണ്ഡലത്തിൽ പുതുതായി നടപ്പാക്കാനുദ്ദേശിക്കുന്ന ടൂറിസം പദ്ധതികൾ ഏതൊക്കെയാണ്; വിശദാംശങ്ങൾ നൽകുമോ;

&

(സി) വടകര നിയോജകമണ്ഡലത്തിലെ ഏറാമല പഞ്ചായത്തിലെ തുരുത്തിയിൽ പുതുതായി ടൂറിസം പദ്ധതി നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകുമോ ?

(ബി&സി) നിലവിൽ പുതിയ പദ്ധതികളാവിഷ്കരിച്ചിട്ടില്ല.

വിനോദസഞ്ചാരികളുടെ സുരക്ഷ

132 (742) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. കെ. ബഷീർ:
ഡോ. എം. കെ. മുനീർ:
ശ്രീ. കുഞ്ഞാലിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ?

കേരളത്തിലേയ്ക്കെത്തുന്ന വിദേശ വിനോദസഞ്ചാരികൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള വിനോദ സഞ്ചാരാനുഭവം നൽകുന്നതിനായി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും നിലനിർത്തുന്നതിനുംവേണ്ട വിവിധ പദ്ധതികൾ ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ടൂറിസം കേന്ദ്രങ്ങൾ ഭിന്നശേഷിക്കാർക്കുൾപ്പെടെ അനുഭവവേദ്യമാക്കുന്നതിനായി 'ബാരിയർ ഫ്രീ ടൂറിസം' പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ ഗ്രാമീണ മേഖലയിൽ പദ്ധതി പ്രദേശങ്ങളിലെ സ്ഥലവാസികളുടെ പങ്കാളിത്തം ഉറപ്പാക്കി ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തനം നടത്തിവരുന്നു. വിനോദസഞ്ചാരികളുടെ ശുചിത്വവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിനായി വിവിധ ടൂറിസം ഡെസ്റ്റിനേഷനുകളിൽ ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ, ഗ്രീൻ കാർപ്പറ്റ് പദ്ധതി, ഗ്രീൻ ഗ്രാസ് പ്രോജക്ട് എന്നീ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ തെരഞ്ഞെടുക്കപ്പെട്ട ഡെസ്റ്റിനേഷനുകളിൽ 'World Class Toilet' പദ്ധതി പ്രകാരം ശുചിമുറികൾ നിർമ്മിക്കുന്നതിന് ആരംഭം കുറിച്ചിട്ടുണ്ട്. വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പ്രധാന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. മലനാട് - മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതി
2. മുസിരിസ് ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)
3. തലശ്ശേരി ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)
4. ആലപ്പുഴ ഹെറിറ്റേജ് പദ്ധതി
5. " ഗ്രീൻ കാർപ്പെറ്റ്" സ്കീം
6. കൊല്ലം ജില്ലയിലെ ജഡായു പാറ ടൂറിസം പദ്ധതി
7. ബാരിയർ ഫ്രീ കേരള ടൂറിസം പദ്ധതി

8. ഉത്തരവാദിത്ത ടൂറിസം പദ്ധതി

9. ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്ട്

10. കോവളത്തിന്റെ സമഗ്ര വികസന പദ്ധതി

11. ശംഖുംമുഖത്തിന്റെ സമഗ്ര വികസന പദ്ധതി

12. ആക്കുളം കായലിന്റെ പുനരുജ്ജീവനം

13. വർക്കലയുടെ സമഗ്ര വികസന പദ്ധതി

14. വേളിയുടെ സമഗ്ര വികസന പദ്ധതി

15. വിവിധ ഗസ്റ്റ് ഹൗസുകളുടെ നവീകരണ പദ്ധതികൾ, അഡീഷണൽ ബ്ലോക്കുകളുടെ നിർമ്മാണം തുടങ്ങിയവ

16. ധർമ്മടം - മുഴപ്പിലങ്ങാട് ബീച്ചുകളുടെ സമഗ്ര വികസന പദ്ധതി

17. ലോകോത്തര നിലവാരത്തിലുള്ള ടോയ്‌ലെറ്റ് സമുച്ചയങ്ങൾ.

(ബി) യുവതികളുൾപ്പെടെയുള്ള വിനോദസഞ്ചാരികൾക്കുനേരെ അതിക്രമങ്ങൾ നടക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(സി) എങ്കിൽ ഇത്തരം അതിക്രമങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(ബി&സി) ഉണ്ട്. സംസ്ഥാനം സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്കുവേണ്ട സുരക്ഷയും സംരക്ഷണവും അതീവ പ്രാധാന്യത്തോടെ കണക്കാക്കി വകുപ്പ് വേണ്ടുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വിനോദസഞ്ചാര കേന്ദ്രങ്ങളിലെ കച്ചവടക്കാർ, ഗൈഡുകൾ എന്നിവർക്ക് തിരിച്ചറിയൽ രേഖകൾ, യൂണിഫോം മുതലായവ നിർബന്ധമാക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. ടൂറിസ്റ്റുകളുടെ സംരക്ഷണത്തിനായി നിലവിൽ 14 ജില്ലകളിലെ വിവിധ ടൂറിസം കേന്ദ്രങ്ങളിൽ 375 ടൂറിസം പോലീസിനെ നിയോഗിച്ചിട്ടുണ്ട്. വിനോദസഞ്ചാര മേഖലയിലെ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സി.സി.ടി.വി ക്യാമറ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ടൂറിസം മേഖലയിൽ അന്താരാഷ്ട്ര വിനോദസഞ്ചാര കേന്ദ്രമായ കോവളം ബീച്ചിൽ അപകടമുന്നറിയിപ്പ് നൽകുന്ന അലാറം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അപകട സാധ്യതയുള്ള സാഹചര്യങ്ങളെക്കുറിച്ച് സഞ്ചാരികളെ

ബോധവൽക്കരിക്കുന്നതിന് നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള പ്രത്യേക നിരീക്ഷണത്തിന് എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും പരിധിയിൽ വരുന്ന സ്റ്റേഷനുകൾക്ക് പോലീസ് വകുപ്പുവഴി നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ പരിശീലനം ലഭിച്ച ടൂറിസം പോലീസിന്റെ സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട ബീച്ചുകളിൽ ടൂറിസ്റ്റുകളുടെ സംരക്ഷണം മുൻനിർത്തി പ്രാവീണ്യമുള്ള ലൈഫ് ഗാർഡുകളുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. അപകടസാധ്യത സൂചിപ്പിച്ചുകൊണ്ടുള്ള മുന്നറിയിപ്പ് ബോർഡുകളും അറിയിപ്പുകളും പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. സഞ്ചാരികൾക്ക് കായൽ യാത്ര സുരക്ഷിതമാക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ മേഖലയിൽ ഹൗസ് ബോട്ടുകൾക്ക് ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്. വിനോദസഞ്ചാര വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള നൂതന കർമ്മ പരിപാടിയായ "ഗ്രീൻ കാർപ്പെറ്റ്" പദ്ധതിയിലെ പ്രധാനയിനം സഞ്ചാരികളുടെ സുരക്ഷിതത്വമാണ്.

ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ ഗവേണിംഗ് ബോഡി

133(743) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷന്റെ ഗവേണിംഗ് ബോഡിയിൽ നിലവിൽ ആരൊക്കെയാണ് അംഗങ്ങളെന്ന് അറിയിക്കാമോ?

ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷന്റെ (ബി.ആർ.ഡി.സി.) ഉന്നതാധികാര സമിതി ചീഫ് സെക്രട്ടറി ചെയർമാൻ സ്ഥാനം വഹിക്കുന്ന ബോർഡ് ഓഫ് ഡയറക്ടേഴ്സാണ്. നിലവിലെ ബോർഡ് അംഗങ്ങൾ താഴെപ്പറയുന്നവരാണ് :

1. ചീഫ് സെക്രട്ടറി - ഡയറക്ടർ & ചെയർമാൻ
2. സെക്രട്ടറി, ടൂറിസം വകുപ്പ് - ഡയറക്ടർ
3. ഡയറക്ടർ, ടൂറിസം വകുപ്പ് - ഡയറക്ടർ
4. ജില്ലാ കളക്ടർ, കാസർഗോഡ് - ഡയറക്ടർ
5. മാനേജിംഗ് ഡയറക്ടർ, കെ.ടി.ഡി.സി. - ഡയറക്ടർ
6. ധനകാര്യ വകുപ്പ് പ്രതിനിധി - ഡയറക്ടർ
7. മാനേജിംഗ് ഡയറക്ടർ, ബി.ആർ.ഡി.സി. - ഡയറക്ടർ

(ബി) പ്രസ്തുത ഗവേണിംഗ് ബോഡിയിൽ ജനപ്രതിനിധികളാരെങ്കിലുമുണ്ടോ; വിശദാംശം അറിയിക്കാമോ?

ഇല്ല.

(സി) പ്രാദേശികമായ പ്രശ്നങ്ങൾ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിനും പദ്ധതിയുടെ ഉന്നമനത്തിന് നിർദ്ദേശം നൽകുന്നതിനും പദ്ധതി പ്രദേശം ഉൾക്കൊള്ളുന്ന ജനപ്രതിനിധികളെക്കൂടി ഗവേണിംഗ് ബോഡിയിലുൾപ്പെടുത്തുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

നിലവിൽ പരിഗണനയിലില്ല.

പിൽഗ്രിംസ് ടൂറിസം പദ്ധതി

134(744) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തീർത്ഥാടന കേന്ദ്രങ്ങളെയും സാംസ്കാരിക പൈതൃക കേന്ദ്രങ്ങളെയും ബന്ധപ്പെടുത്തിയുള്ള പിൽഗ്രിംസ് ടൂറിസം പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ ആരാധനാലയങ്ങളിലെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

തീർത്ഥാടന കേന്ദ്രങ്ങളെയും സാംസ്കാരിക പൈതൃക കേന്ദ്രങ്ങളെയും ബന്ധപ്പെടുത്തിയുള്ള തത്വമസി പിൽഗ്രിം ടൂറിസം പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ ആരാധനാലയങ്ങളിലെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനായുള്ള പദ്ധതികൾ താഴെപ്പറയുന്നു :

നമ്പർ	പദ്ധതിയുടെ പേര്	ഭരണാനുമതി (രൂപ)
(1)	(2)	(3)
1	ഡെസ്റ്റിനേഷൻ ഡെവലപ്മെന്റ് ഓഫ് തെക്കൻ കുരിശുമല	1,08,50,000
2	ഡെസ്റ്റിനേഷൻ ഡെവലപ്മെന്റ് ഓഫ് മൺവിള	98,70,000
3	പിൽഗ്രിം ഹെറിറ്റേജ് സർക്യൂട്ട് അറ്റ് കോലത്തുകര	2,96,00,000

(1)	(2)	(3)
4	കല്ലമ്പള്ളി ദുർഗ്ഗ ക്ഷേത്രത്തിലെ ഓഡിറ്റോറിയം നിർമ്മാണം	80,00,000
5	അലിയാവൂർ ശിവ ക്ഷേത്രത്തിലെ ഓഡിറ്റോറിയം നിർമ്മാണം100%	2,00,00,000
6	ചെമ്പഴന്തി ശ്രീനാരായണ ഗുരുകുലത്തിലെ കൺവെൻഷൻ സെന്റർ നിർമ്മാണം	18,90,00,000
7	ഉദയാദിച്ചപുരം ക്ഷേത്രത്തിലെ ഫെസിലിറ്റേഷൻ സെന്റർ നിർമ്മാണവും കുളത്തിന്റെ പുനരുദ്ധാരണവും	3,95,00,000
8	കുശമുറ്റം, ചെല്ലമംഗലം, അവുക്കുളം ക്ഷേത്രങ്ങളിലെയും പുതുകുന്ന് പള്ളിയിലെയും ഓഡിറ്റോറിയം നിർമ്മാ ണം	8,38,79,438
9	വേറ്റിനാട് ഊരുട്ടുമണ്ഡപം ക്ഷേത്രത്തിലെ ഫെസിലിറ്റേഷൻ നിർമ്മാണം	4,20,00,000
10	അണിയൂർ ക്ഷേത്രത്തിലെ ടൂറിസം വികസനം	3,30,00,000
11	ദക്ഷിണ കൈലാസം ശിവ പാർവ്വതി ക്ഷേത്രത്തിലെ ടൂറിസം വികസനം	2,00,00,000
12	വേറ്റിനാട് സെന്റ് ജൂഡ് പിൽഗ്രിം സെന്ററിലെ അമിനിറ്റി സെന്റർ നിർമ്മാണം	2,00,02,065
13	ബീമാപള്ളിയിലെ അമിനിറ്റി സെന്റർ നിർമ്മാണം	2,06,22,242
14	സ്വർഗ്ഗാരോപിത മാതാ ചർച്ചിലെ ടൂറിസം വികസനം	91,00,000
15	പേട്ട പഞ്ചമി ദേവി ക്ഷേത്രത്തിലെ മണ്ഡപ നിർമ്മാണം	49,53,118

(1)	(2)	(3)
16	കാട്ടായിക്കോണം തെങ്ങുവിള മഹാദേവി ക്ഷേത്രത്തിലെ അമിനിറ്റി സെന്റർ നിർമ്മാണം	3,62,00,000
17	വെട്ടുകാട് പള്ളിയിലെ അമിനിറ്റി സെന്റർ നിർമ്മാണം	3,00,00,000
18	ചൂഴമ്പാല ധർമ്മശാസ്താ ക്ഷേത്രത്തിലെ വെയിറ്റിംഗ് റൂം നിർമ്മാണം	60,00,000
19	കഴക്കൂട്ടം കുളങ്ങരയിലെ പിൽഗ്രിം ഹെറിറ്റേജ് സർക്യൂട്ട്	4,95,00,000
20	ചിറ്റൂർ ശ്രീതമ്പുരാൻ ഭദ്രകാളി ക്ഷേത്രത്തിലെ അമിനിറ്റി സെന്റർ നിർമ്മാണം	45,00,000
21	പുല്ലാട്ടുകാരി ശ്രീഭഗവതി ക്ഷേത്രത്തിലെ അമിനിറ്റി സെന്റർ നിർമ്മാണം	66,00,000
22	ആഹ്ലാദപുരം ന്യൂറൽ ഹബ്ദാ മദ്രസയിലെ നവീകരണ പ്രവർത്തനങ്ങൾ	95,00,000
23	കുളത്തൂർ തൃപ്പാദപുരം മഹാദേവ ക്ഷേത്രത്തിലെ കുളത്തിന്റെ പുനരുദ്ധാരണം	99,50,000
24	ശ്രീകാര്യം കുന്നുംമഠത്തിൽ നട ദേവി ക്ഷേത്രത്തിലെ അമിനിറ്റി സെന്റർ നിർമ്മാണം	39,58,000
25	കുമാരപുരം ബാല സുബ്രമഹ്ണ്യ സ്വാമി ക്ഷേത്രത്തിലെ അമിനിറ്റി സെന്റർ നിർമ്മാണം	65,00,000
26	കഴക്കൂട്ടം മഹാദേവ ക്ഷേത്രത്തിലെ ഇടത്താവളം നിർമ്മാണം	70,09,223
27	വിഴിഞ്ഞം ആഴിമല ക്ഷേത്രത്തിലെ അടിസ്ഥാന സൗകര്യ വികസനം	50,00,000

ടൂറിസം കേന്ദ്രങ്ങളിലെ താല്കാലിക ജീവനക്കാരുടെ ശമ്പള കുടിശ്ശിക

135(745) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരുമാനമില്ലാത്തതുകാരണം സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിലെ താല്കാലിക ജീവനക്കാർക്ക് ശമ്പളം നിലച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽനിന്ന് ഇത്തരത്തിൽ റിപ്പോർട്ടുകളൊന്നും ലഭിച്ചിട്ടില്ല.

(ബി) കോഴിക്കോട് ജില്ലയിലെ കാപ്പാട് ഉൾപ്പെടെയുള്ള ടൂറിസം കേന്ദ്രങ്ങളിൽ ഡി.റ്റി.പി.സി. മുൻകയ്യെടുത്ത് നടത്തുന്ന സ്ഥാപനങ്ങളിലടക്കം മാസങ്ങളായി ശമ്പളം കുടിശ്ശികയായവർക്ക് ഏതെങ്കിലും തരത്തിലുള്ള സഹായം നൽകുവാൻ ആലോചനയുണ്ടോ; വിശദമാക്കാമോ?

കോഴിക്കോട് ഡി.റ്റി.പി.സി.-ക്കുകീഴിലുള്ള കാപ്പാട് അടക്കമുള്ള എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലെയും ജീവനക്കാർക്ക് ജൂൺ മാസം വരെയുള്ള ശമ്പളം വിതരണം ചെയ്തിട്ടുള്ളതിനാൽ കുടിശ്ശിക നിലവിലില്ല.

കൊച്ചിയിലെ കേബിൾ കാർ സംവിധാനം

136(746) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊച്ചിയിലെ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് വൈപ്പിൻ-ഫോർട്ടു കൊച്ചി, എറണാകുളം-മറൈൻഡ്രൈവ്-ബോൾഗാട്ടിപാലസ്-മുളവുകാട്-വല്ലാർപാടം-രാമൻതുരുത്ത് എന്നിവയെ ബന്ധിപ്പിച്ചുകൊണ്ട് കേബിൾ കാർ സംവിധാനം കൊണ്ടുവരുന്നതിനുള്ള പദ്ധതി പരിഗണിക്കുമോ?

പരിശോധിക്കാവുന്നതാണ്.

വിനോദസഞ്ചാര പുനരുജ്ജീവന പദ്ധതി

137(747) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിമൂലം വിനോദസഞ്ചാര മേഖല അഭിമുഖീകരിക്കുന്ന ഗുരുതര പ്രതിസന്ധി പരിഹരിക്കുന്നതിനായി പദ്ധതികൾ നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ?

കോവിഡ് മഹാമാരിമൂലം വിനോദസഞ്ചാര മേഖല അഭിമുഖീകരിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാർ പ്രത്യേക പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്.

(ബി) ലോക്ഡൗൺമൂലം വിനോദസഞ്ചാര മേഖലയിൽ പ്രത്യക്ഷമായോ പരോക്ഷമായോ ജോലി ചെയ്യുന്നവർക്ക് ഉപജീവനമാർഗ്ഗമില്ലാതായിരിക്കുന്ന സാഹചര്യത്തിൽ സാമ്പത്തിക സഹായമോ ആനുകൂല്യങ്ങളോ നൽകാനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ലോക്ഡൗൺമൂലം വിനോദസഞ്ചാര മേഖലയിലുണ്ടായ പ്രതിസന്ധിയുടെ സാഹചര്യത്തിൽ സാമ്പത്തികസഹായങ്ങളും ആനുകൂല്യങ്ങളും സർക്കാർ പാക്കേജുകൾ വഴി നടപ്പാക്കിവരുന്നുണ്ട്. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ വിനോദ സഞ്ചാര മേഖലയിൽ തൊഴിലെടുക്കുന്നവർക്കും സംരംഭകർക്കും സാമ്പത്തിക പിന്തുണ നൽകുന്നതിനുവേണ്ടി ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സപ്പോർട്ട് സ്കീം, ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം, ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം, ടൂറിസം ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം എന്നിവ നടപ്പാക്കിവരുന്നു. ഇതുകൂടാതെ കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പാക്കേജ് നടപ്പാക്കുന്നതിന്റെ ഭാഗമായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

(സി) വയനാട് ജില്ലയിലെ കോവിഡാനന്തര ടൂറിസം സാധ്യതകൾ അവലോകനം ചെയ്ത് ഈ മേഖലയുടെ സമഗ്ര വികസനം ഉറപ്പുവരുത്തുന്നതിനായി ദീർഘകാല പദ്ധതികൾ ആവിഷ്കരിക്കാനും പുനരുജ്ജീവന പാക്കേജ് നടപ്പാക്കാനും ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

വയനാട് ജില്ലയിലെ കോവിഡാനന്തര ടൂറിസം സാധ്യതകൾ അവലോകനം ചെയ്യുന്നതിനായി 2-7-2021-ന് പൊതുമരാമത്ത്-ടൂറിസം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ കളക്ടറുടെ ചേമ്പറിൽവച്ച് ഒരു യോഗം ചേരുകയും യോഗത്തിൽ വയനാടിനായി ഒരു ടൂറിസം മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ടൂർ ഓപ്പറേറ്റേഴ്സ്, സൈക്കിളിംഗ് അസോസിയേഷൻ, മീഡിയ, കലാകാരന്മാർ, വ്ലോഗേഴ്സ്, ബ്ലോഗേഴ്സ്, വിദ്യാർത്ഥികൾ, അഡ്വഞ്ചർ ടൂറിസം ഓപ്പറേറ്റേഴ്സ്, യുവജനങ്ങൾ തുടങ്ങിയവരെ ഉൾക്കൊള്ളിച്ചുകൊണ്ട് പദ്ധതി തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

അച്ചൻകോവിൽ-ഗവി ടൂറിസം സർക്യൂട്ട്

138(748) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അച്ചൻകോവിൽ-ഗവി ടൂറിസം സർക്യൂട്ട് അനുവദിക്കാൻ സാധിക്കുമോയെന്ന് വിശദമാക്കാമോ?

"അച്ചൻകോവിൽ-ഗവി ടൂറിസം സർക്യൂട്ട് " അനുവദിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

നെല്ലിയാമ്പതി ടൂറിസം പദ്ധതിയുടെ ടെണ്ടർ നടപടി

139(749) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതി ടൂറിസം പദ്ധതിയുടെ ടെണ്ടർ നടപടി എന്ന് പൂർത്തീകരിച്ചതാണെന്ന് വിശദമാക്കുമോ?

പദ്ധതിയിലുൾപ്പെട്ട ആദ്യത്തെ മൂന്ന് ഘടകങ്ങളുടെ ടെണ്ടർ നടപടികൾ 25-2-2021-ന് പൂർത്തീകരിച്ചു.

(ബി) ടെണ്ടർ നടപടി പൂർത്തീകരിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും പ്രസ്തുത പദ്ധതി തുടങ്ങാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ;

&

(സി) നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; എങ്കിൽ ആയത് പരിഹരിച്ച് പ്രവൃത്തി അടിയന്തരമായി തുടങ്ങാനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

(ബി&സി) പദ്ധതിക്കാവശ്യമായ മെറ്റീരിയൽസും മെഷിനറീസും കൊണ്ടുപോകുന്നതിനായി വനം വകുപ്പിന്റെ അനുവാദം ലഭ്യമാകാത്തതുകൊണ്ടാണ് പദ്ധതി തുടങ്ങാൻ കഴിയാത്തത്. വനം വകുപ്പിന്റെ അനുമതി ലഭ്യമാക്കാനുള്ള ശ്രമങ്ങൾ തുടരുകയാണ്.

തലശ്ശേരി നിയോജകമണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

140(750) ശ്രീ. എ. എൻ. ഷംസീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖാന്തരം നടപ്പാക്കുന്ന ടൂറിസം പദ്ധതികളുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ?

തലശ്ശേരി നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പാക്കുന്ന പദ്ധതികൾക്ക് 145.541 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. 14 ഘടകങ്ങൾ വീതമുള്ള രണ്ട് ഘട്ടങ്ങളായാണ് പദ്ധതി നടപ്പാക്കുന്നത്. ഒന്നാം ഘട്ടത്തിന് 40.95 കോടി രൂപയുടെ അനുമതിയാണ് കിഫ്ബി നൽകിയിട്ടുള്ളത്. ആദ്യ ഘട്ടത്തിലെ പതിനാല് ഘടകങ്ങളിൽ 5 ഘടകങ്ങളുടെ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി കരാറുകാരുമായി എഗ്രിമെന്റിലേർപ്പെട്ടിട്ടുണ്ട്. രണ്ട് ഘടകങ്ങൾക്ക് കരാറുകാരെ തെരഞ്ഞെടുത്തുകൊണ്ടുള്ള നോട്ടീസ് നൽകിയിട്ടുണ്ട്. 7 ഘടകങ്ങളുടെ ടെണ്ടർ നടപടികളാരംഭിച്ചു. രണ്ടാം ഘട്ടത്തിന് 37.212 കോടി രൂപയുടെ അനുമതിയാണ് കിഫ്ബി നൽകിയിട്ടുള്ളത്. രണ്ടാം ഘട്ടത്തിലെ 14 ഘടകങ്ങളിൽ 7 ഘടകങ്ങളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുവരുന്നു. രണ്ട് ഘടകങ്ങളുടെ ടെണ്ടർ നടപടികളാരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ള 5 ഘടകങ്ങളുടെ ടെണ്ടർ നടപടികളാരംഭിച്ചിട്ടില്ല.

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിക്കാൻ ബാക്കിയുള്ളവ ഏതൊക്കെയാണെന്നും ആയതിന് ഇനി എന്തൊക്കെ നടപടിക്രമങ്ങളാണ് അവശേഷിക്കുന്നതെന്നും അവ ദ്രുതഗതിയിൽ നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

ടെണ്ടർ നടപടികൾ ആരംഭിക്കാനുള്ള എൻ.ഒ.സി.-യും മറ്റ് ഡോക്യുമെന്റുകളും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആയത് ലഭിക്കുന്നമുറയ്ക്ക് ഈ ഘടകങ്ങളും ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ടെണ്ടർ ഘട്ടത്തിലുള്ള ഘടകങ്ങളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കലശമല ഇക്കോ ടൂറിസം

141(751) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം നിയോജകമണ്ഡലത്തിലെ കലശമല ഇക്കോ ടൂറിസം പ്രോജക്ടിന് സ്ഥലമേറ്റടുക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ?

ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രോജക്ടിന് ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിക്കായി ലാൻഡ് അക്വിസിഷൻ ഓഫീസറെ നിയമിച്ചിട്ടുണ്ട്. അലൈൻമെന്റ് സ്കെച്ച് തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്.

ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ വിനോദസഞ്ചാര വകുപ്പിന്റെ പ്രവർത്തനങ്ങൾ

142(752) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പിന്റെ കീഴിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടന്നതെന്ന് വിശദമാക്കാമോ?

ടൂറിസം വകുപ്പ് വെള്ളിനേഴി കലാഗ്രാമത്തിൽ 2 കോടി രൂപ ചെലവഴിച്ച് ഒരു സാംസ്കാരിക സമുച്ചയം നിർമ്മിക്കുകയും 5-3-2019-ന് ഉദ്ഘാടനം ചെയ്യുകയും കലാഗ്രാമത്തിൽ തനത് കലകൾ പ്രദർശിപ്പിച്ച് സഞ്ചാരികളെ ആകർഷിക്കുന്നതിന് പാലക്കാട് ഡി.റ്റി.പി.സി.-യെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

(ബി) ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ തൃക്കടീരി ഗ്രാമപഞ്ചായത്തിലെ അനങ്ങൻമല ഇക്കോടൂറിസം പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണ്; ഇത് വികസിപ്പിക്കുന്നതിന് പദ്ധതികളുണ്ടോയെന്ന് വ്യക്തമാക്കുമോ?

തൃക്കടീരി ഗ്രാമപഞ്ചായത്തിലെ അനങ്ങൻമല ഇക്കോ ടൂറിസം പദ്ധതി വനം വകുപ്പിന്റെ അധീനതയിലുള്ള സ്ഥലമാണ്. വനത്തിനകത്ത് വനേതര പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പദ്ധതിയായതിനാൽ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് 1980 പ്രകാരം അനുവാദം നൽകാൻ നിർവ്വാഹമില്ലെന്ന് വനം വകുപ്പ് അറിയിച്ചിട്ടുണ്ട്.

ഇടമലയാർ, തുണ്ടം, കുട്ടമ്പുഴ ഇക്കോ ടൂറിസം

143(753) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ ഇടമലയാർ, തുണ്ടം, കുട്ടമ്പുഴ റേഞ്ചുകളിലെ പ്രദേശങ്ങളുൾപ്പെടുത്തി ഒരു ഇക്കോ ടൂറിസം പദ്ധതി ആരംഭിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രദേശങ്ങളുൾപ്പെടുത്തി ഇക്കോ ടൂറിസം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രാഥമിക പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

&

(സി) നിയോജകമണ്ഡലത്തിൽ ഏറെ ടൂറിസം വികസന സാധ്യതയുള്ള പ്രസ്തുത പ്രദേശങ്ങളുൾപ്പെടുത്തി ഒരു ഇക്കോ ടൂറിസം പദ്ധതി ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

(എ-സി) 2020 ഫെബ്രുവരി നാലിന് പഞ്ചായത്ത് അധികൃതരുടെ സാന്നിദ്ധ്യത്തിൽ വിനോദസഞ്ചാര വകുപ്പുദ്യോഗസ്ഥർ നിർദിഷ്ട പദ്ധതി പ്രദേശങ്ങൾ സന്ദർശിക്കുകയും മേഖലയിലെ വിനോദസഞ്ചാര സാധ്യതകളെക്കുറിച്ച് ചർച്ച നടത്തുകയും ചെയ്തിരുന്നു. ഇക്കോ ടൂറിസം ഉൾപ്പെടെയുള്ള ടൂറിസം സാധ്യതകൾ വിശദമായി പരിശോധിച്ചശേഷം തുടർനടപടി സ്വീകരിക്കാവുന്നതാണ്.

നെയ്യാർ ഡാം ടൂറിസം പദ്ധതികൾ

144(754) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ നെയ്യാർ ഡാമിൽ ടൂറിസം വകുപ്പുമുഖേന നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദാംശം അറിയിക്കാമോ?

അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ടൂറിസം വകുപ്പ് തയ്യാറാക്കി നൽകിയ ഡി.പി.ആർ. പ്രകാരമാണോ പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കിവരുന്നത്; ഡി.പി.ആർ.-ൽ ഉൾപ്പെട്ടിരുന്ന ഏതൊക്കെ നിർദ്ദേശങ്ങളാണ് നിർവ്വഹണ സമയത്ത് ഒഴിവാക്കപ്പെട്ടിട്ടുള്ളത്; ആയതിന്റെ കാര്യകാരണങ്ങൾ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അറിയിക്കാമോ?

നെയ്യാർ ഡാം ടൂറിസം വികസനത്തിനായുള്ള ഒന്നാംഘട്ട പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗമന ഘട്ടത്തിൽ പദ്ധതി പ്രദേശത്തെ ഘടനയ്ക്കനുസൃതമായി മാറ്റങ്ങൾ അനിവാര്യമായതിനാൽ ചില ഘടകങ്ങൾ ഒഴിവാക്കിയാണ് പദ്ധതി നിർവ്വഹണം നടപ്പാക്കിയത്. ആയതുസംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) നെയ്യാർ ഡാം കേന്ദ്രീകരിച്ച് കെ.റ്റി.ഡി.സി.-യുടെ മേൽനോട്ടത്തിൽ കൂടുതൽ ബോട്ട് സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

നെയ്യാർ ഡാം കേന്ദ്രീകരിച്ച് ഡി.റ്റി.പി.സി.-യുടെ മേൽനോട്ടത്തിൽ നാല് ബോട്ടുകൾ സർവ്വീസ് നടത്തുന്നുണ്ട്. പതിനഞ്ചുപേർക്ക് സഞ്ചരിക്കാവുന്ന ഒരു സഫാരി ബോട്ട്, 5 പേർക്ക് സഞ്ചരിക്കാവുന്ന ഒരു സ്പീഡ് ബോട്ട് എന്നിവ സർവ്വീസ് നടത്തിയിരുന്നു. ഇതുകൂടാതെ 3 പേർക്ക് സഞ്ചരിക്കാവുന്ന പുതിയൊരു ഹൈസ്പീഡ് ബോട്ട് സഞ്ചാരികൾക്കായി സർവ്വീസ് നടത്താനായി 7-1-2021-ൽ ടൂറിസം വകുപ്പിൽനിന്നും നൽകിയിട്ടുണ്ട്. കൂടുതൽ ബോട്ട് സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

വിനോദസഞ്ചാര മേഖലയിലെ പ്രതിസന്ധി

145 (755) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലയിലെ നിക്ഷേപകരെയും തൊഴിലാളികളെയും കോവിഡ് പ്രതിസന്ധി വളരെയധികം പ്രതികൂലമായി ബാധിച്ചിരിക്കുന്ന സാഹചര്യത്തിൽ ആയത് പരിഹരിക്കുന്നതിനായി എന്തെങ്കിലും ബദൽ മാർഗ്ഗങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ വിനോദസഞ്ചാര മേഖലയിൽ തൊഴിലെടുക്കുന്നവർക്കും സംരംഭകർക്കും സാമ്പത്തിക പിന്തുണ നൽകുന്നതിനു വേണ്ടി ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സപ്പോർട്ട് സ്കീം, ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം, ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം, ടൂറിസം ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം എന്നിവ നടപ്പാക്കിവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കോവിഡ് രണ്ടാം തരംഗത്തിന്റെ ഭാഗമായി ഇന്ത്യയിൽ ഏറ്റവുമധികം പ്രതിദിന രോഗബാധയുള്ള സംസ്ഥാനമായി കേരളം മാറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് വിനോദസഞ്ചാര മേഖലയുടെ തിരിച്ചുവരവിനെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം ഗൗരവത്തോടെ കാണുമോ?

നമ്മുടെ രാജ്യത്തെ ബാധിച്ച കോവിഡ് തരംഗത്തിന്റെ ആഘാതം കേരളത്തിലെ ടൂറിസം മേഖലയിലും അനുഭവപ്പെടുന്നുണ്ട്. എന്നാൽ ഇതുമൂലമുണ്ടായ പ്രയാസങ്ങൾ പരിഹരിച്ച് കേരളത്തിലെ ടൂറിസം മേഖലയുടെ നിലനിൽപ്പിനും പുനരുജ്ജീവനത്തിനുമായി വിവിധങ്ങളായ പദ്ധതികൾ നടപ്പാക്കിവരുന്നു.

(സി) പ്രസ്തുത പ്രതിസന്ധി തരണം ചെയ്ത് വിനോദസഞ്ചാര മേഖലയ്ക്ക് ഉണർവ് പകരാൻ പ്രത്യേക പാക്കേജ് നടപ്പാക്കുമോ; വ്യക്തമാക്കുമോ?

പ്രതിസന്ധി തരണം ചെയ്ത് വിനോദസഞ്ചാര മേഖലയ്ക്ക് ഉണർവ് പകരുവാൻ 2021 ജൂൺ മാസത്തിൽ സംസ്ഥാന സർക്കാർ നിയമസഭയിൽ അവതരിപ്പിച്ച ബഡ്ജറ്റിൽ ഈ മേഖലയ്ക്ക് പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ ഒരു വിനോദസഞ്ചാര കേന്ദ്രം

146(756) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്ന പദ്ധതികളുടെ ഭാഗമായി പഞ്ചായത്തിൽ ഒരു വിനോദസഞ്ചാര കേന്ദ്രം വികസിപ്പിക്കുമെന്ന പ്രഖ്യാപനത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

പഞ്ചായത്തിൽ ഒരു വിനോദസഞ്ചാര കേന്ദ്രം വികസിപ്പിക്കുക എന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് ഈ വിഷയത്തിൽ പരിശീലനം നൽകുന്നതിനുവേണ്ട പ്രാരംഭ നടപടികളാരംഭിച്ചിട്ടുണ്ട്.

(ബി) തിരുവമ്പാടി നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്ഥലങ്ങളെയാണ് ഈ പദ്ധതിയിലുൾപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

&

(സി) വിനോദസഞ്ചാര സാദ്ധ്യതയുള്ള പഞ്ചായത്തുകളിൽ ഒന്നിലേറെ വിനോദസഞ്ചാര കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&സി) മേൽനടപടികൾ പൂർത്തിയാക്കിയതിനുശേഷം ടൂറിസം സാധ്യത പരിശോധിച്ച് ആയതിന്റെ അടിസ്ഥാനത്തിലാണ് പഞ്ചായത്തുകളെയും കേന്ദ്രങ്ങളെയും പരിഗണിക്കുന്നത്.

മാനന്തവാടി നിയോജകമണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

147(757) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി നിയോജകമണ്ഡലത്തിൽ ഇപ്പോൾ നടന്നുവരുന്ന വിവിധ ടൂറിസം പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

&

(ബി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി അറിയിക്കാമോ?

(എ&ബി) മാനന്തവാടി നിയോജകമണ്ഡലത്തിൽ നിലവിൽ നടന്നുവരുന്ന വിവിധ ടൂറിസം പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും താഴെപ്പറയുന്നു.

നമ്പർ	പ്രോജക്ട്	ഭരണാനുമതി തുക	നിലവിലെ സ്ഥിതി
1	തലശ്ശേരി ഹെറിറ്റേജ് പ്രോജക്ട് - വള്ളിയൂർക്കാവ് ഡെവലപ്മെന്റ് ഓഫ് മാർക്കറ്റ് ആൻഡ് എക്സിബിഷൻ സ്പെയ്സ്	4,87,55,960	15% പുരോഗമിച്ചു
2	ഗ്രീൻ കാർപ്പെറ്റ് - വയനാട് - അഡീഷണൽ വർക്ക്സ് അറ്റ് പ്രിയദർശിനി ടീ എൺവിറോൺസ്	50,00,000	40% പുരോഗമിച്ചു
3	റിനോവേഷൻ ഓഫ് ടൈബൽ പെർഫോർമിംഗ് സെന്റർ ഇല്ലത്തുമൂല ഇൻ മാനന്തവാടി താലൂക്ക്	9,20,000	കരാറുകാരനെ പ്രവൃത്തി ഏല്പിച്ചു. നിർമ്മാണത്തിനുള്ള പ്രാരംഭ പ്രവൃത്തികൾ തുടങ്ങി

(സി) ഭരണാനുമതി ലഭിച്ചിട്ടും പ്രവൃത്തി ആരംഭിക്കാത്ത ഏതെങ്കിലും ടൂറിസം പദ്ധതി പ്രസ്തുത നിയോജകമണ്ഡലത്തിലുണ്ടോയെന്ന് വിശദമാക്കുമോ;

&

(ഡി) ഉണ്ടെങ്കിൽ പദ്ധതിയുടെ പേരും ആരംഭിക്കാത്തതിന്റെ കാരണവും വ്യക്തമാക്കാമോ?

(സി&ഡി) ഉണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു :

നമ്പർ	പ്രോജക്ട്	ഭരണാനുമതി തുക	നിലവിലെ സ്ഥിതി
1	റിനോവേഷൻ ഓഫ് തിരുനെല്ലി ടെമ്പിൾ പ്രെമിസെസ് അറ്റ് വയനാട്	3,80,00,000	പദ്ധതി പ്രദേശത്തേയ്ക്ക് നിർമ്മാണത്തിനാവശ്യമായ മെറ്റീരിയൽസ് എത്തിക്കുന്നതിന് ബുദ്ധിമുട്ടായതിനാൽ അതിനാവശ്യമായ ഹെഡ് ലോഡ് ചാർജ് കൂടി അനുവദിക്കണമെന്ന് നിർമ്മാണ ഏജൻസി (ULCCS) അറിയിച്ചിട്ടുണ്ട്. ആയതിനാൽ ടെക്നിക്കൽ സാങ്ഷൻ ടി.എസ്. കമ്മിറ്റിയിൽനിന്നും ലഭിച്ചിട്ടില്ല.
2	ഡെവലപ്മെന്റ് ഓഫ് പ്രിയദർശിനി ടീ എസ്റ്റേറ്റ് അറ്റ് പഞ്ചാരകൊല്ലി, വയനാട്	1,55,34,007	പുതിയതായി അനുവദിച്ച പദ്ധതിയാണ്. നിർമ്മാണ ഏജൻസികളിൽ നിന്നും പദ്ധതി നിർവഹണത്തിനുള്ള താത്പര്യപത്രം (Expression of Interest - EOI) സ്വീകരിക്കുന്നതിനുള്ള നടപടി ഡി.റ്റി.പി.സി. സ്വീകരിച്ചുവരുന്നു.

ടൂറിസം പദ്ധതികൾക്കായി പെർമിസീവ് സാങ്ഷൻ

148(758) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ടൂറിസം വകുപ്പിന്റെ ഫണ്ടുപയോഗിച്ച് മറ്റ് വകുപ്പുകളുടെയോ തദ്ദേശഭരണ സ്ഥാപനങ്ങളുടെയോ സ്വകാര്യ വ്യക്തികളുടെയോ ഭൂമിയിൽ പദ്ധതി നടപ്പാക്കാനായി ടൂറിസം വകുപ്പിന് പെർമിസീവ് സാങ്ഷൻ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ?

ടൂറിസം സാധ്യതയുള്ള സ്ഥലത്ത് ടൂറിസം വികസന പദ്ധതികൾ നടപ്പാക്കുന്നതിനു മുന്നോടിയായി പ്രസ്തുത ഭൂമിയുടെ ഉടമസ്ഥരായ സർക്കാർ വകുപ്പുകൾക്ക്/ സ്ഥാപനങ്ങൾക്ക് പദ്ധതിയുടെ ആവശ്യകത ബോധ്യപ്പെടുത്തിയശേഷം അവരിൽ നിന്നും പദ്ധതിയുമായി മുന്നോട്ടുപോകുന്നതിനുള്ള എൻ.ഒ.സി./ പെർമിസീവ് സാങ്ഷൻ വാങ്ങാറുണ്ട്. സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ സാധാരണഗതിയിൽ പൊതു ഉപയോഗത്തിനുള്ള പദ്ധതികളൊന്നും നടപ്പാക്കാറില്ല. എന്നാൽ സ്വകാര്യ വ്യക്തികളുടെ ഭൂമിയും ടൂറിസം വികസനത്തിന് അനിവാര്യമാണെന്ന് ബോധ്യപ്പെട്ടാൽ അത് ഭൂമി ഏറ്റെടുക്കൽ നടപടിയിലൂടെ ഏറ്റെടുത്ത് ടൂറിസം പദ്ധതികൾ നടപ്പിലാക്കാറാണ് പതിവ്.

ആലപ്പുഴ നിയോജകമണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

149(759) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ നിയോജകമണ്ഡലത്തിൽ ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ?

(a) ആലപ്പുഴ ബീച്ച് വിജയാ പാർക്കിൽ ഡി.റ്റി.പി.സി. മുഖേന ഒരു കോടിയോളം രൂപ ചെലവഴിച്ച് വിനോദസഞ്ചാര വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള വേൾഡ് ക്ലാസ് ടോയ്ലെറ്റിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. കിറ്റ്കോ എന്ന ഏജൻസിക്കാണ് ടി പദ്ധതിയുടെ നിർമ്മാണ ചുമതല.

(b) ആലപ്പുഴ ഹെറിറ്റേജ് പദ്ധതി മുഖേന 30 കോടി രൂപയുടെ പദ്ധതികൾ നടപ്പാക്കിവരുന്നു.

(i) Conservation of New Model Coir Society Buildings - Coir Living Museum (The Living Coir Factory)

(ii) Conservation of Coir Corporation Buildings - Coir History Museum.

(iii) Conservation of Coirfed Building - Yarn Museum

(iv) Signage's.

(c) കിഫ്ബി അനുവദിച്ച 122 കോടി രൂപയിൽ ഇതിനകം അനുമതി നൽകിയിട്ടുള്ള 76.47 കോടി രൂപയുടെ ചുവടെചേർത്തിട്ടുള്ള പദ്ധതികൾ ആലപ്പുഴ ഹെറിറ്റേജ് പ്രോജക്ട് മുഖേന നടപ്പാക്കിവരുന്നു.

1. Beach side beautification
2. Conservation of Leo School
3. Gandhi Museum
4. Labour Museum
5. Yarn Museum
6. Canal side Development and Beautification
7. Sea pier
8. William Goodacre
9. Siva Parvathy Temple
10. Balakrishna Temple
11. Hanuman Temple
12. Gujarathi School
13. Marrytime Signaling Museum
14. Gujarathi Heritage Centre
15. K. C. Karunakaran Museum
16. Norton Bungalow
17. SDV School.

വള്ളിക്കുന്നം ചിറ ടൂറിസം പദ്ധതി

150(760) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിലെ വള്ളിക്കുന്നം ചിറ ടൂറിസം പദ്ധതിക്ക് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ?

സംസ്ഥാന സർക്കാരിന്റെ 2021-22-ലേയ്ക്കുള്ള വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II-ൽ ഭരണാനുമതിയില്ലാത്ത മരാമത്തുപണികളിൽ, ക്രമ നമ്പർ 2939-ൽ പ്രസ്തുത പദ്ധതി ഉൾപ്പെട്ടിട്ടുണ്ട്. പദ്ധതി അടങ്കൽ 2 കോടി രൂപയാണ്. ആയതിന്റെ 20% തുകയായ 40 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിലെ താമരക്കുളം വയ്യാങ്കര ചിറ ടൂറിസം പദ്ധതി വിപുലപ്പെടുത്തുന്നതിനും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ വികസന പദ്ധതിയിലുൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

&

(സി) പദ്ധതിക്കാവശ്യമായ തുക അനുവദിക്കുമോ?

(ബി&സി) നടപടി സ്വീകരിക്കാവുന്നതാണ്.

കുറ്റ്യാടി നിയോജകമണ്ഡലത്തിൽ ടൂറിസം വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ

151(761) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിൽ ടൂറിസം വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിവരുന്ന പ്രവൃത്തികൾ ഇനം തിരിച്ച് അറിയിക്കാമോ?

1. പയംകുറ്റിമല ടൂറിസം പദ്ധതി.

2. ലോകനാർക്കാവ് ടൂറിസം പദ്ധതി.

(ബി) ഓരോ പഞ്ചായത്തിലും ടൂറിസം ഡെസ്റ്റിനേഷനുകൾ മെച്ചപ്പെടുത്തുന്നതിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഓരോ പഞ്ചായത്തിലെയും ടൂറിസം സാധ്യതകൾ വിലയിരുത്തി പഞ്ചായത്തിലെ ജനപ്രതിനിധികളുമായി ചർച്ചചെയ്ത് ടൂറിസം ഡെസ്റ്റിനേഷൻ രൂപീകരിച്ച് അവയുടെ അടിസ്ഥാന സൗകര്യവികസനം നടപ്പാക്കും.

(സി) ടൂറിസം ഡെസ്റ്റിനേഷനുകളിൽ സഞ്ചാരികളെ ആകർഷിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതികൾ വിശദീകരിക്കാമോ?

ടൂറിസം കേന്ദ്രങ്ങളിലേയ്ക്ക് സഞ്ചാരികളെ ആകർഷിക്കുന്നതിനായി ഉത്തരവാദിത്ത ടൂറിസം മിഷൻ എക്സ്പീരിയൻഷ്യൽ ടൂർ പാക്കേജുകളായ ഗ്രാമീണ ടൂറിസം പാക്കേജുകളും കൾച്ചറൽ എക്സ്പീരിയൻസ്, കുസീൻ എക്സ്പീരിയൻസ്, ഉത്സവകാല ടൂറിസം പാക്കേജുകൾ, കാർബൺ ന്യൂട്രൽ ടൂറിസം പാക്കേജുകൾ, ലേർണിംഗ് എക്സ്പീരിയൻസ് പാക്കേജുകൾ, എക്സ്പീരിയൻഷ്യൽ സ്റ്റേ എന്നിങ്ങനെ വിവിധതരത്തിലുള്ള ടൂറിസം പാക്കേജുകൾ നടത്തിവരുന്നു. അതാത് സമയത്തെ കോവിഡ് നിയന്ത്രണങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടാണ് പാക്കേജുകൾ നടപ്പാക്കുന്നത്.

(ഡി) ടൂറിസം ഡെസ്റ്റിനേഷനുകളെ ബന്ധിപ്പിക്കുന്ന പുഴകളുടെ തീരങ്ങളിൽ എന്തൊക്കെ പ്രവൃത്തികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പദ്ധതി രൂപരേഖ തയ്യാറാക്കിയതിനുശേഷം മാത്രമേ, വിശദാംശം ലഭ്യമാകുകയുള്ളൂ.

(ഇ) തദ്ദേശീയ ഭക്ഷണരീതികൾ പരിചയപ്പെടുത്തുന്നതിനും പ്രചരിപ്പിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കേരളത്തിന്റെ തനത് വിഭവങ്ങൾ സഞ്ചാരികൾക്ക് പരിചയപ്പെടുത്തുന്നതിനോടൊപ്പംതന്നെ സാധാരണക്കാരായ വീട്ടമ്മമാരെ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ച് വരുമാനം ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ എക്സ്പീരിയൻസ് എത്നിക്/ലോക്കൽ കുസീൻ നെറ്റ്വർക്ക് എന്ന പദ്ധതി ഉത്തരവാദിത്വ ടൂറിസം മിഷൻ നടപ്പാക്കുന്നു.

(എഫ്) കോഴിക്കോട് ജില്ലയിൽ ഏതൊക്കെ പ്രദേശങ്ങളിലാണ് ഉത്തരവാദിത്വ ടൂറിസം പദ്ധതി നടപ്പാക്കുന്നത്; കുറ്റ്യാടി നിയോജകമണ്ഡലത്തിൽ ഉത്തരവാദിത്വ ടൂറിസം പദ്ധതി നടപ്പാക്കുന്ന സ്ഥലങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന വ്യാപകമായി ഉത്തരവാദിത്വ ടൂറിസം മിഷൻ നടത്തിവരുന്ന പരിപാടികളായ യൂണിറ്റ് രൂപീകരണം, ഉത്തരവാദിത്ത ടൂറിസം മിഷനിലെ മൂന്ന് ഓൺലൈൻ പ്ലാറ്റ്ഫോമുകളിലെ രജിസ്ട്രേഷൻ, എക്സ്പീരിയൻസ് എത്നിക്/ ലോക്കൽ കുസീൻ നെറ്റ്വർക്ക് എന്നിവയെല്ലാം കോഴിക്കോട് ജില്ലയിലും നടത്തിവരുന്നു. കൂടാതെ ജില്ലയിലെ കടലുണ്ടി, ഒളവണ്ണ പഞ്ചായത്തുകൾ മാതൃകാ ഉത്തരവാദിത്വ ടൂറിസം പദ്ധതിയും തലക്കുളത്തൂർ, കൂടരഞ്ഞി പഞ്ചായത്തുകൾ പെപ്പർ പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്. കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ തിരുവമ്പാടി,

ക്കുരാച്ചുണ്ട്, വാണിമേൽ, കോടഞ്ചേരി പഞ്ചായത്തുകളിൽ ഉത്തരവാദിത്വ ടൂറിസം സാധ്യതാപഠനം നടത്തുന്നതിനും തീരുമാനമായിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ ഡെസ്റ്റിനേഷനെ അന്താരാഷ്ട്ര ഉത്തരവാദിത്വ ടൂറിസം മാതൃകാ കേന്ദ്രമാക്കുന്നതിനുള്ള പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ പ്രദേശത്ത് ആരംഭിച്ചിട്ടുണ്ട്.

പാറോപ്പടി ജലാശയ പദ്ധതി

152(762) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ സ്വകാര്യ/ പൊതുപങ്കാളിത്തത്തോടുകൂടി നടപ്പാക്കുന്ന വേങ്ങേരി, പേരാവൂർ വില്ലേജിലെ പാറോപ്പടി ജലാശയ പദ്ധതി തയ്യാറാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നറിയിക്കുമോ; എങ്കിൽ തുടർനടപടി സ്വീകരിക്കുമോ?

കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ പാറോപ്പടി ജലാശയ നിർമ്മാണത്തിനായി പദ്ധതികൾ ആരംഭിച്ചിട്ടില്ല. ജില്ലാ കളക്ടർ ചെയർമാനായ ഡി.റ്റി.പി.സി., കോഴിക്കോട് പാറോപ്പടി ജലാശയ നിർമ്മാണവുമായി ബന്ധപ്പെട്ട് കൺസൾട്ടന്റ് തയ്യാറാക്കിയ ഡിസൈനും സാമ്പത്തിക വിശകലനം ഉൾപ്പെടെയുള്ള കൺസപ്റ്റ് റിപ്പോർട്ടും വിനോദസഞ്ചാര വകുപ്പിലേയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. 60 ഏക്കർ സ്ഥലത്താണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഈ പദ്ധതിയുടെ ടൂറിസം സാധ്യതകൾ പരിശോധിച്ചശേഷം തുടർനടപടി സ്വീകരിക്കാവുന്നതാണ്.

പൈതൃക സർക്യൂട്ട്

153(763) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവിതാംകൂറിന്റെ ചരിത്രപ്രാധാന്യം വ്യക്തമാക്കുന്ന സ്ഥലങ്ങളെ കൂട്ടിയിണക്കി പൈതൃക സർക്യൂട്ട് ആരംഭിക്കുന്നതിന് വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; പദ്ധതിയിൽ ആറ്റിങ്ങലും കിളിമാനൂരും ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. തിരുവിതാംകൂറിന്റെ ചരിത്ര പ്രാധാന്യമുള്ള എല്ലാ സ്ഥലങ്ങളും ഉൾപ്പെടുത്തി പദ്ധതി രൂപരേഖ തയ്യാറാക്കാനാണ് ടൂറിസം വകുപ്പ് ലക്ഷ്യമിടുന്നത്. ഇതിനായി ആർക്കിടെക്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആർക്കിടെക്ട് രൂപരേഖ തയ്യാറാക്കിയ ശേഷം മാത്രമേ സർക്യൂട്ടിലുൾപ്പെട്ടിട്ടുള്ള സ്ഥലങ്ങളെപ്പറ്റിയുള്ള വിശദാംശം ലഭ്യമാകുകയുള്ളൂ.

തങ്കശ്ശേരി ബ്രേക്ക് വാട്ടർ പാർക്ക്

154(764) ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം നിയോജകമണ്ഡലത്തിൽ ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കിവരുന്ന തങ്കശ്ശേരി ബ്രേക്ക് വാട്ടർ പാർക്ക് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളിലുണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വൈദ്യുതവൽക്കരണം ഉൾപ്പെടെ പ്രസ്തുത പദ്ധതിയിൽ ശേഷിക്കുന്ന പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ ഇലക്ട്രിക്കൽ വിഭാഗം വൈദ്യുതവൽക്കരണത്തിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. സിവിൽ വർക്കുകളുടെ ഒന്നാം ഘട്ടം 85 ശതമാനവും രണ്ടാം ഘട്ടം 25 ശതമാനവും പൂർത്തീകരിച്ചിട്ടുണ്ട്.

(സി) പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

19-7-2021-ൽ കൊല്ലം എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ കൊല്ലം കോർപ്പറേഷൻ ചേമ്പറിൽ കൂടിയ അവലോകന യോഗത്തിൽ നവംബർ 2021-ഓടുകൂടി പദ്ധതി പൂർത്തീകരിക്കുമെന്ന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചിട്ടുണ്ട്.

അഴീക്കോട് കൈത്തറി ഗ്രാമം - മ്യൂസിയം പദ്ധതി

155(765) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖേന അഴീക്കോട് നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന അഴീക്കോട് കൈത്തറി ഗ്രാമം - മ്യൂസിയം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

അഴിക്കോട് കേന്ദ്രമാക്കി അഴിക്കോട് കൈത്തറി ഗ്രാമം മ്യൂസിയം പദ്ധതിക്കായി 4.50 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഈ പദ്ധതിയിലുൾപ്പെട്ട ഘടകമായ കൈത്തറി മ്യൂസിയം സ്ഥാപിക്കാൻ 80 ലക്ഷം രൂപ ഉൾപ്പെടെയാണ് ഭരണാനുമതി നൽകിയത്. എന്നാൽ മ്യൂസിയം സ്ഥാപിക്കാൻ അനുയോജ്യമായ സ്ഥലം സൗജന്യമായി കണ്ടെത്താൻ കഴിയാത്തതിനാലും പദ്ധതി തുകയുപയോഗിച്ച് ഭൂമി വിലകൊടുത്ത് വാങ്ങാൻ കഴിയാത്തതിനാലും മ്യൂസിയത്തിനായി അനുവദിച്ച

80 ലക്ഷം രൂപ നീക്കിവച്ചുകൊണ്ട് മറ്റ് ഘടകങ്ങൾ പൂർത്തീകരിക്കുകയാണുണ്ടായത്. നിലവിലുള്ള കെട്ടിടങ്ങളുടെ നവീകരണം, വീവിംഗ് ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ, ഇതോടനുബന്ധിച്ചുള്ള ക്ഷേത്രക്കുളം നവീകരണം, നടപ്പാത, ഇരിപ്പിടങ്ങൾ, കോമ്പൗണ്ട് വാൾ, പ്രവേശന കവാടം, മാലിന്യ നിർമ്മാർജ്ജന സൗകര്യം, ലാൻഡ് സ്കേപ്പിംഗ്, സോളാർ ലൈറ്റ് തുടങ്ങിയ ഘടകങ്ങൾ പൂർത്തീകരിച്ചു. ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പാണ് പ്രസ്തുത പദ്ധതിയുടെ എക്സിക്യൂട്ടിംഗ് ഏജൻസി. 3,10,13,608 രൂപ പദ്ധതിക്കായി ചെലവഴിച്ചു.

(ബി) പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

മ്യൂസിയം സ്ഥാപിക്കൽ ഒഴികെയുള്ള ഘടകങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. സ്ഥല ലഭ്യതയനുസരിച്ച് മാത്രമേ മ്യൂസിയം സ്ഥാപിക്കാൻ സാധിക്കുകയുള്ളൂ.

എല്ലാ പഞ്ചായത്തിലും ഒരു വിനോദസഞ്ചാര കേന്ദ്രം

156(766) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തിലും ഒരു വിനോദസഞ്ചാര കേന്ദ്രം സ്ഥാപിക്കുകയെന്ന ലക്ഷ്യത്തോടെ വകുപ്പ് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ?

പഞ്ചായത്തിൽ ഒരു വിനോദസഞ്ചാര കേന്ദ്രം വികസിപ്പിക്കുക എന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് ഈ വിഷയത്തിൽ പരിശീലനം നൽകുന്നതിനുവേണ്ട പ്രാരംഭ നടപടികളാരംഭിച്ചിട്ടുണ്ട്.

(ബി) പഞ്ചായത്തടിസ്ഥാനത്തിൽ ഇവയുടെ മുൻഗണന നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിർണ്ണയിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

മേൽനടപടികൾ പൂർത്തിയാക്കിയതിനുശേഷം ടൂറിസം സാധ്യതയുടെ അടിസ്ഥാനത്തിൽ പരിഗണിക്കാവുന്നതാണ്.

ആശ്രാമം പൈതൃകവീഥി

157(767) ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം നിയോജകമണ്ഡലത്തിലെ ആശ്രാമം മൈതാനത്ത് ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിവരുന്ന പൈതൃകവീഥി പദ്ധതിയുടെ പ്രവർത്തനങ്ങൾ നിലച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കൊല്ലം കോർപ്പറേഷന്റെ ഭാഗത്തുനിന്നും സ്റ്റോപ്പ് മെമ്മോ നൽകിയതിനാൽ പദ്ധതിയുടെ പ്രവർത്തനങ്ങൾ നിലച്ച അവസ്ഥയിലായിരുന്നു. 19-7-2021-ൽ കൊല്ലം എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ കൊല്ലം കോർപ്പറേഷൻ ചേമ്പറിൽ കൂടിയ അവലോകനയോഗത്തിൽ പദ്ധതിയുടെ നിലവിലെ അവസ്ഥ ചർച്ച ചെയ്യുകയും പദ്ധതി പുനരാരംഭിക്കുന്നതിനുള്ള എല്ലാ സഹകരണങ്ങളും കോർപ്പറേഷന്റെ ഭാഗത്തുനിന്നും ഉണ്ടായിരിക്കുമെന്ന് ഉറപ്പ് ലഭിക്കുകയും ചെയ്തു. പദ്ധതി എത്രയും വേഗം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

കോടിമത – കച്ചേരിക്കടവ് ടൂറിസം പദ്ധതി

158 (768) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടിമത-കച്ചേരിക്കടവ് ടൂറിസം പദ്ധതിയുടെ രണ്ടാം ഘട്ടത്തിനു വേണ്ടി ഫണ്ട് അനുവദിച്ചിട്ടുണ്ടോ?

അനുവദിച്ചിട്ടില്ല.

(ബി) ഉണ്ടെങ്കിൽ ടെണ്ടർ നടപടികൾ ആരംഭിച്ചോ;

&

(സി) ഇല്ലെങ്കിൽ എന്നത്തേയ്ക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

(ബി&സി) ബാധകമല്ല.

സരോവരം പാർക്ക് മൂന്നാം ഘട്ടം

159(769) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് നോർത്ത്/സൗത്ത് നിയോജകമണ്ഡലത്തിലുൾപ്പെടുന്ന സരോവരം പാർക്ക് മൂന്നാം ഘട്ടം നടപ്പിലാക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

വിനോദസഞ്ചാരം, റവന്യൂ, ഇറിഗേഷൻ, ജല അതോറിറ്റി എന്നീ വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിൽ കോഴിക്കോട് കോർപ്പറേഷൻ മുഖേന സരോവരം പാർക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

ബേക്കൽ ടൂറിസം പദ്ധതി

160(770) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേക്കൽ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര റിസോർട്ടുകളാണ് പാട്ടത്തിന് നൽകിയിട്ടുള്ളത്; വിശദാംശം അറിയിക്കാമോ?

ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ (ബി.ആർ.ഡി.സി.) അധീനതയിലുള്ള ചുവടെപ്പറയുന്ന അഞ്ച് റിസോർട്ട് സൈറ്റുകളാണ് പാട്ടത്തിന് നൽകിയിട്ടുള്ളത്.

1. താജ് ബേക്കൽ റിസോർട്ട് & സ്പാ
2. ലളിത് റിസോർട്ട് & സ്പാ
3. ഗ്രീൻ ഗേറ്റ് വേ ലിഷർ ലിമിറ്റഡ്, തിരുവനന്തപുരം (റിസോർട്ട് സൈറ്റ് നമ്പർ 2)
4. ഗ്ലോബ് ലിങ്ക് ഹോട്ടൽസ് & എന്റർടെയിൻമെന്റ് (പ്രൈവറ്റ്) ലിമിറ്റഡ്, ജാംഷഡ്പൂർ (റിസോർട്ട് സൈറ്റ് നമ്പർ 4)
5. ഹോളിഡേ ഗ്രൂപ്പ് ഓഫ് കമ്പനീസ്, എറണാകുളം (റിസോർട്ട് സൈറ്റ് നമ്പർ 7).

(ബി) റിസോർട്ടുകൾ ഏറ്റെടുത്ത ഉടമകൾ കൃത്യമായി പാട്ടതുക നൽകുന്നുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) എത്ര തുക കുടിശ്ശികയായി നൽകാനുണ്ടെന്ന് ഇനം തിരിച്ച് വിശദമാക്കാമോ;

&

(ഡി) പാട്ടത്തുക പിരിച്ചെടുക്കുന്നതിന് എന്തെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാശം അറിയിക്കാമോ?

(ബി-ഡി) ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ അധീനതയിലുള്ള ആകെ 6 റിസോർട്ട് സൈറ്റുകളിൽ, പാട്ടകരാർ വ്യവസ്ഥയിൽ പാട്ടത്തിന് നൽകപ്പെട്ട 5 റിസോർട്ട് സൈറ്റുകളിൽ,

1. താജ് ബേക്കൽ റിസോർട്ട് & സ്പാ -

കൃത്യമായി പാട്ടത്തുക അടയ്ക്കാറുണ്ട്.

2. ലളിത് റിസോർട്ട് & സ്പാ, ഉദുമ

പാട്ടത്തുക കുടിശ്ശികയായി 2,62,72,555 രൂപ നൽകാനുണ്ട്. കുടിശ്ശിക ഒടുക്കാനഭ്യർത്ഥിച്ച് ബി.ആർ.ഡി.സി. നോട്ടീസ് നൽകിയിട്ടുണ്ട്.

3. റിസോർട്ട് സൈറ്റ് നമ്പർ 2

ഗ്രീൻ ഗേറ്റ് വേ ലിഷർ ലിമിറ്റഡ്, തിരുവനന്തപുരം - ഈ റിസോർട്ട് നിർമ്മാതാക്കളിൽനിന്നും കിട്ടേണ്ടതായ പാട്ടതുകയും പലിശയുമുൾപ്പെടെയുള്ള കുടിശ്ശികയായ 10,35,60,242 രൂപയ്ക്ക് റവന്യൂ റിക്കവറി നടപടികളാരംഭിച്ചിട്ടുണ്ട്.

4. റിസോർട്ട് സൈറ്റ് നമ്പർ 4

ഗ്ലോബ് ലിങ്ക് ഹോട്ടൽസ് & എന്റർടെയിൻമെന്റ് (പ്രൈവറ്റ്) ലിമിറ്റഡ്, ജാംഷഡ്പൂർ-റിസോർട്ട് നിർമ്മാതാവിൽനിന്നും കിട്ടേണ്ടതായ പാട്ടതുകയും പലിശയുമുൾപ്പെടെയുള്ള കുടിശ്ശികയായ 3,46,93,227- രൂപയ്ക്ക് റവന്യൂ റിക്കവറി നടപടി സ്വീകരിച്ചതിനെതുടർന്ന് 17-6-2021-ന് പാട്ട കുടിശ്ശിക തീർക്കുകയുണ്ടായി.

5. റിസോർട്ട് സൈറ്റ് നമ്പർ 7

ഹോളിഡേ ഗ്രൂപ്പ് ഓഫ് കമ്പനീസ്, എറണാകുളം - റിസോർട്ട് നിർമ്മാതാവിൽനിന്നും കിട്ടേണ്ടതായ പാട്ടതുകയും പലിശയുമുൾപ്പെടെയുള്ള രൂപ 4,85,91,964 കുടിശ്ശികയ്ക്ക് റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുണ്ട്.

മലപ്പുറം കോട്ടക്കുന്ന് ടൂറിസം കേന്ദ്രത്തിൽ മണ്ണിടിച്ചിൽ

161(771) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം കോട്ടക്കുന്ന് ടൂറിസം കേന്ദ്രത്തിൽ വിനോദസഞ്ചാരികളുടെയും പരിസരവാസികളുടെയും ജീവന് അപകടകരമായതരത്തിലുണ്ടായിട്ടുള്ള മണ്ണിടിച്ചിൽ ഭീഷണി നേരിടുന്നതിന് സ്വീകരിച്ച നടപടി വിശദീകരിക്കാമോ?

കോട്ടക്കുന്നിൽ പാർക്കിലും പരിസരപ്രദേശങ്ങളിലും ഉരുൾപൊട്ടലും മണ്ണിടിച്ചിലുമുണ്ടായ സാഹചര്യത്തിൽ 2-9-2019-ന് ചേർന്ന ഡി.റ്റി.പി.സി. എക്സിക്യൂട്ടീവ് കമ്മറ്റിയുടെ തീരുമാനപ്രകാരം കോട്ടക്കുന്നിൽ പാർക്കിലും പരിസരപ്രദേശങ്ങളിലും ശാസ്ത്രീയപഠനം നടത്തുന്നതിന് സെന്റർ ഫോർ സോഷ്യൽ & റിസോഴ്സ് ഡെവലപ്മെന്റ് എന്ന ഏജൻസിയെ നിയോഗിച്ചു. ആയതുപ്രകാരം പ്രസ്തുത ഏജൻസി വിശദമായ

പഠനംനടത്തി ഉരുൾപൊട്ടലുണ്ടായതിന്റെ കാരണങ്ങളും പ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും ഉൾപ്പെടുത്തിയ റിപ്പോർട്ട് (പ്രസന്റേഷൻ സഹിതം) 14-1-2020-ന് ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സമർപ്പിച്ചു. ഇതുമായി ബന്ധപ്പെട്ട തുടർപ്രവൃത്തികൾ സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സെന്റർ ഫോർ സോഷ്യൽ & റിസോഴ്സ് ഡെവലപ്മെന്റിന് കത്ത് നൽകിയതുപ്രകാരം സ്കച്ചറൽ സർവ്വേ നടത്തി ആവശ്യമായ പ്രവൃത്തികൾ ചെയ്യേണ്ടതാണെന്നും ഏകദേശം 3 കോടി രൂപ ചെലവുവരുമെന്നും അറിയിച്ചിട്ടുണ്ട്. ഈ പ്രവൃത്തി കോട്ടക്കുന്ന് പാർക്കിൽ മാത്രമല്ല അനുബന്ധ പ്രദേശങ്ങളിലും ഡ്രെയിനേജ് അടക്കമുള്ള പ്രവൃത്തികളുൾപ്പെടുത്തി ചെയ്യേണ്ടതാണെന്നും അറിയിച്ചിട്ടുണ്ട്. ആയതുപ്രകാരം 27-4-2020-ന് മലപ്പുറം മുൻസിപ്പൽ സെക്രട്ടറിക്ക് വിശദമായ ശാസ്ത്രീയ റിപ്പോർട്ട് നൽകുകയും റിപ്പോർട്ട് പ്രകാരം തുടർപ്രവൃത്തികൾക്കായുള്ള നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2020-ൽ മഴക്കാലത്തിന് മുന്നോടിയായി അപകട സാധ്യതയുള്ള ഡി.ടി.പി.സി.-യുടെ സ്ഥലത്ത് മണ്ണൊലിപ്പ് തടയുന്നതിനാവശ്യമായ മുളകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. കൂടാതെ മണ്ണിടിച്ചിലിനുശേഷം കോട്ടക്കുന്ന് പാർക്കിലെ മഴക്കുഴി മണ്ണിട്ട് നികത്തുകയും ചെയ്തു. അതിന് സമീപത്തുകൂടി മണ്ണ് മൂടികിടന്ന ഓവുചാൽ പുതുക്കി നിർമ്മിച്ചിട്ടുണ്ട്. തെക്ക് കിഴക്കുഭാഗത്ത് കുതിച്ചൊഴുകിയിരുന്ന മഴ വെള്ളം വരമ്പ് നിർമ്മിച്ച് ഒഴുകിപ്പോകുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. താഴെ പ്രധാന തോട്ടങ്ങളിലെ മൺതിട്ടകൾ പൊളിച്ചുമാറ്റി വെള്ളം തടഞ്ഞുനിർത്തുന്നത് ഒഴിവാക്കുകയും മുൻകാലങ്ങളിൽ വെള്ളം ഒഴുകിപ്പോകുന്നതിന് നിർമ്മിച്ച പൈപ്പുകൾ അറ്റകുറ്റപ്പണികൾ ചെയ്തിട്ടുമുണ്ട്.

(ബി) മണ്ണിടിച്ചിൽ ഭീഷണി നേരിടുന്ന ഭാഗങ്ങളിൽ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദീകരിക്കാമോ?

സെന്റർ ഫോർ സോഷ്യൽ & റിസോഴ്സ് ഡെവലപ്മെന്റ് സമർപ്പിച്ച ശാസ്ത്രീയ പഠന റിപ്പോർട്ട് പ്രകാരം സ്കച്ചറൽ എഞ്ചിനീയറുടെ നേതൃത്വത്തിൽ സർവ്വേ നടത്തി തുടർപ്രവൃത്തികൾ ചെയ്യേണ്ടതാണെന്നും ഇതിന് ഏകദേശം 3 കോടി രൂപയ്ക്കുമേൽ തുക ആവശ്യമായി വരുമെന്നും കണക്കാക്കിയിട്ടുണ്ട്.

(സി) ചരിത്ര പ്രാധാന്യമുള്ള കേന്ദ്രത്തിൽ സഞ്ചാരികളെ ആകർഷിക്കുന്നതിന് കൂടുതൽ ടൂറിസം പദ്ധതികൾ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ?

പരിശോധിക്കാവുന്നതാണ്.

പിൽഗ്രിം ടൂറിസം

162(772) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ക്ഷേത്രം, പാലയൂർ സെന്റ് തോമസ് ചർച്ച്, മണത്തല ജുമാ മസ്ജിദ് തുടങ്ങിയ തീർത്ഥാടന കേന്ദ്രങ്ങളുൾപ്പെടുത്തി പിൽഗ്രിം ടൂറിസം പദ്ധതി പരിഗണനയിലുണ്ടോ; വിവരങ്ങൾ ലഭ്യമാക്കാമോ;

&

(ബി) വളരെയധികം ജനങ്ങൾ തീർത്ഥാടനത്തിനുവരുന്ന പ്രസ്തുത പ്രദേശത്ത് പിൽഗ്രിം ടൂറിസം പദ്ധതി നടപ്പാക്കുന്നത് പരിഗണിക്കുമോ?

(എ&ബി) നിലവിൽ പരിഗണനയിലില്ല. സാധ്യത പരിഗണിക്കാവുന്നതാണ്.

(സി) മുസിരിസ് പൈതൃക പദ്ധതിയിൽ ഗുരുവായൂർ നിയോജകമണ്ഡലത്തിൽ നടത്തുന്ന പദ്ധതികൾ വിശദീകരിക്കാമോ?

മുസിരിസ് പൈതൃക പദ്ധതിയുടെ പരിധിയിൽ ഗുരുവായൂർ മണ്ഡലം ഉൾപ്പെടുന്നില്ല.

തലശ്ശേരി നിയോജകമണ്ഡലത്തിൽ ടൂറിസം വകുപ്പിന്റെ കിഫ്ബി പദ്ധതികൾ

163(773) ശ്രീ. എ. എൻ. ഷംസീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിൽ ടൂറിസം വകുപ്പ് കിഫ്ബി മുഖാന്തരം നടപ്പാക്കുന്ന പദ്ധതികളുടെ നിലവിലുള്ള അവസ്ഥയെന്താണെന്ന് വ്യക്തമാക്കാമോ?

തലശ്ശേരി നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പാക്കുന്ന പദ്ധതികൾക്ക് 145.541 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. 14 ഘടകങ്ങൾ വീതമുള്ള രണ്ട് ഘട്ടങ്ങളായാണ് പദ്ധതി നടപ്പാക്കുന്നത്. ഒന്നാം ഘട്ടത്തിന് 40.95 കോടി രൂപയുടെ അനുമതിയാണ് കിഫ്ബി നൽകിയിട്ടുള്ളത്. ആദ്യ ഘട്ടത്തിലെ പതിനാല് ഘടകങ്ങളിൽ 5 ഘടകങ്ങളുടെ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി കരാറുകാരുമായി എഗ്രിമെന്റിലേർപ്പെട്ടിട്ടുണ്ട്. രണ്ട് ഘടകങ്ങൾക്ക് കരാറുകാരെ തെരഞ്ഞെടുത്തുകൊണ്ടുള്ള നോട്ടീസ് നൽകിയിട്ടുണ്ട്. 7 ഘടകങ്ങളുടെ ടെണ്ടർ നടപടികൾ ആരംഭിച്ചു. രണ്ടാം ഘട്ടത്തിന് 37.212 കോടി രൂപയുടെ അനുമതിയാണ് കിഫ്ബി നൽകിയിട്ടുള്ളത്. രണ്ടാം ഘട്ടത്തിലെ 14 ഘടകങ്ങളിൽ 7 ഘടകങ്ങളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുവരുന്നു. രണ്ട് ഘടകങ്ങളുടെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ള 5 ഘടകങ്ങളുടെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടില്ല.

(ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കാൻ ഇനി എന്തെല്ലാം നടപടി ക്രമങ്ങളാണുള്ളതെന്നും ആയത് അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

ടെണ്ടർ നടപടികൾ ആരംഭിക്കാനുള്ള എൻ.ഒ.സി.-യും മറ്റ് ഡോക്യുമെന്റുകളും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആയത് ലഭിക്കുന്നമുറയ്ക്ക് ഈ ഘടകങ്ങളും ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കും. ടെണ്ടർ ഘട്ടത്തിലുള്ള ഘടകങ്ങളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണപ്രവൃത്തികൾ സമയ ബന്ധിതമായി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ദേശീയ വിദ്യാഭ്യാസ നയവും പാഠ്യപദ്ധതി പരിഷ്കരണവും

164 (774) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. എം. വിജിൻ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മതേതര-ജനാധിപത്യ ബോധവും ഉന്നത ധാർമ്മികമൂല്യങ്ങളും പകർന്നുനൽകുന്നതും ശാസ്ത്രീയവീക്ഷണത്തിന് അടിത്തറ പാകുന്നതുമായിരിക്കണം ഒരു ജനാധിപത്യക്രമത്തിൽ പൊതുവിദ്യാഭ്യാസം എന്ന കാഴ്ചപ്പാടോടെയാണോ സംസ്ഥാനത്ത് പാഠ്യപദ്ധതിക്ക് രൂപം നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

മതേതര- ജനാധിപത്യബോധവും ഉന്നത ധാർമ്മികമൂല്യങ്ങളും പകർന്നു നൽകുന്നതും ശാസ്ത്രീയവീക്ഷണത്തിന് അടിത്തറ പാകുന്നതുമായിരിക്കണം ഒരു ജനാധിപത്യക്രമത്തിൽ പൊതുവിദ്യാഭ്യാസം എന്ന കാഴ്ചപ്പാടോടെയാണ് സംസ്ഥാനത്ത് കരിക്കുലം രൂപപ്പെടുത്തിയിട്ടുള്ളത്. കേരളത്തിൽ ഇപ്പോൾ പിന്തുടരുന്ന 'കേരള പാഠ്യപദ്ധതി ചട്ടക്കൂട് (2007)' ഇക്കാര്യം പൂർണ്ണമായി ഉറപ്പ് വരുത്തുന്നുമുണ്ട്. മതനിരപേക്ഷ ജനാധിപത്യ വിദ്യാഭ്യാസം ലക്ഷ്യമാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ വിദ്യാലയത്തിലെ മുഴുവൻ പ്രവർത്തനങ്ങളുമായും ഉൾച്ചേർന്നുകൊണ്ട് പ്രക്രിയാ ബന്ധിതമായിട്ടാണ് നടപ്പാക്കിവരുന്നത്. പാഠപുസ്തകങ്ങൾ, ഇതര പഠനസാമഗ്രികൾ, പഠനരീതി, പഠനാന്തരീക്ഷം എന്നീ സമസ്തമേഖലകളിലും ഇത് ഉറപ്പുവരുത്തിയിട്ടുണ്ട്.

(ബി) പാഠ്യപദ്ധതി രൂപീകരണത്തിൽ സംസ്ഥാനങ്ങളുടെ അധികാരം കവർന്നുകൊണ്ട് കേന്ദ്രം നിശ്ചയിക്കുന്ന പാഠ്യപദ്ധതി നടപ്പാക്കാൻ എൻ.സി.ഇ.ആർ.ടി. സംസ്ഥാനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ദേശീയ വിദ്യാഭ്യാസ നയത്തിനെ (2020) ആസ്പദമാക്കി പാഠ്യപദ്ധതി ചട്ടക്കൂട് രൂപീകരിക്കാനുള്ള പ്രവർത്തനങ്ങൾ കേന്ദ്രം ആരംഭിച്ചിട്ടുണ്ട്. അതിനായി തയ്യാറാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടും സംസ്ഥാന പാഠ്യപദ്ധതി ചട്ടക്കൂടും രൂപീകരിക്കുന്നത് കേന്ദ്രത്തിന്റെ മേൽനോട്ടത്തിലാണ്. കേന്ദ്രം തയ്യാറാക്കുന്ന പ്ലാറ്റ്ഫോമിൽ അവർ തയ്യാറാക്കുന്ന ഉപാധികളും ഉപകരണങ്ങളും പ്രയോജനപ്പെടുത്തിയാണ് സംസ്ഥാനത്ത് പാഠ്യപദ്ധതി ചട്ടക്കൂട് രൂപീകരിക്കേണ്ടത്. അതുകൊണ്ടുതന്നെ സംസ്ഥാന പാഠ്യപദ്ധതി ചട്ടക്കൂട് രൂപീകരണത്തിൽ കേന്ദ്രത്തിന്റെ ഇടപെടലും സ്വാധീനവും വളരെയധികമാണ്.

(സി) ഏകപക്ഷീയമായി പ്രഖ്യാപിച്ച ദേശീയ വിദ്യാഭ്യാസ നയവും പാഠ്യപദ്ധതി പരിഷ്കരണവും സൃഷ്ടിക്കുന്ന ആശങ്ക കണക്കിലെടുത്ത് ഇക്കാര്യങ്ങളിൽ സംസ്ഥാന സർക്കാരിന്റെ നിലപാട് കേന്ദ്ര സർക്കാരിനോട് വ്യക്തമാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ?

ദേശീയ വിദ്യാഭ്യാസ നയം (കരട്) പ്രസിദ്ധീകരിച്ച വേളയിൽ ഇത് സൃഷ്ടിക്കാവുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ 2019-ൽ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ കരട് പ്രസിദ്ധീകരിക്കുകയും അത് ചർച്ച ചെയ്ത് നിർദ്ദേശങ്ങൾ അറിയിക്കാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു. പ്രസ്തുത നയം എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ വിശദമായി ചർച്ച ചെയ്യുകയും ആശങ്കകൾ സംസ്ഥാനം വഴി കേന്ദ്രത്തെ യഥാസമയം അറിയിക്കുകയും ചെയ്തിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ മേഖലയിലെ പഠന നിലവാരം

165 (775) ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. കെ. എം. സച്ചിൻദേവ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ മേഖലയിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വിദ്യാർത്ഥികൾ നിശ്ചിത പഠനനിലവാരം പുലർത്തുന്നതിലും അവർക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്നതിലും കേരളം കൈവരിച്ച നേട്ടങ്ങളെ സംബന്ധിച്ച് ദേശീയതലത്തിൽ എന്തെങ്കിലും പഠനങ്ങൾ നടത്തിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ദേശീയ പഠന നേട്ട സർവ്വേയിലും (National Achievement Survey) സുസ്ഥിര വികസന സൂചിക (Sustainable Development Index) അനുസരിച്ചും നീതി ആയോഗ് നടത്തുന്ന വിലയിരുത്തലിലും കേരളം എല്ലാവർക്കും ഗുണനിലവാരമുള്ള

വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിൽ മുൻനിര സംസ്ഥാനമാണ്. ദേശീയ പഠന നേട്ട സർവ്വേ പ്രകാരം (NAS-National Achievement Survey) കേരളത്തിലെ കുട്ടികളുടെ പഠന നിലവാരം ദേശീയ നിലവാരത്തേക്കാൾ കൂടുതലാണ്. മൂന്ന്, അഞ്ച്, എട്ട് ക്ലാസ്സുകളിൽ ഭാഷ, ഗണിതം, പരിസര പഠനം, സാമൂഹ്യ ശാസ്ത്രം, ശാസ്ത്രം എന്നീ വിഷയങ്ങളിലാണ് പഠനം നടത്തിയത്. കേരളത്തിലെ 95 ശതമാനത്തിലധികം കുട്ടികളും സ്കൂളിൽ വരാൻ ഇഷ്ടപ്പെടുന്നവരാണെന്ന് സർവ്വേ ചൂണ്ടിക്കാണിക്കുന്നു.

(ബി) സംസ്ഥാനത്തെ പൊതുമേഖലയിലും സ്വകാര്യ-സ്വാശ്രയ മേഖലയിലുമുള്ള വിദ്യാർത്ഥി പ്രവേശനത്തിന്റെയും വിജയ ശതമാനത്തിന്റെയും കണക്കുകൾ സർക്കാർ പരിശോധിക്കാറുണ്ടോയെന്ന് വ്യക്തമാക്കുമോ?

പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമുള്ള വിദ്യാർത്ഥി പ്രവേശനത്തിന്റെയും വിജയശതമാനത്തിന്റെയും കണക്കുകൾ അതാത് സന്ദർഭങ്ങളിൽ സർക്കാർ പരിശോധിക്കാറുണ്ട്.

(സി) പൊതുവിദ്യാഭ്യാസ മേഖലയിലേയ്ക്ക് വിദ്യാർത്ഥികളെ കൂടുതലായി ആകർഷിക്കുന്നതിന്റെ പ്രധാന ഘടകങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്നപേരിൽ നടപ്പാക്കിയ പ്രത്യേക പദ്ധതികളാണ് പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് പുത്തൻ ഉണർവ് നൽകിയത്. സംസ്ഥാനത്തെ എല്ലാ പൊതുവിദ്യാലയങ്ങളും ഹൈടെക് ആക്കുകയും അക്കാദമികവും ഭൗതികവുമായ സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്തതോടെയാണ് പൊതുവിദ്യാലയങ്ങൾ ആകർഷകമായത്. യോഗ്യതയുള്ള അദ്ധ്യാപകർ, മികച്ച പാഠ്യപദ്ധതി, മെച്ചപ്പെട്ട പശ്ചാത്തല സൗകര്യം, മികച്ച ലാബുകൾ, ലൈബ്രറികൾ, ഡിജിറ്റൽ പ്ലാറ്റ്ഫോം അടക്കമുള്ള മികച്ച പഠനാന്തരീക്ഷം പാഠപുസ്തകങ്ങളുടെ സമയബന്ധിതമായ വിതരണം, പരീക്ഷകളുടെ കൃത്യമായ നടത്തിപ്പ്, കലാകായിക പഠനത്തിനും അവതരണത്തിനുമുള്ള അവസരം, എൻ.എസ്.എസ്., സ്കൗട്ട്, എസ്.പി.സി. തുടങ്ങിയ സാമൂഹിക ഗ്രൂപ്പുകൾ ഉറപ്പുവരുത്തുന്നതിനുള്ള അവസരങ്ങളുമുണ്ട്.

(ഡി) കോവിഡിന്റെ പ്രത്യേക സാഹചര്യത്തിൽ എല്ലാ വിദ്യാർത്ഥികളിലും ഓൺലൈൻ വിദ്യാഭ്യാസം എത്തിക്കുന്നതിനായി നടത്തിവരുന്ന ശ്രമങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

ഓൺലൈൻ ക്ലാസുകൾ ആരംഭിക്കുമ്പോൾ അത് എല്ലാ കുട്ടികൾക്കും ഒരുപോലെ പ്രയോജനപ്പെടുന്ന വിധത്തിലാണ് ക്രമീകരിക്കുന്നത്. ഇതിന്റെ ഭാഗമായി ആദിവാസി മേഖലയിലേതുൾപ്പെടെ എല്ലാ കുട്ടികൾക്കും ഉപകരണങ്ങളും കണക്ടിവിറ്റിയും ഒരുക്കാനുള്ള ശ്രമങ്ങൾക്ക് പ്രഥമപരിഗണന നൽകിയുള്ള പ്രവർത്തനങ്ങൾ

ആരംഭിച്ചിട്ടുണ്ട്. പൊതുവിദ്യാലയങ്ങളിൽ 1 മുതൽ 12 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 2021-22 അദ്ധ്യയന വർഷത്തിൽ ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി പ്രവർത്തനങ്ങൾ ആരംഭിക്കുകയും നെറ്റ് പ്രശ്നമുള്ളയിടങ്ങളിൽ പ്രാദേശിക പഠനകേന്ദ്രങ്ങൾ സജ്ജീകരിച്ച് കമ്പ്യൂട്ടറിൽ ക്ലാസ്സുകൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഒപ്പംതന്നെ ആവശ്യാനുസരണം ക്ലാസ്സുകൾ കാണാൻ യു ട്യൂബിലും എല്ലാ ക്ലാസ്സുകളും ലഭ്യമാക്കിയിട്ടുണ്ട്. ഡിജിറ്റൽ പശ്ചാത്തല സൗകര്യവും നെറ്റ് കണക്റ്റിവിറ്റിയും ഉറപ്പുവരുത്തുന്നതിന് പ്രത്യേക പദ്ധതി നടപ്പാക്കിവരുന്നുണ്ട്.

പൊതുവിദ്യാഭ്യാസ സംരക്ഷണ പദ്ധതികൾ

166 (776) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി എന്തെല്ലാം പദ്ധതികളാണ് വിദ്യാലയങ്ങളിൽ നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ?

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ പൊതുവിദ്യാലയങ്ങളെ ജനകീയ പങ്കാളിത്തത്തോടെ സംരക്ഷിക്കുകയും ഏറ്റവും മികച്ച വിദ്യാലയങ്ങളായി മാറ്റിയെടുക്കുകയും ചെയ്യുന്നു. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമെന്ന കാഴ്ച്ചപ്പാടിനെ ജനകീയമാക്കി. പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി വിദ്യാലയങ്ങളിൽ താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പാക്കിവരുന്നത്.

അടിസ്ഥാന സൗകര്യവികസനം

പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി 141 സ്കൂളുകൾക്ക് 5 കോടി രൂപവീതവും 386 സ്കൂളുകൾക്ക് 3 കോടി രൂപവീതവും 446 സ്കൂളുകൾക്ക് 1 കോടി രൂപവീതവും എയ്ഡഡ് വിദ്യാലയങ്ങൾക്ക് ചാലഞ്ച് ഫണ്ടും 59 വിദ്യാലയങ്ങൾക്ക് നബാർഡ് സ്കീമിൽ 104 കോടി രൂപയും പ്ലാൻ ഫണ്ടിലൂടെ 1100-ഓളം വിദ്യാലയങ്ങളിൽ ഭൗതിക സൗകര്യ വികസനത്തിനും നടപടി സ്വീകരിച്ചു. 5 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെട്ട 108 സ്കൂളുകൾക്ക് കെട്ടിടങ്ങളും 3 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെട്ട 77 സ്കൂളുകൾക്ക് കെട്ടിടങ്ങളും നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തു. ശേഷിക്കുന്ന സ്കൂളുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്.

സാങ്കേതികവിദ്യ

പൊതുവിദ്യാലയങ്ങളുടെ ഐ.ടി. ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എട്ട് മുതൽ പന്ത്രണ്ടുവരെ ക്ലാസുകളുള്ള 4752 സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഹൈടെക് സ്കൂൾ പദ്ധതിയും ഒന്നു മുതൽ ഏഴുവരെ ക്ലാസുകളുള്ള 11257 സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഹൈടെക് ലാബ് പദ്ധതിയും നടപ്പാക്കി. പ്രസ്തുത പദ്ധതികളനുസരിച്ച് സംസ്ഥാനത്തെ 16009 സ്കൂളുകളിലായി 119051 ലാപ്ടോപ്പ്, 69955 പ്രൊജക്ടർ, 43250 പ്രൊജക്ടർ മൗണ്ടിംഗ് കിറ്റ്, 23098 സ്ക്രീൻ, 4545 നാല്പത്തിമൂന്ന് ഇഞ്ച് ഫുൾ എച്ച്.ഡി. എൽ.ഇ.ഡി. ടെലിവിഷൻ, 4609 മൾട്ടിഫങ്ഷൻ പ്രിന്റർ, 4578 ഡി.എസ്.എൽ.ആർ. ക്യാമറ, 4720 ഫുൾ എച്ച്.ഡി. വെബ്ക്യാം, 100439 യു.എസ്.ബി. സ്പീക്കർ എന്നിവ വിതരണം ചെയ്തു. ഉപകരണങ്ങൾ ലഭ്യമാക്കിയതിനൊപ്പം ഡിജിറ്റൽ പഠന വിഭവങ്ങളും അദ്ധ്യാപകർ, രക്ഷിതാക്കൾ, വിദ്യാർത്ഥികൾ എന്നിവർക്ക് പ്രത്യേക പരിശീലനവും നൽകി.

അക്കാദമികം

സ്കൂളിന്റെ സമഗ്രവികസനം കണ്ടുകൊണ്ട് അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കി. ഗുണത ഉറപ്പാക്കാൻ വൈവിധ്യമാർന്ന അക്കാദമിക പ്രവർത്തനങ്ങൾ നടത്തി. ഭാഷാ വികാസത്തിനായി പഠനപിന്തുണ ആവശ്യമുള്ള കുട്ടികൾക്കായി മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, സുരീലി ഹിന്ദി തുടങ്ങിയ പ്രവർത്തനങ്ങൾ, ഗണിതശാസ്ത്രം, സാമൂഹ്യശാസ്ത്രം, ശാസ്ത്രം, കാലാകായികം തുടങ്ങി എല്ലാ മേഖലകളിലും സർവ്വതല സ്പർശിയായ പ്രവർത്തനങ്ങൾ നടത്തി. വിവിധ ഏജൻസികൾ നടത്തുന്ന പഠന പിന്തുണ പ്രവർത്തനങ്ങൾക്കായി 'ശ്രദ്ധ' എന്ന പൊതു പ്ലാറ്റ്ഫോം രൂപപ്പെടുത്തി. ശാസ്ത്രമേഖലയിൽ ജനകീയ ഗണിതോത്സവം, ശാസ്ത്രപഥം എന്നീ പദ്ധതികൾ. സെക്കണ്ടറി തലത്തിലെ ഇംഗ്ലീഷ് ഭാഷാ പഠനം മെച്ചപ്പെടുന്നതിന് ലക്ഷ്യമിട്ട് ഗവേഷണാടിസ്ഥാനത്തിൽ 'റെലീഷ് ഇംഗ്ലീഷ്' എന്ന പദ്ധതി'. ഇംഗ്ലീഷ് ഭാഷാ പഠനത്തിന്റെ കാര്യത്തിൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ ഇ ക്യൂബ് (E^3) പദ്ധതി എന്നിവ നടപ്പിലാക്കി. കുട്ടികളിലെ വ്യത്യസ്തങ്ങളായ പ്രതിഭകളെ കണ്ടെത്താനും അവ പരിപോഷിപ്പിക്കാനുംവേണ്ടി 'ടാലന്റ് ലാബ്', വിദ്യാലയങ്ങളിൽ കുട്ടികളുടെ സർഗ്ഗശേഷി വർദ്ധിപ്പിക്കാൻ 'സർഗ്ഗവിദ്യാലയ' പദ്ധതി, ദൃശ്യ പരിമിതിയുള്ള കുട്ടികൾക്കായി ഓഡിയോ പാഠങ്ങൾ, കുട്ടികളെ അക്കാദമികമായി സഹായിക്കാനും അവർക്കുണ്ടാകുന്ന വ്യക്തിപരമായ പ്രശ്നങ്ങളടക്കം മനസ്സിലാക്കി പരിഹരിക്കാനും സഹായകമായ 'മെന്ററിംഗ് പദ്ധതി' എന്നിവ ആവിഷ്കരിച്ചു.

സാമൂഹികം

സമൂഹത്തിലെ പ്രതിഭകളെ കുട്ടികൾക്ക് പരിചയപ്പെടുത്തി. അതിനായി ഏറെ ശ്രദ്ധിക്കപ്പെട്ട 'വിദ്യാലയം പ്രതിഭകളിലേയ്ക്ക് ' എന്ന പ്രവർത്തനം വിപുലമായി നടത്തി. രക്ഷകർത്തൃ ബോധവൽക്കരണത്തിനായി എസ്.സി.ഇ.ആർ.ടി. 'നന്മ പൂക്കുന്ന നാളേയ്ക്ക് ' എന്ന പുസ്തകം തയ്യാറാക്കി പരിശീലനം നൽകി.

(ബി) എസ്.എസ്.എൽ.സി. വിജയശതമാനം ഉയർന്ന സാഹചര്യത്തിൽ എല്ലാവർക്കും ഹയർ സെക്കണ്ടറി വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനായി ഹൈസ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനും ഹയർ സെക്കണ്ടറി സ്കൂളുകളിൽ കൂടുതൽ ബാച്ചുകൾ അനുവദിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഇക്കാര്യം പരിശോധിക്കുന്നതാണ്.

ഗുരുവായൂർ നിയോജകമണ്ഡലത്തിൽ നവീകരിക്കുന്ന വിദ്യാലയങ്ങൾ

167 (777) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നവീകരിക്കുന്ന വിദ്യാലയങ്ങളുടെ വിവരങ്ങൾ വ്യക്തമാക്കാമോ?

ഗുരുവായൂർ നിയോജകമണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങൾ നവീകരിക്കുന്നതിനായി 5 കോടി രൂപ, 3 കോടി രൂപ, ഒരു കോടി രൂപയുടെ കിഫ്ബി ധനസഹായത്തോടെയുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ് നടപ്പാക്കുന്നത്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു :

5 കോടി രൂപയുടെ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ ചാവക്കാട് മണത്തല ജി.എച്ച്.എസ്.എസ്. സ്കൂളിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

3 കോടി രൂപയുടെ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ കൊച്ചാന്നൂർ ഗവൺമെന്റ് എച്ച്.എസ്.എസ്. സ്കൂളിന്റെ നിർമ്മാണം പൂർത്തീകരിച്ചു.

1 കോടി രൂപയുടെ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ ഗവൺമെന്റ് എച്ച്.എസ്.എസ്. ചാവക്കാട് സ്കൂളിന്റെ നിർമ്മാണത്തിനുള്ള പ്രാരംഭ നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് പഴയ ക്ലാസ്സ് മുറികൾ പൊളിച്ച് നീക്കം ചെയ്തിട്ടുള്ള സ്കൂളുകളിൽ പഠനത്തിനാവശ്യമായ ക്ലാസ്സ് മുറികളില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സ്കൂൾ തുറക്കുന്നതിനുമുമ്പായി പുതിയ ക്ലാസ്സ് മുറികൾ നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ജി.എച്ച്.എസ്.എസ്. കൊച്ചന്നൂരിലെ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി സ്കൂൾ അധികൃതർക്ക് കൈമാറിയിട്ടുണ്ട്. ജി.എച്ച്.എസ്. മണത്തലയിലെ ഒരു സ്കൂൾ ബ്ലോക്കിന്റെ (ക്ലാസ് മുറികളുടെ) നിർമ്മാണ പ്രവർത്തനങ്ങൾ ഏകദേശം പൂർത്തിയായിവരുന്നു. രണ്ടാമത്തെ ബ്ലോക്കിലെ ക്ലാസ് റൂമുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. എത്രയും പെട്ടെന്ന് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

168 (778) ശ്രീ എ. സി. മൊയ്തീൻ:
ശ്രീമതി ദെലീമ:
ശ്രീ. എം. മുകേഷ്:
ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങൾക്ക് കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ ഈ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ പൊതുവിദ്യാലയങ്ങളെ ജനകീയ പങ്കാളിത്തത്തോടെ സംരക്ഷിക്കുകയും ഏറ്റവും മികച്ച വിദ്യാലയങ്ങളായി മാറ്റിയെടുക്കുകയും ചെയ്യുന്നു. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമെന്ന കാഴ്ച്ചപ്പാടിനെ ജനകീയമാക്കി. പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി വിദ്യാലയങ്ങളിൽ താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്.

അടിസ്ഥാന സൗകര്യവികസനം

പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി 141 സ്കൂളുകൾക്ക് 5 കോടി രൂപ വീതവും 386 സ്കൂളുകൾക്ക് 3 കോടി രൂപ വീതവും 446 സ്കൂളുകൾക്ക് 1 കോടി രൂപ വീതവും എയ്ഡഡ് വിദ്യാലയങ്ങൾക്ക് ചാലഞ്ച് ഫണ്ടും 59 വിദ്യാലയങ്ങൾക്ക് നബാർഡ് സ്കീമിൽ 104 കോടി രൂപയും പ്ലാൻ ഫണ്ടിലൂടെ 1100 ഓളം വിദ്യാലയങ്ങളിൽ ഭൗതിക സൗകര്യവികസനത്തിനും നടപടി സ്വീകരിച്ചു. 5 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെട്ട 108 സ്കൂളുകൾ കെട്ടിടങ്ങളും 3 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെട്ട 77 സ്കൂളുകൾ കെട്ടിടങ്ങളും നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തു. ശേഷിക്കുന്ന സ്കൂളുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്.

സാങ്കേതികവിദ്യ

പൊതുവിദ്യാലയങ്ങളുടെ ഐ.ടി. ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എട്ട് മുതൽ പന്ത്രണ്ടുവരെ ക്ലാസുകളുള്ള 4752 സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഹൈടെക് സ്കൂൾ പദ്ധതിയും ഒന്ന് മുതൽ ഏഴുവരെ ക്ലാസുകളുള്ള 11257 സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഹൈടെക് ലാബ് പദ്ധതിയും നടപ്പാക്കി. പ്രസ്തുത പദ്ധതികളനുസരിച്ച് സംസ്ഥാനത്തെ 16009 സ്കൂളുകളിലായി 119051 ലാപ്ടോപ്പ്, 69955 പ്രൊജക്ടർ, 43250 പ്രൊജക്ടർ മൗണ്ടിംഗ് കിറ്റ്, 23098 സ്ക്രീൻ, 4545 നാല്പത്തിമൂന്ന് ഇഞ്ച് ഫുൾ എച്ച്.ഡി. എൽ.ഇ.ഡി. ടെലിവിഷൻ, 4609 മൾട്ടിഫങ്ഷൻ പ്രിന്റർ, 4578 ഡി.എസ്. എൽ.ആർ. ക്യാമറ, 4720 ഫുൾ എച്ച്.ഡി. വെബ്ക്യാം, 100439 യു.എസ്.ബി. സ്പീക്കർ എന്നിവ വിതരണം ചെയ്തു. ഉപകരണങ്ങൾ ലഭ്യമാക്കിയതിനൊപ്പം ഡിജിറ്റൽ പഠന വിഭവങ്ങളും അദ്ധ്യാപകർ, രക്ഷിതാക്കൾ, വിദ്യാർത്ഥികൾ എന്നിവർക്ക് പ്രത്യേക പരിശീലനവും നൽകി.

അക്കാദമികം

സ്കൂളിന്റെ സമഗ്രവികസനം കണ്ടുകൊണ്ട് അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കി. ഗുണത ഉറപ്പാക്കാൻ വൈവിധ്യമാർന്ന അക്കാദമിക പ്രവർത്തനങ്ങൾ നടത്തി. ഭാഷാ വികാസത്തിനായി പഠനപിന്തുണ ആവശ്യമുള്ള കുട്ടികൾക്കായി മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, സുരീലി ഹിന്ദി തുടങ്ങിയ പ്രവർത്തനങ്ങൾ, ഗണിതശാസ്ത്രം, സാമൂഹ്യശാസ്ത്രം, ശാസ്ത്രം, കാലാകായികം തുടങ്ങി എല്ലാ മേഖലകളിലും സർവ്വതലസ്പർശിയായ പ്രവർത്തനങ്ങൾ നടത്തി.

വിവിധ ഏജൻസികൾ നടത്തുന്ന പഠനപിന്തുണ പ്രവർത്തനങ്ങൾക്കായി 'ശ്രദ്ധ' എന്ന പൊതു പ്ലാറ്റ്ഫോം രൂപപ്പെടുത്തി. ശാസ്ത്രമേഖലയിൽ ജനകീയ ഗണിതോത്സവം, ശാസ്ത്രപഥം എന്നീ പദ്ധതികൾ; സെക്കണ്ടറി തലത്തിലെ ഇംഗ്ലീഷ് ഭാഷാ പഠനം മെച്ചപ്പെടുത്തുന്നത് ലക്ഷ്യമിട്ട് ഗവേഷണാടിസ്ഥാനത്തിൽ 'റെലീഷ് ഇംഗ്ലീഷ്' എന്ന പദ്ധതി; ഇംഗ്ലീഷ് ഭാഷാപഠനത്തിന്റെ കാര്യത്തിൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ ഇ ക്യൂബ് (E^3) പദ്ധതി എന്നിവ നടപ്പിലാക്കി. കുട്ടികളിലെ വ്യത്യസ്തങ്ങളായ പ്രതിഭകളെ കണ്ടെത്താനും അവ പരിപോഷിപ്പിക്കാനുംവേണ്ടി 'ടാലന്റ് ലാബ്', വിദ്യാലയങ്ങളിൽ കുട്ടികളുടെ സർഗ്ഗശേഷി വർദ്ധിപ്പിക്കാൻ 'സർഗ്ഗ വിദ്യാലയ' പദ്ധതി, ദൃശ്യ പരിമിതിയുള്ള കുട്ടികൾക്കായി ഓഡിയോ പാഠങ്ങൾ, കുട്ടികളെ അക്കാദമികമായി സഹായിക്കാനും അവർക്കുണ്ടാകുന്ന വ്യക്തിപരമായ പ്രശ്നങ്ങളടക്കം മനസ്സിലാക്കി പരിഹരിക്കാനും സഹായകമായ 'മെന്ററിംഗ് പദ്ധതി' എന്നിവ ആവിഷ്കരിച്ചു.

<u>സാമൂഹികം</u>

സമൂഹത്തിലെ പ്രതിഭകളെ കുട്ടികൾക്ക് പരിചയപ്പെടുത്തി. അതിനായി ഏറെ ശ്രദ്ധിക്കപ്പെട്ട 'വിദ്യാലയം പ്രതിഭകളിലേയ്ക്ക് ' എന്ന പ്രവർത്തനം വിപുലമായി നടത്തി. രക്ഷകർത്തൃ ബോധവൽക്കരണത്തിനായി എസ്.സി.ഇ.ആർ.ടി. 'നന്മ പൂക്കുന്ന നാളേയ്ക്ക് ' എന്ന പുസ്തകം തയ്യാറാക്കി പരിശീലനം നൽകി.

(ബി) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ എത്ര ശതമാനം വിദ്യാലയങ്ങളിൽ കമ്പ്യൂട്ടറും ഇന്റർനെറ്റും അടക്കമുള്ള ആധുനിക സൗകര്യങ്ങളൊരുക്കുന്നതിന് സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും പദ്ധതി നടപ്പിലാക്കി. 4752 സെക്കണ്ടറി-ഹയർ സെക്കണ്ടറി സ്കൂളുകളിലും 11257 പ്രൈമറി വിഭാഗം സ്കൂളുകളിലും പദ്ധതി നടപ്പാക്കി.

(സി) ഇത് ദേശീയ ശരാശരിയുടെ എത്ര ശതമാനമാണെന്നും പ്രസ്തുത പദ്ധതിയുടെ നിലവിലെ പുരോഗതിയും വെളിപ്പെടുത്താമോ?

അക്കാദമിക രംഗത്തെ മുന്നേറ്റത്തിന്റെ അംഗീകാരമായി നീതി ആയോഗ് നടത്തിയ ഗുണനിലവാര പഠനത്തിൽ (SEQI) കേരളത്തിന് ഒന്നാം സ്ഥാനമാണ്. കൂടാതെ ഇന്ത്യയിലെ പ്രഥമ ഡിജിറ്റൽ സംസ്ഥാനമായി കേരളം മാറിയിട്ടുണ്ട്.

തലശ്ശേരി നിയോജകമണ്ഡലത്തിലെ സ്കൂളുകൾ

169(779) ശ്രീ. എ. എൻ. ഷംസീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിന് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നും കഴിഞ്ഞ 5 വർഷത്തിനുള്ളിൽ തുക അനുവദിച്ച തലശ്ശേരി നിയോജകമണ്ഡലത്തിലെ സ്കൂളുകളുടെ നിലവിലുള്ള അവസ്ഥ യെന്താണെന്ന് വ്യക്തമാക്കാമോ;

&

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഇനിയും പൂർത്തീകരിക്കാത്തവ ഏതൊക്കെ യാണെന്നും ആയത് പൂർത്തീകരിക്കാത്തതിന്റെ കാരണമെന്താണെന്നും ഇവ പൂർത്തീകരിക്കാൻ ഇനി എന്തൊക്കെ നടപടിക്രമങ്ങളാണുള്ളതെന്നും വ്യക്തമാക്കാമോ?

(എ&ബി) തലശ്ശേരി നിയോജകമണ്ഡലത്തിൽ കെട്ടിടനിർമ്മാണ പ്രവർത്ത നങ്ങൾക്ക് ഭരണാനുമതി നൽകിയ സ്കൂളുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.* നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തിയാക്കാൻ നിർമ്മാണ ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

170 (780) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പരിപാടിയിലുൾപ്പെടുത്തി മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ ഏതെല്ലാം വിദ്യാലയങ്ങൾക്കാണ് പദ്ധതികൾ അനുവദിച്ചിട്ടുള്ളത്; സ്കൂളുകളുടെ പേരുവിവരങ്ങൾ, അനുവദിച്ച തുക, ഫണ്ടുകളുടെ വിശദാംശം എന്നിവ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ;

(സി) ഇതിൽ സാങ്കേതികാനുമതി ലഭ്യമാകാൻ ബാക്കിയുള്ള പദ്ധതികൾ ഏതൊക്കെയാണ്;

(ഡി) ടെണ്ടർ നടപടികൾ പൂർത്തീകരിക്കാൻ ബാക്കിയുള്ള പ്രവൃത്തികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

&

(ഇ) പ്രവൃത്തി പൂർത്തീകരിച്ച പദ്ധതികൾ ഏതൊക്കെയാണ്; ഏതെങ്കിലും പ്രവൃത്തികൾ ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണമെന്താണെന്ന് വിശദമാക്കുമോ ?

(എ-ഇ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നിർമ്മാണം നടക്കുന്ന വിദ്യാലയങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

5 കോടി രൂപയുടെ കിഫ്ബി പദ്ധതിയിലുൾപ്പെട്ട മൊഗ്രാൽ ജി.എച്ച്.എസ്. എസ്.-ന്റെ നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നിർവ്വഹിച്ചു.

3 കോടി രൂപയുടെ കിഫ്ബി പദ്ധതി - കുമ്പള ഗവൺമെന്റ് എച്ച്.എസ്.എസ്, ഗവൺമെന്റ് എച്ച്.എസ്.എസ്. പൈവളിക നഗർ എന്നീ സ്കൂളുകളുടെ നിർമ്മാണത്തിനുള്ള ഡി.പി.ആർ. തയ്യാറാക്കിയത് കിഫ്ബിയുടെ പരിഗണനയിലാണ്.

1 കോടി രൂപയുടെ കിഫ്ബി പദ്ധതിയിലുൾപ്പെട്ട സ്കൂളുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. ജി.എച്ച്.എസ്. കടമ്പാർ

   ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

2. ജി.എച്ച്.എസ്.എസ്. ഉപ്പള-

   നിർമ്മാണത്തിനുള്ള സാങ്കേതികാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

3. ജി.എച്ച്.എസ്.എസ്. മംഗൽപ്പാടി

   ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

4. ജി.എച്ച്.എസ്.എസ്. ബങ്കര മഞ്ചേശ്വർ

   ടി സ്കൂൾ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി തീരദേശ വികസന കോർപ്പറേഷൻ വഴി നിർമ്മാണത്തിന് അനുമതി ലഭ്യമായിട്ടുള്ള സ്കൂളായതിനാൽ നിർമ്മാണത്തിന് ചില സാങ്കേതിക തടസ്സങ്ങളുള്ളതായി കില ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

5. ജി.എച്ച്.എസ്.എസ്. അങ്ങാടി മൊഗർ

നിർമ്മാണത്തിനുള്ള സാങ്കേതികാനുമതിക്കായി എൽ.എസ്.ജി.ഡി.-യിൽ സമർപ്പിച്ചിരിക്കുന്നു.

6. ജി.എച്ച്.എസ്.എസ്. ബേക്കൂർ, ജി.എച്ച്.എസ്. പൈവളികെ, ജി.വി. എച്ച്. എസ്.എസ്. ഷിരിയ, ജി.വി.എച്ച്.എസ്.എസ്. കുഞ്ഞാത്തൂർ എന്നീ സ്കൂളുകളുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിൽ ഉൾപ്പെട്ടിട്ടില്ലാത്തതും ഈ അദ്ധ്യയനവർഷം 500-ൽക്കുടുതൽ കുട്ടികളുള്ളതുമായ വിദ്യാലയങ്ങൾക്ക് പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി ഫണ്ട് അനുവദിക്കുമോ; വിശദമാക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

പാറശ്ശാല നിയോജകമണ്ഡലത്തിലെ സ്കൂളുകളുടെ നവീകരണ പ്രവൃത്തികൾ

171(781) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിലെ അടിസ്ഥാന സൗകര്യവികസനത്തിനായി ജി.ഒ. (ആർ.റ്റി) നമ്പർ 5503/2018/ ജി.ഇ.ഡി.എൻ. പ്രകാരം പാറശ്ശാല നിയോജകമണ്ഡലത്തിലെ സ്കൂളുകൾക്ക് ഒരു കോടി രൂപവീതം ഫണ്ട് അനുവദിച്ചിരുന്നെങ്കിലും പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരമുള്ള ലിസ്റ്റിലുൾപ്പെട്ടിരുന്ന ഗവൺമെന്റ് ജി.എച്ച്.എസ്., ധനുവച്ചപുരം എന്ന സ്കൂൾ നവീകരിക്കുന്നതിനുള്ള തുടർനടപടികളിൽനിന്നും ഒഴിവാക്കാനിടയായ സാഹചര്യമെന്താണെന്ന് അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 31-12-2018-ലെ സ.ഉ. (സാധാ) നമ്പർ 5503/2018/ പൊ.വി.വ. ഉത്തരവിന്റെ അനുബന്ധമായി ചേർത്ത 444 സ്കൂളുകളുടെ വിശദമായ പരിശോധനയിൽ ഡ്യൂപ്ലിക്കേഷൻ വന്നതിനാലും മറ്റും ഇതിലെ 5 സ്കൂളുകൾ ഒഴിവാക്കിയപ്പോഴാണ് ഗവൺമെന്റ് ജി.എച്ച്.എസ്. ധനുവച്ചപുരം ഒഴിവാക്കപ്പെട്ടത്.

(ബി) ഉദ്യോഗസ്ഥർക്ക് സംഭവിച്ച സാങ്കേതിക പിഴവുകാരണം പുതുക്കിയ ലിസ്റ്റിൽനിന്നും ഒഴിവാക്കപ്പെട്ടതും അഞ്ഞൂറിലധികം വിദ്യാർത്ഥികൾ പഠിക്കുന്നതും അടിസ്ഥാനസൗകര്യങ്ങളുടെ കുറവ് അനുഭവപ്പെടുന്നതുമായ ധനുവച്ചപുരം ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിനെ പ്രസ്തുത പട്ടികയിൽ തിരികെ ഉൾപ്പെടുത്തി നവീകരിക്കുന്നതിനുള്ള തുടർനടപടികൾ കൈക്കൊള്ളാമോ?

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കിഫ്ബി ധന സഹായത്തോടെ നടപ്പാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള സ്കൂളുകളുടെ അന്തിമപട്ടിക തയ്യാറാക്കിക്കഴിഞ്ഞതിനാൽ പ്രസ്തുത പട്ടികയിൽ ഗവൺമെന്റ് ഗേൾസ് എച്ച്.എസ്. ധനുവച്ചപുരത്തെ ഉൾപ്പെടുത്തുവാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്.

(സി) പ്രസ്തുത ഉത്തരവ് പ്രകാരമുള്ള മറ്റ് പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ?

പ്രസ്തുത ഉത്തരവ് പരിഷ്കരിച്ച് 17-8-2019-ലെ സ.ഉ. (സാധാ.) നമ്പർ 3302/2019/പൊ.വി.വ. പ്രകാരം 446 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ എസ്.പി.വി.-യായി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഗവൺമെന്റ് എച്ച്.എസ്.എസ്. മൈലച്ചൽ സ്കൂളിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതിക്കായി എൽ.എസ്.ജി.ഡി.-യിൽ സമർപ്പിച്ചു. ഗവൺമെന്റ് എച്ച്.എസ്.എസ്. കീഴാറ്റൂർ സ്കൂളിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഗവൺമെന്റ് എച്ച്.എസ്.എസ്. ആനാവൂർ, എം.കെ.എൻ.ജി.എച്ച്.എസ്.എസ്. ധനുവച്ചപുരം എന്നീ സ്കൂളുകളുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി എഗ്രിമെന്റ് ഒപ്പുവച്ചിട്ടുണ്ട്. നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പാറശ്ശാല നിയോജകമണ്ഡലത്തിൽ 3 കോടി രൂപയുടെ ധനകാര്യ അനുമതി ലഭിച്ച പാറശ്ശാല ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

പാറശ്ശാല ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ ഡി.പി.ആർ. കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്.

ഹരിപ്പാട് നിയോജകമണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണ പദ്ധതി

172(782) ശ്രീ. രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ പദ്ധതിയിലുൾപ്പെടുത്തി ഹരിപ്പാട് നിയോജകമണ്ഡലത്തിലെ എതെല്ലാം സ്കൂളുകളിലാണ് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതെന്ന് അറിയിക്കാമോ;

&

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ അവസ്ഥയെന്തെന്ന് വ്യക്തമാക്കാമോ?

(എ&ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ പദ്ധതിയിലുൾപ്പെടുത്തി കിഫ്ബി ധന സഹായത്തോടെ ഹരിപ്പാട് നിയോജകമണ്ഡലത്തിലെ താഴെപ്പറയുന്ന സ്കൂളുകളിലാണ് നിർമ്മാണ പ്രവൃത്തികൾ നടക്കുന്നത്.

5 കോടി രൂപയുടെ കിഫ്ബി പദ്ധതി

ഹരിപ്പാട് ഗവൺമെന്റ് ഗേൾസ് എച്ച്.എസ്.എസ്-ന്റെ നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനത്തിന് തയ്യാറായിട്ടുണ്ട്.

3 കോടി രൂപയുടെ കിഫ്ബി പദ്ധതി

ജി.എച്ച്.എസ്.എസ്. മംഗലം നിർമ്മാണത്തിന്റെ ടെണ്ടർ നടപടികൾ സ്വീകരിച്ചു.

1 കോടി രൂപയുടെ കിഫ്ബി പദ്ധതി

ജി.ബി.എച്ച്.എസ്.എസ്. ഹരിപ്പാട്, ജി.എച്ച്.എസ്.എസ്. ആയാപറമ്പ് എന്നീ സ്കൂളുകളുടെ നിർമ്മാണത്തിന്റെ ടെണ്ടർ നടപടികൾ സ്വീകരിച്ചു. ജി.എച്ച്.എസ്.എസ്. വലിയഴീക്കൽ സ്കൂളിന്റെ ഡി.പി.ആർ. സാങ്കേതികാനുമതിക്കായി എൽ.എസ്.ജി.ഡി.-യിൽ സമർപ്പിച്ചിരിക്കുന്നു.

(സി) ഇതുമായി ബന്ധപ്പെട്ട് ആറാട്ടുപുഴ മംഗലം സ്കൂളിലെ നിർവ്വഹണ പ്രവർത്തനങ്ങൾ വൈകുന്നതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കാമോ;

&

(ഡി) ഇതിന്റെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

(സി&ഡി) ജി.എച്ച്.എസ്.എസ് മംഗലം ഉൾപ്പെടുന്ന 3 കോടി രൂപയുടെ പദ്ധതിയിലുള്ള 4 സ്കൂളുകൾക്കാണ് 21-11-2018-ൽ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള അനുമതി നൽകിയത്. ഇതിൽ മംഗലം സ്കൂൾ ഒഴികെയുള്ള 3 സ്കൂളുകളുടെയും നിർമ്മാണ പ്രവർ ത്തനങ്ങൾ പൂർത്തിയാക്കി സ്കൂളധികൃതർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ജി.എച്ച്.എസ്.എസ് മംഗലത്തിന്റെ ആദ്യത്തെ മാസ്റ്റർ പ്ലാൻ പ്രകാരം പദ്ധതി നിർവ്വഹണത്തിൽ പ്രാദേശികമായുണ്ടായ എതിർപ്പുകൾ കാരണം നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാൻ കഴിഞ്ഞില്ല. ഇതിനെത്തുടർന്ന് ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ 28-10-2019-ലെ കത്തുപ്രകാരം 26-10-2019-ൽ നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ നിലവിലെ ചില പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റാനും തൽസ്ഥാനത്ത് ആദ്യ DPR-ലെ ലൊക്കേഷനിൽ മാറ്റംവരുത്തി പുതിയ കെട്ടിടം നിർമ്മിക്കാനും നിർദ്ദേശമുണ്ടായി. അതുപ്രകാരം പുതിയ കെട്ടിടത്തിന്റെ രൂപരേഖ ഡിസൈൻ കൺസൾട്ടൻസിയായ കിറ്റ്കോ തയ്യാറാക്കുകയും ആയത് സ്കൂളധികൃതർ അംഗീകരിക്കുകയുമുണ്ടായി. കിഫ്ബി വിഭാവനം ചെയ്തിരുന്ന പദ്ധതിയിൽ സമഗ്രമാറ്റം വന്നതിനാൽ പദ്ധതി പുതുക്കി തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്. അതിനായി നിർദ്ദിഷ്ട സ്ഥാനത്ത് മണ്ണ് പരിശോധന, പുതുക്കിയ ഡിസൈൻ ഉൾപ്പെടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ആവശ്യമായുണ്ട്. അതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കൊല്ലം നിയോജകമണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം

173(783) ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം നിയോജകമണ്ഡല പരിധിയിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിപ്രകാരം നടപ്പാക്കുന്നതിനായി ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ എന്തെല്ലാമാണ്; അവയുടെ ഇപ്പോഴത്തെ സ്ഥിതി സഹിതം വിശദവിവരം ലഭ്യമാക്കുമോ?

കൊല്ലം നിയോജകമണ്ഡല പരിധിയിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി കിഫ്ബി ധനസഹായത്തോടെ 5 കോടി രൂപ, 3 കോടി രൂപ, 1 കോടി രൂപ എന്നിങ്ങനെ അനുവദിച്ച് ഭരണാനുമതി നൽകിയതും പൂർത്തീകരിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

കൈറ്റ് എസ്.പി.വി. ആയി കൊല്ലം നിയോജകമണ്ഡലത്തിൽ പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിപ്രകാരം, മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയിലുൾപ്പെടുത്തി അഞ്ചാലുംമൂട് ജി.എച്ച്.എസ്.എസ്.-ന് 5 കോടി രൂപയും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്ന പദ്ധതിയിലുൾപ്പെടുത്തി ജി.എച്ച്.എസ്.എസ്. മങ്ങാട്, ജി.എച്ച്.എസ്. പനയിൽ, പെരിനാട് എന്നിവയ്ക്ക് 3 കോടി രൂപ വീതവും കിഫ്ബി ധനസഹായം അനുവദിച്ചിരുന്നു. നിലവിൽ പ്രസ്തുത മൂന്ന് സ്കൂളുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി സ്കൂൾ അധികൃതർക്ക് കൈമാറിയിട്ടുണ്ട്.

3 കോടി രൂപയുടെ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ കൊല്ലം ഗവൺമെന്റ് മോഡൽ ബോയ്സ് എച്ച്.എസ്.എസ്.-ന്റെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

1 കോടി രൂപയുടെ കിഫ്ബി പദ്ധതിയിലുൾപ്പെട്ട ടി.കെ.ഡി.എം. ഗവൺമെന്റ് എച്ച്.എസ്.എസ്. ഉളിയക്കോവിൽ സ്കൂളിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള എഗ്രിമെന്റ് ഒപ്പുവച്ചിട്ടുണ്ട്. നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

പ്രത്യേക അദ്ധ്യാപക പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകൾ

174 (784) ശ്രീ. ഇ. കെ. വിജയൻ:

ശ്രീ. വി. ആർ. സുനിൽ കുമാർ:

ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രത്യേക പരിഗണന ആവശ്യമുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങളും സന്നദ്ധസംഘടനകളും സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രത്യേക പരിശീലനം ലഭിച്ച അദ്ധ്യാപകരുടെ സേവനം ഇത്തരം സ്ഥാപനങ്ങൾക്ക് ലഭ്യമാക്കാനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

&

(സി) പ്രത്യേക പരിശീലനം സിദ്ധിച്ച അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കുന്നതിന് നടപ്പുവർഷം സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രത്യേക പരിശീലനം ലഭിച്ച അദ്ധ്യാപകരാണ് ഇത്തരം സ്ഥാപനങ്ങളിൽ ജോലി ചെയ്യുവരുന്നതെന്ന് ഉറപ്പുവരുത്തും. സാമൂഹ്യനീതി വകുപ്പുമായി ആലോചിച്ച് ഇതിനാവശ്യമായ നടപടി സ്വീകരിക്കും.

(ഡി) സ്വകാര്യമേഖലയിലെ സ്പെഷ്യൽ സ്കൂളുകളിൽ പ്രവർത്തിക്കുന്ന അദ്ധ്യാപകർക്ക് മെച്ചപ്പെട്ട വേതനവും ആനുകൂല്യങ്ങളും ലഭ്യമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ഇ) പ്രത്യേക പരിഗണന ആവശ്യമുള്ള കുട്ടികൾക്കായി വിദഗ്ധ പരിശീലനം നേടിയ അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കുന്നതിനായി അദ്ധ്യാപക പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകൾ വിപുലീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

സർക്കാർ മേഖലയിൽ കാസർഗോഡ്, മലപ്പുറം എന്നീ ജില്ലകളിൽ സ്പെഷ്യൽ ടീച്ചർ ഇൻസ്റ്റിറ്റ്യൂട്ടുകൾ പ്രവർത്തിക്കുന്നുണ്ട്. പാലക്കാട് പുതിയതായി സ്പെഷ്യൽ ടി.ടി.ഐ. ആംരംഭിക്കുന്നതിന് റീ-ഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

മാനസിക സംഘർഷങ്ങളില്ലാത്ത ഡിജിറ്റൽ വിദ്യാഭ്യാസം

175 (785) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിജിറ്റൽ, ഓൺലൈൻ വിദ്യാഭ്യാസത്തിന് അവസരം ലഭിക്കാതെ മാനസിക സമ്മർദ്ദംമൂലം വിദ്യാർത്ഥികൾ ആത്മഹത്യ ചെയ്തതായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പശ്ചാത്തലത്തിൽ കുട്ടികളുടെ മാനസിക സംഘർഷം ലഘൂകരിക്കുന്നതിനായി സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഈ അദ്ധ്യയന വർഷം ഇത്തരത്തിലുള്ള സംഭവങ്ങളുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ സ്കൂളുകളിൽ പോകാൻ കഴിയാതെ വീടുകളിലിരുന്ന് ഡിജിറ്റൽ ക്ലാസ്സുകളിലൂടെ പഠനം നടത്തുന്നത് ചില കുട്ടികളിലെങ്കിലും മാനസിക-വൈകാരിക സംഘർഷങ്ങളുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുട്ടികളിലുണ്ടാകുന്ന മാനസിക സംഘർഷം ലഘൂകരിക്കുന്നതിനായി വിക്ടേഴ്സ് ചാനലിലൂടെ കൗൺസലിംഗ് ക്ലാസ്സുകൾ നൽകിയിരുന്നു. കൂടാതെ യോഗ, കലാ-കായിക ആക്ടിവിറ്റികളടങ്ങുന്ന ക്ലാസ്സുകളും കുട്ടികൾക്കായി ഒരുക്കിയിട്ടുണ്ട്. അദ്ധ്യാപകർ കുട്ടികളുമായും രക്ഷിതാക്കളുമായും നിരന്തരം ആശയവിനിമയം നടത്തുന്നുണ്ട്.

(ബി) ഇന്റർനെറ്റ് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവും അദ്ധ്യാപക-വിദ്യാർത്ഥി ബന്ധത്തിലെ വിടവും കുട്ടികൾക്ക് സ്കൂൾ അന്തരീക്ഷം നഷ്ടപ്പെടുത്തുകയും അവരിൽ മാനസിക സംഘർഷമുണ്ടാക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബദൽ മാർഗ്ഗങ്ങൾ കണ്ടെത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

കോവിഡ്-19 ലോക്ഡൗൺ പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ സ്കൂളുകൾ തുറന്നു പ്രവർത്തിക്കുന്നതിന് അനുകൂല സാഹചര്യമില്ലാതിരുന്ന സമയത്താണ് ' ഫസ്റ്റ്ബെൽ' എന്ന പേരിൽ ഡിജിറ്റൽ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്ത് പ്രത്യേക ക്ലാസ്സുകൾ ആരംഭിച്ചത്. കൈറ്റ് വിക്ടേഴ്സിലൂടെ ക്ലാസ്സുകൾ സംപ്രേഷണം ചെയ്യുന്നതുതന്നെ കുട്ടികളെ സഹായിക്കുന്നതിനുവേണ്ടിയാണ്. കൂടാതെ മാനസിക സംഘർഷം പരമാവധി ഇല്ലാതാക്കുന്നതിന് കഴിഞ്ഞ വർഷം വിക്ടേഴ്സിലൂടെ പ്രത്യേക പരിപാടികളും സംപ്രേഷണം ചെയ്തിരുന്നു. ബന്ധപ്പെട്ട മേഖലയിലെ ഡോക്ടർമാരുൾപ്പെടെയുള്ള വിദഗ്ധരെ ഉൾപ്പെടുത്തി 'മാനസികാരോഗ്യം' , 'അതിജീവനം' എന്നീ പ്രത്യേക പരിപാടികളും സംപ്രേഷണം ചെയ്തിട്ടുണ്ട്. കൂടാതെ വനിതാ

ശിശുവികസന വകുപ്പിന്റെ നേതൃത്വത്തിൽ ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഒ.ആർ.സി.) പദ്ധതി നടപ്പാക്കുന്ന 304 സ്കൂളുകളിൽ കുട്ടികൾക്ക് കൗൺസിലിംഗ് അടക്കമുള്ള ക്ലാസ്സുകൾ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അദ്ധ്യാപകർ കുട്ടികൾക്കവശ്യംവേണ്ട മാനസിക പിന്തുണയും പ്രദാനം ചെയ്യുന്നുണ്ട്.

(സി) സംസ്ഥാനത്തെ എല്ലാ വിദ്യാർത്ഥികൾക്കും മാനസിക സംഘർഷങ്ങളില്ലാതെ ഡിജിറ്റൽ/ഓൺലൈൻ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് പ്രത്യേക കർമ്മ പദ്ധതി തയ്യാറാക്കുമോ; വ്യക്തമാക്കുമോ?

എല്ലാ വിഭാഗം കുട്ടികൾക്കും 'ഫസ്റ്റ്ബെൽ' എന്ന പേരിൽ ക്ലാസ്സുകൾ ലഭ്യമാക്കിക്കൊണ്ടാണ് ഡിജിറ്റൽ/ഓൺലൈൻ വിദ്യാഭ്യാസം നടപ്പാക്കിയത്. ഓൺലൈൻ ക്ലാസുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ആദിവാസി മേഖലയിലേതുൾപ്പെടെ എല്ലാ കുട്ടികൾക്കും ഉപകരണങ്ങളും കണക്ടിവിറ്റിയും ഒരുക്കാനുള്ള ശ്രമങ്ങൾക്ക് പ്രഥമപരിഗണന നൽകിയുള്ള പ്രവർത്തനങ്ങളാരംഭിച്ചു. പട്ടികവർഗ്ഗ വിഭാഗം കുട്ടികൾക്ക് ഉപകരണങ്ങൾ ഉറപ്പുവരുത്തുന്നതിന്, കൈറ്റ് വഴി സ്കൂളുകൾക്ക് നൽകിയിട്ടുള്ള കമ്പ്യൂട്ടറുകൾ കുട്ടികൾക്കായി നൽകുന്നതിനും പൊതു വിദ്യാലയങ്ങളിൽ 1 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 2021-22 അദ്ധ്യയന വർഷത്തിൽ ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായുമുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. ഈ അദ്ധ്യയനവർഷം മുതൽ ജി സ്യൂട്ട് ആപ്ലിക്കേഷനിലൂടെ ഓൺലൈൻ ക്ലാസ്സുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ പ്ലാറ്റ്ഫോമിലൂടെ കുട്ടികൾക്ക് അവരുടെ സ്വന്തം അദ്ധ്യാപകരുമായി നേരിട്ട് സംവദിക്കുന്നതിനും സഹപാഠികളുമായി ആശയവിനിമയം നടത്തുന്നതിനും പഠന പ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധകേന്ദ്രീകരിച്ച് അദ്ധ്യയനം സജ്ജമാക്കുന്നതിനും കഴിയും. ആയതിലൂടെ ഒരു പരിധിവരെ ക്ലാസ്സ് റൂം പഠനത്തിന്റെ വെർച്വൽ മാതൃക കുട്ടികൾക്ക് നൽകാൻ കഴിയുമെന്നും ഇതിലൂടെ കുട്ടികളുടെ മാനസിക സംഘർഷം ഒരുപരിധിവരെ കുറയ്ക്കാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു.

പൊതുവിദ്യാഭ്യാസ മേഖല കൈവരിച്ച നേട്ടങ്ങൾ

176 (786) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. എച്ച്. സലാം:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖല കൈവരിച്ച നേട്ടങ്ങൾ തുടരുന്നതിനും കോവിഡിന്റെ പ്രതികൂല സാഹചര്യത്തിലും അവ കൂടുതൽ കാര്യക്ഷമമായി കൊണ്ടുപോകുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖല കൈവരിച്ച നേട്ടങ്ങൾ തുടരുന്നതിനും കോവിഡിന്റെ പ്രതികൂലസാഹചര്യത്തിലും അവ കാര്യക്ഷമമായി കൊണ്ടുപോകുന്നതിനും വിവിധ പദ്ധതികളാണ് സർക്കാർ ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നത്. അവ ചുവടെ ചേർക്കുന്നു :

1. കൈറ്റ്-വിക്ടേഴ്സ് ചാനലിലൂടെയുള്ള ഡിജിറ്റൽ ക്ലാസ്സുകളുടെ സംപ്രേക്ഷണം
2. അദ്ധ്യാപകർക്കുള്ള ഓൺലൈൻ പരിശീലന പരിപാടികൾ.
3. ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള ഡിജിറ്റൽ വിഭവങ്ങളുടെ നിർമ്മാണവും വിനിമയവും.
4. അദ്ധ്യാപക വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള ഓൺലൈൻ ക്ലാസ്സുകളും പഠന പ്രവർത്തനങ്ങളും.
5. അദ്ധ്യാപകരുടെ നേതൃത്വത്തിൽ സമൂഹമാധ്യമങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള ഇന്ററാക്ടീവ് ക്ലാസ്സുകൾ.
6. പ്രീ-പ്രൈമറി വിദ്യാർത്ഥികൾക്ക് രക്ഷകർത്താക്കളുടെ സഹായത്താൽ പരിചരണവും പഠനവും നൽകുന്നതിനുള്ള 'പ്രശിക്ഷാ' - അദ്ധ്യാപക പരിശീലനം.

(ബി) കേന്ദ്ര വിദ്യാഭ്യാസ വകുപ്പ് പുറത്തിറക്കിയ 2019-20-ലെ രാജ്യത്തെ സ്കൂൾ വിദ്യാഭ്യാസ റിപ്പോർട്ട് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

2019-20-ൽ കേന്ദ്ര വിദ്യാഭ്യാസ വകുപ്പ് പ്രസിദ്ധീകരിച്ച പെർഫോർമൻസ് ഗ്രേഡിംഗ് ഇൻഡക്സ് (PGI) എന്ന റിപ്പോർട്ട് സർക്കാർ പരിശോധിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പ്രകാരം കേരളം 'എ' ഗ്രേഡിലാണ്. കേരളം ഉൾപ്പെടെ അഞ്ച് സംസ്ഥാനങ്ങളാണ് ഒന്നാമത്തെ ശ്രേണിയിൽ വന്നിട്ടുള്ളത്. പത്ത് ശ്രേണികളിലായാണ് പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് കേരളത്തിന്റെ സ്കോർ നില 5% മെച്ചപ്പെട്ടിട്ടുണ്ട്.

1. <u>പ്രാപ്യത</u>

വിദ്യാർത്ഥികൾക്കുള്ള വിദ്യാലയ പ്രാപ്യതയുടെ കാര്യത്തിൽ കേരളമാണ് ഏറ്റവും മുന്നിൽ. ഇക്കാര്യത്തിൽ കേരളത്തിന് 80-ന് 79 സ്കോർ ലഭിച്ചിട്ടുണ്ട്. പഞ്ചാബ് സംസ്ഥാനത്തിന് മാത്രമേ കേരളത്തോടൊപ്പം എത്താൻ കഴിഞ്ഞിട്ടുള്ളൂ. 89-ന് 49 സ്കോർ വരെ നേടിയ സംസ്ഥാനങ്ങളുണ്ടെന്നത് കേരളത്തിന്റെ മാറ്റ് വർദ്ധിപ്പിക്കുന്നു.

2. പഠനനേട്ടങ്ങൾ

വിദ്യാഭ്യാസത്തിന്റെ ഗുണത ഉറപ്പുവരുത്തുന്നതിലും പഠനനേട്ടങ്ങൾ സ്വാംശീകരിക്കുന്നതിലും കേരളം മുമ്പിൽത്തന്നെ. ഇക്കാര്യത്തിൽ കേരളത്തിന് 180-ന് 160 സ്കോർ ലഭിച്ചിട്ടുണ്ട്.

3. അടിസ്ഥാന സൗകര്യങ്ങൾ

വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന കാര്യത്തിൽ കേരളത്തിന് ഉയർന്ന സ്കോർ ലഭിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കേരളത്തിന് 150-ന് 130 സ്കോർ ലഭിച്ചിട്ടുണ്ട്. 40 സ്കോർ ലഭിച്ച ബീഹാർ ആണ് ഏറ്റവും പിന്നിൽ.

4. തുല്യത

വിദ്യാഭ്യാസ രംഗത്ത് തുല്യമായ അവസരങ്ങൾ പ്രദാനം ചെയ്യുന്ന കാര്യത്തിൽ കേരളത്തിന് 230-ന് 216 സ്കോർ ആണ് ലഭിച്ചത്. 156 സ്കോർ നേടിയ സംസ്ഥാനങ്ങൾ കൂടിയുണ്ടെന്നതും ശ്രദ്ധേയമാണ്.

നീതി ആയോഗ് തയ്യാറാക്കിയ സുസ്ഥിര വികാസ സൂചികയിലും സ്കൂൾ വിദ്യാഭ്യാസ ഗുണനിലവാര സൂചികയിലും കേരളം ഒന്നാം സ്ഥാനത്താണ്. വിദ്യാർത്ഥികൾക്ക് ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്ന കാര്യത്തിൽ സംസ്ഥാനം 80% സ്കോർ നേടി ഒന്നാമതെത്തിയിരുന്നു. ഗുജറാത്തിന്റെ സ്കോർ 52-ഉം ഉത്തർപ്രദേശിന്റെ സ്കോർ 51-ഉം ആണ്. പഠനനേട്ടങ്ങൾ ആർജ്ജിക്കുന്ന കാര്യത്തിൽ കേരളം മുന്നിലാണ്. ദേശീയ ശരാശരി 71.80 ശതമാനവും കേരളത്തിന്റെ ശരാശരി 86.75 ശതമാനവുമാണ്. അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്ന കാര്യത്തിലും കേരളം മുന്നിലാണ്. ഇന്ത്യയിലെ വിദ്യാലയങ്ങളെ മുഴുവനായി പരിശോധിക്കുമ്പോൾ 84 ശതമാനത്തിനുമാത്രമേ അടിസ്ഥാനസൗകര്യമുള്ളൂ. എന്നാൽ കേരളത്തിന് ഇത് 97.24 ശതമാനമാണെന്നത് ഇവിടത്തെ പൊതുവിദ്യാലയങ്ങളുടെ സൗകര്യങ്ങളുടെ മികവ് വിളിച്ചോതുകയാണ്.

(സി) പഠനനിലവാരത്തിലും പഠനേതര വിഷയത്തിലും സ്കൂളുകളുടെ പശ്ചാത്തല വികസനത്തിലും കേരളത്തിനുണ്ടായ നേട്ടങ്ങളായി റിപ്പോർട്ടിൽ പ്രത്യേകമായി പ്രതിപാദിച്ചിട്ടുള്ളത് എന്തെല്ലാമാണെന്ന് അറിയിക്കാമോ?

പഠനനേട്ടങ്ങളെ സംബന്ധിച്ചും പഠനേതര വിഷയത്തിലും പശ്ചാത്തല വികസനത്തിലും കേരളം മികച്ച നിലവാരം പുലർത്തുന്നതായി റിപ്പോർട്ട് വിലയിരുത്തുന്നു. വിദ്യാഭ്യാസ നിലവാരത്തിലും പഠനനേട്ടങ്ങൾ ആർജ്ജിക്കുന്നതിലും കേരളം ഏറെ മുന്നിലാണ്. കേരളത്തിന് 180-ൽ 160 സ്കോർ ലഭിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിന് കേരളത്തിന് 150-ൽ 130 സ്കോർ ലഭിച്ചിട്ടുണ്ട്.

സർട്ടിഫിക്കറ്റ് വിതരണത്തിലുള്ള കാലതാമസം

177(787) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19-ന്റെ വ്യാപനഭീഷണിമൂലം അടച്ചിടലും ജീവനക്കാരുടെ കുറവും എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി, കെ-ടെറ്റ്, സെറ്റ് പരീക്ഷകളുടെ സർട്ടിഫിക്കറ്റ് വിതരണം, തെറ്റ് തിരുത്തി നൽകൽ എന്നിവയ്ക്ക് കാലതാമസമുണ്ടാകുന്നതായും ഇത് വിദ്യാർത്ഥികൾക്ക് പ്രയാസമുണ്ടാക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) ഇവ സമയബന്ധിതമായി നൽകുന്നതിനാവശ്യമായ ക്രമീകരണമുണ്ടാകുമോ എന്നറിയിക്കാമോ?

(എ&ബി) കോവിഡ് -19-ന്റെ വ്യാപന ഭീഷണിമൂലം അടച്ചിടലും ജീവനക്കാരുടെ കുറവും എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി, കെ-ടെറ്റ്, സെറ്റ് പരീക്ഷകളുടെ സർട്ടിഫിക്കറ്റ് വിതരണം, തെറ്റ് തിരുത്തി നൽകൽ എന്നിവയ്ക്ക് കാലതാമസം നേരിട്ടിരുന്നുവെങ്കിലും അടച്ചിടലിനുശേഷം ഓഫീസുകൾ തുറന്നുപ്രവർത്തിക്കുകയും അടിയന്തര പ്രാധാന്യംനൽകി സമയബന്ധിതമായി സർട്ടിഫിക്കറ്റ് വിതരണത്തിനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുള്ളതുമാണ്.

ദേശീയ നിലവാരത്തിലുള്ള പൊതുവിദ്യാഭ്യാസരംഗം

178 (788) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. എം. വിജിൻ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസം ഗുണമേന്മയുള്ളതും ദേശീയ നിലവാരത്തിലുള്ളതുമാക്കുന്നതിന്റെ ഭാഗമായി പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് പിന്തുടർന്നുവരുന്നതെന്ന് വ്യക്തമാക്കുമോ?

പൊതുവിദ്യാഭ്യാസം ഗുണമേന്മയുള്ളതും ദേശീയ നിലവാരത്തിലുള്ളതുമാക്കുന്നതിന്റെ ഭാഗമായി കേരളത്തിൽ ശാസ്ത്രീയവും പുരോഗമനപരവുമായ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയാണ് പാഠ്യപദ്ധതി സമീപനവും ഉള്ളടക്കവും നിശ്ചയിക്കുന്നത്. ആദ്യഘട്ടത്തിൽ പാഠ്യപദ്ധതിയുടെ ദർശനം, സമീപനം എന്നിവ ശാസ്ത്രീയമായി തീരുമാനിക്കും. ഇതിന്റെയടിസ്ഥാനത്തിൽ പഠന വിനിമയ തന്ത്രങ്ങളും വിലയിരുത്തൽ

രീതികളും രൂപപ്പെടുത്തും. കൂടാതെ ദേശീയവും അന്തർദ്ദേശീയവുമായി നിലവിലുള്ള പാഠ്യപദ്ധതികൾ പരിശോധിച്ച് മികച്ച ഉള്ളടക്ക മേഖലകൾ തയ്യാറാക്കുന്നു. പാഠ്യപുസ്തകങ്ങളിൽ പ്രാദേശിക വൈവിധ്യം ഉൾച്ചേർക്കുന്നതിനുള്ള ശ്രമവും നടത്തുന്നു. ജനാധിപത്യം, മതേതരത്വം, സമത്വം, ലിംഗസമത്വം, ശാസ്ത്രാവബോധം തുടങ്ങിയ കാമ്പ് മൂല്യങ്ങൾ (കോർ വാല്യൂസ്) സ്വാംശീകരിക്കുന്നതിനുള്ള ഉള്ളടക്ക മേഖലകളാണ് നിശ്ചയിക്കപ്പെടുന്നത്. കുട്ടിയുടെ മാനസിക, ശാരീരിക പ്രത്യേകതകൾ പരിഗണിച്ചുകൊണ്ടാണ് വ്യത്യസ്ത ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ തയാറാക്കുന്നത്.

(ബി) ദേശീയതലത്തിൽ നിക്ഷിപ്ത താല്പര്യങ്ങൾക്ക് വിധേയമായി ചരിത്ര പാഠപുസ്തകങ്ങളിൽ തിരുത്തൽ വരുത്തുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സിലബസ്‌വൽക്കരണത്തിന്റെ ഭാഗമായി എൻ.സി.ഇ.ആർ.ടി.-യുടെ ചരിത്ര പാഠപുസ്തകങ്ങളിൽ മാറ്റം വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളം അത് സ്വീകരിച്ചിട്ടില്ല. ഗൗരവമായി കാണുന്നുണ്ട്.

(സി) മാനവികതയും സാഹോദര്യവും ഇടകലർന്ന സൗഹാർദ്ദപരമായ വിദ്യാലയാന്തരീക്ഷം സൃഷ്ടിക്കുന്നതിനായി നടത്തിവരുന്ന ശ്രമങ്ങൾക്ക് ഇത് തിരച്ചടിയാകുമെന്ന വസ്തുത ഗൗരവമായി കാണുന്നുണ്ടോ?

ഗൗരവമായി കാണുന്നുണ്ട്.

(ഡി) ഇക്കാര്യത്തിൽ ഫെഡറൽ സംവിധാനത്തിനുള്ളിൽ നിന്നുകൊണ്ട് ഭരണഘടനാപരമായി സംസ്ഥാനത്തിന്റെ അധികാരാവകാശങ്ങൾ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

വിവിധ സന്ദർഭങ്ങളിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിലപാട് കേന്ദ്രത്തെ അറിയിക്കാറുണ്ട്.

കോവിഡ് മഹാമാരിമൂലം ബുദ്ധിമുട്ടിലായ സ്കൂൾ പാചകത്തൊഴിലാളികൾ

179(789) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് മഹാമാരിമൂലം സ്കൂളുകളിൽ പ്രവർത്തനമില്ലാത്തതിനാൽ സംസ്ഥാനത്തെ സ്കൂൾ പാചകത്തൊഴിലാളികൾ സാമ്പത്തിക പ്രയാസത്തിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ വിഭാഗക്കാർക്ക് സർക്കാർ സഹായം നൽകുന്ന കാര്യം പരിഗണിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 'കോവിഡ്-19' വ്യാപന പശ്ചാത്തലത്തിൽ സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാത്തതിനാൽ സംസ്ഥാനത്തെ സ്കൂളുകളിലെ ഉച്ചഭക്ഷണ പാചക ത്തൊഴിലാളികൾക്ക് 13-10-2020 മുതൽ പ്രതിമാസം 1,600 രൂപ സമാശ്വാ സമായി നൽകിവരുന്നു.

വടകര നിയോജകമണ്ഡലത്തിലെ അൺ എക്കണോമിക് സ്കൂളുകൾ

180 (790) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര നിയോജകമണ്ഡലത്തിലെ അൺ എക്കണോമിക് കാറ്റഗറിയി ലുൾപ്പെടുത്തിയ വിദ്യാലയങ്ങളുടെ എണ്ണം എത്രയാണ്; ഇവ ഓരോന്നും സ്ഥിതി ചെയ്യുന്നത് ഏത് തദ്ദേശസ്ഥാപനത്തിന്റെ പരിധിയിലാണെന്ന വിവരം ലഭ്യമാക്കുമോ?

വടകര നിയോജകമണ്ഡലത്തിൽ മതിയായ എണ്ണം കുട്ടികളില്ലാത്ത (അൺ എക്കണോമിക്) കാറ്റഗറിയിലുൾപ്പെടുത്തിയ വിദ്യാലയങ്ങളുടെ എണ്ണം - 37. ഇവ സ്ഥിതിചെയ്യുന്ന തദ്ദേശസ്ഥാപനങ്ങൾ താഴെപ്പറയുന്നു :

വടകര മുൻസിപ്പാലിറ്റി	18
ചോറോട് പഞ്ചായത്ത്	6
ഏറാമല പഞ്ചായത്ത്	5
ഒഞ്ചിയം പഞ്ചായത്ത്	2
അഴിയൂർ പഞ്ചായത്ത്	4
എടച്ചേരി പഞ്ചായത്ത്	2
ആകെ	37

(ബി) നിലവിൽ ഈ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെയും അദ്ധ്യാപകരുടെയും എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ?

വിശദാംശങ്ങളടങ്ങിയ ലിസ്റ്റ് അനുബന്ധമായി ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഓരോ സ്കൂളുകളിലെയും സ്ഥിര അദ്ധ്യാപകരുടെയും ദിവസവേതന അദ്ധ്യാപകരുടെയും എണ്ണം തരംതിരിച്ചു ലഭ്യമാക്കുമോ?

വിവരങ്ങളടങ്ങിയ ലിസ്റ്റ് അനുബന്ധമായി ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

(ഡി) ഈ വിദ്യാലയങ്ങളിൽ ദിവസവേതന വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന അദ്ധ്യാപകർക്ക് കോവിഡ് മഹാമാരിയുടെ കാലത്ത് സർക്കാർ സമാശ്വാസ പദ്ധതികളെന്തെങ്കിലും നടപ്പാക്കുകയുണ്ടായോ; വിശദാംശം നൽകുമോ ?

26-2-21-ലെ സ.ഉ. (സാധാ) നമ്പർ 1957/21/പൊ.വി.വ. പ്രകാരം ജനുവരി 2021 മുതൽ മാർച്ച് 2021 വരെയുള്ള വേതനം നൽകിയിട്ടുണ്ട്.

പൊതുവിദ്യാലയങ്ങളിലെ ഓൺലൈൻ പഠനം

181 (791) ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഓൺലൈൻ പഠനത്തിന് ഏകീകൃത പ്ലാറ്റ്ഫോം സജ്ജമാക്കിയിട്ടുണ്ടോ; ഇതുവഴി ലക്ഷ്യമാക്കുന്ന നേട്ടങ്ങളും സവിശേഷതകളും അറിയിക്കാമോ?

ഉണ്ട്. കുട്ടികൾക്ക് നേരിട്ട് അവരുടെ അദ്ധ്യാപകരുമായി സംവദിക്കാൻ കഴിയുന്നതരത്തിൽ Google Workspace for Education (ജി സ്യൂട്ട് ഫോർ എഡ്യൂക്കേഷൻ പ്ലാറ്റ്ഫോം) ഔദ്യോഗികമായി ഉപയോഗിക്കുന്നതിനുള്ള ധാരണാപത്രം ഗൂഗിൾ ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡുമായി ഒപ്പുവച്ചു. സംസ്ഥാന വിദ്യാഭ്യാസ വകുപ്പിനായി ഗൂഗിൾ ലഭ്യമാക്കുന്ന ജി-സ്യൂട്ട് ഉപയോഗിക്കുന്നതുകൊണ്ട് താഴെപ്പറയുന്ന പ്രത്യേകതകളുണ്ട്.

പ്രത്യേക ഡൊമൈൻ

അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഇതിനായി പ്രത്യേക ഐ.ഡി. വ്യക്തിഗത വിവരങ്ങൾ ഷെയർ ചെയ്യുന്നില്ല, (ഡാറ്റാ സുരക്ഷ).

ഗൂഗിൾ

ക്ലാസ് റൂമിനകത്തുതന്നെ ഗൂഗിൾ മീറ്റ് സൗകര്യം. ഗൂഗിൾ മീറ്റ് ഉപയോഗിക്കുമ്പോൾ പുറമെനിന്നുള്ള നുഴഞ്ഞുകയറ്റം സാധ്യമല്ല. ഇൻവൈറ്റ് ചെയ്യുന്നവർക്ക് നേരിട്ട് മീറ്റിൽ പ്രവേശിക്കാം.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

Hand Raise സംവിധാനം Recording

റെക്കോർഡ് ചെയ്ത വിഭവം ലിങ്ക് ഷെയർ ചെയ്ത് ഉപയോഗിക്കാം. ക്ലാസ്സിനകത്തെ ഗ്രൂപ്പിൽ മീറ്റ് ഡിസേബിൾ ചെയ്യാനുള്ള സൗകര്യം ഗ്രൂപ്പിൽ മീറ്റിലെ Host Controls സൗകര്യങ്ങൾ (പാർട്ടിസിപ്പെൻസിനെ മ്യൂട്ട് ചെയ്യാം, സ്ക്രീൻ ഷെയർ കൺട്രോൾ ചെയ്യാം, ചാറ്റ് കൺട്രോൾ ചെയ്യാം). ഗ്രൂപ്പിൽ ക്ലാസ്റൂം ഉപയോഗിക്കുമ്പോൾ ഡ്രൈവ് ഉപയോഗിക്കുന്നതിനാൽ ഫോണിലെ സ്റ്റോറേജ് പ്രശ്നം വരുന്നില്ല. ആവശ്യമായ ആപ്പുകൾക്കുമാത്രം അക്സസ് കൊടുക്കാം. അല്ലാത്തവ ഡിസേബിൾ ചെയ്യാം. ഓരോ വിഭാഗം യൂസർക്കും (അധ്യാപകർ, വിദ്യാർത്ഥി) പ്രത്യേകം പെർമിഷനുകൾ ക്രമീകരിക്കാം. മെയിലിൽത്തന്നെ ചാറ്റ് റൂം സൗകര്യം, സ്കൂൾ അഡ്മിന് യൂസറെ കൺട്രോൾ ചെയ്യാം, യൂസറുടെ പ്രിവിലേജുകൾ ക്രമീകരിക്കാം. അനോണിമസായി പ്രവർത്തനങ്ങൾ ചെയ്യാൻ സാധിക്കില്ല. ട്രാക്ക് ചെയ്യാം.

ഗ്രൂപ്പിംഗ് സൗകര്യം

സ്റ്റേറ്റ് അഡ്മിന്, എല്ലാ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഒരുമിച്ച് സന്ദേശം അയയ്ക്കാം.

Reporting സൗകര്യം

യൂസറുകളുടെ ആപ്പ് യൂസേജ് പരിശോധിക്കാം. - Auditing

(ബി) ജി-സ്യൂട്ട് ഉപയോഗിക്കുന്നതിനായി അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രത്യേക പരിശീലനം ആവശ്യമായി വരുന്നുണ്ടോ; എങ്കിൽ അതിനേർപ്പെടുത്തിയിരിക്കുന്ന ക്രമീകരണങ്ങൾ അറിയിക്കാമോ?

ഉണ്ട്. സംസ്ഥാന വ്യാപകമായി പദ്ധതി നടപ്പാക്കുന്നതിനുമുമ്പ് തിരുവനന്തപുരം പിരപ്പൻകോട് സർക്കാർ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ ട്രയൽ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ ആരംഭിച്ചു. തുടർന്ന് 14 ജില്ലകളിലുമായി 34 വി.എച്ച്.എസ്.എസ്.-കളിലും ട്രയൽ നടക്കുകയാണ്. 10, 12 ക്ലാസ്സുകളിലെ കുട്ടികളെക്കൂടി ഉൾപ്പെടുത്തി ഓരോ ജില്ലയിലും ഹൈസ്കൂൾ, ഹയർ സെക്കണ്ടറി-വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ പൈലറ്റ് ആരംഭിക്കുന്നതിന് ക്രമീകരണങ്ങളൊരുക്കിയിട്ടുണ്ട്. ജി സ്യൂട്ട് സോഫ്റ്റ്വെയറിൽ കുട്ടികൾക്ക് ലോഗിൻ നൽകി അതുവഴി അദ്ധ്യാപകർക്കും കുട്ടികൾക്കും പരിശീലനം നൽകുന്ന പ്രവർത്തനങ്ങളാരംഭിച്ചു.

(സി) വ്യക്തിഗത വിവര സുരക്ഷയും ഡാറ്റ സുരക്ഷയും ഉറപ്പുവരുത്തുന്നതിനായി ചെയ്തിട്ടുള്ള കാര്യങ്ങൾ അറിയിക്കാമോ?

കുട്ടികളുടെയോ അദ്ധ്യാപകരുടെയോ വ്യക്തിഗത വിവരങ്ങളുൾപ്പെടുത്താതെ ലോഗിൻ ചെയ്ത് ക്ലാസ്സുകളിൽ പ്രവേശിക്കുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. ആയതിനാൽ വ്യക്തിഗത വിവരങ്ങൾ ഒരിക്കലും പുറത്തുപോകുന്ന സാഹചര്യം നിലവിലില്ല.

(ഡി) ഡിജിറ്റൽ ഉപകരണങ്ങളുടെയും ഇന്റർനെറ്റിന്റെയും ലഭ്യത ഉറപ്പുവരുത്താൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

ഓൺലൈൻ ക്ലാസ്സുകളാരംഭിക്കുമ്പോൾ അത് എല്ലാ കുട്ടികൾക്കും ഒരുപോലെ പ്രയോജനപ്പെടുന്ന വിധത്തിലാണ് ക്രമീകരിക്കുന്നത്. ഇതിന്റെ ഭാഗമായി ആദിവാസി മേഖലയിലേതുൾപ്പെടെ എല്ലാ കുട്ടികൾക്കും ഉപകരണങ്ങളും കണക്ടിവിറ്റിയും ഒരുക്കാനുള്ള ശ്രമങ്ങൾക്ക് പ്രഥമ പരിഗണന നൽകിയുള്ള പ്രവർത്തനങ്ങളാണ് ആരംഭിച്ചിരിക്കുന്നത്. പട്ടികവർഗ്ഗ വിഭാഗം കുട്ടികൾക്ക് ഉപകരണങ്ങൾ ഉറപ്പുവരുത്തുന്നതിന് കൈറ്റ് വഴി സ്കൂളുകൾക്ക് നൽകിയിട്ടുള്ള കമ്പ്യൂട്ടറുകൾ തിരിച്ചെടുത്ത് നൽകുന്നതിനുള്ള പ്രവർത്തനങ്ങളാരംഭിച്ചു. 2021-22 അദ്ധ്യയന വർഷത്തിൽ പൊതുവിദ്യാലയങ്ങളിൽ 1 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്നതും ഡിജിറ്റൽ ഉപകരണങ്ങളില്ലാത്തതുമായ കുട്ടികൾക്ക് അവ ലഭ്യമാക്കുന്നതിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങളാരംഭിച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, സർക്കാരിതര ഏജൻസികൾ, സ്വകാര്യ വ്യക്തികൾ, സന്നദ്ധ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ, ജനപ്രതിനിധികൾ, സ്കൂൾ അധികൃതർ, പി.റ്റി.എ./ എസ്.എം.സി. തുടങ്ങിയവരുടെ സഹകരണത്തോടെ ഇതിനകം ഒരു ലക്ഷത്തിൽപ്പരം ഡിജിറ്റൽ ഉപകരണങ്ങൾ കുട്ടികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഇനിയും ഡിജിറ്റൽ ഉപകരണങ്ങളില്ലാത്ത കുട്ടികളെ കണ്ടെത്തുന്നതിനായി സംസ്ഥാനതല ക്യാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ അധികൃതരുടെയും പി.റ്റി.എ.-യുടെയും നേതൃത്വത്തിൽ സ്കൂൾതല കണക്കെടുപ്പ് നടന്നുവരുന്നു. സംസ്ഥാനതലത്തിൽ കണക്കുകൾ ക്രോഡീകരിച്ച് ലഭ്യമാകുന്നതോടെ ഡിജിറ്റൽ ഉപകരണങ്ങളില്ലാത്ത കുട്ടികൾക്ക് ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. മലയോര മേഖലകളിലും ഇടുക്കി, വയനാട്, പാലക്കാട് തുടങ്ങിയ ജില്ലകളിലെ ഉൾപ്രദേശങ്ങളിലും വൈദ്യുതി, ഇന്റർനെറ്റ്, കേബിൾ കണക്ഷനുകൾക്ക് ദൗർലഭ്യം നേരിടുന്നുണ്ട്. ആയത് പരിഹരിക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

ഓൺലൈൻ പഠനം

182(792) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ പഠനത്തിന് സൗകര്യമില്ലാത്ത നിർദ്ധന കുടുംബത്തിലെ കുട്ടികളുടെ കണക്ക് സർക്കാരിന്റെ പക്കലുണ്ടോ?

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഒന്നുമുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 2021-22 അദ്ധ്യയന വർഷത്തിൽ ഓൺലൈൻ ക്ലാസ്സുകളിൽ പങ്കെടുക്കുന്നതിനുള്ള ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി സംസ്ഥാനതല ക്യാമ്പയിൻ സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ മാർഗ്ഗരേഖ പുറത്തിറക്കിയിട്ടുണ്ട്. ആയതിൻപ്രകാരം സ്കൂൾതലത്തിൽ അദ്ധ്യാപകരുടെയും പി.റ്റി.എ.-യുടേയും നേതൃത്വത്തിൽ ഡിജിറ്റൽ ഉപകരണങ്ങളുടെയും കുട്ടികളുടെയും കണക്കെടുപ്പ് നടത്തിവരികയാണ്. സ്കൂൾതലത്തിൽ ശേഖരിക്കുന്ന കണക്കുകൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ക്രോഡീകരിച്ച് ജില്ലാതലത്തിലും ജില്ലാതലത്തിൽ ക്രോഡീകരിച്ച കണക്ക് സംസ്ഥാനതലത്തിലും തിട്ടപ്പെടുത്തുന്ന കാര്യം അന്തിമ ഘട്ടത്തിലാണ്.

(ബി) ഇത്തരത്തിൽ പഠനസൗകര്യമില്ലാത്ത കുട്ടികൾക്ക് ഓൺലൈൻ പഠനത്തിനാവശ്യമായ ഉപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്യുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

എല്ലാ കുട്ടികൾക്കും പ്രയോജനപ്പെടുന്ന വിധത്തിൽ ഓൺലൈൻ ക്ലാസുകളാരംഭിക്കുന്നതിന്റെ ഭാഗമായി ആദിവാസി മേഖലയിലേതുൾപ്പെടെ എല്ലാ കുട്ടികൾക്കും ഉപകരണങ്ങളും കണക്ടിവിറ്റിയും ഒരുക്കാനുള്ള ശ്രമങ്ങൾക്ക് പ്രഥമ പരിഗണന നൽകിയുള്ള പ്രവർത്തനങ്ങളാരംഭിച്ചു. പട്ടിക വർഗ്ഗ വിഭാഗം കുട്ടികൾക്ക് ഉപകരണങ്ങൾ ഉറപ്പുവരുത്തുന്നതിന് കൈറ്റ് വഴി സ്കൂളുകൾക്ക് നൽകിയിട്ടുള്ള കമ്പ്യൂട്ടറുകൾ കുട്ടികൾക്കായി നൽകുന്നതിന് സർക്കാർ ഉത്തരവ് നൽകി. അതിനുള്ള പ്രവർത്തനങ്ങളാരംഭിച്ചു. പൊതുവിദ്യാലയങ്ങളിൽ 1 മുതൽ 12 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 2021-22 അദ്ധ്യയന വർഷത്തിൽ ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. സംസ്ഥാന തലത്തിൽ ഡിജിറ്റൽ ഉപകരണങ്ങളുടെ അഭാവം നേരിടുന്ന കുട്ടികളുടെ കണക്ക് തിട്ടപ്പെടുത്തുന്ന കാര്യം അന്തിമഘട്ടത്തിലാണ്. കണക്ക് ലഭ്യമാകുന്ന മുറയ്ക്ക് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ഉപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്താൻ നടപടി

183 (793) ശ്രീ. തോമസ് കെ. തോമസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസം ലോകത്തിന് മാതൃകയായി മാറിയ സാഹചര്യത്തിൽ ഈ മേഖലയിൽ കൂടുതൽ ഗുണപരമായ മാറ്റങ്ങൾക്കായി പുതിയ നയങ്ങൾ നടപ്പാക്കാൻ നടപടികളുണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണപരമായ മാറ്റങ്ങൾക്കായി പുതിയ നയപരിപാടികൾ നടപ്പാക്കുന്നതാണ്. നവകേരള നിർമ്മിതിക്കനുസൃതമായ പാഠ്യ പദ്ധതി പരിഷ്കരണ നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഇതിനായി വിവിധ ഫോക്കസ് ഗ്രൂപ്പുകൾ രൂപീകരിച്ച് ആവശ്യമായ ചർച്ചകൾക്കും സംവാദങ്ങൾക്കും ശേഷം കേരള പാഠ്യപദ്ധതി ചട്ടക്കൂടിന് രൂപംനൽകി തുടർ പ്രവർത്തനങ്ങൾ നടത്തുന്നതാണ്. 'മികവിനായുള്ള വിദ്യാഭ്യാസം' റിപ്പോർട്ടിൽ മുന്നോട്ടുവച്ച ആശയങ്ങളും നടപ്പാക്കുന്നതാണ്.

(ബി) പൊതുവിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് മികച്ച പരിശീലനവും വിദ്യാർത്ഥികൾക്ക് സാമൂഹികാവബോധ ക്യാമ്പുകളും നിരന്തരമായി നടത്തുന്നതിന് നടപടിയുണ്ടാകുമോ?

വിദ്യാഭ്യാസ മേഖലയിലെ വിവിധ എജൻസികളായ എസ്.സി.ഇ.ആർ.ടി., എസ്.എസ്.കെ., കൈറ്റ്, എസ്.ഐ.ഇ.ടി. എന്നിവയുമായി ചേർന്ന് അദ്ധ്യാപകർക്കാവശ്യമായ പരിശീലന പരിപാടികൾ നടപ്പാക്കും. കൂടാതെ കുട്ടികൾക്കുള്ള ക്യാമ്പുകളും സംഘടിപ്പിക്കും. അദ്ധ്യാപകർക്ക് 6 മാസം ദൈർഘ്യമുള്ള പരിവർത്തന പരിപാടി ആദ്യ ബാച്ച് പൂർത്തിയായി. അടുത്ത ബാച്ച് ഉടനെ തുടങ്ങുന്നതാണ്. പുതിയതായി സർവ്വീസിൽ പ്രവേശിക്കുന്നവർക്കുള്ള ഇൻഡക്ഷൻ പരിശീലനവും നൽകുന്നുണ്ട്. ഡിജിറ്റൽ ഓൺലൈൻ ക്ലാസുകൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് അദ്ധ്യാപകരെ പ്രാപ്തരാക്കുന്നതിനുള്ള പരിശീലനവും നൽകും. കൂടാതെ വ്യത്യസ്ത വിഷയങ്ങളിൽ മികവ് പുലർത്തുന്ന (ഗണിതം, സാമൂഹിക ശാസ്ത്രം) കുട്ടികൾക്കുള്ള പിന്തുണയും പരിശീലനവും നൽകിവരുന്നു.

(സി) സമൂഹത്തോട് ഉത്തരവാദിത്വമുള്ള യുവതലമുറയെ വാർത്തെടുക്കുന്നതിനാവശ്യമായ സാമൂഹ്യസേവന പരിപാടികൾ സ്കൂളുകളിൽ നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് എൻ.സി.സി., എൻ.എസ്.എസ്., എസ്.പി.സി., സ്കൗട്ട് & ഗൈഡ്സ് മുതലായ സാമൂഹ്യസേവന പരിപാടികൾ നടത്തുന്നുണ്ട്. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ മുഴുവൻ

കുട്ടികളേയും ഇത്തരം പദ്ധതികളിൽ പങ്കെടുപ്പിക്കുന്നതിനുള്ള നടപടിയുണ്ടാകും. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഇവ നടപ്പാക്കുന്നതാണ്. വിവിധ ക്ലബ് പ്രവർത്തനങ്ങളിലൂടെ കുട്ടികളിൽ സാമൂഹ്യസേവന മനോഭാവം വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കും.

സ്കൂൾ തലത്തിൽ നേരിട്ടുള്ള ഓൺലൈൻ ക്ലാസ്സുകൾ

184 (794) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിമൂലം പ്രതിസന്ധിയിലായ വിദ്യാഭ്യാസ മേഖലയെ പുഷ്ടിപ്പെടുത്തുന്നതിനുള്ള നടപടികൾ വ്യക്തമാക്കുമോ?

കോവിഡ്-19 പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ 2020 ജൂൺ 1 മുതൽ സംസ്ഥാനത്തെ സ്കൂളുകൾ തുറന്നു പ്രവർത്തിക്കുന്നതിന് അനുകൂല സാഹചര്യമില്ലാതിരുന്നതിനാൽ പരമാവധി സാധ്യായദിനങ്ങൾ ലഭ്യമാകുന്നവിധത്തിൽ അവധിദിനങ്ങൾകൂടി പ്രയോജനപ്പെടുത്തിക്കൊണ്ട് പാഠ്യ-ബോധന പ്രക്രിയകൾ ഓൺലൈൻ സംവിധാനംവഴി പുനഃക്രമീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് കൈറ്റ് വിക്ടേഴ്സ് മുഖേന ഡിജിറ്റൽ ക്ലാസ്സുകൾ സംപ്രേഷണം ആരംഭിച്ചത്. കോവിഡ്-19 മഹാമാരിയുടെ പ്രതിസന്ധി എന്നവസാനിക്കുമെന്നും സ്കൂളുകൾ എപ്പോൾ തുറന്നു പ്രവർത്തിപ്പിക്കാൻ കഴിയുമെന്നും മുൻകൂട്ടി കാണുന്നതിന് ആർക്കും കഴിയുമായിരുന്നില്ല. എന്നാൽ ഈ വർഷവും മഹാമാരി തുടരുന്ന സാഹചര്യമുള്ളതിനാൽ ഡിജിറ്റൽ ക്ലാസ്സുകൾക്കൊപ്പം കുട്ടികൾക്ക് അവരുടെ അദ്ധ്യാപകരുമായി നേരിട്ട് സംവദിക്കാൻ കഴിയുന്ന ഓൺലൈൻ സംവിധാനവും ആവിഷ്കരിക്കുന്നതിന് തീരുമാനിക്കുകയും അതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിക്കൊണ്ടിരിക്കുകയുമാണ്. പ്രീ-പ്രൈമറി ക്ലാസ്സുകൾക്ക് ആവശ്യമായതും ഭിന്ന ശേഷിക്കാരായ കുട്ടികൾക്കുവേണ്ടിയും പ്രത്യേകം ക്ലാസ്സുകൾ തയ്യാറാക്കി കുട്ടികൾക്ക് ലഭ്യമാക്കും. കുട്ടികളുടെ പഠന സമയത്തുള്ള പ്രയാസങ്ങൾ മനസ്സിലാക്കുന്നതിനായി വർക്ക്ഷീറ്റുകൾ തയ്യാറാക്കി നൽകുന്നു. അവർക്ക് പഠനത്തിലാവശ്യമായ സഹായം ഉറപ്പുവരുത്തുന്നതിന് ജില്ലാതലത്തിലും സബ് ജില്ലാതലത്തിലും സ്കൂൾതലത്തിലും സംവിധാനമൊരുക്കിയിട്ടുണ്ട്. ഇതിനാവശ്യമായ മാർഗ്ഗരേഖ തയ്യാറാക്കി നൽകിയിട്ടുണ്ട്.

(ബി) കൈറ്റ് വിക്ടേഴ്സ് ചാനലിലൂടെയല്ലാതെ സ്കൂൾതലത്തിൽ നേരിട്ടുള്ള ഓൺലൈൻ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് സ്കൂളുകൾക്ക് നിർദ്ദേശം നൽകുമോ ?

ഈ വർഷവും മഹാമാരി തുടരുന്ന സാഹചര്യമുള്ളതിനാൽ ഡിജിറ്റൽ ക്ലാസ്സുകൾക്കൊപ്പം കുട്ടികൾക്ക് നേരിട്ട് അവരുടെ അദ്ധ്യാപകരുമായി സംവദിക്കാൻ കഴിയുന്ന ഓൺലൈൻ സംവിധാനം ആവിഷ്കരിക്കുന്നതിന് തീരുമാനിക്കുകയും അതിനായി ജി-സ്യൂട്ട് പ്ലാറ്റ്ഫോം കൈറ്റ് സജ്ജമാക്കിയിട്ടുമുണ്ട്. ഘട്ടംഘട്ടമായി ഓൺ ലൈൻ ക്ലാസുകൾ ആരംഭിക്കുന്നതിനുള്ള ട്രയൽ, പൈലറ്റ് ക്ലാസുകൾക്ക് തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്.

(സി) മലയാളം, ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾക്കായി വ്യത്യസ്ത ഓൺലൈൻ ക്ലാസുകൾ നടത്തുന്നതിന് അദ്ധ്യാപകർക്ക് മാർഗ്ഗനിദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

കൈറ്റ് വിക്ടേഴ്സ്, വെബ് പോർട്ടൽ, യൂട്യൂബ് ചാനലുകൾ എന്നിവയിലൂടെ ലഭ്യമാക്കുന്ന ഡിജിറ്റൽ ക്ലാസ്സുകൾക്കൊപ്പം ഓൺലൈൻ ക്ലാസ്സുകളും ഈ വർഷം ക്രമീകരിക്കുന്നുണ്ട്. ഓൺലൈൻ ക്ലാസ്സുകൾ അതത് അദ്ധ്യാപകർതന്നെ നേരിട്ട് കുട്ടികളുമായി സംവദിക്കുന്ന രീതിയിലായതിനാൽ മീഡിയം ബാധകമല്ല. എന്നാൽ ഡിജിറ്റൽ ക്ലാസ്സുകൾ മലയാളം, തമിഴ്, കന്നട മീഡിയങ്ങളിൽ നിലവിൽ ലഭ്യമാക്കുന്നുണ്ട്. ഇംഗ്ലീഷ് മീഡിയം കുട്ടികൾക്കുകൂടി പ്രയോജനപ്പെടുന്ന വിധത്തിലായിരുന്നു കഴിഞ്ഞ വർഷം മലയാളം മീഡിയം ക്ലാസ്സുകൾ സംപ്രേഷണം ചെയ്തിരുന്നത്. ഈ വർഷം ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ പ്രത്യേകമായി സംപ്രേഷണം ചെയ്യുന്നതിനുള്ള ക്രമീകരണങ്ങളൊരുക്കിയിട്ടുണ്ട്.

(ഡി) വിദ്യാർത്ഥികളുടെ മാനസികമായ പ്രശ്നങ്ങളിൽ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിന് ഓൺലൈൻ വിദ്യാഭ്യാസം മുഖേന സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

വിദ്യാലയ വിദ്യാഭ്യാസത്തിന്റെ അഭാവം വിദ്യാർത്ഥികളിൽ പലതരത്തിലുള്ള പ്രയാസങ്ങൾക്ക് കാരണമാകുന്നുണ്ട്. എന്നാൽ അത്തരം പ്രയാസങ്ങളും മാനസിക സംഘർഷവും പരമാവധി ഇല്ലാതാക്കുന്നതിന് കഴിഞ്ഞ വർഷം വിക്ടേഴ്സിലൂടെ പ്രത്യേക പരിപാടികളും സംപ്രേഷണം ചെയ്തിരുന്നു. ബന്ധപ്പെട്ട മേഖലയിലെ ഡോക്ടർമാരുൾപ്പെടെ വിദഗ്ധരെ ഉൾപ്പെടുത്തി 'മാനസികാരോഗ്യം' , 'അതിജീവനം' എന്നീ പ്രത്യേക പരിപാടികളും ഈ വർഷം സംപ്രേഷണം ചെയ്തിട്ടുണ്ട്. തുടർപ്രവർത്തനങ്ങളുടെ ഭാഗമായി ക്ലാസ്സെടുക്കുന്ന അദ്ധ്യാപകരോട് കുട്ടികളുമായി നേരിട്ട് ബന്ധപ്പെടാനും ആവശ്യമായ മാനസികവും പഠനപരവുമായ പിന്തുണ നൽകാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന് സഹായകമായി കുട്ടികളുമായി ബന്ധപ്പെട്ട വിവരങ്ങൾ രേഖപ്പെടുത്താനും നിരന്തരം നിരീക്ഷിക്കാനും 'സഹിതം' എന്ന ഡിജിറ്റൽ പോർട്ടൽ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ സ്കൂൾ കൗൺസിലേഴ്സിന്റെ സേവനവും ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്തുന്നുണ്ട്.

ഓൺലൈൻ പഠനം സൃഷ്ടിക്കുന്ന മാനസികാരോഗ്യ പ്രശ്നങ്ങൾ

185 (795) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സജീവ് ജോസഫ്:
ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയെത്തുടർന്നുണ്ടായ ലോക്ഡൗൺമൂലം നടപ്പാക്കിയ ഓൺലൈൻ പഠനം കുട്ടികളിൽ മാനസികാരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഓൺലൈൻ ക്ലാസ്സുകളോടൊപ്പം കുട്ടികൾക്കായി മാനസികാരോഗ്യ ക്ലാസ്സുകൾകൂടി ഉൾപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കാമോ?

ഹയർ സെക്കണ്ടറി വിഭാഗത്തിൽ ഓൺലൈൻ ക്ലാസ്സുകളോടൊപ്പംതന്നെ കുട്ടികൾക്ക് മാനസികാരോഗ്യ ക്ലാസ്സുകൾകൂടി നൽകിവരുന്നുണ്ട്. വിദ്യാർത്ഥികൾക്കായി എല്ലാ ഞായറാഴ്ചകളിലും SHE Assembly എന്ന പദ്ധതി നടപ്പാക്കിവരുന്നു. കൂടാതെ 'ഉള്ളുറിയാൻ' എന്ന പരിപാടി ഡിജിറ്റൽ ക്ലാസ്സുകളുടെ ഭാഗമായി ആരംഭിച്ചിട്ടുണ്ട്. കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇതിൽ മനഃശാസ്ത്രജ്ഞരുടെ സഹായം തേടുന്നുണ്ട്. ഒപ്പംതന്നെ കായികക്ഷമതയും ആരോഗ്യവും സംബന്ധിച്ച വീഡിയോ ക്ലാസ്സുകളും ലഭ്യമാക്കുന്നുണ്ട്. വിക്ടേഴ്സ് ചാനൽവഴി ഇത്തരം ക്ലാസ്സുകൾകൂടി സംപ്രേക്ഷണം ചെയ്യുന്നുണ്ട്.

(സി) വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും മാനസികാരോഗ്യ സാക്ഷരത കൊണ്ടുവരുന്നതിനെകുറിച്ച് ആലോചിക്കാമോ?

മാനസികാരോഗ്യവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾക്ക് ഇപ്പോൾത്തന്നെ സ്കൂളുമായി ബന്ധപ്പെട്ട് തുടക്കം കുറിച്ചിട്ടുണ്ട്. ജീവിതനൈപുണി വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് 'ഉല്ലാസപ്പറവകൾ' എന്ന പേരിൽ സംസ്ഥാനത്ത് പ്രവർത്തനം നടന്നുവരുന്നു. ഈ പേരിൽ പ്രത്യേക പഠനസാമഗ്രി തയ്യാറാക്കിയാണ് മുന്നോട്ടു പോകുന്നത്. കുട്ടികളുടെ മാനസികാരോഗ്യം ഈ പദ്ധതിയുടെ മുഖ്യപരിഗണനയാണ്. Our Responsibility to Children (ORC) എന്ന പദ്ധതിയും സ്കൂൾ കുട്ടികൾക്കായി നടപ്പാക്കുന്നുണ്ട്. കുട്ടികളുടെ വൈകാരികവും മാനസികവുമായ ക്ഷേമം ഈ പരിപാടിയുടെ ലക്ഷ്യമാണ്. ഇതിലെല്ലാം രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുവാൻ ഊന്നൽ നൽകുന്നുണ്ട്. പഠനത്തിന്റെ ഭാഗമായ കണ്ടെത്തലുകൾക്കനുസരിച്ച് കൂടുതൽ ഫലപ്രദമായ ഇടപെടലിനായി പദ്ധതികൾ തയ്യാറാക്കുന്നതാണ്.

(ഡി) വിദ്യാർത്ഥികൾക്ക് വീട്ടിൽത്തന്നെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അന്തരീക്ഷം സൃഷ്ടിക്കുന്ന തരത്തിലുള്ള ടൈം ടേബിളുകൾ തയ്യാറാക്കുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകാമോ?

വീട്ടിൽത്തന്നെ പഠനാന്തരീക്ഷം സൃഷ്ടിക്കുന്ന തരത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ പ്രഥമാദ്ധ്യാപകരുടെയും അദ്ധ്യാപകരുടെയും നേതൃത്വത്തിൽ നടപ്പാക്കിവരുന്നുണ്ട്.

ഓൺലൈൻ പഠന സൗകര്യം മെച്ചപ്പെടുത്താൻ നടപടി

186 (796) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ വിദ്യാർത്ഥികൾക്കും ഓൺലൈൻ പഠന സൗകര്യം ഒരുക്കിയിട്ടുണ്ടോ?

2020 ജൂൺ 1 മുതൽ സംസ്ഥാനത്ത് ഡിജിറ്റൽ വിദ്യാഭ്യാസമാണ് നടപ്പാക്കുന്നത്. പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഓൺലൈൻ പഠനം ഉറപ്പുവരുത്തിക്കൊണ്ടാണ് ഇത് നടപ്പാക്കിയത്. അദ്ധ്യാപകർ നേരിട്ട് കുട്ടികളുമായി സംവദിക്കുന്ന ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ ടയൽ, പൈലറ്റ് പ്രവർത്തനങ്ങളാണ് ഇപ്പോൾ നടക്കുന്നത്. ഡിജിറ്റൽ വിദ്യാഭ്യാസത്തെപ്പോലെ ഓൺലൈൻ വിദ്യാഭ്യാസവും സംസ്ഥാന വ്യാപകമായി എല്ലാ വിദ്യാർത്ഥികൾക്കും ലഭിക്കത്തക്കവിധത്തിലാണ് സജ്ജീകരിക്കുന്നത്.

(ബി) ഓൺലൈൻ പഠന സൗകര്യമില്ലാത്ത എത്ര വിദ്യാർത്ഥികൾ സംസ്ഥാനത്ത് നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ?

നിലവിൽ ഓൺലൈൻ പഠനത്തിന് ഡിജിറ്റൽ ഉപകരണങ്ങളില്ലാത്ത വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ ' സമ്പൂർണ' ഓൺലൈൻ സ്കൂൾ മാനേജ്മെന്റ് സോഫ്റ്റ്വെയർ വഴി ശേഖരിച്ചുവരികയാണ്. സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളിൽ 1 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഓൺലൈൻ ക്ലാസ്സുകളിൽ പങ്കെടുക്കുന്നതിന് 2021-22 അദ്ധ്യയന വർഷത്തിൽ ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി സംസ്ഥാനതല ക്യാമ്പയിൽ സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് മാർഗ്ഗരേഖ പുറത്തിറക്കിയിട്ടുണ്ട്. ആയതിൻപ്രകാരം സ്കൂൾതലത്തിൽ അദ്ധ്യാപകരുടെയും പി.റ്റി.എ.-യുടെയും നേതൃത്വത്തിൽ ഡിജിറ്റൽ ഉപകരണങ്ങളില്ലാത്ത കുട്ടികളുടെ കണക്കെടുപ്പ് നടത്തിവരികയാണ്. സ്കൂൾതലത്തിൽ ശേഖരിക്കുന്ന കണക്കുകൾ തദ്ദേശഭരണസ്ഥാപനങ്ങൾ ക്രോഡീകരിച്ച് ജില്ലാതലത്തിലും ജില്ലാതലത്തിൽ ക്രോഡീകരിച്ച കണക്ക് സംസ്ഥാനതലത്തിലും പൂർത്തീകരിക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്.

(സി) സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിൽ ഓൺലൈൻ പഠനത്തിന് നെറ്റ്‌വർക്കിന്റെ ലഭ്യതക്കുറവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഐ.ടി. വകുപ്പിന്റെ നേതൃത്വത്തിൽ ജൂൺ മാസത്തിൽ ഇന്റർനെറ്റ് സർവ്വീസ് ദാതാക്കളുടെ ഒരു യോഗം വിളിച്ചുചേർത്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഇന്റർനെറ്റ് സൗകര്യം ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ കൂടുതൽ ടവറുകൾ സ്ഥാപിച്ചും പ്രസരണശേഷി വർദ്ധിപ്പിച്ചും നെറ്റ് ലഭ്യമാക്കുന്നതിന് സർവ്വീസ് ദാതാക്കൾ നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ലോക്കൽ കേബിൾ നെറ്റ്‌വർക്ക് ഓപ്പറേറ്റർമാരുടെ സഹകരണത്തോടെയും നെറ്റ്‌വർക്കിന്റെ കുറവ് പരിഹരിച്ചുവരുന്നുണ്ട്.

മലപ്പുറം ജില്ലയിൽ വിദ്യാർത്ഥികളുടെ ഉപരിപഠനം

187 (797) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-ലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ മലപ്പുറം ജില്ലയിൽ നിന്ന് എത്ര വിദ്യാർത്ഥികൾ ഉപരിപഠനത്തിന് അർഹത നേടിയിട്ടുണ്ട്; അർഹത നേടിയ എല്ലാ വിദ്യാർത്ഥികൾക്കും പ്രസ്തുത ജില്ലയിൽത്തന്നെ ഉപരിപഠനത്തിന് അവസരം ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

മലപ്പുറം ജില്ലയിൽനിന്ന് 75,554 വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉപരിപഠനത്തിന് അർഹത നേടിയിട്ടുണ്ട്. പ്രവേശന നടപടികൾ ആരംഭിക്കുന്നമുറയ്ക്ക് ഉപരിപഠനത്തിന് അർഹത നേടിയ എല്ലാ വിദ്യാർത്ഥികൾക്കും പഠനത്തിനുള്ള അവസരം ലഭ്യമാക്കുന്നതാണ്.

(ബി) ജില്ലയിൽ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി, ടെക്നിക്കൽ വിദ്യാഭ്യാസം എന്നീ വിഭാഗങ്ങളിലെ കോഴ്സുകളിൽ എത്ര സീറ്റുകൾ സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് മേഖലകളിൽ നിലവിലുണ്ടെന്ന് തരംതിരിച്ച് വ്യക്തമാക്കാമോ?

ജില്ലയിലെ സീറ്റുകൾ തരംതിരിച്ച് ചുവടെ ചേർക്കുന്നു :

ഹയർ സെക്കണ്ടറി മേഖല:

സർക്കാർ	-	22,600
എയ്ഡഡ്	-	19,350
അൺ എയ്ഡഡ്	-	11,275

വൊക്കേഷണൽ ഹയർ സെക്കണ്ടറി മേഖല:

സർക്കാർ - 2,580

എയ്ഡഡ് - 210

പോളിടെക്നിക്കുകൾ:

സർക്കാർ - 1,000

എയ്ഡഡ് - 360

അൺ എയ്ഡഡ് - 750

ഐ.ടി.ഐ. കൾ:

സർക്കാർ - 1,124

അൺ എയ്ഡഡ് - 4,856

മലപ്പുറം ജില്ലയിൽ കൂടുതൽ പ്ലസ് ടു സീറ്റുകൾ

188(798) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിൽ വിശിഷ്യാ മലപ്പുറം ജില്ലയിൽ പ്ലസ് ടു പഠനത്തിന് മതിയായ സീറ്റുകളില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എല്ലാ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലും അധിക ബാച്ചുകൾ അനുവദിക്കുമോ?

ഇതുസംബന്ധിച്ച സ്റ്റേറ്റ് ലെവൽ കമ്മിറ്റി റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

(ബി) എസ്.എസ്.എൽ.സി. വിജയിച്ച എല്ലാവർക്കും തുടർപഠനം സാധ്യമാകുന്നവിധം സർക്കാർ, എയ്ഡഡ് മേഖലയിൽ പ്ലസ് വൺ സീറ്റുകൾ വർദ്ധിപ്പിക്കുമോ എന്നറിയിക്കാമോ?

ഹയർ സെക്കണ്ടറി തലത്തിലെ വിദ്യാഭ്യാസ ആവശ്യകത സംബന്ധിച്ച സ്റ്റേറ്റ് ലെവൽ കമ്മിറ്റി റിപ്പോർട്ട് പരിശോധിച്ചുവരികയാണ്. ആയതിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കുന്നതാണ്.

(സി) ഐ.ടി.ഐ., മറ്റ് സമാന കോഴ്സുകൾ എന്നിവയും സീറ്റുകൾ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

ഇതുസംബന്ധിച്ച വിശദാംശം ശേഖരിച്ചുവരുന്നു.

ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ പൊതുവിദ്യാലയങ്ങൾ

189(799) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ എത്ര പൊതുവിദ്യാലയങ്ങളുണ്ടെന്നും അവയിൽ സർക്കാർ സ്കൂളുകൾ എത്രയെന്നും എയ്ഡഡ് സ്കൂളുകൾ എത്രയെന്നും അറിയിക്കാമോ?

ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ 4 സർക്കാർ സ്കൂളുകളും 60 എയ്ഡഡ് സ്കൂളുകളുമുണ്ട്.

(ബി) കോവിഡ് കാലഘട്ടത്തിൽ പ്രസ്തുത വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ 'ഡിജിറ്റൽ ഡെഫിഷ്യൻസി' പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

സ്വീകരിച്ചിട്ടുണ്ട്. 1 മുതൽ 12 വരെയുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളിൽ ഓൺലൈൻ പഠനത്തിന് ഡിജിറ്റൽ ഉപകരണങ്ങളില്ലാത്ത വിദ്യാർത്ഥികൾക്കായി പി.ടി.എ. പൂർവ്വവിദ്യാർത്ഥി കൂട്ടായ്മ, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹായത്തോടെ ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) നിയോജകമണ്ഡലത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികളുടെ പഠനത്തിനാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ?

നിയോജകമണ്ഡലത്തിലെ സ്കൂളുകളിൽനിന്നും ഡിജിറ്റൽ ഉപകരണങ്ങളുടെ കുറവുമൂലം പഠന സൗകര്യം ലഭിക്കാത്ത വിദ്യാർത്ഥികളുടെ വിവരശേഖരണം നടത്തിയിട്ടുണ്ട്. ആയതിൻപ്രകാരം ലഭിച്ച കണക്കുകൾ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കൈമാറി പ്രശ്നപരിഹാരത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

വിദ്യാഭ്യാസ മേഖലയിലെ കേന്ദ്ര ഫണ്ടുകൾ

190 (800) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷത്തേയ്ക്ക് സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ മേഖലയിൽ ചെലവഴിക്കുന്നതിനായി കേന്ദ്ര ഗവണ്മെന്റിൽനിന്നും അനുവദിച്ചിരുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

2020-21 സാമ്പത്തിക വർഷം പൊതുവിദ്യാഭ്യാസ മേഖലയിൽ ചെലവഴിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിൽനിന്നും അനുവദിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

ഉച്ചഭക്ഷണ പദ്ധതി	-	27688.82 ലക്ഷം രൂപ
സമഗ്രശിക്ഷാ കേരള	-	23838.59 ലക്ഷം രൂപ
പഠന ലിഖന അഭിയാൻ പദ്ധതി	-	284.232 ലക്ഷം രൂപ

(ബി) 2020-21 വർഷത്തിൽ പൊതുവിദ്യാഭ്യാസ മേഖലയിൽ സർക്കാർ ചെലവഴിച്ച ആകെ തുക എത്രയാണ്; ഏതൊക്കെ മേഖലകളിലായാണ് ഈ തുക ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇതിൽ സംസ്ഥാന വിഹിതവും കേന്ദ്ര വിഹിതവും എത്ര വീതമാണ്?

2020-21 വർഷത്തിൽ ഉച്ചഭക്ഷണ പദ്ധതിക്കായി കേന്ദ്രവിഹിതത്തിൽ നിന്നും 17560.097 ലക്ഷം രൂപയും സംസ്ഥാന വിഹിതത്തിൽനിന്നും 12969.021 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. 'പഠന ലിഖന അഭിയാൻ' പദ്ധതിക്കായി കേന്ദ്രവിഹിതമായി 284.232 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 189.488 ലക്ഷം രൂപയും അനുവദിച്ചു. കോവിഡ്-19 സാഹചര്യത്തിൽ പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കാതിരുന്നതിനാൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല. സമഗ്ര ശിക്ഷാ കേരള പദ്ധതിക്കായി കേന്ദ്ര വിഹിതത്തിൽനിന്നും 21746.1 ലക്ഷം രൂപയും സംസ്ഥാന വിഹിതത്തിൽനിന്നും 13616.14 ലക്ഷം രൂപയും നീക്കിയിരിപ്പുണ്ടായിരുന്ന 8268.73 ലക്ഷം രൂപയും ചേർത്ത് ആകെ 43630.97 ലക്ഷം രൂപ ചെലവഴിച്ചു. ആദിവാസി മേഖലയിലുള്ള കുട്ടികളുടെ വിദ്യാഭ്യാസം, നിർമ്മാണ പ്രവർത്തനങ്ങൾ, സൗജന്യ പാഠപുസ്തകം, സൗജന്യ യൂണിഫോം, കോമ്പോസിറ്റ് സ്കൂൾ ഗ്രാന്റ്, ലൈബ്രറി ഗ്രാന്റ്, സ്കൂളിനുപുറത്തുള്ള കുട്ടികളെ സ്കൂളിലെത്തിക്കൽ, കമ്മ്യൂണിറ്റി മൊബിലൈസേഷൻ & മീഡിയ ക്വാളിറ്റി ഇന്റർവെൻഷൻസ്, പഠന പരിപോഷണ പരിപാടി, നൃതനാശയ പ്രവർത്തനങ്ങൾ, രാഷ്ട്രീയ ആവിഷ്കാർ അഭിയാൻ, സ്പെഷ്യലിസ്റ്റ് അദ്ധ്യാപക നിയമനം, അദ്ധ്യാപക പരിശീലനം, പ്രീസ്കൂൾ വിദ്യാഭ്യാസം, അസസ്മെന്റ് അറ്റ് നാഷണൽ & സ്റ്റേറ്റ് ലെവൽ വൊക്കേഷണൽ എഡ്യൂക്കേഷൻ, പെൺകുട്ടികളുടെ വിദ്യാഭ്യാസം, കായിക വിദ്യാഭ്യാസം, ഉൾച്ചേർക്കൽ വിദ്യാഭ്യാസം, ഡയറ്റ്, എസ്.സി.ഇ.ആർ.ടി.-യുടെ പ്രവർത്തനങ്ങൾ.

(സി) സംസ്ഥാനത്തെ വിദ്യാർത്ഥികളുടെ ഉച്ചക്കഞ്ഞി വിതരണത്തിനു മാത്രമായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്ര തുക വീതമാണെന്ന് അറിയിക്കുമോ?

കേന്ദ്രവിഹിതം	- 27688.82 ലക്ഷം രൂപ
സംസ്ഥാന വിഹിതം	- 31600 ലക്ഷം രൂപ

ഓൺലൈൻ ക്ലാസുകൾ

191 (801) ശ്രീ. സനീഷ്കുമാർ ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ അദ്ധ്യയന വർഷം മുതൽ പൂർണ്ണമായും ഓൺലൈൻ ക്ലാസുകൾ മുഖേന അദ്ധ്യയനം നടത്തുവാൻ കഴിയുന്ന സാഹചര്യം നിലവിലുണ്ടോ?

ഡിജിറ്റൽ ക്ലാസ്സുകൾക്കൊപ്പം കുട്ടികൾക്ക് നേരിട്ട് അവരുടെ അദ്ധ്യാപകരുമായി സംവദിക്കാൻ കഴിയുന്ന ഓൺലൈൻ സംവിധാനവും ഘട്ടംഘട്ടമായി നടപ്പാക്കുന്നതിനാണ് ക്രമീകരണങ്ങൾ ഒരുക്കിയിരിക്കുന്നത്. ആദ്യഘട്ടമായി ജി-സ്യൂട്ട് ആപ്ലിക്കേഷനിലൂടെ വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ ട്രയൽ ക്ലാസ്സുകൾ ആരംഭിച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ അദ്ധ്യയന വർഷം ഡിജിറ്റൽ വിദ്യാഭ്യാസ രീതിയിൽ നടത്തിയ ക്ലാസ്സുകൾ പശ്ചാത്തല സൗകര്യമില്ലാത്തതിനാൽ നഷ്ടപ്പെട്ട വിദ്യാർത്ഥികളെക്കുറിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

അക്കാര്യത്തിൽ ആവശ്യമായ എല്ലാ പരിശോധനയും പഠനവും നടത്തിയിട്ടുണ്ട്.

(സി) ഡിജിറ്റൽ ഡിവൈഡ് ഒഴിവാക്കി ഇത്തരം വിദ്യാർത്ഥികളെക്കൂടി ഡിജിറ്റൽ/ഓൺലൈൻ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ഭാഗമാക്കുവാൻ കഴിഞ്ഞ ഒരു വർഷക്കാലം സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ?

കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ സ്കൂളുകൾ തുറന്ന് പ്രവർത്തിക്കുന്നതിന് അനുകൂല സാഹചര്യമില്ലാതിരുന്ന സമയത്താണ് 'ഫസ്റ്റ്ബെൽ' എന്ന പേരിൽ ഡിജിറ്റൽ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്ത് പ്രത്യേക ക്ലാസ്സുകൾ ആരംഭിച്ചത്. ഡിജിറ്റൽ ക്ലാസ്സുകൾ ഒരിക്കലും ക്ലാസ്സ് മുറിയിൽ നടക്കേണ്ട പ്രവർത്തനങ്ങൾക്ക് പകരം വയ്ക്കാനായില്ല. എന്നാൽ കുട്ടികൾക്ക് വീട്ടിൽനിന്ന് പുറത്തിറങ്ങാൻ കഴിയാതിരുന്ന സാഹചര്യം കഴിയുന്നത്ര പഠന പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തുക എന്നതാണ് അന്ന് ലക്ഷ്യം വച്ചത്. സാധ്യമായ എല്ലാ ക്രമീകരണങ്ങളും ഒരുക്കിക്കൊണ്ടാണ് 'ഫസ്റ്റ്ബെൽ' ക്ലാസുകൾ നടപ്പാക്കിയത്. കഴിഞ്ഞ വർഷത്തെ അനുഭവംകൂടി കണക്കിലെടുത്തുകൊണ്ടാണ് ഈ വർഷത്തെ ഡിജിറ്റൽ ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നത്. കഴിഞ്ഞ വർഷത്തെപ്പോലെ ഈ

വർഷവും ജൂൺ മാസം വിക്ടേഴ്സ് മുഖേനയുള്ള ഡിജിറ്റൽ ക്ലാസ്സുകളുടെ സംപ്രേഷണമാണ് ആദ്യം നടത്തിയത്. അദ്ധ്യാപകർ ഓൺലൈൻ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് അവരവരുടെ വിദ്യാർത്ഥികളെ (ഇന്റർനെറ്റ് സംവിധാനത്തിലൂടെ) നേരിട്ട് വിനിമയം ചെയ്യിക്കുന്നതിനുള്ള സൗകര്യങ്ങളാണ് ഡിജിറ്റൽ പഠനത്തോടൊപ്പം ഏർപ്പെടുത്തുന്നത്. ഓൺലൈൻ വിദ്യാഭ്യാസം നടത്തുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യ പ്രശ്നങ്ങൾ പരമാവധി പരിഹരിച്ച് മാത്രമായിരിക്കും ഇത് നടപ്പാക്കുന്നത്. സംസ്ഥാനത്തെ സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കും ഓൺലൈൻ വിദ്യാഭ്യാസം ലഭ്യമാക്കും. സ്കൂൾ വിദ്യാഭ്യാസം മൗലികാവകാശമായ നമ്മുടെ രാജ്യത്ത് വിദ്യാഭ്യാസം എല്ലാ വിദ്യാർത്ഥികൾക്കും തുല്യമായ രീതിയിൽ നൽകുക എന്നത് സർക്കാരിന്റെ കടമയാണ്. വിദ്യാർത്ഥികൾക്കിടയിൽ ഡിജിറ്റൽ അന്തരം (digital divide) ഇല്ലാതാക്കാൻ സർക്കാർ പരമാവധി ക്രമീകരണങ്ങളൊരുക്കുന്നുണ്ട്. പൊതുവിദ്യാലയങ്ങളിലെ എല്ലാ വിദ്യാർത്ഥികൾക്കും ഓൺലൈൻ പഠനത്തിനാവശ്യമായ എല്ലാ ക്രമീകരണങ്ങളുമൊരുക്കിക്കൊണ്ടും ഡിജിറ്റൽ വിദ്യാഭ്യാസത്തിന്റെ ന്യൂനതകൾ പരിഹരിച്ചുകൊണ്ടുമായിരിക്കും ഇത് നടപ്പാക്കുക.

(ഡി) ഈ അദ്ധ്യയന വർഷവും ഇന്റർനെറ്റ് സൗകര്യങ്ങളുടെ അപര്യാപ്തയും സ്മാർട്ട് ഫോൺ ഉൾപ്പെടെയുള്ള പശ്ചാത്തല സൗകര്യങ്ങളുടെ അഭാവവും നിമിത്തം നിരവധി വിദ്യാർത്ഥികൾക്ക് ക്ലാസ്സുകൾ നഷ്ടപ്പെടുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വെളിപ്പെടുത്തുമോ?

കഴിഞ്ഞ വർഷത്തെ അനുഭവങ്ങൾകൂടി പരിഗണിച്ചുകൊണ്ടാണ് ഈ വർഷം ഫസ്റ്റ്ബെൽ 2.0 നടപ്പാക്കിവരുന്നത്. ഡിജിറ്റൽ ക്ലാസ്സുകൾ കാണുന്നതിലേയ്ക്ക് ഡിജിറ്റൽ ഡിവൈസുകൾ വീടുകളിൽ ലഭ്യമല്ലാതിരുന്ന കുട്ടികൾക്കായി അയൽപക്ക പഠന കേന്ദ്രങ്ങൾ, ഊരു വിദ്യാലയങ്ങൾ മുതലായവ ഒരുക്കിയിരുന്നു. വായനശാലകൾ, അങ്കണവാടികൾ തദ്ദേശഭരണ സ്ഥാപനത്തിൻ കീഴിലുള്ള സൗകര്യപ്രദമായ സ്ഥലങ്ങൾ തുടങ്ങിയ ഇടങ്ങളിലാണ് സൗകര്യങ്ങളൊരുക്കിയത്. ഓൺലൈൻ ക്ലാസ്സുകളിൽ പങ്കെടുക്കുന്നതിന് സൗകര്യമില്ലാത്ത കുട്ടികളെ കണ്ടെത്തുന്നതിനായി സംസ്ഥാനതല ക്യാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ അധികൃതരുടെയും പി.റ്റി.എ.-യുടെയും നേതൃത്വത്തിൽ സ്കൂൾതല കണക്കെടുപ്പ് നടന്നുവരുന്നു. സംസ്ഥാനതലത്തിൽ കണക്കുകൾ ക്രോഡീകരിച്ച് ലഭ്യമാകുന്നതോടെ ഡിജിറ്റൽ ഉപകരണങ്ങളില്ലാത്ത കുട്ടികൾക്ക് ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പൊതുജന പങ്കാളിത്തതോടെ ഒരു ക്യാമ്പയിനായി നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. മലയോര മേഖലകളിലും ഇടുക്കി വയനാട്, പാലക്കാട് തുടങ്ങിയ ജില്ലകളിലെ ഉൾപ്രദേശങ്ങളിലും ഇന്റർനെറ്റ് കണക്ഷൻ, കേബിൾ കണക്ഷൻ തുടങ്ങിയവയുടെ ദൗർലഭ്യം നേരിടുന്നത് പരിഹരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ഓൺലൈൻ പഠനമാർഗ്ഗം വിദ്യാർത്ഥികളിലുണ്ടാക്കിയ പ്രഭാവം

192 (802) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. എച്ച്. സലാം:
ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് അനിവാര്യമാക്കിത്തീർത്ത നിയന്ത്രണങ്ങൾ, ഓൺലൈൻ പഠനമാർഗ്ഗം നിർബന്ധമാക്കിയത് വിദ്യാർത്ഥികളിൽ, വിശേഷിച്ച് പ്രൈമറി തലത്തിലുള്ളവരിൽ, എത്തരത്തിൽ പ്രഭാവം ചെലുത്തിയെന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ എന്ന് അറിയിക്കുമോ?

മഹാമാരിക്കാലത്ത് കുട്ടികളുടെ അക്കാദമികവും മനോസാമൂഹികപരവുമായ അവസ്ഥയെ സംബന്ധിച്ച് തിരുവനന്തപുരത്തെ സർക്കാർ വനിതാകോളേജുമായി ചേർന്ന് എസ്.സി.ഇ.ആർ.ടി. പഠനം നടത്തിയിട്ടുണ്ട്.

(ബി) ഓൺലൈൻ വിദ്യാഭ്യാസ സമ്പ്രദായത്തിൽ ഒരാളും ഒഴിവാക്കപ്പെട്ടുന്നില്ലെന്ന് ഉറപ്പുവരുത്താൻ നടത്തിയ ഇടപെടലുകൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ?

നിലവിൽ ഡിജിറ്റൽ സങ്കേതങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള ക്ലാസ്സുകളാണ് ലഭ്യമാക്കുന്നത്. കോവിഡ്-19 ലോക്ഡൗൺ പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ സ്കൂളുകൾ തുറന്നു പ്രവർത്തിക്കുന്നതിന് കഴിയാതിരുന്ന സാഹചര്യത്തിലാണ് ' കൈറ്റ് വിക്ടേഴ്സ് ' വിദ്യാഭ്യാസ ചാനലിലൂടെ ക്ലാസ്സുകൾ സംപ്രേഷണം ചെയ്തിരുന്നത്. ഏതെങ്കിലും കുട്ടികൾക്കോ പ്രദേശത്തോ ക്ലാസ്സുകൾ കാണുന്നതിന് പ്രയാസം നേരിട്ടാൽ സ്കൂൾ പ്രഥമാദ്ധ്യാപകർ, പി.ടി.എ., തദ്ദേശഭരണസ്ഥാപനങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ, എസ്.എസ്.കെ. കോ-ഓർഡിനേറ്റർമാർ, എസ്.പി.സി., എൻ.എസ്.എസ്. വോളണ്ടിയർമാർ, ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തുടങ്ങി വിവിധ സംഘടനകളുടെയും ഏജൻസികളുടെയും സഹായത്താൽ ക്ലാസ്സുകൾ കാണുന്നതിനുള്ള അവസരമൊരുക്കുന്നതിന് ക്രമീകരണങ്ങൾ നടത്തിയിരുന്നു. വീട്ടിൽ ടി.വി., സ്മാർട്ട് ഫോൺ, ഇന്റർനെറ്റ് തുടങ്ങിയ സൗകര്യങ്ങളില്ലാത്ത കുട്ടികൾക്കും ക്ലാസ്സുകൾ കാണാൻ അവസരമൊരുക്കുന്നതിനായി ക്ലാസ്സ് ടീച്ചർ കുട്ടിയുമായി ആശയവിനിമയം നടത്തി പ്രഥമാദ്ധ്യാപകരുമായി ആലോചിച്ച് ക്ലാസ്സുകൾ കാണുന്നതിന് ബദൽ സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. ഓരോ ദിവസവും വ്യത്യസ്ത ക്ലാസ്സുകളിൽ പരമാവധി അര മണിക്കൂർ മുതൽ രണ്ട് മണിക്കൂർ വരെയാണ് ക്ലാസ്സുകളുടെ സംപ്രേഷണമെന്നതിനാൽ അത്രയും സമയം കാണാനോ അല്ലെങ്കിൽ പിന്നീട് വെബ്പിൽനിന്നും

കാണാനോ ആണ് സൗകര്യമൊരുക്കുന്നത്. ഇതിന് ഓരോ പ്രദേശത്തിന്റെയും കുട്ടിയുടെയും സാഹചര്യത്തിനനുസരിച്ച് വ്യത്യസ്തങ്ങളായ മാർഗ്ഗങ്ങൾ അനുവർത്തിക്കേണ്ടിവന്നേയ്ക്കാം. അടുത്തുതാമസിക്കുന്ന സഹപാഠിയുടെയോ അയൽ വീടുകളിലെയോ ഗ്രന്ഥശാലകൾ/അക്ഷയ കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥാനപങ്ങളുടെയോ ടി.വി./ ഇന്റർനെറ്റ് സേവനങ്ങളോ വിദൂരതയിലുള്ള സ്ഥലങ്ങളിൽ എസ്.എസ്.കെ. കോ-ഓർഡിനേറ്റർമാർ, എസ്.പി.സി., എൻ.എസ്.എസ്. വാളന്റിയർമാർ, ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തുടങ്ങിയവരുടെ നേതൃത്വത്തിൽ ലാപ്ടോപ്പും പ്രൊജക്ടറും ഉപയോഗിച്ചോ (അവിടെ ഇന്റർനെറ്റ് സൗകര്യമില്ലെങ്കിലും നേരത്തെ ഡൗൺലോഡ് ചെയ്ത ഉള്ളടക്കം പ്രദർശിപ്പിക്കാം) തൊട്ടടുത്ത സ്കൂളുകളിൽ സൗകര്യം ഏർപ്പെടുത്തിയോ ആണ് ഇത് പ്രാവർത്തികമാക്കുന്നത്. ഇങ്ങനെ ക്ലാസ്സുകൾ കാണുന്നതിന് അവസരമൊരുക്കുമ്പോൾ ഒരു ക്ലാസ്സിലെ കുട്ടിക്ക് ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം കൊണ്ടുമാത്രം എല്ലാ ക്ലാസ്സുകളും ഒരുമിച്ച് നൽകുന്ന വിധത്തിൽ ഹൈടെക്, ഹൈടെക് ലാബ് പദ്ധതികളിലെ ഐ.ടി. സംവിധാനങ്ങളും ഉപയോഗിക്കുന്നതിന് പ്രത്യേക നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പരസ്പരം സംവദിക്കാവുന്ന തരത്തിലായിരുന്നോ ഓൺലൈൻ ക്ലാസ്സുകൾ സംഘടിപ്പിക്കപ്പെട്ടിരുന്നതെന്ന് വിശദമാക്കാമോ?

കഴിഞ്ഞ വർഷം (2020-21) ഡിജിറ്റൽ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ക്ലാസ്സുകൾ കൈറ്റ് വിക്ടേഴ്സിലൂടെ സംപ്രേഷണം ചെയ്യുകയും അത് കുട്ടികളിലെത്തിക്കുകയുമാണ് ചെയ്തത്. ഈ വർഷം ഡിജിറ്റൽ ക്ലാസ്സുകൾക്കൊപ്പം ഓൺലൈൻ സൗകര്യം പ്രയോജനപ്പെടുത്തിക്കൊണ്ട് അദ്ധ്യാപകർക്കുതന്നെ അവരവരുടെ വിദ്യാർത്ഥികളുമായി നേരിട്ട് വിനിമയം ചെയ്യുന്നതിനുള്ള സൗകര്യങ്ങളാണ് ഡിജിറ്റൽ പഠനത്തോടൊപ്പം ഏർപ്പെടുത്തുന്നത്. അതിനായി കൈറ്റ് ജി-സ്യൂട്ട് പ്ലാറ്റ്ഫോം സജ്ജമാക്കിയിട്ടുണ്ട്. ഘട്ടംഘട്ടമായി ഓൺലൈൻ ക്ലാസ്സുകൾ ആരംഭിക്കുന്നതിനുള്ള ട്രയൽ, പൈലറ്റ് ക്ലാസ്സുകൾക്ക് തുടക്കം കുറിക്കുകയും ചെയ്തു.

(ഡി) കോവിഡ് നിയന്ത്രണങ്ങളിൽ ഇളവുള്ള പ്രദേശങ്ങളിലെ സ്കൂളുകളിലെ കുട്ടികളെ പല ഗ്രൂപ്പായി തിരിച്ച് സാമൂഹ്യ അകലവും മറ്റ് നിയന്ത്രണങ്ങളും പാലിച്ച് ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസമെങ്കിലും ക്ലാസ്സ് ലഭ്യമാക്കുന്ന കാര്യം പരിശോധിക്കുമോ?

പഠനത്തിന്റെ സാമൂഹികതലം ഉറപ്പുവരുത്തുന്നതിന് കുട്ടിയും അദ്ധ്യാപകനും സ്കൂളിലെത്തേണ്ടതും കൂട്ടായി പഠന പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതുമുണ്ട്. ഇത് എങ്ങനെ സാദ്ധ്യമാക്കണമെന്നത് കോവിഡ് മഹാമാരിയുടെ വ്യാപനം കുറയുന്നതോടെയേ സാധ്യമാകൂവെന്നാണ് വിലയിരുത്തപ്പെടുന്നത്.

ഓൺലൈൻ പഠന സൗകര്യം

193 (803) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഓൺലൈൻ പഠന സൗകര്യം ലഭ്യമല്ലാത്ത കുട്ടികളുടെ എണ്ണം കണ്ടെത്തിയിട്ടുണ്ടോ: വിശദാംശങ്ങൾ നൽകാമോ?

സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളിൽ 1 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഓൺലൈൻ ക്ലാസ്സുകളിൽ പങ്കെടുക്കുന്നതിന് 2021-22 അദ്ധ്യയന വർഷത്തിൽ ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി സംസ്ഥാനതല ക്യാമ്പയിൽ സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം സ്കൂൾതലത്തിൽ അദ്ധ്യാപകരുടെയും പി.റ്റി.എ.-യുടേയും നേതൃത്വത്തിൽ ഡിജിറ്റൽ ഉപകരണങ്ങളില്ലാത്ത കുട്ടികളുടെ കണക്കെടുപ്പ് നടത്തി വരികയാണ്. സ്കൂൾതലത്തിൽ ശേഖരിക്കുന്ന കണക്കുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ക്രോഡീകരിച്ച് ജില്ലാതലത്തിലും ജില്ലാ തലത്തിൽ ക്രോഡീകരിച്ച കണക്ക് സംസ്ഥാനതലത്തിലും പൂർത്തീകരിക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്.

കോട്ടക്കൽ നിയോജകമണ്ഡലത്തിലെ സ്കൂളുകളിലെ നിർമ്മാണ പ്രവൃത്തി

194(804) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ ജി.എൽ.പി. സ്കൂൾ, കരേക്കാട്, ഗവൺമെന്റ് യു.പി, സ്കൂൾ, പൊൻമള എന്നീ സ്കൂളുകളുടെ എസ്റ്റിമേറ്റ് വിദ്യാഭ്യാസ വകുപ്പിന് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്.

(ബി) പ്രസ്തുത എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; പ്രസ്തുത പ്രൊപ്പോസലുകൾ ഇപ്പോൾ ഏത് ഓഫീസിലാണെന്ന് വ്യക്തമാക്കുമോ?

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ പ്രസ്തുത പ്രൊപ്പോസലുകൾ പരിശോധിച്ചുവരുന്നു.

(സി) വിദ്യാഭ്യാസ വകുപ്പിന്റെ തൊട്ടടുത്ത വർക്കിംഗ് ഗ്രൂപ്പിൽ പ്രസ്തുത സ്കൂളുകളെ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

&

(ഡി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുമോ?

(സി&ഡി) 2021-22 സാമ്പത്തിക വർഷത്തിൽ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിനുള്ള സ്കൂളുകളുടെ ലിസ്റ്റ് തയ്യാറാക്കിവരുന്നു.

കുട്ടനാട്ടിലെ സർക്കാർ സ്കൂളുകൾക്ക് അന്താരാഷ്ട്ര നിലവാരം

195 (805) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ കിടങ്ങറ സർക്കാർ സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിൽ നിർമ്മിച്ചതുപോലെ ഈ പ്രദേശത്തെ കൂടുതൽ സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിൽ പുനരുദ്ധരിക്കാൻ നടപടികയുണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കുട്ടനാട് നിയോജകമണ്ഡലത്തിലെ കിടങ്ങറ ഗവൺമെന്റ് ഹൈസ്കൂളിന്റെ നിർമ്മാണം 5 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി പൂർത്തിയാക്കിയിരുന്നു. കൂടാതെ ഗവൺമെന്റ് എച്ച്.എസ്. വിയ്യപുരം സ്കൂളിന് 1 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ കുട്ടനാട്ടിലെ ഹൈസ്കൂൾ, ഹയർ സെക്കൻഡറി സ്കൂളുകൾ നവീകരിക്കുന്നത് സംബന്ധിച്ച പ്രോപ്പോസലുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് ലഭിക്കുന്നമുറയ്ക്ക് അക്കാര്യം പരിഗണിക്കുന്നതാണ്.

(ബി) കുട്ടനാട്ടിലെ മുഴുവൻ സർക്കാർ വിദ്യാലയങ്ങളിലും എൻ.സി.സി., സ്കൗട്ട്സ്, എൻ.എസ്.എസ്. തുടങ്ങിയ സംവിധാനങ്ങളാരംഭിക്കാൻ നടപടിയുണ്ടാകുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

സ്കൂൾ അധികൃതരാണ് എൻ.സി.സി, സ്കൗട്ട് & ഗൈഡ് യൂണിറ്റുകൾ തുടങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടത്. കുട്ടനാട്ടിലെ സർക്കാർ വിദ്യാലയങ്ങളിൽ എൻ.സി.സി., സ്കൗട്ട് & ഗൈഡ് എന്നീ യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള അപേക്ഷകൾ അതാത് സ്കൂൾ അധികൃതർ നേരിട്ട് എൻ.സി.സി., സ്കൗട്ട് & ഗൈഡ്സ് എന്നീ കാര്യാലയങ്ങളിൽ സമർപ്പിക്കേണ്ടതാണ്.

മാവേലിക്കര നിയോജകമണ്ഡലത്തിലെ സ്കൂളുകളിലെ നിർമ്മാണപദ്ധതികൾ

196(806) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിലെ വിവിധ സ്കൂളുകൾക്ക് വിവിധ പദ്ധതികളിലുൾപ്പെടുത്തി 2016-21 കാലയളവിൽ തുക അനുവദിച്ച പുതിയ നിർമ്മാണങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിർവ്വഹണ ഏജൻസികളും അനുവദിക്കപ്പെട്ട തുകയും വിശദമാക്കുമോ;

&

(സി) പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

(എ-സി) മാവേലിക്കര നിയോജകമണ്ഡലത്തിലെ സ്കൂളിൽ അനുവദിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ സ്കൂളുകളുടെ പ്രവൃത്തി ആരംഭിക്കുന്നതിലുള്ള കാലതാമസം

197 (807) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനായി കിഫ്ബി മുഖേന മൂന്ന് കോടി രൂപ അനുവദിച്ചിട്ടുള്ള അവിടനല്ലൂർ ജി.എച്ച്.എസ്.എസ്., പൂനൂർ ജി.എം.യു.പി.എസ്. എന്നീ സ്കൂളുകളുടെ പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ?

(എ&ബി) നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ ഭാഗമായി കിഫ്ബിയുടെ 3 കോടി രൂപ ധനസഹായത്തോടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് തെരഞ്ഞെടുത്ത അവിടനല്ലൂർ ജി.എച്ച്.എസ്.എസ്., പൂനൂർ, ജി.എം.യു.പി.എസ്. എന്നീ സ്കൂളുകളുടെ ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചി രിക്കുകയാണ്. അംഗീകാരം ലഭിക്കുന്നമുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കു ന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ചലഞ്ച് ഫണ്ട്

198 (808) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ ഏതെല്ലാം സ്കൂളുകൾക്കാണ് ചലഞ്ച് ഫണ്ട് തുക അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

&

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഓരോ സ്കൂളുകളുടെയും നിർമ്മാണ പ്രവൃത്തികൾ ഏതുവരെയായെന്ന് അറിയിക്കാമോ?

(എ&ബി) വാമനപുരം നിയോജകമണ്ഡലത്തിലെ സ്കൂളുകൾക്ക് ചലഞ്ച് ഫണ്ട് അനുവദിക്കുന്നതിനായി പ്രൊപ്പോസലുകളൊന്നും ലഭ്യമായിട്ടില്ല.

കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ സ്കൂളുകളിലെ നിർമ്മാണ പ്രവൃത്തികൾ

199(809) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഒരു കോടി രൂപയുടെ അംഗീകാരം ലഭിച്ച കണ്ണൂർ, കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ മാടായി ഗവൺമെന്റ് ബോയ്സ് ഹയർ സെക്കൻഡറി, ചെറുകുന്ന് ഗവൺമെന്റ് വെൽഫെയർ ഹയർ സെക്കൻഡറി, കടന്നപ്പള്ളി ഗവൺമെന്റ് ഹയർ സെക്കൻഡറി എന്നീ സ്കൂളുകളിലെ നിർമ്മാണ പ്രവൃത്തിയുടെ വിശദാംശം ലഭ്യമാക്കാമോ?

കിഫ്ബി ധനസഹായത്തോടെയുള്ള ഒരു കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അംഗീകാരം ലഭിച്ച കണ്ണൂർ, കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ മാടായി ഗവൺമെന്റ് ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിന്റെ ടെണ്ടർ നടപടികൾ സ്വീകരിച്ചു. നിർമ്മാണത്തിനുള്ള തറക്കല്ലിടീൽ നടത്തിയിട്ടുണ്ട്. പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിനുള്ള നടപടികളും സ്വീകരിച്ചു. ചെറുകുന്ന് ഗവൺമെന്റ് വെൽഫെയർ ഹയർ സെക്കൻഡറി സ്കൂളിന്റെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണം ആരംഭിച്ചു. കടന്നപ്പള്ളി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിന്റെ ടെണ്ടർ നടപടി സ്വീകരിച്ച്, നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മാവൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന് പുതിയ കെട്ടിടം

200 (810) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മാവൂർ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എത്ര രൂപയുടെ ഭരണാനുമതിയാണ് കിഫ്ബി മുഖേന ലഭ്യമാക്കിയത്; ഇത അനുവദിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവിന്റെ നമ്പരും തീയതിയും അറിയിക്കാമോ;

(ബി) ഏത് ഏജൻസി മുഖേനയാണ് ഈ പ്രവൃത്തി നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളത്; ഇതേ കാലയളവിൽ അനുമതി ലഭിച്ച മറ്റ് പല സ്കൂളുകളുടെയും പ്രവൃത്തി പൂർത്തീകരിച്ചു കഴിഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) കോഴിക്കോട് ജില്ലയിലെ മാവൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിനെ കിഫ്ബിയുടെ 3 കോടി രൂപ ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കൈറ്റിനെ എസ്.പി.വി. ആക്കി 24-12-18-ലെ സ.ഉ. (സാധാ.)നമ്പർ 5411/2018/പൊ.വി.വ. പ്രകാരം 3,52,09,996 രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ടി പ്രവൃത്തി നടപ്പാക്കാൻ സാധിക്കില്ലെന്ന് എസ്.പി.വി. ആയ കൈറ്റ് അറിയിച്ചതിനാൽ പ്രസ്തുത സ്കൂളിന്റെ നിർമ്മാണ പ്രവർത്തനത്തിനുള്ള എസ്.പി.വി. ആയി കിലയെ 28-1-2021-ലെ സ.ഉ. (സാധാ)നമ്പർ 783/21/പൊ.വി.വ. സർക്കാർ ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ ഉത്തരവിലുൾപ്പെട്ട സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സമഗ്ര ശിക്ഷാ കേരള

201(811) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷത്തിൽ സമഗ്ര ശിക്ഷാ കേരള മുഖേന കേരളത്തിലെ പൊതുവിദ്യാഭ്യാസ രംഗത്ത് ഏതൊക്കെ മേഖലകളിലാണ് ഫണ്ട് വിനിയോഗം നടന്നതെന്നും ഇതിനായി ചെലവഴിക്കപ്പെട്ട തുക എത്രയാണെന്നും അറിയിക്കുമോ?

2020-21 പൊതുവിദ്യാഭ്യാസ മേഖലയിൽ സമഗ്ര ശിക്ഷാ കേരള മുഖേന വിനിയോഗം നടന്ന മേഖലകൾ ചുവടെ ചേർക്കുന്നു :

ആദിവാസി മേഖലയിലുള്ള കുട്ടികളുടെ വിദ്യാഭ്യാസം, നിർമ്മാണ പ്രവർത്തനങ്ങൾ, സൗജന്യ പാഠപുസ്തകം, സൗജന്യ യൂണിഫോം, കോമ്പോസിറ്റ് സ്കൂൾ ഗ്രാന്റ്, ലൈബ്രറി ഗ്രാന്റ്, സ്കൂളിനുപുറത്തുള്ള കുട്ടികളെ സ്കൂളിലെത്തിക്കൽ, കമ്മ്യൂണിറ്റി മൊബിലൈസേഷൻ & മീഡിയ ക്വാളിറ്റി ഇന്റർവെൻഷൻസ്, പഠന പരിപോഷണ പരിപാടി, നൂതനാശയ പ്രവർത്തനങ്ങൾ, രാഷ്ട്രീയ ആവിഷ്കാർ അഭിയാൻ, സ്പെഷ്യലിസ്റ്റ് അദ്ധ്യാപക നിയമനം, അദ്ധ്യാപക പരിശീലനം, പ്രീ-സ്കൂൾ വിദ്യാഭ്യാസം, അസസ്മെന്റ് അറ്റ് നാഷണൽ & സ്റ്റേറ്റ് ലെവൽ വൊക്കേഷണൽ എഡ്യൂക്കേഷൻ, പെൺകുട്ടികളുടെ വിദ്യാഭ്യാസം, കായിക വിദ്യാഭ്യാസം, ഉൾച്ചേർക്കൽ വിദ്യാഭ്യാസം, ഡയറ്റ്, എസ്.സി.ഇ.ആർ.ടി.-യുടെ പ്രവർത്തനങ്ങൾ. 2020-21 സാമ്പത്തികവർഷം പൊതുവിദ്യാഭ്യാസ മേഖലയിൽ സമഗ്ര ശിക്ഷാ കേരള 43630.97 ലക്ഷം രൂപ ചെലവഴിച്ചു.

(ബി) ഈ കാലയളവിൽ സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാത്ത സാഹചര്യത്തിൽ എസ്.എസ്.കെ. ഫണ്ട് ചെലവഴിക്കപ്പെടാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ ഈ വർഷവും പ്രസ്തുത തുക ചെലവഴിക്കാൻ കഴിയാതെ വരുമെന്ന് കരുതുന്നുണ്ടോ;

(സി) എങ്കിൽ ഈ തുക ഉപയോഗിച്ച് വിദ്യാർത്ഥികൾക്ക് മൊബൈൽ, ടാബ്, ടി.വി. മുതലായ ഓൺലൈൻ പഠന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള സാധ്യതകൾ സർക്കാർ ആരായുകയുണ്ടായോ;

&

(ഡി) ഇല്ലെങ്കിൽ ഇതിനായി എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

(ബി-ഡി) ഇല്ല. അനുവദിക്കുന്ന തുക അംഗീകരിച്ച പദ്ധതികൾക്കായി ചെലവഴിക്കാൻ കഴിയുന്നതാണ്. കേന്ദ്ര അനുമതി ലഭിച്ച പദ്ധതികൾ മാത്രമേ സമഗ്രശിക്ഷാ കേരള വഴി നടപ്പാക്കാൻ കഴിയുകയുള്ളൂ.

സർക്കാർ സ്കൂളുകളിൽ നീന്തൽക്കുളം

202(812) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ സ്കൂളുകളിൽ നീന്തൽക്കുളം സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽനിന്ന് തെരഞ്ഞെടുത്തിട്ടുള്ള സ്കൂളുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

&

(സി) പ്രസ്തുത പദ്ധതിയിലുൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

(എ-സി) കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ സർക്കാർ സ്കൂളുകളിൽ നീന്തൽകുളം സ്ഥാപിക്കുന്ന പദ്ധതി നിലവിൽ പരിഗണനയിലില്ല.

പ്ലസ് ടു തലത്തിൽ നിയമ പഠനം

203(813) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ., പ്ലസ് ടു തലത്തിൽ വിദ്യാർത്ഥികൾക്ക് നിയമം ഒരു പ്രത്യേക വിഷയമായി പഠിക്കുവാൻ അവസരമുള്ളപ്പോൾ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് ഇത്തരം സാഹചര്യമില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ഹയർ സെക്കൻഡറി തലത്തിലെങ്കിലും നിയമം ഒരു പ്രത്യേക വിഷയമായി പഠിക്കുവാൻ വിദ്യാർത്ഥികൾക്ക് അവസരം ലഭ്യമാക്കുമോ?

നയപരമായ തീരുമാനം ആവശ്യമായ വിഷയമാണ്.

(സി) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പ്ലസ് ടു തലത്തിൽ നിയമ പഠനം മറ്റ് വിഷയങ്ങളെപ്പോലെ ഒരു പാഠ്യവിഷയമായി പരിഗണിച്ചുകൊണ്ട്, വിദ്യാർത്ഥികൾക്ക് നിയമത്തിൽ അറിവ് ലഭിക്കുവാൻ അവസരം ലഭ്യമാക്കുമോ; ആയതിലേയ്ക്കായി പാഠ്യപദ്ധതി പരിഷ്കരിക്കുമോ എന്ന് അറിയിക്കാമോ?

ഹയർ സെക്കൻഡറി തലത്തിൽ നിയമപഠനം മറ്റ് വിഷയങ്ങളെപ്പോലെ ഒരു പാഠ്യപവിഷയമായി പരിഗണിച്ചുകൊണ്ട് വിദ്യാർത്ഥികൾക്ക് നിയമത്തിൽ അറിവ് ലഭിക്കുന്നതിന് അവസരമൊരുക്കുന്നത് സംസ്ഥാന സ്കൂൾ കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കേണ്ടതുണ്ട്. കൂടാതെ പാഠ്യപദ്ധതി പരിഷ്കരണ വേളയിൽ ഹയർ സെക്കൻഡറി തലത്തിലെ നിയമപഠന സാധ്യതയെ സംബന്ധിച്ച വിഷയം പാഠ്യപദ്ധതി പരിഷ്കരണ സമിതി മുമ്പാകെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതാണ്.

ശ്രീമതി ഉഷാറാണി നൽകിയ സ്പെഷ്യൽ കാഷ്വൽ ലീവ് അപേക്ഷ

204(814) ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളത്തൂവൽ ഗവൺമെന്റ് എൽ.പി.എസ്.-ലെ പി.ടി.എസ്. ആയ ശ്രീമതി ഉഷാറാണി നൽകിയ സ്പെഷ്യൽ കാഷ്വൽ ലീവ് അപേക്ഷ അനുവദിച്ച് ഉത്തരവാകുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

&

(സി) ഇത് വേഗത്തിൽ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(എ-സി) ശ്രീമതി ഉഷാറാണിക്ക് സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിക്കുന്ന വിഷയം U1/625/2020/പൊ.വി.വ. നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു. ആയത് തീരുമാനമാകുന്ന മുറയ്ക്ക് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

പിറവം നിയോജകമണ്ഡലത്തിലെ എൽ.പി. സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ

205(815) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിലെ രാമമംഗലം, തിരുമാറാടി, മണ്ണത്തൂർ, കൂത്താട്ടുകുളം, വടകര എൽ.പി. സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ പരിശോധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

പൊതുവിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ പരിശോധിച്ച് വിലയിരുത്തൽ നടത്താൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും അവ പരിഹരിക്കപ്പെടുകയും ചെയ്യുന്നുണ്ട്. പ്രസ്തുത സ്കൂളുകളിലെ വിലയിരുത്തൽ റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത എൽ.പി. സ്കൂളുകളിൽ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

പൊതുവിദ്യാഭ്യാസ വകുപ്പിന് പദ്ധതിയിനത്തിൽ വകയിരുത്തുന്ന തുക വിനിയോഗിച്ച് സർക്കാർ സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി കെട്ടിട നിർമ്മാണത്തിന് പ്രൊപ്പോസൽ ലഭ്യമാകുന്നതനുസരിച്ച് ഭരണാനുമതി നൽകുന്നുണ്ട്. കെട്ടിട നിർമ്മാണത്തിന് ഭരണാനുമതിക്ക് പ്രൊപ്പോസൽ സമർപ്പിക്കാൻ വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത വിദ്യാലയങ്ങളുടെ കെട്ടിടങ്ങൾക്ക് പ്ലാൻ ഫണ്ടിൽനിന്നും തുക അനുവദിക്കുന്നതിനായുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഭരണാനുമതി നൽകുന്നതിന് പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ഇടയിലക്കാട് എ.എൽ.പി. സ്കൂൾ ഏറ്റെടുക്കൽ

206(816) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ഇടയിലക്കാട് എ.എൽ.പി. സ്കൂൾ സർക്കാർ ഏറ്റെടുക്കുന്നതിനായി വർഷങ്ങൾക്ക് മുമ്പുതന്നെ സമ്മതപത്രവും അനുബന്ധ രേഖകളും നൽകിയിട്ടും സ്കൂൾ ഏറ്റെടുക്കൽ നടപടി പൂർത്തീകരിക്കാൻ കഴിയാതെ വന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ഇടയിലക്കാട് എ.എൽ.പി. സ്കൂൾ സർക്കാർ ഏറ്റെടുക്കണമെന്ന മാനേജരുടെ അപേക്ഷ സർക്കാർ പരിശോധിച്ചു വരികയാണ്.

(ബി) സ്കൂൾ ഏറ്റെടുത്തുകൊണ്ടുള്ള ഉത്തരവ് എന്നത്തേയ്ക്ക് ലഭ്യമാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ഇടയിലക്കാട് എ.എൽ.പി. സ്കൂൾ സർക്കാർ ഏറ്റെടുക്കണമെന്ന മാനേജരുടെ അപേക്ഷ സർക്കാർ പരിശോധിച്ചു വരികയാണ്.

സർക്കാർ യു.പി. സ്കൂളുകൾ

207(817) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ എത്ര സർക്കാർ യു.പി. സ്കൂളുകളുണ്ടെന്ന് അറിയിക്കുമോ?

110 സർക്കാർ സ്കൂളുകൾ.

(ബി) പ്രസ്തുത ജില്ലയിൽ സർക്കാർ യു.പി.എസ്.എ. തസ്തികയിൽനിന്നും 2022 ജനുവരി 1 മുതൽ 2025 ഡിസംബർ 31 വരെയുള്ള കാലയളവിൽ വിരമിക്കുന്ന അദ്ധ്യാപകരുടെ പേരുവിവരങ്ങൾ, തീയതി, ഇപ്പോൾ അവർ ജോലി നോക്കുന്ന സ്ഥലം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

1. പോൾ വർഗ്ഗീസ്, 31-5-2022, ജി.വി.എച്ച്.എസ്.എസ്., മണിയാറൻകുടി
2. സുലോചന കെ.ആർ., 31-5-2022, ജി.എച്ച്.എസ്., അടിമാലി.
3. ഓമന എൻ.എം., 31-5-2023, ജി.എച്ച്.എസ്., കാഞ്ഞിരമറ്റം

4. ജാക്സൺദാസ് റ്റി., 31-3-2022, ജി.എച്ച്.എസ്.എസ്., കല്ലാർ.
5. ശോഭന. വി. എൽ., 31-3-2023, ജി.എച്ച്.എസ്.എസ്., കുറ്റിപ്ലാങ്ങാട്
6. മറിയാമ്മ ആംബ്രോസ്, 31-3-2024, ജി.എച്ച്.എസ്.എസ്., കല്ലാർ.
7. പ്രീത പി. കെ., 30-4-2022, ജി.യു.പി.എസ്., ലച്ച്മി
8. ഗ്രേസി ചാക്കോ, 31-3-2023, ഐ.എച്ച്.ഇ.പി.ജി.യു.പി.എസ്., മൂലമറ്റം.
9. ശെൽവി റ്റി. എസ്., 31-3-2025, ജി.എച്ച്.ഡബ്യൂ.യു.പി.എസ്., കാറ്റാടിക്കവല.

ഗ്രേസ് മാർക്ക്

208(818) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-22 വർഷത്തെ എസ്.എസ്.എൽ.സി., പ്ലസ് ടു വിദ്യാർത്ഥികൾക്കുള്ള ഗ്രേസ് മാർക്ക് നൽകേണ്ടതില്ലെന്ന ഉത്തരവ് പിൻവലിച്ച് തൽസ്ഥിതി തുടരുന്നതിന് നടപടി സ്വീകരിക്കുമോ?

2021-22 വർഷത്തെ എസ്.എസ്.എൽ.സി., പ്ലസ് ടു വിദ്യാർത്ഥികൾക്കുള്ള ഗ്രേസ് മാർക്ക് സംബന്ധിച്ച് തീരുമാനമായിട്ടില്ല. 2020-21 വർഷത്തെ എസ്.എസ്.എൽ.സി., പ്ലസ് ടു വിദ്യാർത്ഥികൾക്കുള്ള ഗ്രേസ് മാർക്ക് നൽകേണ്ട തില്ലെന്ന ഉത്തരവ് പിൻവലിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

ഉപരിപഠനത്തിനുള്ള അവസരം ഉറപ്പാക്കാൻ നടപടി

209 (819) ശ്രീ. റോജി എം. ജോൺ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ അദ്ധ്യയന വർഷം എത്ര കുട്ടികളാണ് എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയത്; എത്ര പേർ ഉന്നത പഠനത്തിന് യോഗ്യത നേടി; വിജയ ശതമാനം എത്രയാണ്; വ്യക്തമാക്കുമോ?

2020-21 അദ്ധ്യയന വർഷം ആകെ 4,21,887 വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയതിൽ 4,19,653 വിദ്യാർത്ഥികൾ ഉന്നത പഠനത്തിന് യോഗ്യത നേടി. വിജയശതമാനം 99.47.

(ബി) സംസ്ഥാനത്ത് സർക്കാർ എയ്ഡഡ് മേഖലയിൽ എത്ര പ്ലസ് ടു സീറ്റുകൾ നിലവിലുണ്ട്?

സംസ്ഥാനത്ത് സർക്കാർ/എയ്ഡഡ് മേഖലയിൽ ബാച്ചൊന്നിന് 50 സീറ്റ് എന്ന ക്രമത്തിൽ ആകെ 3,06,150 സീറ്റുകൾ നിലവിലുണ്ട്.

(സി) ഉപരിപഠനത്തിന് യോഗ്യത നേടിയ എല്ലാ കുട്ടികൾക്കും അവസരം നൽകുന്നതിന് ഈ സീറ്റുകൾ പര്യാപ്തമാണോ?

അല്ല. എന്നാൽ 2021 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ യോഗ്യത നേടിയ വിദ്യാർത്ഥികളുടെ ഉപരിപഠനത്തിനായി ഹയർസെക്കൻഡറി മേഖലയിൽ ആകെ 3,61,307 സീറ്റുകളും വൊക്കേഷണൽ ഹയർസെക്കൻഡറി മേഖലയിൽ 33,000 സീറ്റുകളും ഐ.ടി.ഐ.-കളിൽ 49,140 സീറ്റുകളും പോളിടെക്നിക്കുകളിൽ 19,080 സീറ്റുകളും ഉൾപ്പെടെ 4,62,527 സീറ്റുകൾ ലഭ്യമാണ്.

(ഡി) അല്ലെങ്കിൽ ഉപരിപഠനത്തിന് യോഗ്യത നേടിയ വിദ്യാർത്ഥികളുടെ ആശങ്ക പരിഹരിച്ചുകൊണ്ട് മുഴുവൻ പേർക്കും പഠനാവസരം ഉറപ്പാക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

2021 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ യോഗ്യത നേടിയ വിദ്യാർത്ഥികളുടെ ഉപരിപഠനത്തിനായി ഹയർസെക്കൻഡറി മേഖലയിൽ ആകെ 3,61,307 സീറ്റുകളും വൊക്കേഷണൽ ഹയർസെക്കൻഡറി മേഖലയിൽ 33,000 സീറ്റുകളും ഐ.ടി.ഐ.-കളിൽ 49,140 സീറ്റുകളും പോളിടെക്നിക്കുകളിൽ 19,080 സീറ്റുകളും ഉൾപ്പെടെ 4,62,527 സീറ്റുകൾ ലഭ്യമാണ്.

എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷയ്ക്ക് ഗ്രേസ് മാർക്ക്

210 (820) ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷ എഴുതിയ വിദ്യാർത്ഥികൾക്ക് വിവിധ ഗ്രേസ് മാർക്ക് നൽകേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

2020-21 അക്കാദമിക വർഷത്തെ എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷ എഴുതിയ വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് നൽകേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്.

(ബി) എങ്കിൽ കോവിഡ് കാലഘട്ടത്തിൽ പഠനത്തോടൊപ്പം എൻ.എസ്.എസ്., എൻ.സി.സി., സ്കൗട്ട് ആൻഡ് ഗൈഡ്സ്, എസ്.പി.സി. എന്നിവയിലൂടെ സാമൂഹ്യ പ്രവർത്തനങ്ങൾ നടത്തിയവർക്ക് ഗ്രേസ് മാർക്ക് നിഷേധിക്കാനുള്ള തീരുമാനം പുനഃപരിശോധിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

മാവൂർ ഗവണ്മെന്റ് ഹയർ സെക്കൻഡറി സ്കൂൾ

211(821) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിഫ്ബിയിലുൾപ്പെടുത്തിയ സ്കൂൾ കെട്ടിടങ്ങളുടെ പ്രവൃത്തി ആരംഭിക്കാൻ സാധിക്കാത്ത ഏതെങ്കിലും സ്കൂൾ നിലവിലുണ്ടോ; എങ്കിൽ മാവൂർ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ ഉൾപ്പെടെയുള്ള സ്കൂളുകളുടെ പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം വരുന്നതിനിടയാക്കിയ കാരണങ്ങൾ വിശദമാക്കാമോ?

ഉണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി 3 കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഒന്നാം ഘട്ടത്തിൽ അനുമതി നൽകിയ 34 സ്കൂളുകളും രണ്ടാം ഘട്ടത്തിൽ അനുമതി നൽകിയ 166 സ്കൂളുകളും ഉൾപ്പെടെ 200 സ്കൂളുകളുടെ ഡി.പി.ആർ. കിഫ്ബിയുടെ പരിഗണനയിലാണ്. മാവൂർ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിന്റെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത ഡി.പി.ആർ. പുനഃപരിശോധിക്കുന്നതിന് കിഫ്ബി നിർദ്ദേശിച്ചിട്ടുണ്ട്. പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിച്ച് അംഗീകാരം ലഭിക്കുന്നമുറയ്ക്ക് നിർമ്മാണം ആരംഭിക്കുന്നതാണ്.

(ബി) ക്ലാസ് റൂമുകളുടെ അപര്യാപ്തതമൂലം പ്രയാസപ്പെടുന്ന മാവൂർ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ കെട്ടിടത്തിന്റെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

ഉണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി 3 കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഒന്നാം ഘട്ടത്തിൽ അനുമതി നൽകിയ 34 സ്കൂളുകളും രണ്ടാം ഘട്ടത്തിൽ അനുമതി നൽകിയ 166 സ്കൂളുകളുമുൾപ്പടെ 200 സ്കൂളുകളുടെ ഡി.പി.ആർ. കിഫ്ബിയുടെ പരിഗണനയിലാണ്. മാവൂർ ഗവൺമെന്റ്

ഹയർ സെക്കൻഡറി സ്കൂളിന്റെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത ഡി.പി.ആർ. പുനഃപരിശോധിക്കുന്നതിന് കിഫ്ബി നിർദ്ദേശിച്ചിട്ടുണ്ട്. പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിച്ച് അംഗീകാരം ലഭിക്കുന്നമുറയ്ക്ക് നിർമ്മാണം ആരംഭിക്കുന്നതാണ്.

കാസർഗോഡ് ജില്ലയിൽ പ്ലസ് വൺ-ന് അധികസീറ്റ്

212 (822) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ കാസർഗോഡ് ജില്ലയിൽനിന്ന് എത്ര കുട്ടികൾ വിജയിച്ചുവെന്ന് വ്യക്തമാക്കാമോ?

കാസർകോട് ജില്ലയിൽനിന്നും 19,287 കുട്ടികൾ വിജയിച്ചു.

(ബി) പ്രസ്തുത കുട്ടികളിൽ എത്രപേർ എല്ലാ വിഷയത്തിനും എ-പ്ലസ് നേടിയിട്ടുണ്ടെന്ന് അറിയിക്കാമോ?

വിജയിച്ച കുട്ടികളിൽ 4366 കുട്ടികൾ എല്ലാ വിഷയത്തിനും എ പ്ലസ് നേടി.

(സി) കാസർഗോഡ് ജില്ലയിൽ പ്ലസ് വൺ-ന് എത്ര സീറ്റുകളുണ്ടെന്ന് വ്യക്തമാക്കാമോ?

14,278.

(ഡി) എസ്.എസ്.എൽ.സി. പരീക്ഷ ജയിച്ച എല്ലാ കുട്ടികൾക്കും സീറ്റ് നൽകാൻ സാധിക്കുമോ; ഇല്ലെങ്കിൽ എന്ത് ബദൽ സംവിധാനമാണ് സർക്കാരുണ്ടാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സാധിക്കുന്നതാണ്. കഴിഞ്ഞ അഞ്ച് വർഷത്തെ ശരാശരി പ്രവേശന തോത് 13,446 മാത്രമാണ്.

(ഇ) കാസർഗോഡ് ജില്ലയിൽ പ്ലസ് വൺ-ന് സീറ്റ് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കാമോ?

സാധിക്കുന്നതാണ്. കഴിഞ്ഞ അഞ്ച് വർഷത്തെ ശരാശരി പ്രവേശന തോത് 13,446 മാത്രമാണ്.

എസ്.എസ്.എൽ.സി. പ്ലസ് ടു പരീക്ഷയിൽ ഗ്രേസ് മാർക്ക്

213 (823) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:

ശ്രീ. ടി. വി. ഇബ്രാഹിം:

ശ്രീ. യു. എ. ലത്തീഫ്:

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് നൽകേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ?

2020-21 അക്കാദമിക വർഷത്തെ എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷ എഴുതിയ വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് നൽകേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്.

(ബി) മുൻവർഷങ്ങളിലെ പാഠ്യേതര പ്രവർത്തനങ്ങൾ വിലയിരുത്തി ഗ്രേസ് മാർക്ക് നൽകണമെന്ന നിർദ്ദേശം നിരാകരിച്ചതിന്റെ കാരണം വ്യക്തമാക്കുമോ?

കുട്ടികളുടെ പഠന പ്രവർത്തനം പഠനാനുബന്ധ പ്രവർത്തനങ്ങൾക്ക് മാറ്റിവയ്ക്കുന്നുവോ എന്ന് ഉറപ്പുവരുത്തുന്നതിനാണ് ഗ്രേസ് മാർക്ക് നൽകുന്നത്. 2020-21-ലെ അക്കാദമിക പ്രവർത്തനങ്ങളെല്ലാം തന്നെ ഓൺലൈൻ സംവിധാനത്തിലാണ് നടത്തിയിട്ടുള്ളത്. പഠനാനുബന്ധ പ്രവർത്തനങ്ങൾ വകുപ്പ് നേരിട്ട് നടത്തിയിട്ടില്ല. ഈ വർഷത്തെ 10, 12 ക്ലാസ്സുകളിലെ പൊതുപരീക്ഷകൾ ഫോക്കസ് ഏരിയ പ്രഖ്യാപിച്ച് ഫോക്കസ് ഏരിയയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് 110 ശതമാനത്തോളം ചോദ്യങ്ങൾ ഇടുകയും മൊത്തം 200% (ഇരട്ടി മാർക്ക്) ചോദ്യത്തിൽനിന്ന് കുട്ടികൾക്ക് അവസരം നൽകിയതിനാൽ പരീക്ഷാ മൂല്യനിർണ്ണയത്തിൽ ബഹുഭൂരിപക്ഷം കുട്ടികൾക്കും വളരെ ഉയർന്ന മാർക്ക് ലഭിച്ചിട്ടുള്ളതായി കാണുന്നു. ഗ്രേസ് മാർക്കുകൂടി നൽകിയാൽ വളരെ വലിയ ശതമാനം കുട്ടികൾ എ പ്ലസ് ഗ്രേഡിലേയ്ക്ക് എത്തുന്നതിനുള്ള സാഹചര്യമുണ്ടാകുകയും പൊതുപരീക്ഷാ ഫലത്തിൽ യുക്തിസഹമല്ലാത്ത രീതിയിൽ ഉയർന്ന ഗ്രേഡിന്റെ ആധിക്യമുണ്ടാകുകയും ചെയ്യും.

(സി) പ്രസ്തുത തീരുമാനം പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

എൻ.എസ്.ക്യൂ.എഫ്. പാഠ്യപദ്ധതി

214(824) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എസ്.ക്യൂ.എഫ്. പാഠ്യപദ്ധതി പ്രകാരം വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ മുൻവർഷങ്ങളിൽ തുടങ്ങിയ ചില പാരാമെഡിക്കൽ കോഴ്സുകൾ പ്ലസ് ടു തലത്തിൽ നടപ്പാക്കാൻ സാധിക്കില്ലെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ടോ; ഇത്തരത്തിൽ റദ്ദാക്കിയ കോഴ്സുകൾ ഏതൊക്കെയാണ്; ഇതിനു പകരം ഈ വർഷം പുതിയ കോഴ്സുകൾ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ഉണ്ട്. ഫ്രണ്ട് ലൈൻ ഹെൽത്ത് വർക്കർ, സ്പീച്ച് & ഓഡിയോ തെറാപ്പി അസിസ്റ്റന്റ്, ഡെന്റൽ അസിസ്റ്റന്റ്, അസിസ്റ്റന്റ് ഫിസിയോ തെറാപ്പിസ്റ്റ് തുടങ്ങിയ നാല് കോഴ്സുകളാണ് റദ്ദാക്കിയിട്ടുള്ളത്. 2021-22 അക്കാദമിക് വർഷംതന്നെ പകരം പുതിയ കോഴ്സുകൾ നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) എൻ.എസ്.ക്യൂ.എഫ്. പാഠ്യപദ്ധതി വി.എച്ച്.എസ്.ഇ.-യിൽ നടപ്പാക്കിയശേഷം ഇതിനായുള്ള മാസ്റ്റർ ടൈംടേബിൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ?

തയ്യാറാക്കിയിട്ടില്ല. അതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

സർക്കാർ സ്കൂളുകളിൽ ചേർന്ന വിദ്യാർത്ഥികളുടെ എണ്ണം

215(825) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ അദ്ധ്യയന വർഷവും സർക്കാർ സ്കൂളുകളിൽ ചേർന്ന വിദ്യാർത്ഥികളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ?

കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ അദ്ധ്യയനവർഷവും സർക്കാർ സ്കൂളുകളിൽ ചേർന്ന വിദ്യാർത്ഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു :

വർഷം	സർക്കാർ വിദ്യാലയങ്ങളിൽ പ്രവേശനം നേടിയ ആകെ വിദ്യാർത്ഥികളുടെ എണ്ണം
(1)	(2)
2016-17	1125682
2017-18	1126712

(1)	(2)
2018-19	1145973
2019-20	1168586
2020-21	1197243

(ബി) ഓരോ അദ്ധ്യയന വർഷവും സർക്കാർ സ്കൂളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവ് വന്നിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ സ്കൂളുകളിൽ മാത്രം പുതുതായി ചേർന്ന വിദ്യാർത്ഥികളുടെ എണ്ണം താഴെപ്പറയുന്നു :

വർഷം	സർക്കാർ വിദ്യാലയങ്ങളിൽ നിലവിലുള്ളവർക്ക് പുറമേ പുതുതായി ചേർന്നവർ
2016-17	28860
2017-18	59852
2018-19	71360
2019-20	65215
2020-21	68742
ആകെ	294029

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതി

216(826) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞ പ്രകാരം സ്കൂൾ അടിസ്ഥാനത്തിൽ ഓൺലൈൻ വിദ്യാഭ്യാസത്തിന് വിദ്യാലയങ്ങളെ സജ്ജമാക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

കോവിഡ്-19 പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ 2020 ജൂൺ 1 മുതൽ സംസ്ഥാനത്തെ സ്കൂളുകൾ തുറന്നു പ്രവർത്തിക്കുന്നതിന് അനുകൂല സാഹചര്യമില്ലാതിരുന്നതിനാൽ പരമാവധി സാധ്യായ ദിനങ്ങൾ ലഭ്യമാകുന്ന വിധത്തിൽ അവധി ദിനങ്ങൾകൂടി പ്രയോജനപ്പെടുത്തിക്കൊണ്ട് പാഠ്യ-ബോധന പ്രക്രിയകൾ ഓൺലൈൻ സംവിധാനം വഴി പുനഃക്രമീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് കൈറ്റ് വിക്ടേഴ്സ് മുഖേന 'ഫസ്റ്റ്ബെൽ' ഡിജിറ്റൽ ക്ലാസ്സുകൾ സംപ്രേഷണം ആരംഭിച്ചത്. കോവിഡ്-19 മഹാമാരിയുടെ പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ഇന്റർനെറ്റ് അധിഷ്ഠിത ഓൺലൈൻ ക്ലാസ്സുകൾ പ്രായോഗികമല്ലാതിരുന്ന പശ്ചാത്തലത്തിലാണ് കഴിഞ്ഞ വർഷം കൈറ്റ് വിക്ടേഴ്സിലൂടെ ഫസ്റ്റ്ബെൽ ഡിജിറ്റൽ ക്ലാസ്സുകൾ വിജയകരമായി നൽകിയത്. ഈ വർഷവും മഹാമാരി തുടരുന്ന സാഹചര്യമുള്ളതിനാൽ ഡിജിറ്റൽ ക്ലാസ്സുകൾക്കൊപ്പം കുട്ടികൾക്ക് നേരിട്ട് അവരുടെ അദ്ധ്യാപകരുമായി സംവദിക്കാൻ കഴിയുന്ന ഓൺലൈൻ സംവിധാനം ആവിഷ്കരിക്കുന്നതിന് തീരുമാനിക്കുകയും അതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിക്കൊണ്ടിരിക്കുകയുമാണ്.

(ബി) വിദ്യാലയ വിദ്യാഭ്യാസത്തിന്റെ അഭാവം വിദ്യാർത്ഥികളിൽ മാനസിക പിരിമുറുക്കത്തിനും വിഷാദ മനോഭാവത്തിനും കാരണമാക്കിയിട്ടുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) വിദ്യാർത്ഥികളുടെ മാനസികവ്യഥ ലഘൂകരിക്കുന്നതിനായി സ്കൂളുകൾ മുഖേന പ്രത്യേക ഓൺലൈൻ ക്ലാസ്സുകൾ സജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ?

വിദ്യാർത്ഥികളുടെ മാനസികവ്യഥ പരിഹരിക്കുന്നതിന് സഹായകരമാംവിധം 'ഉള്ളുറിയാൻ' എന്ന പരിപാടി ഡിജിറ്റൽ ക്ലാസ്സുകളുടെ ഭാഗമായി ആരംഭിച്ചിട്ടുണ്ട്. കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇതിൽ മന:ശാസ്ത്രജ്ഞരുടെ സഹായം തേടുന്നുണ്ട്. ഒപ്പംതന്നെ കായികക്ഷമതയും ആരോഗ്യവും സംബന്ധിച്ച വീഡിയോ ക്ലാസ്സുകളും ലഭ്യമാക്കുന്നുണ്ട്. വിക്ടേഴ്സ് ചാനൽവഴി ഇത്തരം ക്ലാസ്സുകൾകൂടി സംപ്രേക്ഷണം ചെയ്യുന്നുണ്ട്. മാനസിക ആരോഗ്യവുമായി ബന്ധപ്പെട്ട്, സ്കൂളുമായി ബന്ധപ്പെട്ട് വിവിധ പ്രവർത്തനങ്ങൾക്ക് ഇപ്പോൾത്തന്നെ തുടക്കം കുറിച്ചിട്ടുണ്ട്. ജീവിതനൈപുണി വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് "ഉല്ലാസപരവകൾ" എന്ന പേരിലുള്ള പ്രവർത്തനം സംസ്ഥാനത്ത് നടന്നുവരുന്നു. ഈ പേരിൽ പ്രത്യേക പഠനസാമഗ്രി തയ്യാറാക്കിയാണ് മുന്നോട്ടുപോകുന്നത്. കുട്ടികളുടെ മാനസികാരോഗ്യം ഈ പദ്ധതിയുടെ മുഖ്യപരിഗണനാ വിഷയമാണ്. Our Responsibility to children (ORC) എന്ന പദ്ധതിയും സ്കൂൾ കുട്ടികൾക്കായി നടപ്പാക്കുന്നുണ്ട്. കുട്ടികളുടെ വൈകാരികവും മാനസികവുമായ ക്ഷേമം ഈ പരിപാടിയുടെ ലക്ഷ്യമാണ്. ഇതിലെല്ലാം രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ ഊന്നൽ നൽകുന്നുണ്ട്.

(ഡി) തൃപ്തികരമായ ഓൺലൈൻ പഠനത്തിലൂടെ പഠന നിലവാരം ഫലപ്രദമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ഓൺലൈൻ ക്ലാസ്സുകൾ ആരംഭിക്കുന്നത് എല്ലാ കുട്ടികൾക്കും പ്രയോജനപ്പെടുന്ന വിധത്തിലായിരിക്കും. ഇതിന്റെ ഭാഗമായി ആദിവാസി മേഖലയിലേതുൾപ്പെടെ എല്ലാ കുട്ടികൾക്കും ഉപകരണങ്ങളും കണക്ടിവിറ്റിയും ഒരുക്കാനുള്ള ശ്രമങ്ങൾക്ക് പ്രഥമ പരിഗണന നൽകിയുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഡിജിറ്റൽ ക്ലാസ്സുകൾ എല്ലാ കുട്ടികൾക്കും ലഭ്യമാക്കിയതുപോലെ ഓൺലൈൻ ക്ലാസ്സുകളും എല്ലാ കുട്ടികൾക്കും ഒരുപോലെ പ്രയോജനപ്പെടുന്ന വിധത്തിൽ ലഭ്യമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടന്നുവരുന്നു.

150 - 200 വർഷം പഴക്കമുള്ള സ്കൂളുകൾക്ക് പ്രത്യേക ധനസഹായം

217(827) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 200 വർഷം പഴക്കമുള്ള സ്കൂളുകൾക്ക് പ്രത്യേക ധനസഹായം നൽകുമെന്ന് 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിലും 150 വർഷം പിന്നിട്ട സ്കൂളുകൾക്ക് പ്രത്യേക ധനസഹായം നൽകുമെന്ന് 2018-19-ലെ ബഡ്ജറ്റ് പ്രസംഗത്തിലും പ്രഖ്യാപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട മാവേലിക്കര ഗവൺമെന്റ് വൊക്കേഷണൽ & ഹയർ സെക്കൻഡറി സ്കൂളിനും മാവേലിക്കര ഗവൺമെന്റ് എൽ.പി.എസ്.-നും ധനസഹായം നൽകുമോ എന്നും ധനസഹായം നൽകുന്നതിന് സ്വീകരിച്ച നടപടികളും വിശദമാക്കുമോ?

ഇതു സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) പ്രസ്തുത ആവശ്യത്തിലേയ്ക്ക് വിശദമായ എസ്റ്റിമേറ്റും പ്ലാനും സമർപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടോ എന്നും അതിന്മേൽ സ്വീകരിച്ച നടപടികളും വിശദമാക്കാമോ?

ഇതുസംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

കഞ്ചിക്കോട് ഗവൺമെന്റ് ഹൈസ്കൂളിലെ നിർമ്മാണ പ്രവൃത്തി

218(828) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി മൂന്നുകോടി രൂപ ചെലവിൽ നവീകരിക്കുന്ന മലമ്പുഴ നിയോജകമണ്ഡലത്തിലെ കഞ്ചിക്കോട് ഗവൺമെന്റ് ഹൈസ്കൂളിന്റെ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

&

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ ചുമതല ഏത് ഏജൻസിക്കാണെന്നും ഈ പ്രവൃത്തിയുടെ എസ്.പി.വി. ആരാണെന്നും അറിയിക്കാമോ?

(എ&ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മൂന്നുകോടി രൂപ കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി മലമ്പുഴ നിയോജകമണ്ഡലത്തിലെ കഞ്ചിക്കോട് GVHSS-നെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. പ്രസ്തുത സ്കൂളിന്റെ നിർമ്മാണത്തിനുള്ള എസ്.പി.വി.-യായി കിലയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത സ്കൂളിന്റെ ഡി.പി.ആർ. കിഫ്ബിയുടെ പരിഗണനയിലാണ്.

നെന്മാറ - വട്ടേക്കാട് സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തി

219(829) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ ഗവൺമെന്റ് ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിന്റെയും വട്ടേക്കാട് ഗവൺമെന്റ് യു.പി. സ്കൂളിന്റെയും നിർമ്മാണ പ്രവൃത്തി വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉണ്ട്.

(ബി) പ്രസ്തുത സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാനാണ് കരാർ നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

നെന്മാറ ഗവൺമെന്റ് ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിന്റെ കരാർ കാലാവധി ആഗസ്റ്റിൽ അവസാനിക്കും. എന്നാൽ വട്ടേക്കാട് ഗവൺമെന്റ് യു.പി. സ്കൂളിന്റെ കരാർ കാലാവധി അവസാനിച്ചിട്ടുണ്ട്.

(സി) നിലവിൽ എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

&

(ഡി) പ്രസ്തുത സ്കൂളുകളുടെ പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

(സി&ഡി) നെന്മാറ ഗവൺമെന്റ് ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിന്റെ ഹൈസ്കൂൾ ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയായിവരുന്നു. ടി നിർമ്മാണം പൂർത്തിയായശേഷം ആഡിറ്റോറിയത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതാണ്. വട്ടേക്കാട് ഗവൺമെന്റ് യു.പി. സ്കൂളിന്റെ നിർമ്മാണ പ്രവൃത്തികൾ 70% പൂർത്തിയായിട്ടുണ്ട്. ഒക്ടോബർ മാസത്തോടെ കെട്ടിട നിർമ്മാണം പൂർത്തിയാകുമെന്നാണ് നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുള്ളത്.

ഉടുമ്പൻചോല നിയോജകമണ്ഡലത്തിലെ സർക്കാർ സ്കൂളുകളിലെ കെട്ടിട നിർമ്മാണം

220(830) <u>ശ്രീ. എം. എം. മണി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല നിയോജകമണ്ഡലത്തിലെ സർക്കാർ സ്കൂളുകളിലെ കെട്ടിട നിർമ്മാണത്തിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച ഫണ്ട് സംബന്ധിച്ച വിശദാംശം ഓരോ സ്കൂളിന്റെയും പേര്, അതത് സ്കൂളിൽ അനുവദിച്ച തുക എന്നിങ്ങനെ തിരിച്ച് നൽകുമോ?

ഉടുമ്പൻചോല നിയോജകമണ്ഡലത്തിലെ സ്കൂളുകളിൽ കെട്ടിട നിർമ്മാണത്തിനായി വിനിയോഗിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്*.

(ബി) ഈ കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ ഓരോ കെട്ടിടങ്ങളുടേയും നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഉടുമ്പൻചോല നിയോജകമണ്ഡലത്തിലെ സ്കൂളുകളിൽ കെട്ടിട നിർമ്മാണത്തിനായി വിനിയോഗിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂഞ്ഞാർ ഗവൺമെന്റ് എൽ.പി.സ്കൂൾ കെട്ടിടനിർമ്മാണം

221(831) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിലുൾപ്പെടുത്തി 50 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച പൂഞ്ഞാർ ഗവൺമെന്റ് എൽ.പി. സ്കൂൾ കെട്ടിട നിർമ്മാണം സംബന്ധിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ?

2016-17 സാമ്പത്തിക വർഷത്തിൽ പൂഞ്ഞാർ ഗവൺമെന്റ് എൽ.പി. സ്കൂളിന് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ, ഭരണാനുമതി ഉത്തരവിന്റെ കാലാവധി അവസാനിച്ചതിനാൽ (മൂന്നു വർഷം) പുതുക്കിയ ഭരണാനുമതി നൽകുന്നതിനായി വിശദമായ പ്രൊപ്പോസൽ നൽകാൻ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത സ്കൂളിന്റെ കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള തടസ്സങ്ങളൊഴിവാക്കി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

2016-17 സാമ്പത്തിക വർഷത്തിൽ പൂഞ്ഞാർ ഗവൺമെന്റ് എൽ.പി. സ്കൂളിന് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ, ഭരണാനുമതി ഉത്തരവിന്റെ കാലാവധി അവസാനിച്ചതിനാൽ (മൂന്നു വർഷം) പുതുക്കിയ ഭരണാനുമതി നൽകുന്നതിനായി വിശദമായ പ്രൊപ്പോസൽ നൽകാൻ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പ്രൈമറി സ്കൂളുകളിലെ പ്രധാനാദ്ധ്യാപകരുടെ നിയമനം

222(832) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രധാനാദ്ധ്യാപകരില്ലാത്ത എത്ര ഗവൺമെന്റ്/ എയ്ഡഡ് പ്രൈമറി സ്കൂളുകളുണ്ടെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പ്രധാനാദ്ധ്യാപകരില്ലാത്ത 1630 ഗവൺമെന്റ് സ്കൂളുകളും 736 എയ്ഡഡ് പ്രൈമറി സ്കൂളുകളുമാണുള്ളത്.

(ബി) പ്രൈമറി സ്കൂളുകളിൽ പ്രധാനാദ്ധ്യാപക പ്രൊമോഷൻ അവസാനമായി നടപ്പാക്കിയ വർഷം അറിയിക്കുമോ?

2019-20 വർഷം

(സി) ഇതുസംബന്ധിച്ച് എന്തെങ്കിലും കോടതി വ്യവഹാരങ്ങൾ നിലവിലുണ്ടെങ്കിൽ അവ വേഗത്തിൽ തീർപ്പ് കൽപ്പിച്ച് പ്രൈമറി സ്കൂളുകളിലെ പ്രധാനാദ്ധ്യാപകരുടെ നിയമനം ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രൈമറി ഹെഡ്മാസ്റ്റർ പ്രൊപ്പോസൽ സംബന്ധിച്ച നടപടികൾ കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സ്റ്റേ (OA 441/2021 dated, 19-2-2021) ചെയ്തിട്ടുണ്ട്. സ്റ്റേ നീക്കുന്നതുമായി ബന്ധപ്പെട്ട് അഡ്വക്കേറ്റ് ജനറലുമായി ആലോചിച്ച് തുടർ നടപടി സ്വീകരിച്ചുവരികയാണ്.

എച്ച്.എസ്.എസ്.ടി. ഒഴിവുകൾ

223(833) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 മാർച്ച് 31-നുശേഷം വിരമിക്കൽമൂലമുണ്ടായ എച്ച്.എസ്.എസ്.ടി. ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഹയർ സെക്കൻഡറി സ്പെഷ്യൽ റൂൾ പ്രകാരം എച്ച്.എസ്.എസ്.ടി. ഒഴിവുകൾ എച്ച്.എസ്.എസ്.ടി. ജൂനിയർ അദ്ധ്യാപകരുടെ തസ്തികമാറ്റ നിയമനത്തിനുള്ളതാണ്. Qualified Juniors-ന്റെ അഭാവത്തിൽ എച്ച്.എസ്.എസ്.ടി. ഒഴിവുകൾ 1:3 അനുപാതത്തിൽ ബൈട്രാൻസ്ഫർ നിയമനത്തിനും നേരിട്ടുള്ള നിയമനത്തിനും മാറ്റുന്നു. എല്ലാ വിഷയങ്ങളിലും Qualified Juniors ഉള്ളതിനാൽ എച്ച്.എസ്.എസ്.ടി. ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതില്ല. എന്നാൽ എച്ച്.എസ്.എസ്.ടി. പൊളിറ്റിക്കൽ സയൻസ് വിഷയത്തിൽ Qualified Juniors-ന്റെ അഭാവത്തിൽ 7 എച്ച്.എസ്.എസ്.ടി. ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി 23-2-2021 തീയതി പ്രകാരം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) സർക്കാർ മേഖലയിൽ 2010-നുശേഷം അനുവദിക്കപ്പെട്ട ഹയർ സെക്കൻഡറി സ്കൂളുകളിലെ അദ്ധ്യാപക തസ്തികകൾക്ക് നാളിതുവരെയായും അംഗീകാരം ലഭിച്ചിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2010-നുശേഷം അനുവദിച്ചതും മതിയായ എണ്ണം വിദ്യാർത്ഥികൾ നിലവിലുള്ളതുമായ എല്ലാ സ്കൂളുകളെയും ഉൾപ്പെടുത്തി തസ്തികകൾ സൃഷ്ടിക്കുന്നത് സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) ഉദ്യോഗസ്ഥഭരണപരിഷ്കാര (ഉപദേശ-സി) വകുപ്പിന്റെ 10-8-2018-ലെ ഉപ.സി3/149/2018/ഉപ.ഭ.വ. പരിപത്രം പ്രകാരം 2019 കലണ്ടർ വർഷത്തെയും 20-9-2019-ലെ ഉപ.സി3/101/2019/ഉപ.ഭ.വ. പരിപത്രം പ്രകാരം 2020 കലണ്ടർ വർഷത്തെയും എത്ര പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചും റിപ്പോർട്ട് ചെയ്ത തീയതി അനുസരിച്ചുമുള്ള കണക്കുകൾ ലഭ്യമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

(ഡി) വി.എച്ച്.എസ്.ഇ.-യിൽ പ്രത്യേക റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ ഒഴിവുള്ള അദ്ധ്യാപക തസ്തികകൾ നിലവിലുള്ള എച്ച്.എസ്.എസ്.ടി. റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്ന കാര്യം പരിഗണിക്കാമോയെന്ന് അറിയിക്കുമോ?

ഇക്കാര്യം പരിശോധിച്ചുവരുന്നു.

കാസർഗോഡ് ജില്ലയിലെ സ്കൂളുകൾ

224 (834) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ സർക്കാർതലത്തിലും എയ്ഡഡ് തലത്തിലും അൺഎയ്ഡഡ്തലത്തിലും എത്ര എൽ.പി./യു.പി./ ഹൈസ്കൂളുകളുണ്ടെന്ന് വ്യക്തമാക്കാമോ?

സർക്കാർ ഹൈസ്കൂൾ	96
എയ്ഡഡ് ഹൈസ്കൂൾ	35
അൺഎയ്ഡഡ് ഹൈസ്കൂൾ	32
സർക്കാർ എൽ.പി./യു.പി. സ്കൂൾ	205
എയ്ഡഡ് എൽ.പി./യു.പി. സ്കൂൾ	183
അൺഎയ്ഡഡ് എൽ.പി./യു.പി. സ്കൂൾ	31

(ബി) ഇവിടെയുള്ള അദ്ധ്യാപകരുടെയും കുട്ടികളുടെയും എണ്ണം സ്കൂൾ തിരിച്ച് വ്യക്തമാക്കുമോ;

&

(സി) ഈ സ്കൂളുകളിൽ അദ്ധ്യാപകരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; അദ്ധ്യാപക നിയമനത്തിന് അംഗീകാരം ലഭിക്കാൻ ബാക്കിയുണ്ടോ; എങ്കിൽ സ്കൂൾ തിരിച്ച് വിശദാംശം നൽകാമോ?

(ബി&സി) അദ്ധ്യാപകരുടെയും കുട്ടികളുടെയും സ്കൂൾതിരിച്ചുള്ള എണ്ണവും ഒഴിഞ്ഞു കിടക്കുന്ന അദ്ധ്യാപക തസ്തിക സംബന്ധിച്ച വിവരവും അനുബന്ധമായി ചേർക്കുന്നു*.

(ഡി) ഈ സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങളെക്കുറിച്ച് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ മുന്നിൽ നിൽക്കുന്നതും ഏറ്റവും പിന്നോക്കാവസ്ഥയിൽ കഴിയുന്നതുമായ സ്കൂളുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ മുന്നിൽ നിൽക്കുന്ന സ്കൂളുകൾ:

AEO, Kasargod	1. AUPS, Madona, Kasargod
	2. AUPS, Karivedaka
	3. ST. MARY'S ALPS, Maripuram
	4. GMLPS, Thalanara Padinhar.
AEO, Manjeswaram	1. GHUPS, Kurchipalla
	2. DBAUPS, Kayyar
AEO, Cheruvathur -	GWUPS, Kodakad

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ പിന്നോക്കാവസ്ഥയിൽ നിൽക്കുന്നതായ സ്കൂളുകൾ:

AEO, Kasargod	GLPS, Athirkuzhi
	GLPS, Chandragiri
	GLPS, Kavugoli
	GLPS, Kudlu
	GLPS, Tharamthattadka
	GLPS, Thavanath
	GLPS, Anangoor
	GWLPS, Shiribagilu
	ALPS, Kallankai
	GUPS, Adkathbail
	GUPS, Bendichal
	GUPS, Chemnad West
	GUPS, Chembirika
	GUPS, Kanathur
	GUPS, Kasaragod
	GUPS, Koliyadukkam
	GUPS, Manadka

	GUPS, Mogralputhur
	GUPS, Muliyar Mappila
	GUPS, Nullipady
	GUPS, Thekkilparamba
AEO, Manjeswaram	GLPS, Majibail
	SPALPS, Bayar
AEO, Cheruvathur	ALPS, ORI

സംരക്ഷിത ജീവനക്കാരുടെ പുനർവിന്യാസം

225 (835) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

13-6-2016, 1-6-2020 എന്നീ തീയതികളിൽ മലപ്പുറം ജില്ലയിൽ അനദ്ധ്യാപക വിഭാഗത്തിൽപ്പെട്ട സംരക്ഷിത എഫ്.ടി. മീനിയൽ ജീവനക്കാരുണ്ടായിരുന്നോ; ഉണ്ടായിരുന്നുവെങ്കിൽ പുനർവിന്യാസം വഴി ഇവരെ നിയമിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

13-6-2016-ൽ മലപ്പുറം ജില്ലയിൽ സംരക്ഷിത എഫ്.ടി. മീനിയൽ ജീവനക്കാരില്ല. 1-6-2020-ൽ മലപ്പുറം ജില്ലയിൽ 4 സംരക്ഷിത എഫ്.ടി. മീനിയൽ ജീവനക്കാരുണ്ടായിരുന്നു. 23-7-2019-ലെ ജി.ഒ. (എംഎസ്.) നമ്പർ 95/2019/പൊ.വി.വ. പ്രകാരം ഇവരെ മാതൃവിദ്യാലയങ്ങളിൽത്തന്നെ നിലനിർത്തിയിട്ടുണ്ട്.

എച്ച്.എസ്.എ. ഇംഗ്ലീഷ് നിയമനം

226(836) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഒരു വിഭാഗം ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് വിഷയം പഠിപ്പിക്കാൻ ഇംഗ്ലീഷ് വിഷയ അദ്ധ്യാപകരില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. KER-ലെ വ്യവസ്ഥകൾക്ക് വിധേയമായി നിലവിലെ തസ്തിക നിർണ്ണയ ചട്ടപ്രകാരം ഡിവിഷനുകൾക്ക് ആനുപാതികമായാണ് ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക അനുവദിക്കുന്നത്. ആയത് പ്രകാരം 5 ഡിവിഷനുകളുണ്ടെങ്കിലാണ് ഒരു ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക അനുവദിക്കുന്നത്. മേൽ ഡിവിഷനുകൾ കുറവുള്ള സ്കൂളുകളിൽ ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക അനുവദിക്കുന്നില്ല.

ദേലമ്പാടി സ്കൂളുകളിലെ അദ്ധ്യാപകക്ഷാമം

227(837) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കർണ്ണാടകയുമായി ചേർന്നുകിടക്കുന്നതും വനപ്രദേശത്താൽ ചുറ്റപ്പെട്ടതുമായ ദേലമ്പാടി പഞ്ചായത്തിലെ രണ്ട് ഹയർ സെക്കൻഡറി സ്കൂളുകളിലും ഒരു വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലും വർഷങ്ങളായി സ്ഥിരമായി അദ്ധ്യാപകർ വരാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. ഹയർ സെക്കൻഡറി വിഭാഗത്തിൽ ദേലമ്പാടി പഞ്ചായത്തിൽ ഉൾപ്പെടുന്ന 2 സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിൽ നിലവിൽ ഒഴിവുള്ള വിഷയങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

Government HSS Aadhur, Kasargod-14053	HSST Junior Hindi, HSST Commerce, HSST History, HSST Junior Malayalam, HSST political Science.
Government HSS Pandy, Kasargod-14101	

(ബി) സർക്കാർ നിയമിച്ചാൽത്തന്നെ സർവ്വീസ് ചട്ടപ്രകാരം സ്ഥലംമാറ്റത്തിന് അപേക്ഷ നൽകുകയോ മെഡിക്കൽ ലീവെടുക്കുകയോ ചെയ്യുകമൂലം കന്നഡ ഭാഷാന്യൂനപക്ഷ പഞ്ചായത്തുകളായ ഇവിടത്തെ കുട്ടികളുടെ പഠനം സ്ഥിരമായി മുടങ്ങിപ്പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. ഹയർ സെക്കൻഡറി വിഭാഗത്തിൽ നിലവിലെ പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾക്കനുസരിച്ച് അദ്ധ്യാപകർ പൊതുസ്ഥലംമാറ്റ അപേക്ഷകൾ സമർപ്പിക്കുന്നപക്ഷം ഇവർക്ക് യോഗ്യതയുടെ അടിസ്ഥാനത്തിൽ സ്ഥലം മാറ്റം ലഭിക്കുന്നതാണ്.

(സി) എങ്കിൽ ഇത്തരത്തിലുള്ള സ്കൂളുകളിലെ അദ്ധ്യാപകക്ഷാമം ശാശ്വതമായി പരിഹരിക്കാൻ പ്രത്യേക നടപടി സ്വീകരിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

പരിഗണിക്കുന്നതാണ്. ദേലമ്പാടി വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ എൻ.വി.ടി. കെമിസ്ട്രി (ജൂനിയർ) അദ്ധ്യാപികയെ നിയമിച്ചിട്ടുണ്ട്. എൻ.വി.ടി. മാത്സ് (ജൂനിയർ) തസ്തികയിൽ നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. ഒഴിവുള്ള മറ്റ് വിഷയങ്ങളിൽ പൊതുസ്ഥലംമാറ്റത്തിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഹയർ സെക്കൻഡറി വിഭാഗത്തിൽ പി.എസ്.സി. നിയമന ശിപാർശകൾ ലഭ്യമാകുന്നമുറയ്ക്ക് മേൽസൂചിപ്പിച്ച ഒഴിവുകളിലേയ്ക്ക് നിയമനം നൽകുന്നതാണ്.

എൽ.ഡി. ക്ലാർക്കിന്റെ ഒഴിവുകൾ

228(838) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ എൽ.ഡി. ക്ലാർക്കിന്റെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

നിലവിൽ ഒരൊഴിവാണുള്ളത്.

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

പ്രസ്തുത ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സിസ്റ്റർ ത്രേസ്യയുടെ അവധി അപേക്ഷ

229(839) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സെന്റ് മൈക്കിൾസ് എച്ച്.എസ്.എസ്.-ലെ സിസ്റ്റർ ത്രേസ്യ പി. ജെ. ശൂന്യവേതനാവധി അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കോപ്പി ലഭ്യമാക്കാമോ?

റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(ബി) സിസ്റ്റർ ത്രേസ്യയുടെ അപേക്ഷയിൽ എന്നത്തേയ്ക്ക് തീർപ്പുകൽപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

&

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഈ ഫയൽ തീർപ്പാക്കാതിരിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ?

സിസ്റ്റർ ത്രേസ്യ പി.ജെ.-യ്ക്ക് ശൂന്യവേതനാവധി അനുവദിച്ചുകൊണ്ട് 5-7-21-ലെ സ.ഉ. (സാധാ) നമ്പർ 3251/2021/പൊ.വി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്*.

ഉറുദു അദ്ധ്യാപക തസ്തിക

230(840) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽനിന്നും എസ്.എസ്.എൽ.സി. വരെ ഉറുദു ഒന്നാം ഭാഷ പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്ക് ഹയർ സെക്കൻഡറി/വി.എച്ച്.എസ്.സി. തലത്തിൽ ഉപഭാഷയായി ഉറുദു പഠിക്കുന്നതിന് അവസരമില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) ഇത് പരിഹരിക്കുന്നതിനായി ഹയർ സെക്കൻഡറി/ വി.എച്ച്.എസ്.സി.-യിൽ ഉറുദു അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) ഇല്ല. പാലക്കാട് ജില്ലയിലെ ഹയർസെക്കൻഡറി സ്കൂളുകളിൽ ഉറുദു ഭാഷ അനുവദിച്ചിട്ടില്ല. നിലവിലെ വ്യവസ്ഥകളനുസരിച്ച് ഒരു ഹയർ സെക്കൻഡറി സ്കൂളിൽ അനുവദിക്കാവുന്ന പരമാവധി ഉപഭാഷകളുടെ എണ്ണം രണ്ടാണ്. പാലക്കാട് ജില്ലയിൽ ഉറുദു ഭാഷ അനുവദിക്കുന്നതിന് നിലവിൽ സ്കൂളുകളിൽനിന്നും അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല. ആയത് ലഭിക്കുന്നമുറയ്ക്ക് ടി വിഷയം പരിശോധിക്കുന്നതാണ്. വി.എച്ച്.എസ്.ഇ. പാഠ്യപദ്ധതിയിൽ ഉപഭാഷ (Second Language) പഠനം നിഷ്കർഷിച്ചിട്ടില്ല.

ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക

231(841) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇംഗ്ലീഷ് അദ്ധ്യാപക തസ്തികയില്ലാത്ത എത്ര ഹൈസ്കൂളുകളാണ് സംസ്ഥാനത്തുള്ളതെന്ന് അറിയിക്കാമോ; ഈ സ്കൂളുകളിൽ ഇംഗ്ലീഷ് ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതെങ്ങനെയാണെന്ന് വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

353 ഹൈസ്കൂളുകൾ. ഹൈസ്കൂൾ വിഭാഗത്തിൽ മിനിമം 5 ഡിവിഷനുണ്ടെങ്കിൽ മാത്രമേ ഇംഗീഷ് അദ്ധ്യാപക തസ്തിക അനുവദിക്കുകയുള്ളൂ. 5 ഡിവിഷനിൽ കുറവുള്ള ഹൈസ്കൂളുകളിൽ മറ്റദ്ധ്യാപകരാണ് ഇംഗീഷ് പഠിപ്പിക്കുന്നത്.

(ബി) ഇംഗ്ലീഷ് പഠിപ്പിക്കാൻ യോഗ്യതയുള്ള പതിനായിരക്കണക്കിന് ഉദ്യോഗാർത്ഥികൾ നിലനിൽക്കുമ്പോൾ മറ്റ് വിഷയങ്ങളിൽ യോഗ്യതയുള്ളവർ ഹൈസ്കൂൾ ക്ലാസ്സുകളിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്ന സാഹചര്യമുണ്ടാകുന്നതുമൂലം കുട്ടികളുടെ ഇംഗ്ലീഷിലുള്ള നിലവാരം കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇംഗ്ലീഷ് അദ്ധ്യാപക തസ്തികയില്ലാത്ത ഹൈസ്കൂളുകളിൽ പ്രസ്തുത തസ്തിക അടിയന്തരമായി സൃഷ്ടിക്കാൻ നടപടിയെടുക്കുമോ എന്ന് വിശദമാക്കുമോ?

KER വ്യവസ്ഥകൾക്ക് വിധേയമായി 5 ഡിവിഷനുള്ള ഹൈസ്കൂളുകളിൽ മാത്രമേ ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക സൃഷ്ടിക്കാൻ കഴിയുകയുള്ളൂ. 5-ൽ കുറവ് ഡിവിഷനുകളുള്ള ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക സൃഷ്ടിക്കാൻ നിലവിൽ ചട്ടമില്ല. 5-ൽ കുറവ് ഡിവിഷനുകളുള്ള ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

സി.ബി.എസ്.ഇ. സ്കൂളുകളിലെ ട്യൂഷൻ ഫീസ്

232(842) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ബി.എസ്.ഇ. സ്കൂളുകളിലെ കുട്ടികളുടെ ട്യൂഷൻ ഫീസിൽ ഇളവ് നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ;

&

(ബി) പ്രസ്തുത സ്കൂളുകളിൽ പലതും സ്പെഷ്യൽ ഫീസ് വാങ്ങുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന് നിയന്ത്രണം ഏർപ്പെടുത്തുമോ എന്ന് അറിയിക്കുമോ?

(എ&ബി) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളിൽനിന്നും 2020-2021 അക്കാദമിക് വർഷത്തിൽ അമിത ഫീസ് ഈടാക്കരുതെന്നും യഥാർത്ഥ ചെലവുകൾക്കതീതമായി കൂടുതൽ തുക പിരിക്കരുതെന്നും നിർദ്ദേശം നൽകിക്കൊണ്ട് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ആയത് ഉറപ്പാക്കുന്നതിനുവേണ്ടി CBSE/ICSE സ്കൂളുകൾ പരിശോധിക്കാനും

സ്കൂളുകൾ വിദ്യാർത്ഥികൾക്ക് നൽകുന്ന സൗകര്യങ്ങൾക്കനുസൃതമായുള്ള ഫീസാണോ ഈടാക്കുന്നതെന്ന് പരിശോധിക്കാനും നിർദ്ദേശം നല്കിയിരുന്നു. ഈ വർഷവും ഓൺലൈൻ ക്ലാസ്സുകൾ മാത്രം തുടരുന്ന പക്ഷം ഈ വിഷയം പരിശോധിക്കുന്നതാണ്.

അദ്ധ്യാപകരുടെയും ജീവനക്കാരുടെയും ശമ്പളം

233(843) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിടനിർമ്മാണാനുമതി ലഭിക്കാത്തതുകാരണം സ്കൂളുകളിലെ അദ്ധ്യാപകർക്കും ജീവനക്കാർക്കും ശമ്പളം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പഴയ കെട്ടിടം പൊളിച്ചുമാറ്റി പുതിയ കെട്ടിടം നിർമ്മിക്കുമ്പോൾ കെട്ടിട നിർമ്മാണാനുമതി ലഭിക്കാത്തതിന്റെ പേരിൽ ജീവനക്കാരുടെ ശമ്പളം തടഞ്ഞുവയ്ക്കാൻ വ്യവസ്ഥയുണ്ടോ എന്നറിയിക്കാമോ?

ഇല്ല. ഓരോ വർഷവും സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നെസ് സർട്ടിഫിക്കറ്റിനുള്ള അപേക്ഷ സ്കൂൾ മാനേജർ തയ്യാറാക്കി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ മുമ്പാകെ സമർപ്പിച്ച് കെട്ടിട പരിശോധന നടത്തിച്ച് ജൂലൈ 15-നകം ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ഹാജരാക്കുക എന്നത് മാനേജരിൽ നിക്ഷിപ്തമായ നടപടിക്രമമാണ്. എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് ശമ്പളവും ആനുകൂല്യങ്ങളും നൽകുന്നത് ഓരോ വർഷവും മാനേജർ ഹാജരാക്കുന്ന സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷാ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ, കുട്ടികളുടെ എണ്ണം പരിഗണിച്ച് നടത്തുന്ന തസ്തിക നിർണ്ണയ പ്രകാരമാണ്. എന്നാൽ ടി സ്കൂളിൽ 2019-20 വർഷത്തെ തസ്തിക നിർണ്ണയം നടക്കാത്തതിനാൽ ടി സ്കൂളിൽ ഏതെല്ലാം തസ്തികകൾ ലഭ്യമാണെന്ന് തിട്ടപ്പെടുത്താൻ കഴിയാത്തതിനാലാണ് ശമ്പളം ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ തടഞ്ഞുവച്ചിരിക്കുന്നത്. പ്രസ്തുത സ്കൂളിന്റെ 2019-20 വർഷത്തെ തസ്തിക നിർണ്ണയം പൂർത്തിയാകുന്നമുറയ്ക്ക് അദ്ധ്യാപകരുടെ ശമ്പളവും ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാമെന്ന് ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ അറിയിച്ചിട്ടുണ്ട്.

(സി) മണിയൂർ ഗ്രാമപഞ്ചായത്തിലെ ആറങ്ങോട് എം.എൽ.പി. സ്കൂളിലെ അദ്ധ്യാപകർക്ക് 8 മാസമായി ശമ്പളം ലഭിക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. തോടന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ആഫീസിൽ സ്കൂൾ പ്രഥമാദ്ധ്യാപകന്റെ പരാതി ലഭിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത സ്കൂളിലെ അദ്ധ്യാപകർക്കും ജീവനക്കാർക്കും ശമ്പളം ലഭിക്കുന്നതിന് നിലവിൽ തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ; ഇവർക്ക് ശമ്പളം ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാമോ?

തോടന്നൂർ ഉപജില്ലയിൽപ്പെട്ട ആറങ്ങോട് എം.എൽ.പി. സ്കൂളിൽ നിലവിലുള്ള എല്ലാ കെട്ടിടങ്ങളും മാറ്റി പുതിയ കെട്ടിടം പണിതെങ്കിലും 2019-20 വർഷം സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷാ സർട്ടിഫിക്കറ്റ് ഇതുവരെ മാനേജർ ഹാജരാക്കിയിട്ടില്ല. തന്മൂലം പ്രസ്തുത സ്കൂളിന്റെ 2019-20 വർഷത്തെ തസ്തിക നിർണ്ണയം ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. ഓരോ വർഷവും സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നെസ് സർട്ടിഫിക്കറ്റിനുള്ള അപേക്ഷ തയ്യാറാക്കി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ മുമ്പാകെ സമർപ്പിച്ച് കെട്ടിട പരിശോധന നടത്തിച്ച് ജൂലൈ 15-നകം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഹാജരാക്കുക എന്നത് സ്കൂൾ മാനേജരിൽ നിക്ഷിപ്തമായ നടപടിക്രമമാണ്. പുതുതായി നിർമ്മിച്ച സ്കൂൾ കെട്ടിടത്തിന്റെ സുരക്ഷാ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കുമാണ്. എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് ശമ്പളവും ആനുകൂല്യങ്ങളും നൽകുന്നത് ഓരോ വർഷവും മാനേജർ ഹാജരാക്കുന്ന സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷാ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ, കുട്ടികളുടെ എണ്ണം പരിഗണിച്ച് നടത്തുന്ന തസ്തിക നിർണ്ണയ പ്രകാരമാണ്.

ചിത്തിരപുരം ഗവൺമെന്റ് ഐ.ടി.ഐ.-ക്ക് എൻ.ഒ.സി. നൽകുന്നതിന് നടപടി

234(844) ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ ചിത്തിരപുരത്ത് പ്രവർത്തിക്കുന്ന ഗവൺമെന്റ് ITI-ക്ക് അനുവദിച്ച സ്ഥലത്തിന്റെ ബി.ടി.ആർ.-ൽ പൊതുവിദ്യാഭ്യാസ വകുപ്പ് എന്ന് പേര് ചേർത്തിരിക്കുന്നതിനാൽ പൊതുവിദ്യാഭ്യാസ വകുപ്പ് എൻ.ഒ.സി. നൽകുന്നതിന് ഫയൽ ലഭിച്ചിട്ടുണ്ടോ; അറിയിക്കുമോ;

(ബി) ആയതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

&

(സി) ഫയൽ വേഗത്തിൽ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

(എ-സി) പൊതുവിദ്യാഭ്യാസ വകുപ്പിൽനിന്ന് എൻ.ഒ.സി. നൽകുന്നതിനായി ഫയൽ ലഭിച്ചിട്ടില്ല. എന്നാൽ പ്രസ്തുത ആവശ്യം ചൂണ്ടിക്കാട്ടി ചിത്തിരപുരം ഗവൺമെന്റ് ഐ.ടി.ഐ. പ്രിൻസിപ്പൽ ഇടുക്കി വിദ്യാഭ്യാസ ഉപഡയറക്ടർക്ക് പ്രൊപ്പോസൽ സമർപ്പിക്കുകയും ആയതിന്മേൽ നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. നടപടി വേഗത്തിലാക്കാൻ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതാണ്.

സ്പെഷ്യൽ സ്കൂളുകളുടെ പ്രവർത്തനം

235 (845) ഡോ. കെ. ടി. ജലീൽ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ-എയ്ഡഡ് മേഖലയിൽ കാഴ്ച/ കേൾവി പരിമിതിയുള്ള ഭിന്നശേഷിക്കാരായ കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ?

അക്കാദമികപരമായ കാര്യങ്ങളിൽ എസ്.സി.ഇ.ആർ.ടി.-യുമായി ബന്ധപ്പെട്ട് പ്രവർത്തനം വിലയിരുത്തുന്നുണ്ട്. കൂടാതെ സർക്കാർ സ്പെഷ്യൽ സ്കൂളുകളുടെ ഭൗതിക സാഹചര്യ വികസനത്തിനായി വർഷാവർഷങ്ങളിൽ പ്ലാൻ ഫണ്ടിൽനിന്നും ഫണ്ട് നൽകിവരുന്നു. ആയതിന്റെ പുരോഗതി വിലയിരുത്താറുണ്ട്.

(ബി) സ്കൂളുകൾ തുറന്നു പ്രവർത്തിക്കാത്തതിനാൽ അദ്ധ്യാപകരുടെ സഹകരണത്തോടെ വീടുകളിൽ പഠനം നടത്തുന്ന ഇത്തരം കുട്ടികളെയും ഭക്ഷ്യഭദ്രതാ അലവൻസ് ഭക്ഷ്യക്കിറ്റുകളായി വീടുകളിൽ വിതരണം ചെയ്യുന്ന പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ടോ?

'കോവിഡ്-19'-ന്റെ പശ്ചാത്തലത്തിൽ, നടപ്പ് അദ്ധ്യയന വർഷം (2021-22) സ്കൂളുകൾ തുറന്നു പ്രവർത്തിക്കുന്നതുവരെ, നിലവിൽ സംസ്ഥാനത്തെ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽവരാത്ത സ്പെഷ്യൽ വിദ്യാലയങ്ങളിലെ ഒന്നാം ക്ലാസ് മുതൽ എട്ടാം ക്ലാസ്സുവരെയുള്ള കാഴ്ച/കേൾവി പരിമിതിയുള്ള ഭിന്നശേഷിക്കാരായ കുട്ടികൾക്കുകൂടി ടി പദ്ധതിയുടെ ഭാഗമായുള്ള "ഭക്ഷ്യ ഭദ്രതാ അലവൻസ്" ഭക്ഷ്യ കിറ്റുകളിലായി കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ (സപ്ലൈകോ) സഹകരണത്തോടെ വിതരണം ചെയ്യുന്നതിന് 29-06-2021-ലെ ജി.ഒ. (ആർ.ടി) നമ്പർ 3191/2021/ പൊ.വി.വ. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. അർഹരായ എല്ലാ വിഭാഗം കുട്ടികൾക്കുമുള്ള " ഭക്ഷ്യ ഭദ്രതാ അലവൻസ്" വിതരണം ആരംഭിക്കുമ്പോൾ, മേൽ പരാമർശിച്ച കുട്ടികൾക്കുള്ള ഭക്ഷ്യ കിറ്റുകൾ അവരുടെ വീടിനടുത്തുള്ള ഏതെങ്കിലും വിദ്യാലയം മുഖേന വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

(സി) അന്ധ/ബധിര വിദ്യാലയങ്ങളുടെ പശ്ചാത്തല സൗകര്യം കാലാനുസൃതമായും അവരുടെ പരിമിതികൾക്കിണങ്ങുന്നതുമായ രീതിയിൽ ആധുനിക സൗകര്യങ്ങളോടെ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

വിദ്യാലയങ്ങളുടെ പശ്ചാത്തല സൗകര്യ വികസനത്തിനും അക്കാദമിക വികസനത്തിനും പ്ലാൻ ഫണ്ട് ഉപയോഗപ്പെടുത്തി നടപടി സ്വീകരിച്ചുവരുന്നു.

പൊതുവിദ്യാലയങ്ങളിൽ ഇംഗ്ലീഷ് അദ്ധ്യാപക നിയമനം

236(846) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ മുഴുവൻ പൊതുവിദ്യാലയങ്ങളിലും ഹൈസ്കൂൾ തലത്തിൽ മലയാളം, ഹിന്ദി എന്നീ വിഷയങ്ങൾ പഠിപ്പിക്കാൻ അദ്ധ്യാപകരുള്ളതുപോലെ ഇംഗ്ലീഷ് വിഷയം പഠിപ്പിക്കാൻ പ്രത്യേകം ഇംഗ്ലീഷ് അദ്ധ്യാപകരെ നിയമിക്കാനുള്ള നടപടി സ്വീകരിക്കുമോ?

KER-ലെ വ്യവസ്ഥകൾക്ക് വിധേയമായി ഹൈസ്കൂൾ വിഭാഗത്തിൽ എല്ലാ വിഷയങ്ങൾക്കും ആനുപാതികമായി തസ്തിക നിർണ്ണയം നടത്തിയാണ് അദ്ധ്യാപകരെ നിയമിക്കുന്നത്. ആയതുപ്രകാരമാണ് മലയാളം, ഹിന്ദി വിഷയങ്ങളിൽ നിലവിലുള്ള തസ്തിക നിർണ്ണയ ചട്ടപ്രകാരം തസ്തിക നിർണ്ണയിച്ച് അദ്ധ്യാപകരെ നിയമിക്കുന്നത്. എന്നാൽ ടി ചട്ടപ്രകാരം ഹൈസ്കൂൾ വിഭാഗത്തിൽ മിനിമം 5 ഡിവിഷനുണ്ടെങ്കിൽ മാത്രമേ ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക അനുവദിക്കുകയുള്ളൂ. ഈ സാഹചര്യത്തിലാണ് 5 ഡിവിഷനിൽ കുറവുള്ള ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് അദ്ധ്യാപക തസ്തികയില്ലാത്തത്.

എൽ.പി. സ്കൂളുകളിലെ റിട്ടയർമെന്റ് ഒഴിവുകൾ

237(847) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 ജനുവരി 1 മുതൽ 2025 ഡിസംബർ 31 വരെ എറണാകുളം ജില്ലയിലെ സർക്കാർ എൽ.പി. സ്കൂളുകളിലുണ്ടായേക്കാവുന്ന റിട്ടയർമെന്റ് ഒഴിവുകളെത്രയാണെന്ന് വ്യക്തമാക്കാമോ?

253 ഒഴിവുകൾ.

(ബി) ഇതേ വർഷങ്ങളിൽ എറണാകുളം ജില്ലയിലെ സർക്കാർ എൽ.പി. സ്കൂളുകളിലുണ്ടായേക്കാവുന്ന പ്രധാനാദ്ധ്യാപകരുടെ റിട്ടയർമെന്റ് ഒഴിവുകൾ വർഷാടിസ്ഥാനത്തിൽ എത്രയെന്ന് വ്യക്തമാക്കാമോ?

ആകെ 120 ഒഴിവുകൾ.

2022	-	40
2023	-	44
2024	-	18
2025	-	18

(സി) ദേശീയ വിദ്യാഭ്യാസനയപ്രകാരം ഒമ്പതാം ക്ലാസ് മുതൽ എൻ.എസ്.ക്യു.എഫ്. പാഠ്യപദ്ധതി നടപ്പാക്കാൻ കേന്ദ്ര നിർദ്ദേശമുണ്ടായിട്ടും അത് നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

2018 മുതൽ കേരളത്തിൽ 11, 12 ക്ലാസ്സുകളിൽ വി.എച്ച്.എസ്.ഇ. സ്കൂളുകൾ എൻ.എസ്.ക്യു.എഫ്. പാഠ്യപദ്ധതി നടപ്പാക്കിവരുന്നു. തൊഴിൽ പഠനത്തിന് കുട്ടികളെ പ്രാപ്തരാക്കാൻ ചെറിയ ക്ലാസ്സുകൾ മുതൽതന്നെ തൊഴിൽ നൈപുണ്യവുമായി ബന്ധപ്പെട്ട ആശയങ്ങളും പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. 9, 10 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളിൽ എൻ.എസ്.ക്യു.എഫ്. അധിഷ്ഠിത പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പുസ്തകങ്ങളിൽ പ്രത്യേകം കോഴ്സുകളായിട്ടല്ല ഇവ ഉൾപ്പെടുത്തിയിട്ടുള്ളത്. പകരം തൊഴിൽ ആഭിമുഖ്യം വളർത്തുന്നതിനുള്ള വിവിധങ്ങളായ പ്രവർത്തനങ്ങൾ ഓരോ വിഷയത്തിന്റെയും സാധ്യതയ്ക്കനുസരിച്ച് അതത് ഇടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വയനാട് ജില്ലയിലെ അദ്ധ്യാപക തസ്തിക

238(848) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യയന വർഷം വയനാട് ജില്ലയിൽ എത്ര അദ്ധ്യാപകർക്കാണ് പി.എസ്.സി. വഴി നിയമനം നൽകിയതെന്ന് വ്യക്തമാക്കുമോ?

113 പേർക്ക്

(ബി) തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) പ്രസ്തുത ജില്ലയിൽ നിലവിൽ എത്ര അദ്ധ്യാപക തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന കാര്യം വ്യക്തമാക്കാമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

109 എണ്ണം.

പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തത്	62
എം.ആർ.എസ്. ഒഴിവ്	17
അന്തർ ജില്ലാ സ്ഥലംമാറ്റം	17
അന്യത്ര സേവനം കഴിഞ്ഞുവന്നവർക്കായി മാറ്റിവച്ചത്	4
എൻ.ജെ.ഡി.	1
സമാശ്വാസ തൊഴിൽദാന പദ്ധതി	1
സ്പെഷ്യലിസ്റ്റ് ടീച്ചർ	7 (മൂന്ന് വർഷം കഴിഞ്ഞുമാത്രമേ റിപ്പോർട്ട് ചെയ്യാൻ സാധിക്കുകയുള്ളൂ)

എച്ച്.എസ്.എ. തസ്തികയിലെ ബൈ ട്രാൻസ്ഫർ നിയമനം

239(849) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ 2013-നുശേഷം നാളിതുവരെ എൽ.പി./യു.പി. അദ്ധ്യാപകർക്ക് എച്ച്.എസ്.എ. (ഇംഗ്ലീഷ്) തസ്തികയിലേയ്ക്ക് ബൈ ട്രാൻസ്ഫർ പ്രൊമോഷൻ നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര പേർക്കാണ് പ്രമോഷൻ നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ?

4 പേർക്ക് ഇംഗ്ലീഷ് എച്ച്.എസ്.എ. തസ്തികയിലേയ്ക്ക് ബൈട്രാൻസ്ഫർ പ്രൊമോഷൻ നൽകിയിട്ടുണ്ട്.

(ബി) ജില്ലയിൽ യോഗ്യരായ എൽ.പി./യു.പി. അദ്ധ്യാപകർക്ക് അർഹതപ്പെട്ട ക്വാട്ടയ്ക്ക് ആനുപാതികമായി ബൈട്രാൻസ്ഫർ പ്രൊമോഷൻ നൽകാൻ നിർദ്ദേശം നൽകുമോ?

ഒഴിവുകളുണ്ടാകുന്ന മുറയ്ക്ക് ആനുപാതികമായി പ്രൊമോഷൻ നൽകുന്നതാണ്.

പ്രധാനാദ്ധ്യാപക തസ്തികയിലെ ഒഴിവുകൾ

240(850) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ അദ്ധ്യയന വർഷം ആരംഭിക്കുമ്പോൾ സംസ്ഥാനത്തെ പ്രൈമറി സ്കൂളുകളിൽ നിലവിലുള്ള പ്രധാനാദ്ധ്യാപക തസ്തികയിൽ എത്ര ഒഴിവുകൾ നികത്താനുണ്ടെന്നറിയിക്കാമോ?

ഗവൺമെന്റ് പ്രൈമറി സ്കൂൾ	-	1630
എയ്ഡഡ് പ്രൈമറി സ്കൂൾ	-	736

(ബി) പ്രസ്തുത തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതുമൂലം സ്കൂളുകളിലുണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കണ്ടെത്തലുകൾ വിശദമാക്കാമോ?

പ്രധാനാദ്ധ്യാപകരില്ലാത്ത എല്ലാ എൽ.പി., യു.പി. സ്കൂളുകളിലും സീനിയർ അദ്ധ്യാപകർക്ക് പ്രൈമറി പ്രധാനാദ്ധ്യാപകന്റെ ചുമതല നൽകിയിട്ടുള്ളതിനാൽ പ്രഥമാദ്ധ്യാപകർ വഹിക്കേണ്ട അക്കാഡമിക്/അഡ്മിനിസ്ട്രേഷൻ ഉൾപ്പെടെയുള്ള ദൈനംദിന പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാകുന്നില്ല.

(സി) പ്രസ്തുത തസ്തികകൾ സമയബന്ധിതമായി നികത്തുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ നികത്താൻ കഴിയാത്തതിന്റെ സാങ്കേതിക കാരണം വിശദമാക്കാമോ?

പ്രഥമാദ്ധ്യാപകർക്ക് സ്ഥാനക്കയറ്റം നൽകി സർക്കാർ ഉത്തരവായെങ്കിലും പ്രസ്തുത ഉത്തരവ് കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സ്റ്റേ ചെയ്തു. പ്രൈമറി പ്രഥമാദ്ധ്യാപകരുടെ സ്ഥാനക്കയറ്റ നിയമനം സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഒന്നിലധികം കേസ്സുകളും നിലവിലുണ്ട്. കോടതി വ്യവഹാരം അവസാനിപ്പിച്ച് ടി അദ്ധ്യാപകർക്ക് സ്ഥാനക്കയറ്റം നൽകുന്നതിന് അഡ്വക്കേറ്റ് ജനറലുമായി കൂടിയാലോചിച്ച് നടപടി സ്വീകരിച്ചുവരുന്നു.

തസ്തിക നഷ്ടപ്പെട്ട അദ്ധ്യാപികയുടെ സംരക്ഷണം

241(851) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരിപ്പള്ളി അമൃത സംസ്കൃതം ഹയർ സെക്കൻഡറി സ്കൂളിൽ യു.പി.എസ്.എ. തസ്തികയിൽ 2013 ജൂൺ മാസം മുതൽ ജോലി ചെയ്തുവന്നിരുന്ന ശ്രീമതി മഹിത ആർ. എന്ന അദ്ധ്യാപികയ്ക്ക് 2018-19 അദ്ധ്യയനവർഷത്തിലെ

തസ്തിക നിർണ്ണയത്തിൽ കുട്ടികളുടെ കുറവുണ്ടായതിനാൽ തസ്തിക നഷ്ടപ്പെടുകയുണ്ടായോ; എങ്കിൽ പ്രസ്തുത അദ്ധ്യാപികയ്ക്ക് സംരക്ഷണം നൽകുന്നവിധത്തിൽ സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ?

തസ്തിക നഷ്ടപ്പെടുകയുണ്ടായി. 29-1-2016-ലെ ജി.ഒ.(പി) 29/16/പൊ.വി.വ. പ്രകാരം 2011-12 മുതൽ അധിക തസ്തികയിൽ നിയമിക്കപ്പെട്ടവർക്ക് നിലവിൽ സംരക്ഷണ ആനുകൂല്യമില്ല.

(ബി) മേൽപ്പറഞ്ഞ തരത്തിൽ തസ്തിക നഷ്ടപ്പെട്ട അദ്ധ്യാപകർക്ക് സംരക്ഷണാനുകൂല്യം ലഭിക്കുന്നതുമായി ബന്ധപ്പെട്ട ജെ2/186/2018 എന്ന ഫയലിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കാമോ?

2011-12 മുതൽ 2014-15 വരെയുള്ള കാലയളവിൽ അധിക തസ്തികകളിൽ നിയമിക്കപ്പെട്ട് നിയമനാംഗീകാരം ലഭിക്കുകയും 2012-13 മുതൽ 2018-19 വരെയുള്ള വർഷങ്ങളിൽ തസ്തിക നഷ്ടപ്പെടുകയും ചെയ്ത് സംരക്ഷണാവകാശമില്ലാതെ പുറത്തു നിൽക്കുന്ന അദ്ധ്യാപകർക്ക് 29-1-2016-ലെ സ.ഉ.(പി)നമ്പർ 29/2016/ പൊ.വി.വ. ഉത്തരവ് പ്രകാരമുള്ള സംരക്ഷണാനുകൂല്യം നൽകുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്ന ജെ2/186/2018/പൊ.വി.വ. ഫയൽ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

പാർട്ട്ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി) തസ്തിക

242(852) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ എത്ര പാർട്ട്ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി) തസ്തിക ഒഴിഞ്ഞുകിടക്കുന്നുണ്ടെന്നും ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-യിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വിശദമാക്കാമോ?

5 ഒഴിവുകൾ. നാല് ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുള്ളതും ഒരൊഴിവ് അന്തർജില്ലാ സ്ഥലം മാറ്റത്തിനായി വിഹിതം ചെയ്തിട്ടുള്ളതുമാണ്.

(ബി) പി.എസ്.സി. നിയമന ശിപാർശ നൽകിയ എത്ര പേർക്ക് ഇനി നിയമനം നൽകാനുണ്ടെന്ന് പേരുവിവരമുൾപ്പെടെ വ്യക്തമാക്കാമോ?

നിയമനം നൽകാനില്ല.

സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾ

243 (853) ശ്രീ. ഡി. കെ. മുരളി:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാന സാക്ഷരതാ മിഷൻ മുൻസർക്കാരിന്റെ കാലത്ത് നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിവരിക്കാമോ?

സംസ്ഥാന ആസൂത്രണ ബോർഡിന്റെ കണക്കുപ്രകാരം കേരളത്തിൽ ഇപ്പോഴും 18 ലക്ഷത്തോളം നിരക്ഷരരുണ്ട്. ഇതിൽ കൂടുതലും ആദിവാസി, തീരദേശ മേഖലകളിലുള്ളവരാണ്. കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി കേരളത്തിലെ സാക്ഷരതാ നിരക്ക് വർദ്ധിപ്പിക്കുന്നതിനായി പാർശ്വവത്കരിക്കപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗം, തീരദേശം, ഭാഷാ ന്യൂനപക്ഷ മേഖലകളിൽ പ്രത്യേകം ഊന്നൽ നൽകിക്കൊണ്ട് താഴെപ്പറയും പ്രകാരമുള്ള സാക്ഷരതാ പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കിവരികയാണ്.

1. അക്ഷരലക്ഷം സാക്ഷരതാ പദ്ധതി
2. സമഗ്ര പദ്ധതി (ആദിവാസി മേഖലകളിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനായി ആവിഷ്കരിച്ച പദ്ധതി)
3. നവചേതന പദ്ധതി (പട്ടികജാതി മേഖലകളിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനായി ആവിഷ്കരിച്ച പദ്ധതി)
4. വയനാട് പ്രത്യേക ആദിവാസി സാക്ഷരതാ പദ്ധതി.
5. അട്ടപ്പാടി ആദിവാസി സാക്ഷരതാ പദ്ധതി.
6. 2000 കോളനികളിലെ പ്രത്യേക സാക്ഷരതാ പരിപാടി (പട്ടികജാതി/പട്ടികവർഗ്ഗ, തീരദേശ മേഖലകളിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പദ്ധതി).
7. അക്ഷരശ്രീ സാക്ഷരതാ തുടർ വിദ്യാഭ്യാസ പദ്ധതി
8. അക്ഷരസാഗരം പദ്ധതി (തീരദേശ മേഖലകളിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പ്രത്യേക സാക്ഷരതാ പദ്ധതി)

9 ചങ്ങാതി പദ്ധതി (ഇതര സംസ്ഥാന തൊഴിലാളികളെ മലയാളത്തിലും ഹിന്ദിയിലും സാക്ഷരരാക്കുന്നതിനുള്ള പ്രത്യേക സാക്ഷരതാ പദ്ധതി)

10. സമന്വയ – ട്രാൻസ്ജെൻഡർ തുടർവിദ്യാഭ്യാസ പദ്ധതി.

11. ആദിശ്രീ പദ്ധതി (കണ്ണൂർ ജില്ലയിലെ ആറളം ഫാം ആദിവാസികൾക്കായുള്ള പ്രത്യേക സാക്ഷരതാ പദ്ധതി)

12. ജയിൽ ജ്യോതി പദ്ധതി (നിരക്ഷരരായ ജയിൽ അന്തേവാസികൾക്കുള്ള പ്രത്യേക സാക്ഷരതാ പദ്ധതി)

13. പരിസ്ഥിതി സാക്ഷരതാ പദ്ധതി.

14. ഭരണഘടന സാക്ഷരതാ പദ്ധതി.

15. സമ പദ്ധതി

16. ദിശ പദ്ധതി

17. സർട്ടിഫിക്കറ്റ് കോഴ്സുകൾ.

മേൽ പദ്ധതികളിൽ അക്ഷരലക്ഷം എന്നപേരിൽ നടപ്പാക്കിയ സാക്ഷരതാ പദ്ധതി മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. മറ്റ് പദ്ധതികൾ തുടർ പദ്ധതികളായതിനാൽ പദ്ധതി ലക്ഷ്യം വയ്ക്കുന്ന നേട്ടങ്ങൾ കൈവരിച്ചാൽ മാത്രമേ പൂർത്തീകരണം സാധ്യമാകുകയുള്ളൂ. ഈ പദ്ധതികളിലൂടെ സാക്ഷരത കൈവരിച്ചവർക്ക് സാക്ഷരതാമിഷൻ നടപ്പാക്കിവരുന്ന തുടർവിദ്യാഭ്യാസ പരിപാടിയായ തുല്യതാ വിദ്യാഭ്യാസം നൽകുകയും ചെയ്തുവരികയാണ്.

(ബി) കുടുംബപരമായതോ സാമൂഹ്യ സാഹചര്യങ്ങളാലോ പഠനം മുടങ്ങിപ്പോയവർക്കും സാക്ഷരതാമിഷന്റെ പ്രവർത്തനത്തിലൂടെ മുഖ്യധാരയിലേയ്ക്കെത്തുന്നതിന് സാധിക്കുമെന്നതിനാൽ പ്രസ്തുത പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമതയോടെ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ആദിവാസി-ഭാഷാന്യൂനപക്ഷം-തീരദേശമേഖലയിലുള്ളവർക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും വിവിധ കാരണങ്ങളാൽ പഠനം മുടങ്ങിപ്പോയവർക്കും തുടർവിദ്യാഭ്യാസം നൽകുന്നതിന് വിവിധ നൂതന സാക്ഷരതാ-തുടർവിദ്യാഭ്യാസ പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

(സി) കോവിഡിന്റെ പശ്ചാത്തലത്തിൽ സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾക്ക് തടസ്സം വരാതെ മുന്നോട്ട് കൊണ്ടുപോകുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

കോവിഡ്-19 പശ്ചാത്തലത്തിൽ സാക്ഷരതാമിഷൻ വിവിധ മേഖലകളിൽ നടപ്പാക്കിവരുന്ന തുല്യതാ പരിപാടികളായ പത്താംതരം, ഹയർ സെക്കൻഡറി പഠിതാക്കൾക്ക് സാക്ഷരതാമിഷൻ ഓൺലൈൻ വഴിയുള്ള പഠന സൗകര്യങ്ങൾ ഒരുക്കിനൽകിയിട്ടുണ്ട്. സർക്കാരിന്റെ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് മിഷന്റെ പ്രവർത്തനങ്ങൾക്ക് തടസ്സം വരാത്തതരത്തിൽ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുകയാണ്.

കിറ്റക്സ് കമ്പനികളിലെ പരിശോധന

244(854) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പ് കിറ്റക്സ് ഗ്രൂപ്പിന്റെ കമ്പനികളിൽ നടത്തിയ പരിശോധനാ റിപ്പോർട്ട് ലഭ്യമാക്കാമോ;

&

(ബി) പരിശോധനാ റിപ്പോർട്ടിന്റെ പ്രധാന കണ്ടെത്തലുകൾ വിശദമാക്കാമോ?

(എ&ബി) 1948-ലെ മിനിമം വേതന നിയമം, 1979-ലെ അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമം, 1936-ലെ പേമെന്റ് ഓഫ് വേജസ് നിയമം, 1970-ലെ കോൺട്രാക്ട് ലേബർ നിയമം, 1961-ലെ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് നിയമം, 1961-ലെ മെറ്റേണിറ്റി ബെനിഫിറ്റ് നിയമം, 1958-ലെ കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് (നാഷണൽ ഫെസ്റ്റിവൽ & ഹോളിഡേയ്സ്) നിയമം, 1996-ലെ ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് ആക്ട്, 1965-ലെ പേമെന്റ് ഓഫ് ബോണസ് ആക്ട് എന്നിവ പ്രകാരമുള്ള പരിശോധന നടത്തുകയും പ്രസ്തുത പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ പരിഹരിക്കുന്നതിന് 14-7-2021 വരെ സ്ഥാപനമുടമയ്ക്ക് സമയവും നൽകിയിരുന്നു. കമ്പനി നൽകിയിട്ടുള്ള താമസസ്ഥലത്ത് തൊഴിലാളികൾ മോശമായ സാഹചര്യത്തിൽ താമസിക്കുന്നുവെന്ന പരാതിയെ തുടർന്ന് പെരുമ്പാവൂർ ഫാക്ടറി ഇൻസ്പെക്ടർ 11-6-2021-ൽ കിറ്റക്സ് ഗാർമെന്റ്സ് ലിമിറ്റഡ് (Processing Division) എന്ന ഫാക്ടറി പരിശോധിച്ചിരുന്നു. പ്രസ്തുത തൊഴിലാളികളുടെ താമസസ്ഥലം ഫാക്ടറിയുടെ premises–ൽ അല്ലാത്തതിനാൽ 1948-ലെ ഫാക്ടറി നിയമപ്രകാരം നടപടി സ്വീകരിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ നടപടികൾ സ്വീകരിച്ചിട്ടില്ല. കിറ്റക്സ് ഗ്രൂപ്പിന്റെ വിവിധ സ്ഥാപനങ്ങളിൽ തൊഴിൽ വകുപ്പ് നടത്തിയ പരിശോധനയിന്മേൽ കണ്ടെത്തിയ ന്യൂനതകൾ, അതിന്റെ അടിസ്ഥാനത്തിൽ നൽകിയ മൂന്ന് ഇൻസ്പെക്ഷൻ ഓർഡറുകൾ എന്നിവയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) പരിശോധനാ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

പരിശോധനാ വേളയിൽ വിവിധ തൊഴിൽ നിയമപ്രകാരമുള്ള രജിസ്റ്ററുകളും റിക്കാർഡുകളും ഹാജരാക്കാൻ കീറ്റക്സ് സ്ഥാപനത്തിലെ എച്ച്.ആർ. വിഭാഗത്തോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും സെക്ഷനിൽ ജീവനക്കാർ കുറവായിരുന്നതിനാൽ താമസിയാതെ ലേബർ ഓഫീസിൽ ഹാജരാക്കാമെന്ന് എച്ച്.ആർ. വിഭാഗം ജീവനക്കാരൻ പരിശോധനാവേളയിൽ അറിയിച്ചു. തുടർന്ന് 28-6-2021-ൽ പെരുമ്പാവൂർ അസിസ്റ്റന്റ് ലേബർ ഓഫീസർ 76/2020, 77/2020, 78/2020 എന്നീ നമ്പരുകളായി ഇൻസ്പെക്ഷൻ ഓർഡർ സ്ഥാപനയുടമയ്ക്ക് നൽകുകയുണ്ടായി. അതോടൊപ്പം സ്ഥാപനയുടമ ഹാജരാക്കിയ വേതന രജിസ്റ്ററിന്റെ അടിസ്ഥാനത്തിൽ 30-6-2021-ൽ വേതന കുടിശ്ശികയും ക്ലെയിം സ്റ്റേറ്റ്മെന്റും തയ്യാറാക്കി നൽകിയിരുന്നു. കൂടാതെ പരിശോധനാ ഉത്തരവ് പ്രകാരം രേഖകൾ ഹാജരാക്കുന്നതിനായി 14-7-2021 രാവിലെ 11 മണി വരെ സമയം അനുവദിച്ച് 76/2020, 77/2020, 78/2020 എന്നീ നമ്പരുകളായി ഇൻസ്പെക്ഷൻ ഓർഡർപ്രകാരം സ്ഥാപനയുടമയ്ക്ക് നിർദ്ദേശം നൽകിയിരുന്നു. ഗാർമെന്റ് മേഖലയിലെ മിനിമം വേതന ഉത്തരവ് നടപ്പാക്കാത്തത് സംബന്ധിച്ച് കീറ്റക്സ് ഗാർമെന്റ്സ് ലിമിറ്റഡ് കമ്പനിക്ക് 30-6-2021-ൽ പെരുമ്പാവൂർ അസിസ്റ്റന്റ് ലേബർ ഓഫീസർ നോട്ടീസ് നൽകിയതിനെത്തുടർന്ന് തൊഴിൽവകുപ്പ് സെക്രട്ടറി, പെരുമ്പാവൂർ അസിസ്റ്റന്റ് ലേബർ ഓഫീസർ എന്നിവരെ കക്ഷികളാക്കി അഡ്വക്കേറ്റ് ബ്ലെയ്സ് കെ. ജോസ് മുഖാന്തരം സ്ഥാപന ഉടമ 1-7-2021 തീയതിയായി വക്കീൽ നോട്ടീസ് നൽകിയതിന്റെ അടിസ്ഥാനത്തിൽ 30-6-2021-ൽ സ്ഥാപനത്തിന് നൽകിയ ക്ലെയിം നോട്ടീസ് പിൻവലിക്കാൻ 7-7-2021-ലെ LBRD-E1/68/2021-LBRD നമ്പർ കത്ത് പ്രകാരം ലേബർ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത വിഷയം അഡ്വക്കേറ്റ് ജനറലുമായി ചർച്ച ചെയ്തതായും മിനിമം വേതന ഉത്തരവ് ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ അനുവദിച്ച സാഹചര്യത്തിൽ അന്തിമവിധിക്ക് വിധേയമായി മാത്രമേ തുടർനടപടി സ്വീകരിക്കുകയുള്ളൂവെന്ന വിവരം നൽകിയാൽ മതിയാകുമെന്ന ഉപദേശത്തിൻപ്രകാരം ടി വിവരം ബന്ധപ്പെട്ട കക്ഷിയെ അറിയിച്ചിട്ടുള്ളതായും 12-7-2021-ൽ ജില്ലാ ലേബർ ഓഫീസർ സമർപ്പിച്ച റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്.

തൊഴിൽമേഖലകളിൽ മിനിമം വേതനം

245(855) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിനിമം വേതന നിയമത്തിന്റെ പട്ടികയിലുൾപ്പെട്ടിട്ടുള്ള തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത പട്ടികയിൽനിന്നും ഇതിനകം ഏതൊക്കെ മേഖലകളിലാണ് മിനിമം വേതനം പുതുക്കി നിശ്ചയിച്ചത്; വിശദവിവരം ലഭ്യമാക്കുമോ;

&

(സി) മിനിമം വേതനം നടപ്പാക്കാനുള്ള മറ്റ് മേഖലകൾ ഏതൊക്കെയാണ്; പ്രസ്തുത മേഖലകളിൽ മിനിമം വേതനം നടപ്പാക്കാൻ സർക്കാർ സ്വീകരിക്കുന്ന നടപടികളെകുറിച്ച് വിശദമാക്കാമോ?

(എ-സി) സംസ്ഥാനത്ത് മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ 87 തൊഴിൽ മേഖലകളുൾപ്പെട്ടിട്ടുണ്ട്. ഇതിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കാലാവധി പൂർത്തിയായ 49 തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുകയും പുതുതായി ഉൾപ്പെടുത്തിയ 6 മേഖലകളിൽക്കൂടി മിനിമം വേതനം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*. കാലാവധി പൂർത്തിയായതും മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ പുതുതായി ഉൾപ്പെടുത്തിയിട്ടുള്ളതുമായ തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിക്കുന്നതിനോ പുതുക്കി നിശ്ചയിക്കുന്നതിനോ തെളിവെടുപ്പ് നടത്തി സർക്കാരിന് ശിപാർശ സമർപ്പിക്കുന്നതിനായി മിനിമം വേതന ഉപദേശക സമിതിയുടെ കീഴിൽ ഉപസമിതികൾ രൂപീകരിച്ചിട്ടുണ്ട്. മിനിമം വേതനത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന നിർദ്ദേശം/അഭിപ്രായം ലഭിക്കുമ്പോൾ മിനിമം വേതന ഉപദേശക സമിതിയുടെ/ലേബർ കമ്മീഷണറുടെ അഭിപ്രായം ആരാഞ്ഞതിനുശേഷമാണ് വിവിധ മേഖലകളെ ഷെഡ്യൂളിലുൾപ്പെടുത്തി മിനിമം വേതനം നിശ്ചയിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നത്.

ക്ഷേമനിധിയിൽനിന്നും പെൻഷൻ ലഭ്യമാക്കാൻ നടപടി

246(856) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ കെ.എം.ടി./11/എസ്.സി.ഡബ്ല്യു.3/286 നമ്പർ തൊഴിലാളി വിഹിതം അടച്ചുവന്നിരുന്ന ചന്ദ്രൻ കെ. എന്നയാൾക്ക് അറുപത് വയസ്സ് കഴിഞ്ഞിട്ടും പെൻഷൻ നൽകിയിട്ടില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ക്ഷേമനിധി കാലാവധി കഴിഞ്ഞത് അറിയാതെ അറുപത് വയസ്സിനു ശേഷവും വിഹിതമടച്ചതിന്റെ പേരിൽ പെൻഷൻ നിഷേധിക്കപ്പെടുന്നത് തിരുത്തി ടിയാന് പെൻഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

(എ&ബി) ഉണ്ട്. ശ്രീ. മൂസ എന്നയാളുടെ ഉടമസ്ഥതയിലുള്ള മോട്ടോർ വ്യവസായ സ്ഥാപനത്തിലെ (KL-11-V-1809) തൊഴിലാളിയായി ശ്രീ. ചന്ദ്രൻ കെ. എം. ടി/11/എസ്.സി.ഡബ്ല്യു.3/000286 എന്ന കോഡ് നമ്പരിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും 6/05 മുതൽ 3/17 വരെയുള്ള തൊഴിലാളി വിഹിതം ഒടുക്കിയിട്ടുള്ളതുമാണ്. എന്നാൽ ടിയാന് 5/2017-ൽ 60 വയസ് പൂർത്തിയായതിനുശേഷമാണ് 4/14 മുതൽ 3/17 വരെയുള്ള 36 മാസത്തെ കുടിശ്ശിക വിഹിതം ബോർഡിന്റെ സമ്മതമോ അറിവോ കൂടാതെ അടവുവരുത്തിയിട്ടുള്ളത്. കൂടാതെ സൂപ്പറാനേഷനുമുമ്പുള്ള കാലയളവായ 4/17, 5/17 എന്നീ മാസങ്ങളിലെ വിഹിതം ടിയാൻ അടച്ചിട്ടില്ലാത്തതുമാണ്. 19/02/2016-ലെ സ.ഉ.(എം.എസ്) 42/2016/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ആകെ സർവ്വീസിനിടയിൽ 6 മാസത്തിൽ കൂടുതൽ സേവനഭംഗം വരുത്തുന്ന തൊഴിലാളികൾക്ക് പെൻഷന് അർഹതയില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ ടിയാന്റെ അപേക്ഷ പരിഗണിക്കാൻ കഴിയാത്ത സാഹചര്യത്തിൽ കോഴിക്കോട് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിൽനിന്നും 20-11-2019-ലെ കത്ത് പ്രകാരം ടിയാന്റെ അപേക്ഷ നിരസിച്ചിട്ടുണ്ട്. 60 വയസ്സിനുശേഷം ടിയാൻ ഒടുക്കിയ 36 മാസത്തെ തൊഴിലാളി വിഹിതമായ 4500 രൂപ അധികം അടച്ചതായി കണക്കാക്കി ടിയാന് അനുവദിച്ച റീഫണ്ടിലുൾപ്പെടുത്തി തിരികെ നൽകിയിട്ടുള്ളതാണ്. എന്നാൽ, സൂപ്പറാനേഷൻ വരെയുള്ള കുടിശ്ശിക അടയ്ക്കുന്ന സാഹചര്യമുണ്ടാകുകയും തദനുസൃതമായി ബോർഡ് തീരുമാനം കൈക്കൊള്ളുകയും ചെയ്താൽ മാത്രമേ പെൻഷൻ അനുവദിക്കുന്ന വിഷയം പരിശോധിക്കാൻ നിവൃത്തിയുള്ളൂ.

മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്

247(857) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം ആരംഭിച്ചതെന്നാണ്; ആർക്കൊക്കെ ഇതിൽ അംഗമാകാൻ കഴിയും; അറിയിക്കുമോ?

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് പ്രവർത്തനം തുടങ്ങിയത് 16-8-1985-ലാണ്. 18-നും 60-നും മധ്യേ പ്രായമുള്ള സ്വകാര്യ മോട്ടോർ വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗത്വമെടുക്കാവുന്നതാണ്.

(ബി) ഇതിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുമുമ്പ് പ്രവർത്തിച്ചിരുന്ന ആട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമായവരെ പുതിയ ക്ഷേമ നിധിയിൽ അംഗമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

1991-ലാണ് കേരള ആട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി പദ്ധതി നിലവിൽവന്നത്. എന്നാൽ 1985-ലെ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതി 2005-ൽ പരിഷ്കരിക്കുകയും ആയതിൽ ആട്ടോറിക്ഷാ തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തിയിട്ടുമുണ്ട്. 1991-ലെ കേരള ആട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി പദ്ധതി കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ ലയിപ്പിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(സി) മോട്ടോർ അനുബന്ധ മേഖലയിൽ പ്രവർത്തിക്കുന്ന സ്കാറ്റേർഡ് തൊഴിലാളികൾക്ക് ഇപ്പോൾ മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം നൽകിയിട്ടുണ്ടോ; ഇവരുടെ ഉടമാവിഹിതം ക്ഷേമനിധിയിലടയ്ക്കാൻ കഴിയാത്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ഡി) ഇവ പരിഹരിക്കുന്നതിന് ആകൃതിയും ചട്ടത്തിലും ഭേദഗതികൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ?

(സി&ഡി) 14-8-2020-ലെ സ.ഉ. (സാധാ) നമ്പർ 811/2020/തൊഴിൽ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സ്കാറ്റേർഡ് വിഭാഗം തൊഴിലാളികൾക്കുള്ളടി കോവിഡ് ധനസഹായമായി 1000 രൂപ നൽകാൻ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ 44956 സ്കാറ്റേർഡ് തൊഴിലാളികൾക്ക് അംഗത്വം നൽകി. 4,49,56,000 രൂപ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്. ഇത്തരം തൊഴിലാളികളിൽ ഉടമാവിഹിതം അടവാക്കാത്തവരിൽ നിന്നും 3 മാസത്തിനകം ഉടമാവിഹിതം അടപ്പിക്കാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി തൊഴിലാളികളെക്കൊണ്ട് ഉടമാവിഹിതം അടപ്പിക്കുന്നതിന് ബോർഡ് നടപടി സ്വീകരിച്ചുവരുന്നു. 1991-ലെ കേരള ആട്ടോറിക്ഷ തൊഴിലാളി ക്ഷേമനിധി പദ്ധതി കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ സംയോജിപ്പിക്കുന്നത് സംബന്ധിച്ച് തീരുമാനമാകുന്ന മുറയ്ക്ക് ആകൃതിയും ചട്ടത്തിലും ഭേദഗതി വരുത്തുന്ന കാര്യം ആലോചിക്കുന്നതാണ്.

തൊഴിലാളി ക്ഷേമനിധികളുടെ സംയോജനം

248(858) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള തൊഴിലാളി ക്ഷേമനിധി ബോർഡുകൾ സംയോജിപ്പിക്കാൻ മുൻസർക്കാർ തീരുമാനിച്ചിരുന്നോ; അതിനുള്ള നടപടികൾ എത്രത്തോളമായെന്ന് വ്യക്തമാക്കാമോ?

തൊഴിൽ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിച്ച് ആകെ ക്ഷേമനിധി ബോർഡുകളുടെ എണ്ണം 11 ആയി കുറയ്ക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. വിവിധ ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിക്കുന്നതിനാവശ്യമായ നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ക്ഷേമനിധി ബോർഡുകളുടെ സംയോജനം പൂർത്തിയാകാത്തതിനാലും ബോർഡുകൾക്ക് വരുമാനമില്ലാത്തതിനാലും തൊഴിലാളികളുടെ ആനുകൂല്യങ്ങൾ നൽകുന്നതിൽ ബുദ്ധിമുട്ട് വരാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

സാമ്പത്തിക ഭദ്രതയുള്ള ക്ഷേമനിധി ബോർഡുകൾ തനത് ഫണ്ടിൽനിന്നും സാമ്പത്തിക ഭദ്രത കുറഞ്ഞ ക്ഷേമനിധി ബോർഡുകൾ സർക്കാർ ധനസഹായത്തോടുകൂടിയും ആനുകൂല്യങ്ങൾ നൽകിവരുന്നു. തൊഴിലാളികളുടെ പെൻഷൻ, കോവിഡ്-19 ധനസഹായം എന്നീ ആനുകൂല്യ വിതരണങ്ങൾ തടസ്സപ്പെട്ടിട്ടില്ല. ബോർഡുകൾ നൽകിവരുന്ന ആനുകൂല്യങ്ങളുടെ തുക വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ക്ഷേമനിധി ബോർഡുകൾ കാര്യക്ഷമമാക്കുന്നതിനും ചെറിയ ബോർഡുകളുടെ സംയോജനം നടത്തുന്നതിനും അടിയന്തര നടപടി കൈക്കൊള്ളുമോ?

തൊഴിൽ വകുപ്പിനുകീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി മന്ത്രിതലത്തിൽ പ്രത്യേകമായി ബോർഡുകളുടെ അവലോകന യോഗങ്ങൾ ചേർന്ന് പ്രവർത്തനം വിലയിരുത്തുകയും ബോർഡുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് വേണ്ടുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ബോർഡുകളുടെ പ്രവർത്തനം സുഗമമാക്കുന്നതിനായി കമ്പ്യൂട്ടറൈസേഷനും ഓൺലൈൻ ഫണ്ട് ട്രാൻസ്ഫർ അടക്കമുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ബോർഡുകൾ നൽകുന്ന ആനുകൂല്യങ്ങൾ കാലോചിതമായി വർദ്ധിപ്പിക്കുകവഴി കൂടുതൽ തൊഴിലാളികളെ ബോർഡുകളിലേയ്ക്ക് ആകർഷിക്കുകയും ചെയ്തിട്ടുണ്ട്. തൊഴിൽ വകുപ്പിനുകീഴിൽ വരുന്ന 16 ക്ഷേമനിധി ബോർഡുകളിലും രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടെ വിവരങ്ങൾ മുഴുവനും അവരുടെ ആധാർ നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ എന്നിവ

കൂട്ടിചേർത്ത് ഡിജിറ്റലൈസ് ചെയ്യുന്ന പദ്ധതിയായ അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫേസ് സിസ്റ്റത്തിന്റെ വിപുലീകരണം സംബന്ധിച്ച് നടപടി സ്വീകരിച്ചു വരുന്നു. തൊഴിൽ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിച്ച് ആകെ ക്ഷേമനിധി ബോർഡുകളുടെ എണ്ണം 11-ആയി കുറയ്ക്കുന്നതിന് അനുമതി നൽകിയ സർക്കാർ ഉത്തരവ് അനുബന്ധമായി ചേർക്കുന്നു*.

ചാത്തന്നൂർ കൺസൂക്ഷൻ അക്കാദമി

249(859) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂരിലെ നിർദ്ദിഷ്ട കൺസൂക്ഷൻ അക്കാദമിക്കായി നിർമ്മാണത്തൊഴിലാളി ക്ഷേമബോർഡ് സമർപ്പിച്ച പദ്ധതി രൂപരേഖയിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി രൂപരേഖയിൽ ഭേദഗതികൾ ഉൾപ്പെടുത്തി അംഗീകാരം നൽകാൻ എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തിയാക്കാനുണ്ടെന്ന് വിശദമാക്കാമോ;

&

(സി) കാലതാമസം കൂടാതെ തന്നെ നിർദ്ദിഷ്ട കൺസൂക്ഷൻ അക്കാദമിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

(എ-സി) ചാത്തന്നൂരിൽ ആരംഭിക്കുന്ന നാഷണൽ കൺസൂക്ഷൻ & ഇൻഫ്രാസ്ട്രക്ചർ അക്കാദമി (NCIA) സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കേരള കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമബോർഡ് സമർപ്പിച്ച പദ്ധതി രൂപരേഖയിൽ (DPR) ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് സർക്കാർ അടിയന്തര നടപടി സ്വീകരിച്ചുവരികയാണ്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

കോവിഡ് മഹാമാരിയെത്തുടർന്നുള്ള തൊഴിൽ നഷ്ടം

250(860) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരി സംസ്ഥാനത്തെ ചെറുകിട-ഇടത്തരം വ്യവസായങ്ങളെയും അതിൽ പണിയെടുക്കുന്ന തൊഴിലാളികളെയും എങ്ങനെ ബാധിച്ചുവെന്നത് സംബന്ധിച്ച് സർക്കാർ നിലവിൽ ഏതെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

&

(ബി) എങ്കിൽ എത്ര പേർക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കുമോ?

(എ&ബി) തൊഴിൽ വകുപ്പ മുഖേന പഠനം നടത്തിയിട്ടില്ല.

(സി) തൊഴിൽ നഷ്ടപ്പെട്ടവർക്ക് കേന്ദ്രസർക്കാർ എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

തൊഴിൽ നഷ്ടപ്പെട്ടവർക്ക് തൊഴിൽ വകുപ്പ് മുഖേന കേന്ദ്ര സർക്കാർ ആനുകൂല്യങ്ങളൊന്നും നൽകുന്നില്ല.

തോട്ടം മേഖലയിലെ തൊഴിലാളികളുടെ ക്ഷേമം

251(861) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം മേഖലയിൽ ഇ.എസ്.ഐ. സ്കീം നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

&

(ബി) അതിന്റെ നടപടികൾ എത്രത്തോളമായി എന്ന് വ്യക്തമാക്കുമോ?

(എ&ബി) 1948-ലെ ഇ.എസ്.ഐ. ആക്ട് വകുപ്പ് 1 (5) പ്രകാരം സംസ്ഥാന സർക്കാരിന് ഇ.എസ്.ഐ. കോർപ്പറേഷനുമായുള്ള കൂടിയാലോചനയ്ക്കുശേഷം ഗസറ്റ് വിജ്ഞാപനത്തിലൂടെ ഏതൊരു സ്ഥാപനത്തിനെയോ മേഖലയെയോ ഇ.എസ്.ഐ. സ്കീമിന്റെ പരിധിയിൽ കൊണ്ടുവരാവുന്നതാണ്. ഇ.എസ്.ഐ. ആക്ട് പ്രകാരം തോട്ടം മേഖലയെ ഇ.എസ്.ഐ. സ്കീമിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഗസറ്റ് വിജ്ഞാപനത്തിനുശേഷം 1951-ലെ പ്ലാന്റേഷൻസ് ലേബർ നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി 1959-ലുള്ള കേരള പ്ലാന്റേഷൻസ് ലേബർ ചട്ടങ്ങളിൽ മാറ്റം കൊണ്ടുവന്ന് തോട്ടങ്ങളിൽ ഇ.എസ്.ഐ. പദ്ധതി നടപ്പാക്കാവുന്നതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ തോട്ടം മേഖലയെ ഇ.എസ്.ഐ. സ്കീമിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള കരട് വിജ്ഞാപനവും കേരള പ്ലാന്റേഷൻസ് ലേബർ ചട്ടഭേദഗതിയുടെ കരട് വിജ്ഞാപനവും സർക്കാരിൽ ലഭ്യമാക്കിയിരുന്നു. എന്നാൽ തോട്ടം മേഖലയിൽ ഇ.എസ്.ഐ. സ്കീം നടപ്പാക്കുന്നത് കേന്ദ്ര സർക്കാരിന്റെ പുതിയ സോഷ്യൽ സെക്യൂരിറ്റി കോഡിൽ ഉൾപ്പെടുത്തിയ സാഹചര്യത്തിൽ സോഷ്യൽ സെക്യൂരിറ്റി കോഡ് പ്രാബല്യത്തിൽ വരുന്നതോടുകൂടി തോട്ടം മേഖലയ്ക്കും ഇ.എസ്.ഐ. പദ്ധതിയിൽ ഓപ്ഷണൽ കവറേജ് ലഭിക്കുന്നതാണ്.

ഓട്ടോ, ടാക്സി മേഖലയെ പുനരുജ്ജീവിപ്പിക്കാൻ പദ്ധതി

252 (862) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ദുരിതവും പെട്രോളിയം ഉൽപ്പന്നങ്ങളുടെ തുടരെയുള്ള വിലവർദ്ധനവും ഓട്ടോ, ടാക്സി മേഖലയെ പ്രതികൂലമായി ബാധിക്കുന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

&

(ബി) ഈ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ദുരിതമകറ്റുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

(എ&ബി) ഉണ്ട്. കോവിഡ് ദുരിതവും ഇന്ധന വിലയിലുണ്ടാകുന്ന വർദ്ധനവുംമൂലം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിട്ട കേരളത്തിലെ മോട്ടോർ തൊഴിലാളികൾക്ക് സമാശ്വാസമെന്നനിലയിൽ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും 2020-ൽ ഒട്ടേറെ ധനസഹായങ്ങൾ അനുവദിച്ചുനൽകിയിരുന്നു. ആദ്യ ഘട്ടത്തിൽ ടേബിൾ (III) വിഭാഗത്തിൽപ്പെട്ട ടാക്സി കാർ, ഒമ്നി വാൻ എന്നിവയിലെ തൊഴിലാളികൾക്ക് 2500 രൂപ വീതവും ടേബിൾ (IV) വിഭാഗത്തിൽപ്പെട്ട ഓട്ടോറിക്ഷാ, ട്രാക്ടർ തൊഴിലാളികൾക്ക് 2000 രൂപ വീതവും ബോർഡിന്റെ തനത് ഫണ്ടിൽനിന്നും അനുവദിച്ചുനൽകിയിരുന്നു. രണ്ടാംഘട്ട ധനസഹായമായി 1000 രൂപവീതവും മൂന്നാംഘട്ട ധനസഹായമായി വീണ്ടും 1000 രൂപവീതവും ബോർഡിന്റെ അടിയന്തര ധനസഹായമായി അനുവദിച്ചുനൽകിയിരുന്നു. കൂടാതെ നിലവിൽ ക്ഷേമനിധി പദ്ധതികളിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത സ്റ്റാറ്റേർഡ് വർക്കേഴ്സ്, പാസഞ്ചർ ഗൈഡുകൾ, ഡ്രൈവിംഗ് സ്കൂൾ ജീവനക്കാർ എന്നീ വിഭാഗങ്ങളിലെ തൊഴിലാളികൾക്ക് തൊഴിലാളി വിഹിതംമാത്രം സ്വീകരിച്ചുകൊണ്ടും തൊഴിലുടമ വിഹിതം മൂന്ന് മാസങ്ങൾക്കകം അടച്ചുകൊള്ളാമെന്ന് സത്യവാങ്മൂലം സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലും ധനസഹായമായി 1000 രൂപ അനുവദിച്ചിരുന്നു. ഈ കാലയളവിൽ ആനുകൂല്യവും പെൻഷനും ഇനത്തിൽ 40,37,42,886 രൂപയും കോവിഡ് ധനസഹായമായി മൂന്ന് ഘട്ടങ്ങളിലായി 51,56,27,500 രൂപയും ബോർഡിന്റെ തനത് ഫണ്ടിൽനിന്നും അനുവദിച്ചുനൽകിയിരുന്നു. കൂടാതെ, ക്ഷേമനിധി പദ്ധതികളിൽ അംഗങ്ങളായ ഉടമ/തൊഴിലാളികൾക്ക് 2020 ഏപ്രിൽ

മുതൽ 2021 സെപ്റ്റംബർ വരെയുള്ള കാലയളവിലെ ഉടമ/തൊഴിലാളി അംശദായം (ഏകദേശം 300 കോടി രൂപ) സർക്കാർ ഉത്തരവിൻപ്രകാരം കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ഒഴിവാക്കി നൽകിയിട്ടുണ്ട്. തൊഴിലാളികളുടെ അംഗത്വം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആഭിമുഖ്യത്തിൽ ജില്ലാതല മെമ്പർഷിപ്പ് കാമ്പയിനുകൾ നടത്തിവരുന്നുണ്ട്. കൂടാതെ 1991-ലെ കേരള ആട്ടോറിക്ഷ തൊഴിലാളി ക്ഷേമനിധി പദ്ധതി കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ ലയിപ്പിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. വാഹന സംബന്ധമായ എല്ലാത്തരം രേഖകളുടെയും കാലാവധി 30-6-2021 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതും 1-4-2021, 1-7-2021 എന്നീ ക്വാർട്ടറുകളിലെ വാഹനനികുതി ഒടുക്കുന്നതിനുള്ള സമയപരിധി 31-8-2021 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതുമാണ്. കൂടാതെ താല്പര്യമുള്ള ഓട്ടോറിക്ഷാ ഡ്രൈവർമാർക്ക് കുറഞ്ഞവിലയിൽ ഇ.എം.സി. ഇലക്ട്രിക് ഓട്ടോറിക്ഷ നൽകുന്നതിന് കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന് കീഴിലുള്ള എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡ് സബ്സിഡിയറി ആയ കൻവർജൻസ് എനർജി സർവീസസ് ലിമിറ്റഡുമായി ചേർന്ന് ഒരു പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ വിഭാവനം ചെയ്യുവരുന്നു.

കഞ്ചിക്കോട്ടെ തൊഴിലാളികളുടെ ക്ഷേമം

253(863) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഞ്ചിക്കോട് വ്യവസായ മേഖലയിലെ അതിഥി തൊഴിലാളികൾ ഉൾപ്പെടെയുള്ള തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

കഞ്ചിക്കോട് വ്യവസായ മേഖലയിലെ അതിഥി തൊഴിലാളികൾ ഉൾപ്പെടെയുള്ള തൊഴിലാളികളുടെ സേവനവേതന വ്യവസ്ഥകളും മെച്ചപ്പെട്ട മിനിമം വേതനവും ഉറപ്പുവരുത്തുന്നതിനായി സ്വാഭാവിക പരിശോധനകൾ നടത്തിവരുന്നുണ്ട്. തൊഴിലുടമകളുടെയും ട്രേഡ് യൂണിയനുകളുടെയും സഹകരണത്തോടെ തൊഴിലാളി-തൊഴിലുടമാ സൗഹൃദാന്തരീക്ഷം നിലനിർത്തുന്നതിനായി തൊഴിൽ വകുപ്പ് ശ്രദ്ധചെലുത്തിവരുന്നു. കഞ്ചിക്കോട് വ്യവസായ മേഖലയിൽ ഏകദേശം 8000-ത്തോളം അതിഥി തൊഴിലാളികൾ ജോലിയെടുത്തുവരുന്നു. ഇവർക്ക് താമസമൊരുക്കിക്കൊടുക്കുന്നത് സ്ഥാപന ഉടമകളായ കമ്പനികളാണ്. കൂടാതെ കഞ്ചിക്കോട് വ്യവസായ മേഖല കേന്ദ്രീകരിച്ച് തൊഴിലാളികൾ കൂട്ടമായി താമസിച്ചുവരുന്നു. ഇവർക്ക് വർഷത്തിൽ

2 തവണയെങ്കിലും ആരോഗ്യവകുപ്പുമായി സഹകരിച്ച് മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണവും നടത്തിവരുന്നു. ഇതുകൂടാതെ മഴക്കാല പൂർവ്വ രോഗനിയന്ത്രണത്തിന്റെ ഭാഗമായി കൊതുക് നശീകരണവും പരിസര ശുചീകരണവും ഉൾപ്പെടെയുള്ള ബോധവൽക്കരണവും നടത്താറുണ്ട്. അതിഥി തൊഴിലാളികളുടെ ക്ഷേമത്തിനായി കഞ്ചിക്കോട് മേഖലയിൽ ഫെസിലിറ്റേഷൻ സെന്റർ പ്രവർത്തിച്ചുവരുന്നുണ്ട്. എന്നാൽ ലോക്ഡൗണിനെ തുടർന്ന് 5000-ത്തോളം അതിഥി തൊഴിലാളികൾ മാത്രമാണ് ഈ മേഖലയിൽ നിലവിലുള്ളത്. ഇവർക്ക് ലോക്ഡൗണിന്റെ പശ്ചാത്തലത്തിൽ ഭക്ഷ്യധാന്യക്കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ഹെൽത്ത് ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് വാക്സിനേഷൻ നടപടി പുരോഗമിക്കുന്നു. അതിഥി തൊഴിലാളികൾക്കായുള്ള പാർപ്പിട സമുച്ചയം 'അപ്നാഘർ' പദ്ധതി നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആവാസ് പദ്ധതി പ്രകാരമുള്ള പരിരക്ഷ, കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ എന്നിവയ്ക്കും അർഹതയുണ്ട്.

(ബി) പ്രസ്തുത മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് 'അപ്നാഘർ' മാതൃകയിൽ ഹോസ്റ്റൽ സ്ഥാപിക്കുന്നത് പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

മിനിമം വേതന നിയമം

254(864) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് മിനിമം വേതന നിയമം നടപ്പാക്കാത്ത എത്ര വ്യവസായ സംഭരംഭങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

സംസ്ഥാനത്ത് മിനിമം വേതന നിയമം 1948-ന്റെ ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള 87 തൊഴിൽ മേഖലകളിൽ 82 തൊഴിൽ മേഖലകളിലും മിനിമം വേതനം നിശ്ചയിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. മിനിമം വേതനത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള മേഖലകളിൽ മാത്രമാണ് മിനിമം വേതനം നിശ്ചയിക്കുന്നതും പുതുക്കി നൽകുന്നതും. മിനിമം വേതന നിയമം നടപ്പാക്കാത്ത വ്യവസായ സംരംഭങ്ങളെ സംബന്ധിച്ച വിവരം തൊഴിൽ വകുപ്പിൽ ലഭ്യമല്ല.

പുതിയ ഐ.ടി.ഐ. അനുവദിക്കുന്നതിനുള്ള നടപടികൾ

255(865) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് നിയോജകമണ്ഡലത്തിൽ നിലവിൽ ഐ.ടി.ഐ. ഇല്ലാത്ത സാഹചര്യത്തിൽ പുതിയ ഐ.ടി.ഐ. അനുവദിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളാൻ സന്നദ്ധമാകുമോ?

ശിപാർശ ലഭിക്കുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

(ബി) പുതിയ ഐ.ടി.ഐ.-കൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉണ്ട്. പുതിയ ഐ.ടി.ഐ. ആരംഭിക്കാൻ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗിന്റെ മാനദണ്ഡപ്രകാരമുള്ള 1.07 ഏക്കർ ഭൂമി (ഏറ്റവും കുറഞ്ഞത്) ഐ.ടി.ഐ.-യ്ക്ക് മാത്രമായി ലഭ്യമാക്കണം. ഐ.ടി.ഐ. ആരംഭിക്കുമ്പോൾ ഏറ്റവും കുറഞ്ഞത് നാല് ട്രേഡുകളും ആയതിന്റെ എട്ട് യൂണിറ്റുകളും ആരംഭിക്കാൻപാകത്തിലുള്ള സൗകര്യം ലഭ്യമാക്കണം. സ്വന്തമായി കെട്ടിടം നിർമ്മിച്ച് പ്രവർത്തനമാരംഭിക്കുന്നതു വരെയുള്ള ഭൗതിക സാഹചര്യങ്ങളായ കെട്ടിടവും അനുബന്ധ സൗകര്യങ്ങളും വെള്ളം, വൈദ്യുതി, ടോയ്ലെറ്റ്, ഫർണിച്ചർ മുതലായവയുടെ ചെലവും തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഹിക്കാമെന്ന് രേഖാമൂലമുള്ള ഉറപ്പും ലഭ്യമാക്കണം.

പെരിങ്ങോം ഗവൺമെന്റ് ഐ.റ്റി.ഐ.-ക്ക് പുതിയ കെട്ടിടം

256(866) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിങ്ങോം ഗവൺമെന്റ് ഐ.ടി.ഐ.-ക്ക് പുതിയകെട്ടിടം നിർമ്മിക്കാൻ വകുപ്പിൽനിന്ന് ഫണ്ട് അനുവദിച്ചിരുന്നോ എന്നറിയിക്കാമോ?

പെരിങ്ങോം ഐ.ടി.ഐ.-യുടെ കെട്ടിടനിർമ്മാണത്തിനായി 3.5 കോടി രൂപയുടെ ഭരണാനുമതി അനുവദിച്ചുനൽകിയിരുന്നു. ഭരണാനുമതി അനുവദിച്ചത് ക്യാപിറ്റൽ ഹെഡ് ആയതിനാൽ പ്രസ്തുത നിർമ്മാണത്തിനായി വ്യാവസായിക പരിശീലന വകുപ്പിൽനിന്നും പൊതുമരാമത്ത് വകുപ്പിന് തുക അനുവദിച്ച് നൽകിയിട്ടില്ല.

(ബി) പ്രസ്തുത പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് ഡെപ്പോസിറ്റ് വർക്കായിട്ടാണോ ചെയ്തത് എന്നറിയിക്കാമോ?

ഡെപ്പോസിറ്റ് വർക്കായിട്ടല്ല പ്രവൃത്തി നിർവ്വഹിക്കുന്നത്.

(സി) ടെണ്ടർ ബാലൻസായി എത്ര തുക നീക്കിയിരിപ്പുണ്ട്?

ടെണ്ടർ ബാലൻസ് ഇനത്തിൽ ആകെ 62,42,015/- രൂപ (അറുപത്തിരണ്ട് ലക്ഷത്തി നാൽപ്പത്തിരണ്ടായിരത്തി പതിനഞ്ച് രൂപ മാത്രം) ഉണ്ടെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുണ്ട്.

(ഡി) നിലവിൽ ഒന്നാം നിലയുടെ പ്രവൃത്തികൾ പൂർത്തിയാക്കാത്ത സാഹചര്യത്തിൽ ടെണ്ടർ ബാലൻസ് തുക ഉപയോഗിച്ച് പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുമോ?

ടെണ്ടർ ബാലൻസ് തുക ഉപയോഗിച്ച് പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാൻ സാങ്കേതിക തടസ്സമുള്ളതിനാൽ ശേഷിക്കുന്ന പ്രവൃത്തികൾ ഉൾക്കൊള്ളിച്ചുകൊണ്ട് 51.5 ലക്ഷം രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് സഹിതം പൊതുമരാമത്ത് വകുപ്പ് ഭരണാനുമതിക്കായി ശിപാർശ സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചുവരുന്നു.

(ഇ) ബാക്കിയുള്ള പ്രവൃത്തി ചെയ്യുന്നതിന് ഗവൺമെന്റിൽനിന്ന് പുതിയ ഭരണാനുമതി ആവശ്യമുണ്ടോ; എങ്കിൽ അതിന്റെ നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ബാക്കിയുള്ള പ്രവൃത്തി ചെയ്യുന്നതിന് പുതിയ ഭരണാനുമതി ആവശ്യമുണ്ടോ എന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

മാടായി ഗവൺമെന്റ് ഐ.ടി.ഐ.-യിൽ പുതിയ കോഴ്സുകൾ

257(867) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

മികച്ച അടിസ്ഥാന സൗകര്യം ലഭ്യമായ കണ്ണൂർ ജില്ലയിലെ മാടായി ഗവൺമെന്റ് ഐ.ടി.ഐ.-യിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

മാടായി ഐ.ടി.ഐ.-യിൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനായി ടെയിനിംഗ് ഡയറക്ടർ സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു. ആയതിലേയ്ക്കായി ടെയിനിംഗ് ഡയറക്ടറിൽനിന്നും അധിക വിവരങ്ങൾ ആരാഞ്ഞിരിക്കുകയാണ്.

സർക്കാർ ഐ.ടി.ഐ.-യുടെ പ്രവർത്തനം

258(868) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ആലപ്പാട് അനുവദിച്ച സർക്കാർ ഐ.ടി.ഐ.-യുടെ പ്രവർത്തനം ഏതുവരെയായെന്ന് വിശദമാക്കാമോ ?

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ആലപ്പാട് സർക്കാർ ഐ.ടി.ഐ. അനുവദിച്ചിട്ടില്ല.

ഭാഷാന്യൂനപക്ഷ ഐ.ടി.ഐ.

259(869) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ പൈവളിഗയിൽ ഐ.ടി.ഐ. തുടങ്ങുമെന്ന് മുൻസർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

&

(ബി) പ്രസ്തുത ഐ.ടി.ഐ. ഭാഷാന്യൂനപക്ഷ വിഭാഗത്തിൽ ഉൾപ്പെടുത്തിയാണോ പ്രഖ്യാപിച്ചതെന്ന് വ്യക്തമാക്കുമോ; ഇതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

(എ&ബി) മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ പൈവളിഗയിൽ ഐ.ടി.ഐ. തുടങ്ങുന്ന വിഷയം മുൻ സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നില്ല.

(സി) സംസ്ഥാനത്ത് ഉറുദു, കന്നട ഭാഷാ ന്യൂനപക്ഷ ഐ.ടി.ഐ. എവിടെയൊക്കെയാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് നിലവിൽ ഭാഷാന്യൂനപക്ഷ പ്രദേശത്ത് മൂന്ന് ഐ.ടി.ഐ.-കൾ പ്രവർത്തിച്ചുവരുന്നു. അതിലൊരെണ്ണം കാസർഗോഡ് ജില്ലയിലെ കുറ്റിക്കോലിൽ സ്ഥിതിചെയ്യുന്നു.

(ഡി) ഉറുദു, കന്നട ഭാഷാന്യൂനപക്ഷങ്ങൾ ഏറ്റവും കൂടുതലുള്ള മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ ഭാഷാ ന്യൂനപക്ഷ ഐ.ടി.ഐ. തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; പൈവളിഗെ ഐ.ടി.ഐ. ഈ വർഷം ആരംഭിക്കാൻ കഴിയുമോ എന്ന് അറിയിക്കുമോ?

ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഈ വിഷയം സർക്കാർ പരിശോധിക്കുന്നതാണ്.

പന്ന്യന്നൂർ ഐ.ടി.ഐ.-യുടെ കെട്ടിട നിർമ്മാണം

260(870) ശ്രീ. എ. എൻ. ഷംസീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിലെ പന്ന്യന്നൂർ സർക്കാർ ഐ.ടി.ഐ. കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച് ഇതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പന്ന്യന്നൂർ ഐ.ടി.ഐ.-യുടെ കെട്ടിടനിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയിരുന്ന പ്ലാനും എസ്റ്റിമേറ്റും പരിഗണിച്ച് 6.25 കോടി രൂപയുടെ ഭരണാനുമതി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്ഥലത്തിന്റെ ഘടനയ്ക്കനുയോജ്യമായ രീതിയിൽ പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി സമർപ്പിച്ച പ്ലാൻ അംഗീകരിച്ച് നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കാൻ പൊതുമരാമത്ത് വകുപ്പിന് വ്യാവസായിക പരിശീലന വകുപ്പിൽനിന്നും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണത്തിന് എന്തൊക്കെ നടപടിക്രമങ്ങളാണ് ബാക്കിയുള്ളതെന്നും കെട്ടിട നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്നും അറിയിക്കുമോ?

പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ് ആർക്കിടെക്ചറൽ വിഭാഗം അന്തിമ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. ആയത് ലഭ്യമാകുന്നമുറയ്ക്ക് സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കാനും സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് സമർപ്പിക്കാനും സാധിക്കുമെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുണ്ട്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

261(871) <u>ശ്രീ. എം. വിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഇപ്പോൾ എത്ര ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; അതിൽ സ്ത്രീകളെത്ര; പുരുഷന്മാർ എത്ര; വിശദവിവരം ലഭ്യമാക്കുമോ?

സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 37,68,346 ഉദ്യോഗാർത്ഥികൾ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 23,80,450 സ്ത്രീകളും 13,87,871 പുരുഷൻമാരും 25 ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളും പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) പി.എസ്.സി. വഴി നിയമനം ലഭിച്ച പലരും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തവരാണെന്നിരിക്കെ അത്തരം ഉദ്യോഗാർത്ഥികളുടെയും മറ്റ് സർക്കാർ ജോലി ലഭിച്ചവരുടെയും പേരുകൾ പ്രസ്തുത രജിസ്റ്ററിൽ നിന്നും ഒഴിവാക്കാൻ ഇപ്പോൾ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളിൽ പി.എസ്.സി. മുഖേന നിയമനം ലഭിക്കുകയോ മറ്റ് സർക്കാർ ജോലി ലഭിക്കുകയോ ചെയ്യുമ്പോൾ ടി ഉദ്യോഗാർത്ഥികൾ ആ വിവരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രേഖാമൂലം അറിയിക്കുകയാണെങ്കിൽ അത്തരം ഉദ്യോഗാർത്ഥികളുടെ രജിസ്ട്രേഷൻ ലൈവ് രജിസ്റ്ററിൽനിന്നും നീക്കംചെയ്യുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

തൊഴിലില്ലായ്മ പരിഹരിക്കാനുള്ള നടപടികൾ

262(872) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉയർന്ന തോതിലുള്ള തൊഴിലില്ലായ്മയും യോഗ്യതയ്ക്കനുസരിച്ചുള്ള തൊഴിലിന്റെ ദൗർലഭ്യവും പരിഹരിക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉദ്യോഗാർത്ഥികൾക്കാവശ്യമായ മൃദുനൈപുണ്യ പരിശീലനം നൽകിക്കൊണ്ട് സ്വകാര്യ മേഖലയിലെ തൊഴിലിന് പ്രാപ്തരാക്കുന്നതിനായി എംപ്ലോയബിലിറ്റി സെന്ററുകളും കരിയർ സംബന്ധമായ എല്ലാ പ്രശ്നങ്ങൾക്കും ആവശ്യമായ മാർഗ്ഗ നിർദ്ദേശം നൽകുന്നതിന് കരിയർ ഡെവലപ്മെന്റ് സെന്ററുകളും മോഡൽ കരിയർ സെന്ററുകളും ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഇതിനുപുറമെ സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് എംപ്ലോയബിലിറ്റി സെന്ററുകൾ, മോഡൽ കരിയർ സെന്ററുകൾ എന്നിവ മുഖേന ജോബ്ഫെയർ/ പ്ലേസ്മെന്റ് ഡ്രൈവ്, മേഖലാടിസ്ഥാനത്തിൽ നിയുക്തി മെഗാ ജോബ് ഫെയറുകൾ എന്നിവ സംഘടിപ്പിച്ചു വരുന്നു. കൂടാതെ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതർക്ക് ബാങ്കുമായി ബന്ധപ്പെട്ട് സ്വയംതൊഴിൽ ചെയ്യുന്നതിന് വായ്പയും വകുപ്പ് മുഖാന്തരം സബ്സിഡിയും നൽകുന്നതിനായി കെസ്റു, മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്, നവജീവൻ എന്നീ പദ്ധതികളും വകുപ്പ് നേരിട്ട് വായ്പ അനുവദിച്ച് നടപ്പാക്കിവരുന്നതും സമൂഹത്തിലെ നിരാശരായ സ്ത്രീകൾക്കുവേണ്ടിയുള്ളതുമായ 'ശരണ്യ' പദ്ധതിയും ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളെ മുഖ്യധാരയിലേയ്ക്ക് കൈപിടിച്ച് ഉയർത്താനായുള്ള 'കൈവല്യ' പദ്ധതിയും ഇതിനായി നടപ്പാക്കിവരുന്നു.

(ബി) മികവിന്റെ കേന്ദ്രങ്ങൾ സൃഷ്ടിച്ച് സ്വയംതൊഴിൽ കണ്ടെത്തുന്നതിനാവശ്യമായ എന്തെങ്കിലും പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് കൽപ്പറ്റ നിയോജകമണ്ഡലത്തിൽ എന്തെങ്കിലും പദ്ധതികൾ നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

മികവിന്റെ കേന്ദ്രങ്ങൾ സൃഷ്ടിച്ച് സ്വയംതൊഴിൽ കണ്ടെത്തുന്നതിനാവശ്യമായ പദ്ധതികൾ നിലവിൽ എംപ്ലോയ്മെന്റ് വകുപ്പിന്റെ പരിഗണനയിലില്ല.

(സി) കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സ്വയംസഹായ സംഘങ്ങളുടെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സ്വയംതൊഴിൽ പദ്ധതികൾ പരിപോഷിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ധാരാളം തൊഴിൽരഹിതർ സ്വയംതൊഴിൽ രംഗത്തേയ്ക്ക് കടന്നുവരുന്ന സാഹചര്യത്തിൽ എംപ്ലോയ്മെന്റ് വകുപ്പുമുഖേന സ്വയംതൊഴിൽ പദ്ധതികൾ നടപ്പാക്കുന്നതിന് കൂടുതൽ തുക വകയിരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സ്വയംതൊഴിൽ ധനസഹായം ലഭിക്കുന്നതിനായി നിലവിൽ ലഭ്യമായ അപേക്ഷകൾ പരിശോധിക്കുകയും അപേക്ഷകരെ ഓൺലൈനായി കൂടിക്കാഴ്ച നടത്തി, അർഹരായവരെ കണ്ടെത്തി വായ്പാ/സബ്സിഡി അനുവദിക്കുന്നതിനുവേണ്ട തുടർനടപടികളും ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നു. ഭിന്നശേഷിക്കാർക്കായുള്ള സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതിയായ 'കൈവല്യ'യുടെ കൂടിശ്ശികയായിട്ടുള്ള 7449 സ്വയം തൊഴിൽ വായ്പാ അപേക്ഷകൾ കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനുമായി സഹകരിച്ച് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി മുഖേന തീർപ്പാക്കുന്നതിനായി പദ്ധതി ആവിഷ്കരിക്കുകയും പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്തുവരുന്നു.

എടരിക്കോട് ഇ.എസ്.ഐ. ആശുപത്രിയുടെ വികസനം

263(873) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ എടരിക്കോട് ഇ.എസ്.ഐ. ആശുപത്രിയുടെ വികസനം സംബന്ധിച്ച് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

കോട്ടയ്ക്കൽ ഇ.എസ്.ഐ. ഡിസ്പെൻസറി നിലവിൽ പ്രവർത്തിച്ചുവരുന്നത് വാടക കെട്ടിടത്തിലാണ്. പ്രസ്തുത വാടക കെട്ടിടം ശോചനീയാവസ്ഥയിലായതിനാൽ മറ്റൊരു കെട്ടിടം ഡിസ്പെൻസറിക്കായി വാടകയ്ക്കെടുക്കുന്നതിനുള്ള നടപടികൾ ഇ.എസ്.ഐ. കോർപ്പറേഷനുമായി ചേർന്ന് വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു.

(ബി) ആശുപത്രിക്ക് സ്വന്തമായി കെട്ടിടം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; സ്ഥലത്തിനുവേണ്ടി റവന്യൂ വകുപ്പിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇല്ല.

(സി) പ്രസ്തുത ആശുപത്രിയിൽ ജീവനക്കാരുടെ കുറവ് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

കോട്ടയ്ക്കൽ ഇ.എസ്.ഐ. ഡിസ്പെൻസറിയിൽ നിലവിൽ ജീവനക്കാരുടെ ഒഴിവുകൾ ഇല്ല.

പേരാമ്പ്ര റഗുലേറ്റഡ് മാർക്കറ്റ് ഭൂമി

264(874) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര റഗുലേറ്റഡ് മാർക്കറ്റ് ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കാനുള്ള സർക്കാർ ഉത്തരവ് ഹൈക്കോടതി സ്റ്റേ ചെയ്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ സ്റ്റേ ഒഴിവാക്കി പ്രസ്തുത ഭൂമി ഗവൺമെന്റിൽ നിക്ഷിപ്തമാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

കൊയിലാണ്ടി താലൂക്ക് മേഞ്ഞാണ്യം വില്ലേജിൽ പേരാമ്പ്ര ടൗണിൽ മലബാർ മാർക്കറ്റിംഗ് സൊസൈറ്റിക്കുവേണ്ടി 1.46 ഏക്കർ ഭൂമി ഏറ്റെടുത്തിരുന്നു. കമ്മിറ്റി പ്രവർത്തനം അവസാനിപ്പിച്ചതിനെ തുടർന്ന് മുൻ ഭൂവുടമകളിൽനിന്ന് നിലവിലുള്ള മാർക്കറ്റ് വിലയും പലിശയും ഈടാക്കി ഭൂമി തിരികെ നൽകുന്നതിന് 29-7-2003-ലെ സ.ഉ. (സാധാ) 2219/03/റവന്യൂ പ്രകാരം ഉത്തരവായിരുന്നു. എന്നാൽ കക്ഷികൾ പ്രസ്തുത തുക ഒടുക്കി ഭൂമി പോക്കുവരവ് ചെയ്ത് നികുതി ഒടുക്കാത്തതിനാൽ 16-9-2019-ലെ സ.ഉ. (സാധാ) 2539/2019/റവന്യൂ, 11-12-2019-ലെ സ.ഉ.(സാധാ) 3708/2019/റവന്യൂ എന്നിവ പ്രകാരം പ്രസ്തുത ഭൂമി ഏറ്റെടുത്ത് കയ്യേറ്റങ്ങളില്ലാതെ സംരക്ഷിക്കാൻ ഉത്തരവായിരുന്നു. ആയതുപ്രകാരം ഭൂമി ഏറ്റെടുത്ത് ജില്ലാ കളക്ടർ നടപടികൾ പൂർത്തീകരിച്ചിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ മുൻ ഭൂവുടമകളുടെ അനന്തരാവകാശികൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യു.പി.സി. 26933/2019 ഹർജിയിലെ 10-10-2019-ലെ ഇടക്കാല വിധിയിൽ പ്രസ്തുത ഉത്തരവ് സ്റ്റേ ചെയ്തിട്ടുള്ളതാണ്. സ്റ്റേ പിൻവലിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ കോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ചിട്ടുള്ളതും അന്തിമവിധി പുറപ്പെടുവിച്ചിട്ടില്ലാത്തതുമാണ്.

മരം മുറിയുമായി ബന്ധപ്പെട്ട ഉത്തരവ്

265(875) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരം മുറിയുമായി ബന്ധപ്പെട്ട് 24-10-2020-ൽ റവന്യൂ വകുപ്പ് പുറപ്പെടുവിച്ച GO.(P) No. 261/2020/RD നമ്പർ ഉത്തരവ് നിയമപരമായി നിലനിൽക്കുമോയെന്ന് അറിയിക്കുമോ?

പ്രസ്തുത ഉത്തരവ് 2-2-2021-ലെ സ.ഉ. (കൈ) നമ്പർ 30/2021/റവന്യൂ പ്രകാരം റദ്ദാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത ഉത്തരവ് കേന്ദ്ര-സംസ്ഥാന വനം ആക്ടുകൾക്ക് വിധേയമായാണോ തയ്യാറാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

അതെ.

(സി) പ്രസ്തുത ഉത്തരവ് സംബന്ധിച്ച് നിയമവകുപ്പിന്റെ അഭിപ്രായം തേടിയിരുന്നോയെന്നും എങ്കിൽ നിയമവകുപ്പിന്റെ ഉപദേശം എന്തായിരുന്നുവെന്നും അറിയിക്കുമോ?

3-12-2020-ൽ നിയമ (opinion-G) വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. നിയമ വകുപ്പിന്റെ ഉപദേശം അനുബന്ധമായി ചേർക്കുന്നു*.

വസ്തുക്കളുടെ ഉടമസ്ഥാവകാശം

266 (876) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യക്തികൾ തമ്മിൽ വസ്തുക്കളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച തർക്കങ്ങൾ കാരണം കോടതികളിലും മറ്റും കേസ്സുകൾ നിലനിൽക്കുന്ന സാഹചര്യങ്ങളിൽ ടി വസ്തുക്കളുടെ വിൽപ്പന നടത്തുന്നതിന് സാധിക്കുമോയെന്ന് വ്യക്തമാക്കാമോ?

കോടതി ഉത്തരവനുസരിച്ച് മാത്രമേ ടി വിഷയത്തിൽ നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

(ബി) സാധിക്കുമെങ്കിൽ വിൽപ്പനയ്ക്ക് അനുമതി നൽകുന്ന ചട്ടങ്ങൾ, ഉത്തരവുകൾ എന്നിവയുടെയും സാധിക്കില്ലെങ്കിൽ അതുസംബന്ധിച്ച ചട്ടങ്ങൾ, ഉത്തരവുകൾ എന്നിവയുടെയും പകർപ്പ് ലഭ്യമാക്കുമോ?

റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ചട്ടങ്ങളും ഉത്തരവുകളും നിലവിലില്ല.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുറ്റ്യാടി നിയോജകമണ്ഡലത്തിൽ വിവിധ വകുപ്പുകളുടെ അധീനതയിലുള്ള ഭൂമിയുടെ വിശദാംശങ്ങൾ

267(877) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിൽ റവന്യൂ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, ഇറിഗേഷൻ വകുപ്പ്, വ്യവസായ വകുപ്പ് തുടങ്ങി ഏതൊക്കെ വകുപ്പുകളുടെ അധീനതയിൽ നിലവിൽ എത്ര അളവ് ഭൂമിയുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

കുറ്റ്യാടി നിയോജകമണ്ഡലത്തിൽ വിവിധ വകുപ്പുകളുടെ കൈവശമുള്ള ഭൂമിയുടെ വിവരം അനുബന്ധമായി ചേർക്കുന്നു*. ഓരോ പഞ്ചായത്തിലും ഓരോ വകുപ്പിന്റെയും കൈവശമുള്ള ഭൂമിയുടെ വിവരം ശേഖരിച്ചുവരുന്നു.

(ബി) പ്രസ്തുത ഭൂമികൾ ഓരോന്നും നിലവിൽ ഏതൊക്കെ ആവശ്യത്തിനായി ഉപയോഗിക്കുന്നതാണെന്നും വ്യക്തമാക്കാമോ?

പ്രസ്തുത ഭൂമി അതത് വകുപ്പുകളുടെ പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചു വരുന്നു.

വിവരാവകാശ അപേക്ഷകൾ

268 (878) <u>ശ്രീ. പി. ടി. തോമസ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട വിവരാവകാശ അപേക്ഷകളിന്മേൽ മറുപടി പരമാവധി വൈകിപ്പിച്ചുമാത്രം നൽകിയാൽ മതിയെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ?

ഇല്ല.

(ബി) മുട്ടിൽ മരംമുറി സംബന്ധിച്ച വിവരാവകാശ അപേക്ഷയിൽ സമയ ബന്ധിതമായി മറുപടി നൽകിയതിന്റെ പേരിൽ റവന്യൂ വകുപ്പിലെ അണ്ടർ സെക്രട്ടറിയോട് നിർബന്ധിത അവധിയിൽ പ്രവേശിക്കാൻ റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നിർദ്ദേശം നൽകിയതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പരാതികളൊന്നും ലഭിച്ചിട്ടില്ല.

---

*നിയമസഭയുടെ ഔദ്യോഗിക വൈബ്സൈറ്റിൽ ലഭ്യമാണ്.

(സി) എങ്കിൽ ഇപ്രകാരം നിർബന്ധിത അവധി നൽകാനുണ്ടായ കാരണം വ്യക്തമാക്കുമോ?

ബാധകമല്ല.

(ഡി) മരംമുറി വിഷയവുമായി ബന്ധപ്പെട്ട ഫയലിൽ ഭൂപതിവ് പ്രദേശത്ത് നിൽക്കുന്ന ചന്ദനമരം ഒഴികെയുള്ള രാജകീയ വൃക്ഷങ്ങൾ മുറിക്കാൻ അനുമതി നൽകി ഉത്തരവിറക്കുന്നത് ചട്ടവിരുദ്ധമാണെന്ന് ഫയലിൽ രേഖപ്പെടുത്തിയ ഉദ്യോഗസ്ഥരെ സ്ഥലം മാറ്റിയത് എന്ത് മാനദണ്ഡ പ്രകാരമാണെന്ന് വ്യക്തമാക്കുമോ;

&

(ഇ) മാനദണ്ഡങ്ങൾ മറികടന്ന് സർവ്വീസ് സംഘടനാ നേതാക്കൾ ഉൾപ്പെടെയുള്ളവരെ സെക്രട്ടേറിയറ്റിനു പുറത്തേയ്ക്ക് സ്ഥലം മാറ്റിയ നടപടി അടിയന്തരമായി മരവിപ്പിക്കുമോ; വ്യക്തമാക്കുമോ?

(ഡി&ഇ) മാനദണ്ഡങ്ങൾ പാലിക്കാതെ സ്ഥലം മാറ്റിയതായി പരാതിയൊന്നും വകുപ്പിൽ ലഭിച്ചിട്ടില്ല. ഈ വിഷയത്തിൽ നിലപാടെടുത്തതിന്റെ പേരിൽ സെക്രട്ടേറിയറ്റിൽ ഒരു ജീവനക്കാരനെതിരെയും നടപടി സ്വീകരിച്ചിട്ടില്ല. റവന്യൂ വകുപ്പിൽ മൂന്നു വർഷം സർവ്വീസ് പൂർത്തിയാക്കിയ സൂപ്പർവൈസറി കേഡറിലുള്ള എല്ലാ ഉദ്യോഗസ്ഥരെയും സ്ഥലം മാറ്റുന്നതിന് നടപടി സ്വീകരിച്ചിരുന്നു.

ചാത്തന്നൂർ താലൂക്ക് രൂപീകരണം

269(879) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വലിയ താലൂക്കുകളിലൊന്നായ കൊല്ലം താലൂക്ക് വിഭജിച്ച് ചാത്തന്നൂർ ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കണമെന്ന ജനങ്ങളുടെയും ജനപ്രതിനിധികളുടേയും ദശാബ്ദങ്ങളായുള്ള ആവശ്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

&

(ബി) താലൂക്ക് പുനഃസംഘടന സംബന്ധിച്ചും പുതിയ താലൂക്കുകൾ രൂപീകരിക്കുന്നത് സംബന്ധിച്ചും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ നിയോഗിച്ച ടീം ഇതിനകം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്തെല്ലാമെന്നും അറിയിക്കാമോ ?

(എ&ബി) കൊല്ലം താലൂക്ക് വിഭജിച്ച് ചാത്തന്നൂർ ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കണമെന്ന ആവശ്യമുൾപ്പെടെ സംസ്ഥാനത്തെ പുതിയ താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട വിഷയത്തിൽ ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് ലഭ്യമായിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ താലൂക്ക് പുനഃസംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത ടീം റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പട്ടയഭൂമി ദുരുപയോഗം

270 (880) <u>ശ്രീ. പി. ടി. തോമസ്:</u>
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u>
<u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയഭൂമി ദുരുപയോഗം ചെയ്തിട്ടുണ്ടോയെന്ന് പരിശോധിക്കാൻ റവന്യൂ വകുപ്പിൽ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

&

(ബി) പട്ടയ വ്യവസ്ഥകൾ ലംഘിച്ച കേസുകൾ കണ്ടെത്തി നടപടിയെടുക്കണമെന്ന ഹൈക്കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

(എ&ബി) ഭൂ പതിവ് ചട്ടങ്ങൾപ്രകാരം പട്ടയം അനുവദിച്ചിട്ടുള്ള ഭൂമിയിൽ പട്ടയ വ്യവസ്ഥകൾ ലംഘിച്ച് ഭാവിയിൽ വാണിജ്യ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താതിരിക്കുന്നതിനായി ഏത് ആവശ്യത്തിനാണ് പ്രസ്തുത പട്ടയം അനുവദിച്ചതെന്നുള്ള വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ ബിൽഡിംഗ് പെർമിറ്റ് അനുവദിക്കാൻ പാടുള്ളൂവെന്ന വ്യവസ്ഥ ഉൾപ്പെടുത്തി ബന്ധപ്പെട്ട കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടതാണെന്ന് ഉൾപ്പെടെയുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി 22-8-2019-ലെ ജി.ഒ. (എം.എസ്.) നമ്പർ 269/2019/റവ. നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) കൈവശാവകാശ സർട്ടിഫിക്കറ്റുകളിൽ പട്ടയ ഭൂമി ഏത് ആവശ്യത്തിനായി പതിച്ചുനൽകിയതാണെന്ന് രേഖപ്പെടുത്തണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചിരുന്നോ; എങ്കിൽ ഇപ്രകാരം രേഖപ്പെടുത്തി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നുണ്ടോ; വ്യക്തമാക്കുമോ?

നിർദ്ദേശിച്ചിരുന്നു. ലാൻഡ് റവന്യൂ വകുപ്പിൽ നിലവിൽ സാക്ഷ്യപത്രങ്ങൾ ഓൺലൈൻ മുഖേനയാണ് അനുവദിക്കുന്നത്. കൈവശാവകാശ സർട്ടിഫിക്കറ്റുകളിൽ റിമാർക്സ് കോളംകൂടി ഉൾപ്പെടുത്തി എന്താവശ്യത്തിനാണ് പതിച്ചുനൽകിയതെന്ന വിവരംകൂടി രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പട്ടയഭൂമിയുടെ ദുരുപയോഗം തടയുന്നതിനായി പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കുമോ; വ്യക്തമാക്കുമോ?

പരിഗണനയിലാണ്.

അനധികൃത മരം മുറി

271 (881) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പട്ടയ ഭൂമിയിൽ കർഷകർ നട്ടുവളർത്തിയതോ സ്വാഭാവികമായി കിളിർത്തു വന്നതോ ആയ ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിക്കുന്നതിന് 24-10-2020-ന് റവന്യൂ വകുപ്പ് ഇറക്കിയ ഉത്തരവിനെത്തുടർന്ന് ആശങ്ക അറിയിച്ച ജില്ലാ കളക്ടർമാർ ആരൊക്കെയെന്ന് വ്യക്തമാക്കാമോ; കളക്ടർമാരുടെ ഇതുസംബന്ധിച്ച കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

വയനാട് ജില്ലാ കളക്ടർ 16-12-2020-ൽ 24-10-2020-ലെ സ.ഉ. (കൈ) നമ്പർ 261/2020/റവന്യൂ ഉത്തരവ് സംബന്ധിച്ച് സ്പഷ്ടീകരണം ചോദിച്ചിരുന്നു. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*) ഈ കത്ത് ലഭിക്കുന്നതിനുമുമ്പ് 3-12-2020-ൽ ഈ ഉത്തരവ് റദ്ദ് ചെയ്യുന്നത് സംബന്ധിച്ച് നിയമ വകുപ്പിന്റെ ഉപദേശത്തിന് അയച്ചിരുന്നു.

പട്ടയഭൂമിയിലെ മരംമുറി

272 (882) ശ്രീ. പി. കെ. ബഷീർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടയഭൂമിയിലെ മരങ്ങൾ മുറിക്കുന്നതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് 2020 ഒക്ടോബറിൽ പുറപ്പെടുവിച്ച ഉത്തരവ് പിന്നീട് റദ്ദാക്കിയിട്ടുണ്ടോ?

റദ്ദാക്കിയിട്ടുണ്ട്.

---

*നിയമസഭയുടെ ഔദ്യോഗിക വൈബ്സൈറ്റിൽ ലഭ്യമാണ്.

(ബി) എങ്കിൽ പ്രസ്തുത ഉത്തരവ് റദ്ദാക്കാനിടയായ സാഹചര്യം എന്താണെന്ന് വിശദമാക്കുമോ?

ഉത്തരവ് ദുരുപയോഗം ചെയ്യുന്നതായി കണ്ടതിനാലും നിയമ വകുപ്പിന്റെ ഉപദേശത്തിന്റെ അടിസ്ഥാനത്തിലുമാണ് റദ്ദാക്കിയത്.

(സി) പിൻവലിച്ച ഉത്തരവിലെ പോരായ്മകൾ പരിഹരിച്ച് കർഷകരുടെ താൽപ്പര്യാർത്ഥം പുതിയ ഉത്തരവ് പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

വിഷയം പരിശോധിച്ചുവരുന്നു.

തിരുവനന്തപുരം ജില്ലയിലെ പാർട്ട്-ടൈം ജീവനക്കാരുടെ തസ്തികമാറ്റം

273(883) <u>ശ്രീ. വി. ജോയി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ പാർട്ട്-ടൈം ജീവനക്കാരുടെ തസ്തികമാറ്റം മുഖേന നിയമനം നടത്തുന്നതിനുള്ള മുൻഗണനാ പട്ടിക അവസാനമായി തയ്യാറാക്കിയിട്ടുള്ളത് ഏത് വർഷത്തിലാണെന്ന് വ്യക്തമാക്കാമോ?

തിരുവനന്തപുരം ജില്ലയിലെ 1-1-2018 മുതൽ 31-12-2019 വരെയുള്ള കാലയളവിൽ പാർട്ട്-ടൈം തസ്തികയിൽ പ്രവേശിച്ച ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് 12-7-2021-ൽ അവസാനമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പട്ടിക ഇപ്പോൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

&

(സി) പട്ടിക നിലവിലില്ലെങ്കിൽ ജില്ലാ കളക്ടർ ആയത് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇതുസംബന്ധിച്ച നടപടികൾ വിശദമാക്കാമോ?

(ബി&സി) പ്രസ്തുത പട്ടിക ഇപ്പോൾ നിലവിലുണ്ട്.

ദേശീയ പാതയിലെ പാറക്കടത്ത്

274 (884) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി - ധനുഷ്കോടി ദേശീയപാതയിലെ ഗ്യാപ്പ് റോഡിൽ നിന്നും 50,000 ലോഡ് പാറപൊട്ടിച്ച് കടത്തിയതായി പറയപ്പെടുന്ന സംഭവത്തിൽ വകുപ്പുതല അന്വേഷണം നടത്തിയിട്ടുണ്ടോ?

കൊച്ചി-ധനുഷ്കോടി ദേശീയ പാതയിലെ ഗ്യാപ്പ് റോഡിൽനിന്നും അനധികൃതമായി പാറ പൊട്ടിച്ച് കടത്തിയതുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തിയിട്ടുണ്ട്.

(ബി) അനധികൃതമായി കടത്തിയ പാറയുടെ വില ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഗ്യാപ്പ് റോഡിൽനിന്നും അനധികൃതമായി 251289.33 മീറ്റർ ക്യൂബ് പാറ പൊട്ടിച്ച് നീക്കം ചെയ്തതായി കണ്ടെത്തിയിട്ടുള്ളതിനാൽ അനധികൃതമായി ഖനനം ചെയ്ത നീക്കിയിട്ടുള്ള ധാതുവിന് നിശ്ചയിച്ചിട്ടുള്ള റോയൽറ്റി, പാറവില എന്നിവ ഉൾപ്പെടെയുള്ള 4,52,32,078 രൂപയും ജി.എസ്.ടി.-യും കൂടാതെ പൊതുമരാമത്ത് വിപണിമൂല്യം അനുസരിച്ചുള്ള തുകയും ഈടാക്കാൻ ജിയോളജിസ്റ്റിനും കേരള ഭൂസംരക്ഷണ നിയമ പ്രകാരം എൽ.സി. കേസ് ബുക്ക് ചെയ്യാനും അനധികൃതമായി ഖനനം ചെയ്ത 251289.33 മീറ്റർ ക്യൂബ് പാറയുടെ സീനിയറേജ് ഈടാക്കാനും ഉടുമ്പൻചോല തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അനധികൃതമായി ഖനനം നടത്തിയ ഗ്രീൻവർത്ത് എന്ന കമ്പനിക്ക് ടി പാറയുടെ വില ഈടാക്കുന്നതുമായി ബന്ധപ്പെട്ട് 12-7-2021-ന് ജിയോളജിസ്റ്റ് നോട്ടീസ് നൽകിയിട്ടുണ്ട്.

(സി) എങ്കിൽ ഇതിനകം എത്ര തുക ഈടാക്കിയെന്ന് വിശദമാക്കുമോ?

അനധികൃതമായി ഖനനം നടത്തിയതിന് നിലവിൽ തുകയൊന്നും ഈടാക്കിയിട്ടില്ല.

മരം മുറിക്കുന്നതുമായി ബന്ധപ്പെട്ട ഉത്തരവ്

275 (885) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ റവന്യൂ വകുപ്പിൽനിന്നും മരം മുറിക്കുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ പകർപ്പ് ലഭ്യമാക്കുമോ?

മുൻ സർക്കാരിന്റെ കാലത്ത് മരം മുറിക്കുന്നതുമായി ബന്ധപ്പെട്ട് 24-10-2020-ലെ സ.ഉ. (കൈ) നമ്പർ 261/2020/റവന്യൂ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(ബി) ഈ ഉത്തരവുകൾ സംബന്ധിച്ച ഫയലിൽ ഒപ്പുവച്ചവരുടെ പേരുവിവരം തസ്തിക സഹിതം അറിയിക്കുമോ?

24-10-2020-ലെ സ.ഉ. (കൈ) നമ്പർ 261/2020/റവന്യൂ നമ്പർ ഉത്തരവ് സംബന്ധിച്ച റവന്യൂ-യു 3/187/2019 എന്ന ഫയലിൽ ഒപ്പുവച്ചവരുടെ പേര്, തസ്തിക എന്നീ വിവരങ്ങൾ ചുവടെച്ചേർക്കുന്നു :

ശ്രീമതി സ്മിത കെ. എസ്.	സീനിയർ ഗ്രേഡ് അസിസ്റ്റന്റ്
ശ്രീമതി ഗംഗ ജി. ആർ.	സെക്ഷൻ ഓഫീസർ
ശ്രീമതി ശാലിനി ഒ. ജി.	അണ്ടർ സെക്രട്ടറി
ശ്രീമതി ഗിരിജകുമാരി ജി.	അഡീഷണൽ സെക്രട്ടറി
ശ്രീ. എ. ജയതിലക്, ഐ.എ.എസ്.	പ്രിൻസിപ്പൽ സെക്രട്ടറി
ശ്രീ. ഇ. ചന്ദ്രശേഖരൻ	റവന്യൂ വകുപ്പുമന്ത്രി

(സി) ഈ ഫയലിൽ വിയോജനക്കുറിപ്പുകൾ രേഖപ്പെടുത്തുകയുണ്ടായോ?

(ഡി) ഇപ്രകാരം ഉത്തരവ് പുറപ്പെടുവിച്ചതോ ഉത്തരവുമായി ബന്ധപ്പെട്ടതോ ആയ ഏതെങ്കിലും ജീവനക്കാരനെതിരെ നടപടി സ്വീകരിക്കുകയുണ്ടായോ?

&

(സി&ഡി) ഇല്ല.

(ഇ) ഇപ്രകാരം നടപടി സ്വീകരിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ?

ബാധകമല്ല.

ടീ രജിസ്ട്രി

276 (886) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പട്ടയ ഭൂമി പതിച്ചുനൽകുമ്പോൾ ആ ഭൂമിയിലുള്ള ചന്ദനം, തേക്ക്, ഈട്ടി, കരിമരം എന്നിവയുടെ എണ്ണം സൂക്ഷിക്കാറുണ്ടോ; ഇതിനായി റവന്യൂ വകുപ്പ് ടീ രജിസ്ട്രി സൂക്ഷിക്കുന്നുണ്ടോ; ഇതുപ്രകാരം വിവിധ ജില്ലകളിൽ എത്ര മരങ്ങളാണ് നാളിതുവരെ രജിസ്റ്റർ ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ടീ രജിസ്റ്റർ സൂക്ഷിക്കുന്നു. ജില്ലകളിൽനിന്നും വിവരം ശേഖരിച്ചുവരുന്നു.

മരം മുറി ഉത്തരവ്

277 (887) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയ ഭൂമിയിൽ കർഷകർ നട്ടുവളർത്തിയ ചന്ദനമല്ലാത്ത മരങ്ങൾ മുറിക്കാമെന്ന് റവന്യൂ വകുപ്പ് സർക്കുലർ ഇറക്കുകയുണ്ടായോ; സർക്കുലറിലെ അവ്യക്തത ചൂണ്ടിക്കാട്ടി ജില്ലാ കളക്ടർമാർ സർക്കാരിനെ സമീപിക്കുകയുണ്ടായോ?

പട്ടയഭൂമിയിൽ കർഷകർ നട്ടുവളർത്തിയതോ സ്വമേധയ കിളിർത്തു വരുന്നതോ ആയ വൃക്ഷങ്ങളുടെ അവകാശം കർഷകർക്കാണെന്നാണ് സർക്കുലറിൽ പറഞ്ഞിട്ടുള്ളത്. ജില്ലാ കളക്ടർമാർ സമീപിച്ചിട്ടില്ല.

(ബി) ഇതിനെത്തുടർന്ന് വിശദമായ ഉത്തരവ് ഇറക്കുകയുണ്ടായോ; പതിച്ചു നൽകിയ ഭൂമിയിൽനിന്നും കർഷകർ വച്ചുപിടിപ്പിച്ച മരങ്ങൾ മാത്രമല്ല, ഭൂമി ലഭിക്കുന്ന സമയത്ത് വില അടച്ച് രജിസ്റ്റർ ചെയ്ത മരങ്ങൾകൂടി മുറിക്കാമെന്നും അതിന് മറ്റ് പ്രത്യേക അനുവാദം വാങ്ങേണ്ടതില്ലെന്നും ഇങ്ങനെ മരം മുറിക്കുന്നത് തടസ്സപ്പെടുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടിയുണ്ടാകുമെന്നും ഇതു സംബന്ധിച്ച ഉത്തരവിൽ പരാമർശിക്കുകയുണ്ടായോ?

ഉണ്ട്. പതിച്ചുനൽകിയ ഭൂമിയിൽനിന്നും കർഷകർ വച്ചുപിടിപ്പിച്ച മരങ്ങൾ മാത്രമല്ല, ഭൂമി ലഭിക്കുന്ന സമയത്ത് വില അടച്ച് രജിസ്റ്റർ ചെയ്ത മരങ്ങൾകൂടി മുറിക്കാമെന്നും അതിന് മറ്റ് പ്രത്യേക അനുവാദം വാങ്ങേണ്ടതില്ലെന്നും ഇങ്ങനെ മരം മുറിക്കുന്നത് തടസ്സപ്പെടുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടിയുണ്ടാകുമെന്നും ഇതുസംബന്ധിച്ച ഉത്തരവിൽ പരാമർശിച്ചിരുന്നു.

(സി) എങ്കിൽ പ്രസ്തുത ഉത്തരവിലെ ആനുകൂല്യം ഉപയോഗിച്ചാണോ സംരക്ഷിത മരങ്ങളായ തേക്ക്, ഈട്ടി തുടങ്ങിയവ മുറിച്ചുമാറ്റിയതെന്ന് വ്യക്തമാക്കാമോ; ഈ മരങ്ങൾ മുറിച്ചുകടത്തിയതുമൂലം സർക്കാരിനുണ്ടായിട്ടുള്ള നഷ്ടം എത്ര രൂപയാണെന്ന് അറിയിക്കാമോ?

ഉത്തരവിന്റെ ആനുകൂല്യം ഉപയോഗിച്ച് പട്ടയ ഭൂമിയിലുണ്ടായിരുന്ന സംരക്ഷിത വൃക്ഷങ്ങൾ മുറിക്കാനാകില്ല. മറ്റ് വിവരങ്ങൾ പരിശോധിച്ചുവരുന്നു.

പട്ടയ ഭൂമിയിൽനിന്ന് മരം മുറിക്കാനുള്ള അവകാശം

278 (888) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കർഷകർക്ക് പട്ടയ ഭൂമിയിൽനിന്ന് മരം മുറിക്കാനുള്ള അവകാശം നൽകിയിരുന്നോ; ഇത് സർക്കാർ പിൻവലിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പിൻവലിക്കാനുണ്ടായ സാഹചര്യം വെളിപ്പെടുത്താമോ?

24-10-2020-ലെ സ.ഉ. (കൈ) 261/2020/റവന്യൂ ഉത്തരവുപ്രകാരം 1964-ലെ ഭൂ പതിവ് ചട്ടങ്ങൾ പ്രകാരം പതിച്ചുനൽകിയ ഭൂമിയിൽ കർഷകർ വച്ചുപിടിപ്പിച്ചതും കിളിർത്തുവന്നതും പതിച്ച് ലഭിക്കുന്ന സമയത്ത് വൃക്ഷ വില അടച്ച് റിസർവ് ചെയ്തതുമായ ചന്ദനം ഒഴികെയുള്ള എല്ലാ മരങ്ങളുടെയും അവകാശം കർഷകർക്ക് മാത്രമാണെന്നും അപ്രകാരമുള്ള മരങ്ങൾ അവർക്ക് മുറിക്കാവുന്നതാണെന്നും നിർദ്ദേശിച്ചിരുന്നു. ടി ഉത്തരവ് വ്യാപകമായി ദുരുപയോഗം ചെയ്യുന്നതായി കണ്ടതിനാലും നിയമ വകുപ്പിൽനിന്നും ലഭിച്ച ഉപദേശത്തിന്റെ അടിസ്ഥാനത്തിലും 2-2-2021-ലെ സ.ഉ. (കൈ) 30/2021/റവന്യൂ ഉത്തരവുപ്രകാരം റദ്ദ് ചെയ്തിരുന്നു. പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു*.

പ്രകൃതിക്ഷോഭത്തിൽ തകർന്ന റോഡുകൾ പുനർനിർമ്മിക്കുന്ന പദ്ധതി

279(889) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭത്തിൽ തകർന്ന റോഡുകൾ പുനർനിർമ്മിക്കുന്ന പദ്ധതിയിലുൾപ്പെടുത്തി കഴിഞ്ഞ സർക്കാർ കാലയളവിൽ പാറശ്ശാല നിയോജക മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

&

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കുമോ; ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

(എ&ബി) സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡപ്രകാരം വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിലുൾപ്പെടുത്തി അനുവദിക്കുന്ന പ്രവൃത്തികളുടെ വിവരം നിലവിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. ഇതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതാണ്.

(സി) പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുക്കുന്ന കരാറുകാർക്ക് ബില്ലുകൾ മാറി നൽകുന്നതിനുള്ള കാലതാമസം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശം അറിയിക്കാമോ?

സംസ്ഥാന ദുരന്ത പ്രതികരണനിധി വിനിയോഗിച്ചുകൊണ്ട് നടപ്പാക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ച് ബിൽ സമർപ്പിക്കുന്നതിന്റെ മുൻഗണനാക്രമം പാലിച്ചുകൊണ്ടാണ് ബിൽ തുക അനുവദിച്ചുവരുന്നത്. ഭരണാനുമതി കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാതെവരുന്ന പ്രവൃത്തികൾ പൂർത്തീകരിച്ച്

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബിൽ സമർപ്പിക്കുന്ന വേളയിൽ കാലതാമസം മാപ്പാക്കി ബിൽ തുക അനുവദിക്കുന്നതിനായി ജില്ലാ കളക്ടർമാർ സർക്കാരിലേയ്ക്ക് അപേക്ഷ സമർപ്പിക്കുകയും അത്തരം കേസുകൾ പ്രത്യേകമായി പരിശോധിച്ച് കാലതാമസം മാപ്പാക്കി ബിൽ തുക അനുവദിക്കുന്നതിന് സർക്കാർ അനുമതി നൽകുകയും ചെയ്യുന്നു.

സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതി

280 (890) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ നിയോജകമണ്ഡലത്തിൽ ആകെ എത്ര വില്ലേജ് ഓഫീസുകളുണ്ടെന്നും അതിൽ എത്ര വില്ലേജ് ഓഫീസുകളാണ് സ്മാർട്ട് വില്ലേജ് ഓഫീസാക്കുവാൻ പദ്ധതി തയ്യാറാക്കിയിട്ടുള്ളതെന്നും പേര് സഹിതം അറിയിക്കാമോ?

മലമ്പുഴ നിയോജകമണ്ഡലത്തിൽ ആകെ 14 വില്ലേജ് ഓഫീസുകളാണുള്ളത്. അതിൽ മരുതറോഡ്, പുതുശ്ശേരി ഈസ്റ്റ് എന്നീ 2 വില്ലേജ് ഓഫീസുകളാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കുവാൻ റീബിൽഡ് കേരള ഇനിഷ്യേറ്റീവ്, പ്ലാൻ ഫണ്ട് എന്നീ പദ്ധതികളിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ളത്.

(ബി) സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കുന്ന പ്രവൃത്തിക്ക് ഓരോ വില്ലേജ് ഓഫീസിനും അനുവദിച്ചിട്ടുള്ള തുകയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ; പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസി ഏതെന്ന് അറിയിക്കാമോ?

സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കുന്ന പ്രവൃത്തിക്ക് ഓരോ വില്ലേജ് ഓഫീസിനും 44 ലക്ഷം രൂപ വീതമാണ് അനുവദിച്ചിട്ടുള്ളത്. മരുതറോഡ് വില്ലേജ് ഓഫീസിന്റെ റൂഫ് കോൺക്രീറ്റ് കഴിഞ്ഞു. പുതുശ്ശേരി ഈസ്റ്റ് വില്ലേജ് ഓഫീസ് നിർമ്മാണത്തിനായി ഒരു സ്വകാര്യ വ്യക്തി സ്ഥലം വിട്ടുനൽകാൻ തയ്യാറായെങ്കിലും ടിയാൻ തന്റെ കൈവശമുള്ള മുഴുവൻ സ്ഥലവും ബാങ്കിൽ പണയപ്പെടുത്തിയിട്ടുള്ളതിനാൽ ബാങ്കിൽനിന്നും എൻ.ഒ.സി. ലഭിക്കാത്തതിനെത്തുടർന്ന് ലാൻഡ് റിലിങ്ക്വിഷ്മെന്റ് നടപടികൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. ടി സാഹചര്യത്തിൽ സ്ഥലം ലഭ്യമല്ലാത്തതിനാൽ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല. മരുതറോഡ് വില്ലേജ് ഓഫീസിന്റെ നിർവ്വഹണ ഏജൻസി സംസ്ഥാന നിർമ്മിതി കേന്ദ്രവും പുതുശ്ശേരി ഈസ്റ്റ് വില്ലേജ് ഓഫീസിന്റെ നിർവ്വഹണ ഏജൻസി പാലക്കാട് ജില്ലാ നിർമ്മിതി കേന്ദ്രവുമാണ്.

കായംകുളം നിയോജകമണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ

281 (891) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം നിയോജകമണ്ഡലത്തിൽ ഏതൊക്കെ വില്ലേജ് ഓഫീസുകളാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളായി ഉയർത്തുന്നത്; ഇതിന്റെ നിലവിലുള്ള പുരോഗതി എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

കായംകുളം നിയോജകമണ്ഡലത്തിൽ സ്മാർട്ട് വില്ലേജ് ഓഫീസുകളായി ഉയർത്തുന്ന വില്ലേജ് ഓഫീസുകളുടെ വിശദാംശങ്ങളും അവയുടെ നിർമ്മാണ പുരോഗതിയും സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

വില്ലേജ് ഓഫീസുകൾ ജനസൗഹൃദമാക്കുന്ന പദ്ധതികൾ

282 (892) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ നിയോജകമണ്ഡലത്തിലെ വില്ലേജ് ഓഫീസുകൾ ജനസൗഹൃദമാക്കുന്നതിനും നവീകരിക്കുന്നതിനുമായി സർക്കാർ നടപ്പാക്കുന്ന പദ്ധതികളുടെ വിശദ വിവരം ലഭ്യമാക്കുമോ?

ആലപ്പുഴ നിയോജകമണ്ഡലത്തിലെ വില്ലേജ് ഓഫീസുകൾ ജനസൗഹൃദമാക്കുന്നതിന്റെ ഭാഗമായി മണ്ണഞ്ചേരി, മുല്ലക്കൽ വില്ലേജ് ഓഫീസുകളിൽ പ്ലാൻ ഫണ്ടിൽനിന്നും തുക അനുവദിച്ച് അറ്റകുറ്റപ്പണി നടത്തിയിട്ടുള്ളതും പാതിരാപ്പള്ളി വില്ലേജ് ഓഫീസിന്റെ അറ്റകുറ്റപ്പണിക്കും ആര്യാട് സൗത്ത് വില്ലേജ് ഓഫീസിന് അഡീഷണൽ റൂം, അറ്റകുറ്റപ്പണി എന്നിവയ്ക്കും പ്ലാൻ ഫണ്ടിൽനിന്നും തുക അനുവദിച്ചിട്ടുള്ളതും പ്രവൃത്തികൾ പുരോഗമിക്കുന്നതുമാണ്.

കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ നടപടി

283 (893) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ തലമാലി ടൈബൽ സെറ്റിൽമെന്റിൽ താമസിക്കുന്ന മന്നാൻ, ഉള്ളാടർ, മലയരയൻ എന്നീ സമുദായത്തിൽപ്പെട്ട ആളുകളുടെ ഭൂമി ഇതരവിഭാഗക്കാർ പാട്ടത്തിനെടുത്തും അനധികൃതമായി കയ്യേറിയും കൃഷി ചെയ്തു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) എങ്കിൽ ഇത്തരം കയ്യേറ്റങ്ങളൊഴിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

കയ്യേറ്റം സംബന്ധിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ല.

(സി) കയ്യേറിയ ഭൂമി തിരിച്ചുപിടിച്ച് യഥാർത്ഥ ഭൂവുടമകൾക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

കയ്യേറ്റമുള്ളതായി കണ്ടെത്തുന്ന പക്ഷം പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഭൂമിയിലെ കയ്യേറ്റങ്ങൾ തടയുന്നതിനും കയ്യേറിയ ഭൂമി പുനഃസ്ഥാപിച്ച് നൽകുന്നതിനും '1999-ലെ കേരള പട്ടികവർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവകാശ സ്ഥാപനവും' നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം നടപടി സ്വീകരിക്കുന്നതാണ്.

വിനോദസഞ്ചാരകേന്ദ്രങ്ങളിലെ ഭൂമി കയ്യേറ്റം

284 (894) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മേലുകാവ് പഞ്ചായത്തിലെ ഇലവീഴപൂഞ്ചിറ, മൂന്നിലവ് പഞ്ചായത്തിലെ പഴുക്കാക്കാനം എന്നീ വിനോദസഞ്ചാര കേന്ദ്രങ്ങൾക്ക് സമീപത്തുള്ള സ്വകാര്യ വ്യക്തികൾ ആധാരത്തിലുള്ളതിനേക്കാൾ കൂടുതൽ ഭൂമി അനധികൃതമായി കൈവശം വച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഭൂമി തിരിച്ചെടുക്കാൻവേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ബാധകമല്ല.

പട്ടികവർഗ്ഗ വിഭാഗക്കാരുടെ കൈവശ ഭൂമിക്ക് പട്ടയം

285 (895) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം, ഇടുക്കി ജില്ലകളിലെ പട്ടികവർഗ്ഗ വിഭാഗക്കാരുടെ കൈവശ ഭൂമിക്ക് പട്ടയം നൽകിവരുന്ന നടപടി പൂർത്തിയായോ?

ഇല്ല.

(ബി) ഇല്ലെങ്കിൽ എന്നത്തേയ്ക്ക് പൂർത്തിയാക്കുന്നതിന് സാധിക്കും; വിശദമാക്കുമോ?

കേരള ഭൂ പതിവ് ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ ത്വരിതഗതിയിൽ പൂർത്തിയാക്കി പട്ടികവർഗ്ഗ വിഭാഗക്കാരുടെ കൈവശഭൂമിക്ക് പട്ടയം അനുവദിക്കുന്നതാണ്.

(സി) നിലവിൽ എത്രപേർക്ക് പട്ടയം അനുവദിച്ചുവെന്നും എത്രപേർക്ക് നൽകാനുണ്ടെന്നും ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

ഇടുക്കി ജില്ലയിൽ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് മാത്രമായി പ്രത്യേകം അപേക്ഷ സ്വീകരിച്ചിട്ടില്ല. ആകെ ലഭിച്ച 52845 അപേക്ഷകളിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ കൈവശ ഭൂമിക്ക് 1408 പട്ടയങ്ങൾ അനുവദിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിൽ 31 പട്ടയങ്ങൾ നൽകിയിട്ടുണ്ട്. 3 പട്ടയങ്ങൾ നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു.

പെരുവെട്ടി, പൊന്തൻ പുഴ മേഖലകളിലെ പട്ടയ വിതരണം

286 (896) <u>ശ്രീ. പ്രമോദ് നാരായൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുവെട്ടി, പൊന്തൻപുഴ പ്രദേശങ്ങളിൽ നാലുതലമുറകളായി താമസിച്ചുവരുന്ന കൈവശ കർഷകർക്ക് തങ്ങളുടെ കൈവശ ഭൂമിക്ക് പട്ടയം നൽകുന്നതിന് നാളിതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പൊന്തൻപുഴ വലിയകാവ് വനഭൂമിയുടെ ജണ്ടയ്ക്ക് വെളിയിലായി വനാതിർത്തിയോട് ചേർന്ന് 104.15 ഹെക്ടർ (257.35 ഏക്കർ) സ്ഥലത്ത് കുടിയേറിയിട്ടുള്ള കർഷകർക്ക് വനഭൂമിയെന്ന കാരണത്താൽ 61 വർഷക്കാലമായി പട്ടയം ലഭിച്ചിട്ടില്ലെന്ന വിഷയത്തിൽ 10-1-2019-ന് പത്തനംതിട്ട ജില്ലാ കളക്ടറേറ്റിൽവച്ച് യോഗം കൂടിയിരുന്നു. പ്രസ്തുത യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർവ്വേ ചെയ്യുകയും പെരുമ്പെട്ടി വില്ലേജിലെ കുടിയേറ്റക്കാരുടെ ഭൂമി വനഭൂമിക്ക് പുറത്തായി സ്ഥിതി ചെയ്യുന്നതായും കണ്ടെത്തി. എന്നാൽ കോട്ടയം-പത്തനംതിട്ട ജില്ലാ അതിർത്തിയായിവരുന്ന നിബിഡ വനമേഖലയിൽ 34 ജണ്ടകൾകൂടി പുനഃസ്ഥാപിക്കാനുണ്ടായിരുന്നു. തുടർന്ന്, കോഴിക്കോട് ജില്ലയിലെ മിനി സർവ്വേ ടീമിനെ ഉപയോഗിച്ചുകൊണ്ട് പൊന്തൻപുഴ വനത്തിന്റെ സർവ്വേ നടപടികൾ പൂർത്തിയാക്കാൻ 2021 ജനുവരി മാസം 22-ാം തീയതി റവന്യൂ-വനം വകുപ്പുമന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ കൂടിയ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ബി) എത്രപേർക്കാണ് പട്ടയം നൽകാനുള്ളതെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ഏക്കർ ഭൂമിക്കാണ് പട്ടയം നൽകേണ്ടത്?

പട്ടയ നടപടികളുടെ ഭാഗമായി മല്ലപ്പള്ളി താലൂക്കിൽ 508 ഫയലുകൾ തയ്യാറാക്കിയിട്ടുണ്ട്. 101.03 ഹെക്ടർ ഭൂമിയാണ് പതിച്ച് നൽകുവാനായി തയ്യാറാക്കിയ പതിവ് ലിസ്റ്റിലുൾപ്പെട്ടിട്ടുള്ളത്.

(സി) പട്ടയ നടപടികളിൽ എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ എന്തു കൊണ്ടാണെന്ന് വിശദമാക്കാമോ;

&

(ഡി) പ്രസ്തുത പ്രശ്നം പരിഹരിക്കാൻ എന്തുനടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; എന്നത്തേയ്ക്ക് പട്ടയം നൽകാൻ കഴിയും; വിശദവിവരം നൽകാമോ?

(സി&ഡി) പെരുമ്പെട്ടി വില്ലേജിലെ ഭൂമിയുമായി ബന്ധപ്പെട്ട് നിലവിൽ കൈവശം വച്ചിരിക്കുന്ന ഭൂമി വനംവകുപ്പിന്റെ പരിധിക്ക് പുറത്താണോ അതോ പരിധിക്കുള്ളിലാണോ എന്നത് സംബന്ധിച്ച് തർക്കം നിലനിൽക്കുന്നതിനാൽ ടി സർവ്വേ നമ്പരിൽപ്പെട്ട മൊത്തം ഭൂമിയും വീണ്ടും ജോയിന്റ് സർവ്വേ നടത്തുന്നതിന് തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സർവ്വേ ചെയ്യുകയും പെരുമ്പെട്ടി വില്ലേജിലെ കൈവശക്കാരുടെ ഭൂമി വനഭൂമിക്ക് പുറത്തായി സ്ഥിതി ചെയ്യുന്നതായും മനസ്സിലാക്കാൻ സാധിച്ചതായി റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അറിയിച്ചിട്ടുണ്ട്. എന്നാൽ കോട്ടയം-പത്തനംതിട്ട ജില്ലാ അതിർത്തിയായി വരുന്ന നിബിഡ വനമേഖലയിലെ 34 ജണ്ടകൾകൂടി പുനഃസ്ഥാപിക്കാനുണ്ടായിരുന്നു. തുടർന്ന്, കോഴിക്കോട് ജില്ലയിലെ മിനി സർവ്വേ ടീമിനെ ഉപയോഗിച്ചുകൊണ്ട് പൊന്തൻപുഴ വനത്തിന്റെ സർവ്വേ നടപടികൾ പൂർത്തിയാക്കാൻ 2021 ജനുവരി മാസം 22-ാം തീയതി കൂടിയ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. സർവ്വേ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പെരുമ്പെട്ടി-പൊന്തൻപുഴ മേഖലകളിൽ പട്ടയം നൽകുന്ന നടപടി സ്വീകരിക്കുന്നതാണ്.

പട്ടയം ലഭിക്കാൻ നടപടി

287 (897) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ എരുമേലി തെക്ക് വില്ലേജിൽ ഏയ്ഞ്ചൽവാലി, എരുമേലി, പമ്പാവാലി, കണമല, മുക്കംപെട്ടി പ്രദേശങ്ങളിലെ ആയിരത്തോളം കുടുംബങ്ങൾ പട്ടയം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

എയ്ഞ്ചൽ വാലി/പമ്പാവാലി പ്രദേശം 1978-ലാണ് പെരിയാർ ടൈഗർ റിസർവിലുൾപ്പെടുത്തിയത്. Forest Conservation Act, 1980 പ്രാബല്യത്തിൽ വന്നതിനുശേഷം എല്ലാ വനഭൂമിയും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെയും നാഷണൽ ബോർഡ് ഓഫ് വൈൽഡ് ലൈഫിന്റെയും അനുമതിയോടുകൂടി ഡീ റിസർവ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചാൽ മാത്രമേ ടി പ്രദേശങ്ങളിൽ

പട്ടയം നൽകുവാൻ സാധിക്കുകയുള്ളൂ. 28-9-2015-ലെ സ.ഉ. (എംഎസ്.) 502/2015/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം എരുമേലി തെക്ക് വില്ലേജിൽ പെരിയാർ ടൈഗർ റിസർവ്വിലുൾപ്പെട്ട പമ്പാവാലി പ്രദേശത്തുള്ള 904 പേർക്ക് പട്ടയം നൽകിയതിന് നിയമസാധുതയില്ലാത്തതിനാൽ Forest Conservation Act 1980 പ്രകാരം നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചതിനുശേഷം കേന്ദ്രാനുമതി ലഭിക്കുന്നതിനുവേണ്ടി റിപ്പോർട്ട് സമർപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ടി സ്ഥലത്ത് 1-1-1977-നുമുമ്പ് താമസം തുടങ്ങിയവർക്ക് 2016 ഫെബ്രുവരി മാസം നടന്ന പട്ടയമേളയിൽ പട്ടയം നൽകിയിരുന്നു. പട്ടയം നൽകിയതിനോടനുബന്ധിച്ച് എരുമേലി തെക്ക് വില്ലേജിൽ 82-ാം ബ്ലോക്ക് പുതിയതായി രൂപീകരിക്കുകയും 2017-18 വർഷംവരെ പട്ടയം ലഭിച്ച വസ്തുക്കൾ പോക്കുവരവ് ചെയ്ത് കരം സ്വീകരിച്ചിരുന്നു. എന്നാൽ റവന്യൂ വകുപ്പിന്റെ സേവനങ്ങൾ ഓൺലൈനാക്കിയതിന്റെ ഭാഗമായി Revenue Land Information System എന്ന സോഫ്റ്റ്വെയർ വികസിപ്പിച്ചിരുന്നെങ്കിലും പുതിയതായി രൂപീകരിച്ച എരുമേലി തെക്ക് വില്ലേജിലെ 82-ാം ബ്ലോക്കിന്റെ BTR സർവ്വേ വകുപ്പിൽനിന്നും ലഭിച്ചിട്ടില്ലാത്തതിനാൽ മേൽ വസ്തുക്കളുടെ വിവരങ്ങൾ ReLIS സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല. ടി ഭൂമിയുടെ കരം നിലവിൽ ഇ-പേമെന്റ് മുഖേന സ്വീകരിക്കാൻ സാധിക്കുന്നില്ല.

(ബി) നിയമപരമായ എല്ലാ അപേക്ഷകൾക്കും പട്ടയം ലഭിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

സ്വീകരിക്കും.

വാമനപുരം നിയോജകമണ്ഡലത്തിലെ പട്ടയത്തിനുള്ള അപേക്ഷകൾ

288 (898) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് വാമനപുരം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുന്ന വില്ലേജുകളിൽനിന്നും പട്ടയത്തിനുവേണ്ടി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്?

മുൻ സർക്കാരിന്റെ കാലത്ത് വാമനപുരം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വിവിധ വില്ലേജുകളിലായി പട്ടയത്തിനുവേണ്ടി 324 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്.

(ബി) അതിൽ എത്ര അപേക്ഷകളിൽ പട്ടയം അനുവദിച്ചുവെന്ന് വില്ലേജ് തിരിച്ചുള്ള കണക്കുകൾ അറിയിക്കാമോ?

പട്ടയം നൽകിയിട്ടുള്ള വില്ലേജ് തിരിച്ചുള്ള കണക്ക് - 69 പട്ടയങ്ങൾ

നമ്പർ	വില്ലേജ്	എണ്ണം
1	ആനാട്	2
2	പനവൂർ	3
3	പെരിങ്ങമ്മല	1
4	തെന്നൂർ	18
5	പാങ്ങോട്	28
6	കുറുപുഴ	12
7	നെല്ലനാട്	1
8	വാമനപുരം	3
9	കല്ലറ	1

(സി) ആകെ ലഭിച്ച അപേക്ഷകളിൽ നിരസിച്ചവ എത്രയെന്ന് അറിയിക്കാമോ?

ലഭ്യമായ അപേക്ഷകളിൽ 87 എണ്ണം വിവിധ കാരണങ്ങളാൽ നിരസിച്ചു.

പട്ടയ വിതരണം ത്വരിതപ്പെടുത്താൻ നടപടി

289(899) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭ്രരഹിതർക്കുള്ള പട്ടയ വിതരണം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

പട്ടയവിതരണം കാര്യക്ഷമമാക്കുന്നതിനുവേണ്ടി എല്ലാ ജില്ലാ കളക്ടർമാരുടെയും ഡെപ്യൂട്ടി കളക്ടർമാരുടെയും യോഗം ചേരുകയും നൂറ് ദിന കർമ്മ പദ്ധതിയിലുൾപ്പെടുത്തി 12000 പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ എല്ലാ തഹസിൽദാരുമാരുമായും

വില്ലേജ് ഓഫീസർമാരുമായും വകുപ്പുമന്ത്രി നേരിട്ട് സംവദിച്ച് പുരോഗതി വിലയിരുത്തിയിട്ടുണ്ട്. ക്രയ സർട്ടിഫിക്കറ്റുകളുടെ വിതരണം ഊർജ്ജിതപ്പെടുത്തുന്നതിനായി ലാൻഡ് ബോർഡ് ഉദ്യോഗസ്ഥരുമായി യോഗം ചേർന്നതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ കേസുകൾ നിലവിലുള്ള മലപ്പുറം, പാലക്കാട് ജില്ലകളിലെ ഉദ്യോഗസ്ഥർക്ക് വേഗത്തിൽ ഫയൽ തീർപ്പാക്കുന്നതിന് അവഗാഹമുണ്ടാക്കുന്നതിനായി പരിശീലനം സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 7-7-2021, 14-7-2021, 22-7-2021 എന്നീ തീയതികളിൽ കൂടിയ റവന്യൂ സെക്രട്ടേറിയറ്റ് പട്ടയങ്ങൾ തയ്യാറാക്കുന്നതിൽ ഓരോ ജില്ലയിലുമുള്ള പുരോഗതി വിലയിരുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) പട്ടയം ലഭിച്ചവർ ഭൂമി സംബന്ധമായ വിഷയങ്ങളിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

അത്തരം പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

തലമാലി ടൈബൽ സെറ്റിൽമെന്റിലെ താമസക്കാരുടെ ഭൂമി

290(900) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1993-ലെ ഭൂമി പതിവ് ചട്ടപ്രകാരം ഇടുക്കി ജില്ലയിലെ മന്നാംകണ്ടം വില്ലേജിലെ തലമാലി ടൈബൽ സെറ്റിൽമെന്റിലെ താമസക്കാരുടെ ഭൂമി പതിച്ചുനൽകുന്നതുമായി ബന്ധപ്പെട്ട് രാജകുമാരി ഭൂമി പതിവ് ഓഫീസ് സ്പെഷ്യൽ തഹസിൽദാർ 2017-ൽ അപേക്ഷ സ്വീകരിച്ചിരുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നോ?

1993-ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം ഇടുക്കി ജില്ലയിലെ തലമാലി സെറ്റിൽമെന്റിലെ താമസക്കാരിൽനിന്നുൾപ്പെടെ പ്രത്യേകമായി പട്ടയത്തിനുള്ള അപേക്ഷ വാങ്ങിയിട്ടില്ല. എന്നാൽ മന്നാംകണ്ടം വില്ലേജിലെ താമസക്കാരിൽ നിന്നും 2017-ൽ പട്ടയത്തിനുള്ള അപേക്ഷ വാങ്ങിയിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ?

ടി അപേക്ഷകളിൽപ്പെടുന്ന സ്ഥലം വനം, റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധനയിലുൾപ്പെടാത്തതിനാൽ നടപടി സ്വീകരിക്കാൻ സാധിച്ചിട്ടില്ല.

(സി) ഭൂമി പതിച്ചുകിട്ടാത്തവർക്ക് പതിച്ചുനൽകുന്നതിന് നടപടി സ്വീകരിക്കുമോ?

സംയുക്ത പരിശോധന കഴിയുന്ന മുറയ്ക്ക് പതിവ് നടപടികൾ സ്വീകരിക്കുന്നതാണ്.

പൊന്തൻപുഴ, പെരുമ്പെട്ടി മേഖലകളിൽ വനാതിർത്തി നിർണ്ണയ സർവ്വേ

291(901) ശ്രീ. പ്രമോദ് നാരായൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പെട്ടി, പൊന്തൻപുഴ മേഖലകളിലെ വനാതിർത്തി നിർണ്ണയ സർവ്വേ പൂർത്തിയാകാത്തതിനാൽ പ്രദേശത്തുള്ള കർഷകരും നാലുതലമുറയായി ഭൂമി കൈവശംവച്ച് അനുഭവിച്ചുവരുന്ന തദ്ദേശവാസികളും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) വനം വകുപ്പുമായി ചേർന്ന് ഇനി പൂർത്തിയാക്കേണ്ട 15% സംയുക്ത വനാതിർത്തി നിർണ്ണയ സർവ്വേ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ തടസ്സങ്ങളുണ്ടോ?

മിനി സർവ്വേ ടീമിനെ നിയോഗിക്കണമെന്നാവശ്യപ്പെട്ട് റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ട്. ആയതനുസരിച്ച് സംയുക്ത സർവേ പൂർത്തിയാക്കുന്നതാണ്.

(സി) പ്രസ്തുത മേഖലയിലെ അർഹരായ കർഷകർക്കും തലമുറകളായി കൈവശാനുഭവം സിദ്ധിച്ചുവരുന്നവർക്കും പട്ടയം നൽകുവാൻ തയ്യാറാകുമോ; എങ്കിൽ എന്നത്തേയ്ക്ക് നൽകാനാകും; വ്യക്തമാക്കുമോ?

പത്തനംതിട്ട ജില്ലയിൽ 1-1-1977-നുമുമ്പുള്ള കുടിയേറ്റക്കാർക്ക് പട്ടയം അനുവദിക്കുന്നതിലേയ്ക്കായി വനംവകുപ്പുമായി ചേർന്ന് കോഴിക്കോട് മിനി സർവ്വേ ടീമിനെ ഉപയോഗിച്ചുകൊണ്ട് പൊന്തൻപുഴ വനത്തിന്റെ സർവ്വേ നടപടികൾ പൂർത്തിയാക്കാൻ 2021 ജനുവരി 22-ന് റവന്യൂ-വനം വകുപ്പുമന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ കൂടിയ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. സർവ്വേ നടപടികൾ വേഗത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് അവ പൂർത്തികരിക്കുന്ന മുറയ്ക്ക് പട്ടയം നൽകുന്ന നടപടി സ്വീകരിക്കുന്നതാണ്.

പട്ടയം നൽകുന്നതിനുള്ള നടപടി

292 (902) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിലെ നവായിക്കുളം വില്ലേജിൽ നൈനാംകോണം കോളനിയിൽ വർഷങ്ങളായി കുടികിടക്കുന്ന കുടുംബാംഗങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുമോ; വിശദാംശം നൽകാമോ?

വർക്കല നിയോജകമണ്ഡലത്തിലെ നാവായിക്കുളം വില്ലേജിൽ നൈനാംകോണം കോളനിയിലെ അന്യകൈവശത്തോടുകൂടി ഏറ്റെടുത്ത മിച്ചഭൂമി നിലവിലെ കൈവശക്കാർക്ക് പതിച്ചുനൽകുന്നതിന് 1970-ലെ കേരള ഭൂപരിഷ്കരണ പരിധി ചട്ടങ്ങളിലെ 27-ാം ചട്ടപ്രകാരം ഫോറം 16-ൽ വിജ്ഞാപനം നടത്തിയതിനു ശേഷം ലഭിച്ച അപേക്ഷകളിൽ സൂക്ഷ്മ പരിശോധന നടത്തി അർഹരായ 85 പേർക്ക് പട്ടയം നൽകിയിട്ടുള്ളതാണ്. ഇനിയും പട്ടയം നൽകാനുള്ളവർക്ക് പ്രത്യേക ടീമിനെ നിയോഗിച്ച് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഇവിടെ എത്ര പേർക്ക് പട്ടയം നല്കുവാനുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഇല്ല. ആയതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

ആലത്തൂർ നിയോജകമണ്ഡലത്തിൽ നിന്നുള്ള പട്ടയ അപേക്ഷകൾ

293 (903) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചുവർഷക്കാലം ആലത്തൂർ നിയോജകമണ്ഡലത്തിൽനിന്ന് പട്ടയത്തിനുവേണ്ടി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഇതിൽ എത്ര അപേക്ഷകളിൽ പട്ടയം അനുവദിച്ചിട്ടുണ്ട്; വില്ലേജ് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

123 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 75 അപേക്ഷകളിൽ പട്ടയം അനുവദിച്ചിട്ടുണ്ട്. വില്ലേജ് തിരിച്ചുള്ള കണക്കുകൾ താഴെപറയും പ്രകാരമാണ് :

1	ആലത്തൂർ	9
2	എരിമയൂർ -1	11
3	വണ്ടാഴി -1	34
4	വണ്ടാഴി -2	5
5	മംഗലംഡാം	14 (കെ.എസ്.ടി. പട്ടയം)
6	കിഴക്കഞ്ചേരി-1	2 (ലാൻഡ് ബാങ്ക് പട്ടയം)

(ബി) ഇനി എത്ര അപേക്ഷകളിൽ പട്ടയം നൽകാനുണ്ടെന്നും പട്ടയ വിതരണം വൈകുന്നതിന്റെ കാരണമെന്തെന്നും വ്യക്തമാക്കാമോ?

ഇനി 48 അപേക്ഷകളിൽ പട്ടയം നൽകാനുണ്ട്. കോവിഡ്-19 പ്രതിസന്ധിമൂലം അനുവാദപത്രിക തയ്യാറാക്കുന്നതിനും കക്ഷികളെ വിചാരണ നടത്തുന്നതിനും കഴിയാത്തതുകൊണ്ടാണ് പട്ടയവിതരണം വൈകുന്നത്.

(സി) മുഴുവൻ അപേക്ഷകളിലും പട്ടയം ലഭ്യമാക്കുന്നതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

അപേക്ഷകരിൽ പലരും കൈമാറ്റംവഴി ലഭിച്ച സ്ഥലമാണ് കൈവശം വച്ചു വരുന്നത്. മുൻ കൈവശക്കാർക്ക് പലർക്കും തൽസമയത്തുതന്നെ പട്ടയം വിതരണം ചെയ്തിട്ടുള്ളതാണ്. ആയത് റദ്ദുചെയ്ത് പുതിയ അപേക്ഷകർക്ക് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പയ്യന്നൂർ നിയോജകമണ്ഡലത്തിൽ പട്ടയ വിതരണവുമായി ബന്ധപ്പെട്ട ഭൂമി പ്രശ്നങ്ങൾ

294 (904) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിൽ പട്ടയ വിതരണവുമായി ബന്ധപ്പെട്ട ഭൂമി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കണ്ണൂർ ജില്ലയിലെ പയ്യന്നൂർ നിയോജകമണ്ഡലത്തിൽ വർഷങ്ങളായി നിലനിൽക്കുന്ന ഭൂമി പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിൽ മിച്ചഭൂമി പതിച്ചുനൽകി പട്ടയം വിതരണം ചെയ്യുന്നത് വേഗത്തിലാക്കാൻ ജില്ലാതലത്തിൽതന്നെ തീരുമാനമായിട്ടുണ്ട്. നിലവിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലുള്ള ദേവസ്വം ഭൂമി സംബന്ധമായ WP(C) 8851/2020 നമ്പർ കേസ് തീർപ്പാകാത്തതിനാൽ കണ്ണൂർ ജില്ലയിലുള്ള ദേവസ്വം ഭൂമിക്ക് ക്രയ സർട്ടിഫിക്കറ്റ് നൽകുന്ന നടപടി താൽക്കാലികമായി നിർത്തിവച്ചിട്ടുള്ളതിനാൽ ആയത് പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പട്ടയ വിതരണത്തെയും സാരമായി ബാധിച്ചിട്ടുണ്ട്. എങ്കിലും പരമാവധി കേസുകളിൽ വിചാരണ പൂർത്തിയാക്കാനുള്ള നടപടി ത്വരിതഗതിയിൽ നടക്കുന്നുണ്ട്. പയ്യന്നൂർ ലാൻഡ് ട്രിബ്യൂണൽ പട്ടയങ്ങളുടെ വിതരണം ഏറ്റവും നല്ല രീതിയിൽ നടന്നു വരുന്നുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് ജില്ലാതലത്തിൽ പരിഹരിക്കുവാൻ കഴിയുന്ന വിഷയങ്ങൾപോലും പരിഹരിക്കാൻ കഴിയാതെ നിണ്ടുപോകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സാഹചര്യം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പയ്യന്നൂർ നിയോജകമണ്ഡലത്തിലുള്ള പട്ടയ വിതരണം സംബന്ധമായ ഭൂപ്രശ്നം ജില്ലാതലത്തിൽ പരിഹരിക്കേണ്ടവയെന്നും സർക്കാരിന്റെ/ലാൻഡ് ബോർഡിന്റെ ഉത്തരവ്/നിർദ്ദേശങ്ങൾക്കനുസരിച്ച് പരിഹരിക്കാൻ കഴിയുന്നവയെന്നും തരം തിരിച്ച് പ്രശ്നങ്ങൾ തീർപ്പാക്കുന്നതിന് അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ട്.

പട്ടയം ലഭിക്കാത്തതുമൂലം നേരിടുന്ന ബുദ്ധിമുട്ടുകൾ

295 (905) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ മുളവുകാട് ഗ്രാമപഞ്ചായത്തിൽ പൊന്നാരിമംഗലം ആശുപത്രി ജെട്ടിക്ക് സമീപം നെടുങ്കാട് പ്രദേശത്ത് 100 വർഷത്തിലധികമായി ഭൂമി കൈവശം വച്ചിരിക്കുന്ന 12 വീട്ടുകാർക്ക് പട്ടയം ലഭിക്കാത്തതുമൂലം നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പട്ടയം നൽകുന്നതിൽ നേരിടുന്ന കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ;

&

(സി) പട്ടയം എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) കണയന്നൂർ താലൂക്ക്, മുളവുകാട് വില്ലേജ്, സർവ്വേ നമ്പർ 403 (റീസർവ്വേ 304)-ൽ പ്പെട്ട ഭൂമി പുഴ പുറമ്പോക്കായതിനാൽ നിലവിലെ ചട്ടപ്രകാരം പട്ടയം നൽകുവാനാവില്ല.

മൂവേലിക്കര വാർഡിലെ സ്ഥിരതാമസക്കാർക്ക് പട്ടയം ലഭ്യമാക്കുവാൻ നടപടി

296 (906) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിലെ മൂവേലിക്കര വാർഡിൽ 1991-92 കാലഘട്ടത്തിൽ ഭൂരഹിതരായ ഭവനരഹിതർക്കായി പട്ടികജാതി വികസനവകുപ്പ് മുഖേന ആവിഷ്കരിച്ച പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിലെ 9 പേർക്ക് ഭൂമിയും സർക്കാർ ഗ്രാന്റുപയോഗിച്ച് വീടും നൽകിയെങ്കിലും നാളിതുവരെ ഇവർക്ക് പട്ടയം ലഭ്യമാക്കി നൽകിയിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ;

&

(ബി) ഇവിടത്തെ സ്ഥിര താമസക്കാർക്ക് പട്ടയം ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ആയതിന്റെ പുരോഗതി അറിയിക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നെയ്യാറ്റിൻകര താലൂക്കിൽ കുന്നത്തുകാൽ വില്ലേജിൽ മൂവേലിക്കര വാർഡിൽ മണ്ണാംകോട് എന്ന സ്ഥലത്ത് ബ്ലോക്ക് 40, റീസർവ്വേ 94/2-ൽ ഉൾപ്പെട്ടതും വില്ലേജ് രേഖകൾ പ്രകാരം തണ്ടപ്പേർ നമ്പർ 1489-ൽ കുന്നത്തുകാൽ വില്ലേജിൽ ടി ദേശത്ത് നെല്ലിവിള തെക്കേ പുത്തൻവീട്ടിൽ യോവുനാടാർ, ഹാരിസുനാടാർ, ജ്ഞാനമ്മാൾ, സോമിയാൻ എന്ന പേരിലും ഈ ഭൂമി പതിച്ചു നൽകുന്നതിനുവേണ്ടി ഹരിജൻ വെൽഫെയർ സൊസൈറ്റി വിലയ്ക്കുവാങ്ങിയതായി തണ്ടപ്പേരിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടി ഭൂമിയിൽ നിലവിൽ 05 കുടുംബങ്ങൾ താമസിച്ചുവരുന്നു. 1991-92 കാലഘട്ടത്തിൽ പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പാക്കിയ ഭൂരഹിത ഭവനരഹിത പട്ടികജാതി വിഭാഗങ്ങൾക്കായുള്ള ധനസഹായം പദ്ധതി പ്രകാരമാണ് ടി ഭൂമിയിലെ താമസക്കാർക്ക് പ്രസ്തുത ഭൂമി ലഭിച്ചിട്ടുള്ളത്. പട്ടികജാതി വികസന വകുപ്പ് മുഖേന പ്രസ്തുത ഭൂമിയിലെ ശരിയായ ഉടമസ്ഥാവകാശം ഉറപ്പുവരുത്തി ആധാരമുൾപ്പെടെയുള്ള രേഖകൾ ലഭ്യമാക്കിയതിനുശേഷം ടി താമസക്കാരുടെ പേരിലേയ്ക്ക് ഭൂമി കൈമാറ്റം ചെയ്ത് ആയത് രേഖപ്പെടുത്തി കരം സ്വീകരിക്കാൻ കഴിയുന്നതാണ്.

(സി) മുപ്പതുവർഷത്തോളമായി പട്ടയമില്ലാതെ കഴിയുന്ന ഇവർക്ക് സർക്കാർ പദ്ധതികൾക്ക് അപേക്ഷിക്കുന്നതിനോ വീട് പുതുക്കി പണിയുന്നതിനോ പിൻതലമുറയ്ക്ക് ഭൂമി കൈമാറ്റം ചെയ്യുനൽകുന്നതിനോ കഴിയാത്തതിനാൽ ഈ വിഷയത്തിൽ അടിയന്തര പ്രാധാന്യത്തോടെ ഇടപെട്ട് ഇവിടത്തെ അനധികൃത കയ്യേറ്റങ്ങളൊഴിപ്പിച്ച് യഥാർത്ഥ ഉടമകൾക്ക് പട്ടയം ലഭ്യമാക്കാനും ബാക്കിയുള്ള ഭൂമി ഏറ്റെടുത്ത് ഈ പഞ്ചായത്തിലെ ഭൂരഹിതരായ ആളുകൾക്ക് ലൈഫ് പദ്ധതി പ്രകാരം വീട് നിർമ്മിച്ചു നൽകുന്നതിനായി ലഭ്യമാക്കുവാനും നടപടി സ്വീകരിക്കുമോ?

പട്ടികജാതി വികസന വകുപ്പ് മുഖേന ശരിയായ ഉപഭോക്താക്കളെ കണ്ടെത്തി അവരുടെ പേരിൽ ഭൂമി കൈമാറിയിട്ടുള്ള ആധാരം ഉൾപ്പെടെയുള്ള രേഖകൾ ലഭ്യമായാലുടൻതന്നെ യഥാർത്ഥ ഉടമസ്ഥരുടെയും പിന്മുറക്കാരുടെയും പേരിലേയ്ക്ക് ഭൂമി കൈമാറ്റം രേഖപ്പെടുത്തി നൽകുവാനും ടി ഭൂമിയുടെ കരം സ്വീകരിക്കുവാനും കഴിയും. കൂടാതെ അനധികൃത കയ്യേറ്റങ്ങൾ കണ്ടെത്തുന്നപക്ഷം ആയത് ഒഴിപ്പിക്കുവാനും ഒഴിപ്പിക്കൽ നടപടിയിലൂടെ ഭൂമി ഏറ്റെടുത്ത് ഈ പഞ്ചായത്തിലെ ഭൂരഹിതരായ ആളുകൾക്ക് ലൈഫ് പദ്ധതി പ്രകാരം വീട് വച്ചുനൽകുന്നതിനായി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കാൻ കഴിയുന്നതാണ്.

പട്ടുവം - കൂത്താട്ട് കുന്നിടിയലിന് പരിഹാരം

297 (907) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിലെ പട്ടുവം ഗ്രാമപഞ്ചായത്തിലെ കൂത്താട്ട് എന്ന സ്ഥലത്ത് കുന്നിടിഞ്ഞ് വീടുകൾക്ക് ഭീഷണിയാവുന്നതും പട്ടികജാതി കോളനിയുൾപ്പെടുന്ന പ്രദേശത്ത് ഉദ്ദേശം 50 മീറ്റർ നീളത്തിൽ ഭൂമിയിൽ വിള്ളൽ രൂപപ്പെട്ടതും കണക്കിലെടുത്ത് ശാസ്ത്രീയ പഠനം നടത്തി ശാശ്വതപരിഹാരം കണ്ടെത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കണ്ണൂർ ജില്ലയിലെ പട്ടുവം പഞ്ചായത്തിലെ മണ്ണിടിച്ചിൽ സംബന്ധിച്ച് ശാസ്ത്രീയ പഠനം നടത്തുന്നതിന് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ ജില്ലയിലെ സാങ്കേതിക പ്രതിനിധിയായ ഹസാർഡ് അനലിസ്റ്റിന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 8-7-2021-ന് പഠനം നടത്തിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം നാഷണൽ സെന്റർ ഫോർ എർത്ത് സ്റ്റഡീസും ഇതുമായി ബന്ധപ്പെട്ട് പ്രത്യേകം പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയത് ദുരന്ത നിവാരണ കമ്മീഷണർ പരിശോധിച്ചുവരികയാണ്. ഈ രണ്ട് പഠന റിപ്പോർട്ടുകളും സംബന്ധിച്ച് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽനിന്ന് സർക്കാരിന് റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പ്രശ്നപരിഹാരത്തിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ശക്തമായ മഴയുണ്ടാകാനിടയുള്ള സാഹചര്യത്തിൽ ഓറഞ്ച് ബുക്കിൽ (Orange Book) പ്രതിപാദിച്ചിട്ടുള്ള നടപടികൾ ഈ പ്രദേശത്തുള്ള കുടുംബങ്ങളുടെ കാര്യത്തിൽ സ്വീകരിക്കുന്നതിന് ജില്ലാ ദുരന്തനിവാരണ അതോറിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കാലവർഷക്കെടുതിമൂലം തകർന്ന റോഡുകളുടെ അടിയന്തര പുനരുദ്ധാരണം

298 (908) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ജനുവരി മുതൽ 2021 മാർച്ച് വരെയുള്ള കാലയളവിൽ മലമുഴ നിയോജകമണ്ഡലത്തിലെ ഏതെല്ലാം റോഡുകൾക്ക് കാലവർഷക്കെടുതിമൂലം തകർന്ന റോഡുകളുടെ അടിയന്തര പുനരുദ്ധാരണത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; ഇതിന്റെ ഭരണാനുമതി ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

സംസ്ഥാന ദുരന്ത പ്രതികരണനിധി വിനിയോഗിച്ചുകൊണ്ട് നടപ്പാക്കുന്ന ഏതെങ്കിലും പ്രവൃത്തികൾക്കായി നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഭരണാനുമതി നൽകുകയോ ഫണ്ട് അനുവദിക്കുകയോ ചെയ്യാറില്ല.

(ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കരാറിലേർപ്പെട്ടുവെന്ന് വിശദമാക്കാമോ?

സംസ്ഥാന ദുരന്ത പ്രതികരണനിധി വിനിയോഗിച്ചു നടപ്പാക്കുന്ന ഏതെങ്കിലും പ്രവൃത്തികൾക്കായി നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഭരണാനുമതി നൽകുകയോ ഫണ്ട് അനുവദിക്കുകയോ ചെയ്യാറില്ല.

പ്രകൃതി ദുരന്തങ്ങൾക്കുള്ള ധനസഹായം

299 (909) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിലുണ്ടായ പ്രകൃതി ദുരന്തങ്ങളിൽ സംസ്ഥാനത്തുണ്ടായ നാശനഷ്ടങ്ങൾ, മരണങ്ങൾ, വീട് നഷ്ടപ്പെട്ടപ്പെട്ടതും കൃഷിനാശം സംഭവിച്ചതുമായ സംഭവങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ഈ സർക്കാരിന്റെ കാലയളവിൽ ടൗട്ടെ ചുഴലിക്കാറ്റാണ് പ്രധാനമായുമുണ്ടായ ദുരന്തം. ഇതുമായി ബന്ധപ്പെട്ട് 11 മരണങ്ങളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. 22 പേർക്ക് സാരമായി പരിക്കേൽക്കുകയും ചെയ്തു. 4392 വളർത്തു മൃഗങ്ങൾ നഷ്ടമായി. 29 മത്സ്യബന്ധന ബോട്ടുകൾ പൂർണ്ണമായും 96 മത്സ്യബന്ധന ബോട്ടുകൾ ഭാഗീകമായും നശിച്ചു. 235 മത്സ്യബന്ധനവലകൾ പൂർണ്ണമായും 47 എണ്ണത്തിന് ഭാഗികമായും കേടുപാടുകൾ സംഭവിച്ചു. 261 വീടുകൾ പൂർണ്ണമായും നശിക്കുകയും 4776 വീടുകൾക്ക് ഭാഗികമായി നാശനഷ്ടം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. റോഡ്, വൈദ്യുതി പോസ്റ്റുകൾ, ട്രാൻഫോർമറുകൾ, കുടിവെള്ള ശൃംഖല തുടങ്ങി അടിസ്ഥാന സൗകര്യങ്ങളിൽ 9,306.41 ലക്ഷം രൂപയുടെ നാശനഷ്ടവും കണക്കാക്കിയിട്ടുണ്ട്. 24433 ഹെക്ടർ സ്ഥലത്തെ കൃഷിക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്.

(ബി) ഇവമൂലം സംസ്ഥാനത്തുണ്ടായ സാമ്പത്തിക ബാദ്ധ്യത എത്രയെന്നും എത്ര രൂപ കേന്ദ്ര സഹായം അഭ്യർത്ഥിച്ചുവെന്നും എത്ര രൂപ ലഭ്യമായെന്നും വ്യക്തമാക്കുമോ?

144.6504 കോടി രൂപയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്. കേന്ദ്രസഹായം അഭ്യർത്ഥിച്ചിട്ടില്ല. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്ന് ആവശ്യമായ തുക ലഭ്യമായിട്ടുള്ളതിനാൽ ആയതിൽനിന്ന് ചെലവാക്കാവുന്നതാണെന്ന് തീരുമാനിച്ചിട്ടുണ്ട് .

(സി) പ്രസ്തുത പ്രകൃതി ദുരന്തങ്ങളിൽപ്പെട്ട എത്ര പേർക്ക് ധനസഹായം നൽകിയെന്നും എത്ര പേർക്ക് വീട് വച്ചുനൽകിയെന്നും മറ്റ് സഹായങ്ങൾ എന്തൊക്കെ നൽകിയെന്നും വ്യക്തമാക്കുമോ?

20-5-2015-ലെ സ.ഉ(കൈ)നമ്പർ 194/2015/ഡി.എം.ഡി ഉത്തരവിലെ മാർഗ്ഗനിർദ്ദേശപ്രകാരം ടൗട്ടെ ചുഴലിക്കാറ്റിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും 4 ലക്ഷം രൂപ വീതവും ഗുരുതരമായി പരിക്കേറ്റവർക്ക് അർഹത പരിശോധിച്ച് അനുവദനീയമായ തുകയും അനുവദിക്കാൻ ജില്ലാകളക്ടർമാർക്ക് അനുമതി നൽകിയിട്ടുണ്ട്. ചുഴലിക്കാറ്റിനെ തുടർന്നുണ്ടായ പ്രകൃതിക്ഷോഭത്തിൽ വീടുകൾക്കും കൃഷികൾക്കുമുണ്ടായ നാശനഷ്ടം 20-5-2015-ലെ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കണക്കാക്കി ആയത് അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, ചുഴലിക്കാറ്റിനെ തുടർന്ന് മത്സ്യ ബന്ധനത്തിന് പോകാൻ സാധ്യമല്ലാത്തതിനാലും രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും അനുബന്ധ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും ആകെ 18,36,48,000 രൂപ (പതിനെട്ട് കോടി മുപ്പത്താറ് ലക്ഷത്തി നാൽപ്പത്തിയെണ്ണായിരം രൂപ മാത്രം) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും അനുവദിച്ചു. സംസ്ഥാനത്തെ ലോക്ഡൗണും ചുഴലിക്കാറ്റും കാരണം ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സംസ്ഥാന ദുരന്ത പ്രതികരണനിധി വിനിയോഗിച്ച് സൗജന്യ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) പ്രകൃതിക്ഷോഭത്തിന് വിധേയമായ തുടർ പുനർനിർമ്മാണത്തിന് എത്ര തുക വേണ്ടിവരുമെന്ന് സർക്കാർ വിലയിരുത്തിയോ; വിശദാംശം ലഭ്യമാക്കുമോ?

144.6504 കോടി രൂപയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്.

പമ്പാനദി ജലവാഹകശേഷി വർദ്ധിപ്പിക്കുന്നത്

300 (910) ശ്രീ. പ്രമോദ് നാരായൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവർത്തിച്ചുണ്ടായ പ്രളയംകൊണ്ടും ദീർഘകാലമായുള്ള നീരൊഴുക്കുകൊണ്ടും പമ്പാനദിയിൽ അടിഞ്ഞുകൂടിയിട്ടുള്ള മണ്ണും ചെളിയും നീക്കി ജലവാഹകശേഷി വർദ്ധിപ്പിക്കാൻ പരിപാടിയുണ്ടോ;

&

(ബി) ഇത്തരത്തിൽ ജലവാഹകശേഷി വർദ്ധിപ്പിക്കുവാൻവേണ്ടി നീക്കം ചെയ്യുന്ന മണലിന്റെയും എക്കലിന്റെയും വിനിയോഗം സംബന്ധിച്ച് രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ എന്നറിയിക്കുമോ?

(എ&ബി) ഉണ്ട്. 2018-19 വർഷങ്ങളിലുണ്ടായ പ്രളയംമൂലം പമ്പാ നദിയിൽ അടിഞ്ഞു കൂടിയിട്ടുള്ള ചെളിയും മണ്ണും മറ്റ് അവശിഷ്ടങ്ങളും Forest Produce എന്ന വിഭാഗത്തിൽ ഉൾപ്പെട്ടിരിക്കുന്നതിനാൽ (റിവർബെഡിൽനിന്നും അടിയന്തരമായി നീക്കം ചെയ്യേ ണ്ടിയിരുന്ന 7451.5 m3 ഉൾപ്പെടെ) നീക്കം ചെയ്ത് ആയത് ഫോറസ്റ്റ് അധീനതയിൽ സൂക്ഷിച്ചിട്ടുള്ളതാണ്. ടി പ്രവൃത്തി മൂലം പമ്പ-കക്കി നദികളിലെ നീരൊഴുക്ക് സുഗമമായിട്ടുള്ളതും പമ്പാ-ത്രിവേണി പ്രദേശത്ത് വെള്ളപ്പൊക്ക സാധ്യത നിയന്ത്രിക്കാൻ സാധിച്ചിട്ടുള്ളതുമാണ്. നിലവിൽ പമ്പാ നദിയിൽനിന്നും ചെളി നീക്കം ചെയ്യുന്ന പ്രവൃത്തികളൊന്നുംതന്നെ നടക്കുന്നില്ല.

(സി) സാൻഡ് ഓഡിറ്റിംഗും റിവർബാങ്ക് മാപ്പിംഗും പൂർത്തിയായിട്ടുണ്ടോ; നദീതീര സംരക്ഷണത്തിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

പമ്പ, അച്ചൻകോവിൽ എന്നീ നദികളുടെ സാൻഡ് ഓഡിറ്റിംഗ് പൂർത്തി യായിട്ടുള്ളതും ആയത് യഥാക്രമം 20-5-2020-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 1858/20, 21-10-2017-ലെ ജി.ഒ. (എംഎസ്.) നമ്പർ 350/17 എന്നിവ പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ളതുമാണ്. ടി നദികളിൽനിന്നും മണൽ ഖനനം ചെയ്യുന്നതിലേയ്ക്ക് SEIAA-ൽനിന്നും പാരിസ്ഥിതികാനുമതി ലഭ്യമാക്കുന്നതിനായി RQP (Registered Qualified Person) ആയ ശ്രീ. സക്കീർ. എസ്. പിള്ളയെ നിയോഗിച്ചിട്ടുള്ളതാണ്. മണിമല നദിയുടെ സാൻഡ് ഓഡിറ്റിംഗ് 30-11-2020-ലെ ജി.ഒ. (ആർറ്റി.) നമ്പർ 3749/20 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. നദീതീര സംരക്ഷണ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടത്തിവരുന്നു. നദീതീരങ്ങളിൽ മുളങ്കാടുകൾ വച്ചുപിടിപ്പിച്ചും കൈയ്യേറ്റം ഒഴിപ്പിച്ചും നദികൾ സംരക്ഷിക്കപ്പെടുന്നു.

കുറുമാലി പുഴയുടെ കരകൾ ഇടിഞ്ഞതുമൂലമുള്ള ദുരന്തങ്ങൾ ഒഴിവാക്കാൻ നടപടി

301(911) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് നിയോജകമണ്ഡലത്തിൽപ്പെട്ട പറപ്പൂക്കര ഗ്രാമപഞ്ചായത്തിലെ പള്ളം ഭാഗത്ത് വിവിധ ഭാഗങ്ങളിൽ കുറുമാലി പുഴയുടെ കരകൾ ഇടിഞ്ഞതുമൂലം കാലവർഷക്കാലത്തുണ്ടാകാനിടയുള്ള ദുരന്തങ്ങൾ ഒഴിവാക്കുന്നതിനായി തൃശ്ശൂർ ജില്ലാ കളക്ടർ മുഖേന സർപ്പിച്ചിട്ടുള്ള അപേക്ഷയും എസ്റ്റിമേറ്റും അടിയന്തരമായി പരിഗണിച്ച് അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

&

(ബി) ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നും ഇതിനായി തുക അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ?

(എ&ബി) ഇക്കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

നദികളിൽ അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യുന്നത്

302(912) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശക്തമായ മഴമൂലവും നദികളിലും ഡാമുകളിലും എക്കൽ, ചെളി, മണൽ മറ്റ് മാലിന്യങ്ങൾ എന്നിവ വലിയ തോതിൽ അടിഞ്ഞുകൂടുന്നതുകൊണ്ടും നദികളുടെയും ഡാമുകളുടെയും സംഭരണശേഷി കുറയുന്നതിനും നദികൾ ദിശമാറി ജനവാസ കേന്ദ്രത്തിലേയ്ക്ക് ഒഴുകുന്നതിനും വെള്ളപ്പൊക്കമുണ്ടാകുന്നതിനും കാരണമാകുന്നതിനാൽ ജലാശയങ്ങളിൽ അടിഞ്ഞുകൂടിയ ഇത്തരം വസ്തുക്കൾ നീക്കം ചെയ്യുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

പ്രളയത്തിൽ നദികളിൽ അടിഞ്ഞുകൂടിയ ചെളിയും അവശിഷ്ടങ്ങളും നീക്കം ചെയ്ത് ജലാശങ്ങളിലെ ഒഴുക്ക് സുഗമമാക്കുന്നതിന് 24-12-19-ലെ സ.ഉ(സാധാ) നമ്പർ 3880/19/ആർ.ഡി. പ്രകാരം ജില്ലാ കളക്ടർമാരെ അധികാരപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ നദികളിൽനിന്നും ചെളിയും അവശിഷ്ടങ്ങളും നീക്കം ചെയ്തിട്ടുണ്ട്.

(ബി) നദികളിൽ അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യുന്നതിന് പഞ്ചായത്തിന് അധികാരം നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. നദികളിൽനിന്നും മണൽനീക്കം ചെയ്യുന്നതിനായി നാഷണൽ ഗ്രീൻ ട്രിബ്യൂണൽ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരവും MoEff & CC-യുടെ Sustainable sand mining management guidelines 2016, Enforcement and monitoring guidelines for sand mining 2020 എന്നിവ പ്രകാരവും സാൻഡ് ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട രേഖകൾ തയ്യാറാക്കി SEIAA-യിൽ നിന്ന് അനുമതി ലഭ്യമായതിനുശേഷം, 2001-ലെ കേരള സംരക്ഷണവും മണൽ വാരൽ നിയന്ത്രണങ്ങളും ആകൂടിലേയും 2002-ലെ ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കനുസരിച്ച് മാത്രമാണ് മണൽ ഖനനം നടത്തുന്നത് എന്നതിനാൽ പഞ്ചായത്തുകൾക്ക് നേരിട്ട് നദികളിൽ അടിഞ്ഞുകൂടിയ മണൽനീക്കം ചെയ്യുന്നതിന് അധികാരം നൽകാൻ കഴിയില്ല.

(സി) നദികളിൽനിന്നും മണൽ നീക്കം ചെയ്യുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർ, സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റി എന്നിവർ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

നദികളിൽ സാൻഡ് ഓഡിറ്റ് നടത്തി ഖനനം ചെയ്യാവുന്ന മണലിന്റെ തോത് തിട്ടപ്പെടുത്തുകയും ഈ റിപ്പോർട്ട് സർക്കാർ അംഗീകരിച്ച് ഉത്തരവാകുകയും ബന്ധപ്പെട്ട രേഖകൾ സമർപ്പിച്ച് സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റിയിൽനിന്ന് അനുമതി ലഭിച്ചാൽ മാത്രമേ മണൽ ഖനനം ആരംഭിക്കാൻ കഴിയുകയുള്ളൂ.

(ഡി) നദികളിൽനിന്നും മണൽനീക്കം ചെയ്യുന്നത് സംബന്ധിച്ച് നാഷണൽ ഗ്രീൻ ട്രിബ്യൂണൽ എന്തെങ്കിലും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നദികളിൽനിന്നും മണൽഖനനം നടത്തുന്നതിനായി നാഷണൽ ഗ്രീൻ ട്രിബ്യൂണൽ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കേന്ദ്ര പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച S.R.O 1533 നമ്പർ വിജ്ഞാപന പ്രകാരവും, MoEff& CC-യുടെ Sustainable sand mining management guidelines 2016, Enforcement and monitoring guidelines for sand mining 2020 അനുസരിച്ച് തയ്യാറാക്കിയ രേഖകൾ സമർപ്പിച്ച് SEIAA-യിൽനിന്ന് പാരിസ്ഥിതാകാനുമതി ലഭ്യമായാൽ മാത്രമേ നദികളിൽനിന്ന് മണൽ നീക്കം ചെയ്യുന്നതിന് അനുമതി ലഭിക്കുകയുള്ളൂ.

(ഇ) ചാലിയാർ പുഴയിൽനിന്നും മണൽവാരുന്നതിന് നിലവിൽ സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിനെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കോഴിക്കോട് ജില്ലയിൽ ചാലിയാർ നദിയിൽ ഐ.എൽ.ഡി.എം-ന്റെ നേതൃത്വത്തിൽ നടത്തിയ സാൻഡ് ഓഡിറ്റ് റിപ്പോർട്ട് അനുസരിച്ച് മാവൂർ പഞ്ചായത്തിലെ റീസർവ്വേ 42-ലുൾപ്പെട്ട 4.60 ഹെക്ടർ ഏരിയയിൽ മാത്രമേ ഖനനം ചെയ്യാവുന്ന അളവിൽ മണൽ അടിഞ്ഞിട്ടുള്ളുവെന്ന് കണ്ടെത്തുകയും പ്രസ്തുത റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ മാവൂർ പഞ്ചായത്തിൽ മണൽ ഖനനം നടത്തുന്നതിന് 25-2-2020-ലെ സ.ഉ(സാധാ)നമ്പർ 794/2020/റവന്യൂ പ്രകാരം ഗവൺമെന്റ് അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റിയിൽ നിന്നും പാരിസ്ഥിതികാനുമതി ലഭിക്കുന്ന മുറയ്ക്ക് മണൽഖനനം ആരംഭിക്കുന്നതാണ്.

റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിക്കുന്നതിന്റെ മാനദണ്ഡങ്ങൾ

303 (913) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ?

കടവോ നദീതീരമോ പരിപാലിക്കുന്നതിലേയ്ക്ക് നദീതീര വികസന പദ്ധതികൾ നടപ്പാക്കുന്നതിലേയ്ക്കും ആവശ്യമായ എല്ലാ ചെലവുകളും വഹിക്കുന്നതിലേയ്ക്കുമായി ജില്ലാ കളക്ടർ, റിവർ മാനേജ്മെന്റ് ഫണ്ട് എന്നപേരിൽ ഒരു ഫണ്ട് രൂപീകരിക്കേണ്ടതും അത് കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും

ആകുിലേയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിധേയമായി വിനിയോഗിക്കുകയും ചെലവാക്കുകയും ചെയ്യേണ്ടതുമാകുന്നു. അപ്രകാരം റിവർ മാനേജുമെന്റ് ഫണ്ടിൽ നിന്നും താഴെപ്പറയുന്ന ഇനങ്ങൾക്ക് ചെലവഴിക്കാവുന്നതാണ്.

1. സർക്കാർ അംഗീകരിച്ച നദീതീര വികസന പദ്ധതികൾ നടപ്പാക്കുന്നതിനുവേണ്ടി വരുന്ന തുകകൾ.

2. കാലാകാലങ്ങളിൽ മണലിന്റെ അളവ് തിട്ടപ്പെടുത്തുന്നതിനുവേണ്ടി വരുന്ന തുക.

3. സംസ്ഥാന ഉന്നതതല സമിതിയുടെയും ജില്ലാ വിദഗ്ധ സമിതിയുടെയും യോഗ നടപടികളുമായി ബന്ധപ്പെട്ടും പ്രസ്തുത സമിതിയുടെ ഒഫിഷ്യൽ അംഗങ്ങളുടെ യാത്രാബത്തയും ദിനബത്തയും സിറ്റിംഗ് ഫീസുമായി ബന്ധപ്പെട്ട് ജില്ലാ ഫണ്ടിൽനിന്നും നൽകുന്നതിന് വേണ്ടിവരുന്ന ചെലവുകൾ.

4. ആഡിറ്റ് ഫീസിനുള്ള തുക.

5. പ്രകൃതിക്ഷോഭം, വരൾച്ച, പേമാരി എന്നിവ മൂലമുണ്ടായ നാശനഷ്ടങ്ങൾ പുന:സ്ഥാപിക്കുന്നതിലേയ്ക്കായി സർക്കാർ നടത്തിയതും പൂർത്തീകരിച്ചതുമായ പ്രവൃത്തികൾക്ക് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടെയോ പ്രത്യേക നിർദ്ദേശത്തോടെയോ നൽകുന്ന ചെലവുകൾ.

6. മണൽ നീക്കം ചെയ്യുന്നത് അനുവദിച്ചിട്ടില്ലാത്ത സ്ഥലങ്ങളിൽ കടവ് നിർത്തൽ ചെയ്യുന്നതിനും സംരക്ഷണ ഭിത്തികൾ നിർമ്മിക്കുന്നതിനും ആവശ്യപ്പെട്ട തുക.

7. മണൽ കൊണ്ടുപോകമ്പോൾ നൽകേണ്ടതായ പാസ് അച്ചടിക്കുന്നതിനുള്ള ചെലവുകൾ.

8. ജീവനക്കാരെ ദിവസവേതനത്തിൽ നിയമിക്കുമ്പോൾ ഒരു ദിവസം 120 രൂപ വീതം നൽകുന്നതിനുള്ള ചെലവുകൾ.

9. വാഹനങ്ങൾ കടവിൽ പ്രവേശിക്കുന്നത് തടയുന്നതിലേയ്ക്കായി നൂറ് മീറ്റർ ദൂരത്തിൽ സംരക്ഷണ ഭിത്തികൾ നിർമ്മിക്കുന്നതിനുള്ള തുക.

10. നദികളിൽനിന്നുള്ള നിയമ വിരുദ്ധമായ മണൽവാരലും കടത്തിക്കൊണ്ടുപോകലും തടയുന്നതിനുള്ള സ്ക്വാഡ് പ്രവർത്തനങ്ങൾക്കും പട്രോളിംഗിനും ഉപയോഗിക്കുന്നതിനായി വാഹനങ്ങൾ വാങ്ങൽ,

അത്തരം വാഹനങ്ങളുടെ താൽക്കാലിക ഡ്രൈവർമാർക്കുള്ള ദിവസ വേതനം നൽകൽ, വാഹനത്തിനാവശ്യമായ ഇന്ധനം വാങ്ങൽ, അറ്റകുറ്റപ്പണികൾ നടത്തൽ എന്നീ ആവശ്യങ്ങൾക്കുള്ള ചെലവുകൾ

11. സർക്കാർ മുൻകൂർ അനുമതിയോടെയോ അല്ലെങ്കിൽ സർക്കാർ നിർദ്ദേശിക്കുന്ന വിധത്തിലോ ആവശ്യങ്ങൾ നടപ്പാക്കുന്നതിനു വേണ്ട തുക.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രസ്തുത ഫണ്ടുപയോഗിച്ച് ആകെ എന്ത് തുക വിനിയോഗിച്ചുവെന്ന് അറിയിക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആകെ 4,09,80,399 രൂപ (നാല് കോടി ഒൻപത് ലക്ഷത്തി എൺപതിനായിരത്തി മുന്നൂറ്റി തൊണ്ണൂറ്റി ഒൻപത് രൂപ മാത്രം) വിനിയോഗിച്ചിട്ടുണ്ട്. സാമ്പത്തികവർഷം അടിസ്ഥാനത്തിൽ കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രസ്തുത ഫണ്ടുപയോഗിച്ച് വാമനപുരം നിയോജകമണ്ഡലത്തിൽ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രസ്തുത ഫണ്ടുപയോഗിച്ച് വാമനപുരം നിയോജകമണ്ഡലത്തിൽ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

(ഡി) ഉണ്ടെങ്കിൽ ഓരോന്നിന്റെയും വിശദവിവരങ്ങൾ നൽകാമോ?

പ്രവൃത്തിയുടെ പേര് ചുവടെ ചേർക്കുന്നു :

പൂവത്തൂർ ക്ഷേത്രക്കടവ്, പൊന്നും ചൂടത്ത് ചപ്പാത്തുമുക്ക് റീച്ച്, മരുതൂർക്കടവ്, കേരള സർവ്വകലാശാല കോളേജിലെ എൻ.എസ്.എസ്. ശാഖകളെ നിയോഗിച്ചുകൊണ്ട് തിരുവനന്തപുരം ജില്ലയിലെ വാമനപുരം നദിയുടെ സംരക്ഷണ ബോധവൽക്കരണ പ്രവർത്തനം നടത്തിയത്.

റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നും നടപ്പാക്കുന്ന പ്രവൃത്തികൾ

304 (914) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നും നടപ്പാക്കിവരുന്ന പ്രവൃത്തികൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മങ്കട നിയോജകമണ്ഡലത്തിനു കീഴിൽവരുന്ന പ്രദേശങ്ങളിൽ റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് നിലവിൽ പ്രവൃത്തികളൊന്നുംതന്നെ നടന്നുവരുന്നില്ല.

(ബി) മലപ്പുറം ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ ആകെ എത്ര തുക നീക്കിയിരിപ്പുണ്ട്; മുൻവർഷം മറ്റ് ജില്ലകളിലേയ്ക്ക് തുക മാറ്റി നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

റിവർ മാനേജ്മെന്റ് ഫണ്ടിൽ നിലവിൽ 1,23,98,403 രൂപ (ഒരു കോടി ഇരുപത്തിമൂന്ന് ലക്ഷത്തി തൊണ്ണൂറ്റി എട്ടായിരത്തി നാനൂറ്റി മൂന്ന് രൂപ മാത്രം) നീക്കിയിരിപ്പുണ്ട്. മുൻവർഷങ്ങളിൽ മറ്റ് ജില്ലകളിലേയ്ക്ക് തുക മാറ്റി നൽകിയിട്ടില്ല.

(സി) റിവർ മാനേജ്മെന്റ് ഫണ്ട് ഫലപ്രദമായി ചെലവഴിക്കുന്ന തരത്തിൽ പ്രവൃത്തികൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നടപടി സ്വീകരിച്ചുവരുന്നുണ്ട്.

2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ഭേദഗതി നിയമം

305(915) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ഭേദഗതി നിയമം സംസ്ഥാനത്ത് നടപ്പാക്കിത്തുടങ്ങിയോ?

30-12-2017 തീയതി മുതൽ സംസ്ഥാനത്ത് നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം 2018, പ്രാബല്യത്തിൽ വന്നിട്ടുള്ളതാണ്.

(ബി) പ്രസ്തുത നിയമത്തിലെ 27 എ വകുപ്പിന്റെ അടിസ്ഥാനത്തിൽ 25-2-2021-ൽ കൊണ്ടുവന്ന സർക്കാർ ഉത്തരവ് ജി.ഒ.(ആർ.റ്റി.) നമ്പർ 1166/2021/റവന്യൂ പ്രകാരം, 25 സെന്റ് വരെയുള്ളതും 12-8-2008-നുമുമ്പ് നികത്തിയതുമായ ഭൂമിക്ക് ഫീസ് വാങ്ങാതെ ബി. ടി. ആർ.-ൽ തരംമാറ്റി കൊടുക്കാമെന്നും 25 സെന്റിനു മുകളിൽ ഒരേക്കർ വരെയുള്ള ഭൂമിക്ക് ഫെയർ വാല്യൂവിന്റെ 10 ശതമാനവും ഒരേക്കറിന് മുകളിൽ വരുന്നവയ്ക്ക് ഫെയർ വാല്യൂവിന്റെ 20 ശതമാനവും ഈടാക്കി ബി. ടി. ആർ.-ൽ തരം മാറ്റി കൊടുക്കാമെന്നും വ്യവസ്ഥ ചെയ്തിരുന്നോ; പ്രസ്തുത ഉത്തരവ് പ്രകാരം എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്?

25-2-2021-ലെ ജി.ഒ.(ആർ.റ്റി.) നമ്പർ 1166/2021/റവന്യൂ നമ്പർ ഉത്തരവിൽ 25 സെന്റ് വരെ വിസ്തീർണ്ണമുള്ളതും വിജ്ഞാപനം ചെയ്യപ്പെടാത്തതുമായ ഭൂമിയുടെ പരിവർത്തനം സൗജന്യമായും ഒരേക്കർ വരെ വിസ്തീർണ്ണമുള്ള ഭൂമിക്ക് ഫെയർ വാല്യൂവിന്റെ 10 ശതമാനവും ഒരേക്കറിനുമുകളിൽ വിസ്തീർണ്ണമുള്ള ഭൂമിക്ക്

ഫെയർവാല്യൂവിന്റെ 20 ശതമാനവും ഫീസ് ഈടാക്കി തരംമാറ്റം അനുവദിക്കാമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതും ആയത് 21-4-2021-ലെ SRO 369/2021 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ളതുമാണ്. ടി ഉത്തരവിൻമേൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് റവന്യൂ ഡിവിഷണൽ ഓഫീസർമാർ സ്പഷ്ടീകരണം ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത വിഷയങ്ങളിന്മേൽ തീരുമാനം കൈക്കൊള്ളുന്നതിനായി 1-7-2021-ന ചേർന്ന യോഗതീരുമാന പ്രകാരം ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണർക്കും ബന്ധപ്പെട്ട മറ്റ് വകുപ്പുകൾക്കും സ്പഷ്ടീകരണം നൽകിക്കൊണ്ട് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ഉത്തരവ് നടപ്പാക്കാതെ സംസ്ഥാനത്തെ ആർ. ഡി. ഒ. -മാർ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ഡി) ആർ.ഡി.ഒ.-മാർ മേൽ ഉത്തരവിന്മേൽ സർക്കാരിൽനിന്ന് സ്പഷ്ടീകരണം ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വ്യക്തമാക്കാമോ?

(സി&ഡി) ഇല്ല. പ്രസ്തുത ഉത്തരവിന്മേൽ റവന്യൂ ഡിവിഷണൽ ആഫീസർമാർ വ്യക്തതയ്ക്കായി സ്പഷ്ടീകരണം ആവശ്യപ്പെട്ടിട്ടുള്ളതും ആയതിന്മേൽ തീരുമാനം കൈക്കൊള്ളുന്നതിനായി 1-7-2021-ന് ചേർന്ന യോഗ തീരുമാനപ്രകാരം ആവശ്യമായ തുടർനടപടി സ്വീകരി ക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണർക്കും ബന്ധപ്പെട്ട മറ്റുവകുപ്പുകൾക്കും സ്പഷ്ടീകരണം നല്കിയിട്ടുള്ളതുമാണ്.

സമഗ്ര കുടിവെള്ള പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുപ്പ്

306 (916) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരവാരം-പുളിമാത്ത്-നഗരൂർ പഞ്ചായത്തുകൾക്കായി നടപ്പാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിക്കായി പൊന്നുംവിലയ്ക്ക് സ്ഥലം ഏറ്റെടുക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

തിരുവനന്തപുരം ജില്ലയിൽ ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ കരവാരം, പുളിമാത്ത്, നഗരൂർ എന്നീ പഞ്ചായത്തുകൾക്കുവേണ്ടി നടപ്പാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിയുടെ ഭാഗമായി കിണറും വാട്ടർ ടാങ്കും നിർമ്മിക്കുന്നതിനുവേണ്ടി വാമനാപുരം വില്ലേജിലെ സർവ്വേ നമ്പർ 853/2-ൽപ്പെട്ട 25 സെന്റ് സ്ഥലവും ഉപരിതല ജല സംഭരണിയുടെ നിർമ്മാണത്തിനായി നഗരൂർ വില്ലേജിലെ വണ്ടിത്തടത്തുനിന്നും സർവ്വേ നമ്പർ 10/13-ൽപ്പെട്ട 15 സെന്റ് സ്ഥലവും പൊന്നുംവിലയ്ക്കെടുക്കുന്നതുമായി

ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ചുവരുന്നതും പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനായി 2013-ലെ എൽ.എ.ആർ.ആർ. ആക്ട് വകുപ്പ് 11(1) പ്രകാരമുള്ള പ്രാഥമിക വിജ്ഞാപനം 22-1-2021-ലെ 268 നമ്പർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്.

(ബി) ഭൂമി സർവ്വേ ചെയ്ത് സ്കെച്ച് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടോ; സ്ഥലത്തിന്റെ വില നിർണ്ണയിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഭൂമി സർവ്വേ ചെയ്ത് സ്കെച്ച് തയ്യാറാക്കിയിട്ടുള്ളതും പ്രസ്തുത സ്കെച്ച് പരിശോധനയ്ക്കും അംഗീകാരത്തിനുമായി ജില്ലാ സർവ്വേ വിഭാഗത്തിൽ സമർപ്പിച്ചിട്ടുള്ളതുമാണ്. സ്കെച്ചിന്റെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് 19(1) പ്രഖ്യാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികളും തുടർന്ന് സ്ഥലവില നിർണ്ണയിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

(സി) വക്കം വില്ലേജിലെ പുതിയ വില്ലേജ് ഓഫീസ് നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ; ആയതിന് എന്നു മുതൽ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കാമോ?

വക്കം വില്ലേജ് ഓഫീസ് നിർമ്മാണം അന്തിമഘട്ടത്തിലാണ്. വക്കം വില്ലേജ് ഓഫീസ് നിർമ്മാണം സർക്കാരിന്റെ നൂറുദിന കർമ്മ പദ്ധതിയിലുൾപ്പെടുത്തി ആഗസ്റ്റ് മാസം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

വികസന പ്രവർത്തനങ്ങൾക്കാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ

307(917) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികളായ പേട്ട-ആനയറ-ഒരുവാതിൽകോട്ട റോഡ് നവീകരണം, ശ്രീകാര്യം മേൽപ്പാലം നിർമ്മാണം, മണ്ണന്തല-പൗഡിക്കോണം മാതൃകാറോഡ്, സൊസൈറ്റി ജംഗ്ഷൻ-ശ്രീകാര്യം മാതൃകാറോഡ്, ആറ്റിപ്ര പാലം നിർമ്മാണം, തിരുവനന്തപുരം മെഡിക്കൽ കോളേജ് വികസനം എന്നിവയ്ക്കാവശ്യമായ സ്ഥലമേറ്റെടുക്കൽ നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ?

പേട്ട-ആനയറ-ഒരുവാതിൽക്കോട്ട റോഡ് നവീകരണം :

തിരുവനന്തപുരം ജില്ലയിൽ കടകംപള്ളി വില്ലേജിൽ ഉൾപ്പെട്ട 1.6467 ഹെക്ടർ സ്ഥലം പേട്ട-ആനയറ-ഒരുവാതിൽക്കോട്ട റോഡ് നവീകരണത്തിനായി ഏറ്റെടുക്കുന്നതിന് 2013-ലെ എൽ.എ.ആർ.ആർ. ആക്ട് വകുപ്പ് 19(1) പ്രകാരമുള്ള

പ്രഖ്യാപനം 18-6-2021-ലെ 1802-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. സ്പെഷ്യൽ തഹസിൽദാർ (എൽ.എ.), പി.ഡബ്ല്യു.ഡി. (സതേൺ സർക്കിൾ)-ന്റെ കാര്യാലയത്തിൽ പ്രസ്തുത ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട വില നിർണ്ണയ റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ശ്രീകാര്യം മേൽപ്പാലം:

തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ ചെറുവയ്ക്കൽ, ഉള്ളൂർ, പാങ്ങപ്പാറ വില്ലേജുകളിലുൾപ്പെട്ട 1.3277 ഹെക്ടർ സ്ഥലം ശ്രീകാര്യം മേൽപ്പാലം നിർമ്മാണത്തിന് ഏറ്റെടുക്കുന്നതിനായി 2013-ലെ എൽ.എ.ആർ.ആർ. ആക്ട് വകുപ്പ് 19(1) പ്രകാരമുള്ള പ്രഖ്യാപനം 6-11-2020-ലെ 2665 നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. പ്രസ്തുത ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട വില നിർണ്ണയ റിപ്പോർട്ട് 21-1-2021-ലെ തിരുവനന്തപുരം ജില്ലാ കളക്ടറുടെ നടപടി ക്രമപ്രകാരം അംഗീകരിച്ച് DVS തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സ്റ്റേറ്റ് പോളിസി പ്രകാരം ഭൂവുടമകളുമായി DLFC മീറ്റിംഗ് കൂടുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

മണ്ണന്തല - പൗഡിക്കോണം മാതൃക റോഡ് നിർമ്മാണം:

തിരുവനന്തപുരം ജില്ലയിൽ ഉള്ളൂർ, ഉളിയാഴ്ത്തറ വില്ലേജുകളിലുൾപ്പെട്ട സ്ഥലം മണ്ണന്തല-പൗഡിക്കോണം റോഡ് വികസനത്തിനായി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് എസ്.ഐ.എ. പഠനം നടത്തുന്നതിന് യൂത്ത് സോഷ്യൽ സർവീസ് ഓർഗനൈസേഷൻ, സോഷ്യൽ സർവീസ് സെന്റർ, കോതമംഗലത്തെ നിയമിച്ച് 4(1) വിജ്ഞാപനം 18-2-2021-ലെ 816-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിദഗ്ധ സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിച്ച് സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്. ആറ്റിപ്ര പാലം കണ്ടിജൻസി ചാർജ് നാളിതുവരെയും ലഭ്യമാകാത്തതിനാൽ തുടർനടപടി സ്വീകരിക്കുവാൻ കഴിഞ്ഞില്ല. തിരുവനന്തപുരം മെഡിക്കൽ കോളേജ് വികസനം, സൊസൈറ്റി ജംഗ്ഷൻ-ശ്രീകാര്യം റോഡ് എന്നിവയ്ക്കായി ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട റിക്വിസിഷൻ ലഭ്യമായിട്ടില്ല.

(ബി) വികസന പ്രവർത്തനങ്ങൾക്കാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കാമോ?

RFCTLARR Act പ്രകാരമുള്ള വികസന പ്രവർത്തനങ്ങൾക്കാവശ്യമായ സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല.

എനിമി പ്രോപ്പർട്ടി

308 (918) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള എനിമി പ്രോപ്പർട്ടി യഥാർത്ഥത്തിൽ ആരുടെ ഉടമസ്ഥതയിലാണെന്നും ഇവ സംസ്ഥാനത്തിന്റെ പൊതുവായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് എന്തെങ്കിലും മാർഗ്ഗനിർദ്ദേശങ്ങളുണ്ടോയെന്നും വ്യക്തമാക്കുമോ?

1968-ലെ എനിമി പ്രോപ്പർട്ടി ആക്ട് സെക്ഷൻ 12 പ്രകാരം എനിമി പ്രോപ്പർട്ടികളുടെ ഉടമസ്ഥാവകാശം "കസ്റ്റോഡിയൻ ഓഫ് എനിമി പ്രോപ്പർട്ടി ഫോർ ഇന്ത്യ'-യിൽ നിക്ഷിപ്തമാണ്. 1968-ലെ എനിമി പ്രോപ്പർട്ടി ആക്ടിലെ 7, 8, 9 വകുപ്പുകൾ പ്രകാരം എനിമി പ്രോപ്പർട്ടി കയ്യൊഴിയുന്നതിന് (dispose) എനിമി പ്രോപ്പർട്ടി ഡിസ്പോസൽ കമ്മിറ്റിയുടെയോ കസ്റ്റോഡിയൻ ഓഫ് എനിമി പ്രോപ്പർട്ടി ഫോർ ഇന്ത്യയുടെയോ ശിപാർശ പ്രകാരം കേന്ദ്രസർക്കാരാണ് തീരുമാനം കൈക്കൊള്ളേണ്ടത്. അതുപ്രകാരം സംസ്ഥാനത്തിന്റെ പൊതുവായ ആവശ്യങ്ങൾക്ക് എനിമി പ്രോപ്പർട്ടി ഉപയോഗിക്കുന്നതിന് നിലവിൽ മാർഗ്ഗനിർദ്ദേശങ്ങളില്ല. സംസ്ഥാനത്ത് പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ 4 ജില്ലകളിൽ എനിമി പ്രോപ്പർട്ടിയായി ഇതിനോടകം പ്രഖ്യാപിച്ചിട്ടുള്ള ടി വസ്തുക്കൾ കൈവശം വച്ചുവരുന്നവരുടെ പേരു വിവരം അനുബന്ധമായി ചേർക്കുന്നു*. നാളിതുവരെ എനിമി പ്രോപ്പർട്ടിയായി പ്രഖ്യാപിച്ചിട്ടുള്ള ഭൂമികളുള്ളതിന്മേൽ നാല് ജില്ലകളിലാണെങ്കിലും എനിമി പ്രോപ്പർട്ടിയായി പ്രഖ്യാപിക്കാനുള്ളതും അത്തരത്തിൽ സംശയിക്കുന്നതുമായ ഭൂമികളുണ്ടെങ്കിൽ ആയവ പരിശോധിച്ച് വിവരം റിപ്പോർട്ട് ചെയ്യാൻ ബാക്കി ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയതുപ്രകാരം ഇത്തരം ഭൂമിയുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ പരിശോധിച്ചുവരികയാണ്.

(ബി) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി അസംബ്ലി നിയോജകമണ്ഡലത്തിൽ ഈ ഇനത്തിൽപ്പെട്ട എത്ര ഭൂമി ഏതെല്ലാം സ്ഥലങ്ങളിലുണ്ടെന്ന വിശദാംശം ലഭ്യമാക്കുമോ?

മലപ്പുറം ജില്ലാ കളക്ടറുടെ റിപ്പോർട്ട് പ്രകാരം കൊണ്ടോട്ടി അസംബ്ലി നിയോജകമണ്ഡലത്തിലുൾപ്പെടുവരുന്ന എനിമി പ്രോപ്പർട്ടി വിഭാഗത്തിലുള്ള ഭൂമിയുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കിഴുമറി പാലത്തിനായുള്ള സ്ഥലമെടുപ്പ് നടപടികൾ

309 (919) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിലെ കിഴുമറി പാലത്തിനായുള്ള സ്ഥലമെടുപ്പ് നടപടികൾ നിലവിൽ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ;

&

(ബി) പൊതു ആവശ്യത്തിനായി പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനായി നിയമത്തിൽ നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ പ്രകാരമുള്ള ഇളവ് അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) കീഴ്മുറിക്കടവ് പാലം പൊന്നുംവില നടപടിയുമായി ബന്ധപ്പെട്ട് 12 എൽ.എ.സി. ഫയലുകളിൽ 6 കേസുകളിൽ അവാർഡ് പാസ്സാക്കിയിട്ടുള്ളതും സ്ഥലം ഏറ്റെടുത്ത് അർത്ഥനാധികാരിക്ക് കൈമാറിയിട്ടുള്ളതുമാണ്. ബാക്കിയുള്ള 6 കേസുകളിൽ രാമമംഗലം വില്ലേജിൽപ്പെട്ട സർവ്വേ നമ്പർ 749/1, 749/1-1, 749/4 എന്നീ സ്ഥലങ്ങൾ ഡാറ്റാ ബാങ്കിൽ നിലമായി രേഖപ്പെടുത്തിയിട്ടുള്ളതിനാൽ നെൽവയൽ തണ്ണീർത്തട പരിധിയിൽനിന്നും ഒഴിവാക്കി ഉത്തരവ് ലഭ്യമാക്കുന്നതിനായി അർത്ഥനാധികാരിയായ പി.ഡബ്ല്യു.ഡി.-ക്ക് കത്ത് നൽകിയിട്ടുള്ളതും ആയത് ലഭ്യമാക്കിയിട്ടില്ലാത്തതുമാണ്.

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത ഭൂമി എന്നത്തേക്ക് ഏറ്റെടുക്കാൻ സാധിക്കുമെന്നറിയിക്കാമോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള നടപടികൾക്കാവശ്യമായ രേഖകൾ അർത്ഥനാധികാരി നൽകുന്ന മുറയ്ക്ക് നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഭൂമി എത്രയും പെട്ടെന്ന് ഏറ്റെടുത്ത് കൈമാറുന്നതാണ്.

ഭൂമി ഏറ്റെടുക്കൽ നടപടി

310 (920) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തിരുവനന്തപുരം എയർപോർട്ട്-സീപോർട്ട് റോഡിന്റെ ഭൂമി ഏറ്റെടുക്കൽ നടപടിയുടെ പുരോഗതി അറിയിക്കുമോ?

എയർപോർട്ട് സീപോർട്ട് റോഡിന്റെ ഭൂമി ഏറ്റെടുക്കുന്നതിന് അർത്ഥന ലഭിക്കാത്ത സാഹചര്യത്തിൽ പൊന്നുംവില നടപടികൾ നിലവിലില്ല.

കണ്ണൂർ വിമാനത്താവളത്തിന്റെ ലാൻഡ് അക്വിസിഷൻ നടപടികൾ

311 (921) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവളത്തിന്റെ ലാൻഡ് അക്വിസിഷൻ നടപടികൾ പൂർത്തിയാകാത്തതിനാൽ നിരവധി കുടുംബങ്ങൾ കടുത്ത പ്രയാസം അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) 8 മുതൽ 10 വർഷത്തിലേറെയായി ഭൂമിയുടെ രേഖകൾ അക്വിസിഷൻ വിഭാഗത്തിന് സമർപ്പിച്ചതിനാൽ ബാങ്ക് ലോണുകൾ തിരിച്ചടയ്ക്കുന്നതിനോ മറ്റ് ജീവിത പ്രവർത്തനങ്ങൾക്കാവശ്യമായ പണം കണ്ടെത്തുന്നതിനോ കഴിയാത്തതിനാൽ ഭൂമിയുടെ വില നൽകി എത്രയും പെട്ടെന്ന് ഭൂമി ഏറ്റെടുക്കുന്നതിന് തയ്യാറാകുമോ?

ഏറ്റെടുക്കൽ നടപടികളിൽ കരട് പ്രഖ്യാപനം വന്നുകഴിഞ്ഞു. അർത്ഥനാധികാരിയിൽനിന്നും പ്രതിഫലത്തുക ലഭ്യമാകുന്ന മുറയ്ക്ക് അവാർഡ് പ്രഖ്യാപനം നടത്തി വസ്തുകൈമാറുന്നതിന് സാധിക്കും.

(സി) എത്രയും വേഗം നേരത്തെ പുനരധിവസിപ്പിക്കാൻ തീരുമാനിച്ച മുഴുവൻ കുടുംബങ്ങളുടെയും പുനരധിവാസം പൂർത്തിയാക്കുമോ?

കണ്ണൂർ വിമാനത്താവളത്തിനായി 4 ഘട്ടങ്ങളിലായിട്ടാണ് വസ്തു ഏറ്റെടുപ്പ് നടത്തിയിട്ടുള്ളത്. പ്രസ്തുത വസ്തുക്കളിൽനിന്നും കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബങ്ങൾക്ക് വസ്തു രജിസ്ട്രേഷൻ/അവാർഡ് പ്രഖ്യാപനം നടത്തുന്ന മുറയ്ക്ക് നോഡൽ ഏജൻസിയായ കിൻഫ്ര മുഖാന്തരം ഏറ്റെടുത്ത വസ്തുവിൽ സർക്കാർ അംഗീകരിച്ച പുനരധിവാസ പാക്കേജ് വ്യവസ്ഥകൾ പ്രകാരമുള്ള 10 സെന്റ് ഭൂമി വീതം രജിസ്റ്റർ ചെയ്ത് പുനരധിവാസം നടത്തിക്കഴിഞ്ഞിട്ടുണ്ട്. ഏറ്റെടുക്കുന്നതിന് ഉത്തരവായതിൽ ബാക്കി നിൽക്കുന്നതും 19(1) പ്രഖ്യാപനം നടത്തിക്കഴിഞ്ഞതുമായ വസ്തുവിൽനിന്നും കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബങ്ങൾക്ക് അവാർഡ് പ്രഖ്യാപനം നടത്തുന്ന മുറയ്ക്ക് നിലവിൽ ലഭ്യമായ പുനരധിവാസ വസ്തുവിൽത്തന്നെ പുനരധിവാസ പ്ലോട്ടുകൾ അനുവദിക്കുന്നതാണ്.

ഏറ്റുമാനൂർ-എറണാകുളം റോഡിലെ വളവുകൾ നിവർത്തുന്നതിനായി ഭൂമി ഏറ്റെടുക്കൽ

312 (922) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റുമാനൂർ-എറണാകുളം റോഡിലെ അപകടവളവുകൾ നിവർത്തുന്നതിനാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

&

(ബി) പ്രസ്തുത റോഡിലെ പുളിന്തറ വളവ് നിരവധി ജീവനകൾ നഷ്ടപ്പെട്ടിട്ടുള്ള സ്ഥിരം അപകട വളവായതിനാൽ ഇത് നിവർത്തുന്നതിനാവശ്യമായ ഭൂമിയേറ്റെടുക്കൽ നടപടിയുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

(എ&ബി) മീനച്ചിൽ താലൂക്കിലെ കാണക്കാരി വില്ലേജ് വൈക്കം താലൂക്കിലെ കോതനല്ലൂർ, മാഞ്ഞൂർ, മുട്ടുചിറ, കടുത്തുരുത്തി എന്നീ വില്ലേജുകളിലുൾപ്പെടുവരുന്ന 1.9652 ഹെക്ടർ സ്ഥലം LARR Act 2013 പ്രകാരം ഏറ്റെടുക്കുന്നതിലേയ്ക്ക് കോട്ടയം പൊതുമരാമത്ത് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ അർത്ഥന സമർപ്പിച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥലപരിശോധന നടത്തിയിട്ടുള്ളതുമാണ്. ഏറ്റെടുക്കേണ്ട ഭൂരിഭാഗം സ്ഥലങ്ങളിലും അലൈൻമെന്റ് സ്റ്റോണുകൾ സ്ഥാപിച്ചിട്ടുള്ളതായും സ്റ്റോണുകൾ സ്ഥാപിക്കുവാൻ സാധിക്കാത്ത സ്ഥലങ്ങൾ മാർക്ക് ചെയ്തിട്ടുള്ളതായും 17-6-2021-ൽ അർത്ഥനാധികാരി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അർത്ഥനാധികാരി സ്ഥലമെടുപ്പ് സംബന്ധിച്ച അനുമതി ഉത്തരവ് ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ പൊതുമരാമത്ത് വകുപ്പ് മുഖേന ലഭ്യമാക്കുന്ന മുറയ്ക്ക് അനുമതി ഉത്തരവ് പുറപ്പെടുവിച്ച് സ്ഥലമേറ്റെടുക്കലുമായി മുന്നോട്ടുപോകുന്നതാണ്.

(സി) ഭൂമിയേറ്റെടുക്കൽ നടപടിയുമായി ബന്ധപ്പെട്ട് ഇപ്പോൾ നേരിടുന്ന തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ പൂർത്തീകരിച്ചുവെന്ന് വിശദമാക്കാമോ?

അലൈൻമെന്റ് സ്റ്റോണുകൾ സ്ഥാപിക്കുന്നതിനായി സ്വകാര്യ വ്യക്തികളുടെ എതിർപ്പുള്ളതിനാൽ ഏതാനും സ്ഥലങ്ങളിൽ ആയവ സ്ഥാപിക്കുവാൻ സാധിച്ചിട്ടില്ലെന്നാണ് അർത്ഥനാധികാരി പൊന്നുംവില ഓഫീസറായ പാലാ സ്പെഷ്യൽ തഹസിൽദാർ എൽ.എ. (ജനറൽ)-യെ അറിയിച്ചിട്ടുള്ളത്. നിയമാനുസൃത മാർഗ്ഗത്തിലൂടെ ആയവ സ്ഥാപിച്ച് വിവരം റിപ്പോർട്ട് ചെയ്യുന്നതിന് പൊന്നുംവില ഓഫീസർ അർത്ഥനാധികാരിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ ഉള്ളൂർക്കടവ് പാലം

313 (923) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ ഉള്ളൂർക്കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് റവന്യൂ ലാന്റ് അക്വിസിഷൻ വിഭാഗത്തിന്റെ നടപടികൾ ഏതുവരെയെത്തിയെന്ന് വിശദമാക്കാമോ?

കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി താലൂക്കിൽ ഉള്ളിയേരി, ചെങ്ങോട്ടുകാവ് വില്ലേജുകളെ ബന്ധിപ്പിക്കുന്ന ഉള്ളൂർക്കടവ് പാലം നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് എസ്.ഐ.എ. പഠനം നടത്തുന്നതിന് ഗസറ്റിൽ 4(1) നമ്പരായി വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുകയും 27-1-2020-ന് എസ്.ഐ.എ. ഏജൻസി സാമൂഹ്യപ്രത്യാഘാത പഠന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ട് വിദഗ്ധ സമിതി വിലയിരുത്തുകയും ജില്ലാകളക്ടർ സമിതിയുടെ ശിപാർശ അംഗീകരിച്ച് ഭൂമി ഏറ്റെടുക്കൽ നടപടിയുമായി മുന്നോട്ട് പോകുന്നതിന് 1-6-2020-ന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. പ്രാഥമിക വിജ്ഞാപനം (11 (1) നോട്ടിഫിക്കേഷൻ) 5-11-2020-ന് 2653-ാം നമ്പറായും ആയതിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള തിരുത്തൽ വിജ്ഞാപനം 2-12-2020-ലെ 2924-ാം നമ്പറായും ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതും പദ്ധതി ബാധിതർക്കുള്ള പുനരധിവാസ പാക്കേജിന്മേൽ ബാധിതരെ 22-7-2021-ന് കേൾക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതുമാണ്

(ബി) ലാൻഡ് അക്വിസിഷൻ വിഭാഗത്തിന് ഇതുസംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള നടപടികൾ ചെയ്യേ തീർക്കാനുണ്ടോ; ഉണ്ടെങ്കിൽ ആയത് എന്തെല്ലാമാണെന്നും എത്ര സമയത്തിനുള്ളിൽ തീർക്കാനാവുമെന്നും വിശദമാക്കാമോ?

പുനരധിവാസ പാക്കേജിൽ ബാധിതരെ കേട്ടതിനുശേഷം അഡ്മിനിസ്ട്രേറ്റർ തയ്യാറാക്കുന്ന പുനരധിവാസ പാക്കേജ് അംഗീകാരത്തിനായി ലാൻഡ് റവന്യൂ കമ്മീഷണർക്ക് സമർപ്പിക്കേണ്ടതും ആയതിന് അംഗീകാരം ലഭിച്ചശേഷം പുനരധിവാസ പാക്കേജുകൂടി ഉൾപ്പെടുത്തികൊണ്ടുള്ള ഏറ്റെടുക്കൽ പ്രഖ്യാപനം (19 (1) നോട്ടിഫിക്കേഷൻ) ഗസറ്റിൽ പ്രസിദ്ധീകരിക്കേണ്ടതും അടിസ്ഥാനവില നിർണ്ണയ റിപ്പോർട്ട്, വിശദ വിലവിവരപട്ടിക എന്നിവ അംഗീകരിക്കേണ്ടതും ആയതിനുശേഷം അവാർഡ് തയ്യാറാക്കേണ്ടതുമുണ്ട്. മേൽനടപടികൾ പൂർത്തീകരിക്കുന്നതിന് ഏകദേശം ഒരു വർഷത്തെ കാലതാമസം വരുമെന്ന് പ്രതീക്ഷിക്കുന്നു.

രാജാരവിവർമ്മ കോളേജിന് സ്ഥലം കൈമാറുവാൻ നടപടി

314 (924) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021 കാലയളവിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ റോഡ് പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തിയ ആലപ്പുഴ ജില്ലയിലെ റോഡുകളുടെ വിശദവിവരം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

വിവരം അനുബന്ധമായി ചേർക്കുന്നു*.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) മാവേലിക്കര രാജാരവിവർമ്മ കോളേജ് ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന് പമ്പ ഇറിഗേഷൻ പ്രോജക്ടിന്റെ സ്ഥലം വിട്ടുനൽകാൻ 31-5-2020-ൽ അനുമതി ലഭ്യമായത് (ഫയൽ നമ്പർ IR-1/179/2019) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത സ്ഥലം കൈമാറുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർ, ആലപ്പുഴ ജില്ലാ കളക്ടർ, മാവേലിക്കര തഹസിൽദാർ, മാവേലിക്കര വില്ലേജ് ഓഫീസർ എന്നിവർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഭൂമി കൈമാറുന്നത് സംബന്ധിച്ച് മാവേലിക്കര വില്ലേജ് ഓഫീസർ പ്രൊപ്പോസൽ തയ്യാറാക്കി തഹസിൽദാർക്ക് കൈമാറുകയും തഹസിൽദാർ വിശദമായ പരിശോധനകൾക്കുശേഷം ആലപ്പുഴ ജില്ലാകളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. നിലവിൽ സ്ഥലം കൈമാറുന്നതിനുള്ള പ്രൊപ്പോസൽ ആലപ്പുഴ ജില്ലാകളക്ടറുടെ പരിഗണനയിലാണ്.

(ഡി) പ്രസ്തുത സ്ഥലം അടിയന്തരമായി കൈമാറാൻ നടപടി സ്വീകരിക്കുമോ?

ഭൂമി കൈമാറുന്നത് സംബന്ധിച്ച് മാവേലിക്കര വില്ലേജ് ഓഫീസർ പ്രൊപ്പോസൽ തയ്യാറാക്കി തഹസിൽദാർക്ക് കൈമാറുകയും തഹസിൽദാർ വിശദമായ പരിശോധനകൾക്കുശേഷം ആലപ്പുഴ ജില്ലാകളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. നിലവിൽ സ്ഥലം കൈമാറുന്നതിനുള്ള പ്രൊപ്പോസൽ ആലപ്പുഴ ജില്ലാകളക്ടറുടെ പരിഗണനയിലാണ്.

ഭൂമിയുടെ തരം മാറ്റം

315 (925) ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ തരംമാറ്റവുമായി ബന്ധപ്പെട്ട് കൊല്ലം ആർ.ഡി.ഒ. ഓഫീസിൽ ആയിരക്കണക്കിന് ഫയൽ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഭൂമിയുടെ തരംമാറ്റവുമായി ബന്ധപ്പെട്ട് 31-5-2021 വരെ കൊല്ലം റവന്യൂ ഡിവിഷണൽ ആഫീസിൽ 528 തരംമാറ്റ അപേക്ഷകൾ തീർപ്പാക്കാൻ അവശേഷിക്കുന്നതായി ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഭൂമിയുടെ തരംമാറ്റവുമായി ബന്ധപ്പെട്ട ഏതെങ്കിലും സർക്കാർ ഉത്തരവിൽ അവ്യക്തതയുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ ഭേദഗതി വരുത്തി വിജ്ഞാപനം ചെയ്ത SRO 369/2021-ലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് ആവശ്യപ്പെട്ട സ്പഷ്ടീകരണം 23-7-2021 തീയതിയിൽ പുറപ്പെട്ടു വിച്ചിട്ടുണ്ട്.

ഭ്രഷ്ടിതർക്കും ട്രൈബ്യൂണലിനും മിച്ചഭൂമി വിട്ടുനൽകാൻ പദ്ധതി

316 (926) ശ്രീ. മാണി. സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ മീനച്ചിൽ താലൂക്കിൽ രാമപുരം വില്ലേജിൽ ഭൂപരിഷ്കരണ നിയമത്തിന്റെ ലംഘനമാണെന്നുകണ്ട് സ്റ്റേറ്റ് ലാൻഡ് ബോർഡ്, 24-7-2017-ലെ ടി.എൽ.ബി. (ഇ.8) 6590/2017 നമ്പർ ഉത്തരവ് പ്രകാരം ബ്ലോക്ക് നമ്പർ 28 റീസർവ്വേ നമ്പർ 245 (പഴയ സർവേ നമ്പർ 1321) സ്ഥലത്ത് ടി.എൽ.ബി. പുനഃപരിശോധന പൂർത്തിയായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

&

(ബി) മിച്ചഭൂമി ഭൂരഹിതർക്കും ട്രൈബ്യൂണലിനും വിട്ടുനൽകുന്നതിന് എന്തെങ്കിലും പദ്ധതി നടപ്പിൽ വരുത്തുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ രാമപുരം വില്ലേജിൽ പഴയ സർവ്വേ 1321-ൽപ്പെട്ട ഭൂമിയിൽ, റീസർവ്വേയ്ക്കു മുമ്പ് മിച്ചഭൂമിയായി ഏറ്റെടുത്ത മുഴുവൻ ഭൂമിയും റീസർവ്വേയിൽ മിച്ചഭൂമിയായി നിലനിർത്താതെ മുൻ ജന്മിയുടെകൂടി പേരിലുൾപ്പെടുവന്നിട്ടുള്ളതാണ്. മിച്ചഭൂമിയും പ്ലാന്റേഷൻ ഇനത്തിൽ കേരളാ ഭൂ പരിഷ്കരണ നിയമം സെക്ഷൻ 81 പ്രകാരം ഇളവ് നേടിയ കയ്യാലയും കുടുംബത്തിലെ വിവിധ വ്യക്തികളുടെ പേരിലുള്ള തോട്ടംഭൂമിയും കൈവശഭൂമികളും അതിര് തിരിയാതെ ഒന്നായി കിടക്കുന്നതിനാൽ ടി അപാകത പരിഹരിക്കുന്നതിനുവേണ്ടി ഒരു സർവ്വേ ടീമിനെ നിയമിച്ച് സർവ്വേ നടപടികൾ ആരംഭിച്ചിരുന്നു. ടി സർവ്വേ നടപടികൾ പൂർത്തിയായിട്ടില്ല.

പാട്ട കുടിശ്ശിക

317 (927) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1970-നുശേഷം അട്ടപ്പാടിയിലെ വില്ലേജുകളിൽ എത്ര സ്ഥാപനങ്ങൾക്ക്/ട്രസ്റ്റുകൾക്ക് താലൂക്ക് ലാൻഡ് ബോർഡ് ഭൂപരിധിയിൽ ഇളവ് നൽകിയിട്ടുണ്ട്; ഏതെല്ലാം സ്ഥാപനങ്ങൾക്ക്/ട്രസ്റ്റുകൾക്ക് ഏതെല്ലാം വില്ലേജുകളിൽ എത്ര ഏക്കർ ഭൂമിക്ക് ഇളവ് നൽകിയിട്ടുണ്ട്; അട്ടപ്പാടിയിൽ വിദ്യാധിരാജ ട്രസ്റ്റിന് എത്ര ഏക്കർ ഭൂമിക്ക് ഇളവ് നൽകിയിരുന്നു?

1970-നുശേഷം അട്ടപ്പാടി വില്ലേജുകളിലെ സ്ഥാപനങ്ങൾക്ക്/ട്രസ്റ്റുകൾക്ക് താലൂക്ക് ലാൻഡ് ബോർഡ് ഭൂപരിധിയിൽ ഇളവു നൽകിയിട്ടുണ്ടെങ്കിലും ഏതെല്ലാം സ്ഥാപനങ്ങൾക്ക്/ ട്രസ്റ്റുകൾക്കാണ് ഇളവ് നൽകിയിട്ടുള്ളത്, ഏതെല്ലാം വില്ലേജുകളിൽ എത്ര ഏക്കർ ഭൂമിയ്ക്ക് ഇളവ് നൽകിയിട്ടുണ്ട് എന്നീ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. അട്ടപ്പാടിയിലെ വിദ്യാധിരാജാ ട്രസ്റ്റിന് ഭൂമി ഇളവ് നൽകിയിട്ടുള്ളതായി അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞിട്ടില്ല. ടി വിവരങ്ങൾ സ്റ്റേറ്റ് ലാൻഡ് ബോർഡ് കാര്യാലയത്തിലും ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(ബി) ഹാരിസൺസ് കമ്പനിയടക്കമുള്ള കമ്പനികൾക്ക് തോട്ടംഭൂമി പാട്ടത്തിനാണോ നൽകിയിരിക്കുന്നത്; അവർക്ക് ഏക്കറിന് എത്ര രൂപയ്ക്കാണ് പാട്ടം നൽകിയത്; ഹാരിസൺസ് കമ്പനി നിലവിൽ വർഷത്തിൽ എത്ര രൂപ പാട്ടം അടയ്ക്കുന്നുണ്ട്; അവർ എത്ര രൂപ പാട്ട കുടിശ്ശിക അടയ്ക്കാനുണ്ട്; പാട്ടക്കുടിശ്ശിക അടയ്ക്കാനുള്ള സമാന രീതിയിലുള്ള മറ്റ കമ്പനികൾ ഏതെല്ലാമാണ്; ഓരോ കമ്പനിയും എത്ര രൂപവീതം പാട്ടക്കുടിശ്ശിക അടക്കാനുണ്ട്?

വിവരം ശേഖരിച്ചുവരുന്നു.

(സി) രാജഭരണകാലത്ത് പാട്ടത്തിന് നൽകിയ 1947-നുമുമ്പ് വിദേശ കമ്പനികൾ കൈവശംവച്ചിരുന്ന തോട്ടം ഭൂമി ഏറ്റെടുക്കുന്നതിന് നിയമനിർമ്മാണം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; അതിന്റെ കരട് തയാറാക്കിയോ; അറിയിക്കാമോ ?

നിയമനിർമ്മാണം നടത്തുന്നതിന് നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

തോട്ടംഭൂമി തരംമാറ്റം

318 (928) <u>ശ്രീ. മാണി. സി. കാപ്പൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തോട്ടംഭൂമി തരംമാറ്റി ക്വാറികൾക്ക് നിയമവിരുദ്ധമായി ഖനന ലീസ് നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു*.

പാലക്കാട് ജില്ലയിലെ പ്രളയ നഷ്ടപരിഹാരം

319 (929) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയത്തിൽ വീടിന് കേടുപാടുകൾ സംഭവിച്ചിട്ടും നഷ്ട പരിഹാര ധനസഹായം ലഭിക്കാത്തവർ പാലക്കാട് ജില്ലയിലുണ്ടോ എന്നറിയിക്കാമോ;

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

&

(ബി) ഉണ്ടെങ്കിൽ അതിന്റെ കാരണവും എത്ര പേർക്ക് ഇനിയും തുക വിതരണം ചെയ്യാനുണ്ടെന്നും അറിയിക്കാമോ?

(എ&ബി) ഉണ്ട്. ബാങ്ക് അക്കൗണ്ടിലെ അപാകത കാരണം ബാങ്ക് റിജക്ഷൻ ആയതിനാലും ബാങ്ക് അക്കൗണ്ട് നമ്പർ തെറ്റായി തുക അനുവദിച്ചത് കാരണവും 96 പേർക്ക് തുക വിതരണം ചെയ്യാനുണ്ട്.

2019-ലെ പ്രളയവുമായി ബന്ധപ്പെട്ട ധനസഹായം ലഭിക്കാൻ നടപടി

320 (930) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് താലൂക്കിൽ 2019-ലെ പ്രളയവുമായി ബന്ധപ്പെട്ട് ഏകദേശം 2500-ഓളം പേർക്ക് സാങ്കേതിക കാരണങ്ങളാൽ സർക്കാർ പ്രഖ്യാപിച്ച ധനസഹായം കിട്ടിയിട്ടില്ലെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ ബന്ധപ്പെട്ട വകുപ്പ് മേധാവിക്ക് നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2019-ലെ പ്രളയത്തിൽ ദുരിതബാധിതരായി ക്യാമ്പിൽ കഴിഞ്ഞവരുടെ വിവരങ്ങൾ സോഫ്റ്റ്വെയറിൽ അപ്ലോഡ് ചെയ്യപ്പെട്ടിട്ടുള്ളതും അതുപോലെ ക്രഡിറ്റ് ലിസ്റ്റിലോ റിജക്ടഡ് ലിസ്റ്റിലോ ഉൾപ്പെടാത്തതും എന്നാൽ ധസഹായത്തിന് അർഹതയുള്ളതുമായ കോഴിക്കോട് ജില്ലയിലെ 2557 പേരുടെ പട്ടിക സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ഇവർക്ക് ധനസഹായം നൽകുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

2019-ലെ പ്രളയബാധിതർക്ക് നഷ്ടപരിഹാരത്തുക ലഭിക്കാത്തത് സംബന്ധിച്ച്

321 (931) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയത്തിൽ സ്ഥലമോ വീടോ പൂർണ്ണമായോ ഭാഗികമായോ നഷ്ടപ്പെട്ട എത്ര ആളുകൾക്കാണ് നിലമ്പൂർ താലൂക്കിൽ ഇനിയും നഷ്ടപരിഹാരത്തുക നൽകാനുള്ളതെന്ന് അറിയിക്കാമോ; ഇവരുടെ പട്ടികയും നൽകാനുള്ള തുകയും മറ്റു വിശദാംശങ്ങളും ലഭ്യമാക്കാമോ?

2019-ലെ പ്രളയത്തോടനുബന്ധിച്ച് ഭൂമിയും വീടും നഷ്ടപ്പെട്ടതും വെള്ളപ്പൊക്കം, ദുരന്ത ഭീഷണി എന്നിവമൂലം മാറ്റിപ്പാർപ്പിക്കുന്നതിനുമായി 322 ഗുണഭോക്താക്കളെയാണ് കണ്ടെത്തിയത്. അതിൽ 282 ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങുന്നതിന് സർക്കാർ ധനസഹായമായ 6 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. വിവിധ കാരണങ്ങളാൽ വീടും സ്ഥലവും വാങ്ങുവാൻ അനുവദനീയമായ 10 ലക്ഷം രൂപ വിതരണം ചെയ്യാൻ ബാക്കിയുള്ള ഗുണഭോക്താക്കളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്*. അവർക്കുള്ള ധനസഹായ വിതരണം പുരോഗമിച്ചുവരുന്നു.

(ബി) പ്രളയ നഷ്ടപരിഹാരത്തുകയുടെ ഗഡുക്കൾ ഇനിയും ലഭിച്ചിട്ടില്ലാത്തവർക്ക് എങ്ങനെയാണ് നഷ്ടപരിഹാരം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇതിനായി ബന്ധപ്പെടേണ്ട ഓഫീസുകളുടെയും ഉദ്യോഗസ്ഥരുടെയും ഫോൺ നമ്പറടക്കമുള്ള വിവരങ്ങൾ അറിയിക്കാമോ?

2019-ലെ പ്രളയത്തോടനുബന്ധിച്ച് ഭൂമിയും വീടും നഷ്ടപ്പെട്ടതും വെള്ളപ്പൊക്കം, ദുരന്ത ഭീഷണി എന്നിവമൂലം മാറ്റിപ്പാർപ്പിക്കുന്നതിനുമായി 322 ഗുണഭോക്താക്കളെയാണ് കണ്ടെത്തിയത്. ഇവർക്കുള്ള ധനസഹായ വിതരണത്തിനുള്ള തുക അനുവദിച്ചിട്ടുള്ളതും ആയത് മാനദണ്ഡങ്ങൾ പ്രകാരം വിതരണം നടത്തിവരുന്നതുമാണ്. ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ നിലമ്പൂർ തഹസിൽദാരുടെ കാര്യാലയത്തിൽനിന്നും ലഭ്യമാകുന്നതാണ്. ബന്ധപ്പെടേണ്ട ഫോൺ നമ്പരുകൾ: നിലമ്പൂർ താലൂക്ക് ഓഫീസ് 04931-221471 മൊബൈൽ: 8547615900 (തഹസിൽദാരുടെ ഔദ്യോഗിക മൊബൈൽ നമ്പർ).

(സി) 2019-ലെ പ്രളയ നഷ്ടപരിഹാരത്തുക ഇനിയും ലഭിക്കാത്ത അർഹരായവരെ ഉൾപ്പെടുത്തി താലൂക്കുതല അദാലത്ത് നടത്തുന്നതിന് (കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച്) നടപടി സ്വീകരിക്കാമോ?

ആവശ്യമുള്ള പക്ഷം അദാലത്ത് നടത്തുന്ന വിഷയം പരിഗണിക്കുന്നതാണ്.

(ഡി) പ്രളയ നഷ്ടപരിഹാരത്തിന് സജ്ജമാക്കിയിരുന്ന സോഫ്റ്റ്വെയറിൽ നിലവിൽ പ്രവേശിക്കാനാകാത്തതാണ് സങ്കേതിക പ്രശ്നമെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്ത് ചെയ്യാനാകുമെന്ന് അറിയിക്കാമോ; ഈ സോഫ്റ്റ്വെയർ നിശ്ചിത സമയത്തേക്ക് ഓപ്പൺ ആക്കുന്നതിന് നിർദ്ദേശം നൽകാമോ?

2019-ലെ പ്രളയ ബാധിതർക്ക് വീടിന്റെ നഷ്ടപരിഹാരം Information Kerala Mission വികസിപ്പിച്ചെടുത്ത rebuild.lsgkerala.gov.in എന്ന സോഫ്റ്റ്വെയർ മുഖാന്തരമാണ് നടപ്പാക്കിയത്. എന്നാൽ പ്രസ്തുത സോഫ്റ്റ്വെയറിൽ പ്രവേശിക്കാനാകാത്ത സാഹചര്യത്തിൽ സോഫ്റ്റ്വെയർ മുഖാന്തരമല്ലാതെ നേരിട്ട് ഡാറ്റാ എൻടി വരുത്തി സാങ്കേതിക പ്രശ്നം പരിഹരിച്ച് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രളയ ദുരിതാശ്വാസം

322 (932) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ പ്രളയ ദുരിതാശ്വാസ ധനസഹായം ലഭിക്കാത്ത എത്ര പേരുണ്ടെന്നും കാലതാമസത്തിന് കാരണം എന്താണെന്നും വ്യക്തമാക്കാമോ;

(ബി) ഇതിനായി ഇനി എത്ര തുക വിനിയോഗിക്കേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിയോജകമണ്ഡലത്തിൽ പ്രളയത്തെത്തുടർന്ന് വീട് പൂർണ്ണമായും ഭാഗികമായും തകർന്ന എത്ര പേർക്ക് നഷ്ടപരിഹാരം നൽകാനുണ്ട്; കണക്കുകൾ ലഭ്യമാക്കുമോ;

&

(ഡി) നിയോജകമണ്ഡലത്തിൽ പ്രളയദുരിതം നേരിട്ട മുഴുവൻ പേർക്കും പൂർണ്ണമായും ധനസഹായം വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ-ഡി) പ്രളയ ദുരിതാശ്വാസ ധനസഹായം നൽകേണ്ടവരുടെ പട്ടിക നിലവിൽ നിയോജക മണ്ഡലാടിസ്ഥാനത്തിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. ഇതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതാണ്.

റവന്യൂ ഓഫീസുകളുടെ നിർമ്മാണ പ്രവൃത്തികൾ

323 (933) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മങ്കട നിയോജകമണ്ഡലത്തിലെ ഏതെല്ലാം റവന്യൂ ഓഫീസുകളുടെ നിർമ്മാണ പ്രവൃത്തികൾക്കാണ് തുക അനുവദിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

മങ്കട നിയോജകമണ്ഡലത്തിലെ കുറുവ, അങ്ങാടിപ്പുറം എന്നീ വില്ലേജ് ഓഫീസുകളുടെ അറ്റകുറ്റപ്പണികൾക്കായി 5 ലക്ഷം രൂപ വീതവും വടക്കാങ്ങര വില്ലേജ് ഓഫീസിന്റെ അറ്റകുറ്റപ്പണികൾക്കായി 2,80,000 രൂപയും ചുറ്റുമതിലിനായി 2,75,000 രൂപയും മങ്കട വില്ലേജ് ഓഫീസിൽ അഡീഷണൽ റൂം നിർമ്മാണത്തിനായി 10 ലക്ഷം രൂപയും പ്ലാൻ സ്കീം പ്രകാരം അനുവദിക്കുകയും ടി പ്രവൃത്തികളെല്ലാം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകൾക്കാണ് സ്വന്തമായി കെട്ടിടമോ ചുറ്റുമതിലോ മറ്റ് അടിസ്ഥാന സൗകര്യമോ ഇല്ലാത്തത്; വിശദാംശം ലഭ്യമാക്കുമോ?

മങ്കട നിയോജകമണ്ഡലത്തിലുള്ള വടക്കാങ്ങര, വലമ്പൂർ, അങ്ങാടിപ്പുറം, കൂട്ടിലങ്ങാടി, മങ്കട, മൂർക്കനാടി, പുഴക്കാട്ടിരി, കുറുവ എന്നീ എല്ലാ വില്ലേജുകളിലും സ്വന്തമായി വില്ലേജ് ഓഫീസ് കെട്ടിടമുണ്ട്. വലമ്പൂർ, അങ്ങാടിപ്പുറം, കൂട്ടിലങ്ങാടി, മൂർക്കനാട്, പുഴക്കാട്ടിരി എന്നീ വില്ലേജ് ഓഫീസ് കെട്ടിടങ്ങൾക്ക് ചെറിയ രീതിയിലുള്ള അറ്റകുറ്റപ്പണികളാവശ്യമാണ്. മങ്കട വില്ലേജ് ഓഫീസിന് ചുറ്റുമതിലില്ല.

(സി) പ്രസ്തുത നിയോജകമണ്ഡലത്തിലെ എല്ലാ വില്ലേജ് ഓഫീസുകളുടെയും അടിസ്ഥാന വികസനത്തിനും മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്തുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഓരോ സാമ്പത്തിക വർഷവും വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യവികസന പദ്ധതിക്കായുള്ള ബഡ്ജറ്റ് വിഹിതമനുസരിച്ച് മുൻഗണനാക്രമത്തിലാണ് കെട്ടിട നിർമ്മാണത്തിന്/അറ്റകുറ്റപ്പണിക്ക് ഫണ്ട് അനുവദിക്കുന്നത്.

ചാലക്കുടി റവന്യൂ ടവർ നിർമ്മാണം

324 (934) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ റവന്യൂ ടവർ നിർമ്മിക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

ചാലക്കുടിയിൽ റവന്യൂ ടവർ നിർമ്മിക്കുന്നതിനായി ഉചിതമായ സ്ഥലം കണ്ടെത്തിയിട്ടുണ്ട്.

(ബി) റവന്യൂ ടവർ നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി കണ്ടെത്തി ഭവന നിർമ്മാണ ബോർഡിന് കൈമാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ ?

ചാലക്കുടി താലൂക്കിലെ കിഴക്കെ ചാലക്കുടി വില്ലേജിൽ 293/2, 294/1 എന്നീ സർവ്വേ നമ്പറുകളിലായി സ്ഥിതി ചെയ്യുന്ന 0.2135 ഹെക്ടർ സ്ഥലമാണ് റവന്യൂ ടവർ നിർമ്മിക്കുന്നതിനായി കണ്ടെത്തിയിട്ടുള്ളത്. പ്രസ്തുത ഭൂമി ഭവനനിർമ്മാണ ബോർഡിന് കൈമാറുന്നതിന് ജില്ലാ കളക്ടർ നടപടി സ്വീകരിച്ചുവരുന്നു.

(സി) ഇല്ലെങ്കിൽ അതിന്റെ കാരണം വെളിപ്പെടുത്തുമോ?

ചാലക്കുടി താലൂക്കിലെ കിഴക്കെ ചാലക്കുടി വില്ലേജിൽ 293/2, 294/1 എന്നീ സർവ്വേ നമ്പറുകളിലായി സ്ഥിതിചെയ്യുന്ന 0.2135 ഹെക്ടർ സ്ഥലമാണ് റവന്യൂ ടവർ നിർമ്മിക്കുന്നതിനായി കണ്ടെത്തിയിട്ടുള്ളത്. പ്രസ്തുത ഭൂമി ഭവനനിർമ്മാണ ബോർഡിന് കൈമാറുന്നതിന് ജില്ലാ കളക്ടർ നടപടി സ്വീകരിച്ചുവരുന്നു.

വില്ലേജ് ഓഫീസുകളുടെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ പദ്ധതികൾ

325 (935) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. പി. വി. അൻവർ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട എല്ലാ ഭൂരേഖകളുടെയും സൂക്ഷിപ്പും പരിപാലനവും അതത് വില്ലേജ് ഓഫീസുകളിലായതിനാൽ വില്ലേജ് ഓഫീസുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും ആധുനിക സൗകര്യങ്ങളൊരുക്കുന്നതിനും നടപ്പാക്കിവരുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

&

(ബി) ദിവസവും ജനങ്ങളെത്തുന്ന ഓഫീസെന്ന നിലയിൽ വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത പരിഗണിച്ച് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് വിശദമാക്കാമോ?

(എ&ബി) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ സ്മാർട്ട് ഓഫീസുകളാക്കി മാറ്റി അവയിൽനിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുകയെന്ന ഉദ്ദേശ്യത്തോടു കൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജ് ഓഫീസിൽനിന്നുള്ള സേവനങ്ങൾ ഏതു സമയത്തും എവിടെവച്ചും ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളുമാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളിലൊരുക്കുന്നത്. സ്മാർട്ട് വില്ലേജ് ഓഫീസുകൾക്കായി സ്ഥലലഭ്യതയ്ക്കനുസരിച്ച് ആധുനിക രീതിയിലുള്ള കെട്ടിടങ്ങളാണ് നിർമ്മിച്ചുവരുന്നത്. ഇവയിൽ പൊതുജനങ്ങൾക്കായി ഹെൽപ്പ് ഡെസ്ക്/ഫ്രണ്ട് ഓഫീസ്, സന്ദർശകർക്കുള്ള റൂം, വില്ലേജ് ഓഫീസറുടെ റൂം, മറ്റുദ്യോഗസ്ഥർക്കുള്ള ഓഫീസ് റൂം, ഡൈനിംഗ് റൂം, റിക്കാർഡ് റൂം, ടോയ്ലറ്റുകൾ

എന്നിവയും ഫർണിച്ചർ, സേവനങ്ങൾ ഓൺലൈനായി നൽകുന്നതിനുള്ള സൗകര്യങ്ങൾ എന്നിവയുമുൾപ്പെടുന്നു. പൊതുജനങ്ങളുടെ സൗകര്യത്തിനായി ഇരിപ്പിട സൗകര്യങ്ങളോടുകൂടിയ സന്ദർശക മുറിയും കുടിവെള്ള സൗകര്യവും ടോയ്‌ലറ്റുകളുമേർപ്പെടുത്തിയിട്ടുണ്ട്. എല്ലാ ഓഫീസുകളും ഭിന്നശേഷി സൗഹൃദമായാണ് നിർമ്മിച്ചുവരുന്നത്.

(സി) സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതിയിലൂടെ എന്തെല്ലാം പ്രവർത്തനങ്ങളാണ് വിഭാവന ചെയ്യുന്നത്; അവയുടെ പുരോഗതി വ്യക്തമാക്കാമോ?

സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ സ്മാർട്ട് ഓഫീസുകളാക്കി മാറ്റി അവയിൽനിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുകയെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സ്മാർട്ട് (SMART)റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജ് ആഫീസിൽനിന്നുള്ള സേവനങ്ങൾ ഏതു സമയത്തും എവിടെവച്ചും ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളുമാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളിൽ ഒരുക്കുന്നത്. സ്മാർട്ട് വില്ലേജ് ഓഫീസുകളിൽ നിന്നും ലഭിക്കുന്ന സേവനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഇ-ഡിസ്ട്രിക്ട്-

വില്ലേജ് ഓഫീസുകളിൽനിന്നും പൊതുജനങ്ങൾക്കാവശ്യമായ വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട്.

2. ആർ.ആർ. ഓൺലൈൻ -

റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ്‌ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജ്തലം വരെ ബന്ധിപ്പിക്കുന്ന പദ്ധതിയാണ് ആർ.ആർ.ഓൺലൈൻ.

3. സംയോജിത ഓൺ ലൈൻ - പോക്കുവരവ് (Online Mutation):

ആധുനിക വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും സുതാര്യമായും കുറ്റമറ്റ രീതിയിലും നടപ്പാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുകയെന്ന ഉദ്ദേശ്യ ലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പാക്കുന്നത്.

4. ഇ-പേമെന്റ് -

സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

5. ഇ-പോസ് -

ഡിജിറ്റൽ പണമിടപാട് പ്രോത്സാഹിപ്പിക്കുകയെന്ന സർക്കാർ നയത്തിന്റെ ഭാഗമായി റവന്യൂ വകുപ്പിലെ എല്ലാ വില്ലേജ് ഓഫീസുകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിച്ച് വിവിധ തരത്തിലുള്ള നികുതികൾ സ്വീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. എല്ലാ സ്മാർട്ട് വില്ലേജ് ഓഫീസുകളുടെയും പ്രവർത്തനം 100% സ്മാർട്ടാക്കി മാറ്റുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ സ്മാർട്ട് വില്ലേജ് ഓഫീസുകൾ

326 (936) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസാക്കുന്ന പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ടോ?

ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ ഷൊർണ്ണൂർ-2, നെല്ലായ, തൃക്കടീരി-1, അനങ്ങനടി-4, വെള്ളിനേഴി എന്നീ 5 വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസാക്കുന്ന പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്.

(ബി) സ്വന്തമായി 52 സെന്റ് സ്ഥലമുള്ള ചളവറ വില്ലേജ് ഓഫീസ് സ്മാർട്ട് വില്ലേജ് ഓഫീസായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കാമോ?

ചളവറ വില്ലേജ് ഓഫീസ് കെട്ടിടത്തിന് 2017-18 പ്ലാൻ സ്കീം പ്രകാരം അറ്റകുറ്റപ്പണികൾ നടത്തിയിട്ടുള്ളതിനാൽ നിലവിൽ സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതി പ്രകാരമുള്ള കെട്ടിട നിർമ്മാണം പരിഗണനയിലില്ല.

ഉടുമ്പൻചോല താലൂക്കിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ

327 (937) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല താലൂക്കിന്റെ കീഴിൽ എത്ര വില്ലേജ് ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്?

ഉടുമ്പൻചോല താലൂക്കിന്റെ കീഴിൽ 18 വില്ലേജ് ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഇതിൽ എത്ര വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകളായി പ്രഖ്യാപിച്ചിട്ടുണ്ടെന്നും അവയിൽ പണി പൂർത്തീകരിച്ചവയുടെ എണ്ണം എത്രയെന്നും വിശദമാക്കാമോ?

ഇവയിൽ 12 വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ അണക്കര (2017-18 പ്ലാൻ സ്കീം) സ്മാർട്ട് വില്ലേജ് ഓഫീസിന്റെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(സി) പണി പൂർത്തീകരിക്കാത്ത സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകാമോ?

പണി പൂർത്തീകരിക്കാത്ത 11 സ്മാർട്ട് വില്ലേജ് ഓഫീസുകളാണുള്ളത്. അവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

സ്വന്തമായി കെട്ടിടമില്ലാത്ത സർക്കാർ ഓഫീസുകൾ/സ്ഥാപനങ്ങൾ

328 (938) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്തതു കാരണം എത്ര സർക്കാർ ഓഫീസുകൾ/സ്ഥാപനങ്ങൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുവെന്ന് വിശദമാക്കാമോ?

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത 8 ഓഫീസുകളാണുള്ളത്. അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

നിയോജകമണ്ഡലം	വില്ലേജ് ഓഫീസ്	ഓഫീസ്
(1)	(2)	(3)
കരുനാഗപ്പള്ളി	കരുനാഗപ്പള്ളി	1. പോക്സോ കോടതി 2. സബ് കോടതി 3.ലീഗൽ മെട്രോളജി ഓഫീസ് 4.എൽ.എ.എൻ.എച്ച്.എ.ഐ. സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയം

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

	തഴവ	ഗവൺമെന്റ് കോളേജ്
	അയണിവേലിക്കുളങ്ങര	ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസ്
	കല്ലേലിഭാഗം	1. ലോട്ടറി സബ് ഓഫീസ് 2. ഇ.എസ്.ഐ. ഡിസ്പെൻസറി.

ഹൈടെക് വില്ലേജ് ഓഫീസുകൾ

329 (939) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷത്തിൽ ഹൈടെക് വില്ലേജ് ഫീസുകളാക്കാൻ തീരുമാനിച്ച വില്ലേജുകളുടെ വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ആധുനീകരിക്കുന്നതിന്റെ ഭാഗമായിട്ടാണ് സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്. 2021-22 വർഷത്തിൽ 40 സ്മാർട്ട് വില്ലേജ് ഓഫീസുകൾ നിർമ്മിക്കുന്നതിനായി 1760 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി വില്ലേജുകളെ തെരഞ്ഞെടുക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ബി) ഹൈടെക് വില്ലേജ് ഓഫീസുകളിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ സ്മാർട്ട് ഓഫീസുകളാക്കി മാറ്റി അവയിൽനിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുകയെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജ് ആഫീസിൽനിന്നുള്ള സേവനങ്ങൾ ഏതു സമയത്തും എവിടെവച്ചും ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളിൽ ഒരുക്കുന്നത്. സ്മാർട്ട് വില്ലേജ് ഓഫീസുകളിൽ നിന്നും ലഭിക്കുന്ന സേവനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. ഇ-ഡിസ്ട്രിക്ട്-

വില്ലേജ് ഓഫീസുകളിൽനിന്നും പൊതുജനങ്ങൾക്ക് ആവശ്യമായ വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടെ നടപ്പാക്കിവരുന്ന പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട്.

2. ആർ.ആർ. -

ഓൺലൈൻ റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ്‌ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജ് തലംവരെ ബന്ധിപ്പിക്കുന്ന പദ്ധതിയാണ് ആർ.ആർ.ഓൺലൈൻ.

3. സംയോജിത ഓൺ ലൈൻ പോക്കുവരവ് (Online Mutation) -

ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും സുതാര്യമായും കുറ്റമറ്റ രീതിയിലും നടപ്പാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുകയെന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പാക്കുന്നത്.

4. ഇ-പേമെന്റ് -

സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പാക്കിയിട്ടുള്ള വില്ലേജുകളിൽ അടയ്ക്കാവുന്ന എല്ലാ പേയ്മെന്റുകളും ഓൺലൈൻ വഴി ഒടുക്കുന്നതിനുള്ള ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

5. ഇ-പോസ് -

ഡിജിറ്റൽ പണമിടപാട് പ്രോത്സാഹിപ്പിക്കുകയെന്ന സർക്കാർ നയത്തിന്റെ ഭാഗമായി റവന്യൂ വകുപ്പിലെ എല്ലാ വില്ലേജ് ഓഫീസുകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിച്ച് വിവിധ തരത്തിലുള്ള നികുതികൾ സ്വീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഇരിക്കൂർ നിയോജകമണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ

330 (940) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ എത്ര വില്ലേജ് ഓഫീസുകളെ 'സ്മാർട്ട് വില്ലേജ് ഓഫീസ്' പദ്ധതിയിലുൾപ്പെടുത്തി പുതിയ കെട്ടിടം പണിയുന്നതിന് അനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഇരിക്കൂർ നിയോജകമണ്ഡലത്തിലെ 6 വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതിയിലുൾപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) അവയുടെ പ്രവൃത്തി ഏത് ഘട്ടങ്ങളിലെത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ?

ന്യൂ നടുവിൽ, ചെങ്ങളായി, ഉദയഗിരി എന്നീ സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ചുഴലി, എരുവശ്ശേരി, തിമിരി എന്നീ വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തികളാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) അവശേഷിക്കുന്ന വില്ലേജ് ഓഫീസുകളെ ഈ പദ്ധതിയിലുൾപ്പെടുത്തി പുതിയ കെട്ടിടം പണിയാൻ അനുമതി നൽകുമോയെന്ന് വ്യക്തമാക്കാമോ?

ഓരോ സാമ്പത്തിക വർഷവും സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിക്കായുള്ള ബഡ്ജറ്റ് വിഹിതമനുസരിച്ച് മുൻഗണനാക്രമത്തിലാണ് പുതിയ കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നത്.

കുന്നംകുളം സിവിൽ സ്റ്റേഷനുള്ള പുതിയ കെട്ടിടം

331 (941) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം താലൂക്കാസ്ഥാനത്തെ സിവിൽ സ്റ്റേഷന് പുതിയ കെട്ടിടം പണിയുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

കുന്നംകുളം താലൂക്കിന് ആസ്ഥാനമന്ദിരം നിർമ്മിക്കുന്നതിന് മുന്നോടിയായി പൊതുമരാമത്ത് വകുപ്പ് ചുറ്റുമതിൽ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഇക്കാര്യത്തിനായി ലേലത്തിലൂടെ ഒമ്പത് വൃക്ഷങ്ങൾ മുറിച്ചു നീക്കുന്നതിനുള്ള നടപടി പൂർത്തിയായിട്ടുണ്ട്.

(ബി) കാലതാമസം ഒഴിവാക്കി ഉടൻ നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

കെട്ടിടത്തിന്റെ സ്ട്രക്ചറൽ ഡിസൈൻ ലഭ്യമാക്കി സാങ്കേതികാനുമതിയുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിവരുന്നു.

മലപ്പുറം സിവിൽ സ്റ്റേഷൻ നവീകരണം

332 (942) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം സിവിൽ സ്റ്റേഷനിൽ കളക്ടറേറ്റുൾപ്പെടെയുള്ള റവന്യൂ വകുപ്പിന്റെ വിവിധ ഓഫീസുകൾ ജീർണ്ണാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) റീ-ബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി ഓഫീസുകൾ നവീകരിച്ച് പുതിയ റവന്യൂ ടവർ നിർമ്മിക്കുന്ന കാര്യം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ?

മലപ്പുറം ജില്ലയിലെ നിലവിലെ കളക്ടറേറ്റ് പ്രവർത്തിക്കുന്നത് നൂറിലേറെ വർഷം പഴക്കമുള്ളതും ബ്രിട്ടീഷ് ഭരണകാലത്ത് നിർമ്മിച്ചതുമായ കെട്ടിടത്തിലാണ്. നിലവിൽ ടി കെട്ടിടം കളക്ടറേറ്റ് പ്രവർത്തിക്കുന്നതിനാവശ്യമായ സൗകര്യങ്ങളില്ലാത്തതും ജീർണ്ണാവസ്ഥ- (ചോർന്നൊലിക്കുന്ന)യിലുള്ളതുമാണ്. ഇത് പരിഹരിക്കുന്നതിനായി കളക്ടറേറ്റിനും മലപ്പുറം ജില്ലാ ആസ്ഥാനത്തും പ്രവർത്തിക്കുന്ന വിവിധ റവന്യൂ ഓഫീസുകൾക്കുമായി ആധുനിക സൗകര്യങ്ങളോടുകൂടിയ റവന്യൂ ടവർ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ റീ-ബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി സമർപ്പിച്ചിട്ടുണ്ട്.

(സി) കാലഹരണപ്പെട്ടതും അപകടാവസ്ഥയിലുള്ളതുമായ ഓഫീസുകൾ നവീകരിച്ച് റവന്യൂ ടവർ നിർമ്മിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ?

ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി മാത്രമേ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം

333 (943) <u>ശ്രീ. എം. എം. മണി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം സംബന്ധിച്ച വിശദാംശം നൽകാമോ; ഇവിടെനിന്ന് പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന മെച്ചപ്പെട്ട സേവനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ സ്മാർട്ട് ഓഫീസുകളാക്കി മാറ്റി അവയിൽനിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജ് ആഫീസിൽനിന്നുള്ള സേവനങ്ങൾ ഏതു സമയത്തും എവിടെവച്ചും ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളുമാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളിലൊരുക്കുന്നത്. സ്മാർട്ട് വില്ലേജ് ഓഫീസുകളിൽനിന്നും ലഭിക്കുന്ന സേവനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. ഇ-ഡിസ്ട്രിക്ട് -

വില്ലേജ് ഓഫീസുകളിൽനിന്നും പൊതുജനങ്ങൾക്കാവശ്യമായ വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടെ നടപ്പാക്കിവരുന്ന പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട്.

2. ആർ.ആർ. ഓൺലൈൻ -

റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ്‌ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജ് തലം വരെ ബന്ധിപ്പിക്കുന്ന പദ്ധതിയാണ് ആർ.ആർ.ഓൺലൈൻ.

3. സംയോജിത ഓൺലൈൻ പോക്കുവരവ് (Online Mutation)-

ഭൂസംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാക്കുന്ന പദ്ധതിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ്.

4. ഇ-പേമെന്റ് -

സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പാക്കിയിട്ടുള്ള വില്ലേജുകളിൽ അടയ്ക്കാവുന്ന എല്ലാ പേമെന്റുകളും ഓൺലൈൻ വഴിയും വില്ലേജ് ഓഫീസുകളിൽ നേരിട്ടും ഒടുക്കുന്നതിനുള്ള ഇ-പേമെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

5. ഇ-പോസ്:

ഡിജിറ്റൽ പണമിടപാട് പ്രോത്സാഹിപ്പിക്കുകയെന്ന സർക്കാർ നയത്തിന്റെ ഭാഗമായി റവന്യൂ വകുപ്പിലെ എല്ലാ വില്ലേജ് ഓഫീസുകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിച്ച് വിവിധ തരത്തിലുള്ള നികുതികൾ സ്വീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഈ-പോസ് വഴി സ്വീകരിക്കുന്ന തുക ഉടനടിതന്നെ സർക്കാർ ഖജനാവിലേക്ക് എത്തുന്നുവെന്നതാണ് ഈ പദ്ധതിയുടെ ഏറ്റവും വലിയ നേട്ടം.

(ബി) സംസ്ഥാനത്ത് എത്ര വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളായി പ്രഖ്യാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ഇതുവരെ 515 വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി പുനർനിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 125 എണ്ണം നിർമ്മാണം പൂർത്തീകരിച്ച് സ്മാർട്ട് വില്ലേജ് ഓഫീസുകളായി പ്രവർത്തിച്ചുവരുന്നു.

(സി) എല്ലാ വില്ലേജ് ഓഫീസുകളും സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഓരോ സാമ്പത്തിക വർഷവും വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിക്കായുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ച് മുൻഗണനാക്രമത്തിലാണ് കെട്ടിട നിർമ്മാണത്തിന്/അറ്റകുറ്റപ്പണിക്ക് ഫണ്ട് അനുവദിക്കുന്നത്.

കോട്ടയ്ക്കൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

334 (944) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് 20% തുക നീക്കിവച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

കോട്ടയ്ക്കൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് ശിപാർശകളൊന്നും ലഭിച്ചിട്ടില്ല.

(ബി) ഇതുസംബന്ധിച്ച് റവന്യൂ വകുപ്പ് എന്തെങ്കിലും യോഗങ്ങൾ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

നടത്തിയിട്ടില്ല.

(സി) ഇതിനാവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇല്ല.

വയനാട് ജില്ലയിൽ റവന്യൂ വകുപ്പിലെ സ്ഥലം മാറ്റം

335 (945) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ, റവന്യൂ വകുപ്പിൽ 5 വർഷത്തിൽ കൂടുതൽ ഒരേ ഓഫീസിൽ ജോലി ചെയ്യുവരുന്നവരുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ ഓഫീസും തസ്തികയും തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

വയനാട് ജില്ലയിൽ റവന്യൂ വകുപ്പിന്റെ വിവിധ ഓഫീസുകളിൽ വിവിധ തസ്തികകളിലായി 112 ജീവനക്കാർ 5 വർഷത്തിലധികമായി ഒരേ ഓഫീസിൽ ജോലി ചെയ്യുവരുന്നുണ്ട്. തസ്തിക, ഓഫീസ് തിരിച്ചുള്ള വിശദമായ കണക്ക് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു*.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഇത്തരത്തിൽ അഞ്ചുവർഷത്തിൽ കൂടുതൽ ഒരേ ഓഫീസിൽ ജോലി ചെയ്യുവരുന്നവരുണ്ടെങ്കിൽ പൊതുസ്ഥലംമാറ്റം നടത്താതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

കഴിഞ്ഞ കുറച്ചുവർഷങ്ങളായി വയനാട് ജില്ലയിൽ അടിക്കടിയുണ്ടാകുന്ന പ്രളയവും പ്രകൃതി ദുരന്തങ്ങളും കോവിഡ്-19 മഹാമാരിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിന് പ്രവൃത്തി പരിചയമുള്ള ജീവനക്കാരുടെ സേവനം ആവശ്യമായതിനാലും കോവിഡ്-19 മഹാമാരിയുമായി ബന്ധപ്പെട്ട് ലോക്ഡൗണും പൊതുഗതാഗതത്തിന് കർശന നിയന്ത്രണങ്ങളും അടിക്കടിയുണ്ടാകുന്നതിനാൽ ജീവനക്കാരുടെ യാത്രാ സൗകര്യം പരിഗണിച്ചും ഓഫീസ് പ്രവർത്തനങ്ങൾക്ക് അത്യാവശ്യമായ സ്ഥലംമാറ്റങ്ങൾ മാത്രമേ കഴിഞ്ഞ രണ്ട് വർഷമായി ജില്ലയിൽ നടത്തിയിട്ടുള്ളൂ. റവന്യൂ വകുപ്പിൽ ജീവനക്കാരുടെ പൊതുസ്ഥലം മാറ്റം ഓൺലൈനായി നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ അവസാനഘട്ടത്തിലാണ്.

സർവ്വേയർ തസ്തികയിലുണ്ടായേക്കാവുന്ന ഒഴിവുകൾ

336 (946) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് 13-2-2021-ൽ പുറപ്പെടുവിച്ച ജി.ഒ. (എംഎസ്.) നമ്പർ 5/2021/പി & എ.ആർ.ഡി. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർവ്വേയും ഭൂരേഖയും വകുപ്പിലെ സർവ്വേയർ തസ്തികയിലുണ്ടായേക്കാവുന്ന ഒഴിവുകൾ കമ്മീഷൻ മുൻപാകെ സമർപ്പിച്ച് കെ.പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

36 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഡി.പി.സി. നടപടികൾ പൂർത്തിയാകാത്തതുമൂലം സർവ്വേയർ II തസ്തികയിലേക്ക് ഡിക്കേഡർ ചെയ്ത എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തത്;

&

(സി) മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഡിക്കേഡർ ചെയ്ത് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ?

(ബി&സി) ഡി.പി.സി. നടപടികൾ പൂർത്തിയാകാത്തതുമൂലം അഡീഷണൽ ഡയറക്ടറുടെ ഒരു തസ്തിക, ജോയിന്റ് ഡയറക്ടറുടെ 2 തസ്തികകൾ, ഡെപ്യൂട്ടി ഡയറക്ടറുടെ 8 തസ്തികകൾ എന്നിവയിലാണ് ഒഴിവുള്ളത്. സീനിയോറിറ്റി തർക്കങ്ങളുടെ

അടിസ്ഥാനത്തിൽ സമയബന്ധിതമായി DPC കൂടാത്തതിന്റെ പേരിൽ കോടതി യലക്ഷ്യ ഹർജി ഫയൽ ചെയ്ത സാഹചര്യത്തിലും സർവ്വേ സൂപ്രണ്ട് തസ്തികയിലെ സീനിയോരിറ്റി ലിസ്റ്റ് പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിലും സീനിയർ ഉദ്യോഗസ്ഥർ നിലവിൽ ജൂനിയർമാരായി തുടരുന്ന സാഹചര്യം കണക്കിലെടുത്തും ആയത് പരിഹരിക്കുന്നതിന്റെ ഭാഗമായി മേൽ പരാമർശിത ഒഴിവുകൾ അർഹതപ്പെട്ട ജീവനക്കാർക്ക് താത്കാലിക സ്ഥാനം നൽകി നികത്തുന്നതിനുമായി അടിയന്തര നടപടി സ്വീകരിച്ചുവരുന്നു. മേൽ തസ്തികകൾ ഡിക്കേഡർ ചെയ്ത് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

(ഡി) സർവ്വേയും ഭൂരേഖയും വകുപ്പിൽ 2021 ജനുവരി 1 മുതൽ ഡിസംബർ 31 വരെ സർവ്വേയർ തസ്തികയുടെ സൂപ്പർ വൈസറി കേഡറിൽ ഉൾപ്പെടെ 65 പേർ വിരമിക്കാനിരിക്കെ 59 ഒഴിവുകൾ മാത്രം ആന്റിസിപേറ്ററിയായി കെ.പി.എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ബാക്കിയുള്ള 6 ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

സർവ്വേയും ഭൂരേഖയും വകുപ്പിൽ സർവ്വേയർ തസ്തികയിൽ വിരമിക്കൽമൂലം 59 ഒഴിവുകളാണുണ്ടായിട്ടുള്ളത്. സർവ്വേ തസ്തികയിൽ 2021 മാർച്ച് 1 മുതൽ ഡിസംബർ 31 വരെ വിരമിക്കൽമൂലമുണ്ടാകുന്ന 34 പ്രതീക്ഷിത ഒഴിവുകൾ 27-10-2020 തീയതിയിലും സൂപ്പർവൈസറി കേഡറിൽ വിരമിക്കൽമൂലമുണ്ടാകുന്ന 25 പ്രതീക്ഷിത ഒഴിവുകൾ 24-2-2021-ലും (ആകെ -59 ഒഴിവുകൾ) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മഞ്ചേശ്വരം താലൂക്കിലെ റീസർവ്വേ പ്രവർത്തനങ്ങൾ

337(947) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിലെ റീസർവ്വേയുമായി ബന്ധപ്പെട്ട് പൊതുജനങ്ങളുടെ നിരവധി അപേക്ഷകൾ തീരുമാനമാകാതെ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മഞ്ചേശ്വരം താലൂക്കിൽ സർവ്വേയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ എണ്ണം എത്രയാണ്; ഇവരുടെ ഉദ്യോഗപ്പേര് വ്യക്തമാക്കുമോ; ഏത് അധികാരിയാണ് ഇവരെ നിയോഗിക്കുന്നതെന്ന് വിശദമാക്കുമോ?

മഞ്ചേശ്വരം താലൂക്കിൽ എൽ.ആർ.എം. സർവ്വേയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി ഒരു ഹെഡ് സർവ്വേയർ, ആറ് സർവ്വേയർമാരുൾപ്പെടെ ആകെ 7 ജീവനക്കാരെയാണ് നിയോഗിച്ചിട്ടുള്ളത്. പ്രസ്തുത ജീവനക്കാരെ കാസർഗോഡ് സർവ്വേ ഡെപ്യൂട്ടി ഡയറക്ടറാണ് നിയോഗിക്കുന്നത്.

(സി) പ്രസ്തുത താലൂക്കിൽ ഏത് കാരണത്താലാണ് ജനങ്ങൾക്ക് യഥാസമയം മേൽവിഷയത്തിൽ സേവനങ്ങൾ ലഭ്യമാകാത്തതെന്ന് വിശദമാക്കുമോ?

26-8-2017-ലെ സ.ഉ.(എംഎസ്.) നമ്പർ 303/2017/റവന്യൂ പ്രകാരം റീസർവ്വേ പരാതിയുൾപ്പെടെ ഭൂരേഖാ പരിപാലനവുമായി ബന്ധപ്പെട്ട അപേക്ഷകളിന്മേലുള്ള നടപടികളുടെ ഭാഗമായി വിവിധ തലത്തിലുള്ള പ്രവർത്തനങ്ങൾ ബന്ധപ്പെട്ട താലൂക്കുകളിലെ ഭൂരേഖാ തഹസിൽദാരുടെ നിയന്ത്രണത്തിൽ നിർവ്വഹിച്ചുവരുന്നുണ്ട്. ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതും റിക്കാർഡുകളുടെ നാളതീകരണവും അതത് താലൂക്ക് മുഖാന്തരം നിർവ്വഹിച്ചുവരുന്നു.

(ഡി) പ്രസ്തുത വിഭാഗത്തിൽനിന്നും ഏതൊക്കെ സേവനങ്ങളാണ് പൊതു ജനങ്ങൾക്ക് നൽകുന്നത് അഥവാ ആവശ്യമായിവരുന്നതെന്ന് വ്യക്തമാക്കുമോ; അപേക്ഷ ലഭിച്ചാൽ എത്ര ദിവസംകൊണ്ട് ആളുകൾക്ക് സേവനം ലഭ്യമാക്കേണ്ടതായിട്ടുണ്ടെന്ന് വിശദമാക്കുമോ?

പേരുമാറ്റം, സർവ്വേ സബ് ഡിവിഷൻ അപേക്ഷകൾ, വിസ്തീർണ്ണം, അതിർത്തി വ്യത്യാസ അപേക്ഷകൾ എന്നിവ കൈകാര്യം ചെയ്യുവരുന്നു. എല്ലാ രേഖകളും അപേക്ഷയോടൊപ്പം സമർപ്പിക്കുകയും കൈവശാതിർത്തി വ്യക്തവും തർക്കരഹിതവുമായാൽ ഒരു മാസത്തിനകം പരാതി തീർപ്പാക്കാവുന്നതാണ്.

(ഇ) 14-7-2021 തീയതി വരെ എത്ര അപേക്ഷകളാണ് ഇവിടെ പെൻഡിംഗായുള്ളതെന്ന് വിശദമാക്കുമോ?

14-7-2021 വരെ മഞ്ചേശ്വരം താലൂക്കിൽ എൽ.ആർ.എം. സർവ്വേയുമായി ബന്ധപ്പെട്ട 833 അപേക്ഷകളാണ് നിലവിലുള്ളത്.

(എഫ്) പെൻഡിംഗ് ഫയലുകളിൽ തീരുമാനമെടുത്ത് ജനങ്ങൾക്ക് എപ്പോൾ സേവനം ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; 2021 സെപ്റ്റംബർ 30-നകം മുഴുവൻ ഫയലുകളിലും തീർപ്പുകൽപ്പിക്കാൻ സാധിക്കുമോ എന്ന് വ്യക്തമാക്കുമോ; പെൻഡിംഗ് ഫയലുകൾ തീർപ്പാക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഫയൽ അദാലത്ത് വകുപ്പിന്റെ പരിഗണനയിലുണ്ടോ; ഈ വിഭാഗത്തിൽ ഒഴിവുകളുണ്ടോ; ഉണ്ടെങ്കിൽ ആയത് നികത്തുവാൻ നടപടി സ്വീകരിക്കുമോ?

കടിശ്ശിക ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത വിഭാഗത്തിൽ നിലവിൽ ഒഴിവുകളില്ല.

റവന്യൂ പുറമ്പോക്ക് ഭൂമി വിട്ടുകിട്ടുന്നതിനുള്ള നടപടികൾ

338 (948) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് മോയൻസ് ഹയർ സെക്കൻഡറി സ്കൂളുകളിലെ ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കുന്നതിനായി പുതിയ ക്ലാസ്സ് മുറികൾ നിർമ്മിക്കുന്ന ആവശ്യത്തിലേയ്ക്കായി സ്കൂളിനോട് ചേർന്ന് കിടക്കുന്ന റവന്യൂ പുറമ്പോക്ക് ഭൂമി വിട്ടുകിട്ടുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചോ?വിശദാംശങ്ങൾ ലഭ്യമാക്കുമോ?

19-7-2021-ലെ സ.ഉ. (കൈ) നമ്പർ 130/2021/റവന്യൂ പ്രകാരം പാലക്കാട്-1 വില്ലേജിൽ ബ്ലോക്ക് നമ്പർ 79-ൽ റീസർവ്വേ നമ്പർ 12-ൽപ്പെട്ട (പഴയ സ.നമ്പർ 2105/1 എ 2, ബി1) 0.1214 ഹെക്ടർ (12.14 ആർ) ഭൂമി ഗവൺമെന്റ് മോയൻസ് സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിനായി രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരവും നിലവിലുള്ള നിബന്ധനകൾക്ക് വിധേയമായും ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി കൈവശാവകാശം പൊതുവിദ്യാഭ്യാസ വകുപ്പിന് കൈമാറി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സുനാമി കോളനികൾ

339 (949) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ എത്ര സുനാമി കോളനികൾ ഉണ്ടെന്നറിയിക്കാമോ?

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ആകെ 47 സുനാമി കോളനിയുണ്ട്.

(ബി) പ്രസ്തുത കോളനികളിൽ എത്ര വീടുകൾ ഉണ്ട്; ആയതിന്റെ വിശദാംശം വില്ലേജ് തിരിച്ച് നൽകാമോ?

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ 47 കോളനികളിലായി ആകെ 1088 സുനാമി വീടുകളുണ്ട്. അയണിവേലിക്കുളങ്ങര വില്ലേജിൽ 272 വീടുകളും കരുനാഗപ്പള്ളി വില്ലേജിൽ 11 വീടുകളും കുലശേഖരപുരം വില്ലേജിൽ 274 വീടുകളും ക്ലാപ്പന വില്ലേജിൽ 203 വീടുകളും ആദിനാട് വില്ലേജിൽ 328 സുനാമി വീടുകളുമാണുള്ളത്.

ആലപ്പുഴ ജില്ലയിലെ എൽ.ഡി. ക്ലർക്കിന്റെ ഒഴിവുകൾ

340 (950) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ റവന്യൂ വകുപ്പിനുകീഴിൽ എൽ.ഡി. ക്ലാർക്കിന്റെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

&

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(എ&ബി) ആലപ്പുഴ ജില്ലയിൽ റവന്യൂ വകുപ്പിനുകീഴിൽ എൽ.ഡി. ക്ലാർക്കിന്റെ ഒഴിവുകളുണ്ടായിരുന്നില്ല. എന്നാൽ, 19-7-2021-ലെ സ.ഉ.(സാധാ) നമ്പർ 2444/2021/റവന്യൂ ഉത്തരവ് പ്രകാരം വിവിധ വകുപ്പുകളിൽ ലോവർ ഡിവിഷൻ ക്ലാർക്ക് നിയമനം നൽകുന്നതിനായി പബ്ലിക് സർവ്വീസ് കമ്മീഷൻ തയ്യാറാക്കിയിട്ടുള്ള റാങ്ക് പട്ടികയുടെ കാലാവധി 2021 ആഗസ്റ്റ് 4-ാം തീയതി അവസാനിക്കുന്നതിനാൽ തഹസിൽദാർ, ഡെപ്യൂട്ടി തഹസിൽദാർ, വില്ലേജ് ഓഫീസർ/ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ, സീനിയർ ക്ലാർക്ക് എന്നീ തസ്തികകളിൽ നിലനിൽക്കുന്ന ഒഴിവുകൾ എൻടി കേഡറായ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിലേയ്ക്ക് താൽക്കാലികമായി തരംതാഴ്ത്തിയതിനെ തുടർന്ന് 32 ഒഴിവുകൾ എൽ.ഡി. ക്ലാർക്ക് തസ്തികയിലാണുണ്ടായിട്ടുള്ളത്. ആയത് അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നിയമനാധികാരിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

നികുതി അടയ്ക്കാൻ സാധിക്കാത്തത്

341 (951) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിമ്പുഴ, കടമ്പഴിപ്പുറം വില്ലേജുകളിൽ പതിറ്റാണ്ടുകളായി ജീവിച്ചു വരികയും നികുതിയടച്ചുവരികയും ചെയ്തിരുന്ന കുടുംബങ്ങൾക്ക് കുറച്ച് വർഷങ്ങളായി മിച്ചഭൂമിയുമായി ബന്ധപ്പെട്ട പ്രശ്നത്തിന്റെ പേരിൽ നികുതി അടയ്ക്കാൻ സാധിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിലത് പരിഹരിച്ച് നികുതി അടയ്ക്കുവാനാവശ്യമായ നടപടി കൈക്കൊള്ളുമോ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കാമോ?

നടപടി സ്വീകരിച്ചുവരുന്നു

കരിപ്പൂർ വില്ലേജ് രൂപീകരിക്കുന്നതിനുള്ള നടപടികൾ

342 (952) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ പള്ളിക്കൽ വില്ലേജ് വിഭജിച്ച് കരിപ്പൂർ വില്ലേജ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

(ബി) ഭൂമിശാസ്ത്രപരമായിതന്നെ പള്ളിക്കൽ, കരിപ്പൂർ എന്നിവ രണ്ട് മേഖലകളാണെങ്കിലും പള്ളിക്കൽ വില്ലേജ് നിലവിലുള്ളതിനാൽ കരിപ്പൂർ വില്ലേജ് പുതിയതായി രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തടസ്സമുണ്ടോ;

&

(സി) പൊതുജനങ്ങൾക്ക് ഏറെ ഉപകാരപ്രദമായ പുതിയ വില്ലേജിന്റെ രൂപീകരണം അടിയന്തരമായി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

(എ-സി) സംസ്ഥാനത്തെ വില്ലേജുകളിലെ വർദ്ധിച്ച ജനസംഖ്യയും ഭൂപ്രകൃതിയും പരിഗണിച്ച് അടിയന്തര പ്രാധാന്യം നൽകി വിഭജന നടപടികൾ തുടർന്നുവന്നിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതി കണക്കി ലെടുത്ത് വില്ലേജ് വിഭജനം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല. പുതിയ വില്ലേജുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനവുമായി ബന്ധപ്പെട്ട നടപടികളിൽ തീരുമാനമാകുന്നമുറയ്ക്ക് മാത്രമേ പരിശോധിക്കുവാൻ കഴിയുകയുള്ളൂ.

എരുമേലി തെക്ക് വില്ലേജ് വിഭജനം

343 (953) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെതന്നെ ജനസംഖ്യകൊണ്ടും വിസ്തൃതി കൊണ്ടും വലിയ വില്ലേജും പഞ്ചാർ നിയോജകമണ്ഡലത്തിലുൾപ്പെടുന്നതുമായ എരുമേലി തെക്ക് വില്ലേജിനെ വിഭജിക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ?

ഇല്ല

(ബി) വളരെയധികം വിസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്ന പ്രസ്തുത വില്ലേജിൽ ഫീൽഡ് പരിശോധനയ്ക്കും അന്വേഷണങ്ങൾക്കും വളരെയധികം സമയം ആവശ്യമായി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) ജീവനക്കാരുടെ അധിക ജോലിഭാരവും വില്ലേജിന്റെ വിസ്തൃതിയും കണക്കിലെടുത്ത് വില്ലേജിനെ എരുമേലി, മുക്കൂട്ടുതറ എന്നിങ്ങനെ രണ്ട് വില്ലേജുകളായി വിഭജിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ വില്ലേജുകളിലെ വർദ്ധിച്ച ജനസംഖ്യയും ഭൂപ്രകൃതിയും പരിഗണിച്ച് അടിയന്തര പ്രാധാന്യം നൽകി വിഭജന നടപടികൾ തുടർന്നുവന്നിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് വില്ലേജ് വിഭജനം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല. പുതിയ വില്ലേജുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനവുമായി ബന്ധപ്പെട്ട നടപടികളിൽ തീരുമാനമാകുന്നമുറയ്ക്ക് മാത്രമേ പരിശോധിക്കുവാൻ കഴിയുകയുള്ളൂ.

അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടിക്രമം

344 (954) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടിക്രമം എന്താണെന്ന് വിശദമാക്കാമോ?

ലാൻഡ് റവന്യൂ മാന്വൽ, വാല്യം 6-ന്റെ 236-ാം ഖണ്ഡികയിലെ നിർദ്ദേശങ്ങൾക്കനുസൃതമായാണ് സംസ്ഥാനത്ത് അവകാശ സർട്ടിഫിക്കറ്റ് നൽകിവരുന്നത്. അനന്തരാവകാശികളെ നിർണ്ണയിക്കുന്നതിലേയ്ക്കായി അപേക്ഷ ലഭിച്ചാൽ വില്ലേജ് ഓഫീസർ അതുസംബന്ധിച്ച് പ്രാദേശികാന്വേഷണം നടത്തുന്നു. പ്രായപൂർത്തിയായ രണ്ടിൽ കുറയാതെയുള്ള അയൽ സാക്ഷികളിൽനിന്നും അവകാശികളെ സംബന്ധിച്ച വിവരങ്ങളുൾക്കൊള്ളിച്ചിട്ടുള്ള മൊഴി, അപേക്ഷകന്റെ സത്യവാങ്മൂലം, അവകാശികളുടെ മൊഴി, മരണസർട്ടിഫിക്കറ്റ്, അപേക്ഷകൻ ഹാജരാക്കിയിട്ടുള്ള മറ്റുരേഖകൾ എന്നിവ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി വിശദമായ റിപ്പോർട്ടുസഹിതം വില്ലേജ് ആഫീസർ തഹസിൽദാർക്ക് സമർപ്പിക്കുന്നു. തുടർന്ന് തഹസിൽദാർ കേരള ഗസറ്റിൽ പരസ്യപ്പെടുത്തി 30 ദിവസത്തിനുള്ളിൽ ആക്ഷേപമൊന്നും ലഭിക്കാത്ത സാഹചര്യത്തിൽ സാക്ഷ്യപത്രം തയ്യാറാക്കി അപേക്ഷകന് നൽകുന്നതാണ് നിലവിലെ നടപടിക്രമം.

(ബി) ഗസറ്റ് നോട്ടിഫിക്കേഷൻ വരാൻ വൈകുന്നതുകാരണം യഥാസമയം അവകാശികൾക്ക് സർട്ടിഫിക്കറ്റ് ലഭിക്കാൻ കാലതാമസം വരുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കോവിഡ്-19 മഹാമാരിക്കുശേഷം മരണസംഖ്യ കൂടുകയും ഈ സർട്ടിഫിക്കറ്റിന് ആളുകൾ കൂടിവരികയും ചെയ്ത സാഹചര്യത്തിൽ അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിലെ നടപടികൾ ലഘൂകരിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ;

&

(ഡി) ഗസറ്റ് നോട്ടിഫിക്കേഷന് പകരം അവകാശികളുടെ പേര് പത്ര പരസ്യം ചെയ്ത് അവകാശ സർട്ടിഫിക്കറ്റ് നൽകുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഇക്കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

പട്ടയ ഭൂമിയിലെ മരങ്ങൾ മുറിക്കുന്നത് സംബന്ധിച്ച്

345 (955) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടയ ഭൂമിയിൽ കർഷകർ നട്ടുവളർത്തിയതും സ്വാഭാവികമായി കിളിർത്ത് വന്നതുമായ മരങ്ങൾ മുറിക്കുന്നതുസംബന്ധിച്ച് വ്യക്തത വരുത്താൻ റവന്യൂ വകുപ്പ് 11-3-2020-ന ഇറക്കിയ ഉത്തരവ്, വൺ എർത്ത് വൺ ലൈഫ് (one earth one life) സംഘടന നൽകിയ കേസിൽ കേരള ഹൈക്കോടതി സ്റ്റേ ചെയ്തിരുന്നോ?

വൺ എർത്ത് വൺ ലൈഫ് (one earth one life) എന്ന സംഘടന ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C) 13678/2020 നമ്പർ കേസിലെ 8-7-2020-ലെയും 21-8-2020-ലെയും ഇടക്കാല വിധികളിൽ 11-3-2020-ലെ യു3/187/2019/റവന്യൂ നമ്പർ സർക്കുലർ സ്റ്റേ ചെയ്തിട്ടുണ്ട്.

പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിലെ വൻകിട എസ്റ്റേറ്റുകൾ

346 (956) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ പെരിങ്ങമ്മല ഗ്രാമ പഞ്ചായത്തിൽ നിലവിലുള്ള വൻകിട എസ്റ്റേറ്റുകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

പെരിങ്ങമ്മല വില്ലേജ് പരിധിയിൽ ഉൾപ്പെട്ടവ :

1. ബ്രൈമൂർ എസ്റ്റേറ്റ്

2. വുഡ് ലാൻഡ് എസ്റ്റേറ്റ്

തെന്നൂർ വില്ലേജ് പരിധിയിൽ ഉൾപ്പെട്ടവ:

1. ഇൻവർകാട് എസ്റ്റേറ്റ്

2. പൊന്മുടി എസ്റ്റേറ്റ്

3. മെർക്കിൻസ്റ്റൺ എസ്റ്റേറ്റ്

4. പുതുക്കാട് എസ്റ്റേറ്റ്.

(ബി) പ്രസ്തുത എസ്റ്റേറ്റുകളുടെ ഭൂമിയുടെ ഉടമസ്ഥാവകാശം ആർക്കാണെന്ന് അറിയിക്കാമോ?

സ്വാതന്ത്ര്യത്തിനുമുമ്പ് വിദേശ കമ്പനികളും പൗരന്മാരും കൈവശം വച്ചിരുന്ന ഭൂമിയിന്മേൽ സർക്കാർ ഉടമസ്ഥത സ്ഥാപിക്കുന്നതിന് 6-6-2019-ലെ ജി.ഒ (എംഎസ്.) 172/2019/റവന്യൂ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സിവിൽ കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നിർദ്ദേശം ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. തോട്ടം തണ്ടപ്പേർ രജിസ്റ്റർ പ്രകാരം ഭൂമി നിലവിൽ കൈവശംവച്ചുവരുന്നവരുടെ വിവരം താഴെക്കൊടുക്കുന്നു :

ബ്രൈമൂർ എസ്റ്റേറ്റ്	ദി ബ്രൈമൂർ എസ്റ്റേറ്റ് ലിമിറ്റഡ്, പട്ടം, പ്ലാമൂട്, തിരുവനന്തപുരം എന്ന പേരിൽ
(1)	(2)
വുഡ് ലാൻഡ് എസ്റ്റേറ്റ്	വർദ്ധിനി പ്ലാന്റേഷൻ, പട്ടം പാലസ് പി.ഒ., എന്ന പേരിൽ
ഇൻവർകാട് എസ്റ്റേറ്റ്	കുളത്തുപ്പുഴ എ.പി. നൈനാൻ സൺസ് കമ്പനി മാനേജിംഗ് പാർട്ണർ, അഞ്ചൽ എന്ന പേരിൽ
മെർക്കിൻസ്റ്റൺ എസ്റ്റേറ്റ്	സേവി മനോ മാത്യു, S/o ജോൺ മാത്യു ഡയറക്ടർ M/s. സതേൺ ഫീൽഡ് വെഞ്ചേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് പേരിൽ
പൊന്മുടി എസ്റ്റേറ്റ്	1. തിരുവനന്തപുരം കവടിയാർ ജവഹർ നഗർ താമസം ഈപ്പൻ മകൻ കര്യൻ ഇ. കുളത്തിൽ 2.എം. ചെട്ടിയപ്പൻ, ദേവി മഹാലക്ഷ്മി,അഡയാർ ക്ലബ് റോഡ് മദ്രാസ്

	3.സാറാമ്മ ജോർജ്ജ് വലിയചാമക്കാല വീട്, കൊട്ടാരക്കര 4. അഴകപ്പ ചെട്ടിയാർ, കൊട്ടിയൂർ, രാമനാട്ട് എന്നിവർ പേരിൽ
പുതുക്കാട് എസ്റ്റേറ്റ്	യൂണിയൻ കാർഡമം പ്രൈവറ്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ വി.കെ. ഈപ്പൻ പേരിൽ

(സി) സർക്കാർ ഭൂമി ഏതെങ്കിലും വ്യവസ്ഥയിൽ കരാർ ചെയ്ത് നടത്തുന്ന എസ്റ്റേറ്റുകൾ ഇവിടെ നിലവിലുണ്ടോ; എങ്കിൽ അവ ഏതൊക്കെയെന്നും എന്ത് വ്യവസ്ഥയിന്മേലാണ് ഭൂമി നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

&

(ഡി) അപ്രകാരമുള്ള ഓരോ എസ്റ്റേറ്റുകളുടെയും വിസ്തൃതി എത്രയെന്ന് അറിയിക്കാമോ?

ഇല്ല; ബാധകമല്ല.

കോഴിക്കോട് ജില്ലയിലെ റീസർവ്വേ നടപടികൾ

347 (957) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിൽ റീസർവ്വേ നടപടികൾ പൂർത്തീകരിക്കാത്തതിനാൽ സർക്കാർ ഭൂമി കയ്യേറ്റമുൾപ്പെടെ (വനഭൂമി പുറമ്പോക്ക്) റിപ്പോർട്ട് ചെയ്യപ്പെടുകയും ആയതുമൂലം പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് നേരിടുകയും ചെയ്യുന്ന സാഹചര്യത്തിൽ റീസർവ്വേ പൂർത്തീകരിക്കുവാൻ എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കോഴിക്കോട് ജില്ലയിൽ കോഴിക്കോട്, വടകര, കൊയിലാണ്ടി, താമരശ്ശേരി എന്നീ താലൂക്കുകളിലായി ആകെയുള്ള 118 വില്ലേജുകളിൽ 14 വില്ലേജുകളുടെയും 4 ദേശങ്ങളുടെയും റീസർവ്വേ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കി 104 വില്ലേജുകളുടെയും 2 ദേശങ്ങളുടെയും റീസർവ്വേ ജോലികൾ ശേഷിക്കുന്നു. ഇതിൽ 2 വില്ലേജുകളുടെയും 2 ദേശങ്ങളുടെയും റീസർവ്വേ ജോലികൾ പുരോഗമിച്ചുവരുന്നു. സംസ്ഥാനത്തെ എല്ലാ വില്ലേജുകളുടെയും ഡിജിറ്റൽ ഭൂരേഖ തയ്യാറാക്കുക, ടി രേഖകൾ റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളിലെ ഭൂസംബന്ധമായ സേവനങ്ങളുമായി സംയോജിപ്പിച്ച് മാപ്പ് ഉൾപ്പെടെയുള്ള സേവനം ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ

ഇന്റഗ്രേഷൻ ഓഫ് ലാൻഡ് റിക്കാർഡ്സ് സർവ്വീസ് ഡെലിവറി എന്ന പ്രോജക്ട് ആവിഷ്കരിച്ചിട്ടുണ്ട്. സർവ്വേ ഉപകരണങ്ങളുടെ കുറവ് പരിഹരിക്കുന്നതിന് ആധുനിക സർവ്വേ സാങ്കേതികവിദ്യയായ Continuously Operating Reference Station (CORS) നെറ്റ്വർക്ക് സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനും Real-time kinematic positioning (RTK) ഉപകരണങ്ങളുടെ സഹായത്താൽ സർവ്വേ ജോലികൾ ത്വരിതപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നു. ടി സാങ്കേതിക വിദ്യയിൽ കൂടുതൽ പരിജ്ഞാനമുള്ള സർവ്വേ ഓഫ് ഇന്ത്യ മുഖേന ഇത് സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വകുപ്പിലെ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ലൈസൻസ്ഡ് സർവ്വേയറുടെകൂടി സേവനം വിനിയോഗിച്ച് സർവ്വേ ചെയ്യുന്നതിന് ലക്ഷ്യമിടുന്നതും പദ്ധതിക്കാവശ്യമായ തുക Rebuild Kerala Initiative (RKI)-ൽനിന്നും ലഭ്യമാക്കുന്നതിനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്. പ്രസ്തുത നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് കോഴിക്കോട് ജില്ലയിൽ ശേഷിക്കുന്ന വില്ലേജുകളുടെ റീസർവ്വേ ജോലികൾക്ക് മുൻഗണന നൽകി കൂടുതൽ കൃത്യതയോടും സമയബന്ധിതമായും റീസർവ്വേ പ്രവർത്തനം പൂർത്തിയാക്കുവാൻ സാധിക്കുന്നതാണ്.

1963-ലെ കേരള ഭൂപരിഷ്കരണ നിയമം

348 (958) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1963-ലെ കേരള ഭൂപരിഷ്കരണ നിയമങ്ങളും അനുബന്ധ ചട്ടങ്ങളും പ്രകാരം സർക്കാർ ഏറ്റെടുത്ത മിച്ചഭൂമിയുടെ കണക്ക് ലഭ്യമാക്കുമോ?

ക്രമ നമ്പർ	ജില്ല	ഏറ്റെടുത്ത മിച്ചഭൂമിയുടെ വിവരം (ഹെക്ടറിൽ)
(1)	(2)	(3)
1	തിരുവനന്തപുരം	503.5466
2	കൊല്ലം	763.5613
3	പത്തനംതിട്ട	95.3158
4	ആലപ്പുഴ	2185.1951

(1)	(2)	(3)
5	കോട്ടയം	1336.2606
6	ഇടുക്കി	2683.4141
7	എറണാകുളം	665.4086
8	തൃശ്ശൂർ	1662.6737
9	പാലക്കാട്	7940.8739
10	മലപ്പുറം	2050.3114
11	കോഴിക്കോട്	1464.05
12	വയനാട്	1603.6051
13	കണ്ണൂർ	8852.5318
14	കാസർഗോഡ്	6734.4249
	ആകെ	38541.1729

(ബി) പ്രസ്തുത വകുപ്പിലെ വ്യവസ്ഥപ്രകാരം വിതരണത്തിന് ലഭ്യമായ ഭൂമിയിൽ എത്ര ഹെക്ടർ കർഷകർക്കും അർഹതപ്പെട്ടവർക്കും നൽകിയിട്ടുണ്ട് എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ക്രമ നമ്പർ	ജില്ല	വിതരണം ചെയ്ത മിച്ചഭൂമിയുടെ വിവരം (ഹെക്ടറിൽ)
(1)	(2)	(3)
1	തിരുവനന്തപുരം	323.9503

(1)	(2)	(3)
2	കൊല്ലം	550.8424
3	പത്തനംതിട്ട	75.0721
4	ആലപ്പുഴ	1889.679
5	കോട്ടയം	873.9524
6	ഇടുക്കി	1394.6707
7	എറണാകുളം	427.9062
8	തൃശ്ശൂർ	1296.3970
9	പാലക്കാട്	5501.2652
10	മലപ്പുറം	1629.1814
11	കോഴിക്കോട്	358.688
12	വയനാട്	1195.4030
13	കണ്ണൂർ	8065.0234
14	കാസർഗോഡ്	4147.9640
ആകെ		27729.9951

(സി) ബാക്കിയുള്ള ഭൂമി അർഹതപ്പെട്ടവർക്ക് വിതരണം ചെയ്യുവാനുണ്ടാകുന്ന കാലതാമസം എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ; ഇതിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

ഏറ്റെടുത്ത മിച്ചഭൂമിയിൽ വിതരണത്തിന് യോഗ്യമായ ഭൂമി പരമാവധി അർഹതപ്പെട്ടവർക്ക് പതിച്ച് നൽകിയിട്ടുണ്ട്. ബാക്കിയുള്ള ഭൂമിയിൽ പൊതു ആവശ്യത്തിന് നീക്കിവച്ചതൊഴികെയുള്ളത് ഏറിയ പങ്കും കോടതി വ്യവഹാരം, അന്യകൈവശം, നിക്ഷിപ്ത വനഭൂമി, വെള്ളക്കെട്ട്, പാറമട മുതലായവമൂലം വാസയോഗ്യവും കൃഷിയോഗ്യവുമല്ലാത്തതിനാൽ പതിച്ച് നൽകുന്നതിന് നിലവിൽ സാധ്യമല്ലാത്തതാണ്. ടി ഭൂമികളിൽ പതിവിന് യോഗ്യമായ ഭൂമി പതിച്ചുനൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

വകുപ്പുകൾ തമ്മിൽ ഭൂമി കൈമാറാനുള്ള നടപടിക്രമങ്ങൾ

349 (959) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ഫണ്ട്, മറ്റ് സർക്കാർ ഫണ്ടുകൾ എന്നിവ വിനിയോഗിച്ച് നടത്തുന്ന വികസന പ്രവർത്തനങ്ങൾക്കായി ഒരു വകുപ്പിന് കീഴിലുള്ള ഭൂമി മറ്റൊരു വകുപ്പിന് കൈമാറാൻ സാധിക്കുമോ; ഇതിനായി സർക്കാർ ഉത്തരവ് ആവശ്യമുണ്ടോ?

സാധിക്കും. ഉണ്ട്. സർക്കാർ ഭൂമി ഏത് വകുപ്പിന്റേതായാലും അതിന്റെ ഉടമസ്ഥാവകാശവും സർക്കാർ ആവശ്യത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനോ കൈമാറുന്നതിനോ പാട്ടത്തിന് നൽകുന്നതിനോ പതിച്ചുനൽകുന്നതിനോ ഉള്ള അധികാരവും റവന്യൂ വകുപ്പിൽ മാത്രം നിക്ഷിപ്തമാണെന്ന് വ്യക്തമാക്കിക്കൊണ്ട് 2-4-2019-ലെ സ.ഉ. (കൈ) നമ്പർ 116/2019/റവന്യൂ നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത ഉത്തരവ് ലഭിക്കുന്നതിലേക്കായി ഭൂമി ആവശ്യപ്പെടുന്ന വകുപ്പ് അല്ലെങ്കിൽ വകുപ്പിന് കീഴിലെ ഓഫീസ് മേലധികാരികൾ നൽകേണ്ടുന്ന അപേക്ഷയോടൊപ്പം എന്തെല്ലാം രേഖകൾ ഹാജരാക്കണം; വിശദമാക്കാമോ?

ഏത് വകുപ്പിന്റെ കൈവശമാണോ ഭൂമിയുള്ളത് ആ വകുപ്പിന്റെ എൻ.ഒ.സി., മഹസ്സർ, സ്കെച്ച്, വില നിർണ്ണയ സ്റ്റേറ്റുമെന്റ്, അപേക്ഷ എന്നീ രേഖകൾ ഹാജരാക്കണം.

(സി) മേൽ ഭൂമി കൈമാറ്റങ്ങൾക്ക് അതത് വകുപ്പുകളുടെ സെക്രട്ടറിമാർ മുഖേനയാണോ അപേക്ഷ നൽകേണ്ടത്; വിശദമാക്കാമോ?

മേൽ ഭൂമി കൈമാറ്റങ്ങൾക്ക് അതത് വകുപ്പ് മേധാവി മുഖേനയാണ് അപേക്ഷ നൽകേണ്ടത്.

(ഡി) വികസന പ്രവർത്തനങ്ങൾക്കായി ഇത്തരം ഭൂമി കൈമാറ്റ നടപടികൾ ലഘൂകരിക്കാനും വേഗത്തിൽ നടപ്പാക്കാനും സർക്കാർ പുതിയ മാർഗ്ഗനിർദ്ദേശങ്ങ ടങ്ങിയ ഏതെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

വികസന ആവശ്യങ്ങൾ, ഭൂമി കൈമാറ്റത്തിനുള്ള കാലതാമസം എന്നിവ പരിഗണിച്ച് നഗരപ്രദേശങ്ങളിൽ 10 സെന്റ് വരെയും മുനിസിപ്പാലിറ്റിയിൽ 25 സെന്റ് വരെയും പഞ്ചായത്തിൽ 50 സെന്റ് വരെയുമുള്ള ഭൂമി സേവന വകുപ്പുകൾക്ക് തമ്മിൽ കൈമാറുന്നതിന് 5-6-2018-ലെ ജി.ഒ. (പി) നമ്പർ 31/18/റവന്യൂ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയിരിക്കുന്നു.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*. ടി ഉത്തരവിന്റെയും വിശദമായ വില നിർണ്ണയം ഒഴിവാക്കുന്നതിനുള്ള സർക്കാർ നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ ഭൂമി കൈമാറ്റ നടപടികൾ സ്വീകരിക്കുന്നതിന് 1-11-2018-ലെ LRK2-27511/17 നമ്പർ സർക്കുലർ പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

വനാതിർത്തിയിലുള്ള ഭൂമിയുടെ ഉടമസ്ഥാവകാശം

350 (960) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂരാച്ചുണ്ട്, പനങ്ങാട് പഞ്ചായത്തുകളിലെ വനാതിർത്തിയിൽ ഭൂമിയുള്ള കർഷകരുടെ ഉടമസ്ഥാവകാശം സംബന്ധിച്ച എല്ലാ പരാതികളും പരിശോധിച്ച് സർക്കാർ തീർപ്പാക്കിയിട്ടുണ്ടോ?

കോഴിക്കോട് ജില്ലയിലെ കൂരാച്ചുണ്ട്, പനങ്ങാട് വില്ലേജുകളിലെ ഭൂനികുതി പ്രശ്നം പരിഹരിക്കുന്നതിന് 3-8-2016, 21-3-2018 തീയതികളിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനത്തിന്റെ വെളിച്ചത്തിൽ വനം വകുപ്പുമായി തർക്കത്തിലുള്ള ഭൂമിയുടെ കൈവശക്കാർക്ക് ഭൂനികുതിയും മറ്റ് റവന്യൂ രേഖകളും നിബന്ധനകൾക്ക് വിധേയമായി അനുവദിക്കുന്നതിന് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ റവന്യൂ-വനം വകുപ്പുകൾ സംയുക്ത പരിശോധന നടത്തി കൈവശരേഖ അനുവദിക്കുകയും ഭൂനികുതി സ്വീകരിക്കുകയും ചെയ്തു. എന്നാൽ ടി ഭൂമി നിയമപരമായി വനഭൂമിയുടെ അവസ്ഥയിലാണെന്നും ആയത് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയോടുകൂടി മാത്രമേ നിയമപരമായി വനഭൂമി എന്ന അവസ്ഥയിൽനിന്നും ഒഴിവാക്കാൻ പറ്റൂ എന്നും അതിനുമുമ്പ് ഇത്തരം ഭൂമികൾക്ക് റവന്യൂ രേഖകൾ അനുവദിക്കരുതെന്നും കൂടാതെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 8-11-2018-ലെ WPC 4501/2018 നമ്പർ ഉത്തരവും അതിന്മേലുള്ള ഡിവിഷൻ ബഞ്ചിന്റെ WA 694/2019 ഉത്തരവും പ്രകാരം പ്രസ്തുത ഭൂമി വെസ്റ്റേൺ ഫോറസ്റ്റ് വിഭാഗത്തിൽ ഉൾപ്പെട്ടതിനാലും ടി ഭൂമി പതിച്ചുകൊടുക്കുന്നതിനുമുമ്പ് വ്യക്തത വരുത്തേണ്ടതാണെന്ന് വനം വകുപ്പ് അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പഞ്ചായത്തുകളിൽ കർഷകരുടെ പരാതിയിന്മേൽ വനം, റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന നടത്താൻ ബാക്കിയുണ്ടോ; ഉണ്ടെങ്കിൽ എത്ര കർഷകരുടെ പരാതിയിന്മേൽ എന്നറിയിക്കുമോ?

റവന്യൂ, വനം വകുപ്പുകളുടെ സംയുക്ത പരിശോധനയ്ക്ക് വിജ്ഞാപനമായവയൊന്നും പരിശോധന നടത്താൻ ബാക്കിയില്ല.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ആയത് സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അറിയിക്കാമോ?

ബാധകമല്ല.

റവന്യൂ വകുപ്പിൽനിന്നും ഉന്നത വിദ്യാഭ്യാസ വകുപ്പിന് ഭൂമി കൈമാറുന്ന നടപടിക്രമങ്ങൾ

351 (961) ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ നിയോജകമണ്ഡലത്തിലെ തോലന്നൂർ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി പതിനാല് ഏക്കർ ഭൂമി റവന്യൂ വകുപ്പിൽനിന്നും ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്ന നടപടിക്രമങ്ങളുടെ പുരോഗതി അറിയിക്കാമോ?

പാലക്കാട് ജില്ലയിൽ ആലത്തൂർ താലൂക്കിൽ കുത്തന്നൂർ 1 വില്ലേജിലുൾപ്പെട്ടതും ബ്ലോക്ക് നമ്പർ 10-ൽ റീസർവ്വേ നമ്പർ 209/2, 210 എന്നിവയിലായി ഉൾപ്പെട്ടു വരുന്നതുമായ 5.3052 ഹെക്ടർ ഭൂമി ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ് നിർമ്മിക്കുന്നതിന് ഉന്നത വിദ്യാഭ്യാസവകുപ്പിന് 23-2-2021-ലെ സ.ഉ.(കൈ)നമ്പർ 78/2021/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം അഡ്വാൻസ് പൊസഷൻ നൽകി ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഭൂമി ഉന്നതവിദ്യാഭ്യാസ വകുപ്പിന് കൈമാറി റിപ്പോർട്ട് ചെയ്യുന്നതിന് ആലത്തൂർ തഹസിൽദാർക്ക് പാലക്കാട് ജില്ലാ കളക്ടർ നിർദേശം നൽകിയിട്ടുള്ളതും ആയതിൻ പ്രകാരം നടപടി സ്വീകരിച്ചുവരുന്നതുമാണ്.

എൻ.ജി.ഒ. ക്വാർട്ടേഴ്സ് ഫ്ലാറ്റ് നിർമ്മാണം

352 (962) ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം ജില്ലാ ആസ്ഥാനത്ത് കോടതി സമുച്ചയം നിർമ്മിക്കുന്നതിന് എൻ.ജി.ഒ. ക്വാർട്ടേഴ്സ് വക സർക്കാർ ഭൂമി വിട്ടുനൽകിയിട്ടുള്ള സാഹചര്യത്തിൽ എൻ.ജി.ഒ. ക്വാർട്ടേഴ്സിലെ താമസക്കാരായിരുന്ന ജീവനക്കാരുടെ പുനരധിവാസത്തിനായി ഫ്ലാറ്റ് നിർമ്മിക്കുന്നതിനുള്ള പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനായി നടപടി സ്വീകരിച്ചു വരുന്നുണ്ടോ; ഇതിനായി തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കൊല്ലം എൻ.ജി.ഒ. ക്വാർട്ടേഴ്സ് ഫ്ലാറ്റ് നിർമ്മാണത്തിനായി 4216-01-106-98 ശീർഷകത്തിൽ 2302.10 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

കടൽക്ഷോഭത്തെത്തുടർന്ന് വീട് നഷ്ടപ്പെട്ടവരുടെ പുനരധിവാസം

353 (963) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽക്ഷോഭത്തെ തുടർന്ന് വീട് നഷ്ടപ്പെട്ട അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ ആലപ്പുഴ നഗരസഭയിലുൾപ്പെട്ടവർക്ക് നഗരസഭ പുനരധിവാസത്തിനായി സ്ഥലം വാങ്ങിനൽകുകയും സർക്കാരിന്റെ വിവിധ പദ്ധതികളിലുൾപ്പെടുത്തി വീടുകൾ നൽകുകയും ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. കടൽക്ഷോഭത്തെ തുടർന്ന് വീട് നഷ്ടപ്പെട്ടവരുടെ പുനരധിവാസത്തിനായി ആലപ്പുഴ നഗരസഭ വാടയ്ക്കൽ, ഗുരുമന്ദിരം വാർഡുകളിലായി 1 ഏക്കർ 86 സെന്റ് സ്ഥലം വാങ്ങി 15-7-2003-ൽ കൈവശാവകാശ രേഖ നൽകിയിട്ടുണ്ട്. ഫിഷറീസ് വകുപ്പ് ആലപ്പുഴ ജില്ലയിൽ ആലപ്പുഴ നഗരസഭ പരിധിയിൽ 2017-2018 സാമ്പത്തിക വർഷം ഭൂരഹിത/ഭവനരഹിത പദ്ധതിയിൽ 3 ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങി ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. കൂടാതെ ഫിഷറീസ് വകുപ്പ് മുഖേന നടപ്പാക്കുന്ന 'പുനർഗേഹം' പദ്ധതി പ്രകാരം 16 ഗുണഭോക്താക്കൾക്കായി സ്ഥലം വാങ്ങി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. അതിൽ 7 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന്റെ ആദ്യ ഗഡു ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) 2000-ൽ സ്ഥലം ലഭിച്ചവർക്ക് നാളിതുവരെ പട്ടയം ലഭിച്ചിട്ടില്ലാത്തതിനാൽ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിക്ക് നൽകിയ അപേക്ഷയിന്മേൽ ഇതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

&

(സി) നഗരസഭ ഇതുമായി ബന്ധപ്പെട്ട നടപടി പൂർത്തീകരിച്ചിട്ടുള്ളതിനാൽ ഈ സർക്കാരിന്റെ നൂറുദിന പരിപാടിയിലുൾപ്പെടുത്തി പട്ടയ വിതരണം നടത്തുന്നതിന് അടിയന്തര നിർദ്ദേശം നൽകുമോ?

(ബി&സി) അമ്പലപ്പുഴ താലൂക്കിൽ ആലപ്പുഴ വെസ്റ്റ് വില്ലേജിൽ വാടയ്ക്കൽ ഫിഷറീസ് കോളനിയിൽ ഭൂമി എറ്റെടുത്ത് നൽകിയിട്ടുള്ള 59 കുടുംബങ്ങൾക്ക് പട്ടയം നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ലഭിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ ആലപ്പുഴ നഗരസഭാ സെക്രട്ടറിയോടും ആലപ്പുഴ വെസ്റ്റ് വില്ലേജ് ആഫീസറോടും ബന്ധപ്പെട്ട കക്ഷികളിൽ നിന്നുള്ള അപേക്ഷ സഹിതം റിപ്പോർട്ട് ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്നമുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

ജലപാത പദ്ധതി

354 (964) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലപാത പദ്ധതിയുടെ വികസന നടപടികളുടെ ഭാഗമായി പദ്ധതി പ്രദേശം നവീകരിക്കുമ്പോൾ പ്രസ്തുത പ്രദേശങ്ങളിൽ താമസിച്ചുവരുന്നവരെ പുനരധിവസിപ്പിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലാ ജലപാത പദ്ധതിയുടെ ഭാഗമായി പാർവ്വതി പുത്തനാറിന്റെ ഇരുകരകളിലുമുള്ളവരെ പുനരധിവസിപ്പിക്കുന്നതിനായി ഭൂമി കണ്ടെത്തുന്ന നടപടി സ്വീകരിച്ചുവരുന്നു.

(ബി) വർക്കല നിയോജകമണ്ഡലത്തിലുൾപ്പെടുന്ന എത്ര പേർക്ക് പുനരധിവാസ സഹായങ്ങൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ടി.എസ്. കനാൽ നവീകരണത്തിന്റെ ഭാഗമായി ഡ്രഡ്ജിംഗ് നടക്കുമ്പോൾ അപകടാവസ്ഥയിലുള്ള കുടുംബങ്ങളെ അടിയന്തരമായി മാറ്റി പാർപ്പിക്കേണ്ടതിനാൽ പുനർഗേഹം പദ്ധതിയിലുൾപ്പെടുത്തി 76 കുടുംബങ്ങൾക്ക് പുനരധിവാസ സഹായങ്ങൾ അനുവദിച്ചിട്ടുണ്ട്.

(സി) വർക്കല നിയോജകമണ്ഡലത്തിലെ പുനരധിവാസത്തിന് എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്നും ആയതുസംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടിയും വിശദമാക്കാമോ?

16-3-2020-ലെ സ.ഉ. (ആർ.റ്റി.) നമ്പർ 07/2020/CSIND പ്രകാരം 60 കുടുംബങ്ങൾക്ക് 600 ലക്ഷം (6 കോടി) രൂപയുടെ ഭരണാനുമതിയും 7-1-2021-ലെ സ.ഉ. (ആർ.റ്റി.) നമ്പർ 12/2021/CSIND പ്രകാരം 16 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി 160 ലക്ഷം (1.6 കോടി) രൂപയുടെയും ഭരണാനുമതിയും ലഭിച്ചു. 41 പേരുടെ വസ്തു രജിസ്ട്രേഷൻ പൂർത്തീകരിച്ചു. ആയത് പ്രകാരം 1,65,38,565 രൂപ ചെലവഴിച്ചു. കൂടാതെ ഭവന നിർമ്മാണത്തിന് 27 പേർക്ക് ഒന്നാം ഗഡുവും 3 പേർക്ക് രണ്ടാം ഗഡുവും അനുവദിച്ച വക 72,11,672 രൂപ ചെലവഴിച്ചു. മേൽപ്രകാരം ആകെ 2,37,50,237 രൂപ ചെലവഴിച്ചു.

2019-ലെ പ്രളയ നഷ്ടപരിഹാരം

355 (965) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയത്തിൽ വെള്ളം കയറിയതിനാൽ വീട് ഒഴിഞ്ഞു പോകേണ്ടിവന്ന അർഹതപ്പെട്ട ഒട്ടേറെപേർക്ക് സർക്കാർ പ്രഖ്യാപിച്ച ധനസഹായം ലഭിച്ചിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കോഴിക്കോട് താലൂക്കിൽ ഡാറ്റ എൻടി ചെയ്തതിൽ വിട്ടുപോയ എത്ര പേർക്കാണ് ഇനിയും ആനുകൂല്യം ലഭിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ?

2557 പേർക്ക് ആനുകൂല്യം ലഭ്യമാക്കാനുണ്ട്.

(സി) വില്ലേജ് ഓഫീസ് മുഖേന തയ്യാറാക്കിയ ലിസ്റ്റിലുൾപ്പെട്ടിട്ടും ആനുകൂല്യം ലഭ്യമാകാത്തവർക്ക് ധനസഹായം നൽകാൻ നടപടി സ്വീകരിക്കുമോ; പ്രസ്തുത തുക എപ്പോൾ വിതരണം ചെയ്യുമെന്ന് വിശദമാക്കാമോ?

2019-ലെ പ്രളയത്തിൽ ദുരിതബാധിതരായി ക്യാമ്പിൽ കഴിഞ്ഞവരുടെ വിവരങ്ങൾ സോഫ്റ്റ്വെയറിൽ അപ്ലോഡ് ചെയ്യപ്പെട്ടിട്ടുള്ളതും ക്രഡിറ്റ് ലിസ്റ്റിലോ റിജക്ടഡ് ലിസ്റ്റിലോ ഉൾപ്പെടാത്തതും എന്നാൽ ധനസഹായത്തിന് അർഹതയുള്ളതുമായ കോഴിക്കോട് ജില്ലയിലെ 2557 പേരുൾപ്പെടെ ആകെ 3504 പേരുടെ പട്ടിക ലഭ്യമായിട്ടുണ്ട്. ഇവർക്ക് ധനസഹായം നൽകുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു.

ഭവന സമുച്ചയ നിർമ്മാണം

356 (966) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി ടൗണിൽ ഹൗസിംഗ് ബോർഡിന്റെ കൈവശമുള്ള ഭൂമിയിൽ ഭവന സമുച്ചയം നിർമ്മിക്കുന്നതിന് സർക്കാർ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ചങ്ങനാശ്ശേരി ടൗണിൽ ഹൗസിംഗ് ബോർഡിന്റെ കൈവശമുള്ള ഭൂമിയിൽ ഭവന സമുച്ചയം നിർമ്മിക്കുന്നതിന് 29-2-2016-ലെ G.O(Ms) No.17/2016/HSG നമ്പർ ഉത്തരവ് പ്രകാരം സർക്കാർ സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കുമോ; നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ?

ഡിമാന്റ് സർവ്വേ നടത്തിയപ്പോൾ മതിയായ ഉപഭോക്താക്കളെ ലഭ്യമാകാത്തതിനാൽ പ്രസ്തുത പദ്ധതി നടപ്പാക്കുവാൻ സാധിച്ചിട്ടില്ല.

ചങ്ങനാശ്ശേരി റവന്യൂ ടവർ

357 (967) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി റവന്യൂ ടവറിന്റെ ശോചനീയാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

&

(ബി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

ഉണ്ട്, ചങ്ങനാശ്ശേരി റവന്യൂ ടവറിന്റെ ശോചനീയാവസ്ഥ പരിഹരിക്കാൻ ചുവടെ കാണുന്ന അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് 19,94,331.41 രൂപയുടെ എസ്റ്റിമേറ്റ് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് തയ്യാറാക്കിയിട്ടുണ്ട്. അറ്റകുറ്റപ്പണികൾ ഉടൻതന്നെ ചെയ്യുന്നതാണ്.

1. റിപ്ലാസ്റ്ററിംഗ് ഓൺ റൂഫ് ടോപ്പ്
2. റിപ്പെയർ അറ്റ് ഷോപ്പ് ഏരിയ
3. ഫിക്സിംഗ് ഡക്ട് ഡോർ
4. പ്ലംബിംഗ് വർക്സ്.

ഉൾനാടൻ ജലവാഹനങ്ങൾ

358 (968) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യത്തിന് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉൾനാടൻ ജലവാഹനങ്ങളിൽ ഉൾനാടൻ യാന നിയമപ്രകാരമുള്ള പരിശോധനകൾ യഥാസമയം നടക്കുന്നുണ്ടോ; ഇത്തരം ജലവാഹനങ്ങളുടെ പ്രവർത്തനക്ഷമതയും സുരക്ഷയും ഉറപ്പാക്കുന്നതിന് വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉണ്ട്. 2010-ലെ ഉൾനാടൻ ജലഗതാഗത നിയമമനുസരിച്ച് കൃത്യമായ പരിശോധന നടത്തി മാത്രമാണ് ജലയാനങ്ങൾക്ക് സർവ്വീസ് നടത്തുന്നതിനുള്ള അനുമതി നൽകുന്നത്. ഇതുകൂടാതെ വാർഷിക സർവ്വേ, മൂന്നുവർഷം കൂടുമ്പോൾ ഡോക്കിംഗ് സർവ്വേ എന്നിവയും നടത്തിവരുന്നുണ്ട്. നിയമാനുസൃതം ലൈസൻസുള്ള ആവശ്യമായ ജീവനക്കാർ, ഫയർ ഫൈറ്റിംഗ് ഉപകരണങ്ങൾ, പൊല്യൂഷൻ സർട്ടിഫിക്കറ്റ് എന്നിവയുണ്ടെങ്കിൽ മാത്രമേ വാർഷിക സർവ്വേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ. കൂടാതെ ജലയാനങ്ങളിൽ സർപ്രൈസ് ഇൻസ്പെക്ഷൻ നടത്തി നിയമലംഘനം കണ്ടെത്തുന്ന ബോട്ടുകൾക്ക് നിയമാനുസൃതമായ പിഴയും ഈടാക്കിവരുന്നുണ്ട്.

വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണ പ്രവൃത്തികൾ

359(969) ശ്രീ. എം. വിൻസെന്റ്:

ശ്രീ. അൻവർ സാദത്ത്:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ നിർമ്മാണത്തിന് ആവശ്യമായ പാറയുടെ അഭാവത്തിൽ നിർത്തിവച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ?

വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നിർമ്മാണത്തിനാവശ്യമായ പാറയുടെ അഭാവത്തിൽ പുലിമുട്ട് നിർമ്മാണം നിർത്തിവയ്ക്കുകയുണ്ടായി. എന്നാൽ ടി കാലയളവിൽ മറ്റ് നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചിട്ടുണ്ട്.

(ബി) എങ്കിൽ പാറ ലഭ്യമാക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

നിർമ്മാണത്തിനാവശ്യമായ പാറ ലഭിക്കുന്നതിനായി അദാനി കമ്പനി നേരിട്ടും പങ്കാളികൾ മുഖേനയും ക്വാറികൾക്ക് അനുമതി തേടിയിട്ടുണ്ട്. എന്നാൽ, 2020 ജൂലൈ മാസത്തിൽ ബഹുമാനപ്പെട്ട എൻ.ജി.റ്റി. പുറപ്പെടുവിച്ച 200 മീറ്റർ ദൂരപരിധി സംബന്ധിച്ച ഉത്തരവുമൂലം അദാനി കമ്പനി സമർപ്പിച്ച പത്തോളം ക്വാറികളുടെ അനുമതിക്കുള്ള അപേക്ഷകളിന്മേൽ തീരുമാനം വൈകുന്നതാണ് പാറ ലഭ്യമാക്കുന്നതിൽ നേരിടുന്ന നിലവിലെ തടസ്സം.

(സി) പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള ആസൂത്രണത്തിൽ പാളിച്ച സംഭവിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുമോ?

പദ്ധതിക്കാവശ്യമായ പാറ കണ്ടെത്തേണ്ടത് കരാർ കമ്പനിയായ അദാനി കമ്പനിയുടെ (AVPPL) ഉത്തരവാദിത്വമായാണ് കൺസെഷൻ കരാറിൽ നിഷ്കർഷിച്ചിട്ടുള്ളത്. പദ്ധതിക്കായുള്ള പാറയുടെ ഭീമമായ ആവശ്യകത കണക്കിലെടുത്തും നിലവിലുള്ള ക്വാറികളിൽനിന്നും പദ്ധതിക്കാവശ്യമാകുംവിധം പാറ ലഭിക്കുവാൻ പ്രയാസമാണെന്നത് കണക്കിലെടുത്തും തുറമുഖ നിർമ്മാണ പ്രവൃത്തികളാരംഭിക്കുന്നതിന് മുന്നോടിയായി പദ്ധതിക്കുവേണ്ടി മാത്രമായിട്ടുള്ള 'dedicated' ക്വാറികൾ കരാർ കമ്പനി സ്ഥാപിക്കണമെന്നും ഇതിനാവശ്യമായ അനുമതികൾ നേടിയെടുക്കണമെന്നും കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പാറയുടെ ലഭ്യതക്കുറവ് പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് തടസ്സമായിട്ടുണ്ട്.

(ഡി) 2019 ഡിസംബർ 3-ന് ഒന്നാം ഘട്ടം പൂർത്തീകരിക്കേണ്ടതുണ്ടായിരുന്നോ; എങ്കിൽ പദ്ധതി നാളിതുവരെയായി പൂർത്തിയാകാത്ത സാഹചര്യത്തിൽ നിർമ്മാണത്തിന് ആവശ്യമായ പാറ ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

2015 ഡിസംബർ 5-ന് നിർമ്മാണമാരംഭിച്ച വിഴിഞ്ഞം തുറമുഖത്തിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ 2019 ഡിസംബർ 3-ന് പൂർത്തീകരിക്കേണ്ടതായിരുന്നു. പദ്ധതിക്കാവശ്യമായ പാറയുടെ ലഭ്യതക്കുറവ് പരിഗണിച്ച് അദാനി കമ്പനി 2018 ഏപ്രിൽ മാസം മുതൽ 'dedicated' ക്വാറികൾ സ്ഥാപിച്ച് പാറ കണ്ടെത്തുന്നതിനായുള്ള ശ്രമങ്ങൾ ആരംഭിക്കുകയുണ്ടായി. ടി ഘട്ടം മുതൽ കരാർ കമ്പനി, ക്വാറികൾ സ്ഥാപിക്കുന്നതിനായി വിവിധ വകുപ്പ്/ഏജൻസികളിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ ആവശ്യമായ അനുമതികൾ ലഭ്യമാക്കുന്നതിലേയ്ക്കായി സർക്കാർ വിവിധതലത്തിൽ അവലോകനയോഗങ്ങളും ആവശ്യമായ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. കൂടാതെ കേരളത്തിൽ മൂന്ന് ക്വാറികൾക്ക് അനുമതി നൽകിയിട്ടുണ്ട്. അയൽ സംസ്ഥാനത്തുനിന്നും അദാനി കമ്പനി പാറ സംഭരിച്ചുവരുന്നു. നാളിതുവരെ ഏകദേശം 25 ലക്ഷം മെട്രിക് ടൺ പാറ ശേഖരിച്ചിട്ടുണ്ട്. മൺസൂൺ സീസണിൽ പണി നടത്തുവാൻ സാങ്കേതിക തടസ്സമുള്ളതായി കമ്പനി അറിയിച്ചിട്ടുണ്ട്.

സഞ്ചാരത്തിലും ചരക്ക് കടത്തിലും തുറമുഖങ്ങളുടെ സാധ്യത

360 (970) ശ്രീ. എം. മുകേഷ്:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യാത്രക്കാരുടെ സഞ്ചാരത്തിനും ചരക്ക് കടത്തിനും സംസ്ഥാനത്തെ വൻകിടേതര തുറമുഖങ്ങളുടെ സാധ്യത വിനിയോഗിക്കാൻ മാരിടൈം ബോർഡ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളുടെ വികസനത്തിന്റെ ഭാഗമായി ബേപ്പൂർ, അഴീക്കൽ, കൊല്ലം, വിഴിഞ്ഞം തുറമുഖങ്ങളിൽ ചാനൽ, ബേസിൻ, വാർഫ്, റീച്ച് സ്റ്റാക്കർ, ക്രെയിനുകൾ, ടഗ്ഗുകൾ, വെയിംഗ് മെഷീൻ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കണ്ണൂർ, അഴീക്കലിൽ ആധുനിക നിലവാരത്തിലുള്ള ഒരു തുറമുഖം നിർമ്മിക്കുന്നതിന് ഒരു പ്രത്യേക കമ്പനി രൂപീകരിച്ച് സാങ്കേതിക സാധ്യതാപഠനം, വിശദമായ പദ്ധതി രേഖ, പാരിസ്ഥിതിക പഠനം

എന്നിവ പൂർത്തിയാക്കുന്നതിന് ടെക്നിക്കൽ കൺസൾട്ടൻസിയെ നിയമിച്ച് പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൊല്ലം തുറമുഖത്ത് മൾട്ടി പർപ്പസ് ബർത്തിന്റെ നീളം 105 മീറ്ററായി വർദ്ധിപ്പിച്ചു. കൊല്ലം, ബേപ്പൂർ തുറമുഖങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നതിന് ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. ബേപ്പൂർ, കൊല്ലം തുറമുഖങ്ങളിൽ റോഡ്/റെയിൽ കണക്ടിവിറ്റി സ്ഥാപിക്കുന്നതിന് Techno-Economic Feasibility Report (TEFR) / Detailed Project Report (DPR) തയ്യാറാക്കുന്നതിന് Indian Port Rail Corporation Ltd. (ഐ.പി.ആർ.സി.എൽ.) എന്ന കേന്ദ്ര ഏജൻസിയെ ചുമതലപ്പെടുത്തി നടപടി സ്വീകരിച്ചുവരുന്നു.

(ബി) കൊച്ചി കഴിഞ്ഞാൽ ചരക്ക് നീക്കം കൈകാര്യം ചെയ്യുന്നതിലും യാത്രക്കാരുടെ എണ്ണത്തിലും മുന്നിലുള്ള ബേപ്പൂർ തുറമുഖത്തിന്റെ വികസനത്തിനായി നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

ബേപ്പൂർ തുറമുഖത്തെ തിരക്ക് ഒഴിവാക്കുന്നതിനായി നിലവിലുള്ള വാർഫിന്റെ പടിഞ്ഞാറുഭാഗത്തായി 150 മീറ്റർ നീളത്തിലും കിഴക്കുഭാഗത്ത് 200 മീറ്റർ നീളത്തിലുമുള്ള പുതിയ വാർഫുകൾ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ട്. ഇതിന് ചെന്നൈ IIT പ്രാഥമിക പഠനം നടത്തിയിട്ടുണ്ട്. വലിയ കപ്പലുകൾ തുറമുഖത്ത് അടുപ്പിക്കുന്നതിനായി കപ്പൽ ചാനലിന്റെ ആഴം 6 മീറ്ററായി വർദ്ധിപ്പിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കി ധനകാര്യ, പ്ലാനിംഗ് വകുപ്പുകളുടെ അഭിപ്രായം തേടിയിട്ടുണ്ട്. കണ്ടെയ്നർ സൂക്ഷിക്കുന്നതിനും മറ്റുമായി പുതുതായി ഏറ്റെടുത്ത കോവിലകം ഭൂമിയിൽ ഗോഡൗണും, കണ്ടെയ്നർ സ്റ്റാക്കിംഗ് യാർഡും നിർമ്മിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

(സി) അന്താരാഷ്ട്ര കപ്പൽ ചാലിന്റെയും തലസ്ഥാന നഗരത്തിന്റെയും സാമീപ്യം നൽകുന്ന അവസരം പ്രയോജനപ്പെടുത്താനുതകുംവിധം വിഴിഞ്ഞം കാർഗോ തുറമുഖം വികസിപ്പിക്കാൻ നടപടിയെടുത്തിട്ടുണ്ടോ; ക്രൂ ചെയിഞ്ചിംഗിന് അനുമതി ലഭിച്ച സാഹചര്യം തുറമുഖ വികസനത്തിന് പ്രയോജനപ്പെടുത്തുവാൻ സാധ്യമായിട്ടുണ്ടോ എന്നറിയിക്കുമോ?

ഉണ്ട്. വിഴിഞ്ഞം തുറമുഖത്ത് നിലവിൽ ക്രൂ ചെയ്ഞ്ചിംഗ് പ്രവർത്തനം ഫലപ്രദമായി നടത്തിവരുന്നു. കഴിഞ്ഞ ഒരു വർഷമായി 350-ഓളം കപ്പലുകൾ ഇവിടെ ക്രൂ ചെയ്ഞ്ചിംഗ് നടത്തിയിട്ടുണ്ട്. ക്രൂ ചെയ്ഞ്ചിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചതിന്റെ ഭാഗമായി തുറമുഖത്ത് കസ്റ്റംസ്, എമിഗ്രേഷൻ, പോർട്ട്, ഹെൽത്ത് വിഭാഗങ്ങൾക്കായുള്ള ഫെസിലിറ്റേഷൻ സെന്ററിന്റെ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

അദാനി പോർട്ട്സുമായുള്ള കരാർ

361 (971) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം ഹാർബർ നിർമ്മാണത്തിനുള്ള പാറ ശേഖരിച്ച് കടൽമാർഗ്ഗം കൊണ്ടുപോകുന്നതിന് മുതലപ്പൊഴി തുറമുഖം ഉപയോഗപ്പെടുത്തുവാൻ അദാനി പോർട്ട്സുമായി കരാറിൽ ഏർപ്പെട്ടിരുന്നോ;

&

(ബി) എങ്കിൽ കരാറിന്റെ കാലാവധി എന്നുവരെയായിരുന്നുവെന്നും പ്രസ്തുത കരാർ പുതുക്കിയോ എന്നും അറിയിക്കുമോ; ഇല്ലെങ്കിൽ കരാർ പുതുക്കാതെ അദാനി പോർട്ട്സിന് പ്രവർത്തനങ്ങൾ തുടരാൻ കഴിയുന്നത് എങ്ങനെയെന്ന് അറിയിക്കുമോ?

(എ&ബി) ഉണ്ട്. അദാനി പോർട്ട്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമായി 10-4-2018-ൽ ധാരണാപത്രം ഒപ്പിട്ടിരുന്നു. ധാരണാപത്രത്തിന്റെ കാലാവധി 9-4-2021 വരെ (മൂന്ന് വർഷം) ആയിരുന്നു. തുടർന്ന് 8-4-2024 വരെ ധാരണാപത്രം പുതുക്കിയിട്ടുണ്ട്.

(സി) പാറ കൊണ്ടുപോകാനുള്ള ബാർജ്ജുകളുടെ പ്രവേശനത്തിനായി പരിസ്ഥിതി ആഘാത പഠനം നടത്താതെ ബ്രേക്ക് വാട്ടറിന്റെ തെക്ക് ഭാഗത്തുള്ള പുലിമുട്ട് അദാനി കമ്പനി പൊളിച്ചുനീക്കിയിട്ടുണ്ടോ; ഇതിന് പ്രസ്തുത കമ്പനിക്ക് അനുമതി നൽകിയിരുന്നോ; വ്യക്തമാക്കുമോ?

മെസ്സേഴ്സ് അദാനി പോർട്ട്സ് വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനാവശ്യമായ പാറ കൊണ്ടുപോകുന്നതിനായി മുതലപ്പൊഴിയിൽ ലോഡ് ഔട്ട് ഫെസിലിറ്റി നിർമ്മിക്കുന്നതിന്റെ ഭാഗമായി ധാരണാപത്രം പ്രകാരം തെക്കുഭാഗത്തെ പുലിമുട്ടിന്റെ ഒരു ഭാഗം പൊളിച്ച് മാറ്റിയിരുന്നു. ലോഡ് ഔട്ട് ഫെസിലിറ്റി നിർമ്മാണത്തിന് 12-6-2019-ൽ തീരദേശ പരിപാലന നിയമപ്രകാരം അനുമതി ലഭിച്ചിട്ടുണ്ട്.

(ഡി) കരാറിലെ വ്യവസ്ഥകൾ ലംഘിച്ച് നടത്തുന്ന പ്രവർത്തനങ്ങളിലൂടെ മുതലപ്പൊഴി തുറമുഖ പ്രദേശത്ത് ഉടലെടുത്തിരിക്കുന്നതായി പറയപ്പെടുന്ന പ്രതിസന്ധി പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ധാരണാപത്രത്തിലെ വ്യവസ്ഥകൾ ലംഘിച്ച് മുതലപ്പൊഴി തുറമുഖ പ്രദേശത്ത് യാതൊരു പ്രവർത്തനങ്ങളും നടക്കുന്നില്ല; മുതലപ്പൊഴിയിൽ ലോഡ് ഔട്ട് ഫെസിലിറ്റി നിർമ്മിക്കുന്നതിന് മുന്നോടിയായി മെസ്സേഴ്സ് അദാനി പോർട്ട്സ്,

ഹാർബർ മൗത്തിലും അപ്രോച്ച് ചാനലിലും കിടന്ന വലിയ പാറക്കല്ലുകൾ നീക്കം ചെയ്ത് ആഴം വർദ്ധിപ്പിക്കുകയാണുണ്ടായത്. വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന് ആവശ്യമായ കല്ല് മുതലപ്പൊഴി മത്സ്യബന്ധന തുറമുഖംവഴി കൊണ്ടുപോകുന്നതിനുള്ള ലോഡ് ഔട്ട് ഫെസിലിറ്റി നിർമ്മിക്കുന്നതിനും ടി പ്രവൃത്തികൾക്കായി മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം ഉപയോഗിക്കുന്ന കാലയളവിൽ തുറമുഖത്തിന്റെ അപ്രോച്ച് ചാനൽ, മൗത്ത്, ബേസിൻ, എന്നിവിടങ്ങളിൽ ആവശ്യമായ ആഴം നിലനിർത്തുന്നതിനും ധാരണാപത്രത്തിൽ വ്യവസ്ഥ ചെയ്യുന്നു. മുതലപ്പൊഴി തുറമുഖത്തിലെയും അഴിമുഖത്തെയും പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് chennai നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ തെക്കേ പുലിമുട്ടിന്റെ ഭാഗത്ത് അടിഞ്ഞുകൂടുന്ന മണ്ണ്, തീരശോഷണം നടക്കുന്ന വടക്ക് ഭാഗത്ത്, സാൻഡ് ബൈപ്പാസിംഗ് ചെയ്യുന്നതിനുള്ള പരിസ്ഥിതി ആഘാതപഠനം നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

തീരദേശ ചരക്ക് കപ്പൽ ഗതാഗതം

362 (972) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. വി. ജോയി:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് തീരദേശ ചരക്ക് കപ്പൽ ഗതാഗതം ആരംഭിക്കുന്നതിനായുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ?

തീരദേശ കപ്പൽ ചരക്ക് നീക്കത്തിന്റെ ഭാഗമായി കൊച്ചി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് 30-6-2021 മുതൽ 19-7-2021 വരെ മൂന്ന് സർവ്വീസുകൾ നടത്തിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ കൊല്ലം തുറമുഖത്തെക്കൂടി ബന്ധിപ്പിച്ചുകൊണ്ട് കപ്പൽ സർവ്വീസ് നീട്ടുന്നതിനായുള്ള നടപടി പുരോഗമിക്കുന്നു. കൂടാതെ തൂത്തുക്കുടി തുറമുഖവുമായി ബന്ധപ്പെടുത്തി ചരക്കു ഗതാഗതം ആരംഭിക്കുന്നതിനായി ഫ്രോണ്ടിയർ എന്ന ഷിപ്പിംഗ് കമ്പനി മുന്നോട്ടു വന്നിട്ടുണ്ട്. ഈ വിഷയത്തിൽ ചർച്ചകൾ പുരോഗമിക്കുന്നു. കൊല്ലം തുറമുഖത്ത് തീരദേശ കപ്പൽ ഗതാഗതം പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി KMML, FCI, Cashew Board, Tiles and Sanitaryware Dealers Association ഭാരവാഹികൾ, വിവിധ ഷിപ്പിംഗ് കമ്പനികൾ തുടങ്ങിയവരുമായി ബഹുമാനപ്പെട്ട തുറമുഖ വകുപ്പുമന്ത്രി 29-6-2021-ൽ ചർച്ചകൾ നടത്തുകയുണ്ടായി. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കൊച്ചി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളെ ബന്ധിപ്പിക്കുന്ന ചരക്ക് കപ്പൽ സർവ്വീസ് പുനരാരംഭിക്കാൻ കഴിഞ്ഞത് സംസ്ഥാനത്തിന്റെ വാണിജ്യ-വ്യവസായ മുന്നേറ്റത്തിന് കരുത്തുപകരാനിടയാക്കുമെന്ന് കരുതുന്നുണ്ടോ?

ഉണ്ട്.

(സി) പ്രസ്തുത സർവ്വീസിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

കൊച്ചി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള തീരദേശ കപ്പൽ ചരക്കുഗതാഗതം പുനരാരംഭിച്ചതിന്റെ ഭാഗമായി മൂന്ന് സർവ്വീസുകൾ നടത്തിയിട്ടുണ്ട്.

(ഡി) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള ചെറുകിട തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് തീരദേശ ചരക്ക് കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വിഴിഞ്ഞത്ത് ഇപ്പോൾ നിലവിലുള്ള തുറമുഖത്ത് കണ്ടെയ്നർ കൈകാര്യം ചെയ്യുന്നതിനുള്ള സൗകര്യമില്ലാത്തതിനാൽ ബ്രേക്ക് ബൾക്ക് കാർഗോ മാത്രമേ കൈകാര്യം ചെയ്യുന്നുള്ളൂ. കൊച്ചിയിൽനിന്നും ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള കപ്പൽ സർവ്വീസാണ് ഇതിനകം ആരംഭിച്ചിട്ടുള്ളത്. ഇത് കൊല്ലത്തേക്ക് നീട്ടുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കാസർഗോഡ് തുറമുഖത്ത് കണ്ടെയ്നർ സർവ്വീസ് നടത്തുന്നതിനുള്ള സൗകര്യങ്ങളേർപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

ആലപ്പുഴ തുറമുഖ വികസനം

363 (973) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ തുറമുഖത്തിന്റെ വികസനത്തിനായി 2020-21 വർഷത്തെ ബഡ്ജറ്റിൽ എത്ര രൂപ അനുവദിച്ചിരുന്നുവെന്നും അതിൽ എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

&

(ബി) ടി വിഷയത്തിനായി തുകയൊന്നും ചെലവഴിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ?

(എ&ബി) ആലപ്പുഴ തുറമുഖത്തിന്റെ വികസനത്തിനായി 2020-21 വർഷം പത്ത് കോടി രൂപ അനുവദിക്കുകയും ആയതിൽ 87,65,797 രൂപ (എൺപത്തിയേഴ് ലക്ഷത്തി അറുപത്തി അയ്യായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റിയേഴ് രൂപ മാത്രം) ചെലവഴിച്ചിട്ടുമുണ്ട്.

കടൽമാർഗ്ഗമുള്ള ചരക്ക് ഗതാഗതം

364 (974) ശ്രീ. കെ. ബാബു (തൃപ്പുണിത്തുറ): താഴെക്കാണുന്ന ചോദ്യത്തിന് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കടൽമാർഗ്ഗമുള്ള ചരക്ക് ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ആവശ്യത്തിനായി കപ്പലുകളുടെ സേവനം ഏതെല്ലാം രീതിയിൽ ലഭ്യമാക്കുവാൻ കഴിയുമെന്നാണ് വിലയിരുത്തുന്നത്; വിശദമാക്കുമോ?

ഉണ്ട്. സംസ്ഥാനത്തിന്റെ ചരക്കുകടത്തിന്റെ ഇരുപത് ശതമാനമെങ്കിലും കപ്പൽ മാർഗ്ഗമാക്കിയാൽ ദേശീയപാതയിലെ വാഹനത്തിരക്കും അപകടവും ഗണ്യമായി കുറയ്ക്കാനാകുമെന്നതിനാൽ ആയതിന് ഏറ്റവും അനുയോജ്യമായ ബദൽ സംവിധാനമെന്ന നിലയിൽ 2013-ൽ ആരംഭിച്ച തീരദേശ കപ്പൽ ഗതാഗത പദ്ധതി ഇടയ്ക്കവച്ച് തടസ്സപ്പെട്ട. നിലവിൽ കൊച്ചി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള തീരദേശ കപ്പൽ ചരക്കുഗതാഗതം പുനരാരംഭിച്ചിട്ടുണ്ട്. ഇത് കൊല്ലത്തേക്ക് നീട്ടുവാൻ നടപടി സ്വീകരിച്ചുവരുന്നു. കപ്പൽ മാർഗ്ഗമുള്ള ചരക്കുകടത്ത് കേരളത്തിൽ അത്രകണ്ട് വികസിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഈ മേഖലയെ പ്രോൽസാഹിപ്പിക്കുന്നതിനായി കപ്പൽ ഉടമകൾക്ക് അവർ കൈകാര്യം ചെയ്യുന്ന കാർഗോ, പാസഞ്ചർ എന്നിവ പരിഗണിച്ച് ഇൻസെന്റീവ് നൽകിവരുന്നു. ടി സ്കീം കൂടുതൽ ആകർഷകമാക്കുന്നതിലേയ്ക്കായി നാറ്റ്പാക് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ റോഡിലൂടെയുള്ള ചരക്കുകൂലിയുടെ 10% ഇൻസെന്റീവായി നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. 'റൗണ്ട് ദ കോസ്റ്റ്' എന്ന പേരിലുള്ള ഷിപ്പിംഗ് ലൈനാണ് ഇപ്പോൾ തീരദേശ കപ്പൽ സർവ്വീസ് നടത്തുന്നത്.

ലക്ഷദ്വീപിലേയ്ക്ക് ബേപ്പൂർ തുറമുഖം വഴിയുള്ള ചരക്ക് ഗതാഗതം

365 (975) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലക്ഷദ്വീപുമായി പതിറ്റാണ്ടുകളുടെ ബന്ധമുള്ള ബേപ്പൂർ തുറമുഖത്തെ ഒഴിവാക്കി ദ്വീപിലേയ്ക്കുള്ള ചരക്ക് ഗതാഗതം മംഗളൂരുവിലേയ്ക്ക് മാറ്റാനുള്ള കേന്ദ്ര സർക്കാർ നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബേപ്പൂർ തുറമുഖത്തെ ചരക്ക് ഗതാഗതത്തിൽനിന്നും ഒഴിവാക്കുന്നതിനുള്ള കാരണങ്ങൾ കേന്ദ്രസർക്കാർ അറിയിച്ചിരുന്നോ;

&

(സി) ചരക്കുനീക്കം ബേപ്പൂരിൽ നിലനിർത്തുന്നതിന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

(എ-സി) ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷൻ ബേപ്പൂർ തുറമുഖത്തുനിന്നും കപ്പലുകൾ മംഗലാപുരത്തേയ്ക്ക് മാറ്റുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ, ഇതുമായി ബന്ധപ്പെട്ട് ഔദ്യോഗികമായ അറിയിപ്പുകളൊന്നും ലഭിച്ചിട്ടില്ല. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരും തുറമുഖവകുപ്പും സാധ്യമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. കൂടാതെ ഇക്കാര്യത്തിൽ ലക്ഷദ്വീപ് ഭരണകൂടവുമായി ചർച്ച നടത്തുന്നതിനും സംസ്ഥാനത്തിന് അനുകൂലമായ തീരുമാനത്തിലെത്തിച്ചേരുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

വടകര നിയോജകമണ്ഡലത്തിലെ തുറമുഖ വകുപ്പിനുകീഴിലെ പ്രവൃത്തികൾ

366 (976) <u>ശ്രീമതി കെ. കെ. രമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് തുറമുഖ വകുപ്പിനു കീഴിൽ വടകര നിയോജകമണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശം നൽകുമോ?

മുൻസർക്കാരിന്റെ കാലത്ത് ആരംഭിച്ച വടകര പോർട്ട് ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് 5-11-2018-ൽ ഉദ്ഘാടനം നടത്തിയിട്ടുണ്ട്.

(ബി) ഈ പ്രവൃത്തികൾക്കായി ചെലവഴിച്ചിട്ടുള്ള ആകെ തുക എത്രയെന്ന് അറിയിക്കുമോ?

വടകര പോർട്ട് ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തിക്കായി 67,99,800 (അറുപത്തിയേഴ് ലക്ഷത്തി തൊണ്ണൂറ്റി ഒൻപതിനായിരത്തി എണ്ണൂറ് രൂപ മാത്രം) രൂപ ചെലവായിട്ടുണ്ട്.

(സി) വടകര നിയോജകമണ്ഡലത്തിൽ തുറമുഖ വകുപ്പിന് കീഴിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ ?

ക്വാർട്ടേഴ്സ് കോമ്പൗണ്ടിന് ചുറ്റുമതിൽ, ഓഫീസിന് ചുറ്റുമതിൽ എന്നീ പദ്ധതികളാണ് നിലവിൽ പരിഗണനയിലുള്ളത്.

(ഡി) വടകരയിലെ ചോമ്പാൽ ഹാർബറിൽ എന്തൊക്കെ പ്രവൃത്തികളാണ് ഇനി നടപ്പാക്കാനുദ്ദേശിക്കുന്നത്; ഹാർബർ നവീകരണത്തിനും വിപുലീകരണത്തിനും ഏതെങ്കിലും പദ്ധതികൾ നിലവിലുണ്ടോ?

ചോമ്പാൽ ഹാർബറിൽ തെക്കേ പുലിമുട്ടിലേക്ക് ഒരു പുതിയ റോഡ്, ഹാർബറിന്റെ വടക്കുഭാഗത്ത് ഒരു വല റിപ്പയറിംഗ് ഷെഡ്, നിലവിലുള്ള ലേലപ്പുരയുടെ വടക്കു ഭാഗത്ത് ഒരു പുതിയ ലേലപ്പുര, വടക്കേ പുലിമുട്ടിനോടു ചേർന്ന് ലോ ലെവൽ ജെട്ടി എന്നിവ നിർമ്മിക്കാനുദ്ദേശിക്കുന്നു. കൂടാതെ, മത്സ്യഫെഡ് മുഖേന ഹാർബറിൽ ഒരു മണ്ണെണ്ണ ബങ്കും നിർമ്മിക്കാനുദ്ദേശിക്കുന്നു. ചോമ്പാൽ ഹാർബർ പരമ്പരാഗത ചെറു വള്ളങ്ങളുപയോഗിച്ചുള്ള മത്സ്യബന്ധനത്തിനായി നിർമ്മിച്ച ചെറിയ ഹാർബറാണ്. ആയതിനാൽ ഹാർബർ നവീകരണത്തിനും വിപുലീകരണത്തിനുമായി മറ്റ് പദ്ധതികളൊന്നും നിലവിലില്ല.

(ഇ) ചോമ്പാൽ ഹാർബറിൽ നിലവിലുള്ള ഭൗതിക സൗകര്യങ്ങൾ ഉപയോഗ പ്പെടുത്തി എന്തൊക്കെ ആധുനിക സജ്ജീകരണങ്ങളാണ് ഇനി സ്ഥാപിക്കാൻ കഴിയുകയെന്ന് അറിയിക്കുമോ?

ചോമ്പാൽ ഹാർബറിൽ ഇനി സ്ഥാപിക്കാൻ കഴിയുന്ന സജ്ജീകരണങ്ങൾ താഴെകൊടുക്കുന്നു :

ഹാർബറിൽ മൊത്തമായും സി.സി.ടി.വി. സംവിധാനം, മത്സ്യം കേടുകൂടാതെ സൂക്ഷിക്കാൻ കോൾഡ് സ്റ്റോറേജ്, നിലവിലുള്ള ലേലപ്പുരകളുടെ മുൻവശത്ത് വള്ളങ്ങളിൽനിന്നും മത്സ്യമിറക്കുന്നതിനുള്ള റാമ്പ്.

അഴീക്കൽ തുറമുഖ നിർമ്മാണം

367 (977) ശ്രീ. സജീവ് ജോസഫ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ് ലിമിറ്റഡിന്റെ കീഴിൽ അഴീക്കലിൽ തുറമുഖം നിർമ്മിക്കുന്നതിനുള്ള ടെക്നോ ഇക്കണോമിക് സാദ്ധ്യതാ റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്.

(ബി) പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; ഏത് ഏജൻസിയെയാണ് ഇതിനായി ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കുമോ; കൺസൾട്ടൻസി ഫീസ് എത്രയെന്ന് അറിയിക്കുമോ?

M/s HOWE Engineering Projects India Private Limited എന്ന സ്ഥാപനം ഡി.പി.ആർ. തയ്യാറാക്കികൊണ്ടിരിക്കുന്നു. കൺസൾട്ടൻസി ഫീസ്: 3,23,32,260 (ജി.എസ്.ടി. ഉൾപ്പെടുത്തി) രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്.

(സി) സെസ്/വ്യവസായ പാർക്ക് നിർമ്മിക്കുന്നതിനായി പഠനം നടത്തുവാൻ ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനായി നിയോഗിച്ച ഏജൻസി ഏതെന്നും കൺസൾട്ടൻസി ഫീസ് ഇനത്തിൽ നല്കുന്ന തുക എത്രയെന്നും അറിയിക്കുമോ; ഈ പദ്ധതി സംബന്ധിച്ച് പാരിസ്ഥിതിക ആഘാത പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയാണ് പഠനം നടത്തിയതെന്ന് അറിയിക്കുമോ?

ഉണ്ട്. M/s. Tata Consulting Engineers-നെ 2,10,00,000 (ജി.എസ്.ടി ഉൾപ്പെടുത്താതെ) രൂപ കൺസൾട്ടൻസി ഫീസ് നിശ്ചയിച്ച് ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ പാരിസ്ഥിതിക ആഘാത പഠനം നടത്തേണ്ട ഘട്ടമെത്തിയിട്ടില്ല.

(ഡി) മേൽപ്പറഞ്ഞ ഏജൻസികൾക്ക് അതാത് മേഖലയിൽ പഠനം നടത്തുന്നതിനുള്ള അംഗീകാരമുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉണ്ട്. നിലവിലെ മാനദണ്ഡങ്ങളനുസരിച്ച് ഈ മേഖലയിൽ മുൻപരിചയവും യോഗ്യതയുമുള്ള വിദഗ്ധരുണ്ടെന്ന് ഉറപ്പുവരുത്തിയ ശേഷമാണ് ഫിനാൻഷ്യൽ ബിഡ് തുറന്ന് മേൽപ്പറഞ്ഞ ഏജൻസികൾക്ക് കോൺട്രാക്ട് നൽകിയിട്ടുള്ളത്.

(ഇ) പദ്ധതിയുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

സംസ്ഥാന സർക്കാരിന്റെ മുൻഗണനാ പദ്ധതികളിലുൾപ്പെടുത്തി പദ്ധതിയുടെ അവലോകനം സർക്കാർതലത്തിൽ നടത്തുന്നുണ്ട്. കൂടാതെ കമ്പനിതലത്തിലും കൺസൾട്ടന്റിന്റെ പ്രവർത്തന പുരോഗതി നിരന്തരം വിലയിരുത്തുകയും എല്ലാ റിപ്പോർട്ടിനും പല ഘട്ടങ്ങളിലായി കമ്പനിയുടെ ടെക്നിക്കൽ അഡ്വൈസറും മാനേജിംഗ് ഡയറക്ടറും ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരികയും ചെയ്യുന്നുണ്ട്.

സാഗർമാലാ പദ്ധതിയിലുൾപ്പെടുത്തുന്ന തുറമുഖങ്ങൾ

368 (978) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാഗർമാലാ പദ്ധതിയിലുൾപ്പെടുത്തി വികസിപ്പിക്കുന്നതിനായി ഏതൊക്കെ തുറമുഖങ്ങളാണ് കേന്ദ്ര സർക്കാരിലേയ്ക്ക് നിർദ്ദേശിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

അഴീക്കൽ, കൊല്ലം തുറമുഖങ്ങളുടെ വികസനമാണ് സാഗർമാലാ പദ്ധതിയിലുൾപ്പെടുത്തുന്നതിന് കേന്ദ്രസർക്കാരിലേക്ക് നിർദ്ദേശിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത നിർദ്ദേശത്തിന് അനുമതി ലഭിച്ചിട്ടുണ്ടോ; ആയതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

ഉണ്ട്. കൊല്ലം തുറമുഖത്തെ മൾട്ടി പർപ്പസ് പാസഞ്ചർ ടെർമിനലിന്റെ നിർമ്മാണം പൂർത്തിയാക്കി 27-10-2020-ൽ ഉദ്ഘാടനം നിർവ്വഹിച്ചിട്ടുണ്ട്. അഴീക്കൽ തുറമുഖ വികസനത്തിനുള്ള ഡി.പി.ആർ. തയ്യാറാക്കിവരികയാണ്.

ജലമാർഗ്ഗേന ചരക്കുഗതാഗതം

369 (979) ശ്രീ. പി. ടി. തോമസ്: താഴെക്കാണുന്ന ചോദ്യത്തിന് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റോഡ് മുഖാന്തരമുള്ള ചരക്കുഗതാഗതത്തേക്കാൾ ലാഭകരമായ ജലമാർഗ്ഗേനയുള്ള ചരക്കുഗതാഗതത്തിന് വേണ്ടത്ര പ്രാധാന്യം നൽകാത്തതിന്റെ കാരണം അറിയിക്കുമോ; ജലമാർഗ്ഗത്തിലൂടെയുള്ള ചരക്ക് ഗതാഗതം കാര്യക്ഷമമായി നടത്തുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

റോഡ് മുഖാന്തരമുള്ള ചരക്ക് ഗതാഗതത്തേക്കാൾ ലാഭകരമായ ജലമാർഗ്ഗേനയുള്ള ചരക്ക് ഗതാഗതത്തിന് പ്രാധാന്യം നൽകുന്നതിന്റെ ഭാഗമായാണ് തീരദേശ കപ്പൽ ചരക്ക് ഗതാഗത പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. ജലമാർഗ്ഗത്തിലൂടെയുള്ള ചരക്ക് ഗതാഗതം കാര്യക്ഷമമായി നടത്തുന്നതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. അഴീക്കൽ, ബേപ്പൂർ, കൊല്ലം തുടങ്ങിയ പ്രധാന ചെറുകിട തുറമുഖങ്ങളിൽ കണ്ടെയ്നർ സർവ്വീസ് നടത്തുന്നതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങളൊരുക്കിയിട്ടുണ്ട്.

2. കൊച്ചി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ കപ്പൽ ഗതാഗതം പുനരാരംഭിച്ചിട്ടുണ്ട്. ഈ സർവ്വീസ് കൊല്ലം തുറമുഖത്തേക്ക് നീട്ടുന്നതിനായുള്ള നടപടി പുരോഗമിച്ചുവരുന്നു.

3. തുത്തുക്കുടി തുറമുഖവുമായി ബന്ധപ്പെടുത്തി ചരക്കുഗതാഗതം ആരംഭിക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരുന്നു.

4. കൊല്ലം തുറമുഖത്ത് തീരദേശ കപ്പൽ ഗതാഗതം ആരംഭിക്കുന്നതിന്റെ ഭാഗമായി KMML, FCI, Cashew Board, Tiles & Sanitaryware Dealers Association ഭാരവാഹികൾ, വിവിധ ഷിപ്പിംഗ് കമ്പനികൾ തുടങ്ങിയവരുമായി ഉന്നതതല ചർച്ച നടന്നുവരുന്നു.

5. തീരദേശ കപ്പൽ ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനായി കപ്പൽ ഉടമകൾക്ക് അവർ കൈകാര്യം ചെയ്യുന്ന കാർഗോ, പാസഞ്ചർ എന്നിവ പരിഗണിച്ച് ഇൻസെന്റീവ് നൽകിവരുന്നു.

പയ്യന്നൂരിലെ ഗാന്ധി സ്മൃതി മ്യൂസിയം

370 (980) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂരിലെ ഗാന്ധിസ്മൃതി മ്യൂസിയത്തിന്റെ രണ്ടാംഘട്ട വികസനത്തിന്റെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ;

&

(സി) ഇല്ലെങ്കിൽ ഡി.പി.ആർ. തയ്യാറാക്കാനാവശ്യമായ സത്വര നടപടി സ്വീകരിക്കുമോ?

(എ-സി) സർക്കാർ നോഡൽ ഏജൻസിയായ ഇന്റഗ്രേറ്റീവ് മ്യൂസിയം ഓഫ് കൾച്ചറൽ ഹിസ്റ്ററി ഓഫ് കേരള (കേരള മ്യൂസിയം) പയ്യന്നൂരിലെ ഗാന്ധിസ്മൃതി മ്യൂസിയത്തിന്റെ രണ്ടാംഘട്ട വികസന പദ്ധതികളുടെ വിശദമായ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

ആലപ്പുഴ നിയോജകമണ്ഡലത്തിൽ മ്യൂസിയം വകുപ്പ് പദ്ധതികൾ

371 (981) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ദുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ മ്യൂസിയം വകുപ്പ് മുഖേന നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കുമോ;

&

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ നിലവിൽ മ്യൂസിയം വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികളെന്തെല്ലാം; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) മ്യൂസിയം വകുപ്പിന് കീഴിൽ ആലപ്പുഴ നിയോജകമണ്ഡലത്തിൽ ഇപ്പോൾ പദ്ധതികളൊന്നും നടപ്പാക്കുന്നില്ല.

മ്യൂസിയം വിപുലീകരണ പദ്ധതി

372 (982) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യത്തിന് ദുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ഈസ്റ്റ് ഹില്ലിലെ കൃഷ്ണമേനോൻ മ്യൂസിയം, പഴശ്ശിരാജ മ്യൂസിയം എന്നിവ വിപുലീകരിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കോഴിക്കോട് ഈസ്റ്റ് ഹില്ലിൽ പ്രവർത്തിക്കുന്ന ആർട്ട് ഗ്യാലറി & കൃഷ്ണമേനോൻ മ്യൂസിയം കെട്ടിടത്തിന്റെ നിലവിലുള്ള മേൽക്കൂരയിൽ സ്ഥാപിച്ചിട്ടുള്ള ഷീറ്റ് മാറ്റി മ്യൂസിയത്തിന്റെ തനത് പൈതൃക ശൈലിയിൽ പരമ്പരാഗതമായ ഓടുകൾ പാകി കെട്ടിടത്തിന്റെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനാവശ്യമായ ബലപ്പെടുത്തൽ അടക്കമുള്ള കൺസർവേഷൻ പ്രവൃത്തികൾ നടത്തുന്നതിന് Rs.76,94,010 രൂപയ്ക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് 19-7-2021-ൽ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. കഴിവതും വേഗം ടി മ്യൂസിയത്തിന്റെ സംരക്ഷണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. കൂടാതെ പ്രസ്തുത മ്യൂസിയത്തിൽ ആധുനിക രീതിയിൽ കാലഘട്ടത്തിനനുസരിച്ചുള്ള മാറ്റങ്ങളുൾക്കൊണ്ട് പ്രദർശന സംവിധാനം സജ്ജീകരിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിനായി സർക്കാർ നോഡൽ ഏജൻസിയായ M/s കേരള ചരിത്ര പൈതൃക മ്യൂസിയം മുഖേന നടപടി സ്വീകരിച്ചു വരുന്നു. ഇതിനുപുറമെ ഈ മ്യൂസിയത്തിന്റെ മുന്നിൽ മനോഹരമായ ബട്ടർഫ്ലൈ

ഗാർഡൻ സ്ഥാപിച്ചുവരുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ പുരാവസ്തുവകുപ്പ് കോഴിക്കോട് പഴശ്ശിരാജാ മ്യൂസിയത്തിന്റെ സമഗ്ര വികസന പ്രവൃത്തികൾ നടത്തിവരുന്നു. മേൽ പദ്ധതിയുടെ അടങ്കൽ 337.41 ലക്ഷം രൂപയാണ്. നാളിതുവരെ കേന്ദ്ര സർക്കാർ വിഹിതമായി 195.72 ലക്ഷം രൂപയും സംസ്ഥാന സർക്കാർ വിഹിതമായി 42.19 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. മ്യൂസിയം പുന:സജ്ജീകരണ പ്രവൃത്തികൾ സർക്കാർ നോഡൽ ഏജൻസിയായ ഇന്റാക്കീവ് മ്യൂസിയം ഓഫ് കൾച്ചറൽ ഹിസ്റ്ററി ഓഫ് കേരള (കേരള മ്യൂസിയം) വഴി നടന്നുവരുന്നു.

ചാലക്കുടി ട്രാംവേ റെയിൽ പൈതൃക മ്യൂസിയം

373(983) ശ്രീ. സന്നീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ ട്രാംവേ റെയിൽ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

ചാലക്കുടിയിൽ ട്രാംവേ റെയിൽ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നതിന് 29-9-2020-ലെ സ.ഉ.(സാധാ) നമ്പർ 374/2020/ സാം.കാ.വ. ഉത്തരവുപ്രകാരം ഒരു കോടി നാൽപ്പത്തിരണ്ടു ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികളിൽ മ്യൂസിയം സ്ഥാപിക്കുന്ന കെട്ടിടത്തിന്റെ സംരക്ഷണ ജോലികൾ, മ്യൂസിയം സജ്ജീകരണം എന്നീ രണ്ട് ഘടകങ്ങൾ ഉൾപ്പെട്ടിരിക്കുന്നു. മ്യൂസിയം സ്ഥാപിക്കുന്ന കെട്ടിടത്തിന്റെ സംരക്ഷണ ജോലികൾക്ക് 9-4-2021-ൽ കരാറുകാരന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വിശദീകരിക്കുമോ?

മ്യൂസിയം സ്ഥാപിക്കുന്ന കെട്ടിടത്തിന്റെ സംരക്ഷണ ജോലികൾ, മ്യൂസിയം സജ്ജീകരണം എന്നീ രണ്ടുഘടകങ്ങളാണ് പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്.

(സി) മ്യൂസിയം നിർമ്മാണം എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

നിലവിൽ ജലസേചന വകുപ്പിന്റെ കൈവശമുള്ള കെട്ടിടവും സ്ഥലവും കേരള പുരാവസ്തുവകുപ്പിന് മ്യൂസിയം സജ്ജീകരിക്കുന്നതിലേക്ക് വിട്ടുനൽകുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഇതുപൂർത്തിയായാൽ ഉടൻതന്നെ മ്യൂസിയം സ്ഥാപിക്കുന്ന കെട്ടിടത്തിന്റെ സംരക്ഷണ ജോലികൾ ആരംഭിക്കുന്നതാണ്.

ബിഷപ്പ് വള്ളോപ്പിള്ളി സ്മാരക കൂടിയേറ്റ മ്യൂസിയം

374 (984) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-ൽ ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ചെമ്പന്തൊട്ടിയിൽ പ്രവൃത്തി ഉദ്ഘാടനം നിർവ്വഹിച്ച ബിഷപ്പ് വള്ളോപ്പിള്ളി സ്മാരക കൂടിയേറ്റ മ്യൂസിയത്തിന്റെ ഒന്നാംഘട്ട പ്രവൃത്തി പൂർത്തിയായോയെന്ന് വ്യക്തമാക്കുമോ;

&

(ബി) ഇല്ലെങ്കിൽ എന്ന് പൂർത്തീകരിക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്?

കണ്ണൂർ ജില്ലയിലെ ചെമ്പന്തൊട്ടിയിൽ സജ്ജീകരിക്കുന്ന ബിഷപ്പ് വള്ളോപ്പിള്ളി സ്മാരക കൂടിയേറ്റ മ്യൂസിയത്തിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. നിലവിലെ സാഹചര്യത്തിൽ 2021 സെപ്റ്റംബർ മാസത്തോടുകൂടി പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ചേറ്റുവ കോട്ടയുടെ സംരക്ഷണം

375 (985) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാവസ്തു വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ചേറ്റുവ കോട്ടയുടെ സംരക്ഷണത്തിനായി നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കാമോ?

കേരള പുരാവസ്തുവകുപ്പിന്റെ സംരക്ഷിത സ്മാരകമായ ചേറ്റുവ കോട്ടയുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കായി 2018-19 സാമ്പത്തിക വർഷം 1,15,00,000 രൂപയുടെ ഭരണാനുമതി നൽകി സംരക്ഷണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ടൂറിസം വകുപ്പുമായി യോജിച്ച് വിനോദസഞ്ചാരികൾക്ക് കോട്ടയുടെ സൗന്ദര്യം ആസ്വദിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കുമോ?

ടൂറിസം സാധ്യതകൾ പരിശോധിച്ചശേഷം പുരാവസ്തു വകുപ്പുമായി യോജിച്ച് പദ്ധതി തയ്യാറാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണെന്ന് വിനോദസഞ്ചാര വകുപ്പ് അറിയിച്ചിട്ടുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

10.00 a.m.]

II അനുമോദനം

മീരാബായ് ചാനുവിന് അനുമോദനം

മി. സ്പീക്കർ: ടോക്കിയോ ഒളിമ്പിക്സിൽ 49 കിലോ വനിതാ വിഭാഗത്തിലെ ഭാരോദ്വഹന മത്സരത്തിൽ ഇന്ത്യയുടെ സായ്കോം മീരാബായ് ചാനു ആദ്യ ദിവസംതന്നെ വെള്ളി മെഡൽ നേടിയിരിക്കുകയാണ്. 2016-ലെ റിയോ ഒളിമ്പിക്സിലെ പരാജയത്തിൽ തളരാതെ ആത്മസമർപ്പണത്തിലൂടെയും കഠിനാദ്ധ്വാനത്തിലൂടെയും വിജയത്തിലേയ്ക്ക് ഭാരമുയർത്തിയ മീരാബായ് ചാനുവിന്റെ വിജയം രാജ്യത്തിനാകെ അഭിമാനകരമാണ്. സ്നാച്ചിൽ 87 കിലോയും ക്ലീൻ ആൻഡ് ജെർക്കിൽ 115 കിലോയും ഉയർത്തിയാണ് മീരാബായ് ചാനു ടോക്കിയോ ഒളിംപിക്സിൽ നേട്ടം കൊയ്തത്. ശ്രീമതി കർണ്ണം മല്ലേശ്വരിക്കുശേഷം ഒളിംപിക്സ് ഭാരോദ്വഹന മത്സരത്തിൽ ഇന്ത്യയിലേയ്ക്ക് മെഡൽ കൊണ്ടുവരാൻ മീരാബായ് ചാനുവിന് കഴിഞ്ഞുവെന്നത് നമുക്കെല്ലാവർക്കും അഭിമാനവും ആവേശവും നൽകുന്നതാണ്. മണിപ്പൂരിലെ പാവപ്പെട്ട കുടുംബത്തിൽ പിറന്ന മീരാബായ് ചാനു മരംവെട്ടി രണ്ട് കിലോമീറ്റർ ചുമന്ന് നടന്നുനേടിയ ജീവിത പരിശീലനം അവരുടെ വിജയത്തിന്റെ അടിത്തറയായി നിലകൊള്ളുന്നു. 26 വയസ്സുകാരിയായ മീരാബായ് ചാനുവിന് തുടർന്നും രാജ്യത്തിനായി അഭിമാനകരമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിയട്ടെയെന്ന് ആശംസിക്കുന്നു. കേരള നിയമസഭയുടെ അകമഴിഞ്ഞ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

III അടിയന്തരപ്രമേയം

കുഴൽപ്പണ കേസ്

മി. സ്പീക്കർ: കൊടകര കുഴൽപ്പണ കേസ്സിലുൾപ്പെട്ട പണം കേരളത്തിലെ തെരഞ്ഞെടുപ്പ് അട്ടിമറിക്കുന്നതിനുവേണ്ടിയാണെന്ന് പോലീസ് അന്വേഷണത്തിൽ വ്യക്തമായിട്ടും പണത്തിന്റെ സ്രോതസ്സിനെക്കുറിച്ചുള്ള അന്വേഷണം കേന്ദ്ര ഏജൻസികളെ ഏൽപ്പിക്കാതെ കേസന്വേഷണം അവസാനിപ്പിക്കാൻ ശ്രമിക്കുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ റോജി എം. ജോൺ, മഞ്ഞളാംകുഴി അലി, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ൧ൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കോഴിക്കോട് ചേളന്നൂർ സ്വദേശിയായ ഷംജീർ 7-4-2021-ൽ കൊടകര പോലീസ് സ്റ്റേഷനിൽ ഹാജരായി തന്റെ ഉടമസ്ഥതയിലുള്ള KL-56 G-6786 നമ്പർ കാറും അതിൽ ആലപ്പുഴയിലേയ്ക്ക്

കൊണ്ടുപോയ 25 ലക്ഷം രൂപയും 3-4-2021-ന് പുലർച്ചെ 4.30 മണിയോടെ തൃശ്ശൂർ കൊടകര ബൈപാസ്സിൽവച്ച് ഒരുസംഘം ആളുകൾ കവർച്ചചെയ്തുവെന്ന് മൊഴി നൽകുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ IPC 395 വകുപ്പുപ്രകാരം കൊടകര പോലീസ് സ്റ്റേഷനിൽ ക്രൈം 146/21 നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയുണ്ടായി. പരാതിക്കാരനായ ഷംജീറിനെയും പണമേൽപ്പിച്ചയച്ച കോഴിക്കോട് സ്വദേശി ധർമ്മരാജനെയും വിശദമായി ചോദ്യം ചെയ്തു. കവർച്ച ചെയ്യപ്പെട്ട കാറിൽ മൂന്നര കോടി രൂപ ഉണ്ടായിരുന്നതായി വ്യക്തമായതിനെ തുടർന്ന് കേസ്സിൽ IPC 412, 212, 120(B) എന്നീ വകുപ്പുകൾ കൂട്ടിച്ചേർത്തു. തൃശ്ശൂർ റൂറൽ ജില്ലാ പോലീസ് മേധാവിയുടെ 25-04-2021-ലെ 40/Camp/2021/R നമ്പർ ഉത്തരവുപ്രകാരം ചാലക്കുടി ഡിവൈ.എസ്.പി. കേസ്സിന്റെ അന്വേഷണം ഏറ്റെടുക്കുകയും ചെയ്തിരുന്നു. തുടർന്ന് സംസ്ഥാന പോലീസ് മേധാവിയുടെ 5-5-2021-ലെ T5/68497/2021/PHQ നമ്പർ ഉത്തരവുപ്രകാരം തൃശ്ശൂർ റേഞ്ച് ഡി.ഐ.ജി.-യുടെയും എറണാകുളം ക്രൈംബ്രാഞ്ച് എസ്.പി.-യുടെയും മേൽനോട്ടത്തിൽ പ്രത്യേക സംഘം രൂപീകരിച്ച് അന്വേഷണം ഏറ്റെടുത്തു. 23-7-2021-ന് കോടതി മുമ്പാകെ 22 പ്രതികൾക്കെതിരെ ആദ്യചാർജ്ജ് ഷീറ്റ് (സ്പ്ലിറ്റ് ചാർജ്ജ് ഷീറ്റ്) സമർപ്പിച്ചിട്ടുണ്ട്. നാലാം പ്രതിയായ ശങ്കരൻ എന്നുവിളിക്കുന്ന ദീപക് ബി.ജെ.പി. പ്രവർത്തകനാണ്. കേസ്സിൽ ബി.ജെ.പി. സംസ്ഥാന പ്രസിഡന്റ് ശ്രീ. കെ. സുരേന്ദ്രനും 17 സംസ്ഥാന/ജില്ലാ ഭാരവാഹികളുമുൾപ്പെടെ 250 സാക്ഷികളെ ഇതിനോടകം ചോദ്യം ചെയ്തിട്ടുണ്ട്. കേസ്സിലെ പ്രതിയായ ധർമ്മരാജൻ ബി.ജെ.പി. അനുഭാവിയും ബി.ജെ.പി. സംസ്ഥാന പ്രസിഡന്റ് കെ. സുരേന്ദ്രൻ, സ്റ്റേറ്റ് കോ-ഓർഡിനേറ്റിംഗ് സെക്രട്ടറി എം. ഗണേഷ്, സ്റ്റേറ്റ് ഓഫീസ് സെക്രട്ടറി ഗിരീശൻ നായർ എന്നിവരുമായി അടുത്ത ബന്ധം പുലർത്തിവരുന്ന ആളാണെന്നും അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ട്. മാത്രമല്ല, ധർമ്മരാജൻ ഹവാല ഏജന്റായി പ്രവർത്തിക്കുകയും ചെയ്യുന്നതായി വെളിവായിട്ടുണ്ട്. മേൽപ്പറഞ്ഞ ബി.ജെ.പി. നേതാക്കളുടെ നിർദ്ദേശപ്രകാരം പാർട്ടിയുടെ തെരഞ്ഞെടുപ്പ് പ്രചാരണത്തിനായി കർണ്ണാടകയിൽനിന്നും കൊണ്ടുവന്നതാണ് കൊള്ളയടിക്കപ്പെട്ട പണമെന്ന കാര്യം കുറ്റപത്രത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഗിരീശൻ നായർ നിർദ്ദേശിച്ചതനുസരിച്ച് പാർട്ടിയുടെ ആലപ്പുഴ ജില്ലാ ട്രഷറർ ഗോപാലകൃഷ്ണ കർത്തയ്ക്ക് എത്തിച്ചുകൊടുക്കുന്നതിന് ഉദ്ദേശിച്ചിരുന്ന പണമാണെന്നും വെളിവായിട്ടുണ്ട്. പരാതിക്കാരനായ ഷംജീറും സുഹൃത്തും പതിനാറാം പ്രതിയുമായ റഷീദുമൊന്നിച്ച് പരാതിക്കാരന്റെ കാറിൽ രണ്ട് രഹസ്യ അറകളിലായി മൂന്നര കോടി രൂപ നിറച്ച് വാഹനമോടിച്ച് പോകവെ പിന്തുടർന്ന്, 3-4-2021-ന് പുലർച്ചെ 4.40 മണിയോടെ കൊടകര ഹൈവേ മേൽപ്പാലത്തിനുസമീപം വാഹനങ്ങൾ ഉപയോഗിച്ച് പരാതിക്കാരന്റെ വാഹനത്തിലിടിപ്പിച്ച് അപകടാന്തരീക്ഷവും ഭീതിയുമുണ്ടാക്കി പണമുൾപ്പെടെ വാഹനം കവർച്ച ചെയ്തതാണെന്നും വെളിവായിട്ടുണ്ട്. കേസ്സിലുൾപ്പെട്ടതായി

ബോദ്ധ്യപ്പെട്ട 22 പ്രതികളെയും അറസ്റ്റ് ചെയ്ത് നിയമ നടപടികൾ സ്വീകരിക്കുകയും കവർച്ച ചെയ്യപ്പെട്ട തുകയിൽ 1.46 കോടി രൂപ മൂല്യമുള്ള പണവും മുതലും കണ്ടെടുത്ത് കോടതിയിൽ ഹാജരാക്കിയിട്ടുമുണ്ട്. അന്വേഷണത്തിൽ കവർച്ച ചെയ്യപ്പെട്ട മൂന്നര കോടി രൂപ കൂടാതെ നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കർണ്ണാടകയിൽ സ്വരൂപിച്ചുവച്ചിരുന്ന 17 കോടി രൂപയെക്കുറിച്ചുള്ള വിവരങ്ങളും ലഭിച്ചു. ധർമ്മരാജൻ, ധനരാജ്, ഷൈജു, ഷിജിൽ എന്നിവർ നേരിട്ടും ഹവാല ഏജന്റുമാർ മുഖേനയും 40 കോടി രൂപ 5-3-2021 മുതൽ 5-4-2021 വരെ കേരളത്തിലെ പല ജില്ലകളിലുമുള്ള ഭാരതീയ ജനതാ പാർട്ടിയുടെ ഭാരവാഹികൾക്ക് കൈമാറാൻ കൊണ്ടുവന്നതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്. അതിൽ 4.40 കോടി രൂപ 6-3-2021-ന് സേലത്തുവച്ചും മൂന്നര കോടി രൂപ കൊടകരയിൽവച്ചും കവർച്ച ചെയ്യപ്പെട്ടതായി വ്യക്തമായിട്ടുണ്ട്. കൊടകര പോലീസ് സ്റ്റേഷൻ ക്രൈം 146/21-ാം നമ്പർ കേസ്സിൽ അറസ്റ്റ് ചെയ്ത 22 പ്രതികൾക്കെതിരെ 23-7-2021-ൽ ആദ്യ കുറ്റപത്രം സമർപ്പിച്ചു. ഇതിൽ അനധികൃതമായി പണം കൊണ്ടുവരുന്നത് സംബന്ധിച്ച അന്വേഷണവും തുടർനടപടികളും എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്, ഇൻകം ടാക്സ്, സംസ്ഥാന ഇലക്ഷൻ കമ്മീഷൻ എന്നീ ഏജൻസികൾ നടത്തേണ്ടതിനാൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി കുറ്റപത്രത്തിന്റെ പകർപ്പ് സഹിതം റിപ്പോർട്ട് തയ്യാറാക്കി എൻഫോഴ്സ്മെന്റ് ഡയറക്ടർ, കൊച്ചി; ഇൻകം ടാക്സ് ഡയറക്ടർ (ഇൻവെസ്റ്റിഗേഷൻ), കൊച്ചി; ചീഫ് ഇലക്ടറൽ ഓഫീസർ, കേരള എന്നിവർക്ക് സമർപ്പിക്കുന്ന കാര്യവും പ്രത്യേകം പ്രതിപാദിച്ചിട്ടുണ്ട്. അവശേഷിക്കുന്ന കവർച്ചാ മുതൽ കണ്ടെത്തുന്നതിനും സമാനരീതിയിൽ നടന്നതായ മറ്റ് പണമിടപാടുകൾക്ക് ഇലക്ഷൻ സംബന്ധമായ കുറ്റകൃത്യങ്ങളുമായോ മറ്റേതെങ്കിലും കുറ്റകൃത്യങ്ങളുമായോ ബന്ധമുണ്ടോയെന്ന് കണ്ടെത്തുന്നതിനുമായി അന്വേഷണം തുടർന്നുവരുന്നു. ഇക്കാര്യം ബഹുമാനപ്പെട്ട കോടതിയെ അറിയിച്ചിട്ടുണ്ട്. കേസ്സിനെ സംബന്ധിച്ച വിവരങ്ങൾ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന് 1-6-2021-ൽ 27/SIT/KDRA/2021 നമ്പരായി കൈമാറിയിട്ടുണ്ട്. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ കൊച്ചി സോണൽ ഓഫീസിലെ ഡെപ്യൂട്ടി ഡയറക്ടർക്ക് ഇതുസംബന്ധിച്ച് വിവരങ്ങൾ നൽകിയ കത്തിൽ ഇക്കാര്യത്തിലെ മുഴുവൻ ഇടപാടുകളിലും നിയമവിരുദ്ധ പ്രവർത്തനവും നിയമവിരുദ്ധ ഉറവിടങ്ങളിൽ നിന്നുള്ള പണവും ഉൾപ്പെട്ടതായി ശക്തമായ സംശയമുണ്ടെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്.

പണത്തിന്റെ ഉറവിടത്തെക്കുറിച്ചുള്ള അന്വേഷണം അധികാരപ്പെട്ട കേന്ദ്ര ഏജൻസികളെ ഏൽപ്പിക്കാതെ സർക്കാർ ഒതുക്കിത്തീർക്കാൻ ശ്രമിക്കുന്നുവെന്നതാണ് ഈ പ്രമേയത്തിൽ ഉന്നയിച്ചിട്ടുള്ള മുഖ്യപ്രശ്നം. ബോധപൂർവ്വം വസ്തുതകൾ മറച്ചുവച്ച് ജനശ്രദ്ധ തിരിച്ചുവിടാൻ ശ്രമിക്കുകയാണ്. 1961-ലെ ആദായ നികുതി വകുപ്പ് നിയമം, 2002-ലെ കള്ളപ്പണം വെളുപ്പിക്കൽ നിയമം എന്നിവ പ്രകാരം

പണത്തിന്റെ സ്രോതസ് അന്വേഷിക്കാൻ കേന്ദ്ര ഏജൻസികൾക്ക് വ്യക്തമായ അധികാരമുണ്ട്. കേസ്സന്വേഷണം സംസ്ഥാന സർക്കാരിന് കേന്ദ്ര ഏജൻസികളെ ഏൽപ്പിക്കേണ്ട ആവശ്യമില്ലെന്നത് ഒരു പ്രാഥമിക വസ്തുതയായിരിക്കെ യാതൊരു പിൻബലവുമില്ലാതെയാണ് ഇത്തരമൊരു ആക്ഷേപം ഉന്നയിച്ചിരിക്കുന്നത്. ഈ പറഞ്ഞ കാര്യങ്ങളിൽ കൃത്യമായി അന്വേഷണം നടത്തി ചാർജ്ജ് ഷീറ്റിന്റെ ആദ്യ ഭാഗം കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. ബാക്കി അന്വേഷണം തുടർന്നു കൊണ്ടിരിക്കുന്നു. ബന്ധപ്പെട്ട ഏജൻസികളെയെല്ലാം ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ അറിയിച്ചിട്ടുണ്ട്. ഇത്തരം സാഹചര്യത്തിൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. റോജി എം. ജോൺ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടി കേൾക്കുന്ന ആർക്കും തോന്നുന്ന കാര്യം ഈ കേസിൽ മുഖ്യപ്രതികളായി വരേണ്ടത് സംസ്ഥാനത്തെ ബി.ജെ.പി. നേതാക്കൾ എല്ലാവരുമാണെന്നുള്ളതാണ്. യാഥാർത്ഥ്യം അതായിരിക്കെ, സർക്കാരിന്റെ അന്വേഷണ ഏജൻസി കുറ്റപത്രം സമർപ്പിച്ചപ്പോൾ ബി.ജെ.പി. നേതാക്കളിൽ ഒരാൾപോലും പ്രതിപ്പട്ടികയിലില്ലാതെ സാക്ഷികളായി മാറി എന്നുള്ളതാണ് ദുഃഖകരമായ വസ്തുത. രാജ്യത്തിനകത്തും പുറത്തുമുള്ള കോടിക്കണക്കിന് രൂപയുടെ കള്ളപ്പണത്തിനെതിരെ സന്ധിയില്ലാ സമരം ചെയ്യുമെന്നും അത് തിരിച്ചുപിടിച്ച് രാജ്യത്തെ പാവപ്പെട്ടവന്റെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് പതിനഞ്ച് ലക്ഷം രൂപ വീതം നിക്ഷേപിക്കുമെന്നും അവകാശപ്പെട്ട് അധികാരത്തിലേറിയ ശ്രീ. നരേന്ദ്ര മോദി നേതൃത്വം കൊടുക്കുന്ന ഭാരതീയ ജനതാ പാർട്ടിതന്നെ രാജ്യത്തെ കള്ളപ്പണത്തിന്റെയും കഴൽപ്പണത്തിന്റെയും ഏറ്റവും വലിയ ഗുണഭോക്താക്കളും വിനിമയക്കാരുമായി മാറി എന്നതിന്റെ നേർക്കാഴ്ചയാണ് കൊടകര കുഴൽപ്പണക്കേസിൽ നമ്മൾ കണ്ടത്. ഏതോ ഒരു ക്വട്ടേഷൻ സംഘം അല്ലെങ്കിൽ ഒരു ഹവാല ഇടപാടുകാരൻ ഷംജീറിന്റെയും ധർമ്മരാജന്റെയും പണം ദേശീയപാതയിൽ കവർച്ച നടത്തിയതല്ല കേരള സമൂഹത്തെ ആശങ്കപ്പെടുത്തിയത്. ആർ.എസ്.എസ്. നേതാവുകൂടിയായ ധർമ്മരാജൻ, കേരളത്തിൽ ഒരു സീറ്റിൽപോലും ജയിക്കുമെന്ന ഉറപ്പില്ലാത്ത ബി.ജെ.പി.യുടെ സംസ്ഥാന പ്രസിഡന്റിന്റെ അറിവോടും ഒത്താശയോടുംകൂടി കോടിക്കണക്കിന് രൂപ കടത്തി തെരഞ്ഞെടുപ്പുവേളയിൽ ജനാധിപത്യ പ്രക്രിയയെ അട്ടിമറിക്കാൻ നടത്തിയ ശ്രമത്തെ സംബന്ധിച്ചായിരുന്നു നമ്മുടെ എല്ലാവരുടെയും ആശങ്ക. കേസിന്റെ നാനാവശങ്ങളും അന്വേഷിച്ച് മുഴുവൻ കുറ്റവാളികളെയും നിയമത്തിനു മുന്നിൽ കൊണ്ടുവരണമെന്നാണ് ഈ കേസിന്റെ തുടക്കം മുതൽ പ്രതിപക്ഷവും കേരള സമൂഹവും ആവശ്യപ്പെടുന്നത്. സംസ്ഥാന സർക്കാരിനും കേസ് അന്വേഷിക്കുന്ന പോലീസിനുമുള്ള ആത്മാർത്ഥതയിൽ സംശയം തോന്നിയതു കൊണ്ടാണ് 7-6-2021-ന് ബഹുമാനപ്പെട്ട ഷാഫി പറമ്പിൽ ഈ വിഷയം

നിയമസഭയിൽ അടിയന്തരപ്രമേയമായി അവതരിപ്പിക്കാൻ നോട്ടീസ് നൽകിയത്. ശ്രീ. ഷാഫി പറമ്പിലും ബഹുമാന്യനായ പ്രതിപക്ഷനേതാവും അന്ന് ഉന്നയിച്ച ആശങ്ക അക്ഷരാർത്ഥത്തിൽ ശരിവയ്ക്കുന്ന തരത്തിലാണ് കൊടകര കുഴൽപ്പണക്കേസ് ഇപ്പോൾ എത്തിനിൽക്കുന്നത്. ഞങ്ങൾ അന്ന് ഈ വിഷയമുന്നയിച്ചപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ പറഞ്ഞത് എന്താണ്? "കുഴൽ കുഴലായിത്തന്നെയുണ്ടാകും, കുഴൽ അങ്ങോട്ടുമിങ്ങോട്ടും പോകാനുള്ളതല്ലെന്ന് മനസ്സിലാക്കിക്കൊള്ളണം, ഈ കുഴൽ ഉപയോഗിച്ചവർ നിർബന്ധമായും നിയമത്തിന്റെ കരങ്ങളിൽപ്പെടുകതന്നെ ചെയ്യുമെന്നത് ഉറപ്പാണ് " എന്നാണ്. മുഖ്യമന്ത്രിയുടെ പഞ്ച് ഡയലോഗ് ഭരണപക്ഷം വളരെ ആവേശത്തോടെയാണ് സ്വീകരിച്ചത്. സൈബർ സഖാക്കളൊക്കെ അത് സോഷ്യൽ മീഡിയകളിൽ നന്നായി ഉപയോഗിക്കുകയും ചെയ്തു. കുഴൽ ഉപയോഗിച്ചവർ ആരാണ്? സംസ്ഥാന നേതാക്കളടക്കം കേരളത്തിലെ ഭാരതീയ ജനതാ പാർട്ടിയാണ് ആ കുഴലുപയോഗിച്ചതെന്ന് കേസ് അന്വേഷിക്കുന്ന സംസ്ഥാന പോലീസിനുൾപ്പെടെ നിസ്സംശയം ബോദ്ധ്യപ്പെട്ടിട്ടുണ്ട്. മലയാള മനോരമ പത്രത്തിലെ ഒരു വാർത്ത ഇതായിരുന്നു, "കൊടകരയിൽ കവർച്ച ചെയ്യപ്പെട്ട മൂന്നരക്കോടി രൂപ കടത്തിക്കൊണ്ടുവന്നത് ബി.ജെ.പി. സംസ്ഥാന അദ്ധ്യക്ഷൻ കെ. സുരേന്ദ്രൻ, സംസ്ഥാന സെക്രട്ടറി എം. ഗണേശൻ, ഓഫീസ് സെക്രട്ടറി ജി. ഗിരീശൻ എന്നിവരുടെ അറിവോടെയെന്ന് പ്രത്യേക അന്വേഷണ സംഘം. കവർച്ച ചെയ്യപ്പെട്ടകാര്യവും ഇവർ അറിഞ്ഞു. കേസിലെ പരാതിക്കാരനായ ആർ.എസ്.എസ്. നേതാവും ഹവാല ഇടപാടുകാരനുമായ ധർമ്മരാജന്റെ മൊഴിയും ഫോൺ രേഖകളുമുൾപ്പെടെയുള്ള തെളിവുകളുടെ അടിസ്ഥാനത്തിലാണിത്" . മലയാള മനോരമ പത്രം വായിച്ചപ്പോൾ പ്രിയപ്പെട്ട ശ്രീ. എ. എൻ. ഷംസീറിന് എന്തോ ഒരു അസ്വസ്ഥതയുണ്ടായി. അതുകൊണ്ട് ഞാൻ ദേശാഭിമാനി പത്രംകൂടി വായിക്കാം (ഒരു പേപ്പർ കട്ടിംഗ് ഉയർത്തിക്കാട്ടി). 'കുഴൽപ്പണക്കടത്ത് കുറ്റപത്രമായി, കെ. സുരേന്ദ്രൻ സൂത്രധാരൻ'. ദേശാഭിമാനിയുടെ പ്രസ്സിൽ ലഭ്യമായിട്ടുള്ള ഏറ്റവും വലിയ ഫോണ്ടിലാണ് അച്ചടിച്ചിട്ടുള്ളത്. ശ്രീ. കെ. സുരേന്ദ്രനും മകനും സാക്ഷികളെന്ന് അതിനുതാഴെ ചെറിയ ഫോണ്ടിലാണ് അച്ചടിച്ചിരിക്കുന്നത്. കവർച്ചപ്പണം ബി.ജെ.പി.-യുടേതാണെന്നും ശ്രീ. കെ. സുരേന്ദ്രൻ സൂത്രധാരനാണെന്നും വായിച്ച് സഖാക്കളെല്ലാവരും പുളകംകൊണ്ടു. പക്ഷേ, കേസ്സിന്റെ കുറ്റപത്രം സമർപ്പിക്കപ്പെട്ടപ്പോൾ സൂത്രധാരനുൾപ്പെടെയുള്ളവരിൽ ഒരാൾപോലും പ്രതികളായില്ലെന്നുമാത്രമല്ല എല്ലാവരും സാക്ഷികളായി മാറി. അന്വേഷണ സംഘം കേസ്സിന്റെ കുറ്റപത്രം സമർപ്പിച്ചപ്പോൾ സൂത്രധാരനുൾപ്പെടെ പ്രതിയാകാതെ സാക്ഷിയായി മാറുന്ന സൂത്രം എങ്ങനെയാണ് കേരള പോലീസിന് മാത്രം സാധ്യമാകുന്നതെന്ന സംശയമാണ് നമുക്കെല്ലാവർക്കും. സംസ്ഥാനത്തിന്റെ ജനാധിപത്യ പ്രക്രിയയെപ്പോലും അട്ടിമറിക്കാൻ നടത്തിയ വളരെ ഗുരുതരമായ കേസാണ് കൊടകര കുഴൽപ്പണക്കേസ്. ഇത് ഇങ്ങനെയേ സംഭവിക്കുകയുള്ളുവെന്ന് ഞങ്ങൾക്ക് പണ്ടേ സംശയമുണ്ടായിരുന്നു.

കാരണം, ശങ്കരാടി ഒരു സിനിമയിൽ പറഞ്ഞതുപോലെ, വിഘടന വാദികളും പ്രതിക്രിയ വാദികളും പ്രഥമദൃഷ്ട്യാ അകൽച്ചയിലാണെങ്കിലും അവർ തമ്മിലുള്ള അന്തർധാര പണ്ടുമുതലേ സജീവമാണെന്ന് ഞങ്ങൾക്ക് നന്നായി അറിയാം. ഈ കേസ്സിനെ വെറുമൊരു Highway robbery കേസായി മാത്രം പരിഗണിച്ച് IPC 395, 412 എന്നീ വകുപ്പുകൾപ്രകാരം അന്വേഷിച്ചാൽ യഥാർത്ഥ പ്രതികളെ നിയമത്തിനു മുന്നിൽ കൊണ്ടുവരാൻ കഴിയില്ലെന്നും ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റിനും Prevention of Money Laundering Act-ന്റെ Section 54 (F) അനുസരിച്ച് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിനും കേസ് റഫർ ചെയ്യണമെന്നും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കഴിഞ്ഞ തവണ ഈ വിഷയം സഭയിൽ ഉന്നയിച്ചപ്പോൾ ആവശ്യപ്പെട്ടത് അതു കൊണ്ടാണ്. സാമ്പത്തിക കുറ്റകൃത്യങ്ങളിൽ പണത്തിന്റെ ഉറവിടത്തെ സംബന്ധിച്ച് അന്വേഷിക്കാൻ സംസ്ഥാന പോലീസിന് നിയമപരമായി അധികാരമില്ലെന്ന് നിയമം അറിയാവുന്ന ഏതൊരാൾക്കും മനസ്സിലാകും. പക്ഷേ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഈ ആവശ്യമുന്നയിച്ചപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിനെ പുച്ഛിച്ചു കളഞ്ഞിട്ട് പറഞ്ഞതെന്താണ്? "ബി.ജെ.പി.-യുടെ ഇന്നലത്തെ പ്രസ്താവനയുടെ പകർപ്പ് എന്റെ കയ്യിൽ കിട്ടിയിട്ടുണ്ട്. പോലീസിന് പണത്തിന്റെ ഉറവിടത്തിൽ സംശയമുണ്ടെങ്കിൽ ഇൻകം ടാക്സ് വകുപ്പിനെ അറിയിക്കാം, കുഴൽപ്പണ/കള്ളപ്പണ ഇടപാടുണ്ടെന്ന് സംശയമുണ്ടെങ്കിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിനെ അറിയിക്കാം. അതുതന്നെയാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ആവശ്യപ്പെടുന്നത്" എന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. അതായത്, ബി.ജെ.പി.-യുടെ ആവശ്യം പ്രതിപക്ഷനേതാവ് ഉന്നയിക്കുന്നുവെന്ന തരത്തിൽ പറയുകയും ഭരണപക്ഷത്തുള്ള മുഴുവൻ ആളുകളും പ്രതിപക്ഷത്തിനെതിരെ എന്തോ കിട്ടിയെന്ന നിലയിൽ വലിയ ആവേശം കൊള്ളുകയും ചെയ്യുന്ന കാഴ്ച ഇവിടെ കാണാനിടയായി. ഇപ്പോൾ എന്തായി? ഈ പണത്തിന്റെ ഉറവിടം കണ്ടെത്തണമെങ്കിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റും ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റും അന്വേഷിച്ചാൽ മാത്രമേ സാധിക്കുകയുള്ളുവെന്ന് ഇന്ന് മുഖ്യമന്ത്രി സഭയിൽ പറയുകയുണ്ടായി. ഈ വിഷയത്തിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിനെയും ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റിനെയും ഉൾപ്പെടുത്തി ഇതിലെ യഥാർത്ഥ പ്രതികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കാൻ തയ്യാറാകണമെന്ന് ഒന്നരമാസം മുൻപ് ഞങ്ങൾ ആവശ്യപ്പെട്ടപ്പോൾ സർക്കാർ അന്ന് അതിനെ പുച്ഛിച്ചു തള്ളുന്ന കാഴ്ചയാണ് കണ്ടത്.

ഈ കേസിന് മൂന്ന് വശങ്ങളുണ്ട്. ഒന്ന്, ഏപ്രിൽ നാലിന് രാവിലെ കൊടകരയിൽ നടന്ന കവർച്ച, അത് ബി.ജെ.പി. ആഗ്രഹിച്ചതുപോലെതന്നെ സംസ്ഥാന പോലീസ് അന്വേഷിക്കുന്നു. കവർച്ച നടത്തിയ ആളുകൾ കേസിൽ പ്രതികളാക്കപ്പെടുന്നു. പരാതിക്കാരനും മുഖ്യ ആസൂത്രകനുമായ ധർമ്മരാജൻ ഈ

കേസിൽ വ്യത്യസ്തമായ മൊഴികളാണ് നൽകിയിട്ടുള്ളത്. അദ്ദേഹത്തിന്റെ 164 സ്റ്റേറ്റ്മെന്റുപോലും റിക്കോർഡ് ചെയ്യാൻ അന്വേഷണ സംഘം തയ്യാറായിട്ടില്ല. കോടതിയിൽ കുറ്റപത്രം സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതിന്റെ ഭാവി എന്താകുമെന്ന് നിയമ വിദഗ്ധർക്കുപോലും സംശയമുണ്ടെന്ന് നമുക്കെല്ലാം അറിവുള്ള കാര്യമാണ്.

രണ്ട്, ഈ പണത്തിന്റെ ഉറവിടം സംബന്ധിച്ചാണ്. അത് ഞാൻ നേരത്തെ സൂചിപ്പിച്ചു. കേസ്സന്വേഷണം കോമ്പീറ്റന്റായ ഏജൻസികളെ ഏൽപ്പിച്ച് കാലവിളംബം കൂടാതെ മുന്നോട്ടു പോകേണ്ടതായിട്ടുണ്ട്. മൂന്ന്, ഏതാണ്ട് പത്തു വർഷത്തോളമായി ബി.ജെ.പി.-ക്കു വേണ്ടി മറ്റു സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് പണം കൊണ്ടുവന്നുകൊണ്ടിരിക്കുകയാണെന്ന് ധർമ്മരാജന്റെ മൊഴിയിൽത്തന്നെ പറയുന്നുണ്ട്. കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ 12 കോടി രൂപയും ഈ തെരഞ്ഞെടുപ്പിൽ ഏകദേശം 40 കോടി രൂപയും ഇത്തരത്തിൽ കേരളത്തിലേയ്ക്ക് എത്തിച്ചതായും അദ്ദേഹം മൊഴി നൽകിയിട്ടുണ്ട്. ധർമ്മരാജൻ ഉൾപ്പെടെയുള്ള ബി.ജെ.പി.-യുടെ നേതാക്കൾ വർഷങ്ങളായി കോടികളുടെ കുഴൽപ്പണ ഇടപാടുകൾ നടത്തുന്നുവെന്ന് കുറ്റപത്രത്തിന്റെ ഭാഗമായി പോലീസ് പറയുന്നുണ്ട്. ഈ സംസ്ഥാനത്തിന്റെ ഇന്റലിജൻസ് സംവിധാനം എവിടെയായിരുന്നു? അതോ ഇതൊക്കെ മനസ്സിലാക്കിയിട്ടും ബി.ജെ.പി.-ക്ക് സ്വൈരവിഹാരം നടത്താനുള്ള സൗകര്യം ഒരുക്കിക്കൊടുക്കാനുള്ള അന്തർധാരയാണോ ഈ സംസ്ഥാനത്ത് നിലനിൽക്കുന്നത് എന്ന സംശയം ഞങ്ങൾ ഉന്നയിക്കുകയാണ്. നമ്മുടെ നാടിന്റെ ജനാധിപത്യ വ്യവസ്ഥിതിയെ തകർക്കാനുള്ള നീക്കങ്ങളുടക്കം ഇതിന്റെ പിന്നിൽ നടന്നിട്ടുണ്ടെങ്കിൽ അതുമായി ബന്ധപ്പെട്ട കാര്യങ്ങളെല്ലാം അന്വേഷണത്തിലൂടെ പുറത്തുവരുമെന്നാണ് മുഖ്യമന്ത്രി ഈ നിയമസഭയിൽ പറഞ്ഞിട്ടുള്ളത്. പുറത്തുവന്നോ; അതന്വേഷിച്ചോ സർ. ഈ പണം നമ്മുടെ തെരഞ്ഞെടുപ്പ് പ്രക്രിയ അട്ടിമറിക്കാനും ആളുകളെ സ്വാധീനിക്കാനും ഉള്ളതാണെന്ന് അറിയാഹാരം കഴിക്കുന്ന എല്ലാപേർക്കും അറിയാമെന്നിരിക്കേ അതുസംബന്ധിച്ച് യാതൊരന്വേഷണവും നടത്തുവാൻ അന്വേഷണ സംഘം ഇതുവരെയും തയ്യാറായിട്ടില്ല. കവർച്ച നടത്തിയ ആളുകൾക്കെതിരെ മാത്രമാണ് IPC 120(B) അനുസരിച്ച് ഗൂഢാലോചനയ്ക്ക് കേസ്സെടുത്തിരിക്കുന്നത്. വർഷങ്ങളായി കുഴൽപ്പണം കൊണ്ടുവന്ന് കേരളത്തിലെ തെരഞ്ഞെടുപ്പ് പ്രക്രിയയുൾപ്പെടെ അട്ടിമറിക്കാനായി നടത്തുന്ന ശ്രമത്തേയും അതിന്റെ ഗൂഢാലോചനയേയും സംബന്ധിച്ച് IPC 122(B) സെക്ഷൻ 2 അനുസരിച്ച് കേസ്സെടുക്കാനും Cr.PC.196(1)(a)(b) അനുസരിച്ച് ബി.ജെ.പി. നേതാക്കൾ ഉൾപ്പെടെയുള്ളവരെ പ്രോസിക്യൂട്ട് ചെയ്യാനുമുള്ള അവസരം ഈ സർക്കാർ പാഴാക്കിയില്ലേ? ഈ അവസരം സംസ്ഥാന പോലീസ് പാഴാക്കിക്കൊണ്ടിരിക്കുകയല്ലേ എന്ന സംശയമാണ് ഞാൻ ഉന്നയിക്കുന്നത്.

ഇതൊക്കെ ഒരു ഒത്തുതീർപ്പിന്റെ ഭാഗമാണെന്ന് എല്ലാവർക്കും അറിയാം. അടച്ചിട്ട മുറികളിലെ ചർച്ചകളിലെയും മറ്റു പല ചർച്ചകളിലെയും മദ്ധ്യസ്ഥന്മാരെക്കുറിച്ചൊക്കെ കേരളം ചർച്ച ചെയ്തിട്ടുണ്ട്. കേസ്സുകൾ അങ്ങോട്ടുമിങ്ങോട്ടും ഡെമോക്ലസിന്റെ വാളുപോലെ നിൽക്കുകയാണ്. നയതന്ത്ര ചാനലിലൂടെ സ്വർണ്ണകള്ളക്കടത്തു നടത്തിയതും കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിലെ സാമ്പത്തിക തട്ടിപ്പും പാർട്ടി സെക്രട്ടറിയുടെ മകനുൾപ്പെടെ പ്രതിയായ മയക്കുമരുന്നു കേസുമൊക്കെ ഒരു വശത്തും ഉന്നതരായ ബി.ജെ.പി. നേതാക്കൾക്ക് നേരിട്ട് പങ്കുള്ള കുഴൽപ്പണകേസ് മറുവശത്തും നിൽക്കുകയാണ്. ഈ രണ്ട് വാളുകളും അനങ്ങാതെ നിൽക്കുകയേയുള്ളൂവെന്നും ഇരുകൂട്ടരും പ്രയോഗിക്കില്ലെന്നും ആരെങ്കിലും സംശയിച്ചാൽ അവരെ കുറ്റംപറയാൻ സാധിക്കുമോ? മുഖ്യമന്ത്രി ഡൽഹിയിൽ പോയി പ്രധാനമന്ത്രിയെക്കണ്ടു; അദ്ദേഹം ഷോൾ അണിയിക്കട്ടെ എന്നുചോദിച്ചു; അണിയിച്ചുകൊള്ളാൻ അദ്ദേഹത്തിന്റെ പ്രിയ സുഹൃത്തായ പ്രധാനമന്ത്രി പറഞ്ഞു. കോവിഡ് കാലം തുടങ്ങിയതിനുശേഷം പ്രധാനമന്ത്രി ആദ്യമായിട്ടാണ് ഒരാളെ ഷോൾ അണിയിക്കാൻ അനുവദിച്ചത് എന്ന് മാധ്യമങ്ങളിലൂടെ വായിക്കാൻ കഴിഞ്ഞു. മുഖ്യമന്ത്രി പ്രധാനമന്ത്രിയെ സന്ദർശിച്ച് കേരളത്തിൽ തിരിച്ച് കാലുകുത്തുന്നതിനുമുമ്പുതന്നെ സ്വർണ്ണക്കടത്ത് കേസ്സിന് നേതൃത്വം കൊടുത്തിരുന്ന കസ്റ്റംസ് പ്രിവന്റീവ് കമ്മീഷണർ ശ്രീ. സുമിത് കുമാർ സ്ഥലം മാറ്റപ്പെട്ടു. ഒരാഴ്ചയ്ക്കുള്ളിൽ ഹവാല കേസ്സിലെ പ്രതികളായിട്ടുള്ള ആളുകളെല്ലാം സാക്ഷിപ്പട്ടികയിലുമായി. ഇത് യാദൃശ്ചികമാണെന്ന് പറഞ്ഞ് തടിയൂരാൻ ശ്രമിക്കുന്നുണ്ടെങ്കിൽ യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കുന്ന ഒരാൾക്കും ഉൾക്കൊള്ളാൻ സാധിക്കാത്ത കാര്യമാണ്. ഇത്തരത്തിൽ പ്രതികളാകേണ്ടവരെ സാക്ഷിപ്പട്ടികയിൽ ഉൾപ്പെടുത്തി രക്ഷപ്പെടുത്താനും കേസ് ഒത്തുതീർക്കാനും ശ്രമിക്കുന്നതായിട്ടുള്ള ഗുരുതരമായ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് നിർത്തുന്നു.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ഇവിടെ ബഹുമാനപ്പെട്ട പ്രമേയാവതാരകൻ ഇതുമായി ബന്ധപ്പെട്ട വിഷയങ്ങളിൽനിന്നും വ്യതിചലിച്ച്, നേരത്തേ അദ്ദേഹത്തിനും അദ്ദേഹത്തിന്റെ കക്ഷിക്കാർക്കും ആഗ്രഹമുണ്ടായിരുന്ന കുറെ കാര്യങ്ങൾ നടക്കാതിരുന്നതിനാൽ അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറയുന്ന സ്ഥിതിയാണുണ്ടായത്. അതൊരു മാനസികാവസ്ഥയാണ്. അത് സർക്കാർ വിചാരിച്ചാൽ മാത്രം പരിഹാരമുണ്ടാകുന്ന കാര്യമല്ല. പ്രമേയാവതാരകനും അദ്ദേഹത്തിന്റെ കക്ഷിയും നേതാക്കളുമെല്ലാം പറഞ്ഞ കാര്യങ്ങൾ ജനങ്ങൾ പൂർണ്ണമായി തള്ളിക്കളഞ്ഞു. ആ ജനവിധിയുടെ ഭാഗമായാണ് ഈ സർക്കാർ അധികാരത്തിലിരിക്കുന്നത്. എന്തെല്ലാം കാര്യങ്ങളായിരുന്നു അന്ന് പറഞ്ഞിരുന്നത്. അതിന് നാണമില്ലാതെ ബി.ജെ.പി.-യുടെ വോട്ടടക്കം വാങ്ങി രക്ഷപ്പെടാൻ പറ്റുമോ എന്നു നോക്കിയവരാണ് നിങ്ങൾ.

അതിലും രക്ഷയില്ലാതെ, അതിനെയും മറികടന്നുകൊണ്ട് ജനവികാരം വന്നപ്പോൾ ഞങ്ങൾ കഴിഞ്ഞ തവണ ഉള്ളതിനേക്കാളും കൂടുതൽ ഭൂരിപക്ഷത്തോടെ വീണ്ടും അധികാരത്തിൽ വരുന്ന അവസ്ഥയാണുണ്ടായത്. മനുഷ്യനായാൽ അതിന്റേതായൊരു മന:പ്രയാസമുണ്ടാകുമല്ലോ, അത് സ്വാഭാവികമാണ്. ആ മന:പ്രയാസമാണ് പറഞ്ഞുതീർക്കുന്നത്. വസ്തുതകളുടെ അടിസ്ഥാനത്തിൽ ഞാനിതിന് വിശദമായ മറുപടി പറഞ്ഞതുകൊണ്ടുമാത്രം അദ്ദേഹത്തിന് തൃപ്തിയാകുമെന്ന് കരുതുന്നില്ല.

കൊടകര കുഴൽപ്പണക്കേസിൽ ബി.ജെ.പി. നേതാക്കൾ സാക്ഷിയാകുന്നതിനിടയായ കാര്യം എന്താണെന്ന് അദ്ദേഹം ചോദിക്കുകയുണ്ടായി. കുഴൽപ്പണക്കേസ് സംബന്ധിച്ച് ബി.ജെ.പി. നേതാക്കൾക്കറിയാം. ഇത് കൊണ്ടുവന്നത് ആരാണ്? ആ ഭാഗം വ്യക്തമാവുകയാണ്. ശ്രീ. കെ. സുരേന്ദ്രനും അതുപോലെ ബി.ജെ.പി. നേതാക്കൾക്കും സാക്ഷിയാകേണ്ടിവന്നതും അത് അറിയാവുന്നതുകൊണ്ടാണ്. എന്നാൽ ഈ കേസിൽ തുടരന്വേഷണം നടക്കുമ്പോൾ ബന്ധപ്പെട്ട തെളിവുകളുടെ ഭാഗമായി ഇവർതന്നെ പ്രതികളായും മാറിയേക്കാം. അത് സ്വാഭാവികമാണ്. ഈ പണം എങ്ങനെ വന്നുവെന്നത് സംബന്ധിച്ച് ആ ഘട്ടത്തിൽ അവർക്ക് മറുപടി പറയേണ്ടിവരികയും സ്വാഭാവികമായും അവർ പ്രതികളായി മാറുകയും ചെയ്യും. അതാണ് ഈ കേസിന്റെ നടപടിക്രമമെന്നത് നമ്മൾ ഓർക്കേണ്ടതായിട്ടുണ്ട്. നമ്മുടെ നാട്ടിൽ നിലനിൽക്കുന്ന നിയമ വ്യവസ്ഥയ്ക്കനുസൃതമായി നിയമ ലംഘനങ്ങൾ അന്വേഷിക്കുന്ന രീതിയാണ് നാം സ്വീകരിക്കുന്നത്. അതുകൊണ്ടാണ് സംസ്ഥാന പോലീസിന് അധികാരമുള്ള കാര്യങ്ങളെ സംബന്ധിച്ച് പോലീസ് അന്വേഷിക്കാൻ തയ്യാറായത്. മറ്റുകാര്യങ്ങളിൽ അതുമായി ബന്ധപ്പെട്ട ഏജൻസികളും തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ തെരഞ്ഞെടുപ്പ് കമ്മീഷനുമാണ് ആവശ്യമായ നടപടി സ്വീകരിക്കുന്നത്. അതിനാലാണ് ഇതു സംബന്ധിച്ച് തെരഞ്ഞെടുപ്പ് കമ്മീഷനെയും ബന്ധപ്പെട്ട ഏജൻസികളെയും അറിയിക്കുന്ന നിലപാടെടുത്തത്. ഏതു കാര്യത്തിലും കേന്ദ്ര ഏജൻസികളെ ആശ്രയിക്കുകയും അവരിൽ വലിയൊരു വിശ്വാസം അർപ്പിക്കുകയും ചെയ്യുന്ന സ്ഥിതി കുറച്ചുമാസങ്ങളായി യു.ഡി.എഫ്.-നുണ്ട്. രാഷ്ട്രീയ വിരോധത്തിന്റെ പേരിൽ ആരെയെങ്കിലും പ്രതിയാക്കുകയോ രാഷ്ട്രീയ വിരോധമില്ലാത്തതിന്റെ പേരിൽ ആരെയെങ്കിലും വെറുതെ വിടുകയോ ചെയ്യുന്ന സമീപനം പോലീസ് സ്വീകരിക്കുന്നില്ല. കൃത്യമായ മെറിറ്റടിസ്ഥാനത്തിലുള്ള അന്വേഷണമാണ് നടക്കുന്നത്. കേരളത്തിലേയ്ക്ക് കൊണ്ടുവന്ന കള്ളപ്പണം ബി.ജെ.പി.യുടേത് തന്നെയാണെന്ന് അന്വേഷിച്ച് കണ്ടെത്തിക്കഴിഞ്ഞു. ഇവിടെ നിങ്ങൾ പറഞ്ഞതെന്താണ്? ആ കേസിന്റെ തുടക്കത്തിൽ തന്നെ നിങ്ങളിത് അന്വേഷിക്കേണ്ട; എല്ലാം കേന്ദ്ര ഏജൻസിയെ ഏൽപ്പിച്ചോളൂ എന്നാണ് പറഞ്ഞത്. ബി.ജെ.പി. കൊണ്ടുവന്ന പണവും അതിന്റെ ഭാഗമായുള്ള കാര്യങ്ങളും സംബന്ധിച്ച് കേന്ദ്ര ഏജൻസി

അന്വേഷിച്ചാൽ എന്താണ് സംഭവിക്കുക എന്നത് യു.ഡി.എഫ്.-ന് അറിയാത്തതുകൊണ്ടല്ല. പക്ഷേ അവർക്ക് ബി.ജെ.പി.യോടും കേന്ദ്ര ഏജൻസികളിലും അത്രത്തോളം വിശ്വാസമാണ്. നിങ്ങളെന്തിന് അന്വേഷിക്കുന്നു; സംസ്ഥാന പോലീസിന്റെ അന്വേഷണം വിട്ടുകളയൂ എന്നാണ് പറയുന്നത്. ഈ അന്വേഷണം ആരെയാണ് ഏൽപ്പിക്കേണ്ടത്? എന്തൊരു നാണംകെട്ട നിലപാടാണിത്? എങ്ങനെയാണ് ഇത്രപച്ചയായി ഒരു നെറികേട് കാണിക്കാൻ കഴിയുന്നത്. .....(ബഹളം)..... ഇത് ആർക്കുവേണ്ടിയാണെന്നത് സാമാന്യബുദ്ധിയുള്ള എല്ലാവർക്കും ബോദ്ധ്യമാകുമെന്ന് മനസ്സിലാക്കിയാൽ മതി. ഇത് ബി.ജെ.പി.-ക്ക് വേണ്ടിയുള്ളതാണ്. കഴിഞ്ഞതവണ ബി.ജെ.പി.-ക്കു വേണ്ടി സംസാരിക്കാൻ സഭയിലേയ്ക്ക് ഒരാളെ അയയ്ക്കാനുള്ള പിന്തുണ കൊടുത്തിരുന്നു. ഇപ്പോൾ ബി.ജെ.പി.-ക്ക് ഇവിടെ പ്രാതിനിധ്യമില്ല. അതുകൊണ്ട് അവർക്കുവേണ്ടി കാര്യങ്ങൾ സംസാരിച്ചുകൊണ്ടിരിക്കുകയാണ്. കൊടകര കുഴൽപ്പണക്കേസ് ഒതുക്കിത്തീർക്കാൻ ശ്രമിക്കുന്നുവെന്നാണ് ഇവിടെ ഉയർന്നുവന്ന ആരോപണം. പണത്തിന്റെ സ്രോതസ്സ് സംബന്ധിച്ച് അന്വേഷിക്കാൻ കേന്ദ്ര ഏജൻസിയെ ഏൽപ്പിക്കുന്നില്ലെന്നുകൂടി പറയുകയുണ്ടായി. ഞാൻ നേരത്തെ പറഞ്ഞതുപോലെ കേന്ദ്ര ഏജൻസികളുടെ അന്വേഷണ പരിധിയെക്കുറിച്ച് ധാരണയില്ലാത്തതുകൊണ്ടാണോ അതോ ബോധപൂർവ്വം മറച്ചുവച്ചുകൊണ്ടാണോ ഈയൊരു ആരോപണം ഉയർത്തിയിട്ടുള്ളതെന്ന് എനിക്ക് പറയാൻ പറ്റില്ല. ഒരുപാട് നിയമവിദഗ്ധർ അപ്പുറത്തുണ്ടല്ലോ; കള്ളപ്പണത്തിന്റെ സ്രോതസ്സ് അന്വേഷിക്കാൻ സംസ്ഥാന സർക്കാർ കേന്ദ്ര ഏജൻസികളെ ഏൽപ്പിക്കേണ്ടതുണ്ടോ? ഇല്ലെന്നതാണ് വസ്തുത. അന്വേഷണത്തിന്റെ ഭാഗമായി പണത്തിന്റെ സ്രോതസ്സിനെപ്പറ്റിയുള്ള കണ്ടെത്തലുകൾ ബന്ധപ്പെട്ട കേന്ദ്ര ഏജൻസികളെ അന്വേഷണ ഉദ്യോഗസ്ഥർ യഥാസമയം അറിയിക്കുന്നതാണ്. ഇക്കാര്യത്തിൽ വീഴ്ചയുണ്ടാകാൻ പോകുന്നില്ല. എങ്ങനെ അന്വേഷണം നടക്കാൻ പാടില്ലെന്നുള്ളത് കഴിഞ്ഞ ഒന്നര വർഷക്കാലമായി ഈ സംസ്ഥാനം കണ്ടതാണ്. കേന്ദ്ര ഏജൻസികൾ ചെയ്തതെല്ലാം ശരിയാണെന്ന് പൊതുമണ്ഡലത്തിൽ ബി.ജെ.പി.-യോടൊപ്പം വാദഗതികൾ ഉയർത്തിയത് പ്രമേയാവതാരകനും അദ്ദേഹത്തിന്റെ പാർട്ടി നേതാക്കളുമായിരുന്നു. ഇതൊന്നും ആരും മറന്നുപോയ കാര്യമല്ല. അനധികൃത പണമോ സ്വർണ്ണമോ കണ്ടെത്തിയാൽ അതിന്റെ സ്രോതസ്സ് മുതൽ വിനിയോഗം വരെയുള്ള എല്ലാ കാര്യങ്ങളും സമഗ്രമായി അന്വേഷിക്കേണ്ടതാണ്. അല്ലാതെ വാലും തുമ്പുമില്ലാതെ ചിലയാളുകൾക്ക് നോട്ടീസ് അയച്ച് അവ മാധ്യമങ്ങൾക്ക് നൽകി പ്രചരണ കോലാഹലങ്ങൾ അഴിച്ചുവിടുന്നതല്ല അന്വേഷണം. അങ്ങനെയുള്ള അന്വേഷണങ്ങൾക്ക് പിന്തുണയുടെ ആരവവുമായെത്തിയ കോൺഗ്രസ്, പ്രൊഫഷണലായി നടത്തിയ അന്വേഷണമെന്താണെന്ന് മനസ്സിലാക്കാൻ സാധിക്കാതെ അമ്പരന്ന് നിൽക്കുന്നതായി

കാണാൻ കഴിയും. തെരഞ്ഞെടുപ്പിനെ സ്വാധീനിക്കാൻ വലിയ തോതിൽ പണമൊഴുക്കുന്ന ഏർപ്പാടിന്റെ ഭാഗമാണ് കൊടകരയിൽ കണ്ടെത്തിയ പണം. കേരള പോലീസ് ഇതുസംബന്ധിച്ച് അന്വേഷിച്ച് അതിന്റെ പരിധിയിലുള്ള കാര്യങ്ങൾവച്ചുകൊണ്ട് കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര ഏജൻസികളായ ആദായനികുതി വകുപ്പ്, എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് എന്നിവർ ചെയ്യേണ്ട കാര്യങ്ങൾ ചെയ്തിട്ടുണ്ടോയെന്ന് വിമർശനാത്മകമായി പരിശോധിക്കാൻ പ്രമേയാവതാരകൻ തയ്യാറാകേണ്ടതായിരുന്നു. അതിന് അദ്ദേഹം തയ്യാറായിട്ടില്ല. ലൈഫ് മിഷന്റെ കാര്യത്തിൽ ഇല്ലാത്ത കേസുമായി സി.ബി.ഐ.-യ്ക്ക് പരാതി സമർപ്പിക്കാൻ ഓടിയെത്തിയ എം.എൽ.എ.-മാരുണ്ടായ പാർട്ടിയാണ് കോൺഗ്രസ്. എന്നാൽ ബി.ജെ.പി. ഉൾപ്പെടുന്ന കഴൽപ്പണക്കേസിൽ ഒരു പരാതിയുമായി ഏതെങ്കിലും കോൺഗ്രസുകാരൻ പോയിട്ടുണ്ടോ; നിയമപരമായ കാര്യങ്ങൾ കൃത്യനിഷ്ഠയോടെ അന്വേഷിച്ച് കണ്ടെത്തുകയാണ് സംസ്ഥാന പോലീസ് ചെയ്തത്. കേന്ദ്ര ഏജൻസികളെ അറിയിക്കേണ്ട കാര്യങ്ങൾ അവരെ അറിയിക്കേണ്ട കർത്തവ്യവും അന്വേഷണ ഉദ്യോഗസ്ഥർ കൃത്യമായി നിർവ്വഹിക്കും. ചെയ്യേണ്ട ഘട്ടത്തിൽ അത് ചെയ്തിട്ടുമുണ്ട്. അക്കാര്യത്തിൽ പ്രമേയാവതാരകന് ഒരു ആശങ്കയും ഉണ്ടാകേണ്ടതില്ല. കേരളത്തിൽ കേന്ദ്ര ഏജൻസികൾ ചെയ്യുന്നതെല്ലാം ശരിയെന്ന് പറഞ്ഞ കോൺഗ്രസ് പാർട്ടിക്ക് ഇപ്പോഴും കേന്ദ്ര ഏജൻസികൾ അവരുടെ കർത്തവ്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തുന്നുവെന്ന് തുറന്നുപറയാൻ ഭയമുണ്ടെന്ന് ജനങ്ങൾ കാണുകയാണ്. ഇത് കേരളത്തിലെ കോൺഗ്രസിന് ബി.ജെ.പി.-യോടുള്ള വിധേയത്വത്തിന്റെ ഭാഗമാണെന്ന് ന്യായമായും സംശയിച്ചാൽ അവരെ തെറ്റുപറയാനാകില്ല. ഇവിടെ സി.ബി.ഐ. എന്ന അന്വേഷണ ഏജൻസിയെക്കുറിച്ചുള്ള സംസ്ഥാന കോൺഗ്രസിന്റെ അഭിപ്രായം അറിയാൻ സ്വാഭാവികമായും ഒരു താത്പര്യമുണ്ടാകും. കോൺഗ്രസിന്റെ കേന്ദ്ര നേതൃത്വം സി.ബി.ഐ.-യെ രാഷ്ട്രീയ ചട്ടുകമെന്നാണ് വിളിച്ചിട്ടുള്ളത്. സോണിയ ഗാന്ധിയും രാഹുൽ ഗാന്ധിയും പ്രിയങ്കാ ഗാന്ധിയുമൊക്കെ കേന്ദ്രസർക്കാർ സി.ബി.ഐ.-യെ രാഷ്ട്രീയമായി ദുരുപയോഗിക്കുന്നുവെന്ന് നിരന്തരം ആക്ഷേപിച്ചുകൊണ്ടിരിക്കുന്ന ഘട്ടത്തിലാണ് ഇവിടെയൊരു കോൺഗ്രസ് അംഗം കേന്ദ്ര നേതൃത്വത്തിന്റെ ആക്ഷേപത്തിന് ഇരയായി നിൽക്കുന്ന ആ ഏജൻസിയെ വെള്ളപൂശാനും അതിന്റെ വിശ്വാസ്യത പകരാനും കഠിനമായി ശ്രമിക്കുന്നത്. ഇത് കോൺഗ്രസിന്റെ താല്പര്യമാണോ ബി.ജെ.പി.-യുടെ താത്പര്യമാണോ എന്നുമാത്രം നോക്കിയാൽ മതി. എൻഫോഴ്സ്മെന്റ് ഡിപ്പാർട്ടുമെന്റിനെ dirty tricks-ന്റെ ഡിപ്പാർട്ടുമെന്റെന്നാണ് കോൺഗ്രസ് നേതൃത്വം ഔദ്യോഗിക പ്രസ്താവനയിലൂടെ വ്യക്തമാക്കിയത്. കേന്ദ്ര ഏജൻസികളെക്കുറിച്ചുള്ള തങ്ങളുടെ നേതൃത്വത്തിന്റെ നിലപാടിനെ തള്ളിപ്പറയുന്നതിന് പിന്നിലുള്ള താത്പര്യമെന്താണ്? ശ്രീ. പി. ചിദംബരം അടക്കമുള്ളവർക്കെതിരെ

സി.ബി.ഐ. റെയിഡ് അടക്കമുള്ള നടപടികൾ സ്വീകരിച്ചപ്പോൾ, രാഷ്ട്രീയ ചട്ടുകമായിരുന്ന സി.ബി.ഐ. ഇപ്പോൾ എങ്ങനെയാണ് പെട്ടെന്ന് ഇവർക്ക് സ്വീകാര്യമായി മാറിയത്? കേരളത്തിന്റെ കാര്യം നോക്കൂ, കേരളത്തിന്റെ അന്വേഷണ ഏജൻസി വളരെ കാര്യക്ഷമമായാണ് അന്വേഷണം മുന്നോട്ടുകൊണ്ടുപോകുന്നത്. അതിന്റെ മറ്റ് കണക്കുകളിലേയ്ക്ക് ഞാനിപ്പോൾ പോകുന്നില്ല. ഒരുപാട് കേസ്സുകളിൽ കേരളാ പോലീസ് കൃത്യമായ നിലപാട് സ്വീകരിച്ചതായി കാണാൻ സാധിക്കും. കൃത്യമായ രീതിയിൽ അന്വേഷണം നടത്താനും അതുമായി ബന്ധപ്പെട്ട വസ്തുതകൾ കണ്ടെത്താനും സംസ്ഥാനത്തെ പോലീസിന് കഴിഞ്ഞിരിക്കുന്നു. പണത്തിന്റെ ഉറവിടം കണ്ടെത്താനായില്ലെങ്കിൽ അത് കള്ളപ്പണം അഥവാ കുഴൽപ്പണമായിത്തന്നെ കരുതേണ്ടിവരും. ഇക്കാര്യങ്ങൾ അന്വേഷിച്ച് നിയമത്തിന്റെ മുന്നിൽ കൊണ്ടുവരേണ്ട ബാദ്ധ്യത കേന്ദ്ര ആദായനികുതി, എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് തുടങ്ങിയ ഏജൻസികൾക്കാണ്. ഇവയുടെ പ്രവർത്തനം പരിപൂർണ്ണമായി ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിലെ യൂണിയൻ ലിസ്റ്റിലാണ് ഉൾപ്പെടുന്നത്. അവർക്ക് ഇക്കാര്യങ്ങൾ സ്വയം അന്വേഷിക്കാനുള്ള ബാദ്ധ്യതയുണ്ട്. സംസ്ഥാന സർക്കാർ അവരെ അന്വേഷണം ഏൽപ്പിക്കുകയെന്നത് ഭരണഘടനയിലോ പാർലമെന്റ് പാസ്സാക്കിയ നിയമത്തിലോ വിഭാവന ചെയ്തിട്ടില്ല.

കേന്ദ്ര ഏജൻസികൾ അന്വേഷിക്കേണ്ട കാര്യങ്ങൾ കേരളാ പോലീസിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾ അവ കേന്ദ്ര ഏജൻസികളെ അറിയിക്കാൻ തയ്യാറായിട്ടുണ്ട്. അതിന്റെ എല്ലാ കാര്യങ്ങളും പൂർണ്ണമായും അറിയിക്കുകയും ചെയ്യും. ചാർജ്ജ്ഷീറ്റ് കൊടുത്തുവെന്ന് പറയുന്നത് ഈ വെള്ളിയാഴ്ചയാണ്. അതുകഴിഞ്ഞ് ശനി, ഞായർ, ഇന്ന് തിങ്കൾ. ഇത്രയും ദിവസമേ ആയിട്ടുള്ളൂ. എല്ലാ കാര്യങ്ങളും കൃത്യമായിത്തന്നെ ബന്ധപ്പെട്ട ഏജൻസികളെ അറിയിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇനിയെന്തെല്ലാം അറിയിക്കേണ്ടതുണ്ടോ അതെല്ലാം അറിയിക്കുകയും ചെയ്യും. അക്കാര്യത്തിൽ ഒരുതരത്തിലുള്ള ഒത്തുകളിയും ഇല്ലെന്നതാണ് വസ്തുത. ഒത്തുകളിച്ച് ശീലിച്ചതിന്റെ ഭാഗമായി, ഒത്തുകളി എന്നുപറഞ്ഞാൽ എന്തോ ഞങ്ങൾക്ക് വല്ലാത്തൊരു വിഷമമുണ്ടാകുമെന്നാണ് പ്രമേയാവതാരകൻ ധരിക്കുന്നത്. അതിനുവേണ്ടി എവിടെ വരെയെത്തി; എന്തൊക്കെയാണ് അദ്ദേഹം വിളിച്ചുപറഞ്ഞത്? മയക്കുമരുന്നിനെപ്പറ്റി പറഞ്ഞല്ലോ, ആരാണ് മയക്കുമരുന്ന് കേസ്സിൽ പ്രതിയായിട്ടുള്ളത്; അവർക്കുതന്നെ പറയാൻ കഴിയുന്നുണ്ടോ; ഉന്നയിച്ച ആക്ഷേപങ്ങൾക്കും ആരോപണങ്ങൾക്കും അടിസ്ഥാനമായി എന്തെങ്കിലുമുണ്ടോ; ആ കേസ്സിൽ മയക്കുമരുന്നിന്റെ ബന്ധം പറഞ്ഞിട്ടുണ്ടോ? രാഷ്ട്രീയമായി നാം തമ്മിൽ പല പ്രശ്നങ്ങളുമുണ്ടാകും. അതിന് വ്യക്തികളെ ആക്ഷേപിക്കുന്ന തരത്തിൽ തരംതാഴ്ന്ന രീതി സ്വീകരിക്കരുത്. നിങ്ങൾക്കും ബി.ജെ.പി.-ക്കും ഒരേ വികാരമുണ്ടാകരുത്. അതാണ് മനസ്സിലാക്കേണ്ടത്. അത്

ആദ്യം തിരിച്ചറിയണം. എന്തും പറയാനുള്ള ഒരു അവസരമായി ഇത്തരം കാര്യങ്ങളെ കാണരുത്. അന്വേഷണ ഏജൻസിക്ക് മയക്കുമരുന്ന് കേസ്സിലെ ഈ പ്രതിയെക്കുറിച്ച് എന്തെങ്കിലും കാര്യം പറയാനുണ്ടോ? ഇതുവരെ പറയാനില്ല. ഒരു തെളിവും അവരുടെ കൈവശമില്ല. അതല്ലേ വസ്തുത. അതിനെല്ലാം നാടൻ ചൊല്ലുകളുണ്ട്. ഞാൻ ഇപ്പോൾ അതിലേയ്ക്ക് പോകുന്നില്ല. അതുകൊണ്ട് അതിലൊന്നും ഒത്തുകളിയുടെ പ്രശ്നമില്ല. സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയെന്ന നിലയ്ക്ക്, രണ്ടാമത് ഈ സംസ്ഥാനത്ത് അധികാരത്തിൽ വന്ന എൽ.ഡി.എഫ്. ഗവൺമെന്റിന്റെ മുഖ്യമന്ത്രിയെന്ന നിലയ്ക്ക് പ്രധാനമന്ത്രിയെ കാണുന്നത് ഔപചാരികമായൊരു ചടങ്ങാണ്. അതിനാൽ ഞാൻ പോയി കണ്ടിട്ടുണ്ട്, അപ്പോൾ സാധാരണഗതിയിൽ ഷോൾ അണിയിച്ചിട്ടുമുണ്ട്. അതിലെന്താണ് വലിയ തെറ്റായിട്ടുള്ളത്? അതേസമയം അദ്ദേഹത്തിന്റെ മുഖത്തുനോക്കിത്തന്നെ ഞാൻ പറഞ്ഞു, നമുക്ക് രാഷ്ട്രീയമായി മത്സരിക്കുകയും തർക്കിക്കുകയുമൊക്കെ ചെയ്യാം, എന്നാൽ, നാടിന്റെ വികസനത്തിനായി കേന്ദ്രഗവൺമെന്റിനും സംസ്ഥാന ഗവൺമെന്റിനും ഒന്നിച്ചുനിൽക്കാനാകണം. ഈ നാടിന്റെ വികസന കാര്യങ്ങളിൽ നമുക്കൊന്നിച്ച് നിൽക്കാമെന്നതന്നെയാണ് അദ്ദേഹം പറഞ്ഞത്. ....(ബഹളം).... ഈ ശബ്ദം കേട്ടിട്ടൊന്നും ബേജാറാകേണ്ട കാര്യമില്ല. നമ്മുടെ സംസ്ഥാനത്തെ റിംഗ്റോഡ് - തലസ്ഥാന നഗരിയുടെ ഏറ്റവും പ്രധാനപ്പെട്ട ഒരു ഭാഗമാണത്. അതിന് കേന്ദ്രസർക്കാരിന്റെ സഹായം വേണം. അതുകൂടാതെ, സിൽവർ ലൈൻ, ജലപാത, നാഷണൽ ഹൈവേ തുടങ്ങിയവയ്ക്കൊക്കെ കേന്ദ്രസർക്കാരിന്റെ സഹായം വേണം. അത്തരം കാര്യങ്ങൾ കേന്ദ്രസർക്കാരിനോട് പറയാൻ കഴിയണം. അതാണ് നടന്നത്. അത് മനസ്സിലാക്കാനുള്ള മനഃസ്ഥിതി ഇപ്പോഴില്ല. അത് നഷ്ടപ്പെട്ടുപോയി. 'അയ്യോ! ഞങ്ങളിൽനിന്ന് അധികാരം പോയല്ലോ ഇനിയിവിടെ ഒന്നും നടക്കാൻ പാടില്ല' എന്നാണ് ചിന്തിക്കുന്നത്. അതാണ് മനോഭാവം. ആ മനോഭാവമല്ല വേണ്ടത്. ഈ നാടിന്റെ പുരോഗതിക്കും വികസനത്തിനും നല്ല ഭാവിക്കുംവേണ്ടി ഒരു നവകേരളം സൃഷ്ടിക്കാൻ പ്രതിപക്ഷമായാലും ഭരണപക്ഷമായാലും ഈ മണ്ണിൽ ജീവിക്കുന്ന എല്ലാവരും ഒന്നിച്ചുനിൽക്കുകയാണ് വേണ്ടത്. ആ മനോഭാവം നിങ്ങൾക്ക് ഇനിയുമുണ്ടാകണം. ഈ പ്രമേയത്തെക്കുറിച്ച് നേരത്തെ ഞാൻ പറഞ്ഞു. ഇത് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഞങ്ങൾ ആരെങ്കിലും ഇവിടെ സി.ബി.ഐ.-യെക്കുറിച്ച് സംസാരിച്ചോ? മുഖ്യമന്ത്രിയോട് ഒരു വിഷയം സംസാരിച്ചാൽ, പശുവിനെക്കുറിച്ച് പറഞ്ഞാൽ മുഖ്യമന്ത്രി പശുവിനെ തെങ്ങിൽ

ചേർത്തുകെട്ടും എന്നിട്ട് തെങ്ങിനെക്കുറിച്ച് സംസാരിക്കും. ആ രീതിയിലാണ് ഈ അടിയന്തരപ്രമേയ നോട്ടീസിനുള്ള മറുപടിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിച്ചത്. .....(ബഹളം)..... ഏപ്രിൽ മാസം മൂന്നാം തീയതി വെളുപ്പിന് നടന്ന ഒരു കവർച്ചയെത്തുടർന്ന് പുറത്തുവന്ന ഞെട്ടിപ്പിക്കുന്ന വിവരങ്ങൾ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം റോജി എം. ജോൺ ഇവിടെ അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയത്. സംഘപരിവാറുകാരനായ ധർമ്മരാജൻ മുതൽ ബി.ജെ.പി. സംസ്ഥാനാദ്ധ്യക്ഷൻ ശ്രീ. കെ. സുരേന്ദ്രൻ വരെ ഉൾപ്പെട്ടിട്ടുള്ള ഒരു പ്രധാനപ്പെട്ട കേസ്സാണിത്. രണ്ട് ജില്ലകളിലേയ്ക്കുമാത്രം ഏകദേശം 10 കോടി രൂപ എത്തിച്ചുവെന്നുള്ള വിവരങ്ങളാണ് ഇപ്പോൾ പുറത്തുവന്നിരിക്കുന്നത്. അപ്പോൾ ബാക്കി ജില്ലകളിലേയ്ക്ക് എത്ര കോടി രൂപ കൊണ്ടുവന്നിട്ടുണ്ട്? നൂറുകണക്കിന് കോടി രൂപ കേരളത്തിലെ തെരഞ്ഞെടുപ്പ് പ്രക്രിയയെ അട്ടിമറിക്കാൻവേണ്ടി ബി.ജെ.പി. നേതൃത്വം കൊണ്ടുവന്നിട്ടുണ്ട്. അത് ബി.ജെ.പി. സംസ്ഥാന അദ്ധ്യക്ഷന്റെയും ഉന്നതരായ നേതാക്കന്മാരുടെയും അറിവോടും സമ്മതത്തോടും കൂടിയാണ്. ധർമ്മരാജനെ ചോദ്യം ചെയ്തപ്പോഴും അദ്ദേഹത്തിന്റെ ഫോൺ പരിശോധിച്ചപ്പോഴും, അദ്ദേഹം ആദ്യം വിളിച്ചത് ബി.ജെ.പി.-യുടെ സംസ്ഥാന അദ്ധ്യക്ഷൻ ശ്രീ. കെ. സുരേന്ദ്രൻ ഉൾപ്പെടെയുള്ള ബി.ജെ.പി. നേതാക്കളെയാണെന്ന് പോലീസിന് ഏപ്രിൽ മൂന്നാം തീയതിതന്നെ മനസ്സിലായി. എന്നിട്ടും മൂന്നുമാസത്തിനുശേഷം ജൂലൈയിലാണ് ശ്രീ. കെ. സുരേന്ദ്രനെ പോലീസ് ചോദ്യം ചെയ്യുന്നത്. മനസ്സിലായല്ലോ? കാരണം ശ്രീ. കെ. സുരേന്ദ്രന് രക്ഷപ്പെടാനുള്ള എല്ലാ മാർഗ്ഗങ്ങളും ഒരുക്കിക്കൊടുത്തശേഷം മൂന്നുമാസം കഴിഞ്ഞ് ജൂലൈ മൂന്നാം തീയതിയാണ് നോട്ടീസ് കൊടുക്കുന്നത്. അന്വേഷണ കമ്മീഷന് മുമ്പാകെ വരുന്നത് കഴിഞ്ഞയാഴ്ചയാണ്. ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ മൂന്ന് കേസ്സുകളാണ് ഇതിലുള്ളത്. ഒന്ന്, ഹൈവേയിൽ നടന്ന കവർച്ച. അതാണ് ഞങ്ങൾ ഉന്നയിച്ച റോബറി കേസ്. റോബറി കേസ് കേരളത്തിൽ നടക്കാറുണ്ട്. ചാവക്കാട്, കാസർഗോഡ്, തൃശ്ശൂർ എന്നിവിടങ്ങളിലെല്ലാം നടക്കാറുണ്ട്. പക്ഷേ ഇത് അങ്ങനെ നടന്ന കേവലമൊരു കവർച്ചാക്കേസ് മാത്രമാണോ? ഈ കുറ്റപത്രം വായിച്ചാൽ ഇത് കേരളത്തിൽ സാധാരണയായി നടക്കുന്ന ഒരു കവർച്ചാക്കേസ് മാത്രമാണെന്ന് തോന്നും. കവർച്ചാക്കേസ് മാത്രമായി ഇത് ഒതുക്കരുതെന്നാണ് ഞങ്ങൾ ഇതിനുമുമ്പ് ഈ നിയമസഭയിൽ മുന്നറിയിപ്പ് നൽകിയത്. ഇതിന്റെ സാമ്പത്തിക സ്രോതസ്സും മറ്റ് കാര്യങ്ങളും അന്വേഷിക്കുന്നതിന് കേന്ദ്ര ഏജൻസികളെ ഏൽപ്പിക്കേണ്ടതാണ്, അവരെ അറിയിക്കേണ്ടതാണ് എന്ന് ഞാൻ ഇവിടെ പറഞ്ഞതിനെ, അസംബ്ലി റെക്കോർഡിൽ കിടക്കുന്ന ഒരു കാര്യത്തിനെ മുഖ്യമന്ത്രിയെപ്പോലെ ഒരാൾ മാറ്റിപ്പറയാൻ പാടില്ലായിരുന്നു. പോലീസ് ഇനി അന്വേഷിക്കേണ്ട, കേന്ദ്ര ഏജൻസി അന്വേഷിച്ചാൽ മതി എന്ന് ഞങ്ങൾ പറഞ്ഞുവെന്നാണ് മുഖ്യമന്ത്രി ഇപ്പോൾ

പറഞ്ഞത്. എന്റെ പ്രസംഗം തന്നെ ക്വാട്ട് ചെയ്യേണ്ട ഗതികേടിലാണ് ഞാൻ. "എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന് കേസ് കൊടുത്താൽ പോലീസ് അന്വേഷണം ഇല്ലാതാകില്ല. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് അന്വേഷിക്കുന്നത് ഇതിന്റെ മറ്റ് കാര്യങ്ങളാണ്, സാമ്പത്തിക വശങ്ങളാണ്. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റും ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റും ഈ കേസ് അന്വേഷിക്കുന്ന അതേ അവസരത്തിൽത്തന്നെ സംസ്ഥാന പോലീസിനും ഈ കേസ് അന്വേഷിക്കാൻ കഴിയും. എല്ലാ വശത്തു നിന്നും ഇത് അന്വേഷിക്കാൻ ഉത്തരവാദപ്പെട്ട കാര്യങ്ങൾ എന്തുകൊണ്ടാണ് പറയാതെ പോയത്" എന്നാണ് ഞാൻ പറഞ്ഞത്. xxxx* പറയുകയാണ് മുഖ്യമന്ത്രി. xxxx* എന്ന വാക്ക് ഞാൻ പിൻവലിക്കുന്നു. അവാസ്തവമായ കാര്യങ്ങളാണ് മുഖ്യമന്ത്രി ഇവിടെപ്പറഞ്ഞത്. കേരളത്തിലെ പോലീസ് അന്വേഷിക്കേണ്ടെന്ന് ഞങ്ങൾ പറഞ്ഞുവെന്നാണ് പറയുന്നത്. പോലീസിനും കേന്ദ്ര ഏജൻസികൾക്കും ഒരുപോലെ അന്വേഷിക്കാം എന്നാണ് ഈ ഹൗസിൽ ഞങ്ങൾ പറഞ്ഞത്. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ മറുപടി എന്താണ്; അല്ലെങ്കിൽ ഇപ്പോഴത്തെ കുറ്റപത്രത്തിൽ പറയുന്നതെന്താണ്? "അനധികൃതമായി പണം കൊണ്ടുവന്നതിനെ സംബന്ധിച്ച അന്വേഷണവും തുടർനടപടികളും എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്, ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റ്, സംസ്ഥാന ഇലക്ഷൻ കമ്മീഷൻ എന്നീ ഏജൻസികൾ നടത്തേണ്ടതുള്ളതിനാൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു വേണ്ടി കുറ്റപത്രത്തിന്റെ പകർപ്പ് സഹിതം റിപ്പോർട്ട് തയ്യാറാക്കി ഡയറക്ടർ, എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്, കൊച്ചി; കമ്മീഷണർ, ഇൻകം ടാക്സ് (ഇൻവെസ്റ്റിഗേഷൻ), കൊച്ചി; ചീഫ് ഇലക്ടറൽ ഓഫീസർ, കേരള എന്നിവർക്ക് അയയ്ക്കേണ്ടതാണ്" എന്നാണ്. ഇത് ഞാനിവിടെ പറഞ്ഞപ്പോൾ, ബി.ജെ.പി.-ക്കുവേണ്ടിയാണ് പ്രതിപക്ഷനേതാവ് ഇതുന്നയിക്കുന്നതെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ പറഞ്ഞത്. "ബി.ജെ.പി.-യുടെ ഇന്നലത്തെ പ്രസ്താവനയുടെ പകർപ്പ് എന്റെ കയ്യിൽ കിട്ടിയിട്ടുണ്ട്. പോലീസിന് പണത്തിന്റെ ഉറവിടത്തിൽ സംശയമുണ്ടെങ്കിൽ ഇൻകം ടാക്സ് വകുപ്പിനെ അറിയിക്കാം. കുഴൽപ്പണ/കള്ളപ്പണ ഇടപാടുണ്ടെന്ന് സംശയമുണ്ടെങ്കിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിനെ അറിയിക്കാം. അതുതന്നെയാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നേരത്തെ പറഞ്ഞത്" എന്നുപറഞ്ഞ് എന്നെ പരിഹസിക്കുകയാണ്. പരിഹാസം തീർന്നില്ല, പ്രിവൻഷൻ ഓഫ് മണി ലോണ്ടറിംഗ് ആക്ടിലെ സെക്ഷൻ 54(f), സെക്ഷൻ 3, സെക്ഷൻ 4 എന്നീ വകുപ്പുകളെ സംബന്ധിച്ച് ഞാൻ പറഞ്ഞു. സെക്ഷൻ 4 അനുസരിച്ച് ഈ കേസിൽ മൂന്ന് വർഷം മുതൽ ഏഴ് വർഷം വരെ തടവുശിക്ഷ ലഭിക്കാവുന്ന വകുപ്പുകളുണ്ടെന്ന് പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ മറുപടി എന്താണ്? "നിയമ വിജ്ഞാനം രണ്ടുതരത്തിൽ ഉപയോഗിക്കാമല്ലോ; അതാണല്ലോ നിയമവിജ്ഞാനത്തിന്റെ

*ബഹുമാനപ്പെട്ട അംഗം പിൻവലിച്ചു.

പ്രത്യേകത. നിയമവിജ്ഞാനം ബി.ജെ.പി.-യെ രക്ഷിക്കാൻവേണ്ടി ഉപയോഗിക്കുന്ന ഒരു വാദമാണ് ഇവിടെ കാണുന്നത്" എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. ഞാൻ പ്രിവൻഷൻ ഓഫ് മണി ലോണ്ടറിംഗ് ആക്ടിലെ ഒരു സെക്ഷൻ ക്വാട്ട് ചെയ്ത് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റും ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റുംകൂടി ഈ കേസ് അന്വേഷിക്കണമെന്ന് പറഞ്ഞപ്പോൾ ബി.ജെ.പി.-യെ സഹായിക്കാൻ വേണ്ടി എന്റെ നിയമവിജ്ഞാനം വിളമ്പുകയാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരിഹസിച്ചു. ഇപ്പോൾ അതെല്ലാം അതേ സീറ്റിലിരുന്ന് മാറ്റിപ്പറയേണ്ട ഗതികേട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുണ്ടായി. അതോടൊപ്പം ഞങ്ങൾക്കും സംഘി പട്ടം ചാർത്തിത്തരാനൊരു ശ്രമവും നടത്തി. ഒരു പിണറായി വിജയനല്ല, ആയിരം പിണറായി വിജയൻമാർ ഒരുമിച്ചുവന്നാലും ഞങ്ങളുടെ തലയിൽ സംഘി പട്ടം ചാർത്താൻ സാധിക്കുകയില്ല. 'തെരഞ്ഞെടുപ്പിൽ നിങ്ങൾ ബി.ജെ.പി.-യുടെ വോട്ട് വാങ്ങിയിട്ട് നാണമുണ്ടോ' എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചോദിക്കുന്നത്. ഇത് ഉത്സവപ്പറമ്പിലെ പോക്കറ്റടിക്കാരന്റെ തന്ത്രമാണ്. ആ പോക്കറ്റടിക്കാരനെ അന്വേഷിച്ച് ആളുകൾ അങ്ങോട്ടുമിങ്ങോട്ടും ഓടുമ്പോൾ വലിയ ഉച്ചത്തിൽ കള്ളൻ എവിടെ, കള്ളൻ എവിടെ എന്ന് ചോദിക്കുന്നത് പോക്കറ്റടിക്കാരൻ തന്നെയാണ്. അതുപോലെ മുഖ്യമന്ത്രി എല്ലാ ഒത്തുതീർപ്പിനും കൂട്ടുനിന്നിട്ട്, ഒത്തുതീർപ്പുണ്ടാക്കിയെന്ന് ഞങ്ങളിൽ ആരോപണം ഉന്നയിക്കുകയാണ്. ഇപ്പോൾ എന്താണ് നടന്നത്? യഥാർത്ഥത്തിൽ തെരഞ്ഞെടുപ്പ് അട്ടിമറിക്കാൻവേണ്ടി കോടിക്കണക്കിന് രൂപയുടെ കള്ളപ്പണം കേരളത്തിലേയ്ക്ക് കൊണ്ടുവന്ന ആളുകളെ അന്വേഷിക്കാൻ പോയിട്ട് പ്രതികളാകേണ്ട ആളുകൾ സാക്ഷികളായി മാറിയ പിണറായി ഇന്ദ്രജാലമാണ് ഈ കേസ്സിൽ നടന്നത്. ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റിനെയും എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിനെയും അറിയിക്കണമെന്ന് നേരത്തെ ഞങ്ങൾ പറഞ്ഞപ്പോൾ അതിനെ പരിഹസിക്കുകയും എന്നിട്ട് ബി.ജെ.പി.-യെ സഹായിക്കുകയും ചെയ്യുകയാണ്. സെൻട്രൽ ഏജൻസിയെന്ന് കേട്ടാൽ മുഖ്യമന്ത്രിക്ക് കലിയിളകും, ഹാലിളകും. Pinarayi Vijayan writes to PM- Seeks probe into gold smuggling case. ഇവിടെനിന്നും പ്രധാനമന്ത്രിക്ക് കത്തയച്ചത് ആരാണ്? 30 കിലോഗ്രാം സ്വർണ്ണം പിടിച്ചതിന് കേന്ദ്ര ഇൻവെസ്റ്റിഗേഷൻ ഏജൻസികൾ കേരളത്തിൽ വന്ന് അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് പ്രധാനമന്ത്രിക്ക് കത്തയച്ച ആളുകൾക്ക്, ഇപ്പോൾ സി.ബി.ഐ. എന്ന് യു.ഡി.എഫ്.-ന് പറയാൻ പാടില്ല. അങ്ങനെ പറഞ്ഞാൽ വലിയ തെറ്റ്. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് എന്ന് ഞങ്ങൾക്ക് പറയാൻ പാടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കേന്ദ്ര ഏജൻസികളുടെ അന്വേഷണം തേടി പ്രധാനമന്ത്രിക്ക് കത്തെഴുതാം. ഇങ്ങനെ പരസ്പരവിരുദ്ധമായ കാര്യങ്ങൾ പറഞ്ഞുകൊണ്ടാണ് അങ്ങ് സംസാരിക്കുന്നത്. ലൈഫ് മിഷൻ സംബന്ധിച്ച് ഒരു പ്രതിപക്ഷ എം.എൽ.എ. പരാതി നൽകിയതിനെക്കുറിച്ച് ഒരാക്ഷേപം പറഞ്ഞു.

ലൈഫ് മിഷൻ പദ്ധതിക്ക് ലഭിച്ച 20 കോടി രൂപയിൽ 9.25 കോടി രൂപ നിങ്ങൾ അടിച്ചുമാറ്റിയില്ലേ? എന്നിട്ട് അതിനെക്കുറിച്ച് കേസ് നൽകിയതിലാണ് നിങ്ങൾക്ക് പരാതി. 20 കോടി രൂപ കേരളത്തിലേയ്ക്ക് കൊണ്ടുവന്നിട്ടിപ്പോൾ എന്തായി? ഇത് മാരുതി കാറിൽ കുതിരയെ കൊണ്ടുവരുന്നതുപോലെയല്ലെന്ന് മനസ്സിലാക്കണം. ബഹുമാനപ്പെട്ട എം. നൗഷാദ് അംഗം ഇതറിയണം. ലൈഫ് മിഷനുമായി ബന്ധപ്പെട്ട ഗുരുതരമായ കേസിൽ സി.ബി.ഐ.-യ്ക്ക് പരാതി നൽകിയതിനെക്കുറിച്ച് അങ്ങിവിടെവച്ച് പറയരുത്. അങ്ങ് ഈ പ്ലാറ്റ്ഫോം അതിനുവേണ്ടി ഉപയോഗിക്കരുതായിരുന്നു. കാരണം അതിൽ വലിയ കളവ് നടന്നിട്ടുണ്ട്. കൈക്കൂലി വാങ്ങുകയും കൊടുക്കുകയും ചെയ്തിട്ടുണ്ടെന്ന് വ്യക്തമായ കേസിനെ മുഖ്യമന്ത്രിയുടെ സ്ഥാനത്തിരുന്നുകൊണ്ട് ന്യായീകരിക്കാമോ? കേന്ദ്ര ഏജൻസികൾ അന്വേഷിക്കേണ്ട കാര്യങ്ങൾ അവർ അന്വേഷിക്കണം. ഇത് കേന്ദ്ര ഏജൻസി അന്വേഷിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പോലീസ് സമർപ്പിച്ച കുറ്റപത്രത്തിൽ പറഞ്ഞിരിക്കുകയല്ലേ? നിങ്ങൾക്ക് പറയാം. അങ്ങയുടെ ഇപ്പോഴത്തെ പ്രസംഗത്തിലും എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റും ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റും ചീഫ് ഇലക്ടറൽ ഓഫീസും അന്വേഷിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. ഇത് ഞങ്ങൾ പറഞ്ഞപ്പോഴാണ് അതിനെ തെറ്റിദ്ധരിപ്പിക്കാൻ നോക്കിയത്. കഴിഞ്ഞ ദിവസം അങ്ങ് ഈ സഭയിൽ പറഞ്ഞ കാര്യങ്ങൾക്കെല്ലാം വിരുദ്ധമായ നിലപാടാണ് ഇവിടെ സ്വീകരിച്ചിട്ടുള്ളത്. പരസ്പര വിരുദ്ധമായിട്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കുന്നത്. യഥാർത്ഥത്തിൽ ഈ കേസ്സിൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ബി.ജെ.പി. നേതാക്കന്മാരെ രക്ഷിക്കുന്നതിനുള്ള ശ്രമമാണ് നടന്നത്. നിങ്ങൾക്കെതിരായുള്ള കേന്ദ്ര ഏജൻസികളുടെ അന്വേഷണവും ബി.ജെ.പി.-ക്കെതിരായ അന്വേഷണങ്ങളുമെല്ലാം ഒത്തുതീർപ്പാക്കി ഒരു സുപ്രഭാതത്തിൽ കേസ്സുകളില്ലാതെയായി. ഇനിയിപ്പോൾ ഇതങ്ങോട്ട് കൊടുത്താൽ മതിയല്ലോ? ശ്രീ. കെ. സുരേന്ദ്രനെ കേന്ദ്ര ഏജൻസി അറസ്റ്റ് ചെയ്യുമോ; അദ്ദേഹത്തെ അവർ കേസ്സിൽ പ്രതിയാക്കുമോ? അപ്പോൾ ഇത് വ്യക്തമാണ്. ഒരു ബി.ജെ.പി. നേതാവും ഈ കേസിൽ ഒരിക്കലും പ്രതികളാകാൻ പാടില്ല, പ്രതികളാകില്ല എന്ന് ഉറപ്പു വരുത്തിക്കൊണ്ടാണ് കേസ്സന്വേഷണം അവസാനിപ്പിച്ചിരിക്കുന്നത്. ഇതുതന്നെയാണ് ഞങ്ങൾ ഈ സഭയിൽ മുന്നറിയിപ്പ് നൽകിയത്. കേരളത്തിൽ നടന്ന ഏറ്റവും വലിയ കുഴൽപ്പണ ഇടപാട് കേവലം കവർച്ചാക്കേസ്സാക്കിമാറ്റി പ്രതികളാകേണ്ടിയിരുന്ന രാഷ്ട്രീയ നേതാക്കന്മാരെ മുഴുവൻ സാക്ഷികളാക്കിക്കൊണ്ട് അവരെ രക്ഷപ്പെടുത്താൻ ശ്രമിച്ചതിനെ ശക്തിയായി പ്രതിഷേധിച്ചുകൊണ്ടും ഈ ഗൗരവകരമായ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ചും ഞാനും എന്റെ പാർട്ടിയും വാക്ക് ഔട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യുന്നില്ലെങ്കിലും കേരളത്തിലെ ജനങ്ങൾ ചർച്ച ചെയ്യുകൊണ്ടേയിരിക്കും. ഇത് ജനങ്ങളെയാകെ സ്തബ്ധരാക്കിയിരിക്കുന്ന വിഷയം തന്നെയാണെന്ന് അപ്പുറത്തിരിക്കുന്നവരുടെ മുഖഭാവവും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച രീതിയും കണ്ടാൽ മനസ്സിലാകും. നടുറോഡിലിട്ട് പിടിക്കപ്പെട്ടതും തെരഞ്ഞെടുപ്പുകാലത്ത് പണം വാരിവിതറിയതുമായ കേസ്സിലെ എല്ലാ തെളിവുകളും അടിക്കടി വന്നുകൊണ്ടിരുന്നു. പ്രതികളെന്ന് പറഞ്ഞ ആളുകളൊക്കെ വി.ഐ.പി.-കളും വലിയ രാഷ്ട്രീയ സ്വാധീനമുള്ളവരുമായതുകൊണ്ട് അവരൊക്കെ കേസ്സിലെ സാക്ഷികളായി. ഇത്രമാത്രമേ ഞങ്ങളെക്കൊണ്ട് കഴിയുകയുള്ളൂ, ഇനി നിങ്ങൾ നോക്കിക്കോളൂ എന്നുപറഞ്ഞ് കേന്ദ്ര ഏജൻസികളുടെ കയ്യിലേയ്ക്ക് കൊടുത്തതുപോലെ ഈ വിഷയത്തിൽ ഇതിലും വലിയ പരിരക്ഷ വേറെയുണ്ടാകാനില്ല. ഇത് നഗ്നമായി അവരെ സഹായിച്ചതാണ്. ഈ സഹായം എല്ലാവർക്കും ലഭിക്കുകയില്ല. ഇവിടെ എത്ര എം.എൽ.എ.-മാർക്കും മന്ത്രിമാർക്കും ചെക്ക് മടങ്ങിയ കേസ്സുകളുണ്ട്. ഞാൻ പേരൊന്നും പറയുന്നില്ല. അതുപോലെ ബിസിനസ്സ് പൊളിഞ്ഞവരുണ്ട്. അവരെയൊക്കെ മൂന്ന് മാസം ജയിലിലിട്ട് തേർഡ് റേറ്റ് പ്രതികളെപ്പോലെ പീഡിപ്പിക്കുമോ? ചോദ്യം ചെയ്യാൻ വിളിക്കുന്നതിനിടയ്ക്കുതന്നെ ഇയാളെ അറസ്റ്റ് ചെയ്യാൻ പോകുന്നുവെന്ന് എസ്.പി. അദ്ദേഹത്തിന് അറിയാവുന്ന മലയാള ഭാഷയിൽ പറഞ്ഞപ്പോൾതന്നെ ഗോൾഡ് തട്ടിപ്പ് കേസ്സിലെ എം.ഡി. എന്നുപറയുന്നയാൾ മുങ്ങി. പോലീസിന് അറസ്റ്റ് ചെയ്ത് ജയിലിലിടാൻ എം.എൽ.എ.-യെ മാത്രം മതിയായിരുന്നു. മറ്റുള്ളവർക്ക് കിട്ടുന്ന പരിരക്ഷ അങ്ങനെയാണ്. ഒരു സ്വകാര്യ ബിസിനസ്സിൽ നഷ്ടം വന്ന കേസ്സിൽ എം.എൽ.എ. മാസങ്ങളായി ജയിലിൽ കിടന്നു. ഇവിടെ ഇത്രയും വ്യക്തമായ കേസ്സിൽ ബി.ജെ.പി.-യുടെ ആളുകൾ മഹാന്മാരായ സാക്ഷികൾ. ഇതാണ് വ്യത്യാസം. ഇതാർക്കും മനസ്സിലാകാത്ത സ്ഥിതിയാണുള്ളത്. ഇനി അവർ പ്രതിയാകുകയില്ലെന്നുള്ള കാര്യം ഉറപ്പല്ലേ? ഞങ്ങളെക്കൊണ്ട് ഇത്രയൊക്കെ പറ്റുകയുള്ളൂ, ബാക്കി നിങ്ങൾ നോക്കിക്കൊള്ളുവെന്ന് പറഞ്ഞതുപോലെ ആയില്ലേ. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യം ശ്രദ്ധിക്കണം. എല്ലാ ജനവിഭാഗങ്ങൾക്കും വർത്തമാനമൊക്കെ പറയാം. പക്ഷേ ഫലത്തിൽ വരുമ്പോൾ ഇവിടെ പറഞ്ഞതുപോലെ ബി.ജെ.പി.-ക്ക് കിട്ടിയത് വമ്പൻ സഹായമാണ്. ഇത് പരസ്പര സഹായമാണെന്ന് ആരെങ്കിലും സംശയിച്ചാൽ അവരെ കുറ്റം പറയാൻ കഴിയില്ല. ഈ നയത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്ക് ഔട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

11.00 a.m.]

ശ്രീ. മോൻസ് ജോസഫ്: സർ, കൊടകര കുഴൽപ്പണക്കേസിൽ യഥാർത്ഥ പ്രതികളെയെല്ലാം നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാൻ കഴിയുംവിധത്തിൽ സർക്കാർ നിലപാട് സ്വീകരിക്കേണ്ടതായിരുന്നു. പ്രതികൾ സാക്ഷികളായി മാറുകയും കേസ് അട്ടിമറിക്കാനും നിസ്സാരവൽക്കരിക്കാനുമിടയാക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണ് ഉണ്ടായിരിക്കുന്നത്. ഗുരുതരമായ ഈ സാഹചര്യം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതായിരുന്നു. അതിന് ഗവൺമെന്റ് തയ്യാറാകാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാൻ വാക്ക് ഔട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫ് സഭ വിട്ട് പുറത്തുപോയി).

ശ്രീ. അനൂപ് ജേക്കബ്: സർ, കവർച്ചാക്കേസ് മാത്രമല്ല, സാമ്പത്തിക കുറ്റകൃത്യവും കൂടി ഇതിനകത്തുണ്ടെന്നുള്ളതുകൊണ്ടാണ് കേന്ദ്ര ഏജൻസികളുടെ അന്വേഷണം പ്രമേയാവതാരകൻ, യു.ഡി.എഫ് മുന്നോട്ടുവച്ചത്. ഇതുസംബന്ധിച്ച് പോലീസിന്റെയും കേന്ദ്ര ഏജൻസികളുടെയും അന്വേഷണം നടക്കണം. യഥാർത്ഥ പ്രതികൾ രക്ഷപ്പെടാനുള്ള സാഹചര്യം ഇവിടെയുണ്ടാകുന്നുവെന്നതാണ് ഞങ്ങൾ ചൂണ്ടിക്കാട്ടുന്നത്. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്ക് ഔട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.

സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം വീണ്ടും ഹാജരായി.)

IV ശ്രദ്ധ ക്ഷണിക്കൽ

(1) ഭൂപതിവ് ചട്ടം ഭേദഗതി ചെയ്യൽ

ശ്രീ. എം. എം. മണി: സർ, ഇടുക്കി ജില്ലയിലെ മൂന്നാർ അടക്കമുള്ള 8 വില്ലേജുകളിലെ നിർമ്മാണ പ്രവർത്തനങ്ങളിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിറക്കിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ സർക്കാർ 8 വില്ലേജുകളിൽ ചില നിയന്ത്രണങ്ങൾ കൊണ്ടുവരാൻ തീരുമാനിച്ചു. അതിനെതിരെ ഒരു കോൺഗ്രസ്സ് പ്രവർത്തക ഹൈക്കോടതിയിൽ കേസ് കൊടുത്തു. ഈ സഭയിലെ മൂവാറ്റുപുഴ മെമ്പറാണ് ആ കേസ് വാദിച്ചത്. മൂന്നാറിലെ കേസിൽ ഹൈക്കോടതി എടുത്ത തീരുമാനം കേരളം

മുഴുവൻ നടപ്പാക്കാൻ ഉത്തരവിറക്കി. സംസ്ഥാന ഗവൺമെന്റ് അതിനെതിരെ സുപ്രീംകോടതിയിൽ അപ്പീൽ നൽകി. ആ കേസ്സിലും മൂവാറ്റുപുഴ മെമ്പറും ബഹുമാനപ്പെട്ട പി. ചിദംബരവുമാണ് ഗവൺമെന്റിനെതിരെ വാദിച്ചത്. ഹൈക്കോടതി വിധി സുപ്രീംകോടതി അംഗീകരിച്ചു. ഫലത്തിൽ അതിപ്പോൾ കേരളമൊട്ടാകെ സങ്കീർണ്ണമായ പ്രശ്നം സൃഷ്ടിച്ചിരിക്കുകയാണ്.

1964-ലെ ഭൂപതിവ് ചട്ട പ്രകാരം പട്ടയം നൽകിയ ഭൂമി വീടുവച്ച് താമസിക്കാനും കൃഷി ചെയ്യാനും മാത്രമേ ഉപയോഗിക്കാവൂ എന്നാണ് വ്യവസ്ഥ. ഈ നിയമം നിലവിൽ വന്നിട്ട് 57 വർഷം കഴിഞ്ഞു. കേരളത്തിലൂടനീളം വലിയ മാറ്റങ്ങൾ വന്നിട്ടുണ്ട്. പ്രസ്തുത ഭൂമിയിൽ നിർമ്മാണ പ്രവർത്തനവും കാർഷികേതര പ്രവർത്തനവുമൊക്കെ നടന്നിട്ടുണ്ട്. ഇപ്പോൾ സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിൽ മാത്രമല്ല, മറ്റ് ജില്ലകളിലും ഉദ്യോഗസ്ഥർ നടപടി സ്വീകരിച്ചു വരികയാണ്. ഈ സാഹചര്യത്തിൽ 1964-ലെ ഭൂപതിവ് ചട്ടം ഭേദഗതി ചെയ്ത് ഇന്നത്തെ പ്രതിസന്ധിക്ക് പരിഹാരം കാണണം. മൂന്നാറിലെ 8 വില്ലേജുകളിൽ ഉദ്ദേശിച്ച കാര്യങ്ങൾ കേരളം മുഴുവൻ നടപ്പാക്കുന്ന തരത്തിൽ മാറ്റിയതിൽ ഈ സഭയിലെ അംഗത്തിനും കേസ്സുകൊടുത്തവർക്കും വലിയ പങ്കുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ നിയമഭേദഗതി വരുത്തുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. റവന്യൂ വകുപ്പ് ആയതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നാണ് എന്റെ ചോദ്യം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, 1964-ലെ കേരള ഭൂപതിവ് ചട്ടങ്ങളിലെ ചട്ടം (4) പ്രകാരം സ്വന്തമായി കൃഷിക്കും താമസത്തിനും സമീപവസ്തുവിന്റെ ഗുണകരമായ ഉപയോഗത്തിനുമായി ഭൂമി പതിച്ചുനൽകാവുന്നതാണ്. ചട്ടം (8)-ലെ ഉപചട്ടം (2) പ്രകാരം പതിച്ചുകിട്ടിയ ഭൂമി പതിച്ചുനൽകിയ ആവശ്യത്തിനുതന്നെ ഉപയോഗിക്കേണ്ടതുമുണ്ട്. അപ്രകാരം ഉപയോഗിച്ചില്ലെങ്കിൽ ഉപചട്ടം (3) പ്രകാരം പതിവ് റദ്ദ് ചെയ്യാവുന്നതുമാണ്. നിലവിലെ ചട്ടമനുസരിച്ച് ഈ വ്യവസ്ഥകൾ സംസ്ഥാനത്തിന് പൊതുവിൽ ബാധകമാണ്. ഇടുക്കി ജില്ലയിലെ കെ.ഡി.എച്ച്., പള്ളിവാസൽ, ആനവിരട്ടി, വെള്ളത്തൂവൽ, ചിന്നക്കനാൽ, ശാന്തൻപാറ, ബൈസൺവാലി, ആനവിലാസം എന്നീ 8 വില്ലേജുകൾ അടങ്ങുന്ന മൂന്നാർ പ്രദേശത്ത് കാർഷികാവശ്യങ്ങൾക്കായി പതിച്ചുകൊടുത്ത ഭൂമിയിൽ വ്യാപകമായ നിർമ്മാണ പ്രവർത്തനങ്ങൾ നടന്ന സാഹചര്യത്തിൽ മൂന്നാർ പ്രദേശത്ത് റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. ഇല്ലാതെ യാതൊരു നിർമ്മാണ പ്രവർത്തനവും നടക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണെന്ന് WP(C) 1801/2010 എന്ന കേസിൽ 21-1-2010-ലെ ഇടക്കാല ഉത്തരവിൽ ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു. തുടർന്ന്

9-6-2016, 1-8-2016 എന്നീ തീയതികളിലെ ഇടുക്കി ജില്ലാ കളക്ടറുടെ സർക്കുലർ പ്രകാരം മൂന്നാർ പ്രദേശത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. നിർബന്ധമാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതി 25-6-2020-ൽ 17983/2019 നമ്പർ കേസ്സിന്മേൽ പുറപ്പെടുവിച്ച ഉത്തരവിൽ റവന്യൂ വകുപ്പ് നൽകുന്ന കൈവശ സർട്ടിഫിക്കറ്റുകളിൽ ഭൂമി എന്ത് ആവശ്യത്തിനാണ് പതിച്ചു നൽകിയതെന്ന് വ്യക്തമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനെതിരെ സംസ്ഥാന സർക്കാർ ബഹുമാനപ്പെട്ട സുപ്രീംകോടതി മുമ്പാകെ ഫയൽ ചെയ്ത SLP No.10774-10788/2020, 19-11-2020-ൽ തള്ളി ഉത്തരവായിട്ടുണ്ട്. മൂന്നാർ പ്രദേശത്ത്എൻ.ഒ.സി. ഇല്ലാതെയും മറ്റും നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ വ്യവസ്ഥകൾക്ക് വിധേയമായി ക്രമവൽക്കരിക്കുന്നതിന് സർക്കാർ നയപരമായ തീരുമാനമെടുക്കുകയും 22-8-2019-ലെ സ.ഉ.(കൈ.) നമ്പർ269/2019/റവ. പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതി SLP (Special Leave Petition) തള്ളിയ സാഹചര്യത്തിൽ പ്രസ്തുത ഉത്തരവ് നടപ്പാക്കുന്നത് സംബന്ധിച്ച് 25-11-2020-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നിരുന്നു. 1964-ലെ ഭൂപതിവ് ചട്ടപ്രകാരം പതിച്ചുനൽകിയ 15 സെന്റിനു താഴെയുള്ള പട്ടയഭൂമിയിൽ ഉപജീവനാവശ്യത്തിനുമാത്രം ഉപയോഗിക്കുന്ന 1500 ചതുരശ്ര അടിക്കുതാഴെ തറ വിസ്തീർണ്ണമുള്ള കെട്ടിടം മാത്രമാണുള്ളതെങ്കിൽ അപേക്ഷകനോ അപേക്ഷകനെ ആശ്രയിച്ചു കഴിയുന്നവർക്കോ മറ്റൊരിടത്തും ഭൂമിയില്ലെന്ന് തെളിയിക്കുന്ന പക്ഷം അപ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങളും 21-1-2010-ലെ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിനുശേഷം നിർത്തിവയ്ക്കപ്പെട്ട തുൾപ്പെടെ 22-8-2019-ലെ ഉത്തരവ് തീയതി വരെയുള്ള നിർമ്മാണ പ്രവർത്തനങ്ങളും വ്യവസ്ഥകൾക്കു വിധേയമായി ക്രമവൽക്കരിക്കുന്നതിനാവശ്യമായ ചട്ടഭേദഗതി വരുത്താനുള്ള നടപടി സ്വീകരിച്ചുവരികയാണ്. WP(C) 1801/2010 ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലായതിനാൽ ചട്ട ഭേദഗതിക്ക് കോടതിയുടെ അനുവാദം വാങ്ങണമെന്ന് നിയമവകുപ്പ് ഉപദേശം നൽകിയിട്ടുണ്ട്. അക്കാര്യംകൂടി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എം. എം. മണി: സർ, കേരളത്തിലെ എല്ലാ ജില്ലകളിലും 1964-ലെ ചട്ട ലംഘനം നടന്നിട്ടുണ്ട്. പട്ടയ ഭൂമിയിൽ വീടുവച്ച് താമസിക്കലും കൃഷിയും മാത്രമല്ല, കാർഷികേതര ആവശ്യങ്ങൾക്കുള്ള നിർമ്മാണ പ്രവർത്തനവും നടന്നിട്ടുണ്ട്. ഇപ്പോൾ സുപ്രീംകോടതി വിധി നടപ്പാക്കാൻ ശ്രമിച്ചാൽ സങ്കീർണ്ണമായ പ്രശ്നങ്ങളായിരിക്കും ഉണ്ടാകാൻ പോകുന്നതെന്ന കാര്യം ഞാൻ ഈ അവസരത്തിൽ ഉത്കണ്ഠാപൂർവ്വം സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. 1964-ലെ ഭൂപതിവ് ചട്ടം ഭേദഗതി ചെയ്യുകയാണ് ഇതിന് ഉചിതമായ മാർഗ്ഗമെന്നാണ് കരുതുന്നത്.

ശ്രീ. കെ. രാജൻ: സർ, അങ്ങയുടെ നിർദ്ദേശം ലഭിച്ചിട്ടുണ്ട്. നിലവിലുള്ള ചട്ടങ്ങളുടെയും നിയമങ്ങളുടെയും അടിസ്ഥാനത്തിലാണ് സഭയ്ക്ക് കാര്യങ്ങൾ തീരുമാനിക്കാനാവുന്നത്. അക്കാര്യത്തിൽ എല്ലാവരുടെയും അഭിപ്രായം പരിശോധിച്ചും നിയമവകുപ്പിന്റെ അഭിപ്രായം തേടിയും എന്താണ് ചെയ്യാൻ കഴിയുക എന്ന് ഗൗരവമായി പരിശോധിക്കുന്നതാണ്.

(2) കോവിഡ് വാക്സിനേഷൻ

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, രാജ്യത്തെ മറ്റ് സംസ്ഥാനങ്ങൾ അഭിമുഖീകരിക്കാത്തവിധം കോവിഡ് കേരളത്തെ സങ്കീർണ്ണമായ പ്രതിസന്ധിയിലാക്കിയിരിക്കുന്നു. രാജ്യത്തെ ഏറ്റവും ഉയർന്ന രോഗസ്ഥിരീകരണ നിരക്ക് കേരളത്തിലാണ്. രണ്ടാം തരംഗത്തിന്റെ ഭാഗമായുള്ള രോഗവ്യാപനത്തോത് ഇപ്പോഴും കുറഞ്ഞിട്ടില്ല. കഴിഞ്ഞ ദിവസത്തെ കണക്കുകൾ പ്രകാരം രാജ്യത്ത് റിപ്പോർട്ടുചെയ്ത 39742 കോവിഡ് കേസ്സുകളിൽ 17466 എണ്ണവും കേരളത്തിൽ നിന്നാണ്. 535 കോവിഡ് മരണങ്ങളിൽ 66-ഉം കേരളത്തിൽ നിന്നാണ്. ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് ഒരാഴ്ചയിലേറെയായി 11 ശതമാനത്തിന് മുകളിലാണ്. കേരളത്തിൽ ആകെ റിപ്പോർട്ട ചെയ്യപ്പെട്ട മരണം 16035 ആണ്. 140276 പേർ ചികിത്സയിലാണ്. പ്രധാനമന്ത്രി വിളിച്ച കക്ഷിനേതാക്കളുടെ യോഗത്തിലെ കണക്കുകൾപ്രകാരം കോവിഡ് വാക്സിനേഷനിൽ കേരളം ദേശീയ ശരാശരിക്ക് പിന്നിലാണെന്ന് കഴിഞ്ഞദിവസം മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. വാക്സിനേഷൻ ശരാശരിയുടെ കാര്യത്തിൽ കേരളം രാജ്യത്ത് 23-ാം സ്ഥാനത്താണ്. മുന്നണിപ്പോരാളികളിലെ ആദ്യ ഡോസ് വാക്സിനേഷന്റെ ദേശീയ ശരാശരി 91 ശതമാനവും കേരളത്തിൽ 74 ശതമാനവുമാണ്. രണ്ടാം ഡോസ് വാക്സിനേഷന്റെ കാര്യത്തിൽ ദേശീയ ശരാശരി 83 ശതമാനവും കേരളത്തിൽ ഇത് വെറും 60 ശതമാനവുമാണെന്നാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. യുവാക്കളുടെ വാക്സിനേഷനിലും കേരളം വളരെ പിന്നിലാണ്. 18-നും 45-നും മധ്യേ പ്രായമുള്ളവരുടെ വാക്സിനേഷന്റെ കാര്യത്തിൽ ദേശീയ ശരാശരി 21 ശതമാനമാണെങ്കിൽ കേരളത്തിൽ 16 ശതമാനം മാത്രമാണ്. കേരളം തങ്ങൾക്ക് ലഭ്യമായ വാക്സിൻപോലും ഉപയോഗിച്ചിട്ടില്ലെന്നാണ് കേന്ദ്ര ആരോഗ്യ മന്ത്രാലയം വ്യക്തമാക്കുന്നത്. വാക്സിൻ ലഭ്യതക്കുറവിനെക്കുറിച്ച് നിരന്തരം പരാതി ഉന്നയിക്കുന്ന സംസ്ഥാനമാണ് കേരളം. വാക്സിൻ ദൗർലഭ്യംമൂലം സംസ്ഥാനത്ത് വാക്സിനേഷൻ പ്രക്രിയ താളംതെറ്റുമെന്ന ആശങ്ക ലോക്സഭയിൽ അറിയിച്ച എം.പി.മാരായ ശ്രീ. ടി. എൻ. പ്രതാപൻ, ശ്രീ. ഹൈബി ഈഡൻ എന്നിവരോട് കോവിഡ് പ്രതിരോധത്തിനായി കേന്ദ്രം അനുവദിച്ച പത്ത് ലക്ഷം ഡോസ് വാക്സിൻ കേരളം ഉപയോഗിച്ചിട്ടില്ലെന്നും കൈവശമുള്ള വാക്സിൻ ഡോസുകൾ ഉപയോഗിച്ചുകഴിയുന്ന മുറയ്ക്ക് കൂടുതൽ ഡോസ് നൽകാൻ കേന്ദ്രം സന്നദ്ധമാണെ

ന്നമാണ് കേന്ദ ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. മൻസുഖ് എൽ. മാണ്ഡവ്യ വ്യക്തമാക്കിയത്. പൊതുജനാരോഗ്യ സേവനങ്ങളിൽ മുൻപന്തിയിലുള്ള കേരളത്തിലെ നിലവിലെ കോവിഡ് സ്ഥിതി ആശങ്കാജനകമാണെന്നും മെച്ചപ്പെട്ട ആരോഗ്യ പരിരക്ഷാ സംവിധാനമുണ്ടായിട്ടും സംസ്ഥാനത്തെ രോഗവ്യാപനം കുറയാത്തതിനുള്ള കാരണം എന്താണെന്നും അദ്ദേഹം ആരാഞ്ഞു.

മി. സ്പീക്കർ: പ്ലീസ്.....കൺക്ലൂഡ്.....

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, സംസ്ഥാനത്തിന്റെ കോവിഡ് പ്രതിരോധത്തിലെ ദൗർബല്യത്തിലേയ്ക്ക് വിരൽചൂണ്ടുന്നതാണ് രോഗവ്യാപന തോതെന്നും അദ്ദേഹം പറഞ്ഞു. 23-ാം തീയതിവരെ വാക്സിൻക്ഷാമമുണ്ടെന്ന് പറയുകയും 24-ാം തീയതിയായപ്പോൾ, ഓരോ ജില്ലയ്ക്കും നൽകിയ 20000-ൽ കൂടുതൽ ഡോസും അന്നുതന്നെ തീർക്കണമെന്ന് പ്രിൻസിപ്പൽ സെക്രട്ടറി കർശന നിർദ്ദേശം നൽകുകയുമാണുണ്ടായത്. യാതൊരുവിധ മുൻഗണനാക്രമങ്ങളും പാലിക്കാതെയാണ് വാക്സിൻ നൽകിയത്. രാത്രി 9 മണിവരെ ചില കേന്ദ്രങ്ങളിൽ വാക്സിനേഷൻ നൽകുകയുണ്ടായി. പകൽ മാത്രമേ വാക്സിനേഷൻ നൽകാവൂ എന്ന ലോകാരോഗ്യ സംഘടനയുടെ പ്രോട്ടോക്കാളുമുൾപ്പെടെ പലതും അട്ടിമറിക്കപ്പെട്ടു. കേന്ദ്രമന്ത്രി പറഞ്ഞതിനു പിന്നാലെ പൂഴ്ത്തിവച്ചിരുന്ന വാക്സിൻ കൊടുത്തുതീർത്ത് സർക്കാർ മാതൃകയായി. ഇന്ത്യയിൽ ആദ്യമായി കൊറോണ സ്ഥിരീകരിച്ചത് തൃശ്ശൂരിലാണ്.

മി. സ്പീക്കർ: അക്കാര്യങ്ങളെല്ലാം എല്ലാവർക്കുമറിയുന്നതാണ്. അത്തരം കാര്യങ്ങൾ പറഞ്ഞ് സമയം നഷ്ടപ്പെടുത്തേണ്ട. പ്ലീസ് കൺക്ലൂഡ്.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ഇന്ന് തൃശ്ശൂർ മെഡിക്കൽ കോളേജിലെ സാഹചര്യം അതീവ ഗുരുതരമാണ്. അവിടെ കോവിഡ് മാനദണ്ഡങ്ങൾ പാലിക്കുന്നില്ല. 44 കിടപ്പ് രോഗികൾക്കും 37 കൂട്ടിരിപ്പുകാർക്കും ക്ലിനിക്കൽ ഡ്യൂട്ടിയിലുണ്ടായിരുന്ന 30 വിദ്യാർത്ഥികൾക്കും മെഡിക്കൽ കോളേജിലെ കോഫി ഹൗസ് ജീവനക്കാരായ 13 പേർക്കും രോഗം സ്ഥിരീകരിച്ചു. എന്റെ നിയോജകമണ്ഡലത്തിലെ ഗാന്ധിഗ്രാം ലെപ്രസി ആശുപത്രിയിലെ 37 അന്തേവാസികൾക്ക് കോവിഡ് ..... (മൈക്ക് ഓഫ്).....

മി. സ്പീക്കർ: അങ്ങ് മന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചുകഴിഞ്ഞു

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, കോവിഡ് വാക്സിനേഷനുമായി ബന്ധപ്പെട്ട് ബഹുമാന്യനായ ചാലക്കുടി അംഗം ഇവിടെ ഉന്നയിച്ചത് വാസ്തവ വിരുദ്ധമായ കാര്യങ്ങളാണ്. കേന്ദ്ര സർക്കാരിന്റെ കോവിൻ പോർട്ടലിൽ വാക്സിനേഷൻ സംബന്ധിച്ച ഡാറ്റയുടെ റിയൽ ടൈം അപ്ഡേഷൻ നടക്കുന്നുണ്ട്. ആ പോർട്ടൽ പരിശോധിച്ചാൽ കേരളത്തിലുൾപ്പെടെ

ഇന്ത്യയിലെ മുഴുവൻ സംസ്ഥാനങ്ങളിലും ഇതുവരെ വിതരണം ചെയ്ത ഡോസുകൾ എത്രയാണെന്നും ഏത് സംസ്ഥാനമാണ് വാക്സിനേഷനിൽ മുന്നിൽ നിൽക്കുന്നതെന്നും വളരെ വ്യക്തമായി കാണാൻ സാധിക്കും. ഇന്ത്യയിലെ 130 കോടി ജനങ്ങളിൽ 33,82,00,418 പേർക്ക് ഒന്നാം ഡോസും 9,18,07,558 പേർക്ക് രണ്ടാം ഡോസും ഉൾപ്പെടെ 43,00,07,976 ഡോസ് വാക്സിനാണ് ഇന്നലെ വൈകുന്നേരംവരെ നൽകിയിട്ടുള്ളത്. ജനസംഖ്യാടിസ്ഥാനത്തിൽ ഇന്ത്യയിൽ 26.02 ശതമാനം പേർക്ക് ഒന്നാം ഡോസും 7.06 ശതമാനം പേർക്ക് രണ്ടാം ഡോസും നൽകിയിട്ടുണ്ട്. മൂന്നരക്കോടി ജനങ്ങളുള്ള കേരളത്തിലെ കണക്ക് പരിശോധിച്ചാൽ ജൂലൈ 25 വൈകുന്നേരം വരെ 1,29,69,475 പേർക്ക് ഒന്നാം ഡോസും 56,21,752 പേർക്ക് രണ്ടാം ഡോസും നൽകിയിട്ടുണ്ട്. അതായത് 36.95 ശതമാനം പേർക്ക് ഒന്നാം ഡോസും 16.01 ശതമാനം പേർക്ക് രണ്ടാം ഡോസും നൽകി. ഇത് ദേശീയ ശരാശരിയേക്കാൾ കൂടുതലാണെന്ന മാത്രമല്ല, രണ്ടാം ഡോസ് ലഭിച്ചവരുടെ ശതമാനം ദേശീയ ശരാശരിയുടെ ഇരട്ടിയിലധികമാണ്. കേന്ദ്ര സർക്കാരിന്റെ കോവിൻ പോർട്ടലിലുള്ള ഗ്രാഫിന്റെ ഡേറ്റയാണിത് (ഒരു പേപ്പർ ഉയർത്തിക്കാട്ടി). അതിൽ ഓരോ 10 ലക്ഷം ആളുകളിൽ കോവിഡ് വാക്സിൻ നൽകിയതിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന സംസ്ഥാനം കേരളമാണ്. അതിനുശേഷം മാത്രമാണ് മറ്റ് സംസ്ഥാനങ്ങളുള്ളത്. കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയവും കോവിഡ് വാക്സിൻ വിതരണവുമായി ബന്ധപ്പെട്ട ദേശീയ വിദഗ്ധ സമിതിയും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിന്റെ ഉത്തരവുകളും പ്രകാരമാണ് ഘട്ടംഘട്ടമായി വിവിധ മുൻഗണനാ ഗ്രൂപ്പുകളെ വാക്സിനേഷൻ നടത്തുന്നതിനായി ഡ്രൈവിൽ ഉൾപ്പെടുത്തിവരുന്നത്. 2021 ജനുവരി 16 മുതലാണ് സംസ്ഥാനത്ത് വാക്സിനേഷൻ ആരംഭിച്ചത്. ആരോഗ്യ പ്രവർത്തകരായ സർക്കാർ-സ്വകാര്യ ആശുപത്രി ജീവനക്കാർ, ഫീൽഡ് ജീവനക്കാർ, ആശാ വർക്കർമാർ, അങ്കണവാടി വർക്കർമാർ ഉൾപ്പെടെയുള്ള വർക്കാണ് ആദ്യഘട്ടത്തിൽ വാക്സിൻ നൽകിയത്. കോവിഡ് മുൻഗണനാവിഭാഗത്തിലുള്ള മുന്നണി പോരാളികൾക്കുള്ള വാക്സിനേഷൻ ഫെബ്രുവരി ഒന്നിന് ആരംഭിച്ചു. ഇന്നലെ വരെ മുന്നണിപ്പോരാളികളിൽ ഏകദേശം 100 ശതമാനം പേരും ഒന്നാം ഡോസ് വാക്സിൻ സ്വീകരിച്ചിട്ടുണ്ട്. 18 വയസ്സിനും 45 വയസ്സിനും ഇടയിൽ പ്രായമുള്ളവരുടെ വിഭാഗത്തിൽ 21 ശതമാനം പേർക്കാണ് ഒന്നാം ഡോസ് വാക്സിൻ ലഭിച്ചിട്ടുള്ളത്. ഒന്നാം ഡോസ് ലഭിച്ച് 12 ആഴ്ചകൾക്കുശേഷമാണ് രണ്ടാം ഡോസ് ലഭിക്കുന്നത്. അതിനാൽ രണ്ടാം ഡോസിന്റെ സമയമാകുന്ന മുറയ്ക്ക് അവർക്കും വാക്സിൻ കൊടുത്തുകൊണ്ടിരിക്കുകയാണ്. 18 മുതൽ 45 വയസുവരെ പ്രായമുള്ളവരിൽ ആദ്യഘട്ടത്തിൽ മുൻഗണനാ വിഭാഗത്തിലുള്ളവർക്കും അനുബന്ധരോഗങ്ങളുള്ളവർക്കുമാണ്

വാക്സിൻ നൽകിയത്. കേന്ദ്ര ആരോഗ്യമന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം ജൂൺ 21-ാം തീയതി മുതലാണ് 18 മുതൽ 45 വയസുവരെ പ്രായമുള്ള എല്ലാവരെയും വാക്സിൻ ലഭിക്കുന്ന വിഭാഗത്തിലുൾപ്പെടുത്തിയത്. കേരളത്തിൽ 45 വയസ്സിന് മുകളിലുള്ള 76 ശതമാനം പേർക്ക് ഒന്നാം ഡോസ് വാക്സിനും 39 ശതമാനം പേർക്ക് രണ്ടാം ഡോസ് വാക്സിനും നൽകിയിട്ടുണ്ട്. വാക്സിനേഷൻ സംബന്ധിക്കുന്ന വിവരങ്ങൾ ദിവസവും പ്രസിദ്ധീകരിക്കുന്ന കോവിഡ് വാക്സിനേഷൻ ബുള്ളറ്റിനിൽ ലഭ്യമാണ്. ഇത് ആരോഗ്യവകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുന്നുണ്ട്. ഏറ്റവും പ്രധാനപ്പെട്ട കാര്യം, ജൂലൈ 18-ാം തീയതി മുതലാണ് സംസ്ഥാനത്ത് ഏറ്റവുമധികം വാക്സിൻ ലഭിക്കാൻ തുടങ്ങിയത്. 18-ാം തീയതി മുതൽ 25-ാം തീയതിവരെയുള്ള കാലഘട്ടത്തിൽ നമുക്ക് ലഭിച്ച വാക്സിന്റെ അളവനുസരിച്ചാണ് വാക്സിൻ നൽകിയിട്ടുള്ളത്. നമുക്ക് ലഭിച്ച വാക്സിൻ ഡോസുകൾകൊണ്ട് 18 ലക്ഷത്തിലധികം ആളുകൾക്ക് നൽകാൻ സാധിച്ചു. ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ഒരു ദിവസംകൊണ്ട് കൊടുത്തുവെന്നാണ്, അങ്ങനെയല്ല. 23-ാം തീയതി പകൽ കൊടുത്ത വാക്സിനുശേഷം അന്ന് വൈകുന്നേരം നമുക്ക് ലഭിച്ച 2 ലക്ഷം ഡോസ് വാക്സിനംകൂടി ചേർത്താണ് 24-ാം തീയതി ശനിയാഴ്ച സംസ്ഥാനത്ത് ഏറ്റവുമധികം വാക്സിൻ നൽകിയത്. 488000 പേർക്കാണ് ഒറ്റദിവസംകൊണ്ട് വാക്സിൻ നൽകിയത്. ഇതോടെ ഒരു ദിവസം നാലര ലക്ഷത്തിനുമുകളിൽ വാക്സിൻ നൽകാൻ കഴിയുമെന്ന് തെളിയിച്ചിരിക്കുകയാണ്. കൂടാതെ 25-ാം തീയതി ഞായറാഴ്ച 126,000 പേർക്ക് വാക്സിൻ നൽകിയിട്ടുണ്ട്. ഇന്നത്തെ ഓപ്പണിംഗ് സ്റ്റോക്ക് 170,000 ഡോസ് വാക്സിനാണ്. അത് എത്രയുംവേഗം ഇന്നുതന്നെ കൊടുത്തുതീർക്കും. 'മാതൃകവചം' പദ്ധതിയിലൂടെ ഗർഭിണികൾക്ക് വാക്സിൻ കൊടുക്കുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. വാക്സിൻ ലഭിക്കുന്നില്ലെന്നതാണ് നമ്മുടെ പ്രശ്നം. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയങ്ങളിൽ കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രി ഇതു സംബന്ധിച്ച് വസ്തുതാവിരുദ്ധമായി പറഞ്ഞുവെന്നുള്ളത് വളരെ നിർഭാഗ്യകരമാണ്. കേരളത്തിൽ ആഗസ്റ്റ് മാസത്തിൽ രണ്ടാം ഡോസ് വാക്സിൻ എടുക്കാൻ അർഹരായവരുടെ എണ്ണം 22 ലക്ഷമാണ്. 30 ലക്ഷം ഡോസ് വാക്സിൻ മാത്രമേ നമുക്ക് ലഭ്യമാക്കുകയുള്ളുവെന്നാണ് കേന്ദ്രസർക്കാർ ഇപ്പോൾ അറിയിച്ചിരിക്കുന്നത്. അതായത്, ഒരു കോടിയിലധികം ആളുകൾ ആദ്യ ഡോസിന് കാത്തിരിക്കുമ്പോഴാണ് 30 ലക്ഷം ഡോസ് വരുന്നത്. അതിൽ 22 ലക്ഷം ഡോസ് രണ്ടാം ഡോസ് എടുക്കേണ്ടവർക്കുള്ളതാണ്. അങ്ങനെയാണെങ്കിൽ 8 ലക്ഷം പേർക്ക് മാത്രമേ ആദ്യഡോസ് നൽകാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് കേരളത്തിനാവശ്യമായ വാക്സിൻ ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് നമ്മൾ നിരന്തരം അഭ്യർത്ഥിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പലതവണ

പ്രധാനമന്ത്രിയോട് ഇക്കാര്യം ആവശ്യപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം നേരത്തെ എഴുതിത്തന്നതിനേക്കാൾ കൂടുതൽ കാര്യങ്ങൾ കോവിഡുമായി ബന്ധപ്പെട്ട് ഉന്നയിക്കുകയുണ്ടായി. കേന്ദ്രസർക്കാർ നടത്തിയ സിറോപ്രിവലൻസ് സ്റ്റഡിയിൽ കേരളത്തിലെ 42 ശതമാനം ആളുകളിൽ ആന്റിബോഡിയുള്ളതായി കണ്ടെത്തിയിട്ടുണ്ട്. കേരളത്തിലെ അൻപത് ശതമാനത്തിലധികം ആളുകൾക്ക് ഇനിയും രോഗം വന്നിട്ടില്ലെന്നാണ് അതിൽനിന്നും മനസ്സിലാകുന്നത്. കേരളത്തിൽ രോഗസാധ്യതയുള്ള ആളുകളുടെ എണ്ണം കൂടുതലായതുകൊണ്ട് കൂടുതൽ വാക്സിൻ ലഭ്യമാക്കണമെന്നതാണ് നമ്മുടെ ആവശ്യം. കേരളത്തിൽ കോവിഡിന്റെ രണ്ടാം തരംഗം വൈകി ആരംഭിച്ചതുകൊണ്ട് വൈകിമാത്രമേ അവസാനിക്കുകയുമുള്ളൂ. വാക്സിനേഷൻ സംബന്ധിച്ച കാര്യങ്ങളിൽ അവ്യക്തതയൊന്നുമില്ല. സീറോ വേസ്റ്റേജ് അതായത് നെഗറ്റീവ് വേസ്റ്റേജാണുള്ളത്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെക്കാൾ മികച്ച രീതിയിലാണ് നമ്മൾ വാക്സിൻ നൽകുന്നത്.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ഒന്നാം ഡോസ് വാക്സിനെടുത്ത ലക്ഷക്കണക്കിനാളുകൾ രണ്ടാം ഡോസിനുള്ള തീയതി കഴിഞ്ഞും കാത്തിരിക്കുന്ന സാഹചര്യമുണ്ട്. ജനസംഖ്യാനുപാതം കണക്കിലെടുക്കാതെ മലപ്പുറം, തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ രണ്ടാം ഡോസ് വാക്സിൻ വളരെ കുറച്ചാണ് നൽകിയിട്ടുള്ളത്. അതുപോലെ വിദേശത്തുപോകുന്ന ആളുകൾ വാക്സിനെടുക്കാത്തതുമൂലം വലിയ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. അത് പരിഹരിക്കുന്നതിനും ഇത്തരം വിവേചനങ്ങൾ അവസാനിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

ശ്രീമതി വീണാ ജോർജ്ജ്: സർ, ആദ്യ വാക്സിനേഷൻ കഴിഞ്ഞ് 12 ആഴ്ച കഴിഞ്ഞതിനുശേഷം മാത്രമേ രണ്ടാം ഡോസ് വാക്സിനെടുക്കുകയുള്ളൂ എന്നതായിരുന്നു കേന്ദ്രസർക്കാരിന്റെ മാനദണ്ഡം. വിദേശത്ത് പോകുന്ന പ്രവാസി സഹോദരങ്ങൾക്ക് ഇതിൽ ബുദ്ധിമുട്ട് നേരിട്ടപ്പോൾ അവർക്ക് 4 ആഴ്ച കഴിഞ്ഞാൽ വാക്സിൻ ലഭ്യമാക്കുമെന്ന് സംസ്ഥാന സർക്കാർ തീരുമാനിച്ചു. പ്രത്യേക മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തി പ്രവാസികൾക്കും വിദ്യാർത്ഥികൾക്കും വാക്സിൻ നൽകുന്നതിന് പ്രത്യേക വാക്സിൻ സെന്റർ ആരംഭിച്ചു. അതുസംബന്ധിച്ച് ഭരണപക്ഷത്തെയും പ്രതിപക്ഷത്തെയും ബഹുമാന്യരായ എം.എൽ.എ.-മാർക്ക് അറിയാം. അതിൽ എല്ലാവരുടെയും സഹകരണമുണ്ട്. നിയമസഭാംഗങ്ങളുൾപ്പെടെ ഇടപെട്ടാണ് അവരവരുടെ ജില്ലകളിലും നിയോജക മണ്ഡലങ്ങളിലും പ്രത്യേക വാക്സിൻ സെന്റർ ഓപ്പൺ ചെയ്ത് വാക്സിനേഷൻ നടത്തുന്നത്. രണ്ടാം ഡോസിന്റെ കാര്യം നേരത്തെ പറഞ്ഞതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. 60 ലക്ഷം ഡോസ് വാക്സിൻ ആഗസ്റ്റ് മാസത്തിൽ ലഭിക്കണമെന്നാണ് ഇപ്പോഴുള്ള നമ്മുടെ ആവശ്യം. അതിന്റെ പകുതിപോലും നൽകില്ലെന്നാണ് കേന്ദ്രസർക്കാർ ഇപ്പോൾ അറിയിച്ചിട്ടുള്ളത്.

V സബ്മിഷൻ

(1) ആശ്രിത നിയമനം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 24-5-1999-ലെ ജി.ഒ. (പി.) നമ്പർ 12/1999 ഉത്തരവിലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കാത്തതു കാരണം മരണമടഞ്ഞ സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് നിയമനം ലഭിക്കാത്ത അവസ്ഥയാണുള്ളത്. ഈ ഉത്തരവിലെ വ്യവസ്ഥ 30 പ്രകാരം എൽ.ഡി. ക്ലാർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ്, പ്യൂൺ തുടങ്ങിയ തസ്തികകളിലേയ്ക്ക് ആശ്രിത നിയമനത്തിനായി മാതൃവകുപ്പിൽത്തന്നെ നിയമനത്തിന് അപേക്ഷിച്ചവർക്ക് അതത് വകുപ്പിൽത്തന്നെ നിലവിലുള്ളതോ തൊട്ടടുത്തുതന്നെ ഉണ്ടാകുന്നതോ ആയ ഒഴിവിൽ നിയമനം നൽകേണ്ടതാണ്. പ്രസ്തുത വ്യവസ്ഥ ഞാൻ വായിക്കാം. " Appointment of dependents in general category posts such as Lower Division Clerk, Lower Division Typist, Peon etc., will be made in the concerned Department itself against an existing or arising vacancy". ഇതാണ് P&ARD-യുടെ ഉത്തരവിലെ നിബന്ധനയനുസരിച്ച് ചെയ്യേണ്ടത്. പക്ഷേ അത് ലംഘിക്കുന്നതുകൊണ്ട് അർഹതയുള്ള ഒഴിവുകളിൽ ഇവർക്ക് നിയമനം ലഭിക്കുന്നില്ല. ഒഴിവുകളില്ലാത്ത സാഹചര്യത്തിൽ മറ്റ് വകുപ്പുകളിലേയ്ക്ക് പരിഗണിച്ച് നിയമനം നൽകണം. നിലവിലുള്ള വ്യവസ്ഥ പ്രകാരം ഓരോ വർഷവുമുണ്ടാകുന്ന ഒഴിവുകളിൽ 5% ആശ്രിത നിയമനത്തിനായി മാറ്റിവയ്ക്കേണ്ടതാണ്. പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തരം ഇതുവരെയുള്ള കാലയളവിൽ റാങ്ക് ലിസ്റ്റിൽനിന്നുമാത്രം നടത്തിയ നിയമനങ്ങളുടെ കണക്കെടുത്താൽ 1700-ഓളം ഒഴിവുകൾ ആശ്രിത നിയമനത്തിനായി മാറ്റിവയ്ക്കേണ്ടതാണ്. ആശ്രിത നിയമനത്തിന് മാറ്റി വയ്ക്കേണ്ട ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നുണ്ടോ എന്ന് പൊതുഭരണ വകുപ്പിന്റെ കീഴിലുള്ള Compassionate Employment (CE) Cell പരിശോധിക്കുന്നുണ്ടോ എന്നതിൽ വ്യക്തതയില്ല. പി.എസ്.സി. മുഖാന്തരം നിയമന ശിപാർശ നൽകപ്പെട്ട എൻ.ടി തസ്തികകളുടെ നിശ്ചിത ശതമാനം ആശ്രിത നിയമനംവഴി നടത്താൻ സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിശദീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ആരോഗ്യവകുപ്പ് ഉൾപ്പെടെ നിരവധി വകുപ്പുകളിലെ ആശ്രിത നിയമന ഉദ്യോഗാർത്ഥികളുടെ കാര്യത്തിൽ സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും ദയവായി വ്യക്തമാക്കണം. ഇക്കാര്യത്തിൽ സർക്കാർ അടിയന്തര നടപടി സ്വീകരിക്കണമെന്നതാണ് എന്റെ സബ്മിഷൻ.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ അംഗം ഗൗരവമായൊരു വിഷയമാണ് ഉന്നയിച്ചിട്ടുള്ളത്. സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് 24-5-1999-ലെ ജി.ഒ. (പി.) നമ്പർ 12/1999/പി.&എ.ആർ.ഡി. ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമാണ് ആശ്രിത നിയമനം അനുവദിക്കുന്നത്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 30 പ്രകാരം സർവ്വീസിലിരിക്കെ മരണപ്പെടുന്ന ജീവനക്കാരൻ ജോലി ചെയ്തിരുന്ന വകുപ്പിലെ ക്ലാസ് III, ക്ലാസ് IV തസ്തികകളിൽ നിലവിലുള്ളതോ അടുത്തുണ്ടാകുന്നതോ ആയ ഒഴിവിലേയ്ക്ക് ആശ്രിതന് നിയമനം നൽകാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിനുപുറമേ എല്ലാ വകുപ്പുകളിലും ഓരോ വർഷവുമുണ്ടാകുന്ന 5% ഒഴിവുകൾ ആശ്രിത നിയമനം നടത്തുന്നതിനായി പൊതുഭരണ (കമ്പാഷണേറ്റ് എംപ്ലോയ്മെന്റ് സെൽ) വകുപ്പിൽ അതാത് വകുപ്പുകൾ റിപ്പോർട്ട് ചെയ്യേണ്ടതുണ്ട്. മാതൃവകുപ്പിൽ ഒഴിവില്ലാതെ വരുമ്പോഴോ അപേക്ഷകൻ മറ്റ് വകുപ്പുകളിലെ തസ്തികയിൽ നിയമനം ആവശ്യപ്പെടുമ്പോഴോ നിയമനം നൽകുന്നതിനാണ് ഇപ്രകാരം തസ്തികകൾ നീക്കിവയ്ക്കുന്നത്. 24-5-1999-ലെ സർക്കാർ ഉത്തരവിലെ ഖണ്ഡിക 30-ലെ നിയമനത്തിന് പുറമേയാണ് ഇപ്രകാരം 5% നിയമനങ്ങൾ നടത്തിവന്നിരുന്നത്. ആഭ്യന്തര വകുപ്പിൽ മുൻകാലത്ത് ആശ്രിത നിയമന പദ്ധതിയിൽ സൂപ്പർന്യൂമററി തസ്തികകളിൽ നിയമിതരായ ജീവനക്കാർ അവരുടെ സർവ്വീസ് ക്രമീകരണവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഹർജികൾ ഫയൽ ചെയ്തിരുന്നു. ബഹുമാനപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 29-6-2018-ൽ പുറപ്പെടുവിച്ച ഉത്തരവിൽ ഓരോ വകുപ്പിലും ഓരോ വർഷവുമുണ്ടാകുന്ന ആകെ ഒഴിവുകളുടെ 5% മാത്രമേ ആശ്രിത നിയമനത്തിനായി നീക്കിവയ്ക്കാവൂ എന്ന് ഉത്തരവായിരുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബഞ്ചും ഈ ഉത്തരവ് ശരിവച്ചു. ബഹുമാനപ്പെട്ട കോടതികളുടെ ഉത്തരവിനെത്തുടർന്ന് മാതൃവകുപ്പുകളിൽ നടത്തുന്ന നിയമനങ്ങളുൾപ്പെടെ ആകെ ആശ്രിത നിയമനം ഓരോ വർഷവും ഓരോ വകുപ്പിലുമുണ്ടാകുന്ന ആകെ ഒഴിവുകളുടെ അഞ്ച് ശതമാനത്തിൽ നിജപ്പെടുത്തുന്ന സ്ഥിതിയുണ്ടായി. ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് 24-5-1999-ലെ സർക്കാർ ഉത്തരവിലെ ഖണ്ഡിക 30-ലെ വ്യവസ്ഥയ്ക്ക് വിരുദ്ധമായതിനാൽ വിധിന്യായം പുനഃപരിശോധിക്കാൻ സംസ്ഥാന പോലീസ് റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. കോടതി ഉത്തരവിന്റെ വെളിച്ചത്തിൽ പൊതുതസ്തികകളിൽ ആശ്രിത നിയമനം ലഭിക്കുന്നതിന് കാലതാമസമുണ്ടാകുന്നുണ്ട്. ഇക്കാര്യം കണക്കിലെടുത്ത് പൊതു തസ്തികകളിലേയ്ക്ക് അപേക്ഷ സമർപ്പിച്ചവർക്ക് യോഗ്യതയനുസരിച്ച് സാങ്കേതിക തസ്തികകളിലുൾപ്പെടെ അർഹമായ മറ്റ് തസ്തികകളിലേയ്ക്ക് തസ്തികമാറ്റത്തിന് അപേക്ഷ സമർപ്പിക്കുന്നതിന് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആശ്രിത നിയമനത്തിന്റെ കാട്ടാ വർദ്ധിപ്പിക്കുന്നതിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിലുൾപ്പെട്ട

ഉദ്യോഗാർത്ഥികൾക്ക് എതിർപ്പുണ്ട്. പ്രസ്തുത പ്രവൃത്തി പി.എസ്.സി. റാങ്ക് ഹോൾഡേഴ്സിന്റെ തൊഴിൽ സാധ്യത കുറയ്ക്കുമെന്ന കാര്യം അവർ മുന്നോട്ട് വയ്ക്കുന്നുണ്ട്. ഇക്കാര്യങ്ങൾ പരിഗണിച്ചു മാത്രമേ ഈ പ്രശ്നത്തെ കാണാനാകൂ എന്ന കാര്യവും ഉയർന്നുവന്നിട്ടുണ്ട്. പൊതുഭരണ (കമ്പാഷണേറ്റ് എംപ്ലോയ്മെന്റ് സെൽ) വകുപ്പ് അദാലത്തുകൾ നടത്തി ഉദ്യോഗാർത്ഥികളുടെ സമ്മതപത്രം വാങ്ങി ഒഴിവുകൾ ലഭ്യമായ മറ്റു വകുപ്പുകളിൽ നിയമനം നടത്താനുള്ള നടപടികൾ സ്വീകരിക്കുന്നുമുണ്ട്.

(2) കോടതി സമുച്ചയ നിർമ്മാണം

ശ്രീ. സി. ആർ. മഹേഷ്: സർ, ബഹുമാനപ്പെട്ട നീതിപീഠത്തിനോട് നീതി കാണിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്. പണ്ടു കാലത്ത് കച്ചേരിയെന്ന് വിളിച്ചിരുന്ന കരുനാഗപ്പള്ളി കോടതിക്ക് ഏതാണ്ട് 125 വർഷത്തോളം പഴക്കമുണ്ട്. ഒട്ടുമിക്ക സർക്കാർ ഓഫീസുകൾക്കും സ്വന്തമായി സ്ഥലവും കെട്ടിടവും ഉദ്യോഗസ്ഥർക്കുൾപ്പെടെ താമസിക്കാനുള്ള സൗകര്യവുമുള്ളപ്പോൾ നീതിക്കുവേണ്ടി ആശ്രയിക്കുന്നതും നീതിയും നിയമവും നടപ്പാക്കുന്നതുമായ ബഹുമാനപ്പെട്ട കരുനാഗപ്പള്ളി കോടതിക്ക് ഇതുവരെയും സ്വന്തമായി സ്ഥലവും കെട്ടിടവുമില്ലെന്നുള്ളത് അത്യന്തം അപമാനവും ദുഃഖകരവുമാണ്. കരുനാഗപ്പള്ളി സബ്കോടതിയും പോക്സോ കോടതിയും പല സ്ഥലങ്ങളിലായി ഇപ്പോഴും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കെട്ടിട ഉടമകൾ പലതവണ ഇതൊഴിഞ്ഞു പോകണമെന്ന് ആവശ്യപ്പെടുകയും ഇപ്പോൾ നിയമ നടപടിക്ക് ഒരുങ്ങുകയുമാണെന്നാണ് അറിയാൻ കഴിഞ്ഞത്. മാത്രമല്ല, ബഹുമാനപ്പെട്ട മുൻസിഫ് കോടതിയും മജിസ്ട്രേറ്റ് കോടതിയും പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് ഉടൻതന്നെ പൊളിച്ചുനീക്കപ്പെടും. അതുകൊണ്ട് ഈ കോടതികൾ വഴിയാധാരമാകാതിരിക്കാനും അവയുടെ പ്രവർത്തനം നിലയ്ക്കാതിരിക്കാനും സർക്കാർ അടിയന്തര നടപടി സ്വീകരിക്കണം. ബഹുമാനപ്പെട്ട ഹൈക്കോടതി അനുമതി നൽകിയ ലിസ്റ്റിലുൾപ്പെട്ട പുതിയ MACT (Motor Accident Claim Tribunal) തുടങ്ങാനും ഇതുവരെയും കഴിയുന്നില്ല. ഈ കേസുമായി ബന്ധപ്പെട്ട് 20 കിലോമീറ്റർ അകലെയുള്ള കോടതിയെയാണ് ഇപ്പോൾ ആളുകൾ ആശ്രയിക്കുന്നത്. പല സ്ഥലങ്ങളിലായി വാടക കെട്ടിടങ്ങളിൽ ചിതറിക്കിടക്കുന്ന കോടതികളിൽനിന്നും കോടതികളിലേയ്ക്ക് വക്കീലൻമാരും ഉദ്യോഗസ്ഥരും കക്ഷികളും ഓടുകയാണ്. കേസുകളുടെ എണ്ണം കൊണ്ടും പാരമ്പര്യംകൊണ്ടും ശ്രദ്ധേയമായ കരുനാഗപ്പള്ളി കോടതിക്ക് സ്വന്തമായി ഒരു കെട്ടിടം ആവശ്യമാണ്. അതുകൊണ്ട് എല്ലാ കോടതികളും ഒരു കെട്ടിടത്തിൽ പ്രവർത്തിക്കത്തക്ക തരത്തിൽ കോടതി സമുച്ചയം എന്ന കരുനാഗപ്പള്ളിക്കാരുടെ ഏറെക്കാലത്തെ ആഗ്രഹം സഫലമാക്കാൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇത് പെട്ടെന്ന് പരിഹരിക്കാവുന്ന ഒരു കാര്യമല്ല. കരുനാഗപ്പള്ളി കോടതി സമുച്ചയ നിർമ്മാണം ദീർഘനാളായി നടപ്പാക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. കോടതിയുടെയും ജൂഡീഷ്യൽ ഓഫീസർമാരുടെ ക്വാർട്ടേഴ്സുകളുടെയും നിർമ്മാണത്തിനാവശ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള പരിമിതിയാണ് ഈ കാലതാമസത്തിന് ഇടയാക്കിയിട്ടുള്ളത്. നിലവിൽ ഇതിനായി കണ്ടെത്തിയിട്ടുള്ള 60 ആർ. വിസ്തീർണ്ണം വരുന്ന ഭൂമി IHRD (Institute of Human Resources Development)-യുടെ അധീനതയിലുള്ളതാണ്. ഇവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പോളിടെക്നിക് കോളേജിന്റെ ക്ലാസ്സുകളും ലാബുകളും മെയിൻ കാമ്പസിലേയ്ക്ക് മാറ്റിയാൽ മാത്രമേ കൈമാറ്റം സാധ്യമാകുയുള്ളൂ. അതോടൊപ്പം ക്ലാസ്സ് മുറികളുടെ നിർമ്മാണത്തിന് ആവശ്യമായ ഫണ്ടും ലഭ്യമാക്കേണ്ടതുണ്ട്. ഇവയുടെ നിർമ്മാണം പൂർത്തിയാക്കി ക്ലാസ്സുകൾ ആരംഭിക്കുന്ന സാഹചര്യമുണ്ടാകുന്ന മുറയ്ക്ക് പ്രസ്തുത സ്ഥലം കോടതി സമുച്ചയത്തിനായി കൈമാറുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

(അദ്ധ്യക്ഷവേദിയൽ മി. ഡെപ്യൂട്ടി സ്പീക്കർ)

(3) അപ്രോച്ച് റോഡ് പുനർനിർമ്മാണം

ശ്രീ. തോമസ് കെ. തോമസ്: സർ, കുട്ടനാട്ടിലെ പല പാലങ്ങളും സ്പാനുകളുടെ എണ്ണം കുറച്ചാണ് നിർമ്മിച്ചിരിക്കുന്നത്. അവിടെ ചെളി കൂടുതലായതുകൊണ്ട് കല്ല് കൂടുതലായി വയ്ക്കുമ്പോൾ താഴ്ന്നുപോകുന്ന സാഹചര്യമുണ്ട്. അതിനാൽ പാലങ്ങളിൽ, പ്രത്യേകിച്ച് ചമ്പക്കുളം പാലത്തിൽ സ്പാനുകളുടെ എണ്ണം കൂട്ടേണ്ടത് അത്യാവശ്യമാണ്. ഒരുപാട് നാളുകളായി ഈ പാലം പ്രതിസന്ധിയിലും പ്രശ്നത്തിലുമാണ്. ഇതിനു സമീപത്തെ സെമിത്തേരിയും അവിടെയുള്ള മുഴുവൻ കല്ലറകളും ചരിഞ്ഞുപോകുന്ന അവസ്ഥയാണ് ഇപ്പോഴുള്ളത്. ഇതുമൂലം വിശ്വാസികൾക്ക് വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. അടിയന്തരമായി കുട്ടനാട്ടിലെ മുഴുവൻ പാലങ്ങളും കൾവർട്ടുകളും വൈശ്യംഭാഗം-കഞ്ഞിപ്പാടം പാലം നിർമ്മിച്ചതുപോലെ ആധുനിക രീതിയിൽ നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി അതിൽ തീരുമാനമെടുക്കണമെന്ന് പ്രത്യേകമായി അപേക്ഷിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട അംഗം രണ്ട് പ്രധാന വിഷയങ്ങളാണ് ഉന്നയിച്ചിട്ടുള്ളത്. പാലത്തിന്റെ അപ്രോച്ച് റോഡിൽ കല്ലുകൾ മാറ്റി സ്പാനുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടും കുട്ടനാട്ടിലെ മുഴുവൻ പാലങ്ങളും കൾവർട്ടുകളും ഇപ്രകാരം നിർമ്മിക്കുന്നതിനും നടപടിയെടുക്കണമെന്നുമാണ് അദ്ദേഹം ആവശ്യപ്പെടുന്നത്. ചമ്പക്കുളം പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിനുള്ള സ്ഥലം, ഉടമകൾ

സൗജന്യമായി പൊതുമരാമത്ത് വകുപ്പിന് വിട്ടുനൽകിയിട്ടുണ്ട്. ഭരണാനുമതി ലഭിച്ച തുകയുള്ളളിൽനിന്നുകൊണ്ട് അപ്രോച്ച് റോഡിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മണ്ണ് പരിശോധനാ ഏജൻസി നൽകിയ റിപ്പോർട്ട് പ്രകാരം ഗ്യാബിയോൺ സംരക്ഷണ ഭിത്തിയുടെയും മണ്ണ് ഫില്ലിംഗിന്റെയും ഭാരംമൂലമാണ് ഭൂമിക്ക് സെറ്റിൽമെന്റുണ്ടായത്. ഈ പ്രതിഭാസം ആദ്യവർഷങ്ങളിൽ കൂടുതലും പിന്നീട് കുറഞ്ഞ് സന്തുലിതാവസ്ഥയിലേയ്ക്ക് എത്തുകയുമാണ് ചെയ്യുന്നത്. അതുമൂലമാണ് പള്ളിക്ക് സമീപമുള്ള സെമിത്തേരിയും കല്ലറകളും ചരിഞ്ഞുപോയത്. ഇത് പൂർവ്വസ്ഥിതിയിലാക്കുന്നതിനായി 25,58,040 രൂപ നഷ്ടപരിഹാരത്തുകയായി അനുവദിച്ചിട്ടുണ്ട്. ഇതിന്റെ എൽ.ഒ.സി. (ലെറ്റർ ഓഫ് ക്രെഡിറ്റ്) പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കട്ടനാട്ടിൽ നിലവിൽ നിർമ്മിക്കുന്ന പാലങ്ങൾ ഭൂപ്രകൃതിക്കനുസരിച്ചുള്ള ലാൻഡ് സ്പാൻ നിർമ്മിതിയിൽ രൂപകൽപ്പന ചെയ്യാനാണ് തീരുമാനിച്ചിരിക്കുന്നത്.

(4) ചെക്ക് ഡാം-കം-ബ്രിഡ്ജ് നിർമ്മാണം

ശ്രീ. എ. സി. മൊയ്തീൻ: സർ, കുന്നംകുളം, ഗുരുവായൂർ നിയോജക മണ്ഡലങ്ങളിലെ കാട്ടകാമ്പാൽ-വടക്കേക്കാട് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നതും ഈ രണ്ട് പഞ്ചായത്തിലുമുൾപ്പെടുന്ന പൊന്നാനി കോൾ കൃഷി മേഖലകളിലെ ജലവിതരണ സംവിധാനത്തിന് പ്രയോജനപ്പെടുന്നതുമായ കരിച്ചാൽകടവ് ചെക്ക് ഡാം-കം-ബ്രിഡ്ജിന്റെ നിർമ്മാണം 2018 ഡിസംബർ മാസത്തിൽ ആരംഭിച്ചതാണ്. കരാർ പ്രകാരം 05/2020-ൽ പ്രവൃത്തി പൂർത്തീകരിക്കാനായിരുന്നു വ്യവസ്ഥയെങ്കിലും അതിനായില്ല. 31-3-2021 വരെ കാലാവധി വീണ്ടും നീട്ടിനൽകിയെങ്കിലും പൂർത്തീകരിച്ചിട്ടില്ല. ഇക്കാര്യത്തിൽ കരാറുകാരന്റെ ഭാഗത്തുനിന്നും വലിയ അനാസ്ഥയാണ് ഉണ്ടായിട്ടുള്ളത്. നിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടികൾ അടിയന്തരമായുണ്ടാകേണ്ടതുണ്ട്. ഇക്കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും വകുപ്പും കാര്യമായ ഇടപെടലുകൾ നടത്തേണ്ടതുണ്ട്. ഇക്കാര്യം അടിയന്തരമായി പരിശോധിക്കാനും നിർമ്മാണ പ്രവർത്തനം വേഗത്തിൽ പൂർത്തീകരിക്കാനുമാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, 2019-ലാണ് കരിച്ചാൽകടവ് ചെക്ക് ഡാം-കം-ബ്രിഡ്ജിന്റെ നിർമ്മാണം ആരംഭിച്ചത്. ഈ പ്രവൃത്തി നടക്കുന്ന സ്ഥലം നൂറടിത്തോട് കോൾ മേഖലയായതിനാലും വെള്ളം നിറഞ്ഞ് നിൽക്കുന്നതിനാലും മാർച്ച് മുതൽ മേയ് മാസം വരെയാണ് പ്രവൃത്തികൾ നടക്കുന്നത്. ആദ്യ സീസണിൽത്തന്നെ പാലത്തിന്റെ പൈലുകളുടെ നിർമ്മാണം പൂർത്തീകരിച്ചിരുന്നു. അടുത്ത സീസണിൽ പ്രവൃത്തി ആരംഭിച്ചെങ്കിലും കോവിഡ് 19-ന്റെ ഭാഗമായി ലോക്ഡൗൺ നിലവിൽവന്ന സാഹചര്യത്തിൽ തൊഴിലാളികളുടെ

ലഭ്യതക്കുറവ് കാരണം തുടർനിർമ്മാണം നടത്താൻ സാധിച്ചില്ല. 2021 മാർച്ച് മാസം മുതൽ പാലത്തിന്റെ അപ്രോച്ച് റോഡിന്റെ ഫൗണ്ടേഷന്റെ ഭാഗമായ പ്രീകാസ്റ്റ് പൈലുകളുടെ നിർമ്മാണം പകുതിയോളം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ പാലത്തിന്റെ നിർമ്മാണത്തിനാവശ്യമായ ഷീറ്റ് പൈലുകൾ സൈറ്റിൽ എത്തിച്ചിട്ടുണ്ട്. ലോക്ഡൗൺ നിലവിലുള്ളതിനാൽ ഷീറ്റ് പൈലുകൾ ഉറപ്പിക്കുന്നതിനാവശ്യമായ യന്ത്ര സാമഗ്രികൾ സൈറ്റിൽ എത്തിക്കാൻ സാധിച്ചില്ല. ഇക്കാരണങ്ങൾകൊണ്ടാണ് പ്രവൃത്തി തുടരുന്നതിന് കാലതാമസം നേരിട്ടത്. ഈ വരുന്ന സീസണിൽത്തന്നെ ശക്തമായ ഇടപെടലുകൾ നടത്തി, കുന്നംകുളം നിയോജകമണ്ഡലത്തിലെ കരിച്ചാൽകടവ് ചെക്ക് ഡാം-കം-ബ്രിഡ്ജിന്റെ നിർമ്മാണം പൂർത്തിയാക്കി ജനങ്ങൾക്ക് ഉപയോഗ പ്രദമാക്കുന്നതാണ്.

(5) എക്കൽമണ്ണ് നീക്കം ചെയ്യൽ

<u>ശ്രീ. പി. നന്ദകുമാർ</u>: സർ, നാല് നിയോജകമണ്ഡലങ്ങളുമായി ബന്ധപ്പെട്ട തിരൂർ-പൊന്നാനി പുഴയുടെ ഭാഗങ്ങളിൽ എക്കൽമണ്ണ് അടിഞ്ഞുകൂടിയതിന്റെ ഭാഗമായി എല്ലാ കാലവർഷങ്ങളിലും സമീപവാസികൾക്ക് ഒഴിഞ്ഞുപോകേണ്ട ഗതികേടാണുള്ളത്. ആയതിനാൽ പുഴയിലെ എക്കൽമണ്ണ് മാറ്റി സുഗമമായ രീതിയിൽ വെള്ളം ഒഴുകാനാവശ്യമായ സംവിധാനമുണ്ടാക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ; ഇതുസംബന്ധിച്ച് മുമ്പെടുത്ത തീരുമാനങ്ങൾ നടപ്പാക്കാനാവശ്യമായ നടപടികൾ ബന്ധപ്പെട്ട വകുപ്പ് കൈക്കൊണ്ടിട്ടുണ്ടോ?

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. റോഷി അഗസ്റ്റിൻ</u>): സർ, കേരളത്തിലെ 44 നദികളിൽപ്പെട്ട തിരൂർപുഴ, തിരൂർ-പൊന്നാനി പുഴയെന്നും അറിയപ്പെടുന്നുണ്ട്. മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിലെ ആതവനാട് എന്ന സ്ഥലത്തുനിന്നാണ് തിരൂർ പുഴയുടെ ഉത്ഭവം. പുഴയുടെ പ്രാരംഭ ഭാഗത്തുനിന്നും തിരുനാവായ പ്രദേശംവരെ തെക്ക്-പടിഞ്ഞാറ് ഗതിയിൽ സഞ്ചരിച്ച് പിന്നീട് വടക്ക്-പടിഞ്ഞാറ് ദിശയിൽ ഗതിമാറി സഞ്ചരിച്ച് പടിഞ്ഞാറേക്കര അഴിമുഖത്ത് ഭാരതപ്പുഴയോട് ചേർന്ന് അറബിക്കടലിൽ പതിക്കുന്നു. നദിയുടെ ആകെ നീളം 45 കിലോമീറ്ററും ക്യാച്ച്മെന്റ് ഏരിയ 117 സ്ക്വയർ കിലോമീറ്ററുമാണ്. അറബിക്കടലിൽ ചേരുന്ന സ്ഥലത്തിന് ഏകദേശം 6 കിലോമീറ്റർ മുകളിലായി കൂട്ടായി റെഗുലേറ്റർ നിലവിലുണ്ട്. ഇവിടെ നാവിഗേഷൻ വിഭാവന ചെയ്തിട്ടുണ്ട്. പതന ഘട്ടത്തിൽനിന്നും മുകൾ ഭാഗത്തേയ്ക്ക് 7 കിലോമീറ്റർ നീളമുള്ള ഈ പുഴ ദേശീയ ജലപാതയുടെ ഭാഗമാണ്. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരമുള്ള കേരളത്തിലെ മലിനീകരിക്കപ്പെട്ട 21 പുഴകളുടെ പട്ടികയിൽ തിരൂർ പുഴയും ഉൾപ്പെട്ടിട്ടുണ്ട്. തിരൂർ-പൊന്നാനി പുഴയുടെ അവസ്ഥ 2013 വരെ വളരെ ശോചനീയമായിരുന്നു. തിരൂർ നഗര പ്രദേശമുൾ

പ്പെടുന്ന തലക്കടത്തൂർ മുതൽ താഴെപ്പാലം വരെയുള്ള ഭാഗങ്ങളിൽ അടിഞ്ഞുകൂടിയ മാലിന്യങ്ങൾ നീക്കം ചെയ്യുന്ന പ്രവൃത്തി 2015 ഫെബ്രുവരി മാസത്തിൽ പൂർത്തിയാകുകയുണ്ടായി. ഇത് പുഴയുടെ സ്വാഭാവിക ഒഴുക്കിനെ വളരെയധികം മെച്ചപ്പെടുത്തിയിട്ടുണ്ട്. മാലിന്യങ്ങൾ പുഴയിലേയ്ക്ക് തള്ളുന്നത് തടയാൻ കർശന നിയമ നടപടികൾ സ്വീകരിച്ചതിനെത്തുടർന്ന് തിരുർപ്പുഴ അതിന്റെ ഗതകാല അവസ്ഥ വീണ്ടെടുക്കുന്നുണ്ട്. വിശദമായ പഠനം നടത്തി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി പുഴയിൽ അടിഞ്ഞുകൂടിയ എക്കൽമണ്ണ് നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(6) ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് ഏറ്റെടുക്കൽ

<u>ശ്രീ. എ. പ്രഭാകരൻ</u>: സർ, പാലക്കാട് ജില്ലയിലെ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനം നമ്മുടെ രാജ്യത്തെതന്നെ തന്ത്രപ്രധാനമായ വ്യവസായങ്ങൾക്കുള്ള വിവിധയിനം വാൽവുകൾ ഉൽപ്പാദിപ്പിക്കുന്ന ഏക സ്ഥാപനമാണ്. 1974-ലാണ് ഇത് പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ആരംഭിച്ചത്. രാജസ്ഥാനിലെ കോട്ടയിൽ കോർപ്പറേറ്റ് ഓഫീസുമായി കേന്ദ്ര ഖനവ്യവസായ വകുപ്പിനു കീഴിലാണ് ഈ സ്ഥാപനം പ്രവർത്തിച്ചുവരുന്നത്. മാതൃസ്ഥാപനമായ കോട്ട യൂണിറ്റ് നഷ്ടത്തിലായതിന്റെ പേരിൽ അടച്ചുപൂട്ടാൻ തീരുമാനിച്ചതോടൊപ്പം ആരംഭം മുതൽ നാളിതുവരെ ലാഭത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനവും അടച്ചുപൂട്ടാൻ തീരുമാനിച്ചു. സ്ഥാപനം പൂട്ടുമെന്ന് ഉറപ്പായപ്പോൾ നമ്മുടെ സംസ്ഥാനത്തെ ഒരു അഭിമാന സ്ഥാപനമെന്ന നിലയ്ക്ക് സംസ്ഥാന സർക്കാർ ഇക്കാര്യത്തിലിടപെട്ടു. മൂന്ന് വർഷത്തിലധികം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഇക്കാര്യത്തിൽ ചർച്ചകൾ നടത്തിയതിന്റെ ഫലമായി 2018 നവംബർ മാസം 16-ാം തീയതി സംസ്ഥാന സർക്കാർ പ്രസ്തുത സ്ഥാപനം ഏറ്റെടുക്കാനുള്ള ധാരണാപത്രത്തിൽ ഒപ്പുവച്ചു. പ്രസ്തുത കരാർ പ്രകാരം 3 മാസത്തിനകം ഏറ്റെടുക്കൽ നടപടി പൂർത്തിയാക്കേണ്ടതുണ്ട്. ഈ ധാരണയ്ക്ക് വിരുദ്ധമായി വ്യവസായം ആരംഭിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ സൗജന്യമായി വിട്ടുകൊടുത്ത സ്ഥലത്തിനുകൂടി വില വേണമെന്നാണ് ഇപ്പോൾ കേന്ദ്രം ആവശ്യപ്പെടുന്നത്. അതിന്റെ ഭാഗമായി കൈമാറ്റ നടപടികൾ മരവിപ്പിക്കുകയാണുണ്ടായത്. സംസ്ഥാനത്ത് ഈ വ്യവസായം ആരംഭിക്കുന്നതിനായി 1964-ൽ 564 ഏക്കർ സ്ഥലമാണ് സൗജന്യമായി കൈമാറിയത്. ഇപ്പോൾ ഇൻസ്ട്രുമെന്റേഷൻ സ്ഥാപനം സ്ഥിതിചെയ്യുന്ന 122 ഏക്കർ സ്ഥലം മാത്രമാണുള്ളത്. ബാക്കിയുള്ള സ്ഥലം പല ആവശ്യങ്ങൾക്കായി പല ഘട്ടങ്ങളിലായി കൊടുത്തു. എന്നാൽ 564 ഏക്കർ സ്ഥലത്തിന്റെയും വില വേണമെന്ന് കേന്ദ്ര ഗവണ്മെന്റ് ആവശ്യപ്പെടുകയാണ്. രാജ്യസഭയിൽ കഴിഞ്ഞയാഴ്ച സഖാവ് എളമരം കരീമിന്റെ ചോദ്യത്തിന് ബഹുമാനപ്പെട്ട കേന്ദ്ര ഖന വ്യവസായ

സഹമന്ത്രി ക്രിഷൻ പാൽ ഗുർജാർ നൽകിയ മറുപടിയിൽനിന്നും പല സ്ഥാപനങ്ങൾക്കും നൽകിയ സ്ഥലത്തിന്റെ വിലകൂടി ആവശ്യപ്പെടുകയാണെന്നാണ് മനസ്സിലായത്. സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് കൈമാറിയ ഭൂമി തിരിച്ച് ഏറ്റെടുക്കുമ്പോൾ പണം ആവശ്യപ്പെടുന്നത് അനീതിയാണ്. സ്ഥാപനം ഏതെങ്കിലും മുതലാളിമാരെ ഏൽപ്പിക്കാനുള്ള ഗൂഢതന്ത്രമാണ് ഇതിനിടയിൽ നടക്കുന്നത്. കോട്ടയിലെ സ്ഥാപനത്തിന്റെ നഷ്ടത്തിന്റെ പേരിൽ ഈ സ്ഥാപനത്തിലെ അഞ്ഞൂറോളം ജീവനക്കാർ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെട്ട് ജോലി ചെയ്യുകൊണ്ടിരിക്കുകയാണ്, ഇപ്പോഴും ഈ സ്ഥാപനം ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. ജീവനക്കാരുടെ 1997 മുതലുള്ള ശമ്പള പരിഷ്കരണവും പ്രൊമോഷനും ഉൾപ്പെടെയുള്ള കാര്യങ്ങൾ തടസ്സപ്പെട്ടിരിക്കുകയാണ്. കേന്ദ്രത്തിന്റെ അനാവശ്യവും യുക്തിരഹിതവുമായ ഇത്തരം വാദങ്ങൾ മറികടന്ന് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് എന്ന സ്ഥാപനം ഏറ്റെടുക്കുന്നതിനുള്ള നടപടി സംസ്ഥാന സർക്കാർ എത്രയും പെട്ടന്ന് പൂർത്തീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റ് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നത്തിന്റെ വിശദാംശങ്ങളെല്ലാംതന്നെ ബഹുമാനപ്പെട്ട അംഗം അവതരിപ്പിച്ചുകഴിഞ്ഞു. പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിക്കുകയെന്ന കേന്ദ്രസർക്കാർ നയത്തിന് വിരുദ്ധമായി അവ സംരക്ഷിക്കുകയെന്ന നയം സംസ്ഥാന സർക്കാർ സ്വീകരിച്ചതിന്റെ ഭാഗമായാണ് കേന്ദ്രസർക്കാരിന്റെ അധീനതയിലുള്ള പ്രസ്തുത സ്ഥാപനം ഏറ്റെടുക്കാൻ സംസ്ഥാന സർക്കാർ സന്നദ്ധത അറിയിച്ചത്. പ്രസ്തുത നടപടിക്കായി ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ ഡിപ്പാർട്ടുമെന്റ് ഓഫ് ഹെവി ഇൻഡസ്ട്രീസ് ഉൾപ്പെടുത്തും സംസ്ഥാന ചീഫ് സെക്രട്ടറി ചെയർമാനുമായ ഒരു അപെക്സ് കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റി പലതവണ യോഗം ചേർന്നാണ് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തിയത്. ഇതിന്റെ തുടർച്ചയായി RIAB ആസ്തികളുടെയും ബാദ്ധ്യതകളുടെയും മൂല്യനിർണ്ണയം നടത്തുന്നതിനായി വർമ്മ & വർമ്മ ചാർട്ടേഡ് അക്കൗണ്ടന്റ്സിനെ ഏൽപ്പിക്കുകയുണ്ടായി. അവർ ആദ്യം സമർപ്പിച്ച റിപ്പോർട്ടിൽ 43 കോടി രൂപയുടെ ആസ്തി തിട്ടപ്പെടുത്തിയിരുന്നു. എന്നാൽ അത് കേന്ദ്രസർക്കാരിന് സ്വീകാര്യമല്ലാത്തതിനാലും ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടപ്പാക്കുന്നതിൽ വിയോജിപ്പുള്ളതിനാലും വീണ്ടും മൂല്യനിർണ്ണയം നടത്തി 53.02 കോടി രൂപയായി പുനർനിർണ്ണയിച്ചു. അത് കേന്ദ്രസർക്കാർ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള സർക്കാർ ഇതു സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. എന്നാൽ മൂല്യനിർണ്ണയം നടത്തിയത് 31-3-2017-ന്റെ അടിസ്ഥാനത്തിലും സ്ഥാപനം ഏറ്റെടുത്തത് 30-9-2018-ലും ആയതിനാൽ ഏറ്റെടുത്ത തീയതിയുടെ അടിസ്ഥാനത്തിൽ ആസ്തി-

ബാദ്ധ്യതാ പുനർനിർണ്ണയത്തിന് ധാരണയായി. ഇതിന്റെ അടിസ്ഥാനത്തിൽ 16-11-2018-ൽ കേരളത്തിന്റെ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ ഹെവി ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റും തമ്മിൽ കരട് ധാരണാപത്രം ഒപ്പുവയ്ക്കുകയുണ്ടായി. തുടർന്ന് സ്ഥലത്തിന്റെ വിലകൂടി ആസ്തികളുടെ മൂല്യത്തിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്രം നിർദ്ദേശിച്ചുവെങ്കിലും പ്രസ്തുത ആവശ്യം നേരത്തെ ഉന്നയിക്കാതിരുന്നതിനാലും 'Precision Instrumentation Project ' പാലക്കാട് ആരംഭിക്കുന്നതിനുവേണ്ടി 1964-ൽ സംസ്ഥാന സർക്കാർ സൗജന്യമായാണ് കേന്ദ്രസർക്കാരിന് ഭൂമി നൽകിയിരുന്നത് എന്നതിനാലും സ്ഥലവിലകൂടി ആസ്തിയുടെ മൂല്യത്തിൽ ഉൾപ്പെടുത്തുന്ന കാര്യം കേരള സർക്കാർ അംഗീകരിച്ചില്ല. സ്ഥാപനത്തിന്റെ ഓഡിറ്റ് ചെയ്ത കണക്കുകളിൽ സ്ഥലം പാട്ടഭൂമിയായും അതിന്റെ മൂല്യം ഒരു രൂപയുമായാണ് കണക്കാക്കിയിരിക്കുന്നത്. ആയതിനാൽ കേന്ദ്രസർക്കാരിന്റെ യുക്തിരഹിതമായ ആവശ്യം അംഗീകരിക്കാൻ സാധിക്കുന്നതല്ല. ഈ വിഷയം ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ ഡിപ്പാർട്ടുമെന്റ് ഓഫ് ഹെവി ഇൻഡസ്ട്രീസിന്റെ മുമ്പാകെ അവതരിപ്പിച്ച് ഭൂമിയുടെ വില ഒഴികെയുള്ള മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 9-7-2021-ൽ കേന്ദ്ര കമ്പനികാര്യ മന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. പ്രസ്തുത ആവശ്യത്തോട് കേന്ദ്രസർക്കാർ ഇതുവരെ പ്രതികരിച്ചിട്ടില്ല.

(7) ലിംഗമാറ്റ ശസ്ത്രക്രിയ

<u>ശ്രീമതി ശാന്തകുമാരി കെ.</u>: സർ, ലിംഗമാറ്റ ശസ്ത്രക്രിയയുടെ പ്രോട്ടോകോൾ ആവശ്യകതയുമായി ബന്ധപ്പെട്ടുകൊണ്ടുള്ളതാണ് എന്റെ സബ്മിഷൻ. കേരളത്തിൽ കഴിഞ്ഞ ഒരാഴ്ചയായി സോഷ്യൽ മീഡിയയിലുൾപ്പെടെ പൊതുമാധ്യമങ്ങളിൽ നിറഞ്ഞുനിൽക്കുന്ന, കേരളത്തിലെ ആദ്യത്തെ ട്രാൻസ്ജെൻഡർ റേഡിയോ ജോക്കിയും (RJ) ആങ്കറും ഇക്കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ വേങ്ങര നിയോജകമണ്ഡലത്തിൽനിന്നും Democratic Social Justice Party-യുടെ സ്ഥാനാർത്ഥിയായി നോമിനേഷൻ കൊടുക്കുകയും ചെയ്ത കൊല്ലം ജില്ലയിലെ 28 വയസ്സുള്ള അനന്യകുമാരി അലക്സിന്റെ മരണവും അതേത്തുടർന്ന് ഉയർന്നുവന്ന ലിംഗമാറ്റ ശസ്ത്രക്രിയയിലെ മെഡിക്കൽ നെഗ്ലിജൻസും വാർത്തകളിൽ നിറഞ്ഞു നിൽക്കുകയാണ്. 2020 ജൂൺ 14-ന് കൊച്ചിയിലെ റിനൈ മെഡിസിറ്റി എന്ന സ്വകാര്യ ആശുപത്രിയിൽ Sex Reassignment Surgery-യ്ക്ക് വിധേയയായ അനന്യകുമാരി കഴിഞ്ഞ ഒരു വർഷമായി ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ നേരിടുന്നുവെന്നും ചികിത്സാ പിഴവുണ്ടെന്നും പരാതിപ്പെട്ടിരുന്നു. അക്കാര്യം അന്വേഷിക്കാൻ ചെന്നപ്പോൾ നേരിട്ട മർദ്ദനത്തിലും ഒപ്പം ശസ്ത്രക്രിയയുടെ വേദനയിലും പിടഞ്ഞപ്പോൾ

ഡോക്ടർമാർപോലും സേവനം ലഭ്യമാക്കിയില്ലെന്നും പ്രാഥമിക കൃത്യനിർവ്വഹണം നടത്താനോ ചിരിക്കാനോ തുമ്മാനോപോലും കഴിയാത്ത അവസ്ഥയിലാണ് താനെന്നുമുള്ള വിവരങ്ങൾ വീഡിയോയിലൂടെ പുറത്തുവിട്ടത് കേരളത്തിലെ പൊതുസമൂഹവും ട്രാൻസ് കമ്മ്യൂണിറ്റിയും ഏറെ വേദനയോടെയാണ് ശ്രവിച്ചത്. ഇതിനെ ഒറ്റപ്പെട്ട ഒരു സംഭവമായി കാണരുത്. പ്രമുഖ ഇംഗ്ലീഷ് ദിനപത്രമായ 'ദി ഹിന്ദു' 2016 നവംബർ 22-ന് റിപ്പോർട്ട് ചെയ്തത് കേരളത്തിൽ മുപ്പത്തയ്യായിരത്തിൽപ്പരം ട്രാൻസ്ജെൻഡേഴ്സ് ഉണ്ടെന്നാണ്. കേരളം ട്രാൻസ്ജെൻഡർ പോളിസി സ്വീകരിച്ച ഒരു സംസ്ഥാനമാണ്. 2014-15-ൽ സമഗ്രമായ ട്രാൻസ്ജെൻഡർ സർവ്വേ നടത്തിയ ഒരു സംസ്ഥാനം കൂടിയാണ്. അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കമ്മ്യൂണിറ്റിക്ക് 2018 മുതൽ യൂണിവേഴ്സിറ്റികളിൽ ഡിഗ്രി, പോസ്റ്റ് ഗ്രാജ്വേഷൻ കോഴ്സുകളിലേയ്ക്ക് 2 ശതമാനം സീറ്റ് സംവരണം ചെയ്യുവരുന്നുണ്ട്. Meta-Analysis of Individual Attendance in Clinical Services-ന്റെ ഏറ്റവും പുതിയ റിപ്പോർട്ടനുസരിച്ച് ഒരു ലക്ഷം ആളുകളിൽ വ്യക്തിപരമായി ക്ലിനിക്കൽ സേവനം ഉപയോഗപ്പെടുത്തുന്ന ട്രാൻസ്ജെൻഡേഴ്സിന്റെ പ്രിവലൻസ് റേറ്റ് 4.6 ആണ്. ഇതിൽത്തന്നെ 6.8 ശതമാനം ട്രാൻസ്വിമണും 2.6 ട്രാൻസ്മെൻ-ഉം ആണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ലോകത്തിൽ ആദ്യമായി ലിംഗമാറ്റ ശസ്ത്രക്രിയ നടത്തി ട്രാൻസ്ജെൻഡർ വുമൺ ആയി മാറിയത് 1926 മേയ് 30-ന് അമേരിക്കയിലെ ക്രിസ്റ്റിൻ ജോർഗൻസൺ ആണ്. ഇത്തരം ജെൻഡർ ജനിറ്റിക്കൽ ഡിസോർഡർ ചരിത്രപരമായിത്തന്നെ സമൂഹത്തിലുണ്ടെന്നും തുടർന്നും ഇതുണ്ടാകുമെന്നും നാം പ്രതീക്ഷിക്കണം. തങ്ങളുടേതല്ലാത്ത കാരണത്താൽ ഒറ്റപ്പെടൽകൊണ്ടും അപകർഷതാ ബോധത്താലും ആക്രമിക്കപ്പെടുമോയെന്ന ഭയത്താലും ജീവിതം ഇരുട്ടിന്റെ മറവിലേയ്ക്ക് തള്ളി നീക്കപ്പെട്ടവരും പൊതുസമൂഹം ഇപ്പോഴും അവജ്ഞയോടെ കാണുകയും ചെയ്യുന്ന ഈ വിഭാഗത്തിന്റെ തുല്യ അവകാശ ലഭ്യതയ്ക്കായി ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡ് രൂപീകരിച്ച് ജില്ലകളിലടക്കം പ്രവർത്തിച്ചുവരുന്ന സംസ്ഥാനമാണ് കേരളം. തന്റെ അസ്തിത്വം തിരിച്ചറിയുമ്പോൾ പ്രതിബന്ധങ്ങളെ തട്ടിമാറ്റി മനസ് ആഗ്രഹിക്കുന്നതുപോലെ ശരീരത്തെ പാകപ്പെടുത്തുന്നതിനായി ഭീമമായ സംഖ്യ സ്വരുക്കൂട്ടി ഇവർ ഇത്തരം സർജറിക്ക് വിധേയരാകുകയാണ്. എന്നാൽ കടുത്ത വിവേചനം നേരിടുന്നതിന്റെയും ഒറ്റപ്പെടലിന്റെയും അന്തരീക്ഷത്തിൽ നിരവധി സ്വകാര്യ സ്ഥാപനങ്ങൾ കച്ചവടമാക്കി മാറ്റുന്ന ഒരു സർജറിയായി Sex Reassignment Surgery മാറിക്കൊണ്ടിരിക്കുന്നു. ഇക്കാര്യത്തിൽ ഒരു ഉറപ്പോ സംരക്ഷണമോ ഇവർക്കുണ്ടാകുന്നില്ലെന്നത് ഏറെ വേദനാജനകമാണ്. ശാസ്ത്രം ഏറെ പുരോഗമിക്കുന്നതോടൊപ്പം ഇത്തരം ചികിത്സാരംഗത്തും വ്യക്തമായ മാറ്റങ്ങൾ അനിവാര്യമാണ്. ആയതിനാൽ വിദഗ്ധരായ സർക്കാർ ഡോക്ടർമാരുടെ മേൽനോട്ടത്തിൽ മാത്രമേ ഇത്തരം സർജറി നടത്താൻ

പാടുള്ളൂവെന്ന് നിഷ്കർഷിക്കേണ്ടതുണ്ട്. കൂടാതെ, ഇതുസംബന്ധിച്ച് വ്യക്തമായ ഒരു പ്രോട്ടോക്കോൾ നിർണ്ണയിക്കേണ്ടതുണ്ടെന്നുമാണ് അനന്യകുമാരിയുടെ കേസ് പുറത്തുവരുമ്പോൾ മനസ്സിലാകുന്നത്. സർക്കാർ മെഡിക്കൽ കോളേജുകളിൽ ഇതിനുള്ള സൗകര്യം ഏർപ്പെടുത്തുന്ന രീതിയിലേയ്ക്ക് കാര്യങ്ങൾ മുമ്പോട്ടു പോകേണ്ടതായിട്ടുണ്ട്. സ്വകാര്യ ആശുപത്രികളിൽ മെഡിക്കൽ നെഗ്ലിജൻസ് എന്ന കുറ്റകരമായ അനാസ്ഥ നടക്കുകയാണ്. ഇതിനെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. മാത്രമല്ല, ട്രാൻസ് കമ്മ്യൂണിറ്റി നമ്മുടെ സഹോദരങ്ങളാണെന്ന കാര്യത്തിൽ പൊതുസമൂഹത്തിന് അവബോധമുണ്ടാക്കാൻ തുടർന്നും നിരവധി പദ്ധതികൾ ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഇതിന്റെ ഭാഗമായി നാളിതുവരെ സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച് വിശദീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ട്രാൻസ്ജെൻഡർ വ്യക്തികൾ നമ്മുടെ സമൂഹത്തിൽ നാനാവിധമായ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. സാമൂഹികമായ ഒറ്റപ്പെടുത്തലുകളോടൊപ്പം ശാരീരികവും മാനസികവുമായ ഒട്ടേറെ പ്രശ്നങ്ങളും അവർ നേരിടുന്നുണ്ട്. അതിൽ ഏറ്റവും പ്രധാനം ലിംഗമാറ്റ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ്. ഈ പ്രശ്നങ്ങളാകെ തരണം ചെയ്യുന്നതിനാവശ്യമായ പിന്തുണ നൽകാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കേരളത്തിൽ ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് പ്രോട്ടോകോൾ നിലവിലില്ല. സ്വകാര്യ മേഖലയിലെ ആശുപത്രികൾ മുഖേനയാണ് സംസ്ഥാനത്ത് ലിംഗമാറ്റ ശസ്ത്രക്രിയകൾ നടന്നുവരുന്നത്. ചികിത്സാ രീതികൾ, ചികിത്സാ ചെലവ്, തുടർചികിത്സ, ഗ്രണ നിലവാരം എന്നിവ സംബന്ധിച്ച് ഒരു ഏകീകൃത മാനദണ്ഡം നിലവിലുള്ളതായി കാണുന്നില്ല. ഇത് ചില ട്രാൻസ്ജെൻഡർ വ്യക്തികളിൽ പലതരത്തിലുള്ള ആരോഗ്യ-മാനസിക പ്രശ്നങ്ങൾ ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈയിടെ അനന്യകുമാരി അലക്സ് എന്ന ട്രാൻസ്ജെൻഡർ വ്യക്തിയുടെ ആത്മഹത്യയുമായി ബന്ധപ്പെട്ട് ലിംഗമാറ്റ ശസ്ത്രക്രിയയിലെ ചികിത്സാ പിഴവുകളടക്കം ആരോപിക്കപ്പെട്ട സാഹചര്യത്തിൽ ഈ വിഷയങ്ങൾ അടിയന്തര പ്രാധാന്യത്തോടെ അഭിസംബോധന ചെയ്യേണ്ടകാര്യം അനിവാര്യ ചുമതലയായി സർക്കാർ കാണുന്നു. അനന്യകുമാരിയുടെ ആത്മഹത്യയടക്കം ട്രാൻസ്ജെൻഡർ സമൂഹം അഭിമുഖീകരിക്കുന്ന വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി അടിയന്തരമായി സാമൂഹ്യനീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡിന്റെ യോഗം വിളിച്ചു ചേർക്കുകയുണ്ടായി. ജൂലൈ 23-ന് സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡ് ലിംഗമാറ്റ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് പ്രോട്ടോകോൾ തയ്യാറാക്കുന്നതിനും ട്രാൻസ്ജെൻഡർ വ്യക്തികൾ

നേരിടുന്ന ശാരീരികവും മാനസികവുമായ ആരോഗ്യപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് ഒരു വിദഗ്ധ സമിതി രൂപീകരിക്കാൻ തീരുമാനിച്ചു. സർക്കാർ മേഖലയിൽ ഇത്തരം ശസ്ത്രക്രിയകളിൽ പ്രാവീണ്യമുള്ള ഡോക്ടർമാർക്ക് വിദഗ്ധ പരിശീലനം നൽകി ശസ്ത്രക്രിയകൾ നടത്തുന്നത് സംബന്ധിച്ചും, World Professional Association for Transgender Health പുറത്തിറക്കിയിട്ടുള്ള സ്റ്റാൻഡേർഡ്സ് ഓഫ് കെയർ ഉൾപ്പെടെ പരിശോധിച്ച് ട്രാൻസ്ജെൻഡർ വിഭാഗത്തിന് അനുയോജ്യമായ രീതിയിൽ പ്രൊട്ടോകോൾ തയ്യാറാക്കുന്നതിന്റെ സാധ്യതകളും അതിലുൾപ്പെടുത്തേണ്ട പ്രധാന ഘടകങ്ങൾ സംബന്ധിച്ചും, ട്രാൻസ്ജെൻഡർ വ്യക്തികളുടെ ലിംഗമാറ്റ ശസ്ത്രക്രിയകൾ, അനുബന്ധ ആരോഗ്യ സേവനങ്ങൾ തുടങ്ങിയവ ട്രാൻസ്ജെൻഡർ സമൂഹത്തിന് ഏറ്റവും അനുകൂലമായ രീതിയിൽ ലഭ്യമാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ചും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഈ വിദഗ്ധ സമിതിയെ ചുമതലപ്പെടുത്താൻ ബോർഡ് യോഗം തീരുമാനിച്ചു. ആരോഗ്യ വിദഗ്ധർക്കൊപ്പം ട്രാൻസ്ജെൻഡർ പ്രതിനിധികളെയും ട്രാൻസ്ജെൻഡർ വിഭാഗത്തിനുവേണ്ടി പ്രവർത്തിക്കുന്ന ഒരു വ്യക്തിയെയുംകൂടി സമിതിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഈ വിദഗ്ധ സമിതി മൂന്നു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണം. സമിതി ശിപാർശകൾ പരിശോധിച്ച് വിശദമായ പരിശോധനകൾക്കുശേഷം സർക്കാർ തുടർ നടപടികൾ സ്വീകരിക്കും. ശാരീരികമായും മാനസികമായും സാമൂഹികമായും കൂടുതൽ കരുതൽ ആവശ്യമായ വിഭാഗമെന്ന നിലയിൽ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് നടപ്പിലാക്കുന്നത് സംബന്ധിച്ചും ട്രാൻസ്ജെൻഡർ വ്യക്തികളെ ലൈഫ് മിഷൻ പദ്ധതിയുടെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ചും ബന്ധപ്പെട്ട വകുപ്പുകളും ഏജൻസികളുമായി ചർച്ച ചെയ്ത് സർക്കാരിലേയ്ക്ക് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് ഡയറക്ടറെ ഈ യോഗത്തിൽ ബോർഡ് ചുമതലപ്പെടുത്തിയിട്ടുണ്ട്. 2019-ലെ Transgender Persons (Protection of Rights) Act-ന്റെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനായി സംസ്ഥാനത്ത് ചട്ടങ്ങൾ രൂപീകരിക്കുന്നത് സംബന്ധിച്ച നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ച് കരട് ചട്ടങ്ങൾ സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാനും സാമൂഹ്യനീതി ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിദ്യാഭ്യാസ മേഖലയിൽ പാഠ്യപദ്ധതികളിലും കരിക്കുലത്തിലും SOGIESC (Sexual Orientation and Gender Identity and Expression and Sex Characteristics) സംബന്ധിച്ച കാര്യങ്ങൾ ഉൾപ്പെടുത്തുന്നതിനായി ആ വിഷയം പരിശോധിക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പിനോടും ഉന്നത വിദ്യാഭ്യാസ വകുപ്പിനോടും ആവശ്യപ്പെടുന്നതിനും ബോർഡ് തീരുമാനിച്ചിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളിലെ എല്ലാ കോഴ്സുകളിലും ട്രാൻസ്ജെൻഡർ വ്യക്തികൾക്കായി സീറ്റുകൾ സംവരണം ചെയ്യുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കേരള

സംസ്ഥാന സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ട്രാൻസ്ജെൻഡർ സൗഹൃദപരമായ നിരവധി പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. പാർശ്വവൽക്കരിക്കപ്പെട്ട ഒരു വിഭാഗമെന്ന നിലയിൽ അവരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടേണ്ടത് അനിവാര്യമാണ്. ഇതിനായി നിരവധി സേവനങ്ങളും പദ്ധതികളും ഇന്ന് നിലവിലുണ്ട്. ട്രാൻസ്ജെൻഡർ വ്യക്തികൾക്കുള്ള തിരിച്ചറിയൽ കാർഡ് വിതരണം, സമന്വയ തുടർ വിദ്യാഭ്യാസ പദ്ധതി, ബോധവൽക്കരണ പരിപാടികൾ, സംരംഭകത്വ വികസന പരിശീലന പരിപാടി, ട്രാൻസ്ജെൻഡർ സ്കോളർഷിപ്പ്, ട്രാൻസ്ജെൻഡർ കെയർഹോം/ സേഫ്റ്റി ഹോമുകൾ, സീറോ എച്ച്.ഐ.വി. സർവൈലൻസ് സെന്റർ, ട്രാൻസ്ജെൻഡർ വ്യക്തികൾക്കായി ഹെൽപ്പ് ലൈൻ, ബ്യൂട്ടീഷൻ പരിശീലനം, തയ്യൽ മെഷീൻ വിതരണം, ലിംഗമാറ്റ ശസ്ത്രക്രിയ (എസ്.ആർ.എസ്.)-കൾക്കുള്ള ധനസഹായം, സ്വയംതൊഴിൽ ധനസഹായം, വനിതാ വികസന കോർപ്പറേഷൻവഴി സ്വയം തൊഴിലിനുള്ള വായ്പാ പദ്ധതി, ട്രാൻസ്ജെൻഡർ ദമ്പതികൾക്ക് വിവാഹ ധന സഹായം, എസ്.ആർ.എസ്. കഴിഞ്ഞ വ്യക്തികൾക്ക് പോഷകാഹാരത്തിനും തുടർ ചികിത്സയ്ക്കും സാമ്പത്തിക സഹായം, ഡ്രൈവിംഗ് പരിശീലനം, ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യത്തിന് ധനസഹായം, കരിയർ ഡെവലപ്മെന്റ്, സഫലം പദ്ധതി തുടങ്ങിയവ സമയബന്ധിതമായി നടപ്പാക്കി ട്രാൻസ്ജെൻഡർ വ്യക്തികളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുകയും അതുവഴി സാമൂഹികവും സാംസ്കാരികവും സാമ്പത്തികവുമായ ഉന്നമനം കൈവരിക്കാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം.

കൂടാതെ കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ സാമൂഹ്യനീതി വകുപ്പ് മുഖേന സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു :

1. കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ഒറ്റത്തവണ ധനസഹായമായി 1000 രൂപ വീതം 409 വ്യക്തികൾക്ക് അനുവദിച്ചു.

2. കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് ഹോർമോൺ ചികിത്സ തുടരാൻ കഴിയാതെ പോയ 96 ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിന് 35,000 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

3. കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി നേരിടുന്ന 1000 ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ജില്ലാ സാമൂഹ്യനീതി ഓഫീസുകൾ മുഖേന രണ്ട് ഘട്ടങ്ങളിലായി ഭക്ഷ്യ ധാന്യകിറ്റ് വിതരണം ചെയ്തിട്ടുണ്ട്.

4. കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ താമസ സൗകര്യം ലഭ്യമല്ലാതിരുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സംസ്ഥാനത്ത് CBO (Community Based Organisation)-കളുടെ കീഴിൽ പ്രവർത്തിച്ചിരുന്ന ഷെൽട്ടർ ഹോമുകളിൽ താമസ സൗകര്യം ഏർപ്പെടുത്തിയിരുന്നു.

(8) ബേക്കൽ എയർ സ്ട്രിപ് പ്രോജക്ട്

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, കാസർഗോഡ് ജില്ലയിലെ പെരിയയിൽ എയർ സ്ട്രിപ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടതാണ് എന്റെ സബ്മിഷൻ. അന്താരാഷ്ട്ര ടൂറിസം മാപ്പിൽ ഇടംപിടിച്ച ഒരു ടൂറിസ്റ്റ് കേന്ദ്രമാണ് ബേക്കൽ കോട്ട. ടൂറിസം ഇന്റർനാഷണൽ സ്പോട്ടായ ബേക്കൽ കോട്ട സന്ദർശിക്കുന്നതിനായി വിദേശത്തുനിന്നും സ്വദേശത്തുനിന്നും ആയിരക്കണക്കിന് ടൂറിസ്റ്റുകൾ ദിവസേന അവിടെ വരുമായിരുന്നു. കോവിഡ് കാലത്തുമാത്രമാണ് ഇവിടേയ്ക്കുള്ള ടൂറിസ്റ്റുകളുടെ വരവ് കുറഞ്ഞത്. ഇവിടെയൊരു എയർ സ്ട്രിപ് സ്ഥാപിക്കണമെന്നുള്ള ആവശ്യം നേരത്തെ ഉയർന്നുവരുകയും അതിന്റെ അടിസ്ഥാനത്തിൽ സർക്കാരിൽനിന്നും തത്വത്തിൽ അംഗീകാരം ലഭ്യമാവുകയും ചെയ്തിട്ടുണ്ട്. ഇതിനായി പെരിയ വില്ലേജിൽ 80.41 ഏക്കർ സ്ഥലം കണ്ടെത്തുകയും മറ്റ് പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇത് യാഥാർത്ഥ്യമായാൽ മംഗലാപുരം, ബാംഗ്ലൂർ, കണ്ണൂർ എന്നീ മൂന്ന് എയർപോർട്ടുകളിലേയ്ക്ക് ഒരു കണക്ടിവിറ്റിയുണ്ടാകുകയും കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കാനുള്ള ഒരു കേന്ദ്രമായി ബേക്കൽ കോട്ട മാറുകയും ചെയ്യും. ഈ പ്രോജക്ട് നടപ്പാക്കേണ്ടത് കാസർഗോഡ് ജില്ലയുടെ വികസനത്തിന് അത്യന്താപേക്ഷിതമാണ്. ഇപ്പോൾ കേന്ദ്ര വ്യോമയാന മന്ത്രാലയം ചില ക്വറികളിട്ട് പ്രൊപ്പോസൽ തിരിച്ചയച്ചുകൊണ്ടിരിക്കുകയാണ്. തൽപ്പരകക്ഷികൾക്ക് ഈ പദ്ധതി യാഥാർത്ഥ്യ മാകുന്നതിൽ എതിർപ്പുണ്ടോയെന്ന് പറയാൻ കഴിയുന്ന നിലയിലാണ് കാര്യങ്ങളുള്ളത്. പ്രസ്തുത പദ്ധതി നടപ്പാക്കാനാവശ്യമായ എല്ലാ നടപടികളും അടിയന്തരമായി സ്വീകരിക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ബേക്കൽ എയർ സ്ട്രിപ് പ്രോജക്ട് നടപ്പാക്കുന്നതിന് അടിയന്തരമായി ഇടപെടുകയും ആവശ്യമായ തീരുമാനമെടുക്കുകയും പദ്ധതി യാഥാർത്ഥ്യമാക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കേരളത്തിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളെ എക്സ്റ്റന്റ് ചെയ്യാൻ സാധ്യതയുള്ള മലബാറിലെ ടൂറിസ്റ്റ് കേന്ദ്രമായ ബേക്കലിൽ എയർ സ്ട്രിപ് യാഥാർത്ഥ്യമാക്കുന്നതുമായി ബന്ധപ്പെട്ട വിഷയമാണ് ഉന്നയിച്ചിട്ടുള്ളത്. കാസർഗോഡ് ജില്ലയിലെ പെരിയയിൽ എയർ സ്ട്രിപ് നിർമ്മിക്കുന്നതിന് സർക്കാർ അംഗീകാരം നല്കിയിരുന്നു. 18-1-2018-ന് ബഹുമാനപ്പെട്ട മുൻ സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിയുടെ

അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനപ്രകാരം ഭൂമി ഏറ്റെടുക്കുന്ന നടപടികളുമായി മുന്നോട്ടുപോകുന്നതിനാവശ്യമായ വിശദമായ പ്രൊപ്പോസൽ BRDC (Bakel Resorts Development Corporation) കാസർഗോഡ് ജില്ലാ കളക്ടർക്ക് സമർപ്പിച്ചു. ഭൂമി ഏറ്റെടുക്കുന്നതിനായി 28 കോടി രൂപയോളം ആവശ്യമായി വരുമെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. എയർ സ്ട്രിപ്പ് പദ്ധതിക്കായി ഗതാഗത വകുപ്പിന്റെ 7-8-2018-ലെ ഉത്തരവ് പ്രകാരം ഏവിയേഷൻ വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറി, കാസർഗോഡ് ജില്ലാ കളക്ടർ, BRDC-യുടെ മാനേജിംഗ് ഡയറക്ടർ, ധനകാര്യ വകുപ്പിന്റെ പ്രതിനിധി, കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ടിന്റെ പ്രതിനിധി എന്നിവരെയുൾപ്പെടുത്തി ഒരു സമിതി രൂപീകരിച്ചു. മംഗലാപുരം, കണ്ണൂർ എന്നീ എയർപോർട്ടുകളിൽനിന്നും ബേക്കലിലേയ്ക്ക് യാത്ര ചെയ്യാൻ ഏകദേശം രണ്ട് മണിക്കൂർ മാത്രമേ ആവശ്യമുള്ളൂ. അതുകൊണ്ട് ഇവിടെ പൂർണ്ണതോതിലുള്ള വിമാനത്താവളം നടപ്പാക്കുക പ്രായോഗികമല്ലെന്ന് കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയം അറിയിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ എട്ട് മുതൽ പത്ത് സീറ്റുകൾ വരെയുള്ള ഒരു വൺ എഞ്ചിൻ എയർ വാൻ സംസ്ഥാനത്തെ ഒൻപത് പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളെ കണക്ട് ചെയ്യുകൊണ്ട് സർവ്വീസ് നടത്തുന്നതിനുള്ള പദ്ധതിയാണ് വിഭാവന ചെയ്തിരുന്നത്. ആദ്യപടിയായി ബേക്കൽ, വയനാട്, ഇടുക്കി എന്നിവിടങ്ങളിൽ പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന് ഏകദേശം 1400 മീറ്റർ ദൈർഘ്യമുള്ള റൺവേ മതിയാകും. ഈ പദ്ധതിക്ക് കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ് താലൂക്കിൽ, പെരിയ വില്ലേജിൽ 80 ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 54 ഏക്കർ സർക്കാർ ഭൂമിയും 26 ഏക്കർ സ്വകാര്യ ഭൂമിയുമാണ്. ഇലക്ട്രോണിക്സ് ടോട്ടൽ സ്റ്റേഷൻ (ഇ.ടി.എസ്.) സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ സാമൂഹികാഘാത പഠനവും പൂർത്തിയാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ എല്ലാ പ്രായോഗികവശങ്ങളും പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിയോഗിച്ച ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായ സമിതി നിർദ്ദിഷ്ട എയർ സ്ട്രിപ്പിനായി ബേക്കലിൽ തെരഞ്ഞെടുത്തിരിക്കുന്ന ഭൂമി ഈ ആവശ്യത്തിന് ഉതകുന്നതാണോ എന്നത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ മഹീന്ദ്ര ഗ്രൂപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ കേന്ദ്ര വ്യോമയാന മന്ത്രാലയം ആവശ്യപ്പെട്ട മറ്റ് വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി ഗതാഗതവകുപ്പ് കാസർഗോഡ് ജില്ലാകളക്ടറോട് നിർദ്ദേശിക്കുകയും ചെയ്തു. ഇവ ലഭ്യമാക്കുന്ന മുറയ്ക്ക് വിശദമായ പരിശോധനകൾക്കുശേഷം സാധ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. നിലവിലെ സാഹചര്യത്തിൽ ബി.ആർ.ഡി.സി.-യെ നിർദ്ദിഷ്ട എയർ സ്ട്രിപ് പദ്ധതിയുടെ നോഡൽ ഏജൻസിയായി നിയമിക്കാവുന്നതാണോ എന്ന വിഷയത്തിൽ ഗതാഗത വകുപ്പുമായി വിശദമായ ചർച്ചകൾ നടത്തിയതിനുശേഷം തീരുമാനമെടുക്കുന്നതാണ്. ലോകത്തിലെ പ്രധാനപ്പെട്ട പത്ത് unexplored tourist destinations ആയി Lonely Planet കണ്ടെത്തിയിട്ടുള്ളതിൽ ഒന്ന് മലബാറാണ്. ആ നിലയിൽ അതിന്റേതായ പ്രാധാന്യത്തോടുകൂടി ഇക്കാര്യം വകുപ്പ് പരിശോധിക്കുന്നതാണ്.

12.00 Noon]

(9) ബൈപ്പാസ് നിർമ്മാണം

ശ്രീ. മഞ്ഞളാംകുഴി അലി: സർ, എന്റെ നിയോജകമണ്ഡലമായ മങ്കടയിലെ മൂന്ന് ബൈപ്പാസുകളുടെ നിർമ്മാണം ദീർഘകാലമായി ഇഴഞ്ഞുനീങ്ങുകയാണ്. അതിൽ ഒന്നാമത്തേതാണ് ഓരോടംപാലം - മാനത്തുമംഗലം ബൈപ്പാസ്. അങ്ങ് അവിടെവന്ന് കണ്ടതാണ്. അങ്ങാടിപ്പുറം-പെരിന്തൽമണ്ണ ടൗണിലുണ്ടാകുന്ന ഗതാഗതക്കുരുക്ക് വർഷങ്ങളായി പൊതുജനങ്ങൾക്ക് വളരെയധികം യാത്രാക്ലേശം സൃഷ്ടിക്കുകയാണ്. മങ്കട-പെരിന്തൽമണ്ണ നിയോജകമണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഓരോടംപാലം-മാനത്തുമംഗലം ബൈപ്പാസ് പൂർത്തിയായാൽ അങ്ങാടിപ്പുറത്തെയും പെരിന്തൽമണ്ണയിലെയും ഗതാഗതക്കുരുക്കിന് പരിഹാരമാകുമെന്നാണ് കരുതപ്പെടുന്നത്. ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ചില സ്ഥലങ്ങളിൽ അതിർത്തിക്കല്ലുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഇതുവരെ ഒരു നടപടിയും ആരംഭിച്ചിട്ടില്ല. റെയിൽവേയുടെ ഡിസൈൻ ഇതുവരെ ലഭ്യമായിട്ടില്ല. റെയിൽവേയുമായി ബന്ധപ്പെട്ട തുടർനടപടികൾ ത്വരിതപ്പെടുത്തേണ്ടതുണ്ട്. രണ്ടാമത്തേത് ഓരോടംപാലം-വൈലോങ്ങര ബൈപ്പാസാണ്. 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിലുൾപ്പെടുത്തിയ പ്രവൃത്തിയാണ് ഓരോടംപാലം-വൈലോങ്ങര ബൈപ്പാസ്. ഇതിന്റെ നിർമ്മാണത്തിന് 12.76 കോടി രൂപ കിഫ്ബിയിൽനിന്ന് അനുവദിച്ച് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ പ്രവൃത്തിക്ക് 25-4-2018-ൽ കിഫ്ബി ധനാനുമതിയും നൽകിയിരുന്നു. ഈ പ്രവൃത്തിയുടെ നിർമ്മാണച്ചുമതല RBDCK (Roads and Bridges Development Corporation of Kerala)-യ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുമായി ബന്ധപ്പെട്ടുള്ള അലൈൻമെന്റിന്റെ ഭാഗമായി സർവ്വേക്കല്ലുകൾ സ്ഥാപിക്കുന്ന നടപടി ഇനിയും പൂർത്തിയായിട്ടില്ല. പ്രവൃത്തികൾ ഒച്ചിന്റെ വേഗതയിലാണ് നീങ്ങുന്നത്. മൂന്നാമത്തേത് മക്കരപറമ്പ് ബൈപ്പാസാണ്. ഇതിന് കേന്ദ്ര പൊതുമരാമത്ത് വകുപ്പ് പത്തുകോടി രൂപ അനുവദിച്ച് ഭരണാനുമതി നൽകിയിരുന്നു. കിറ്റ്കോ സർവ്വേ ചെയ്ത് ഡിജിറ്റലൈസ് ചെയ്ത അലൈൻമെന്റ് തയ്യാറാക്കി 3-12-2019-ൽ കേന്ദ്ര സർക്കാരിലേയ്ക്ക് നൽകുകയും ചെയ്തിരുന്നു. എന്നാൽ നാളിതുവരെയായിട്ടും കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചിട്ടില്ലെന്നാണ് അറിയുന്നത്. ഈ സാഹചര്യത്തിൽ അലൈൻമെന്റിന് അംഗീകാരം നേടിയെടുത്ത് പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാരുമായി സംസ്ഥാന സർക്കാരിന്റെ ഉന്നതതല ഇടപെടൽ ആവശ്യമാണ്. ദീർഘകാലമായി പുരോഗതി കൈവരിച്ചിട്ടില്ലാത്ത ഈ മൂന്ന് പദ്ധതികളും സമയപരിധി നിശ്ചയിച്ച് പൂർത്തിയാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. പ്രസ്തുത വിഷയം സംബന്ധിച്ച് ഈ നിയമസഭാ സമ്മേളനകാലത്ത് ഉദ്യോഗസ്ഥരുമായി ഒരു ചർച്ച സംഘടിപ്പിച്ചെങ്കിൽ നന്നായിരുന്നു. അതിന് അങ്ങ് മുൻകയ്യെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിട്ടുള്ളത് മൂന്ന് ബൈപ്പാസുകളുമായി ബന്ധപ്പെട്ട വളരെ പ്രാധാന്യമർഹിക്കുന്ന വിഷയമാണ്. ഒന്നാമത്തേത്, ഓരോടം പാലം-മാനത്തുമംഗലം ബൈപ്പാസാണ്. മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ-മാനത്തുമംഗലം ബൈപ്പാസ് റോഡിൽ അങ്ങാടിപ്പുറം റെയിൽവേ മേൽപ്പാലത്തിന് ഭൂമി ഏറ്റെടുക്കുന്നതിനായി 10,16,23,800 രൂപയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. പുതുക്കിയ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടത്തി സ്ഥലത്ത് അതിർത്തിക്കല്ലുകൾ സ്ഥാപിക്കുകയും ചെയ്തു. ബൈപ്പാസ് നിർമ്മാണത്തിൽ നിലമ്പൂർ-ഷൊർണ്ണൂർ പാതയെ ക്രോസ് ചെയ്ത് ഒരു റെയിൽവേ മേൽപ്പാലം നിർമ്മിക്കണം. അതിനുള്ള പി.&ഇ. ചാർജ്ജ് ഇനത്തിൽ 16,23,800 രൂപ സതേൺ റെയിൽവേയിൽ അടച്ചിട്ടുണ്ട്. റെയിൽവേയുടെ ജി.എ.ഡി. (ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗ്) അപ്രൂവൽ ലഭിച്ചതിനുശേഷം മാത്രമേ അനുബന്ധ രൂപരേഖകൾ തയ്യാറാക്കാൻ സാധിക്കുകയുള്ളൂ. ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി അങ്ങാടിപ്പുറം-പെരിന്തൽമണ്ണ വില്ലേജ് ഓഫീസുകളിൽനിന്നും സർവ്വേ സ്കെച്ചുകൾ ശേഖരിച്ച് സ്ഥലം ഏറ്റെടുക്കുന്നതിനായി ജില്ലാകളക്ടർക്ക് അർത്ഥനാപത്രം സമർപ്പിച്ചിട്ടുണ്ട്. 2013-നുശേഷമുള്ള ഭൂമി ഏറ്റെടുക്കുന്നതിനുള്ള റവന്യൂ വകുപ്പിന്റെ ഉത്തരവ് സഹിതം ലഭ്യമാക്കാൻ ജില്ലാകളക്ടർ നിർദ്ദേശിച്ചതനുസരിച്ചുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു.

രണ്ടാമത്തേത് ഓരോടംപാലം-വൈലോങ്ങര ബൈപ്പാസാണ്. മലപ്പുറം ജില്ലയിലെ ഓരോടംപാലം-വൈലോങ്ങര ബൈപ്പാസ് നിർമ്മാണം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി RBDCK-യെ എസ്.പി.വി. ആയി നിയമിച്ചു. പ്രസ്തുത പദ്ധതിയുടെ കൺസൾട്ടൻസിയായ കിറ്റ്കോ നൽകിയ അലൈൻമെന്റ് RBDCK അംഗീകരിച്ചു. തുടർന്ന് അലൈൻമെന്റിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിക്കുകയും 12.62 കോടി രൂപ അനുവദിക്കുകയും ചെയ്തു. പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന് അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ ആരംഭിച്ചപ്പോൾ ഏതാനും ഭൂവുടമകൾ പദ്ധതിയുടെ അലൈൻമെന്റിൽ മാറ്റം വരുത്തണമെന്നാവശ്യപ്പെട്ട് തടസ്സപ്പെടുത്തി. കൂടാതെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും മലപ്പുറം ജില്ലാകളക്ടർക്ക് അപേക്ഷ നൽകുകയും ചെയ്തു. ഈ സാഹചര്യത്തിൽ പദ്ധതിയുടെ മുന്നോട്ടുള്ള പ്രവർത്തനം താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. അലൈൻമെന്റ് സംബന്ധിച്ച തർക്കങ്ങൾ പരിഹരിച്ച് പദ്ധതി നടപ്പാക്കാൻ ജനപ്രതിനിധി എന്ന നിലയിൽ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ഇടപെടൽകൂടി അഭ്യർത്ഥിക്കുകയാണ്. അതിന് ഏതുനിലയിലുള്ള സഹായവും ബന്ധപ്പെട്ട വകുപ്പ് എന്നുള്ള നിലയിൽ ചെയ്യാവുന്നതാണ്.

മൂന്നാമത്തേത് മക്കരപ്പറമ്പ് ബൈപ്പാസാണ്. ദേശീയപാത 966-നെ ഭാരത്മാല പരിയോജനയിലുൾപ്പെടുത്തി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (എൻ.എച്ച്.എ.ഐ.) മുഖേന നാല്/ആറുവരി പാതയാക്കി വികസിപ്പിക്കുന്നതിന് കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എൻ.എച്ച്. 966-ന്റെ ഭാഗമായ പാലക്കാട്-കോഴിക്കോട് ഭാഗം വികസിപ്പിക്കുന്നതിന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ഏറ്റെടുത്തിട്ടുള്ളതും ഇതിലേയ്ക്കായി പുതിയ ഗ്രീൻ ഫീൽഡ് അലൈൻമെന്റ് അംഗീകരിച്ചിട്ടുള്ളതുമാണ്. നിലവിലുള്ള എൻ.എച്ച്. 966-ൽ ഉൾപ്പെടുന്ന ടൗണുകളിലൊന്നിലും ബൈപ്പാസുകൾ നിർമ്മിക്കുന്നില്ലെന്നാണ് എൻ.എച്ച്.എ.ഐ. അറിയിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ട ഉദ്യോഗസ്ഥരുമായുള്ള യോഗത്തിന്റെ കാര്യം തീർച്ചയായും പരിഗണിക്കാവുന്നതാണ്.

(10) മുൻഗണനാ റേഷൻകാർഡ്

ശ്രീ. പി. എസ്. സുപാൽ: സർ, ശക്തമായ പൊതുവിതരണ സംവിധാനം നിലനിൽക്കുന്ന സംസ്ഥാനമാണ് കേരളം. പൊതുവിതരണ സംവിധാനത്തെ തകർക്കുന്ന നിലപാടാണ് ഇപ്പോഴും കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. മുൻഗണനാ വിഭാഗത്തിലുള്ളവരുടെ കാർഡുകളുടെ എണ്ണം ഗണ്യമായി വെട്ടിച്ചുരുക്കുന്ന നിലപാട് കേന്ദ്ര ഗവൺമെന്റ് മുമ്പ് സ്വീകരിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ അർഹരായിട്ടുള്ള പല ആളുകൾക്കും മുൻഗണനാ കാർഡ് നഷ്ടപ്പെടുന്ന സാഹചര്യമാണുണ്ടായിട്ടുള്ളത്. സംസ്ഥാനത്ത് അനർഹരായ പലരും മുൻഗണനാ കാർഡ് കൈവശം വയ്ക്കുമ്പോൾ അർഹരായ പലർക്കും മുൻഗണനാ കാർഡ് ലഭ്യമല്ലാത്ത സാഹചര്യമാണ് നിലവിലുള്ളത്. അതുകൊണ്ടുതന്നെ അവരുടെ റേഷൻ വിഹിതത്തിൽ കുറവുണ്ടാകുന്നു. ചികിത്സാ ആവശ്യങ്ങൾക്ക് പരിഗണന കിട്ടാതെ വരുന്ന സാഹചര്യവുമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിലിടപെട്ട് അർഹതപ്പെട്ട മുഴുവൻ ആളുകൾക്കും മുൻഗണനാ കാർഡിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നുവെന്നുള്ളത് സന്തോഷകരമായ കാര്യമാണ്. ഇത്തരത്തിൽ ധാരാളം അപേക്ഷകളാണ് വന്നുകൊണ്ടിരിക്കുന്നതെന്ന് നമുക്കറിയാം. അതുകൊണ്ട് അർഹരായ മുഴുവൻ ആളുകൾക്കും മുൻഗണനാ റേഷൻ കാർഡുകൾ നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത് അടിയന്തര പ്രാധാന്യമുള്ള വിഷയമാണ്. അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വച്ചവരെ പ്രസ്തുത പട്ടികയിൽ നിന്നൊഴിവാക്കിയാൽ മാത്രമേ അർഹതയുള്ള കുടുംബങ്ങൾക്ക് നൽകാൻ കഴിയൂ. ഇതിന്റെ

അടിസ്ഥാനത്തിലാണ് അനർഹമായി കാർഡുകൾ കൈവശംവച്ചു വരുന്നവരോട് ആയത് സ്വമേധയാ തിരിച്ചേൽപ്പിക്കണമെന്ന് അഭ്യർത്ഥിച്ചത്. അനുവദിക്കപ്പെട്ട കാലയളവിനുള്ളിൽ (15-7-2021) കാർഡുകൾ തിരിച്ചേൽപ്പിക്കുന്നവരെ നിലവിലുള്ള ശിക്ഷാ നടപടികളിൽനിന്നും പൂർണ്ണമായും ഒഴിവാക്കുമെന്നും അറിയിപ്പ് നൽകിയിരുന്നു. ഈ അഭ്യർത്ഥനയ്ക്ക് പൊതുസമൂഹത്തിൽനിന്നും മികച്ച പ്രതികരണമാണ് ലഭിച്ചത്. ഒന്നേകാൽ ലക്ഷത്തോളം കാർഡുകളാണ് ഈ കാലയളവിൽ സ്വമേധയാ തിരിച്ചേൽപ്പിക്കപ്പെട്ടത്. എ.എ.വൈ. കാർഡ് (മഞ്ഞ നിറത്തിലുള്ളത്) - 10018, പി.എച്ച്.എച്ച്. കാർഡ് (പിങ്ക് നിറത്തിലുള്ളത്)-64761, എൻ.പി.എസ്. കാർഡ് (നീല നിറത്തിലുള്ളത്)-48775. അങ്ങനെ 123554 കാർഡുകൾ തിരികെ ലഭിക്കുകയുണ്ടായി. മുൻഗണനാ പട്ടികയിലുൾപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിരവധിപേർ അപേക്ഷ നൽകിയിട്ടുണ്ട്. മുൻഗണനാ കാർഡുകൾ തിരിച്ചേൽപ്പിച്ചതിലൂടെ വന്നിട്ടുള്ള ഒഴിവുകളിലേയ്ക്ക് അർഹരായവരെ കണ്ടെത്തി പ്രസ്തുത കാർഡുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. മുൻഗണനാ കാർഡുകൾ വിതരണം ചെയ്യുന്ന ഘട്ടത്തിൽ ഗുരുതരമായ രോഗം ബാധിച്ച് ദീർഘനാളത്തെ ചികിത്സ ആവശ്യമായി വരുന്ന അപേക്ഷകർക്ക് പ്രത്യേക പരിഗണന നൽകാനും നിർദ്ദേശിച്ചിട്ടുണ്ട്. മുൻഗണനാ വിഭാഗത്തിൽ കൂടുതൽ ആനുകൂല്യത്തിന് അർഹതയുള്ള അന്ത്യോദയ അന്നയോജന (എ.എ.വൈ.) കാർഡുകളുടെ വിതരണം ആഗസ്റ്റ് 30-ഓടുകൂടി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലായി പ്രയോറിറ്റി ഹൗസ് ഹോൾഡേഴ്സ് (പി.എച്ച്.എച്ച്.) വിഭാഗത്തിലുണ്ടായ ഒഴിവുകളിലേയ്ക്ക് അർഹതപ്പെട്ടവരെ കണ്ടെത്തി മുൻഗണനാ കാർഡുകൾ നൽകാനും ഉദ്ദേശിക്കുന്നുണ്ട്.

VI റിപ്പോർട്ട് സമർപ്പണം

(1) സബ്ജക്ട് കമ്മിറ്റി I-ന്റെ 2020-21-ലെ ആനുകാലിക റിപ്പോർട്ടും ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടും

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കുന്നു.

(2) സബ്ജക്ട് കമ്മിറ്റി II-ന്റെ 2020-21-ലെ ആനുകാലിക റിപ്പോർട്ടും ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടും

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കുന്നു.

(3) സബ്ജക്ട് കമ്മിറ്റി III-ന്റെ 2020-21-ലെ ആനുകാലിക റിപ്പോർട്ടും ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടും

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കുന്നു.

(4) സബ്ജക്ട് കമ്മിറ്റി IV-ന്റെ 2020-21-ലെ ആനുകാലിക റിപ്പോർട്ടും ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടും

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

(5) സബ്ജക്ട് കമ്മിറ്റി V-ന്റെ 2020-21-ലെ ആനുകാലിക റിപ്പോർട്ടും ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടും

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31

വരെയുള്ള ആനുകാലിക റിപ്പോർട്ടും 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കുന്നു.

(6) സബ്ജക്ട് കമ്മിറ്റി VI-ന്റെ 2020-21-ലെ ആനുകാലിക റിപ്പോർട്ടും ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടും

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ എക്സ്-ഒഫീഷ്യോ അംഗമായ ഞാൻ സമിതിയുടെ 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി സമർപ്പിക്കുന്നു.

(7) സബ്ജക്ട് കമ്മിറ്റി VII-ന്റെ 2020-21-ലെ ആനുകാലിക റിപ്പോർട്ടും ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടും

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കുന്നു.

(8) സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2020-21-ലെ ആനുകാലിക റിപ്പോർട്ടും ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടും

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കുന്നു.

(9) സബ്ജക്ട് കമ്മിറ്റി IX-ന്റെ 2020-21-ലെ ആനുകാലിക റിപ്പോർട്ടും ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടും

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കുന്നു.

(10) സബ്ജക്ട് കമ്മിറ്റി X-ന്റെ 2020-21-ലെ ആനുകാലിക റിപ്പോർട്ടും ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടും

വനം-വന്യജീവി വകുപ്പുമന്ത്രിക്കുവേണ്ടി പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ എക്സ്-ഒഫീഷ്യോ അംഗമായ ഞാൻ സമിതിയുടെ 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും വനം-വന്യജീവി വകുപ്പുമന്ത്രിക്കുവേണ്ടി സമർപ്പിക്കുന്നു.

(11) സബ്ജക്ട് കമ്മിറ്റി XI-ന്റെ 2020-21-ലെ ആനുകാലിക റിപ്പോർട്ടും ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടും

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കുന്നു.

(12) സബ്ജക്ട് കമ്മിറ്റി XII-ന്റെ 2020-21-ലെ ആനുകാലിക റിപ്പോർട്ടും ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടും

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ അദ്ധ്യക്ഷയായ ഞാൻ സമിതിയുടെ 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കുന്നു.

(13) സബ്ജക്ട് കമ്മിറ്റി XIV-ന്റെ 2020-21-ലെ ആനുകാലിക റിപ്പോർട്ടും ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടും

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

VII പ്രത്യേക പരാമർശം

ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭ്യമാക്കാത്തത് സംബന്ധിച്ച്

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ജൂലൈ 22-ാം തീയതിയിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 133-ന്റെ എല്ലാ പിരിവുകൾക്കും 'വിവരം ശേഖരിച്ചുവരുന്നു' എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി നൽകിയിരിക്കുന്നതിലേയ്ക്ക് സഭയുടെയും അങ്ങയുടെയും ശ്രദ്ധ ക്ഷണിക്കുകയാണ്. 2015 മാർച്ച് 13-ന് നിയമസഭയിൽ നടന്ന അതിക്രമങ്ങളുമായി ബന്ധപ്പെട്ട കേസിന്റെ വിശദാംശങ്ങൾ മാത്രമാണ് പ്രസ്തുത ചോദ്യത്തിലൂടെ ആവശ്യപ്പെട്ടിട്ടുള്ളത്. സെക്രട്ടേറിയറ്റിലെ ഒരു ഫയലിൽനിന്നും വളരെ വേഗത്തിൽ ലഭ്യമാക്കാൻ സാധിക്കുന്ന വിവരങ്ങൾ സാമാജികരെയും സഭയെയും അറിയിക്കുന്നതിനുപകരം 'വിവരം ശേഖരിച്ചുവരുന്നു' എന്നുള്ള സ്ഥിരം മറുപടിയാണ് നൽകിയത്. ഇത് ജനാധിപത്യ പ്രക്രിയയെ അവഹേളിക്കുന്നതിന് തുല്യമാണ്. പതിനാലാം കേരള നിയമസഭയുടെ കാലയളവിൽ ഉന്നയിച്ച നിരവധി ചോദ്യങ്ങൾക്ക് നാളിതുവരെ മറുപടി നൽകിയിട്ടില്ല. വിവരാവകാശ നിയമപ്രകാരം ചോദിച്ചാൽ ഉദ്യോഗസ്ഥർ കറക്ട് സമയത്ത് മറുപടി തരും. നിയമസഭയിൽ ചോദിച്ചാൽ യഥാസമയം മറുപടി കിട്ടാത്ത സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ പോകുകയാണ്. നിയമസഭയിൽ ഒരുപാട് ഉത്തരങ്ങൾ പെൻഡിംഗിലാണ്. 'വിവരം ശേഖരിച്ചുവരുന്നു' എന്ന് പറയുന്നതിനേക്കാൾ നല്ലത് ഉത്തരം തരില്ല എന്ന് പറയുന്നതാണ്. അങ്ങ് ഇക്കാര്യത്തിൽ ഇടപെടണമെന്ന് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ചോദ്യോത്തരവേളയിൽ ചോദ്യങ്ങൾക്കുള്ള മറുപടി കൃത്യമാക്കുന്നതിന് പൊതുവിൽ ഒരു ക്രമീകരണം വരുത്തേണ്ടിവരും. അത് സംബന്ധിച്ച് ആലോചിക്കാം. മൊത്തത്തിൽ ഇത്തരം കാര്യങ്ങളിൽ ഒരു ക്രമീകരണം വരുത്തേണ്ടതുണ്ട് എന്ന അഭിപ്രായമാണ് ചെയറിനുള്ളത്.

VIII ധനകാര്യം

2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥന യുടെയും സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരെ ഒൻപതാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീക രിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ	ധനാഭ്യർത്ഥനയുടെ പേര്	ബഡ്ജറ്റ് എസ്റ്റിമേറ്റ് 2021-22						
		25-1-2021 ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക		10-6-2021 ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക		സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക		ആകെ (രൂപ)
		റവന്യൂ (രൂപ)	മൂലധനം (രൂപ)	റവന്യൂ (രൂപ)	മൂലധനം (രൂപ)	റവന്യൂ (രൂപ)	മൂലധനം (രൂപ)	
(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)
XII	പോലീസ്	1442,82,04,000	18,25,56,000	1126,64,71,000	13,27,74,000	1895,61,54,000	23,23,39,000	1918,84,93,000
XIII	ജയിലുകൾ	59,99,12,000	-	44,99,35,000	-	74,98,90,000	-	74,98,90,000

(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)
XIV	സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും	218,02,8,000	2,96,00000	163,52,10,000	2,22,00,000	272,53,51,000	3,70,00,000	276,23,51,000
XXIII	വാർത്താവിതരണവും പ്രചരണവും	34,02,40,000	1,40,00,000	25,51,80,000	1,05,00,000	42,53,00,000	1,75,00,000	44,28,00,000

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയെയും സ്റ്റേഷനറിയും അച്ചടിയും മറ്റ ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയെയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ: താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

ധനാഭ്യർത്ഥന നമ്പർ XII – പോലീസ് നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1918,84,93,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (രാഷ്ട്രീയ കൊലപാതകങ്ങളിലെ പ്രതികളെ പോലീസ് സംരക്ഷിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1918,84,93,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (രാഷ്ട്രീയ കൊലപാതകങ്ങൾ തടയുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1918,84,93,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (രാഷ്ട്രീയ ഇടപെടൽമൂലം പോലീസിന് സ്വതന്ത്രമായി പ്രവർത്തിക്കുവാൻ കഴിയാതെ വരുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1918,84,93,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സൈബർ കേസുകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സാങ്കേതിക പരിജ്ഞാനം നേടുന്നതിന് പോലീസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1918,84,93,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഗ്രണ്ടാ-ലഹരി മരുന്ന് മാഫിയകളുടെ പ്രവർത്തനം തടയുന്നതിന് പോലീസ് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1918,84,93,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സ്ത്രീധന പീഡന മരണങ്ങളും ഗാർഹിക അതിക്രമങ്ങളും വർദ്ധിച്ചു വരുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1918,84,93,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സ്ത്രീധന പീഡനങ്ങൾ തടയുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1918,84,93,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സ്ത്രീധനപീഡന കേസ്സുകൾ അന്വേഷിക്കുന്നതിൽ കാലതാമസം വരുന്നതായും, പ്രതികളെ രക്ഷപ്പെടാൻ സഹായിക്കുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ടി. തോമസ്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1918,84,93,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിൽ പരാജയപ്പെട്ടതായും പോക്സോ കേസ് പ്രതികളെ സംരക്ഷിക്കുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1918,84,93,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വാളയാർ പെൺകുട്ടികളുടെ മരണത്തിന് പിന്നിലെ കുറ്റവാളികളെ കണ്ടെത്തുന്നതിൽ പോലീസ് പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1918,84,93,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വർഗ്ഗീയ ശക്തികളെ പ്രോത്സാഹിപ്പിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1918,84,93,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തിരുവനന്തപുരം വിമാനത്താവളത്തിലൂടെയുള്ള സ്വർണ്ണക്കടത്ത് കേസിലുൾപ്പെട്ടവരെ സംരക്ഷിക്കാൻ പോലീസ് ശ്രമിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1918,84,93,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സ്വർണ്ണക്കടത്തുമായി ബന്ധപ്പെട്ട ക്വട്ടേഷൻ സംഘങ്ങളെ അമർച്ചചെയ്യുന്നതിൽ പോലീസ് പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1918,84,93,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പോലീസ് ക്യാമ്പിൽനിന്ന് വെടിയുണ്ടകൾ കാണാതായതായി സി.&എ.ജി. റിപ്പോർട്ട് ചെയ്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1918,84,93,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പോലീസ് ഓഫീസർമാർക്കുള്ള പാർപ്പിട പദ്ധതിയിൽ അഴിമതി നടന്നതായും പോലീസിനായി വൻ തുകയ്ക്ക് ഹെലിക്കോപ്ടർ വാടകയ്ക്കെടുത്തതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1918,84,93,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മുട്ടിൽ മരംമുറികേസിൽ ആദിവാസികൾക്ക് നേരെയുള്ള അതിക്രമം തടയാൻ നിയമപ്രകാരം ജില്ലാ ഭരണകൂടം പരാതി നൽകിയിട്ടും കുറ്റക്കാർക്കെതിരെ കേസ് എടുക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1918,84,93,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്തുടനീളം സദാചാര പോലീസ് എന്നപേരിൽ നടക്കുന്ന അതിക്രമങ്ങൾ തടയുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1918,84,93,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ലോക്കപ്പ് മർദ്ദനങ്ങൾ നടക്കുന്നില്ല എന്നുറപ്പുവരുത്താൻ എല്ലാ സ്റ്റേഷനുകളിലും സി.സി.ടി.വി സ്ഥാപിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1918,84,93,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സാമ്പത്തിക തട്ടിപ്പു കേസുകൾ നിയന്ത്രിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1918,84,93,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പോലീസ് നടത്തുന്ന മനുഷ്യാവകാശ ലംഘനങ്ങൾ നിയന്ത്രിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1918,84,93,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വാഹന പരിശോധന നടത്തി പോലീസ് പിരിച്ചെടുക്കുന്ന തുക കൃത്യമായി ട്രഷറിയിൽ ഒടുക്കുന്നുവെന്ന് ഉറപ്പാക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1918,84,93,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് പോലീസ് പിടിച്ചെടുക്കുന്ന വാഹനങ്ങൾ നടപടികൾക്കുശേഷം ബന്ധപ്പെട്ടവർക്ക് തിരികെ നൽകാതെ സ്റ്റേഷൻ പരിസരങ്ങളിലും റോഡുകളിലും കൂട്ടിയിട്ടിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1918,84,93,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മാവോയിസ്റ്റ് പ്രവർത്തനം തടയുന്നതിന് പോലീസ് സേനയ്ക്ക് പ്രത്യേക പരിശീലനം നൽകണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മിതവ്യയ വെട്ടിക്കുറയ്ക്കൽ

ശ്രീമതി കെ. കെ. രമ: സർ, പോലീസ് എന്ന XII-ാം നമ്പർ ബഡ്ജറ്റ് ഹെഡിനുകീഴെ 2055-00-101-99-01-5 എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 3,34,93,000 രൂപ 2,00,00,000 രൂപയായി കുറവുചെയ്യേണ്ടതാണ് (സ്ത്രീപീഡന, ബാലപീഡന കേസുകളുടെ കുറ്റപത്രം നൽകാൻ വൈകിയതുമൂലം കുറ്റവാളികൾ രക്ഷപ്പെടാനിടയായതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, പോലീസ് എന്ന XII-ാം നമ്പർ ബഡ്ജറ്റ് ഹെഡിനുകീഴെ 2055-00-001-98-01-1 എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 115,71,000 രൂപ 110,00,000 രൂപയായി കുറവുചെയ്യേണ്ടതാണ് (നഗരങ്ങളിൽ അക്രമങ്ങൾ നടക്കുന്നത് തടയുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, പോലീസ് എന്ന XII-ാം നമ്പർ ബഡ്ജറ്റ് ഹെഡിനുകീഴെ 2055-00-115-98-25 എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 450,00,000 രൂപ 400,00,000 രൂപയായി കുറവുചെയ്യേണ്ടതാണ് (സൈബർ സുരക്ഷയുടെ ഭാഗമായി സംഘടിപ്പിച്ച കൊക്കൂൺ കോൺഫറൻസിന്റെ നടത്തിപ്പിൽ ക്രമക്കേട് നടന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ്: സർ, പോലീസ് എന്ന XII-ാം നമ്പർ ബഡ്ജറ്റ് ഹെഡിനുകീഴെ 2055-00-101-99-01-5 എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 334,93,000 രൂപ 234,93,000 രൂപയായി കുറവുചെയ്യേണ്ടതാണ് (രാഷ്ട്രീയ കൊലപാതക കേസുകളിൽ യഥാർത്ഥ പ്രതികളെ കണ്ടെത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, പോലീസ് എന്ന XII-ാം നമ്പർ ബഡ്ജറ്റ് ഹെഡിനുകീഴെ 2055-00-117-98-02 എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 300,00,000 രൂപ 200,00,000 രൂപയായി കുറവുചെയ്യേണ്ടതാണ് (മാവോയിസ്റ്റ് ബന്ധം ആരോപിക്കപ്പെട്ടവർക്കെതിരെ യു.എ.പി.എ. ചുമത്തിയതായും കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടത് വ്യാജ ഏറ്റുമുട്ടലിലാണെന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XIII – ജയിലുകൾ
നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 74,98,90,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വധക്കേസിലെ പ്രതികൾ ഉൾപ്പെടെയുള്ളവർക്ക് കോവിഡിന്റെ മറവിൽ അനധികൃത പരോൾ അനുവദിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പി ക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 74,98,90,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വധക്കേസിൽ ശിക്ഷിക്കപ്പെട്ട് ജയിലിൽ കഴിയുന്ന തടവുകാർക്ക് അനധികൃതമായി പരോൾ അനുവദിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 74,98,90,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്തെ ജയിലുകൾ കേന്ദ്രീകരിച്ച് കുറ്റവാളികൾ സ്വർണ്ണ കള്ളക്കടത്തും ലഹരിക്കച്ചവടവും ആസൂത്രണം ചെയ്യ നടപ്പാക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ടി. തോമസ്: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 74,98,90,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സ്വർണ്ണ കള്ളക്കടത്ത് കേസിലെ പ്രതികളുടെ മൊഴിമാറ്റുന്നതിന് ജയിലിൽ വച്ച് സമ്മർദ്ദം ചെലുത്തിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 74,98,90,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പരോൾ നൽകുന്നതിൽ മാനദണ്ഡങ്ങൾ ലംഘിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിനായി നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 74,98,90,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജയിലുകൾ കുറ്റവാളികളുടെ ക്വട്ടേഷൻ കേന്ദ്രമാകുന്നുവെന്നും ജയിലുകളിൽ മയക്കുമരുന്ന് കച്ചവടം നടക്കുന്നുവെന്നും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 74,98,90,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (തടവുകാർ ജയിലിനു പുറത്തുള്ള ക്വട്ടേഷനുകൾ നിയന്ത്രിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 74,98,90,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ലഹരി പദാർത്ഥങ്ങൾ കടത്തി കൊണ്ടുവരുന്നതിന് ഉദ്യോഗസ്ഥർ സഹായം ചെയ്യുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 74,98,90,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തടവുകാരെ ഭീഷണിപ്പെടുത്തി മൊഴിമാറ്റം നടത്താൻ പ്രേരിപ്പിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 74,98,90,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജയിലുകളുടെ സുരക്ഷ വർദ്ധിപ്പിക്കാത്തതുമൂലം ഉണ്ടാകുന്നതായി പറയപ്പെടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 74,98,90,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തടവുകാർക്ക് ആനുപാതികമായി ജയിലുകളിൽ ജീവനക്കാരെ നിയമിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 74,98,90,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (തുറന്ന ജയിലുകളുടെ എണ്ണം വർദ്ധിപ്പിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 74,98,90,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജയിലുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 74,98,90,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വിചാരണത്തടവുകാരെ വീഡിയോ കോൺഫറൻസിംഗ് വഴി കോടതിയിൽ ഹാജരാക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 74,98,90,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (തടവുകാരുടെ മാനസിക സംഘർഷം ഒഴിവാക്കാൻ ആവശ്യമായ വിനോദസൗകര്യങ്ങൾ ഏർപ്പെടുത്തണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 74,98,90,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജയിലിൽ വിവിധ തൊഴിലുകൾ ചെയ്യുന്നവർക്ക് നൽകി വരുന്ന പ്രതിഫലം വർദ്ധിപ്പിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 74,98,90,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജയിലുകളിൽ സി.സി.ടി.വി സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മിതവ്യയ വെട്ടിക്കുറയ്ക്കൽ

ശ്രീമതി കെ. കെ. രമ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ബഡ്ജറ്റ് ഹെഡിനുകീഴെ 2056-00-001-99-01 എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 4,50,87,000 രൂപ 4,00,00,000 രൂപയായി കുറവുചെയ്യേണ്ടതാണ് (തടവുകാർ സ്വർണ്ണക്കടത്തുകാരിൽനിന്ന് സ്വർണ്ണം തട്ടിയെടുക്കുന്നതിന് ആസൂത്രണം നടത്തിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ബഡ്ജറ്റ് ഹെഡിനുകീഴെ 2056-00-001-99-01 എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 4,50,87,000 രൂപ 4,48,87,000 രൂപയായി കുറവുചെയ്യേണ്ടതാണ് (വധക്കേസിലെ പ്രതികൾക്ക് ജയിലിൽ മൊബൈൽ ഫോൺ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ നൽകി കുറ്റകൃത്യങ്ങൾ ആസൂത്രണം ചെയ്യാൻ സാഹചര്യമൊരുക്കിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 74,98,90,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ

ശ്രീ. പി. സി. വിഷ്ണുനാഥ്

ശ്രീ. സണ്ണി ജോസഫ്

ശ്രീ. ടി. സിദ്ദിഖ്

ശ്രീ. എം. വിൻസെന്റ്

ശ്രീ. ടി. ജെ. വിനോദ്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. അൻവർ സാദത്ത്

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീ. സജീവ് ജോസഫ്

ധനാഭ്യർത്ഥന നമ്പർ XIV – സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. പി. കെ. ബഷീർ: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 276,23,51,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സർക്കാർ ആവശ്യങ്ങൾക്കായി വിതരണം ചെയ്യുന്ന സ്റ്റേഷനറി സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 276,23,51,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സർക്കാർ ഓഫീസുകൾക്ക് ആവശ്യമായ സ്റ്റേഷനറി സാധനങ്ങൾ ലഭ്യമാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 276,23,51,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്

(സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നതിലെ ക്രമക്കേടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 276,23,51,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സർക്കാർ പ്രസ്സുകൾ ആധുനികവൽക്കരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 276,23,51,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സ്കൂൾ പാഠപുസ്തകങ്ങൾ പൂർണ്ണമായും സർക്കാർ പ്രസ്സുകളിൽ അച്ചടിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 276,23,51,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സർക്കാർ ഓഫീസുകളുടെ ഉപയോഗത്തിനാവശ്യമായ ഫോറങ്ങളും രജിസ്റ്ററുകളും സമയബന്ധിതമായി സർക്കാർ പ്രസുകളിൽ തയ്യാറാക്കി നൽകാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 276,23,51,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (അഗ്നിശമന സേനാ വിഭാഗത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 276,23,51,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (അഗ്നിശമന സേനയ്ക്ക് ആധുനിക സാങ്കേതിക വിദ്യയോടുകൂടിയ വാഹനങ്ങൾ ലഭ്യമാക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 276,23,51,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഇടുങ്ങിയ സ്ഥലങ്ങളിൽ സ്ഥിതി ചെയ്യുന്ന വ്യാപാര സ്ഥാപനങ്ങളിലെ അഗ്നിബാധയുൾപ്പെടെയുള്ള ദുരന്തങ്ങൾ നേരിടുന്നതിനാവശ്യമായ യന്ത്രസാമഗ്രികൾ ലഭ്യമാക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 276,23,51,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ അഗ്നിശമനസേനയുടെ സേവനം ഉറപ്പാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 276,23,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ദുരന്തങ്ങൾ സംഭവിച്ചാൽ അടിയന്തരമായി അഗ്നിശമനസേനയുടെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 276,23,51,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഹോം ഗാർഡുകൾക്ക് നൽകുന്ന ദിവസവേതനം കാലാനുസൃതമായി പരിഷ്കരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 276,23,51,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഹോം ഗാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 276,23,51,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിക്കുന്നു :

ശ്രീമതി കെ. കെ. രമ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീ. അൻവർ സാദത്ത്

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. ടി. ജെ. വിനോദ്

ശ്രീ. സി. ആർ. മഹേഷ്

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. പി. സി. വിഷ്ണുനാഥ്

ശ്രീ. എം. വിൻസെന്റ്

ശ്രീ. ടി. സിദ്ദിഖ്

ശ്രീ. സണ്ണി ജോസഫ്

ശ്രീ. പി. ടി. തോമസ്

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

ശ്രീ. സജീവ് ജോസഫ്

ശ്രീ. റോജി എം. ജോൺ.

ധനാഭ്യർത്ഥന നമ്പർ XXIII – വാർത്താവിതരണവും പ്രചരണവും നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. പി. കെ. ബഷീർ: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 44,28,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പബ്ലിക് റിലേഷൻസ് വകുപ്പ് തയ്യാറാക്കുന്ന ഷോർട്ട് ഫിലിമുകളിൽ സർക്കാർ സ്ഥാപനങ്ങളെ ഒഴിവാക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 44,28,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണങ്ങൾ രാഷ്ട്രീയ കക്ഷികളുടെ ഓഫീസിലൂടെ വിതരണം ചെയ്യുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 44,28,00,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പബ്ലിക് റിലേഷൻസ് വകുപ്പ് തയ്യാറാക്കുന്ന ലഘു ലേഖകൾ ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിൽ കെട്ടിക്കിടക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 44,28,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സർക്കാർ പ്രസിദ്ധീകരണങ്ങളുടെ ദുരുപയോഗം തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 44,28,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കോവിഡ് പ്രതിസന്ധി സാമ്പത്തിക പ്രതിസന്ധിക്ക് കാരണമാകുന്ന സാഹചര്യത്തിൽ സർക്കാർ പരസ്യങ്ങൾക്ക് വൻതുക ചെലവഴിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 44,28,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സാമ്പത്തികമായി ഞെരുക്കമുള്ള കോവിഡ് പശ്ചാത്തലത്തിലും സർക്കാർ പരസ്യങ്ങൾക്കായി വൻതുക ചെലവാക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 44,28,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പരസ്യ ഇനത്തിൽ മാധ്യമങ്ങൾക്കുള്ള കുടിശ്ശിക നൽകുന്നതിൽ കാലതാമസം വരുത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 44,28,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ചെറുകിട പത്രങ്ങൾക്ക് പരസ്യങ്ങൾ നിഷേധിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 44,28,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കേരള പത്രപ്രവർത്തക ആരോഗ്യ സുരക്ഷാപദ്ധതി ആകർഷകമാക്കാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 44,28,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പത്ര ഏജന്റുമാർക്കും വിതരണക്കാർക്കും ക്ഷേമനിധി ഏർപ്പെടുത്തണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 44,28,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പത്രപ്രവർത്തക പെൻഷൻ സ്കീം മെച്ചപ്പെടുത്തണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുഞ്ഞോളി മൊയ്തീൻ: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 44,28,00,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പ്രസ് അക്കാഡമിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മിതവ്യയ വെട്ടിക്കുറയ്ക്കൽ

ശ്രീ. ടി. സിദ്ദിഖ്: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ബഡ്ജറ്റ് ഹെഡിനു കീഴെ 2220-60-101-97 എന്ന ഇനത്തിന് വക കൊള്ളിച്ചിട്ടുള്ള 10,00,00,000 രൂപ 8,00,00,000 രൂപയായി കുറവ് ചെയ്യേണ്ടതാണ് (സാമ്പത്തിക പ്രതിസന്ധിയുടെ കാലത്ത് ഒരു സാമ്പത്തികവർഷ കാലയളവിൽ പരസ്യപ്രചരണത്തിനായി വൻതുക ചെലവഴിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ബഡ്ജറ്റ് ഹെഡിനു കീഴെ 2220-60-800-77 എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 5,50,00,000 രൂപ 5,00,00,000 രൂപയായി കുറവുചെയ്യേണ്ടതാണ് (സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ 'നാം മുന്നോട്ട്' പരിപാടിക്ക് പണം ചെലവഴിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 44,28,00,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിക്കുന്നു :

ശ്രീ. മോൻസ് ജോസഫ്

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

ശ്രീ. പി. ടി. തോമസ്

ശ്രീ. എം. വിൻസെന്റ്

ശ്രീ. പി. സി. വിഷ്ണുനാഥ്

ശ്രീ. സജീവ് ജോസഫ്

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. സി. ആർ. മഹേഷ്

ശ്രീ. ടി. ജെ. വിനോദ്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. അൻവർ സാദത്ത്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. റോജി എം. ജോൺ.

ശ്രീ. മുരളി പെരുനെല്ലി: സർ, 2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ പോലീസ്, ജയിലുകൾ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകൾ, വാർത്താവിതരണവും പ്രചരണവും തുടങ്ങിയ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്.

"മാമലകൾക്കപ്പുറത്തു മരതകപ്പട്ടുടുത്ത് മലയാളമെന്നൊരു നാടുണ്ട് - കൊച്ചു മലയാളമെന്നൊരു നാടുണ്ട്"

ഈ ഈരടികൾ മുനാടൻ മലയാളികളുടെ മനസ്സിൽ എന്നും തങ്ങി നിൽക്കുന്ന ഒന്നാണ്. 'ദൈവത്തിന്റെ സ്വന്തം നാട്' എന്ന നമ്മുടെ പ്രിയപ്പെട്ട കേരളത്തിന് ലോക നെറുകയിലേയ്ക്ക് എങ്ങനെ കയറാൻ സാധിച്ചു എന്നുള്ളത് നമ്മൾ പരിശോധിക്കേണ്ടതാണ്. 1957-ലെ സഖാവ് ഇ.എം.സ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള പ്രഥമ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് തുടങ്ങി വച്ച് സഖാവ് പിണറായി വിജയൻ നേതൃത്വം നൽകിയ സർക്കാർ അടക്കമുള്ള ഇടതുപക്ഷ അംഗമുള്ള സർക്കാരുകൾ നടപ്പാക്കിയ ജനപക്ഷ ബദലുകളാണ് കേരളത്തെ ഈ പറയുന്ന നിലയിലേയ്ക്ക് ഉയർത്തിക്കൊണ്ടുവന്നത്. പ്രതിപക്ഷത്തിന്റെ എല്ലാ നുണപ്രചരണങ്ങളെയും ചവറുകുട്ടയിലെറിഞ്ഞ് ഇക്കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ഉന്നതിയിൽ നിന്നും ഉന്നതിയിലേയ്ക്ക് സഖാവ് പിണറായി വിജയൻ സർക്കാരിനെ എത്തിച്ചത് കേരളത്തിലെ മതനിരപേക്ഷ മനസ്സുള്ളവരുടെ കൈകളാണെന്ന കാര്യം നമുക്ക് കൃത്യമായി കാണാൻ കഴിയും. കേരളമക്കൾ മാത്രമല്ല കേരളത്തെ സ്നേഹിക്കുന്നത്, ലോകത്തിലെ പല പ്രദേശങ്ങളിൽനിന്നുള്ളവർ കേരളത്തെ സ്നേഹിക്കുകയാണ്. കേരളം പലർക്കും പ്രിയപ്പെട്ടതായി മാറിയത് ക്രമസമാധാന രംഗമടക്കമുള്ള വിവിധ

മേഖലകളിൽ ഇടതുപക്ഷ സർക്കാരുകൾ നടത്തിയ ഇടപെടലുകൾ കാരണമാണെന്ന് നമുക്ക് കാണാൻ സാധിക്കും. ഈ അടുത്ത ദിവസം 'വിരമിച്ചാലും കേരളം വിടില്ല' എന്നുപറഞ്ഞ ഒരു വ്യക്തിയുണ്ട്, അത് മറ്റാരുമല്ല ജയിൽ മേധാവിയായി റിട്ടയർ ചെയ്ത ഡി.ജി.പി. ശ്രീ. ഋഷിരാജ് സിംഗാണ്. അദ്ദേഹം രാജസ്ഥാൻ സ്വദേശിയാണ്. ഉത്തർപ്രദേശ്, ബീഹാർ, രാജസ്ഥാൻ തുടങ്ങിയ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നിലനിൽക്കുന്നതുപോലുള്ള ക്രമസമാധാന പ്രശ്നങ്ങളൊന്നുമില്ലാത്ത, സമാധാന പൂർണ്ണമായ ഒരു സംസ്ഥാനമാണ് കേരളം എന്നാണ് അദ്ദേഹം പറഞ്ഞത്. ഇതുപോലെ പലരും പറയുന്നുണ്ട്. കേരളത്തെ അത്രമാത്രം എല്ലാവർക്കും പ്രിയപ്പെട്ടതാക്കി മാറ്റിയത് നേരത്തെ സൂചിപ്പിച്ച 1957 മുതൽ ഇതുവരെയുള്ള ഇടതുപക്ഷ ഗവൺമെന്റുകളുടെ ശരിയായ ഇടപെടലുകളാണ്. കേരള പോലീസിന്റെ മുഖച്ഛായതന്നെ മാറിയ വർഷങ്ങളാണ് ഈ കഴിഞ്ഞ കാലഘട്ടങ്ങളിൽ നാം കണ്ടത്. യു.ഡി.എഫ്. ഭരണകൂടത്തിന്റെ മർദ്ദനോപകരണം എന്നുള്ള നിലയിലാണ് പോലീസ് പ്രവർത്തിച്ചിരുന്നതെങ്കിൽ, അതിനപ്പുറത്ത് ജനങ്ങളുടെ സേന എന്ന നിലയിലേക്ക് കേരളത്തിലെ പോലീസ് സേനയെ ഉയർത്തിക്കൊണ്ടുവന്നത് സഖാവ് പിണറായി വിജയൻ നേതൃത്വം കൊടുത്ത കഴിഞ്ഞ അഞ്ച് വർഷത്തെ ഗവൺമെന്റും ഇപ്പോഴത്തെ രണ്ടാം ഗവൺമെന്റുമാണെന്ന് കാണാൻ കഴിയും. ക്രമസമാധാനം ഭദ്രമാണ്, ജനകീയമാണ് എന്നതുകൊണ്ടുതന്നെ നിരവധി ദേശീയ-അന്തർദ്ദേശീയ പുരസ്കാരങ്ങൾ നമ്മുടെ പോലീസ് സേനയ്ക്ക് ലഭിച്ചിട്ടുണ്ട്. രാജ്യത്തെ ഏറ്റവും വലിയ സിവിലിയൻ പുരസ്കാരമായ സ്കോച്ച് (SKOCH) അവാർഡിന് 2018, 2019 വർഷങ്ങളിൽ അർഹമായത് കേരള പോലീസാണ്.

2019-ലെ ഓൾ ഇന്ത്യ പോലീസ് മീറ്റിൽ കേരളാ പോലീസ് ആദ്യമായി മൂന്നാം സ്ഥാനം കരസ്ഥമാക്കി. 2018-ൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയം കണ്ണൂർ ജില്ലയിലെ വളപട്ടണം പോലീസ് സ്റ്റേഷനെ രാജ്യത്തെ മികച്ച പോലീസ് സ്റ്റേഷനുകളിലൊന്നായി തെരഞ്ഞെടുത്ത കാഴ്ച നമ്മൾ കണ്ടതാണ്. കേരളത്തിലെ ജനമൈത്രി പോലീസ് COPS TODAY INTERNATIONAL-ന്റെ എക്സലൻസ് അവാർഡ് കരസ്ഥമാക്കി. 2016-2017 വേൾഡ് ട്രേഡ് ഫെയറിൽ ഏറ്റവും മികച്ച എക്സിബിറ്റ് അവാർഡ് ലഭിച്ചത് കേരളാ പോലീസിനാണ്. കേരള പോലീസിന്റെ സോഷ്യൽ മീഡിയ സെല്ലിന് ഇ-ഗവേണൻസ് പുരസ്കാരം ലഭിച്ചു. ഡിജിറ്റൽ ഇന്ത്യ നോളഡ്ജ് എക്സ്ചേഞ്ച് അവാർഡ്, ഫിക്കി സ്മാർട്ട് പോലീസിംഗ് അവാർഡ്, K7 സെക്യൂരിറ്റി മെഡൽ ഓഫ് ഓണർ തുടങ്ങി ഇക്കാലയളവിൽ കേരള പോലീസിനെ തേടിയെത്തിയ അവാർഡുകളുടെ പട്ടിക നിരത്താൻ സമയം തികയാത്തതുകൊണ്ട് പറയുന്നില്ല. കുറ്റം പറയാൻ കഴിയില്ല. ഒരു അവാർഡ് നിങ്ങൾക്കും കിട്ടി. ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിൽ ഒരു അവാർഡ് ലഭിച്ചത്

നമ്മൾ കണ്ടതാണ്. ജനസമ്പർക്ക പരിപാടിക്കുള്ള ഒരു അവാർഡാണത്. അവാർഡ് കിട്ടിയെന്ന പ്രചരണം നടത്തിയിരുന്നു. പക്ഷേ അതിന്റെ വസ്തുത പരിശോധിച്ചാൽ രസകരമാണ്. 'എനിക്ക് അവാർഡ് തരുമോ സർ' എന്ന് ചോദിച്ചുവാങ്ങിയതാണ്. അവാർഡിനുള്ള അപേക്ഷ ആദ്യം യു.എൻ. നിരസിക്കുകയാണുണ്ടായത്. ഭിക്ഷ ചോദിക്കുന്നതുപോലെയല്ല അപേക്ഷ സമർപ്പിക്കേണ്ടത്. അത് സർക്കാർ രണ്ടാമത് തിരുത്തിക്കൊടുത്തു. അങ്ങനെ യാചിച്ചു വാങ്ങിയ ഒരു അവാർഡ് എന്നല്ലാതെ മറ്റൊന്നും കാണാൻ കഴിയില്ല. എന്നാൽ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ നേടിയ അവാർഡുകൾ ആരുടെ മുമ്പിലും യാചിച്ച് വാങ്ങിയതല്ല. അർഹതപ്പെട്ട അവർഡുകളാണ് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിൽ കേരളം നേടിയെടുത്തത് എന്ന് നമുക്ക് അഭിമാനപൂർവ്വം പറയാൻ കഴിയും. യു.ഡി.എഫ്.-ന്റെ കാലത്തെ പോലീസിനെ സംബന്ധിച്ച് വളരെയധികം വിവരിക്കേണ്ട കാര്യമൊന്നുമില്ല. എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. പോലീസ് ഒരു ഗുണ്ടാസേനയെന്ന നിലയിലാണ് വിദ്യാർത്ഥി യുവജന പ്രസ്ഥാനങ്ങളെ ആ കാലഘട്ടത്തിൽ കൈകാര്യം ചെയ്തിട്ടുള്ളത്. തന്നെ വിളിച്ച ഒരു വിദ്യാർത്ഥി ആത്മഹത്യ ചെയ്യുവെന്ന കാരണത്താൽ കഴിഞ്ഞ സഭയിലെ അംഗമായിരുന്ന ശ്രീ. ജെയിംസ് മാത്യുവിനെ കൊലപാതക കുറ്റം ചുമത്തി ജയിലിലടച്ച ഒരു ഭരണ കൂടമാണ് യു.ഡി.എഫ്.-ന്റേത്. ഇടുക്കി ജില്ലാ സെക്രട്ടറിയും മുൻ മന്ത്രിയുമായിരുന്ന ശ്രീ. എം. എം. മണി, എം.എൽ.എ.-യും കണ്ണൂർ ജില്ലാ സെക്രട്ടറി ശ്രീ. പി. ജയരാജൻ, മോഹനൻ മാസ്റ്റർ, മുൻ എം.എൽ.എ. ശ്രീ. ടി. വി. രാജേഷ് ഇവരെയൊക്കെ രാഷ്ട്രീയ വൈരത്തിന്റെ പേരിൽ ജയിലിലടച്ചപ്പോൾ ക്രിമിനലുകളും അഴിമതിക്കാരും സായൂജ്യമടയുന്ന ഭരണമാണ് കേരളം ഇവിടെ കണ്ടത്. തീക്കട്ടയിൽ ഉറുമ്പരിക്കുന്നത് സാധാരണ പതിവില്ലാത്തതാണ്. എന്നാൽ തീക്കട്ടയിൽ ഉറുമ്പരിക്കുന്ന ഒരു കാലഘട്ടമായിരുന്നു യു.ഡി.എഫ്.-ന്റേത്. പാറ്റൂർ കേസ്സുമായി ബന്ധപ്പെട്ട് വിജിലൻസ് ഡി.ജി.പി.-ക്ക് സംരക്ഷണം കൊടുക്കേണ്ടിവന്ന ഒരു ആഭ്യന്തര വകുപ്പുമന്ത്രിയാണ് നമ്മുടെ മുൻ പ്രതിപക്ഷ നേതാവ് എന്നുള്ളതും നമ്മൾ കണ്ടതാണ്. യു.ഡി.എഫ്. ഭരണത്തിൽ ഡി.ഐ.ജി. ഉൾപ്പെടെ സംസ്ഥാന പോലീസിൽ ആയിരത്തോളം ക്രിമിനലുകളുണ്ടായിരുന്നുവെന്ന റിപ്പോർട്ടാണ് പുറത്തു വന്നിട്ടുള്ളത്. ഒരാൾക്കെതിരെപ്പോലും നടപടിയെടുത്തിട്ടില്ല. തൃശ്ശൂരിലെ സെക്യൂരിറ്റി ജീവനക്കാരനെ വാഹനം കയറ്റികൊന്ന മുഹമ്മദ് നിസാം കേസ്സ് യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിലായിരുന്നു. മുഹമ്മദ് നിസ്സാമിനെ രക്ഷിക്കാൻ മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്നുള്ള നിർദ്ദേശപ്രകാരമാണ് അന്നത്തെ ഡി.ജി.പി. ഇടപെട്ടതെന്ന് ഗവൺമെന്റ് ചീഫ് വിപ്പുതന്നെ പരസ്യപ്പെടുത്തിയിട്ടുണ്ട്. ഇതാണ് കേരളം കണ്ടുകൊണ്ടിരുന്നത്. അതുപോലെ തൃശ്ശൂർ അയ്യന്തോളിൽ ഗ്രൂപ്പ് വൈരത്തിന്റെ പേരിൽ രണ്ട് കോൺഗ്രസ് നേതാക്കന്മാർ കൊല്ലപ്പെട്ടു. അവരെ എതിരാളികൾ കൊന്നതല്ല. ആ കാലഘട്ടത്തിൽ

അതുസംബന്ധിച്ച അന്വേഷണം ഉണ്ടായിട്ടില്ല. അതുപോലെ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ശ്രീ. രമേശ് ചെന്നിത്തലയ്ക്ക് പ്രോട്ടോകോൾ പ്രകാരം നൽകേണ്ട ബഹുമാനം നൽകാതെ ഒരു എ.ഡി.ജി.പി. അപമാനിച്ചപ്പോൾ തനിക്ക് അതിനുള്ള അർഹതയേയുള്ളുവെന്നുള്ള നിലയിൽ സുസ്മേരവദനനായി അത് വകവച്ചുകൊടുക്കുന്ന ഒരു ആഭ്യന്തര വകുപ്പുമന്ത്രിയെയാണ് നമ്മൾ ആ കാലഘട്ടങ്ങളിൽ കണ്ടത്. അന്ന് മാഫിയ വിളയാട്ടം രൂക്ഷമായിരുന്നു. മണൽ മാഫിയ അടക്കമുള്ള മാഫിയകളുടെ ഭരണമാണ് യു.ഡി.എഫ്.-ന്റെ കാലത്ത് കേരളം കണ്ടത്. പോലീസ് സ്റ്റേഷനിൽനിന്ന് മണൽ മാഫിയ സംഘം പ്രതികളെ ഇറക്കികൊണ്ടുപോകുന്ന അവസ്ഥപോലും ഉണ്ടായിട്ടുണ്ട്. പോലീസുകാരെ മൂന്നാംകിടക്കാരായി കണ്ട് ഒന്നാംതരം സേവനം പ്രതീക്ഷിക്കരുതെന്ന് പറഞ്ഞത് അന്നത്തെ ഡി.ജി.പി. ശ്രീ. ടി. പി. സെൻകുമാറാണ്. അദ്ദേഹം ഇപ്പോൾ ബി.ജെ.പി.-യിലാണ്. ഇത് പറഞ്ഞ ഡി.ജി.പി.യും അന്നത്തെ ഭരണനേതൃത്വവും കൂലുക്കമില്ലാതെ അധികാരത്തിൽ തുടരുന്ന ഒരു കാഴ്ചയാണ് കേരളം കണ്ടത്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഉൾ 50 പ്രകാരമുള്ള ചർച്ചാവേളയിൽ പ്രതിപക്ഷ നേതാവ് പറഞ്ഞത് മുഖ്യമന്ത്രി പശുവിനെക്കുറിച്ച് ചോദിച്ചാൽ തെങ്ങിനെക്കുറിച്ചാണ് പറയുന്നതെന്നാണ്. അത് ശരിയാണ്. പശുവിനെക്കുറിച്ച് പറയുമ്പോൾ പശുവിനെയും പശുവിനെ കെട്ടുന്ന കയറിനെയും ആരാണ് ആ കയർ പിടിച്ചതെന്നുമൊക്കെ പറയേണ്ടി വരും. സോളാർ എന്ന് പറയുമ്പോൾ സോളാർ ലൈറ്റ് മാത്രമാണോ പറയുന്നത്. അക്കാര്യങ്ങളെ സംബന്ധിച്ച് വളരെ സമഗ്രമായി മുഖ്യമന്ത്രി മറുപടി പറയും. അതിൽ ഒരു തർക്കവുമില്ല. പക്ഷേ നിങ്ങളോ? പശുവിനെക്കുറിച്ച് ചോദിച്ചാൽ പോത്തിനെപ്പറ്റിയാണ് മറുപടി പറയുന്നത്. പശുവിനെക്കുറിച്ച് ഒരക്ഷരം പറയില്ല. അരി എത്രയാണെന്ന് ചോദിച്ചാൽ പയർ അഞ്ഞാഴിയെന്ന മറുപടിയാണ് നിങ്ങളുടെ കാലഘട്ടത്ത് നൽകിയിരുന്നത്. ഞങ്ങളുടെ തലയിൽ ബി.ജെ.പി. പട്ടം ചാർത്താൻ നോക്കേണ്ട എന്ന് പ്രതിപക്ഷ നേതാവ് ഇവിടെ പറഞ്ഞു. നിങ്ങളുടെ തലയിൽ അതിരിക്കുകയാണ്. ഞങ്ങളാരും ചാർത്തിത്തന്നതല്ലല്ലോ. അതിന് ഉദാഹരണങ്ങളുമുണ്ട്. പാവപ്പെട്ടവർക്ക് വീടുനൽകുന്നതിനായി ലൈഫ് പദ്ധതി ആവിഷ്കരിച്ചപ്പോൾ അതിനെ തകർക്കാൻ നിങ്ങളുടെ ഒരു എം.എൽ.എ.-യാണ് സി.ബി.ഐ.-യ്ക്ക് കത്തുകൊടുത്തത്. കത്തു കൊടുത്ത് മൂന്നാം ദിവസം സി.ബി.ഐ. അന്വേഷണത്തിന് വന്നു. അതേസമയം സി.ബി.ഐ.-യുടെ കൈവശം വർഷങ്ങളായിരിക്കുന്ന ഫയലുകളിൽ അന്വേഷണം നടത്തുന്നില്ല. ബി.ജെ.പി. കേന്ദ്രവുമായി ബന്ധമുള്ളതുകൊണ്ടാണ് ഇത്രയും പെട്ടെന്ന് അന്വേഷണം വന്നത്. അന്നത്തെ ആ സംഭവത്തിലെ വീട് മുടക്കിയായ എം.എൽ.എ. ഇപ്പോൾ വീട്ടിൽ ചൊറിയുംകുത്തിയിരിക്കുകയാണ്. അദ്ദേഹം ഈ നിയമസഭയിൽനിന്ന് പുറത്താകുന്ന ഒരു കാഴ്ചയാണ് നമ്മൾ കണ്ടത്. അങ്ങനെ നിരവധി കാര്യങ്ങൾ നമുക്ക് കാണാൻ കഴിയും.

പ്രളയ കാലഘട്ടത്തിൽ ജനങ്ങളെ സംരക്ഷിക്കുന്നതിൽ പോലീസിനെ പ്പോലെതന്നെ ഫയർ ഫോഴ്സിന്റെ സേവനവും വളരെയേറെ ശ്രദ്ധേയമാണ്. അവരുടെ സേവനം എന്റെ നിയോജകമണ്ഡലമടക്കമുള്ള പ്രദേശങ്ങളിൽ ഞങ്ങൾ നേരിട്ട് അനുഭവിച്ചതാണ്. തൃശ്ശൂർ ജില്ലയിൽ ഒരു ഫയർ സ്റ്റേഷൻ അനുവദിക്കുകയാണെങ്കിൽ അത് മണലൂർ നിയോജകമണ്ഡലത്തിലാകണമെന്ന് ആഗ്രഹമുണ്ട്. അതിനാൽ മണലൂരിൽ ഒരു ഫയർ സ്റ്റേഷൻ അനുവദിക്കാനാവശ്യമായ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. കേരളത്തിലെ പോലീസ് സ്റ്റേഷനുകളെല്ലാം നവീകരിച്ചുകൊണ്ട് ഏറ്റവും മെച്ചപ്പെട്ട രൂപത്തിൽ ജനസേവകരുടെ ഒരു കേന്ദ്രമാക്കി മാറ്റുന്നതിനു വേണ്ടി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ഇടപെട്ടു കൊണ്ടിരിക്കുമ്പോൾ ഗുരുവായൂർ, വാടാനപ്പിള്ളി പോലീസ് സ്റ്റേഷനുകൾ ഇപ്പോഴും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം പലവട്ടം ശ്രദ്ധയിൽ ക്കൊണ്ടുവന്നിട്ടുള്ളതാണ്. ഈ പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാനാവശ്യമായ നടപടിയുണ്ടാകണമെന്നാണ് പറയാനുള്ളത്. പുതിയ കാലം, പുതിയ പ്രവർത്തനം, പുതിയ പോലീസ് എന്നതാണ് ഗവൺമെന്റിന്റെ നിലപാട്. പുതിയ കാലത്തിനനുസരിച്ച് ജനസേവകരായ പോലീസിനെ വളർത്തിയെടുക്കാൻ വളരെ ശക്തമായ ഇടപെടലുകൾ നടത്തിക്കൊണ്ടാണ് ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ജനങ്ങളുമായി ഇഴുകിച്ചേർന്ന് പ്രവർത്തിക്കുന്ന പോലീസിന്റെയടക്കം വിവിധ ധനാഭ്യർത്ഥനകൾ നവകേരളത്തിന്റെ മുന്നേറ്റത്തിന് അനിവാര്യമാണെന്ന് കണ്ടുകൊണ്ട് നവകേരള സൃഷ്ടിക്കായി മുന്നോട്ടുപോകുന്ന ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി സന്തോഷപൂർവ്വം പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ജനറൽ അഡ്മിനിസ്ട്രേഷനെക്കുറിച്ച് പ്രിയപ്പെട്ട ശ്രീ. മുരളി പെരുനെല്ലി പറഞ്ഞത് സന്തോഷപൂർവ്വം കേട്ടുകൊണ്ടിരിക്കുകയായിരുന്നു. ആഭ്യന്തര വകുപ്പിനെക്കുറിച്ച് പറയത്തക്ക വിധത്തിലുള്ള നിർണ്ണായകമായ ഒരു കാര്യവും അദ്ദേഹത്തിന്റെ പക്കലില്ലെന്ന് മനസ്സിലായി. എനിക്ക് വളരെ അടുപ്പമുള്ള ആളായതുകൊണ്ട് ഞാൻ അദ്ദേഹത്തെ വിമർശിക്കുന്നില്ല.

മി. സ്പീക്കർ: അടുപ്പമുള്ള ആരെയും വിമർശിക്കില്ലേ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ തർക്കമുള്ള കാര്യമല്ലല്ലോ പറയുന്നത്. അദ്ദേഹത്തെ ഉയർത്തിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് അദ്ദേഹം നടത്തിയ പ്രസംഗത്തെക്കുറിച്ച് എനിക്ക് അഭിപ്രായ വ്യത്യാസമില്ല. പണ്ട് ഞാൻ

തന്നെ ഈ നിയമസഭയിൽ പറഞ്ഞ ഒരു കാര്യമുണ്ട്: മരിച്ചുകിടക്കുന്ന ഒരാളെ കണ്ടിട്ട് ചരമപ്രസംഗം നടത്തിയ ഒരു വ്യക്തി, മരിച്ച ആളിനെക്കുറിച്ച് പുകഴ്ത്തി പറഞ്ഞു. ഉടനെ അടുത്തിരുന്ന മകൻ ചോദിച്ചു, അമ്മേ ഇത് നമ്മുടെ അപ്പനെക്കുറിച്ചു തന്നെയാണോ പറഞ്ഞുകൊണ്ടിരിക്കുന്നത് എന്ന്. ഇങ്ങനെ മുഖസ്തുതി പറഞ്ഞാൽ ഈ ഗവൺമെന്റ് പോസിറ്റീവാകില്ല. ഞങ്ങൾ ശ്രീ. പിണറായി വിജയനെ സഹായിക്കുകയാണ്. മൈനസ് പോയിന്റുകൾ ഞങ്ങൾ ചൂണ്ടിക്കാണിക്കുമ്പോൾ അത് മാറ്റുന്നതിന് ശ്രമിക്കണം.

കഴിഞ്ഞ എൽ.ഡി.എഫ്. ഭരണകാലത്ത് നമ്മുടെ സംസ്ഥാനത്ത് 17071 സ്ത്രീധന/ഗാർഹിക/സ്ത്രീപീഡന കേസുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. തിരുവനന്തപുരത്ത് 6467 കേസുകൾ. കാസർഗോഡുവരെയുള്ള കേസുകളുടെ ലിസ്റ്റ് ഞാൻ വായിക്കുന്നില്ല. ഗവൺമെന്റിന്റെ കയ്യിൽ അതിന്റെ ലിസ്റ്റുണ്ടാകും. അതിനാൽ ആവർത്തിക്കേണ്ട കാര്യമില്ല. പാവപ്പെട്ട സ്ത്രീകൾക്കാണല്ലോ നിങ്ങൾ ഭക്ഷ്യ ക്കിറ്റൊക്കെ നൽകിയത്. ഇപ്പോൾ ആ സ്ത്രീകൾ പറയുന്നത് മിന്നുന്നതെല്ലാം പൊന്നല്ല എന്നാണ്. നമ്മൾ ചിലത് മിന്നി കണ്ടു. പക്ഷേ അത് മിന്നൽപ്പിണറായി നേരെയങ്ങ് പോയെന്നാണ്. നമ്മുടെ നാട്ടിൽ സ്ത്രീധന പീഡന കേസുകളും സ്ത്രീകൾക്കെതിരായ അതിക്രമങ്ങളും എത്രമാത്രം വർദ്ധിച്ചുവരുന്നു? അവസാനമായി വന്നത് മലപ്പുറത്ത് നാല് വയസ്സുള്ള ഒരു കൊച്ചുകുട്ടിയെ പീഡിപ്പിച്ച കേസ്സാണ്. ആ കേസ് അവസാനം പോലീസ് സ്റ്റേഷനിൽവച്ച് ഒത്തുതീർപ്പാക്കി. പല്ല് മുളയ്ക്കാത്ത കുഞ്ഞിന് കേസ്സിന്റെ ഏതെങ്കിലും ആസ്പെക്ടിനെക്കുറിച്ച് അറിയാമോ; അവസാനം ആ കുഞ്ഞിന്റെ അമ്മയെ സ്വാധീനിച്ച് പരാതിയില്ലന്ന് എഴുതി വാങ്ങിപ്പിച്ച് കേസ്സിന് ഒത്തുതീർപ്പുണ്ടാക്കി. എന്തൊരു കഷ്ടമാണിത്; ഈ കേരളത്തിലല്ലേ നമ്മൾ ജീവി ക്കുന്നത്. സാക്ഷരകേരളം അഭിമാനപൂരിതമാകണമെന്ന് അപ്പുറത്തുനിന്നും ഇപ്പുറത്തു നിന്നും പറയാറുണ്ടല്ലോ. ഇതിനകത്ത് എന്ത് അഭിമാനമാണുള്ളത്. പാവപ്പെട്ട നമ്മുടെ പിഞ്ചുകുഞ്ഞുങ്ങൾക്കുപ്പോലും കരയുന്ന കാര്യങ്ങൾ മാത്രമല്ലേ പറയാനുള്ളു. അത് തിരുത്തണമെന്ന പോസിറ്റീവായിട്ടുള്ള കാര്യങ്ങൾ ഞങ്ങൾ പറയുമ്പോൾ എന്തിനാണ് നിങ്ങൾ അതിനെ എതിർക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്; നാട്ടിൽ നടന്നുകൊണ്ടിരിക്കുന്ന ഈ തെറ്റായ പ്രവർത്തനങ്ങളെ എതിർക്കുന്നതിനുവേണ്ടി ഭരണപക്ഷം, പ്രതിപക്ഷം എന്നതിനപ്പുറം ഒരുമിച്ച് നിൽക്കാൻ കഴിയണം. നിങ്ങൾ പൂർണ്ണമായും ഇപ്പുറത്ത് നിൽക്കില്ലെന്ന് എനിക്കറിയാം. കയ്യടിയും ശബ്ദഘോഷവും ആവരണമാക്കിയെടുത്തിരിക്കുന്ന നിയമസഭയാണ്. സ്വാഭാവികമായും നിങ്ങളുടെ പരിമിതി എനിക്കറിയാം. പക്ഷേ നിൽക്കാവുന്നിടത്തോളം നിൽക്കണമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. ഇവിടെ നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങൾ എന്താണ്;

2021 ജൂൺ 21-ന് കോഴിക്കോട് രാമനാട്ടുകരയിൽ അഞ്ചുപേരുടെ മരണത്തോടനുബന്ധിച്ച് ഒരന്വേഷണം നടന്നപ്പോഴാണ് കേരളത്തെ ഞെട്ടിപ്പിച്ച സ്വർണ്ണക്കവർച്ച കഥകളുടെ ചുരുളഴിയുന്നത്. അനധികൃതമായി കടത്തിക്കൊണ്ടുവന്ന സ്വർണ്ണത്തിന് സംരക്ഷണം നൽകാനാണ് ഈ സംഘത്തെ നിയോഗിച്ചതെന്ന് അന്വേഷണത്തിൽ കണ്ടെത്തിയിരിക്കുകയാണ്. ഈ അന്വേഷണം ചെന്നെത്തിയത് ഡി.വൈ.എഫ്.ഐ.-യുടെ നേതാവ് അർജ്ജുൻ ആയങ്കിയിലാണെന്നുള്ളത് എല്ലാവർക്കും അറിയാം. സി.പി.ഐ.(എം.)-ന്റെ സൈബർ ഇടത്തിലെ ഗ്രൂപ്പുകളിയായി ആ ചെറുപ്പക്കാരൻ അറിയപ്പെടുന്നതിൽ എനിക്ക് ദു:ഖമുണ്ട്, പക്ഷേ അങ്ങനെയാണ് അറിയപ്പെടുന്നത്. അർജ്ജുൻ ആയങ്കിയെ ചോദ്യം ചെയ്തപ്പോൾ കേരളത്തെ ഞെട്ടിപ്പിക്കുന്ന വിവരങ്ങളാണ് പുറത്തുവന്നത്. സ്വർണ്ണക്കടത്ത് കേസ്സിലെ പ്രതികൾക്ക് ടി. പി. ചന്ദ്രശേഖരൻ വധക്കേസ്സിലെ പ്രതികൾ സഹായം നൽകിയെന്നും ടി. പി. ചന്ദ്രശേഖരൻ വധക്കേസ്സിലെ പ്രതികളായ കൊടി സുനിക്കും മുഹമ്മദ് ഷാഫിക്കും സ്വർണ്ണക്കടത്തിന്റെ പങ്ക് നൽകിയെന്നും പ്രതികളെ ഒളിവിൽ പോകാൻ സഹായിച്ചുവെന്നുമാണ് രാമനാട്ടുകര സ്വർണ്ണക്കടത്ത് കേസ്സിലെ പ്രധാനപ്രതി അർജ്ജുൻ ആയങ്കി കസ്റ്റംസിന് നൽകിയിരിക്കുന്ന മൊഴി. അതിക്രൂരമായ കൊലപാതക കേസ്സിൽ എല്ലാ വിസ്താരവും നടത്തി ജഡ്ജി ശ്രീ. ആർ. നാരായണ പിഷാരടി ശിക്ഷിച്ച് ജയിലിലാക്കിയിരിക്കുന്ന ആളുകൾക്ക് ഒരു ഷെയർ കൊടുത്തിട്ടാണ് സ്വർണ്ണ കള്ളക്കടത്ത് നടത്തിക്കൊണ്ടിരിക്കുന്നതെന്നും പറഞ്ഞാൽ കാര്യങ്ങൾ എവിടെ ചെന്നെത്തിയിരിക്കുന്നു എന്നതിനെക്കുറിച്ച് നമ്മൾ ആലോചിച്ചിട്ടുണ്ടോ; നമ്മൾ എവിടെയാണ് നിൽക്കുന്നത്; കേരളത്തിൽ ജീവിക്കാൻ ജനങ്ങൾക്ക് ഭയമാണ്. ടി. പി. ചന്ദ്രശേഖരൻ കേസ്സിലെ പ്രതികൾക്ക് അനധികൃതമായി ഫോൺ അടക്കമുള്ള സൗകര്യങ്ങൾ ഒരുക്കിക്കൊടുത്തിട്ടുണ്ടെന്നത് സത്യമല്ലേ; ഈ സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുത്ത ജയിലിലെ ഉദ്യോഗസ്ഥർ ആരാണെന്ന് പരിശോധിച്ചിട്ടുണ്ടോ; ആ ഉദ്യോഗസ്ഥർ എന്തുകൊണ്ട് ഈ നടപടി ചെയ്തുവെന്ന് പരിശോധിച്ചിട്ടുണ്ടോ; ഉദ്യോഗസ്ഥരുടെ മനസ്സറിവില്ലാതെ ഈച്ചപോലും കടക്കാത്ത ജയിലിനകത്ത് വിദേശത്തേയ്ക്കുപോലും വിളിക്കാൻ കഴിയത്തക്ക വിധത്തിലുള്ള സ്മാർട്ട്ഫോൺ എങ്ങനെ എത്തിയെന്നുള്ളത് ആലോചിക്കണ്ടേ? ഈ കേസ്സിലെ പ്രതികൾക്ക് എല്ലാ സൗകര്യവും ഒരുക്കികൊടുക്കുകയാണ്; എല്ലാ ചട്ടങ്ങളും കാറ്റിൽ പറത്തുകയാണ്; പ്രതികൾക്ക് അനധികൃതമായി പരോൾ അനുവദിക്കുകയാണ്. കോവിഡ് വന്നാൽ അത് സൗകര്യപ്രദമായി വിനിയോഗിക്കാൻ കഴിയുമെന്നുള്ളത് ഞാൻ ഇപ്പോഴാണ് മനസ്സിലാക്കുന്നത്. കോവിഡിന്റെ പേരും പറഞ്ഞാണ് ജയിലിലെ പ്രതികളിൽ പലർക്കും പരോൾ അനുവദിച്ചിരിക്കുന്നത്. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഒരുകാര്യം ചോദിക്കാനുണ്ട്: കോവിഡ് വന്നതിനുശേഷം

ജീവപര്യന്തം കഠിന തടവിന് വിധിച്ചിട്ടുള്ള എത്ര ആളുകളെ പുറത്തേയ്ക്ക് ഇറക്കി വിട്ടിട്ടുണ്ട്; സ്ത്രീകൾക്കെതിരെ അതിക്രമം ചെയ്ത ആളിന് പരോൾ കൊടുക്കാൻ കഴിയുമോ; അക്കാര്യങ്ങളെ സംബന്ധിച്ച് എന്നെക്കാൾ കൂടുതൽ അങ്ങേയ്ക്ക് അറിയാമല്ലോ. കൊലപാതക കേസ്സിലെ പ്രതികൾക്ക് പരോൾ കൊടുക്കാൻ കഴിയുമോ? റിസംപ്ഷൻ കാലാവധിയിൽ റിഡംപ്ഷൻ കാലാവധികൂടി കൂട്ടി അവരുടെ ശിക്ഷാകാലം കാൽക്കുലേറ്റ് ചെയ്തിട്ടാണ് കോവിഡിന്റെ മറവിൽ പരോൾ കൊടുക്കുന്നത്. പരോളിൽ പോയവരാണ് ഈ കുറ്റകൃത്യങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നതെന്നുള്ള കാര്യം മനസ്സിലാക്കിയിട്ടുണ്ടെങ്കിൽ അങ്ങ് വിജിലൻസ് സംഘത്തെ നിയമിച്ച് അന്വേഷിക്കണം. അവർ കുറ്റകൃത്യങ്ങൾ ചെയ്താൽ ആർക്കും പിടിക്കാൻ സാധിക്കില്ല. കാരണം അവർ ജയിലിൽ കിടക്കുന്നവരല്ലേ; ഏത് കോടതിക്കും വക്കീലിനും ഇതിൽ തെളിവുണ്ടാക്കാൻ സാധിക്കും, അവർ ജയിലിൽ കിടക്കുകയല്ലേ. ജയിലിൽ കിടക്കുന്ന ആളുകൾ കുറ്റകൃത്യം ചെയ്യുന്നതിന് സാധ്യതയില്ലല്ലോ എന്ന അനുമാനത്തിന്റെ പുറത്ത് ഈ കുറ്റകൃത്യങ്ങളൊക്കെ നടത്തിക്കൊണ്ടിരിക്കുകയാണ്. ജീവപര്യന്തം ശിക്ഷിക്കപ്പെട്ട കൊടുംക്രിമിനലുകൾക്ക് ജയിലിലിരുന്ന് അധോലോക പ്രവർത്തനം നടത്താൻ കഴിയുമോ? അവർക്ക് സ്മാർട്ട്ഫോൺ തരപ്പെടുത്തികൊടുത്തു; അവർ അന്താരാഷ്ട്ര കോളുകൾ വിളിക്കുന്നു, യഥേഷ്ടം പരോൾ ലഭിക്കുന്നു, ജയിൽഭരണം അവരുടെ കയ്യിലാണ്. ഇവിടെ ജയിലിൽ രണ്ട് ഡി.ജി.പി.മാരാണുള്ളത്. ഒന്ന് ജയിലിന്റെ ചാർജ്ജുള്ള ഡി.ജി.പി. - De jure DGP. മറ്റൊന്ന് ജയിലിലെ ആക്ച്വൽ ഡി.ജി.പി.- De facto DGP, അത് കൊടി സുനിയാണ്. അയാളാണ് ഈ കാര്യങ്ങളൊക്കെ നിയന്ത്രിക്കുന്നത്. അയാൾക്കു മുമ്പിൽ ആരും ചെല്ലില്ല. കണ്ണൂർ ജയിലിലെ ഒരു ബ്ലോക്കിൽ 69 കൊലക്കേസ്സുകളിലെ പ്രതികളെ ഒരുമിച്ച് പാർപ്പിച്ചിരിക്കുന്നത് ഞാൻ നേരിട്ട് കണ്ടിട്ടുണ്ട്. കൊലക്കേസ് പ്രതികളെ പ്രത്യേകമായി പാർപ്പിക്കേണ്ടതല്ലേ; പക്ഷേ അവിടെ എല്ലാവരെയും ഒരുമിച്ച് താമസിപ്പിച്ചിരിക്കുകയാണ്. അവിടെ ആർക്ക് അനങ്ങാൻ കഴിയും? ജയിലർ പ്ലേറ്റുകളൊക്കെ കൊടുത്തിട്ട് ആത്മരക്ഷാർത്ഥം ജീവനുംകൊണ്ട് ഓടുകയാണ്. ഇവരെ നിയന്ത്രിക്കാൻ ആർക്കെങ്കിലും സാധിക്കുമോ; ഇവരെ നിയമത്തിന് മാത്രമേ നിയന്ത്രിക്കാൻ സാധിക്കുകയുള്ളൂ, എന്നാൽ നിയമം കെട്ടഴിച്ച് വിട്ടിരിക്കുകയാണ്, ഇവരുടെ മുമ്പിൽ നിയമം വഴിമാറി ഒഴുകുകയാണ്. ഈ രൂപത്തിൽ കുറ്റവാളികളുടെ സങ്കേതമായ ജയിലുകളിൽപ്പോലും തുറന്നുവിട്ടിരിക്കുന്ന ഒരവസ്ഥയാണ് നിൽക്കുന്നത്. അർജ്ജുൻ ആയങ്കിക്ക് വാഹന സൗകര്യം നൽകിയത് ആരാണ്; എനിക്ക് നിങ്ങളെ പ്രകോപിപ്പിക്കാൻ കഴിയാത്തതുകൊണ്ട് ഞാൻ പറയുന്നില്ല. എന്നാലും ഒന്ന് ഓർമ്മിക്കണം. കാര്യം പറയുമ്പോൾ എല്ലാം പറയണ്ടേ: ഡി.വൈ.എഫ്.ഐ.-യുടെ ചെമ്പിലോട് മേഖല സെക്രട്ടറി സി. സജേഷ് ആണ് വാഹനസൗകര്യം ഏർപ്പെടുത്തിക്കൊടുത്തത്.

ഡി.വൈ.എഫ്.ഐ. നേതാക്കൾ പ്രകാശിനെതിരെ മൊഴി നൽകിയപ്പോൾ ആകാശ് തില്ലങ്കേരി ഡി.വൈ.എഫ്.ഐ.-ക്കെതിരെ ഫെയ്സ് ബുക്കിൽ പോസ്റ്റിട്ടു. നിങ്ങൾ ഒരക്ഷരം മിണ്ടിയോ? ഞങ്ങളുടെ നേരെ എടുത്തുചാടി വരുന്ന സ്നേഹിതൻമാർ ആകാശ് തില്ലങ്കേരിയുടെ മുമ്പിലൊന്ന് തലയുയർത്തി നിന്നിരുന്നെങ്കിൽ എന്ന് ഞാൻ മോഹിച്ചുപോകുകയാണ്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്. സമയം കഴിഞ്ഞു....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നമ്മുടെ നാട്ടിൽ വഴിവിട്ട പ്രവർത്തനങ്ങൾ ഉള്ളതുകൊണ്ടാണ് ജയിലിനകത്തുനിന്നുപോലും ഇത്തരം സംഭവങ്ങളുണ്ടാകുന്നത്. ശ്രീമതി കെ. കെ. രമയെ നിങ്ങൾക്ക് അറിയാമല്ലോ. ശ്രീമതി കെ. കെ. രമയുടെ മകൻ അഭിജിത്തിനെ കൊല്ലുമെന്നല്ലേ പറഞ്ഞത്; അക്കാര്യം രമയ്ക്ക് അറിയാമല്ലോ. ശ്രീമതി കെ. കെ. രമയെയും അവരുടെ വീട്ടിലെ എല്ലാവരെയും തട്ടുമെന്നല്ലേ പറഞ്ഞത്? അന്ന് ശ്രീമതി കെ. കെ. രമയുടെ അമ്മയെയും അച്ഛൻ മാധവേട്ടനെയും ഞാൻ ചെന്നു കണ്ടത് ഓർക്കുന്നു. ആ കുടുംബത്തോടെങ്കിലും ഇങ്ങനെ ചെയ്യരുതെന്ന് ഞാൻ വിനയപൂർവ്വം ഓർമ്മിപ്പിക്കുകയാണ്. തെറ്റായ ഇത്തരം പ്രവർത്തനങ്ങൾ നമ്മുടെ നാടിനെ നശിപ്പിക്കും. രാഷ്ട്രീയമായി തൽക്കാലത്തേയ്ക്കൊരു നേട്ടമുണ്ടായെന്നും എതിരാളികളെ അടിച്ചമർത്തിയിരുത്തിയെന്നും വരാം. പക്ഷേ ഈ രാജ്യം തകർന്നുപോകും. അതിനുള്ള സാഹചര്യമുണ്ടാക്കരുതെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്.

ശ്രീ. പി. ബാലചന്ദ്രൻ: സർ, പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ അവതരിപ്പിച്ചിരിക്കുന്ന പോലീസ്, ജയിലുകൾ, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും വാർത്താവിതരണവും പ്രചരണവും എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ മഞ്ഞ കണ്ണടയിലൂടെ സമകാലീന രാഷ്ട്രീയത്തിൽ പോലീസുമായി ബന്ധപ്പെട്ട് നടത്തിയ യാത്ര നന്നായിട്ടുണ്ട്. അദ്ദേഹത്തിന്റെ മുന്നിൽ വന്നിട്ടുള്ള പ്രശ്നങ്ങളെ, വിസ്താരഭയമുള്ളതിനാൽ അതുസംബന്ധിച്ച് കൂടുതൽ സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. തിരുവിതാംകൂർ-കൊച്ചി-മലബാർ പ്രദേശത്ത് പഴയ ബ്രിട്ടീഷ് മാന്വൽ അനുസരിച്ച് രാജ്യകിങ്കര സ്വഭാവത്തോടെ പ്രവർത്തിച്ചിരുന്ന പോലീസ് സേന നമുക്കുണ്ടായിരുന്നു. കമ്മ്യൂണിസ്റ്റ് നേതാക്കളെയും ഇടതുപക്ഷ നേതാക്കളെയും സോഷ്യലിസ്റ്റുകളെയും വേട്ടയാടുകയായിരുന്ന ആ സേനയുടെ പ്രധാന ദൗത്യം. ഇന്ത്യൻ റിപ്പബ്ലിക്കിലെ കേരളത്തിലെ ആദ്യത്തെ രക്തസാക്ഷി സർദാർ ഗോപാലകൃഷ്ണന്റെ മരണവും അതിശക്തമായ കൊലപാതകംവരെ എത്തിനിൽക്കുന്ന പോലീസിന്റെ നരനായാട്ടിന്റെ ചരിത്രവും കേരള ചരിത്രത്തിന്റെ ഭാഗമാണ്. 1957-ൽ

ആദ്യമായി അധികാരത്തിൽവന്ന കേരള ഗവൺമെന്റ് പ്രഥമ പരിഗണന നൽകിയ പ്രശ്നങ്ങളിൽ ഒന്ന്, തൊഴിലിടങ്ങളിലെ സമരങ്ങളിൽ പോലീസ് ഇടപെടില്ലെന്നും രണ്ട്, ലോക്കപ്പ് മർദ്ദനങ്ങൾ ഇനി കേരളത്തിൽ നടക്കാൻ പാടില്ലെന്നുമുള്ളതാണ്. ഈ രണ്ട് കാര്യങ്ങളിലും ഏറ്റവുമധികം മർദ്ദനം ഏറ്റുവാങ്ങിയത് കേരളത്തിലെ ഇടതുപക്ഷമാണ്. മൂന്നുംകൂട്ടി മുറുക്കിയപ്പോൾ ചുവന്നുവെന്ന് പറയുന്നതുപോലെ തിരുവിതാംകൂറും കൊച്ചിയും മലബാറുംകൂടി ഒന്നുചേർന്നപ്പോഴാണ് കേരളം ഇടതുപക്ഷ ഭരണത്തിന്റെ കീഴിലായത്, കേരളത്തിന്റെ കൈകളിൽ ചെങ്കൊടി ഏൽപ്പിക്കപ്പെട്ടത്. പോലീസിന് കേരള ചരിത്രവുമായി അഭേദ്യമായ ബന്ധമുണ്ട്. പഴയ മുദ്രത്തൊപ്പിവച്ച ദിവാൻ പോലീസ് മുതൽ ഇങ്ങേയറ്റത്ത് നവീകരിച്ച യൂണിഫോമോടെ ജനമൈത്രി പോലീസ് വരെയെത്തി നിൽക്കുന്ന നവീകരണത്തിന്റെ നീണ്ട ചരിത്രമുള്ളതാണ് കേരളത്തിന്റെ ചരിത്രം. ആ ചരിത്രത്തെ ഒന്നുരണ്ട് കേസുകളുമായി ബന്ധപ്പെടുത്തി പുച്ഛിച്ച് തള്ളാൻ കഴിയില്ല. "ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോരതന്നെ കൊതുകിന്നു കൗതുകം" എന്ന് പറയുന്നതുപോലെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ പോലുള്ളവർക്ക് ഇതുതന്നെയായിരിക്കും എന്നും കാണാൻ സാധിക്കുന്നത്. പക്ഷേ, അന്നത്തെ കേരളത്തിലെ പോലീസിനെ മനുഷ്യ മുഖമുള്ള, ജനാധിപത്യ ആഭിമുഖ്യമുള്ള പോലീസാക്കി മാറ്റിയതിന്റെ പിന്നിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരുകൾക്ക് നിർണ്ണായക പങ്കുണ്ട്. അതിൽ കഴിഞ്ഞ ഗവൺമെന്റിന് അതിശക്തമായ പങ്കുണ്ടെന്ന് പരിശോധിച്ചാൽ മനസ്സിലാകും. സ്ത്രീധന പീഡനത്തിന്റെ പേരിലാണ് ഇവരൊക്കെ ഇപ്പോൾ പോലീസിന്റെ ധനാഭ്യർത്ഥനയെ പരാമർശിച്ചുകൊണ്ട് പ്രസംഗം ആരംഭിക്കുന്നത്. കേരളത്തിലെ സ്ത്രീജനങ്ങളുടെ സുരക്ഷയ്ക്കുവേണ്ടി ഒരു പോലീസ് സംവിധാനത്തിൽ പ്രത്യേക ശാഖയ്ക്ക് രൂപം കൊടുത്തവരാണ് കഴിഞ്ഞ ഭരണകാലത്തുണ്ടായത്. പിങ്ക് പോലീസെന്നു പറയുന്ന സ്ത്രീ-ശിശു സൗഹൃദ പോലീസ് സംവിധാനത്തിന് നേതൃത്വം കൊടുക്കാൻ കഴിഞ്ഞ കാലഘട്ടത്തിൽ സാധിച്ചു. കേരളത്തിലെ പോലീസ് സംവിധാനത്തെ കുറ്റമറ്റതാക്കുന്നതിനും പൊതുജനങ്ങളുടെ പരാതി കേൾക്കുന്നതിനും പരിഹരിക്കുന്നതിനും വേണ്ടി പോലീസ് സേനയുടെ കർമ്മവിഭാഗത്തെ കുറ്റാന്വേഷണ വിഭാഗവും ക്രമസമാധാന പരിപാലന വിഭാഗവുമെന്ന അടിസ്ഥാനത്തിൽ രണ്ടാക്കി തരം തിരിച്ചുകൊണ്ട് പോലീസ് സേനയെ ശക്തിപ്പെടുത്തുന്നതിനുള്ള പരിഷ്കരണത്തിന് കഴിഞ്ഞ ഗവൺമെന്റ് നേതൃത്വം നൽകി. കൂടാതെ ഇന്ത്യാ ഗവൺമെന്റ് നൽകുന്ന പോലീസ് എക്സലൻസ് അവാർഡുൾപ്പെടെയുള്ള പരമോന്നത നേട്ടങ്ങൾ പോലീസ് സേനയ്ക്ക് സ്വായത്തമാക്കാൻ കഴിഞ്ഞു. 24 രാഷ്ട്രങ്ങളിലെ പോലീസ് സേനയോട് കിടപിടിക്കുന്ന ഒരു പോലീസ് സേനയെ കേരളത്തിൽ സൃഷ്ടിക്കാൻ കഴിഞ്ഞ ഭരണ സംവിധാനത്തിന് സാധിച്ചുവെന്നതിന്റെ തെളിവാണ് സ്കോട്ട്ലൻഡ് യാർഡിലെ

പോലീസ് സേനയ്ക്ക് സമാനമായൊരു പോലീസ് സേന കേരളത്തിൽ സൃഷ്ടിക്കാൻ സാധിച്ചത്. തൊട്ടതെല്ലാം പൊന്നാക്കുന്ന, അന്വേഷിച്ചതെല്ലാം രംഗത്തുകൊണ്ടുവരാൻ കഴിയുന്ന ഒരു പോലീസ് സംവിധാനം നമുക്കുണ്ട്. അവരെ അടച്ചാക്ഷേപിക്കരുത്. എത്രയെത്ര കേസ്സുകളാണ് ഇവിടെ തെളിയിക്കപ്പെട്ടിട്ടുള്ളത്? തെളിയിക്കപ്പെട്ട കേസുകൾ കാണാതിരിക്കുകയും അപഭ്രംശം വന്ന ഒന്നോരണ്ടോ പ്രശ്നങ്ങൾ സഭയ്ക്ക് മുന്നിൽ അവതരിപ്പിച്ച് ഇതാണ് യാഥാർത്ഥ്യമെന്ന് വരുത്തിത്തീർക്കാൻ ശ്രമിക്കുന്നത് മരം തടഞ്ഞുകൊണ്ട് കാട് കാണാതിരിക്കുന്നതിന് സമമാണ്. ഇത്തരത്തിൽ ജനമൈത്രി പോലീസ് സംവിധാനത്തിന് നേതൃത്വം കൊടുക്കാൻ ശ്രമിക്കുന്നതോടൊപ്പം വളർന്നുവരുന്ന തലമുറയെ കുറ്റമറ്റരീതിയിൽ വളർത്തിക്കൊണ്ടുവരുന്നതിനും പൗരാവകാശ ബോധവും ജനാധിപത്യ ബോധവും നീതിബോധവും അവരിൽ വളർത്തുന്നതിനും വേണ്ടി സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് സമ്പ്രദായം ഇവിടെ ആരംഭിച്ചത് ഈ ഗവൺമെന്റാണ്. എല്ലാ പോലീസ് സ്റ്റേഷൻ പരിധിയിലേയ്ക്കും പ്രസ്തുത സംവിധാനം വ്യാപിപ്പിക്കാൻ പോകുകയാണ്. സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുവേണ്ടി, പരാതികൾ ലഭിച്ചാൽ അവരുടെ വീടുകളിൽ പോയി അന്വേഷിച്ച് പരിഹാരം കാണുന്ന സംവിധാനത്തിലേയ്ക്ക് കേരള പോലീസ് എത്തിച്ചേർന്നുകൊണ്ടിരിക്കുകയാണ്. കേരള പോലീസ് അങ്ങനെയൊരു സംവിധാനമായി പരിണമിക്കുന്ന ഘട്ടത്തിലാണ് രണ്ടാം പിണറായി വിജയൻ സർക്കാർ വീണ്ടും അധികാരത്തിൽ വരുന്നത്. നമുക്ക് ഇനിയും ധാരാളം മുന്നോട്ട പോകേണ്ടതുണ്ട്. ഈ കാര്യങ്ങളെല്ലാം നിർവ്വഹിക്കണമെങ്കിൽ കേരളത്തിൽ അതിശക്തമായ സാമൂഹിക ബോധവത്കരണം ആവശ്യമാണ്. ഇന്നും പോലീസിന്റെ സഹായം അഭ്യർത്ഥിച്ച് സാധാരണക്കാർ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് പോകുമ്പോൾ, അവർക്ക് സാധ്യമല്ലാത്ത വിധത്തിലുള്ള ഒരു സംവിധാനമാണ് പോലീസ് എന്ന ധാരണ മുൻകാല ചരിത്രവുമായി ബന്ധപ്പെട്ട് നിലനിന്നിരുന്നുവെങ്കിൽ, ഇനിയുള്ള കാലത്ത് അതവസാനിപ്പിച്ചുകൊണ്ട് പൊതുജന പ്രവർത്തകർക്കും ജനാധിപത്യ രാഷ്ട്രീയപാർട്ടികളിൽ പ്രവർത്തിക്കുന്നവർക്കുമെല്ലാം നീതിന്യായ പോലീസ് സംവിധാനവുമായി ബന്ധപ്പെട്ട് നല്ല രീതിയിൽ പ്രവർത്തിക്കുന്ന ജനമൈത്രി പോലീസിന്റെ സഹായം ലഭ്യമാകും.

കേരളത്തിലെ ജയിലുകളുടെ സ്ഥിതിയും അതുപോലെതന്നെയാണ്. ജയിലുകളെന്നാൽ വെറും തടവറകളും കോൺസെൻട്രേഷൻ ക്യാമ്പുകളുമല്ല. പീഡനമുറികളാൽ സമ്പന്നമായ പ്രത്യേക കോട്ടകളെയല്ല ജയിലുകളെന്ന് ആധുനിക ലോകം വിളിക്കുന്നത്. അവ സ്വഭാവ പരിഷ്കരണത്തിന്റെയും പുനഃപരിഷ്കരണത്തിന്റെയും മാർഗ്ഗത്തിലേയ്ക്ക് മനുഷ്യനെ നയിക്കുന്ന കേന്ദ്രങ്ങളാണ്. ആധുനിക ലോകത്ത് ജയിൽ എന്ന സങ്കൽപ്പംതന്നെ മനുഷ്യനെ മാറ്റിത്തീർക്കുന്ന ഒരു കേന്ദ്രമെന്നാണ്

പറയുന്നത്. അതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ ജയിലുകൾ പരിശോധിക്കപ്പെടണം. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ പറഞ്ഞ കാര്യങ്ങളോടൊപ്പം കാണേണ്ട ചിലതുണ്ട്. ശിക്ഷിക്കപ്പെട്ട അന്തേവാസികൾ കൃത്യമായ സമയത്തിൽ അദ്ധ്വാനിച്ചും കൃഷി ചെയ്തും ഭക്ഷ്യോല്പന്നങ്ങൾ വിറ്റും വരുമാനമുണ്ടാക്കുന്ന പ്രക്രിയ നടക്കുന്നതും ഈ ജയിലുകളിലാണ്. നല്ല രീതിയിലുള്ള അന്തരീക്ഷമാണ് ജയിലുകളിലുള്ളത്. എല്ലാ ജയിലിനകത്തും നിർമ്മിക്കുന്ന ഭക്ഷ്യോല്പന്നങ്ങൾ പുറത്തേയ്ക്ക് കൊടുക്കുന്ന സമീപനമുണ്ടാകുന്നു. ഞാൻ തൃശ്ശൂരിൽ നിന്നാണ് വരുന്നത്. വിയ്യൂർ ജയിലിലെ തടവുകാർ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾ കൃത്യം മൂന്നുമണിക്ക് കോർപ്പറേഷൻ ഓഫീസിനുമുന്നിൽ രണ്ട് ടെമ്പോ വാനുകളിൽ എത്തിക്കുകയും മണിക്കൂറുകൾക്കുള്ളിൽ അവ വിറ്റഴിക്കപ്പെടുകയും ചെയ്യുന്നു. ജയിലിനകത്ത് ഉൽപ്പാദന പ്രക്രിയയും കൃഷിയും നല്ലരീതിയിൽ നടക്കുന്നു. അവർക്ക് കൂടുതൽ വിഷയങ്ങളെക്കുറിച്ച് പഠിക്കാനും അവരെത്തന്നെ നവീകരിക്കാനുമുള്ള അന്തരീക്ഷമുണ്ടാകുന്നു. കേരളത്തിലെ പ്രധാനപ്പെട്ട ജയിലുകൾക്കെതിരെ നടക്കുന്ന ഈ പ്രക്രിയ കണ്ടില്ലെന്ന് നടിക്കുകയും അവിടെയുള്ള നവീകരണ പ്രക്രിയയ്ക്കെതിരെ മുഖംതിരിഞ്ഞ് നിൽക്കുകയും അവിടെ കൊടുംകുറ്റവാളികളുടെ ഭാഗത്തുനിന്നുമുണ്ടാകുന്ന ഒന്നോ രണ്ടോ കാര്യങ്ങൾ ചൂണ്ടിക്കാണിച്ച് കേരളത്തിന്റെ മൊത്തം ജയിലുകളിലെ സ്ഥിതി ഇതാണെന്ന് പറയുകയും ചെയ്യുന്നത് ശരിയല്ല. അത് കാടടച്ച് വെടിവയ്ക്കുന്നതിന് സമാനമാണ്. അതിനാൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനുൾപ്പെടെയുള്ള പ്രതിപക്ഷത്തെ പ്രഗത്ഭരായ സാമാജികർ ധനാഭ്യർത്ഥനകളെ എതിർത്താലും കേരളത്തിലെ ബഹുജനങ്ങളും യുവാക്കളും വിദ്യാർത്ഥികളും ഇന്ന് സോഷ്യൽ ഓഡിറ്റിംഗിന് വിധേയമാകുന്ന പോലീസ് സംസ്കാരത്തെ മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്യുമെന്നതിനാൽ ഈ ധനാഭ്യർത്ഥനകളെ സർവ്വാത്മനാ പിന്തുണയ്ക്കുന്നു.

1.00 P.M]

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ആഭ്യന്തര വകുപ്പിന്റെ, അതായത് പോലീസിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തുന്ന ഒരു സന്ദർഭമാണിത്. നമ്മുടെ സംസ്ഥാനത്ത് കുറ്റകൃത്യങ്ങളും ക്രമസമാധാന പരിപാലനവും ഇന്ന് എവിടെ എത്തിനിൽക്കുന്നു? ആഭ്യന്തരം കയ്യാളുന്ന മുഖ്യമന്ത്രിയുടെ പാർട്ടി ലാളിച്ചുവളർത്തിയ ഗുണ്ടകൾ ഇന്ന് നമ്മുടെ സംസ്ഥാനത്തിന്റെ സ്വാസ്ഥ്യം കെടുത്തുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ കോഴിക്കോട് എയർപോർട്ടിനുസമീപം രാമനാട്ടുകരയിൽ ഒരു വാഹനാപകടമുണ്ടായി അഞ്ച് ചെറുപ്പക്കാർ മരണപ്പെട്ടപ്പോൾ നാമെല്ലാം വിഷമിച്ചു. എന്നാൽ അതിന്റെ പിന്നാമ്പുറങ്ങളിലേയ്ക്ക് പോയപ്പോൾ എന്താണ് മനസ്സിലാക്കാൻ സാധിച്ചത്? കള്ളക്കടത്തിലൂടെ കോഴിക്കോടെത്തുന്ന സ്വർണ്ണം തട്ടിപ്പറിക്കുന്നതിന് രണ്ട്

സംഘങ്ങൾ വന്നതിനെത്തുടർന്ന് അവർ തമ്മിലുള്ള മത്സര ഓട്ടത്തിനിടയിലാണ് ഈ അഞ്ച് വിലപ്പെട്ട ജീവനുകൾ നഷ്ടപ്പെട്ടത്. കുടുംബത്തിന്റെ പ്രതീക്ഷകളായ അഞ്ച് ചെറുപ്പക്കാരാണ് കൊല്ലപ്പെട്ടത്. അന്വേഷണത്തിൽ, രണ്ടു സംഘങ്ങളെയും സംരക്ഷിക്കുന്നത് ഒരേ പാർട്ടി തന്നെയാണെന്നാണ് മനസ്സിലാകുന്നത്. കേരളത്തിലെ ആഭ്യന്തര വകുപ്പിന് നേതൃത്വം നൽകുന്ന സി.പി.ഐ.(എം) പാർട്ടിയുടെ സംരക്ഷണയിലാണ് ഈ രണ്ടുകൂട്ടരും അവിടെ എത്തിയത്. കാര്യങ്ങൾ മുഴുവനായി പുറത്തുവന്നപ്പോൾ രണ്ട് അധോലോക നായകന്മാർ പിറവിയെടുക്കുകയാണ്. അർജ്ജുൻ ആയങ്കിയും ആകാശ് തില്ലങ്കേരിയും സി.പി.ഐ.(എം)-ന്റെ പാർട്ടി ഗ്രാമമായ മുടക്കോഴി മലയിൽ വിരിഞ്ഞ രണ്ട് അധോലോക കുസുമങ്ങളാണ്. എന്താണ് അവരുടെ വീരകഥകൾ; അവർക്ക് പാർട്ടിയുമായുള്ള ബന്ധമെന്താണ്? എല്ലാം പുറത്തു വന്നുകൊണ്ടിരിക്കുകയാണ്. ഈ അർജ്ജുൻ ആയങ്കിയും ആകാശ് തില്ലങ്കേരിയും പാർട്ടിയുടെ സൈബർ പോരാളികളാണെപോലും. അതിന്റെ പിന്നിലേയ്ക്ക് പോയപ്പോൾ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സൂചിപ്പിച്ചതുപോലെ, ഈ പ്രവർത്തനങ്ങൾക്കെല്ലാം നേതൃത്വം നൽകുന്നത് ജയിലിനകത്തിരുന്ന് കൊടി സുനിയും ഷാഫിയും കിർമാണി മനോജുമാണ്. ഇവിടെ വലിയൊരു അധോലോക സംഘം രൂപപ്പെടുകയാണ്. സി.പി.ഐ.(എം)-ന്റെ മേൽവിലാസത്തിൽ വളരുന്ന ഈ അധോലോക സംഘങ്ങളുടെ പിൻബലമെന്ന് പറയുന്നത് കേരളത്തിലെ ആഭ്യന്തര വകുപ്പാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എൻ. എ. നെല്ലിക്കുന്ന്)

നമ്മുടെ സംസ്ഥാനം എവിടേയ്ക്കാണ് പോയിക്കൊണ്ടിരിക്കുന്നത്. ഈ കാര്യങ്ങളെല്ലാം പുറത്തുവന്നപ്പോൾ ശ്രീ. എം. വി. ജയരാജൻ പത്രസമ്മേളനം നടത്തി അർജ്ജുൻ ആയങ്കിയെയും ആകാശിനെയും സജേഷിനെയും പാർട്ടിയിൽനിന്നും പുറത്താക്കി; പാർട്ടി ഭാരവാഹിത്വമുള്ള ഉത്തരവാദിത്വപ്പെട്ട പ്രവർത്തകനാണ് സജേഷ്. ഇവരെ മാത്രമല്ല, ശ്രീ. എം. വി. ജയരാജൻ പത്രസമ്മേളനം നടത്തി പുറത്താക്കിയത് 50 പേരെയാണ്. നമ്മൾ സാധാരണ പറയാറുള്ളത് By the people, For the people അതാണ് ഡെമോക്രസിയെന്നാണ്. എന്നാൽ ഈ ഗവൺമെന്റിന്റെ പ്രവർത്തനം കാണുമ്പോൾ പറയേണ്ടിവരുന്നത് xxxxxxxxx*. അർജ്ജുൻ ആയങ്കിയും ആകാശ് തില്ലങ്കേരിയുമൊക്കെ പണിയെടുത്തുണ്ടാക്കിയ ഗവൺമെന്റാണിത്. അതുകൊണ്ടു തന്നെ ഈ ഗവൺമെന്റ് അവർക്കുവേണ്ടി നിലകൊള്ളേണ്ടിവരുമല്ലോ. Lockdown, Isolation, Work at home/work from home തുടങ്ങിയ പുതിയ പദപ്രയോഗങ്ങൾ കോവിഡ് കാലത്ത് നമ്മളൊരുപാട് കേട്ടു. എന്നാൽ ഈ കാര്യങ്ങളെല്ലാം പരിശോധിക്കുമ്പോൾ നമുക്ക് കാണാൻ കഴിയുന്നത് Work from Jail എന്നാണ്.

* സഭാദ്ധ്യക്ഷന്റെ 26-7-2021-ലെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 12025/ഇ.ബി./2021/നി.സെ) രേഖയിൽ നിന്നും നീക്കം ചെയ്തു.

കിർമാണി മനോജും കൊടി സുനിയുമൊക്കെ ജയിലിൽ വച്ചാണ് അധോലോക പ്രവർത്തനങ്ങൾ നടത്തുന്നത്. .....(ബഹളം)..... ജയിലിനെ സംബന്ധിക്കുന്ന ധനാഭ്യർത്ഥനയും ഇന്ന് ചർച്ച ചെയ്യുന്നുണ്ട്. ജയിലിന് നമ്മൾ പണം കൊടുക്കണം.

ശ്രീ. കെ. ബാബു (നെന്മാറ): സർ, പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട മെമ്പറുടെ പ്രസംഗത്തിനിടയിൽ xxxxxx* എന്ന രൂപത്തിലുള്ള പദപ്രയോഗം ചട്ടം 307 പ്രകാരം സഭാരേഖയിലുണ്ടാകാൻ പാടില്ലെന്നതാണ് ഞാൻ ഉയർത്തുന്ന ക്രമപ്രശ്നം.

മി. ചെയർമാൻ: അത് പരിശോധിക്കാം.*

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ജയിലിൽ കഴിയുന്ന അധോലോക സംഘങ്ങളാണ് ഈ പ്രവർത്തനങ്ങളെല്ലാം ഏറ്റെടുത്ത് ചെയ്യുന്നത്. ജയിലുകൾക്ക് പണം കൊടുക്കാനാണ് ഈ ചർച്ച നടത്തുന്നത്. ഇത്തരം ജയിലുകൾക്കാണോ പണം കൊടുക്കേണ്ടത്? ഈ ക്രിമിനലുകൾക്ക് ജയിലിൽ എല്ലാ സൗകര്യവുമുണ്ട്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സൂചിപ്പിച്ചതുപോലെ ഈ ക്രിമിനലുകൾ ജയിലിൽ നിന്ന് വിദേശത്തേയ്ക്കടക്കം വിളിച്ചത് 300 കോളുകളാണ്. ഇത് ഞങ്ങൾ വെറുതെ പറയുന്നതല്ല. കൊടി സുനിക്ക് 2 സ്മാർട്ട് ഫോണും കിർമാണി മനോജിന് മൂന്ന് സ്മാർട്ട് ഫോണുമാണുള്ളത്. ഇവർക്കാവശ്യമുള്ളതെല്ലാം ജയിലിൽ ലഭിക്കുകയാണ്. ജയിൽ സൂപ്രണ്ടിന് ഓർഡർലി എന്നുപറയുന്ന ഒരു പരിപാടിയുണ്ട്. കൊള്ളാവുന്ന ഒരു പ്രതിയെ സൂപ്രണ്ടിനെ സഹായിക്കാൻ നിർത്തും. സ്കൂളുകളിൽ നല്ല കുട്ടികളെ ക്ലാസ് ലീഡർ ആക്കുന്നതുപോലെ അബദ്ധത്തിൽ വല്ല കൃറ്റകൃത്യവും ചെയ്ത് ജയിലിൽ വന്നുപെട്ടവരെയാണ് ജയിൽ സൂപ്രണ്ടിന്റെ ഓർഡർലിയോ അസിസ്റ്റന്റോ കയ്യാളോ ആക്കുക. ഇവിടെ ടി. പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികളാണ് പൂജപ്പുര സെൻട്രൽ ജയിലിൽ സൂപ്രണ്ടിന്റെ ഓർഡർലിയായി പ്രവർത്തിക്കുന്നത്. എവിടെയാണ് നമ്മൾ നിൽക്കുന്നത്? അർജ്ജുൻ ആയങ്കി 22 പൊട്ടിക്കൽ നടത്തിയെന്നാണ് പറയുന്നത്. 'പൊട്ടിക്കൽ' എന്നുപറഞ്ഞാൽ ശ്രീ. എ. എൻ. ഷംസീറേ പഠിച്ചോളൂ, അത് പുതിയ വാക്കാണ്. എന്താ സംഗതി? കള്ളപ്പണവും സ്വർണ്ണവുമൊക്കെ തട്ടിപ്പറിക്കുന്നതിന് പറയുന്ന പേരാണ് 'പൊട്ടിക്കൽ'. കമ്മ്യൂണിസ്റ്റ് നിഘണ്ടുവിലേയ്ക്ക് വരാൻ പോകുന്ന പുതിയ പേരാണിത്. കാരണം ഈ പൊട്ടിക്കലിലൂടെ അർജ്ജുൻ ആയങ്കി കരസ്ഥമാക്കിയത് 6 കോടി രൂപയുടെ സ്വർണ്ണമാണ്. അർജുൻ ആയങ്കിയും ആകാശ് തില്ലങ്കേരിയും പാർട്ടി യൂണിഫോമിട്ട റെഡ് വോളണ്ടിയർമാരാണ്. ഇവരുടെ എത്രയോ ചിത്രങ്ങൾ നമുക്ക് സാമൂഹ്യ മാധ്യമങ്ങളിൽ കാണാൻ

---

* സഭാദ്ധ്യക്ഷന്റെ 26-7-2021-ലെ 12025/ഇ.ബി./2021/നി.സെ നമ്പർ ഉത്തരവിൻപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു.

സാധിക്കും. ഇവർ രണ്ടു പേരും ചേർന്നാണ് 22 'പൊട്ടിക്കൽ' നടത്തി ആറ് കോടി രൂപ സമാഹരിച്ചത്. നിങ്ങളുടെ പിൻബലമില്ലാതെ ഇത് നടക്കുമോ. കയ്യൂരിന്റെയും കരിവള്ളൂരിന്റെയും പുന്നപ്ര വയലാറിന്റെയും കഥ പറഞ്ഞ് ചെറുപ്പക്കാർക്ക് ആവേശം പകരേണ്ടിടത്ത് ഇന്ന് 'പൊട്ടിക്കൽ' കഥകൾ പറഞ്ഞു കൊടുക്കേണ്ട ദുരവസ്ഥയിലേയ്ക്ക് ഡി.വൈ.എഫ്.ഐ. പോയിട്ടുണ്ടെന്നുള്ളത് നിങ്ങൾ കാണാതെ പോകരുത്. സ്വർണ്ണ കള്ളക്കടത്തിന്റെ പേരിൽ നിങ്ങൾക്ക് ഡി.വൈ.എഫ്.ഐ.-ക്കാരെ പുറത്താക്കേണ്ടി വന്നിട്ടില്ലേ? എത്രയോ ഡി.വൈ.എഫ്.ഐ.-ക്കാരെ പുറത്താക്കി. സജേഷ് ഉത്തരവാദിത്വപ്പെട്ട പാർട്ടി ഭാരവാഹിയല്ലേ? ഞാൻ ചോദിക്കട്ടെ, കഴിഞ്ഞ ഫെബ്രുവരി മാസത്തിൽ ക്വട്ടേഷൻ സംഘങ്ങൾക്കെതിരെ ഡി.വൈ.എഫ്.ഐ. നടത്തിയ പദയാത്രയുടെ സമാപന ചടങ്ങ് ഉദ്ഘാടനം ചെയ്യാൻ സംസ്ഥാന സെക്രട്ടറി പോയപ്പോൾ അതിന്റെ മുന്നിൽനിന്ന് ഫെയ്സ് ബുക്ക് ലൈവ് പോസ്റ്റ് ഇട്ടതാരാണെന്ന് അറിയാമോ, ആകാശ് തില്ലങ്കേരി. അവിടെനിന്ന് ഫെയ്സ് ബുക്ക് ലൈവ് പോസ്റ്റ് ഇടുന്ന ഒന്നാം നമ്പർ ക്വട്ടേഷൻ സംഘം. നമ്മുടെ പോലീസ് ഇന്ന് വംശീയതയുടെ പോലീസായി മാറി. പരസ്പരം ഏറ്റുമുട്ടിയുള്ള കൊലപാതകങ്ങൾ, കസ്റ്റഡി മരണങ്ങൾ തുടങ്ങിയവയെല്ലാം പോലീസിൽ ഉണ്ടാകുന്നുണ്ട്. ബഹുമാനപ്പെട്ട നരേന്ദ്ര മോദിയുടെ നിർദ്ദേശപ്രകാരം ശ്രീ. ലോക്നാഥ് ബഹ്റയെ നമ്മുടെ മുഖ്യമന്ത്രി പോലീസ് തലവനാക്കി. അതോടൊപ്പം ശ്രീ. രമൺ ശ്രീവാസ്തവയുടെ ഉപദേശം കൂടിയായപ്പോൾ നമ്മുടെ പോലീസിൽ വംശീയ പോലീസിംഗ് കൂടിപ്പോയി. അതു സംബന്ധിച്ച വിശദാംശങ്ങളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. ഐ. ജി. ശ്രീ. സുരേഷ് രാജ്പുരോഹിത് പോലീസ് അക്കാദമിയിൽ ബീഫ് നിരോധിച്ചു. ശബരിമലയിൽ ആർ.എസ്.എസ് മുഖ്യനായ വത്സൻ തില്ലങ്കേരിക്ക് മൈക്ക് പിടിച്ചുകൊടുത്ത പോലീസ് ആർ.എസ്.എസ്.-ന്റെ പക്ഷത്തേയ്ക്കാണ് പോയത്.

മി. ചെയർമാൻ: അങ്ങ് അവസാനിപ്പിക്കണം. അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇത് നിയന്ത്രിക്കേണ്ടതാണ്. ഇല്ലെങ്കിൽ പിണറായിയുടെ പോലീസ്, യോഗി ആദിത്യനാഥിന്റെ പോലീസായി മാറാൻ ഇനി അധികം സമയം വേണ്ടിവരില്ല. കേരളത്തിലെ പോലീസ് വംശീയതയുടെ വക്താക്കളായി മാറുന്നു. ആർ.എസ്.എസ്.-കാർക്കുവേണ്ടി പാലത്തായിയിലെ കേസിൽ നിങ്ങൾ പോക്സോ ഒഴിവാക്കിക്കൊടുത്തു. ആ പിഞ്ചുകുഞ്ഞിന്റെ ശാപം ഈ സർക്കാരിനെ വേട്ടായാടുമെന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്. കൊടകരയിലെ കേസ് ആവിയായിപ്പോയില്ലേ. പ്രതിയാകേണ്ട ശ്രീ. കെ. സുരേന്ദ്രൻ സാക്ഷിയായി മാറിയത് നിങ്ങൾ തമ്മിലുള്ള ഒത്തുകളിയാണ്. ശ്രീ. നരേന്ദ്ര മോദിയെ കാണാൻ പോയി ഷോൾ അണിയിച്ചതിനെക്കുറിച്ചൊക്കെ മുഖ്യമന്ത്രി ഇവിടെ പറഞ്ഞു.

ശ്രീ. നരേന്ദ്ര മോദിയും ഇവിടത്തെ ആർ.എസ്.എസ്.-ഉം ആഗ്രഹിച്ചത് നിങ്ങളുടെ തുടർഭരണം തന്നെയാണ്. ആ അന്തർധാരയിലാണ് ഈ ഗവൺമെന്റുണ്ടായത്. അല്ലാതെ ഈ ഗവൺമെന്റുണ്ടായതോടുകൂടി നിങ്ങൾ ചെയ്ത പാപങ്ങളെല്ലാം പൊറുക്കപ്പെട്ടു, അല്ലെങ്കിൽ വലിയ അംഗീകാരം കിട്ടി എന്നുപറയുന്നതിൽ ഒരർത്ഥവുമില്ല. എന്റെ സ്നേഹിതൻ ഡോ. കെ. ടി. ജലീൽ 'അയാൾ കഥയെഴുതുകയാണ്' എന്നു പറഞ്ഞതുപോലെ ചോദ്യം ചോദിച്ചുകൊണ്ടേയിരിക്കുകയാണ്. തരത്തിനൊത്തവരോട് വേണ്ടേ ചോദിക്കേണ്ടത്? ഡോ. കെ. ടി. ജലീൽ എന്നോട് ചോദിക്കട്ടെ. കുഞ്ഞാലിക്കുട്ടി സാഹിബിനോടാണോ ചോദിക്കേണ്ടത്? അദ്ദേഹത്തിന് എത്രയും പെട്ടെന്ന് നല്ല ഉത്തരം കിട്ടട്ടെ എന്നുമാത്രമാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. പോലീസ് നയങ്ങളെ അതിശക്തമായി എതിർക്കുന്നതോടൊപ്പം ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീമതി യു. പ്രതിഭ: സർ, മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അവതരിപ്പിച്ച 2021-22 സാമ്പത്തിക വർഷത്തിലേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. ആഭ്യന്തര വകുപ്പുമായി ചേർന്ന് നമ്മുടെ ഗവൺമെന്റ് നടത്തിയ ഒരുപാട് കാര്യങ്ങൾ എനിക്ക് പറയാനുണ്ട്. പക്ഷേ എനിക്കു മുമ്പ് സംസാരിച്ച ബഹുമാന്യനായ അംഗം ഇവിടെ പരസ്പരവിരുദ്ധമായ കുറേ കാര്യങ്ങൾ പറയുന്നതു കേട്ടു. അതുപോലെ നട്ടാൽ കുരുക്കാത്ത നുണ വിളിച്ചു പറഞ്ഞുകൊണ്ട്, നുണ പലയാവർത്തി പറയുമ്പോൾ സത്യമാകുമെന്നാണല്ലോ പറയുന്നത്. ചില കാര്യങ്ങൾ ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ നമ്മുടെ ഗവൺമെന്റിന് മുമ്പുണ്ടായിരുന്ന യു.ഡി.എഫ്. ഭരണകാലത്ത്, ഒരു കൊലക്കേസ് പ്രതി ജയിലിൽനിന്നും തനിക്ക് എൽ.ഡി.എഫ്. വിരുദ്ധ സന്ദേശം അയച്ചുവെന്ന് അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രി പരസ്യമായി പറഞ്ഞ് പുളകം കൊണ്ട കാഴ്ച ഞാൻ ഈ അവസരത്തിൽ ഓർത്തുപോകുകയാണ്. അതുപോലെ തൃശ്ശൂരിലെ അയ്യന്തോളിൽ കോൺഗ്രസ് ഗ്രൂപ്പ് വൈരത്തിന്റെ പേരിലുണ്ടായ കൊലപാതകത്തിൽ തൃശ്ശൂരിലെ മന്ത്രിയും എം.എൽ.എ.-യുമടക്കം ഉന്നത കോൺഗ്രസ് നേതാക്കൾക്ക് പങ്കുണ്ടെന്ന് വെളിപ്പെടുത്തിയിട്ടും യു.എ.പി.എ. ചുമത്തിയില്ല. മുൻ വൈദ്യുതി വകുപ്പുമന്ത്രിയായിരുന്ന ഞങ്ങളുടെയെല്ലാം പ്രിയപ്പെട്ട മണിയാശാൻ ഈ സഭയിലുണ്ട്. അദ്ദേഹത്തിന്റെയും സി.പി.ഐ.(എം.) നേതാക്കളുടെയും മുൻ എം.എൽ.എ. ശ്രീ. റ്റി. വി. രാജേഷ് അടക്കമുള്ളവരുടെയും വനിതാ എം.എൽ.എ.-മാരുടെയും പേരിൽ എത്ര കള്ളക്കേസ്സുകളാണ് യു.ഡി.എഫ്.-ന്റെ കാലത്ത് പോലീസിനെ ഉപയോഗിച്ചുകൊണ്ടുണ്ടാക്കിയത്. യു.ഡി.എഫ്.-ന്റെ കാലത്തെ പോലീസിന് രണ്ടുമുഖവും ഇരട്ടനീതിയുമായിരുന്നു. അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രി ഇവിടെ ഇരിപ്പുണ്ട്. യു.ഡി.എഫ്.-ന്റേത് ഇരട്ടനീതിയുടെ ഒരു കാലഘട്ടമായിരുന്നു.

പോലീസിംഗിന്റെ ഭാഗമാണ് കുറ്റവും ശിക്ഷയും. കുറ്റകൃത്യങ്ങൾ പെട്ടെന്ന് ഇല്ലാതാക്കാനൊന്നും ആർക്കും കഴിയില്ല. ഓരോ കാലഘട്ടത്തിന്റെ പ്രത്യേകതയാണ് അത്. ചിലപ്പോൾ ദാരിദ്ര്യത്തിൽനിന്നോ സാമൂഹ്യ അരാജകത്വത്തിൽനിന്നോ കുറ്റകൃത്യങ്ങളുണ്ടാകാം. അത് കൃത്യമായി പഠിച്ച് അവലോകനം ചെയ്ത് കുറയ്ക്കാനുള്ള പരിശ്രമമാണ് കേരളത്തിൽ ഒന്നാം പിണറായി വിജയൻ സർക്കാർ ചെയ്തിട്ടുള്ളത്. അതിന്റെ ഭാഗമായിത്തന്നെ നല്ലയളവിൽ കുറ്റകൃത്യങ്ങൾ കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ പറയുന്നതു കേട്ടാൽ തോന്നും യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിൽ കേരളത്തിലെ അന്തരീക്ഷം വളരെ സമാധാനപരമായിരുന്നുവെന്ന്. ഇവിടെ എന്താണ് നടന്നതെന്നോ ഭരണമുണ്ടായിരുന്നോ എന്നുപോലും ആർക്കുമറിയില്ല, അതിന് കാരണമെന്താണ്? യു.ഡി.എഫ്.-ന്റെ മുഖ്യമന്ത്രി ഇരുന്ന കസേരയിൽപ്പോലും മാനസികാസ്വാസ്ഥ്യമുള്ള ഒരാൾ കയറിയിരിക്കുന്ന അവസ്ഥയായിരുന്നു അന്നുണ്ടായിരുന്നത്. ഡി.ജി.പി.-യും എ.ഡി.ജി.പി.-യും തമ്മിൽ പരസ്യമായി അസഭ്യം പറയുന്നു, പ്രശ്നങ്ങളുണ്ടാക്കുന്നു. അങ്ങനെ ആകപ്പാടെ കലുഷിതമായ പോലീസിംഗ് ഉണ്ടായിരുന്ന കാലഘട്ടമായിരുന്നു അത്. യു.ഡി.എഫ്.-ന്റെ ആദ്യ നാലുവർഷത്തെ കണക്കെടുത്ത് നോക്കുമ്പോൾ സമാധാനപരമായിരുന്നോ; മണ്ണാർക്കാട് എം.എൽ.എ. അടക്കം അറിയാനാണ് പറയുന്നത്, 54168 സ്ത്രീ പീഡന കേസുകളും 7160 ബാല പീഡന കേസുകളും ആ കാലഘട്ടത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടു. 2015 ജൂലൈയിൽ ആഭ്യന്തര വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ പറയുന്നത് കസ്റ്റഡി മരണങ്ങൾ - 11, ക്വട്ടേഷൻ സംഘങ്ങളുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടത് - 4 പേർ, വർഗ്ഗീയ സംഘട്ടനങ്ങൾ - 215 എന്നിവ ഉണ്ടായിരുന്നുവെന്നാണ്. സാമൂഹ്യ പ്രശ്നങ്ങളിലുണ്ടാകുന്ന കുറ്റകൃത്യങ്ങളെ നമുക്ക് സാവധാനമേ നിയന്ത്രിക്കാൻ കഴിയൂ. എന്നാൽ ഗവൺമെന്റ് ഇടപെട്ട് നിയന്ത്രിക്കാൻ കഴിയുന്ന തരത്തിലുള്ള, വർഗ്ഗീയ കലാപങ്ങൾ ഒന്നുമില്ലാത്തൊരു നാടായി കേരളത്തെ മാറ്റാൻ കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ ഭരണത്തിന് സാധിച്ചുവെന്ന് നമുക്കിന്ന് അഭിമാനത്തോടെ പറയാം. പോലീസിന്റെ മോട്ടോതന്നെ 'മൃദു ഭാവെ ദൃഢ കൃത്യേ' എന്നാണ്. അതിലേയ്ക്ക് നമ്മുടെ കേരളാ പോലീസ് ഇന്ന് എത്തിയിരിക്കുന്നു.

കോവിഡ് മഹാമാരി നാട്ടിലാകെ പിടിമുറുക്കിയ കാലഘട്ടത്തിൽ കേരളത്തിലെ ആരോഗ്യ മേഖലയെക്കുറിച്ച് നമ്മൾ എപ്പോഴും പറഞ്ഞിരുന്നു. എന്നാൽ ആരോഗ്യ മേഖലയോടൊപ്പം നിന്ന് ഈ കേരളത്തെ സംരക്ഷിക്കുന്നതിന് രാപ്പകലില്ലാതെ കഷ്ടപ്പെട്ട പോലീസ് ഫോഴ്സിന് ഈ സഭയുടെ ഒരു ബിഗ് സല്യൂട്ട് നൽകാൻ ഈ അവസരം ഞാൻ ഉപയോഗിക്കുകയാണ്. കഴിഞ്ഞ കാലത്ത് എത്ര വലിയ ജനകീയ ഇടപെടലായിരുന്നു പോലീസ് സേന നടത്തിയത്. പോലീസ് സേനയിൽ അയ്യായിരത്തിലധികം പുതിയ നിയമനങ്ങൾ നടത്താൻ കഴിഞ്ഞു. ബഹുമാനപ്പെട്ട

സീനിയർ അംഗം തിരുവഞ്ചൂർ രാധാകൃഷ്ണൻ, പഴയ പോലീസ് സ്റ്റേഷന്റെ മുഖമല്ല ഇന്ന്, പോലീസ് സ്റ്റേഷനുകളുടെ മുഖം മാറിയിരിക്കുന്നു. പോലീസ് സ്റ്റേഷൻ കണ്ടാൽ ഇന്ന് നമുക്ക് മനസ്സിലാകില്ല. മനോഹരമായ പുതിയ കെട്ടിടങ്ങളും ഹൈടെക് സ്റ്റേഷനുകളുമാണ്. മുമ്പ് പോലീസ് സ്റ്റേഷനുകൾക്ക് ഇരുണ്ട മുഖമായിരുന്നു. അതുകൊണ്ട് അങ്ങനെയുള്ള പോലീസ് സ്റ്റേഷനിലേയ്ക്ക് കടന്നു ചെല്ലാൻ പലപ്പോഴും ജനങ്ങൾ തയ്യാറായില്ല. അപ്പോൾ പരാതികൾ കുറവാണെന്ന് നിങ്ങൾക്ക് തോന്നും. കാരണം പോലീസിന്റെ അടുത്തേയ്ക്ക് പോകാൻ ജനങ്ങൾക്ക് പേടിയാണ്. ഇന്ന് പോലീസിന്റെ ഇരുണ്ട മുഖം മാറി പുതിയ വെളിച്ചം ആർജ്ജിക്കാൻ കഴിഞ്ഞു. ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് സേനയെ ശക്തിപ്പെടുത്താൻ കഴിഞ്ഞു. പരാതികൾ ഓൺലൈനായി സ്വീകരിക്കാനുള്ള സൗകര്യമൊരുക്കി. കുട്ടികൾക്കെതിരെയുള്ള അതിക്രമം തടയാനായി UNICEF-ന്റെ സഹായത്തോടെ നടപ്പാക്കിയ Children & Police (CAP) പദ്ധതിയിലൂടെ പോലീസ് സ്റ്റേഷനുകളെ ശിശുസൗഹൃദ സ്റ്റേഷനുകളാക്കി മാറ്റി. കുറ്റകൃത്യങ്ങൾ ഇല്ലെന്നല്ല പറയുന്നത്. നേരത്തെ പറഞ്ഞല്ലോ, മനുഷ്യരാണ്, ചിലപ്പോൾ മനുഷ്യ സഹജമായ തെറ്റുണ്ടാകാം. രാഷ്ട്രീയ പാർട്ടിയിലുള്ളവർക്ക് തെറ്റുണ്ടാകാൻ പാടില്ല. പക്ഷേ അവരെ കൃത്യമായി അറസ്റ്റ് ചെയ്യാനും അവർ ചെയ്ത കുറ്റത്തിന് ശിക്ഷ ഉറപ്പാക്കാനും ഈ ഗവൺമെന്റിന് കഴിയുന്നുവെന്നതാണ് വ്യത്യാസം.

സ്ത്രീ സുരക്ഷയ്ക്കായി കർശന നടപടികൾ കൈക്കൊള്ളാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. അങ്ങനെയല്ലാത്ത ഒന്നോ രണ്ടോ കേസുകൾ നിങ്ങൾക്ക് എടുത്തു കാണിക്കാൻ കഴിയുമായിരിക്കും. പക്ഷേ ആകെ പരിശോധിക്കുമ്പോൾ, വനിതാ സാമാജികരായ ഞങ്ങൾ അത് പരിശോധിക്കാറുണ്ട്, സ്ത്രീ സുരക്ഷയ്ക്കായി വലിയ ഇടപെടൽ നടത്താൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. യു.ഡി.എഫ്. കാലത്തെ കേരളത്തിലെ പ്രമാദമായ കേസായിരുന്ന ജിഷ കൊലപാതക കേസ്. ഞാൻ ഓർക്കുന്നുണ്ട്. പ്രതി ചെരുപ്പെടുക്കാൻ വരുമെന്ന് പറഞ്ഞ് രാത്രിയിൽ പോലീസ് ചെരുപ്പ് കെട്ടിത്തൂക്കിയിട്ടു. ആ കേസ്സിലെ പ്രതികളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവന്നത് ഇടതുപക്ഷത്തിന്റെ ഭരണകാലത്താണ്. എന്റെ നിയോജക മണ്ഡലത്തിനടുത്ത് അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രിയുടെ നിയോജക മണ്ഡലത്തിൽ പട്ടാപ്പകലാണ് ജലജാ സുരന്റെ കൊലപാതകം നടന്നത്. ആ ഭരണകാലത്ത് കേസിലെ പ്രതി വിലസി നടക്കുകയായിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രിയുടെ നിയോജകമണ്ഡലത്തിൽ നടന്ന കൊലപാതകത്തിലെ പ്രതിയെ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞത്.

പോലീസ് സേനയിലെ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കാൻ നമ്മുടെ ഗവൺമെന്റിന് കഴിഞ്ഞുവെന്നത് വനിതാ സാമാജികയെന്നുള്ള നിലയിൽ അഭിമാനത്തോടെ പറയുകയാണ്. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് ആദ്യമായി

പുതിയ വനിതാ പോലീസ് ബറ്റാലിയൻ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. തിരുവനന്തപുരത്ത് വനിതാ പോലീസ് ബറ്റാലിയന് ഒരു ആസ്ഥാനമുണ്ടാക്കാൻ പത്തേക്കർ സ്ഥലം നൽകിക്കൊണ്ടാണ് ഈ സർക്കാർ അതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചത്. അതുപോലെ നമുക്ക് അഭിമാനത്തോടെ പറയാൻ കഴിയുന്ന മറ്റൊരു കാര്യമാണ് പിങ്ക് പട്രോളിംഗ് സംവിധാനം. എല്ലാ സ്ഥലങ്ങളിലേയ്ക്കും പിങ്ക് പട്രോളിംഗ് നടത്താൻ നമുക്കിപ്പോൾ കഴിയുന്നുണ്ട്. കഴിഞ്ഞ നാലുവർഷക്കാലമായി പിങ്ക് പട്രോളിംഗ് നന്നായി നടക്കുന്നുണ്ട്. എല്ലാകാര്യവും ചെയ്തുവെന്നല്ല. പോലീസ് ഉണ്ടായിരിക്കാം, പക്ഷേ അത് അനുഭവവേദ്യമാക്കാൻ നടത്തിയ പരിശ്രമത്തിൽ ഗവൺമെന്റിന് പൂർണ്ണമായും വിജയിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതുപോലെ നമ്മുടെ നാട്ടിൽ സ്ത്രീകൾക്കും കുട്ടികൾക്കും നേരെ വലിയ സൈബർ ആക്രമണം നടക്കുന്നുണ്ട്. ഇത് തടയുന്നതിന് ഒരു പ്രത്യേക പദ്ധതി ആവിഷ്കരിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കേരള പോലീസ് അക്കാദമിയിൽ ഒരു സൈബർ ഫോറൻസിക് ലാബ് സൃഷ്ടിക്കുന്നതിനും ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസമുള്ള പരിഷ്കൃത സമൂഹമാണ് നമ്മുടേതെങ്കിലും ഒറ്റയ്ക്ക് സഞ്ചരിക്കാൻ സ്ത്രീകൾക്ക് ഭയമാണ്. രാത്രി സഞ്ചാരം കുറവാണ്. നമ്മുടെ ഒരു രീതിയതാണ്. എന്നാൽ അങ്ങനെയും സഞ്ചരിക്കണം. അങ്ങനെ സഞ്ചരിക്കാൻ സുരക്ഷാ ഹസ്തവുമായി കേരളാ പോലീസ് 'നിഴൽ' എന്ന പദ്ധതിക്ക് രൂപംകൊടുത്തിട്ടുണ്ട്. സ്ത്രീകൾക്ക് സുരക്ഷിതമായി സഞ്ചരിക്കാൻ കഴിയുന്ന മാനസിക തന്റേടം നൽകാൻ കേരള പോലീസിന് കഴിഞ്ഞിട്ടുണ്ട്. അതുപോലെ 112 എന്ന നമ്പറിലൂടെ Emergency Response Support System ആരംഭിച്ചത് എനിക്ക് ഏറ്റവും ആകർഷകമായി തോന്നിയ പദ്ധതിയാണ്. കാരണം കേരളത്തിന്റെ ഏത് ഭാഗത്ത് കറ്റകൃത്യം നടന്നാലും ഏതു ഭാഗത്തുനിന്ന് ഒരു പരാതി ലഭിച്ചാലും എവിടെനിന്ന് പരാതി വിളിച്ചു പറഞ്ഞാലും അതിലെല്ലാംതന്നെ അടിയന്തര നടപടി സ്വീകരിക്കാൻ കഴിയുന്ന തരത്തിൽ തിരുവനന്തപുരത്തെ പോലീസ് കമാൻഡ് സെന്ററിൽ പ്രത്യേക സംവിധാനമൊരുക്കാൻ ഈ കാലഘട്ടത്തിൽ കഴിഞ്ഞുവെന്നത് അങ്ങേയറ്റം അഭിമാനത്തോടുകൂടി സൂചിപ്പിക്കുകയാണ്. ഏതുജില്ലയിൽനിന്നും ഫോൺ മുഖേന ബന്ധപ്പെടാൻ കഴിയും.

ഓഖി ദുരന്തത്തിലകപ്പെട്ടവരെ രക്ഷിക്കാൻ മത്സ്യത്തൊഴിലാളികൾ നടത്തിയ വലിയ പരിശ്രമത്തിനെ ആദരവോടുകൂടിയാണ് ഈ ഗവൺമെന്റ് കണ്ടത്. തീരദേശത്തെ 200 യുവാക്കളെ 14 തീരദേശ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് നിയമിക്കാൻ ഈ ഗവൺമെന്റ് തയ്യാറായി. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ടൈബൽ വിഭാഗത്തിൽനിന്ന് പോലീസ് സേനയിലെ 75 തസ്തികകളിലേയ്ക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ്വഴി നിയമനം നടത്താൻ കഴിഞ്ഞത് അതുപോലെ ചരിത്രപരമായിട്ടുള്ളൊരു

തീരുമാനമാണ്. അതിന്റെയെല്ലാം തുടർച്ചയായിരിക്കും ഇനി ചെയ്യാൻ പോകുന്ന കാര്യങ്ങൾ. അതുപോലെ രസകരമായൊരു സംഭവം, കഴിഞ്ഞ കാലത്ത് പോലീസ് സാമൂഹ്യ മാധ്യമങ്ങളെ ഉപയോഗിച്ചത് എന്തിനാണെന്ന് നിങ്ങൾക്കറിയാമോ? കൂടുതലും തമ്മിൽത്തല്ലാനായിരുന്നു. ഡി.ജി.പി.-യും എ.ഡി.ജി.പി.-യുമൊക്കെ തമ്മിൽത്തല്ലാനായിരുന്ന ഔദ്യോഗിക ഫേസ് ബുക്ക് പേജ് ഉപയോഗിച്ചത്. ആ നാണംകെട്ട ഒരു കാലഘട്ടത്തിൽനിന്ന് ഇന്ന് കേരള പോലീസിന്റെ ഔദ്യോഗിക ഫേസ് ബുക്ക് പേജ് ലോകത്ത് ഏറ്റവും കൂടുതൽ പേർ ഫോളോ ചെയ്യുന്ന പേജായി മാറ്റിയെടുക്കാൻ നമുക്ക് കഴിഞ്ഞു. അതുപോലെ കുട്ടികൾക്ക് വളരെ സ്വാതന്ത്ര്യത്തോടുകൂടി പോലീസ് മാമാ എന്ന് വിളിച്ചു സംസാരിക്കാൻ കഴിയുന്ന തരത്തിൽ അതിനെ സൗഹാർദ്ദപരമായ ഒരു പേജാക്കി മാറ്റാനും ഇൻഡ്യയിൽ ഒന്നാം സ്ഥാനത്തേയ്ക്ക് ആ പേജിനെ കൊണ്ടുവരാനും നമുക്ക് കഴിഞ്ഞു. പോലീസും ജനങ്ങളും തമ്മിലുള്ള ബന്ധം ഊഷ്മളമാക്കിത്തീർക്കാൻ കഴിയുന്ന തരത്തിലേയ്ക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകാൻ ആ പേജിനെ ഉപയോഗിക്കാൻ കഴിയുന്നു. അതുപോലെ നിയമബോധവും പൗരബോധവുമുള്ളതും ദുർബല വിഭാഗങ്ങളോട് സഹാനുഭൂതി പുലർത്തുന്നതുമായ ഒരു പുതിയ തലമുറയെ വാർത്തെടുക്കുന്നതിനുവേണ്ടി എസ്.പി.സി. (സ്റ്റുഡന്റ് പോലീസ് കേഡറ്റ്) സംവിധാനം എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും കൊണ്ടുവരുന്നതിനുള്ള ശ്രമമുണ്ടാകണമെന്നാണ് എന്റെ ഒരു നിർദ്ദേശം. നമ്മുടെ ജയിലുകളെ ആധുനികവത്കരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ചില സാഹചര്യങ്ങളാൽ കുറ്റവാളികളായി ജയിലിൽ അകപ്പെട്ടുപോയവരുണ്ട്. കുറ്റകൃത്യം ചെയ്യുന്നവർ ഒരു പ്രത്യേക സാമൂഹിക പശ്ചാത്തലത്തിൽ ചെയ്തുപോകുന്നതാണ്. എന്നാൽ അവരെ സാധാരണ ജീവിതത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരുന്നതിനുവേണ്ടി ഒരു കറക്ടീവ് ഫോഴ്സായി പ്രവർത്തിച്ച് നമ്മുടെ സമൂഹത്തിൽ ആളുകളെ നിലനിർത്തേണ്ടതുണ്ട്. ആരെങ്കിലും സാധാരണ ജീവിതത്തിലേയ്ക്ക് വരാൻ തയ്യാറാണെങ്കിൽ എല്ലാവിധ സപ്പോർട്ടും നൽകിക്കൊണ്ട് അവരെ അതിലേയ്ക്ക് കൊണ്ടുവരാൻ കഴിയുന്ന സാഹചര്യങ്ങളാണ് ജയിലിലൊരുക്കിയത്.

കോവിഡ് കാലഘട്ടത്തെ അഗ്നിരക്ഷാസേനയുടെ പ്രവർത്തനങ്ങൾ പരാമർശിക്കാതെ പോകാൻ കഴിയില്ല. കാരണം മരുന്ന് എത്തിക്കുന്നതിനും ഒരു ജില്ലയിൽ നിന്നും മറ്റൊരു ജില്ലയിലേയ്ക്ക് ആളുകളെ കൊണ്ടുപോകുന്നതിനും രോഗികളെ ട്രാൻസ്പോർട്ട് ചെയ്യുന്നതിനും അവർക്കുകഴിഞ്ഞു. ലോക്ഡൗൺ കാലത്ത് ഡിസ്ഇൻഫെക്ഷൻ സർവ്വീസിലും ശുചീകരണത്തിലും അഗ്നിരക്ഷാസേന നടത്തിയ ധീരമായ ഇടപെടലുകൾക്ക് അവരോട് പ്രത്യേകം നന്ദി പറയാൻ ഈ ചർച്ച ഞാൻ ഉപയോഗിക്കുകയാണ്. സിവിൽ ഡിഫൻസ്തന്നെ ഏറ്റവും ശ്രദ്ധേയമായി നടത്താൻ കഴിയും. ഇതൊക്കെ

ചെയ്യുന്നതുകൊണ്ട് ഒട്ടേറെ അവാർഡുകൾ ലഭിച്ചിട്ടുണ്ട്. ശ്രീ. മുരളി പെരുനെല്ലി എം.എൽ.എ. പറഞ്ഞതുകൊണ്ട് ഞാൻ അതൊന്നും ആവർത്തിക്കുന്നില്ല. നല്ലതുപോലെ പ്രവർത്തിച്ചതിന്റെ അംഗീകാരമായി ഒട്ടേറെ അവാർഡുകൾ കേരള ഗവൺമെന്റിനെ തേടിവന്നിട്ടുണ്ട്. മദീനയിൽ ഖലീഫ ഉമറിന്റെ ഭരണകാലത്ത് അദ്ദേഹം പാതി രാത്രിയിൽ വേഷപ്രച്ഛന്നനായി ജനങ്ങളുടെ ഇടയിൽ പോകുന്നതിനെപ്പറ്റിയുള്ള കഥകൾ നമ്മൾ ആവേശത്തോടെ വായിച്ചിട്ടുണ്ട്. ഈ ലോക്ഡൗൺ കാലഘട്ടത്തിൽ കേരളത്തിൽ വിശന്നുതളർന്ന് ഒരാളുപോലും ഉണ്ടാകരുതെന്ന് ആഗ്രഹിച്ചുകൊണ്ട് നമ്മൾ കൊടുക്കുന്ന പെൻഷൻ, ഭക്ഷ്യകിറ്റുകൾ എന്നിവ വലിയ തരത്തിലാണ് ജനങ്ങൾക്ക് ആശ്വാസമാകുന്നത്. ഇത്തരത്തിൽ ആഹാരം കൊടുത്തുകൊണ്ട്, ദാരിദ്ര്യം ലഘൂകരിച്ചുകൊണ്ട് സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്ന മനുഷ്യരെ സപ്പോർട്ട് ചെയ്യുന്നതിലൂടെ കുറ്റകൃത്യങ്ങൾ കുറയ്ക്കാൻ നമുക്ക് കഴിയുന്നു. അവിടെയാണ് കേരളത്തിലെ മുഖ്യമന്ത്രി വേറിട്ട് നിൽക്കുന്നത്. "Only in the darkness you can see the stars" എന്നത് മാർട്ടിൻ ലൂഥർ കിംഗിന്റെ പ്രസിദ്ധമായ വരികളാണ്. ആസുരമായ മഹാവ്യാധികൾ നമ്മുടെ നാടിനെ കീഴ്പ്പെടുത്തി, പ്രകൃതി ക്ഷോഭങ്ങൾ വന്നു, അതിനേക്കാൾ വലിയ രാഷ്ട്രീയ സമരങ്ങൾ ഈ മഹാമാരിയുടെ കാലത്ത് ഒരു വിഭാഗം ആളുകൾ നടത്തിയില്ലേ; അപ്പോഴെല്ലാം ഈ കൊടുംതമസ്സിൽ കേരളത്തിൽ പ്രകാശം ചൊരിഞ്ഞ് ദിശകാട്ടിയ നക്ഷത്രമാണ് കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ എന്ന് ആവർത്തിച്ചുപറയാൻ ഞങ്ങൾ ആഗ്രഹിക്കുകയാണ്.

'അന്നം ഹി ഭൂതാനാം ജ്യേഷ്ഠം തസ്മാത് - അരിയാണ് സർവ്വതിലും ശ്രേഷ്ഠം. അരിയെന്നു പറയുമ്പോൾ ചിലർക്ക് പുച്ഛമാണ്. അരിയാണ് ശ്രേഷ്ഠം. 'അന്നം ഭവസ്തു ഭൂദാൻ' - അരിയാണ് ജീവജാലങ്ങളും സസ്യജാലങ്ങളുമായി മാറ്റപ്പെടുന്നത്. അന്നം ബ്രഹ്മമാണ്. അന്നംദാനം മഹാപുണ്യമാണ്. അന്നവിചാരം തന്നെയാണ് മുന്നവിചാരം. മലയാളികൾ അക്ഷരമെഴുതുന്നത് അരിയിലാണ്. ഈ അരി കൊടുക്കുന്നതിനെ പരിഹസിക്കുന്നവർ, ദാരിദ്ര്യമുള്ളവരെ കളിയാക്കുന്നവരൊക്കെ അപ്പുറത്തുണ്ട് എന്ന് ഞങ്ങൾക്കറിയാം. പക്ഷേ നിങ്ങൾ ഓർക്കുക, നിങ്ങളെങ്ങനെ നിങ്ങളായി എന്നുമാത്രമേ ഞങ്ങൾക്ക് പറയാനുള്ളൂ. കേരളത്തിലെ സമാധാന അന്തരീക്ഷം ഉറപ്പാക്കുന്നതിനുവേണ്ടി, പോലീസ് സേനയെ ഏറ്റവും കാര്യക്ഷമമാക്കുന്നതിനു വേണ്ടി, നമ്മുടെ ഗവൺമെന്റ് എല്ലാ ഇടപെടലുകളും നടത്തുന്നുണ്ട്. ഒരു നിർദ്ദേശം കൂടി മുന്നോട്ടുവയ്ക്കാനുള്ളത്, നമ്മുടെ നാട്ടിൽ സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങളെന്ന് പറയുന്നത് പൊതുവെ അവരുടെ വീട്ടിലെതന്നെ അരക്ഷിതാവസ്ഥയാണ്. അതായത് സ്ത്രീകളെ ഹൈ റിസ്ക്, മീഡിയം റിസ്ക്, റിസ്ക് ലെസ് എന്നീ മൂന്ന് ഗ്രൂപ്പുകളായി തിരിക്കുന്നതിനുവേണ്ടി ഒരു ഇടപെടൽ നടത്താൻ ആഭ്യന്തരവകുപ്പിന്

കഴിയണം. അതായത്, ഭർത്താക്കൻമാരുടെ മർദ്ദനം, മദ്യപാനം, ദാരിദ്ര്യം ഇതിനെയൊക്കെ ഹൈ റിസ്ക് ഗ്രൂപ്പിൽ ഉൾപ്പെടുത്തുകയും ഇത്തരത്തിൽ അരക്ഷിതമാകുന്ന കുടുംബങ്ങളെ സഹായിക്കാൻ കഴിയുന്ന തരത്തിൽ ഒരു ഹോട്ട് ലൈൻ സംവിധാനം ഏർപ്പെടുത്തുകയും വേണം. ഓരോ സ്റ്റേഷനിലും ഒരു വനിതാ പോലീസ് ഓഫീസറെ 24 മണിക്കൂറും ലഭിക്കത്തക്ക തരത്തിൽ ഒരു സംവിധാനം ആരംഭിക്കാൻ കഴിഞ്ഞാൽ നല്ലതായിരിക്കും. സ്ത്രീധനവുമായി ബന്ധപ്പെട്ട് അപരാജിത അടക്കമുള്ള സംവിധാനങ്ങളുണ്ട്. അതുപോലെ ആഹാരവും പണവുമുണ്ടെങ്കിലും പലപല കാരണങ്ങളാൽ സന്തോഷമില്ലാത്ത സ്ത്രീകളുണ്ടാകും; അതായത് Happiness Index- Nil. അത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ശ്രമിക്കണം. നമ്മുടെ കുഞ്ഞുങ്ങളെ ലൈംഗികമായി ഉപദ്രവിക്കുന്നത് തീർച്ചയായും അങ്ങേയറ്റം അപലപനീയമാണ്. ഇത്തരം കുറ്റകൃത്യങ്ങൾക്ക് എത്രയുംവേഗം ശിക്ഷ നൽകുന്നതിനായി പ്രത്യേക നിയമം നിർമ്മിച്ച് അംഗീകാരം വാങ്ങുന്നതിന് കേരള നിയമസഭ ഇടപെടണം. അത്തരം ചില നിർദ്ദേശങ്ങൾകൂടി വച്ചുകൊണ്ട് 2021-22 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി സർവ്വാത്മനാ പിന്തുണയ്ക്കുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഞങ്ങൾ പ്രതിപക്ഷത്തുനിന്നും സംസാരിക്കുന്നത് രാഷ്ട്രീയ പ്രേരിതമായാണ്, സത്യസന്ധമായിട്ടല്ല എന്ന നിലയിൽ അവസാനം സംസാരിച്ച ബഹുമാനപ്പെട്ട അംഗം ശ്രീമതി യു. പ്രതിഭ സൂചിപ്പിച്ചു. ബഹുമാനപ്പെട്ട മുൻ ആഭ്യന്തര വകുപ്പുമന്ത്രി കൂടിയായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ശ്രീ. എൻ. ഷംസുദ്ദീനും ജയിലിൽ നടക്കുന്ന പ്രവൃത്തികളെ സംബന്ധിച്ച് ചൂണ്ടിക്കാണിച്ചു. അതുമായി ബന്ധപ്പെട്ട് എല്ലാ പത്രങ്ങളിലും പ്രസിദ്ധീകരിച്ച വാർത്ത ഞാൻ വായിക്കാം. " ജയിലിൽ നിന്നും ഫോൺവഴി ലഹരി വ്യാപാരം, തടവുകാർക്കുള്ള സ്മാർട്ട് കാർഡുവഴി കോൺഫറൻസ് കാൾ, ഗുരുതരമായ സുരക്ഷ ഭീഷണിയെന്ന് ജയിൽ മേധാവി, നിരീക്ഷിക്കാൻ ആളില്ലെന്ന് അധികൃതർ." കേരളത്തിലെ എല്ലാ പത്രങ്ങളിലും വ്യക്തമായി പ്രസിദ്ധീകരിച്ച വാർത്തയാണിത്. ഇതൊക്കെ ഗവൺമെന്റ് ശ്രദ്ധിക്കണ്ടേ; സ്മാർട്ട് ഫോൺ ലഭിക്കാതെ കേരളത്തിലെ മുഴുവൻ വിദ്യാർത്ഥികളും ജനപ്രതിനിധികൾ എന്ന നിലയിൽ ഞങ്ങളുടെയൊക്ക മുന്നിൽ വരുന്നു, ഒരു ഫോണിനുവേണ്ടി ഞങ്ങൾ കഴിയുന്നവരോടെല്ലാം വിളിച്ചുപറയുന്നു. കുട്ടികളെ സഹായിക്കുന്നതിനുവേണ്ടി ഗവൺമെന്റുപോലും കഷ്ടപ്പെടുന്ന ഇക്കാലത്ത് ഏറ്റവും വലിയ കൊലപാതകവും സർവ്വത്ര കൊള്ളയും നടത്തി ജയിലിൽ കിടക്കുന്ന ആളുകൾ വളരെ സുലഭമായി വാഴുകയും പ്രവർത്തിക്കുകയും ചെയ്യുന്നത് ആരുടെ സംരക്ഷണയിലാണെന്ന പ്രശ്നം പരിശോധിക്കപ്പെടണം. ഗവൺമെന്റ് ഇത്തരം കാര്യങ്ങൾ ഗൗരവമായി കാണണമെന്ന സുപ്രധാന വിഷയമാണ് ഞങ്ങൾ ചൂണ്ടിക്കാണിക്കുന്നത്. കേരളം പോലൊരു

സംസ്ഥാനത്ത് ഇത് ആവർത്തിക്കാൻ പറ്റുന്ന കാര്യമല്ല. സർക്കാരിന്റെ ഭാഗത്തു നിന്നും ഇത് അവസാനിപ്പിക്കാൻ കഴിയുന്ന ഇടപെടലുണ്ടാകണം. മുൻ ഡി.ജി.പി.-യും മുൻ സുപ്രീംകോടതി ജഡ്ജിയും പറഞ്ഞത് കൊളോണിയൽ നിയമങ്ങളുടെ തുടർച്ച ഇപ്പോഴും നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്നുവെന്നാണ്. പോലീസ് സ്റ്റേഷന്റെ കെട്ടും മട്ടും മാറി, ഒരുപാട് മാറ്റങ്ങൾ വരുന്നുവെന്ന് ഇവിടെ ചൂണ്ടിക്കാണിച്ചു. അത് നല്ല കാര്യമാണ്. പക്ഷേ പോലീസിന്റെ മനോഭാവത്തിൽ മാറ്റമുണ്ടോ; പോലീസിന്റെ പെരുമാറ്റം മാറണ്ടേ; അത് മാറാൻ കഴിയുന്നവിധം എന്തു കാര്യങ്ങളാണ് ഇവിടെ നടക്കുന്നത്? മുൻ ഡി.ജി.പി. സമീപകാലത്ത് പറയുകയുണ്ടായി - 'പോലീസ് സേന ജനാധിപത്യ രീതിയിലല്ല പ്രവർത്തിക്കുന്നത്. അതിനുകാരണം കൊളോണിയൽ ഭരണമാണ്. ഇവിടത്തെ നിയമ സംവിധാനങ്ങളിൽ മാറ്റം വേണം. ഇപ്പോഴും സ്റ്റാൻഡിംഗ് ഓർഡറിൽനിന്നും ഒരിഞ്ചുപോലും നമുക്ക് മുന്നോട്ടുപോകാൻ കഴിയുന്നില്ല. പരിഷ്കരണങ്ങളെല്ലാം തൊലിപ്പുറത്തുള്ള ചികിത്സയായി മാറിപ്പോകുന്നു. ഇത്തരത്തിലുള്ള നിർഭാഗ്യകരമായ സ്ഥിതിവിശേഷങ്ങൾക്ക് മാറ്റമുണ്ടാകാതെ കേരളത്തിൽ പോലീസ് സേനയെ നവീകരിക്കാൻ കഴിയില്ല' എന്ന് ചൂണ്ടിക്കാണിക്കുന്ന സാഹചര്യം ഗൗരവമായി കാണേണ്ടതുണ്ട്.

ഒന്നുരണ്ട് നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കാനുണ്ട്. ഒന്ന്, പോലീസിലെ ലാ ആൻഡ് ഓർഡർ, ക്രൈം വിഭാഗങ്ങളെ സെപ്പറേറ്റ് ചെയ്യണമെന്ന 2008-ലെ സുപ്രീംകോടതി വിധി കേരളത്തിൽ നടപ്പാക്കിയിട്ടില്ല. ഇത്രയും വലിയ പരിഷ്കാരങ്ങൾക്കെല്ലാം നേതൃത്വം കൊടുക്കുന്ന നമ്മുടെ സംസ്ഥാനത്ത് ഇത് നടപ്പാക്കാൻ കഴിയാത്തത് എന്തുകൊണ്ടാണ്? ഡൽഹി, മുംബൈ, തമിഴ്നാട് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിലെല്ലാം ഇത് നടപ്പാക്കി. കേരളത്തിൽ ഇത് സെപ്പറേറ്റ് ചെയ്യാൻ നമുക്ക് ഇപ്പോഴും കഴിയുന്നില്ല. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയും ഗവൺമെന്റുമായി ബന്ധപ്പെട്ടു നിൽക്കുന്ന സാഹചര്യങ്ങളും പരിശോധിക്കുമ്പോൾ നമ്മുടെ സംസ്ഥാനത്ത് എത്രയും വേഗം ചെയ്യേണ്ട ഒരു കാര്യമാണതെന്ന് ചൂണ്ടിക്കാണിക്കുന്നത് ജനങ്ങൾക്ക് നീതി ലഭിക്കാൻ വേണ്ടിയാണ്. കേരളത്തിൽ ഇന്ന് 16 ലക്ഷം കേസ്സുകൾ പെൻഡിംഗാണെന്നാണ് ഹൈക്കോടതി പറയുന്നത്. ഇത്രയും കേസുകൾ പെൻഡിംഗാകുമ്പോൾ ജനങ്ങൾക്ക് സമയബന്ധിതമായി നീതികൊടുക്കാൻ സാധിക്കില്ല. ഈ ഒരു ദുരവസ്ഥയ്ക്ക് അവസാനമുണ്ടാകണം. എഫ്.ഐ.ആർ.-ന്റെ ആവറേജ് എണ്ണം ഏകദേശം 8 ലക്ഷമായിരുന്നു. എന്നാൽ ഈ കോവിഡ് കാലത്ത് അത് പതിമൂന്നേമൂക്കാൽ ലക്ഷമായി വർദ്ധിച്ചതായാണ് കാണാൻ കഴിയുന്നത്. പോലീസ് ഡിപ്പാർട്ടുമെന്റിലുണ്ടാകുന്ന സ്ട്രക്ച്ചറൽ പ്രോബ്ലംസ്, ഡേ ആൻഡ് നൈറ്റ് ഡ്യൂട്ടി വിഷയം ഉൾപ്പെടെ ഇവിടെ ചൂണ്ടിക്കാണിക്കപ്പെടുന്ന കാര്യങ്ങളാണ്. ഇതിനൊക്കെ പരിഹാരമുണ്ടാകാതെ പോലീസ് സേനയ്ക്ക് എങ്ങനെ നന്നായി പ്രവർത്തിക്കാൻ കഴിയും? ഗവൺമെന്റ് ചെയ്യേണ്ട പ്രധാനപ്പെട്ട കാര്യങ്ങൾ ചെയ്യാതെ, പരിഷ്കാരങ്ങൾ വരുത്തിയിട്ടുണ്ട്,

ഇവിടെയെല്ലാം ഭദ്രമാണ് എന്ന് പറഞ്ഞുപോയാൽ മതിയോ? അതുകൊണ്ട് ഈ ധനാഭ്യർത്ഥന ചർച്ചയുടെ ഭാഗമായി പോലീസ് ഡിപ്പാർട്ടുമെന്റിൽ വ്യക്തമായ പരിശോധനകൾ നടത്തണം. പോലീസുകാരായി ക്രിമിനലുകൾ കടന്നുവരുന്നുവെന്ന വിഷയം ഗുരുതരമായി കാണണം. ക്രിമിനലുകളുടെ അഴിഞ്ഞാട്ടം അവസാനിപ്പിക്കുന്നതിനാവശ്യമായ സാഹചര്യം സാമൂഹ്യ ജീവിതത്തിലുണ്ടാകണം. ഇവിടെ സമാധാനപൂർണ്ണമായി ജീവിക്കാൻ കഴിയുന്ന സാഹചര്യത്തിനായി ലാ ആൻഡ് ഓർഡർ ഉറപ്പുവരുത്തുന്നതിന് ഗവൺമെന്റ് മുൻഗണന കൊടുക്കുന്നുവെന്നു പറയുന്നത് പ്രാവർത്തികമാക്കാൻ കഴിയുന്ന വിധത്തിലുള്ള നടപടികളാണ് നമ്മുടെ സംസ്ഥാനത്തുണ്ടാകേണ്ടത്. അതിനുവേണ്ടി പരിശ്രമിക്കാൻ ഗവൺമെന്റ് തയ്യാറാകാത്ത സാഹചര്യത്തിൽ ഈ ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി എതിർക്കുന്നു.

വനിതാ പോലീസ് കോൺസ്റ്റബിളിന്റെ കാര്യം അംഗങ്ങൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കാൻ പോകുന്ന സാഹചര്യമാണുള്ളത്. ഗവൺമെന്റ് പരിശ്രമിച്ചാൽ എത്രയും പെട്ടെന്ന് അവയിലെല്ലാം നിയമനങ്ങൾ നടത്താൻ സാധിക്കും. പോലീസ് സ്ട്രെങ്ത് വർദ്ധിപ്പിക്കുക എന്നത് പൊതുവായി എല്ലാ ചർച്ചകളിലും വരുന്ന വിഷയമാണ്. റോഡപകടങ്ങൾ വർദ്ധിക്കുന്നതും വിവിധ ഡ്യൂട്ടികൾക്ക് പോകേണ്ടി വരുന്നതുമായ സാഹചര്യമുള്ളതിനാൽ പോലീസ് സേനയുടെ സ്ട്രെങ്ത് വർദ്ധിപ്പിക്കുകയെന്ന വിഷയം ഇപ്പോഴും പ്രധാനപ്പെട്ടതായി നിൽക്കുകയാണ്. അതുപോലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിത കോൺസ്റ്റബിൾമാരുടെ സേവനം ലഭ്യമാക്കേണ്ടത് മറ്റേത് കാലഘട്ടത്തേക്കാളും ഇന്ന് അത്യന്താപേക്ഷിതമാണ്. പോലീസ് സ്റ്റേഷനിൽ പോയി സ്ത്രീകൾക്ക് സമാധാനത്തോടെയും ധൈര്യമായും പരാതി പറയാൻ കഴിയുന്ന സാഹചര്യം ഉറപ്പുവരുത്തണമെങ്കിൽ എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാ പോലീസിന്റെ സേവനം ഫലപ്രദമായി കൊണ്ടുവരേണ്ടതുണ്ട്. ഇങ്ങനെയുള്ള കാര്യങ്ങൾക്ക് ഗവൺമെന്റ് മുൻഗണന കൊടുക്കണം. അതിനുള്ള നടപടികൾക്ക് ശ്രദ്ധ ചെലുത്തണമെന്നാണ് ചൂണ്ടിക്കാണിക്കാനുള്ളത്. ഗവൺമെന്റ് അനുവദിച്ച പോലീസ് സ്റ്റേഷനുകൾപോലും ഇപ്പോഴും ആരംഭിച്ചിട്ടില്ല. ഞാൻ പ്രതിനിധാനം ചെയ്യുന്ന കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അനുവദിച്ച്, കഴിഞ്ഞ പിണറായി വിജയൻ സർക്കാർ തസ്തിക അനുവദിച്ചിരുന്ന മാഞ്ഞൂർ പോലീസ് സ്റ്റേഷന്റെ പ്രവർത്തനമാരംഭിക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല. അതിനുള്ള കെട്ടിടംവരെ സജ്ജമാണ്. ഇത്തരത്തിൽ സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ അനുവദിച്ച പോലീസ് സ്റ്റേഷനുകൾ ഇനിയുമുണ്ട്. അവയുടെ പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കണമെന്നുകൂടി അഭ്യർത്ഥിക്കുന്നു. ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ഞാൻ ചുരുക്കുന്നു.

ശ്രീ. ജോബ് മൈക്കിൾ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വികസനവും കരുതലും എന്താണെന്നും എങ്ങനെയാണെന്നും പ്രവർത്തിച്ച് കാണിച്ചു തന്ന ഒരു സർക്കാരാണ് കഴിഞ്ഞ അഞ്ചുവർഷം ഇവിടെ ഭരിച്ചത്. ഇവിടെയുണ്ടായ മാറ്റം നാം കണ്ടതാണ്. നമ്മുടെ നാട്ടിലെ സാധാരണക്കാരുടെ മക്കൾക്ക് ആധുനിക സൗകര്യങ്ങളോടുകൂടി സ്കൂളുകളിൽ പഠിക്കാനുള്ള സൗകര്യമുണ്ടായി; ആവശ്യത്തിന് അദ്ധ്യാപകരുണ്ടായി; യോജിച്ച ഭൗതിക സാഹചര്യങ്ങളുണ്ടായി. എല്ലാം സൗകര്യങ്ങളും ഇന്ന് സർക്കാർ സ്കൂളുകളിലുണ്ട്. കോവിഡ് കാലത്ത് ഒരു വിദ്യാർത്ഥിയുടെപോലും പഠനം മുടങ്ങാത്ത രീതിയിൽ, അദ്ധ്യയനവർഷം നഷ്ടപ്പെടാത്ത രീതിയിൽ ഓൺലൈൻ പഠന സൗകര്യം നമ്മുടെ സംസ്ഥാനത്ത് ഏർപ്പെടുത്തിയ ഒരു മാതൃകാ ഗവൺമെന്റാണ് ഇന്ന് കേരളം ഭരിച്ചുകൊണ്ടിരിക്കുന്നത്. കോവിഡ് കാലത്ത് പോലീസിന്റെ സേവനം മഹത്തരമായിരുന്നു. പോലീസ് കേരളത്തിലെ ജനങ്ങളെ നല്ലതുപോലെ പരിപാലിച്ചു. പോലീസിന്റെ ഭാഗത്തുനിന്നും നല്ല കാര്യങ്ങൾ ചെയ്യുമ്പോൾ അവരെ സപ്പോർട്ട് ചെയ്യാൻ ആരും തയ്യാറാകുന്നില്ല. പക്ഷേ എന്തെങ്കിലും ഒരു ചെറിയ വീഴ്ചയുണ്ടായാൽ അതിനെ വിസ്തരിച്ച് കാണിക്കാൻ തയ്യാറാകുന്നത് പോലീസിന്റെ മനോവീര്യം കെടുത്തുന്നുവെന്നുള്ള കാര്യം നാം മറക്കരുത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ പോലീസിനെ നല്ലതുപോലെ നയിക്കുന്നുണ്ടെന്ന് നമുക്കറിയാം. പോലീസിന്റെ ഭാഗത്തു നിന്നുമുണ്ടാകുന്ന കാര്യങ്ങൾക്കൊക്കെ ഗവൺമെന്റ് വേണ്ട രീതിയിലുള്ള സപ്പോർട്ടുകൾ നൽകുന്നു. കേരളത്തിലെ ഒട്ടുമിക്ക പോലീസ് സ്റ്റേഷനുകളും മികച്ചതാക്കി മാറ്റിക്കൊണ്ടിരിക്കുന്നു. പോലീസ് സ്റ്റേഷന്റെ മുഖം മാറ്റി, ആധുനിക സൗകര്യങ്ങളുണ്ടാക്കി. ആർക്കും എപ്പോഴും കടന്നുചെല്ലാവുന്ന ഒരു മാതൃകാ സ്ഥാപനമാക്കി കേരളത്തിലെ പോലീസ് സ്റ്റേഷനുകളെ മാറ്റിയിരിക്കുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ ജയിലിൽ കിടക്കുന്നവരാരും മഹാന്മാരല്ല; അവർ ക്രിമിനലുകളാണ്. അവരുടെ ക്രിമിനൽ പ്രവർത്തനങ്ങൾക്ക് കൂട്ടുപിടിച്ചുകൊണ്ട് ഗവൺമെന്റിനെ മോശമാക്കി ചിത്രീകരിക്കാൻ പ്രതിപക്ഷം ശ്രമിക്കുന്നതിനെ നമുക്ക് ന്യായീകരിക്കാൻ കഴിയില്ല. ഈ ഗവൺമെന്റ് കാർഷിക മേഖലയിൽ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. മണ്ണിലിറങ്ങാൻ മടിച്ചുനിന്നവർ പോലും വീടുകളിൽ സ്വന്തമായി ഒരു പച്ചക്കറിത്തോട്ടം വേണമെന്ന് ചിന്തിച്ച് തുടങ്ങി. ഇന്ന് എല്ലാവരുടെയും വീടുകളിൽ ഒരിനം പച്ചക്കറിയെങ്കിലും കൃഷി ചെയ്യുന്നുണ്ട്. ഇതാണ് മാറ്റം. ഇങ്ങനെയൊരു മാറ്റമുണ്ടാക്കിയ സർക്കാരാണ് കേരളം ഭരിക്കുന്നത്.

സംസ്ഥാനത്തെ ക്രമസമാധാന നില മെച്ചപ്പെടുത്താൻ ശക്തമായ സർക്കാർ ഇടപെടലുകൾ നടത്തുന്നുണ്ട്. വർഗ്ഗീയ ശക്തികളെയും പ്രചരണങ്ങളെയും ചെറുക്കുന്നതിനും വർഗ്ഗീയ സംഘർഷങ്ങളുണ്ടാക്കുന്നതിനുള്ള ശ്രമങ്ങളെ ശക്തമായി

പ്രതിരോധിക്കുന്നതിനും ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. സ്ത്രീസുരക്ഷ, കുട്ടികളുടെ സംരക്ഷണം എന്നിവയ്ക്ക് പ്രത്യേക സംവിധാനമൊരുക്കി വിവിധ പദ്ധതികൾ നടപ്പാക്കി. സംസ്ഥാനത്ത് ആദ്യമായി വനിതാ പോലീസ് ഓഫീസർമാരെ എസ്.എച്ച്.ഒ.-മാരായി നിയമിക്കുകയും എല്ലാ പഞ്ചായത്തുകളിലും നിർഭയ വോളന്റിയർമാരുടെ സേവനം ഉറപ്പാക്കുകയും ചെയ്തു. സ്ത്രീകളുടെ സഹായത്തിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ്‌ലൈൻ, സ്ത്രീ സുരക്ഷയ്ക്കായി ഷീ ടാക്സികൾ, പിങ്ക് ഓട്ടോകൾ, ഷീ ഓട്ടോ തുടങ്ങിയവ ആരംഭിച്ചു. കുറ്റാന്വേഷണം കാര്യക്ഷമമാക്കാൻ എല്ലാ ജില്ലകളിലും ക്രൈം പോലീസ് സ്റ്റേഷനുകളും സൈബർ സ്റ്റേഷനുകളും ആരംഭിച്ചു. ഇതിന്റെയൊക്കെ ഫലമായി കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ നിരവധി പുരസ്കാരങ്ങൾ കേരള പോലീസിന് ലഭിച്ചിട്ടുണ്ട്. നമ്മുടെ സ്കൂളുകളിൽ നടപ്പിലാക്കുന്ന സ്റ്റുഡന്റ് പോലീസ് കേഡറ്റ് (എസ്.പി.സി.) പദ്ധതി അതിനൊരുദാഹരണമാണ്. ഈ പദ്ധതികൾ കേരള പോലീസിന് അഭിമാനകരമായി തീർന്നിരിക്കുകയാണ്. എല്ലാ എയ്ഡഡ് സ്കൂളുകളിലും എസ്.പി.സി. പദ്ധതി അനുവദിക്കണം. അതോടൊപ്പം തന്നെ ആവശ്യപ്പെടുന്ന കോളേജുകളിലും ഈ സംവിധാനമുണ്ടാക്കണമെന്ന് വളരെ വിനീതമായി ആവശ്യപ്പെടുകയാണ്. ക്രമസമാധാനത്തിനും സ്ത്രീസുരക്ഷയ്ക്കും വിദ്യാർത്ഥികൾക്കുംവേണ്ടി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയത്. HOPE (Helping Others Promote Education), കവചം, മാലാഖ തുടങ്ങിയ നിരവധി പദ്ധതികൾ നടപ്പാക്കി. ഞാൻ എല്ലാം വിശദീകരിക്കുന്നില്ല.

സംസ്ഥാനത്തെ ജയിലുകളുടെ കാര്യം പരിശോധിക്കുകയാണെങ്കിൽ, അവിടെ വളരെ വലിയ മാറ്റങ്ങളുണ്ടായിരിക്കുന്നു. കുറ്റവാളികളെ സമൂഹത്തിലെ സാധാരണ ജീവിതത്തിലേയ്ക്ക് കൊണ്ടുവരാൻ വേണ്ടിയുള്ള പരിഷ്കാരങ്ങളാണ് നടപ്പാക്കുന്നത്. കേന്ദ്ര സർക്കാരിന്റെ കോവിഡ് പ്രവർത്തനങ്ങളിലെ വീഴ്ചകൾ ചൂണ്ടിക്കാണിച്ച 'ദൈനിക് ഭാസ്കർ' എന്ന ഹിന്ദി ദിനപ്പത്രത്തിന്റെ വിവിധ ഓഫീസുകളിൽ കഴിഞ്ഞ ദിവസങ്ങളിൽ റെയ്ഡ് നടന്നു. ഹിന്ദി ദിനപ്പത്രങ്ങളിൽ ദൈനിക് ഭാസ്കറിനാണ് ഏറ്റവും കൂടുതൽ സർക്കുലേഷനുള്ളത്. കോവിഡുമൂലം മരണപ്പെട്ടവരുടെ മൃതശരീരങ്ങൾ ഗംഗയിലൊഴുകി നടക്കുന്നുവെന്ന് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ആ പത്രത്തിന്റെ ഓഫീസുകളെല്ലാം കേന്ദ്ര സർക്കാർ റെയ്ഡ് നടത്തിയത്. അതായത് സ്വതന്ത്രമായ മാധ്യമ പ്രവർത്തനത്തിനുപോലും കേന്ദ്രസർക്കാർ സമ്മതിക്കുന്നില്ല. പക്ഷേ, കേരളത്തിൽ അങ്ങനെയല്ല. ഈ സർക്കാർ അവർക്ക് എല്ലാ രീതിയിലുമുള്ള സപ്പോർട്ടുകൾ നൽകുകയാണ്. കോർപ്പറേറ്റുകളെ കൂട്ടുപിടിച്ചുകൊണ്ട് എങ്ങും നേടാമെന്ന രീതിയിലാണ് കേന്ദ്രസർക്കാർ ഭരിക്കുന്നത്. നരേന്ദ്ര മോദി സർക്കാർ കോർപ്പറേറ്റുകൾക്കുവേണ്ടിയാണ് രാജ്യം ഭരിക്കുന്നത്. രാജ്യത്ത് വിലക്കയറ്റം രൂക്ഷമാണ്. കേന്ദ്ര സർക്കാർ കോവിഡ് പ്രതിസന്ധിയിൽ പെട്രോളിന്റെയും

ഡീസലിന്റെയും വില ദിവസവും വർദ്ധിപ്പിച്ചുകൊണ്ട് ജനങ്ങളെ എല്ലാ രീതിയിലും ഉപദ്രവിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷേ, ജനങ്ങൾക്കാവശ്യമായ എല്ലാ കാര്യങ്ങളും എത്തിച്ചുകൊടുക്കുന്ന ഒരു ഗവൺമെന്റാണ് ഇവിടെയുള്ളതെന്ന് നമുക്കറിയാം. അതാണ് പിണറായി വിജയൻ സർക്കാർ എന്നുപറയുന്നത്. അതുകൊണ്ടാണ് ഈ സർക്കാരിനെ കേരളത്തിലെ ജനങ്ങൾ വീണ്ടും തെരഞ്ഞെടുത്തത്. ഒരു കാര്യംകൂടി മാത്രമേ പറയാനുള്ളൂ. ഭൗതിക സാഹചര്യങ്ങളില്ലാത്ത ട്രാഫിക് പോലീസ് സ്റ്റേഷനുകളിൽ അവയുണ്ടാക്കാൻ നടപടി സ്വീകരിക്കണം. ചങ്ങനാശ്ശേരിയിൽ ട്രാഫിക് യൂണിറ്റുണ്ടെങ്കിലും അവിടെ ഭൗതിക സാഹചര്യങ്ങളില്ല. അതോടൊപ്പംതന്നെ ഗസറ്റ് നോട്ടിഫിക്കേഷനിലൂടെ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുന്നതിനുള്ള അധികാരം കൂടി ട്രാഫിക് പോലീസ് യൂണിറ്റുകൾക്ക് നൽകണം. മൊബൈൽ പോലീസ് പട്രോളിംഗ് സംവിധാനം കാര്യക്ഷമമാക്കി നമ്മുടെ രാജ്യത്തെ ജനങ്ങൾക്ക് പ്രയോജനകരമായിട്ടുള്ള സംവിധാനമൊരുക്കണം. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. കാലത്തിനനുസരിച്ച് പോലീസ് സേനയെ ആധുനീകരിക്കുകയും അഗ്നിശമനസേനാ വിഭാഗത്തെ ജനകീയവൽക്കരിക്കുകയും ജയിലുകളെ മനുഷ്യത്വ പരമായി നവീകരിക്കുകയും ചെയ്തതിന്റെ അനുഭവങ്ങളിലൂടെയാണ് കേരളം മുന്നോട്ടു പോകുന്നത്. അതുകൊണ്ട് കേരളത്തെ സ്നേഹിക്കുന്ന എല്ലാവരും ഈ ഗവൺമെന്റിന്റെ നയങ്ങളോടൊപ്പം ചേർന്നുനിൽക്കും എന്നതന്നെയാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. ഈ ഗവൺമെന്റ് കഴിഞ്ഞ അഞ്ചുവർഷം നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ തുടർച്ചയായാണ് പിണറായി വിജയൻ സർക്കാർ ഈ പുതിയ കാലത്ത് പോലീസ് രംഗത്തും മറ്റ് മേഖലകളിലും കാര്യങ്ങൾ നിർവ്വഹിച്ചുവരുന്നത്. ഈ ഗവൺമെന്റിനെതിരായി മുൻ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞിട്ടുള്ള കാര്യങ്ങൾ സഭ ശ്രദ്ധിച്ചതാണ്. അദ്ദേഹത്തിന് ഇത്രമാത്രം വേവലാതികളുണ്ടെന്ന് പ്രസംഗം കേട്ടപ്പോഴാണ് ബോധ്യം വന്നത്. ഒരു ഭീഷണിക്കത്തുകൊണ്ട് കേരളത്തിൽ ജീവിക്കാൻ കഴിയാത്ത സ്ഥിതിയായിരിക്കുന്നു; ഭയം തോന്നുകയാണ്; അതുകൊണ്ട് കേരളത്തിൽനിന്നും മറ്റെവിടെയെങ്കിലും പോയി ജീവിക്കണമെന്ന മട്ടിലുള്ള ഒരു നിഗമനത്തിലേയ്ക്കാണ് അദ്ദേഹം എത്തിച്ചേരുന്നത്. ഞങ്ങൾ വളരെ ബഹുമാനത്തോടുകൂടി അദ്ദേഹത്തോട് ചോദിക്കുകയാണ്, ഈ ഭയംകൊണ്ട് എവിടേയ്ക്ക് മാറിപ്പോകാനാണ് അങ്ങ് ഉദ്ദേശിക്കുന്നത്? ഭീഷണിക്കത്ത് കിട്ടാത്തവരായി ഇടതുപക്ഷത്ത് ആരാണുള്ളത്? എവിടെ നിന്നാണ് കത്ത് വരുന്നത്; കൊല്ലാൻ തീരുമാനിക്കുന്നവർ കത്തയച്ച് അറിയിച്ചിട്ട് കൊല്ലുമെന്നൊന്നും നമ്മളാരും കരുതുന്നില്ല. കത്തിനെക്കുറിച്ചൊക്കെ സമഗ്രമായ അന്വേഷണം നടത്തേണ്ടത്

അത്യാവശ്യമാണ്. ആഭ്യന്തര വകുപ്പ് അതിന് മുൻകയ്യെടുക്കുമെന്നുള്ളതിലും ഞങ്ങൾക്ക് യാതൊരു സംശയവുമില്ല. ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നതിന് പ്രതിപക്ഷത്തിന്റെ കൈവശമുള്ള ആയുധമെന്താണ്? മുസ്ലീം ലീഗിന്റെ പ്രതിനിധിയും മുൻ ആഭ്യന്തര വകുപ്പുമന്ത്രിയും പറഞ്ഞത് ഒരേ കാര്യമാണ്. അർജ്ജുൻ ആയങ്കിയും ആകാശ് തില്ലങ്കേരിയും രാമാനാട്ടുകര സംഭവവുമില്ലെങ്കിൽ ഈ ധനാഭ്യർത്ഥനകളെ എതിർക്കാൻ നിങ്ങളുടെ കയ്യിൽ എന്ത് കോപ്പാണ് ബാക്കിയുണ്ടാകുന്നത്; പ്രതിപക്ഷം പറയട്ടെ. ഏത് കാര്യത്തെ ചൂണ്ടിക്കാണിച്ചാണ് നിങ്ങൾക്ക് ഈ ഗവൺമെന്റിന്റെ ഇപ്പോഴത്തെയും കഴിഞ്ഞ അഞ്ചുവർഷക്കാലത്തെയും ഭരണത്തെ എതിർക്കാൻ സാധിക്കുന്നത്. സ്വർണ്ണക്കള്ളക്കടത്തുമായി ബന്ധപ്പെട്ട് നിൽക്കുന്നവരെ സംരക്ഷിക്കേണ്ട ചുമതല ഇടതുപക്ഷം, സി.പി.ഐ.(എം.) ഏറ്റെടുക്കുന്നില്ലെന്ന കാര്യം ഞങ്ങൾ അസന്നിഗ്ദ്ധമായി പറയുന്നു. ഒരു കുറ്റവാളിക്കും സംരക്ഷണം നൽകുന്ന നിലപാട് ഈ ഗവൺമെന്റ് സ്വീകരിക്കില്ല. ഞങ്ങളുടെ ഇടയിലുണ്ടായിരുന്ന ചിലയാളുകൾ തെറ്റായ വഴിയിലേയ്ക്ക് പോയപ്പോൾ അവർക്കെതിരെ കൃത്യമായ നിലപാടെടുക്കാൻ ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. അങ്ങനെ ചെയ്യാൻ സി.പി.ഐ.(എം.)-ന്, ഇടതുപക്ഷത്തിന് ആർജ്ജവമുണ്ട്. ഞങ്ങൾ ചോദിക്കട്ടെ, സ്വർണ്ണത്തിന്റെ കാര്യം വരുമ്പോൾ എവിടെയെങ്കിലും മുസ്ലീംലീഗ് ഇല്ലാത്ത ഒരു ഇടപാടുണ്ടോ; ഇങ്ങനെയൊക്കെയുള്ള ക്രിമിനലുകൾ കോൺഗ്രസ്സിനകത്തില്ലേ. നിങ്ങൾക്ക് തന്റേടത്തോടെ ധീരമായ നിലപാട് സ്വീകരിക്കാൻ സാധിക്കുമോ. ഞങ്ങൾ ആ നിലപാട് സ്വീകരിച്ചിട്ടുണ്ട്. അർജ്ജുൻ ആയങ്കിയുടെയോ ആകാശ് തില്ലങ്കേരിയുടെയോ സംരക്ഷണയിലോ അവരുടെ ബലത്തിലോ അല്ല സി.പി.ഐ.(എം.), ഇടതുപക്ഷം ഈ നാട്ടിൽ പ്രവർത്തിക്കുന്നത്. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഉജ്ജ്വല വിജയം നേടിയത് ഇവരുടെയാരുടെയെങ്കിലും ബലത്തിലാണോ; സൗജന്യം കൊണ്ടാണോ? ഈ ഗവൺമെന്റിന്റെ മാതൃകാപരമായ പ്രവർത്തനങ്ങളുടെ ഫലമായാണ് ഞങ്ങൾക്ക് ഈ മുന്നേറ്റമുണ്ടാക്കാൻ സാധിച്ചത്. ഞങ്ങളെ സഹായിക്കുന്ന സൈബർ ഗ്രൂപ്പ എന്നാണ് ചിലയാളുകൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. ഈ സൈബർ ലോകത്ത് ഇടതുപക്ഷത്തിന് ഒരു സൈബർ ഗ്രൂപ്പയുടെയും സഹായം വേണ്ടെന്ന് കൃത്യമായി പറയാൻ ഞങ്ങൾക്ക് തന്റേടവും ധൈര്യവുമുണ്ട്. അങ്ങനെയുള്ള നിലപാട് സ്വീകരിച്ചുമാത്രമേ ഇടതുപക്ഷം മുന്നോട്ട് പോയിട്ടുള്ളൂ.

ഇവിടെ ജയിലിനെക്കുറിച്ചൊക്കെ പറഞ്ഞതുകൊണ്ട് ഞാൻ വിശദമായി പറയുന്നില്ല. പത്തനംതിട്ട ജയിലിൽവച്ച് ഒരു യുവതി (അങ്ങനെ പറയുന്നതാണ് നല്ലത്) തയ്യാറാക്കിയ 21 പേജുള്ള CrPC 164 പ്രകാരമുള്ള സ്റ്റേറ്റുമെന്റ് വന്നല്ലോ. അത് മൂന്നുമുക്കാൽ പേജായി ചുരുങ്ങിയത് ആരുടെ ഭരണകാലത്താണ്; യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്തല്ലേ? പത്തനംതിട്ട ജയിലിൽനിന്ന് തിരുവനന്തപുരത്തെ

ജയിലിലേയ്ക്കെത്തുന്ന സമയംകൊണ്ട് 21 പേജുള്ള സ്റ്റേറ്റുമെന്റ് മൂന്നേമുക്കാൽ പേജായി ചുരുങ്ങി. ജയിലിൽ എന്താണ് സംഭവിക്കുന്നതെന്ന് നമ്മൾ കണ്ടതല്ലേ; ആ നിലയ്ക്ക് കാര്യങ്ങൾ നടക്കുന്ന സംസ്ഥാനമായി ഇപ്പോൾ കേരളം നിൽക്കുന്നുണ്ടോ? ജയിലുകളിൽ ഫോൺ ഉപയോഗിക്കുന്നുണ്ട്, മറ്റ് സഹായങ്ങളുമുണ്ട് എന്നാണ് പറയുന്നത്. ശ്രീ. ഋഷിരാജ് സിംഗ്, ഡി.ജി.പി.-യെ നിയോഗിച്ച് ജയിൽ ശുദ്ധീകരിക്കുന്നതിന് നടപടി സ്വീകരിച്ച ഗവൺമെന്റാണിത്. ഒരു ശക്തിക്കുമുന്നിലും ഒരു വിട്ടുവീഴ്ചയുടെയും നിലപാടില്ലെന്ന നയം സ്വീകരിച്ചിട്ടുള്ള സർക്കാരാണിത്. ഇപ്പോൾ ജയിലിനകത്ത് എല്ലാ ഭീകരതയും നടമാടുന്നുവെന്ന് നിങ്ങൾ പറഞ്ഞു. ശിക്ഷിക്കപ്പെട്ട് ജയിലിൽ വന്ന ഒരാൾ കൊലചെയ്യപ്പെട്ടത് ഏതുകാലത്താണ്? ഞങ്ങൾ അതൊരിക്കലും മറക്കുകയില്ല, 2004-ൽ കണ്ണൂർ സെൻട്രൽ ജയിലിനുള്ളിൽവച്ച് കുറ്റ്യാടിയിലെ രവീന്ദ്രൻ എന്ന തടവുകാരൻ നിഷ്ഠുരമായി കശാപ്പ് ചെയ്യപ്പെട്ടത് യു.ഡി.എഫ്. സർക്കാരിന്റെ കാലത്തല്ലേ? ജയിലുകളിലെല്ലാം ഇങ്ങനെയാണെന്ന് ഞങ്ങൾ പറയുന്നില്ല. അങ്ങനെ പറയാൻ പറ്റുമോ? ജയിലിനകത്ത് തെറ്റായ പ്രവണതകളുണ്ടെങ്കിൽ അതിനോട് ഇടതുപക്ഷ സർക്കാർ വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിക്കുമെന്നുള്ളതിൽ ഒരു സംശയവും വേണ്ട. നിലപാട് സ്വീകരിച്ചതന്നെ ഞങ്ങൾ മുന്നോട്ടു പോകും. കോവിഡ് കാലത്ത് പരോൾ കൊടുത്തതിനെക്കുറിച്ച് പറയുന്നു. പരോൾ കൊടുക്കണമെന്നും പരോളിലിറങ്ങിയവർ തിരിച്ച് വേഗം ജയിലിലേയ്ക്ക് വരേണ്ടതില്ലെന്നും സുപ്രീംകോടതി പറയുന്നു. ക്രിമിനലുകൾക്കുവേണ്ടി അനധികൃതമായി പരോൾ കൊടുക്കുന്നുവെന്നാണ് ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഇവിടെ ചില അംഗങ്ങൾ പറഞ്ഞത്. പരോൾ എല്ലാവരും വാങ്ങുന്നുണ്ട്. ജയിലുകളിൽ കഴിയുന്ന യു.ഡി.എഫ്. അനുഭാവികളും പരോൾ വാങ്ങിയിട്ടുണ്ട്. അത് സ്വാഭാവികമായ കാര്യമാണ്. നിയമവിരുദ്ധമായി ആർക്കെങ്കിലും പരോൾ നൽകിയിട്ടുണ്ടെന്ന് തെളിവുകളോടെ പറയാൻ സാധിക്കുമോ? നിയമവിരുദ്ധമായ ഒരു കാര്യത്തെയും ഞങ്ങൾ അംഗീകരിക്കില്ല. മുഖ്യമന്ത്രിയുടെ കസേരയിൽ മാനസിക വിഭ്രാന്തിയുള്ള ഒരാൾ ഇരിക്കുന്നുവെന്ന് നേരത്തെ ഒരു മെമ്പർ പറഞ്ഞില്ലേ; യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഇതായിരുന്നു സ്ഥിതിയെന്നുള്ളത് തർക്കമില്ലാത്ത കാര്യമല്ലേ. പോലീസുകാരനാണോ ഡി.ജി.പി.-യുടെ ജോലി ചെയ്യുന്നതെന്ന് കേരള ഹൈക്കോടതി ചോദിച്ചു. ഒരു ഗവൺമെന്റിനോട് ഹൈക്കോടതിക്ക് ഇങ്ങനെ ചോദിക്കേണ്ടിവന്നത് ഏതുകാലത്താണ്? അത് സലിം രാജാണെന്ന് ഉമ്മൻ ചാണ്ടി സാറിന് കൃത്യമായി അറിയാമല്ലോ. ഞാൻ ആ പേര് പറയണമെന്ന് ഉദ്ദേശിച്ചതല്ല. നിങ്ങൾ മറന്നുപോകാതിരിക്കണം. ജൂഡീഷ്യൽ കമ്മീഷനു മുന്നിൽ എത്രയോ മണിക്കൂറുകൾ കുറ്റവാളിയെപ്പോലെ ഇരുന്ന് വിയർത്തുകുളിച്ച് ഒരു മുഖ്യമന്ത്രിക്ക് ഇറങ്ങി വരേണ്ടിവന്നിട്ടുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നേതൃത്വമായി നിൽക്കുന്ന മുഖ്യമന്ത്രിയല്ലല്ലോ അന്നവിടെ അങ്ങനെ ഇരുന്നത്. ജൂഡീഷ്യൽ കമ്മീഷൻ ആ മുഖ്യമന്ത്രിക്കെതിരായി ഒരു കുറ്റപത്രംതന്നെ പ്രസിദ്ധീകരിച്ചത്

നമ്മൾ കണ്ടിട്ടുള്ളതല്ലേ? ഇന്ന് കേരളത്തിൽ നീതിയും ന്യായവും ശരിയായ രീതിയിൽ നടപ്പാക്കിയാണ് മുന്നോട്ടുപോകുന്നത്. ഇവിടെ ചർച്ചയ്ക്ക് തുടക്കംകുറിച്ചുകൊണ്ട് എം.എൽ.എ. സംസാരിച്ചതുപോലെ, കേരളത്തിന് എത്രയെത്ര ബഹുമതികളാണ് ലഭിച്ചിട്ടുള്ളത്. ഇതാ, ഇന്ത്യക്ക് മാതൃകയായി ഒരു സംസ്ഥാനമെന്ന് ഇൻഡ്യാ ടുഡേ പറഞ്ഞത് ഈ കേരളത്തിന്റെ കാര്യമാണ്. ക്രമസമാധാന പാലനത്തിൽ ഇന്ത്യക്ക് മാതൃകയായി മുന്നിട്ടുനിൽക്കുന്ന സംസ്ഥാനമുണ്ടെങ്കിൽ അത് കേരളമാണെന്ന് പറഞ്ഞത് കേരളത്തിനാകെ ലഭിച്ച ബഹുമതിയാണ്. അതിൽ പ്രതിപക്ഷത്തിനും ഭരണപക്ഷത്തിനും അവകാശമുണ്ട്. ഓരോ മലയാളിക്കും അഭിമാനിക്കാൻ കഴിയുന്ന കാര്യമാണത്. ഒറ്റപ്പെട്ട ചെറിയ കാര്യങ്ങൾ വച്ചുകൊണ്ട് മഹനീയമായ വഴികളിലൂടെ മുന്നോട്ടുപോകുന്ന ഈ കേരളത്തെ അപമാനിക്കുന്നതിനുവേണ്ടി നടത്തുന്ന നീക്കം ദയനീയമാണ്. നിങ്ങളുടെ ശോചനീയാവസ്ഥയാണ് അതിൽ പ്രകടമാകുന്നത്. നാളെയും അപ്പുറത്തിരിക്കേണ്ട സ്ഥിതി വരുമെന്നനിലയിൽ നിങ്ങൾ ശ്രദ്ധിച്ച് പോകുമെന്നതിന്റെ കൃത്യമായ അവസ്ഥയിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നതെന്നുള്ളത് പറയാതിരിക്കാൻ സാധിക്കുകയില്ല.

കേരളത്തിലെ പോലീസ് സംവിധാനം, അഗ്നിശമന സേനാ വിഭാഗം, ജയിൽ ഇതെല്ലാം വളരെ ഫലപ്രദമായി പ്രവർത്തിക്കുന്നു. ഞങ്ങൾ വെറുതെ പറയുന്നതല്ല. സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങളുടെ കണക്കൊക്കെ ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ചു. നേരത്തെ നമ്മുടെ എം.എൽ.എ. അതിന്റെ മുമ്പത്തെ കണക്കും ഇപ്പോഴത്തെ കണക്കും വസ്തുതാപരമായി പറഞ്ഞു. ഈ ഘട്ടത്തിൽ ഏറ്റവും വിവാദമായി ഉയർന്നുവന്ന വിഷയമാണ് സ്ത്രീധനത്തിന്റെ പേരിലുള്ള കൊലപാതകം. വളരെ നിഷ്ഠുരമായ കൊലപാതകം കേരളത്തിൽ നടന്നു. ഇന്നത്തെ മാധ്യമങ്ങളുടെയൊക്കെ സാധ്യതകൾ വച്ചുകൊണ്ട് അത്തരം സംഭവങ്ങൾ ലോകം മുഴുവനെത്തിക്കാൻ സാധിക്കുന്നുണ്ടെന്നുള്ളത് നല്ല കാര്യമാണ്. കാരണം ഇത്തരം പ്രവണതകളെ ചെറുക്കുന്നതിനുവേണ്ടി സമൂഹത്തെ ബോധവൽക്കരിക്കുന്നതിന് വഴിയൊരുക്കുന്ന കാര്യമാണ്. യു.ഡി.എഫ്. സർക്കാരിന്റെ കാലം അവസാനിക്കുന്ന 2016-ൽ സ്ത്രീധനത്തിന്റെ പേരിൽ കൊലചെയ്യപ്പെട്ടിട്ടുള്ളവരുടെ എണ്ണം എത്രയാണെന്ന് അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രിക്ക് പറയാൻ കഴിയുമോ? അന്ന് കൊല ചെയ്യപ്പെട്ടവരുടെ എണ്ണം 25 ആണ്. ഓരോ വർഷവും നിങ്ങളെടുത്ത് പരിശോധിക്കുക. ഇടതുപക്ഷ ജനാധിപത്യമുന്നണി അധികാരത്തിൽവന്ന് ഒരു വർഷം കഴിയുമ്പോൾ അത് 12 ആയി ചുരുങ്ങി. 2018-ൽ 17-ഉം 2019-ലും 2020-ലും 6-ഉം ആണ്. 2021-ലും രണ്ടുമൂന്ന് സംഭവങ്ങളുണ്ടായിട്ടുണ്ട്. ജനങ്ങളെ ബോധവൽക്കരിച്ച് നിയമപരമായ കടുത്ത നിലപാടുകളിലൂടെ ഈ ഗവൺമെന്റിന് മുന്നോട്ട് പോകാൻ സാധിക്കുന്നതുകൊണ്ടാണ് സ്ത്രീധനത്തിന്റെ പേരിലുള്ള മാരകമായ ഹത്യകൾ കേരളത്തിൽ നിയന്ത്രിച്ചുനിർത്തുന്നതിന് സാധിക്കുന്നതെന്നുള്ളത് ചെറിയ കാര്യമല്ല.

കേരളത്തിലെ ക്രമസമാധാനത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. 2011-16-ൽ കേരളത്തിൽ നടന്നിട്ടുള്ള കൊലപാതകത്തിന്റെ എണ്ണം 1791-ഉം 2016-21-ൽ 1378-ഉം ആണ്. അതായത് മൂന്നിലൊന്നായി ചുരുങ്ങി. യു.ഡി.എഫ്. സർക്കാരിന്റെ കാലത്തെ ഭവന ഭേദന കേസുകൾ 15241-ഉം ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ കാലത്ത് 10424-ഉം ആണ്. കൂടാതെ കവർച്ചയുടെ കണക്കുകളുമുണ്ട്. ഗവൺമെന്റിന്റെ കയ്യിലുള്ള ഈ കണക്കുകൾ എല്ലാവർക്കും ലഭിക്കുന്നതല്ലേ? യു.ഡി.എഫ്. ഭരണ കാലത്തെ കവർച്ചാ കേസുകൾ 385-ഉം ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണകാലത്ത് 327-ഉം ആണ്. കുറ്റകൃത്യങ്ങൾ സമ്പൂർണ്ണമായും ഇല്ലാതായെന്ന് ഞങ്ങൾ പറയുന്നില്ല. പക്ഷേ അവയെ നിയന്ത്രിച്ച് കൊണ്ടുവരുന്നതിന് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി എല്ലാ മേഖലയിലും പോലീസിന്റെയും മറ്റ് സംവിധാനങ്ങളുടെയും ഇടപെടൽ ശക്തിപ്പെടുത്താൻ ഇക്കാലത്ത് കഴിഞ്ഞിട്ടുണ്ടെന്നുള്ളത് എല്ലാവർക്കും ബോദ്ധ്യമുള്ള കാര്യമാണ്. രാഷ്ട്രീയ വിരോധംവച്ച് ആരെയെങ്കിലും തടവിലിടാൻ ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ലെന്നുള്ളത് അസന്ദിഗ്ധമായി പറയാൻ ഞങ്ങൾക്ക് അഭിമാനമുണ്ട്. ഈ സഭയിലെ ഏറ്റവും സീനിയറായ നേതാവാണ് മണിയാശാൻ. നിങ്ങൾ അദ്ദേഹത്തെ തടവിലിട്ടു. അതുകൊണ്ട് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ മണിയാശാന് 30 ഇരട്ടി വോട്ട് കൂടുതൽ ലഭിച്ചു. അങ്ങനെ എത്രപേരെ നിങ്ങൾ ജയിലിലാക്കി. രാഷ്ട്രീയ വിരോധംവച്ച് ഞങ്ങളും ആ നിലപാട് സ്വീകരിച്ചിരുന്നെങ്കിൽ പ്രതിപക്ഷത്തുള്ള എത്രപേർ ഇപ്പോൾ ജയിലിൽ കിടക്കേണ്ടിവരുമായിരുന്നു? ആ നിലപാടല്ല ഈ ഗവൺമെന്റിന്റെ നിലപാട്. ഇവിടെ നീതിയും സത്യവും ന്യായവും ശരിയായ രീതിയിൽ പുലരണമെന്ന് ഇടതുപക്ഷം ആഗ്രഹിക്കുന്നു. അതിന് സഹായകമാകുന്ന ധനാഭ്യർത്ഥനകളാണ് ഈ സഭയുടെ മുന്നിൽ വച്ചിട്ടുള്ളത്. അതിനെ പിന്തുണച്ചുകൊണ്ട് ഞാൻ ഉപസംഹരിക്കുന്നു.

<u>ശ്രീമതി കെ. കെ. രമ</u>: സർ, 2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ XII, XIII, XIV, XXIII എന്നീ നമ്പർ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. സ്വർണ്ണക്കള്ളക്കടത്ത്, കുഴൽപ്പണത്തട്ടിപ്പ്, രാഷ്ട്രീയ കൊലപാതകങ്ങൾക്കും ക്വട്ടേഷൻ മാഫിയ സംഘങ്ങൾക്കും ലഭിക്കുന്ന ഭരണ സംരക്ഷണം, ഇഷ്ടക്കാരായ തടവുകാർക്ക് ലഭിക്കുന്ന ചട്ട വിരുദ്ധ പരോൾ, പോക്സോ കേസുകളിൽ തെളിവ് നശിപ്പിക്കൽ എന്നിവയാണ് സംസ്ഥാനത്ത് നടക്കുന്നത്. നമ്മുടെ ജയിലിലും പോലീസ് സംവിധാനത്തിലുമെല്ലാം നമ്മുടേതായ ജനാധിപത്യ ബോധമത്രയും ഹനിക്കുന്ന കാഴ്ചകളുടെ തുടർച്ചയല്ലേ കേരളം കാണുന്നത്. ഈ യാഥാർത്ഥ്യങ്ങളെ മറച്ചുവയ്ക്കാനും സർക്കാരിന്റെ ഇല്ലാപ്പെരുമ പ്രചരിപ്പിക്കാനുമായി സർക്കാർ പ്രചരണത്തിനുപരി ഭരിക്കുന്ന പാർട്ടിയുടെ രാഷ്ട്രീയ പ്രചരണോപാധിയായി

സർക്കാരിന്റെ വാർത്താവിതരണ പ്രചരണ വകുപ്പുകളെ മാറ്റിത്തീർക്കുന്ന കാലത്താണ് ഈ ധനാഭ്യർത്ഥനകൾ സഭയിൽ പാസ്സാക്കാനായി അവതരിപ്പിച്ചിരിക്കുന്നത്. കോവിഡ് ലോക്ഡൗണിൽപ്പെട്ട് പട്ടിണിയിലായ പാവങ്ങളുടെ നികുതിപ്പണത്തിൽനിന്ന് കോടിക്കണക്കിന് രൂപ ഉപയോഗിച്ച് നടത്തുന്ന ഇത്തരം പ്രചരണ കോലാഹലങ്ങൾക്കുള്ള ചെലവുകളാണോ ഈ ധനാഭ്യർത്ഥന ചർച്ചയിൽ ഞങ്ങൾ അംഗീകരിക്കേണ്ടത്. ഒരു ജനാധിപത്യ ഭരണക്രമത്തിൽ നീതിനിർവ്വഹണ പ്രക്രിയയുടെ അവിഭാജ്യ ഘടകമാണ് ജയിലുകളുടെ കാര്യക്ഷമമായ നടത്തിപ്പ്. പക്ഷേ നമ്മുടെ സംസ്ഥാനത്തെ ജയിലുകളിൽ പലതിന്റേയും പ്രവർത്തനം ജനാധിപത്യ കാഴ്ചപ്പാടിനനുസൃതമല്ലെന്ന് നൂറുകണക്കിന് അനുഭവങ്ങളുടെയും റിപ്പോർട്ടുകളുടെയും വെളിച്ചത്തിൽ ഖേദപൂർവ്വം ചൂണ്ടിക്കാണിക്കേണ്ടിവരികയാണ്. കേരള പ്രിസൺസ് ആൻഡ് കറക്ഷണൽ സർവ്വീസസ് എന്നാണല്ലോ നമ്മുടെ ജയിൽ വകുപ്പിന്റെ ഔദ്യോഗികമായ നാമധേയം. നമ്മുടെ ജയിലുകളിൽ നടന്നുകൊണ്ടിരിക്കുന്ന കറക്ഷൻ സർവ്വീസ് എന്താണ്? രാഷ്ട്രീയ ഭരണ സ്വാധീനമുള്ള കൊടുംകുറ്റവാളികളാണ് കഴിഞ്ഞ കുറെ വർഷങ്ങളായി നമ്മുടെ ജയിലുകൾ ഭരിച്ചുകൊണ്ടിരിക്കുന്നതെന്ന അതീവ ഗുരുതരമായ പ്രശ്നം ഞങ്ങളേപ്പോലുള്ള പ്രവർത്തകർ എത്രയോ പ്രാവശ്യം ചൂണ്ടിക്കാണിച്ചതാണ്. അന്നൊക്കെ സാങ്കേതികമായ മറുപടിയിലൂടെ തലയൂരിയ സർക്കാരിനും ജയിൽ വകുപ്പിനുമെല്ലാം തലയൂരാനും കൈമലർത്താനും കഴിയാത്തവിധം തെളിവുകളുടെ ഘോഷയാത്ര നടക്കുകയാണ്. കറക്ഷൻ സെന്റർ എന്നതിനുപകരം കേരളത്തിലെ ജയിലുകൾ ക്വട്ടേഷൻ കോൾ സെന്ററുകളായി പ്രവർത്തിക്കുന്നതിന്റെ അപമാനകരമായ അനുഭവങ്ങൾക്കുമുമ്പിൽ നാമെല്ലാം നാണിച്ച് തലകുനിച്ച് നിൽക്കേണ്ട അവസ്ഥയാണ് വന്നുചേർന്നിരിക്കുന്നത്. മൊബൈൽ ഫോണുകൾ, സിം കാർഡുകൾ, ഫോൺ ചാർജ്ജറുകൾ, പവർബാങ്കുകൾ, റീചാർജ്ജ് ബാറ്ററികൾ, ഹെഡ് ഫോണുകൾ, മദ്യം, മയക്കുമരുന്ന്, ആയുധങ്ങൾ തുടങ്ങി തങ്ങളുടെ സ്വന്തം ക്രിമിനൽ സംഘങ്ങൾക്കാവശ്യമായതെന്തും ജയിലറയ്ക്കുള്ളിൽ ലഭ്യമാക്കുന്ന ആസൂത്രിത ക്രിമിനൽ പ്രവർത്തനമാണ് ഏറെ വർഷങ്ങളായി നമ്മുടെ ജയിലുകളിൽ യഥേഷ്ടം നടമാടിക്കൊണ്ടിരിക്കുന്നത്. അതീവ സുരക്ഷ ഉറപ്പാക്കേണ്ട ജയിലുകളിൽപ്പോലും ഗുണ്ടാസംഘങ്ങളെ നിയന്ത്രിക്കാനും സംഘടിത ക്രിമിനൽ പ്രവർത്തനങ്ങൾ തടയാനും കഴിയുന്നില്ലങ്കിൽ വകുപ്പുമന്ത്രി എന്തിനാണ് തൽസ്ഥാനത്ത് തുടരുന്നത്? സംസ്ഥാനത്തെ ഏറ്റവും സുശക്തമായ സായുധ സുരക്ഷയുള്ള ജയിലുകൾക്കുള്ളിലേയ്ക്ക് മുഖ്യമായും സി.പി.ഐ.(എം.) ക്രിമിനൽ ക്വട്ടേഷൻ സംഘങ്ങൾക്കുവേണ്ടി ഇങ്ങനെ സംഘടിതമായും നിയമവിരുദ്ധമായും സാധനങ്ങൾ കടത്തുന്ന ചാനലുകളെക്കുറിച്ച് നാളിതുവരെ എന്ത് അന്വേഷണമാണ് നടന്നിട്ടുള്ളത്; അത്തരം സംഭവങ്ങളിൽ ആരെയൊക്കെയാണ് പ്രതിചേർത്ത് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്; ആ കേസുകളിൽ ഏതൊക്കെ

പ്രതികൾക്കാണ് നിയമാനുസൃതമായ ശിക്ഷ ലഭിച്ചിട്ടുള്ളത്; ഇതുസംബന്ധിച്ച് സഭയിൽ വിശദീകരിക്കാനുള്ള ആർജ്ജവം മുഖ്യമന്ത്രിക്കുണ്ടോ? ടി. പി. ചന്ദ്രശേഖരൻ വധക്കേസ്സ് പ്രതികളായ കൊടി സുനിയും മുഹമ്മദ് ഷാഫിയും കിർമാണി മനോജുമുൾപ്പെടെയുള്ള കൊടുംക്രിമിനലുകൾ ജയിലുകളിൽ നടത്തുന്ന ഗുരുതരമായ നിയമവിരുദ്ധ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഈ സംസ്ഥാനത്തെ മാധ്യമങ്ങളും ഞങ്ങളെപ്പോലുള്ള പൊതുപ്രവർത്തകരുമെല്ലാം ഉന്നയിച്ച നൂറുകണക്കിന് പരാതികളിലൊന്നിലെങ്കിലും സത്യസന്ധമായി അന്വേഷണം നടത്താൻ കഴിഞ്ഞിട്ടുണ്ടോ? ഈ കൊടും ക്രിമിനൽ സംഘത്തിന് നമ്മുടെ ജയിൽ വകുപ്പ് വാരിക്കോരിക്കൊടുത്ത അനർഹമായ പരോൾ ആനുകൂല്യങ്ങൾ പരസ്യമായി കഴിഞ്ഞിട്ടുണ്ട്. ഈ ആനുകൂല്യങ്ങൾ പിൻപറ്റി എന്തെല്ലാം ക്രിമിനൽ പ്രവർത്തനങ്ങൾക്കും ദേശവിരുദ്ധ പ്രവർത്തനങ്ങൾക്കുമാണ് ഈ സംഘം നേതൃത്വം കൊടുക്കുന്നത്. രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയെത്തന്നെ തകർക്കാൻ ഉന്നമിടുന്ന രാജ്യാന്തര കള്ളക്കടത്ത് സംഘങ്ങളുമായി ചേർന്ന് സി.പി.ഐ.(എം.) നേതൃത്വത്തിന്റെ അതിവിശ്വസ്തരായ ടി. പി. വധക്കേസ് പ്രതികളും സംഘവും ജയിലുകളിൽക്കിടന്ന് ജയിൽ വകുപ്പിന്റെ ഒത്താശയോടെ യഥേഷ്ടം അധോലോക ഇടപാടുകളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. കരിപ്പൂർ സ്വർണ്ണ കള്ളക്കടത്തുമായി ബന്ധപ്പെട്ട് രാമനാട്ടുകരയിലുണ്ടായ യാദൃശ്ചികമായ വാഹനപ കടമാണ് അധോലോക ഇടപാടുകൾ വീണ്ടും വെളിച്ചത്തിലേയ്ക്ക് കൊണ്ടുവന്നത്. അല്ലാതെ ഏതെങ്കിലും തരത്തിലുള്ള പോലീസ് അന്വേഷണത്തിന്റെ ഭാഗമായിട്ടല്ല. അർജ്ജുൻ ആയങ്കിമാർക്കും ആകാശ് തില്ലങ്കേരിമാർക്കുമൊക്കെ പാർട്ടി ബന്ധമില്ലന്ന് പറഞ്ഞ് ഇപ്പോഴും സി.പി.ഐ.(എം.) നേതൃത്വം പതിവ് കൈകഴുകൽ പ്രഹസനമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. സി.പി.ഐ.(എം.)-നുവേണ്ടി ഷുഹൈബ് എന്ന ചെറുപ്പക്കാരനെ അരിഞ്ഞുതള്ളിയ പാർട്ടിയുടെ വിശ്വസ്ത ക്രിമിനലാണ് ആകാശ് തില്ലങ്കേരി. ഷുഹൈബ് വധക്കേസിൽ കണ്ണൂർ സെൻട്രൽ ജയിലിൽ കിടക്കുമ്പോൾ ഈ സർക്കാർ എന്തെല്ലാം വഴിവിട്ട സഹായങ്ങളാണ് തില്ലങ്കേരിക്കൊക്കെ ചെയ്തുകൊടുത്തതെന്ന് കേരളം കണ്ടതല്ലേ? സ്വർണ്ണക്കടത്ത് കേസ് പ്രതി മുഹമ്മദ് ഫയാസ് കോഴിക്കോട് ജയിലിൽ കാണാനെത്തിയത് സി.പി.ഐ.(എം.) ജില്ലാ സെക്രട്ടറി പി. മോഹനനെ ആയിരുന്നുവെന്ന് സി.സി.ടി.വി. ദൃശ്യങ്ങളിലൂടെ നാം നേരിട്ട് കണ്ടതാണ്. കള്ളക്കടത്ത് കേസ് പ്രതിയായ കാരാട്ട് ഫൈസലിന്റെ 'ക്രൂപ്പർ' കാറിൽ കൊടുവള്ളിയിൽ ജന ജാഗ്രതാ ജാഥ നയിച്ചത് ഏതെങ്കിലുമൊരു ലോക്കൽ നേതാവല്ല, സി.പി.ഐ.(എം.)-ന്റെ പൊളിറ്റ് ബ്യൂറോ അംഗമായ സാക്ഷാൽ കോടിയേരി ബാലകൃഷ്ണൻ തന്നെയായിരുന്നു. ആറ് മാസം മുൻപുനടന്ന തദ്ദേശ തെരഞ്ഞെടുപ്പിൽ കൊടുവള്ളി നഗരസഭയിലേയ്ക്ക് മത്സരിച്ച സ്വന്തം പാർട്ടി സ്ഥാനാർത്ഥിയെ പൂജ്യം വോട്ടിൽ നാണംകെടുത്തി കാരാട്ട് ഫൈസലിനെ വോട്ടുമറിച്ച് ജയിപ്പിച്ചതിന്റെ പിന്നിൽ എത്ര സമുന്നതരായ നേതാക്കളുണ്ടാകുമെന്ന്

സി.പി.ഐ.(എം.)-ന്റെ സംഘടനാ സംവിധാനമറിയുന്ന ആർക്കും ഊഹിക്കാവുന്നതാണ്. സ്വന്തം സ്ഥാനാർത്ഥിയുടെയോ പാർട്ടി ബ്രാഞ്ച് സെക്രട്ടറിയുടെയോ വോട്ടുപോലും അദ്ദേഹത്തിന് ലഭിച്ചില്ല. ജയിലിൽ കിടക്കുന്ന ഈ കൊട്ടംകുറ്റവാളി സംഘത്തിന്റെ വ്യക്തിപരമായ കാര്യങ്ങൾ മുഴുവൻ നിറവേറ്റുന്നത് സി.പി.ഐ.(എം.)-ന്റെ പ്രമുഖ നേതാക്കന്മാർ തന്നെയല്ലേ? മുഹമ്മദ് ഷാഫി എന്ന കൊട്ടംക്രിമിനലിന്റെ കല്യാണം നടത്തിക്കൊടുക്കാൻ നിർലജ്ജം പോയത് നമ്മുടെ സഭാംഗം കൂടിയായ ബഹുമാനപ്പെട്ട തലശ്ശേരി അംഗമല്ലേ? നമ്മുടെ ജയിലുകൾ തീർച്ചയായും തിരുത്തൽ കേന്ദ്രങ്ങളായി മാറുകതന്നെവേണം. അതിന് ജയിൽ വകുപ്പിനെയാണ് ആദ്യം തിരുത്തേണ്ടത്. ജയിൽ ഭരണം കക്ഷി-രാഷ്ട്രീയ ഇടപെടലിൽനിന്ന് പൂർണ്ണമായും വിമുക്തമാക്കുന്നതിനുള്ള നടപടികളുണ്ടാകണം. അത് സ്വതന്ത്ര ജുഡീഷ്യൽ സംവിധാനത്തിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരേണ്ടത് ആവശ്യമാണ്. ജയിൽ വകുപ്പിനെ ആധുനിക കാഴ്ചപ്പാടോടെ നയിക്കുന്നതിന് എക്സ്പെർട്ട് കമ്മിറ്റി രൂപവൽക്കരിക്കണം. നിർഭയവും നീതിയുക്തവുമായ തീരുമാനങ്ങളെടുക്കാൻ ജയിൽ വകുപ്പിന് സ്വാതന്ത്ര്യമുണ്ടാകണം. പരോളും ശിക്ഷാ ഇളവുകളും നിഷ്പക്ഷമായി നിർവ്വഹിക്കപ്പെടുന്നതിനാവശ്യമായ തിരുത്തൽ നടപടിക്രമങ്ങളാണ് വരുത്തേണ്ടത്. പൊതു നീതിനിർവ്വഹണത്തിൽ ഇത്രയേറെ അലംഭാവം കാണിക്കുന്ന സർക്കാർ, രാഷ്ട്രീയ കൊലപാതകങ്ങൾ നടത്തിയ പ്രതികളെയും ഉന്നത നേതാക്കളെയും സംരക്ഷിക്കാൻ പൊതുജനാവിൽനിന്ന് കോടിക്കണക്കിന് രൂപ ചെലവഴിക്കുന്നത് കേരളം കണ്ടതാണ്. കൊച്ചുകുട്ടികൾക്കുനേരെ നടക്കുന്ന പീഡനങ്ങൾ, കൊല പാതകങ്ങൾ, കൊടകര കുഴൽപ്പണക്കേസ്, സ്വർണ്ണക്കടത്ത് കേസ്, മരംമുറി കേസ് തുടങ്ങി എല്ലാ കേസ്സുകളും അട്ടിമറിക്കപ്പെടുകയോ ഒത്തുതീർപ്പാക്കുകയോ ചെയ്യുകയാണ്. ഇതൊന്നും പോലീസിന്റെ കഴിവുകേടല്ല. എത്രയോ വിഷയങ്ങളിൽ കേരള പോലീസ് മികവുറ്റ അന്വേഷണം കാഴ്ചവച്ചിട്ടുണ്ട്. ഭരണ നേതൃത്വത്തിന്റെ അവിഹിതമായ ഇടപെടൽകൊണ്ടാണ് കേരളം ഈ കാണുന്ന ഭീകരാവസ്ഥയിൽ എത്തിച്ചേർന്നിരിക്കുന്നത്. തീർച്ചയായിട്ടും ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്.

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, 'പുതിയ കാലം പുതിയ പോലീസ്' എന്ന നയവുമായി വളരെ ശ്രദ്ധാപൂർവ്വം ജനങ്ങളോടൊപ്പം പ്രവർത്തിക്കുന്ന കേരള പോലീസിനും ഫയർ ഫോഴ്സിനുംവേണ്ടി അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. ഈ സർക്കാരിനെ സംബന്ധിച്ചിടത്തോളം പോലീസ് വകുപ്പ് ഏറ്റവും നല്ല പ്രവർത്തനമാണ് കാഴ്ചവയ്ക്കുന്നത് എന്നുള്ളതിന് ഒരുപാട് പുരസ്കാരങ്ങളാണ് ലഭിച്ചിട്ടുള്ളത്. ഏതുകാര്യത്തിലാണ് നമുക്ക് എതിർക്കാൻ സാധിക്കുക; വനിത ബറ്റാലിയൻ, ജനമൈത്രി പോലീസ്, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, ഹോപ്പ്,

കവചം, മാലാഖ, ഇ-ചെലാൻ, ടോക്ക് വിത്ത് കോപ്സ്, ലോക്ഡൗൺ- താങ്ങും തണലും, ചിരി, ഒരു വയർ ഊട്ടാം വിശപ്പകറ്റാം, പ്രശാന്തി, ഇ-വിദ്യാരംഭം, POL-APP തുടങ്ങിയ നിരവധി പദ്ധതികളുമായി സന്ദർഭോചിതമായി നമ്മുടെ പോലീസ് സമൂഹത്തിൽ ഇടപെടുകൊണ്ടിരിക്കുകയാണ്. കോവിഡ് സാഹചര്യത്തിൽ രാത്രി കാലങ്ങളിൽ ഭക്ഷണം ലഭിക്കാത്ത ദീർഘദൂര ലോറിക്കാർക്കുൾപ്പെടെ ഭക്ഷണം എത്തിച്ചുകൊടുത്തും ഓൺലൈൻ പഠനം നടത്തുന്ന വിദ്യാർത്ഥികളെ സഹായിച്ചും അത്യാവശ്യക്കാർക്ക് മരുന്ന് എത്തിച്ചും പ്രയാസമനുഭവിക്കുന്ന എല്ലാ മേഖലകളിലും സഹായം എത്തിച്ചും വർത്തമാന കാലഘട്ടത്തിലെ എല്ലാ കാര്യങ്ങളിലും ഇടപെട്ടു കൊണ്ടാണ് നമ്മുടെ സംവിധാനങ്ങൾ മുമ്പോട്ടുപോകുന്നത്. അതിന് ഏറ്റവും വലിയ ഉദാഹരണം നമ്മുടെ പോലീസ് സ്റ്റേഷനുകളാണ്. അവയൊക്കെ എത്ര സ്മാർട്ടാണ്. ഞാൻ കുന്ദമംഗലത്തു നിന്നാണ് വരുന്നത്. കേരളത്തിലെ ഏറ്റവും നല്ല മൂന്ന് പോലീസ് സ്റ്റേഷനുകളിൽ ഒന്ന് കുന്ദമംഗലത്താണ്. എന്റെ നിയോജക മണ്ഡലത്തിലെ പന്തീരാങ്കാവിൽ പുതിയ പോലീസ് സ്റ്റേഷൻ അനുവദിച്ചിട്ടുണ്ട്. അതിന്റെ പുതിയ കെട്ടിടത്തിന് രണ്ട് കോടി രൂപയാണ് സർക്കാർ നൽകിയിരിക്കുന്നത്. മറ്റൊന്ന് മാവൂർ പോലീസ് സ്റ്റേഷനാണ്. ഈ പോലീസ് സ്റ്റേഷനുകളൊക്കെയൊന്ന് വന്നുകാണണം. പഴയ രൂപവും ഭാവവും ഒന്നുമല്ല ഇന്ന് പോലീസ് സ്റ്റേഷനുകൾക്കുള്ളത്. കുന്ദമംഗലം പോലീസ് സ്റ്റേഷന്റെ ലോക്കപ്പ് റൂമിൽ ഇന്നുവരെ ആർക്കും കഴിയേണ്ടി വന്നിട്ടില്ല. അങ്ങനെ വന്നാൽ മഴയുൾപ്പെടെയുള്ള പ്രകൃതി ഭംഗി ആസ്വദിക്കാൻ സാധിക്കുന്ന സാഹചര്യം ഇന്ന് നമ്മുടെ പോലീസ് സ്റ്റേഷനിലുണ്ട്. അങ്ങനെ എല്ലാ പോലീസ് സ്റ്റേഷനുകളും സ്മാർട്ടായി വരികയാണ്. പുതിയ സബ്ഡിവിഷനുകൾ രൂപീകരിച്ചുകൊണ്ട് പോലീസുകാരുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ സൗകര്യം ഏർപ്പെടുത്തുന്ന ഒരു സംവിധാനം കൂടി ഈ സംസ്ഥാനത്തുണ്ട്. അങ്ങനെ ഈ സർക്കാർ എല്ലാ മേഖലകളിലും വളരെ ശക്തമായ നിലപാടുകൾ സ്വീകരിക്കുന്നു. ഭദ്രമായ ക്രമസമാധാനത്തിനുവേണ്ടി, പോലീസിനുവേണ്ടി അവതരിപ്പിച്ചിരിക്കുന്ന ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഇവിടെ ആഭ്യന്തര വകുപ്പിനെ സംബന്ധിച്ച് കുഴൽപ്പണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. സാധാരണയായി പോലീസുകാർ ഒരു മോട്ടോർസൈക്കിൾ പരിശോധിക്കുമ്പോൾ അതിൽനിന്നും പത്ത് ലക്ഷം രൂപ ലഭിച്ചാൽ അത് കളവ് മുതലാണോ എന്ന് പരിശോധിക്കും. അല്ലെങ്കിൽ ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റിനെയോ ഇ.ഡി. (എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്)-യെയോ ഏൽപ്പിക്കും. അവർ അതിന്റെ ഇൻകം ടാക്സ് കഴിച്ച് ബാക്കി രൂപ തിരിച്ച് നൽകും. അങ്ങനെയാണല്ലോ പത്ത് കോടി രൂപയുടെ കാര്യത്തിൽ സംഭവിച്ചത്. മൂന്നേമുക്കാൽ കോടി എടുത്തിട്ട് ബാക്കി നൽകിയില്ലേ. ഇവിടെ ചിലയാളുകൾ പറയുന്നത്, ഇ.ഡി.-യെ ഏൽപ്പിക്കണം, ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റിനെ

ഏൽപ്പിക്കണമെന്നാണ്. അത് ഏൽപ്പിക്കാതെ തന്നെ എടുക്കാനുള്ള സ്വാതന്ത്ര്യം അവർക്കുണ്ട്. പക്ഷേ, അവരത് ചെയ്യുന്നില്ല. ഏൽപ്പിച്ചുകൊടുത്താൽ ഇൻകം ടാക്സ് കഴിച്ച് ബാക്കി രൂപ കിട്ടുമെന്നാണ് ഇവിടെ ചിലയാളുകൾ പറയുന്നത്. ഇതുപോലെയുള്ള കാര്യങ്ങൾ പറയുകയും ആളുകളെ തെറ്റിദ്ധരിപ്പിക്കുകയും ചെയ്തുകൊണ്ടുള്ള ഒരു സമീപനമാണ് ഇവിടെ ചിലർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

2.00 P.M.]

ഇവിടെ പോലീസ് വകുപ്പ് വളരെ ശക്തമാണ്. പക്ഷേ, നമ്മുടെ നാട്ടിൽ ചില പ്രവണതകൾ വളർന്നുവരുന്നുണ്ട്. മുസ്ലീം സമുദായത്തിന് മുറിവേറ്റുവെന്നുള്ള മുദ്രാവാക്യവുമായി ചിലയാളുകൾ മുന്നോട്ടുവരുന്നുണ്ട്. നമ്മുടെ ഇന്റലിജൻസ് സംവിധാനം കൂടുതൽ ശക്തമായി നിൽക്കേണ്ട ഒരു കാലഘട്ടമാണിതെന്ന് ഓർമ്മിപ്പിക്കാൻ വേണ്ടിയാണ് ഞാനിത് പറയുന്നത്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 80:20 അനുപാതം സംബന്ധിച്ച കേസ് പരിഗണിച്ചപ്പോൾ ഗവൺമെന്റ് ആവശ്യമായ കാര്യങ്ങൾ ബോധിപ്പിച്ചിട്ടില്ലെന്ന ഒരു പരാമർശം നടത്തുകയുണ്ടായി. ഈ കേസിൽ കേരളാ ഗവൺമെന്റ് മാത്രമാണോ കക്ഷിയായുണ്ടായിരുന്നത്? Minority Indians Planning and Vigilance Commission Trust-ന്റെ റെപ്രസന്റേറ്റീവായി യു.ഡി.എഫ്.-ന്റെ കാലത്ത് അഡീഷണൽ അഡ്വക്കേറ്റ് ജനറലായിരുന്ന വി. കെ. ബീരാൻ, അഡ്വക്കേറ്റ് ഹാരിസ് ബീരാൻ എന്നിവർ ഹാജരായി ഇക്കാര്യത്തിൽ കൃത്യമായി വാദിച്ചിട്ടുണ്ട്. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഈ വാദങ്ങളൊന്നും അംഗീകരിച്ചില്ല. ഈ കേസിൽ ഗവൺമെന്റിനൊപ്പംനിന്ന് വാദമുയർത്തിയ സംഘടനകളുണ്ട്. അക്കാര്യങ്ങളൊക്കെ മറച്ചുവച്ച് ചിലർ മുസ്ലീം സമുദായത്തിന് മുറിവേറ്റെന്ന തരത്തിലുള്ള തെറ്റായ പ്രചരണങ്ങൾ നടത്തുകയാണ്. അതുകൊണ്ടാണ് വിജിലൻസ് സംവിധാനം കൂടുതൽ ശക്തമാക്കണമെന്ന് ഞാൻ പറയുന്നത്. നമ്മുടെ രാജ്യത്തെ ക്രമസമാധാനനില വഷളാക്കാൻ നിരന്തരമായ ശ്രമം നടന്നുകൊണ്ടിരിക്കുന്നുവെന്നുള്ള വസ്തുതയാണ് ഞാൻ ഇവിടെ സൂചിപ്പിക്കുന്നത്. ഇവിടെ മുറിവേറ്റത് അപ്പുറത്തിരിക്കുന്ന ആളുകൾക്കാണ്. കാരണം 10 വർഷം പ്രതിപക്ഷത്തിരിക്കാനുള്ള ശേഷി അവർക്കില്ല. അതുകൊണ്ട് അവർക്കാണ് യഥാർത്ഥത്തിൽ മുറിവേറ്റിട്ടുള്ളത്. നമ്മുടെ നാട്ടിൽ ചിലർ പ്രചണ്ഡ പ്രചരണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ന്യൂനപക്ഷ വിഭാഗങ്ങൾക്കായുള്ള പദ്ധതികളൊക്കെ ചിലയാളുകൾക്ക് മാത്രമാണ് ലഭിക്കുന്നതെന്നുള്ള ഒരു പ്രചരണവും നടക്കുന്നുണ്ട്. ഒരു ഭാഗത്തുനിന്ന് സമുദായത്തിന് മുറിവേറ്റെന്ന് പറയുന്നു, മറുഭാഗത്തുനിന്ന് മറ്റുചില കാര്യങ്ങൾ പറയുന്നു. കേന്ദ്ര സർക്കാർ പദ്ധതികളിൽ ഈരാറ്റുപേട്ടയിൽ ഒരു പദ്ധതി അംഗീകരിച്ചത് ഞാൻ പറയാം. Outlying Land of Meenachil River, മീനച്ചിലാർ നന്നാക്കിയാൽ ആർക്കാണ് അതിന്റെ ഗുണം ലഭിക്കുന്നത്? അത്

ഏതെങ്കിലുമൊരു സമുദായത്തിന് മാത്രമല്ല. അതുപോലെതന്നെ Tripangode-Construction of building for CSE (Centre for Social Excellence), Alingal & Construction of classroom building for Government Upper Primary School; Manjeri - Construction of classroom building for Government Vocational Higher Secondary School, Manjeri Municipality-Construction of classroom building for Government Girls Higher Secondary School; Kottakkal Municipality - Construction of classroom building for Government Rajah's Higher Secondary School; Malappuram Municipality - Integrative Centre for Ayurveda and Yoga. എല്ലാവർക്കും പ്രയോജനം ലഭിക്കുന്ന പദ്ധതികളാണ് ജില്ലകളിൽ അനുവദിച്ചിരിക്കുന്നതെന്ന് പരിശോധിച്ചാൽ മനസ്സിലാകും. അതുപോലെ വടകര മുനിസിപ്പാലിറ്റിയിൽ അപ്ഗ്രഡേഷൻ ഓഫ് ഫാമിലി ഹെൽത്ത് സെന്റർ, അഗ്രികൾച്ചർ & ഹെറിറ്റേജ് മാർക്കറ്റ് എന്നിവ അനുവദിച്ചു. അവിടെ ഏതെങ്കിലുമൊരു സമുദായത്തിൽപ്പെട്ടവർക്ക് മാത്രമാണോ ഇതിന്റെ ആനുകൂല്യം ലഭിക്കുന്നത്? ഒരു പദ്ധതിയും ഏതെങ്കിലുമൊരു മതവിഭാഗത്തിന് മാത്രമായി അനുവദിക്കില്ല. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്കായുള്ള പദ്ധതി നടപ്പാക്കുന്ന അവസരത്തിൽ പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർ 51 ശതമാനം ഉൾപ്പെട്ടിട്ടുണ്ടോ എന്നാണ് പരിശോധിക്കുന്നത്. അതുപോലെതന്നെ കടിവെള്ള പദ്ധതി നടപ്പാക്കുന്ന അവസരത്തിൽ അവിടെ മൈനോറിറ്റി വിഭാഗത്തിൽപ്പെട്ടവർ 51 ശതമാനമുണ്ടോ എന്നുമാത്രമേ പരിശോധിക്കാറുള്ളൂ. സച്ചാർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇന്ദിരാ ആവാസ് യോജന പദ്ധതിയിൽ വീടുകൾ അനുവദിച്ചപ്പോൾ അത് മൈനോറിറ്റി പോപ്പുലേഷന്റെ അടിസ്ഥാനത്തിൽ വേണമെന്ന് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ചു. ഇന്നത്തെ ഇൻഡ്യൻ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയായിരുന്നു അന്നത്തെ ഗുജറാത്ത് മുഖ്യമന്ത്രി. അദ്ദേഹംപോലും അതിനെ എതിർത്തില്ല. ആ പദ്ധതി അതുപോലെ നടപ്പാക്കി. എന്നാൽ അന്നത്തെ ഉമ്മൻ ചാണ്ടി സർക്കാർ ഇത് കേരളത്തിൽ നടപ്പാക്കാൻ സാധിക്കില്ലെന്നു പറഞ്ഞ് തിരിച്ചയച്ചു. കേന്ദ്രം അതിന് മറുപടി അയയ്ക്കാതിരുന്നിട്ടുപോലും ആ രീതിയിൽ നടപ്പാക്കാൻ തയ്യാറായില്ല.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

മലപ്പുറം ജില്ലയിലെ അവകാശത്തെക്കുറിച്ച് പറയുന്ന ആളുകളുണ്ടല്ലോ; സാധാരണഗതിയിൽ ഒരു സംവരണവും ഇല്ലെങ്കിൽപ്പോലും 80-90 ശതമാനം വീടുകൾ മലപ്പുറം ജില്ലയിലുള്ള ആളുകൾക്ക് ലഭിക്കും. ബഹുമാന്യരായ ഉമ്മൻ ചാണ്ടിയുടെയും കെ. സി. ജോസഫിന്റെയും കാലഘട്ടത്തിൽ ന്യൂനപക്ഷത്തിന് 15 ശതമാനം വീടുകളാണ് അനുവദിച്ചത്. അന്നത്തെ മുഖ്യമന്ത്രിയുടെ വീടിനുമുന്നിൽ സമരം നടത്തുന്നതിന് ന്യൂനപക്ഷ സമൂഹത്തിൽപ്പെട്ട മതാദ്ധ്യക്ഷന്മാരുൾപ്പെടെയുള്ള

ആളുകളുണ്ടായിരുന്നു. ഞാനും ഡോ. കെ. ടി. ജലീലും അവിടെ പ്രസംഗിക്കാൻ പോയതിന് ഞങ്ങളുടെ പേരിൽ കേസെടുത്തു. ആ കേസ് ബഹുമാനപ്പെട്ട പിണറായി വിജയൻ സർക്കാർ വന്നതിനുശേഷമാണ് പിൻവലിച്ചത്. സെക്രട്ടേറിയറ്റിന് മുന്നിൽ എത്ര സമരങ്ങൾ നടത്തി; എന്തെല്ലാം പ്രശ്നങ്ങളുണ്ടായി; നിരവധി ന്യൂനപക്ഷ സമുദായങ്ങൾ സമരം ചെയ്തില്ലേ? എന്നിട്ട് അന്ന് നിങ്ങൾക്കൊന്നും മുറിവേറ്റില്ല. ഇപ്പോഴാണ് നിങ്ങൾക്ക് മുറിവേൽക്കുന്നത്. എത്ര മനോഹരമായ ഒരു പദ്ധതിയാണ് സച്ചാർ കമ്മീഷൻ റിപ്പോർട്ടിലുണ്ടായിരുന്നത്. അതുപോലെ മദ്രസാ നവീകരണ പദ്ധതി യഥാർത്ഥത്തിൽ ഏതെങ്കിലും ഒരു സമുദായത്തിനുവേണ്ടി മാത്രമുള്ളതല്ല. കേരളത്തിൽ മാത്രമാണ് ഇത്തരത്തിലൊരു സംവിധാനമുള്ളത്. ഇവിടെ മദ്രസയിൽ പഠിക്കുന്ന കുട്ടികളൊന്നും സ്കൂളിൽ പോകാതിരിക്കുന്നില്ല. വടക്കേ ഇൻഡ്യയിലെ 9 സംസ്ഥാനങ്ങളിൽ ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള മദ്രസാ ബോർഡുകളാണുള്ളത്. അവിടെ മുസ്ലീം കുട്ടികൾക്ക് മാത്രമല്ല എല്ലാവർക്കും പഠിക്കാം. മദ്രസ്സയിൽ പത്താം ക്ലാസ്സ് പാസ്സാകുന്ന കുട്ടിക്ക് കോളേജിൽ പഠിക്കാം. അങ്ങനെയുള്ള സംവിധാനമാണ് അവിടെയുള്ളത്. ഇതുപോലെ എന്തെല്ലാം പ്രശ്നങ്ങളാണ് ഇവിടെയുണ്ടാക്കുന്നത്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് പാലക്കാട് ജില്ലയിലെ ഒരു പള്ളി ദർസിൽ 18 വയസ്സിന് താഴെയുള്ള കുട്ടികൾ പഠിക്കുന്നുവെന്ന് പറഞ്ഞ് നിങ്ങൾ പോലീസിനെ അയച്ചു. അന്ന് നിങ്ങൾക്ക് ഈ പ്രശ്നമൊന്നുമുണ്ടായിട്ടില്ല. അന്നവും വിദ്യയും തേടി ബീഹാറിൽനിന്ന് വന്ന കുട്ടികളെ തീവ്രവാദികളെപ്പോലെ കണ്ട് നാലുദിവസം അവർക്ക് ബുദ്ധിമുട്ടുണ്ടാക്കി. അതിനുശേഷം മുക്കം യത്തീംഖാനയുടെ സാരഥികളായ ആളുകൾക്കെതിരെ നിങ്ങൾ കേസുകൊടുത്തു. അവർക്ക് അവസാനം സുപ്രീംകോടതിവരെ പോകേണ്ടിവന്നു. ഇങ്ങനെയുള്ള സന്ദർഭത്തിലൊന്നും ഈ സമുദായത്തിന് മുറിവേൽക്കാതെയിരുന്നിട്ട് ഇപ്പോഴാണോ നിങ്ങൾക്ക് മുറിവേൽക്കുന്നത്? ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്താണ് ചെയ്യേണ്ടത്? ആർക്കും നഷ്ടം വരാത്ത രീതിയിൽ ഹൈക്കോടതിവിധി വന്നു. ആർക്കും ഒരു പ്രശ്നവും ഉണ്ടാകരുതെന്ന് കരുതി ആറേമുക്കാൽ കോടി രൂപയാണ് അധികമായി അനുവദിച്ചത്. ഭരണഘടനാപരമായ ചില പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി സുപ്രീംകോടതിയിൽ കേസിന് പോകാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രി തീരുമാനിച്ച കാര്യം ഇവിടെ പറഞ്ഞു. എന്നിട്ടും ചില ആളുകൾ ഇപ്പോഴും പറഞ്ഞു കൊണ്ടിരിക്കുന്നത് ഞങ്ങൾക്ക് എന്തോ പ്രശ്നങ്ങളുണ്ട്; സമുദായത്തിന് മുറിവേറ്റുവെന്നാണ്. വേറൊരു കാര്യവും ഈ നാട്ടിൽ ചെലവാകാത്തതുകൊണ്ട് നിങ്ങൾക്ക് ഇനി അതുപറയാനേ നിവൃത്തിയുള്ളൂ. ഈ ഗവൺമെന്റിന് ജനങ്ങൾ ശക്തമായ പിന്തുണ നൽകിയതുകൊണ്ടാണ് 99 സീറ്റുകളിൽ ജയിച്ച് ഇവിടെ എത്തിയത്. പോലീസ് വകുപ്പിന്റെ കാര്യത്തിൽ പറഞ്ഞതുപോലെ ഇന്റലിജൻസ് വിഭാഗം വളരെ

ശക്തിപ്പെടുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. സമുദായങ്ങളെ തമ്മിൽ ഭിന്നിപ്പിക്കാനുള്ള വലിയ ശ്രമങ്ങൾ നടക്കുന്നതുകൊണ്ട് കൂടുതൽ ഊർജ്ജസ്വലമായും ശക്തിയോടും കരുതലോടുംകൂടി മുന്നോട്ടുപോകണമെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്.

<u>ശ്രീ. വി. ജോയി</u>: സർ, പുതുക്കിയ ബഡ്ജറ്റിന്മേലുള്ള ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. ആറ് പതിറ്റാണ്ട് പോലീസ് സേനയ്ക്കും ആഭ്യന്തര വകുപ്പിനും നേടാൻ കഴിയാതിരുന്ന വളർച്ചയാണ് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിലുണ്ടായിട്ടുള്ളത്. കുറ്റാന്വേഷണ മികവിന്റെയും സാങ്കേതികവിദ്യയുടെയും സാമൂഹിക ഉത്തരവാദിത്വത്തിന്റെയും കാര്യത്തിൽ കേരള പോലീസും ആഭ്യന്തര വകുപ്പും രാജ്യത്തെ ഏറ്റവും മികച്ച മാതൃകയായി മാറിയിട്ടുണ്ട്. ലോകം മുഴുവൻ ശ്രദ്ധിക്കപ്പെടുന്ന തരത്തിലേയ്ക്ക് കേരള പോലീസിന്റെ പ്രവർത്തനം ഒട്ടേറെ മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. കുറ്റാന്വേഷണരംഗത്ത് കേരള പോലീസിനെ ഒരുവിധത്തിലും മാറ്റിനിർത്താൻ കഴിയാത്ത തരത്തിലുള്ള പ്രവർത്തനങ്ങളാണ് പോലീസിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നത്. കുറ്റാന്വേഷണരംഗത്തെ പോലീസിന്റെ കഴിഞ്ഞകാല പ്രവർത്തനങ്ങളെ സംബന്ധിച്ച് ഭരണപക്ഷത്തെ നിരവധി എം.എൽ.എ.മാർ സൂചിപ്പിച്ചതുകൊണ്ട് അതുസംബന്ധിച്ച് ദീർഘമായി സംസാരിക്കുന്നില്ല. യു.ഡി.എഫ്. ഗവൺമെന്റുകൾ പോലീസിനെ പലപ്പോഴും ഒരു മർദ്ദക ഉപകരണമായാണ് കണ്ടിരുന്നതെന്ന് നമുക്കറിയാം. ഇവിടെ പലരും സമീപകാല സംഭവങ്ങളിലെ പോലീസിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രകീർത്തിച്ചു. കോവിഡിന്റെയും പ്രളയത്തിന്റെയും കാലഘട്ടങ്ങളിലെല്ലാം പോലീസും ഫയർഫോഴ്സുമടക്കമുള്ള സംവിധാനങ്ങൾ മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തിയത് ശ്രദ്ധേയമാണ്. യു.ഡി.എഫ്. എങ്ങനെയാണ് പോലീസിനെ കൈകാര്യം ചെയ്തിരുന്നതെന്നത് സംബന്ധിച്ച് നമുക്ക് ഒരു ചർച്ചയുടെയും ആവശ്യമില്ല, അതുസംബന്ധിച്ച് ഇവിടെ പലരും സൂചിപ്പിച്ചു. കൃത്യമായ കേസുകളില്ലാതിരുന്നിട്ടുപോലും നിയമസഭാംഗങ്ങളെ ജയിലിലടച്ച ഒരു ഭരണകൂടത്തിന്റെ ആളുകളാണ് ഇപ്പോൾ പോലീസിനെതിരെ സംസാരിക്കുന്നത്. അതുമായി ബന്ധപ്പെട്ട നേതാക്കന്മാരുടെ പട്ടിക സംബന്ധിച്ചൊന്നും ദീർഘമായി സംസാരിക്കുന്നില്ല. പോലീസിനെ അന്ന് ഉപയോഗിച്ചിരുന്നത് സംബന്ധിച്ച് നമുക്കറിയാം. സോളാർ അഴിമതി വിഷയത്തിൽ സമരം ചെയ്ത ഒരു ചെറുപ്പക്കാരന്റെ ജനനേന്ദ്രിയം തകർത്തതുൾപ്പെടെയുള്ള സംഭവങ്ങൾ സഭയിലെ ആളുകൾക്ക് നന്നായി അറിയാം. ഇവിടെ ചില എം.എൽ.എ.മാർ സംസാരിച്ചപ്പോൾ, സമീപകാലത്തെ ചില സംഭവങ്ങൾ ഇല്ലായിരുന്നെങ്കിൽ ബഹുമാന്യനായ മുൻ ആഭ്യന്തര വകുപ്പുമന്ത്രിക്ക് ഒരുപക്ഷേ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങേണ്ടി വരുമായിരുന്നുവെന്ന് പറഞ്ഞു. മിന്നുന്നതെല്ലാം പൊന്നല്ലെന്നും ഞങ്ങളുടെ കാലത്തുള്ളതിനേക്കാൾ വലിയ

പ്രശ്നങ്ങളാണ് ഇന്ന് പോലീസുമായി ബന്ധപ്പെട്ട് വരുന്നതെന്നുമാണ് മുൻ ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞത്. അന്നത്തെ കാലത്തെ ചില സംഭവങ്ങൾ ഓർമ്മപ്പെടുത്താൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതി ശരിവച്ച തടവുശിക്ഷയ്ക്ക് ഇളവനുവദിച്ച ഭരണമായിരുന്നു ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഭരണം. നേരത്തെ സൂചിപ്പിച്ചതിന് തെളിവായി സ്വീകരിക്കാൻ സാധിക്കുന്ന കാര്യമാണിത്. സുപ്രീംകോടതി ശിക്ഷിച്ച തിരുവനന്തപുരം ജില്ലയിലെ മലയം, ചെറുവിള ഡേവിഡ് ലാലിയുടെ തടവുശിക്ഷയാണ് ഒഴിവാക്കിക്കൊടുത്തത്. ജയിലുകളിൽ ഫോണുകൾ ഉപയോഗിക്കുന്നുവെന്നും അവിടെനിന്ന് പലതും നിയന്ത്രിക്കുന്നുവെന്നും ബഹുമാന്യനായ മുൻ ആഭ്യന്തര വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ചു. കൊലക്കേസ് പ്രതി ജയിലിൽനിന്ന് തനിക്ക് സന്ദേശമയച്ചെന്നാണ് ഗാന്ധിപാർക്കിൽ നടന്ന യു.ഡി.എഫ്. പൊതുയോഗത്തിൽ അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞത്. എന്റെ പ്രസംഗത്തിനുശേഷം അതുസംബന്ധിച്ച് അദ്ദേഹം സംസാരിക്കും. ഇത് ഒരു സമയത്ത് മാത്രമുണ്ടാകുന്ന പ്രശ്നമല്ല. ചില പ്രശ്നങ്ങൾ വരും, അതാത് കാലത്തെ ഗവൺമെന്റുകൾ ഇടപെട്ട് ആവശ്യമായ നടപടി സ്വീകരിക്കും. മുൻ ആഭ്യന്തര വകുപ്പുമന്ത്രി കാര്യങ്ങൾ പർവ്വതീകരിച്ച് പറയാൻ വിദഗ്ധനാണ്. അതുകൊണ്ടാണ് അദ്ദേഹം അങ്ങനെ പറയുന്നത്. നിങ്ങളുടെ കാലത്താണ് വളപട്ടണം പോലീസ് അറസ്റ്റ് ചെയ്ത മാഫിയകളെ വിട്ടുകൊടുക്കുന്നതിനുവേണ്ടി ഇന്നത്തെ കെ.പി.സി.സി. പ്രസിഡന്റ് പോയത്. അന്ന് അവിടെ വലിയ വിവാദമുണ്ടായി, അവിടെനിന്നും അവരെ പിടിച്ചിറക്കിക്കൊണ്ടുവരുന്ന സാഹചര്യമുണ്ടായി. അതിന്റെ പേരിൽ കേസ്സെടുത്തു. ഞാൻ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ അഭിനന്ദിക്കുകയാണ്, ആഭ്യന്തര വകുപ്പ് ഒഴിയുന്നതുവരെ അന്നെടുത്ത കേസ് പിൻവലിക്കാൻ താങ്കൾ തയ്യാറായില്ല. അതിനുശേഷം ആഭ്യന്തര വകുപ്പുമന്ത്രിയായി വന്നയാളാണ് ആ കേസ് പിൻവലിച്ചത്. നമുക്കറിയാവുന്ന ധാരാളം കാര്യങ്ങളുണ്ടെന്നത് മനസ്സിലാക്കണം. നിങ്ങളുടെ കാലത്തുള്ളതിനെക്കാൾ പ്രശ്നങ്ങൾ പരിഹരിച്ച് ജനനന്മയിലൂന്നി പ്രവർത്തിക്കുവാൻ കേരള പോലീസിന് കഴിയുന്നുണ്ടെന്നത് കാണേണ്ട കാര്യമാണ്.

പോലീസുമായി ബന്ധപ്പെട്ട ചില നിർദ്ദേശങ്ങൾ എനിക്ക് പറയാനുണ്ട്. പോലീസ് സ്റ്റേഷന്റെ ദൈനംദിന ചെലവുകൾക്കായി പെർമനന്റ് അഡ്വാൻസ് നൽകാറുണ്ട്. എന്നാൽ ഇത് മേലുദ്യോഗസ്ഥർ താഴെയുള്ളവർക്ക് നൽകാറില്ല; അതുകൊണ്ട് സ്റ്റേഷനിൽ വരുന്ന പരാതിക്കാരെക്കൊണ്ട് പേപ്പറും പേനയും വാങ്ങിപ്പിക്കുകയും മറ്റ് ചില കാര്യങ്ങൾ നടത്തുകയും ചെയ്യുന്ന സമീപനമുണ്ട്. ആഭ്യന്തര വകുപ്പ് ഇടപെട്ട് അത്തരം പ്രവർത്തനങ്ങളിൽ അടിയന്തര നടപടി സ്വീകരിക്കണം. പോലീസ് സ്റ്റേഷനുകളുടെ പണ്ടത്തെ രൂപവും ഭാവവുമെല്ലാം മാറിയിരിക്കുകയാണ്.

ഞാൻ ടൂറിസ്റ്റ് ഡെസ്റ്റിനേഷനായ വർക്കലയെ പ്രതിനിധീകരിക്കുന്ന എം.എൽ.എ. ആണ്. വളരെ ആകർഷകമായ പോലീസ് സ്റ്റേഷനാണ് അവിടെയുള്ളത്. അടുത്ത സമയത്താണ് അത് നവീകരിച്ചത്. പക്ഷേ പോലീസ് സ്റ്റേഷനുകളിലെ സ്റ്റാഫ് സ്ട്രെങ്ത് വളരെ പരിതാപകരമാണ്. പലപ്പോഴും പോലീസുകാരില്ലാത്ത സാഹചര്യമുണ്ടാകുന്നു. ജനസംഖ്യാനുപാതികമായും കേസ്സുകളുടെ എണ്ണവും കണക്കിലെടുത്ത് പോലീസ് സ്റ്റേഷനുകളിൽ ആവശ്യമായ ഉദ്യോഗസ്ഥരെ നൽകണമെന്നത് പ്രധാനമാണ്. അതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. വിവിധ കേസ്സുകളിൽ പിടിച്ചെടുക്കുന്ന വാഹനങ്ങൾ വലിയ സാമൂഹ്യപ്രശ്നം സൃഷ്ടിക്കുകയാണ്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി നേരത്തെ ഇതുസംബന്ധിച്ച് സൂചിപ്പിച്ചു. അത് പരിഹരിക്കുന്നതിന് നിയമനിർമ്മാണം നടത്താൻ സാധിക്കുമോ എന്ന് പരിശോധിക്കണം.

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, ലോക്ഡൗൺ കാലത്ത് ഒരു ഹോട്ടലും തുറന്നു പ്രവർത്തിക്കാൻ പാടില്ലെന്ന് ആരോഗ്യ വകുപ്പ് പറഞ്ഞിട്ടും അതിനെ ലംഘിച്ചുകൊണ്ട് കഴിഞ്ഞദിവസം ബഹുമാനപ്പെട്ട ആലത്തൂർ എം.പി. കുമാരി രമ്യാ ഹരിദാസിന്റെ നേതൃത്വത്തിൽ .....(ബഹളം).....

<u>ശ്രീ. വി. ജോയി</u>: അക്കാര്യം ഞാൻ വിശദമാക്കാം. കഴിഞ്ഞദിവസം ബഹുമാനപ്പെട്ട മൂവാറ്റുപുഴ എം.എൽ.എ. ഇവിടെ സംസാരിച്ചപ്പോൾ കോവിഡ് വ്യാപിക്കുകയാണെന്നും കേരളം ഇപ്പോൾ തലകുനിച്ചു നിൽക്കുകയാണെന്നും ദേശീയ മാധ്യമങ്ങളിൽ വാർത്തവരുകയാണെന്നും മറ്റും പറഞ്ഞു. എങ്ങനെയാണ് കോവിഡ് വ്യാപിക്കുന്നത്? ഒരു കോവിഡ് രോഗി പോലുമില്ലാത്ത ആദിവാസി കേന്ദ്രത്തിൽ എം.പി. പോകുന്നു; സന്പൂർണ്ണ ലോക്ഡൗണായ ഞായറാഴ്ച ദിവസം വേറെയൊരു എം.പി. ഹോട്ടലിൽ പോകുകയും അവിടെയിരുന്ന് ഭക്ഷണം കഴിക്കുകയും ചെയ്യുന്നു; അത് ചോദ്യം ചെയ്ത ചെറുപ്പക്കാരനെ എം.പി. അടിക്കുകയാണ്. എന്തെല്ലാമാണ് ഈ നാട്ടിൽ നടക്കുന്നത്? ഇത്തരം സംഭവങ്ങൾ നാട്ടിൽ നടക്കുന്നുണ്ടെന്നത് നമ്മൾ കാണണം. മുസ്ലീം ലീഗ് കോൺഗ്രസ്സിനെ കെട്ടിപ്പിടിച്ചു നിൽക്കുകയാണ്. പെരുന്നാൾ ദിവസത്തിൽ ചില വിട്ടുവീഴ്ചകൾ ചെയ്യാൻ കേരളത്തിലെ ഇടതുപക്ഷ മുന്നണി ഗവൺമെന്റ് തീരുമാനിച്ച അവസരത്തിൽ യു.പി.-യിലെ കാൻവാർ യാത്ര നടത്തുന്നത് തെറ്റാണെങ്കിൽ കേരളത്തിൽ വലിയ പെരുന്നാൾ ആഘോഷവും പാടില്ലെന്നാണ് കോൺഗ്രസ്സിന്റെ ഔദ്യോഗിക വക്താവ് ശ്രീ. മനു അഭിഷേക് സിംഗ്വി പറഞ്ഞത്. ഇതുമായി ബന്ധപ്പെട്ട് നിങ്ങൾക്കെന്തെങ്കിലും പറയാനുണ്ടോ? ഇല്ല. അപ്പോൾ നിങ്ങൾക്ക് മുറിവേറ്റില്ല.

ഇന്ന് രാവിലെ ചില ഒത്തുകളികളെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ത്യയുടെ പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയ അവസരത്തിൽ അദ്ദേഹം പ്രധാനമന്ത്രിയെ ഒരു ഷോൾ അണിയിച്ചത് വലിയ അപരാധമായി നിങ്ങൾ കണ്ടു. ലോക്സഭ സമ്മേളിച്ചുകൊണ്ടിരിക്കുമ്പോൾ കോൺഗ്രസ് നേതാവ് ശ്രീ. രാഹുൽ ഗാന്ധി ഓടിച്ചെന്ന് പ്രധാനമന്ത്രിയെ കെട്ടിപ്പിടിച്ചതിൽ യാതൊരു പ്രശ്നവുമില്ല. മാധ്യമങ്ങളുടെ അന്തിച്ചർച്ചയിൽ ചില വ്യക്തികൾ പലതരത്തിലുള്ള വർത്തമാനങ്ങൾ പറയും. ആ വർത്തമാനങ്ങളുടെ ശീലുപിടിച്ചുകൊണ്ട് ചില കാര്യങ്ങൾ കേൾക്കാനിടയായി. ചില ആളുകളുടെ ഉപദേശങ്ങൾ സ്വീകരിച്ച് അന്ധമായ മാർക്സിസ്റ്റ് വിരോധം പ്രകടിപ്പിച്ചുകൊണ്ടുള്ള കാര്യങ്ങൾ ചെയ്യുകയാണ്. നിങ്ങൾ ആരെയാണ് പേടിപ്പിക്കുന്നത്; സഖാവ് പിണറായി വിജയനെയാണോ; കേരളത്തിന്റെ മുഖ്യമന്ത്രിയെയാണോ നിങ്ങൾ പേടിപ്പിക്കുന്നത്? അദ്ദേഹം പേടിക്കുന്നയാളല്ല. കേരളത്തിന്റെ മുൻ മുഖ്യമന്ത്രിയും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബും ഇപ്പോൾ സഭയിലില്ല. മാറാട് കലാപത്തിനുശേഷം അന്നത്തെ മുഖ്യമന്ത്രി ശ്രീ എ. കെ. ആന്റണിയും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബും അവിടെ പോയപ്പോൾ മുസ്ലീംങ്ങളായിട്ടുള്ള ആരും ഇങ്ങോട്ട് വരണ്ടെന്നും ഒരാളെയും അതിനകത്ത് കയറ്റില്ലെന്നും ശ്രീ. കുമ്മനം രാജശേഖരൻ പറഞ്ഞു. ശ്രീ. കുഞ്ഞാലിക്കുട്ടി സാഹിബിനോടും കൂടെ വന്ന മറ്റുള്ളവരോടും ഗസ്റ്റ് ഹൗസിൽ പോയി വിശ്രമിക്കാൻ പറഞ്ഞിട്ട് അന്നത്തെ മുഖ്യമന്ത്രി അവിടെ പോയി. എന്നാൽ അടുത്ത ദിവസം ശ്രീ. പിണറായി വിജയൻ, ശ്രീ. എളമരം കരീം, ശ്രീ. പാലൊളി മുഹമ്മദ് കുട്ടി എന്നിവർ മാറാട് സന്ദർശിച്ചു. ഇവരെല്ലാം എത്തിയപ്പോഴും ശ്രീ. കുമ്മനം രാജശേഖരൻ ഇതുതന്നെയാണ് പറഞ്ഞത്. എന്നാൽ തന്റെ കൂടെ വന്നവരെയുംകൊണ്ട് മാത്രമേ സ്ഥലം സന്ദർശിക്കുകയുള്ളൂ എന്ന നിലപാടാണ് സഖാവ് പിണറായി വിജയൻ സ്വീകരിച്ചത്. അത്തരത്തിൽ നിലപാടുകൾ സ്വീകരിച്ച ചരിത്രമാണ് സഖാവിനുള്ളതെന്ന കാര്യം ഓർക്കണം. അതുകൊണ്ട് ഉടുക്കുകൊട്ടി പേടിപ്പിക്കേണ്ടെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. ബഹുമാനപ്പെട്ട തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി ഒരു അപകടവും കൂടാതെ ഇന്ന് സഭയിലെത്തിയതിൽ നമുക്കെല്ലാവർക്കും വളരെയധികം സന്തോഷമുണ്ട്. അതുമാത്രമേ ഞാൻ അക്കാര്യത്തിൽ പറയുന്നുള്ളൂ. സി.പി.ഐ.(എം.)-ന്റെ സെക്രട്ടേറിയറ്റ് ഈയിടെ ഒരു തീരുമാനമെടുത്തത് പത്രത്തിൽ വന്നിട്ടുണ്ട്. കൺവെൻഷൻ സംഘത്തിലുള്ളവരെ പാർട്ടിയിൽ വച്ചുപൊറുപ്പിക്കില്ലെന്നായിരുന്നു ആ തീരുമാനം. നിങ്ങൾ അത്തരത്തിലുള്ള ഒരു കടുംകൈ ചെയ്യാൻ പാടില്ലെന്നാണ്

എനിക്ക് പറയാനുള്ളത്. കോൺഗ്രസ്സും മുസ്ലീംലീഗും കേരളത്തിൽനിന്നും ഇല്ലാതാകാൻ നിങ്ങൾ ആഗ്രഹിക്കുന്നു. പക്ഷേ കേരളത്തിൽ സി.പി.ഐ.(എം.) ഇല്ലാതാകാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. ക്വട്ടേഷൻ സംഘത്തിലുള്ള എല്ലാവരെയും പാർട്ടി പുറത്താക്കിയാൽ ഒരുപക്ഷേ ഞങ്ങളുടെ എല്ലാവരുടെയും പ്രിയ സുഹൃത്ത് എ. എൻ. ഷംസീർ മാത്രമായിരിക്കും ആ പാർട്ടിയിൽ അവശേഷിക്കുന്നത്. ബഹുമാന്യനായ മുഖ്യമന്ത്രിയുടെ ചില പ്രസംഗങ്ങൾ എന്നെ ആവേശംകൊള്ളിച്ചിട്ടുണ്ടെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഒന്ന്, സെക്രട്ടേറിയറ്റ് ജീവനക്കാരോട് ഓരോ ഫയലും ഓരോ ജീവിതമാണെന്ന് അദ്ദേഹം നടത്തിയ പ്രസംഗം. എന്നാൽ സെക്രട്ടേറിയറ്റിൽ എത്ര ഫയലുകളാണ് തീരുമാനമാകാതെ കിടക്കുന്നതെന്നുള്ള കണക്ക് നമുക്ക് പരിശോധിക്കാം. മറ്റൊന്ന്, നാല് വോട്ടിനുവേണ്ടിയും ഒരു സീറ്റിനുവേണ്ടിയും പറഞ്ഞ വാക്ക് മാറ്റില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. കെ. എം. മാണി ബഡ്ജറ്റ് അവതരിപ്പിച്ച വർഷത്തിൽ രാപ്പകൽ സമരം കേരളത്തിന് പരിചയപ്പെടുത്തിക്കൊടുത്തത് മാർക്സിസ്റ്റ് പാർട്ടിയാണ്. ആ സമരം എങ്ങനെയാണ് അവസാനിപ്പിച്ചതെന്നും നമുക്കെല്ലാവർക്കും അറിയാം. തിരുവനന്തപുരം നഗരത്തിൽ കക്കൂസില്ലാത്തതുകൊണ്ട് ഞങ്ങൾ സമരം നിർത്തുന്നുവെന്നാണ് അന്ന് മാർക്സിസ്റ്റ് പാർട്ടി പറഞ്ഞത്. തിരുവനന്തപുരം നഗരത്തിൽ കക്കൂസുകൾ ആവശ്യത്തിനില്ലെങ്കിലും കേരളത്തിലെ മെഡിക്കൽ ഷോപ്പുകളിൽ പാംപേഴ്സ് നാപ്കിൻ ഇഷ്ടംപോലെ ലഭിക്കുന്ന സമയമായിരുന്നു അതെന്നാണ് ഞാൻ മനസ്സിലാക്കിയത്. ആ സമരത്തിൽ പങ്കെടുക്കാൻ വന്ന ആളുകൾക്ക് മാർക്സിസ്റ്റ് പാർട്ടി പാംപേഴ്സ് എങ്കിലും വാങ്ങിക്കൊടുക്കണമായിരുന്നു. മറ്റ് രാഷ്ട്രീയക്കാരിൽനിന്നും വ്യതിരിക്തത പുലർത്തുന്ന വ്യക്തിത്വമാണ് ശ്രീ. പിണറായി വിജയനെന്ന് നമ്മളെല്ലാവരും പറയുന്നുണ്ട്. പക്ഷേ 'അഴിമതി വീരൻ' എന്നാണ് കെ. എം. മാണിയെക്കുറിച്ച് അദ്ദേഹം പറഞ്ഞത്. അദ്ദേഹം നടത്തിയ പ്രസംഗം നമുക്കെല്ലാവർക്കുമറിയാം. നിയമസഭ പൊളിയല്ലെന്നാണ് സുപ്രീംകോടതിയിൽ വക്കീലിനെക്കൊണ്ട് നിങ്ങൾ പറയിപ്പിച്ചത്. ആ തൊലിക്കട്ടി അപാരംതന്നെയെന്നാണ് എനിക്ക് പറയാനുള്ളത്. ബഹുമാന്യനായ ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ ഒരു പ്രസംഗമുണ്ട്. എന്റെ ഓർമ്മ ശരിയാണെങ്കിൽ, കെ. എം. മാണി ബഡ്ജറ്റ് അവതരിപ്പിച്ച വർഷത്തിൽ രാപ്പകൽ സമരത്തെ അഭിസംബോധന ചെയ്തുകൊണ്ടുള്ള പ്രസംഗമായിരുന്നു അത്. തിരുവനന്തപുരം കാഴ്ചബംഗ്ലാവിലെ കാണ്ടാമൃഗം രണ്ട് ദിവസമായി ഭക്ഷണം കഴിച്ചിട്ടില്ലെന്നാണ് അദ്ദേഹം പ്രസംഗിച്ചത്. ഇപ്പോൾ തിരുവനന്തപുരത്തെ കാഴ്ചബംഗ്ലാവിൽ ആ കാണ്ടാമൃഗം ഉണ്ടെങ്കിൽ അത് ഭക്ഷണം കഴിക്കാതായിട്ട് എത്ര ദിവസമായെന്ന് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രിയോട് ചോദിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ന്യൂനപക്ഷ സ്കോളർഷിപ്പിന്റെ കാര്യം സംബന്ധിച്ച് ഞാൻ വിശദീകരിക്കുന്നില്ല. എന്താണ് നിങ്ങൾ ന്യൂനപക്ഷ വിഭാഗത്തോട് പറയുന്നത്? ഏത് ദജ്ജാൽ വന്നാലും നിങ്ങളെ സംരക്ഷിക്കാൻ ഞങ്ങളുണ്ട്. ഒരു കാര്യത്തിലും സങ്കടപ്പെടേണ്ടതില്ല, നിങ്ങളുടെ എല്ലാ അവകാശങ്ങളും ഞങ്ങൾ സംരക്ഷിക്കുമെന്നാണ് ബഹുമാന്യനായ മുഖ്യമന്ത്രി പറയുന്നത്. ഇപ്പോൾ, ന്യൂനപക്ഷത്തിന്റെ എല്ലാ അവകാശങ്ങളും കവർന്നെടുത്തിരിക്കുകയാണ്. പണ്ട് തെങ്ങിൽനിന്നും വീണ് മരിച്ച ഒരാളുടെ മൃതശരീരം കൊണ്ടുപോയ അവസരത്തിൽ എന്ത് പറ്റിയതാണെന്ന് വഴിയിലുണ്ടായിരുന്ന ആളുകൾ ചോദിച്ചപ്പോൾ ഒന്നും പറ്റിയില്ല, തെങ്ങിൽനിന്നും വീണു, ശരീരത്തിൽ തല മാത്രം പോയി എന്നുപറഞ്ഞു. മുഖ്യമന്ത്രി ഇങ്ങനെ പറയുമ്പോൾ എനിക്ക് പറയാൻ തോന്നുന്നത് അതാണ്. ന്യൂനപക്ഷങ്ങളോട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഇപ്പോഴത്തെ നിലപാട് ഇതാണ്. ശ്രീ. നരേന്ദ്ര മോദിയെ താങ്കൾ വിശ്വസിക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. ഡൽഹിയിൽ ചെന്നപ്പോൾ വളരെ നല്ല സ്വീകരണമാണ് അദ്ദേഹം നൽകിയതെന്നാണ് മുഖ്യമന്ത്രി പറയുന്നത്. മുഖ്യമന്ത്രിയെ ഡൽഹിയിൽവച്ച് കണ്ടപ്പോൾ ശ്രീ. നരേന്ദ്ര മോദി പറഞ്ഞത് നിങ്ങളുടെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ നല്ല രീതിയിലാണ് മുന്നോട്ട് പോകുന്നതെന്നാണ്. മുഖ്യമന്ത്രി തിരിച്ചുവന്നപ്പോൾ, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ മോശമാണെന്നാണ് കേന്ദ്രസർക്കാർ പറഞ്ഞത്. ഞങ്ങളുടെ എല്ലാവരുടെയും പ്രിയങ്കരനായ നേതാവ് സി. എച്ച്. മുഹമ്മദ് കോയ സാഹിബ് ശ്രീ. നരേന്ദ്ര മോദി പ്രതിനിധാനം ചെയ്യുന്ന ആർ.എസ്.എസ്.-നെക്കുറിച്ച് "ബഹറിൽ മുസല്ലയിട്ട് നിസ്കരിച്ചാലും ആർ.എസ്.എസ്.-നെ നിങ്ങൾ വിശ്വസിക്കരുത്" എന്ന് പറഞ്ഞത് ഞാൻ ഈ അവസരത്തിൽ ഓർത്തുപോകുകയാണ്. ശ്രീ. എ. എൻ. ഷംസീറിന് മനസ്സിലായിട്ടുണ്ടാവുമെന്ന് ഞാൻ കരുതുന്നു. 'ബഹർ' എന്നാൽ സമുദ്രവും 'മുസല്ല' എന്നാൽ നിസ്കരിക്കുമ്പോൾ വിരിക്കുന്ന ഷീറ്റുമാണ്. സമുദ്രത്തിൽ മുസല്ലയിട്ട് ആർ.എസ്.എസ്.-കാർ നിസ്കരിച്ച് കാണിച്ചാലും അവരെ ഞങ്ങൾ വിശ്വസിക്കുകയില്ലെന്നാണ് വർഷങ്ങൾക്കുമുമ്പ് സി. എച്ച്. മുഹമ്മദ് കോയ സാഹിബ് പറഞ്ഞത്. പക്ഷേ നമ്മുടെ മുഖ്യമന്ത്രിക്ക് ആർ.എസ്.എസ്.നെ ഇപ്പോഴും മനസ്സിലായിട്ടില്ല. നമ്മുടെ ഭരണഘടനയിൽ 'Rule of Law' എന്നാണ് പറയുന്നത്. പക്ഷേ ഇവിടെയുള്ളത്, 'Law of the Ruler' ആണ്. ഞാനത് വിശദീകരിച്ച് പറയുന്നില്ല. മനസ്സിലാക്കേണ്ടവർ മനസ്സിലാക്കുമെന്നാണ് എനിക്ക് പറയാനുള്ളത്.

വിജിലൻസിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണ്? നിങ്ങൾക്ക് അനഭിമതരായ മുൻ എം.എൽ.എ.-മാരെയും മുൻ മന്ത്രിമാരെയും അറസ്റ്റ് ചെയ്യുന്നു; അവരുടെ വീടുകൾ റെയ്ഡ് ചെയ്യുന്നു. എത്ര പരാതികൾ ഇപ്പോൾ വിജിലൻസിൽ കെട്ടിക്കിടക്കുന്നുണ്ട്; പലതും പരാതികൾ അയച്ചുകൊണ്ടിരിക്കുകയാണ്. ആ

പരാതികളുടെ അവസ്ഥയെന്താണ്? വിജിലൻസ് അന്വേഷണത്തിന് സർക്കാരിന്റെ അനുമതി വേണമെന്നും വിജിലൻസ് കേസുമായി ബന്ധപ്പെട്ട് ചീഫ് സെക്രട്ടറി, ഹോം സെക്രട്ടറി എന്നിവരടങ്ങുന്ന ഒരു വെരിഫിക്കേഷൻ കമ്മിറ്റി രൂപീകരിക്കണമെന്നുമാണ് കേന്ദ്ര സർക്കാർ ഈ അടുത്ത കാലത്ത് ഇറക്കിയ ഉത്തരവിൽ പറയുന്നത്. പല സംസ്ഥാനങ്ങളിലും പ്രസ്തുത കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് രൂപീകരിച്ചിട്ടില്ല.

പോലീസ് സ്റ്റേഷനെ State of the House എന്നാണ് പറയുന്നത്. അതൊരു വീടാണ്. പക്ഷേ ആ വീട്ടിലിപ്പോൾ നാഥനില്ല. അത് നാഥനില്ലാ കളരിയാണ്. കേസുകൾ രജിസ്റ്റർ ചെയ്യുന്നില്ല. നമ്മൾ പരാതിയുമായി ചെന്നാൽ രസീത് തരുന്നില്ല. അതെന്തുകൊണ്ടാണ്? ആർക്കും ആരെയും ഭയമില്ല. സ്ത്രീകളുടെയും കുട്ടികളുടെയും പരാതി ലഭിച്ചാൽ കേസ്സെടുക്കണമെന്നും കൃത്യവിലോപം കാട്ടിയാൽ നടപടി സ്വീകരിക്കണമെന്നുമാണ് ലളിതകുമാരി Vs ഗവൺമെന്റ് ഓഫ് ഉത്തർപ്രദേശ് കേസിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിച്ചിട്ടുള്ളത്. ഇത് ഐ.പി.സി.-യിലും പറയുന്നുണ്ട്. IPC 354 (എ) മുതൽ (ബി) വരെയുള്ള വകുപ്പ്, 356 (എ) മുതൽ (ഇ) വരെയുള്ള വകുപ്പ്. ഇതിൽ രണ്ടാമത്തെ വകുപ്പ് പ്രകാരം ബലാത്സംഗത്തിനും IPC 376 പ്രകാരം ലൈംഗിക പീഡനത്തിനും കേസെടുക്കാവുന്നതാണ്. കേസെടുത്തിട്ടില്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെതിരെ 166 (എ) പ്രകാരം Cognisable offence ആയി കേസ്സെടുക്കണം. കേരള പോലീസ് ആകട്ടെയും ഇത് പറയുന്നുണ്ട്. ഈ സർക്കാർ അങ്ങനെ ഏതെങ്കിലും ഉദ്യോഗസ്ഥനെതിരെ കേസ്സെടുത്തിട്ടുണ്ടോ? നിങ്ങൾ പേടിക്കേണ്ട, ഞങ്ങളുടെ പോലീസ് വരും, പട്ടാളം വരും എന്നാണ് സീനിയർ സിറ്റിസൺമാരോട് പറയുന്നത്. ക്ഷേമമന്വേഷിച്ച് ഒരു സാധാ പോലീസുകാരനെയെങ്കിലും നിങ്ങൾ അവരുടെ വീടുകളിലേയ്ക്ക് അയയ്ക്കാറുണ്ടോ? പോലീസ് സ്റ്റേഷനുകളിൽ ഒരുപാട് ഡെസ്കുകളുണ്ട്. സ്ത്രീകൾക്ക് ഡെസ്ക്, കുട്ടികൾക്ക് ഡെസ്ക്, ഭിന്നശേഷിക്കാർക്ക് ഡെസ്ക്. ഏതെങ്കിലുമൊരു പോലീസ് സ്റ്റേഷനിൽ ഡെസ്ക് പോയിട്ട് ഒരു സ്റ്റൂൾ എങ്കിലുമുണ്ടോ; കൂടാതെ പിങ്ക് പോലീസ്, പിങ്ക് പട്രോൾ; ഇതൊന്നുമില്ല. ഇതിന്റെയൊന്നും കണ്ടിന്യൂവിറ്റിയില്ല. ബഹുമാന്യനായ നമ്മുടെ മുഖ്യമന്ത്രിയെ ചില പോലീസ് ഉദ്യോഗസ്ഥർ തെറ്റിദ്ധരിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സോപ്പിൽ മയങ്ങുന്ന ആളാണെന്ന് ഞാൻ പറയുന്നില്ല. പക്ഷേ, ചില പോലീസ് ഉദ്യോഗസ്ഥർ നമുക്ക് പിങ്ക് പോലീസുണ്ടാക്കണം, പിങ്ക് പട്രോളുണ്ടാക്കണമെന്നൊക്കെ പറഞ്ഞ് മുഖ്യമന്ത്രിയെ തെറ്റിദ്ധരിപ്പിക്കുകയാണ്. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഇന്നിപ്പോൾ കേരള പോലീസ് എന്നൊന്ന് നമ്മുടെ സംസ്ഥാനത്തില്ല, Kerala Political Police ആണുള്ളത്. ഈ സഭയിൽ അംഗമായിരുന്ന അഡ്വ. കെ. എൻ. എ. ഖാദറിനെതിരെ സോഷ്യൽ മീഡിയയിൽ വ്യാജ വാട്സ്ആപ്പ് സന്ദേശം

പ്രചരിക്കപ്പെടുകയുണ്ടായി. ഇതുസംബന്ധിച്ച് അദ്ദേഹം മലപ്പുറം ജില്ലാ പോലീസ് മേധാവിക്ക് പരാതി നൽകി മാസങ്ങൾ കഴിഞ്ഞിട്ടും, ഇതുവരെ പ്രതികളെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വിതരണം ചെയ്ത കോഴപ്പണത്തെക്കുറിച്ചുള്ള ചർച്ചകളൊക്കെ ഇവിടെ നടക്കുന്നുണ്ട്. എന്റെ നിയോജക മണ്ഡലത്തിൽ നിയമസഭാ തെരഞ്ഞെടുപ്പിന്റെ തലേദിവസം രാത്രി എല്ലാ വീടുകളിലും ചെന്ന് പണം നൽകുകയാണ്. സാധാരണ ഇങ്ങനെ തെരഞ്ഞെടുപ്പിൽ പണം നൽകുന്ന ആളുകൾ പറയുന്നത്, ഞങ്ങളുടെ പാർട്ടിക്ക് വോട്ട് ചെയ്യണമെന്നാണ്. ഇത് പുതിയൊരു തന്ത്രമാണ്. നിങ്ങൾ ഈ പണം ഉപയോഗിച്ച് തെരഞ്ഞെടുപ്പ് ദിവസം കോഴിയും മട്ടനുമൊക്കെ വാങ്ങി നല്ല ബിരിയാണി കഴിച്ച് ഇരുന്നോളണം, വോട്ട് ചെയ്യാൻ പോകരുത് എന്നാണ് പറയുന്നത്. ഞാൻ ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നേരിട്ട് പരാതി നൽകിയിട്ടുണ്ട്. അത് ചെയ്തത് എൽ.ഡി.എഫ്.-ന്റേയോ യു.ഡി.എഫ്.-ന്റേയോ ആളുകളല്ല. അപ്പോൾ ആരാണ് അത് ചെയ്തതെന്നത് വ്യക്തമാണ്. അതിനെതിരെ ഒരു അന്വേഷണത്തിന് ഉത്തരവിടാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കഴിഞ്ഞോ? ബി.ജെ.പി.-യും എൽ.ഡി.എഫ്.-ഉം തമ്മിലുള്ള ബാന്ധവമാണ് ഇതൊക്കെ സൂചിപ്പിക്കുന്നത് എന്നാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരുകാരണവശാലും എനിക്ക് അനുകൂലിക്കാൻ സാധിക്കില്ല. ഇതിനെ ശക്തിയുക്തം എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. തോമസ് കെ. തോമസ്</u>: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. കേരളത്തിലെ ജനങ്ങളുടെ അടിസ്ഥാനപരമായ പ്രശ്നങ്ങളിൽ ശക്തമായ നിലപാടുകളും തീരുമാനങ്ങളും കൈക്കൊണ്ട ഒരു സർക്കാരിന്റെ തുടർഭരണമാണിത്. ജനകീയ പ്രശ്നങ്ങളെ കണ്ടറിഞ്ഞ് പരിഹരിക്കുന്നതിലും അവയെ ചേർത്തുനിർത്തുന്നതിലും ഈ സർക്കാർ കാണിക്കുന്ന സമീപനം ജനങ്ങൾ രണ്ടുകയ്യും നീട്ടി സ്വീകരിച്ചിരിക്കുകയാണ്. എനിക്ക് ഏറ്റവുമധികം സന്തോഷം തോന്നിയത്, ബഹുമാനപ്പെട്ട സ്പീക്കറിന്റെ ചെയറിലിരിക്കുമ്പോൾ പ്രസംഗം അവസാനിപ്പിക്കുന്നതിനുവേണ്ടി പലപ്രാവശ്യം ബെല്ലടിച്ച ആളുകൾ ഇവിടെ സംസാരിക്കുമ്പോൾ സമയം വളരെ നീട്ടിയെടുക്കുന്നുണ്ട്. എനിക്ക് അങ്ങനെ എടുക്കാമോ ഇല്ലയോ എന്നറിയില്ല. അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയെന്നേയുള്ളൂ. പ്രളയവും കോവിഡ് മഹാമാരിയും തകർത്തെറിഞ്ഞ കേരളത്തെ പുതുക്കിപ്പണിയുന്ന ധീരമായ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചുവരുന്നത്. പ്രതിപക്ഷത്തിരിക്കുന്ന എന്റെ പല സുഹൃത്തുക്കളും കിഫ്ബിയെ വാതോരാതെ കളിയാക്കിയിട്ടുള്ളവരാണ്. ഇന്ന് എന്താണ് യാഥാർത്ഥ്യം? 66,000 കോടി രൂപയുടെ പദ്ധതികളാണ് നടപ്പാക്കുന്നത്.

ഞാൻ വരുന്നത് കുട്ടനാട് നിന്നാണ്. വെള്ളത്താൽ ചുറ്റപ്പെട്ട സ്ഥലമാണെങ്കിലും കുടിക്കാൻ വെള്ളമില്ലാത്തതും ഏറ്റവും പാവപ്പെട്ടവരും ദരിദ്രരുമായ ആളുകൾ താമസിക്കുന്നതുമായ പ്രദേശമാണത്. കിഫ്ബി പദ്ധതി തുടങ്ങിയതിനുശേഷമാണ് അവിടെ സത്യത്തിൽ വികസനം കടന്നുവന്നത്. അതുകൊണ്ടാണ് വാതോരാതെ ആ വിഷയമൊന്ന് സംസാരിക്കണമെന്ന് വിചാരിക്കുന്നത്. ഇവിടെ പോലീസ് സ്റ്റേഷനെക്കുറിച്ച് പറഞ്ഞുപറഞ്ഞ് എല്ലാവരും ഒരു പരുവത്തിലായിരിക്കുകയാണ്. ഞാനും ആ ഒരു വിഷയംതന്നെ എടുക്കണമെന്നൊന്നും ഇല്ലല്ലോ. കിഫ്ബി വന്നതിൽപ്പിന്നെ ഞങ്ങൾക്ക് പുതിയ പാലങ്ങൾ ലഭിക്കാൻ തുടങ്ങി; അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിച്ചു. ഒരുപാട് നാളുകൾക്കുശേഷമാണ് കുട്ടനാട്ടിൽ മൂന്നോ നാലോ പോലീസ് സ്റ്റേഷൻ നല്ല രീതിയിൽ വന്നത്. അതിന്റെയെല്ലാം ഉദ്ഘാടനത്തിന് ഞാൻ പോയിരുന്നു. അതെല്ലാം വളരെ അടിസ്ഥാന സൗകര്യമുള്ള പോലീസ് സ്റ്റേഷനുകളാണ്. എന്റെ സഹോദരനായ ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവിടെ ഒരു സ്മൃതിമണ്ഡപമുണ്ടോയെന്ന് ചോദിച്ചു. സ്മൃതി മാത്രമല്ല, എല്ലാ സംവിധാനവുമുണ്ട്. അദ്ദേഹം പോലീസ് സ്റ്റേഷനിൽ കയറാത്തതുകൊണ്ടായിരിക്കും അവിടെ സ്മൃതിമണ്ഡപമുണ്ടോ ഇല്ലയോയെന്ന് അറിയാൻ സാധിക്കാത്തത്. ഈ കഴിഞ്ഞ കുറേ കാലങ്ങളായി പോലീസുകാരിൽ നിന്നും സർക്കിൾ ഇൻസ്പെക്ടറിൽനിന്നും വളരെ നല്ല രീതിയിലുള്ള സമീപനമാണ് കുട്ടനാട്ടിൽ ലഭിക്കുന്നത്. തീർച്ചയായും കിഫ്ബി പദ്ധതി വന്നതോടുകൂടി പോലീസ് സ്റ്റേഷന്റെയും പാലങ്ങളുടെയും മറ്റ് കെട്ടിടങ്ങളുടെയും നിലവാരം മാറിയിരിക്കുകയാണ്.

കുട്ടനാട്ടിലെ എക്സൈസ് ഡിപ്പാർട്ടുമെന്റിന് 2.50 കോടി രൂപ കഴിഞ്ഞ വർഷം കിഫ്ബിയിൽനിന്ന് അനുവദിച്ചിട്ടുണ്ട്. ഞാൻ അവിടെപ്പോയി കണ്ടപ്പോൾ, സത്യത്തിൽ ആ കെട്ടിടം വെള്ളത്തിലാണ് നിന്നിരുന്നത്. അതും പോലീസുകാരാണല്ലോ. എക്സൈസുകാർ പോലീസുകാരല്ലേ; ലോക്കൽ പോലീസ് മാത്രമല്ലല്ലോ പോലീസ്. മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, വിജിലൻസ്, സി.ഐ.ഡി. എന്നിവരൊക്കെയും പോലീസുകാർ തന്നെയാണല്ലോ. കുവൈറ്റിലെ അനുഭവംവച്ചുകൊണ്ട് എനിക്ക് ഒരുകാര്യം പറയാനുണ്ട്. അവിടെ ഒരു പോലീസ് സ്റ്റേഷൻ എന്നുപറയുന്നത് മൂന്ന് ഡിപ്പാർട്ടുമെന്റാണ്. ലോക്കൽ പോലീസ്, ഇൻവെസ്റ്റിഗേഷൻ ഡിപ്പാർട്ടുമെന്റ്, സി.ഐ.ഡി. എന്നിങ്ങനെ മൂന്ന് ഡിപ്പാർട്ടുമെന്റായിട്ടാണ് കുവൈറ്റിലുള്ളത്. വളരെ നല്ല സമീപനവും സ്നേഹത്തോടെയുള്ള ഇടപെടലുകളുമാണ് അവിടത്തെ പോലീസ് സ്റ്റേഷനിൽനിന്നും നമുക്ക് ലഭിക്കുന്നത്. ഇവിടെയും അതിനെക്കാളപ്പുറമായ സമീപനം ലഭിക്കുന്ന ഒരു സന്ദർഭമാണ് ഈ കാലഘട്ടങ്ങളിലുള്ളതെന്ന് തീർച്ചയായും പറയാൻ സാധിക്കും. ശക്തനായ ഒരു മുഖ്യമന്ത്രി കേരളത്തിനുള്ളതുകൊണ്ടു മാത്രമാണ് ഇവിടത്തെ പോലീസ് സ്റ്റേഷൻ നല്ല രീതിയിലായത്. വേറെയൊരു കാര്യവും അതിന് പറയാനില്ല. കാരണം, കർക്കശമായ നടപടി സ്വീകരിക്കുമെന്നുള്ള

ബോധ്യമുള്ളതുകൊണ്ട് എല്ലാ പോലീസുകാർക്കും നല്ല രീതിയിൽ പ്രവർത്തിക്കാൻ സാധിക്കുന്നുണ്ട്. കിഫ്ബിയെക്കുറിച്ച് പറഞ്ഞുവന്നതുകൊണ്ട് സ്കൂളുകളെക്കുറിച്ച് എനിക്ക് പറയാതിരിക്കാനാവില്ല. എന്റെ നിയോജകമണ്ഡലത്തിലെ കിടങ്ങറ ഗവൺമെന്റ് സ്കൂൾ ഇപ്പോൾ അറിയപ്പെടുന്നത് ഇന്റർനാഷണൽ സ്കൂൾ എന്നാണ്. ഞാൻ കഴിഞ്ഞ പ്രാവശ്യം അവിടെ പോയിരുന്നു. സ്മാർട്ട് ക്ലാസ്സ് റൂമും മറ്റ് സംവിധാനങ്ങളുമുൾപ്പെടെ വളരെ നല്ല രീതിയിൽ പണി കഴിപ്പിച്ചിരിക്കുന്നൊരു സ്കൂളാണത്. ഇങ്ങനെ അടിസ്ഥാനപരമായിട്ടുള്ള കാര്യങ്ങളൊക്കെ വികസിപ്പിച്ചുകൊണ്ട് പോകുന്ന ഒരു ഗവൺമെന്റാണ് എന്റെ ഗവൺമെന്റ്. അതുകൊണ്ട് എല്ലാ രീതിയിലും ഈ ധനാഭ്യർത്ഥനകളെ നമുക്ക് പിന്താങ്ങിയേ കഴിയൂ.

റോഡുകളും പാലങ്ങളും നല്ല ഗുണനിലവാരത്തോടുകൂടി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാൻ കഴിഞ്ഞു. എന്റെ നിയോജകമണ്ഡലമായ കുട്ടനാട്ടിൽ 12 പാലങ്ങളാണ് നിർമ്മിച്ചുകൊണ്ടിരിക്കുന്നത്. എന്റെ സഹോദരനും മുൻ എം.എൽ.എ.-യുമായ തോമസ് ചാണ്ടിയുടെ ഭവനവും എന്റെ ഭവനവും കുട്ടനാട്ടിലാണ്. ഇന്നുവരെ ഒരു സൈക്കിൾപോലും അവിടെ വന്നിട്ടില്ല. ഈ സർക്കാർ വന്നതിനുശേഷം ആദ്യമായി അവിടെ അനുവദിച്ചതാണ് മുണ്ടക്കൽ പാലം. അതിന്റെ പ്രവൃത്തി പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. കൂടാതെ ചാവറ റോഡും 'സി' ബ്ലോക്ക് റോഡും കിഫ്ബി മുഖേനയാണ് നിർമ്മിച്ചിരിക്കുന്നത്. ഇവർ പറയുന്നത് കിഫ്ബിയെല്ലാം കടലാസ്സാണെന്നാണ്. ഈ പ്രവർത്തനങ്ങളും സംവിധാനങ്ങളും എവിടെനിന്നും വന്നു? ഇതൊരു പ്രത്യേകതയുള്ള ഗവൺമെന്റാണെന്നാണ് എനിക്ക് പറയാനുള്ളത്. തങ്ക ലിപികളാൽ എഴുതേണ്ടൊരു കാര്യമാണ്, മുഖ്യമന്ത്രിയായിരുന്നുകൊണ്ട് മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത ഏക വ്യക്തി കേരള ചരിത്രത്തിലുണ്ടെങ്കിൽ അത് സഖാവ് പിണറായി വിജയനാണ്. അല്ലാതെ മറ്റാർക്കും ആ പദവി കിട്ടിയിട്ടില്ല. അത് സത്യസന്ധമായ കാര്യമാണ്. കാരണം അദ്ദേഹത്തെ അടുത്തറിഞ്ഞെങ്കിലേ നമുക്കത് മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. ഇവിടെ പല ആളുകളും അദ്ദേഹത്തെക്കുറിച്ച് പല രീതിയിൽ പറയുന്നത് കേട്ടു. എനിക്ക് ആ സഹോദരങ്ങളോട് സഹതാപം മാത്രമേയുള്ളൂ. കാരണം, ഞാനും കോൺഗ്രസ്സായിരുന്നുവല്ലോ; അതു കഴിഞ്ഞാണല്ലോ അതുവിട്ട് ഇങ്ങോട്ട് വന്നത്, നിങ്ങൾക്ക് എന്തെങ്കിലും പറയാനുണ്ടെങ്കിൽ എന്റെ പ്രസംഗത്തിനുശേഷം പറഞ്ഞുകൊള്ളൂ. ഞാൻ പുതിയ ആളാണ്. ഇടയ്ക്ക് കയറി പറഞ്ഞാൽ എന്റെ സംസാരം തെറ്റും. അനുഭവമുള്ളവരും പരിചയസമ്പന്നരുമായ ആൾക്കാരോട് സംസാരിക്കൂ.

സർക്കാർ ആശുപത്രികളും പൊതുവിദ്യാലയങ്ങളും ഏറ്റവും മെച്ചപ്പെട്ട പ്രവർത്തനങ്ങളാണ് നടത്തുന്നത്. കോവിഡ് മഹാമാരിയെ പ്രതിരോധിക്കാനും മരണനിരക്ക് വലിയ തോതിൽ നിയന്ത്രിക്കാനും നമ്മുടെ ശക്തമായ ആരോഗ്യ

രംഗത്തിന് കഴിഞ്ഞിട്ടുണ്ട്. ഓരോ മേഖല പരിശോധിക്കുമ്പോഴും ഗുണപരമായ മാറ്റങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. കാർഷിക മേഖലയെക്കുറിച്ച് പറയാതിരിക്കാനാകില്ല. ശ്രീ. പി. പ്രസാദ് എന്ന ആരാധ്യനായ കൃഷി വകുപ്പുമന്ത്രി, ജലവിഭവ വകുപ്പുമന്ത്രി, പൊതുമരാമത്ത് വകുപ്പുമന്ത്രി, എന്റെ സഹോദരനായ സജി ചെറിയാൻ മിനിസ്റ്റർ, എന്നിവരെല്ലാം കുട്ടനാടിന് ആവശ്യമായ കാര്യങ്ങൾ ചെയ്യാൻ അവിടെ വന്നു. തീർച്ചയായും ആരാധ്യനായ മുഖ്യമന്ത്രിയോട് എനിക്ക് പ്രത്യേകമായ കടപ്പാടും സ്നേഹവുമുണ്ട്. കാരണം, അദ്ദേഹത്തിന്റെ നിർദ്ദേശ പ്രകാരമാണ് ഇവരെല്ലാം വന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... കൺക്ലൂഡ്

ശ്രീ. തോമസ് കെ. തോമസ്: രണ്ട് മിനിറ്റ് സമയംകൂടി നൽകണം. കാരണം ഈ സമയത്ത് പറഞ്ഞെങ്കിലേ ഇവിടെ ഇരിക്കുന്നവർ ശ്രദ്ധിക്കുകയുള്ളൂ. അങ്ങ് കുട്ടനാട്ടിൽനിന്നും മത്സരിച്ച ആളാണല്ലോ, അപ്പോൾ തീർച്ചയായും അനുഭാവപൂർവ്വമായ സഹകരണമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. എല്ലാവർക്കും ശുദ്ധജലം വീടുകളിലെത്തിക്കുമെന്ന് വാക്കുകൊടുത്ത് അതിനാവശ്യമായ സ്ഥലം വാങ്ങി കാര്യങ്ങളെല്ലാം ചെയ്തത് തോമസ് ചാണ്ടി, എം.എൽ.എ. ആയിരുന്ന സമയത്താണ്. അന്ന് പൂപ്പള്ളിയിൽ സി.പി.ഐ.-യുടെ ആരാധ്യനായ നേതാവ് ശ്രീ. കാനം രാജേന്ദ്രന് ഒരു സ്വീകരണം നൽകിയപ്പോൾ, 15 വർഷത്തേയ്ക്ക് ശ്രീ. പിണറായി വിജയനെ ഈ കസേരയിൽനിന്ന് മാറ്റാൻ ആർക്കും കഴിയുകയില്ലെന്ന് തോമസ് ചാണ്ടി പറഞ്ഞു. അദ്ദേഹം അങ്ങനെ പറഞ്ഞപ്പോൾ എനിക്ക് അത്ഭുതമായിരുന്നു. തോമസ് ചാണ്ടി മരിച്ചു പോയതിനാൽ അദ്ദേഹം പറഞ്ഞ കാര്യം സാധിക്കാതിരിക്കാനുമാകില്ല. ഇപ്പോൾ 6 വർഷമേ ആയിട്ടുള്ളൂ, ഇനി 9 വർഷം കൂടിയുണ്ട്. അതുകൊണ്ട് എനിക്ക് ഉറച്ച വിശ്വാസമാണ്, കുട്ടനാട് രക്ഷപ്പെടുമെന്ന കാര്യത്തിൽ എനിക്ക് സംശയമൊന്നുമില്ല.

ഈ സർക്കാർ പോലീസ് സേനയെ നവീകരിക്കാനാണ് ശ്രമിച്ചു കൊണ്ടിരിക്കുന്നത്. പോലീസ് സേനയ്ക്ക് നൽകുന്ന പിന്തുണ നമ്മുടെ ക്രമസമാധാന രംഗത്ത് സമഗ്രമായ മാറ്റത്തിന് കാരണമാകുമെന്നതിൽ സംശയമില്ല. ഞാൻ വിദേശ രാജ്യങ്ങൾ സന്ദർശിച്ചിട്ടുള്ളതുകൊണ്ട് അവിടത്തെ സ്ഥിതിയും മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനും ഇടപെടുന്നതിനും കുറ്റകൃത്യങ്ങൾ തടയുന്നതിനും ശാസ്ത്രീയമായി തെളിയിക്കുന്നതിനുമെല്ലാം കുറേക്കൂടി മെച്ചപ്പെട്ട നിലയിൽ ഉയരുന്നതിനുവേണ്ടി ഇന്ത്യയിലെ നമ്പർ വൺ ആയ കേരള പോലീസിന് എല്ലാ പിന്തുണയും നൽകേണ്ടതുണ്ട്. അങ്ങനെ പിന്തുണ നൽകുന്ന ഒരു സർക്കാർ അധികാരത്തിലിരിക്കുമ്പോൾ ജനമൈത്രി പോലീസും സ്റ്റുഡന്റ്

പോലീസ് കേഡറ്റ് പദ്ധതിയുമൊക്കെ നടപ്പാക്കിയ സർക്കാർ അവരുടെ പ്രവർത്തനങ്ങൾക്കും ക്ഷേമത്തിനും വലിയ പ്രാധാന്യം നൽകുന്നുണ്ട്. ആ നിലയിൽ നൽകുന്ന പ്രോത്സാഹനങ്ങൾക്ക് നമ്മുടെ നാടിന് ഐശ്വര്യപൂർണ്ണമായ ഒരു നല്ല നാളെയെ രൂപപ്പെടുത്താൻ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. ഇതിന് കരുത്തും ആർജ്ജവവുമുള്ള ഒരു മുഖ്യമന്ത്രിയാണ് നമുക്കുള്ളത്. അതുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു, നന്ദി നമസ്കാരം.

ശ്രീമതി സി. കെ. ആശ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും പിന്താങ്ങുന്നു. ഇവിടെ നടന്ന പ്രസംഗങ്ങളെല്ലാം ശ്രദ്ധിച്ചിരുന്നപ്പോൾ ബഹുമാനപ്പെട്ട അംഗം എൻ. എ. നെല്ലിക്കുന്നിന്റെ പ്രസംഗം വിചിത്രമായാണ് എനിക്ക് അനുഭവപ്പെട്ടത്. ശ്രീ. നരേന്ദ്ര മോദിയെ ഒരു കാരണവശാലും നിങ്ങൾ വിശ്വസിക്കരുതെന്നാണ് അദ്ദേഹം നമുക്ക് നൽകിയ ഉപദേശം. അങ്ങനെ അദ്ദേഹം പറയുമ്പോൾ ചില കാര്യങ്ങൾ എനിക്ക് ഓർമ്മ വരുന്നു. ശ്രീ. നരേന്ദ്ര മോദിയെ വിശ്വസിക്കരുതെന്ന് ഇവിടെ വന്ന് പ്രസംഗിച്ച ശ്രീ. എൻ. എ. നെല്ലിക്കുന്നിന്റെ രാഷ്ട്രീയഗുരുവോ അല്ലെങ്കിൽ നേതാവോ ആയ, വർഗ്ഗീയതയ്ക്കെതിരെ പടവെട്ടാൻ ഡൽഹിക്ക് വണ്ടികയറി പരാജയപ്പെട്ട് മടങ്ങിവന്ന് എം.എൽ.എ. ആയിരിക്കുന്ന നേതാവ്, മുഖ്യമന്ത്രി ദുരിതാശ്വാസ ഫണ്ട് സ്വരൂപിച്ച സമയത്ത് അദ്ദേഹത്തിന്റെ പങ്ക് ശ്രീ. നരേന്ദ്ര മോദിയുടെ കയ്യിലല്ലേ കൊടുത്തത്. ഇത്രയും പറയുമ്പോൾ പേര് വ്യക്തമാണല്ലോ. ചന്ദ്രു തോറ്റത് പടവെട്ടി അഭിമാനത്തോടെയാണ്, എന്നാൽ ഇദ്ദേഹം തോറ്റ് മടങ്ങിപ്പോരുകയാണ് ചെയ്തത്. അത് ആരാണെന്ന് പറയാതെതന്നെ അറിയാം. ഞാൻ ആ പേര് പരാമർശിക്കാൻ ആഗ്രഹിക്കുന്നില്ല, ഇത്രയും പറഞ്ഞിട്ടുള്ളതിൽനിന്നും മനസ്സിലാക്കാം. അക്കാര്യത്തെപ്പറ്റി ബോധ്യമുള്ള എം.എൽ.എ.-മാരാണ് ഈ സഭയിലുള്ളതെന്നതുകൊണ്ട് പേര് വെളിപ്പെടുത്താൻ ആഗ്രഹിക്കുന്നില്ല. അതുപോലെ അദ്ദേഹത്തിന്റെ മുന്നണിയിലുള്ളവരാണ് കേന്ദ്ര സർക്കാരിന്റെ ഏറ്റവും വലിയ അജണ്ടയായ അയോദ്ധ്യ ക്ഷേത്ര നിർമ്മാണത്തിന്റെ ഫണ്ടിലേയ്ക്ക് സംഭാവന നൽകിയത്. അതിന്റെ ശിലാന്യാസ ചടങ്ങിലേയ്ക്ക് തങ്ങളെ വിളിച്ചില്ലെന്ന് പറഞ്ഞ് വിതുമ്പിക്കരഞ്ഞ നേതാക്കളുടെ മുന്നണിയിൽ നിന്ന ഇദ്ദേഹം ഇവിടെ നടത്തിയ പ്രസ്താവന എത്രത്തോളം ഇരട്ട മുഖമാണ് വെളിവാക്കുന്നതെന്നതാണ് എനിക്ക് അതിനെക്കുറിച്ച് പറയാനുള്ളത്. ഈ ഇരട്ടത്താപ്പ് ജനങ്ങൾ മനസ്സിലാക്കിയതുകൊണ്ടാകണം നമുക്ക് 99-ഉം ബാക്കി വളരെക്കുറച്ച് അംഗങ്ങളുമായി അവർക്കും അവിടെ ഇരിക്കേണ്ട സാഹചര്യമുണ്ടായത്.

പോലീസ്, ജയിലുകൾ, അച്ചടി, വാർത്താവിതരണം തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ചുള്ള ധനാഭ്യർത്ഥനകളാണ് അവതരിപ്പിച്ചിട്ടുള്ളത്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കുന്നതിനും ക്രമസമാധാനപാലനം, കുറ്റകൃത്യങ്ങളിൽ പ്രതികൾക്ക് ശിക്ഷ ഉറപ്പാക്കുംവിധം ശാസ്ത്രീയ മാർഗ്ഗങ്ങളിലൂടെയുള്ള തെളിവ് ശേഖരണം, ഉന്നത ഉദ്യോഗസ്ഥരെയുൾപ്പെടുത്തി അന്വേഷണ സംഘങ്ങൾ രൂപീകരിച്ച് കുറ്റവാളികളെ ഉടൻ പിടികൂടി ശിക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ തുടങ്ങിയവ നടപ്പാക്കിക്കൊണ്ട് ക്രമസമാധാന പാലനത്തിനും മികച്ച ഭരണ നിർവ്വഹണത്തിനും കേരളം രാജ്യത്തിന് മാതൃകയായി മാറുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. പോലീസ് സേനയുടെ ആധുനികവത്കരണം ഈ സർക്കാരിന്റെ മുഖമുദ്രയാണ്. നമ്മുടെ രാജ്യത്തിന്റെ പോലീസ് സേനയെ ചിട്ടപ്പെടുത്തിയത് ബ്രിട്ടീഷുകാരാണെന്നുള്ള വസ്തുത നമുക്കറിയാം. അവരുടെ രാജ്യത്ത് 'ലണ്ടൻ ബോബി' എന്നറിയപ്പെടുന്ന ജനസൗഹൃദ പോലീസിനെ സൃഷ്ടിച്ചപ്പോൾ ഇന്ത്യയിലും അയർലൻഡിലുമടക്കം അവർ ജനവിരുദ്ധ പോലീസിനെയാണ് സൃഷ്ടിച്ചത്. പോലീസിനിടയിൽ ഇന്നും നിലനിൽക്കുന്ന സ്റ്റാൻഡിംഗ് ഓർഡറും പണിഷ്മെന്റ് നിയമങ്ങളെയും കുറിച്ചൊക്കെ നമുക്കെല്ലാം നല്ല ധാരണയുണ്ട്. ഇതെല്ലാം കാലഘട്ടത്തിനനുസരിച്ച് മാറ്റപ്പെടണമെന്നുള്ളതാണ് വസ്തുത. അതിനാൽ ഇന്ന് അതിനുള്ളിൽ വളരെ വലിയ മാറ്റങ്ങൾ നടക്കുന്നുണ്ട്. ജനാധിപത്യ പ്രക്രിയയിൽ ജനാധിപത്യപരമായി, ജനസൗഹൃദപരമായി പോലീസിനെ മാറ്റിയെടുക്കാൻ സാധ്യമാകുമെന്നതിനാലാണ് പോലീസ് സേനയുടെ ആധുനികവത്കരണം സർക്കാരിന്റെ പ്രഖ്യാപിത നയമായി കൊണ്ടുവന്നിട്ടുള്ളത്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. വി. ജോയി)

ഇവിടെ പലരും പരാമർശിച്ചതുപോലെ പോലീസിനെ കേവലം മർദ്ദനോപാധിയായി മാത്രം കണ്ടുകൊണ്ടിരുന്ന കാലത്തുനിന്നും ജനമൈത്രി പോലീസ് വരെ എത്തിനിൽക്കുന്ന പ്രവർത്തനങ്ങൾ ശ്ലാഘനീയമാണെന്ന് പറയാതെ തരമില്ല. സേനയുടെ ആധുനികവൽക്കരണ കാലഘട്ടത്തിൽ അവരുടെ പ്രവർത്തനങ്ങൾകൂടി നാം പരിശോധിക്കേണ്ടതുണ്ട്. ഒട്ടേറെ പ്രവർത്തനങ്ങളിലൂടെയാണ് ഇന്ന് പോലീസ് സേന നാം കാണുന്ന അഭിമാനകരമായ നേട്ടങ്ങൾ കൈവരിച്ചത്. അവർക്ക് ലഭിച്ച അവാർഡുകളെപ്പറ്റി എല്ലാവരും സൂചിപ്പിച്ചതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. എങ്ങനെയാണ് ആ നേട്ടത്തിലേയ്ക്ക് കടന്നുവന്നതെന്നുള്ളത് നമുക്ക് പരിശോധിക്കാം. സ്ത്രീധനത്തിന്റെ പേരിലുള്ള പീഡനങ്ങളെയും മരണങ്ങളെയും കുറിച്ചുള്ള വാർത്തകൾ മാധ്യമങ്ങളിലും സമൂഹത്തിലുമൊക്കെ നിറഞ്ഞു നിൽക്കുന്ന ദുഃഖകരമായ സാഹചര്യത്തിലാണ് നാം ഈ സഭ ചേരുന്നത്. കേരളത്തിലെ സ്ത്രീധന പീഡനത്തിന്റെയും കുട്ടികൾ പീഡനത്തിനിരയാകുന്നതിന്റെയും കണക്കുകൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കേരളത്തിൽ ആ കണക്ക് അത്രയേറെയാണെന്ന് പറയുന്നത് എന്തുകൊണ്ടാണ്?

ഉത്തരേന്ത്യൻ സംസ്ഥാനങ്ങളുമായിട്ടാണ് അത് താരതമ്യം ചെയ്യുന്നത്. ഇവിടെ ക്രമസമാധാനപാലനം അല്ലെങ്കിൽ സ്ത്രീസുരക്ഷിതത്വം, കുട്ടികളുടെ സുരക്ഷിതത്വം തുടങ്ങിയവ ശരിയായ രീതിയിൽ നടപ്പാക്കുന്നില്ലെന്ന് സ്ഥാപിക്കുന്നതിനു വേണ്ടിയാണ് കേരളത്തിലെ കണക്ക് കൂടുതലാണെന്ന് പറയുന്നത്. കേരളത്തിൽ ഇതെല്ലാം കൃത്യമായി രേഖപ്പെടുത്തുന്നുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പോലീസ് സ്റ്റേഷനുകളിൽ ഇതു സംബന്ധിച്ച രേഖകളും പരാതികളുടെ എണ്ണവുമുണ്ട്. കൂടാതെ പരാതി നൽകുന്നതിനായി ജനങ്ങളിൽ അവബോധം സൃഷ്ടിക്കുകയും ചെയ്യുന്നുണ്ട്. പക്ഷേ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ഇത് റെക്കോർഡ് ചെയ്യപ്പെടുന്നില്ലെന്നുള്ളതു കൊണ്ടാണ് അവിടെ കേരളത്തെക്കാൾ കുറഞ്ഞ സംഖ്യയാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നത്. തീർച്ചയായും ഇവിടെ പോലീസിന്റെ നല്ലൊരു ഇടപെടലുണ്ട്. സ്ത്രീ സൗഹൃദ പോലീസ് സ്റ്റേഷനും ശിശുസൗഹൃദ അന്തരീക്ഷവുമെല്ലാം പോലീസ് സ്റ്റേഷനിലുള്ളതുകൊണ്ട് ഇത്തരത്തിലുള്ള കേസ്സുകളെല്ലാംതന്നെ പോലീസിൽ റെക്കോർഡ് ചെയ്യപ്പെടുന്നു. അതുകൊണ്ട് കേരളത്തിൽ അതിന്റെ എണ്ണം കൂടുതലായി കണക്കുകളിലൂടെ ഉണ്ടാകുന്നുവെന്നുള്ളതാണ് വസ്തുത. അത്തരത്തിൽ രേഖപ്പെടുത്തുന്ന കേസ്സുകൾ കൃത്യമായി അന്വേഷിക്കുകയും ഒരു കാരണവശാലും കുറ്റവാളികൾ രക്ഷപ്പെടാത്ത രീതിയിലുള്ള വകുപ്പുകൾ ചേർത്തുകൊണ്ട് മാതൃകാപരമായി ശിക്ഷിക്കുന്ന നടപടികളിലേയ്ക്ക് പോകുന്നതിന് ഈ സർക്കാർ എടുത്തിട്ടുള്ള മേൽക്കൈ പ്രവർത്തനങ്ങൾ പ്രശംസനീയമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

കോവിഡ് പശ്ചാത്തലത്തിൽ വിദ്യാഭ്യാസ രീതിയിൽ വലിയ മാറ്റങ്ങളാണ് ഉണ്ടായിരിക്കുന്നത്. മൊബൈൽ ഫോണും ഇന്റർനെറ്റും ഉപയോഗിക്കാൻ കുട്ടികളെ അനുവദിക്കരുതെന്ന് മുൻകാലങ്ങളിൽ പറഞ്ഞിരുന്നുവെങ്കിൽ ഇന്ന് രക്ഷിതാക്കളെല്ലാവരും അല്ലെങ്കിൽ പൊതുസമൂഹമാകെ അതെല്ലാം നൽകുന്നതിന് നിർബന്ധിതരാകുകയാണ്. എന്നാൽ അതുസംബന്ധിച്ച് കുട്ടികൾക്കിടയിൽ ഒട്ടേറെ പ്രശ്നങ്ങൾ ഉണ്ടാകുമ്പോഴോ അവരുടെ ഓൺലൈൻ ഉപയോഗം സംശയമുണർത്തുന്നുവെങ്കിലോ മാതാപിതാക്കളെ സഹായിക്കാൻ പോലീസ് സൈബർ വിഭാഗമുണ്ടെന്നുള്ളത് ഒരു രക്ഷിതാവുകൂടിയായ എനിക്ക് വളരെയേറെ ആശ്വാസമുണ്ടാക്കുന്ന കാര്യമാണ്. പൊതുസമൂഹത്തിൽ കുട്ടികൾ വഴിതെറ്റി വളരാതിരിക്കുന്നതിനുവേണ്ടി പോലീസ് നടത്തുന്ന ഏറ്റവും വലിയ ഒരു കാര്യമായിത്തന്നെ ഞാൻ അതിനെ കാണുകയാണ്. ഇ-കൊമേഴ്സ് സഹായത്തോടെ സാമ്പത്തിക കുറ്റകൃത്യങ്ങൾ വ്യാപകമായി നടക്കുന്നുണ്ടെന്ന് നമുക്കറിയാം. എ.ടി.എം. തട്ടിപ്പുകൾ, വ്യാജ ഫേസ്ബുക്ക് പ്രൊഫൈലുകൾ ഉപയോഗിച്ചുള്ള തട്ടിപ്പുകൾ, സ്വകാര്യ ചിട്ടിയുടെയും ബ്ലേഡ് പലിശക്കാരുടെയും തട്ടിപ്പുകൾ, ഓഹരി കമ്പോളത്തിലെ കബളിപ്പിക്കലുകൾ തുടങ്ങിയവ വ്യാപകമായ സാഹചര്യത്തിൽ സൈബർ-സാമ്പത്തിക കുറ്റകൃത്യങ്ങൾ അന്വേഷിക്കാൻ പരിശീലനം

നേടിയ ഇക്കണോമിക് ഒഫൻസ് വിംഗ് രൂപീകരിക്കുമെന്നുള്ള തീരുമാനം വളരെ ഉചിതമാണ്. വ്യാജ പ്രൊഫൈൽ അക്കൗണ്ട്വഴി ദിനംപ്രതി സാമ്പത്തിക തട്ടിപ്പ് നടക്കുന്ന സാഹചര്യത്തിൽ ഈ തീരുമാനം ഏറ്റവും ഉചിതമാണെന്ന് ഞാൻ മനസ്സിലാക്കുന്നു. പോലീസ് ടെക്നോളജി സെന്റർ തുടങ്ങുമെന്ന പ്രഖ്യാപനവുമുണ്ട്. കേസന്വേഷണവുമായി ബന്ധപ്പെട്ട പതിനൊന്ന് വിഭാഗങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവന്ന് അന്വേഷണത്തിന്റെ എല്ലാ ഘട്ടങ്ങളെയും ഏറ്റവും നല്ലരീതിയിൽ ബന്ധപ്പെടുത്തിക്കൊണ്ട് പോകുന്നതിന് ഈ തീരുമാനം സഹായകരമാകും. പോലീസിന്റെ ആധുനികവത്കരണത്തിലേയ്ക്ക് കൈപിടിച്ചുയർത്തുന്ന കാര്യങ്ങളാണിത്. 'ഹോപ്', 'കവചം', 'മാലാഖ', 'ചിരി', 'ഒരുവയറൂട്ടാം വിശപ്പകറ്റാം', 'പ്രശാന്തി' തുടങ്ങിയവ പോലീസ് സേനയുടെ വിവിധ പദ്ധതികളാണ്, അവയെക്കുറിച്ച് ഞാൻ വിശദീകരിക്കുന്നില്ല. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളുടെ ഫലമായിട്ടാണ് കുറ്റകൃത്യങ്ങൾ കുറയുന്നത്. 2011 മേയ് മാസം മുതൽ 2016 മേയ് മാസം വരെ റിപ്പോർട്ട് ചെയ്യപ്പെട്ട കൊലപാതകക്കേസുകൾ 1791 ആയിരുന്നെങ്കിൽ, 2016 ജൂൺ മുതൽ 2021 ജനുവരി വരെയുള്ള കേസുകൾ 1378 എണ്ണമായി ചുരുക്കാൻ കഴിഞ്ഞു. 2011-16 കാലയളവിലെ ഭവനഭേദന കേസുകൾ 15241 ആയിരുന്നെങ്കിൽ 2016-21 കാലയളിൽ അത് 10424 എണ്ണമായി ചുരുക്കാൻ കഴിഞ്ഞു. മോഷണം 22124-ൽനിന്നും 15884 എണ്ണമായും കവർച്ചക്കേസുകൾ 385-ൽനിന്നും 327 എണ്ണമായും ചുരുക്കാൻ സാധിച്ചത് പോലീസ് സേന ഇത്തരത്തിൽ ഇടപെടലുകൾ നടത്തിയതുകൊണ്ടാണ്. ജയിലുകളും ഒട്ടേറെ പരിഷ്കരണങ്ങൾക്ക് പാത്രീഭവിച്ചുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ അവയെ ഇനിയും നല്ലനിലയിലേയ്ക്ക് ഉയർത്തുന്നതിനുവേണ്ടി മുഖ്യമന്ത്രി അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. വിശ്വവിഖ്യാതനായ അമേരിക്കൻ എഴുത്തുകാരൻ Sidney Sheldon പോലീസിനെക്കുറിച്ച് നടത്തിയ ഒരു ഉദ്ധരണിയുണ്ട്, " My heroes are those who risk their lives everyday to protect our world and make it a better place - police, firefighters and members of our armed forces." Police are our heroes, പോലീസ് എന്തുകൊണ്ട് ഹീറോകൾ ആകുന്നു? അതിന്റെ ഉത്തരം, കേരള പോലീസ് നടപ്പാക്കിയ ചില പരിഷ്കാരങ്ങളാണ്. കേരളാ പോലീസിനെ താരതമ്യം ചെയ്യാൻ സാധിക്കും. ഞാനിന്ന് ഗ്രൂഗിളിൽ തെരഞ്ഞപ്പോൾ ലോകത്തിൽ ഏറ്റവും മികച്ച പോലീസ് സേനയുള്ളത് ജപ്പാനിലാണെന്ന് മനസ്സിലായി. ജപ്പാനിലെ പോലീസ് highly trained and least corrupted ആണ്. അതിന് സമാനമായി കേരളത്തിലെ പോലീസും highly trained-ഉം least corrupted-ഉം ആണ്. അതോടൊപ്പം കേരള പോലീസ് നടപ്പാക്കിയ പദ്ധതിയായ 'HOPE'-ന്റെ അർത്ഥം പ്രതീക്ഷയെന്നാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

കഴിഞ്ഞ അഞ്ചുവർഷക്കാലം കേരളത്തിലെ പോലീസ് നടപ്പാക്കിയ 'HOPE' പദ്ധതി സ്കൂളുകളിൽനിന്നും കൊഴിഞ്ഞുപോകുന്ന കുട്ടികളെ വിദ്യാഭ്യാസ മേഖലയിൽ തിരിച്ചെത്തിക്കുന്ന പദ്ധതിയാണ്. അത് കേരളത്തിലെ പോലീസിനെ ഹീറോസ് ആക്കുന്നുണ്ട്. മറ്റൊന്ന് കേരളത്തിലെ പോലീസ് കവചമായിരുന്നു. ശാരീരികമായും ലൈംഗികമായും പീഡിപ്പിക്കപ്പെടുന്ന ദുർബ്ബലവിഭാഗത്തിൽപ്പെട്ട കുട്ടികളെ സംരക്ഷിക്കാൻ കേരളത്തിലെ പോലീസ് 'കവചം' പദ്ധതി നടപ്പാക്കി, അതുകൊണ്ടാണ് കേരള പോലീസ് ഹീറോകളാകുന്നത്. കേരളത്തിലെ പോലീസ് മാലാഖമാരാണ്, കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് 'മാലാഖ'. ഇത്തരം പദ്ധതികൾ കാരണമാണ് കേരള പോലീസ് ഹീറോകളായി മാറിയത്. പൊല്ലാപ്പ് എന്ന വാക്കിന്റെ പ്രയോഗം മലയാളത്തിൽ ഒരല്പം ബുദ്ധിമുട്ടുള്ളതാണെങ്കിലും POL-APP സൂചിപ്പിക്കുന്നത് 'പോലീസ് ആപ്പ് ' എന്നാണ്. പോലീസ് ആപ്പ് നടപ്പാക്കിയ സംസ്ഥാനമാണ് കേരളം. ലോക്ഡൗൺ കാലത്ത് ആരായിരുന്നു താങ്ങുംതണലുമായി ഉണ്ടായിരുന്നത്? 'Round the Clock'-ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്നവർക്ക് ചില പോരായ്മകൾ ഉണ്ടായേക്കാം. ആ പോരായ്മകൾ തിരുത്തിക്കാനാവശ്യമായ നടപടികളും അവരുടെ ഭാഗത്തുനിന്നു മുണ്ടാകുന്നുണ്ട്. ഞാൻ ജനപ്രതിനിധി ആയിരുന്നതിനാൽ ലോക്ഡൗൺ കാലത്തും പോലീസ് നടത്തിയ സേവനങ്ങളെപ്പറ്റി എനിക്ക് പറയാൻ കഴിയും. കോഴിക്കോട് നിന്നും ഒരു പ്രധാന മെഡിസിൻ ആവശ്യമായി വന്നു, പോലീസ് ഓഫീസർമാരെ വിളിച്ചപ്പോൾത്തന്നെ യാതൊരു ഉപേക്ഷയുംകൂടാതെ ആവശ്യക്കാരന്റെ വീട്ടിലേയ്ക്ക് മരുന്ന് എത്തിച്ചുകൊടുത്തു, ഇതും പോലീസാണ്. നേരത്തെ ഇവിടെ പലരും പരാമർശിച്ച ഒരു പദ്ധതിയാണ് 'ചിരി'. കുട്ടികൾക്ക് ഈ കാലഘട്ടത്തിൽ മാനസിക സംഘർഷമുണ്ട്. കോവിഡിന്റെ പാർശ്വഫലമായുള്ള വിഷാദരോഗം കുട്ടികളെ വലിയ രീതിയിൽ ബാധിക്കുന്നുണ്ട്. ആത്മഹത്യാ പ്രവണതയുള്ള കുട്ടികളെ പിന്തിരിപ്പിക്കാനുള്ള 'ചിരി' എന്ന പദ്ധതി പോലീസ് ആവിഷ്കരിച്ചതാണ്. ഭയമില്ലാതെ ഏതൊരാൾക്കും പോലീസ് സ്റ്റേഷനിൽ പോകാൻ സാധിക്കുമെന്നതാണ് കേരളത്തിന്റെ പ്രത്യേകത. ആ സാഹചര്യം ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റിന്റെ കാലത്ത് പിണറായി വിജയൻ സർക്കാർ നടപ്പാക്കിയെന്നതാണ് കേരളത്തിന്റെ നേട്ടം. ലോക്ഡൗൺ കാലത്ത് അവശ്യസാധന കിറ്റും ഭക്ഷണവും നമ്മുടെ പോലീസ് എത്തിച്ചു നൽകിയില്ലേ? വിശന്ന് വയറുകായുന്നവർക്ക് ഭക്ഷണവുമായി പോകുന്ന പോലീസിനെ നിങ്ങൾക്ക് ആർക്കെങ്കിലും സങ്കൽപ്പിക്കാൻ കഴിയുമോ എന്ന കാര്യം പോലീസിനെ വിമർശിക്കുന്നവരോട് ഞാൻ വിനയത്തോടെ ചോദിക്കുകയാണ്. ഇതായിരുന്നു കേരളത്തിലെ പോലീസ്. പോലീസിന് എന്തെല്ലാം അവാർഡുകൾ ലഭിച്ചു. നിങ്ങളുടെ കാലത്ത് കേരളത്തിലെ പോലീസിന് ലഭിച്ചത് സ്കോച്ച് വിസ്കിയാണ്.

അത് മുതലാളിമാരുടെ കേസ് ഒതുക്കിയതിനായിരുന്നു. ഞങ്ങളുടെ കാലത്തെ പോലീസിന് ലഭിച്ചത് സ്കോച്ച് അവാർഡാണ് (SKOCH AWARD). കേരളത്തിലെ പോലീസ് സ്കോച്ച് അവാർഡുകൾ വാരിക്കൂട്ടി. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന സമയത്ത് തുടങ്ങിയ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി ശ്രീ. പിണറായി വിജയന്റെ ഭരണകാലത്ത് വളരെ ഫലപ്രദമായി നടപ്പാക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ പ്രസംഗം കേൾക്കുന്നില്ലെങ്കിലും അദ്ദേഹത്തിനു വേണ്ടി പോലീസ് വകുപ്പിന്റെ തലവന്മാർ ഉൾപ്പെടെയുള്ളവർ അത് കേൾക്കുന്നുണ്ട്. നേരത്തെ പലരും സൂചിപ്പിച്ചതുപോലെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി എയ്ഡഡ് സ്കൂളുകളിലേയ്ക്കുകൂടി വ്യാപിപ്പിക്കണം. ഈ പദ്ധതി കേരളത്തിനകത്തുണ്ടാക്കിയ മാറ്റം നമുക്കാർക്കും അവഗണിക്കാൻ സാധിക്കില്ല. അതുപോലെ COPS TODAY INTERNATIONAL-ന്റെ പോലീസ് എക്സലൻസ് അവാർഡും FICCI SMART Policing Award-ഉം കേരള പോലീസിന് ലഭിച്ചു. ജനമൈത്രി പോലീസിന്റെ പ്രവർത്തനം നമുക്കാർക്കെങ്കിലും നിഷേധിക്കാൻ സാധിക്കുമോ? ലോക്ഡൗൺ കാലത്ത്, ജനമൈത്രി പോലീസ് തെരുവിൽ അലഞ്ഞു തിരിഞ്ഞ് നടക്കുന്നവരെ ഡെസ്റ്റിറ്റ്യൂട്ട് ക്യാമ്പുകളിൽ കൊണ്ടുപോയി താമസിപ്പിച്ചു. ഇത്തരത്തിലുള്ള മാറ്റത്തിന് നേതൃത്വം കൊടുക്കാൻ ശ്രീ. പിണറായി വിജയന്റെ കാലത്തെ പോലീസിന് സാധിച്ചു. കേരള പോലീസിന്റെ സൈബർഡോം പദ്ധതിക്ക് ഡിജിറ്റൽ ട്രാൻസ്മിഷൻ അവാർഡ് ലഭിച്ചു. ഇങ്ങനെ നിരവധി അവാർഡുകൾ കഴിഞ്ഞ അഞ്ചു വർഷക്കാലം ശ്രീ. പിണറായി വിജയന്റെ കാലത്തെ പോലീസ് നേടിയെടുത്തു. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സ്ത്രീപീഡനത്തെക്കുറിച്ച് സൂചിപ്പിച്ചു. അദ്ദേഹത്തിന്റെ വാക്കുകളിൽ ആത്മാർത്ഥതയുണ്ടെങ്കിൽ, സ്ത്രീപീഡനക്കേസുകളിലെ പ്രതികൾക്കായി കോടതിയിൽ ഹാജരാകരുതെന്ന് അദ്ദേഹത്തിന്റെ സഹപ്രവർത്തകരോട് പറയണം. അങ്ങനെ പറയാൻ ധൈര്യമുണ്ടോ; എന്റെയൊരു സഹസാമാജികൻ സ്ത്രീപീഡന കേസിൽപ്പെട്ട പ്രതിക്കുവേണ്ടി കോടതിയിൽ വക്കാലത്ത് എടുത്തില്ലേ; ഇത് ഭ്രഷണമാണോ? ഇങ്ങനെ ചെയ്തിട്ട് സ്ത്രീപീഡനം കൂടുന്നുവെന്ന് പറഞ്ഞ് കരഞ്ഞതുകൊണ്ട് കാര്യമില്ല. 'പൊട്ടിക്കൽ'-നെക്കുറിച്ച് ശ്രീ. എൻ. ഷംസുദ്ദീൻ പരാമർശിച്ചു. അന്വേഷണം നടക്കട്ടെ, ഞങ്ങളുടെ കൈകൾ ശുദ്ധമാണ്. പൊട്ടിക്കലിന്റെ അന്വേഷണം മുന്നോട്ടുപോകുമ്പോൾ എത്തുക മലപ്പുറത്തായിരിക്കുമെന്നതിൽ ഒരു സംശയവും വേണ്ട. 'അതിന്റെ വേരങ്ങ് കുന്നാപുരത്താണ്' എന്നുപറഞ്ഞപോലെ ഇതിന്റെ വേര് മലപ്പുറത്താണ്. ഇക്കാര്യം പോലീസ് കൃത്യമായി അന്വേഷിക്കണം. അന്വേഷണം നടക്കണമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും പോലീസ് തലവന്മാരോടും ഞങ്ങൾ ആവശ്യപ്പെടുന്നത്. അങ്ങനെ വരുമ്പോൾ ചിലരുടെ മുഖം വികൃതമാകും, ചിലരുടെ മുഖം വാടും. അതേതായാലും ഈ ഭാഗത്ത് ഇരിക്കുന്നവരുടേതായിരിക്കില്ലെന്ന് ഞങ്ങൾക്ക് ഉറപ്പിച്ചു പറയാൻ സാധിക്കും. ജയിലുകളിൽനിന്നും ആളുകളെ പുറത്തുവിടുന്നതിനെക്കുറിച്ച് ചോദിച്ചു, മമ്പറം ദിവാകരനെ തുറന്നുവിട്ടത് ആരാണെന്ന്

നിങ്ങൾ പറയണം. മമ്പറം ദിവാകരൻ ശിക്ഷിക്കപ്പെട്ട ആളായിരുന്നല്ലോ? അദ്ദേഹത്തിന്റെ ശിക്ഷാകാലാവധി പൂർത്തിയാക്കിയിട്ടാണോ തിരിച്ചുവന്നതെന്ന് കോൺഗ്രസ് നേതാക്കന്മാർ വ്യക്തമാക്കണം. നിങ്ങൾ തുറന്നുവിട്ടില്ലേ? ജയിൽ നവീകരിക്കുന്നത് എന്തിനാണെന്ന് ശ്രീ. എൻ. ഷംസുദ്ദീൻ ചോദിച്ചു. ഉത്തരം വളരെ ലളിതമാണ്, ഇഞ്ചിക്കൃഷി നടത്തിയ ആളല്ലേ; അദ്ദേഹം അവിടെപ്പോകുമ്പോൾ സുഖമായി കിടക്കട്ടെ, അതുപോലെ സ്വർണ്ണം കടത്തിയ ആളും അവിടെപ്പോയി കിടക്കട്ടെ. മണിമാളികയിൽ താമസിച്ചവർ ജയിലിൽ പോകുമ്പോഴുള്ള അവസ്ഥ നിങ്ങൾ ആലോചിക്കണം. രാവിലെ ടോയ്‌ലറ്റിൽ പോകാൻ കൃ നിൽക്കണം. ഞങ്ങൾക്ക് ജയിലിൽ കിടന്ന് ശീലമുള്ളതാണ്, നിങ്ങൾക്കതൊന്നും ശീലമില്ലാത്തതാണല്ലോ. അതുകൊണ്ട് ജയിൽ നവീകരണം വേണം. ജയിൽ എന്നാലെന്താണ്? അത് റിഫോർമേഷൻ സെന്ററാണെന്ന് ഇപ്പോഴും പലർക്കും അറിയില്ല. പോലീസിൽ വംശീയതയുണ്ടെന്ന് ഇവിടെ പറഞ്ഞു, Provincial Armed Constabulary (PAC) എന്ന വാക്ക് കേട്ടിട്ടുണ്ടോയെന്ന് ഞാൻ ബഹുമാനപ്പെട്ട മണ്ണാർക്കാട് എം.എൽ. എ.-യോട് ചോദിക്കുകയാണ്; അത് ആരുടേതായിരുന്നു? ഉത്തർപ്രദേശിലെ പോലീസ് സേനയാണത്. പ്രധാനമന്ത്രിമാരെ ഈ രാജ്യത്തിന് സംഭാവന ചെയ്ത ഉത്തർപ്രദേശിൽ PAC ഉണ്ടായിട്ടും മുസ്ലീം ലീഗ് മിണ്ടിയോ; മുസ്ലീം ജനവിഭാഗത്തെ കൊല്ലാനുണ്ടാക്കിയ ആ സേനയെക്കുറിച്ച് നിങ്ങൾ മിണ്ടിയോ? ഐ.എൻ.എൽ.-നോട് ഒരല്പം കെറുവ് നമ്മുടെ ശ്രീ. എൻ. എ. നെല്ലിക്കുന്നിനുണ്ടാകും. ഒരുപക്ഷേ ഇപ്പുറത്തായിരുന്നുവെങ്കിൽ സല്യൂട്ട് കിട്ടേണ്ടതല്ലേ? സഹപ്രവർത്തകൻ മന്ത്രിയായത് സഹിക്കുന്നില്ല. മറ്റൊരു കാര്യം പറയട്ടെ, മൂപ്പരെ ആരും നമ്പരുത്, ഞങ്ങൾ ഒന്നിച്ച് വൈകുന്നേരം ചായകുടിച്ചതാണ്, പിറ്റേന്ന് അദ്ദേഹം മുസ്ലീം ലീഗിലായിരുന്നു. കാസർഗോഡ് വച്ച് ഞങ്ങളെല്ലാവരും ഒന്നിച്ചുപോയി ചായകുടിച്ചതിന്റെ പിറ്റേദിവസത്തെ പത്രം എടുത്തുനോക്കിയപ്പോൾ കണ്ട വാർത്ത 'നെല്ലിക്കുന്ന് ലീഗിലേയ്ക്ക് ' എന്നാണ്. അതുകൊണ്ട് ഏതുസമയത്താണ് ഐ.എൻ.എൽ.-ലേയ്ക്ക് തിരിച്ചുവരികയെന്ന് പറയാൻ കഴിയില്ല. അതുകൊണ്ട് മൂപ്പരെ നമ്പണ്ടാ എന്നുമാത്രമേ എനിക്ക് ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളൂ. സി.പി.ഐ.(എം)-നെ സംബന്ധിച്ചാണെങ്കിൽ, ഞങ്ങൾ പറയുന്നത് ഏത് അന്വേഷണവും നടക്കട്ടെയെന്നാണ്. അന്വേഷണം നടത്തി പാർട്ടിയുമായി ബന്ധമുള്ള ആരെങ്കിലുമുണ്ടെങ്കിൽ പിടിച്ചോട്ടെ, അതിലൊന്നും ഒരു തടസ്സവും ഞങ്ങളുടെ ഭാഗത്തുനിന്നുണ്ടാകില്ല. ഞങ്ങളുടെ ഭാഗത്തുള്ള ആരെങ്കിലും ക്വട്ടേഷന്റെ ഭാഗമായിട്ടുണ്ടെങ്കിൽ പിടിക്കട്ടെ. മറിച്ച് നെഞ്ചത്ത് കൈവച്ച് കോൺഗ്രസിന് പറയാൻ സാധിക്കുമോ 2009-ലെ പാർലമെന്റ് തെരഞ്ഞെടുപ്പ് അട്ടിമറിക്കാൻ തൃശ്ശൂരിൽനിന്നും കണ്ണൂരിലേയ്ക്ക് ഗുണ്ടകളെയിറക്കിയത് ആരായിരുന്നുവെന്ന്? ഇതൊന്നും കേരളീയ സമൂഹം മറന്നിട്ടില്ലെന്നു മാത്രമേ ഈ വേളയിൽ സൂചിപ്പിക്കാനുള്ളൂ.

3.00 P.M.]

ഇന്ന് നിയമസഭയിൽ ഏറ്റവും പ്രധാനപ്പെട്ടൊരു വിഷയം ചർച്ച ചെയ്യാമെന്ന് വിചാരിച്ചു. PEGASAS-നെ (Partnership to Enhance General Aviation Safety, Accessibility and Sustainability) സംബന്ധിച്ചാണത്. പെഗസസ് എന്നുവച്ചാൽ എന്താണ്? പെഗസസ് എന്നത് ഇസ്രായേലി സൈ്പവെയർ ആണ്. ആ സൈ്പവെയറിന് മുമ്പായി ഈ കാര്യം ചോർത്തിയതാരാണ്; സൈ്പവെയർ ഇപ്പോഴാണ് കണ്ടെത്തിയത്. ലോകരാഷ്ട്ര തലവന്മാരുടെ വിവരങ്ങളുൾപ്പെടെ അത് ചോർത്തുകയാണ്. എന്നാൽ ആരായിരുന്നു സൈ്പവെയറിന്റെ മുൻഗാമി; ഇപ്പോൾ നമ്മൾ ശ്രീ. നരേന്ദ്ര മോദിയെ കുറ്റപ്പെടുത്തും. അദ്ദേഹം സമഗ്രാധിപതിയാണ്; ഏകാധിപതിയാണ്. അദ്ദേഹത്തിന്റെ ഏകാധിപത്യത്തിന് ഞങ്ങൾ എതിരാണ്. ശ്രീ. നരേന്ദ്ര മോദിയെ എത്രയും പെട്ടെന്ന് അധികാരത്തിൽനിന്ന് പുറത്തിറക്കാൻ കഴിയുന്നുവോ, ആ ജനാധിപത്യ പ്രക്ഷോഭത്തിന്റെ മുന്നിൽ ഇടതുപക്ഷമുണ്ടാകുമെന്ന് അസന്ദിഗ്ധമായി ഞങ്ങൾ പ്രഖ്യാപിക്കുകയാണ്. എന്നാൽ അദ്ദേഹത്തിന്റെ മുൻഗാമി രാജീവ് ഗാന്ധിയാണ്. 1986-ൽ ഇന്ത്യയുടെ പ്രസിഡന്റായിരുന്ന ഗ്യാനി സെയിൽ സിംഗിന്റെ ടെലിഫോൺ ചോർത്തിയതാരാണ്; അന്ന് മൊബൈൽ ഫോൺ ഉണ്ടായിരുന്നില്ല. ലാൻഡ് ലൈൻ മാത്രമാണുള്ളത്. 1988-ൽ രാമകൃഷ്ണ ഹെഗ്ഡെയെ നിങ്ങൾ എന്തിന് രാജിവയ്പിച്ചു; 1991-ൽ രാജീവ് ഗാന്ധിയുടെ ഫോൺ ചോർത്തി എന്നുപറഞ്ഞ് ചന്ദ്രശേഖറിനെ നിങ്ങൾ രാജിവയ്പിച്ചില്ലേ; ഇതൊക്കെ ഞങ്ങളെക്കൊണ്ട് പറയിപ്പിക്കണോ? കോൺഗ്രസിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണ്; ഞാനൊന്ന് ചോദിച്ചോട്ടെ, വയനാടൻ പ്രധാനമന്ത്രി ശ്രീ. രാഹുൽ ഗാന്ധിയുടെ ഫോൺ ചോർത്തിയാലെങ്കിലും ഒന്ന് മിണ്ടണ്ടെ; ഒന്നുറക്കെ കരയാൻ ഒന്ന് ഒച്ചവയ്ക്കാൻപോലും കോൺഗ്രസിന് ശക്തിയില്ലാതെ വന്നു. അദ്ദേഹം വയനാട്ടിൽ നിന്നല്ലേ ജയിച്ചത്; ഇക്കാര്യത്തിൽ ശ്രീ. പി. കെ. ബഷീർ എങ്കിലും ഒന്ന് മിണ്ടണ്ടെ, അദ്ദേഹംകൂടി ഉൾപ്പെടുന്ന മണ്ഡലമല്ലേ; ഒരക്ഷരം മിണ്ടിയില്ലല്ലോ; ശ്രീ. രാഹുൽ ഗാന്ധിയുടെ ഫോൺ ചോർത്തി, കോൺഗ്രസ്സ് ദേശീയാടിസ്ഥാനത്തിൽ 'C' എന്ന് സൂചിപ്പിക്കുന്നത് കോമയാണ്. കേരളത്തിലെത്തുമ്പോൾ അത് കോംപ്രമൈസ്. ബി.ജെ.പി.-യുമായി കോംപ്രമൈസുള്ളതുകൊണ്ടാണ് ശ്രീ. രാഹുൽ ഗാന്ധിയുടെ ഫോൺ ചോർത്തിയപ്പോഴും കേരളത്തിനകത്തൊരു പ്രതിഷേധംപോലും ഉയർത്താൻ നിങ്ങൾക്ക് സാധിക്കാതിരുന്നത്. നിങ്ങളെ രക്ഷിക്കാൻ ആർക്കും സാധിക്കില്ല. ഏതായാലും ഒരുകാര്യം ഞാനുറപ്പിച്ച് പറയാം. ശ്രീ. രാഹുൽ ഗാന്ധിയുടെ ഫോൺ ചോർത്തിയിട്ടും ഒരു പ്രതിഷേധം ഉയർത്താനുള്ള ശക്തിപോലും ഇന്ത്യൻ നാഷണൽ കോൺഗ്രസ് എന്ന രാഷ്ട്രീയ പ്രസ്ഥാനത്തിന് ഈ രാജ്യത്ത് ഇല്ലാതെപോയതിൽ സങ്കടമുണ്ട്. അതോടൊപ്പം ഒരുകാര്യംകൂടി സൂചിപ്പിക്കാം.

മി.സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, പ്രസംഗം കഴിഞ്ഞതിനുശേഷം പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാം.

ശ്രീ. എ. എൻ. ഷംസീർ: പെഗസസിന് മുമ്പും ഫോൺ ചോർത്തൽ കേരളത്തിലുണ്ടായിരുന്നു. പതിമൂന്നാം കേരള നിയമസഭയിൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എത്ര പേരുടെ ഫോൺ ചോർത്തി. അന്ന് നിരവധി പേരുടെ ഫോൺ ചോർത്തിയെന്ന് കേരളീയ സമൂഹം ചർച്ച ചെയ്തതല്ലേ; അക്കാര്യങ്ങളെല്ലാം അതുമായി ബന്ധപ്പെടുകൊണ്ട് ചർച്ച ചെയ്യണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതോടൊപ്പം കള്ളക്കേസുകൾ സംബന്ധിച്ച് സൂചിപ്പിച്ചു. യു.എ.പി.എ. [Unlawful Activities (Prevention) Act) പ്രകാരം നിങ്ങൾ കേസ്സെടുത്തില്ലേ; ഭീകരവാദ വിരുദ്ധ നിയമത്തിനെതിരെ പതിനാലാം കേരള നിയമസഭയിൽ ശബ്ദമുയർത്തിയ കോൺഗ്രസ്സിനോട് എനിക്ക് ചോദിക്കാനുള്ളത്, പയ്യന്നൂർ എം.എൽ.എ. ശ്രീ. ടി. ഐ. മധുസൂദനൻ ഭീകരവാദിയാണോ; അദ്ദേഹത്തിനെതിരെയും നിങ്ങൾ യു.എ.പി.എ. ചുമത്തിയില്ലേ? നിങ്ങൾക്ക് എന്ത് ധാർമ്മികതയാണുള്ളത്? അതുമാത്രമല്ല ശ്രീ. കെ. പി. മോഹനൻ ഇവിടെ ഇരിക്കുന്നുണ്ട്, ബി.ജെ.പി.-ക്കാർക്കെതിരെ കൊളവല്ലൂർ പോലീസ് സ്റ്റേഷനിൽ വിനോദിന്റെ കൊലപാതകത്തിൽ ആദ്യം ശ്രീ. രമേശ് ചെന്നിത്തല യു.എ.പി.എ. പ്രകാരം കേസെടുത്തു. പിന്നീട് ഒരുഘട്ടത്തിൽ ശ്രീ. രമേശ് ചെന്നിത്തലയും ആർ.എസ്.എസ്.-ഉം തമ്മിൽ കോംപ്രമൈസാകുകയും കേസ് പിൻവലിക്കുകയും ചെയ്തു. ഇതല്ലേ നിങ്ങളുടെ ധാർമ്മികത. അതുകൊണ്ട് ജനാധിപത്യത്തിൽ, ഓരോ ഘട്ടത്തിലും ജനാധിപത്യ വിരുദ്ധ പ്രവർത്തനം നടത്തിയ രാഷ്ട്രീയ പ്രസ്ഥാനം കോൺഗ്രസ്സാണ്. കോൺഗ്രസിനെ രക്ഷിക്കാൻ സാധിക്കുമെന്ന് ആരും വിശ്വസിക്കുന്നില്ല. നിങ്ങൾ തകരുമെന്ന് പതിനാലാം കേരള നിയമസഭയിൽ പറഞ്ഞപ്പോൾ ശ്രീ. കെ. മുരളീധരൻ എന്നെ പരിഹസിച്ചു. നിങ്ങൾക്ക് എല്ലാകാലത്തും പ്രതിപക്ഷത്തിരിക്കാൻ ഭാഗ്യമുണ്ടാകുമെന്നാണ് എന്റെ വിശ്വാസം. അതുപോലെ ഓരോ പ്രതിപക്ഷ നിരയിലും ഓരോ പ്രതിപക്ഷ നേതാവ് നിങ്ങൾക്കുണ്ടാകട്ടെയെന്ന് മാത്രം ആശംസിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ശ്രീ. എ. എൻ. ഷംസീർ സംസാരിച്ച തിനിടയ്ക്ക് ഞാൻ ആരുടെയോ ഫോൺ ചോർത്തിയെന്ന് പറഞ്ഞു. ആ കാലഘട്ടത്തിൽ ഫോൺ ചോർത്തിയിട്ടുണ്ട്. അതിനുള്ള പ്രധാന കാരണം ഒരു കേസിലുൾപ്പെട്ട പ്രതിയെ ടാക്ക് ചെയ്തു. ആ പ്രതിയുടെ ഫോണാണ് അന്നത്തെ പോലീസ് ചോർത്തിയത്. ആ പ്രതിയുമായി ഇന്ററാക്ഷനുണ്ടായിരുന്ന മറ്റ് ചിലരുടെ സംസാരംകൂടി ഇതിനകത്ത് വന്നുപെട്ടു. അത് ശ്രീ. എ. എൻ. ഷംസീർ ആണെന്നുള്ളത് ഇപ്പോൾ എനിക്ക് മനസ്സിലായി.

ശ്രീ. പി. ടി. തോമസ്: സർ, പോയിന്റ് ഓഫ് ഓർഡർ. പ്രധാനപ്പെട്ട തലശ്ശേരി അംഗം സംസാരിച്ചപ്പോൾ ശ്രീ. രാഹുൽ ഗാന്ധിയെ സംബന്ധിച്ച്, പെഗസസിന്റെ ഫോൺ ചോർത്തലിനെക്കുറിച്ച് കോൺഗ്രസ്സ് ഒന്നും മിണ്ടിയില്ലെന്നുള്ള രീതിയിൽ പരാമർശം നടത്തി.

മി. സ്പീക്കർ: പോയിന്റ് ഓഫ് ഓർഡർ എന്താണ്?

ശ്രീ. പി. ടി. തോമസ്: സർ, ഇന്ത്യയിലെ എല്ലാ രാജ്ഭവനുകളുടെയും മുന്നിൽ കോൺഗ്രസ് പാർട്ടി ശക്തമായ പ്രതിഷേധം നടത്തിയിരുന്നു. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗം പത്രം വായിക്കുകയോ ടി.വി. നൃസെങ്കിലും കാണുകയോ ചെയ്യണം, അല്ലാതെ സഭയെ തെറ്റിദ്ധരിപ്പിക്കാൻ പാടില്ല.

ശ്രീ. രമേശ് ചെന്നിത്തല: ബഹുമാനപ്പെട്ട സ്പീക്കർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. സംസ്ഥാനത്തിന്റെ ക്രമസമാധാനനില അനുദിനം വഷളായിക്കൊണ്ടിരിക്കുകയാണ്. ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷിതത്വം ഉറപ്പാക്കാൻ ബാധ്യതയുള്ള ഗവൺമെന്റ് അക്കാര്യത്തിൽ പരാജയപ്പെട്ടിരിക്കുകയാണ്. ഇന്ന് പട്ടാപ്പകൽ കാസർഗോഡ് ഒരു വൻ കവർച്ചയുണ്ടായി, അതിന്റെ ദൃശ്യങ്ങൾ മാധ്യമങ്ങളിൽ വന്നുകൊണ്ടിരിക്കുകയാണ്. അതുപോലെ ബ്ലെയ്ഡ് മാഫിയയുടെ ഗുരുതരമായ പീഡനംകാരണം നെന്മാറയിൽ ഒരു കർഷകൻ ആത്മഹത്യചെയ്തതും ഇന്നാണ്. സ്ത്രീപീഡനങ്ങളും കുട്ടികൾക്കുനേരെയുള്ള അതിക്രമങ്ങളും വർദ്ധിക്കുകയും ഗുണ്ടാമാഫിയ സംഘങ്ങൾ അഴിഞ്ഞാടുകയും സ്വർണ്ണ കള്ളക്കടത്ത് സംഘങ്ങൾ യഥേഷ്ടം പ്രവർത്തിക്കുകയും തട്ടിപ്പ് സംഘങ്ങളും ബ്ലെയ്ഡ് മാഫിയകളും അരങ്ങ് തകർക്കുകയും ചെയ്യുന്നു. സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് ഓരോ ദിവസവും നമ്മൾ പത്രങ്ങളിൽ വായിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാന്യനായ ഗവർണർക്ക് ഉപവാസം നടത്തേണ്ടിവന്നത് സാമൂഹ്യ നവോത്ഥാനത്തിന്റെ ഭാഗമായിട്ടാണെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. ഇതുവരെ കേരളത്തിലെ ഒരു ഗവർണറും ഇത്തരത്തിലുള്ള ഒരു ഉപവാസം നടത്തിയിട്ടില്ല. അതുകൊണ്ട് സാമൂഹ്യാവബോധം ഇല്ലാത്തവരാണ് അവരെന്ന് നമുക്ക് പറയാൻ കഴിയില്ല. ഈ നാട്ടിലെ സ്ത്രീകൾ നേരിടുന്ന സ്ത്രീധനപീഡനവും സ്ത്രീപീഡനങ്ങളുമെല്ലാം കണ്ട് മനസ്സ് വിഷമിച്ചിട്ടാണ് ഉപവാസത്തിനിരിക്കേണ്ട സാഹചര്യമുണ്ടായതെന്ന് ഗവർണ്ണർ പരസ്യമായി സമ്മതിച്ചില്ലെങ്കിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് ഉൾക്കൊള്ളണമെന്നാണ് എനിക്ക് പറയാനുള്ളത്. സ്ത്രീ സുരക്ഷയ്ക്കുവേണ്ടി ഗവർണർ ഉപവാസമിരിക്കുമ്പോഴാണ് ഈ ക്യാബിനറ്റിലെ ഒരു മന്ത്രി സ്ത്രീപീഡനകേസ് ഒതുക്കി തീർക്കാൻ ശ്രമിക്കുന്നത്. ആ കേസ് ചീറ്റിപ്പോയെന്ന് മുഖ്യമന്ത്രി ഒരിക്കലും പറയാൻ പാടില്ലായിരുന്നു. അങ്ങയെപ്പോലൊരാൾ ആ സ്ഥാനത്തിരുന്നുകൊണ്ട്

പറയേണ്ട ഒരു വാചകമല്ല അത്. ഒരു സ്ത്രീ, തന്റെ കൈക്ക് പിടിച്ചെന്നു പറഞ്ഞ് ഒരു പരാതി കൊടുക്കുമ്പോൾ ആ കേസിൽ ഇടപെട്ട മന്ത്രിയെ ന്യായീകരിക്കുന്നത് എനിക്ക് മനസ്സിലാകും, പക്ഷേ ആ കേസ് ചീറ്റിപ്പോയെന്ന് പറഞ്ഞാൽ അങ്ങ് പോലീസിന് കൊടുക്കുന്ന മെസ്സേജ് എന്താണെന്ന് കേട്ട് കേരളത്തിലെ ജനങ്ങൾ അത്ഭുതപ്പെട്ടിരിക്കുകയാണ്.

സ്ത്രീപീഡനം നടത്തിയ എം.എൽ.എ.-മാരെ സംരക്ഷിച്ച ചരിത്രം നമ്മൾ കണ്ടിട്ടുണ്ട്. കഴിഞ്ഞ നിയമസഭയിലുണ്ടായിരുന്ന ഒരു എം.എൽ.എ.യ്ക്കുണ്ടായ അനുഭവം അങ്ങേയ്ക്കറിയാവുന്നതാണ്. അങ്ങയുടെ ജില്ലയിലാണ്. പീഡനത്തിന് നേതൃത്വം കൊടുത്ത എം.എൽ.എ.യ്ക്കെതിരെ ഒരു സ്ത്രീ പരാതി കൊടുത്തിട്ട് എന്തുചെയ്തു? ആ എം.എൽ.എ. ഇപ്പോഴും ജില്ലാകമ്മിറ്റിയുടെ ഉന്നതനേതാവായി തുടരുകയാണ്. പോലീസും കോടതിയുമൊക്കെ ഞങ്ങളുടെ പാർട്ടിയാണെന്നാണ് വനിതാ കമ്മീഷൻ ചെയർപേഴ്സൺ പറയുന്നത്. വാളയാറിൽ എട്ടുംപൊട്ടും തിരിയാത്ത രണ്ടുപെൺകുട്ടികളെ കൊലപ്പെടുത്തിയ സംഭവം കേരളത്തിന്റെ മനഃസാക്ഷിയെ ഞെട്ടിപ്പിച്ചതല്ലേ? വാളയാറിലെ പെൺകുട്ടികളുടെ അമ്മ തല മുണ്ഡനം ചെയ്ത് ഈ ഗവൺമെന്റിനെതിരെ നടത്തിയ സമരം കേരളത്തിലെ ജനങ്ങൾ മറന്നിട്ടില്ല. എന്നാൽ ആ പോലീസ് ഉദ്യോഗസ്ഥർക്ക് പ്രൊമോഷൻ കൊടുക്കുകയാണുണ്ടായത്. ആ കേസ്സിലുൾപ്പെട്ട ഉദ്യോഗസ്ഥരെ ശിക്ഷിക്കുന്നതിന് പകരം ഗവൺമെന്റ് അവർക്ക് മെച്ചപ്പെട്ട പരിഗണനയാണ് നൽകിയത്. വാളയാറിലെ ക്രൂരത്തിന് ശക്തമായ നടപടി സ്വീകരിക്കാത്തതുകൊണ്ട് വണ്ടിപ്പെരിയാറിൽ ഒരു ഡി.വൈ.എഫ്.ഐ.-ക്കാരൻ പാവപ്പെട്ട പെൺകുട്ടിയെ കൊന്ന് കഴിച്ചുമൂടിയ സംഭവമുണ്ടായി. അവിടെ ഞങ്ങളെല്ലാം പോയിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കുട്ടിയുടെ മാതാപിതാക്കളെ ഫോണിൽ വിളിച്ച് സംസാരിച്ചതായി എന്നോടു പറഞ്ഞു. പോലീസ് അന്വേഷണം നല്ല നിലയിലാണ് നടക്കുന്നത്. സർക്കിൾ ഇൻസ്പെക്ടറോട് ഞാൻ അന്വേഷിച്ചു; അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ ജനങ്ങൾ അഭിനന്ദിക്കുകയാണ്. നിരവധി കേസ്സുകൾ തെളിയിച്ചിട്ടുള്ള ആ സർക്കിൾ ഇൻസ്പെക്ടറെ വ്യക്തിപരമായി എനിക്ക് നേരത്തെ അറിയാവുന്നതാണ്. ആ കുട്ടിക്കുണ്ടായ അനുഭവം നാളെ കേരളത്തിലെ മറ്റേതെങ്കിലുമൊരു കുട്ടിക്കുണ്ടാകാൻ പാടുണ്ടോ? സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ മഴവെള്ളപ്പാച്ചിൽ പോലെയാണ് സംസ്ഥാനത്തുണ്ടായിക്കൊണ്ടിരിക്കുന്നത്. അഞ്ചുമാസത്തിനിടയിൽ കുട്ടികൾക്കെതിരെ 627 പീഡന കേസുകളുണ്ടായെന്നാണ് പോലീസ് പറയുന്നത്. Website offering Child Sexual Abuse Material that used to have 600 hits per hour has increased steeply to 1300-1400 hits per hour in these days. സംസ്ഥാനത്ത് കുട്ടികൾക്ക് നേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചു വരുന്നതിനെ

ക്കുറിച്ച് ആലോചിക്കണം. Police have also found that there was steep rise in numbers of people's access in websites with Child Sexual Abuse Materials during the lock-down days of last year. ലോക്ഡൗൺ കാലഘട്ടത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങളുടെ വർദ്ധിച്ചുവരുന്ന കണക്കാണ് പോലീസിന്റെ വെബ്സൈറ്റിലൂടെ നമുക്ക് കാണാൻ കഴിയുന്നത്. അഞ്ചുവർഷത്തെ ശരാശരി കണക്കെടുത്താൽ സർവ്വകാല റെക്കോർഡാണ് ഇക്കാര്യത്തിലുള്ളത്. ബാലികമാർക്കുനേരെയുള്ള പീഡനം 2016-ൽ 968, 2019-ൽ 1313, 2020-ൽ 1143, 2021 മേയ് വരെ 627 എന്നിങ്ങനെയാണ് കണക്ക്. കഴിഞ്ഞ അഞ്ചുവർഷത്തിനിടെ പീഡനത്തിനിരയായി സ്ത്രീകൾ കൊല്ലപ്പെട്ടത് - 66, സ്ത്രീപീഡന കേസുകൾ - 15143, സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ 2017-ൽ 2856, 2018-ൽ 2046, 2019-ൽ 2991, 2020-ൽ 2715, 2021 മേയ് വരെ 1050. കേരള ചരിത്രത്തിൽ ഇത്രയേറെ സ്ത്രീപീഡനങ്ങൾ ഒരു കാലഘട്ടത്തിലുമുണ്ടായിട്ടില്ല. എന്നിട്ടും ഭരണപക്ഷത്തുനിന്നും പറയുന്നത് കേരളത്തിലെല്ലാം ഭദ്രമാണെന്നാണ്. സ്ത്രീകൾക്ക് സഞ്ചരിക്കാനും സുരക്ഷിതമായി കഴിയാനുമുള്ള സാഹചര്യമുണ്ടായി എന്നുപറഞ്ഞാൽ ആര് വിശ്വസിക്കും? ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് സംസ്ഥാനത്ത് ഒരു സ്ത്രീക്കും തലയ്ക്ക് കീഴിൽ വാക്കത്തി വച്ച് ഇനി ഉറങ്ങേണ്ടി വരില്ലെന്നാണ്. മിസ്റ്റർ പിണറായി വിജയൻ, വാക്കത്തിയല്ല തോക്ക് വച്ച് കിടന്നുറങ്ങേണ്ട സ്ഥിതിയാണ് ഇന്ന് കേരളത്തിലുള്ളത്. സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നു. അപരാജിത പോർട്ടൽ, മിസ്ഡ് കോൾ സംവിധാനം തുടങ്ങിയവയെല്ലാം ഒരു പ്രഹസനമായി മാറിക്കൊണ്ടിരിക്കുകയാണ്. പിങ്ക് പോലീസ് സംവിധാനം വിജയിക്കട്ടെ. കഴിഞ്ഞ ദിവസമാണത് ഉദ്ഘാടനം ചെയ്തത്. ഇതിനൊന്നും നമ്മളാരും എതിരല്ല, ഓരോ കാലഘട്ടത്തിലും ഓരോ തരത്തിലുള്ള നവീന പ്രവർത്തനങ്ങൾക്ക് പോലീസ് നേതൃത്വം നൽകാറുണ്ട്.

ഇന്നിവിടെ നടക്കുന്നത് എന്താണ്? സ്വർണ്ണം തട്ടിയെടുക്കുന്ന പൊട്ടിക്കൽ, ഓപ്പറേഷൻ കുഴൽപ്പണം, ഗുണ്ടാവിളയാട്ടം, ടഷറി തട്ടിപ്പ്, പ്രളയഫണ്ട് തട്ടിപ്പ് ഇവയെല്ലാമാണ്. കൊടകരയിലെ കുഴൽപ്പണക്കേസ് സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. ബി.ജെ.പി.യും സി.പി.ഐ.(എം)-യും തമ്മിലുണ്ടായിരിക്കുന്ന ധാരണയാണ് പുറത്തുവന്നിരിക്കുന്നത്. പ്രതിയാകേണ്ട ശ്രീ. കെ. സുരേന്ദ്രൻ സാക്ഷിയാകുന്നു; എന്ത് മറിമായമാണിത്? പ്രതിയായി നിൽക്കേണ്ട ആൾ എങ്ങനെയാണ് സാക്ഷിയാകുന്നത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ പറയുന്നത്, അന്വേഷിച്ചിട്ട് പിന്നീട് പ്രതിയാക്കേണ്ടിവന്നാൽ അങ്ങനെ ചെയ്യുമെന്നാണ്. അങ്ങ് ഇന്ന് ശ്രീ. കെ. സുരേന്ദ്രനെ ഡിഫെന്റ് ചെയ്തതോടുകൂടി പോലീസിന് കൊടുക്കുന്ന മെസ്സേജ് വളരെ ക്ലിയറല്ലേ? ഇത് ഒത്തുകളിയാണെന്നതിൽ സംശയമുണ്ടോ? സംസ്ഥാനത്തെ

മൂന്ന് എം.എൽ.എ.-മാർക്കെതിരായി ഭീഷണിക്കത്ത് വന്നിരിക്കുന്നു. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ മുൻ ആഭ്യന്തര വകുപ്പുമന്ത്രിയാണ്. അദ്ദേഹം ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന കാലത്ത് അന്വേഷിച്ച ടി. പി. ചന്ദ്രശേഖരൻ വധക്കേസിന്റെ പേരിൽ അതിലെ പ്രതികളാണെന്ന് സംശയിക്കേണ്ട ആളുകൾ അദ്ദേഹത്തെയും കുടുംബത്തെയും ഇല്ലായ്മ ചെയ്യുമെന്ന് പറഞ്ഞ് കത്തയച്ചിരിക്കുന്നു. ഭരണപക്ഷത്തിരിക്കുന്നതും എന്റെ സുഹൃത്തുമായ ശ്രീ. പി. പി. ചിത്തരഞ്ജൻ എം.എൽ.എ.-യെ കൊല്ലുമെന്ന് പറഞ്ഞ് എം.എൽ.എ. ക്വാർട്ടേഴ്സിലേയ്ക്ക് കത്തയയ്ക്കുന്നു. ശ്രീമതി കെ. കെ. രമയെയും ശ്രീ. വേണുവിനെയും കൊല്ലുമെന്ന് പറഞ്ഞ് കത്ത് അയയ്ക്കുന്നു. ടി. പി. ചന്ദ്രശേഖരന്റെ മകന്റെ തല തെങ്ങിൻ പൂക്കുല ചിതറിക്കുന്നതുപോലെ ചിതറിക്കുമെന്ന് പറഞ്ഞുകൊണ്ട് കത്തയയ്ക്കുന്നു. ഈ മൂന്ന് കാര്യങ്ങളിൽ പോലീസ് സ്വീകരിച്ച നടപടിയെന്താണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പ്രസംഗത്തിൽ പറയണം. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ മുൻ ആഭ്യന്തര വകുപ്പുമന്ത്രിയും കേരളത്തിലെ സീനിയറായ പൊളിറ്റിക്കൽ ലീഡറുമാണ്. അദ്ദേഹത്തിന്റെ കുടുംബത്തെ വകവരുത്തുമെന്നു പറഞ്ഞ സംഭവത്തിൽ അദ്ദേഹംതന്നെ അങ്ങേയ്ക്ക് കത്ത് നൽകി. പക്ഷേ ഒരന്വേഷണവുമുണ്ടായിട്ടില്ലെന്നാണ് ഞങ്ങൾക്കറിയാൻ കഴിയുന്നത്. വിശദാംശങ്ങൾ അങ്ങേയ്ക്ക് പറയാൻ കഴിയുന്നതാണ്. ശ്രീ. എ. എൻ. ഷംസീർ, രാമനാട്ടുകരയിലെ സ്വർണ്ണം പൊട്ടിക്കൽ കേസ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് തെളിയിക്കാൻ പറയണം. അതിന്റെ അന്വേഷണം എവിടെ വേണമെങ്കിലും വരട്ടെ. ഇത് മഞ്ഞുമലയുടെ ഒരറ്റം മാത്രമാണ്. ക്വട്ടേഷൻ സംഘങ്ങളും സ്വർണ്ണ ക്കള്ളക്കടത്തു കേസും ഡി.വൈ.എഫ്.ഐ.യും തമ്മിലുള്ള അവിശുദ്ധ ബന്ധത്തിന്റെ എറ്റവും വലിയ ഉദാഹരണമാണ് പൊട്ടിക്കൽ കേസ്. അതിന്റെ വസ്തുതകൾ പുറത്തുവരട്ടെ, ആകാശ് തില്ലങ്കേരിയെപ്പോലെയുള്ളവർ ഭീഷണി മുഴക്കിയപ്പോൾ ശ്രീ. എ. എൻ. ഷംസീറിന് ഇതിനെതിരായി ഒരു വാചകം പറയാൻ കഴിയാത്തത് എന്തുകൊണ്ടാണ്? പത്രസമ്മേളനം നടത്തി ഞങ്ങളെല്ലാം തുറന്നുപറയുമെന്ന് പറഞ്ഞപ്പോൾ ഒറ്റയക്ഷരം മിണ്ടാൻ കഴിഞ്ഞില്ല.

ഇന്ന് ജയിലുകൾ ഭരിക്കുന്നത് ആരാണ്? ജയിലുകൾ ഭരിക്കേണ്ടത് ജയിൽ നിയമങ്ങളാണ്; ജയിൽ ഉദ്യോഗസ്ഥരാണ്. ജയിൽ ഉദ്യോഗസ്ഥർ കൊലപ്പുള്ളികളുടെ ആജ്ഞാനുവർത്തികളായി മാറാൻ പാടില്ല. ദൗർഭാഗ്യവശാൽ ഇന്ന് കേരളത്തിലെ ജയിലുകളിൽ അങ്ങനെ നടന്നുകൊണ്ടിരിക്കുന്നുവെന്നതാണ് ഏറ്റവും വലിയ പ്രശ്നം. അത് തടയാൻ കഴിയണം. ഇവിടെ സൂചിപ്പിച്ചത് ശരിയാണ്. ജയിൽ ഇന്ന് കറക്ഷണൽ സർവ്വീസാണ്. അവിടെ പോകുന്ന കൊലപ്പുള്ളികൾ മുഴുവൻ അങ്ങനെ തന്നെ നിൽക്കണമെന്ന് ആരും പറയുന്നില്ല. അവരെ നല്ലവരായി പ്രവർത്തിക്കാൻ പ്രോത്സാഹിപ്പിക്കുകയാണ് ചെയ്യേണ്ടത്. പക്ഷേ ദൗർഭാഗ്യവശാൽ ഇന്ന് ഈ ഗവൺമെന്റ് എല്ലാ തരത്തിലും കൊലപ്പുള്ളികളുടെ കയ്യിലേയ്ക്ക് ജയിലിന്റെ ഭരണം

കൊടുക്കുന്നു. വളരെ ദൗർഭാഗ്യകരമായ സംഭവങ്ങളാണ് ജയിലിലുണ്ടാകുന്നത്. മദ്യം, കഞ്ചാവ്, മറ്റ് മാരകായുധങ്ങൾ എന്നിവയെല്ലാം ജയിലിൽനിന്ന് പിടിച്ചെടുക്കുന്ന സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നു. ഇത് ജയിലിന് ഗുണകരമാണോ യെന്ന് ആലോചിക്കണം.

ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. നമ്മുടെ സംസ്ഥാനത്ത് ഇന്ന് വിജിലൻസ് എന്നൊരു വകുപ്പുണ്ടോ; ആ വകുപ്പ് എന്ത് പ്രവർത്തനമാണ് നടത്തുന്നത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി, വിജിലൻസ് ഡിപ്പാർട്ടുമെന്റിലേയ്ക്ക് സാധാരണക്കാരൻ പരാതി നൽകിയാൽ ഒരന്വേഷണവും നടക്കുന്നില്ല. ആകെ നടക്കുന്നത് രാഷ്ട്രീയ പ്രതിയോഗികൾക്കെതിരായിട്ടുള്ള അന്വേഷണങ്ങൾ മാത്രമാണ്. എന്റെ പേരിൽ അഞ്ച് വിജിലൻസ് അന്വേഷണങ്ങളുണ്ട്. അഞ്ചുവർഷമായി ഒന്നിനും ഒരു തുമ്പും കിട്ടിയിട്ടില്ല. ഒന്നുകിൽ നിങ്ങൾ എന്റെ പേരിൽ കേസ് രജിസ്റ്റർ ചെയ്യണം. അല്ലെങ്കിൽ കേസുകൾ ക്ലോസ് ചെയ്യണം. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എന്നെപ്പോലെ എത്രയോ രാഷ്ട്രീയ നേതാക്കന്മാരുടെ പേരുകളിൽ നിങ്ങൾ കേസ്സെടുത്തിട്ടുണ്ട്. രാഷ്ട്രീയ പ്രതിയോഗികളുടെ വായടച്ചുപൂട്ടാനുള്ള ശ്രീ. നരേന്ദ്ര മോദിയുടെ തന്ത്രം ശ്രീ. പിണറായി വിജയൻ പ്രയോഗിക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. നിങ്ങൾ കെ. എം. ഷാജിയുടെ കാര്യം പറഞ്ഞല്ലോ. നിരവധി രാഷ്ട്രീയ നേതാക്കന്മാർക്കെതിരെ നിങ്ങൾ കേസ്സെടുത്തിട്ടുണ്ട്. ഡൽഹിയിലെ ഏറ്റവും വലിയ ഹിന്ദി പത്രമാണ് 'ദൈനിക് ഭാസ്കർ'. കോവിഡ് കാലത്ത് ഗംഗാ നദിയിലൂടെ ഒഴുകിപ്പോയ ശവശരീരങ്ങളുടെ ഫോട്ടോ നൽകിയതിന്റെ പേരിൽ പ്രസ്തുത പത്രത്തിന്റെ 9 സ്ഥാപനങ്ങളിൽ നരേന്ദ്ര മോദി ഗവൺമെന്റിന്റെ ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റ് റെയ്ഡ് നടത്തുകയുണ്ടായി. രാഷ്ട്രീയ പ്രതിയോഗികളെ അടിച്ചമർത്താനുള്ള ഉപകരണങ്ങളായി ഇത്തരം ഏജൻസികളെ വിനിയോഗിക്കുന്ന കഥകളാണ് ഇന്ത്യയിലും കേരളത്തിലും കണ്ടുകൊണ്ടിരിക്കുന്നത്. വിജിലൻസിനെ രാഷ്ട്രീയ പ്രേരിതമായി ഉപയോഗിക്കരുത്. കുറെ നാളുകളായി നിങ്ങൾ ഇത് ചെയ്തുകൊണ്ടിരിക്കുന്നു. കേരളത്തിലുണ്ടായ ഒരു അഴിമതിയും നിങ്ങൾ അന്വേഷിക്കുന്നില്ല. പക്ഷേ രാഷ്ട്രീയ എതിരാളികളെ ഇല്ലാതാക്കാനും അടിച്ചമർത്താനുംവേണ്ടി വിജിലൻസിനെ ഉപയോഗിക്കുകയാണ്. കേരളത്തിലെ വിജിലൻസ് ഏത് കേസ്സാണ് അടുത്ത കാലത്ത് തെളിയിച്ചിട്ടുള്ളത്; ഏത് പ്രധാനപ്പെട്ട കേസ്സാണ് ഏറ്റെടുത്തിട്ടുള്ളത്; ഏത് അഴിമതിയാണ് കണ്ടെത്തിയിട്ടുള്ളത്? രാഷ്ട്രീയപ്രേരിതമായി രാഷ്ട്രീയ വിരോധം തീർക്കാൻവേണ്ടിമാത്രം ആജ്ഞാനുവർത്തികളായ പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ചുകൊണ്ട് വിജിലൻസിനെ നിശ്ശബ്ദമാക്കുന്ന ഒരു പ്രവർത്തനമാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. ഇത് മാറണം. അഴിമതി തടയാൻവേണ്ടിയാണ് വിജിലൻസ്. അതിനെ കൂടുതൽ കാര്യക്ഷമതയുള്ള ഏജൻസിയാക്കി മാറ്റണമെന്നു മാത്രം ഞാൻ അഭ്യർത്ഥിക്കുന്നു. ഈ ധനാഭ്യർത്ഥനകളെ ശക്തമായി എതിർക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കേരള നിയമസഭയുടെ ചരിത്രത്തിൽ ഇതുപോലൊരു ചർച്ച ആഭ്യന്തര വകുപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ച് ഉണ്ടായിരിക്കാനിടയില്ല. കാരണം എല്ലാ ഘട്ടത്തിലും ഒരുപാട് വിമർശനങ്ങൾക്ക് വിധേയമാകുന്നതാണ് ആഭ്യന്തര വകുപ്പും പോലീസിന്റെ പ്രവർത്തനവും. പക്ഷേ ഇവിടെ പ്രതിപക്ഷാംഗങ്ങൾ സംസാരിക്കുമ്പോൾ അതല്ല കണ്ടത്. അത്രമാത്രം നമ്മുടെ സംസ്ഥാനത്ത് പോലീസ് ജനോന്മുഖമായി മാറിയിരിക്കുന്നു എന്നതിന്റെ സാക്ഷ്യപത്രമായി ഈ പ്രസംഗങ്ങൾ വന്നിരിക്കുകയാണ്. പ്രതിപക്ഷത്തു നിന്ന് ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണനാണ് പ്രസംഗം തുടങ്ങിയത്. ചില കേസ്സുകളും കാര്യങ്ങളും പറഞ്ഞ് അതിനെ ചുറ്റിനിന്നു എന്നല്ലാതെ മറ്റ് കാര്യങ്ങളെക്കുറിച്ച് പലർക്കും ഒന്നും പറയാനുണ്ടായിരുന്നില്ല. പോലീസ് സംവിധാനം നമ്മുടെ സംസ്ഥാനത്തുൾപ്പെടെ എല്ലായിടത്തും നിരവധി സംവിധാനങ്ങൾ കൂടിച്ചേർന്നു കൊണ്ടുള്ള ഒന്നാണ്. അവയെല്ലാം ഫലപ്രദമായി ചലിക്കുമ്പോൾ മാത്രമേ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്ന ഒന്നായി പോലീസ് വികസിക്കുകയുള്ളൂ. ഇവിടെ നടന്ന ചർച്ചയിൽ പൊതുവെ എല്ലാ വശങ്ങളിലേയ്ക്കും കടന്നുപോകുന്നതായി കണ്ടില്ല. ഓരോ മേഖലയെയും അതിന്റെ സവിശേഷ പ്രാധാന്യത്തോടെ കാണുന്ന നയമാണ് സർക്കാർ സ്വീകരിക്കുന്നത്. അതുകൊണ്ടു തന്നെ ഓരോ സംവിധാനത്തിലെയും പ്രശ്നങ്ങളെന്തെന്ന് മനസ്സിലാക്കി അവ പരിഹരിച്ച് മുന്നോട്ട് പോകുന്നതിനാണ് ശ്രമിക്കുന്നത്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുകയും നാട്ടിൽ സമാധാനം ഉറപ്പുവരുത്തുകയും ചെയ്യുക എന്നത് ജനജീവിതം സമാധാനപരമായി മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള പ്രധാന ഉത്തരവാദിത്വമായി പോലീസ് ഏറ്റെടുക്കാനുള്ളതാണ്. ഈ കൃത്യനിർവ്വഹണം നടത്തുന്നതോടൊപ്പം ജനങ്ങളുടെ എല്ലാ ദുരന്തങ്ങളിലും അവരുടെ സഹായിയായി പ്രവർത്തിക്കുന്ന സംവിധാനമായി പോലീസ് സംവിധാനത്തെയാകെ മാറ്റിയെടുക്കാൻ കഴിഞ്ഞുവെന്നതാണ് ഇക്കാലത്തെ ഏറ്റവും വലിയ പ്രത്യേകത. നമ്മുടെ രാജ്യത്തെ പൊതുവായ സാഹചര്യം പരിശോധിച്ചാൽ രാജ്യത്തെ ഏറ്റവും മികച്ച ക്രമസമാധാനം പുലരുന്ന സംസ്ഥാനമായി കേരളത്തെ മാറ്റാനായിട്ടുണ്ട്. വർഗ്ഗീയ പ്രചരണങ്ങളും സംഘർഷങ്ങളും സൃഷ്ടിക്കാൻ ഇവിടെ ബോധപൂർവ്വമായ ശ്രമങ്ങൾ നടന്നിട്ടുണ്ട്. എന്നാൽ അത്തരം ഘട്ടങ്ങളിലും കേരളത്തെ വർഗ്ഗീയ സംഘർഷങ്ങളിൽനിന്ന് മുക്തമാക്കുന്നതിന് കഴിഞ്ഞുവെന്നത് അഭിമാനകരമായ നേട്ടം തന്നെയായിരുന്നു. അതുകൊണ്ടാണ് ഈ ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കുമ്പോൾ ബഹുമാന്യരായ പ്രതിപക്ഷാംഗങ്ങൾക്ക് പോലീസിനെതിരായി മറ്റൊന്നും പറയാനില്ലാതിരുന്നത് എന്നത് നാം പ്രത്യേകം കാണണം. ഈ സർക്കാർ അധികാരമേറ്റ 2021 മേയ് 20-ന ശേഷം നമ്മുടെ സംസ്ഥാനത്ത് ഏതെങ്കിലും തരത്തിൽ വലിയ തോതിലുള്ള

രാഷ്ട്രീയ സംഘർഷങ്ങൾ ഉയർന്നുവന്നിട്ടില്ല. മാത്രമല്ല, രാഷ്ട്രീയ കൊലപാതകമെന്ന് ആരോപിക്കുന്ന ഒരു സംഭവവും ഉണ്ടായിട്ടില്ല. പ്രശ്നങ്ങൾ ഉയർന്നുവന്ന സ്ഥലങ്ങളിൽ സമാധാനം പുന:സ്ഥാപിക്കാനുള്ള എല്ലാ ശ്രമങ്ങളും പോലീസിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. പോലീസ് പ്രളയകാലത്ത് വഹിച്ച പങ്കും ഇപ്പോൾ കോവിഡ് കാലത്ത് തുടർച്ചയായി വഹിച്ചുകൊണ്ടിരിക്കുന്ന പങ്കുമെല്ലാം നമ്മുടെ നാട്ടിലെ ജനങ്ങളാകെ അങ്ങേയറ്റം മാതൃകാപരമായി കാണുന്ന ഒന്നാണ്. ഭക്ഷണമെത്തിക്കുന്നതിനും മരുന്നെത്തിക്കുന്നതിനും മറ്റെല്ലാ രക്ഷാപ്രവർത്തനങ്ങളിലും ഒരു ജനകീയ സേനാ സംവിധാനമെന്ന നിലയിൽ സജീവമായി പ്രവർത്തിക്കാൻ പോലീസിന് കഴിഞ്ഞുവെന്നതാണ് കാണാൻ കഴിയുന്ന പ്രത്യേകത. ആ നേട്ടം തുടർന്നും മുന്നോട്ട് കൊണ്ടുപോകുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമായിരിക്കും. ഇവിടെ ചർച്ചകളിൽ പ്രധാനമായും ഉയർന്നുവന്നത് പോലീസിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള കാര്യങ്ങളല്ല. പോലീസ് സംവിധാനത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള ചില നിർദ്ദേശങ്ങളാണ്. അത് സ്വാഭാവികമായും സ്വീകരിക്കുന്നതാണ്. അതുമായി ബന്ധപ്പെട്ട് ആവശ്യമായ ഇടപെടൽ നടത്തുന്നതുമാണ്. ഒരു പ്രധാന പ്രശ്നമായി ഇവിടെ ഉയർന്നുവന്നത് സ്വർണക്കള്ളക്കടത്താണ്. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ അറിയാത്തതുകൊണ്ടാണോ അജ്ഞത നടിക്കുന്നതാണോ എന്നറിയില്ല. നമ്മുടെ രാജ്യാന്തര അതിർത്തി കടന്ന് കസ്റ്റംസ് ഡ്യൂട്ടി അടയ്ക്കാതെ കൊണ്ടുവരുന്ന സാധന സാമഗ്രികളെയാണ് കള്ളക്കടത്ത് വഴി കൊണ്ടുവരുന്നു എന്ന് സാധാരണയായി പറയുന്നത്. ഇത് നിയന്ത്രിക്കാനുള്ള സമ്പൂർണ്ണ അധികാരവും അവകാശവും കേന്ദ്ര സർക്കാരിനാണ്. ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിൽ യൂണിയൻ ലിസ്റ്റിലാണ് കസ്റ്റംസ് ഉൾപ്പെടുന്നത്. യൂണിയൻ ലിസ്റ്റിലെ ഇനം 83 പ്രകാരമാണ് കസ്റ്റംസ് ഡ്യൂട്ടി ചുമത്തപ്പെടുന്നത്. കസ്റ്റംസ് ഡ്യൂട്ടി വെട്ടിപ്പ് തടയുന്നതിനാണ് കസ്റ്റംസ് പ്രിവന്റീവ് യൂണിറ്റ്, ഡയറക്ടറേറ്റ് ഓഫ് റവന്യൂ ഇന്റലിജൻസ് എന്നീ വകുപ്പുകൾ കേന്ദ്ര ധനമന്ത്രാലയത്തിന്റെ ഭാഗമായുള്ളത്. അതുകൊണ്ടുതന്നെ സ്വർണക്കള്ളക്കടത്ത് ഇല്ലാതാക്കുന്നതിന് കേന്ദ്ര സർക്കാരിനും അതിന്റെ ഏജൻസികൾക്കുമാണ് അധികാരം. ആ അധികാരം സംസ്ഥാന സർക്കാരിനല്ല. ഇവയുടെ മേൽനോട്ടം മറികടന്നു കൊണ്ട് വിമാനത്താവളങ്ങൾക്ക് പുറത്ത് ഡ്യൂട്ടി അടയ്ക്കാതെ കൊണ്ടുവരുന്ന സ്വർണ്ണത്തിന്റെ വിറ്റഴിക്കൽ പല തരത്തിലുള്ള ക്രമസമാധാന പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്നത് വസ്തുതയാണ്. ഇതിന്റെ അടിസ്ഥാന കാരണം കേന്ദ്ര സർക്കാർ വകുപ്പായ കസ്റ്റംസിന്റെ കണ്ണ് വെട്ടിച്ചുകൊണ്ട് സ്വർണ്ണക്കടത്ത് നടത്താൻ ആസൂത്രിത സംഘങ്ങൾക്ക് കഴിയുന്നുവെന്നതാണ്. ഇത്തരത്തിൽ കടത്തിക്കൊണ്ടുവരുന്ന സ്വർണ്ണം കൈക്കലാക്കാൻ ഗുണ്ടാ സംഘങ്ങൾ തയ്യാറെടുക്കുകയും അതുകാരണം ചില അക്രമ സംഭവങ്ങളുണ്ടാകുകയും ചെയ്തിട്ടുണ്ട്. ഇത്തരം ക്രിമിനൽ ഗുണ്ടാ സംഘങ്ങളുടെ പ്രവർത്തനത്തെ നിയമത്തിന്റെ നിലവിലുള്ള എല്ലാ വ്യവസ്ഥകളും

പാലിച്ചുകൊണ്ട് സംസ്ഥാന സർക്കാർ ശക്തമായി നേരിടുന്ന രീതിയാണ് സ്വീകരിക്കുന്നത്. പോലീസ് ഇപ്പോൾത്തന്നെ ഇതു സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. 21-6-2021-ന് രാമനാട്ടുകരയിൽവച്ചുണ്ടായ അപകടത്തിൽ അഞ്ച് യുവാക്കൾ കൊല്ലപ്പെട്ട സംഭവത്തിൽ ഫറോക്ക് പോലീസ് സ്റ്റേഷനിൽ IPC 379, 304(A) വകുപ്പുകൾ പ്രകാരം ക്രൈം 342/2021 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. തുടർന്ന് മറ്റ് ഒൻപത് പേരെ പ്രതികളാക്കി IPC 399 വകുപ്പ് പ്രകാരം കരിപ്പൂർ പോലീസ് സ്റ്റേഷനിൽ ക്രൈം 175/2021 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിൽ ഒൻപതു പേരടങ്ങുന്ന പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചിട്ടുണ്ട്. തുടർന്ന് അഞ്ചുപേരെക്കൂടിയുൾപ്പെടുത്തി അന്വേഷണ സംഘം വിപുലപ്പെടുത്തി. പതിനെട്ട് പ്രതികളെ തിരിച്ചറിഞ്ഞിട്ടുണ്ട്, പതിനാറ് പേരെ അറസ്റ്റ് ചെയ്ത് നിയമ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് ചെയ്യാനാകുന്ന എല്ലാ കാര്യങ്ങളും ചെയ്തുകൊണ്ടിരിക്കുന്നുവെന്നാണ് ഇതെല്ലാം വ്യക്തമാക്കുന്നത്. ഇവിടെ ചർച്ചയിൽ ചില പേരുകൾ പരാമർശിച്ചവരെയെല്ലാം നിയമത്തിന് മുന്നിൽ കൊണ്ടുവന്നത് പോലീസ് നടപടിയാണെന്നതും മറക്കരുത്. കള്ളക്കടത്ത് നടത്തുന്നത് കേന്ദ്ര നിയമത്തിന്റെ ലംഘനമാണെങ്കിലും അതിനെത്തുടർന്ന് ഇവിടെ നടത്തുന്ന കുറ്റകൃത്യങ്ങൾ തടയാൻ സംഘടിത കുറ്റകൃത്യം തടയൽ നിയമം കൊണ്ടുവരാൻ സാധിക്കുമോ എന്നത് സംസ്ഥാന സർക്കാർ ഗൗരവമായി ആലോചിച്ച് വരികയാണ്. ചിലരെ സി.പി.ഐ.(എം.) പുറത്താക്കിയ കാര്യം ചർച്ചയിൽ ഉന്നയിക്കുകയുണ്ടായി. ഇത്തരം കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ടവർ പാർട്ടിയുമായി ബന്ധമുള്ളവരല്ലെന്ന കാര്യം വ്യക്തമാക്കുകയാണുണ്ടായത്. എന്നാൽ ഇത്തരത്തിലൊരു നിലപാട് സ്വീകരിക്കാൻ കഴിയുന്നുണ്ടോ എന്നത് ഈ വിമർശനം ഉന്നയിച്ചവർ സ്വയം പരിശോധിക്കുന്നത് നല്ലതാണ്. ആരെയെങ്കിലും ജനങ്ങളുടെ മുന്നിൽ തുറന്നുകാണിക്കാൻ നിങ്ങൾ ഏതെങ്കിലും ഘട്ടത്തിൽ തയ്യാറായിട്ടുണ്ടോ?

ഗുണ്ടാ-ലഹരി മാഫിയകളുടെ പ്രവർത്തനം തടയുന്നതിന് സംസ്ഥാന സർക്കാർ ശക്തമായ നടപടികളാണ് സ്വീകരിക്കുന്നത്. ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ അക്കാര്യം പരാമർശിക്കുകയുണ്ടായി. IPC-യിലെയും NDPS (Narcotic Drugs and Psychotropic Substances) Act-ലെയും വിവിധ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് പ്രതികളെ അറസ്റ്റ് ചെയ്ത് നിയമ നടപടികൾക്ക് വിധേയമാക്കുന്നുണ്ട്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 305 പേരെ KAAPA (Kerala Anti-social Activities (Prevention) Act) നിയമത്തിലെ 3-ാം വകുപ്പ് പ്രകാരം കരുതൽ തടങ്കലിൽ പാർപ്പിച്ചിട്ടുണ്ട്, 36 പേർക്കെതിരെ നടപടി സ്വീകരിച്ചും വരുന്നുണ്ട്. അദ്ദേഹം മലപ്പുറത്ത് പെരിന്തൽമണ്ണയിലുണ്ടായ ഒരു പ്രശ്നം

ചൂണ്ടിക്കാണിക്കുകയുണ്ടായി. കുമ്മിണി എന്ന് വിളിക്കുന്ന സുഹൈൽ എന്നയാൾ അസമയത്ത് വാതിലിൽ മുട്ടിയെന്നും മര്യാദയില്ലാതെ സംസാരിച്ചുവെന്നുമുള്ള പരാതിയുമായി പെരിന്തൽമണ്ണ താഴേക്കോട് സ്വദേശിനി 10-7-2021-ന് സ്റ്റേഷനിൽ എത്തിയിരുന്നു. എന്നാൽ നിയമനടപടി ആവശ്യമില്ലെന്ന് ഇവർ പറഞ്ഞതുപ്രകാരം പ്രതിയെ താക്കീത് ചെയ്ത് വിട്ടു. തുടർന്ന് മാധ്യമങ്ങളിലൂടെയുള്ള വെളിപ്പെടുത്തലിലാണ് ലൈംഗികാതിക്രമം എന്ന ആരോപണം വരുന്നത്. അതിനെത്തുടർന്ന് സുഹൈലിനെതിരെ POCSO (Protection of Children from Sexual Offences) ആക്ടിലെ ഉൾപ്പെടെയുള്ള വകുപ്പുകൾ ചുമത്തി ക്രൈം നം. 573/2021 ആയി കേസ് രജിസ്റ്റർ ചെയ്ത് തുടർനടപടി സ്വീകരിച്ചിട്ടുണ്ട്. കുട്ടിയെ മനഃശാസ്ത്രജ്ഞന്റെ കൗൺസിലിംഗിന് വിധേയമാക്കിയിട്ടുണ്ട്. മൊഴിയിൽ വ്യക്തത വരുത്തി കേസ് മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള നടപടിയാണ് പോലീസ് സ്വീകരിക്കുന്നതെന്നാണ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുള്ളത്. കസ്റ്റഡി മരണത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ നിയമപ്രകാരമുള്ള നടപടികൾ പാലിച്ചുകൊണ്ട് നിയമ നടപടികളും വകുപ്പുതല നടപടികളും സ്വീകരിക്കുകയാണ് ചെയ്യുന്നത്. ഇതുകൂടാതെ റിപ്പോർട്ടാകുന്ന എല്ലാ കസ്റ്റഡിമരണ കേസുകളുടെയും അന്വേഷണം സി.ബി.ഐ.-യ്ക്ക് വിടാൻ സർക്കാർ നേരത്തെതന്നെ തീരുമാനിച്ചതാണ്. കസ്റ്റഡിയിലുള്ളവരെ പീഡിപ്പിക്കുന്നത് ഒഴിവാക്കാൻ എല്ലാ പോലീസ് സ്റ്റേഷനുകളിലും സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കാനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. ബഹുഭൂരിപക്ഷം പോലീസ് സ്റ്റേഷനുകളിലും ഇത് പൂർത്തീകരിച്ചിട്ടുണ്ട്.

സ്ത്രീ സുരക്ഷയെ സംബന്ധിച്ചുള്ള കാര്യങ്ങൾ ചിലർ ചർച്ചയിൽ ഉയർത്തിക്കൊണ്ടുവന്നിരുന്നു. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ വ്യക്തമായ പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളത്. സ്ത്രീ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ഏതൊക്കെ ആളുകളെ സംബന്ധിച്ച് എന്തെല്ലാം ആരോപണങ്ങൾ വന്നിട്ടുണ്ടെന്ന കാര്യത്തിലേയ്ക്കൊന്നും ഞാൻ ഇപ്പോൾ കടക്കുന്നില്ല. സംസ്ഥാനത്ത് സ്ത്രീ സുരക്ഷയ്ക്ക് അതീവ പ്രാധാന്യം നൽകിക്കൊണ്ട് നിരവധി പദ്ധതികൾ കേരള പോലീസ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. വനിതാ പോലീസ് സ്റ്റേഷൻ, വനിതാ സെൽ, വനിതാ ബറ്റാലിയൻ, അപരാജിത, പിങ്ക് പോലീസ്, നിഴൽ, വനിതാ സ്വയം പ്രതിരോധ സംഘം, വനിതാ ബീറ്റ് ഓഫീസർമാർ എന്നിവയെല്ലാം സ്ത്രീ സുരക്ഷ മുൻനിർത്തി പോലീസ് നടപ്പാക്കിയ പദ്ധതികളാണ്. സ്ത്രീധനവുമായി ബന്ധപ്പെട്ട ഉപദ്രവങ്ങൾ, സൈബർ ലോകത്തെ അതിക്രമങ്ങൾ, പൊതുഇടങ്ങളിലെ അവഹേളനങ്ങൾ തുടങ്ങി സ്ത്രീകൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേരള പോലീസ് രൂപം നൽകിയ പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട് 2021 ജൂലൈ 19-ന് നിലവിൽവന്നു. പൊതുനിരത്തുകളിൽ സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പുവരുത്തുന്നതിനായി

നടപ്പാക്കിയ പദ്ധതിയാണ് പിങ്ക് പോലീസ് പട്രോൾ. ക്യാമറ, ജി.പി.എസ്. എന്നിങ്ങനെ ആധുനിക സൗകര്യങ്ങളോടുകൂടിയ വാഹനങ്ങളാണ് പിങ്ക് പോലീസിനായി നൽകിയിട്ടുള്ളത്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ കേരള പോലീസ് ആവിഷ്കരിച്ച പദ്ധതിയാണ് വനിതാ സ്വയം പ്രതിരോധ സംഘം. സ്കൂൾ, കോളേജ്, റസിഡന്റ്സ് അസോസിയേഷൻ, കുടുംബശ്രീ യൂണിറ്റുകൾ മുതലായ സ്ഥലങ്ങളിൽ കേരള പോലീസിന്റെ വനിതാ സ്വയം പ്രതിരോധ സംഘം സൗജന്യ ക്ലാസ്സുകൾ ലഭ്യമാക്കുന്നു. കേരളത്തിലെ 19 പോലീസ് ജില്ലകളിലും ഇത്തരം പരിശീലനങ്ങൾക്ക് വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ സേവനം പൂർണ്ണമായും സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ട്. ഗാർഹിക പീഡനം, സ്ത്രീധനം തുടങ്ങിയവയുമായി ബന്ധപ്പെട്ട പരാതികൾ സ്വീകരിക്കുന്നതിന് പോലീസ് പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ നേരിടുന്ന ആർക്കും മേൽവിലാസത്തിൽ പരാതി നൽകാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം ലഭിച്ചിട്ടുള്ള 1500-ഓളം പരാതികളിൽ ഏകദേശം 250 എണ്ണവും സ്ത്രീധനവുമായി ബന്ധപ്പെട്ടതാണ്. സംസ്ഥാന സർക്കാർ ഇക്കാര്യങ്ങളിൽ ഇടപെട്ടുകൊണ്ട് മുന്നോട്ടുപോകുന്ന നടപടി സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് പോലീസ് ആസ്ഥാനത്തെ പോലീസ് കമാൻഡ് സെന്റർ കേന്ദ്രമായാണ് ഈ പ്രത്യേക സംവിധാനത്തിന്റെ പ്രവർത്തനം നടക്കുന്നത്. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ അന്വേഷിക്കുന്നതിനും മേൽനടപടികൾ സ്വീകരിക്കുന്നതിനുമായി സംസ്ഥാനതലത്തിൽ സ്റ്റേറ്റ് വനിതാ സെൽ പ്രവർത്തിച്ചുവരുന്നു. ഇതേ ലക്ഷ്യത്തോടുകൂടി ജില്ലകളിലും വനിതാ സെൽ ഉണ്ട്. കൂടാതെ എല്ലാ ജില്ലകളിലും ഒരു വനിതാ പോലീസ് സ്റ്റേഷൻ വീതവും സ്ഥാപിച്ചിട്ടുണ്ട്. സാധാരണ ലോക്കൽ പോലീസ് സ്റ്റേഷനുള്ള അധികാരങ്ങൾ തന്നെയാണ് വനിതാ പോലീസ് സ്റ്റേഷനും നൽകിയിരിക്കുന്നത്. നിലവിലെ വനിതാ പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ നാളിതുവരെ എൻ.ജെ.ഡി. ഉൾപ്പെടെ 770 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പോലീസ് കോൺസ്റ്റബിൾ തസ്തികയിലെ ഒഴിവുകൾക്കു പുറമെ പ്രൊമോഷൻ തസ്തികകളിലുണ്ടാകാവുന്ന ഒഴിവുകളും പൂർണ്ണമായും ഉൾപ്പെടുത്തി റിപ്പോർട്ട് ചെയ്യുകയാണുണ്ടായത്. റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിൽ പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ ലഭിച്ച 736 പേരിൽ 551 പേർ പരിശീലനം നേടിവരുന്നു. യഥാസമയം ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള സർക്കാർ നടപടിയുടെ ഭാഗമായി എല്ലാ ആഴ്ചയും പോലീസ് ആസ്ഥാനത്ത് ഒഴിവുകൾ സംബന്ധിച്ച പരിശോധന നടന്നുവരുന്നു. അന്തിമ വിശകലനം നടത്തി അന്യത്ര സേവനം, ദീർഘകാല അവധി തുടങ്ങിയവ പരിശോധിച്ച് ഒഴിവുകൾ കണ്ടെത്തി പൂർണ്ണമായും റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്യുന്നതിന് ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ട്. 2016-ൽ കഴിഞ്ഞ സർക്കാർ

അധികാരമേൽക്കുമ്പോൾ പോലീസ് സേനയിലെ വനിതകളുടെ അംഗബലം 6% ആയിരുന്നു. പുതിയ റിക്രൂട്ട്മെന്റ് പൂർത്തിയാകുമ്പോൾ വനിതകളുടെ അംഗബലം 9.61% ആകും. പടിപടിയായി പതിനഞ്ച് ശതമാനമായി ഉയർത്താനുള്ള നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

പോലീസിന്റെ പൊതുജനങ്ങളോടുള്ള പെരുമാറ്റത്തെക്കുറിച്ച് ബഹുമാന്യനായ ഒരംഗം ഇവിടെ പരാമർശിക്കുകയുണ്ടായി. പോലീസിനെ ആധുനികവത്കരിക്കുന്നതിനും ജനാധിപത്യ മൂല്യങ്ങൾ കൂടുതൽ ഉൾക്കൊണ്ടുകൊണ്ട് മുന്നോട്ടു പോകുന്നതിനും ഉതകുന്നതരത്തിൽ പോലീസ് പരിശീലനത്തെ മാറ്റിയെടുക്കാനായിട്ടുണ്ട്. പോലീസ് സബ് ഇൻസ്പെക്ടർ, കോൺസ്റ്റബിൾ എന്നിവരുടെ പരിശീലനത്തിലാണ് ഈ മാറ്റങ്ങൾ വരുത്തിയത്. ആ നടപടി ഇനിയും തുടരും. പൊതുജനങ്ങൾക്കും സമൂഹത്തിന്റെ താഴേക്കിടയിലുള്ള അവശ വിഭാഗങ്ങൾക്കും സ്ത്രീകൾക്കും കുട്ടികൾക്കും നീതി ലഭിക്കുക എന്ന ലക്ഷ്യത്തോടെ പരിശീലനാർത്ഥികളുടെ മനോഭാവത്തിൽ കാതലായ മാറ്റമുണ്ടാക്കുന്നതിനുതകും വിധത്തിലാണ് ഈ മാറ്റം വരുത്തിയത്. പോലീസിന്റെ കൃത്യനിർവ്വഹണം സുഗമമാക്കുന്നതിനും പോലീസ്-പൊതുജനബന്ധം മെച്ചപ്പെടുത്തുന്നതിനും സോഫ്റ്റ് സ്കിൽ മൊഡ്യൂളുകൾ ഉൾപ്പെടുത്തി പരിശീലനങ്ങൾ നൽകിവരുന്നുണ്ട്. സബ് ഇൻസ്പെക്ടർ ട്രെയിനികളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പ്രാക്ടിക്കൽ ട്രെയിനിംഗ് കാലാവധി പത്തര മാസമായി ഉയർത്തി. മുൻകാലത്ത് പരിശീലകരെ ഉൾപ്പെടുത്തിയിരുന്നില്ല. ആ രീതിക്ക് മാറ്റം വന്നിട്ടുണ്ട്. വനിതാ പരിശീലകർ പുരുഷ-വനിതാ ട്രെയിനികൾക്ക് പരിശീലനം നൽകിവരുന്ന സ്ഥിതിയുണ്ടാക്കിയിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ വളർന്നു വരുന്ന അതിക്രമങ്ങളുടെ പശ്ചാത്തലത്തിൽ ഇത്തരം കേസ്സുകൾ കൈകാര്യം ചെയ്യുമ്പോൾ ഇരയുടെ ഭാഗത്തുനിന്ന് ചിന്തിച്ചുകൊണ്ട് അവർക്ക് പരമാവധി പരിരക്ഷ നൽകുന്നതിന് പോലീസുദ്യോഗസ്ഥർക്ക് പരിശീലനം നൽകിവരുന്നു.

സൈബർ ക്രൈം, സാമ്പത്തിക കുറ്റകൃത്യങ്ങൾ, മനുഷ്യക്കടത്ത്, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമം തുടങ്ങിയവ ഫലപ്രദമായി തടയുന്നതിനുള്ള പാഠ്യപദ്ധതികൾ സബ് ഇൻസ്പെക്ടർമാരുടെ പുതുക്കിയ സിലബസ്സിൽ ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ പ്രസ്തുത വിഷയങ്ങളിൽ പ്രാവീണ്യമുള്ള നാഷണൽ പോലീസ് അക്കാഡമി പോലെയുള്ള സ്ഥാപനങ്ങളിലെ അദ്ധ്യാപകരുടെ സേവനവും ഉപയോഗപ്പെടുത്താറുണ്ട്. ഐ.ടി. ട്രെയിനിംഗ്, സി.സി.റ്റി.എൻ.എസ്. (Crime and Criminal Tracking Network and Systems), സൈബർ ഫോറൻസിക്, സൈബർ ക്രൈം, ഡിസ്ക് ഫോറൻസിക് തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തിയും Bureau of Police Research and Development (BPRD), Ministry of Home Affairs (MHA), National Police Academy എന്നീ സ്ഥാപനങ്ങളിലെ വിദഗ്ധരുമായി സഹകരിച്ചും

നിരവധി ട്രെയിനിംഗ് കോഴ്സുകൾ നടത്തിവരുന്നു. ട്രെയിനിംഗിനും തുടർന്നുള്ള പോലീസ് സേവനങ്ങൾക്കുമുള്ള ന്യൂനതകൾ കണ്ടെത്തി മാറ്റം വരുത്തുന്നതിലേയ്ക്കായി ഒരു റിസർച്ച് ആൻഡ് പബ്ലിക്കേഷൻ വിംഗ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ക്രമസമാധാന പ്രശ്നങ്ങളെ നിയമപരമായും ജനാധിപത്യപരമായും നേരിടുന്നതിനും പൗരന്മാരുടെ മനുഷ്യാവകാശം സംരക്ഷിച്ചുകൊണ്ടുള്ള പോലീസ് പ്രവർത്തനങ്ങൾക്കുംവേണ്ടി കേരള പോലീസ് അക്കാഡമി മുഖേന പരിശീലനാർത്ഥികൾക്ക് പ്രായോഗിക പരിശീലനം നൽകിവരുന്നുണ്ട്. പോലീസ് അക്കാഡമിയിൽ ക്ലാസ്സുകൾ ഇ-ലേണിംഗ് മൊഡ്യൂളിലേയ്ക്ക് മാറ്റിവരുന്നതും അക്കാഡമിയിലെ എല്ലാ പരീക്ഷകളും ഓൺലൈൻ ആക്കിയിട്ടുള്ളതുമാണ്. പരിശീലനാർത്ഥികൾക്ക് പാഠ്യവിഷയങ്ങളുടെ നോട്ടുകളും മറ്റും സ്മാർട്ട് ഫോൺവഴി നൽകിവരുന്നു. നിയമ വിഷയങ്ങളിലും ശാസ്ത്ര വിഷയങ്ങളിലും ലഭ്യമായ എല്ലാ പ്രധാന ഓൺലൈൻ ജേണലുകളും ഇലക്ട്രോണിക് ബുക്കുകളും ട്രെയിനിംഗ് വീഡിയോകളും ട്രെയിനികൾക്ക് ലഭ്യമാകുന്ന വിധത്തിൽ കേരള പോലീസ് അക്കാഡമി ക്യാമ്പസിൽ Wi-Fi സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. വർദ്ധിച്ചുവരുന്ന തീവ്രവാദ മാവോയിസ്റ്റ് ഭീഷണി ഉയർത്തുന്ന വെല്ലുവിളികളെ നേരിടുന്നതിന് പോലീസ് ഉദ്യോഗസ്ഥരെ പ്രാപ്തരാക്കുന്നതിനുവേണ്ടി കേരള പോലീസ് അക്കാഡമിയിൽ Counter-IED (Improvised Explosive Device) training centre പ്രവർത്തനമാരംഭിച്ചു. വിവിധതരം സ്ഫോടക വസ്തുക്കൾ കണ്ടെത്തുന്നതിനും സുരക്ഷിതമായി കൈകാര്യം ചെയ്യുന്നതിനും അവ നിർവീര്യമാക്കുന്നതിനുമുള്ള സംസ്ഥാനത്തിലെ ആദ്യ സംയോജിത പരിശീലന കേന്ദ്രമാണിത്. പോലീസ് കോൺസ്റ്റബിൾമാരുടെ ട്രെയിനിംഗിനായി രണ്ട് ട്രെയിനിംഗ് സെന്ററുകൾ, ആർമറർ ട്രെയിനിംഗ് സ്കൂൾ, ഇന്റലിജൻസ് ട്രെയിനിംഗ് സ്കൂൾ എന്നിവ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ ജില്ലാ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കാൻ 280 ലക്ഷം രൂപയും ഇന്റഗ്രേറ്റഡ് ട്രെയിനിംഗ് സെന്റർ നിർമ്മിക്കാനായി 6 കോടി രൂപയും ട്രെയിനിംഗ് സംബന്ധമായ അടിസ്ഥാന സൗകര്യ വികസനത്തിന് കേരള പോലീസ് അക്കാഡമിക്ക് 3.50 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. പോലീസ് സേനാംഗങ്ങൾക്ക് മെച്ചപ്പെട്ട പരിശീലനം ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടെ ഇന്റഗ്രേറ്റഡ് പോലീസ് റിക്രൂട്ട് ട്രെയിനിംഗ് സെന്റർ രൂപീകരിച്ചിട്ടുണ്ട്. ഇൻസ്പെക്ടർമാരുടെ കേഡറിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിനു മുമ്പ് എല്ലാ സബ് ഇൻസ്പെക്ടർമാരും നിർബന്ധിത പ്രീ-പ്രൊമോഷൻ പരിശീലന പരിപാടിക്ക് വിധേയമാകുന്നത് ഉചിതമായിരിക്കുമെന്ന് മനസ്സിലാക്കി വിവിധ വിഷയങ്ങളിൽ എസ്.ഐ.-മാർക്ക് കേരള പോലീസ് അക്കാഡമി (KEPA), പോലീസ് ട്രെയിനിംഗ് കോളേജ് എന്നീ സ്ഥാപനങ്ങളിൽവച്ച് പ്രീ-പ്രൊമോഷൻ ട്രെയിനിംഗ് നടത്തുന്നതിനായി നിർദ്ദേശവും നൽകിയിട്ടുണ്ട്.

പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടിയുണ്ടാകണമെന്ന് ചില അംഗങ്ങൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്തുന്നതിനുമായി സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ഇൻസ്പെക്ടർ-എസ്.എച്ച്.ഒ. സംവിധാനം ഏർപ്പെടുത്തുകയും എസ്.എച്ച്.ഒ.-യുടെ കീഴിൽ ക്രമസമാധാനത്തിന് പ്രത്യേകമായും ക്രൈം ഇൻവെസ്റ്റിഗേഷന് പ്രത്യേകമായും ചുമതല നൽകി ഓരോ സബ് ഇൻസ്പെക്ടർമാരെ നിയമിക്കുകയും ക്രൈം ഇൻവെസ്റ്റിഗേഷൻ സബ് ഇൻസ്പെക്ടറുടെ കീഴിൽ ഇൻവെസ്റ്റിഗേഷൻ ടീം പ്രവർത്തിച്ചുവരികയും ചെയ്യുന്നു. പോലീസുകാരുടെ ജോലിഭാരം വർദ്ധിക്കുന്നുവെന്ന പ്രശ്നം ബഹുമാന്യനായ ഒരംഗം ചൂണ്ടിക്കാണിക്കുകയുണ്ടായി. പോലീസ് ഉദ്യോഗസ്ഥരുടെ ജോലിഭാരം ലഘൂകരിക്കുന്നതിനായി പോലീസ് സ്റ്റേഷനിൽ പ്രവൃത്തിയെടുത്തുവരുന്ന പോലീസ് ഉദ്യോഗസ്ഥരുടെ പ്രവൃത്തി സമയം 8 മണിക്കൂറായി നിജപ്പെടുത്താൻ സർക്കാർ തത്വത്തിൽ തീരുമാനിക്കുകയും ഘട്ടംഘട്ടമായി സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ പ്രസ്തുത സമയക്രമം നടപ്പാക്കിവരികയുമാണ്. പോലീസിന്റെ ജോലി ഭാരം കുറയ്ക്കുന്നതിനായി സേനയുടെ അംഗബലത്തിലും വർദ്ധനവുണ്ടാക്കിയിട്ടുണ്ട്. ആയതിനായി മുൻ സർക്കാരിന്റെ കാലയളവിൽ 4193 സ്ഥിരം തസ്തികകളും 853 താൽക്കാലിക തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന വ്യവസായ സംരക്ഷണ സേനയിൽ 100 സ്ഥിരം തസ്തികകൾ സൃഷ്ടിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുമുണ്ട്. ഈ സർക്കാർ അധികാരത്തിലെത്തിയശേഷം പോലീസ് വകുപ്പിൽ 49 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പോലീസ് സംവിധാനത്തെ ആധുനികവൽക്കരിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. അതനുസരിച്ച് പോലീസിന്റെ സാങ്കേതിക വൈദഗ്ദ്ധ്യം വികസിപ്പിക്കുന്ന പദ്ധതികൾക്ക് ഇക്കാലയളവിൽ സർക്കാർ നേതൃത്വം നൽകിയിട്ടുമുണ്ട്. വിവിധ പോലീസ് പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്നതിനുള്ള ഉപകരണങ്ങൾ വികസിപ്പിക്കുന്നതിന് കൃത്രിമബുദ്ധി സാങ്കേതിക വിദ്യയ്ക്ക് നിർണ്ണായക പങ്കുണ്ട്. ഡാറ്റകൾ, ഫോട്ടോഗ്രാഫുകൾ, സി.സി.ടി.വി. ഫൂട്ടേജുകൾ, കുറ്റകൃത്യവുമായി ബന്ധപ്പെട്ട രേഖകൾ, തെളിവ് ഫയലുകൾ തുടങ്ങിയവ ഈ സാങ്കേതികവിദ്യമൂലം അതിവേഗം വിശകലനം ചെയ്യാൻ സാധിക്കുന്നതുകൊണ്ട് കേസ്സന്വേഷണങ്ങൾ ഫലപ്രദമാക്കാനും പഴുതില്ലാത്ത കുറ്റപത്രം തയ്യാറാക്കാനും സാധിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ഡ്രോൺ സാങ്കേതികവിദ്യയെയും അതിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റത്തെയുംകുറിച്ച് പഠിക്കുകയെന്ന ലക്ഷ്യത്തോടെ ഒരു ഡ്രോൺ ഫോറൻസിക് ആൻഡ് റിസർച്ച് സെന്റർ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. Unmanned aerial vehicles/ഡ്രോണുമായി ബന്ധപ്പെട്ട എല്ലാ ഉപകരണങ്ങളും സാങ്കേതികമായും

ശാസ്ത്രീയമായും പരിശോധിക്കുന്ന ഇടമാക്കി മാറ്റാനും അന്വേഷണ ഏജൻസികൾക്ക് രാജ്യത്തിന്റെ സുരക്ഷയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ചുണ്ടാകുന്ന ഭീഷണി ചെറുക്കാനും കുറ്റകൃത്യവുമായി ബന്ധപ്പെട്ട വിഷയങ്ങളിന്മേൽ ആവശ്യവും ശാസ്ത്രീയവുമായ തെളിവ് നൽകാനും ഈ സ്ഥാപനത്തിന് കഴിയും. ഡ്രോൺ ഉപയോഗിച്ചുള്ള ആക്രമണങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഡ്രോണിന്റെ സഞ്ചാരപഥവും മറ്റ് വിവരങ്ങളും ശാസ്ത്രീയമായി പരിശോധിക്കുന്നതിന് കേരള പോലീസ് സൈബർ ഡോമിന്റെ നേതൃത്വത്തിൽ ഡ്രോൺ ഫോറൻസിക് ലാബ് ആരംഭിക്കുന്നുണ്ട്. പൊതുജനങ്ങൾക്ക് മികച്ച സേവനം നൽകാൻ സാധിക്കുംവിധം സ്മാർട്ട് പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇലക്ട്രോണിക് ഉപകരണംവഴി പരാതി നൽകാം. ഒരു സ്മാർട്ട് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള താൽക്കാലിക എസ്റ്റിമേറ്റ് ഏകദേശം 300 ലക്ഷം രൂപയാണ്. ഓൺലൈനായി പോലീസിന് പരാതിയും അപേക്ഷയും നൽകുന്ന സംവിധാനം വിപുലപ്പെടുത്തും. പോലീസ് സ്വീകരിച്ച നടപടികൾ പോലീസ് പോർട്ടലിൽനിന്നുതന്നെ ഡൗൺലോഡ് ചെയ്യാൻപറ്റുന്ന സംവിധാനം ശക്തിപ്പെടുത്തികൊണ്ട്, പോലീസ് സ്റ്റേഷനിൽ പോകാതെ ജനങ്ങൾക്ക് പരാതികൾ നൽകാനും അതിന്റെ നടപടികൾ മനസ്സിലാക്കാനും കഴിയുന്ന സാഹചര്യമുണ്ടാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. കൂടുതൽ പോലീസ് സ്റ്റേഷനുകൾ സൃഷ്ടിക്കുകയെന്നതല്ല, മറിച്ച് നിലവിലുള്ള സ്റ്റേഷനുകളെ ആധുനിക വൽക്കരണത്തിലൂടെ എല്ലാവരുടെയും പരാതികൾ പരിഹരിക്കുന്നതിനുള്ള സംവിധാനമാക്കി മാറ്റാനാണ് ഉദ്ദേശിക്കുന്നത്. കേരള ജനതയ്ക്ക് സുരക്ഷിതവും കാര്യക്ഷമവുമായ ഗതാഗത സംവിധാനങ്ങൾ ഒരുക്കുന്നതിനായി കേരള പോലീസ് അതിനൂതന സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തി നടപ്പിൽവരുത്തുന്ന സംവിധാനമാണ് ഇന്റഗ്രേറ്റഡ് ഡിജിറ്റൽ ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം. മനുഷ്യവിഭവശേഷി പരമാവധി കുറച്ചുകൊണ്ട് കൂടുതലായും അത്യാധുനിക ഓട്ടോമേറ്റഡ് സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തി റോഡ് നിയമങ്ങളും ചട്ടങ്ങളും പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്താനാണ് കേരള പോലീസ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. നിയമാനുസൃതമായ വേഗതാപരിധിയിൽ കവിഞ്ഞ് വാഹനം ഓടിക്കുന്നതോ ഗതാഗത സിഗ്നലുകൾ ലംഘിച്ച് വാഹനം ഓടിക്കുന്നതോ ട്രാഫിക് നിയമങ്ങൾ ലംഘിക്കുന്നതോ ആയ ഡ്രൈവർമാരെ തിരിച്ചറിയുകയും പിഴ ചുമത്തുകയും ചെയ്യുന്നതിലൂടെ റോഡുകൾ സുരക്ഷിതമാക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം.

സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന പശ്ചാത്തലത്തിൽ അവ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനും സൈബർ കുറ്റാന്വേഷണത്തിന്റെ കാര്യക്ഷമത വർദ്ധി

പ്പിക്കുന്നതിനുമായി 19 സൈബർ പോലീസ് സ്റ്റേഷനുകൾ, 3 സൈബർ ഡോമുകൾ, ഹൈടെക് സൈബർ ക്രൈം എൻക്വറി സെൽ എന്നിവ കൂട്ടിച്ചേർത്ത് ഒരു സൈബർ ക്രൈം ഇൻവെസ്റ്റിഗേഷൻ ഡിവിഷൻ (സി.സി.ഐ.ഡി.) ആരംഭിക്കുന്നതിനും സേനയ്ക്കുള്ളിൽ സൈബർ സംബന്ധമായ പ്രവർത്തനങ്ങൾക്ക് ടെക്നിക്കൽ സപ്പോർട്ട് നൽകുന്നതിനായി Cyber Operations and Security Division ആരംഭിക്കുന്നതിനുമുള്ള നടപടി പരിശോധിച്ചുവരികയാണ്. ഡാർക്ക് നെറ്റ് വഴി ഡ്രഗ്സ് വിൽപ്പന, ഭീകരവാദ പ്രവർത്തനങ്ങൾ, child pornography, ransom ware, malware attack തുടങ്ങിയ നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. ഇത് തടയുന്നതിനായി സൈബർഡോമിന്റെ റിസർച്ച് ആൻഡ് അനാലിസിസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ ഡാർക്ക് നെറ്റ് അനാലിസിസിനുവേണ്ടി ഒരു ബേസിക് ടൂൾ ഡെവലപ് ചെയ്തിട്ടുണ്ട്. നിലവിലുള്ള ഫീച്ചറുകൾക്കുപുറമെ ഈ ടൂളിനോടുകൂടി കൂടുതൽ ഫീച്ചറുകൾ ഉൾപ്പെടുത്തിയുള്ള ടൂൾ ഡെവലപ്മെന്റ്, Hac'KP 2021-ന്റെ ഭാഗമായി നടന്നുവരുന്നുണ്ട്. സാമൂഹ്യ മാധ്യമങ്ങൾ, ഡാർക്ക് നെറ്റ് തുടങ്ങിയ ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ വ്യാപകമായ രീതിയിൽ കുട്ടികളുടെ അശ്ലീല ചിത്രങ്ങൾ പ്രചരിപ്പിക്കുന്നതിനെത്തുടർന്ന് നടത്തിയ അന്വേഷണങ്ങളിൽ പ്രാദേശിക കുട്ടികളുടെ ചിത്രങ്ങളും ഇത്തരത്തിൽ പ്രചരിക്കുന്നതായി കേരള പോലീസ് സി.സി.എസ്.ഇ. (Counter Child Sexual Exploitation) യൂണിറ്റ് കണ്ടെത്തിയിട്ടുണ്ട്. അന്വേഷണങ്ങളിലൂടെ ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ രക്ഷിതാക്കളെ വിവരങ്ങൾ പറഞ്ഞു മനസ്സിലാക്കുകയും കുട്ടികളെ വിദഗ്ധ കൗൺസിലിംഗിനായി നിർദ്ദേശിക്കുകയും ചെയ്യുന്നു. കൂടാതെ അന്താരാഷ്ട്ര സംഘടനകളുടെ സഹായത്തോടെ ഇന്റർനെറ്റിൽനിന്നും കുട്ടികളുടെ ഇത്തരം അശ്ലീലചിത്രങ്ങൾ നീക്കം ചെയ്യാനും സി.സി.എസ്.ഇ. യൂണിറ്റ് ശ്രമിക്കുന്നുണ്ട്. പോലീസിനെ കൂടുതൽ ജനകീയവൽക്കരിക്കുകയെന്നതാണ് സംസ്ഥാന സർക്കാരിന്റെ നയം. ക്രമസമാധാന പരിപാലനം ജനങ്ങളുടെകൂടി ആവശ്യമാണെന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ അവരെക്കൂടി സഹകരിപ്പിച്ചുകൊണ്ട് മുന്നോട്ടുപോകുക എന്ന കാഴ്ചപ്പാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽകൂടിയാണ് സോഷ്യൽ പോലീസിംഗ് സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നത്.

കേരളത്തിൽ നടപ്പാക്കിയ ഏറ്റവും മികച്ച പദ്ധതിയാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി. എയ്ഡഡ് മേഖലയിലുള്ള സ്കൂളുകളിൽ ഈ വർഷം എസ്.പി.സി. അനുവദിക്കാൻ സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഈ അദ്ധ്യയന വർഷത്തിൽ എയ്ഡഡ് സ്കൂളുകളിലുൾപ്പെടെ ആകെ 197 സ്കൂളുകളിലാണ് എസ്.പി.സി. പദ്ധതി അനുവദിക്കാൻ സർക്കാർ ഉത്തരവായിട്ടുള്ളത്. എസ്.പി.സി. പദ്ധതി നിലവിൽ

515 ഗവൺമെന്റ് സ്കൂളുകളിലും 264 എയ്ഡഡ് സ്കൂളുകളിലും 24 അൺഎയ്ഡഡ് സ്കൂളുകളിലുമായി ആകെ 803 സ്കൂളുകളിലാണ് പ്രവർത്തിക്കുന്നത്. 197 സ്കൂളുകളിൽ പദ്ധതി അനുവദിക്കുന്നതിനുള്ള അപേക്ഷ സ്വീകരിച്ച് അതിന്റെ സൂക്ഷ്മ പരിശോധന നടന്നുവരികയാണ്. UNICEF-ന്റെ അംഗീകാരവും അവർകൂടി പങ്കാളിയാകുന്ന പദ്ധതിയും ഈ വർഷം നടപ്പാക്കും. പോലീസിൽനിന്ന് പരിശീലകരെ നൽകാനാകുന്നില്ലെന്ന പ്രശ്നമാണ് സ്റ്റുഡന്റ് പോലീസ് സംവിധാനം കൂടുതൽ സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് പ്രധാന തടസ്സമായി നിൽക്കുന്നത്. ഇത് പരിഹരിക്കുന്നതിനായി പോലീസിൽനിന്ന് വിരമിച്ച സന്നദ്ധതയുള്ളവരെ ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കും. ഇതിലൂടെ സ്റ്റേഷനുകളുടെ പ്രവർത്തനത്തിൽ തടസ്സമില്ലാതെ സ്റ്റുഡന്റ് പോലീസ് സംവിധാനം വ്യാപിപ്പിക്കുന്നതിന് സഹായിക്കും.

പോലീസ് സേനയുടെ ഉത്തരവാദിത്വം വിപുലപ്പെടുത്തുന്നതിനനുസരിച്ചും എണ്ണം വർദ്ധിക്കുന്നതിനനുസരിച്ചും മിനിസ്റ്റീരിയൽ വിഭാഗം കൂടുതൽ ശാക്തീകരിക്കേണ്ടതുണ്ട്. പോലീസ് സേനാംഗങ്ങളുടെയും പൊതു ജനങ്ങളുടെയും വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ജില്ലാ ബറ്റാലിയൻ ആസ്ഥാനങ്ങളിൽ മിനിസ്റ്റീരിയൽ ജീവനക്കാരുടെ അംഗബലത്തിന്റെ കുറവ് പരിഹരിക്കുന്നതിന് ഉചിതമായ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി വനിതാ ബറ്റാലിയൻ കണ്ണൂർ സിറ്റി, കണ്ണൂർ റൂറൽ എന്നിവിടങ്ങളിലേയ്ക്ക് സർക്കാർ 49 തസ്തികകൾ പുതിയതായി അനുവദിക്കുകയുണ്ടായി. ക്രൈംബ്രാഞ്ച് നവീകരണത്തിന്റെ ഭാഗമായി അഞ്ച് ജൂനിയർ സൂപ്രണ്ട് തസ്തികകളെ സീനിയർ സൂപ്രണ്ട് തസ്തികകളായി ഉയർത്തി. പുതിയ 49 തസ്തികകളുടെ പ്രയോജനം നിലവിലെ അതാത് കാറ്റഗറിയിലുള്ള റാങ്ക് ലിസ്റ്റിലെ ഉദ്യോഗാർത്ഥികൾക്ക് ലഭിക്കും. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിക്കൊണ്ടിരുന്ന ക്യാമ്പ് ഫോളോവർമാരുടെ നിയമനം സുതാര്യമാക്കുന്നതിന്റെ ഭാഗമായി പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തരമാക്കുകയും അവരുടെ നിയമനത്തിനായി വിശേഷാൽ ചട്ടം രൂപീകരിക്കുകയും ചെയ്തു. കേരളത്തിലെ ആദ്യത്തെ ആഭ്യന്തര മന്ത്രിയായിരുന്ന ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യരുടെ നാമധേയത്തിൽ പോലീസ് മ്യൂസിയം ആരംഭിച്ച് കേരള പോലീസിന്റെ വികാസ പരിണാമങ്ങളുടെ ചരിത്രം സജ്ജീകരിച്ചിട്ടുണ്ട്. പോലീസിന്റെ ചരിത്രത്തെ സംബന്ധിച്ച് ഗവേഷണം നടത്തുന്നവർക്കാവശ്യമായ വിവരങ്ങളും രേഖകളുടെ പകർപ്പുകളും ലഭ്യമാക്കുന്ന സംവിധാനമാക്കി പോലീസ് മ്യൂസിയത്തെ വികസിപ്പിക്കണമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കേരള പോലീസിന്റെ സവിശേഷ സംവിധാനമായി പ്രവർത്തിക്കുന്ന വിഭാഗമാണ് അശ്വാരൂഢസേന. ഈ സേനയുടെ സംരക്ഷണത്തിനാവശ്യമായ നടപടികൾ സർക്കാർ നടപ്പാക്കുന്നതാണ്. അതിനാവശ്യമായ ഫണ്ട് ഉറപ്പുവരുത്തുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കേസ്സന്വേഷണത്തിൽ സവിശേഷ പങ്കുവഹിക്കുന്ന വിഭാഗമാണ്

ഡോഗ് സ്ക്വാഡുകൾ. ഇവയുടെ പരിപാലനത്തിനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കുന്നതാണ്. പുതിയ ഇനത്തിൽപ്പെട്ട നായ്ക്കുട്ടികളെക്കൂടി ഉൾപ്പെടുത്തി സേന വിപുലീകരിച്ചിട്ടുണ്ട്. പോലീസ് സേനയുടെ ഭാഗമായ ബാൻഡ് ആൻഡ് ഓർക്കസ്ട്ര വിഭാഗം നവീകരിക്കുന്ന നടപടി സ്വീകരിച്ചുവരികയാണ്. ഇതിനായി വിശേഷാൽ ചട്ടം രൂപീകരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരമുള്ള നിയമനം അവസാനിപ്പിച്ച് പി.എസ്.സി. മുഖാന്തിരമാക്കാനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതോടൊപ്പം ദേശഭക്തി ഗാനങ്ങളും ബോധവത്കരണ ഗാനങ്ങളും അവതരിപ്പിക്കാൻ കഴിയുന്ന ഗാനമേള സംഘത്തെയും രൂപപ്പെടുത്തി മുന്നോട്ടുപോകുന്നതിനുള്ള നടപടികൾ സ്വീകരിക്കും. കേസ്സന്വേഷണത്തിന് ശാസ്ത്രീയമായ തെളിവുകൾ വിശകലനം ചെയ്യുന്നതിന് ഫോറൻസിക് സയൻസ് ലബോറട്ടറികളുടെ പ്രവർത്തനം ഏറെ പ്രധാനമാണ്. ഇവയുടെ കാര്യക്ഷമമായ പ്രവർത്തനം കേസ്സന്വേഷണം ഫലപ്രദമായി മുന്നോട്ടു കൊണ്ടുപോകുന്നതിന് സഹായിക്കും. ഫോറൻസിക് ലബോറട്ടറിയുടെ വിവിധ ഡിവിഷനുകളിലായി നിലവിൽ 15817 കേസ്സുകളാണ് അവശേഷിക്കുന്നത്. ഈ സാഹചര്യത്തെ മറികടക്കുന്നതിനും സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ അൻപത് സയന്റിഫിക് ഓഫീസർമാരുടെയും ആറ് അസിസ്റ്റന്റ് ഡയറക്ടർമാരുടെയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഒഴിവുകൾ എത്രയും വേഗത്തിൽ നികത്തുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. സൈബർ കേസ്സുകൾ വേഗത്തിൽ പരിശോധിക്കാനാവശ്യമായ നടപടി ആരംഭിച്ചിട്ടുണ്ട്. എട്ട് സയന്റിഫിക് ഓഫീസർമാർക്ക് ഇതിനുവേണ്ടിയുള്ള ട്രെയിനിംഗ് നൽകിവരുന്നു. സ്റ്റേറ്റ് സൈബർ ഫോറൻസിക് ലാബ് തുറക്കുന്നതോടുകൂടി ഒരേസമയം കൂടുതൽ സൈബർ കേസ്സുകൾ പരിശോധിക്കാൻ കഴിയും. നിലവിലുള്ള ഉദ്യോഗസ്ഥർ അധികസമയം പ്രവർത്തിച്ച് കേസ്സുകൾ പരമാവധി കുറയ്ക്കാൻവേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനാവശ്യമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്നതാണ്.

പൊതുപ്രവർത്തകർക്കെതിരെ ഭീഷണിയുയർത്തിയ പ്രശ്നത്തെക്കുറിച്ച് പരാമർശിക്കുകയുണ്ടായി. ബഹുമാന്യനായ മന്ത്രി ശ്രീ. കെ. രാധാകൃഷ്ണനെ ഭീഷണിപ്പെടുത്തിയ സംഭവത്തിൽ കേസ്സെടുത്തിട്ടുണ്ട്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് വധഭീഷണി മുഴക്കി കത്തയച്ചുവെന്നതിന്റെ പേരിൽ IPC 507 വകുപ്പുപ്രകാരം ക്രൈം 1754/2021 ആയി കോട്ടയം വെസ്റ്റ് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. വടകര എം.എൽ.എ.-യെയും മകനെയും അപായപ്പെടുത്തുമെന്ന ഭീഷണി കത്ത് ലഭിച്ചതിന്റെ പേരിൽ IPC 153, 507 വകുപ്പുകൾ പ്രകാരം വടകര പോലീസ് സ്റ്റേഷനിൽ ക്രൈം 685/2021 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. കാസർഗോഡ് രാജകുമാരി ജൂവലറിയിൽ കവർച്ച നടന്നതുമായി

ബന്ധപ്പെട്ട് 26-7-2021-ൽ മഞ്ചേശ്വരം പോലീസ് സ്റ്റേഷനിൽ IPC 395, 457, 461 എന്നീ വകുപ്പുകൾപ്രകാരം ക്രൈം 391/2021 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. പാലക്കാട് കൊല്ലങ്കോട് പോലീസ് സ്റ്റേഷൻ പരിധിയിൽ 56 വയസ്സുള്ള കണ്ണൻകുട്ടിയെന്ന ആൾ ആത്മഹത്യ ചെയ്തതുമായി ബന്ധപ്പെട്ട് ക്രിമിനൽ നടപടിക്രമം 174 വകുപ്പുപ്രകാരം കൊല്ലങ്കോട് പോലീസ് സ്റ്റേഷനിൽ ക്രൈം 364/2021 ആയി കേസ് രജിസ്റ്റർ ചെയ്ത് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

വിജിലൻസ് വകുപ്പിനെക്കുറിച്ച് ആരും പരാമർശിക്കാതെ പോകുമെന്നുള്ള ആശങ്ക എനിക്കുണ്ടായിരുന്നു. ഏതായാലും അവസാനം സംസാരിച്ച ബഹുമാന്യനായ രമേശ് ചെന്നിത്തല ആ കുറവ് പരിഹരിച്ചു. അഴിമതി രഹിത കേരളം കെട്ടിപ്പടുക്കുകയെന്ന സർക്കാർ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് സംവിധാനത്തെ ഫലപ്രദമാക്കി മുന്നോട്ടു കൊണ്ടുപോകുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. വിജിലൻസ് സംബന്ധമായ കേസ്സുകൾ ദീർഘമായി കെട്ടിക്കിടക്കുന്നുവെന്നതാണ് അദ്ദേഹം ചൂണ്ടിക്കാണിച്ച പ്രധാന പ്രശ്നം. സർക്കാർ അത് പരിഹരിക്കുന്നതിനുള്ള ശക്തമായ ഇടപെടലാണ് നടത്തുന്നത്. ഓൺലൈൻ സംവിധാനത്തിലൂടെ ഫയലുകൾ സമയബന്ധിതമായി അതിവേഗ തീർപ്പ് കൽപ്പിക്കുന്നതിനായി വെബ് അധിഷ്ഠിത ഇന്റേണൽ അഡ്മിനിസ്ട്രേറ്റീവ് പ്രോസസിംഗ് സിസ്റ്റം ആരംഭിച്ചിട്ടുണ്ട്. ഡിജിറ്റൽ തെളിവുകളുടെ ആധികാരികത പരിശോധിക്കുന്നതിന് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സൈബർ സെല്ലുകൾ ആരംഭിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥർ തമ്മിലുള്ള ആശയവിനിമയം വേഗത്തിലാക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ ഓഫീസുകളിൽ വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അന്വേഷണ ഉദ്യോഗസ്ഥർക്കായി ഡിജിറ്റൽ ക്യാമറയും രഹസ്യ നീരീക്ഷണത്തിനുള്ള സാങ്കേതിക ഉപകരണങ്ങളും കമ്പ്യൂട്ടറുകളും മറ്റ് ആധുനിക ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് പരാതി സമർപ്പിക്കുന്നതിന് ടോൾ ഫ്രീ നമ്പറും വാട്സ്ആപ്പ് നമ്പറും ഇ-പെറ്റീഷൻ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കൈക്കൂലി ആവശ്യപ്പെടുന്ന ഉദ്യോഗസ്ഥർക്കെതിരെ പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതിയുടെ അടിസ്ഥാനത്തിൽ ട്രാപ്പ് കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നുണ്ട്. സംവിധാനങ്ങളിലെ അപാകതകൾ സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കി ബന്ധപ്പെട്ട ഓഫീസുകളിൽ സംസ്ഥാന വ്യാപകമായി മിന്നൽ പരിശോധന നടത്തുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ ആവശ്യമായ ശിപാർശകൾ ചേർത്ത് സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നുണ്ട്. സർക്കാർ ബന്ധപ്പെട്ട വകുപ്പുകൾ മുഖാന്തരം നടപടി സ്വീകരിച്ചുവരികയും പൊതുഇടങ്ങളിലും സ്കൂളുകളിലും ബോധവത്കരണ പദ്ധതികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

തടവുകാരെ മാനസാന്തരപ്പെടുത്തി ഉത്തമ പൗരൻമാരാക്കി മാറ്റുന്നതിനുള്ള സംവിധാനമായാണ് ആധുനികഘട്ടത്തിൽ ജയിലുകളെ വിഭാവന ചെയ്തിരിക്കുന്നത്. ഇതിനുതകുന്നവിധം ഈ സംവിധാനത്തെ മാറ്റുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. ഇപ്പോഴും കേരളത്തിലെ സെൻട്രൽ ജയിലുകളിൽ പാർപ്പിട ശേഷിയെക്കാൾ പന്ത്രണ്ട് ശതമാനത്തിലധികംപേർ അന്തേവാസികളായിട്ടുണ്ട്. ആധുനിക കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ അർഹതപ്പെട്ടവർക്ക് പരോൾ അനുവദിക്കുകയെന്നത് പ്രധാനമായാണ് കാണുന്നത്. തടവുകാർക്കും അവരുടേതായ ജനാധിപത്യ അവകാശങ്ങളുണ്ട്. അവ പാലിക്കുന്നതിന് സർക്കാർ ശ്രദ്ധിച്ചിട്ടുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: സർ, തടവുകാർക്ക് അവരുടേതായ ജനാധിപത്യ അവകാശങ്ങളുണ്ട്. അതിന് ആരും എതിരല്ല, കരക്ഷണൽ സർവ്വീസുമാണ്. ഞങ്ങൾ പ്രധാനമായും ഉന്നയിച്ച പ്രശ്നം, സ്ത്രീപീഡന കേസ്സുകളിൽപ്പെട്ടവർ, ജീവപര്യന്തം ശിക്ഷിക്കപ്പെട്ടവർ, കുട്ടികൾക്കെതിരായ അതിക്രമങ്ങളിൽ പ്രതികളായവർ തുടങ്ങിയ ചില കാറ്റഗറികളിലെ ആളുകൾക്ക് പരോൾ നൽകാറില്ല; എന്നാൽ ഈ വിഭാഗത്തിൽപ്പെട്ടവർക്ക് വ്യാപകമായ തോതിൽ പരോൾ അനുവദിക്കുന്നുവെന്നുള്ളതാണ് പരാതിയായി ഉയർന്നുവന്നിരിക്കുന്നത്. അക്കാര്യം ഗവൺമെന്റിന്റെയും മുഖ്യമന്ത്രിയുടെയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് തിരുത്താൻ നടപടി സ്വീകരിക്കുമോ?

4.00 p.m]

ശ്രീ. പിണറായി വിജയൻ: സർ, കോവിഡ് വലിയതോതിൽ വ്യാപിക്കുന്നുണ്ടെങ്കിലും സംസ്ഥാനത്തെ ജയിലുകളിൽ ആരും കോവിഡ് മുഖാന്തരം മരണപ്പെടുകയോ കോവിഡ് വ്യാപനം കൂടുന്ന അവസ്ഥയുണ്ടാവുകയോ ചെയ്തിട്ടില്ല. ആളുകളെ ജയിലിൽ കൂട്ടത്തോടെ പാർപ്പിക്കുന്നതിനുപകരം കഴിയാവുന്നത്ര പരോൾ നൽകി കോവിഡ് ഘട്ടത്തിൽ പുറത്തു നിർത്തുകയാണ് ചെയ്തത്. ജയിൽ അധികൃതരുടെ ഭാഗത്തുനിന്നുള്ള ശിപാർശയും ഹൈക്കോടതിയടക്കം ഈ വിഷയത്തിൽ ബന്ധപ്പെട്ടതുകൊണ്ട് സ്വീകരിച്ച നടപടിയാണ്. സർക്കാർ ഏതെങ്കിലും ആളുകൾക്ക് പ്രത്യേകമായി പരോൾ അനുവദിക്കുകയല്ല ചെയ്യുന്നത്. സർക്കാരിന്റെ സവിശേഷമായ അധികാരം ഉപയോഗിച്ച് ആർക്കും പരോൾ അനുവദിച്ചിട്ടില്ല. ജയിൽ അധികൃതരുടെ ശിപാർശയുടെ ഭാഗമായി ഓരോ ജയിലിൽ നിന്നും അർഹതയുള്ള ആളുകൾക്ക് പരോൾ അനുവദിച്ചിട്ടുണ്ട്, അങ്ങനെ നൽകിയതിൽ അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ അർഹതയില്ലാത്ത ആരെങ്കിലും ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അത് പരിശോധിച്ചശേഷം മാത്രമേ പറയാൻ കഴിയുകയുള്ളൂ. ഇപ്പോൾ എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് പറയുന്നതുപോലെ പരോൾ ലഭിക്കുന്നതിന് തടവുകാർക്ക് അവകാശമുണ്ട്. അതിന് നിയമം അനുവദിക്കുന്നുമുണ്ട്. ഇപ്പോൾ സൂചിപ്പിച്ചതുപോലെ, ഏതെങ്കിലും സാഹചര്യത്തിലോ കോവിഡ്

പശ്ചാത്തലത്തിലോ പരോൾ അനുവദിച്ചെങ്കിൽ അവർക്ക് എസ്കോർട്ട് പരോളാണ് അനുവദിക്കേണ്ടത്. അത് അനുവദിക്കുന്നതിനുള്ള പ്രൊവിഷൻ നിലനിൽക്കുകയാണെങ്കിലും ഇവിടെ ആർക്കും അങ്ങനെ നൽകിയതായി തോന്നിയിട്ടില്ല.

ശ്രീ. പിണറായി വിജയൻ: സർ, അങ്ങയെപ്പോലുള്ള ഒരാൾ ഇങ്ങനെയൊക്കെ പറഞ്ഞാൽ എന്താണ് ചെയ്യുക? ഒരു മരണം സംഭവിക്കുന്ന അവസരത്തിൽ, മരണപ്പെട്ട ആളിന്റെ മകൻ ജയിലിലാണെങ്കിൽ അയാളെ ജയിലധികൃതർ എസ്കോർട്ടോടുകൂടി കൊണ്ടുപോയി മൃതദേഹം കാണിച്ച് തിരിച്ചുകൊണ്ടുവരും. ഇവിടെ അങ്ങനെയല്ല, കുറെക്കാലത്തേയ്ക്ക് പരോൾ അനുവദിച്ച് പറഞ്ഞു വിടുകയാണ്. ശ്രീ. രമേശ് ചെന്നിത്തല ഉന്നയിച്ചതുപോലെ ഏതെങ്കിലും തരത്തിൽ തെറ്റായ നടപടികളുണ്ടായിട്ടുണ്ടെങ്കിൽ അത് പരിശോധിക്കാം. രണ്ട് കാര്യങ്ങളും വ്യത്യസ്തമാണ്. അക്കാര്യങ്ങൾ പിന്നീട് സംസാരിക്കാം.

സെൻട്രൽ ജയിലിലെ പാർപ്പിടശേഷിയേക്കാൾ പന്ത്രണ്ട് ശതമാനത്തിലധികം ആളുകൾ അന്തേവാസികളായിട്ടുണ്ടെന്നതാണ് നാം കാണേണ്ട ഒരു വസ്തുത. ജയിലിനെ സംബന്ധിച്ച ആധുനിക കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ അർഹതപ്പെട്ടവർക്ക് പരോൾ അനുവദിക്കുകയാണ് ചെയ്യുവരുന്നത്. 2014-ലെ ജയിൽ ചട്ടം 400 പ്രകാരം ശിക്ഷാ തടവുകാരന്റെ അടുത്ത ബന്ധുക്കളുടെ മരണം, മരണാസന്നമായ രോഗാവസ്ഥ, വിവാഹം എന്നിവയ്ക്ക് പോലീസ് റിപ്പോർട്ടിന്റെയും മറ്റും അടിസ്ഥാനത്തിൽ അടിയന്തര അവധിക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. ജയിൽ ചട്ടം 400-ൽ വിവക്ഷിക്കുന്ന ആവശ്യങ്ങൾക്ക് മാത്രമേ ജയിലിൽനിന്ന് അടിയന്തര പരോൾ അനുവദിച്ചിട്ടുള്ളൂ. കൊറോണ വൈറസ് വ്യാപന പശ്ചാത്തലത്തിൽ വിചാരണ തടവുകാർക്കുൾപ്പെടെ അവധിയോ ഇടക്കാല ജാമ്യമോ നൽകണമെന്നത് സുപ്രീം കോടതിയുടെ നിർദ്ദേശമാണ്. അല്ലാതെ സംസ്ഥാന സർക്കാർ സ്വയമേവ തീരുമാനിച്ചതല്ല. അതിന്റെ അടിസ്ഥാനത്തിൽ ജയിൽ അന്തേവാസികൾക്ക് പരോൾ ലഭിച്ചിട്ടുണ്ട്. അത് മറ്റെന്തെങ്കിലും സമ്മർദ്ദത്തിന്റെ അടിസ്ഥാനത്തിലല്ല. ജയിലിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയെന്നത് തടവുകാർക്ക് മാനസാന്തരം വരുത്തുന്നതിന് പ്രധാനമാണെന്ന് സർക്കാർ കാണുന്നു. ജയിലുമായി ബന്ധപ്പെട്ട കമ്മീഷനുകൾ ഇക്കാര്യം എടുത്തു പറഞ്ഞിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ നടപടി സ്വീകരിക്കുന്നുമുണ്ട്. മലപ്പുറം ജില്ലയിലെ തവനൂരിൽ ഈ വർഷം പുതിയ സെൻട്രൽ പ്രിസൺ പൂർണ്ണതോതിൽ പ്രവർത്തനമാരംഭിക്കും. 32 കോടി 85 ലക്ഷം രൂപ ചെലവഴിച്ചാണ് അതിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളത്. ജയിൽ സുരക്ഷ വർദ്ധിപ്പിക്കുന്നതിന് സർക്കാർ കാലാകാലങ്ങളിൽ ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. കഴിഞ്ഞ അഞ്ചുവർഷത്തിനിടെ 272 അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയും 103 ഡെപ്യൂട്ടി പ്രിസൺ ഓഫീസർ തസ്തികയും പുതിയതായി

സൃഷ്ടിച്ചിട്ടുണ്ട്. ജയിൽ സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി ആധുനിക സുരക്ഷാ സംവിധാനങ്ങളായ സി.സി.ടി.വി. സിസ്റ്റം, വീഡിയോ കോൺഫറൻസിംഗ് സംവിധാനം, പവർ ഫെൻസിംഗ്, മെറ്റൽ ഡിറ്റക്ടർ, ബാഗേജ് സ്കാനർ തുടങ്ങിയവ സ്ഥാപിച്ചു. 51 ജയിലുകളിൽ സി.സി.ടി.വി. സംവിധാനം സ്ഥാപിച്ചു. സംസ്ഥാനത്തെ കോടതികളെയും ജയിലുകളെയും ബന്ധിപ്പിച്ചുള്ള വീഡിയോ കോൺഫറൻസിംഗ് സംവിധാനം നിലവിൽ വന്നു. 373 കോടതികളിലും 53 ജയിലുകളിലുമുൾപ്പെടെ 87 സ്റ്റുഡിയോകളിലായി 460 ലൊക്കേഷനുളിലാണ് പ്രസ്തുത സംവിധാനം സ്ഥാപിച്ചിട്ടുള്ളത്. ജയിൽ സുരക്ഷ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, കണ്ണൂർ സെൻട്രൽ പ്രിസണുകളിൽ പവർ ഫെൻസിംഗ് സ്ഥാപിച്ചിട്ടുണ്ട്. മറ്റ് പ്രധാന ജയിലുകളിലും ഈ സംവിധാനം സ്ഥാപിക്കുന്നത് സജീവ പരിഗണനയിലാണ്. ജീവപര്യന്തം ശിക്ഷ അനുഭവിക്കുന്ന പ്രതികൾ ദീർഘവും അനിശ്ചിതവുമായ കാലഘട്ടം കഴിച്ചുകൂട്ടുമ്പോഴുണ്ടാകുന്ന മാനസിക സമ്മർദ്ദവും വീർപ്പുമുട്ടലുകളും ലഘൂകരിക്കുന്നതിന് താരതമ്യേന മെച്ചപ്പെട്ട ജോലിയും സൗകര്യങ്ങളും നൽകിയും ശിഷ്ട ജീവിതത്തിൽ പ്രതീക്ഷ നൽകിയും അവരുടെ പുനരധിവാസ പ്രക്രിയ ത്വരിതപ്പെടുത്തുക വഴി കറക്ഷണൽ സേവനങ്ങളുടെ ലക്ഷ്യം സാക്ഷാത്കരിക്കാൻ ശ്രമിച്ചുവരുന്നു. നിലവിൽ മൂന്ന് സെൻട്രൽ പ്രിസൺ ആൻഡ് കറക്ഷണൽ ഹോമുകളിൽ ആശുപത്രിയും ആശുപത്രി വാർഡും പ്രവർത്തിക്കുന്നുണ്ട്. ആശുപത്രികളെ ആധുനികവത്കരിക്കുന്നതിനും കൂടുതൽ തസ്തികകൾ അനുവദിച്ച് തടവുകാർക്ക് മെച്ചപ്പെട്ട ചികിത്സ ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കും.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, അങ്ങ് തടവുകാരുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തി കറക്ഷണൽ സർവ്വീസാക്കി മാറ്റുന്നതിനെക്കുറിച്ചാണ് സംസാരിക്കുന്നത്. എന്നാൽ ചില ജയിൽപ്പുള്ളികൾക്ക് ജയിലിനകത്ത് പ്രത്യേക പ്രിവിലേജ് ലഭിക്കുന്നതായും അവർക്ക് പ്രത്യേക ഭക്ഷണം, ലഹരിമരുന്ന്, മദ്യം, മൊബൈൽ ഫോൺ തുടങ്ങിയ സൗകര്യങ്ങൾ ലഭിക്കുന്നതായും അവർ അവിടെയിരുന്നുകൊണ്ട് പുറത്ത് ക്വട്ടേഷൻ സ്വീകരിക്കുന്നതായും സ്വർണ്ണക്കള്ളക്കടത്ത് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ഇടപെടുന്നതായുമുള്ള ഗൗരവതരമായ പരാതി നമ്മുടെ ജയിലുകളെക്കുറിച്ച് വന്നിട്ടുണ്ട്. അങ്ങ് ഇതുസംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; അതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, അത്തരം ചില വാർത്തകൾ വന്ന ഘട്ടത്തിൽത്തന്നെ ജയിൽ ഡി.ജി.പി.യടക്കമുള്ളവരുമായി കാര്യങ്ങൾ ചർച്ച ചെയ്യുകയും ശക്തമായ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ ഭാഗമായുള്ള നടപടികൾ ജയിൽ ഡി.ജി.പി-യുടെ ഭാഗത്തു നിന്നുമുണ്ടായിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

ഏറ്റവും കൂടുതൽ ജനങ്ങൾ വിലമതിക്കുന്ന ഒരു ഫോഴ്സാണ് ഫയർ ഫോഴ്സെന്നത് നമുക്കെല്ലാവർക്കുമറിയാം. ഫയർ ആൻഡ് റെസ്ക്യൂ, ഹോം ഗാർഡുകൾ, സിവിൽ ഡിഫൻസ് എന്നീ വിഭാഗങ്ങളുടെ പ്രവർത്തനങ്ങളുടെ നിയന്ത്രണവും ഏകോപനവും കേരള ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസസ് ഡിപ്പാർട്ടുമെന്റാണ് നിർവ്വഹിക്കുന്നത്. അഗ്നിരക്ഷാ വകുപ്പ് കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് പൊതുസ്ഥലങ്ങൾ അണുവിമുക്തമാക്കൽ, ജീവൻ രക്ഷാമരുന്നുകളുടെ വിതരണം, നിരാലംബർക്ക് ആഹാരവിതരണം, ആംബുലൻസ് സേവനം തുടങ്ങിയ വിവിധങ്ങളായ പ്രവർത്തനങ്ങളിലൂടെ മുന്നണിപ്പോരാളികളായി പ്രവർത്തിച്ചുവരുന്നുണ്ട്. ഈ സാഹചര്യത്തിൽ ഫയർ സ്റ്റേഷനുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മുൻഗണനാ ലിസ്റ്റ് നേരത്തെ തയ്യാറാക്കിയിരുന്നു. അവ നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഓരോ ഫയർ സ്റ്റേഷനിലും 50 പേർ ഉൾക്കൊള്ളുന്ന സിവിൽ ഡിഫൻസ് വോളന്റിയർമാരെ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയാണ്. ഇവർക്ക് അപകടകരമായ സാഹചര്യങ്ങളിൽ പ്രവർത്തിക്കുന്നതിനുള്ള പ്രത്യേക പരിശീലനവും നൽകുന്നുണ്ട്. ദുരന്തഘട്ടങ്ങളിൽ അടിയന്തരമായി പ്രാഥമിക കാര്യങ്ങൾ നിർവ്വഹിക്കാൻ സാധിക്കുന്ന വിധത്തിലാണ് സിവിൽ ഡിഫൻസ് ഒരുക്കിയിട്ടുള്ളത്. 2400 സിവിൽ ഡിഫൻസ് വോളന്റിയർമാരുടെ സംസ്ഥാനതലം വരെയുള്ള പരിശീലന പരിപാടികൾ പൂർത്തീകരിച്ചിട്ടുണ്ട്. മലയോര മേഖലയിൽ ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവയുണ്ടാകുന്ന സന്ദർഭങ്ങളിൽ ദുർഘടമായ പാതയിലൂടെ സഞ്ചരിച്ച് രക്ഷാപ്രവർത്തകരെയും രക്ഷാപ്രവർത്തന ഉപകരണങ്ങളും എത്തിക്കുന്നതിനുതകുന്ന 30 മൾട്ടി യൂട്ടിലിറ്റി വെഹിക്കിൾ, 30 ജീപ്പ്, 18 ആംബുലൻസ്, 10 ഫോം ടെൻഡർ (Foam tender) ഉൾപ്പെടെ പുതുതായി 88 വാഹനങ്ങൾ സേനയുടെ ഭാഗമായിട്ടുണ്ട്. ഉയരം കൂടിയ കെട്ടിടങ്ങളിലെ രക്ഷാപ്രവർത്തനത്തിനും അഗ്നിശമനത്തിനുമായുള്ള turntable ladder വാങ്ങുന്നതിന് ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. ജില്ലാതലത്തിൽ മൺസൂൺ പ്രിപ്പറേഷൻ പ്ലാനും സമ്മർ പ്രിപ്പറേഷൻ പ്ലാനും പ്രത്യേകമായി തയ്യാറാക്കി വർഷാവർഷം പുതുക്കി വരുന്നത് ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടാണ്. ജലരക്ഷയുമായി ബന്ധപ്പെട്ട് സ്കൂബാ ഡൈവിംഗിൽ പ്രത്യേക പരിശീലനം നൽകി എല്ലാ ജില്ലകളിലും വിദഗ്ധ സ്കൂബാ ടീമിനെ വാർത്തെടുത്തിട്ടുണ്ട്. വകുപ്പിന്റെ പ്രവർത്തനങ്ങളിൽ പൊതുജനങ്ങൾ എത്രമാത്രം സംതൃപ്തരാണെന്ന് പരിശോധിക്കുന്നതിനായി Customer satisfaction survey നടത്തിയിട്ടുണ്ട്. ഇതിന്റെ കാര്യങ്ങൾ പരിശോധിച്ച് സർക്കാർ ആവശ്യമായ ഇടപെടൽ നടത്തുന്നതും ഇതിനെ കൂടുതൽ ജനകീയവത്കരിക്കുന്ന നടപടിയുമായി മുന്നോട്ടുപോകുന്നതുമാണ്.

അച്ചടി വകുപ്പിനെക്കുറിച്ച് കൂടുതൽ പരാമർശമൊന്നും ഉണ്ടായിട്ടില്ല. അച്ചടിയുടെ കാര്യത്തിൽ സാങ്കേതിക വിദ്യ ഏറെ വികസിച്ചിട്ടുണ്ട്. ഈ സാധ്യത കളെയാകെ ഉപയോഗപ്പെടുത്തുംവിധം സർക്കാരിന്റെ അച്ചടി സംവിധാനങ്ങൾ ആധുനികവത്കരിക്കപ്പെട്ടിട്ടില്ല എന്ന പ്രശ്നം നിലനിൽക്കുന്നുണ്ട്. ഇത് പരിഹരി ക്കാനുതകുന്ന സമീപനങ്ങൾ സ്വീകരിക്കുന്നതോടൊപ്പം നിലവിലുള്ള ജീവനക്കാരെ സംരക്ഷിക്കുന്നതിനും അവർക്ക് പുനർപരിശീലനം നൽകിക്കൊണ്ടുള്ള നടപടികൾ സ്വീകരിക്കുന്നതിനുമാണ് സർക്കാർ ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തെ സർക്കാർ അച്ചടിസ്ഥാപനങ്ങളെ ആധുനികവത്കരിക്കുന്നതിന് കിഫ്ബി സഹായത്തോടെ തയ്യാറാക്കുന്ന 100 കോടി രൂപയുടെ കർമ്മ പദ്ധതി പ്രാവർത്തികമാകുന്നതോടെ നമ്മുടെ സർക്കാർ പ്രസ്സുകൾ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന സാഹചര്യമുണ്ടാകും. ചർച്ചയിൽ ഉന്നയിച്ച മറ്റ് ചില കാര്യങ്ങളിലേയ്ക്ക് ഇപ്പോൾ കടക്കുന്നില്ല. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XII -പോലീസ്

മി. സ്പീക്കർ: സർവ്വശ്രീ കെ. ബാബു (തൃപ്പൂണിത്തുറ), പി. അബ്ദുൽ ഹമീദ്, യു. എ. ലത്തീഫ്, മഞ്ഞളാംകുഴി അലി, കെ. പി. എ. മജീദ്, പി. സി. വിഷ്ണുനാഥ്, ടി. സിദ്ദിഖ്, പി. കെ. ബഷീർ, പി. ടി. തോമസ്, എ. പി. അനിൽ കുമാർ, സണ്ണി ജോസഫ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, പി. കെ. കുഞ്ഞാലിക്കുട്ടി, അൻവർ സാദത്ത്, എം. വിൻസെന്റ്, സജീവ് ജോസഫ്, എൻ. ഷംസുദ്ദീൻ, നജീബ് കാന്തപുരം, പി. ഉബൈദുള്ള, കുറുക്കോളി മൊയ്തീൻ, എൻ. എ. നെല്ലിക്കുന്ന്, സനീഷ്കുമാർ ജോസഫ്, റോജി. എം. ജോൺ, ടി. ജെ. വിനോദ്, ഐ. സി. ബാലകൃഷ്ണൻ, ഡോ. മാത്യു കുഴൽനാടൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. അഹമ്മദ് ദേവർകോവിൽ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. ജി. ആർ. അനിൽ
5. ശ്രീ. കെ. ആൻസലൻ
6. ശ്രീ. ആന്റണി ജോൺ
7. ശ്രീ. ആന്റണി രാജു
8. ശ്രീ. എം. എസ്. അരുൺ കുമാർ
9. ശ്രീമതി സി. കെ. ആശ
10. ശ്രീ. കെ. ബാബു (നെന്മാറ)
11. ശ്രീ. പി. ബാലചന്ദ്രൻ
12. ശ്രീ. കെ. എൻ. ബാലഗോപാൽ
13. ഡോ. ആർ. ബിന്ദു
14. ശ്രീ. ഇ. ചന്ദ്രശേഖരൻ
15. ശ്രീമതി ജെ. ചിഞ്ചുറാണി
16. ശ്രീ. പി. പി. ചിത്തരഞ്ജൻ
17. ശ്രീമതി ദെലീമ
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ

20. ശ്രീ. സി. കെ. ഹരീന്ദ്രൻ
21. ഡോ. കെ. ടി. ജലീൽ
22. ശ്രീമതി കാനത്തിൽ ജമീല
23. ശ്രീ. ജി. എസ്. ജയലാൽ
24. ഡോ. എൻ. ജയരാജ്
25. ശ്രീ. കെ. യു. ജനീഷ് കുമാർ
26. ശ്രീ. ജോബ് മൈക്കിൾ
27. ശ്രീ. വി. ജോയി
28. ശ്രീ. ഒ. ആർ. കേളു
29. ശ്രീ. കെ. കൃഷ്ണൻകുട്ടി
30. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
31. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
32. ശ്രീ. കോവൂർ കുഞ്ഞുമോൻ
33. ശ്രീ. ലിന്റോ ജോസഫ്
34. ശ്രീ. ടി. ഐ. മധുസൂദനൻ
35. ശ്രീ. പി. മമ്മിക്കുട്ടി
36. ശ്രീ. എം. എം. മണി
37. ശ്രീ. മാത്യു ടി. തോമസ്
38. ശ്രീ. കെ. ജെ. മാക്സി
39. ശ്രീ. പി. എ. മുഹമ്മദ് റിയാസ്
40. ശ്രീ. കെ. പി. മോഹനൻ
41. ശ്രീ. എ. സി. മൊയ്തീൻ
42. ശ്രീ. സി. സി. മുകുന്ദൻ
43. ശ്രീ. ഡി. കെ. മുരളി

44. ശ്രീ. മുരളി പെരുനെല്ലി
45. ശ്രീ. പി. നന്ദകുമാർ
46. ശ്രീ. എം. നൗഷാദ്
47. ശ്രീ. എ. പ്രഭാകരൻ
48. ശ്രീ. പ്രമോദ് നാരായൺ
49. ശ്രീ. പി. പ്രസാദ്
50. ശ്രീ. വി. കെ. പ്രശാന്ത്
51. ശ്രീ. കെ. ഡി. പ്രസേനൻ
52. ശ്രീമതി യു. പ്രതിഭ
53. ശ്രീ. കെ. രാധാകൃഷ്ണൻ
54. ശ്രീ. പി. ടി. എ. റഹീം
55. ശ്രീ. എ. രാജു
56. ശ്രീ. എം. രാജഗോപാലൻ
57. ശ്രീ. കെ. രാജൻ
58. ശ്രീ. പി. രാജീവ്
59. ശ്രീ. കെ. കെ. രാമചന്ദ്രൻ
60. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
61. ശ്രീ. ടി. പി. രാമകൃഷ്ണൻ
62. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
63. ശ്രീ. റോഷി അഗസ്റ്റിൻ
64. ശ്രീ. കെ. എം. സച്ചിൻദേവ്
65. ശ്രീ. സജി ചെറിയാൻ
66. ശ്രീ. എച്ച്. സലാം
67. ശ്രീമതി ശാന്തകുമാരി കെ.

68. ശ്രീ. എ. കെ. ശശീന്ദ്രൻ

69. ശ്രീ. വി. ശശി

70. ശ്രീ. ഐ. ബി. സതീഷ്

71. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

72. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

73. ശ്രീ. എ. എൻ. ഷംസീർ

74. ശ്രീ. വാഴൂർ സോമൻ

75. ശ്രീ. പി. വി. ശ്രീനിജിൻ

76. ശ്രീ. ജി. സ്റ്റീഫൻ

77. ഡോ. സുജിത് വിജയൻപിള്ള

78. ശ്രീ. കെ. വി. സുമേഷ്

79. ശ്രീ. പി. പി. സുമോദ്

80. ശ്രീ. വി. ആർ. സുനിൽ കുമാർ

81. ശ്രീ. പി. എസ്. സുപാൽ

82. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

83. ശ്രീ. തോമസ് കെ. തോമസ്

84. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

85. ശ്രീ. വി. എൻ. വാസവൻ

86. ശ്രീമതി വീണാ ജോർജ്ജ്

87. ശ്രീ. ഇ. കെ. വിജയൻ

88. ശ്രീ. പിണറായി വിജയൻ

89. ശ്രീ. എം. വിജിൻ

90. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

പ്രതികൂലിക്കുന്നവർ

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. മഞ്ഞളാംകുഴി അലി
4. ശ്രീ. എ. പി. അനിൽ കുമാർ
5. ശ്രീ. അനൂപ് ജേക്കബ്
6. ശ്രീ. അൻവർ സാദത്ത്
7. ശ്രീ. എ. കെ. എം. അഷ്റഫ്
8. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
9. ശ്രീ. പി. കെ. ബഷീർ
10. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
11. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
12. ശ്രീ. ടി. വി. ഇബ്രാഹിം
13. ശ്രീ. പി. ജെ. ജോസഫ്
14. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
15. ശ്രീ. സി. ആർ. മഹേഷ്
16. ശ്രീ. കെ. പി. എ. മജീദ്
17. ശ്രീ. മാണി സി. കാപ്പൻ
18. ഡോ. മാത്യു കുഴൽനാടൻ
19. ശ്രീ. കുറുക്കോളി മൊയ്തീൻ
20. ശ്രീ. മോൻസ് ജോസഫ്
21. ശ്രീ. നജീബ് കാന്തപുരം
22. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
23. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

24. ശ്രീ. രമേശ് ചെന്നിത്തല
25. ശ്രീമതി കെ. കെ. രമ
26. ശ്രീ. റോജി എം. ജോൺ
27. ശ്രീ. സജീവ് ജോസഫ്
28. ശ്രീ. എൻ. ഷംസുദ്ദീൻ
29. ശ്രീ. സനീഷ്കുമാർ ജോസഫ്
30. ശ്രീ. വി. ഡി. സതീശൻ
31. ശ്രീ. ഷാഫി പറമ്പിൽ
32. ശ്രീ. ടി. സിദ്ദിഖ്
33. ശ്രീ. സണ്ണി ജോസഫ്
34. ശ്രീ. പി. ടി. തോമസ്
35. ശ്രീ. പി. ഉബൈദുള്ള
36. ശ്രീ. എം. വിൻസെന്റ്
37. ശ്രീ. ടി. ജെ. വിനോദ്
38. ശ്രീ. പി. സി. വിഷ്ണുനാഥ്

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 90

പ്രതികൂലിക്കുന്നവർ - 38

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XIII – ജയിലുകൾ

മി. സ്പീക്കർ: സർവ്വശ്രീ കെ. ബാബു (തൃപ്പൂണിത്തുറ), എൻ. ഷംസുദ്ദീൻ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, പി. ടി. തോമസ്, ടി. വി. ഇബ്രാഹിം, മോൻസ് ജോസഫ്, പി. കെ. ബഷീർ, പി. കെ. കുഞ്ഞാലിക്കുട്ടി, കെ. പി. എ. മജീദ്, യു. എ. ലത്തീഫ്, കുറുക്കോളി മൊയ്തീൻ, പി. ഉബൈദുള്ള, മഞ്ഞളാംകുഴി അലി, പി. അബ്ദുൽ ഹമീദ്,

നജീബ് കാന്തപുരം, എൻ. എ. നെല്ലിക്കുന്ന്, റോജി എം. ജോൺ, പി. സി. വിഷ്ണുനാഥ്, സണ്ണി ജോസഫ്, ടി. സിദ്ദിഖ്, എം. വിൻസെന്റ്, ടി. ജെ. വിനോദ്, ഐ. സി. ബാലകൃഷ്ണൻ, എൽദോസ് പി. കുന്നപ്പിള്ളിൽ, സനീഷ്കുമാർ ജോസഫ്, അൻവർ സാദത്ത്, എ. പി. അനിൽ കുമാർ, സജീവ് ജോസഫ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീമതി കെ. കെ. രമ, ഡോ. മാത്യു കുഴൽനാടൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XIII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ:</u>

1. ശ്രീ. അഹമ്മദ് ദേവർകോവിൽ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. ജി. ആർ. അനിൽ
5. ശ്രീ. കെ. ആൻസലൻ
6. ശ്രീ. ആന്റണി ജോൺ
7. ശ്രീ. ആന്റണി രാജു
8. ശ്രീ. എം. എസ്. അരുൺ കുമാർ

9. ശ്രീമതി സി. കെ. ആശ
10. ശ്രീ. കെ. ബാബു (നെന്മാറ)
11. ശ്രീ. പി. ബാലചന്ദ്രൻ
12. ശ്രീ. കെ. എൻ. ബാലഗോപാൽ
13. ഡോ. ആർ. ബിന്ദു
14. ശ്രീ. ഇ. ചന്ദ്രശേഖരൻ
15. ശ്രീമതി ജെ. ചിഞ്ചുറാണി
16. ശ്രീ. പി. പി. ചിത്തരഞ്ജൻ
17. ശ്രീമതി ദെലീമ
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
20. ശ്രീ. സി. കെ. ഹരീന്ദ്രൻ
21. ഡോ. കെ. ടി. ജലീൽ
22. ശ്രീമതി കാനത്തിൽ ജമീല
23. ശ്രീ. ജി. എസ്. ജയലാൽ
24. ഡോ. എൻ. ജയരാജ്
25. ശ്രീ. കെ. യു. ജനീഷ് കുമാർ
26. ശ്രീ. ജോബ് മൈക്കിൾ
27. ശ്രീ. വി. ജോയി
28. ശ്രീ. ഒ. ആർ. കേളു
29. ശ്രീ. കെ. കൃഷ്ണൻകുട്ടി
30. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
31. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
32. ശ്രീ. കോവൂർ കുഞ്ഞുമോൻ

33. ശ്രീ. ലിന്റോ ജോസഫ്

34. ശ്രീ. ടി. ഐ. മധുസൂദനൻ

35. ശ്രീ. പി. മമ്മിക്കുട്ടി

36. ശ്രീ. എം. എം. മണി

37. ശ്രീ. മാത്യു ടി. തോമസ്

38. ശ്രീ. കെ. ജെ. മാക്സി

39. ശ്രീ. പി. എ. മുഹമ്മദ് റിയാസ്

40. ശ്രീ. കെ. പി. മോഹനൻ

41. ശ്രീ. എ. സി. മൊയ്തീൻ

42. ശ്രീ. സി. സി. മുകുന്ദൻ

43. ശ്രീ. ഡി. കെ. മുരളി

44. ശ്രീ. മുരളി പെരുനെല്ലി

45. ശ്രീ. പി. നന്ദകുമാർ

46. ശ്രീ. എം. നൗഷാദ്

47. ശ്രീ. എ. പ്രഭാകരൻ

48. ശ്രീ. പ്രമോദ് നാരായൺ

49. ശ്രീ. പി. പ്രസാദ്

50. ശ്രീ. വി. കെ. പ്രശാന്ത്

51. ശ്രീ. കെ. ഡി. പ്രസേനൻ

52. ശ്രീമതി യു. പ്രതിഭ

53. ശ്രീ. കെ. രാധാകൃഷ്ണൻ

54. ശ്രീ. പി. ടി. എ. റഹീം

55. ശ്രീ. എ. രാജ

56. ശ്രീ. എം. രാജഗോപാലൻ

57. ശ്രീ. കെ. രാജൻ

58. ശ്രീ. പി. രാജീവ്

59. ശ്രീ. കെ. കെ. രാമചന്ദ്രൻ

60. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

61. ശ്രീ. ടി. പി. രാമകൃഷ്ണൻ

62. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

63. ശ്രീ. റോഷി അഗസ്റ്റിൻ

64. ശ്രീ. കെ. എം. സച്ചിൻദേവ്

65. ശ്രീ. സജി ചെറിയാൻ

66. ശ്രീ. എച്ച്. സലാം

67. ശ്രീമതി ശാന്തകുമാരി കെ.

68. ശ്രീ. എ. കെ. ശശീന്ദ്രൻ

69. ശ്രീ. വി. ശശി

70. ശ്രീ. ഐ. ബി. സതീഷ്

71. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

72. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

73. ശ്രീ. എ. എൻ. ഷംസീർ

74. ശ്രീ. വാഴൂർ സോമൻ

75. ശ്രീ. പി. വി. ശ്രീനിജിൻ

76. ശ്രീ. ജി. സ്റ്റീഫൻ

77. ഡോ. സുജിത് വിജയൻപിള്ള

78. ശ്രീ. കെ. വി. സുമേഷ്

79. ശ്രീ. പി. പി. സുമോദ്

80. ശ്രീ. വി. ആർ. സുനിൽ കുമാർ

81. ശ്രീ. പി. എസ്. സുപാൽ

82. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

83. ശ്രീ. തോമസ് കെ. തോമസ്

84. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

85. ശ്രീ. വി. എൻ. വാസവൻ

86. ശ്രീമതി വീണാ ജോർജ്ജ്

87. ശ്രീ. ഇ. കെ. വിജയൻ

88. ശ്രീ. പിണറായി വിജയൻ

89. ശ്രീ. എം. വിജിൻ

90. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

പ്രതിക്കൂലിക്കുന്നവർ

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. മഞ്ഞളാംകുഴി അലി
4. ശ്രീ. എ. പി. അനിൽ കുമാർ
5. ശ്രീ. അനൂപ് ജേക്കബ്
6. ശ്രീ. അൻവർ സാദത്ത്
7. ശ്രീ. എ. കെ. എം. അഷ്റഫ്
8. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
9. ശ്രീ. പി. കെ. ബഷീർ
10. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
11. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
12. ശ്രീ. ടി. വി. ഇബ്രാഹിം
13. ശ്രീ. പി. ജെ. ജോസഫ്

14. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
15. ശ്രീ. സി. ആർ. മഹേഷ്
16. ശ്രീ. കെ. പി. എ. മജീദ്
17. ശ്രീ. മാണി സി. കാപ്പൻ
18. ഡോ. മാത്യു കുഴൽനാടൻ
19. ശ്രീ. കുറുക്കോളി മൊയ്തീൻ
20. ശ്രീ. മോൻസ് ജോസഫ്
21. ശ്രീ. നജീബ് കാന്തപുരം
22. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
23. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
24. ശ്രീ. രമേശ് ചെന്നിത്തല
25. ശ്രീമതി കെ. കെ. രമ
26. ശ്രീ. റോജി എം. ജോൺ
27. ശ്രീ. സജീവ് ജോസഫ്
28. ശ്രീ. എൻ. ഷംസുദ്ദീൻ
29. ശ്രീ. സനീഷ്കുമാർ ജോസഫ്
30. ശ്രീ. വി. ഡി. സതീശൻ
31. ശ്രീ. ഷാഫി പറമ്പിൽ
32. ശ്രീ. ടി. സിദ്ദിഖ്
33. ശ്രീ. സണ്ണി ജോസഫ്
34. ശ്രീ. പി. ടി. തോമസ്
35. ശ്രീ. പി. ഉബൈദുള്ള
36. ശ്രീ. എം. വിൻസെന്റ്
37. ശ്രീ. ടി. ജെ. വിനോദ്
38. ശ്രീ. പി. സി. വിഷ്ണുനാഥ്

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ - 90

പ്രതികൂലിക്കുന്നവർ - 38

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XIV -സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും

മി. സ്പീക്കർ: സർവ്വശ്രീ പി. കെ. ബഷീർ, കെ. പി. എ. മജീദ്, പി. കെ. കുഞ്ഞാലിക്കുട്ടി, മോൻസ് ജോസഫ്, ടി. വി. ഇബ്രാഹിം, എൻ. എ. നെല്ലിക്കുന്ന്, മഞ്ഞളാംകുഴി അലി, കുറുക്കോളി മൊയ്തീൻ, എൻ. ഷംസുദ്ദീൻ, പി. ഉബൈദുള്ള, നജീബ് കാന്തപുരം, പി. അബ്ദുൽ ഹമീദ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, എ. പി. അനിൽ കുമാർ, അൻവർ സാദത്ത്, എൽദോസ് പി. കുന്നപ്പിള്ളിൽ, ഐ. സി. ബാലകൃഷ്ണൻ, ടി. ജെ. വിനോദ്, സി. ആർ. മഹേഷ്, സനീഷ്കുമാർ ജോസഫ്, പി. സി. വിഷ്ണുനാഥ്, എം. വിൻസെന്റ്, ടി. സിദ്ദിഖ്, സണ്ണി ജോസഫ്, പി. ടി. തോമസ്, കെ. ബാബു (തൃപ്പണിത്തുറ), സജീവ് ജോസഫ്, റോജി എം. ജോൺ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീമതി കെ. കെ. രമ, ഡോ. മാത്യു കുഴൽനാടൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XIV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ

1. ശ്രീ. അഹമ്മദ് ദേവർകോവിൽ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. ജി. ആർ. അനിൽ
5. ശ്രീ. കെ. ആൻസലൻ
6. ശ്രീ. ആന്റണി ജോൺ
7. ശ്രീ. ആന്റണി രാജു
8. ശ്രീ. എം. എസ്. അരുൺ കുമാർ
9. ശ്രീമതി സി. കെ. ആശ
10. ശ്രീ. കെ. ബാബു (നെന്മാറ)
11. ശ്രീ. പി. ബാലചന്ദ്രൻ
12. ശ്രീ. കെ. എൻ. ബാലഗോപാൽ
13. ഡോ. ആർ. ബിന്ദു
14. ശ്രീ. ഇ. ചന്ദ്രശേഖരൻ
15. ശ്രീമതി ജെ. ചിഞ്ചുറാണി
16. ശ്രീ. പി. പി. ചിത്തരഞ്ജൻ
17. ശ്രീമതി ദെലീമ
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
20. ശ്രീ. സി. കെ. ഹരീന്ദ്രൻ

21. ഡോ. കെ. ടി. ജലീൽ
22. ശ്രീമതി കാനത്തിൽ ജമീല
23. ശ്രീ. ജി. എസ്. ജയലാൽ
24. ഡോ. എൻ. ജയരാജ്
25. ശ്രീ. കെ. യു. ജനീഷ് കുമാർ
26. ശ്രീ. ജോബ് മൈക്കിൾ
27. ശ്രീ. വി. ജോയി
28. ശ്രീ. ഒ. ആർ. കേളു
29. ശ്രീ. കെ. കൃഷ്ണൻകുട്ടി
30. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
31. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
32. ശ്രീ. കോവൂർ കുഞ്ഞുമോൻ
33. ശ്രീ. ലിന്റോ ജോസഫ്
34. ശ്രീ. ടി. ഐ. മധുസൂദനൻ
35. ശ്രീ. പി. മമ്മിക്കുട്ടി
36. ശ്രീ. എം. എം. മണി
37. ശ്രീ. മാത്യു ടി. തോമസ്
38. ശ്രീ. കെ. ജെ. മാക്സി
39. ശ്രീ. പി. എ. മുഹമ്മദ് റിയാസ്
40. ശ്രീ. കെ. പി. മോഹനൻ
41. ശ്രീ. എ. സി. മൊയ്തീൻ
42. ശ്രീ. സി. സി. മുകുന്ദൻ
43. ശ്രീ. ഡി. കെ. മുരളി
44. ശ്രീ. മുരളി പെരുനെല്ലി

45. ശ്രീ. പി. നന്ദകുമാർ

46. ശ്രീ. എം. നൗഷാദ്

47. ശ്രീ. എ. പ്രഭാകരൻ

48. ശ്രീ. പ്രമോദ് നാരായൺ

49. ശ്രീ. പി. പ്രസാദ്

50. ശ്രീ. വി. കെ. പ്രശാന്ത്

51. ശ്രീ. കെ. ഡി. പ്രസേനൻ

52. ശ്രീമതി യു. പ്രതിഭ

53. ശ്രീ. കെ. രാധാകൃഷ്ണൻ

54. ശ്രീ. പി. ടി. എ. റഹീം

55. ശ്രീ. എ. രാജ

56. ശ്രീ. എം. രാജഗോപാലൻ

57. ശ്രീ. കെ. രാജൻ

58. ശ്രീ. പി. രാജീവ്

59. ശ്രീ. കെ. കെ. രാമചന്ദ്രൻ

60. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

61. ശ്രീ. ടി. പി. രാമകൃഷ്ണൻ

62. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

63. ശ്രീ. റോഷി അഗസ്റ്റിൻ

64. ശ്രീ. കെ. എം. സച്ചിൻദേവ്

65. ശ്രീ. സജി ചെറിയാൻ

66. ശ്രീ. എച്ച്. സലാം

67. ശ്രീമതി ശാന്തകുമാരി കെ.

68. ശ്രീ. എ. കെ. ശശീന്ദ്രൻ

69. ശ്രീ. വി. ശശി

70. ശ്രീ. ഐ. ബി. സതീഷ്

71. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

72. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

73. ശ്രീ. എ. എൻ. ഷംസീർ

74. ശ്രീ. വാഴൂർ സോമൻ

75. ശ്രീ. പി. വി. ശ്രീനിജിൻ

76. ശ്രീ. ജി. സ്റ്റീഫൻ

77. ഡോ. സുജിത് വിജയൻപിള്ള

78. ശ്രീ. കെ. വി. സുമേഷ്

79. ശ്രീ. പി. പി. സുമോദ്

80. ശ്രീ. വി. ആർ. സുനിൽ കുമാർ

81. ശ്രീ. പി. എസ്. സുപാൽ

82. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

83. ശ്രീ. തോമസ് കെ. തോമസ്

84. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

85. ശ്രീ. വി. എൻ. വാസവൻ

86. ശ്രീമതി വീണാ ജോർജ്ജ്

87. ശ്രീ. ഇ. കെ. വിജയൻ

88. ശ്രീ. പിണറായി വിജയൻ

89. ശ്രീ. എം. വിജിൻ

90. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

പ്രതികൂലിക്കുന്നവർ

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. മഞ്ഞളാംകുഴി അലി
4. ശ്രീ. എ. പി. അനിൽ കുമാർ
5. ശ്രീ. അനൂപ് ജേക്കബ്
6. ശ്രീ. അൻവർ സാദത്ത്
7. ശ്രീ. എ. കെ. എം. അഷ്റഫ്
8. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
9. ശ്രീ. പി. കെ. ബഷീർ
10. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
11. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
12. ശ്രീ. ടി. വി. ഇബ്രാഹിം
13. ശ്രീ. പി. ജെ. ജോസഫ്
14. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
15. ശ്രീ. സി. ആർ. മഹേഷ്
16. ശ്രീ. കെ. പി. എ. മജീദ്
17. ശ്രീ. മാണി സി. കാപ്പൻ
18. ഡോ. മാത്യു കുഴൽനാടൻ
19. ശ്രീ. കുറുക്കോളി മൊയ്തീൻ
20. ശ്രീ. മോൻസ് ജോസഫ്
21. ശ്രീ. നജീബ് കാന്തപുരം
22. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
23. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

24. ശ്രീ. രമേശ് ചെന്നിത്തല

25. ശ്രീമതി കെ. കെ. രമ

26. ശ്രീ. റോജി എം. ജോൺ

27. ശ്രീ. സജീവ് ജോസഫ്

28. ശ്രീ. എൻ. ഷംസുദ്ദീൻ

29. ശ്രീ. സനീഷ്കുമാർ ജോസഫ്

30. ശ്രീ. വി. ഡി. സതീശൻ

31. ശ്രീ. ഷാഫി പറമ്പിൽ

32. ശ്രീ. ടി. സിദ്ദിഖ്

33. ശ്രീ. സണ്ണി ജോസഫ്

34. ശ്രീ. പി. ടി. തോമസ്

35. ശ്രീ. പി. ഉബൈദുള്ള

36. ശ്രീ. എം. വിൻസെന്റ്

37. ശ്രീ. ടി. ജെ. വിനോദ്

38. ശ്രീ. പി. സി. വിഷ്ണുനാഥ്

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 90

പ്രതികൂലിക്കുന്നവർ - 38

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXIII - വാർത്താ വിതരണവും പ്രചരണവും

മി. സ്പീക്കർ: സർവ്വശ്രീ പി. കെ. ബഷീർ, പി. അബ്ദുൽ ഹമീദ്, കെ. പി. എ. മജീദ്, എ. പി. അനിൽ കുമാർ, എൻ. ഷംസുദ്ദീൻ, പി. ഉബൈദുള്ള, നജീബ് കാന്തപുരം, മഞ്ഞളാംകുഴി അലി, എൻ. എ. നെല്ലിക്കുന്ന്, കുറുക്കോളി മൊയ്തീൻ, ടി. സിദ്ദിഖ്, സണ്ണി ജോസഫ്, മോൻസ് ജോസഫ്, കെ. ബാബു (തൃപ്പൂണിത്തുറ), പി. ടി. തോമസ്,

എം. വിൻസെന്റ്, പി. സി. വിഷ്ണുനാഥ്, സജീവ് ജോസഫ്, സനീഷ്കുമാർ ജോസഫ്, സി. ആർ. മഹേഷ്, ടി. ജെ. വിനോദ്, ഐ. സി. ബാലകൃഷ്ണൻ, എൽദോസ് പി. കുന്നപ്പിള്ളിൽ, അൻവർ സാദത്ത്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, റോജി എം. ജോൺ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീമതി കെ. കെ. രമ, ഡോ. മാത്യു കുഴൽനാടൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XXIII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ:</u>

1. ശ്രീ. അഹമ്മദ് ദേവർകോവിൽ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. ജി. ആർ. അനിൽ
5. ശ്രീ. കെ. ആൻസലൻ
6. ശ്രീ. ആന്റണി ജോൺ
7. ശ്രീ. ആന്റണി രാജു
8. ശ്രീ. എം. എസ്. അരുൺ കുമാർ

9. ശ്രീമതി സി. കെ. ആശ
10. ശ്രീ. കെ. ബാബു (നെന്മാറ)
11. ശ്രീ. പി. ബാലചന്ദ്രൻ
12. ശ്രീ. കെ. എൻ. ബാലഗോപാൽ
13. ഡോ. ആർ. ബിന്ദു
14. ശ്രീ. ഇ. ചന്ദ്രശേഖരൻ
15. ശ്രീമതി ജെ. ചിഞ്ചുറാണി
16. ശ്രീ. പി. പി. ചിത്തരഞ്ജൻ
17. ശ്രീമതി ദെലീമ
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
20. ശ്രീ. സി. കെ. ഹരീന്ദ്രൻ
21. ഡോ. കെ. ടി. ജലീൽ
22. ശ്രീമതി കാനത്തിൽ ജമീല
23. ശ്രീ. ജി. എസ്. ജയലാൽ
24. ഡോ. എൻ. ജയരാജ്
25. ശ്രീ. കെ. യു. ജനീഷ് കുമാർ
26. ശ്രീ. ജോബ് മൈക്കിൾ
27. ശ്രീ. വി. ജോയി
28. ശ്രീ. ഒ. ആർ. കേളു
29. ശ്രീ. കെ. കൃഷ്ണൻകുട്ടി
30. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
31. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
32. ശ്രീ. കോവൂർ കുഞ്ഞുമോൻ

33. ശ്രീ. ലിന്റോ ജോസഫ്

34. ശ്രീ. ടി. ഐ. മധുസൂദനൻ

35. ശ്രീ. പി. മമ്മിക്കുട്ടി

36. ശ്രീ. എം. എം. മണി

37. ശ്രീ. മാത്യു ടി. തോമസ്

38. ശ്രീ. കെ. ജെ. മാക്സി

39. ശ്രീ. പി. എ. മുഹമ്മദ് റിയാസ്

40. ശ്രീ. കെ. പി. മോഹനൻ

41. ശ്രീ. എ. സി. മൊയ്തീൻ

42. ശ്രീ. സി. സി. മുകുന്ദൻ

43. ശ്രീ. ഡി. കെ. മുരളി

44. ശ്രീ. മുരളി പെരുനെല്ലി

45. ശ്രീ. പി. നന്ദകുമാർ

46. ശ്രീ. എം. നൗഷാദ്

47. ശ്രീ. എ. പ്രഭാകരൻ

48. ശ്രീ. പ്രമോദ് നാരായൺ

49. ശ്രീ. പി. പ്രസാദ്

50. ശ്രീ. വി. കെ. പ്രശാന്ത്

51. ശ്രീ. കെ. ഡി. പ്രസേനൻ

52. ശ്രീമതി യു. പ്രതിഭ

53. ശ്രീ. കെ. രാധാകൃഷ്ണൻ

54. ശ്രീ. പി. ടി. എ. റഹീം

55. ശ്രീ. എ. രാജ

56. ശ്രീ. എം. രാജഗോപാലൻ

57. ശ്രീ. കെ. രാജൻ

58. ശ്രീ. പി. രാജീവ്

59. ശ്രീ. കെ. കെ. രാമചന്ദ്രൻ

60. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

61. ശ്രീ. ടി. പി. രാമകൃഷ്ണൻ

62. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

63. ശ്രീ. റോഷി അഗസ്റ്റിൻ

64. ശ്രീ. കെ. എം. സച്ചിൻദേവ്

65. ശ്രീ. സജി ചെറിയാൻ

66. ശ്രീ. എച്ച്. സലാം

67. ശ്രീമതി ശാന്തകുമാരി കെ.

68. ശ്രീ. എ. കെ. ശശീന്ദ്രൻ

69. ശ്രീ. വി. ശശി

70. ശ്രീ. ഐ. ബി. സതീഷ്

71. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

72. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

73. ശ്രീമതി എ. എൻ. ഷംസീർ

74. ശ്രീ. വാഴൂർ സോമൻ

75. ശ്രീ. പി. വി. ശ്രീനിജിൻ

76. ശ്രീ. ജി. സ്റ്റീഫൻ

77. ഡോ. സുജിത് വിജയൻപിള്ള

78. ശ്രീ. കെ. വി. സുമേഷ്

79. ശ്രീ. പി. പി. സുമോദ്

80. ശ്രീ. വി. ആർ. സുനിൽ കുമാർ

81. ശ്രീ. പി. എസ്. സുപാൽ

82. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

83. ശ്രീ. തോമസ് കെ. തോമസ്

84. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

85. ശ്രീ. വി. എൻ. വാസവൻ

86. ശ്രീമതി വീണാ ജോർജ്ജ്

87. ശ്രീ. ഇ. കെ. വിജയൻ

88. ശ്രീ. പിണറായി വിജയൻ

89. ശ്രീ. എം. വിജിൻ

90. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

പ്രതിക്കൂലിക്കുന്നവർ

1. ശ്രീ. പി. അബ്ദുൽ ഹമീദ്

2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

3. ശ്രീ. മഞ്ഞളാംകുഴി അലി

4. ശ്രീ. എ. പി. അനിൽ കുമാർ

5. ശ്രീ. അനൂപ് ജേക്കബ്

6. ശ്രീ. അൻവർ സാദത്ത്

7. ശ്രീ. എ. കെ. എം. അഷ്റഫ്

8. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

9. ശ്രീ. പി. കെ. ബഷീർ

10. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

11. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

12. ശ്രീ. ടി. വി. ഇബ്രാഹിം

13. ശ്രീ. പി. ജെ. ജോസഫ്

14. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

15. ശ്രീ. സി. ആർ. മഹേഷ്
16. ശ്രീ. കെ. പി. എ. മജീദ്
17. ശ്രീ. മാണി സി. കാപ്പൻ
18. ഡോ. മാത്യു കുഴൽനാടൻ
19. ശ്രീ. കുറുക്കോളി മൊയ്തീൻ
20. ശ്രീ. മോൻസ് ജോസഫ്
21. ശ്രീ. നജീബ് കാന്തപുരം
22. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
23. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
24. ശ്രീ. രമേശ് ചെന്നിത്തല
25. ശ്രീമതി കെ. കെ. രമ
26. ശ്രീ. റോജി എം. ജോൺ
27. ശ്രീ. സജീവ് ജോസഫ്
28. ശ്രീ. എൻ. ഷംസുദ്ദീൻ
29. ശ്രീ. സനീഷ്കുമാർ ജോസഫ്
30. ശ്രീ. വി. ഡി. സതീശൻ
31. ശ്രീ. ഷാഫി പറമ്പിൽ
32. ശ്രീ. ടി. സിദ്ദിഖ്
33. ശ്രീ. സണ്ണി ജോസഫ്
34. ശ്രീ. പി. ടി. തോമസ്
35. ശ്രീ. പി. ഉബൈദുള്ള
36. ശ്രീ. എം. വിൻസെന്റ്
37. ശ്രീ. ടി. ജെ. വിനോദ്
38. ശ്രീ. പി. സി. വിഷ്ണുനാഥ്

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 90

പ്രതികൂലിക്കുന്നവർ - 38

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 ജൂലൈ 27-ാം തീയതി രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.20-ന് പിരിഞ്ഞു.)